# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

2024 ഫെബ്രുവരി 1, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 193 –നമ്പർ 5

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

2024 ഫെബ്രുവരി 1, വ്യാഴം

സ്പീക്കർ

**ശ്രീ. എ. എൻ. ഷംസീർ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി-ഇൻ-ചാർജ്ജ്

**ശ്രീ. ഷാജി സി. ബേബി**

ചീഫ് എഡിറ്റർ

**ശ്രീ. പി. രാമചന്ദ്രൻ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| തുറമുഖ-സഹകരണ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

## ഉള്ളടക്കം

**I. ചോദ്യോത്തരങ്ങൾ**

വാങ്മൂലം നൽകിയ ഉത്തരങ്ങൾ
(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)

**II. തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 5124-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

**III. അടിയന്തരപ്രമേയം**

വണ്ടിപ്പെരിയാർ കേസ്
- ശ്രീ. സണ്ണി ജോസഫ്

(അവതരണാനുമതി നിഷേധിച്ചു)

**IV. ശ്രദ്ധക്ഷണിക്കൽ**

(1) ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം
- ശ്രീ. കെ. യു. ജനീഷ് കുമാർ

(2) സംസ്ഥാനത്തെ ജാതി സെൻസസ്
- ഡോ. എം. കെ. മുനീർ

**V. സബ്മിഷൻ**

(1) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം ജലം ലഭ്യമാക്കൽ
- ശ്രീ. കെ. ബാബു (നെന്മാറ)

(2) പരവൂർ കോടതിയിലെ എ.പി.പി.-യുടെ ആത്മഹത്യ
- ശ്രീ. ജി. എസ്. ജയലാൽ

(3) പൈവളിഗെയിൽ പോലീസ് സ്റ്റേഷൻ
- ശ്രീ. എ. കെ. എം. അഷ്റഫ്

(4) ഹരിപ്പാട് സമഗ്ര കുടിവെള്ള പദ്ധതി
- ശ്രീ. രമേശ് ചെന്നിത്തല

(5) ബീഡി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ
- ശ്രീ. എൻ. കെ. അക്ബർ

(6) മുസ്ലീം സമുദായ സംവരണത്തിലെ കുറവ്
- ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

(7) മനയ്ക്കച്ചിറ ടൂറിസം പദ്ധതി
- ശ്രീ. ജോബ് മൈക്കിൾ

(8) കുന്നംകുളം കലശമല ഇക്കോ ടൂറിസം വില്ലേജ്
- ശ്രീ. എ. സി. മൊയ്തീൻ

(9) തിരുവനന്തപുരം-പൊന്മുടി റോഡ് നവീകരണം
- ശ്രീ. ജി. സ്റ്റീഫൻ

(10) കീഴ്പ്പള്ളി സി.എച്ച്.സി.-യിൽ ഡയാലിസിസ് യൂണിറ്റ്
- ശ്രീ. സണ്ണി ജോസഫ്

## VI. റിപ്പോർട്ട് സമർപ്പണം

(1) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാൽപ്പത്തിയൊന്ന് മുതൽ നാൽപ്പത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ

(2) പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ പത്ത് മുതൽ ഇരുപത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ

(3) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട്

## VII. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:

(i) 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(ii) 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

**ക്രമപ്രശ്നം**

(1) 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിലെ അപാകത

- ശ്രീ. രമേശ് ചെന്നിത്തല

(2) 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിലെ അപാകത

- പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ)

**റൂളിംഗ്**

(iii) 2024-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ

**ക്രമപ്രശ്നം (തുടർച്ച)**

(3) ബിൽ ഓൺലൈൻ ഗെയ്മിംഗിനെ പ്രോത്സാഹിപ്പിക്കുമെന്നത് സംബന്ധിച്ച്

- ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

**റൂളിംഗ്**

**നിയമനിർമ്മാണകാര്യം (തുടർച്ച)**

**അനുബന്ധം 1 & 2**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പത്താം സമ്മേളനം

2024 ഫെബ്രുവരി 01, വ്യാഴം

---

വാല്യം 193} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 5

---

നിയമസഭ 2024 ഫെബ്രുവരി മാസം 01-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I. ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

മി. സ്പീക്കർ: ഓർഡർ..... ഓർഡർ.... ചോദ്യം നം. (*91)

**വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതി**

1 (*91) ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള ഔട്ടർ റിംഗ് റോഡ് പദ്ധതി നാലുവരി പാതയാക്കി വികസിപ്പിക്കാനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഔട്ടർ റിംഗ് റോഡിന് ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) ഭാവിയിലെ ആവശ്യങ്ങൾക്കുതകുംവിധം മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിനാവശ്യമായ സ്ഥലം കൂടി ഈ ഘട്ടത്തിൽത്തന്നെ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര അംഗീകാരം ലഭിച്ചിട്ടുണ്ടോ; ദേശീയപാത അതോറിറ്റി ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ&ബി) വിഴിഞ്ഞം തുറമുഖം സാധ്യമാകുന്നതോടെ ഉണ്ടാകുന്ന വികസന കുതിപ്പ് മുന്നിൽ കണ്ടാണ് സംസ്ഥാന സർക്കാർ മുൻകൈയെടുത്ത് ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് രൂപം നൽകിയത്. സംസ്ഥാനം ആവശ്യപ്പെട്ടതനുസരിച്ച് ദേശീയപാത നിലവാരത്തിൽ റോഡ് നിർമ്മാണം സാധ്യമാക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം സമ്മതിക്കുകയും ദേശീയപാത അതോറിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള ഔട്ടർ റിംഗ് റോഡ് പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

(സി&ഡി) 28-04-2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ കേന്ദ്ര ഗതാഗതവും ഹൈവെയും ഷിപ്പിംഗും വകുപ്പുമന്ത്രിയുമായി നടത്തിയ റിവ്യൂ മീറ്റിംഗിൽ ഔട്ടർ റിംഗ് റോഡിന്റെ നിർമ്മാണത്തിന്

അനുമതി നൽകിയിട്ടുണ്ട്. പാരിപ്പള്ളി മുതൽ വിഴിഞ്ഞംവരെ 80 കിലോമീറ്റർ നീളത്തിലും 70 മീറ്റർ വീതിയിലും ദേശീയപാത അതോറിറ്റി മുഖേന നടപ്പാക്കുന്ന പദ്ധതിക്ക് 04-02-2019-ലെ സ.ഉ.(കൈ)നം. 181/2019/പൊ.മ.വ. പ്രകാരം സംസ്ഥാന ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. 45 മീറ്റർ പ്രധാന പാതയും 25 മീറ്റർ സർവ്വീസ് റോഡുകളുമായാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. നിലവിൽ ദേശീയപാത അതോറിറ്റി അംഗീകരിച്ചതുപ്രകാരം നാവായിക്കുളം മുതൽ വിഴിഞ്ഞംവരെ 45 മീറ്റർ പ്രധാന പാതയിൽ സർവ്വീസ് റോഡുകൾ ഉൾപ്പെടുത്തിയാണ് ഔട്ടർ റിംഗ് റോഡ് നിർമ്മിക്കുന്നത്. സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതുപ്രകാരം വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് ഭാരത്മാല പരിയോജനയിൽ ഉൾപ്പെടുത്തി വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ നിർദ്ദേശങ്ങൾ ഇപ്രകാരമാണ്.

1) 45 മീറ്റർ RoW (Right of Way)-യിൽ 4 വരിയായി പ്രധാന പാത, സർവ്വീസ് റോഡുകൾ ഉൾപ്പെടെ, ദേശീയപാത അതോറിറ്റി വികസിപ്പിക്കുന്നതാണ്. ഇതിൽ ഭൂമി ഏറ്റെടുക്കുന്നതിന്റെ 50 ശതമാനം തുകയും പ്രധാന പാതയുടെ നിർമ്മാണത്തിന്റെ 100 ശതമാനം തുകയും ദേശീയപാത അതോറിറ്റി വഹിക്കുന്നതായിരിക്കും.

2) സർവ്വീസ് റോഡുകളുടെ നിർമ്മാണച്ചെലവ് പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിക്കുക.

3) നിർമ്മാണ വസ്തുക്കളുടെ ചരക്കുസേവന നികുതി, റോയൽറ്റി എന്നിവ സംസ്ഥാന സർക്കാർ ഒഴിവാക്കണം.

ഈ വ്യവസ്ഥകളാണ് കേന്ദ്രം മുന്നോട്ടുവയ്ക്കുന്നത്. ഈ വ്യവസ്ഥകളിൽ സർവ്വീസ് റോഡ് നിർമ്മാണത്തിന്റെ ചെലവ് സംസ്ഥാനം വഹിക്കണമെന്ന വ്യവസ്ഥ പുനഃപരിശോധിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ ചർച്ചകൾ പുരോഗമിക്കുകയാണ്.

ശ്രീ. കെ. ആൻസലൻ: സർ, കേരളത്തിലെ നിരത്തുകളുടെ വികസനത്തിന് ഒന്നാം പിണറായി സർക്കാരും രണ്ടാം പിണറായി സർക്കാരും വൻ വികസന സാദ്ധ്യതകൾ ഒരുക്കിക്കൊണ്ടാണ് മുന്നോട്ടു പോകുന്നത്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് മുട്ടുമടക്കിയ ദേശീയപാത അതോറിറ്റിയും ഭൂമി ഏറ്റെടുക്കൽ നടപടിയടക്കം ഒട്ടനവധി വികസന വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ പ്രതിപക്ഷവും മറുഭാഗത്ത് നിൽക്കുമ്പോൾ, അതിനെയെല്ലാം തരണംചെയ്തുകൊണ്ടാണ് ഈ സർക്കാർ ദേശീയപാതയുടെയും സംസ്ഥാന റോഡുകളുടെയും വികസന പ്രവർത്തനങ്ങളിൽ മുന്നോക്കം നിൽക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട റോഡുകളുടെ പ്രവർത്തനങ്ങൾ അതിവേഗതയിൽ പുരോഗമിക്കുകയാണ്. പ്രത്യേകിച്ച്, വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള പാത ഇരട്ടിപ്പിക്കലിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതുണ്ട്. നമ്മുടെ നാട്ടിൽ വിഴിഞ്ഞം തുറമുഖ വികസനംകൂടി മുന്നിൽ കണ്ടുകൊണ്ടുള്ള ഔട്ടർ റിംഗ് റോഡ് പദ്ധതി

തലസ്ഥാന വികസനത്തിന് എത്രത്തോളം ഗുണകരമാകുമെന്നാണ് വിലയിരുത്തപ്പെടുത്തുന്നത്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഒരു സർക്കാർ എപ്രകാരമാണ് ദീർഘവീക്ഷണത്തോടുകൂടി കാര്യങ്ങളിൽ ഇടപെടുന്നുവെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് വിഴിഞ്ഞം തുറമുഖ വികസനത്തെ മുൻനിർത്തി ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് സംസ്ഥാന സർക്കാർ മുൻകൈയെടുത്തത്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുത്ത് കേന്ദ്ര സർക്കാരുമായി ചർച്ചകൾ നടത്തിയിരുന്നു. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ സംസ്ഥാനത്താകെയും തലസ്ഥാനത്ത് പ്രത്യേകിച്ചും ഉണ്ടാകാൻ പോകുന്ന വികസന കുതിപ്പ് മുന്നിൽ കണ്ടുകൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ ഔട്ടർ റിംഗ് റോഡ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ ദേശീയപാത 66-ന്റെ ഭാഗമായ ബൈപ്പാസ് മാത്രമായി കണക്റ്റിവിറ്റി ഉൾക്കൊള്ളില്ലെന്നത് കണക്കിലെടുത്താണ് ഇത്തരമൊരു പദ്ധതി ആവിഷ്കരിച്ചത്. വിഴിഞ്ഞം തുറമുഖം മുഖേനയുണ്ടാകാൻ സാധ്യതയുള്ള

സാമ്പത്തിക-വാണിജ്യ സാധ്യതകൾകൂടി ഉപയോഗപ്പെടുത്താൻ ഈ റോഡ് പദ്ധതി ലക്ഷ്യമിടുന്നു. ഒരു മേഖലയിൽ മാത്രമായി വികസനം കേന്ദ്രീകരിക്കാതെ തലസ്ഥാനത്തെ മറ്റിടങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിന് ഈ പദ്ധതിയിലൂടെ സാധിക്കുന്നതാണ്. തലസ്ഥാനത്തെ സർവ്വ മേഖലകളിലും കുതിച്ചുചാട്ടമുണ്ടാക്കാൻ കഴിയുന്ന ഔട്ടർ റിംഗ് റോഡ് പദ്ധതിയുടെ രൂപീകരണം വളരെ നേരത്തെതന്നെ നിശ്ചയിക്കുകയും സർക്കാർ ഇടപെടുകയും ചെയ്തതിന്റെ ഭാഗമായി ഫലപ്രദമായി മുന്നോട്ടുപോകുകയാണ്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി നടത്തിയ ചർച്ചകൾ അനുകൂലമായതിന്റെ ഭാഗമായി ദേശീയപാത നിലവാരത്തിൽ റിംഗ് റോഡ് നിർമ്മിക്കാൻ തീരുമാനമെടുക്കുകയുണ്ടായി. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതിയിൽ ഇത് ഉൾപ്പെടുത്തിക്കൊണ്ട് കൃത്യമായ ഇടവേളകളിൽ പദ്ധതികാര്യങ്ങൾ ചർച്ച ചെയ്തുവരുന്നു. ഇക്കഴിഞ്ഞ ദിവസം ചേർന്ന അവലോകന യോഗത്തിലും ഔട്ടർ റിംഗ് റോഡ് സാദ്ധ്യമാക്കുന്നതിനുള്ള വളരെ പോസിറ്റീവായ ചർച്ചകൾ ഉണ്ടായിട്ടുണ്ട്.

ശ്രീ. കെ. ആൻസലൻ: സർ, ഈ പദ്ധതികളുടെ വിജയത്തിന് കേന്ദ്ര ഫണ്ട് ഏറ്റവും പ്രധാനപ്പെട്ടതാണ്. കേന്ദ്ര ഫണ്ട് എന്നത് ഔദാര്യമല്ല, കേരളത്തിന് അവകാശപ്പെട്ടതാണ്. റിംഗ് റോഡ് പദ്ധതിക്കാവശ്യമായ ഫണ്ട് അനുവദിക്കുന്നതിൽ കേന്ദ്ര ഗവൺമെന്റിന് എന്തെങ്കിലും വിമുഖതയുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, എന്തുകൊണ്ട് കേന്ദ്ര സർക്കാർ കേരളത്തോട് അവഗണന കാണിക്കുന്നുവെന്നത് സംബന്ധിച്ച് ഈ സമ്മേളനത്തിൽ നല്ല രീതിയിൽ ചർച്ച ചെയ്യുകയും ആളുകൾക്ക് ബോധ്യപ്പെടുകയും ചെയ്തതാണ്. കേരളത്തോടുള്ള അവഗണന പൊതുവെയുള്ളതാണ്. ഇടതുപക്ഷ ബദൽ നല്ലരീതിയിയിൽ നടപ്പാക്കുമ്പോൾ അത് രാജ്യമാകെ ചർച്ച ചെയ്യപ്പെടുന്നുണ്ട്. മതനിരപേക്ഷതയ്ക്ക് എപ്രകാരം ബദൽ ഉയർത്താമെന്നത് സംബന്ധിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ സർക്കാരിന്റെ നിലപാടുകളിലൂടെ തെളിയിക്കുന്നുണ്ട്. അതിന്റെ ഭാഗമായി വൈരനിര്യാതന ബുദ്ധിയോടുകൂടി, രാഷ്ട്രീയ പകപോക്കലിന്റെ ഭാഗമായാണ് കേന്ദ്ര സർക്കാർ ഫണ്ടുകൾ

വെട്ടിക്കുറയ്ക്കുന്നതെന്ന് എല്ലാവർക്കും അറിയാം. കേരളത്തെ സാമ്പത്തികമായി ഞെരുക്കുന്നത് കേരളത്തിലെ വികസന പദ്ധതികളെ തകർക്കാൻ ലക്ഷ്യം വച്ചുകൊണ്ടാണെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. ഇതൊന്നും ഇവിടത്തെ വികസനത്തെ ഒരു തരത്തിലും ബാധിക്കില്ല. കേരളത്തിലെ ദേശീയപാതാ വികസനം സാധ്യമാക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിലും മറ്റ് പല മേഖലകളിലും സർക്കാർ ഇടപെടുന്നുണ്ട്. ഈ പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ സർക്കാർ എല്ലാ നിലയിലും ഇടപെടുന്നതാണ്.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u> സർ, 2014-ലെ യു.ഡി.എഫ്. ഗവൺമെന്റ് എൻ.എച്ച്. 66-ന് ഭൂമി ഏറ്റെടുത്ത് നൽകാനാകില്ലെന്ന നിലപാട് സ്വീകരിച്ചതുകൊണ്ട് ടി പ്രവൃത്തിയുമായി മുന്നോട്ടുപോകാൻ സാധിക്കില്ലെന്നാണ് ദേശീയപാതാ അതോറിറ്റി തീരുമാനിച്ചിരുന്നത്. എന്നാൽ അന്നത്തെ തീരുമാനത്തെ കേരളത്തിലെ നിലവിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ വളരെ നിശ്ചയദാർഢ്യത്തോടെ കാണുകയും നാഷണൽ ഹൈവേ 66-ന്റെ

ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആരംഭിക്കുകയും വേറൊരു സംസ്ഥാനത്തിനും ബാധകമാകാത്ത നിലയിൽ, കേരളത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് ദേശീയപാതാ അതോറിറ്റിക്ക് 5580 കോടി രൂപ നൽകുകയും ചെയ്തിരുന്നു. ഈ തുക നൽകിയതുതന്നെ വളരെ വൈകിയാണ്. തിരുവനന്തപുരത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. മലബാറിൽ ഉൾപ്പെടെ കേരളത്തിലുടനീളം അതിന്റെ പ്രവർത്തനം വളരെ ജാഗ്രതയോടെ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. 2025-ഓടുകൂടി നാഷണൽ ഹൈവേ 66-ന്റെ നിർമ്മാണം പൂർത്തിയാക്കാനുള്ള നിരന്തരമായ ഇടപെടലും അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങളും സർക്കാർ കൃത്യമായി പ്ലാൻ ചെയ്ത് മുന്നോട്ടുപോകുന്നുണ്ടോ; പൂർണ്ണമായും ആ അർത്ഥത്തിൽ പൂർത്തീകരിക്കാനുള്ള നിലപാട് സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്:</u> സർ, ദേശീയപാതാ വികസനത്തിന്റെ ഭാഗമായി മഹാരാഷ്ട്രയിൽനിന്നും ആരംഭിച്ച് കർണ്ണാടക വഴി കേരളത്തിലൂടെ കടന്ന് തമിഴ്നാട് വരെ എത്തുന്ന എൻ.എച്ച്.-66 പദ്ധതി യു.ഡി.എഫ്. ഭരണകാലത്ത് ഉപേക്ഷിക്കപ്പെട്ടതായിരുന്നു. ദേശീയപാതാ

വികസനത്തിന്റെ ഭൂമി ഏറ്റെടുക്കൽ ഒരു പ്രധാന പ്രശ്നമായിരുന്നു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള ഒരു സംസ്ഥാനം നമ്മുടേതാണ്; ദേശീയ ശരാശരിയുടെ മൂന്നിരട്ടി. 2013-ൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ദേശീയപാത വികസന പദ്ധതിയിൽനിന്നും കേരളത്തിലൂടെ കടന്നുപോകുന്ന എൻ.എച്ച്.-66 പദ്ധതി ഡീ-നോട്ടിഫൈ ചെയ്യുന്ന സാഹചര്യമുണ്ടായി. അതിനുശേഷം ദേശീയപാത വികസനം സാധ്യമാക്കണമെന്ന നിലപാടെടുത്തുകൊണ്ട് 2016-ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാരും മുഖ്യമന്ത്രിയും മുൻകൈയെടുത്ത് കേന്ദ്ര സർക്കാരുമായി ചർച്ച നടത്തി. 2016-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിൽ എൻ.എച്ച്.-66 യാഥാർത്ഥ്യമാക്കുമെന്ന വാഗ്ദാനം ഉൾപ്പെടുത്തിയിരുന്നത് വെറുതെയാണ് എന്നും അതൊന്നും ഉണ്ടാകാൻ പോകുന്നില്ലെന്നും പലരും പ്രചാരണം നടത്തുകയുണ്ടായി. എന്നാൽ സാധ്യമാകുന്നത് പറയുകയും പറയുന്നത് നടപ്പാക്കുകയും ചെയ്യുന്ന സർക്കാരാണ് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ എന്ന് തെളിയിക്കുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. 2016-ൽ

പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജൂൺ 15-ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് യോഗം ചേരുകയും പിന്നീട് പ്രധാനമന്ത്രി, കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി എന്നിവരുമായി നേരിട്ട് ചർച്ചകൾ നടത്തി കേരളത്തിൽ ദേശീയപാത വികസനം സാധ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തിയിരുന്നു. 2019 ജൂൺ 15-ന് മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി ശ്രീ. നിധിൻ ഗഡ്കരി വിളിച്ചുചേർത്ത യോഗത്തിൽ സ്ഥലമേറ്റെടുക്കൽ പ്രശ്നം ചർച്ച ചെയ്യുകയും ആയതിന്റെ 25 ശതമാനം കേരളം വഹിക്കണമെന്ന് നാഷണൽ ഹൈവെ അതോറിറ്റി ഓഫ് ഇന്ത്യ നിലപാടെടുക്കുകയും ചെയ്തിരുന്നു. കേരളത്തിൽ തിരിച്ചെത്തിയ മുഖ്യമന്ത്രി ജൂൺ 19-നുതന്നെ ഉന്നതതല യോഗം വിളിച്ചുചേർക്കുകയും ദേശീയപാത വികസനം സാധ്യമാക്കാനുള്ള സ്ഥലം ഏറ്റെടുക്കലിന്റെ 25 ശതമാനം സംസ്ഥാന സർക്കാർ വഹിക്കാമെന്ന് തീരുമാനമെടുക്കുകയും ചെയ്തു. ഇന്ത്യാ ചരിത്രത്തിൽ ആദ്യമായി ഒരു സംസ്ഥാന സർക്കാർ ദേശീയപാത വികസനത്തിനുവേണ്ടി ഫണ്ട് വിനിയോഗിച്ചുവെന്നും അത് നമ്മുടെ

കേരളമാണെന്നും ചൂണ്ടിക്കാണിക്കുകയാണ്. എന്നാൽ ഇക്കാര്യം ഒരു ക്രെഡിറ്റായല്ല പറയുന്നത്; നിവൃത്തികേടുകൊണ്ട് ജനങ്ങൾ ആഗ്രഹിക്കുന്ന പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി സർക്കാർ ചെയ്ത കാര്യമാണ്. സ്ഥലം ഏറ്റെടുക്കൽ ചെലവുമായി ബന്ധപ്പെട്ട വിവരം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തെ അറിയിക്കുകയും ഉത്തരവാകുന്ന ഘട്ടത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സർക്കാരും ആവശ്യമായ ഇടപെടൽ നടത്തുകയും ചെയ്തിരുന്നു. ഇത്തരത്തിൽ ദേശീയപാത 66 കടന്നുപോകുന്ന മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി കേരളം ഫണ്ട് ചെലവഴിക്കാൻ തീരുമാനമെടുക്കുകയാണുണ്ടായത്. ഈ പദ്ധതിക്ക് സമയബന്ധിതമായിത്തന്നെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുമുണ്ട്. ദേശീയപാത 66-ന്റെ വികസന പ്രവൃത്തിക്ക് സംസ്ഥാന സർക്കാർ കാൽ അണ ചെലവഴിച്ചിട്ടില്ലെന്ന് കേന്ദ്ര സർക്കാരിനെ നയിക്കുന്ന രാഷ്ട്രീയ പാർട്ടിയും അവരെ ഇരുട്ടത്തും വെളിച്ചത്തും താങ്ങുന്നവരും സോഷ്യൽ മീഡിയയിലൂടെയൊക്കെ പിന്തുണയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ദേശീയപാത 66-ന്റെ വികസനത്തിന്

സംസ്ഥാന സർക്കാർ 5586,73,00,000/- രൂപ ചെലവഴിച്ചുവെന്ന് പാർലമെന്റിൽ ഒരു ചോദ്യത്തിന് ശ്രീ. നിതിൻ ഗഡ്കരി മറുപടി നൽകിയിട്ടുണ്ടെന്ന കാര്യം ഏവരുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കർണ്ണാടകയിൽ എൻ.എച്ച്.-66-ന്റെ പ്രവൃത്തി ഒച്ചിന്റെ വേഗത്തിലാണെങ്കിൽ കേരളത്തിൽ ഇത് അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ മുഖ്യമന്ത്രി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഇടപെടുന്നതിന്റെ ഭാഗമായി കർണ്ണാടകയ്ക്കുപോലും മാതൃകയാകുന്ന നിലയിലേയ്ക്ക് കേരള സർക്കാർ മാറിയെന്ന് നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള 'ദി ഹിന്ദു' ദിനപ്പത്രം റിപ്പോർട്ട് ചെയ്തിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ മാധ്യമങ്ങൾക്ക് മറ്റ് പല തിരക്കുകളായതുകൊണ്ട് ഇത് റിപ്പോർട്ട് ചെയ്യാൻ മറന്നുപോയതായിരിക്കാം. എന്നാൽ ഇക്കാര്യം 'ദി ഹിന്ദു' പത്രം കൃത്യമായി റിപ്പോർട്ട് ചെയ്യുന്ന സ്ഥിതിയുണ്ടായി. ദേശീയപാത 66-ൽ കഴക്കൂട്ടം എലിവേറ്റഡ് ഹൈവേ, കോവളം-കാരോട് ബൈപാസ്, നീലേശ്വരം ആർ.ഒ.ബി. എന്നീ പദ്ധതികൾ ഇതിനോടകം പൂർത്തിയാക്കിക്കഴിഞ്ഞു. തലശ്ശേരി-മാഹി ബൈപാസ്,

പാലോളി-മൂരാട് പാലം എന്നിവ അന്തിമഘട്ടത്തിലാണ്; അത് ഉടനെ തുറന്നുകൊടുക്കാൻ സാധിക്കും. അതുപോലെ നിരവധി പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യയുമായി ചേർന്നുനിന്നുകൊണ്ട് ഒരു സംസ്ഥാന സർക്കാരിന്റെ നിശ്ചയദാർഢ്യത്തോടെയുള്ള ഇടപെടലിന്റെ ഭാഗമായി 2025-ഓടുകൂടി മലയാളിയുടെ ചിരകാല സ്വപ്നമായ ദേശീയ പാത-66 -ന്റെ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള 45 മീറ്റർ വികസനം പൂർത്തീകരിക്കാനാകുമെന്ന സന്തോഷ വിവരം ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, പൊതുമരാമത്ത് വകുപ്പിനുകീഴിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന സ്തുത്യർഹമായ പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. ഔട്ടർ റിംഗ് റോഡിന്റെ തുടർച്ചയായി സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളെ ബന്ധിപ്പിക്കുന്ന പാതകളും വികസിപ്പിക്കേണ്ടത് അനിവാര്യമാണ്. ദേശീയപാത 744 കൊല്ലം-ചെങ്കോട്ട, എറണാകുളം ബൈപ്പാസ് എന്നീ പദ്ധതികളുടെ

പുരോഗതിയും വിശദാംശങ്ങളും എന്തൊക്കെയാണ്; കൂടാതെ അങ്കമാലി-കേശവദാസപുരം എം.സി. റോഡ് നാലുവരിപ്പാതയാക്കുമെന്ന പ്രഖ്യാപനത്തിന്റെ നിജസ്ഥിതി എന്താണ്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന പാതകൾ വികസിപ്പിക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട നിരവധി പദ്ധതികളെക്കുറിച്ച് സംസ്ഥാന സർക്കാർ ചർച്ച ചെയ്തിട്ടുണ്ട്. ദേശീയപാത 744 കൊല്ലം-ചെങ്കോട്ട, എറണാകുളം ബൈപ്പാസ് എന്നിവ യാഥാർത്ഥ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. എം.സി. റോഡിന് സമാന്തരമായി ഗ്രീൻഫീൽഡ് ഹൈവെ, കൊല്ലം-ചെങ്കോട്ട ദേശീയപാത വികസനം എന്നിവ പ്രധാനപ്പെട്ടതാണ്. ഒരു ഭാഗത്ത് തീരദേശപാതയും മലയോര ഹൈവേയുമാണുള്ളത്. കൊല്ലം-ചെങ്കോട്ട ദേശീയപാത വികസനവും എറണാകുളം ബൈപ്പാസ് വികസനവും സാധ്യമാക്കാനുള്ള ഇടപെടലുകൾ നടത്തിയതുപോലെ മേൽപ്പറഞ്ഞ പദ്ധതികളും മുന്നോട്ടുകൊണ്ടുപോകാനുള്ള ഇടപെടൽ നടത്തുന്നുണ്ട്. കൊല്ലം-ചെങ്കോട്ട ദേശീയപാതയ്ക്ക് 317.35 കോടി രൂപയും എറണാകുളം ബൈപ്പാസിന് 424

കോടി രൂപയും സംസ്ഥാന സർക്കാരിന് അധിക ബാധ്യതയാകുമെന്നുള്ള കണക്കുകൾ ഇതിന്റെ ഭാഗമായി പുറത്തുവന്നിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ സമീപനം എന്തുതന്നെയാണെങ്കിലും പരമാവധി പദ്ധതികൾ ലഭ്യമാകാനും അത് യാഥാർത്ഥ്യമാക്കാനുമാണ് സർക്കാർ ഇടപെടുന്നത്.

<u>ശ്രീ. ഐ. ബി. സതീഷ്:</u> സർ, ഔട്ടർ റിംഗ് റോഡ് സാധ്യമാകുന്നതിലൂടെ തിരുവനന്തപുരം ജില്ലയിൽ വിസ്മയകരമായ വികസന സാധ്യതയാണ് നടപ്പാകുന്നത്. ലോകത്തിലെ തന്നെ ഏറ്റവും ആഴമുള്ളതും പ്രകൃതിദത്തവുമായ വിഴിഞ്ഞം തുറമുഖത്തുനിന്ന് ദേശീയപാതയിലേയ്ക്കുള്ള പാതയാണ് ഔട്ടർ റിംഗ് റോഡ്. കാട്ടാക്കട നിയോജകമണ്ഡലത്തെ നെടുകെ വിഭജിച്ചുകൊണ്ടാണ് ഔട്ടർ റിംഗ് റോഡ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതി ഏറ്റെടുക്കുമ്പോൾ എത്രത്തോളം സാമ്പത്തിക ബാധ്യതയാണ് ഉണ്ടാകുന്നത്; ഭൂമി വിട്ടുനൽകാൻ തയ്യാറാകുന്നവർക്ക് ആശങ്കയുളവാക്കാനുള്ള ശ്രമങ്ങൾ പല ഭാഗത്തുനിന്നും ഉണ്ടാകുന്ന സാഹചര്യത്തിൽ ടി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനും കേന്ദ്ര സർക്കാരുമായി തുടർചർച്ചകൾക്ക് തയ്യാറാകുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഔട്ടർ റിംഗ് റോഡ് പദ്ധതി യാഥാർത്ഥ്യമാക്കാൻ സംസ്ഥാനത്തിന് 1600 കോടിയിലധികം രൂപയുടെ ബാധ്യതയാണ് കണക്കാക്കുന്നത്. ഭൂമി ഏറ്റെടുക്കലിനുള്ള 930 കോടിയിലധികം രൂപയും സംസ്ഥാന ചരക്കു-സേവന നികുതി ഒഴിവാക്കുന്ന ബാധ്യതയായ 211 കോടി രൂപയും റോയൽറ്റി തുകയായ 11 കോടി രൂപയും സർവ്വീസ് റോഡ് നിർമ്മാണത്തിനുള്ള 477 കോടി രൂപയും സംസ്ഥാനത്തിന്റെ ഉത്തരവാദിത്വമായി കേന്ദ്ര സർക്കാർ മുന്നോട്ടുവയ്ക്കുന്നുണ്ട്. പുതിയ സാഹചര്യത്തിൽ സർവ്വീസ് റോഡിനുള്ള 477 കോടി രൂപ കേന്ദ്ര സർക്കാർ വഹിക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി ശ്രീ. നിതിൻ ഗഡ്കരിയുമായി ഇക്കാര്യം ചർച്ച ചെയ്തു. 03-08-2023-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. നിതിൻ ഗഡ്കരിക്ക് അയച്ച കത്തിൽ ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. 10-10-2023-ന് ഡൽഹിയിൽ വകുപ്പുമന്ത്രിയുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചർച്ച നടത്തുകയും

കേരളത്തിന്റെ ആവശ്യം ആവർത്തിക്കുകയും ചെയ്തു. എന്നാൽ സർവ്വീസ് റോഡിന്റെ നിർമ്മാണം കേരളം തന്നെ നിർവ്വഹിക്കണമെന്നാണ് കേന്ദ്ര സർക്കാരിന്റെ നിലപാട്. ഇക്കാര്യത്തിൽ കേരളത്തിന്റെ സാഹചര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് വീണ്ടും കേന്ദ്ര സർക്കാരിനെ സമീപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഔട്ടർ റിംഗ് റോഡ് പദ്ധതി യാഥാർത്ഥ്യമാക്കുകതന്നെയാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. എന്തൊക്കെ പ്രതിസന്ധിയുണ്ടായാലും ഒരു തീരുമാനം കൈക്കൊണ്ടാൽ ആ പ്രതിസന്ധികളെ മറികടന്ന് മുന്നോട്ടുപോയ പാരമ്പര്യമാണ് എൽ.ഡി.എഫ്. സർക്കാരിനുള്ളത്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, അന്തർസംസ്ഥാന പാതയായ ആനമല-മലക്കപ്പാറ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി ആരംഭിച്ച് മൂന്ന് വർഷമായിട്ടും പദ്ധതി ഇഴഞ്ഞുനീങ്ങുന്ന അവസ്ഥയിലാണ്. വെള്ളിക്കുളങ്ങര-വെറ്റിലപ്പാറ മലയോര ഹൈവേ അടക്കമുള്ള ചാലക്കുടി നിയോജകമണ്ഡലത്തിലെ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന റോഡുകളുടെ നിർമ്മാണം തുടങ്ങാനാകാത്ത അവസ്ഥയും

നിലനിൽക്കുന്നുണ്ട്. അടിയന്തരമായി ഈ വിഷയത്തിൽ ഇടപെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് കിഫ്ബിയുമായി യോഗം വിളിച്ചുചേർത്തിട്ടുണ്ട്. ഈ വിഷയം വളരെ പ്രധാനപ്പെട്ട അജണ്ടയായി ആ യോഗത്തിൽ പരിഗണിക്കുന്നതായിരിക്കും.

ശ്രീ. വി. ജോയി: സർ, കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാത 66-ന്റെ കാര്യം ഇവിടെ സൂചിപ്പിച്ചിരുന്നു. മറ്റൊരു പ്രധാനപ്പെട്ട പാതയാണ് കരമന-കളിയിക്കാവിള ദേശീയപാത. അതിലെ തേർഡ് റീച്ചായ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭാഗത്തെ വികസന പ്രവർത്തനങ്ങൾ നിലവിൽ മുടങ്ങിക്കിടക്കുകയാണ്. അത് ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പ്രസ്തുത പ്രവൃത്തി തുടരുന്നതുമായി ബന്ധപ്പെട്ട് യോഗം ചേർന്ന് കാര്യങ്ങൾ തീരുമാനിച്ചിട്ടുണ്ട്. ഈ വിഷയം

ഒരിക്കൽകൂടി ചർച്ച ചെയ്ത് പരിഹരിക്കാനുള്ള പൊതുനിലപാടാണ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. എൻ. കെ. അക്ബർ: സർ, ദേശീയപാത അതോറിറ്റിയുടെ കീഴിൽ നിർമ്മാണം പുരോഗമിക്കുന്ന ദേശീയപാത 66-ന്റെ വികസന പുരോഗതി പരിശോധിക്കാൻ അങ്ങ് കഴിഞ്ഞയാഴ്ച നേരിട്ട് സ്ഥലപരിശോധന നടത്തിയിരുന്നു. അവിടത്തെ ജനങ്ങളിൽനിന്നും ഉയർന്നുവന്ന ഒരു പ്രശ്നമാണ് ഗുരുവായൂർ നിയോജകമണ്ഡലത്തിലെ മംഗലംകുന്ന് മസ്ജിദ്, ചേറ്റുവ എം.ഇ.എസ്., പൊക്കുളങ്ങര എന്നിവിടങ്ങളിലെ അണ്ടർപാസിന്റെ പ്രശ്നം. അക്കാര്യം പരിഹരിക്കാനുള്ള നടപടിയുടെ പുരോഗതി വിശദീകരിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അണ്ടർപാസുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. പൊതുവിൽ അതത് ജില്ലകളിൽ ദേശീയപാത അതോറിറ്റിയും ഞങ്ങളും ഒരു ടീമായി നേരിട്ട് സന്ദർശനം നടത്തി കാര്യങ്ങൾ പരിശോധിക്കുകയാണ് ചെയ്യുന്നത്. നേരത്തെ തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിലെ

സന്ദർശനം പൂർത്തീകരിച്ചിരുന്നു. കഴിഞ്ഞ ദിവസങ്ങളിൽ മലപ്പുറം, തൃശ്ശൂർ എന്നിവിടങ്ങളിൽ സന്ദർശനം നടത്തിയതിന്റെ ഭാഗമായി ചില വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങളിലെല്ലാം യു.ഡി.എഫ്. ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർ വളരെ നല്ലരീതിയിലുള്ള സമീപനമാണ് സ്വീകരിച്ചത്. പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഞങ്ങൾക്കൊപ്പം വന്ന് പരിശോധനാ പ്രവർത്തനത്തിൽ പങ്കെടുത്തിരുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ആലുവയിലെ മാർത്താണ്ഡവർമ്മ പാലത്തിൽ നിരന്തരം ഗതാഗത തടസ്സം ഉണ്ടാകുന്നുണ്ട്. ബഹുമാനപ്പെട്ട എം.പി. ബെന്നി ബെഹനാനും ഞങ്ങളുമുൾപ്പെടെ ശ്രീ. നിതിൻ ഗഡ്കരിക്ക് നേരിട്ട് പരാതി നൽകുകയും ഇക്കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും അങ്ങയുടെയും ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിരുന്നു. ദേശീയപാതയുടെ കാര്യത്തിൽ കേന്ദ്ര സർക്കാരാണ് ഇടപെടേണ്ടത്. പക്ഷേ ഇവിടെ അങ്കമാലി-കുണ്ടന്നൂർ ബൈപ്പാസ് നിർമ്മാണം ആരംഭിക്കാൻ പോകുന്നതുകൊണ്ട് നിലവിലുള്ള ദേശീയപാതയുടെ വിഷയത്തിൽ

ഇടപെടാൻ അവർ വൈമനസ്യം കാണിക്കുന്നു. കുണ്ടന്നൂർ ബൈപ്പാസ് വന്നാലും ഇവിടെ എയർപോർട്ട് ഉള്ളതുകൊണ്ട് ഈ റോഡിലെ തിരക്ക് ഒരിക്കലും കുറയില്ല. നിലവിൽ മാർത്താണ്ഡവർമ്മ പാലത്തിൽ ഉച്ചസമയത്തുപോലും വളരെയധികം ഗതാഗത തടസ്സമുണ്ടാകുന്ന സാഹചര്യമാണുള്ളത്. പ്രസ്തുത പാലത്തിന്റെ പുനരുദ്ധാരണത്തിനായി ഇരുപത് ദിവസം അടച്ചിടാൻ പോകുകയാണ്. അവിടത്തെ ഗതാഗത തടസ്സം മാറ്റുന്നതിനായി സംസ്ഥാന സർക്കാർ മുൻകൈയെടുത്തുകൊണ്ട് കേന്ദ്ര സർക്കാരുമായി ആവശ്യമായ ഇടപെടൽ നടത്തി പുതിയ പാലമോ എലിവേറ്റഡ് ഹൈവേയോ നിർമ്മിക്കാനുള്ള പദ്ധതി നടപ്പാക്കാൻ സാധിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഈ വിഷയം ദേശീയപാതാ അതോറിറ്റിയുമായി ചർച്ച നടത്തി പരിശോധിക്കുന്നതാണ്. ഇതിനുപുറമെ മറ്റ് സാധ്യതകൾ കൂടി പരിശോധിക്കാം.

## സംസ്ഥാന സ്കൂൾ കലോത്സവം

2 (*92) ശ്രീമതി ദെലീമ:

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:

ശ്രീ. എം. മുകേഷ്:

ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സാംസ്കാരിക സമ്പന്നതയ്ക്ക് തിളക്കം കൂട്ടാൻ കഴിയുംവിധം സംസ്ഥാന സ്കൂൾ കലോത്സവം സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കലോത്സവത്തിൽ പൂർണ്ണമായും ഹരിത പ്രോട്ടോക്കോൾ പാലിക്കാൻ കഴിഞ്ഞിട്ടുണ്ടോ; അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) നാനാത്വത്തിൽ ഏകത്വം പരിരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനുമുള്ള വേദിയായി കലോത്സവത്തെ മാറ്റാൻ സർക്കാർ ബോധപൂർവ്വമായ ശ്രമം നടത്തുമോ;

(ഡി) അടുത്തവർഷം മുതൽ ഗോത്രകലകളെ കലോത്സവ മത്സര ഇനങ്ങളിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, (എ) ഉണ്ട്. കേരളത്തിന്റെ സാംസ്കാരിക സമ്പന്നത വിളിച്ചോതുന്ന തരത്തിൽ തന്നെയാണ് സംസ്ഥാന സ്കൂൾ കലോത്സവങ്ങൾ നടത്തിവരുന്നത്. അപ്രകാരം സാംസ്കാരിക സമ്പന്നത ഉയർത്തിപ്പിടിക്കുന്ന തരത്തിൽ തന്നെയാണ് 62-ാമത് സംസ്ഥാന സ്കൂൾ കലോത്സവം സംഘടിപ്പിച്ചത്. വ്യത്യസ്ത മത്സര ഇനങ്ങൾ 24 വേദികളിലായി 5 ദിവസം നീണ്ടുനിന്ന ഈ കലാമേളയിൽ അരങ്ങേറിയിരുന്നു.

(ബി) ഉണ്ട്. ഹരിത പ്രോട്ടോക്കോൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണ് 62-ാമത് കേരള സ്കൂൾ കലോത്സവം സംഘടിപ്പിച്ചത്. ഹരിത പ്രോട്ടോക്കോൾ പാലിക്കുന്നതിനായി വ്യത്യസ്തങ്ങളായ പ്രവർത്തന പരിപാടികളാണ്

ശുചിത്വമിഷന്റെയും കൊല്ലം ജില്ലാ കോർപ്പറേഷന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചത്.

(സി) സംസ്ഥാന സ്കൂൾ കലോത്സവങ്ങൾ നാനാത്വത്തിൽ ഏകത്വത്തിന്റെ പ്രകടമായ അവതരണ വേദികളായി മാറി. ദൃശ്യ-ശ്രാവ്യ രൂപങ്ങളിലായി വിവിധ കാലങ്ങളെയും ദേശങ്ങളെയും അടയാളപ്പെടുത്തുന്ന വിഭിന്ന കലാരൂപങ്ങൾകൊണ്ട് സമ്പന്നമാണ് സംസ്ഥാന സ്കൂൾ കലോത്സവങ്ങൾ. വിവിധ കാലങ്ങളിലും ദേശങ്ങളിലുമായി വ്യത്യസ്ത മനുഷ്യ സമുദായങ്ങളിൽ ഉയിർക്കൊണ്ട വിഭിന്ന കലാരൂപങ്ങൾ നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെയാണ് വിളിച്ചോതുന്നത്. പ്രാദേശികമായും ജാതീയമായും മതാത്മകമായും വർഗ്ഗീയമായും മറ്റും വേർതിരിക്കപ്പെട്ട ഒരു സമൂഹം കലാവിഷ്കരണത്തിലൂടെ ഏകീകരിക്കപ്പെട്ടതിന്റെ ചരിത്രമാണ് സാംസ്കാരിക കേരളത്തിനുള്ളത്. ആയതിനാൽതന്നെ നാനാത്വത്തിൽ ഏകത്വം പരിരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനുമുള്ള വേദിയായി കലോത്സവത്തെ മാറ്റുന്ന പ്രവർത്തനങ്ങളാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായത്.

(ഡി) കലോത്സവ മാന്വൽ സമഗ്രമായി പരിഷ്കരിക്കുന്നതിന് തത്വത്തിൽ തീരുമാനിക്കുകയും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം മാന്വൽ പരിഷ്കരിക്കുന്ന വേളയിൽ ഗോത്രകലകളെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. ഇതിന്റെ തുടക്കമെന്ന നിലയിൽ ഈ വർഷംതന്നെ സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ ഉദ്ഘാടന ചടങ്ങിൽ കാസർഗോഡ് ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥിനികൾ ഗോത്രകലയായ മംഗലം കളി അവതരിപ്പിക്കുകയുണ്ടായി.

ശ്രീമതി ദെലീമ: സർ, ഇന്ത്യയിലെതന്നെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി കേരളത്തിന്റെ സാംസ്കാരിക സമ്പന്നതയ്ക്ക് തിളക്കം കൂട്ടുന്ന തരത്തിൽ വലിയ മാറ്റങ്ങളുണ്ടാക്കാനും ഏറ്റവുമധികം മികവ് പുലർത്താനും സ്കൂൾ കലോത്സവങ്ങൾക്ക് സാധിക്കുന്നതിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയെയും വകുപ്പിനെയും അഭിനന്ദിക്കുകയാണ്. ഏഷ്യയിലെ ഏറ്റവും വലിയ കൗമാര കലോത്സവങ്ങളിൽ ഒന്നാണ് കേരള സ്കൂൾ കലോത്സവം. ഈ

കലാമേളയെ ടൂറിസവുമായി ബന്ധപ്പെടുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങളോ ആലോചനകളോ നടത്തിയിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ ശരിയാണ്. ഏഷ്യയിലെതന്നെ ഏറ്റവും വലിയ കലോത്സവമാണ് സ്കൂൾ കലോത്സവം. ഏറ്റവുംകൂടുതൽ ടൂറിസ്റ്റുകൾ സന്ദർശിക്കുന്ന സീസൺ സെപ്റ്റംബർ മുതൽ മാർച്ച് മാസം വരെയാണ്. ഡിസംബർ, ജനുവരി മാസങ്ങളിലാണ് കേരള സ്കൂൾ കലോത്സവം സംഘടിപ്പിക്കുന്നത്. ഇതുവഴി കേരളത്തിന് ഒരു വലിയ സാധ്യതയാണ് തുറന്നുകിട്ടുന്നത്. പരമ്പരാഗതവും ആധുനികവുമായ നിരവധി കലകൾ പ്രദർശിപ്പിക്കുന്ന വേദിയാണ് കേരള സ്കൂൾ കലോത്സവം. കലോത്സവത്തിൽ എത്തുന്ന ടൂറിസ്റ്റുകൾക്ക് കേരളത്തിലെ കലകളെക്കുറിച്ച് അടുത്തറിയാൻ കഴിയും. ഇതിനായി കേരള സ്കൂൾ കലോത്സവത്തെ ഒരു രാജ്യാന്തര ബ്രാൻഡാക്കി മാറ്റേണ്ടതുണ്ട്. ടൂറിസം വകുപ്പുമായി ആലോചിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി ദെലീമ: സർ, സംസ്ഥാന സ്കൂൾ കലോത്സവത്തെ ലോക റെക്കോർഡുകളിൽ ഉൾപ്പെടുത്താൻ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, സംസ്ഥാന സ്കൂൾ കലോത്സവത്തെ ലോക റെക്കോർഡ് വേദികളിലെത്തിക്കാനുള്ള എല്ലാ സാധ്യതകളും പരിശോധിക്കുന്നതിനായി പ്രത്യേക സമിതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, സമാനതകളില്ലാത്ത ഒരു മഹോത്സവമാണ് നമ്മുടെ സ്കൂൾ കലോത്സവങ്ങൾ. എന്നാൽ ഇതൊരു ഉത്സവം മാത്രമല്ല, മത്സരം എന്ന നിലയിൽക്കൂടിയാണ് നടത്തപ്പെടുന്നത്. ഈ മത്സരത്തിൽ വിധികർത്താക്കളെ നിശ്ചയിക്കുന്നതിന്റെ ഭാഗമായി ഒട്ടേറെ പരാതികളുണ്ടാകുന്നുണ്ട്. വളരെയേറെ കഴിവുള്ള കുട്ടികൾ പിന്തള്ളപ്പെടുന്നുവെന്നും അവർക്ക് അർഹതപ്പെട്ട രീതിയിലുള്ള അംഗീകാരം ലഭിക്കുന്നില്ലെന്നും മത്സരങ്ങളെക്കുറിച്ച് അവഗാഹമായ അറിവില്ലാത്തവർ വിധികർത്താക്കളായി നിയമിക്കപ്പെടുന്നുവെന്നുമുള്ള പരാതികൾ

പരക്കെയുണ്ടാകുന്നുണ്ട്. അതുകൊണ്ടുതന്നെ കലോത്സവ വിധികർത്താക്കളുടെ നിയമനം സംബന്ധിച്ച നിലവിലെ സംവിധാനം പരിഷ്കരിച്ച് കുറ്റമറ്റതാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പൊതുവെ കലോത്സവ വിധികർത്താക്കളെ നിശ്ചയിക്കുന്നതിൽ സുതാര്യത കാത്തുസൂക്ഷിക്കുന്നുണ്ടെങ്കിലും പരാതികൾ ഉയർന്നുവരുന്നുണ്ട്. അതെല്ലാം അടിസ്ഥാനപ്പെടുത്തിയാണ് കലോത്സവ മാന്വൽ പരിഷ്കരിക്കാനുള്ള തീരുമാനമെടുത്തിരിക്കുന്നത്. തദവസരത്തിൽ വിധികർത്താക്കളുടെ പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതാണ്.

ശ്രീ. എം. മുകേഷ്: സർ, 2024 ജനുവരി 4 മുതൽ 8 വരെ കൊല്ലത്ത് സംഘടിപ്പിച്ച കലാമാമാങ്കം ഒരു ചരിത്ര സംഭവമായി മാറുകയുണ്ടായി. ജനുവരി 4-ാം തീയതി കലോത്സവം ഉദ്ഘാടനം ചെയ്തത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും 8-ാം തീയതി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശനും സമ്മാനദാന നിർവ്വഹണം നടത്തിയത് നടൻ

ശ്രീ. മമ്മൂട്ടിയുമായിരുന്നു. ഈ ദിവസങ്ങളിലെല്ലാം കൊല്ലം ജില്ലയെ ഇളക്കിമറിച്ച ആവേശമാണ് അവിടെ കണ്ടത്. അതിന്റെ സംഘാടക മികവിനെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. ശ്രീ. വി. ശിവൻകുട്ടി, ശ്രീ. കെ. എൻ. ബാലഗോപാൽ, ശ്രീമതി ജെ. ചിഞ്ചുറാണി എന്നീ മന്ത്രിമാരും കൊല്ലം ജില്ലയിൽനിന്നുള്ള ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ, പോലീസ് വിഭാഗം, പത്ര-മാധ്യമ സുഹൃത്തുക്കൾ ഉൾപ്പെടെ എല്ലാവരുടെയും സഹകരണത്തോടെ 24 വേദികളിലും ഒരേ താളത്തിൽ സംഘടിപ്പിക്കാൻ സാധിച്ചതുകൊണ്ടാണ് അവിടെ ഇത്രയും മഹത്തായ വിജയം കൈവരിക്കാൻ സാധിച്ചത്. അതുമായി ബന്ധപ്പെട്ട ഒന്നു-രണ്ട് ചെറിയ സന്തോഷങ്ങൾ നിങ്ങളോടൊപ്പം പങ്കുവയ്ക്കുകയാണ്. അവിടെയുള്ള തൊഴിലാളികൾ സൗജന്യമായി ഓട്ടോറിക്ഷകളും മറ്റ് വാഹനങ്ങളും വിട്ടുനൽകുകയും മത്സരാർത്ഥികൾക്ക് ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് പോകുന്നതിന് സൗകര്യമൊരുക്കി കൊടുക്കുകയും ചെയ്തിരുന്നു. ഇക്കാര്യങ്ങളെല്ലാം എന്നെ ഒരുപാട് സന്തോഷിപ്പിച്ചു. മത്സരാർത്ഥികൾ ഒരു സ്ഥലത്തുനിന്നും മറ്റൊരു വേദയിലേയ്ക്ക് പോകുന്നതിന്റെ കൂട്ടത്തിൽ

കാണികളും അവരവരുടെ വാഹനങ്ങളിൽ പരക്കം പായുന്ന കാഴ്ചയാണ് ഓരോ സ്ഥലത്തും കാണാൻ സാധിച്ചത്. മുമ്പ് മത്സരവും പഠനവും ഒരു സാധാരണ സംഭവമായിരുന്നുവെങ്കിൽ ഇത്തവണ കലയുമായി ബന്ധപ്പെട്ട എല്ലാവരും ഇതൊരു ജീവിതമാർഗ്ഗമാക്കണം എന്ന തരത്തിലുള്ള നല്ലൊരു നിലവാരമാണ് മത്സരങ്ങളിലെല്ലാം കാണാൻ സാധിച്ചത്. അത് കലാ ലോകത്തിന് ഏറെ പ്രതീക്ഷ നൽകുന്ന കാര്യമാണ്. സംസ്ഥാന സ്കൂൾ കലോത്സവത്തിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികൾക്ക് തുടർന്നും പിന്തുണയും പ്രോത്സാഹനവും നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> സർ, ബഹുമാനപ്പെട്ട അംഗം വലിയൊരു കലാകാരനായതുകൊണ്ട് സ്കൂൾ കലോത്സവത്തെക്കുറിച്ച് നിർത്താതെ സംസാരിച്ചു. സ്കൂൾ കലോത്സവത്തെ ഒരു മഹത്തായ സംഭവമാക്കി മാറ്റാൻ നമുക്ക് സാധിച്ചു. നമ്മുടെ മന്ത്രിമാരും ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമെല്ലാം ചേർന്നാണ് ആ കലോത്സവത്തെ ഗംഭീരമാക്കിയത്. ഏകദേശം 24 സ്റ്റേജുകളിലായി 239 മത്സരങ്ങളിൽ 12,717 കുട്ടികളാണ്

പങ്കെടുത്തത്. ഇത്രയധികം കുട്ടികൾ പങ്കെടുക്കുകയും ഇത്രയധികം മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തിട്ടും യാതൊരു തരത്തിലുള്ള ആക്ഷേപവുമില്ലാതെ ഏറ്റവും ഭംഗിയായി കലോത്സവം നടത്താൻ മുൻകൈയെടുത്തവർക്ക് വിദ്യാഭ്യാസ വകുപ്പിനുവേണ്ടി പ്രത്യേക നന്ദി രേഖപ്പെടുത്തുകയാണ്. അദ്ദേഹം ചോദിച്ചത്, കലോത്സവത്തിൽ പങ്കെടുത്ത് വിജയിക്കുന്ന കുട്ടികൾക്ക് നൽകുന്ന പ്രോത്സാഹനത്തെക്കുറിച്ചാണ്. ഇപ്പോൾത്തന്നെ ഗ്രേസ് മാർക്ക് നൽകുന്നതിനുള്ള എല്ലാ സംവിധാനങ്ങളുമുണ്ട്. കൂടാതെ മാന്വൽ പരിഷ്കരണത്തെക്കുറിച്ചും വിദ്യാഭ്യാസ വകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ അത് പരിശോധിക്കുന്നതാണ്.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, സംസ്ഥാന സ്കൂൾ കലോത്സവം പ്രൗഢഗംഭീരമായി സംഘടിപ്പിക്കാൻ നമുക്ക് കഴിഞ്ഞു. മന്ത്രിമാരും എം.എൽ.എ.-മാരും ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെ നേതൃത്വപരമായ നല്ല ഇടപെടൽ സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ വിജയത്തിന് നിർണ്ണായകമായ കാരണമായിത്തീർന്നിട്ടുണ്ട്. കലോത്സവങ്ങളുടെ

നടത്തിപ്പുമായി ബന്ധപ്പെട്ട് വിധി നിർണ്ണയത്തിൽ നിരവധി അപ്പീലുകൾ ഉയർന്നുവരുന്ന സാഹചര്യമുണ്ട്. കലോത്സവങ്ങളിൽ അപ്പീലുകൾ നിയന്ത്രിക്കാനുള്ള എന്തെങ്കിലും ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശരിയാണ്. പലപ്പോഴും അപ്പീലുകൾ വരുന്നത് കലോത്സവത്തിന്റെ കൃത്യനിർവ്വഹണത്തിന് തടസ്സമായി വന്നിട്ടുണ്ട്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയിലടക്കം നിരവധി കേസ്സുകൾ നിലനിൽക്കുന്നുണ്ട്. അവയെല്ലാം പരിശോധിച്ചുകൊണ്ട് അപ്പീലുകൾ എങ്ങനെയാണ് നിയന്ത്രിക്കാൻ കഴിയുന്നതെന്ന് പിന്നീട് പരിശോധിക്കുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, സംസ്ഥാന കലോത്സവത്തിന്റെ മുന്നൊരുക്കമായി സബ്ജില്ല, ജില്ലാ തലങ്ങളിലെല്ലാം കലോത്സവങ്ങൾ നടത്തിയിരുന്നു. ഇതിലേയ്ക്കായി ഭാരിച്ച സാമ്പത്തിക ബാധ്യതയാണ് സംഘാടകർക്ക് വരുന്നത്; ചെലവും വർദ്ധിച്ചു വരികയാണ്. വളരെ

നാമമാത്രമായ തുക മാത്രമാണ് വിദ്യാഭ്യാസ വകുപ്പ് കലോത്സവങ്ങൾക്കായി അനുവദിക്കുന്നത്. ദിവസങ്ങളും ആഴ്ചകളും നീണ്ടു നിൽക്കുന്ന പണപ്പിരിവ് വഴിയാണ് അധ്യാപകരും സംഘാടകരും ജനപ്രതിനിധികളുമെല്ലാം ഇതിനുള്ള ഫണ്ട് കണ്ടെത്തുന്നത്. ചിലർ കടബാധ്യതയിലുമാണ്. ആയതിനാൽ ഇത്തരത്തിൽ ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ കൂടുതൽ തുക അനുവദിക്കാൻ ഗവൺമെന്റ് ആലോചിക്കുമോ? രണ്ടാമതായി, നിലവിൽ നൽകാമെന്ന് സമ്മതിച്ച തുക ലഭിക്കാത്ത പ്രശ്നവുമുണ്ട്. ഇപ്പോൾ സ്കൂൾ വാർഷികങ്ങളുടെയും യാത്രയയപ്പുകളുടെയും കാലമായതുകൊണ്ട് ഞാൻ ഇത്തരത്തിൽ വളരെ നന്നായി കലോത്സവങ്ങൾ നടത്തി വിജയിച്ച സ്കൂളുകളിൽ ചെന്നപ്പോൾ, അവർക്ക് പണം ലഭിച്ചിട്ടില്ലെന്നാണ് പറയുന്നത്. അവർക്ക് നൽകാനുള്ള പണം എത്രയുംവേഗം നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, അങ്ങ് ചൂണ്ടിക്കാണിച്ചത് ശരിയാണ്. സർക്കാർ നൽകുന്ന പണംകൊണ്ടുമാത്രം യുവജനോത്സവങ്ങൾ സംഘടിപ്പിക്കാൻ സാധിക്കില്ല. സംസ്ഥാന യുവജനോത്സവത്തിനായി

ഏകദേശം 3.75 കോടി രൂപയാണ് സർക്കാർ നൽകുന്നത്. എന്നാൽ ടി തുക പര്യാപ്തമാകില്ലെന്ന് എല്ലാവർക്കുമറിയാം. അതുപോലെത്തന്നെ സബ്ജില്ല, ജില്ല കലോത്സവങ്ങൾക്കും സർക്കാർ നൽകുന്ന പണം പര്യാപ്തമാകില്ല. ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമെല്ലാം സ്പോൺസർമാരെ കണ്ടുപിടിച്ചാണ് കലോത്സവങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. നൽകാനുള്ള പണം തീർച്ചയായും കൊടുക്കേണ്ടതുതന്നെയാണ്. അത് നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, സംസ്ഥാനതലം വരെയുള്ള സ്കൂൾ കലോത്സവം വളരെ ഭംഗിയായി സംഘടിപ്പിക്കുകയുണ്ടായി. എന്നാൽ സംസ്ഥാന കലോത്സവം കഴിഞ്ഞിട്ടും സബ്ജില്ല, ജില്ല, റവന്യൂ കലോത്സവങ്ങൾ നടത്തിയ വകയിൽ ചെലവായ പണം ഇതുവരെയും ബന്ധപ്പെട്ട അദ്ധ്യാപകർക്ക് ലഭിച്ചിട്ടില്ല. റവന്യൂ ജില്ലാതലത്തിൽ 43 ലക്ഷം രൂപയും സബ്ജില്ല തലത്തിൽ 2.5 ലക്ഷം രൂപ വീതവുമാണ് അനുവദിച്ചത്. ശ്രീ. സണ്ണി ജോസഫ് പറഞ്ഞതുപോലെ, അത് വളരെ തുച്ഛമായ തുകയാണ്. സംസ്ഥാന കലോത്സവം കഴിഞ്ഞിട്ടുപോലും ഈ തുച്ഛമായ തുക ഇതുവരെ

നൽകിയിട്ടില്ല എന്നത് വളരെ വേദനാജനകമാണ്. പ്രസ്തുത തുക എന്നേയ്ക്ക് നൽകാൻ സാധിക്കും?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, എത്രയുംവേഗം തുക നൽകണമെന്നുതന്നെയാണ് സർക്കാരും ആഗ്രഹിക്കുന്നത്. സർക്കാരിന് സാമ്പത്തികമായ പ്രശ്നങ്ങളുണ്ട്; അത് പരിഹരിച്ച് എത്രയുംവേഗം ഫണ്ട് നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, 'കൊല്ലം കണ്ടാൽ ഇല്ലംവേണ്ട' എന്ന് പഴമക്കാർ പറയുന്നതുപോലെ കേരളത്തിലെ ഏറ്റവും വലിയ സ്കൂൾ കലോത്സവത്തിനാണ് കൊല്ലം പട്ടണം സാക്ഷ്യം വഹിച്ചത്. ശ്രീ. എം. മുകേഷ്, ശ്രീ. എം. നൗഷാദ്, ശ്രീ. പി. എസ്. സുപാൽ, ശ്രീ. പി. സി. വിഷ്ണുനാഥ് എന്നിങ്ങനെ ഞങ്ങളെല്ലാവരും മുഴുവൻ സമയവും അവിടെ പ്രവർത്തിക്കുകയായിരുന്നു. ശ്രീ. പി. സി. വിഷ്ണുനാഥ് ഫുഡ് കമ്മിറ്റിയുടെ ചെയർമാനായിരുന്നു. മാത്രമല്ല, 24 കമ്മിറ്റികളും വളരെ നല്ലരീതിയിൽ പ്രവർത്തിക്കുകയും ഇടപെടൽ നടത്തുകയും ചെയ്തിട്ടുണ്ട്. രണ്ടാം തവണയാണ് കൊല്ലം കലോത്സവത്തിന് വേദിയാകുന്നത്. ആദ്യ തവണ

കലോത്സവത്തിന് കൊല്ലം ജില്ല വേദിയായപ്പോഴും ഞാൻ എം.എൽ.എ. ആയിരുന്നു. അന്നുപോലും ഇല്ലാത്ത തരത്തിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി വൈകുന്നേരം 5 മണിക്ക് എല്ലാ കമ്മിറ്റി ചെയർമാൻമാരെയും കൺവീനർമാരെയും വിളിച്ചുവരുത്തി മോണിറ്ററിംഗ് നടത്താറുണ്ടായിരുന്നു. വളരെ ഗംഭീരമായി കലോത്സവത്തിന്റെ നടത്തിപ്പ് കൊല്ലം നഗരം ഏറ്റെടുത്തു എന്നുള്ളതാണ് ഈ സ്കൂൾ കലോത്സവത്തിന്റെ ഏറ്റവും വലിയ വിജയത്തിന്റെ പ്രത്യേകത. ഈ കലോത്സവത്തിനും നിരവധി അപ്പീലുകൾ വന്നിരുന്നു. കുട്ടികൾ ഓരോ പരാതികളുമായി സമീപിക്കുമ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതി വാരിക്കോരി അപ്പീൽ നൽകുന്നതിന്റെ ഭാഗമായി ടൈം ഷെഡ്യൂൾ വച്ച് പരിപാടികൾ നടത്താൻ കഴിയാത്ത സാഹചര്യമുണ്ടായി. എന്റെ ചോദ്യം, മൺമറഞ്ഞുപോയ നാടൻ കലാമേളകൾകൂടി അടുത്ത കലോത്സവത്തിൽ ഉൾപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, മൺമറഞ്ഞ കലാരൂപങ്ങൾകൂടി ഉൾപ്പെടുത്തുമ്പോൾ അപ്പീലുകൾ വർദ്ധിക്കാനുള്ള സാധ്യതയുണ്ട്. അപ്പീൽ

കുറയ്ക്കാനുള്ള ഇടപെടലാണ് വേണ്ടത്. കൊല്ലത്ത് ഗംഭീരമായാണ് സ്കൂൾ കലോത്സവം നടത്തിയത്. കൊല്ലം കണ്ടവന് ഇല്ലംവേണ്ട എന്നുപറഞ്ഞിട്ട് അവിടെ അധികം ആളുകൾ നിന്നോ എന്നൊരു സംശയമുണ്ട്. പരിപാടി കഴിഞ്ഞപ്പോൾ എല്ലാവരും പോയി. അടുത്ത തവണ മാന്വൽ പരിഷ്കരിക്കുന്ന സന്ദർഭത്തിൽ ഗോത്രകലകളെ ഉൾപ്പെടുത്താൻ തീരുമാനിച്ചതിന്റെ ആദ്യഘട്ടമെന്ന നിലയിലാണ് ഈ വർഷത്തെ കലോത്സവത്തിന്റെ ഉദ്ഘാടനത്തിന് ഗോത്രകല അവതരിപ്പിച്ചത്. അതുകൊണ്ട് നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇടപെടൽ നടത്താൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഒരു ആരോപണവും ആക്ഷേപവുമില്ലാതെ കുറ്റമറ്റ രൂപത്തിൽ ഏഷ്യയിലെതന്നെ ഏറ്റവും വലിയ കലോത്സവമായ സംസ്ഥാന സ്കൂൾ കലോത്സവം നടത്തിയ വിദ്യാഭ്യാസ വകുപ്പിനെയും അതിന് പിന്തുണയർപ്പിച്ച കൊല്ലം ജില്ലയിലെ എല്ലാ ജനപ്രതിനിധികളെയും ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുകയാണ്. കണ്ണൂർ ജില്ലയാണ് കലോത്സവത്തിന്റെ വിജയികളായി കപ്പ് കൊണ്ടുപോയത്.

അതിന്റെ വിഷമം പാലക്കാട്ടുകാർക്കുണ്ടെങ്കിലും "Bloody Kannur" എന്ന് ആക്ഷേപിച്ച കേരളത്തിലെ ഗവർണർക്കുള്ള ചുട്ട മറുപടിയായി ആ കലാകാരന്മാർ കപ്പ് കൊണ്ടുപോയതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. മറ്റ് ജില്ലകളിലെ ചില കലാരൂപങ്ങൾ കലോത്സവത്തിന് ഉൾപ്പെടുത്തിയതുപോലെ പാലക്കാടിന്റെ തനത് കലാരൂപമായ പൊറാട്ട് കളി, കണ്യാർകളി, ആര്യമാലക്കളി, കതിരുകളി എന്നിവകൂടി കലോത്സവത്തിൽ ഉൾപ്പെടുത്താൻ സാധിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പാലക്കാട് ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട കലാരൂപമാണ് പൊറാട്ട് നാടകം. തൃശ്ശൂർ ജില്ല പാലക്കാടിനടുത്താണ്. ഞങ്ങൾ പൊറാട്ട് കളിയെന്നല്ല, പൊറാട്ട് നാടകമെന്നാണ് പറയുന്നത്. പൊറാട്ട് നാടകം ഒരു പ്രത്യേക കലാരൂപമാണ്; കുറച്ച് പ്രശ്നമുള്ളതാണ്. അത് സ്കൂൾ കലോത്സവത്തിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്.

**പട്ടയ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേക കർമ്മപദ്ധതി**

3 (*93) ശ്രീ. പ്രമോദ് നാരായൺ:

ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മലയോര മേഖലയിലടക്കം വിവിധ മേഖലകളിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(ബി) പട്ടയ പ്രശ്നങ്ങൾ കൂടുതലായുള്ള ജില്ലകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കി മുഴുവൻ പട്ടയവും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) പട്ടയങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, (എ&ബി) "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് " എന്ന മുദ്രാവാക്യത്തോടെ കേരളത്തിലെ റവന്യൂ വകുപ്പിൽ നടപ്പിലാക്കപ്പെട്ട ഏറ്റവും ശ്രദ്ധേയമായ പദ്ധതികളിലൊന്നാണ് പട്ടയം ഡാഷ് ബോർഡ്. കേരള

ചരിത്രത്തിൽ ആദ്യമായി പട്ടയം ഡാഷ് ബോർഡ് രൂപീകരിക്കപ്പെട്ടതിനുശേഷം എം.എൽ.എ.-മാർ അദ്ധ്യക്ഷൻമാരായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് ഉൾപ്പെടെ പങ്കാളികളാകാൻ കഴിയും വിധത്തിലുള്ള പട്ടയ അസംബ്ലിയിലും കേരളത്തിൽ ആരംഭിക്കപ്പെട്ട വില്ലേജുതല ജനകീയ സഭകളിലും പട്ടയം നൽകാനുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കുന്നുണ്ട്. രണ്ട് വർഷക്കാലത്തിനിടയിൽ ഈ സർക്കാർ 1,21,604 പട്ടയങ്ങൾ നൽകിയതിനുപുറമെ കേരളത്തിൽ 28,280 പട്ടയങ്ങൾക്കൂടി ഇപ്പോൾ വിതരണത്തിനായി തയ്യാറായിരിക്കുകയാണ്. രണ്ടര വർഷക്കാലത്തിനിടയിൽ ഒന്നര ലക്ഷം പട്ടയങ്ങൾ നൽകാൻ ഈ ഗവൺമെന്റിന് സാധിച്ചുവെന്ന സന്തോഷത്തോടെ പട്ടയമിഷൻ കേരളത്തിലെ ശ്രദ്ധേയമായൊരു പദ്ധതിയായി മുന്നോട്ടുപോകുകയാണ്.

"എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന കേരളത്തിലെ റവന്യൂ വകുപ്പ്, സംസ്ഥാനത്തെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഏറ്റവും

പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ്മ പദ്ധതിയാണ് പട്ടയ മിഷൻ. മലയോര മേഖല, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, വിവിധ കോളനികളിൽ താമസിക്കുന്നവർ എന്നിവർക്ക് അടിയന്തര പ്രാധാന്യത്തോടെ പട്ടയം നൽകുന്നതിനായി 19-04-2023-ലെ സ.ഉ.(കൈ) നം.87/2023/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (അനുബന്ധമായി ചേർത്തിട്ടുണ്ട്.+) പട്ടയം മിഷൻ രൂപീകരിച്ചിട്ടുണ്ട്. റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാന നിരീക്ഷണ സമിതി, ലാൻഡ് റവന്യൂ കമ്മീഷണർ അദ്ധ്യക്ഷനായ സംസ്ഥാന ദൗത്യ സംഘം, ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ ദൗത്യ സംഘം, തഹസിൽദാർ അധ്യക്ഷനായ താലൂക്ക് ദൗത്യ സംഘം, വില്ലേജ് ഓഫീസർ കൺവീനറായ വില്ലേജുതല വിവര ശേഖരണ സമിതി എന്നിവ അടങ്ങിയതാണ് പട്ടയ മിഷന്റെ ഘടന. പട്ടയ പ്രശ്നങ്ങൾ നിയോജകമണ്ഡല അടിസ്ഥാനത്തിൽ കണ്ടെത്തി പരിഹരിക്കുന്നതിനാണ് പട്ടയ അസംബ്ലികൾ നടത്തുന്നത്. തഹസിൽദാരിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ എല്ലാ മണ്ഡലങ്ങളുടെയും നോഡൽ ഓഫീസർമാരായി നിയമിക്കുകയും അതത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയോജകമണ്ഡലത്തിലെ എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ജനപ്രതിനിധികളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി പട്ടയ അസംബ്ലി കൂടാൻ ജില്ലകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലെയും പട്ടയ അസംബ്ലി കൂടി പട്ടയ വിഷയങ്ങൾ ഡാഷ് ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അർഹരായ മുഴുവൻ ഭൂരഹിതർക്കും സമയബന്ധിതമായി പട്ടയ വിതരണത്തിനുള്ള തുടർനടപടികൾ കൈക്കൊള്ളുവാൻ താലൂക്ക് തലത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ പട്ടയമിഷൻ സെൽ ഇതിന്റെ പുരോഗതി വിലയിരുത്തുന്നുണ്ട്.

നിയമപ്രകാരം പട്ടയം നൽകുന്നതിന് തടസ്സങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലിന്റെ (പട്ടയം ഡാഷ് ബോർഡ്) പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രിൻസിപ്പൽ

സെക്രട്ടറി, ലാന്റ് റവന്യൂ കമ്മീഷണർ എന്നിവർ പങ്കെടുത്ത പട്ടയം ഡാഷ് ബോർഡ് അദാലത്തുകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ചശേഷം ആയത് പരിഹരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. അതോടൊപ്പം എല്ലാ ആഴ്ചയിലും റവന്യൂ മന്ത്രിയുടെ അധ്യക്ഷതയിൽ ചേരുന്ന റവന്യൂ സെക്രട്ടേറിയറ്റിൽ പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നു.

വനഭൂമി പട്ടയവുമായി ബന്ധപ്പെട്ട് 1993-ലെ കേരള ഭൂമി പതിവ് (01-01-1977-നുമുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരം സംയുക്ത പരിശോധനയും സർവ്വെ നടപടികളും പൂർത്തീകരിച്ച് സ്കെച്ച് തയ്യാറാക്കി പട്ടയം അനുവദിക്കുന്നതിന് അർഹരായവരുടെ വിവരങ്ങൾ പരിവേഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുകയും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 121604 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. 2024 ജനുവരി മാസത്തിൽ എല്ലാ

ജില്ലകൾക്കും പട്ടയം വിതരണം നടത്തുന്നതിന് ടാർഗറ്റ് നൽകുകയും അതുപ്രകാരം 28,280-ഓളം പട്ടയങ്ങൾ (ലാൻഡ് ട്രൈബ്യൂണൽ ഉൾപ്പെടെ) നൽകാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് നാളിതുവരെ അനുവദിച്ചിട്ടുള്ള പട്ടയങ്ങൾ ജില്ലാ താലൂക്ക് കേന്ദ്രങ്ങളിൽനിന്നും സ്കാൻ ചെയ്ത് റവന്യൂ വകുപ്പിന്റെ എൽ.ആർ.ഡി. പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്ന നടപടി പുരോഗമിച്ചുവരുന്നു. അനുവദിച്ചിട്ടുള്ള പട്ടയങ്ങളിൽ 25,712 പട്ടയങ്ങളുടെ വിവരങ്ങൾ നിലവിൽ പ്രസ്തുത പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൽ പട്ടയങ്ങൾ സ്കാൻ ചെയ്ത് ഉൾപ്പെടുത്തുന്ന പ്രവൃത്തി തുടർന്നുകൊണ്ടിരിക്കുന്നു. ഭാവിയിൽ നൽകുന്ന പട്ടയങ്ങൾ ഇ-ഫയൽ മുഖേന കൈകാര്യം ചെയ്യാനും പട്ടയ പകർപ്പ് അതത് ഇ-ഫയലിലും LRD പോർട്ടലിലും സ്കാൻ ചെയ്ത് സൂക്ഷിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. 2023 വർഷം മുതൽ ലാൻഡ് ട്രൈബ്യൂണലുകൾ മുഖേന നൽകുന്ന പട്ടയങ്ങൾ ഡിജിറ്റലായി നൽകി വരുന്നുണ്ട്.

ശ്രീ. പ്രമോദ് നാരായൺ: സർ, കേരളത്തിന്റെ ഭരണനിർവ്വഹണ ചരിത്രത്തിൽ ആദ്യത്തേത് എന്ന് വിശേഷിപ്പിക്കാവുന്ന പട്ടയ അസംബ്ലി ഉൾപ്പെടെയുള്ള ഉദ്യമങ്ങൾക്ക് രൂപംനൽകിയ ഈ സർക്കാരിനെയും ഇക്കാര്യത്തിൽ ആത്മാർത്ഥമായി പരിശ്രമിക്കുന്ന റവന്യൂ വകുപ്പുമന്ത്രിയെയും ആദരവോടെ അഭിനന്ദിക്കുകയാണ്. പെരുമ്പട്ടി, പൊന്തൻപുഴ മേഖലകളിലെ ഒരിഞ്ച് വനഭൂമി പോലും കൈയേറാത്ത 512 കുടുംബങ്ങളുടെ പട്ടയത്തിനായുള്ള 64 വർഷത്തെ കാത്തിരിപ്പും ജനകീയ പ്രക്ഷോഭവും പരിഹരിക്കാൻ സർക്കാർ നിരന്തരം പരിശ്രമിക്കുന്നുണ്ട്. ഇക്കാര്യത്തിലുള്ള തുടർനടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. രാജൻ: സർ, പെരുമ്പട്ടി വില്ലേജിലെ വനഭൂമിയുടെ ജണ്ടയ്ക്ക് പുറത്ത് താമസിക്കുന്നവർക്ക് പട്ടയം നൽകാൻ കഴിയാത്ത അവസ്ഥ സംജാതമായിട്ടുണ്ട്. ഞങ്ങളോടൊപ്പംനിന്ന് ഗൗരവമായി ഇടപെടുന്നതുകൊണ്ട് ബഹുമാനപ്പെട്ട അംഗത്തിന് ഇക്കാര്യങ്ങളെക്കുറിച്ച് അറിയാവുന്നതാണ്. നോട്ടിഫൈഡ് ഏരിയയ്ക്ക് പുറത്താണ് ജനങ്ങൾ താമസിക്കുന്നതെന്ന് പറയാറുണ്ടെങ്കിലും രേഖകളിൽ റിസർവ് എന്ന്

ചേർത്തിട്ടുണ്ട്. അതുകൊണ്ടാണ് 1964-ലെ ചട്ടപ്രകാരം പട്ടയം നൽകാൻ സാധിക്കാത്തത്. പക്ഷേ, 1771 ഏക്കർ മാത്രമുള്ള വലിയകാവ് റിസർവിൽ നിലവിൽ 2141 ഏക്കർ ഭൂമി 'വനം' എന്നാണ് വകുപ്പ് രേഖപ്പെടുത്തിയിരിക്കുന്നത്. പക്ഷേ വകുപ്പുതന്നെ പറയുന്നത്, ഇത്രയും വനം കൈവശമില്ല എന്നാണ്. പെരുമ്പട്ടി വില്ലേജിലെ നിലവിലെ കൈവശക്കാർ യഥാർത്ഥ വനഭൂമിക്ക് പുറത്താണ് താമസിക്കുന്നത് എന്നാണ് റവന്യൂ വകുപ്പ് കണക്കാക്കിയിരിക്കുന്നത്. ഇതിനാൽ സ്ഥലം അളന്ന് തിട്ടപ്പെടുത്തി വനഭൂമി വേർതിരിച്ചാൽ മാത്രമെ വേഗതയിൽ നടപടികളുമായി മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂ. കോഴിക്കോട് മിനി സർവ്വെ ടീമിന്റെ സഹായത്തോടെ സർവ്വെ നടപടികൾ നേരത്തെ ആരംഭിച്ചെങ്കിലും റിസർവ് ഫോറസ്റ്റിന്റെ സർവ്വെ സ്കെച്ച് ലഭ്യമല്ലാത്തതിനാൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിച്ചില്ല. പെരുമ്പട്ടി ഉൾപ്പെടുന്ന പൊന്തൻപുഴ വനവുമായി ബന്ധപ്പെട്ട് ബഹു. സുപ്രീംകോടതി മുമ്പാകെയുള്ള കേസിൽ സ്റ്റാറ്റസ്-കോ നിലനിൽക്കുന്നുണ്ട് എന്നത് യാഥാർത്ഥ്യമാണ്. പക്ഷേ, പെരുമ്പട്ടിയിലെ പ്രശ്നം പരിഹരിക്കുന്നതിനായി വലിയകാവ് വനം ഉൾപ്പെടുന്ന പെരുമ്പട്ടി,

അങ്ങാടി, ചേത്തക്കൽ വില്ലേജുകളുടെ ഡിജിറ്റൽ റീ-സർവ്വെ നടത്തുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പരിഹാരമാർഗ്ഗം. അതുകൊണ്ട് ഡിജിൽ റീ-സർവ്വെ പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഈ മൂന്ന് വില്ലേജുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി റവന്യൂ, വനം ഭൂമികൾ കൃത്യമായി കണക്കാക്കാൻ സാധിക്കുന്നതാണ്. ബഹു. സുപ്രീംകോടതിയുടെ സ്റ്റാറ്റസ്-കോ ഉത്തരവ് വലിയകാവ് വനത്തിൽ യഥാർത്ഥത്തിലുള്ള 1771 ഏക്കർ റിസർവ്വിന് മാത്രമാണ് ബാധകമായിട്ടുള്ളത് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ടി ഭൂമിയുടെ സർവ്വെ നടത്തിയാൽ അതിന് പുറത്തുള്ള റവന്യൂഭൂമി കണ്ടെത്തി പട്ടയം നൽകാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇക്കാര്യത്തിൽ വളരെ പോസിറ്റീവായിട്ടാണ് റവന്യൂ വകുപ്പ് ഇടപെടൽ നടത്തിയിരിക്കുന്നത്. ടി പ്രശ്നം ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ പരിഹരിച്ച് മുന്നോട്ടുപോകാൻ സാധിക്കുമെന്നാണ് കരുതുന്നത്. റവന്യൂ സെക്രട്ടേറിയറ്റിൽ ഒരു പ്രധാന ഇനമായി അങ്ങയുടെകൂടി അഭ്യർത്ഥനപ്രകാരം അത് ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. പ്രമോദ് നാരായൺ: സർ, 1951-ൽ തിരു-കൊച്ചി സർക്കാർ കൈമാറിയ വെച്ചൂച്ചിറയിലെ 1500 ഏക്കർ ഭൂമിക്ക് പട്ടയം ലഭ്യമാക്കാൻ സർവ്വെ ടീമിനെ നിയോഗിച്ചുവെന്നത് ശ്രദ്ധേയമാണ്. എന്നാൽ റാന്നിയുടെ കിഴക്കൻ മലയോര മേഖലയിൽ ആദിവാസി സങ്കേതങ്ങൾ ഉൾപ്പെടെ 1977-ന് മുമ്പ് ഉണ്ടായ വനഭൂമി കൈയേറ്റം ക്രമപ്പെടുത്താൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിശോധന പൂർത്തിയാക്കിയെങ്കിലും ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്മേലുള്ള സമ്മർദ്ദം തുടരാനും ഒപ്പം, നിയമാനുസൃതമായി പട്ടികവർഗ്ഗക്കാരിൽനിന്നും കൈമാറി എന്നതുകൊണ്ട് പട്ടയം ലഭ്യമാക്കാൻ കഴിയാത്തതുകൊണ്ടുള്ള സങ്കീർണ്ണമായ നിയമപ്രശ്നങ്ങൾ പരിഹരിക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, വനഭൂമി വിതരണവുമായി ബന്ധപ്പെട്ട ചട്ടം വളരെ പ്രത്യേകതയുള്ളതാണ്. 1977-ന് മുമ്പ് ഭൂമിയിൽ കുടിയേറിയവർക്ക് പട്ടയം നൽകാൻ 1960-ലെ ഭൂപതിവ് നിയമത്തിന്റെ ഭാഗമായി ചട്ടം രൂപീകരിച്ചത് 1993-ലാണ്. ഇക്കാര്യങ്ങൾക്കായി മുൻകാലങ്ങളിൽ ഒരു അപേക്ഷ സമർപ്പിച്ചശേഷം കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചാൽ

മതിയായിരുന്നു. എന്നാൽ പുതിയ സാഹചര്യമനുസരിച്ച്, പ്രത്യേകമായി സർവ്വെ നടത്തി ടോപ്പോ ഷീറ്റിൽ രേഖപ്പെടുത്തുകയും പരിവേഷ് പോർട്ടലിൽ എന്റർ ചെയ്യുകയും ചെയ്തശേഷം 1993-ലെ ചട്ടപ്രകാരം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ പുറത്തിറക്കിയ നിർദ്ദേശപ്രകാരം 'A district as a unit' എന്ന വിധത്തിൽ ഒരുമിച്ച് എന്റർ ചെയ്യണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. എന്തായാലും കേരളത്തിന് അനുമതി ലഭ്യമായ 4327.455 ഹെക്ടർ ഭൂമി 11486 പേർക്കായി ഇതിനോടകം വീതിച്ചുനൽകിയിട്ടുണ്ട്. പുതിയതായി 2499 ഹെക്ടറുമായി ബന്ധപ്പെട്ട 8430 അപേക്ഷകൾ പരിവേഷ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ 1969 ഹെക്ടർ ഭൂമി 6418 പേർക്കായി കൊടുക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് വനംവകുപ്പിന്റെ എൻ.ഒ.സി.-യോടുകൂടിയുള്ള അപേക്ഷകൾ ഇതിനോടകം പരിവേഷ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനും ഞാനും ചേർന്ന് ഈ മാസം 7-ാം തീയതി കേന്ദ്ര വനം വകുപ്പുമന്ത്രിയുമായി ഇക്കാര്യം സംബന്ധിച്ച് തുടർചർച്ച നടത്തുന്നുണ്ട്.

ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയും റവന്യൂ വകുപ്പും തുടർച്ചയായി ഇക്കാര്യത്തിൽ ശ്രദ്ധിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം ലഭിച്ചാൽ ഏത്രയുംവേഗം ഇത് കൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, മണിമല പഞ്ചായത്തിലെ മണിമല വില്ലേജിലെ ആലപ്ര, പൊന്തൻപുഴ മേഖലയിലെ 668 കുടുംബങ്ങൾ 120 വർഷത്തോളം പഴക്കമുള്ള താമസക്കാരാണ്. നിലവിൽ സുപ്രീംകോടതി മുമ്പാകെ എസ്.എൽ.പി. നിലനിൽക്കുന്നുണ്ടെന്ന കാരണത്താലും ടി പ്രദേശം വനമാണെന്ന് റവന്യൂ റിക്കാർഡിൽ രേഖപ്പെടുത്തിയിട്ടുള്ളതിനാലുമാണ് അവിടെ വർഷങ്ങളായി താമസിക്കുന്നവർക്ക് പട്ടയം ലഭിക്കാത്ത സാഹചര്യമുണ്ടായതെന്നാണ് മനസ്സിലാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് റവന്യൂ, വനം വകുപ്പുകൾ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയിട്ടുണ്ടെങ്കിലും തുടർനടപടികളുമായി മുന്നോട്ടുപോകാൻ സാധിച്ചില്ല. എയ്ഞ്ചൽ വാലിയിൽ പട്ടയം നൽകാൻ വനം വകുപ്പ് മുഖേന കേന്ദ്ര സർക്കാരിൽനിന്നും അനുമതി ലഭിച്ചതുപോലെ ഈ ജണ്ടയ്ക്ക് പുറത്ത് താമസിക്കുന്നവർക്ക് പട്ടയം

ലഭ്യമാക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അനുകൂലമായ നടപടി സ്വീകരിക്കുമോ? ഈ പ്രദേശത്തെ ഭൂരിപക്ഷം താമസക്കാരും കണ്ടൻ കുമാരന്റെയും അയ്യങ്കാളിയുടെയുമൊക്കെ തലമുറയിൽപ്പെട്ടവരാണ്. അവർ വർഷങ്ങളായി നേരിടുന്ന ഈ പ്രശ്നം പരിഹരിക്കണം.

<u>ശ്രീ. കെ. രാജൻ:</u> സർ, ആദിവാസികളെയും പട്ടികവർഗ്ഗ മേഖലയിൽപ്പെടുന്നവരെയും ഭൂമിയുടെ ഉടമസ്ഥരാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള വലിയ പ്രവർത്തനങ്ങൾക്കാണ് റവന്യൂ വകുപ്പും പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പും നേതൃത്വം നൽകുന്നത്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൃത്യമായ കണക്കുകൾ ഈ സഭയുടെ മുമ്പാകെ വച്ചുകൊണ്ട് ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ ആലപ്ര-പൊന്തൻപുഴ പ്രദേശത്തെ പട്ടയ പ്രശ്നം എയ്ഞ്ചൽവാലിയിൽനിന്നും തികച്ചും വ്യത്യസ്തമാണ്. "Grow More Food"-നുവേണ്ടി നേരത്തെ കേന്ദ്രഗവൺമെന്റ് അനുവദിച്ച വനേതര ആവശ്യങ്ങൾക്ക് വിട്ടുനൽകിയ ഭൂമി വീണ്ടും നൽകുന്നതുമായി ബന്ധപ്പെട്ടാണ് എയ്ഞ്ചൽവാലിയിലെ പ്രശ്നം. അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. നൂറ് വർഷം മുമ്പ് വനമായി

നോട്ടിഫൈ ചെയ്ത പ്രദേശമാണ് ആലപ്ര-പൊന്തൻപുഴ പ്രദേശമെന്ന് ഒരുകൂട്ടം ആളുകൾ പ്രഖ്യാപിക്കുന്നുണ്ട്. എന്നാൽ ടി ഭൂമി വനഭൂമിയായി നോട്ടിഫൈ ചെയ്യുന്നതിനുമുമ്പ് മഹാരാജാവ് നീട്ട് നൽകിയ; അതായത് നെയ്തല്ലൂർ കോവിലകത്തിന് റോയൽ ഗ്രാൻഡ്സ് പ്രകാരം നീട്ട് നൽകിയ ഭൂമിയാണെന്നും അതിനാൽ നോട്ടിഫിക്കേഷൻ നിലനിൽക്കില്ലെന്നും കാണിച്ചുകൊണ്ട് കോവിലകത്തുള്ളവർ കോടതിയെ സമീപിക്കുകയും അവിടെനിന്നുള്ള തീരുമാനം ഏതാണ്ട് അവർക്ക് അനുകൂലമായി വരികയും ചെയ്തു. ആ ഘട്ടത്തിൽ വനം വകുപ്പ് MFA 1/81 ആയി ഹൈക്കോടതിയിൽ അപ്പീൽ കൊടുക്കുകയും ചെയ്തു. ഇതുപ്രകാരം 10-01-2018-ൽ ഹൈക്കോടതി വിധി പ്രഖ്യാപിച്ചതനുസരിച്ച് ആലപ്ര-വലിയകാവ് പ്രദേശങ്ങളിൽ റിസർവായി പ്രഖ്യാപിച്ച നോട്ടിഫിക്കേഷൻ റദ്ദാക്കുന്ന സമീപനമുണ്ടായി. ഇതുമായി ബന്ധപ്പെട്ട കോടതി വിധിയിൽ പറയുന്നത്, ഈ ഭൂമി കോവിലകത്തിനോ പിൻഗാമികൾക്കോ അവകാശപ്പെടാം എന്നല്ല; മറിച്ച് ഇത് 1971-ലെ The Kerala Private Forests (Vesting and Assignment) Act പ്രകാരം സർക്കാരിൽ നിക്ഷിപ്തമാകുമെന്നാണ്. ഈ വിധിക്കെതിരെ

ഇപ്പോൾ വനം വകുപ്പിന്റെ അപ്പീൽ നിലനിൽക്കുന്നുണ്ട്; അതുകൊണ്ടാണ് Status quo പ്രഖ്യാപിച്ചത്. Status quo പ്രഖ്യാപിച്ച സാഹചര്യത്തിൽ പട്ടയ നടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കില്ല. കോടതി വിധി കോവിലകത്തിന് അനുകൂലമായാൽ 1971-ലെ The Kerala Private Forests (Vesting and Assignment) Act പ്രകാരം സർക്കാരിന് നിക്ഷിപ്തമായത് സർക്കാരിനുതന്നെ കൊടുക്കാം; ഇത് വനം വകുപ്പിനാണ് കൈമാറുന്നതെങ്കിൽ ടി വകുപ്പുമായി കൂടിയാലോചിച്ച്, നേരത്തേ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയതുകൊണ്ടും അവരുടെ NOC സാദ്ധ്യമായതുകൊണ്ടും നമുക്ക് 1993-ലെ ചട്ടമനുസരിച്ച് കേന്ദ്ര ഗവൺമെന്റിനെ സമീപിക്കാൻ സാധിക്കും. തീരുമാനം എന്തുതന്നെയായാലും, ആ പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയം കൊടുക്കണമെന്ന പൊതുനിലപാടാണ് ഗവൺമെന്റിനുള്ളത്. ആ നിലപാടിന് സഹായകരമാകുന്ന വിധത്തിൽ എന്ത് നടപടിയെടുത്താലും കോടതിയിലെ സ്റ്റേ വെക്കേറ്റ് ചെയ്താൽ സർക്കാരിന് തുടർനടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കും.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> സർ, 75 വർഷത്തിലധികമായി പട്ടയം ലഭിക്കാതിരുന്ന എന്റെ നിയോജകമണ്ഡലത്തിലെ എയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളിലടക്കം പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ച മന്ത്രിയെയും വകുപ്പിനെയും പ്രത്യേകം അഭിനന്ദിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിൽ എരുമേലി തെക്ക്, വടക്ക്, കോരുത്തോട്, മുണ്ടക്കയം, കൂവപ്പള്ളി, ഇടക്കുന്നം എന്നീ വില്ലേജുകളിലായി നിലവിൽ ഏഴായിരത്തിലധികം പട്ടയ അപേക്ഷകൾ പെൻഡിംഗ് ആണ്. അതിൽ ഭൂരിപക്ഷവും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടേതാണ്. ടി പട്ടയ അപേക്ഷകൾക്കുകൂടി തീർപ്പുകൽപ്പിച്ച് പട്ടയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; അതിലേയ്ക്കായി ഒരു സ്പെഷ്യൽ ഓഫീസ് ആരംഭിക്കുന്നതിനുള്ള തീരുമാനമുണ്ടാകുമോ?

<u>ശ്രീ. കെ. രാജൻ:</u> സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി തെക്ക് പ്രദേശത്ത് "Grow More Food" പ്രകാരം വനേതര ആവശ്യങ്ങൾക്കായി ഉപയോഗിച്ച 502 ഹെക്ടർ ഭൂമിയിൽ നേരത്തെ പട്ടയം വിതരണം ചെയ്യാൻ കഴിഞ്ഞെങ്കിലും ജില്ല

അതിർത്തി ഫിക്സ് ചെയ്യാത്തതുകൊണ്ട് ReLIS-ൽ കരമടയ്ക്കാത്ത പ്രശ്നം ദീർഘകാലമായി നിലനിന്നിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിക്കുകയും ഈ ഗവൺമെന്റ് വന്നതിനുശേഷം പ്രത്യേക സർവ്വേ ടീമിനെ ഉപയോഗിച്ചുകൊണ്ട്, പ്രത്യേകിച്ച് വില്ലേജ് bifurcate ചെയ്ത് അവിടെ അതിർത്തികൾ കൃത്യമായി പുനർനിർണ്ണയിക്കുകയും ചെയ്തതുകൊണ്ട് ആ പ്രശ്നം ഏതാണ്ട് പരിഹരിക്കപ്പെട്ടു. കൊല്ലമുള വില്ലേജ് ഉൾപ്പെടെ നമ്മൾ അതിർത്തി നിശ്ചയിച്ചതുമൂലം 400 പട്ടയങ്ങൾ വിതരണം ചെയ്യുകയും 800 പേരുടെ പട്ടയങ്ങൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. Hill men settlement-ഉം ആയി ബന്ധപ്പെട്ട പ്രശ്നമാണ് കാഞ്ഞിരപ്പള്ളി താലൂക്കിലെ കോരുത്തോട്, എരുമേലി തെക്ക് പ്രദേശങ്ങളിൽ നിലനിൽക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വളരെ ഗൗരവത്തോടെ ഈ പ്രശ്നത്തെ റവന്യൂ വകുപ്പ് അഭിസംബോധന ചെയ്യുകയും അതനുസരിച്ച് 2020/2020 നമ്പരായി ഒരു ഗവൺമെന്റ് ഉത്തരവ് പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്തുള്ള റവന്യൂ രേഖകളിൽ നിലം-തരിശ് പുരയിടം എന്ന് രേഖപ്പെടുത്തിയ ഭൂമി ഒരേക്കർവരെ 1964-ലെ ചട്ടമനുസരിച്ച്

പതിച്ചുകൊടുക്കാമെന്ന തീരുമാനം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായി. ആ തീരുമാനം പിന്നീട് ചില ക്ലാരിഫിക്കേഷനുകൾക്ക് വിധേയമായിട്ടുണ്ട്. ചിലയിടങ്ങളിൽ ഉടമസ്ഥന്റെ പേര് സർക്കാർ എന്ന് രേഖപ്പെടുത്തുമ്പോഴും അതിന്റെ റിമാർക്ക്സിൽ റിസർവ് അല്ലെങ്കിൽ വനം എന്ന് തെറ്റായി രേഖപ്പെടുത്തുകയുണ്ടായി. ഈ സാഹചര്യത്തിൽ 2020/2020 എന്ന സർക്കാർ ഉത്തരവ് പുനഃപരിശോധിക്കുകയും 3966/2023 എന്ന പുതിയ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും അതിൽ റിസർവ് വനമെന്ന് രേഖപ്പെടുത്തിയാൽപ്പോലും കൊടുക്കാമെന്ന നിലപാടെടുക്കുകയും ചെയ്തിട്ടുണ്ട്. അക്കാര്യത്തിൽ ഏറ്റവും ഗൗരവമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചത്. ബഹുമാനപ്പെട്ട അംഗം ഏകദേശം ഏഴായിരം പേരുടെ പട്ടയ അപേക്ഷകളെക്കുറിച്ചാണ് ഉന്നയിച്ചത്. എന്നാൽ ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് പതിനായിരം പേരെങ്കിലും ഇതിന്റെ ഗുണഭോക്താക്കളായി വരുമെന്നാണ്. നമുക്ക് ഇത്രയും പേർക്ക് പട്ടയം കൊടുക്കണമെന്നുള്ളതുകൊണ്ടുതന്നെ പ്രത്യേക ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുകയും എത്രയുംവേഗം അത് കൊടുക്കുന്നതിനുള്ള നടപടി

സ്വീകരിക്കുകയും ചെയ്യാമെന്ന് ബഹുമാനപ്പെട്ട അംഗത്തിന് ഉറപ്പ് നൽകുകയാണ്.

ശ്രീ. ജോബ് മൈക്കിൾ: സർ, പട്ടയ വിഷയത്തിൽ വളരെ ഫലപ്രദമായി കാര്യങ്ങൾ ചെയ്യുന്ന വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിൽ അമ്പതിലേറെ വർഷമായി താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനായി പല പ്രാവശ്യം അപേക്ഷ നൽകിയിട്ടുള്ളതാണ്. 670 കോടി രൂപ മുടക്കി ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന്റെ 90 ശതമാനം പ്രവൃത്തിയും പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ആ റോഡിന്റെ വശങ്ങളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് അടിയന്തര നടപടിയുണ്ടാകുമോ; കുറിച്ചി പഞ്ചായത്തിലെ എണ്ണക്കാച്ചിറ, തൃക്കൊടിത്താനം, വാഴപ്പിള്ളി, പായിപ്പാട് എന്നീ പഞ്ചായത്തുകളിലെയും ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലെയും നിലവിൽ ആപ്ലിക്കേഷൻ നൽകിയവർക്ക് അടിയന്തരമായി പട്ടയം നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, റവന്യൂ വകുപ്പിന്റെ ഭൂമിയല്ലാതെ റവന്യൂ വകുപ്പിൽനിന്ന് നേരത്തെ ലഭ്യമാക്കിയതും റോഡ് പുറമ്പോക്ക്, പൊതുമരാമത്ത് വകുപ്പിന്റെ പുറമ്പോക്ക് എന്നിവയും 1994-ലെ പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരമുള്ള കുളം പുറമ്പോക്ക്, ശ്മശാനങ്ങൾ, കന്നുകാലി മേച്ചിൽപുറങ്ങൾ എന്നിവയ്ക്കായി മാറ്റപ്പെട്ട സ്ഥലങ്ങളും ബന്ധപ്പെട്ട വകുപ്പുകളുടെ അനുവാദത്തോടുകൂടി മാത്രമെ പതിച്ചു കൊടുക്കാൻ നിയമം അനുവദിക്കുന്നുള്ളൂ. പട്ടയം ഡാഷ് ബോർഡിൽ ഏറ്റവും ഉപരിഘടകമായി തീരുമാനിച്ചിട്ടുള്ളത് ചീഫ് സെക്രട്ടറി ചെയർമാനായി എല്ലാ വകുപ്പുകളിലെയും പ്രിൻസിപ്പൽ സെക്രട്ടറിമാർ അംഗങ്ങളായുള്ള ഒരു സംസ്ഥാനതല നിരീക്ഷണ സമിതിയെയാണ്. അക്കാര്യത്തിൽ ആദ്യം ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ബന്ധപ്പെടുകയും കുളം പുറമ്പോക്ക്, പുഴ പുറമ്പോക്ക്, ശ്മശാനങ്ങൾ, മേച്ചിൽപുറങ്ങൾ, കളിസ്ഥലങ്ങൾ തുടങ്ങി പഞ്ചായത്തിൽ വെസ്റ്റ് ചെയ്യപ്പെട്ട അഥവാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വെസ്റ്റ് ചെയ്യപ്പെട്ട ഭൂമി അവരുടെ അനുവാദത്തോടെ കൊടുക്കാനുള്ള നടപടി വേഗത്തിലാക്കാൻ നടപടി

സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ മുൻകൈയെടുത്തുകൊണ്ട് ഇതുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും യോഗം വിളിക്കാനും ആലോചിച്ചിട്ടുണ്ട്. അങ്ങനെ വരുന്നമുറയ്ക്ക് ബന്ധപ്പെട്ട വകുപ്പുകളുടെ NOC (No Objection Certificate) ലഭ്യമാക്കി റവന്യൂ വകുപ്പിലേയ്ക്ക് ഡീവെസ്റ്റ് ചെയ്ത് ടി പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ ശ്രമം നടത്തുന്നതാണ്.

ശ്രീ. കെ. പി. എ. മജീദ്: സർ, തീരദേശ ഹൈവേയിൽ താമസിക്കുന്നവർക്ക് എത്രയോ വർഷമായി സ്വന്തമായി വീടുണ്ട്; വീട് നിർമ്മിക്കാനായി അവർക്ക് പഞ്ചായത്തിൽനിന്ന് അനുവാദവും ഫണ്ടും ലഭിച്ചിട്ടുണ്ട്. പക്ഷേ, അവരുടെ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല. തീരദേശ ഹൈവേ വരുന്ന സാഹചര്യത്തിൽ പട്ടയമില്ലെന്ന കാരണത്താൽ അവർക്ക് അർഹമായ ആനുകൂല്യങ്ങളും മറ്റും ലഭിച്ചിട്ടില്ല. പരപ്പനങ്ങാടി പോലുള്ള പല പ്രദേശങ്ങളിലും താമസിക്കുന്നർക്ക് ഈ പ്രശ്നം ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ഇത്തരം സ്ഥലങ്ങളിൽ താമസിക്കുന്നവർക്കു് താൽക്കാലികമായി പട്ടയം നൽകാൻ നടപടി സ്വീകരിക്കണം. അവിടെ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് തീരദേശ ഹൈവേ വരുന്നതിന്റെ ഭാഗമായി

ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. കെ. രാജൻ: സർ, തീരദേശ പട്ടയ പ്രശ്നത്തെക്കുറിച്ച് പ്രത്യേക പരിശോധന നടത്തിയിരുന്നു. 1964-ലെ ഭൂമി പതിവ് ചട്ടപ്രകാരം ചില തടസ്സങ്ങളുണ്ടെങ്കിലും സമുദ്ര ജലനിരപ്പിൽനിന്ന് 100 അടിക്ക് മുകളിലുള്ള; അതായത് 30.480 മീറ്റർ വ്യത്യാസത്തിലുള്ള സ്ഥലങ്ങളിൽ പട്ടയം കൊടുക്കാനുള്ള പ്രത്യേക മിഷനെക്കുറിച്ച് ആലോചിച്ചിട്ടുണ്ട്. ഇതിനെല്ലാം മുൻകാലങ്ങളിൽ കൃത്യമായ സർവ്വെ ഉണ്ടായിരുന്നില്ല. ഡിജിറ്റൽ സർവ്വേയുടെ ഭാഗമായി ഒരു Cadastral survey കൂടി സംഘടിപ്പിക്കുന്നതുകൊണ്ട് പട്ടയം കൊടുക്കാൻ സാധിക്കുന്നവയുമായി ബന്ധപ്പെട്ട നിയമപരമായ പ്രശ്നങ്ങൾ വേഗതയിൽ പരിഹരിക്കാൻ കഴിയും. ഇത് പട്ടയ മിഷന്റെ ഒരു പ്രധാനപ്പെട്ട അജണ്ടയാണ്.

ശ്രീ. വാഴൂർ സോമൻ: സർ, 1960-ലെ ഭൂ പതിവ് നിയമത്തിന്റെ അനിവാര്യമായ ഭേദഗതി സഭ ഒറ്റക്കെട്ടായി പാസ്സാക്കുകയുണ്ടായി. ഇടുക്കി ജില്ലയിലെ ജനങ്ങൾക്കുവേണ്ടി ഇടതുപക്ഷ ജനാധിപത്യ മുന്നണി

സർക്കാരിനെയും അതിന് നേതൃത്വം കൊടുത്ത ബഹുമാനപ്പെട്ട മന്ത്രിയെയും ഈ സന്ദർഭത്തിൽ പ്രത്യേകം അഭിനന്ദിക്കുന്നു. ഈ ബിൽ നിയമമാക്കാൻ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഇക്കാര്യത്തിൽ ഗവർണ്ണർ സ്വീകരിച്ച നിലപാട് എന്താണ്; അതിനെന്തെങ്കിലും ന്യായങ്ങൾ പറയാനുണ്ടോ; ഇതുസംബന്ധിച്ച് അദ്ദേഹം എന്താണ് വ്യക്തമാക്കിയത്?

ശ്രീ. കെ. രാജൻ: സർ, നമ്മുടെ നിയമസഭ അങ്ങ് ഉൾപ്പെടെയുള്ളവരുടെ സാന്നിദ്ധ്യത്തിൽ വളരെ ഗൗരവതരമായി ചർച്ച ചെയ്യേണ്ട ഒരു പ്രശ്നമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഈ സഭയിലുണ്ട്. 1960-ലെ ഭൂ പതിവ് നിയമവുമായി ബന്ധപ്പെട്ട്, മലയോര മേഖലയിലെ പട്ടയം സംബന്ധിച്ച് ദീർഘകാലം പ്രയാസങ്ങൾ നിലനിന്നിരുന്നു. 2010-ൽ 1801/2010 നമ്പരായി ഒരു പൊതുതാൽപ്പര്യ ഹർജി കോടതിയിൽ ഫയൽ ചെയ്തതോടുകൂടി ആദ്യം മൂന്നാറിലെ 8 വില്ലേജുകളിലും തുടർന്ന് വിവിധ സ്ഥലങ്ങളുമായി ബന്ധപ്പെട്ടും കോടതി മുമ്പാകെ ഫയൽ ചെയ്ത എസ്.എൽ.പി. തള്ളുകയുണ്ടായി. സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും നൽകിയ ഭൂമി ഏത്

ആവശ്യത്തിനുവേണ്ടിയാണോ അനുവദിച്ചത്, അതിനുവേണ്ടി മാത്രമെ വിനിയോഗിക്കാവൂ എന്ന നിലപാടുണ്ടാകുകയും ഒരു ചെറിയ കെട്ടിട നിർമ്മാണത്തിനുപോലും റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. വേണമെന്ന നിർബന്ധം ഉണ്ടാകുകയും ചെയ്തു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ 1801/2010 കേസ് ഇപ്പോഴും അവസാനിച്ചിട്ടില്ല. ഇടുക്കി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ 1964-ലെ ഭൂപതിവ് ചട്ടപ്രകാരം അനുവദിച്ച ഭൂമിയിൽ വീടും കൃഷിയും അനുബന്ധ ആവശ്യങ്ങൾക്കുമല്ലാതെ മറ്റ് കാര്യങ്ങൾക്കൊന്നും ഉപയോഗിക്കാൻ സാധിക്കില്ല. 1993-ലെ ടി ചട്ടപ്രകാരം അനുവദിച്ച സ്ഥലങ്ങളിൽ വീടും കൃഷിയും കടയുമല്ലാതെ മറ്റൊരു കാര്യത്തിനും വിനിയോഗിക്കാൻ പാടില്ല. ഒരു ആശുപത്രിയോ ഒരു സ്കൂൾ കെട്ടിടമോ ജൽജീവൻ മിഷന്റെ ഭാഗമായുള്ള ഒരു ടാങ്കുപോലും അവിടെ സ്ഥാപിക്കാൻ അനുവാദം ലഭിക്കില്ലെന്ന സാഹചര്യമാണുണ്ടായിരുന്നത്. 2010-ലെ 1801/2010 നമ്പർ കേസ് ഗൗരവതരമായപ്പോൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലം മുതൽ ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ ആരംഭിച്ചു. എല്ലാ വിഭാഗങ്ങളിൽപ്പെട്ടവരുമായി ആലോചന നടത്തുകയും

ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ആവശ്യം ഉന്നയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 1960-ലെ ഭൂ പതിവ് നിയമത്തിൽ ഭേദഗതി കൊണ്ടുവരാൻ ക്യാബിനറ്റ് ആലോചിച്ചു. ഭരണഘടനയുടെ 167-ാം അനുച്ഛേദം പ്രകാരം ക്യാബിനറ്റ് ഒരു തീരുമാനമെടുത്താൽ പ്രത്യേകിച്ച് സംസ്ഥാനത്തിന്റെ ഭരണനിർവ്വഹണവും നിയമനിർമ്മാണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും പരിശോധിച്ചാൽ 167(a) അനുച്ഛേദ പ്രകാരം ആ നിർദ്ദേശങ്ങൾ അതത് സമയത്ത് ബഹുമാനപ്പെട്ട ഗവർണറെ അറിയിക്കാനുള്ള ഉത്തരവാദിത്വം മുഖ്യമന്ത്രിക്കുണ്ട്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഗവർണ്ണർക്ക് ഏതെങ്കിലും വിധത്തിലുള്ള സംശയങ്ങൾ ഉണ്ടായാൽ അതിനുള്ള മറുപടി കൊടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ചുമതലയുണ്ടെന്ന് 166(a), 167(a), (b) അനുച്ഛേദങ്ങളിൽ നിഷ്കർഷിക്കുന്നുണ്ട്. 167(a) അനുച്ഛേദം അനുസരിച്ച് ഈ വിവരം കൃത്യതയോടെ 7-08-2023-നുതന്നെ ഗവർണ്ണറെ അറിയിച്ചിട്ടുണ്ട്. 167(b) അനുച്ഛേദപ്രകാരം കേരളത്തിലെ മുഖ്യമന്ത്രിയോടോ ക്യാബിനറ്റിനോടോ യാതൊരു ആവശ്യങ്ങളും ചോദിച്ചിട്ടില്ല. ക്യാബിനറ്റ് ഈ ഭേദഗതി നിയമസഭ മുമ്പാകെ

അവതരിപ്പിച്ചപ്പോൾ അത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും അതിനുശേഷം നിയമസഭ മുമ്പാകെ വീണ്ടും പരിഗണിക്കുകയും വകുപ്പു തിരിച്ച് ചർച്ചചെയ്യുകയും ചെയ്തു. ഇതിന്റെ മൂന്നാം വായനയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വളരെ പോസിറ്റീവായി ഇടപെടുകയും ഈ ബില്ലിനുള്ള ഭേദഗതി നിർദ്ദേശത്തെ പ്രതിപക്ഷം പൂർണ്ണമായും അംഗീകരിക്കുന്നുവെന്നും അതിൽ ചട്ടം കൊണ്ടുവരുമ്പോൾ ഭേദഗതികൾ വേണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഐകകണ്ഠ്യേന അംഗീകരിച്ച ഈ ബിൽ കേരള നിയമസഭ ആധികാരികമായി ബഹുമാനപ്പെട്ട ഗവർണ്ണർക്ക് അയയ്ക്കുകയാണ് ചെയ്തത്. ഭരണഘടനയുടെ അനുച്ഛേദം 200 പ്രകാരം ഒരു ബിൽ ഗർണ്ണർക്ക് അയച്ചാൽ നാലു കാര്യങ്ങൾ ചെയ്യാവുന്നതാണ്. ഒന്നുകിൽ അദ്ദേഹത്തിന് ഒപ്പിട്ട് രാഷ്ട്രപതിക്ക് അയയ്ക്കാം, ഹോൾഡ് ചെയ്യാം; അല്ലെങ്കിൽ കേരള നിയമസഭയ്ക്ക് തിരിച്ചു തരാം. ഒരു ബിൽ ഗവർണ്ണർ ഹോൾഡ് ചെയ്യാനുള്ള കാലാവധിയെക്കുറിച്ച് തെലുങ്കാന ഗവൺമെന്റ് Vs ഗവർണ്ണർ എന്ന കേസ്സിൽ പറഞ്ഞിട്ടുണ്ട്. 'As early as possible' എന്നാണ് അതിനെക്കുറിച്ച്

പറഞ്ഞിരിക്കുന്നത്. എന്നാൽ കേരളത്തിന്റെ കേസ്സിൽ അങ്ങനെ ചെയ്തിട്ടില്ലെന്നു മാത്രമല്ല, കേരള നിയമസഭയ്ക്ക് അത് തിരിച്ചുനൽകിയാൽ തള്ളാനോ കൊള്ളാനോ ഉള്ള അവകാശത്തോടുകൂടി ആർട്ടിക്കൾ 200-ലെ പ്രൊവൈസോ പ്രകാരം ബഹുമാനപ്പെട്ട ഗവർണ്ണർക്ക് വീണ്ടും തിരിച്ചയച്ചാൽ അതിൽ ഒപ്പിടണമെന്നുള്ളത് മാൻഡേറ്ററിയാണ്. നിയമസഭ അംഗീകരിച്ചു കഴിഞ്ഞാൽ ഗവൺമെന്റിന് അക്കാര്യത്തിൽ യാതൊരു ഉത്തരവാദിത്വവുമില്ലെന്ന് മാത്രമല്ല, അത് നിയമസഭയുടെ പ്രോപ്പർട്ടിയായി മാറും. നിയമസഭയുടെ പ്രോപ്പർട്ടി എന്ന നിലയിൽ ഗവർണ്ണർക്ക് ഗവൺമെന്റിനോട് വിശദീകരണം ആവശ്യപ്പെടാൻ യാതൊരു പ്രൊവിഷനുമില്ലെങ്കിലും സർക്കാരിനോട് ഗവർണ്ണർ വിശദീകരണം ആവശ്യപ്പെട്ടാൽ ഒരു അക്കാഡമിക് സ്പിരിറ്റിൽ അതിന് മറുപടി പറയാൻ സർക്കാർ തയ്യാറായിരുന്നു. എന്നാൽ ഗവർണ്ണർ അതും ചോദിച്ചില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടും പ്രതിപക്ഷത്തോടും പറയാനുള്ളത്, ഇത് നമ്മൾ ഒരുമിച്ച് തീരുമാനിച്ച കാര്യമാണ് എന്നാണ്. ഈ കാലയളവിൽ യു.ഡി.എഫ്. ഇടുക്കിയിൽ രണ്ട് ഹർത്താൽ

നടത്തുകയുണ്ടായി. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവർണ്ണർ ഒപ്പിടാത്ത നടപടി ഒരു തരത്തിലും ഭരണഘടനയ്ക്ക് അനുസൃതമല്ല. ഗവൺമെന്റിന് ഇതിൽ ഒന്നും ചെയ്യാനും സാധിക്കില്ല; ബിൽ ഗവർണ്ണറുടെ മുൻപാകെ നിയമസഭ സമർപ്പിച്ചു കഴിഞ്ഞു. ബില്ലുകളിൽ ഗവർണ്ണർ ഒപ്പിടണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. സുപ്രീംകോടതിയെ സമീപിക്കാനുള്ള നടപടി കൂടി ഭരണഘടനപ്രകാരം കേരളത്തിലെ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇതാണ് ഈ വിഷയത്തെക്കുറിച്ചുള്ള യാഥാർത്ഥ്യം. ഇതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ ഭാഗത്തുനിന്നും യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ല. ബില്ല് ഒപ്പിട്ട് നിയമമായി പാസ്സാക്കിയാൽ ഏറ്റവുംവേഗം ചട്ടം തയ്യാറാക്കാനുള്ള നടപടിയുമായാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, എം.എൽ.എ.-മാരുടെ ചോദ്യങ്ങൾക്ക് അങ്ങ് നിയന്ത്രണം ഏർപ്പെടുത്താറുണ്ട്; അതുപോലെ മന്ത്രിമാരുടെ ഉത്തരങ്ങളും നിയന്ത്രിക്കേണ്ടി വരുമെന്നാണ് തോന്നുന്നത്. കാരണം ചോദ്യോത്തര സമയം ഒരു മണിക്കൂർ മാത്രമാണ്. എല്ലാ അംഗങ്ങൾക്കും

ചോദ്യങ്ങൾക്കുള്ള അവസരം നൽകണം. തീരപ്രദേശങ്ങളിൽ പ്രത്യേകിച്ച് ആലപ്പുഴ ജില്ലയിൽ മത്സ്യത്തൊഴിലാളികൾ പട്ടയം ലഭിക്കാത്തതുമൂലം വളരെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. അവർ ബഹു. ഹൈക്കോടതിയെയും ബഹു. സുപ്രീംകോടതിയെയും സമീപിച്ചതിന്റെ ഫലമായി കൈവശരേഖ നൽകാൻ ഉത്തരവ് വന്നിട്ടുമുണ്ട്. പക്ഷെ നാളിതുവരെയും പട്ടയം നൽകിയിട്ടില്ല. പട്ടയം ലഭിക്കാത്തതുകൊണ്ട് വീട് നിർമ്മിക്കാൻ കഴിയുന്നില്ലെന്ന് മാത്രമല്ല, മറ്റ് ആവശ്യങ്ങൾ നിർവ്വഹിക്കാനും സാധിക്കുന്നില്ല. എന്റെ നിയോജകമണ്ഡലമായ ആറാട്ടുപുഴ പഞ്ചായത്തടക്കമുള്ള തീരദേശ പ്രദേശങ്ങളിലെയും ആലപ്പുഴ ജില്ലയിലെ പഞ്ചായത്തുകളിലെയും മത്സ്യത്തൊഴിലാളികൾ നേരിടുന്ന പട്ടയപ്രശ്നം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, മത്സ്യത്തൊഴിലാളികളുടെ പട്ടയ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക പരിപാടി തയ്യാറാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗത്തോട് പറഞ്ഞതുപോലെ ചട്ടത്തിലെ വ്യവസ്ഥകളിലുള്ള പ്രതിസന്ധിയാണ് പട്ടയം കൊടുക്കാൻ തടസ്സമായി നിൽക്കുന്നത്. അതിനെ

മറികടക്കാൻ കഴിയുംവിധം ചട്ടത്തിൽ ഭേദഗതി വരുത്താനും അതുമായി ബന്ധപ്പെട്ട് മറ്റ് ആവശ്യങ്ങളുണ്ടെങ്കിൽ അവ പട്ടയം ഡാഷ് ബോർഡിൽ ഉൾപ്പെടുത്തി കൊടുക്കാനും സർക്കാർ സന്നദ്ധമാണെന്ന് അറിയിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, പട്ടയ വിതരണത്തിൽ റവന്യൂ വകുപ്പും റവന്യൂ മന്ത്രിയും വളരെ മാതൃകാപരമായാണ് ജനങ്ങളുടെ പ്രതീക്ഷ സഫലമാക്കി മുന്നോട്ട് പോകുന്നത്. കണ്ണൂർ ജില്ലയിൽ ഏതാണ്ട് അയ്യായിരത്തോളം അപേക്ഷകൾ ദേവസ്വം ഭൂമിയിലെ പട്ടയവുമായി ബന്ധപ്പെട്ട് തീർപ്പാക്കാൻ ശേഷിക്കുന്നുവെന്നത് വളരെ ഗൗരവമുള്ള വിഷയമാണ്. ദേവസ്വം ഭൂമികളിൽ പട്ടയം ലഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, ദേവസ്വം ഭൂമിയിൽ പട്ടയം കൊടുക്കാൻ യാതൊരു തർക്കവുമില്ല. ജയപ്രകാശിന്റെ കേസ്സുമായി ബന്ധപ്പെട്ട് ചില തെറ്റായ ധാരണകൾ കണ്ണൂർ ജില്ലയിലെ ഉദ്യോഗസ്ഥർക്കുണ്ടായിരുന്നു; അത് പരിഹരിച്ചിട്ടുണ്ട്. ആന്യൂറ്റി കൊടുത്ത ഭൂമികളിൽ ദേവസ്വം മുൻപാകെ ഹിയറിംഗിന് അയയ്ക്കുമ്പോൾ ആവശ്യമായ സമയം അവർക്ക്

കൊടുക്കണമെന്നു മാത്രമെ കോടതി പറഞ്ഞിട്ടുള്ളൂ. ആ കാര്യത്തിൽ പ്രതിസന്ധിയൊന്നുമില്ല; എങ്കിലും കണ്ണൂർ ജില്ലയിലാണ് ഏറ്റവും കൂടുതൽ ദേവസ്വം പട്ടയങ്ങൾ കെട്ടിക്കിടക്കുന്നത്. അക്കാര്യത്തിൽ പ്രത്യേക പരിശോധന നടത്താവുന്നതാണ്.

**കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്ന റോഡുകൾ നിർമ്മിക്കുവാൻ നടപടി**

4 (*94)<u>ശ്രീ. പി. എസ്. സുപാൽ:</u>
<u>ശ്രീ. വി. ശശി:</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>
<u>ശ്രീ. പി. ബാലചന്ദ്രൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രകൃതി ദുരന്തങ്ങളുടെയും ഫലമായി നിരന്തരമായുണ്ടാകുന്ന റോഡ് തകർച്ചയും തന്മൂലം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇത് പരിഹരിക്കുവാൻ മെച്ചപ്പെട്ട റോഡ് നിർമ്മാണ രീതികൾ കണ്ടെത്തുവാൻ ഗവേഷണങ്ങൾ നടത്തുമോ; വ്യക്തമാക്കുമോ;

(സി) റോഡ് നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ രാസപരമായ സ്വഭാവം പരിശോധനാ വിധേയമാക്കി, ഭാവിയിൽ കൂടുതൽ ഉറപ്പുള്ള റോഡുകൾ നിർമ്മിക്കുന്നതിനാവശ്യമായ വസ്തുക്കളുടെ മിശ്രിതം കണ്ടെത്തുന്നതിന് കെ.എച്ച്.ആർ.ഐ.-യുടെ ഗവേഷണ വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കെ.എച്ച്.ആർ.ഐ.-യുടെ കണ്ടെത്തലുകൾ തുടർ ഗവേഷണങ്ങൾക്കും പ്രായോഗിക പഠനത്തിനും വിധേയമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായും പതിവായുണ്ടാകുന്ന തീവ്രമായ മഴമൂലവും കേരളത്തിലെ വിവിധ റോഡുകൾ തകരുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തുന്നതിനും അതിനുള്ള പ്രതിവിധി നിർദ്ദേശിക്കുന്നതിനുമായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഗവേഷണങ്ങൾ നടത്തിവരുന്നു. കാലാവസ്ഥാ വ്യതിയാനങ്ങളുടെ ദോഷവശങ്ങൾ

ഒഴിവാക്കിക്കൊണ്ട് ഈട് നിൽക്കുന്ന രീതിയിലുള്ള റോഡുകൾ നിർമ്മിക്കുന്നതിൽ പൊതുമരാമത്ത് വകുപ്പ് ശ്രദ്ധ ചെലുത്തുന്നുണ്ട്.

(ബി) കാലാവസ്ഥയ്ക്ക് അനുയോജ്യമായ റോഡ് രൂപകൽപന ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനായി കെ.എച്ച്.ആർ.ഐ. ഗവേഷണങ്ങൾ നടത്തുന്നുണ്ട്. താപനില വ്യതിയാനമനുസരിച്ച് രൂപകൽപന ചെയുന്ന 'സുപ്പീരിയർ പെർഫോമിംഗ് അസ്ഫാൽറ്റ് റോഡുകൾ'-സൂപ്പർപേവ് പരീക്ഷണ അടിസ്ഥാനത്തിൽ നടപ്പിലാക്കാനുള്ള പഠനങ്ങൾ കെ.എച്ച്.ആർ.ഐ.-യിൽ പുരോഗമിക്കുന്നു. ഇതിനായി റോഡിലെ താപനിലയെ അടിസ്ഥാനമാക്കി രൂപപ്പെടുത്തുന്ന പ്രത്യേക ബിറ്റുമിൻ (പെർഫോമൻസ് ഗ്രേഡ്) ഉപയോഗിക്കുന്നു. ഹോട്ട് മിക്സ് അസ്ഫാൽറ്റിന്റെ ഈർപ്പ സംവേദനക്ഷമതയെക്കുറിച്ചുള്ള ഗവേഷണത്തിന്റെ ഒന്നാം ഘട്ടം പൂർത്തിയായി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളെയാണ് ഗവേഷണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പരിഗണിച്ചത്. മറ്റ് ജില്ലകളെ പരിഗണിച്ച് പദ്ധതിയുടെ രണ്ടാം ഘട്ടം പുരോഗമിക്കുകയാണ്.

(സി) റോഡുകളുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ രാസപരമായ സ്വഭാവം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ഹോട്ട് മിക്സ് അസ്ഫാൽറ്റിന്റെ ഈർപ്പ സംവേദനക്ഷമതയെക്കുറിച്ച് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ പഠനം നടത്തുന്നുണ്ട്. പ്രസ്തുത ഗവേഷണ പ്രവർത്തനത്തിന്റെ ഒന്നാം ഘട്ടത്തിൽ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലായി സ്ഥിതി ചെയ്യുന്ന ആറ് ക്വാറികളിൽ നിന്ന് “അഗ്രിഗേറ്റ്” സാമ്പിളുകൾ ശേഖരിക്കുകയും കേരള സർവകലാശാലയിലെ ജിയോളജി വകുപ്പുമായി ചേർന്ന് വിശദമായ പെട്രോളജിക് വിശകലനം നടത്തുകയും ചെയ്തു. പെട്രോഗ്രാഫിക് അനാലിസിസ്, എക്സ്റേ ഫ്ലൂറസൻസ് എന്നീ പരിശോധനകളിലൂടെ പാറയിലെ മൂലകങ്ങളുടെ സ്വഭാവം കണ്ടെത്തിയശേഷം വെള്ളത്തിന്റെ സാന്നിധ്യത്തിൽ ബിറ്റുമിനസ് മിശ്രിതവും മെറ്റലുമായുള്ള കൂടിച്ചേരലിന്റെ ശക്തി ടെൻസൈൽ സ്ട്രെങ്ത് റേഷ്യോ (ടി.എസ്.ആർ.) ഉപയോഗിച്ച് പരിശോധിച്ചു. കേരളത്തിൽ റോഡ് നിർമാണത്തിനുപയോഗിക്കുന്ന പശ്ചിമ ഘട്ടത്തിലെ പാറകളിൽ പൊതുവെ കൂടിയ അളവിൽ സിലിക്ക അടങ്ങിയിട്ടുണ്ടെന്ന് കണ്ടെത്തി. ഇതാണ്

മെറ്റലിന്റെ അമ്ലസ്വഭാവത്തിന് കാരണം. റിസർച്ച് പ്രോജക്ടിന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കിയതിനുശേഷം, 2023 നവംബർ 17-ന് കെ.എച്ച്.ആർ.ഐ.-യിൽ വച്ച് കേരളത്തിലെ വിവിധ ജില്ലകളിലെ പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു ശിൽപശാല നടത്തി. നിശ്ചിത അളവിൽ ചുണ്ണാമ്പ് പൊടി (Hydrated Lime), സിമെന്റ് തുടങ്ങിയവ നിർമ്മാണവേളയിൽ ബിറ്റുമിനസ് മിശ്രിതത്തിലേക്ക് ചേർത്ത് ഉപയോഗിച്ചാൽ മെറ്റലിന്റെ അമ്ല സ്വഭാവം കുറയ്ക്കാൻ കഴിയുമെന്നാണ് പഠനം ശിപാർശ ചെയ്യുന്നത്. പൊതുമരാമത്ത് വകുപ്പും മറ്റും നടത്തുന്ന നിർമാണങ്ങൾക്ക് മുന്നോടിയായി ടി.എസ്.ആർ. പരിശോധന ഏർപ്പെടുത്തണമെന്നും നിർദേശിച്ചിട്ടുണ്ട്.

(ഡി) ഹോട്ട് മിക്സ് അസ്ഫാൽറ്റിന്റെ ഈർപ്പ സംവേദനക്ഷമതയെകുറിച്ചുള്ള ഗവേഷണത്തിന്റെ ഒന്നാം ഘട്ടം പൂർത്തിയായി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളെയാണ് ഗവേഷണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പരിഗണിച്ചത്. മറ്റ് ജില്ലകളെ പരിഗണിച്ച് പദ്ധതിയുടെ രണ്ടാം ഘട്ടം പുരോഗമിക്കുകയാണ്.

കേരളം കാലാവസ്ഥാ തീവ്രതയെ അഭിമുഖീകരിക്കുന്നതിനാൽ, കാലാവസ്ഥക്ക് അനുയോജ്യമായ റോഡ് രൂപകൽപന കാലഘട്ടത്തിന്റെ ആവശ്യമാണ്. താപനില വ്യതിയാനമനുസരിച്ച് ഡിസൈൻ ചെയ്യുന്ന "സുപ്പീരിയർ പെർഫോമിംഗ് അസ്ഫാൽറ്റ് റോഡുകൾ"-സൂപ്പർപേവ് പരീക്ഷണ അടിസ്ഥാനത്തിൽ നടപ്പിലാക്കാനുള്ള പഠനങ്ങൾ കെ.എച്ച്.ആർ.ഐ.-യിൽ പുരോഗമിക്കുന്നു. ഇതിനായി റോഡിലെ താപനിലയെ അടിസ്ഥാനമാക്കി രൂപപ്പെടുത്തുന്ന പ്രത്യേക ബിറ്റുമിൻ (പെർഫോമൻസ് ഗ്രേഡ്) ഉപയോഗിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ: സർ, കേരളത്തിന്റെ കാലാവസ്ഥയനുസരിച്ച് ആറ് മാസം മഴക്കാലമാണ്. മഴക്കാലത്ത് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ നിലയ്ക്കുന്ന സാഹചര്യമാണുള്ളത്. മഴക്കാലത്ത് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ തടസ്സം വരികയാണ്. അത് ഒഴിവാക്കിക്കൊണ്ട് മഴക്കാലത്തും റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ ഉതകുന്നതരത്തിലുള്ള സാങ്കേതിക വിദ്യയുണ്ടോ; ഉണ്ടെങ്കിൽ അത് പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, നിലവിൽ അതിന് പ്രയാസമാണ്; ഇതുമായി ബന്ധപ്പെട്ട് പരിശോധനകൾ നടത്തിവരുന്നുണ്ട്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ എ.എസ്., ഡി.എസ്., തുടങ്ങിയ അനുബന്ധ കാര്യങ്ങൾ ചെയ്യുകയും പ്രവൃത്തി പരമാവധി മറ്റുസമയങ്ങളിൽ നടത്തുകയും ചെയ്യുക എന്നതാണ് നമുക്ക് ചെയ്യാൻ സാധിക്കുന്നത്. ഇതിലേയ്ക്കായി ഒരു വർക്കിംഗ് കലണ്ടറിന് രൂപം കൊടുക്കുകയും ആയത് പ്രകാരം കാര്യങ്ങളെല്ലാം നല്ലരീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് സഹായകരമാകുയും ചെയ്യുന്നുണ്ട്. ഇതിനോടൊപ്പം മറ്റ് സാധ്യതകളും പരിശോധിച്ചുവരികയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ചോദ്യോത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)+

+ അനുബന്ധം 1

**[10.00 AM]**

**II. തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 5124-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 14-03-2023-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5124-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

**അറിയിപ്പ്**

മി. സ്പീക്കർ: ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ നിയമനിർമ്മാണ കാര്യത്തിൽ ആദ്യത്തെ ഇനം 2024-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി ഭേദഗതി ബില്ലാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ അഭ്യർത്ഥന മാനിച്ച് പ്രസ്തുത ബിൽ മൂന്നാമതായി പരിഗണിക്കുന്നതാണ്.

\+ അനുബന്ധം 2

**[10.01 AM]**

**III. അടിയന്തരപ്രമേയം**

<u>വണ്ടിപ്പെരിയാർ കേസ്</u>

<u>മി. സ്പീക്കർ:</u> വണ്ടിപ്പെരിയാറിൽ ആറ് വയസ്സുള്ള കുട്ടിയെ പീഡിപ്പിച്ചുകൊന്ന കേസിലെ പ്രതി പോലീസിന്റെയും പ്രോസിക്യൂഷന്റെയും വീഴ്ചയെത്തുടർന്ന് കുറ്റവിമുക്തനാക്കപ്പെട്ടതുമൂലം കേരള സമൂഹത്തിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. സണ്ണി ജോസഫ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഈ വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന സാഹചര്യത്തിൽ സഭ മുമ്പാകെ ചർച്ച ചെയ്യാൻ പാടില്ലെന്നാണ് റൂളിൽ പരാമർശിച്ചിട്ടുള്ളത്. ഏതായാലും പ്രസ്തുത വിഷയം

സഭയുടെ പരിഗണനയ്ക്കായി വന്നതുകൊണ്ട് അടിയന്തര പ്രമേയാവതരണത്തിന് അനുവാദം നൽകുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അടിയന്തരപ്രമേയത്തിൽ പരാമർശിച്ച സംഭവത്തിന്മേൽ വണ്ടിപ്പെരിയാർ പോലീസ് സ്റ്റേഷനിൽ പോക്സോ നിയമത്തിലെയും ഇന്ത്യൻ പീനൽ കോഡിലെയും ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം ക്രൈം നം. 598/2021 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും കേസിലെ പ്രതിയായ അർജ്ജുൻ എന്നയാളെ അറസ്റ്റ് ചെയ്ത് തെളിവുകൾ ശേഖരിച്ച് അന്വേഷണം പൂർത്തിയാക്കി കട്ടപ്പന പോക്സോ പ്രത്യേക കോടതിയിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. കട്ടപ്പന പ്രത്യേക പോക്സോ കോടതി കേസിലെ വിചാരണ നടപടികൾ പൂർത്തിയാക്കി പ്രതിയെ വെറുതെവിട്ട് ഉത്തരവായിട്ടുണ്ട്. കോടതിവിധി പരിശോധിച്ച് ആവശ്യമായ നിയമനടപടികളും വകുപ്പുതല നടപടികളും സ്വീകരിച്ചുവരികയാണ്. പ്രതിയെ വെറുതെവിട്ട ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ സർക്കാർ ഫയൽ ചെയ്ത അപ്പീൽ കോടതി ഫയലിൽ സ്വീകരിച്ചിട്ടുണ്ട്.

നിലവിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ കേസിന്റെ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. നമ്മുടെ രാജ്യത്ത് ഏറ്റവും മികച്ച ക്രമസമാധാനനിലയുള്ള സംസ്ഥാനമായി കേരളം വിലയിരുത്തപ്പെട്ടിട്ടുണ്ട്. പോലീസിനെ ജനസൗഹൃദ സംവിധാനമായി മാറ്റിയെടുക്കുന്നതിനും കുറ്റകൃത്യം നടത്തിയ പ്രതികളെ കണ്ടെത്തി നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനും കേരളാ പോലീസ് മുൻപന്തിയിലാണ്. തെളിയിക്കാൻ കഴിയാതിരുന്ന നിരവധി കേസുകളിൽ പഴുതടച്ചുള്ള അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്തുന്ന മികവോടെയാണ് പോലീസ് പ്രവർത്തിക്കുന്നത്. അടുത്തിടെയുണ്ടായ ചില കേസുകൾ പോലീസിന്റെ കുറ്റാന്വേഷണ മികവിന്റെ ഉദാഹരണങ്ങളാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ യാതൊരു ആക്രമണവും ഉണ്ടാകരുതെന്ന നിലപാടാണ് സർക്കാരിനുള്ളത്. റിപ്പോർട്ട് ചെയ്യപ്പെടുന്ന സംഭവങ്ങളിൽ സർക്കാർ ശക്തമായ നിയമ നടപടികളാണ് സ്വീകരിക്കുന്നത്. സമൂഹത്തോട് പ്രതിബദ്ധത നിലനിർത്തുകയെന്ന ലക്ഷ്യത്തോടെയാണ്

പോലീസ് പ്രവർത്തിക്കേണ്ടത്. സർക്കാരിന്റെ ഭാഗത്തുനിന്നും ഇതിലൊരു വീട്ടുവീഴ്ചയും ഉണ്ടാകില്ല.

ശ്രീ. സണ്ണി ജോസഫ്: സർ, വണ്ടിപ്പെരിയാറിലെ നിഷ്കളങ്കയായ അഞ്ച് വയസ്സുകാരി ബാലികയെ ക്രൂരമായ ബലാത്സംഗത്തിനിരയാക്കി, നിഷ്ഠുരവും നിന്ദ്യവുമായ രീതിയിൽ കെട്ടിത്തൂക്കി കൊലപ്പെടുത്തിയ കുറ്റകൃത്യത്തിലെ പ്രതിയെ നിരുപാധികം വിട്ടയച്ചുകൊണ്ടുള്ള ബഹുമാനപ്പെട്ട കട്ടപ്പന പോക്സോ കോടതിയുടെ 11-12-2023-ലെ വിധി ന്യായം കേട്ട് പൊട്ടിക്കരഞ്ഞത് ആ മകളുടെ മാതാപിതാക്കളും സഹോദരനും കുടുംബംഗങ്ങളും മാത്രമായിരുന്നില്ല, പരിഷ്കൃത കേരളമൊന്നാകെ ആ കരച്ചിലിൽ പങ്കാളികളാവുകയായിരുന്നു. പ്രസ്തുത വിധി ന്യായം കേരള സമൂഹത്തിൽ വളരെയധികം ചർച്ച ചെയ്യപ്പെടുകയുണ്ടായി. രണ്ടാമതൊരു കുഞ്ഞിനുവേണ്ടിയുള്ള പതിനാല് വർഷത്തെ നീണ്ട കാത്തിരിപ്പിനുശേഷമാണ് ആ മാതാപിതാക്കൾക്ക് ഒരു പെൺകുഞ്ഞ് ജനിച്ചത്. വാളയാർ സഹോദരിമാരുടെ ദാരുണമായ കൊലപാതക കേസിലെ പ്രതികൾ എങ്ങനെയാണോ രക്ഷപ്പെട്ടത് അതേ

രൂപത്തിൽത്തന്നെയാണ് വണ്ടിപ്പെരിയാറിലെ പ്രതിക്കും രക്ഷയൊരുക്കിയതെന്ന് മനസ്സിലാക്കാൻ സാധിക്കും. അട്ടപ്പാടിയിലെ മധുവിന്റെ കൊലപാതികൾക്ക് അർഹിക്കുന്ന ശിക്ഷ വാങ്ങി കൊടുക്കുന്നതിനുപകരം പ്രോസിക്യൂഷനും അന്വേഷണ ഏജൻസിയും അവരെ രക്ഷിക്കുന്ന നടപടി സ്വീകരിച്ചത് കേരളത്തെ നടുക്കിയ സംഭവമാണ്. വണ്ടിപ്പെരിയാർ പോലീസ് സ്റ്റേഷൻ ക്രൈം. നം. 598/2021 ആയി ബലാത്സംഗത്തിനും പ്രകൃതിവിരുദ്ധ ലൈംഗികപീഡനത്തിനും കൊലപാതകത്തിനും കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമത്തിനും ചാർജ്ജ് ചെയ്യപ്പെട്ട 474/2021 നമ്പർ കേസുമായി ബന്ധപ്പെട്ട് 11-12-2023-ന് കോടതി പുറപ്പെടുവിച്ച 89 പേജുള്ള വിധിന്യായത്തിലെ വാചകങ്ങൾ ഈ കേസിലെ പ്രതിയെ രക്ഷപ്പെടുത്താൻ കളമൊരുക്കത്തക്കവിധത്തിൽ കേസ് അന്വേഷണത്തിൽ വരുത്തിയ ഗുരുതരമായ വീഴ്ചകളും പോരായ്മകളും സംബന്ധിച്ച് അക്കമിട്ട് നിരത്തിയിട്ടുണ്ട്. ചുരക്കുളം എസ്റ്റേറ്റ് ലയത്തിനുള്ളിലെ പൂജാമുറിയിൽ അഞ്ചര വയസ്സുകാരി തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയതുമുതൽ ഈ അന്വേഷണം വഴിതെറ്റിക്കാനുള്ള

ശക്തമായ ശ്രമങ്ങൾതന്നെയാണ് നടന്നിരിക്കുന്നത്. കുട്ടി കളിക്കുന്നതിനിടയിൽ കഴുത്തിൽ ഷാൾ കുടുങ്ങി മരണപ്പെട്ടുവെന്നാണ് ആദ്യം പ്രചരിപ്പിച്ചത്. ടി മരണത്തിൽ ദുരൂഹതയൊന്നുമില്ലെന്നാണ് സ്റ്റേഷൻ ഹൗസ് ഓഫീസർ വെളിപ്പെടുത്തിയത്. അതിനെത്തുടർന്ന് പോസ്റ്റുമാർട്ടം ആവശ്യമില്ലെന്ന് ചില ജനപ്രതിനിധികളും വാദിക്കുകയുണ്ടായി. കുട്ടിയെ ആദ്യം പരിശോധിച്ച ഡോക്ടർതന്നെ ഇത്തരം തെറ്റിദ്ധാരണ പരത്തുന്ന പ്രചാരണങ്ങൾ വാസ്തവവിരുദ്ധമാണെന്ന് തെളിയിച്ചു. കുട്ടിയുടെ ശരീരത്തിലെ രഹസ്യഭാഗങ്ങളിലുൾപ്പെടെ കാണപ്പെട്ട മുറിവുകളും പാടുകളും ചൂണ്ടികാണിച്ചുകൊണ്ട് പോസ്റ്റ്മാർട്ടം വേണമെന്ന് ഹെൽത്ത് സെന്ററിലെ ഡോക്ടർ നിർദ്ദേശിച്ചു. ഇത്തരത്തിൽ പോസ്റ്റ്മാർട്ടം റിപ്പോർട്ട് ലഭിച്ചതിനുശേഷമാണ് പീഡനവും കൊലപാതകവും എസ്.എച്ച്.ഒ. അംഗീകരിച്ചത്. ആദ്യത്തെ എഫ്.ഐ.ആർ.-ൽ കേവലം അസ്വാഭാവിക മരണമെന്നായിരുന്നു രേഖപ്പെടുത്തിയിരുന്നതെങ്കിൽ പിന്നീട് കൊലപാതകവും ലൈംഗിക പീഡനവും കൂട്ടിച്ചേർക്കുകയാണ് ചെയ്തത്. പ്രോസിക്യൂഷൻ കേസ് എന്തായിരുന്നു? 2019 ജൂണിൽ സ്കൂൾ

തുറന്നതിനുശേഷം പലതവണയായി ഈ പിഞ്ചുകുഞ്ഞിനെ പ്രതി അവളുടെ വീട്ടിൽവച്ചുതന്നെ പീഡിപ്പിച്ചിട്ടുണ്ട്. 30-06-2021-ന് ഉച്ചയ്ക്കുശേഷം 2.50-ന് ഇരയുടെ സഹോദരൻ മുടി മുറിക്കാൻ പുറത്തുപോയ സമയം പ്രതി അർജ്ജുൻ കുട്ടിയുടെ വീട്ടിൽ അതിക്രമിച്ച് കടക്കുകയും ടി.വി കണ്ടുകൊണ്ടിരുന്ന അഞ്ചര വയസ്സുകാരിയെ ബലാത്സംഗം ചെയ്യുകയും തുടർന്ന് കുട്ടി ബോധരഹിതയാവുകയും ചെയ്തു. വിവരം പുറത്തുപറയുമെന്ന് ഭയന്ന് അലമാരയിൽനിന്ന് ഷാളെടുത്ത് ഒരറ്റം കുട്ടിയുടെ കഴുത്തിലും മറുഭാഗം തൂങ്ങികിടന്നിരുന്ന പ്ലാസ്റ്റിക് കയറിലും കെട്ടി തൂക്കികൊലപ്പെടുത്തുകയാണ് ചെയ്തത്. എന്നാൽ ഈ സംഭവത്തിന് ദൃക്സാക്ഷികളില്ലെങ്കിലും ശക്തമായ സാഹചര്യ തെളിവുകൾ ശേഖരിച്ച് കോടതിയിൽ സമർപ്പിച്ച് പ്രതിക്ക് ശിക്ഷ വാങ്ങി കൊടുക്കുന്നതിൽ പോലീസ് പരാജയപ്പെട്ടിരിക്കുന്നു. നാലാം സാക്ഷിയായ സഹോദരൻ മുടി മുറിക്കാൻ പോയപ്പോഴാണ് കൊലപാതകം ഉണ്ടായിരിക്കുന്നത്. പ്രതിഭാഗം കുട്ടിയുടെ മരണം ആത്മഹത്യയാണെന്ന് വാദിച്ചിരുന്നെങ്കിലും ബഹുമാനപ്പെട്ട കോടതി അത് തള്ളുകയാണുണ്ടായത്. വിധിന്യായത്തിലെ Page 37, Para 66-ൽ പറയുന്നത് "......I am of the view

that a child of such tender age cannot even think of committing suicide after locking the room. So the chances of suicidal hanging is ruled out in the case" എന്നാണ്. ഈ കേസ് ഹോമിസൈഡ് കൊലപാതകം തന്നെയാണെന്ന് കോടതി ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. ചോക്ലേറ്റ് വാങ്ങി കൊടുത്തും ഫോൺ ഉപയോഗത്തിനുകൊടുത്തും പ്രതിക്ക് കുട്ടിയുമായി നല്ല അടുപ്പമുണ്ടായിരുന്നു. സംഭവദിവസവും കുഞ്ഞിന് ചോക്ലേറ്റ് വാങ്ങി കൊടുത്തിരുന്നു. പ്രതി അന്നേദിവസം ഡയറിമിൽക്ക്, മഞ്ച് എന്നീ ചോക്ലേറ്റുകൾ വാങ്ങിയിരുന്നതായി സിആർ.പി.സി. 164 പ്രകാരമുള്ള സ്റ്റേറ്റ്മെന്റിൽ ഷോപ്പ് ഉടമകൾ കോടതി മുമ്പാകെ ബോധിപ്പിച്ചിട്ടുണ്ട്. പക്ഷേ, ഇക്കാര്യങ്ങൾ തെളിയിക്കാൻ പ്രോസിക്യൂഷൻ ഷോപ്പ് ഉടമകളെ സാക്ഷികളാക്കുകയോ വിസ്തരിക്കുകയോ ചെയ്തിട്ടില്ലെന്ന് വിധിന്യായത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, 30-ാം തീയതി ഉച്ചയ്ക്കാണ് സംഭവം ഉണ്ടായതെങ്കിലും അന്വേഷണ ഉദ്യോഗസ്ഥർ സംഭവ സ്ഥലത്തെത്തുന്നത് കൊലപാതകം ഉണ്ടായതിന്റെ അടുത്തദിവസം ഉച്ചയ്ക്കുശേഷമാണ്. ഇക്കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട കോടതി കൃത്യമായി

പറഞ്ഞിട്ടുമുണ്ട്. പോലീസ് ഈ സ്ഥലത്ത് എത്തിയശേഷം എന്താണ് സംഭവിച്ചത്; പോലീസ് എത്തിയാലുടൻ അവിടെ നിന്നും തൊണ്ടി മുതലുകൾ ശേഖരിക്കുകയെന്നതാണ് ഏറ്റവും പ്രധാന കാര്യം. പൂജാമുറിയിൽനിന്ന് ബെഡ്ഷീറ്റ്, ടൗവൽ, കത്തി എന്നിവയൊന്നും സംഭവദിവസം പോലീസ് ശേഖരിച്ചില്ല. 3-ാം തീയതിയാണ് പോലീസ് അവിടെ നിന്നും തൊണ്ടി മുതലുകൾ ശേഖരിക്കുന്നത്. മാത്രമല്ല, തൊണ്ടി മുതലുകൾ ശേഖരിക്കുന്നതിൽ അനാവശ്യ കാലതാമസം വരികയും തെളിവുകൾ നശിപ്പിക്കാനുള്ള സാഹചര്യവുമുണ്ടായി. തൊണ്ടി മുതലുകൾ ശേഖരിക്കുമ്പോൾതന്നെ അത് സീൽ ചെയ്ത് ശേഖരിക്കണമെന്നതാണ് നടപടിക്രമം. എന്നാൽ, ഈ തൊണ്ടിമുതലുകൾ പായ്ക്ക് ചെയ്യുകയോ സീൽ ചെയ്യുകയോ ചെയ്തിട്ടില്ല. പ്രസ്തുത വിധിന്യായത്തിലെ പാരഗ്രാഫ് നമ്പർ 86-ൽ ഇക്കാര്യത്തെക്കുറിച്ച് പറയുന്നുണ്ട്. 01-07-2021-ന് ശേഖരിക്കേണ്ടിയിരുന്ന തൊണ്ടിമുതൽ 03-07-2021-നാണ് പോലീസ് ശേഖരിച്ചതെങ്കിലും 07-07-2021-വരെ ഇത് അന്വേഷണ ഉദ്യോഗസ്ഥന്റെ കൈവശം സീൽ/പായ്ക്ക് ചെയ്യാതെ സൂക്ഷിച്ചതിനെക്കുറിച്ചും കോടതി പ്രത്യേകമായി പരാമർശിച്ചിട്ടുണ്ട്. ഈ

കൃത്യം നടത്തുന്നതിനായി ഉപയോഗിച്ച ഷാൾ അലമാരയിൽനിന്നും എടുത്തുവെന്നാണ് പ്രോസിക്യൂഷന്റെ വാദം. വിരലടയാള വിദഗ്ധൻ സ്ഥലം സന്ദർശിച്ചെങ്കിലും അദ്ദേഹത്തെക്കൊണ്ട് പരിശോധിപ്പിച്ചിട്ടില്ലെന്ന് മാത്രമല്ല, അദ്ദേഹത്തിന്റെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുമില്ല. അവിടെ വിരലടയാളം ലഭിക്കാൻ പ്രയാസമാണെന്ന് അന്വേഷണ ഉദ്യോഗസ്ഥനോട് വിരലടയാള വിദഗ്ധൻ പറയുകയും അതുസംബന്ധിച്ച് കത്ത് നൽകുകയുംചെയ്തു. എന്നാൽ പ്രസ്തുത കത്ത് കോടതിയിൽ രേഖയായി ഹാജരാക്കിയിട്ടില്ല, അദ്ദേഹത്തെ സാക്ഷിയായി വിസ്തരിച്ചിട്ടുമില്ല. ഇതെല്ലാം വിധിന്യായത്തിലെ വാചകങ്ങളാണ്. അതുപോലെ മറ്റ് പല കാര്യങ്ങളും വിധിന്യായത്തിൽ പറഞ്ഞിട്ടുണ്ട്. 'പൂജാമുറിയിൽ കൊലപാതകം' എന്നതിനെക്കുറിച്ച് പോലീസിന്റ കേസ് എന്താണ്? പൂജാമുറിയിൽനിന്ന് പുറത്തേയ്ക്ക് ഇറങ്ങാനുള്ള കതക് പൂട്ടിയിരുന്നുവെന്നും ജനലിലൂടെയാണ് പ്രതി ചാടി രക്ഷപ്പെട്ടതെന്നുമാണ് മരണത്തിന്റെ തൊട്ടടുത്ത ദിസമായ ജൂലൈ 1-ാം തീയതി സംഭവസ്ഥലത്തെക്കുറിച്ചുള്ള മഹസർ തയ്യാറാക്കുന്ന അവസരത്തിലും കോടതിയിലും അന്വേഷണ ഉദ്യോഗസ്ഥൻ പറഞ്ഞത്.

അന്വേഷണ ഉദ്യോഗസ്ഥന്റെ ഭാഷയിൽ പ്രസ്തുത ജനൽ അടഞ്ഞുകിടക്കുന്ന നിലയിലാണുള്ളത്. അടഞ്ഞുകിടക്കുന്ന ജനലിലൂടെ പ്രതി എങ്ങനെയാണ് പുറത്തുചാടുന്നത്? ഈ വാദം മറികടക്കുന്നതിനായി പിന്നീട് 17-ാം സാക്ഷിയെ വിസ്തരിക്കുകയും ജനൽ ഭാഗികമായി തുറന്നിരുന്നുവെന്ന് മൊഴി നൽകുകയും ചെയ്തെങ്കിലും ഈ മൊഴി കോടതിക്ക് വിശ്വാസമായില്ല. പ്രതിഭാഗത്തിന് അനുകൂലമായ അന്വേഷണ നടപടികളാണ് പോലീസ് സ്വീകരിച്ചത്. ഇത് അസാധാരണമായ സംഭവമാണ്. ഈ സംഭവവുമായി ബന്ധപ്പെട്ട പോലീസ് അന്വേഷണത്തിലെ വീഴ്ചകളാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. ഈ കേസിന്റെ പ്രത്യേകത എന്താണ്? വിധിന്യായത്തിലെ പേജ് നമ്പർ 72-ൽ ഇക്കാര്യങ്ങളെല്ലാം ഒരു പ്രത്യേക വിഭാഗമായി പറയുന്നുണ്ട്; "Defects in Investigation". ഇതിൽ പോലീസ് അന്വേഷണത്തിലെ അപാകതകളാണ് കോടതി അക്കമിട്ട് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. അതിൽ രണ്ടാമത്തെ പോയിന്റായി പറയുന്നത് "The investigating officer inspected the place of occurrence only on the next day of the incident at noon and hence failed to collect all first hand

evidence available in the spot." എന്നാണ്. ഇതിലെ 6-ാമത്തെ പോയിന്റായി വീണ്ടും പറയുന്നത്, "The evidence of investigating officer shows that when he visited the place of occurrence on 1-07-2021, he noticed in Ext. P10 that the particular window through which the accused jumped was locked. Thereafter PW17 was made as a witness to prove that the said window was lying slightly open after the incident...." എന്നാണ്. ഇക്കാര്യം ഞാൻ നേരത്തേ പറഞ്ഞുകഴിഞ്ഞതാണ്. അന്വേഷണ ഉദ്യോഗസ്ഥൻ ആദ്യം പറഞ്ഞത് ജനൽ പൂട്ടിയിരുന്നുവെന്നാണ്, പിന്നീട് ജനൽ തുറന്ന് കിടന്നുവെന്ന് കാണിക്കാൻ ഒരു സാക്ഷിയെ വിസ്തരിക്കുന്നു. അടുത്തതായി കോടതി നിരീക്ഷിച്ചത് എന്താണ്? എട്ടാമത്തെ പോയിന്റിൽ അതിനെക്കുറിച്ച് പറയുന്നത്, "....He is trying to escape from such a serious lapse happened on his part by merely giving an evasive reason that the finger print expert told him that there is no chance for obtaining chance of finger prints from the place of occurrence." എന്നാണ്. വിരലടയാള വിദഗ്ധനെ ഒരു സാക്ഷിയായി വിസ്തരിക്കുകയോ ആ റിപ്പോർട്ട്

ശേഖരിക്കുകയോ അദ്ദേഹം കൊടുത്തതായി പറയപ്പെടുന്ന കത്ത് കോടതിയിൽ ഹാജരാക്കുകയോ ചെയ്യാത്തിന് അന്വേഷണ ഉദ്യോഗസ്ഥൻ പറഞ്ഞിട്ടുള്ള മുടന്തൻ ന്യായത്തെയും മുട്ടുശാന്തി പോലെയുള്ള അന്വേഷണത്തെയുമാണ് കോടതി എതിർക്കുന്നത്. ഇതിൽ അവസാനമായി പറഞ്ഞിരിക്കുന്ന കോടതിയുടെ കണ്ടെത്തൽ വളരെ പ്രധാനപ്പെട്ടതാണ്. അതിൽ പറയുന്നത്, "Thus I find that adopting lethargic attitude throughout the investigation and unscientific way of collecting of evidence without showing the shrewdness and intelligence reasonably expected from an investigating officer, seriously affected the prompt and timely collection of evidence in the case." എന്നാണ്. ഒരു അന്വേഷണ ഉദ്യോഗസ്ഥൻ സാധാരണഗതിയിൽ പാലിക്കേണ്ട ബുദ്ധിപരമായ നിലപാടുകളോ സത്യസന്ധതയോ പാലിക്കാതെ ഈ കേസിൽ പ്രതിയെ സഹായിക്കാനായി തെറ്റായ രൂപത്തിലുള്ള അന്വേഷണമാണ് നടത്തിയതെന്നാണ് കോടതി പറയുന്നത്. ഇക്കാര്യങ്ങളെല്ലാം എല്ലാവർക്കും അറിയാം. എന്തായാലും ഇന്നലെ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ അവിടെ

പോകുകയും ആ കുടുംബത്തിന് പാർട്ടിയുടെ പേരിലുള്ള ധനസഹായം നൽകുകയുംചെയ്തു. എത്ര കൊല്ലം കഴിഞ്ഞാണ് അവർ ഇങ്ങനെ ചെയ്യുന്നത്? 2021 ജൂൺ മാസത്തിലുണ്ടായ സംഭവത്തിൽ സഹായധനവുമായി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർക്ക് അവിടെ പോകാൻ തോന്നിയത് 2024-ലാണ്. അദ്ദേഹത്തിന്റെ പ്രസംഗം ഞാൻ ടെലിവിഷനിൽ കണ്ടു. അതിൽ അദ്ദേഹം പറയുന്നത്, "പ്രതി മാർക്സിസ്റ്റുകാരനാണ്, പ്രതിയുടെ പിതാവ് ലോക്കൽ കമ്മിറ്റി അംഗമാണ്, പ്രതി റെഡ് വോളണ്ടിയർ മാർച്ചിൽ പങ്കെടുക്കുന്ന വോളണ്ടിയറും ഡി.വൈ.എഫ്.ഐ.-ക്കാരനുമാണെന്നാണ്. ഭരണകക്ഷി അംഗമായ ആ പ്രതിയെ സഹായിക്കുന്നതിനായി ഇത്തരത്തിലുള്ള കേസിൽ തികച്ചും കൃത്യവിലോപമായ അന്വേഷണം നടത്തിക്കൊണ്ടുള്ള നിലപാട് സ്വീകരിച്ചത് വളരെയേറെ പ്രതിഷേധാർഹമാണ്. പണം കൊടുത്താൽ ആ കുട്ടിയുടെ രക്തത്തിന് വിലയാകുമോ; ആ കുഞ്ഞിന്റെ ജീവനും മകൾ നഷ്ടപ്പെട്ട, മാനം നഷ്ടപ്പെട്ട മാതാപിതാക്കൾക്കും ഇത് പരിഹാരമാകുമോ? ഈ കേസ്സന്വേഷണം തികച്ചും ഏകപക്ഷീയമാണ്. സത്യത്തിൽ പ്രോസിക്യൂഷൻ ഒരു കേസിലെ സാക്ഷികളെ വിസ്തരിക്കുമ്പോൾ കോടതി

സാധാരണ പറയുന്നപോലെ ഒരു പ്രത്യേക സാക്ഷി, പ്രതിഭാഗം ചേർന്നാൽ ആ സാക്ഷിയെ കോടതിക്ക് 'declared hostile', എന്ന് പ്രഖ്യാപിക്കാം. Here the entire prosecution should be declared hostile. പ്രോസിക്യൂഷൻ മുഴുവനായും, അന്വേഷണ ഏജൻസികൾ മുഴുവനായും പ്രതിഭാഗം ചേരുന്ന കാഴ്ചയാണ് നാം ഇവിടെ കണ്ടത്. അപ്പോൾ ഭരണകൂടം എന്താണ് ചെയ്യേണ്ടത്; അതിന്റെ കടമ എന്താണ്? ജീവനും സ്വത്തിനും സംരക്ഷണം നൽകുകയെന്നതാണ് ഒരു ഭരണകൂടത്തിന്റെ പ്രധാനപ്പെട്ട കടമ. അവിടെ കുട്ടികളുടെ മാനം സംരക്ഷിക്കുകയാണ് ചെയ്യേണ്ടത്. അന്വേഷണ ഏജൻസികളും പോലീസും അങ്ങനെ ചെയ്യേണ്ടവരായിട്ടുപോലും പ്രതികളെ സംരക്ഷിക്കുന്ന തരംതാണ നിലയിലുള്ള അന്വേഷണമാണ് നടത്തിയതെന്നത് പകൽപോലെ വ്യക്തമാണ്. ഇതിലെ അന്വേഷണ ഉദ്യോഗസ്ഥനെതിരെ ഇതിനുമുമ്പും ഇത്തരത്തിലുള്ള ആക്ഷേപങ്ങളുണ്ടായിട്ടുണ്ട്. സമാനമായ കേസുകളിൽ കുറ്റകരമായ അന്വേഷണം നടത്തിയതിന് അദ്ദേഹത്തിനെതിരെ നടപടിയെടുക്കണമെന്ന് റിപ്പോർട്ടും വന്നിട്ടുണ്ടെങ്കിലും അദ്ദേഹത്തെ രക്ഷിക്കുന്ന സമീപനമാണ്

സർക്കാർ സ്വീകരിച്ചത്. ഇത്രയും ദിവസങ്ങൾ കഴിഞ്ഞിട്ടും അന്വേഷണ ഉദ്യോഗസ്ഥനെതിരെ യാതൊരു നടപടിയും സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. ഈ കുറ്റകൃത്യത്തിന് കൂട്ടുനിന്ന അന്വേഷണ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടിയുടെ ഭാഗമായി സസ്പെൻഷൻ നൽകി ഈ കേസിൽ പുനരന്വേഷണത്തിന് ഉത്തരവിടണമെന്ന് ആവശ്യപ്പെടുന്നു. അടിയന്തര ഗൗരവമുള്ള ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അത്യന്തം നിർഭാഗ്യകരമായ കാര്യമാണ് സംഭവിച്ചിരിക്കുന്നത്. കേരളത്തിൽ അടുത്തകാലത്തുണ്ടായ ശ്രദ്ധേയമായ കോടതിവിധിയാണിത്. സാധാരണനിലയിൽ നമ്മുടെ സംസ്ഥാനത്ത് സംഭവിക്കാൻ പാടില്ലാത്ത തരത്തിലുള്ള കോടതി വിധിയാണ് പുറത്തുവന്നിരിക്കുന്നത്. കാരണം മിക്കവാറും എല്ലാ കേസുകളിലും വളരെ ഫലപ്രദമായി കോടതിയിൽ കാര്യങ്ങൾ എത്തിക്കുകയും അതിന്റെ ഭാഗമായുള്ള ശിക്ഷാവിധി കോടതിയിൽനിന്നും ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിൽത്തന്നെ

ശാന്തൻപാറ പോലീസ് സ്റ്റേഷനിൽ 2022-ൽ രജിസ്റ്റർ ചെയ്ത 464/2022 നമ്പർ കേസിൽ മൂന്ന് പ്രതികളെ ദേവികുളം പ്രത്യേക പോക്സോ കോടതി 90 വർഷത്തെ കഠിനതടവിനാണ് ശിക്ഷിച്ചത്. ഇത് ഒറ്റപ്പെട്ട സംഭവമല്ല. അന്വേഷണമികവും കുറ്റവാളികളെ കണ്ടെത്തിയതും കോടതിയിൽനിന്നും പ്രതികൾക്ക് കൃത്യമായി ശിക്ഷ വാങ്ങിക്കൊടുത്തതുമടക്കം ഒട്ടേറെ ഉദാഹരണങ്ങളുണ്ട്. ഇതുസംബന്ധിച്ച് ഒരു വലിയ പട്ടികതന്നെ എടുത്തുകാണിക്കാൻ സാധിക്കും. പക്ഷേ വണ്ടിപ്പെരിയാർ കേസിൽ സംഭവിച്ച കാര്യങ്ങൾ തീർത്തും നിർഭാഗ്യകരമാണ്. പ്രസ്തുത കേസ് സംബന്ധിച്ച് വിശദമായ അപ്പീൽ കൊടുക്കുക എന്നതാണ് ആദ്യം ചെയ്യാനുള്ളത്; അപ്പീൽ ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്. അങ്ങനെ ചെയ്തത് നടപടിക്രമങ്ങളുടെ ഒരു ഭാഗം മാത്രമെ ആകുന്നുള്ളൂ. മറ്റൊരു ഭാഗത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സംസാരിച്ചത്. ഈ വിധിയിൽ കോടതിയുടെ ചില ഗൗരവമായ പരാമർശങ്ങളുണ്ട്. അതിനെ ആ രീതിയിൽത്തന്നെയാണ് സർക്കാർ കാണുന്നത്. അതുമായി ബന്ധപ്പെട്ട വകുപ്പുതല പരിശോധനയും അന്വേഷണവും നടത്താൻ നേരത്തെ

നിർദ്ദേശിച്ചതുപ്രകാരം ആയത് ചെയ്തുകൊണ്ടിരിക്കുകയാണ്. അതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടോ വീഴ്ചകളോ വച്ചുപൊറുപ്പിക്കുന്ന അവസ്ഥയുണ്ടാവില്ല. അത്തരം വീഴ്ചകളോ ക്രമക്കേടുകളോ ഉണ്ടായിട്ടുണ്ടെങ്കിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കർക്കശ നടപടി ഉണ്ടാകുമെന്ന് ഉറപ്പുനൽകുകയാണ്. ഇക്കാര്യത്തിൽ ഒരുതരത്തിലുമുള്ള ആശങ്കയും ആവശ്യമില്ല. പ്രതിയുടെയോ അയാളുടെ അച്ഛന്റെയോ ഏതെങ്കിലും തരത്തിലുള്ള രാഷ്ട്രീയ നിലപാടുകൾ ഒരിക്കലും ഗവൺമെന്റിനെ സ്വാധീനിക്കുന്നതല്ല. ഹതഭാഗ്യയായ ആ കുട്ടിയുടെയും കുടുംബത്തിന്റെയും പ്രശ്നമാണ് ഗവൺമെന്റിന്റെ മുമ്പിലുള്ളത്. ആ കാര്യത്തിൽ എന്തെല്ലാം തരത്തിലുള്ള കർക്കശ നടപടി സ്വീകരിക്കേണ്ടതുണ്ടോ, അതിന്റെ അങ്ങേയറ്റംവരെ പോകാൻ സർക്കാർ തയ്യാറാകുന്നതാണ്. അതുകൊണ്ട് ഒരു തരത്തിലുള്ള വിട്ടുവീഴ്ചയും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ലെന്നാണ് ഈ പ്രശ്നം ഉന്നയിച്ച ബഹുമാന്യനായ അംഗത്തോട് പറയാനുള്ളത്. നിയമ നടപടികൾ ഒരുഭാഗത്ത് തുടരുന്നുണ്ട്, വകുപ്പുതല അന്വേഷണത്തിന്റെ ഭാഗമായി സ്വീകരിക്കേണ്ട കർക്കശ നടപടിയിലേയ്ക്കും

സർക്കാർ നീങ്ങുന്നതാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ വിധിന്യായം വായിച്ചാൽ കേരളം മുഴുവൻ അപമാനഭാരത്താൽ തലകുനിച്ചുപോകും. "Let justice be done though the heavens fall" എന്നാണ് ക്രിമിനൽ നിയമത്തിൽ പറയുന്നത്. ഇവിടെ എന്തുനീതിയാണ് നടപ്പിലാക്കുന്നത്? ഈ സംഭവമുണ്ടായ അന്നുമുതൽ പ്രതിയെ രക്ഷപ്പെടുത്താനുള്ള ശ്രമങ്ങളുടെ പരമ്പരയാണ് ഉണ്ടായിരിക്കുന്നത്. അതാണ് ഈ ജഡ്ജ്മെന്റിലൂടെ പുറത്തുവന്നിരിക്കുന്നത്. ഇൻവെസ്റ്റിഗേഷൻ സമയത്തും പ്രോസിക്യൂഷൻ നടപടികളുടെ സമയത്തും മുഴുവൻ തെളിവുകളും നശിപ്പിക്കുകയുണ്ടായി. സാക്ഷിമൊഴികളില്ലാത്ത, ദൃക്സാക്ഷികളില്ലാത്ത കേസിൽ സാഹചര്യ

തെളിവുകളുടെയും ഫോറൻസിക് തെളിവുകളുടെയും അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ ക്രൂരമായ ഹീനകൃത്യം തെളിയിക്കപ്പെടുന്നത്. അത് തെളിയിക്കാനുള്ള എല്ലാ സാധ്യതകളും ആദ്യദിവസം മുതൽ അന്വേഷണ ഉദ്യോഗസ്ഥർ ഇല്ലാതാക്കുകയാണ് ചെയ്തത്. ഇതിനെ തുടക്കം മുതൽ തന്നെ ആത്മഹത്യയാണെന്നുപറഞ്ഞുകൊണ്ടുള്ള അതിവ്യാപകമായ പ്രചാരണമാണ് നടത്തിയിരുന്നത്. ആശുപത്രിയിൽ പോസ്റ്റുമോർട്ടം ചെയ്യേണ്ടതില്ലെന്ന് പറഞ്ഞ് നിർബന്ധിക്കുകയാണുണ്ടായത്. ആ സമയത്തും പ്രതി അവരുടെ കൂടെ തന്നെയുണ്ട്. എന്റെ കൊച്ചിനെ പോസ്റ്റുമോർട്ടം ചെയ്യാൻ ഞാൻ സമ്മതിക്കില്ലെന്ന് പറഞ്ഞ് പ്രതി ഉറക്കെ നിലവിളിച്ചുകൊണ്ടിരുന്നു. അതിനോടൊപ്പം ജനപ്രതിനിധികളായ കുറെപേർ ചേർന്ന് പോസ്റ്റുമോർട്ടം ഒഴിവാക്കാനുള്ള തീഷ്ണമായ പരിശ്രമമാണ് യഥാർത്ഥത്തിൽ അവിടെ ചെയ്തത്. ഇത് ലജ്ജിപ്പിക്കുന്ന സംഭവമാണ്. അതിനുശേഷം കുഞ്ഞിന്റെ മൃതശരീരം ഏറ്റുവാങ്ങുന്നത് ഈ പ്രതിയാണ്, തുടർന്നും ഇയാൾ ആ വീട്ടിൽ വരികയാണ്. അവിടെയാണ് സുപ്രധാനമായൊരു തെളിവിനെപ്പറ്റി ശ്രീ. സണ്ണി ജോസഫ് ഇവിടെ

സൂചിപ്പിച്ചത്. ഈ സംഭവത്തിന്റെ തൊട്ടുമുമ്പ് ജനാലയുടെ വാതിൽ തുറന്നുകിടക്കുകയായിരുന്നുവെന്ന് വെളിപ്പെടുത്തിയ ഒരു ദൃക്സാക്ഷിയുണ്ടായിരുന്നു. ആ ജനാലയുടെ വാതിലിൽക്കൂടിയാണ് പ്രതി രക്ഷപ്പെട്ടത്. പിന്നീട് പ്രതി വീടിനകത്തുകയറി ജനാലയുടെ കൊളുത്തിടുകയാണ് ചെയ്തത്. അതുകൊണ്ടുതന്നെ അന്വേഷണ ഉദ്യോഗസ്ഥൻ നൽകിയ റിപ്പോർട്ടിൽ ജനാലയിൽ കൊളുത്തിട്ടിരിക്കുന്നുവെന്നാണ് പറഞ്ഞിട്ടുള്ളത്. അപ്പോൾ പ്രതിക്ക് അകത്തുകയറാനുള്ള യാതൊരുവിധ സാധ്യതകളോ തെളിവുകളോ അവിടെ ഇല്ല. ഈ സംഭവങ്ങളൊക്കെ കഴിഞ്ഞിട്ടും പ്രതി വീണ്ടും ഈ വീട്ടിൽ വന്നുപൊയ്ക്കൊണ്ടിരിക്കുകയായിരുന്നു. പ്രതിയെ കൃത്യമായി ചോദ്യം ചെയ്തിരുന്നെങ്കിൽ അവൻ തന്നെയാണ് ജനാല അടച്ചതെന്ന് വ്യക്തമായ വിവരം ലഭിക്കുമായിരുന്നു. പോലീസിന് അക്കാര്യം അറിയാമായിരുന്നിട്ടും തെളിവുകൾ നശിപ്പിക്കാൻ വേണ്ടി മനഃപൂർവ്വമായ ശ്രമമാണ് നടത്തിയത്. വിധി വന്നതിനുശേഷം ഈ പെൺകുട്ടിയുടെ പിതാവും മുത്തച്ഛനും ആക്രമിക്കപ്പെട്ടു. ഇന്ത്യയിൽ ഉണ്ടായ ഏറ്റവും ഹീനമായ

കേസെന്നുപറയുന്നത് ഉന്നാവോയിലെ കേസാണ്. ഉന്നാവോയിൽ പീഡിപ്പിക്കപ്പെട്ട സ്ത്രീയെ അതിനുശേഷം പ്രതികൾ തീ കൊളുത്തി കൊന്നു. ആ പെൺകുട്ടിയുടെ അച്ഛൻ ജുഡീഷ്യൽ കസ്റ്റഡിയിൽ മരണപ്പെട്ടു. ഇവരെ ശിക്ഷിക്കണമെന്നാവശ്യപ്പെട്ട് സജീവമായി കോടതിയിൽ പൊയ്ക്കൊണ്ടിരുന്ന രണ്ട് ബന്ധുക്കൾ ദുരൂഹ സാഹചര്യത്തിൽ അപകടത്തിൽ കൊല്ലപ്പെട്ടു. ഇന്ന് ആ കേസില്ല. അതുപോലെ ഈ കേസ് വെറുതെ വിട്ടതിനുശേഷം പെൺകുട്ടിയുടെ പിതാവിനെയും മുത്തച്ഛനെയും ആക്രമിക്കുകയാണ്. ആക്രമിച്ച പ്രതി എങ്ങോട്ടാണ് ഓടിക്കയറിയത്? സി.പി.ഐ.(എം) പാർട്ടി ഓഫീസിലേയ്ക്കാണ് കയറി ചെന്നതെന്ന് കൃത്യമായി വാർത്തകൾ വന്നിട്ടുണ്ട്. ഇതിൽ പ്രതിഷേധിച്ച് യൂത്ത് കോൺഗ്രസ്സിന്റെ പ്രകടനമുണ്ടായിരുന്നു. സ്വാഭാവികമായി രാഷ്ട്രീയ പാർട്ടികൾ, മഹിളാ സംഘടനകൾ, രാഷ്ട്രീയ ഇതര സംഘടനകൾ എന്നിവർ ഉൾപ്പെടെ ഈ സംഭവത്തിനെതിരെ സമരം ചെയ്തു. ഞങ്ങളുടെ സമരം കടന്നുപോകുമ്പോൾ സി.പി.ഐ.(എം) പ്രവർത്തകർ വാരിക്കുന്തവും ബിയർ കുപ്പികളും പിടിച്ചുനിൽക്കുന്ന ഫോട്ടോ മാധ്യമങ്ങളിൽ വന്നിരുന്നു. സർ. സി.

പി. രാമസ്വാമി അയ്യർക്കെതിരായി വാരിക്കുന്തവുമായി സമരം ചെയ്ത പാരമ്പര്യമാണ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കുള്ളതെന്ന് ഇവിടെ ഇന്നലെ ആരോ പ്രസംഗിക്കുന്നത് കേട്ടു. ശരിയാണ്, ഇന്നത്തെ കമ്മ്യൂണിസ്റ്റ് പാർട്ടി വാരിക്കുന്തവുമായി കാവൽ നിൽക്കുന്നത് ഈ കേസിലെ പ്രതിയെ സംരക്ഷിക്കാനാണ്. കണ്ടില്ലേ ചിത്രം? വാരിക്കുന്തവുമായി നിൽക്കുകയാണ്, ബിയറിന്റെ കുപ്പികളാണ് വലിച്ചെറിഞ്ഞത്. ഇതുപോലൊരു സംഭവമുണ്ടായാൽ നാട്ടിൽ പ്രതിഷേധമുണ്ടാവില്ലേ? അങ്ങനെ പ്രതിഷേധിച്ചവരെ ആക്രമിക്കാനാണ് പാർട്ടിക്കാർ തുനിഞ്ഞത്. അവർ ആദ്യം മുതൽ ഈ കേസിലെ പ്രതിയെ സഹായിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. ഞാൻ ഈ സംഭവമുണ്ടായ ഉടനെ അവിടം സന്ദർശിച്ച് സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കത്ത് നൽകി. ഇത് വാളയാറിലെ സംഭവത്തിന്റെ തുടർച്ചയായി മാറരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആദ്യം സംസാരിച്ചപ്പോൾ കേരളത്തിലെ പോലീസിന്റെ പ്രവൃത്തിയെക്കുറിച്ച് പറഞ്ഞല്ലോ. അട്ടപ്പാടിയിൽ എന്താണ് സംഭവിച്ചത്? വിശപ്പുമാറ്റാൻ ഭക്ഷണമെടുത്ത്

കഴിച്ച മധു എന്ന ആദിവാസി യുവാവിനെ കൂട്ടക്കൊല ചെയ്തത് ഈ സംസ്ഥാനത്തിന് മുഴുവൻ അപമാനകരമാണ്. അവന്റെ ചിത്രം നമ്മെ വേട്ടയാടുകയാണ്. അവന്റെ മുഖം കണ്ടാൽ നമുക്ക് കിടന്നുറങ്ങാൻ കഴിയില്ല. വാളയാറിൽ 9 വയസ്സും 13 വയസ്സും പ്രായമായ പെൺകുട്ടികളെ ഇത്തരത്തിൽ ക്രൂരമായി പീഡിപ്പിച്ച് കെട്ടിത്തൂക്കിയില്ലേ; ആ കേസെല്ലാം എവിടെപ്പോയി; ആ കേസിന് എന്തുസംഭവിച്ചു? അട്ടപ്പാടി കേസിലും വാളയാർ കേസിലും നിങ്ങളുമായി ബന്ധപ്പെട്ടവരും പാർട്ടിക്കാരും പ്രവർത്തകരുമുണ്ടായിരുന്നു. ഇതെല്ലാം അവരെ സംരക്ഷിക്കാൻ വേണ്ടി നടത്തിയ ശ്രമങ്ങളാണ്. പാർട്ടിക്കാർ എത്ര ഹീനകൃത്യം ചെയ്താലും അവരെ നിങ്ങൾ എന്തുവില കൊടുത്തും സംരക്ഷിക്കും. ശ്രീ. സണ്ണി ജോസഫ് അവസാനം വായിച്ച ഒരു വാചകമുണ്ട്. എന്താണ് ഈ കേസിന്റെ വിധിന്യായത്തിൽ പറഞ്ഞിരിക്കുന്നത്? "Thus I find that adopting lethargic attitude throughout the investigation and unscientific way of collecting of evidence without showing the shrewdness and intelligence reasonably expected from an investigating officer, seriously affected the prompt and timely collection of

evidence in the case." ഒരു ജഡ്ജ്മെന്റിൽ അന്വേഷണ ഉദ്യോഗസ്ഥനെതിരെ ഇതിൽക്കൂടുതൽ എങ്ങനെയാണ് പറയാൻ സാധിക്കുന്നത്? ഇതെല്ലാം ഫോറൻസിക് എവിഡൻസിന്റെയും സാഹചര്യ തെളിവുകളുടെയും അഭാവമാണെന്ന് അക്കമിട്ട് പറഞ്ഞിരിക്കുകയാണ്. എവിഡൻസ് ആക്ടിന്റെ അടിസ്ഥാനകാര്യങ്ങൾ പോലും അറിയാത്ത ഒരു അന്വേഷണ ഉദ്യോഗസ്ഥനെയാണോ ഇതുപോലുള്ള കേസ് അന്വേഷിക്കാൻ ചുമതലപ്പെടുത്തിയത്. തൊണ്ടി മുതലുകൾ പോലും സീൽ ചെയ്യാതെയാണ് കൊണ്ടുവന്നത്. ഒരു സംഭവമുണ്ടായ സ്ഥലത്തുനിന്നും തെളിവുകൾ ശേഖരിക്കുമ്പോൾ ചെയ്യേണ്ട അടിസ്ഥാനപരമായ ചില ആദ്യപാഠങ്ങളുണ്ട്. അതറിയാത്ത ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർമാരാണോ നിങ്ങളുടെ എസ്.എച്ച്.ഒ.-മാർ? ഇതൊന്നും അവർക്ക് അറിയാൻ പാടില്ലാത്തതല്ലല്ലോ; അവർ അന്വേഷിക്കുന്ന ആദ്യത്തെ കേസൊന്നുമല്ലല്ലോ ഇത്. അവിടെനിന്നും കണ്ടെടുത്ത തൊണ്ടിമുതലുകളൊന്നും സീൽ ചെയ്തിട്ടില്ല. സംഭവസ്ഥലത്തുനിന്നും ആവശ്യമായ യാതൊരു വിവരവും ശേഖരിച്ചിട്ടില്ല. ജഡ്ജ്മെന്റിൽ ആദ്യം പറഞ്ഞിരിക്കുന്നത് ഒരാൾ തൂങ്ങി മരിച്ചാൽ

അല്ലെങ്കിൽ ത്ലക്കികൊന്നാൽ രക്തം, മലമൂത്ര വിസർജ്ജനം എന്നിവയുടെ സാന്നിധ്യം അന്വേഷണ ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ട സുപ്രധാനമായ കാര്യങ്ങളാണ് എന്നാണ്. ഇതൊന്നും അന്വേഷണ ഉദ്യോഗസ്ഥൻ ചെയ്തിട്ടില്ല. ഇത്രയും വലിയൊരു സംഭവം ഉണ്ടായിട്ടും അന്നേദിവസം അന്വേഷണ ഉദ്യോഗസ്ഥർ സംഭവമുണ്ടായ വീട്ടിൽ പോയില്ല. പിറ്റേദിവസമാണ് അദ്ദേഹം അവിടെ പോകുന്നത്. അതാണ് lethargic attitude എന്നുപറയുന്നത്. എന്നിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ വന്ന് പോലീസിനെ പ്രശംസിക്കുകയാണ്. ഇത് നാടിന് മുഴുവൻ അപമാനമല്ലേ? ആറ് വയസ്സുകാരി പെൺകുട്ടിയെ പീഡിപ്പിച്ച് കൊന്ന് കെട്ടിത്തൂക്കിയ സംഭവത്തിൽ പോലീസ് ഇത്തരത്തിലാണ് അന്വേഷണം നടത്തുന്നതെങ്കിൽ എങ്ങനെയാണ് നീതി കിട്ടുന്നത്? ഈ നാട്ടിൽ എവിടെ നീതി കിട്ടും? അട്ടപ്പാടിയും വാളയാറും സംഭവിച്ചതുതന്നെയാണ് വണ്ടിപ്പെരിയാറിലും ആവർത്തിക്കപ്പെട്ടത്. ഇതിനെതിരെ കർശന നടപടി സ്വീകരിക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കിയത്. ഡിസംബർ 14-ാം തീയതി ജഡ്ജ്മെന്റ് വന്നതല്ലേ? ഇന്ന് 2024 ഫെബ്രുവരി 1-ാം തീയതിയായി. ഒന്നര

മാസം കഴിഞ്ഞിട്ടും ഇതിനെതിരെ ഒരു ചെറുവിരൽ പോലും അനക്കാൻ സർക്കാർ തയ്യാറായിട്ടില്ല. അപ്പീൽ കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞല്ലോ. ഇതേ തെളിവുമായല്ലേ അപ്പീൽ പോകുന്നത്. ഇതിനുമുമ്പ് ഒരു വിദേശ പെൺകുട്ടി കൊല ചെയ്യപ്പെട്ട കേസുണ്ടായിരുന്നല്ലോ. റീ-ഇൻവെസ്റ്റിഗേഷൻ നടത്തി കൃത്യമായ തെളിവുകൾ കണ്ടെത്തി കൊടുത്തപ്പോഴല്ലേ ആ കേസിലെ പ്രതികൾക്ക് ശിക്ഷ വിധിച്ചത്. അപ്പീൽ പോകുന്നത് മാത്രമാണോ നടപടിക്രമം? നിങ്ങൾ എന്ത് നിയമോപദേശമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചത്? ഈ കേസ് ഇതേ തെളിവുമായി ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ അപ്പീൽ പോയിരിക്കുകയാണ്. ഈ തെളിവുകളും ഈ ജഡ്ജ്മെന്റുമായി ഹൈക്കോടതിയിൽ പോയാൽ ആ കുടുംബത്തിന് എങ്ങനെ നീതി ലഭിക്കും? ഒരു റീ-ഇൻവെസ്റ്റിഗേഷനുപോലും നിങ്ങൾ മനഃപൂർവ്വം തയ്യാറായില്ല. നിങ്ങളുടെ പാർട്ടിക്കാരുടെ ആവശ്യപ്രകാരം ഈ പ്രതിയെ രക്ഷിക്കുന്നതിനുവേണ്ടി നടത്തിയ മനഃപൂർവ്വമായ ശ്രമമാണിത്. കേരളത്തിന് മുഴുവൻ അപമാനകരമായ ഈ സംഭവത്തിലെ ഉത്തരവാദിയും

ഒന്നാം പ്രതിയും സർക്കാരാണ്. സർക്കാരിന്റെ അലംഭാവത്തിലും നിസംഗതയിലും ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, വണ്ടിപ്പെരിയാറിലെ ആറുവയസുകാരിയായ പെൺകുഞ്ഞിന്റെ കൊലപാതകത്തിൽ അന്വേഷണവും തെളിവ് ശേഖരണവും ശരിയായി നടന്നില്ല എന്നുള്ളത് ഏറെക്കുറെ വ്യക്തമായ സാഹചര്യത്തിൽ വകുപ്പുതല അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കാൻ കാലതാമസം വരുത്തേണ്ട കാര്യമില്ല. ഇത് വളരെ ശ്രദ്ധേയമായ കാര്യമാണ്. ഈ കേസിൽ പ്രാഥമികമായി ചെയ്യേണ്ട കാര്യങ്ങളൊന്നും ചെയ്തിട്ടില്ല എന്നുള്ളത് ഇന്നത്തെ ചർച്ചയിൽനിന്ന് വ്യക്തമാണ്. ഇത്തരത്തിലൊരു സംഭവമുണ്ടായാൽ വളരെവേഗം പ്രാഥമികമായി ചെയ്യേണ്ട കാര്യങ്ങൾ കരുതിക്കൂട്ടി ചെയ്യാതിരുന്നുവെന്നാണ് ഇവിടെയുണ്ടായ ചർച്ചയിൽനിന്നും

റിപ്പോർട്ടുകളിൽനിന്നും മനസ്സിലാകുന്നത്. അതുസംബന്ധിച്ച് വകുപ്പുതല അന്വേഷണം തുടർന്നുകൊണ്ടിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. അതിൽ കാലതാമസമുണ്ടാകുന്നത് ഏറെ ആശങ്കയുളവാക്കുന്ന കാര്യമാണ്. പിഞ്ചുകുഞ്ഞിനെ പീഡിപ്പിച്ചുകൊന്ന കേസിന്റെ അന്വേഷണത്തിൽ ഒത്തുകളി ഉണ്ടായിട്ടുണ്ടെന്നത് തീർച്ചയായും പ്രതിഷേധാർഹമാണ്. ഈ വിഷയം ഗവൺമെന്റ് ആവശ്യമായ ഗൗരവത്തിൽ കാണുന്നില്ല എന്നതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, പോലീസിന്റെയും പ്രോസിക്യൂഷന്റെയും ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചമൂലമാണ് വണ്ടിപ്പെരിയാറിലെ ഒരു കൊച്ചുകുട്ടിയെ പീഡിപ്പിച്ചുകൊന്ന നിർഭാഗ്യകരമായ സംഭവത്തിൽ പ്രതി കുറ്റവിമുക്തനാക്കപ്പെട്ട സാഹചര്യമുണ്ടായത്. ഇതിനെ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയായി മാത്രമേ കാണാൻ കഴിയുകയുള്ളൂ.

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ, പോലീസിന്റെയും പോസിക്യൂഷന്റെയും ഭാഗത്തുനിന്ന് തുടക്കം മുതലുണ്ടായ നിരന്തരമായ വീഴ്ച ഒരുതരത്തിലും സംഭവിക്കാൻ പാടില്ലാത്തതായിരുന്നു. ഇത്രയും ഗുരുതരമായ വീഴ്ചയുണ്ടായപ്പോൾ സർക്കാരും നിസ്സംഗതയോടെ കൈയുംകെട്ടി നോക്കിനിൽക്കുകയും പ്രതികളെ സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കുകയും ചെയ്തുവെന്ന കാര്യമാണ് പുറത്തുവരുന്നത്. കേരള മനസ്സാക്ഷിയെ ഞെട്ടിച്ച, ഇത്രയും പ്രതിഷേധാർഹമായ സംഭവത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉത്തരവാദിത്വപൂർണ്ണമായ നിലപാടുണ്ടാകേണ്ടതായിരുന്നു. പ്രതി രക്ഷപ്പെട്ട സാഹചര്യത്തിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, വണ്ടിപ്പെരിയാർ സംഭവത്തിൽ പോലീസിനും പ്രോസിക്യൂഷനും സംഭവിച്ചിരിക്കുന്ന വീഴ്ച ബഹുമാനപ്പെട്ട കോടതിതന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ ആദ്യം

അന്വേഷണ ഉദ്യോഗസ്ഥനെതിരെയാണ് ഗവൺമെന്റ് നടപടി സ്വീകരിക്കേണ്ടത്. ഭാവിയിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കരുതെന്ന് അന്വേഷണ ഉദ്യോഗസ്ഥർക്ക് മുന്നറിയിപ്പ് നൽകാനുള്ള ഇടപെടലെങ്കിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. അത്തരത്തിലുള്ള യാതൊരു ഇടപെടലുമുണ്ടായിട്ടില്ല. പോക്സോ കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ട കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പ്രതിപാദിച്ചു. മറ്റ് നിരവധി കേസുകളിൽ പ്രതികൾക്ക് ശിക്ഷ ലഭിക്കുമ്പോഴും, വണ്ടിപ്പെരിയാർ കേസ് നമ്മുടെ മുന്നിലുള്ളപ്പോൾ ഇതിലെ യഥാർത്ഥ പ്രതികൾ രക്ഷപ്പെടുന്നത് കേരളത്തിലെ പൊതുസമൂഹത്തിന് വളരെ കളങ്കിതമായ സാഹചര്യമാണുണ്ടാകുന്നതെന്ന് ഗവൺമെന്റ് തിരിച്ചറിയണം. ഈ കേസിൽ പുനരന്വേഷണമുണ്ടാകേണ്ടതുണ്ട്. യഥാർത്ഥ പ്രതിയെ നിയമത്തിന് മുന്നിൽ കൊണ്ടുവന്ന് ശിക്ഷ വാങ്ങി നൽകാനുള്ള ഉത്തരവാദിത്വം ഗവൺമെന്റിനാണ്. ഗവൺമെന്റ് ഇക്കാര്യം നടപ്പാക്കാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, വണ്ടിപ്പെരിയാറിൽ ദാരുണമായ സംഭവമാണുണ്ടായിരിക്കുന്നത്. പ്രോസിക്യൂഷന്റെയും അന്വേഷണ ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ് ഈ കേസ് ഇത്തരത്തിൽ പരാജയപ്പെടാനിടയാക്കിയത്. ആ അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. കേസിൽ അപ്പീൽ പോകുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. പ്രതികളെ വീണ്ടും രക്ഷപ്പെടുത്താൻ വേണ്ടി മാത്രമാണ് ദുർബലമായ തെളിവുകളുമായി അപ്പീൽ പോകുന്നത്. സർക്കാരിന് പ്രതികളെ ശിക്ഷിക്കാനുള്ള ഉദ്ദേശ്യമില്ല എന്നുള്ളത് വളരെ വ്യക്തമാണ്. അതുകൊണ്ടുതന്നെ ഈ കേസിൽ അപ്പീൽ പോകുകയല്ല, പുനരന്വേഷണം നടത്താൻ സർക്കാർ തയ്യാറാവുകയാണ് വേണ്ടത്. ആറുവയസുള്ള പെൺകുട്ടിയുടെ കുടുംബത്തിന് നീതി ലഭിക്കാൻ സർക്കാർ ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം അതാണ്. ആ കാര്യത്തിൽ സർക്കാർ

തീരുമാനമുണ്ടാകുമോ എന്നതാണ് ഏറ്റവും പ്രധാനം. ഇത്രയും ഗുരുതരമായ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി. സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

**[10.33 AM]**

**IV. ശ്രദ്ധക്ഷണിക്കൽ**

(1) ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, മധ്യകേരളത്തിന്റെ വികസന പ്രതീക്ഷകൾക്ക് ഇന്ന് ആകാശത്തോളം ഉയരമുണ്ട്. മധ്യതിരുവിതാംകൂറിന്റെ ഈ ആകാശ സ്വപ്നങ്ങൾക്ക് പൊൻചിറകേകുന്നത് അങ്ങ് നേതൃത്വം നൽകുന്ന എൽ.ഡി.എഫ്. സർക്കാരാണ്. കേരളത്തിൽ അഞ്ചാമത്തെ വിമാനത്താവളം യാഥാർത്ഥ്യമാക്കുന്നതിനായി നിരവധി പ്രതിസന്ധികൾ തരണം ചെയ്തുകൊണ്ട് നിർമ്മാണം ആരംഭിക്കുന്ന ശബരിമല ഗ്രീൻഫീൽഡ്

വിമാനത്താവാളത്തിനുവേണ്ടി ഇച്ഛാശക്തിയോടെ ഇടപെടുന്ന ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഗെയിൽ പൈപ്പ്ലൈൻ, വിഴിഞ്ഞം തുറമുഖം, ദേശീയപാത വികസനം തുടങ്ങിയവപോലെ ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളംകൂടി യാഥാർത്ഥ്യമായാൽ നമ്മുടെ നാട് വലിയ വികസനക്കുതിപ്പിലേയ്ക്ക് എത്തിച്ചേരുന്നതാണ്. ഇന്ത്യയിലെതന്നെ ഏറ്റവുമധികം പ്രവാസികളുള്ള പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലെ പ്രവാസികൾക്കും പ്രദേശവാസികൾക്കും ഇന്ത്യയിലെ ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രങ്ങളിലൊന്നായ ശബരിമലയിൽ എത്തിച്ചേരുന്ന തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് ഉൾപ്പെടെയുള്ള ഇതര സംസ്ഥാനങ്ങളിലെ തീർത്ഥാടകർക്കും ഇന്ത്യയിലെ ഏറ്റവും വലിയ ക്രിസ്തീയ കൺവെൻഷനുകളിലൊന്നായ മാരാമൺ കൺവെൻഷനിൽ പങ്കെടുക്കാനെത്തുന്ന വിശ്വാസികൾക്കുമെല്ലാം ഈ വിമാനത്താവളം ഏറെ ഗുണകരമാകും. ഇപ്പോൾ ചെറുവള്ളിയിലെ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് ആവശ്യമായ

അനുമതികൾ ലഭ്യമാക്കി വിമാനത്താവള നിർമ്മാണത്തിനുള്ള നടപടി ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ ശബരിമല വിമാനത്താവള പദ്ധതി ഗെയിൽ പൈപ്പ്ലൈൻ, നാഷണൽ ഹൈവേ തുടങ്ങിയവുടെ ഗണത്തിൽപ്പെടുന്നതല്ല. ഇത് നമ്മുടെ സംസ്ഥാനത്തിന്റെ പ്രധാന പദ്ധതിയായി കണക്കാക്കുകയും അതിന്റെ ഭാഗമായി നിലവിൽ കേന്ദ്ര സർക്കാരിന്റെ ക്ലിയറൻസുകളിൽ ചിലത് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. സൈറ്റ് ക്ലിയറൻസും ഡിഫൻസ് ക്ലിയറൻസും ലഭ്യമായിട്ടുണ്ട്. ഇനി ലഭ്യമാകേണ്ട സുരക്ഷ ക്ലിയറൻസിനുള്ള അപേക്ഷ ആഭ്യന്തര മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. മറ്റ് കാര്യങ്ങളിൽനിന്നും വ്യത്യസ്തമായി ഈ വിമാനത്താവളത്തിന്റെ കാര്യത്തിൽ നിലവിൽ ആരോഗ്യപരമായ സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. എന്നാൽ മറ്റ് പല കാര്യങ്ങളിലും കേന്ദ്ര സർക്കാർ നിഷേധാത്മകമായ സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇക്കാര്യം നമുക്ക് അനുഭവമുള്ളതുമാണ്. വിമാനത്താവളവുമായി ബന്ധപ്പെട്ട

പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് തയ്യാറാക്കുകയും ആയത് കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. ഇതോടൊപ്പം സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് തയ്യാറാക്കിയ അന്തിമ സാമൂഹ്യ ആഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് പഠിക്കുന്നതിന് നിയോഗിച്ചിരുന്ന ഏഴംഗ സമിതി ശിപാർശ സമർപ്പിച്ചിട്ടുണ്ട്. അത് പരിഗണിച്ചുകൊണ്ട് 2570 ഏക്കറോളം ഭൂമി വിമാനത്താവള നിർമ്മാണത്തിനായി ഏറ്റെടുക്കുന്നതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു. ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിനുവേണ്ടി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) രൂപീകരിക്കുന്നതിനും വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനും ഒരു ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ:</u> സർ, അവശേഷിക്കുന്ന അനുമതികൾകൂടി ലഭ്യമായാൽ വിമാനത്താവളം എപ്പോൾ യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, അനുമതികൾ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കാൻ കഴിയും. വിമാനത്താവളത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(2) സംസ്ഥാനത്തെ ജാതി സെൻസസ്

ഡോ. എം. കെ. മുനീർ: സർ, 2023 സെപ്റ്റംബർ 22 എന്നത് ഇന്ത്യയിൽ നൂറ്റാണ്ടുകളായി സാമൂഹികപരമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന ജനവിഭാഗത്തിന്റെ ചരിത്രത്തിൽ സ്വർണ്ണ ലിപികളിൽ രേഖപ്പെടുത്തിയ ഒരു ദിവസമാണ്. ഓരോ പത്ത് വർഷം കൂടുമ്പോഴും സംവരണ ലിസ്റ്റ് പുനഃപരിശോധിച്ച് പുനർനിർണ്ണയിക്കണമെന്ന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്ക് ഹൈക്കോടതിയും സുപ്രീംകോടതിയും കാലാകാലങ്ങളിൽ നൽകിയ ഉത്തരവുകൾ പാലിക്കാത്തതിന്റെ പേരിൽ കോടതി അലക്ഷ്യത്തിന് ജസ്റ്റിസ് ബി. ആർ. ഗവായ് അദ്ധ്യക്ഷനായ മൂന്നംഗ ബെഞ്ച് നോട്ടീസ് അയയ്ക്കുകയുണ്ടായി. ഇതിന് മറുപടിയായി സംസ്ഥാന ഗവൺമെന്റ് ബഹു. സുപ്രീംകോടതി മുമ്പാകെ ഫയൽ ചെയ്ത ഒരു

അഫിഡവിറ്റിലാണ് ജാതി സെൻസസുമായി ബന്ധപ്പെട്ട സുപ്രധാന നിലപാട് കേരള ഗവൺമെന്റ് സ്വീകരിച്ചുവെന്നുള്ള വാർത്തകൾ പുറത്തുവന്നത്. ജാതി സെൻസസുമായി ബന്ധപ്പെട്ട കാര്യങ്ങൾ തീരുമാനിക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ് എന്ന ഒഴുക്കൻ മട്ടിലുള്ള ഒരു നിലപാടാണ് സുപ്രീംകോടതിയിൽ സമർപ്പിച്ച അഫിഡവിറ്റിലൂടെ കേരള ഗവൺമെന്റ് വ്യക്തമാക്കിയത്. അതിൽ ഇങ്ങനെയാണ് പറയുന്നത് 'A purported report on the socio-economic caste census, 2011 has been forwarded to the Chairman of Kerala State Commission for Backward Classes on May 25, 2023. But the report given by the Central Government is not at all helpful for identification of socially and educationally backward classes within the State of Kerala. It is further submitted that the same does not contain any socio-economic caste data, whatsoever. The report forwarded to the Chairman of Kerala State Commission for Backward Classes was forwarded by the commission to the Government. A copy of the report with the forwarding letter is attached as annexure'. സോഷ്യോ-

ഇക്കണോമിക് ഡാറ്റാ കൃത്യമായി ലഭിക്കാത്തതുകൊണ്ട് ഇവിടെ ജാതി സെൻസസ് എടുക്കാൻ സാധിക്കില്ലെന്നാണ് പിന്നാക്ക വിഭാഗ വികസന കമ്മീഷൻ ചെയർമാൻ അയച്ചുതന്ന റിപ്പോർട്ടനുസരിച്ച് ഗവൺമെന്റ് നിലപാട് എടുത്തിരിക്കുന്നത്. പക്ഷെ സർക്കാർ അറിയാതെ പോയൊരു കാര്യം ഇതിലുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ Social Justice and Empowerment Department-ൽനിന്നും Kerala State Commission for Backward Classes-ന്റെ ചെയർമാന് അയച്ച കത്തിന്റെ annexure-ൽ അവസാനം പറയുന്ന കാര്യത്തെക്കുറിച്ച് സർക്കാർ മറന്നുപോയി. അതിൽ പറയുന്നത്, 'Thus after the enactment of Constitution 105th Amendment Act, the material sought by the State Government, specifically the raw caste data of the Socio-Economic Caste Census 2011, is not a pre-requisite for conducting the socio-economic caste census by the State Government. The State Governments are at liberty to maintain their separate state list of socially and economically backward classes and to conduct any socio-economic caste census as per their own requirements.' സംസ്ഥാന സർക്കാരിന്റെ

ആവശ്യമനുസരിച്ച് ജാതി സെൻസസ് നടത്താം എന്ന 105-ാമത്തെ ഭരണഘടനാ ഭേദഗതിയെ വിസ്മരിച്ചുകൊണ്ടാണ് സർക്കാർ അഫിഡവിറ്റ് ഫയൽ ചെയ്തിരിക്കുന്നത്. സർക്കാരിന്റെ അഫിഡവിറ്റ് പ്രകാരം 102-ാം ഭേദഗതി ആക്ടിൽ പറഞ്ഞിരിക്കുന്നത് എന്താണ്? അതിൽ പറയുന്നത്, സംസ്ഥാന സർക്കാരിന്റെ എല്ലാ അധികാരങ്ങളും തിരിച്ചെടുക്കുന്നുവെന്നാണ്. അതിനെതിരെ ഇന്ത്യയിൽ വലിയ പ്രക്ഷോഭമുണ്ടായി. റീജിയണൽ പാർട്ടിയും നാഷണൽ പാർട്ടിയും അതിനെതിരെ ശബ്ദിച്ചു. അതിന്റെ ഫലമായാണ് 105-ാം ഭരണഘടനാ ഭേദഗതി കൊണ്ടുവന്നത്. അതിലൂടെ സംസ്ഥാന സർക്കാരിന് സോഷ്യോ-ഇക്കണോമിക് സെൻസസ് എടുക്കാനുള്ള അവകാശം തിരിച്ചുനൽകി. എന്നിട്ടും കേന്ദ്ര ഗവൺമെന്റ് അനുമതി തന്നാൽ മാത്രമെ അത് ചെയ്യാൻ സാധിക്കുകയുള്ളൂവെന്നാണ് സംസ്ഥാന സർക്കാർ കോടതിയിൽ പറഞ്ഞിരിക്കുന്നത്. ഇവിടെ ഒരു ചരിത്രമുണ്ട്; 2012-ൽ ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരിക്കുമ്പോൾ സ്വാതന്ത്ര്യത്തിനുശേഷം ചരിത്രത്തിൽ ആദ്യമായി ഇവിടെ ഒരു ജാതി സെൻസസ് വന്നിട്ടുണ്ട്. സ്വാതന്ത്ര്യത്തിനുശേഷം ആദ്യമായി കേരളത്തിൽ

ജാതി സെൻസസാണ് നടത്തപ്പെട്ടത്. പക്ഷേ ദൗർഭാഗ്യവശാൽ അത് ബഹു. സുപ്രീംകോടതിയിൽ strike ചെയ്തുപോയി. അന്ന് strike ചെയ്ത കാരണങ്ങളടക്കം പരിശോധിച്ച് കേരള ഗവൺമെന്റ് വീണ്ടും ഒരു ജാതി സെൻസസ് നടത്താൻ തയ്യാറാണോ? ജാതി സെൻസസ് എന്നുപറയുമ്പോൾ, അതിലൂടെ ഏതെങ്കിലും ഒരു വിഭാഗത്തിന്റേത് മാത്രമല്ല, മറിച്ച് മുന്നാക്കം, പിന്നാക്കം, പട്ടികജാതി-പട്ടികവർഗ്ഗ, ഗോത്രവർഗ്ഗങ്ങളടക്കം എല്ലാവരുടെയും ജാതിപരവും സാമ്പത്തിക-സാമൂഹിക അവസ്ഥ, തൊഴിലവസ്ഥ, ഉദ്യോഗത്തിൽ അവരുടെ പ്രാതിനിധ്യം എന്നിവയെല്ലാം കണ്ടെത്താൻ കഴിയും. ഇത് ഏതെങ്കിലും ഒരു ജാതിയുടെ മാത്രം കാര്യത്തിനുവേണ്ടിയല്ല, എല്ലാ ജാതികളുടെയും അവസ്ഥ മനസ്സിലാക്കുന്നതിനും അതനുസരിച്ച് അവർക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്നതിനും വേണ്ടിയാണ്; ഭരണഘടനയുടെ ആർട്ടിക്കിൾ 340 പ്രകാരം നൽകുന്ന അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ്. ഞങ്ങളിവിടെ ഇത് പറയുമ്പോൾ ജാതീയമായി ആരും ചിന്തിക്കേണ്ട. ഭരണഘടനയുടെ 188-ാം അനുച്ഛേദപ്രകാരമാണ് നാമെല്ലാവരും സത്യപ്രതിജ്ഞ ചെയ്യുന്നത്.

ഭരണഘടനയിലെ ആർട്ടിക്കിൾ 340 യാഥാർത്ഥ്യമാക്കുന്നതിനായി ഈ ഗവൺമെന്റിന് എന്തുചെയ്യാൻ സാധിക്കും. ഗവൺമെന്റ് എപ്പോഴും ഭരണഘടനയെക്കുറിച്ച് പറയുന്നുണ്ടല്ലോ. ഞങ്ങളുടെ അവകാശങ്ങൾ വകവച്ചുതരുന്നതാണ് ഏറ്റവും പ്രധാനം എന്ന് മനസ്സിലാക്കണം. ഗവൺമെന്റിന്റെ പോളിസി എന്താണെന്ന് അറിയാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. ജാതി സെൻസസിന് ഗവൺമെന്റ് അനുകൂലമാണോ, അതോ പ്രതികൂലമാണോ എന്നറിയണം. എല്ലാ സംസ്ഥാനങ്ങളിലും ജാതി സെൻസസ് നടപ്പിലാക്കുന്നതിനുവേണ്ടി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പ്രതിജ്ഞാബദ്ധമാണെന്നാണ് ശ്രീ. രാഹുൽ ഗാന്ധി പറഞ്ഞിരിക്കുന്നത്. കോൺഗ്രസ്സ് പിന്തുണ നൽകുന്ന കാലത്താണ് ബീഹാർ മുഖ്യമന്ത്രി ശ്രീ. നിതീഷ് കുമാർ ജാതി സെൻസസ് നടത്തിയത്. പക്ഷെ അദ്ദേഹം ബി.ജെ.പി.-യിലേയ്ക്ക് പോയതോടുകൂടി ജാതി സെൻസസ് മരവിച്ചു. ജാതി സെൻസസ് ഏതെങ്കിലും മതവിഭാഗത്തെയോ ജാതിയെയോ തകർക്കാനല്ല, എല്ലാ വിഭാഗങ്ങളും എവിടെ എത്തിനിൽക്കുന്നുവെന്ന് അറിയാനാണ് എന്ന്

പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നും ഇതിനുള്ള മറുപടി പ്രതീക്ഷിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട ഡോ. എം. കെ. മുനീർ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത് നമ്മുടെ സംസ്ഥാനത്ത് ജാതി സെൻസസ് നടപ്പാക്കണമെന്നാണ്. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 246 പ്രകാരം ജനസംഖ്യ കണക്കെടുപ്പ് കേന്ദ്ര സർക്കാരിന്റെ അധികാരപരിധിയിൽ വരുന്ന വിഷയമാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ 105-ാം ഭരണഘടന ഭേദഗതിയിലൂടെ സംസ്ഥാന സർക്കാരുകൾക്ക് സോഷ്യോ-ഇക്കണോമിക് കാസ്റ്റ് സെൻസസ് തയ്യാറാക്കാൻ അധികാരം നൽകിയിട്ടുണ്ട്. എന്നാൽ സെൻസസിന്റെ ഭാഗമായി സമഗ്രമായ വിവരശേഖരണം നടത്തുന്നതിലൂടെ മാത്രമെ വിവിധ ജനവിഭാഗങ്ങളുടെ കൃത്യമായ ജനസംഖ്യാ കണക്കുകളും അനുബന്ധ വിവരങ്ങളും ലഭ്യമാകുകയുള്ളൂ. കാലാനുസൃതമായി സംവരണം പുനഃക്രമീകരിക്കുന്നതിനും

പ്രാതിനിധ്യം ഇല്ലാത്ത വിഭാഗങ്ങൾക്ക് പ്രാതിനിധ്യം ഉറപ്പാക്കുന്നതിനും കൃത്യമായ ജനസംഖ്യാ കണക്കുകൾ ആവശ്യമാണ്. എന്നാൽ സംസ്ഥാനത്തിന്റേതായ പരിധിയിൽനിന്ന് സോഷ്യോ-ഇക്കണോമിക് കാസ്റ്റ് സെൻസസ് നടത്തുന്നതിലൂടെ ലഭ്യമാകുന്ന വിവരങ്ങൾ ദേശീയ പശ്ചാത്തലത്തിൽ വിലയിരുത്താൻ സാധ്യമാകില്ല. 2021-ൽ നടക്കേണ്ടിയിരുന്ന, എന്നാൽ ഇനിയും നടത്തിയിട്ടില്ലാത്ത സെൻസസിന്റെ ഭാഗമായി സാമൂഹിക സാമ്പത്തിക സ്ഥിതിവിവരങ്ങൾ സമഗ്രമായി ശേഖരിക്കുകയാണ് ഉചിതം. 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസിലൂടെ ശേഖരിച്ച വിവരങ്ങൾ പിന്നാക്ക വിഭാഗ വികസന വകുപ്പ് കേന്ദ്ര സർക്കാരിനോട് നിരവധി ഘട്ടങ്ങളിൽ ആവശ്യപ്പെട്ടെങ്കിലും അത് നൽകിയില്ല. അതിന് പകരമാണ് 105-ാം വകുപ്പ് ഭേദഗതി ചെയ്തുകൊണ്ട് സംസ്ഥാന ഗവൺമെന്റുകൾക്കുതന്നെ സോഷ്യോ-ഇക്കണോമിക് കാസ്റ്റ് സെൻസസ് നടത്താമെന്ന് പറഞ്ഞത്. രാജ്യത്തിന്റെ ആകെ കണക്ക് ഒരു സംസ്ഥാനത്തിനും കൊടുക്കാൻ തയ്യാറാകാതെയാണ് സംസ്ഥാനങ്ങൾക്ക് സോഷ്യോ-ഇക്കണോമിക് കാസ്റ്റ് സെൻസസ് നടത്താൻ അധികാരം

കൊടുത്തുകൊണ്ടുള്ള നിയമഭേദഗതി കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നത്. നമ്മുടെ സംസ്ഥാനത്ത് അത് എങ്ങനെ നടപ്പിലാക്കണം എന്നത് സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ ഉയർന്നുവന്നിരുന്നു. ഈ വിഷയത്തിൽ മാനവ ഐക്യവേദി, മൈനോരിറ്റി ഇന്ത്യൻസ് പ്ലാനിംഗ് ആൻഡ് വിജിലൻസ് കമ്മീഷൻ ട്രസ്റ്റ് എന്നീ സംഘടനകൾ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും കേസ് കൊടുത്തിരുന്നു. സുപ്രീംകോടതിയിൽ കേസ് നിലനിൽക്കുന്നതുകൊണ്ട് ഹൈക്കോടതി ആ കേസ് പരിഗണിച്ചില്ല. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ കോടതിയിൽ അഫിഡവിറ്റ് നൽകിയത് സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. മേൽ സാഹചര്യത്തിൽ ബഹു. സുപ്രീംകോടതി മുൻപാകെയുള്ള കേസിന്റെ വിധി വരുന്നതുവരെ ഇതുമായി ബന്ധപ്പെട്ട തീരുമാനം എടുക്കേണ്ടതില്ല എന്നാണ് തീരുമാനിച്ചിരിക്കുന്നത്. ബഹു. സുപ്രീംകോടതി വിധി വന്നതിനുശേഷം അക്കാര്യത്തിൽ കൃത്യമായ സമവായം രൂപീകരിച്ച് സെൻസസ് എടുക്കുന്ന കാര്യത്തെക്കുറിച്ച് തീരുമാനിക്കാമെന്ന നിലപാടാണ് ഇപ്പോൾ ഗവൺമെന്റ്

കൈക്കൊണ്ടിട്ടുള്ളത്. ഒരു വിഭാഗത്തിന്റെയും ഒരു തരത്തിലുള്ള അവകാശങ്ങളും നിഷേധിക്കാനോ ഇല്ലാതാക്കാനോ കൂട്ടുനിൽക്കുന്ന ഒരു ഗവൺമെന്റല്ല കേരളത്തിലുള്ളത് എന്ന് ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതാണ്. എല്ലാ ജനവിഭാഗത്തിന്റെയും അവകാശങ്ങൾ സംരക്ഷിക്കാൻ ഏതറ്റംവരെയും പോകാൻ കഴിയുന്ന ഒരു ഗവൺമെന്റാണ് എന്നുള്ളതുകൊണ്ടുതന്നെ ബഹു. സുപ്രീംകോടതിവിധി വന്നതിനുശേഷം അക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

ഡോ. എം. കെ. മുനീർ: സർ, ബിഹാർ ഇന്ത്യയുടെ ഭാഗം തന്നെയാണ്. അവർ കോടതിയെ സമീപിച്ചപ്പോൾ ജാതി സെൻസസ് എടുക്കുന്നതിൽ പ്രശ്നമില്ലെന്നും പ്രൊസീഡ് ചെയ്യാമെന്നും കേസ്സിന്റെ മെറിറ്റ് പരിശോധിക്കാമെന്നും സുപ്രീംകോടതി വിധിച്ചു. പ്രൊസീഡ് ചെയ്യാമെന്ന് പറഞ്ഞതുകൊണ്ട് ബിഹാറിൽ സെൻസസ് നടത്തി. പക്ഷെ എന്തുകൊണ്ടാണ് അത് നമുക്ക് ചെയ്യാൻ കഴിയാത്തത്? ഇവരുടെ കത്തിൽതന്നെ "...It is not a pre-requisite for conducting the socio-economic caste census..." എന്നുപറയുന്നുണ്ട്. സംസ്ഥാനത്തിന് സ്വന്തമായി

സോഷ്യൽ ഇക്കണോമിക് കാസ്റ്റ് സെൻസസ് ചെയ്യാമെന്ന് കേന്ദ്ര സർക്കാർ പറഞ്ഞ സാഹചര്യത്തിൽ ബഹു. സുപ്രീംകോടതിയുടെ വിധിക്കുവേണ്ടി നമ്മളെന്തിനാണ് കാത്തിരിക്കുന്നത്?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബിഹാറിന് കാസ്റ്റ് സെൻസസ് എടുക്കാമെന്ന് ബഹു. സുപ്രീംകോടതി പറഞ്ഞുവെന്നാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. അങ്ങനെയൊരു വിധി കേരള സംസ്ഥാന സർക്കാരിന് ലഭിക്കുകയാണെങ്കിൽ അതനുസരിച്ച് കാര്യങ്ങൾ ചെയ്യാൻ സാധിക്കും.

**[10.51 AM]**

**V. സബ്മിഷൻ**

(1) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം ജലം ലഭ്യമാക്കൽ

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഈ ജലവർഷത്തിൽ നമുക്ക് ലഭിക്കേണ്ട assured irrigation ലഭിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തര ഇടപെടൽ നടത്തണമെന്നാണ് ഞാൻ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. പറമ്പിക്കുളം-ആളിയാർ കരാർ രണ്ട് തവണ പുതുക്കേണ്ട കാലാവധി കഴിഞ്ഞിട്ടും പുതുക്കിയിട്ടില്ലെന്നുമാത്രമല്ല ഈ ജലവർഷത്തിൽ

നമുക്ക് അളന്നുനൽകേണ്ട assured irrigation-ൽനിന്നും 3.54 ടി.എം.സി. ജലം മാത്രമാണ് നാളിതുവരെയും ലഭിച്ചിട്ടുള്ളത്. ചിറ്റൂർ പുഴ, മീങ്കര, ചുള്ളിയാർ ഡാമുകളെ ആശ്രയിച്ച് 23,475 ഹെക്ടർ ഭൂമിയിൽ നെൽകൃഷി മാത്രം ചെയ്യുന്ന 19,322 കൃഷിക്കാരാണുള്ളത്. മറ്റ് കൃഷികളിറക്കുന്ന ആയിരക്കണക്കിന് കൃഷിക്കാരുമുണ്ട്. മൂലത്തറ മുതൽ ചിറ്റൂർ പുഴ, ഭാരതപ്പുഴ, മീങ്കര ഡാമുകളിലായി നിരവധി മേജർ കുടിവെള്ള പദ്ധതികൾക്ക് assured irrigation-നെ മാത്രമാണ് ആശ്രയിക്കുന്നത്. പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിലും ആളിയാർ പുഴയിലെ മറ്റ് ഡാമുകളിലുമായി നിലവിൽ 10.5 ടി.എം.സി. ജലം ആണുള്ളത്. 300-500 ക്യൂസെക്സ് വെള്ളം ലഭിക്കേണ്ട ഇക്കാലയളവിൽ ഇന്നലെ രാത്രി വരെ 200 ക്യൂസെക്സിൽ താഴെ ജലം മാത്രമാണ് തമിഴ്നാട് ഇറിഗേഷൻ വകുപ്പ് സംസ്ഥാനത്തിന് നൽകിയിട്ടുള്ളത്. പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) കരാർ പ്രകാരം ജലത്തെ ആശ്രയിച്ച് രണ്ടാം വിളയിറക്കിയ കൃഷിക്കാരും കുടിവെള്ളത്തെ ആശ്രയിക്കുന്ന ജനങ്ങളും ഒരുപോലെ ആശങ്കയിലാണ്. അതുകൊണ്ട് ഈ ജലവർഷത്തിൽ നമുക്ക്

ലഭിക്കേണ്ട assured irrigation ലഭിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തരമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അതീവ ഗുരുതരമായ വിഷയമാണ് ബഹുമാന്യനായ അംഗം ഉന്നയിച്ചത്. പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരള സംസ്ഥാന അതിർത്തിയിൽ മണക്കടവ് വിയറിൽ ഒരു ജലവർഷം 7250 മില്ല്യൺ ക്യൂബിക് ഫീറ്റ് ജലം കേരളത്തിന് തമിഴ്നാട് ലഭ്യമാക്കേണ്ടതുണ്ട്. കരാർ വ്യവസ്ഥയനുസരിച്ച് അപ്പർ നീരാർ വെയറിൽ 2023 ഒക്ടോബർ 1-നും 2024 ജനുവരി 31-നുമിടയിൽ ലഭ്യമാകുന്ന മുഴുവൻ ജലവും കേരളത്തിന് അർഹതപ്പെട്ടതാണ്. 2023-2024 ജലവർഷത്തിൽ 29-01-2024 വരെ 3573 മില്യൺ ക്യൂബിക് ഫീറ്റ് ജലം മാത്രമാണ് ലഭ്യമായത്. കരാർ പ്രകാരം ജനുവരി ഒന്നാം ദ്വൈവാരം 5200 മില്യൺ ക്യൂബിക് ഫീറ്റ് ജലമാണ് ലഭിക്കേണ്ടിയിരുന്നത്. ഈ കാലയളവിൽ 5788 മില്യൺ ക്യൂബിക് ഫീറ്റ് ജലം കേരളം ആവശ്യപ്പെടുകയും ചെയ്തിരുന്നു. 2023-2024 ജലവർഷത്തിൽ മണക്കടവ് വിയറിൽ കേരളത്തിനാവശ്യമായ ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും സർക്കാർ

തലത്തിലും തമിഴ്നാടുമായി ഇടപെടലുകൾ നടത്തിയിട്ടുണ്ട്. 19-10-2023-ലെ സംയുക്ത ജലക്രമീകരണ ബോർഡ് യോഗത്തിൽ ചിറ്റൂർ പ്രദേശത്തെ കൃഷി, കുടിവെള്ളം എന്നീ ആവശ്യങ്ങൾക്കായി ലഭ്യമാക്കേണ്ട ജലത്തിന്റെ കണക്കുകൾ അവതരിപ്പിച്ചെങ്കിലും നിലവിലെ വരൾച്ച സാഹചര്യം കണക്കിലെടുത്ത് ജലം ലഭ്യമാക്കാനാകില്ലെന്നും ഡാമുകളുടെ വൃഷ്ടിപ്രദേശത്ത് മഴ ലഭ്യമാകുന്നമുറയ്ക്ക് കേരളം ആവശ്യപ്പെട്ട തോതിലുള്ള ജലം ലഭ്യമാക്കാമെന്നും തമിഴ്നാട് അറിയിക്കുകയുണ്ടായി. എന്നാൽ കേരളം ഈ സമീപനത്തോട് വിയോജിക്കുകയും ആവശ്യമെങ്കിൽ പറമ്പിക്കുളം ജലസംഭരണിയിൽനിന്നും ജലം ആളിയാർ ഡാമിലെത്തിച്ച് മണക്കടവ് വിയറിൽനിന്നും കേരളത്തിന് ജലം ലഭ്യമാക്കണമെന്ന് ആവർത്തിച്ച് ആവശ്യപ്പെടുകയുമുണ്ടായി. തുടർന്ന് ഈ ആവശ്യമുന്നയിച്ച് ജലവിഭവ വകുപ്പുസെക്രട്ടറി, ചീഫ് സെക്രട്ടറി എന്നിവർ തമിഴ്നാട് സർക്കാരിന് നിരവധി കത്തയച്ചെങ്കിലും നിലപാട് മാറ്റാൻ തമിഴ്നാട് തയ്യാറായില്ല. ഇന്നലത്തെ മന്ത്രിസഭാ യോഗത്തിലും ഈ പ്രശ്നം ഗൗരവമായി ചർച്ച ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കാൻ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. കരാർ

പ്രകാരം കേരളത്തിന് ലഭിക്കേണ്ട അർഹമായ ജലത്തിനായി തുടർന്നും ശക്തമായ ഇടപെടലുകൾ നടത്തുന്നതാണ്.

(2) പരവൂർ കോടതിയിലെ എ.പി.പി.-യുടെ ആത്മഹത്യ

ശ്രീ. ജി. എസ്. ജയലാൽ: സർ, എന്റെ നിയോജകമണ്ഡലത്തിൽ പരവൂർ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ അനീഷ്യയെ 21-01-2024-ന് സ്വന്തം വീട്ടിൽ ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തുകയുണ്ടായി. മാവേലിക്കര സെഷൻസ് കോടതി ജഡ്ജി ശ്രീ. അജിത്കുമാറാണ് അനീഷ്യയുടെ ഭർത്താവ്. അനീഷ്യ ആത്മഹത്യ ചെയ്യുന്നതിന് മുമ്പുള്ളതെന്ന് കരുതുന്ന ശബ്ദരേഖകൾ പ്രചരിക്കുന്നുണ്ട്. മേലുദ്യോഗസ്ഥരിൽനിന്നും സഹപ്രവർത്തകരിൽനിന്നും സമ്മർദ്ദം നേരിടുന്നതായും കോൺഫിഡൻഷ്യൽ റിപ്പോർട്ട് പരസ്യമാക്കിയെന്നും തെറ്റിന് കൂട്ടുനിൽക്കാത്തതിന് നിരന്തരം മാനസികപീഡനം അനുഭവിക്കുന്നതായും ആയതിനാൽ ആത്മഹത്യയുടെ വക്കിലാണെന്നും ശബ്ദസന്ദേശത്തിൽ പറയുന്നുണ്ട്. തൊഴിലിടത്ത് നേരിടേണ്ടിവരുന്ന മാനസികപീഡനം സംബന്ധിച്ച ഡയറിക്കുറിപ്പുകൾ

ഉള്ളതായും പറയപ്പെടുന്നുണ്ട്. ഈ ആത്മഹത്യയുമായി ബന്ധപ്പെട്ട് കൂടുതൽ കാര്യക്ഷമവും ശക്തവുമായ അന്വേഷണം അനിവാര്യമാണ്. അന്വേഷണത്തിന്റെ ചുമതല ക്രൈംബ്രാഞ്ച് ഏറ്റെടുത്ത സാഹചര്യത്തിൽ പരവൂർ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിലെ എ.പി.പി. അനീഷ്യയുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട് നീതിയുക്തവും ശക്തവുമായ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവന്ന് കുടുംബത്തിന് നീതി ഉറപ്പാക്കാനാവശ്യമായ നടപടി വേഗത്തിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, കൊല്ലം പരവൂർ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറായിരുന്ന അനീഷ്യയുടെ ആത്മഹത്യയിൽ പരവൂർ പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 174 വകുപ്പ് പ്രകാരം ക്രൈം നമ്പർ 119/2024 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്ന് കൊല്ലം ജില്ലാ ക്രൈം ബ്രാഞ്ചിന് അന്വേഷണം കൈമാറുകയും കൊല്ലം ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം ഊർജ്ജിതമായ

അന്വേഷണം നടത്തിവരികയുമാണ്. പോലീസ് അനീഷ്യ എഴുതിയതെന്ന് കരുതുന്ന ഡയറി കുറിപ്പിനെയും ടിയാളുടേതാണെന്ന് പറയപ്പെടുന്ന ശബ്ദരേഖയിലെയും ആരോപണങ്ങളെ സംബന്ധിച്ച് ശാസ്ത്രീയ പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സംഭവത്തിൽ വകുപ്പുതല അന്വേഷണം നടത്തുന്നതിന് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആരോപണ വിധേയരായ കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ ശ്രീ. അബ്ദുൾ ജലീൽ, പരവൂർ ജുഡീഷൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. ശ്യാംകൃഷ്ണ കെ. ആർ. എന്നിവരെ അന്വേഷണ വിധേയമായി സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവായിട്ടുമുണ്ട്.

(3) പൈവളിഗെയിൽ പോലീസ് സ്റ്റേഷൻ

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, മഞ്ചേശ്വരം താലൂക്കിലെ പൈവളിഗെ ബായിക്കട്ടയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കേരളത്തിന്റെ വടക്കേയറ്റത്ത് സ്ഥിതിചെയ്യുന്ന

കർണ്ണാടകയുമായി അതിർത്തി പങ്കിടുന്ന മഞ്ചേശ്വരം താലൂക്കിൽ നിലവിൽ കുമ്പള, മഞ്ചേശ്വരം എന്നീ രണ്ട് പോലീസ് സ്റ്റേഷനുകളാണുള്ളത്. 14 ഊടുവഴികളാണ് കർണ്ണാടകത്തിലേയ്ക്കുള്ളത്. കഴിഞ്ഞ രണ്ട് വർഷങ്ങളായി രാത്രികാലങ്ങളിലും ഉച്ചയ്ക്കും വൈകുന്നേരവും രാവിലെയുമൊക്കെ മുപ്പതിലധികം മോഷണങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത് വലിയൊരു മോഷണ പരമ്പരയായി തുടർന്നുവരികയുമാണ്. ഈ സംഭവങ്ങളിൽ പ്രതിഷേധിച്ചുകൊണ്ട് എന്റെ നാട്ടിൽ സമരം ആരംഭിച്ചിരിക്കുകയാണ്. 30-40 വർഷമായി മഞ്ചേശ്വരം കുമ്പള പോലീസ് സ്റ്റേഷന്റെ മദ്ധ്യേ പൈവളിഗെ പഞ്ചായത്തിലെ ബായിക്കട്ടയിൽ ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന് ഈ സഭയിലെ മുൻകാല എം.എൽ.എ.-മാർ നിരന്തരം ആവശ്യപ്പെട്ടിരുന്നതാണ്. പൈവളിഗെ ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കാനുള്ള പുതുക്കിയ പ്രൊപ്പോസൽ ജനുവരി മാസം 3-ാം തീയതി ഡി.ജി.പി. സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ മോഷണം ചെയ്യുന്നവരും കുറ്റവാളികളും പലപ്പോഴും വളരെ എളുപ്പത്തിൽ കർണ്ണാടകയിലേയ്ക്ക് കടക്കുന്നുണ്ട്. മഞ്ചേശ്വരത്ത് രണ്ട്

പോലീസ് സ്റ്റേഷനുകളിലുംകൂടി നാൽപ്പത്തിയെട്ടോളം വില്ലേജുകളുടെ ദൈർഘ്യമാണുള്ളത്. ഈ പോലീസ് സ്റ്റേഷൻ വരുന്നതോടെ മഞ്ചേശ്വരത്ത് സമാധാനവും ശാന്തതയും ക്രമസമാധാനവും നിലനിർത്താൻ സാധിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏതെങ്കിലും സ്റ്റേഷനുകളിൽനിന്ന് ഉദ്യോഗസ്ഥരെ വിന്യസിച്ചുകൊണ്ട് അവിടെ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കണം. പൈവളിഗെ പഞ്ചായത്തിൽ നിലവിൽ സ്ഥലം ലഭ്യമായിട്ടുണ്ട്; ഇത് പ്രവർത്തിപ്പിക്കുന്നതിനുള്ള വാടക കെട്ടിടം നൽകുന്നതിനും നാട്ടുകാർ തയ്യാറാണ്. ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുമെങ്കിൽ കൊടിയുടെ നിറം നോക്കാതെ നാട്ടുകാർ ഒറ്റക്കെട്ടായി ഏത് രീതിയിലും സഹകരിക്കാൻ തയ്യാറാകുന്നതാണ്. പോലീസ് സ്റ്റേഷൻ ഉടനെ അനുവദിച്ച് മഞ്ചേശ്വരത്തിന്റെ ക്രമസമാധാനവും മോഷണവുമടക്കമുള്ള കാര്യങ്ങൾ നിയന്ത്രിക്കുന്നതിന് ഇടപെടൽ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഈ വിഷയവുമായി ബന്ധപ്പെട്ട നടപടികളുടെ ഏകദേശ ചുരുക്കം അദ്ദേഹംതന്നെ

വ്യക്തമാക്കിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ പൈവളിഗെ പ്രദേശം മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ പരിധിയിലാണ് ഉൾപ്പെടുന്നത്. കർണ്ണാടകയുമായി അതിർത്തി പങ്കിടുന്ന ഈ പ്രദേശത്തെ ക്രമസമാധാനപാലനത്തിനുള്ള സൗകര്യാർത്ഥം ഒരു പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പൈവളിഗെ വില്ലേജിൽപ്പെട്ട 30 സെന്റ് ഭൂമി ആഭ്യന്തര വകുപ്പിന് കൈമാറിയിട്ടുണ്ട്. മഞ്ചേശ്വരം, കുമ്പള പോലീസ് സ്റ്റേഷനുകളുടെ അധികാര പരിധി വിഭജിച്ച് പൈവളിഗെയിൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി സർക്കാർ നിർദ്ദേശപ്രകാരമുള്ള ശിപാർശ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശ സർക്കാർ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## (4) ഹരിപ്പാട് സമഗ്ര കുടിവെള്ള പദ്ധതി

ശ്രീ. രമേശ് ചെന്നിത്തല: സർ, ഹരിപ്പാട് നിയോജകമണ്ഡലത്തിലെ സമഗ്ര കുടിവെള്ള പദ്ധതിയെ സംബന്ധിച്ചാണ് സബ്മിഷൻ ഉന്നയിക്കുന്നത്. ഹരിപ്പാട് മണ്ഡലത്തിൽ കുടിവെള്ളത്തിന് ഏറ്റവും കൂടുതൽ പ്രയാസം അനുഭവിക്കുന്ന പത്ത് പഞ്ചായത്തുകളും

മുനിസിപ്പാലിറ്റിയുമാണുള്ളത്. ഇതിനായി കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് 2014-ൽ ഒരു സമഗ്ര കുടിവെള്ള പദ്ധതി തയ്യാറാക്കുകയും അന്നത്തെ ജലവിഭവ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. ജെ. ജോസഫ് അതിന് തറക്കല്ലിടുകയും ചെയ്തു് ഏകദേശം പത്ത് വർഷത്തോളം പിന്നിട്ടെങ്കിലും ഒച്ചിന്റെ വേഗതയിലാണ് ടി പ്രവൃത്തി മുന്നോട്ടുപോകുന്നത്. പല പ്രദേശങ്ങളിലും അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുകയാണ്. ആറാട്ടുപുഴ, തൃക്കുന്നപ്പുഴ, കുമാരപുരം, കാർത്തികപ്പള്ളി എന്നീ പഞ്ചായത്തുകളിൽ ട്യൂബ് വെൽ മുഖേനയാണ് കുടിവെള്ളം ലഭിക്കുന്നത്. ട്യൂബ് വെല്ലുകൾ തകരാറാകുന്നതുമൂലം പലപ്പോഴും അവിടെ വെള്ളം ലഭിക്കാത്ത അവസ്ഥയുമുണ്ട്. പഞ്ചായത്തുകൾ ഡെപ്പോസിറ്റ് ചെയ്യുന്ന തുക ഉപയോഗിച്ച് ഭൂജല വകുപ്പ് കൃത്യസമയത്ത് ട്യൂബ് വെല്ലുകൾ സ്ഥാപിക്കുന്നതിൽ അനാസ്ഥ കാണിക്കുന്നതുകാരണം കുടിവെള്ളം ലഭിക്കാത്ത പ്രശ്നം രൂക്ഷമാകുകയാണ്. വേനൽക്കാലമാകുമ്പോൾ സ്ഥിതിഗതികൾ അതിരൂക്ഷമാകുന്നതാണ്. ഈ പദ്ധതിയുടെ നിർവ്വഹണം പല കാരണങ്ങളാൽ മുടങ്ങിപോകുന്ന അവസ്ഥയാണുള്ളത്. നഗരസഭയ്ക്കും

പത്ത് പഞ്ചായത്തുകൾക്കും വേണ്ടി വിഭാവന ചെയ്ത സമഗ്ര കുടിവെള്ള പദ്ധതി 2014-ൽ എൻ.ആർ.ഡി.ഡബ്ല്യു.പി. (നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം)-ൽ ഉൾപ്പെടുത്തി 35 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും പള്ളിപ്പാട് പഞ്ചായത്ത് 50 എം.എൽ.ഡി. ശേഷിയുള്ള ജല ശുദ്ധീകരണശാലയുടെയും മാന്നാർ മുല്ലശ്ശേരി കടവിൽ പമ്പാ നദിയുടെ തീരത്ത് ഇൻടേക്ക് വെൽ സ്ഥാപിക്കുകയും ചെയ്തെങ്കിലും തുടർനടപടികൾ മുന്നോട്ടുപോകുന്നതിലാണ് തടസ്സം നേരിടുന്നത്. പലതവണ ടെണ്ടർ ചെയ്തിട്ടും അതിന്റെ നടപടികൾ മുന്നോട്ടുപോകുന്നില്ല. ഈ വിഷയം ഞാൻ നിരവധി തവണ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസം വകുപ്പുമന്ത്രിയുടെ കുറ്റമാണെന്ന് പറയുന്നില്ല. പത്ത് വർഷമായിട്ടും ഈ പദ്ധതി നടപ്പാക്കാത്തത് വകുപ്പിന്റെ അനാസ്ഥയാണ്. ഒരു പദ്ധതി തയ്യാറാക്കി പത്ത് വർഷമെടുത്തിട്ടും നടപ്പിലാക്കാൻ സാധിക്കുന്നില്ലെന്ന് പറയുന്നത് കേരളത്തിന്റെ ദൗർഭാഗ്യകരമായ അവസ്ഥാവിശേഷമാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ പ്രശ്നം

പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഹരിപ്പാട് മുനിസിപ്പാലിറ്റിക്കും പത്ത് സമീപ പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. പ്രസ്തുത പദ്ധതി മൂന്ന് ഘട്ടങ്ങളിലായാണ് വിഭാവന ചെയ്തിട്ടുള്ളത്. ഒന്നാംഘട്ടമായ 50 എം.എൽ.ഡി. ജലശുദ്ധീകരണശാലയ്ക്കായി 04-03-2014-ന് 35 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പള്ളിപ്പാട് 50 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെ പ്രവൃത്തിയും മാന്നാർ മുല്ലശ്ശേരിക്കടവിൽ കിണറിന്റെയും പമ്പ് ഹൗസിന്റെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ രണ്ടാംഘട്ടത്തിന് 2017-ലാണ് 35 കോടി രൂപയുടെ ഭരണാനുമതി നൽകിയത്. രണ്ടാം ഘട്ടത്തിൽ 90mm HDPE റാ വാട്ടർ പമ്പിംഗ് മെയിൻ, 14 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി, ട്രാൻസ്ഫോമർ, പമ്പുകൾ തുടങ്ങിയവയാണ് ഉൾപ്പെടുത്തിയിരുന്നത്.

പള്ളിപ്പാട് ശുദ്ധീകരണശാലയ്ക്ക് സമീപം 1400000 ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ മുല്ലശ്ശേരിക്കടവ് മുതൽ പള്ളിപ്പാട് ജലശുദ്ധീകരണശാല വരെയുള്ള 9 കിലോമീറ്റർ 900mm HDPE റാ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കേണ്ട പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും പൈപ്പ് സ്ഥാപിക്കേണ്ട സ്ഥലത്തെ മണ്ണ് പരിശോധനയ്ക്കുശേഷം HDPE PE 100, PN10 എന്ന പ്രത്യേകതരം പൈപ്പ് സ്ഥാപിക്കണമെന്ന തിരുവനന്തപുരത്തെ WASCON (Water and Sanitation Consultancy Wing)-ന്റെ നിർദ്ദേശത്തെത്തുടർന്ന് എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ ഭരണാനുമതി നൽകിയ 21.90 കോടി രൂപയിൽനിന്നും എസ്റ്റിമേറ്റ് തുക 49.90 കോടി രൂപയായി വർദ്ധിച്ചു. എസ്റ്റിമേറ്റ് തുക അധികരിക്കാനുള്ള ഒരു കാരണം പൈപ്പിന്റെ പ്രത്യേകതയിലുള്ള മാറ്റമാണ്. അതുകൂടാതെ പൈപ്പ് സ്ഥാപിക്കേണ്ട റോഡുകളെല്ലാം പൊതുമരാമത്ത് വകുപ്പിന്റെ ബി.എം. & ബി.സി. റോഡായതിനാൽ റോഡ് റെസ്റ്റോറേഷൻ ചാർജ് അധികരിച്ചിരുന്നു. ആയതിനാൽ നിലവിലെ ഭരണാനുമതിക്കുള്ളിൽ നിന്നുകൊണ്ട് 5.70

കിലോമീറ്റർ 800mm MS Spiral Welded Pipe സ്ഥാപിക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ക്ഷണിച്ചുവെങ്കിലും കരാറുകാർ ഉന്നത നിരക്കിൽ ക്വാട്ട് ചെയ്തുവെന്ന കാരണത്താൽ ടെണ്ടർ അംഗീകരിക്കാൻ സാധിച്ചില്ല. രണ്ടാം ഘട്ടത്തിൽ ട്രാൻസ്ഫോമർ, പമ്പ് എന്നിവ സ്ഥാപിക്കാൻ പണം അനുവദിച്ചെങ്കിലും പ്രവൃത്തി ചെയ്യാൻ സാധിക്കാത്തത് ഇതോടൊപ്പം പൂർത്തികരിക്കേണ്ട റാ വാട്ടർ പമ്പിംഗ് മെയിനിന്റെ പ്രവർത്തനം നടത്താൻ കഴിയാത്തതുകൊണ്ടാണ്. തുടർന്ന് ഹരിപ്പാട് കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള ഘടകങ്ങൾ ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തുകയും ഹരിപ്പാട് നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരത്തിനായി 38038 ഗാർഹിക കണക്ഷനുകൾ ഉൾപ്പെടുന്ന 568.43 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പത്ത് പ്രവൃത്തികളിൽ 2125 കണക്ഷനുകൾ നൽകിക്കഴിഞ്ഞു. ടി പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നിഷ്കർഷിച്ചിരിക്കുന്ന സമയത്തിനുള്ളിൽത്തന്നെ പദ്ധതി പൂർത്തീകരിക്കാൻ

കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പദ്ധതി നിർവ്വഹണം അഞ്ച് മേഖലകളായി തരംതിരിച്ചിട്ടുണ്ട്; വിതരണ ശൃംഖലയിലെ ഉന്നതതല ജലസംഭരണിയിലെ നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണ്. റാ വാട്ടർ പമ്പിംഗ് മെയിനിന്റെ പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ച് കരാറുകാരനെ നിശ്ചയിക്കുന്ന ഘട്ടത്തിൽ പ്രീ-ക്വാളിഫിക്കേഷൻ സംബന്ധിച്ച് പരാതി ഉണ്ടാകുകയും അത് കോടതി വ്യവഹാരത്തിലേയ്ക്ക് നീങ്ങുകയും ചെയ്ത സാഹചര്യത്തിൽ ടി വിഷയത്തിൽ ബഹുമാനപ്പെട്ട കോടതിയുടെ വ്യവഹാര തീർപ്പിന്റെ അടിസ്ഥാനത്തിൽ മാത്രമെ കരാറുകാരനെ നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ. ഹരിപ്പാട് കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ ഉപകരണങ്ങളും യൂണിറ്റുകളും സ്ഥാപിക്കുന്ന രണ്ട് പ്രവൃത്തികളിൽ ഒരെണ്ണം ആരംഭിച്ചിട്ടുണ്ട്. രണ്ടാമത്തെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി റെയിൽവേ ക്രോസിംഗ് അനുമതിയും പി.ഡബ്യു.ഡി. കെ.ആർ.എഫ്.ബി., പി.ഡബ്ല്യു.ഡി.(എൻ.എച്ച്.) തുടങ്ങിയ വകുപ്പുകളിൽ നിന്നും വിവിധ പഞ്ചായത്തുകളിൽനിന്നും റോഡ് കട്ടിംഗ് അനുമതിയും

ലഭിക്കേണ്ടതുണ്ട്. അതത് വകുപ്പുകളിൽനിന്നും യഥാസമയം അനുമതി ലഭിച്ചാൽ മാത്രമെ ടി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. ആറാട്ടുപുഴ പഞ്ചായത്തിൽ നിലവിലുള്ള 16 കുഴൽക്കിണറുകളിൽ നിന്നുള്ള ജലവും പത്തിയൂർ ജലശുദ്ധീകരണശാലയിൽ നിന്നുള്ള 2.50 ലിറ്റർ ജലവും ചേർത്താണ് വിതരണം ചെയ്യുന്നത്. എന്നാൽ ഭൂഗർഭ ജലവിതാനം താഴ്ന്നതിന്റെ പശ്ചാത്തലത്തിൽ കുഴൽക്കിണറിലൂടെ തുടർച്ചയായ പമ്പിംഗ് സാധ്യമല്ലാതായതിനാൽ അതിന് പരിഹാരമായി മൂന്ന് പുതിയ കുഴൽക്കിണറുകൾ ഭൂഗർഭജല വകുപ്പ് നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത കുഴൽക്കിണറുകൾ നിലവിലുള്ള ജലവിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന അനുബന്ധ പ്രവൃത്തികൾക്ക് ആവശ്യമായ തുക ഗ്രാമപഞ്ചായത്തിൽ ഡെപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്ക് ഇതുവഴിയുള്ള ജലവിതരണം സാധ്യമാക്കി കുടിവെള്ള പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. തൃക്കുന്നപ്പുഴ പഞ്ചായത്തിൽ നിലവിൽ ജലവിതാനം താഴുന്നതുമൂലം ഗ്രാമപഞ്ചായത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തിക്കായി ഭൂഗർഭജല വകുപ്പിനെകൊണ്ട് നാല്

കുഴൽക്കിണറുകൾകൂടി നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത കുഴൽക്കിണറുകൾ നിലവിലുള്ള ജലവിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഹരിപ്പാട് സമഗ്ര കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതോടെ പഞ്ചായത്തിലെ ശുദ്ധജല ക്ഷാമം പരിഹരിക്കാൻ കഴിയുന്നതാണ്. നിയമപരമായ പ്രശ്നങ്ങളും തടസ്സങ്ങളും ചില ഘട്ടത്തിൽ ടി പദ്ധതിക്ക് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. ജൽജീവൻ മിഷന്റെ പദ്ധതി മുഖാന്തരമുള്ള പ്രവൃത്തി നല്ലരീതിയിൽ മോണിറ്റർ ചെയ്തുവരുന്നു. ഭൂഗർഭജല വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ കുറച്ചുകൂടി നല്ല രീതിയിൽ മോണിറ്ററിംഗ് നടത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാം. ടി തടസ്സങ്ങളെല്ലാം മോണിറ്റർ ചെയ്യുന്നതിനാവശ്യമായ നടപടി വകുപ്പുതലത്തിൽ ക്രോഡീകരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

## (5) ബീഡി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. എൻ. കെ. അക്ബർ: സർ, വ്യാജ ബീഡിയും അനധികൃത ബീഡി വിൽപ്പനയുംമൂലം ബീഡി വ്യവസായം നേരിടുന്ന പ്രതിസന്ധിയെ സംബന്ധിച്ചാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. ഇന്ത്യയിൽ എൺപതുലക്ഷം മുതൽ ഒരു കോടിയിൽപ്പരം ആളുകൾ ബീഡി വ്യവസായത്തെ ആശ്രയിച്ചാണ് ജീവിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ഏകദേശം അമ്പതിനായിരം പേർ ഈ വ്യവസായത്തെ ആശ്രയിച്ച് കഴിയുന്നുണ്ട്. നാൽപ്പതിനായിരത്തോളം തൊഴിലാളികൾ തൊഴിൽ ചെയ്തിരുന്ന കണ്ണൂർ ദിനേശ് ബീഡി കമ്പനിയിൽ ഇപ്പോൾ നാലായിരം തൊഴിലാളികൾ മാത്രമാണുള്ളത്. ചാവക്കാട് കാജാ ബീഡി കമ്പനിയും കണ്ണൂരിലെ സാധു ബീഡി കമ്പനിയും അടച്ചുപൂട്ടലിന്റെ വക്കിലാണ്. മംഗലാപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ബീഡി കമ്പനികളിൽ ജോലി ചെയ്യുന്ന ധാരാളം തൊഴിലാളികൾ കാസർഗോഡ് ജില്ലയിലുമുണ്ട്. ബീഡി വ്യവസായം ഇന്ന് തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. മലയാളികളിൽ പുകവലി ശീലം കുറഞ്ഞിട്ടുണ്ടെങ്കിലും അതിഥിത്തൊഴിലാളികൾ

ധാരാളമുള്ള സംസ്ഥാനമെന്ന നിലയിൽ അവർക്കിടയിൽ പുകവലി ശീലമുള്ളതിനാൽ ബീഡി വിൽപ്പനയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വ്യാജ ബീഡിയും അനധികൃത ബീഡി വിൽപ്പനയും കേരളത്തിൽ വ്യാപകമാകുന്നുണ്ട്. ദിനേശ് ബീഡിയുൾപ്പെടെ 28 ശതമാനം ജി.എസ്.ടി. വരുമാനം നൽകുന്ന ബീഡി വ്യവസായ മേഖലയിൽ വ്യാജ ബീഡിയുടെ കടന്നുകയറ്റം ഈ മേഖലയെ തകർക്കുകയാണ്. ഇതിന്റെ ഭാഗമായി ദിനേശ് ബീഡിയുടെ ടേണോവർ 60 കോടി രൂപയിൽനിന്ന് 30 കോടി രൂപയായി താഴുകയും സർക്കാരിന് ലഭിക്കുന്ന നികുതിയിനത്തിൽ കുറവ് സംഭവിക്കുകയും ചെയ്തിട്ടുണ്ട്. അനധികൃത വില്പനയും വ്യാജ ബീഡിയുടെ കടന്നുകയറ്റവും തടയുന്നതിന് വിജിലൻസ്/പോലീസ് സ്ക്വാഡുകളുടെ പരിശോധന ശക്തിപ്പെടുത്തുന്നതിന് വ്യവസായ വകുപ്പ് നടപടി സ്വീകരിക്കണം. കോഴിക്കോട് ജില്ലയിൽ ഒരു വർഷം 10 കോടി രൂപയുടെ ബീഡി വില്പനയുള്ളപ്പോൾ രണ്ടുകോടി രൂപ മാത്രമാണ് കണക്കിൽവരുന്നത്. ഇതു സംബന്ധിച്ച് ദിനേശ് ബീഡിയും കാജാ ബീഡിയും ഉൾപ്പെടെയുള്ള കമ്പനികൾ നിരവധി പരാതികൾ നൽകിയെങ്കിലും പരിഹാരമുണ്ടായിട്ടില്ല.

ഇക്കാര്യത്തിൽ സർക്കാർ ഉചിതമായ നടപടി സ്വീകരിച്ച് ഈ വ്യവസായത്തെ സംരക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബീഡി വ്യവസായം പൊതുവെ പ്രതിസന്ധി നേരിടുന്ന മേഖലയാണ്. ഇതിന് 28 ശതമാനമാണ് ജി.എസ്.ടി. ചുമത്തിയിട്ടുള്ളത്. ജി.എസ്.ടി. ചുമത്താനുള്ള അധികാരം ജി.എസ്.ടി. കൗൺസിലിനായതുകൊണ്ട് സംസ്ഥാന സർക്കാരിനു മാത്രമായി നികുതിയിൽ മാറ്റം വരുത്താൻ സാധിക്കില്ല. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചത് മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള ബീഡി ഇവിടെ വിൽക്കുന്നതുകൊണ്ട് കേരളത്തിലെ ബീഡി വ്യവസായം പ്രതിസന്ധി നേരിടുന്നുവെന്നാണ്. അതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടത് സംസ്ഥാന നികുതി വകുപ്പാണ്; അവർ കർശന നടപടി സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാന ജി.എസ്.ടി. വകുപ്പും ഇന്റലിജൻസ് വിഭാഗവും നിരവധി കേസുകൾ കണ്ടെത്തുകയും ജി.എസ്.ടി. നിയമപ്രകാരം നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മതിയായ രേഖകളില്ലാതെ ഇത്തരം ബീഡികൾ കൊണ്ടുവരുന്നതും വിപണനം ചെയ്യുന്നതും കണ്ടുപിടിച്ച്

അവർക്കെതിരെ ജി.എസ്.ടി. നിയമപ്രകാരം നികുതിയും പിഴയും ചുമത്താറുണ്ട്. ഈ നടപടി തുടർന്നും ശക്തമായി മുന്നോട്ടുകൊണ്ടുപോകുന്നതാണ്.

(6) മുസ്ലീം സമുദായ സംവരണത്തിലെ കുറവ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഭിന്നശേഷി സംവരണത്തിൽ കാര്യമായി നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഭിന്നശേഷി സംവരണം ഏതെങ്കിലും ഒരു പ്രത്യേക സമുദായത്തിന്റെ ടേണിനെ മാത്രം ബാധിക്കുന്നവിധത്തിൽ നടപ്പാക്കുന്നത് വലിയ പ്രശ്നമുണ്ടാകാൻ സാദ്ധ്യതയുണ്ട്. ഇപ്പോൾ സർക്കാർ പ്രൊപ്പോസ് ചെയ്തിരിക്കുന്ന രീതിയനുസരിച്ച് പന്ത്രണ്ട് ശതമാനം മുസ്ലീം റിസർവേഷൻ പത്തുശതമാനമായി കുറയുകയും ഒരു വർഷം 700 പോസ്റ്റുകളുടെ നഷ്ടമുണ്ടാകുകയും ചെയ്യും. ഇത് സംവരണ സംവിധാനം അട്ടിമറിക്കപ്പെടാൻ ഇടയാക്കുന്നതാണ്. Backward റിസർവേഷൻ അട്ടിമറിക്കുന്ന തരത്തിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുകയല്ല ചെയ്യേണ്ടത്; കാരണം ഭിന്നശേഷിക്കാർ സമൂഹത്തിൽ പൊതുവിലുള്ളതാണ്. ആരെയും പ്രത്യേകിച്ച് ബാധിക്കാതെ ശാസ്ത്രീയമായ രീതിയിൽ ഭിന്നശേഷി

സംവരണം നടപ്പാക്കണം. ഈ സാഹചര്യത്തിൽ ഇപ്പോൾ പ്രൊപ്പോസ് ചെയ്യുന്ന രീതി ഒഴിവാക്കിക്കൊണ്ട് ഏതെങ്കിലും പ്രത്യേക വിഭാഗത്തെ ഇത് സീരിയസ്സായി ബാധിക്കാതെ ഭിന്നശേഷി സംവരണം നടപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഭിന്നശേഷിക്കാർക്ക് അർഹമായ സംവരണം ഉറപ്പുവരുത്തുമ്പോൾ നിലവിലുള്ള സാമുദായിക സംവരണതോതിൽ ഒരു കുറവും വരാതെ നടപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നിലവിൽ നാലുശതമാനം ഭിന്നശേഷി സംവരണം ഔട്ട്-ഓഫ്-ടേണായാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ നടപ്പാക്കുന്നത്. നിലവിലുള്ള സാമുദായിക സംവരണത്തെ ഇത് ബാധിക്കുന്നില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിപ്രകാരം ഭിന്നശേഷി സംവരണം ഇൻടേണായി നടപ്പാക്കേണ്ടതുണ്ട്. ഇതിന് കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയാൽ മാത്രമെ സാധിക്കുകയുള്ളൂ. ഇക്കാര്യം പി.എസ്.സി.-യും സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ ഭരണപരിഷ്കാരം,

നിയമം എന്നീ വകുപ്പുകളുമായി കൂടിയാലോചന നടത്തിയശേഷം പി.എസ്.സി.-യുടെ ഉപദേശം തേടിയിരിക്കുകയാണ്. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളിൽ മുസ്ലീം വിഭാഗത്തിനോ മറ്റേതെങ്കിലും സാമൂഹിക വിഭാഗത്തിനോ നിലവിലുള്ള സംവരണത്തിൽ ഒരുകുറവും വരാത്ത രീതിയിൽ മാത്രമെ ഭിന്നശേഷി സംവരണം നടപ്പാക്കുകയുള്ളൂ എന്നതാണ് സർക്കാർ നിലപാട്. ഇത് സംബന്ധിച്ച് ഒരു സംവരണവിഭാഗത്തിനും ആശങ്ക വേണ്ട. ഒരുവിഭാഗത്തിന് അർഹമായ സാമുദായിക സംവരണത്തിൽ കുറവുവരുത്തുമെന്നുള്ള പ്രചാരണം തികച്ചും അടിസ്ഥാനരഹിതമാണ്. അക്കാര്യത്തിൽ യാതൊരു ആശങ്കയ്ക്കും അടിസ്ഥാനമില്ല. ഇപ്രകാരം ഇൻടേണായി ഭിന്നശേഷി സംവരണം നടപ്പാക്കുമ്പോൾ ചട്ടഭേദഗതി പ്രാബല്യത്തിൽ വരും. ഈ വിഷയത്തിൽ നിലവിലുള്ള എക്സിക്യൂട്ടീവ് ഉത്തരവിന് പിന്നീട് പ്രസക്തിയുണ്ടാകില്ല. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ആവശ്യമായ വ്യക്തതയുണ്ടാക്കുന്നതിന് സത്വര നടപടി സ്വീകരിച്ചുവരികയാണ്.

## (7) മനയ്ക്കച്ചിറ ടൂറിസം പദ്ധതി

ശ്രീ. ജോബ് മൈക്കിൾ: സർ, ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ 1.25 കോടി രൂപ ചെലവഴിച്ച് നടപ്പാക്കിയ മനയ്ക്കച്ചിറ ടൂറിസം പദ്ധതിയിൽ ചങ്ങനാശ്ശേരി മുതൽ മങ്കൊമ്പുവരെയുള്ള 20 കിലോമീറ്റർ ഭാഗമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി എ.സി. കനാലിന്റെ വടക്കുഭാഗത്ത് റോഡിനും കനാലിനും സമാന്തരമായി പവലിയൻ നിർമ്മിക്കുകയും തറ ടൈൽസിട്ട് വൃത്തിയാക്കുകയും ചെയ്തതോടൊപ്പം അവിടെ ചെറിയൊരു പവലിയനും നിർമ്മിച്ചിട്ടുണ്ട്. ഇതിന്റെ അടുത്തായി കെ.റ്റി.ഡി.സി.-യുടെ മോട്ടലും പ്രവർത്തിച്ചുവരുന്നുണ്ട്. എ.സി. കനാലിലെ പോള വാരി വൃത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഏകദേശം മൂന്നര കിലോമീറ്ററോളം വരുന്ന എ.സി. റോഡിന് സമാന്തരമായി സ്ഥിതി ചെയ്യുന്ന എ.സി. കനാലിൽ വാട്ടർ ഫൗണ്ടനുകളും ഫാൻസി ഇല്യുമിനേഷൻ ലൈറ്റുകളും സ്ഥാപിക്കുകയും മോട്ടാർ സ്ഥാപിച്ച ചെറുവള്ളങ്ങൾ അനുവദിച്ച് സഞ്ചാരികൾക്ക് ബോട്ടിംഗ് സൗകര്യംകൂടി ഏർപ്പെടുത്തുകയും ചെയ്താൽ

അത് ഈ പ്രദേശത്തെ പുരോഗതിക്ക് വളരെ സഹായകമാകും. സഞ്ചാരികൾക്ക് വിശ്രമസൗകര്യമൊരുക്കി ചെറിയ ഫുഡ്കോർട്ടുകൾകൂടി ഒരുക്കുന്നത് ചങ്ങനാശ്ശേരി-ആലപ്പുഴ റൂട്ടിൽ യാത്ര ചെയ്യുന്നവർക്ക് വളരെയധികം സഹായകമാകുമെന്നതിലുപരി അതിമനോഹരമായ കാഴ്ചയായി ഈ വിശ്രമകേന്ദ്രത്തെ മാറ്റാനും സാധിക്കുന്നതാണ്. നല്ലരീതിയിലാണ് 670 കോടി രൂപയോളം മുടക്കി ചങ്ങനാശ്ശേരി-ആലപ്പുഴ റോഡ് നിർമ്മാണം പൂർത്തീകരിച്ചുവരുന്നത്. ഈ റോഡിന്റെ ഏകദേശം 90 ശതമാനം നിർമ്മാണവും പൂർത്തീകരിച്ചുകഴിഞ്ഞു. ഈ സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി ഒരു ടൂറിസം പ്രോജക്ട് തയ്യാറാക്കി നടപ്പാക്കണമെന്നാവശ്യപ്പെട്ട് ടൂറിസം ഡയറക്ടർക്ക് കത്ത് നൽകിയിരുന്നു. ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപെട്ട് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ മനയ്ക്കച്ചിറ വിനോദസഞ്ചാര പദ്ധതിക്കായി ടൂറിസം വകുപ്പ് 99.55 ലക്ഷം രൂപയുടെ

ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ Renovation of compound wall, walkway with rain shelters എന്നീ ഘടകങ്ങൾ പൂർത്തിയാക്കി കോട്ടയം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് കൈമാറിയിട്ടുണ്ട്. ഈ പദ്ധതി വരുമാനം പങ്കുവയ്ക്കുന്ന വ്യവസ്ഥയിൽ ഏറ്റെടുത്ത് നടത്താനാകുമോ എന്ന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ വിനോദസഞ്ചാര വികസന കോർപ്പറേഷനോട് ആരാഞ്ഞിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി എ.സി. കനാലിൽ മനയ്ക്കച്ചിറയിൽനിന്ന് ആരംഭിച്ച് വേട്ടടി തോടുവഴി ചങ്ങനാശ്ശേരി ബോട്ട്ജെട്ടിയുമായി ബന്ധിപ്പിച്ചാൽ കൂടുതൽ സഞ്ചാരികൾക്ക് ഇവിടെ എത്താനാകുമെന്നും ഇതിലൂടെ ടൂറിസം വികസനം സാധ്യമാകുമെന്നും ഇതിലേയ്ക്കായി പുതിയതും വിശദമായതുമായ പദ്ധതിരേഖ തയ്യാറാക്കണമെന്നും ആവശ്യപ്പെട്ട് ചങ്ങനാശ്ശേരി അംഗം പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിക്ക് കത്ത് നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മനയ്ക്കച്ചിറ വിനോദസഞ്ചാര പദ്ധതിയുടെ വിപുലീകരണ സാധ്യതകൾ പരിശോധിച്ചുവരികയാണ്. എ.സി. റോഡിന് സമാന്തരമായി സ്ഥിതിചെയ്യുന്ന എ.സി. കനാലിൽ വാട്ടർ ഫൗണ്ടൻ, ഫാൻസി

ഇല്യൂമിനേഷൻ ലൈറ്റുകൾ സ്ഥാപിക്കൽ, മോട്ടോർ ഘടിപ്പിച്ച ചെറുവള്ളങ്ങളിൽ സഞ്ചാരികൾക്ക് ബോട്ടിംഗ് ഏർപ്പെടുത്തൽ, സഞ്ചാരികൾക്ക് വിശ്രമിക്കാൻ സൗകര്യങ്ങളൊരുക്കി ചങ്ങനാശ്ശേരി-ആലപ്പുഴ റൂട്ടിൽ യാത്ര ചെയ്യുന്നവർക്ക് മനോഹരമായ കാഴ്ചയും വിശ്രമ കേന്ദ്രവും ലഭ്യമാക്കൽ എന്നീ ഘടകങ്ങളും മനയ്ക്കച്ചിറ വിനോദസഞ്ചാര പദ്ധതിയുടെ വിപുലീകരണത്തോടൊപ്പം പരിശോധിക്കാവുന്നതാണെന്ന് സഭയെ അറിയിക്കുകയാണ്.

(8) <u>കുന്നംകുളം കലശമല ഇക്കോ ടൂറിസം വില്ലേജ്</u>

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, എന്റെ നിയോജകമണ്ഡലമായ കുന്നംകുളത്തെ കലശമല ഇക്കോ ടൂറിസം പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. ധാരാളം സഞ്ചാരികൾ എത്തിപ്പെടുന്ന കേന്ദ്രമായി അവിടം മാറിയിട്ടുണ്ട്. രണ്ടാംഘട്ട വികസനത്തിനായി 2019-ൽ പത്തുകോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചുകൊണ്ടിരിക്കുകയുമാണ്. ടി പദ്ധതിക്ക് 4.9 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടിവരുമെന്ന് തഹസീൽദാർ (എൽ.എ.) അറിയിച്ചിട്ടുണ്ട്.

അതിലേയ്ക്കായി ഏകദേശം 11.74 കോടി രൂപ നഷ്ടപരിഹാരത്തുക ഇനത്തിൽ നൽകേണ്ടിവരും. നേരത്തെ എൽ.എ. തഹസീൽദാർക്ക് ഭരണാനുമതി ലഭിച്ചതിൽനിന്നും 50 ലക്ഷം രൂപ കണ്ടിജൻസി ചാർജ്ജായി നൽകിയിരുന്നു. ഇപ്പോൾ അതുൾപ്പെടെ 12.24 കോടി രൂപയിൽപ്പരം ചെലവ് വരുമെന്നാണ് കണക്കാക്കുന്നത്. അതുകൊണ്ടുതന്നെ നേരത്തേയുണ്ടായിരുന്ന ഭരണാനുമതി പുതുക്കി നൽകേണ്ട സാഹചര്യത്തിൽ ഇക്കാര്യത്തിന്മേൽ അടിയന്തര ഇടപെടലുണ്ടാകണം. അവിടെ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി ഇതുവരെ രൂപീകരിച്ചിട്ടില്ല; അതിനാവശ്യമായ ഇടപെടൽകൂടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കലശമലയിലെ വിനോദസഞ്ചാര വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് 02-11-2019-ലെ സർക്കാർ ഉത്തരവുപ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കലശമലയിൽ ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പദ്ധതിയുമായി ബന്ധപ്പെട്ട സാമൂഹികാഘാത പഠനം പൂർത്തിയാക്കിയിട്ടുണ്ട്.

കലശമല വികസനത്തിനായി വിവിധ സർവ്വേ നമ്പരുകളിലുൾപ്പെട്ട 4.8351 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി 11,74,70,050 രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇതിനുപുറമേ കണ്ടിജൻസി ചാർജ്ജായി 50 ലക്ഷം രൂപയും ചെലവ് പ്രതീക്ഷിക്കുന്നുണ്ട്. ഇത്തരത്തിൽ കലശമല വിനോദസഞ്ചാര പദ്ധതി വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി ആകെ 12,24,70,050 രൂപ ആവശ്യമായിവരും. എന്നാൽ നിലവിൽ ഭൂമി ഏറ്റെടുക്കാൻ 10 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്. ആകെ 12,24,70,050 രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി ആവശ്യമാണ്. ഇത്തരത്തിൽ കലശമല വിനോദസഞ്ചാര പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി അനുവദിക്കുന്നതിനുള്ള നടപടി പരിഗണനയിലാണ്.

(9) <u>തിരുവനന്തപുരം-പൊന്മുടി റോഡ് നവീകരണം</u>

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, തിരുവനന്തപുരം - പൊന്മുടി റോഡിന്റെ മുടങ്ങിക്കിടക്കുന്ന നിർമ്മാണം അടിയന്തരമായി പുനരാരംഭിക്കണം. തിരുവനന്തപുരം ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ

പൊന്മുടിയിലേക്ക് പോകുന്ന പ്രധാനപ്പെട്ട പാതയാണ് തിരുവനന്തപുരം - പൊന്മുടി റോഡ്. ഈ റോഡ് 2018-ലെ പ്രളയത്തിൽ തകർന്നിരുന്നു. ഇതിനെത്തുടർന്ന് ഒന്നാം പിണറായി സർക്കാർ 29-05-2020-ൽ 248 കോടി രൂപ അനുവദിക്കുകയാണ്ടായി. 42 കിലോമീറ്റർ ദൂരമുള്ള ഈ റോഡ് നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ നിന്ന് ആരംഭിച്ച് അരുവിക്കര മണ്ഡലത്തിലെ തൊളിക്കോട്-വിതുര പഞ്ചായത്തുകൾ പിന്നിട്ട് പൊൻമുടിയിലെത്തിച്ചേരുന്ന പ്രധാനപ്പെട്ട റോഡാണ്. ഈ റോഡ് സംസ്ഥാനത്തിന്റെ അതിർത്തി പങ്കിടുന്ന തമിഴ്നാട്ടിലേയ്ക്ക് എത്തിച്ചേരുന്ന പ്രധാനപ്പെട്ട റോഡ് കൂടിയാണ്. 25-06-2021-ന് ഈ റോഡിന്റെ നിർമ്മാണ പ്രവൃത്തിക്കുള്ള സാങ്കേതികാനുമതി ലഭിക്കുകയുണ്ടായി. ഇതിനായി ആന്റെക് പി.ആർ.ഐ. പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി 20-10-2021-ൽ എഗ്രിമെന്റ് വച്ചു. കെ.എസ്.ടി.പി. കൊട്ടാരക്കര ഡിവിഷനാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. 08-12-2021-ന് കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്തു. 15-06-2022-ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി തൊളിക്കോട് എത്തിച്ചേർന്ന് ഇതിന്റെ

പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചു. എന്നാൽ ഈ റോഡിന്റെ നിർമ്മാണം സമയബന്ധിതമായി നടപ്പാക്കുന്നില്ല. റോഡ് നിർമ്മാണം ആരംഭിച്ചെങ്കിലും 2023 ഒക്ടോബർ മാസത്തോടുകൂടി നിർമ്മാണം അവസാനിക്കുന്ന സാഹചര്യമാണുണ്ടായത്. 07-12-2023-ന് റോഡിന്റെ പൂർത്തീകരണ കാലം അവസാനിച്ചിരിക്കുകയാണ്. തൊളിക്കോട് ഗ്രാമപഞ്ചായത്തിലെ നിരവധി സ്ഥലങ്ങളിൽ റോഡ് പൊട്ടിപ്പൊളിഞ്ഞ നിലയിലാണുള്ളത്. ഇക്കഴിഞ്ഞ കാലവർഷത്തിൽ തൊളിക്കോട് ജംഗ്ഷനിലെ മുഴുവൻ കച്ചവട സ്ഥാപനങ്ങളിലും വെള്ളം കയറി വ്യാപാരികൾക്ക് കനത്ത നാശനഷ്ടം സംഭവിക്കുകയുണ്ടായി. ഇത് വൻബഹുജന രോഷമുണ്ടാകുന്ന സാഹചര്യമുണ്ടായി. ഈ റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രദേശത്തെ നാട്ടുകാരും വ്യാപാരികളും പൊതുപ്രവർത്തകരും കടുത്ത പ്രതിഷേധത്തിലാണ്. ഈ റോഡിന്റെ ഇരുത്തലമൂല മുതൽ വിതുരവരെയുള്ള 3.8 കിലോമീറ്റർ ദൂരം നിലവിലുള്ള നിർമ്മാണ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതുകൊണ്ട് അടിയന്തരമായി ഈ വിഷയത്തിൽ ഇടപെടണമെന്നും രണ്ട് വർഷ കാലയളവുണ്ടായിട്ടും വെറും 25 ശതമാനം

മാത്രം വർക്ക് നടത്താനുണ്ടായ സാഹചര്യം പരിശോധിക്കണമെന്നും പ്രസ്തുത റോഡിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, സർക്കാരിനെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട റോഡ് നവീകരണ പദ്ധതിയാണ് തിരുവനന്തപുരം - പൊന്മുടി റോഡ് വികസനം. പൊന്മുടി ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമായി വികസിച്ചുകൊണ്ടിരിക്കുകയാണ്. പ്രധാന വിനോദസഞ്ചാര കേന്ദ്രമായ പൊന്മുടിയിലേയ്ക്കുള്ള റോഡ് നവീകരണം ടൂറിസത്തിന് ഒരു മുതൽക്കൂട്ടാണ്. പ്രസ്തുത റോഡിന്റെ പഴകുറ്റി മുതൽ പൊന്മുടി വരെയുള്ള ഭാഗം റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി വികസിപ്പിക്കുന്നതിന് 248.18 കോടി രൂപയ്ക്ക് ഭരണാനുമതിയും 37.94 കിലോമീറ്റർ വികസിപ്പിക്കുന്നതിന് 191.21 കോടി രൂപയുടെ സാങ്കേതിക അനുമതിയും നല്കിയിരുന്നു. നിലവിലുള്ള നിർമ്മാണ പുരോഗതി 25 ശതമാനമല്ല, 22.65 ശതമാനം മാത്രമാണ്. അത് തൃപ്തികരമല്ലെന്ന് ഉദ്യോഗസ്ഥരെയും കരാറുകാരെയും പ്രവൃത്തി

വിലയിരുത്തിയ ഘട്ടത്തിൽ അറിയിച്ചിരുന്നു. ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കാനും കെ.എസ്.ടി.പി.-ക്ക് നിർദ്ദേശം നല്കിയിരുന്നു. കെ.എസ്.ടി.പി.-യിൽ നിന്ന് നിരവധി തവണ പ്രവൃത്തിയുടെ പുരോഗതി കുറവാണെന്ന് കൺസൾട്ടൻസിയെ രേഖാമൂലം അറിയിച്ചിരുന്നു. കരാറുകാരന്റെ ഭാഗത്തുനിന്നും യാതൊരുവിധ പ്രവർത്തന പുരോഗതിയും ഉണ്ടാകാത്തതിനെത്തുടർന്ന് ഇക്കാര്യം പരിശോധിക്കാൻ പി.ഡബ്ല്യു.ഡി. സെക്രട്ടറിയെ ചുമതലപ്പെടുത്തി. ജനുവരി 11-ാം തീയതി പി.ഡബ്ല്യു.ഡി. സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ടി പ്രവൃത്തി മുന്നോട്ട് കൊണ്ടുപോകുന്നില്ലെങ്കിൽ കരാറുകാരനെ പ്രവൃത്തിയിൽ നിന്നും ടെർമിനേറ്റ് ചെയ്യാൻ തീരുമാനിക്കുകയായിരുന്നു. കർശന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 17-01-2024 മുതൽ പ്രവൃത്തി പുനഃആരംഭിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധനയ്ക്ക് വിധേയമാക്കണം. ഈ ഒരു മാസത്തെ പുരോഗതി വിലയിരുത്തി തൃപ്തികരമല്ലെങ്കിൽ കോൺട്രാക്ട് വ്യവസ്ഥ പ്രകാരം കരാറുകാരനെ ഒഴിവാക്കുന്നതിനുള്ള കടുത്ത നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പലയിടങ്ങളിലും ഇത്തരം തീരുമാനങ്ങൾ

കൈക്കൊണ്ടിട്ടുണ്ട്. കരാറുകാരനെ ടെർമിനേറ്റ് ചെയ്തുകഴിഞ്ഞാൽ പ്രവൃത്തി മുടങ്ങിപ്പോകുമെന്ന ഭയം പൊതുവെ നമ്മളിൽ പലർക്കുമുണ്ട്. എന്നാൽ അങ്ങനെയൊരു പ്രശ്നം ഇതിലില്ല. പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ കഴിയില്ലെന്ന സ്ഥിതിയുണ്ടെങ്കിൽ ആ കരാറുകാരനെ ടെർമിനേറ്റ് ചെയ്യുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. ആ നിലയിൽ ഒട്ടേറെ പ്രവൃത്തികൾ ടെർമിനേറ്റ് ചെയ്യുകയും ഉടനെ റീ-ടെണ്ടർ ചെയ്ത് പ്രവൃത്തി നടത്താനും സാധിച്ചിട്ടുണ്ടെന്ന വിവരം സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

(10) കീഴ്പ്പള്ളി സി.എച്ച്.സി.-യിൽ ഡയാലിസിസ് യൂണിറ്റ്

ശ്രീ. സണ്ണി ജോസഫ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ കീഴ്പ്പള്ളി സി.എച്ച്.സി.-യിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്ന പ്രവൃത്തി 2020 നവംബർ 5-ന് അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഉദ്ഘാടനം ചെയ്തിരുന്നു. അതിലേയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് 94 ലക്ഷം രൂപ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ബ്ലോക്ക്

പഞ്ചായത്ത് അവരുടെ ഫണ്ടിലെ പദ്ധതി വിഹിതത്തിൽ നിന്ന് ഒരു കോടി രൂപയിലധികം അവിടത്തെ പ്രവൃത്തികൾക്കായി നല്കിയിട്ടുണ്ട്. നിലവിൽ 2 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു. ഇപ്പോൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ബ്ലോക്ക് പഞ്ചായത്തിൽ നല്കിയിരിക്കുന്ന കത്തിലും അവിടത്തെ മെഡിക്കൽ ഓഫീസർക്ക് നല്കിയിരിക്കുന്ന കത്തിലും പറഞ്ഞിരിക്കുന്നത് ഡി.എച്ച്.എസ്.-ൽ നിന്ന് പെർമിഷൻ വാങ്ങണമെന്നാണ്. 2020-ൽ ഉദ്ഘാടനം ചെയ്യുകയും 2 കോടി രൂപ മുടക്കുകയും ചെയ്ത പ്രവൃത്തിക്ക് ഇനിയും അനുവാദം ലഭിക്കാനുള്ള സാങ്കേതിക തടസ്സം അടിയന്തരമായി ഒഴിവാക്കണം. ആറളം ആദിവാസി മേഖലയുടെ സമീപത്തുള്ള സി.എച്ച്.സി.-ൽ ഒരു ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളും ആവശ്യമായ ഇൻഫ്രാസ്ട്രക്ച്ചർ സൗകര്യവും ഒരുക്കിയിട്ടുണ്ട്. ഇതിനുള്ള തുക മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അടച്ചെങ്കിലും നാളിതുവരെയും അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ തടസ്സങ്ങൾ നീക്കി അനുമതി നല്കാൻ നടപടി സ്വീകരിക്കണം. കൂടാതെ, പേരാവൂർ താലൂക്ക് ആശുപത്രി ബഹുമാനപ്പെട്ട

മന്ത്രി രണ്ട് തവണ സന്ദർശിച്ചതാണ്. അവിടെ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങൾ പൊളിച്ച് കിഫ്ബി വർക്കിൽ ഉൾപ്പെടുത്തുകയും ടി പ്രവൃത്തിയുടെ ഉദ്ഘാടനം അന്നത്തെ മന്ത്രി നടത്തിയതുമാണ്. മൂന്ന് വർഷം കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തിക്കായി ടെണ്ടർ പോലും ക്ഷണിച്ചിട്ടില്ല. ഇപ്പോൾ അഞ്ച് കോടി രൂപയുടെ എക്സസ് ആണുള്ളത്; ആയതിന്റെ ഫയൽ ആരോഗ്യ വകുപ്പിൽനിന്നും ധനകാര്യ വകുപ്പിലേക്ക് അയച്ചിട്ടുണ്ട്. കിഫ്ബിയുടെ പ്രവൃത്തിയായതുകൊണ്ട് അതിന് തടസ്സങ്ങളുണ്ടെന്ന് മനസ്സിലാക്കാം. പ്രസ്തുത തടസ്സം മന്ത്രി തലത്തിലിടപെട്ട് പരിഹരിക്കണം. പഴയ കെട്ടിടം പൊളിച്ച് അവിടെ പകരം കെട്ടിടം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. കെട്ടിടങ്ങൾക്ക് സൗകര്യമില്ലാത്തതുകൊണ്ട് നിരവധി രോഗികൾ പ്രയാസപ്പെടുകയാണ്. അതുപോലെ ഇരിട്ടി-പേരാവൂർ ആശുപത്രികളിലേയ്ക്കായി ഡോക്ടർമാരെയും ആവശ്യമാണ്. ഇക്കാര്യങ്ങളിലെല്ലാം ആരോഗ്യ വകുപ്പുമന്ത്രിയുടെയും വകുപ്പിന്റെയും അടിയന്തര ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഡയാലിസിസ് ചെയ്യുമ്പോൾ ഒരു രോഗിക്കുണ്ടാകുന്ന സങ്കീർണ്ണമായ സാഹചര്യങ്ങൾ കണക്കിലെടുത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ ആർദ്രം സ്റ്റാൻഡേർഡൈസേഷൻ പ്രകാരം ചില നിശ്ചിത സൗകര്യങ്ങൾ ഡയാലിസിസ് സെന്ററുകളിലുണ്ടാകണമെന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ പുറത്തിറക്കിയിരുന്നു. ഇതുസംബന്ധിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആർദ്രം മിഷന്റെ ഭാഗമായി താലൂക്ക് ആശുപത്രി തലം മുതൽ മേൽതലങ്ങളിലുള്ള ആരോഗ്യ സ്ഥാപനങ്ങളിലാണ് ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത മാനദണ്ഡങ്ങളിൽ ഒട്ടേറെ കാര്യങ്ങളെക്കുറിച്ച് പറയുന്നുണ്ട്. പരിശീലനം ലഭിച്ച ഡോക്ടർ, നഴ്സ്, ക്വാളിഫൈഡ് ടെക്നീഷ്യന്മാർ എന്നിവരെക്കുറിച്ചും രോഗിയുടെ ആന്തരിക അവയവ പ്രവർത്തനങ്ങളും ജീവനാഡി പ്രവർത്തനങ്ങളും നിരന്തരമായി മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിനെക്കുറിച്ചും മറ്റ് നിരവധി കാര്യങ്ങളെക്കുറിച്ചും അതിൽ സൂചിപ്പിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഈ വിഷയം എന്റെ

ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. കീഴ്പ്പള്ളി സി.എച്ച്.സി.-യിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നിലവിലുള്ള മാർഗ്ഗനിർദ്ദേശ പ്രകാരം പ്രത്യേകം പരിശീലനം ലഭിച്ച ഡോക്ടർ, നഴ്സ്, ക്വാളിഫൈഡ് ടെക്നീഷ്യൻ എന്നിവരുടെ സേവനം ഓരോ കിടക്കകളിലും ഉറപ്പാക്കേണ്ടതുണ്ട്. മോണിറ്ററിംഗ് സംവിധാനം, നഴ്സിംഗ് സ്റ്റേഷൻ, ഹാന്റ് വാഷിംഗ് തുടങ്ങി ഒട്ടേറെ കാര്യങ്ങൾ ആവശ്യമുണ്ടെന്നും അത് താലൂക്ക്തല ആശുപത്രിയാക്കണമെന്നുമാണ് ഗവൺമെന്റ് ഉത്തരവിൽ പറഞ്ഞിട്ടുള്ളത്. ഇത് ആദിവാസി മേഖലയിൽ സർക്കാരിന്റെ പരിഗണനയിലുള്ള സി.എച്ച്.സി. ആണ്; അതായത്, കഴിഞ്ഞ തവണ ഇറങ്ങിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താലൂക്കുതലം മുതലാണ് മേൽ സൂചിപ്പിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണമെന്ന് നിഷ്കർഷിച്ചിരുന്നത്. എന്നാൽ സി.എച്ച്.സി.-കളിൽ ഇത് സാധ്യമാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനവും ആരോഗ്യ വകുപ്പും കൂടി ധാരണയിൽ എത്തിച്ചേർന്നുകൊണ്ട് ടി മാനദണ്ഡങ്ങൾ പാലിക്കുന്ന ഇടങ്ങളിൽ അത് അനുവദിക്കാൻ കഴിയുമോയെന്നത് തീർച്ചയായും സർക്കാരിന്റെ പരിഗണനയിലുള്ള കാര്യമാണ്. അതുസംബന്ധിച്ച്

എത്രയുംവേഗം തീരുമാനമെടുത്ത് മുന്നോട്ട് പോകാനാണ് സർക്കാർ ആലോചിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ഒരു കരാർ വച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയുമെങ്കിൽ അത് സാധ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പേരാവൂർ താലൂക്ക് ആശുപത്രിയുടെയും ഇരിട്ടി ആശിപത്രിയുടെയും കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുകയുണ്ടായി. അഞ്ച് തവണയിലധികം പേരാവൂർ താലൂക്കാശുപത്രിയിൽ ടെണ്ടർ നടപടികൾ നടത്തിയിരുന്നു. ആദ്യ ടെണ്ടറിൽ സാങ്കേതികമായ ചില തെറ്റുകൾ ചൂണ്ടിക്കാണിച്ചതിനെത്തുടർന്ന് റദ്ദാക്കിയിരുന്നു. അതിനുശേഷമാണ് അഞ്ച് തവണ നിർവ്വഹണ ഏജൻസി ടെണ്ടർ വിളിച്ചത്. അഞ്ചാമത്തെ തവണ മൂന്ന് ബിഡ്ഡർമാർ ടെണ്ടറിൽ പങ്കെടുത്തിരുന്നു. അതിൽ അനുവദിച്ച തുകയേക്കാൾ ഏകദേശം 8.8 ശതമാനത്തിനടുത്താണ് റേറ്റ് ക്വാട്ട് ചെയ്തത്. നിലവിൽ സങ്കീർണ്ണമായ സാങ്കേതിക പ്രശ്നങ്ങൾ മുന്നിലില്ല. അതുസംബന്ധിച്ച് വകുപ്പിന് അനുമതി നല്കുന്നതിനായി ധനവകുപ്പിന്റെയും കിഫ്ബിയുടെയും അനുമതികൂടി ലഭ്യമാക്കി ഉടനെ ഈ വർക്ക് അവാർഡ് ചെയ്യാൻ കഴിയുന്നതാണ്. ഇരിട്ടി

താലൂക്ക് ആശുപത്രിയിൽ മാസ്റ്റർ പ്ലാൻ പദ്ധതി പൂർത്തിയാകുന്നതോടെ സ്ഥലപരിമിതിമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതാണ്. മതിയായ ബിഡ്ഡർമാരെ ലഭിക്കാത്തതിനാൽ റീ-ടെണ്ടർ നടപടി വേണ്ടി വന്നതിനാലാണ് കാലതാമസം നേരിട്ടത്. 19-01-2024-ൽ ഇതുസംബന്ധിച്ച കരാർ ഒപ്പിട്ടിട്ടുണ്ട്. 28 മാസങ്ങളാണ് പ്രവൃത്തിക്കുള്ള കാലാവധി. അടുത്ത മാസംതന്നെ ടി പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. താലൂക്കുതല ആശുപത്രി സന്ദർശനവേളയിൽ അവിടെ ഒരു സി.എം.ഒ.-യുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നുവെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ജനുവരി മാസം 12-ാം തീയതി അവിടെ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. അതുകൂടാതെ അവിടെ അനസ്തേഷ്യോളജിസ്റ്റിന്റെ കുറവുണ്ടെന്ന് കണ്ടെത്തുകയും ആ തസ്തികയിലെ ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**[11.31 AM]**

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

**VI. റിപ്പോർട്ട് സമർപ്പണം**

### (1) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാൽപ്പത്തിയൊന്ന് മുതൽ നാൽപ്പത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സണ്ണി ജോസഫ്: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാൽപ്പത്തിയൊന്ന് മുതൽ നാൽപ്പത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

### (2) പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ പത്ത് മുതൽ ഇരുപത്തിനാല് വരെയുള്ള റിപ്പോട്ടുകൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പത്ത് മുതൽ ഇരുപത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

### (3) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട്

ശ്രീ. പ്രമോദ് നാരായൺ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

**[11.32 AM]**

**VII. നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(ii) 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(iii) 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (**ശ്രീ. എം. ബി. രാജേഷ്**): സർ, 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസുകൾ പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ട് ചട്ടം 75(1) പ്രകാരമുള്ള സ്റ്റേറ്റ്മെന്റുകളും മേശപ്പുറത്തുവയ്ക്കുന്നു.

**[11.33 AM]**

**ക്രമപ്രശ്നം**

(1) 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിലെ അപാകത

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ജലാശയങ്ങൾ മലിനമാക്കുന്നവർക്കെതിരെ കേരള പഞ്ചായത്ത് രാജ്/നഗരപാലിക നിയമമനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജല (മലിനീകരണം തടയലും നിയന്ത്രണവും) നിയമം, 1974 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിനും കേരള ഇറിഗേഷൻ വാട്ടർ കൺസർവേഷൻ ആക്റ്റിൽ 2018-ൽ വരുത്തിയ ഭേദഗതി പ്രകാരം പോലീസ് അധികാരികൾക്കും നടപടികൾ സ്വീകരിക്കാവുന്നതാണ്. കേരള ജലസേചനവും ജലസംരക്ഷണവും നിയമത്തിൽ 2003-ൽ കൊണ്ടുവന്ന ഭേദഗതി പ്രകാരം പൊതു ഉടമസ്ഥതയിലുള്ള ജലാശയങ്ങളിലേയ്ക്കോ കനാലുകളിലേയ്ക്കോ പുഴകളിലേയ്ക്കോ അരുവികളിലേയ്ക്കോ ഒരാൾ മാലിന്യം നിക്ഷേപിക്കുകയോ ഒഴുക്കുകയോ ചെയ്ത് ജലം ഒരുതരത്തിലും മലിനപ്പെടുത്തരുതെന്ന് പ്രസ്തുത നിയമത്തിലെ വകുപ്പ് 37-ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. അപ്രകാരം മലിനപ്പെടുത്തുന്ന വ്യക്തിക്ക് മൂന്നുവർഷത്തിൽ അധികരിക്കാത്ത തടവും ഒപ്പം പരമാവധി രണ്ടുലക്ഷം രൂപ പിഴയും ഈടാക്കുന്നതിന് പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1973-ലെ

Code of Criminal Procedure-ലെ Section 29(2) പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയാണ് കേസ് പരിഗണിക്കേണ്ടത്. സഭയിൽ ബഹുമാനപ്പെട്ട മന്ത്രി എം. ബി. രാജേഷ് അവതരിപ്പിക്കുന്ന 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന്റെ പതിനഞ്ചാം ഖണ്ഡം പ്രകാരം മൂലനിയമത്തിലെ 337-ാം വകുപ്പിനുപകരം പുതിയൊരു വകുപ്പ് കൊണ്ടുവന്നിരിക്കുകയാണ്. അതുപ്രകാരം തൊഴുത്ത്, ഹോട്ടൽ, റസ്റ്റോറന്റ്, വ്യവസായ സ്ഥാപനം, ആശുപത്രി അല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽനിന്നുള്ള മലിനജലം, പൊതു അഴുക്കുചാലുകൾ, റോഡ്, തെരുവ്, പൊതുസ്ഥലം, ജലാശയം എന്നിവിടങ്ങളിലേയ്ക്ക് ഒഴുക്കിയാൽ സെക്രട്ടറിക്ക് കുറ്റക്കാരനെതിരെ നിയമനടപടി സ്വീകരിക്കാനും 5000 രൂപയിൽ കുറയാത്തതും എന്നാൽ 50000 രൂപയിൽ കവിയാത്തതുമായ പിഴ ചുമത്താനുമാണ് വ്യവസ്ഥ കൊണ്ടുവന്നിരിക്കുന്നത്. 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെ ഖണ്ഡം 13 പ്രകാരം മൂലനിയമത്തിലെ 219 (കെ) വകുപ്പിനുപകരം പുതിയ വകുപ്പ് കൊണ്ടുവരുന്നതിനും പ്രസ്തുത കുറ്റത്തിന്മേൽ പിഴ ചുമത്തുന്നതിനുമാണ്

വ്യവസ്ഥ ചെയ്തിട്ടുള്ളത്. കേരള ജലസേചനവും ജലസംരക്ഷണവും നിയമത്തിൽ, 2018-ൽ വരുത്തിയ ഭേദഗതി പ്രകാരം ജലാശയങ്ങളിലേയ്ക്കോ കനാലുകളിലേയ്ക്കോ പുഴകളിലേയ്ക്കോ അരുവികളിലേയ്ക്കോ ഉറവകളിലേയ്ക്കോ ഒരാൾ മാലിന്യം നിക്ഷേപിച്ചാൽ മൂന്നുവർഷത്തിൽ അധികരിക്കാത്ത തടവിനും പരമാവധി രണ്ടുലക്ഷം രൂപ പിഴയ്ക്കും അർഹനാണെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ, ഇതേകുറ്റത്തിന് 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ എന്നിവയിൽ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി പ്രകാരം 5000 രൂപ മുതൽ 50000 രൂപവരെ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ ഒരു നിയമത്തിൽ മൂന്നുവർഷം വരെ തടവും രണ്ടുലക്ഷം രൂപ പിഴയുമാണ് ശിക്ഷയ്ക്ക് അർഹനായ വ്യക്തിക്ക് ലഭിക്കുന്നത്. എന്നാൽ ഈ ഭേദഗതി ബിൽ പ്രകാരം ലഘുവായ ശിക്ഷ മാത്രമാണ് ലഭിക്കാൻ പോകുന്നത്. നിലവിലുള്ള ഒരു നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതിനെക്കാൾ കുറഞ്ഞ ശിക്ഷ ഇപ്പോൾ അവതരിപ്പിക്കുന്ന ബില്ലുകളിൽ നിർദ്ദേശിച്ചിരിക്കുന്നത്

ക്രമപ്രകാരമാണോ എന്ന കാര്യത്തിൽ ബഹുമാനപ്പെട്ട ചെയറിന്റെ റൂളിംഗുണ്ടാകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

(2) 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിലെ അപാകത

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിലെ ഖണ്ഡം 6 പ്രകാരം പുതിയതായി ചേർക്കുന്ന വകുപ്പ് 219 എഡി (5)-ൽ പറഞ്ഞിരിക്കുന്നത്, "യൂസർ ഫീസ് അടയ്ക്കാൻ വീഴ്ച വരുത്തുന്ന ആളിനെതിരെ സ്വീകരിക്കാവുന്ന മറ്റേതെങ്കിലും നടപടികൾക്ക് ഭംഗം വരാതെ, യൂസർഫീസ് അടയ്ക്കുന്നതുവരെ അത്തരത്തിൽ വീഴ്ച വരുത്തിയ ആളിന് ഗ്രാമപഞ്ചായത്തിൽനിന്നുള്ള ഏതൊരു സേവനവും നൽകാൻ സെക്രട്ടറിക്ക് വിസമ്മതിക്കാവുന്നതാണ് " എന്നാണ്. യൂസർ ഫീസ് അടച്ചില്ലെങ്കിൽ അതിനെതിരെയാണ് നടപടി സ്വീകരിക്കേണ്ടത്. പഞ്ചായത്തിൽനിന്ന് പിന്നീട് യാതൊരു സേവനവും അയാൾക്ക് നൽകില്ലെന്ന് പറയുന്നത് ഭരണഘടനയിലെ ആർട്ടിക്കിൾ 21-ന്റെ ലംഘനമാണ്. അങ്ങനെ ബില്ലിൽ എഴുതിവയ്ക്കാൻ സാധിക്കില്ല. അത് നീക്കം ചെയ്യണം. ഇതിലുള്ള ഉദ്ദേശ്യം വ്യക്തമാണ്, യൂസർ ഫീസ് അടയ്ക്കാൻ

നിർബന്ധിതമാക്കുകയാണ്. അതിന് മറ്റേതെങ്കിലും മാർഗ്ഗം നോക്കണം. ഒരാൾ കരം അടച്ചില്ലെങ്കിൽ എന്തുചെയ്യും; അദ്ദേഹത്തെക്കൊണ്ട് കരം അടപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. എന്നാൽ യൂസർ ഫീസ് അടച്ചില്ലെങ്കിൽ പഞ്ചായത്തിൽനിന്ന് വേറെ ഒരു സേവനവും നൽകാതെ അയാളുടെ അവകാശം നിഷേധിക്കുകയാണ് ഈ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത്. റെസിഡൻഷ്യൽ സർട്ടിഫിക്കറ്റോ മറ്റേതെങ്കിലും സർട്ടിഫിക്കറ്റോ വാങ്ങാൻ പഞ്ചായത്തിൽ വരുമ്പോൾ നിങ്ങൾ യൂസർ ഫീസ് അടയ്ക്കാത്തതിനാൽ അവ നൽകില്ലെന്ന് പറയാൻ കഴിയുമോ; അത് ആർട്ടിക്കിൾ 21-ന്റെ ലംഘനമാണ്. മാത്രമല്ല, സെക്രട്ടറിമാർക്ക് ഇങ്ങനെ പരിധിയില്ലാത്ത തരത്തിൽ അധികാരം നൽകുന്നതും ശരിയല്ല. കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സ്പിരിറ്റ് നഷ്ടപ്പെടുത്തുന്ന ഒരു പ്രൊവിഷനാണിത്. അത് പുന:ക്രമീകരിക്കണം. വേറൊരു സേവനവും നൽകില്ലെന്ന തീരുമാനം മാറ്റണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, രണ്ട് തടസ്സവാദങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്.

ബഹുമാന്യനായ രമേശ് ചെന്നിത്തല ഉന്നയിച്ചത് 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിലെ ശിക്ഷാ വ്യവസ്ഥയെക്കുറിച്ചാണ്. 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമം പ്രകാരം ജലാശയങ്ങളിലേയ്ക്കും കനാലുകളിലേയ്ക്കും പുഴകളിലേയ്ക്കും അരുവികളിലേയ്ക്കും മാലിന്യം നിക്ഷേപിക്കുകയും ഒഴുക്കുകയും ചെയ്യുന്നതിന് നിഷ്കർഷിച്ചിട്ടുള്ള ശിക്ഷാവ്യവസ്ഥയെക്കാൾ കുറവാണെന്നാണ് അദ്ദേഹത്തിന്റെ തടസ്സവാദം. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടും കേരള പഞ്ചായത്ത് രാജ് ആക്ടും സ്വതന്ത്രങ്ങളായ നിയമങ്ങളെന്ന നിലയിൽ ഇവയിലെ വ്യവസ്ഥകൾ ലംഘിക്കുന്നതിനുള്ള ശിക്ഷയാണ് ഇപ്പോൾ വ്യവസ്ഥ ചെയ്തിട്ടുള്ളത്. 2003-ലെ കേരള ജലസംരക്ഷണവും ജലസേചനവും നിയമം സ്വതന്ത്രമായിട്ടുള്ള വേറൊരു നിയമമാണ്. അതിലെ വ്യവസ്ഥ ലംഘിക്കുന്നവർക്കുള്ള പിഴയും ശിക്ഷയും ചുമത്താൻ അതിൽ വ്യവസ്ഥയുണ്ട്. നിയമസഭ ഏറ്റവും പുതിയതായി പാസ്സാക്കിയ കേരള പൊതുജനാരോഗ്യ നിയമത്തിൽ മറ്റൊരു ശിക്ഷാ വ്യവസ്ഥയാണുള്ളത്. ഓരോ നിയമവും സ്വതന്ത്രമാണ് എന്നുള്ളതുകൊണ്ടുതന്നെ അതത് മേഖലകളിൽ

നടപ്പാക്കാനുദ്ദേശിച്ചുകൊണ്ടുള്ളതാണ്. ഒരു നിയമത്തിലെ ശിക്ഷാ വ്യവസ്ഥയെ ലഘൂകരിക്കുന്നതിനോ അതിന് വിരുദ്ധമായിട്ടുള്ള ഒരു വ്യവസ്ഥ കൊണ്ടുവരുന്നതിനോ ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല. കേന്ദ്ര നിയമങ്ങളിൽ ഒരേ കുറ്റകൃത്യത്തിന് വ്യത്യസ്തമായ ശിക്ഷാ വ്യവസ്ഥകളുണ്ട്. IPC 376 പ്രകാരം rape-ന് ശിക്ഷാവ്യവസ്ഥയിൽ ".......shall not be less than ten years, but which may extent to imprisonment for life, and shall also be liable to fine." എന്നാണ് പറയുന്നത്. പോക്സോ നിയമത്തിൽ അതേ കുറ്റത്തിന് സെക്ഷൻ 6-ൽ പറയുന്നത്, .......shall not be less than twenty years, ......' എന്നാണ്. രണ്ടും ഒരേ കുറ്റകൃത്യമാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇത് സ്പെഷ്യൽ ആക്ടാണ്, അങ്ങനെ വരുമ്പോൾ അത് സ്പെഷ്യൽ ഒഫൻസാണ്; ഒരുപോലെയുള്ളതല്ല. ഐ.പി.സി.-യിലുള്ളതുപോലെ റേപ്പിനുള്ള ഒഫൻസ് മാത്രമല്ല; കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾക്ക് വേണ്ടിയുള്ള സ്പെഷ്യൽ ആക്ടാണ് പോക്സോ. രണ്ടും വ്യത്യസ്തമാണ്. എന്നാൽ ഇത് അതുപോലെയല്ല. ഒരേ ഒഫൻസായതിനാൽ എല്ലാ നിയമപ്രകാരവും ഇയാളെ ശിക്ഷിക്കാൻ

കഴിയുമോ? ഒരേ ഒഫൻസിന് രണ്ട് ആക്ടിൽ വ്യത്യസ്തമായ പണിഷ്മെന്റ് കൊടുത്താൽ double jeopardy വരും. ഒരാളെ ഒരു കുറ്റത്തിന് രണ്ടുപ്രാവശ്യം രണ്ട് രീതിയിൽ ശിക്ഷിക്കാമോ? നേരത്തേ പറഞ്ഞത് സ്പെഷ്യൽ ആക്ടിനെക്കുറിച്ചാണ്. ഇത് രണ്ടുംകൂടി കണക്ക് ചെയ്യരുത്.

ശ്രീ. എം. ബി. രാജേഷ്: സർ, ഒഫൻസ് ഒന്നുതന്നെയാണ്. ഒരേ ഒഫൻസിന് രണ്ട് നിയമത്തിലും വ്യത്യസ്തമായ വ്യവസ്ഥകൾ നിലവിലുണ്ടെന്നാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. നിയമസഭ പാസ്സാക്കിയ കേരള പൊതുജനാരോഗ്യ നിയമത്തിലും ഇതേ വ്യവസ്ഥയുണ്ട്. പുഴയിലേയ്ക്കും കനാലിലേയ്ക്കും മാലിന്യം ഒഴുക്കിവിട്ട് ജലസ്രോതസ്സിനെ മലിനമാക്കുന്നതിന് വേറെ ഫൈനും ശിക്ഷാവ്യവസ്ഥയുമാണുള്ളത്. അത് ക്രമവിരുദ്ധമായ ഒന്നല്ല. പക്ഷേ ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ഉന്നയിച്ച വിഷയത്തിന്റെ ഉള്ളടക്കത്തെ ഞാൻ നിഷേധിക്കുന്നില്ല. അതിനാൽ ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നതോടൊപ്പം സഭയിൽ ചർച്ച ചെയ്യാവുന്നതാണ്. ഫൈൻ/ശിക്ഷാവ്യവസ്ഥ വർദ്ധിപ്പിക്കണമോ എന്ന കാര്യം ചർച്ച ചെയ്ത് തീരുമാനിക്കാം. അതുകൊണ്ടുതന്നെ ഇത് ബിൽ അവതരിപ്പിക്കുന്നതിൽ

തടസ്സമുണ്ടാക്കുന്നില്ല. അദ്ദേഹത്തിന്റെ നിർദ്ദേശം വളരെ ഗൗരവമായി ചർച്ച ചെയ്യേണ്ട കാര്യമാണ്; ശിക്ഷാ വ്യവസ്ഥ വർദ്ധിപ്പിക്കണമെന്ന അദ്ദേഹത്തിന്റെ നിർദ്ദേശത്തിന്റെ സത്തയെ ഞാൻ മാനിക്കുന്നു. ഇതുസംബന്ധിച്ച് ഗൗരവമായി ചർച്ച ചെയ്യാവുന്നതാണ്.

കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിലെ ഖണ്ഡം 6 പ്രകാരം പുതിയതായി ചേർക്കുന്ന വകുപ്പ് 219 എഡി (5), പ്രകാരം യൂസർ ഫീ അടയ്ക്കാൻ വീഴ്ച വരുത്തിയാൽ മറ്റെല്ലാ സേവനവും നിഷേധിക്കാൻ സെക്രട്ടറിക്ക് അധികാരം നൽകുന്നത് ആർട്ടിക്കിൾ 21-ലെ മൗലികാവകാശത്തിന് വിരുദ്ധമാണെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ചത്. ആർട്ടിക്കിൾ 21-ന് വളരെ വിശാലമായ ധാരാളം വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ട്. Article 21, Right to Life-ൽ 'The right to live with human dignity' എന്ന വ്യാഖ്യാനവും ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിന്നുണ്ടായിട്ടുണ്ട്. ശുചിത്വമുള്ള പരിസരത്തിൽ അന്തഃസോടെ ജീവിക്കുക എന്നതും Article 21-ന്റെ വ്യാഖ്യാനത്തിൽ വരുന്ന കാര്യമാണ്. അതിനെ അങ്ങനെ നമുക്ക് വ്യാഖ്യാനിക്കാവുന്നതുമാണ്.

മൗലികാവകാശമെന്നത് absolute right അല്ല, Reasonable restrictions-ന് വിധേയമാണ്. Reasonable restrictions ആണോ എന്ന് പരിശോധിക്കേണ്ടത് ലെജിസ്ലേച്ചറല്ല, കോടതിയാണ്. മൗലികാവകാശം reasonable restrictions-ന് വിധേയമാണെങ്കിലും 'due process of law' വഴിയായിരിക്കണം അത് ഏർപ്പെടുത്തേണ്ടത്. മാത്രമല്ല, അദ്ദേഹത്തിന്റെ തടസ്സവാദത്തിൽ 1985-ലെ 'Olga Tellis vs Bombay Municipal Corporation' എന്ന കേസ് ഉദ്ധരിച്ചിട്ടുണ്ട്. Olga Tellis Case വളരെ വ്യത്യസ്തമായ സാഹചര്യത്തിലുള്ളതാണ്, ഇതിന് സമാനമായ കേസ്സല്ലെന്ന് അദ്ദേഹത്തിനും നിയമം പഠിച്ച എല്ലാവർക്കും അറിയാവുന്നതാണ്. തെരുവ് കച്ചവടക്കാരുടെ ഉപജീവനവും അവരെ കുടിയൊഴിപ്പിച്ചതുമായും ബന്ധപ്പെട്ട 1985-ലെ 'Olga Tellis vs Bombay Municipal Corporation കേസിലെ വിധി ഇവിടെ പ്രസക്തമല്ലെന്നാണ് വ്യക്തമാക്കാനുള്ളത്.

സേവനം നിഷേധിക്കുന്നത് ശരിയല്ലെന്ന വാദമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ചത്. പ്രോപ്പർട്ടി ടാക്സ് അടച്ചില്ലെങ്കിൽ, അത് അടയ്ക്കാത്തപക്ഷം ട്രേഡ് ലൈസൻസ് കൊടുക്കാൻ പാടില്ലെന്ന വ്യവസ്ഥ

കേരള മുനിസിപ്പാലിറ്റി ആക്റ്റിലുണ്ട്. മോട്ടോർ വെഹിക്കിൾ ആക്റ്റ് അനുസരിച്ച് ഫൈൻ അടച്ചില്ലെങ്കിൽ ഇൻഷ്വറൻസ് റിന്യൂവലും പൊല്യൂഷൻ സർട്ടിഫിക്കറ്റ് റിന്യൂവലും സാധ്യമാകില്ല. അത്തരത്തിലുള്ള വ്യവസ്ഥകൾ നിലവിലുള്ള നിയമത്തിലുള്ളതിനാൽ അത് ക്രമവിരുദ്ധമല്ല; ബിൽ അവതരിപ്പിക്കുന്നതിന് തടസ്സമില്ല. ശുചിത്വമുള്ള അന്തരീക്ഷത്തിൽ ജീവിക്കുക എന്നത് അന്തഃസ്സോടെ ജീവിക്കാനുള്ള അവകാശത്തിന്റെ ഭാഗമാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷണം ഉണ്ടായിട്ടുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ പൊതുവിൽ ശുചിത്വം ഉറപ്പുവരുത്തുക, മാലിന്യമുക്തമാവുക എന്നത് നമുക്കെല്ലാവർക്കും യോജിപ്പുള്ള കാര്യമായതിനാൽ അതിൽ കുറെക്കൂടി ക്രിയാത്മകമായ സമീപനം സ്വീകരിക്കുന്നതായിരിക്കും നല്ലത്. അദ്ദേഹം പറഞ്ഞതുപോലെ, Intention വളരെ വ്യക്തമാണ്. 'യൂസർ ഫീ' അടയ്ക്കുന്നതിനെതിരായി resistance വന്ന സാഹചര്യത്തിൽ അത് നിർബന്ധിതമാക്കുക എന്നതാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. എല്ലാവരും യൂസർ ഫീ കൊടുക്കുന്നുവെന്ന് ഉറപ്പാക്കുക. സേവനം നിഷേധിക്കുന്നില്ല; മറ്റൊരു സേവനത്തിന് തദ്ദേശസ്വയംഭരണ

സ്ഥാപനത്തെ സമീപിക്കുമ്പോൾ അതുകൂടി ലഭിക്കണമെങ്കിൽ യൂസർ ഫീ അടയ്ക്കണമെന്നേയുള്ളൂ. അദ്ദേഹം പറഞ്ഞതുപോലെ ആളുകൾ യൂസർ ഫീ അടയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയെന്ന ഉദ്ദേശ്യം മാത്രമാണുള്ളത്; അല്ലാതെ മൗലികാവകാശം ഹനിക്കുക എന്ന ഉദ്ദേശ്യമില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ എന്റെ പഞ്ചായത്തിൽ കരം അടച്ചിട്ടുള്ള ആളെന്ന നിലയിൽ മറ്റൊരു കാരണം പറഞ്ഞുകൊണ്ട് റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് എങ്ങനെ നിഷേധിക്കാൻ കഴിയും; അതെന്റെ അവകാശമല്ലേ? യൂസർ ഫീ അടയ്ക്കാൻ ഫൈൻ പോലെയുള്ള കർശന നടപടികൾ കൊണ്ടുവന്നോളൂ. പക്ഷേ യൂസർ ഫീ അടയ്ക്കാതെ ഒരു സർവ്വീസും പഞ്ചായത്തിൽനിന്നും കൊടുക്കില്ലെന്ന് കരമടച്ച ഒരാളോട് പറയുന്നത് Article 21-ന്റെ ക്ലിയർ വയലേഷനാണ്.

ശ്രീ. എം. ബി. രാജേഷ്: സർ, കരമടയ്ക്കുമ്പോൾ തന്നെ ഈ ഡ്യൂസ് കൂടി ക്ലിയർ ചെയ്യണമെന്നേ നിഷ്കർഷിക്കുന്നുള്ളൂ. കേന്ദ്രസർക്കാരിന്റെ, Solid Waste Management Rules, 2016 പ്രകാരം, യൂസർ ഫീ കൊടുക്കാൻ ബാധ്യതയുണ്ട്. ബ്രഹ്മപുരം മാലിന്യസംസ്കരണപ്ലാന്റിൽ ഉണ്ടായ തീപിടുത്തത്തെ

തുടർന്നുണ്ടായ കേസുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിട്ടുള്ളത്, ഇതൊരു പൗരന്റെ ധാരണയുമായും കടമയുമായും ബന്ധപ്പെട്ടിരിക്കുന്നുവെന്നാണ്. തദ്ദേശഭരണ സ്ഥാപനത്തിന് പൗരന്മാരോട് കടമയുള്ളതുപോലെ മാലിന്യസംസ്കരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ പൗരന്മാർക്ക് തദ്ദേശഭരണ സ്ഥാപനത്തിനോടും സംസ്ഥാനത്തോടും സമൂഹത്തോടും കടമയുണ്ട്. ആ കടമ നിഷ്കർഷിക്കുന്നുവെന്നുള്ളതാണ് ഈ വ്യവസ്ഥകൊണ്ടുദ്ദേശിക്കുന്നത്. നികുതി ഒടുക്കുന്നുവെന്നതുകൊണ്ട് പ്രത്യേകമായ അവകാശമില്ല. അതിനാൽ, ഞാൻ മറ്റ് നികുതികൾ അടച്ചിട്ടുണ്ടെന്നതിനാൽ ഇത് അടയ്ക്കാതിരിക്കാനുള്ള അവകാശവുമില്ല. ഇന്നത്തെ സാഹചര്യത്തിൽ കൂടുതൽ വിശാലമായ ഒരർത്ഥത്തിലാണ് നാം ഇതിനെ കാണേണ്ടത്. ഉദ്ദേശ്യശുദ്ധിയിൽ പ്രതിപക്ഷ നേതാവിന് സംശയമില്ലാത്തതുകൊണ്ടും ആ ഉദ്ദേശ്യശുദ്ധിയുടെ അടിസ്ഥാനത്തിൽ ഇത് ക്രമവിരുദ്ധമല്ലാത്തതുകൊണ്ടും തടസ്സവാദം നിലനിൽക്കുന്നതല്ലെന്നാണ് പറയാനുള്ളത്.

**റൂളിംഗ്**

## 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവയിലെ അപാകതകൾ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ...... 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിലെ ഖണ്ഡം 6 പ്രകാരം മൂലനിയമത്തിൽ പുതിയതായി കൂട്ടിച്ചേർക്കുന്ന വകുപ്പ് 219 എഡി (5)-ന്റെ ഭരണഘടനാ സാധുതയെ സംബന്ധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച തടസ്സവാദവും 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിലെ ഖണ്ഡം 15 പ്രകാരം മൂലനിയമത്തിൽ പകരം ചേർക്കുന്ന 337-ാം വകുപ്പിന്റെ സാധുത സംബന്ധിച്ച് ശ്രീ. രമേശ് ചെന്നിത്തല ഉന്നയിച്ച തടസ്സവാദവും ചെയർ വിശദമായി പരിശോധിച്ചു. ഇതുസംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുകയുണ്ടായി.

ബില്ലിന്റെ ഉള്ളടക്കത്തിൽ ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മുൻ പ്രതിപക്ഷ നേതാവും നൽകിയ നിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇന്നുചേരുന്ന സബ്ജക്ട് കമ്മിറ്റി വിശദമായി പരിശോധിക്കുമെന്നാണ് ചെയർ കരുതുന്നത്. ബില്ലിന്റെ വ്യവസ്ഥകൾക്ക് കൂടുതൽ ശക്തി പകരുവാൻ പ്രസ്തുത നിർദ്ദേശങ്ങൾക്ക് കഴിയുന്നതാണ്.

നിർദ്ദേശങ്ങൾ നൽകിയ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെയും മുൻ പ്രതിപക്ഷ നേതാവിനെയും ചെയർ അഭിനന്ദിക്കുന്നു.

ബില്ലുകൾ അവതരിപ്പിക്കുന്നതിനെതിരെയുള്ള തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഇവിടെ ഉന്നയിച്ച തടസ്സവാദങ്ങളെ സംബന്ധിച്ച വിശദീകരണത്തിൽ ബില്ലിന്റെ പ്രാധാന്യത്തെക്കുറിച്ച് വ്യക്തമാക്കിയിട്ടുണ്ട്.

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മുൻ പ്രതിപക്ഷ നേതാവും ബില്ലിന്റെ സ്പിരിറ്റിനോട് യോജിച്ചുകൊണ്ടാണ് ക്രമപ്രശ്നം ഉന്നയിച്ചത്. 2025 മാർച്ച് 31-നകം കേരളത്തെ മാലിന്യമുക്തമാക്കും/സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമാക്കുമെന്നതാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടന പത്രികയിലെ പ്രധാനപ്പെട്ട വാഗ്ദാനം. ബ്രഹ്മപുരത്ത് കഴിഞ്ഞവർഷം ഉണ്ടായ തീപിടിത്തത്തെക്കുറിച്ച് സഭ ചർച്ച ചെയ്തിട്ടുള്ളതാണ്. അതിന്റെ പശ്ചാത്തലത്തിൽ സർക്കാർ നടപടികൾ വേഗത്തിലാക്കുകയും ഒരു അടിയന്തര കർമ്മപദ്ധതി പ്രഖ്യാപിച്ച് നടപ്പാക്കുകയും ചെയ്തു. അതിനെത്തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെയും ധാരാളം കേസുകൾ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയും ഈ നടപടികൾ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് ചില നിരീക്ഷണങ്ങൾ നടത്തുകയുണ്ടായി. സർക്കാർ നടപടികൾക്ക് ശക്തിപകരുന്ന തരത്തിലാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഭാഗത്തുനിന്നും നിരീക്ഷണങ്ങൾ വന്നിട്ടുള്ളത്. ഈ പശ്ചാത്തലത്തിലാണ് നിയമ ഭേദഗതികൾ ഇപ്പോൾ കൊണ്ടുവരുന്നത്. നമ്മൾ ഏറെക്കാലമായി ബോധവത്കരണം നടത്തുന്നുണ്ട്.

ബോധവത്കരണം കൊണ്ടുമാത്രം സമ്പൂർണ്ണ ശുചിത്വമെന്ന ലക്ഷ്യം നമുക്ക് കൈവരിക്കാൻ സാധിക്കില്ലെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. ബോധവത്കരണത്തോടൊപ്പം നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും നിയമം കൂടുതൽ കർക്കശമാക്കുകയും വിട്ടുവീഴ്ചയില്ലാതെ നടപ്പാക്കുകയും വേണം. സർക്കാർ വിവിധ തലത്തിൽ ഇക്കാര്യങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാവ്യക്തികളും ഒരർത്ഥത്തിൽ അല്ലെങ്കിൽ മറ്റൊരർത്ഥത്തിൽ മാലിന്യം ഉല്പാദിപ്പിക്കുന്നുണ്ട്. ഓരോ വ്യക്തിയുടെയും ഉത്തരവാദിത്വം നിശ്ചയിക്കുന്നതോടൊപ്പം അവ നിറവേറ്റുന്നതിൽ വീഴ്ച വരുത്തിയാൽ അവർക്കെതിരെയുള്ള നടപടികൾ കൃത്യമായി നിഷ്കർഷിക്കുകയും പിഴത്തുക ഉൾപ്പെടെ വർദ്ധിപ്പിച്ചുകൊണ്ട് അത് ശക്തിപ്പെടുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ജയിൽ ശിക്ഷയും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അൻപതിനായിരം രൂപവരെ പരമാവധി പിഴയും ഒരുവർഷം വരെ തടവ് ശിക്ഷയും ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനുള്ള സെക്രട്ടറിയുടെ അധികാരങ്ങൾ മുമ്പ് വളരെ പരിമിതമായിരുന്നു.

അതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പലപ്പോഴും ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ പരിമിതിയുണ്ടായിരുന്നു. ഇപ്പോൾ സെക്രട്ടറിയുടെ അധികാരങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ഒരു വ്യക്തി കുറ്റം ചെയ്തതായി കണ്ടെത്തിയാൽ കുറ്റാരോപിതനായ വ്യക്തിയെ കേട്ടശേഷം നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് അധികാരം നൽകിയിട്ടുണ്ട്. കൂടാതെ സെക്രട്ടറിക്ക് മറ്റുചില അധികാരങ്ങളും നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷ സ്ഥാനത്തുള്ള ആളെ അറിയിച്ചുകൊണ്ട് സെക്രട്ടറിയിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ടിൽനിന്ന് രണ്ടുലക്ഷം രൂപയിൽ കവിയാത്ത തുക ചെലവഴിക്കാനുള്ള അധികാരം ഈ ഭേദഗതിയിലൂടെ നൽകുന്നുണ്ട്. അധികാരവും ചുമതലയും ഒരേ സമയം സെക്രട്ടറിമാർക്ക് നൽകുകയാണ്. ഇതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിക്കുന്ന പല ഉത്തരവുകളും ആ പ്രദേശത്തെ താൽപ്പര്യങ്ങൾ/സമ്മർദ്ദങ്ങൾ എന്നിവയ്ക്ക് വിധേയമായി നടപ്പാക്കാത്ത സമീപനമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുണ്ടാകുന്നത്.

ഇതിന് ധാരാളം ഉദാഹരണങ്ങളും നമ്മുടെ മുന്നിലുണ്ട്. അടുത്തദിവസങ്ങളിലും ഇത്തരം വിഷയങ്ങൾ ഉയർന്നുവരികയുണ്ടായി. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരുമാസത്തിനുള്ളിൽ തീരുമാനമെടുത്തില്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനം അനുമതി നൽകിയതായി കണക്കാക്കി മുന്നോട്ടുപോകുന്നതാണ്. മാത്രമല്ല, സർക്കാരിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമേൽ പിഴ ചുമത്താനുമുള്ള പ്രധാനപ്പെട്ട വ്യവസ്ഥയും ഈ ഭേദഗതി ബില്ലിലുണ്ട്. മാലിന്യ സംസ്കരണത്തിന് ഭൂമി കണ്ടെത്തുക എന്നത് ഒരു പ്രധാനപ്പെട്ട വിഷയമായി പലപ്പോഴും ഉയർന്നുവരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കൈവശം സ്വന്തമായി ഭൂമിയുണ്ടെങ്കിൽ മാലിന്യസംസ്കരണ പദ്ധതികൾക്ക് പ്രസ്തുത ഭൂമി ഉപയോഗിക്കാനാണ് ഒന്നാമത്തെ പരിഗണന നൽകേണ്ടത്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ മാലിന്യ സംസ്കരണത്തിനുവേണ്ടി ഈ ഭൂമി ഉപയോഗിച്ചതിനുശേഷം മാത്രമെ മറ്റാവശ്യങ്ങൾക്ക് ഭൂമി ഉപയോഗിക്കാൻ

പാട്ടുള്ളൂ. സ്വന്തമായി ഭൂമി ഇല്ലെങ്കിൽ സ്വകാര്യഭൂമി കണ്ടെത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഉത്തരവാദിത്വം നൽകുന്ന വ്യവസ്ഥ ഇതിൽ കൊണ്ടുവന്നിട്ടുണ്ട്. യൂസർ ഫീയുടെ കാര്യത്തെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചിരുന്നു. ഇപ്പോൾ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഒരുതരത്തിലുള്ള പ്രോട്ടോക്കോളും പാലിക്കാതെയാണ് പൊതുപരിപാടികൾ അവതരിപ്പിക്കുന്നത്. നാം ധാരാളം പൊതുപരിപാടികൾ നടത്താറുണ്ട്. പരിപാടി കഴിയുമ്പോൾ അവിടെയെല്ലാം മാലിന്യ കൂമ്പാരമായി മാറുന്നതാണ് പലപ്പോഴും കാണാൻ സാധിക്കുന്നത്. പലസ്ഥലങ്ങളിലും സംഘാടകർതന്നെ ഇത് വൃത്തിയാക്കുന്ന നല്ലൊരു പ്രവണത ഇപ്പോൾ കണ്ടുവരുന്നുണ്ട്. ഇത് ഒറ്റപ്പെട്ട സംഭവങ്ങളാണ്, വ്യാപകമായി വന്നിട്ടില്ല. നവകേരള സദസ്സുകളിൽ ഇത്തരത്തിലുള്ള അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. നവകേരള സദസ്സ് കഴിഞ്ഞപ്പോൾ അവിടെയെല്ലാം ശുചിയാക്കുന്ന നല്ലൊരു പ്രവണത കാണുകയുണ്ടായി. അത് വ്യാപിപ്പിക്കാൻ സാധിക്കണം. നൂറിൽ കൂടുതൽ ആളുകൾ ഒത്തുചേരുന്ന പരിപാടികൾക്ക് മൂന്നുദിവസംമുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനത്തെ അറിയിച്ച് അനുമതി വാങ്ങണം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിച്ച ഫീസ് നൽകി മാലിന്യം ശേഖരിക്കുന്നവർക്ക് കൈമാറേണ്ടതാണെന്ന വ്യവസ്ഥ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പോലീസ് അനുവാദം മാത്രം പോരാ, തദ്ദേശസ്വയംഭരണ സ്ഥാപനത്തെ അറിയിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ നിർമ്മാർജ്ജനത്തിന് എന്തുക്രമീകരണമാണോ ഏർപ്പെടുത്തിയിട്ടുള്ളത് അതിനുള്ള ഫീസ് നൽകി, ബന്ധപ്പെട്ട ഏജൻസി/ ഹരിതകർമ്മസേനയ്ക്കോ മറ്റോ കൈമാറേണ്ടതാണ്. അതുപോലെ പിഴത്തുക വർദ്ധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. ആ പിഴത്തുക CSR (Corporate Social Responsibility) ഫണ്ടുകൾ, മറ്റ് സംഭാവനകൾ എന്നിവയെല്ലാം ഉപയോഗിച്ചുകൊണ്ട് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും കാര്യശേഷി വികസനത്തിനും ഉപയോഗിക്കാവുന്ന നിലയിൽ ഒരു മാലിന്യ സംസ്കരണ ഫണ്ട് രൂപീകരിക്കണമെന്ന വ്യവസ്ഥയും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല, പൊതുജനങ്ങൾ ഇത്തരത്തിലുള്ള നിയമ ലംഘനങ്ങൾ തെളിവുസഹിതം ചൂണ്ടിക്കാണിച്ചാൽ പാരിതോഷികം നൽകാനും വ്യവസ്ഥ

ചെയ്തിട്ടുണ്ട്. ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസിദ്ധപ്പെടുത്തിയ വാട്ട്സ് ആപ്പ് നമ്പറിലേയ്ക്ക് മാലിന്യം നിക്ഷേപിച്ച വ്യക്തിയെ തിരിച്ചറിയാനുതകുന്ന ചിത്രങ്ങളോ വീഡിയോകളോ അയച്ചുകൊടുത്താൽ പിഴത്തുകയുടെ നാലിൽ ഒരുഭാഗം പാരിതോഷികമായി നൽകിവരുന്നുണ്ട്. പക്ഷേ ഇത് വളരെ വ്യാപകമായി മാറിയിട്ടില്ല. ഈ നിയമത്തിൽ ഇതിനുള്ള വ്യവസ്ഥകൂടി ഉൾപ്പെടുത്തുന്നുണ്ട്. പതിനായിരം രൂപ പിഴ ഈടാക്കിയാൽ രണ്ടായിരത്തി അഞ്ഞൂറ് രൂപ പാരിതോഷികം ലഭിക്കുന്നതാണ്. അങ്ങനെ ഒരുദിവസം നാലുപേരെ കണ്ടുപിടിച്ചാൽ പതിനായിരം രൂപ വരുമാനം നേടാൻ സാധിക്കുന്നതാണ്. കടകളുടെ ചുറ്റുപാട് വൃത്തിയായി സൂക്ഷിക്കാനുള്ള ഉത്തരവാദിത്വം കച്ചവടക്കാർക്കുണ്ട്. ദ്രവമാലിന്യം തെറ്റായ രീതിയിൽ നിയമവിരുദ്ധമായി കൊണ്ടുപോകുന്ന വാഹനങ്ങൾ കണ്ടുകെട്ടാനുള്ള നടപടിയും ബില്ലിൽ കൊണ്ടുവന്നിട്ടുണ്ട്. ഇത്തരത്തിലുള്ള വാഹനങ്ങൾ പിടിച്ചെടുക്കണമെന്നും ഹൈക്കോടതിയുടെ അനുവാദത്തോടെ മാത്രമെ ടി വാഹനങ്ങൾ വിട്ടുകൊടുക്കാൻ പാടുള്ളൂവെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിട്ടുണ്ട്. ഈ ബില്ലിൽ അത്തരത്തിലുള്ള വാഹനങ്ങൾ

കണ്ടുകെട്ടാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇങ്ങനെ കേരള പഞ്ചായത്ത് രാജ് ആക്ടും കേരള മുനിസിപ്പാലിറ്റി ആക്ടും കൂടുതൽ ഫലപ്രദവും കർക്കശവുമാക്കി മാറ്റാനുള്ള വ്യവസ്ഥകളാണ് ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇക്കാര്യങ്ങൾ ഗൗരവത്തോടെ ഈ സഭ ചർച്ച ചെയ്യുമെന്നും മാലിന്യ സംസ്കരണ ശുചിത്വ കേരളത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് വിലപ്പെട്ട നിർദ്ദേശങ്ങൾ ഇവിടെനിന്നും ലഭിക്കുമെന്നും പ്രതീക്ഷിക്കുന്നു.

മി. സ്പീക്കർ: രണ്ട് ബില്ലുകളും ഒരുമിച്ച് ചർച്ചയ്ക്ക് എടുക്കാവുന്നതാണ്. ഈ സഭ unwritten ആയി സൃഷ്ടിച്ച ഒരു നിയമമുണ്ട്. അത് സമയ ക്ലിപ്തത പാലിക്കുക എന്നുള്ളതാണ്. ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിക്കുകയെന്നത് പതിനഞ്ചാം കേരള നിയമസഭ സ്വീകരിച്ചിട്ടുള്ള സമീപനമാണ്. അതിൽ പരമാവധി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീമതി ഉമ തോമസ്: Sir, I move that "This House resolves to disapprove The Kerala Municipality (Amendment) Ordinance, 2023 (Ordinance No.3 of 2023)". മുനിസിപ്പാലിറ്റി ആക്ടിൽ മാലിന്യ സംസ്കരണം സംബന്ധിച്ച വ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും അവ

ലംഘിക്കുന്നവർക്കുള്ള ശിക്ഷാ വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തുന്നതിനുമായി പ്രസ്തുത ആക്ടിൽ ഭേദഗതി വരുത്തുന്നതിനാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. മാലിന്യ സ്വീകരണത്തിനും നിർമ്മാർജ്ജനത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മതിയായ സംവിധാനവും സൗകര്യവും ഏർപ്പെടുത്താതെ കനത്ത പിഴ ചുമത്തുന്നത് ഉചിതമല്ല. ബില്ലിലെ വ്യവസ്ഥകൾ പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്ക് ലഭിക്കാവുന്ന പരമാവധി ശിക്ഷ 50,000/- രൂപ പിഴയും ഒരുവർഷം വരെ തടവുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഏതെങ്കിലും പൊതുസ്ഥലത്ത് ചപ്പുചവറുകളും മാലിന്യങ്ങളും കൂടിക്കിടന്ന് പരിസ്ഥിതി പ്രശ്നങ്ങളും മലിനീകരണവുമുണ്ടാകുന്നപക്ഷം സർക്കാരിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്കെതിരെ കർത്തവ്യ നിർവ്വഹണത്തിലുണ്ടായ വീഴ്ചയുടെ പേരിൽ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന് വ്യവസ്ഥയുണ്ട്. വേർതിരിച്ച മാലിന്യം കൈമാറുന്നതും യൂസർ ഫീ ഈടാക്കുന്നതും സംബന്ധിച്ച് കർശനമായ വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. യൂസർ ഫീ അടയ്ക്കുന്നതിൽ വീഴ്ച

വരുത്തുന്നവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഏതൊരു സേവനവും നൽകുന്നത് സെക്രട്ടറിക്ക് തടയാവുന്നതാണെന്ന വ്യവസ്ഥ ശരിയല്ല. എന്നാൽ ബില്ലിൽ ഇപ്രകാരം വ്യവസ്ഥ ചെയ്യുമ്പോൾ ശരിയായ രീതിയിൽ ജൈവ മാലിന്യങ്ങൾ സംസ്കരിക്കുകയും അജൈവ മാലിന്യങ്ങൾ ഉല്പാദിപ്പിക്കാതിരിക്കുകയും ചെയ്യുന്ന വ്യക്തികളെയോ/കുടുംബങ്ങളെയോ/ സ്ഥാപനങ്ങളെയോ പ്രോത്സാഹിപ്പിക്കുന്ന രീതിയിലുള്ള ഏതൊരു വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പരിമിതമായ സ്റ്റാഫ് സ്ട്രെങ്ത് ഉപയോഗിച്ച് മാലിന്യ സംസ്കരണ ഉത്തരവാദിത്വം കാര്യക്ഷമമായി നടപ്പാക്കാൻ സാധിക്കുമോയെന്നത് പ്രസക്തമായ ചോദ്യമാണ്. മാലിന്യ സംസ്കരണം ഒരു പ്രവൃത്തി എന്നതിനപ്പുറം ഒരു സംസ്കാരമായും ശീലമായും കാണുകയും അത് ജീവിതത്തിൽ പകർത്തുകയും ചെയ്യുക എന്നതിൽക്കുറഞ്ഞ മറ്റൊരു പരിഹാരവും ഈ പ്രശ്നത്തിൽ ഇല്ല. 2008-ൽ മാലിന്യ സംസ്കരണ കേന്ദ്രമായി ഉദ്ഘാടനം ചെയ്യപ്പെട്ട ബ്രഹ്മപുരം പതുക്കെ പതുക്കെ ഒരു സംസ്കരണ കേന്ദ്രത്തിന്റെ സ്വഭാവത്തിൽനിന്നും മാലിന്യം കൂട്ടിയിടാനുള്ള പ്രദേശമായി

മാറുകയായിരുന്നു. മാലിന്യ സംസ്കരണത്തിനായി നിരവധി കമ്പനികൾ കോടിക്കണക്കിന് തുക വാങ്ങി കടന്നുപോയെങ്കിലും മാലിന്യം മാലിന്യമായിത്തന്നെ അവിടെ അവശേഷിക്കുകയാണുണ്ടായത്. ബ്രഹ്മപുരം കേന്ദ്രം ഉദ്ഘാടനം ചെയ്യുന്നതിനുമുമ്പ് ഈ മാലിന്യങ്ങൾ എന്താണ് ചെയ്തിരുന്നതെന്ന് ആലോചിക്കേണ്ടതുണ്ട്; ഒരു ജില്ലയിലെ മുഴുവൻ മാലിന്യങ്ങളും കൊണ്ടുചെന്നുതള്ളാൻ നിയമപരമായി ഒരു സ്ഥലം സർക്കാർ കണ്ടെടുത്തപ്പോൾ അതിന്റെ ഭവിഷ്യത്തുകൾ ഏറ്റെടുക്കാൻ ആ ജനത നിർബന്ധിതരായി മാറി. ഇന്ന് ആ മാലിന്യങ്ങൾ കത്തിപ്പടരുമ്പോഴും കൂടുതൽ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നത് ബ്രഹ്മപുരത്തെ ജനങ്ങൾതന്നെയാണ്. 44 കുടുംബങ്ങൾ താമസിക്കുന്ന കൊച്ചിയിലെ മരടിലുള്ള ഒരു ഫ്ലാറ്റ് സമുച്ചയത്തിൽ കഴിഞ്ഞ കുറെ നാളുകളായി മുനിസിപ്പാലിറ്റിയുടെ മാലിന്യം ശേഖരിക്കുന്ന വാഹനം എത്തേണ്ട ആവശ്യമില്ലെന്ന അവസ്ഥയാണ്. അവർ ശേഖരിക്കുന്ന മാലിന്യങ്ങൾ സംസ്കരിച്ചതിനുശേഷം കൊച്ചി മെട്രോയുടെ തൂണുകൾക്കിടയിലെ മീഡിയനുകളിൽ വളർത്തുന്ന ചെടികൾക്ക് വളമായി ഉപയോഗിക്കുകയാണ്.

കേരളത്തിന്റെ സാമ്പത്തിക തലസ്ഥാനമായ കൊച്ചിയിലെ ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിൽ മാർച്ച് 2-ാം തീയതി തുടങ്ങിയ തീപിടുത്തം ഏകദേശം പതിമൂന്ന് ദിവസങ്ങൾക്കുശേഷമാണ് കെടുത്താൻ കഴിഞ്ഞത്. മനുഷ്യരടക്കമുള്ള ജീവജാലങ്ങളുടെ പാരിസ്ഥിതിക-സന്തുലിത നിലനിൽപ്പിനെ ബാധിച്ച ഈ തീപിടുത്തത്തിന്റെ ഫലമായി, തീയും പുകയും വിഷവാതകങ്ങളും രാസപദാർത്ഥങ്ങളും ശ്വസിച്ച് ശ്വാസകോശ രോഗങ്ങളും അർബുദമടക്കമുള്ള വിവിധ രോഗങ്ങളുമാണ് ബ്രഹ്മപുരത്തെയും സമീപപ്രദേശങ്ങളിലെയും ജനങ്ങൾക്കുണ്ടായത്. ഇതിനെക്കുറിച്ച് സംസാരിച്ചപ്പോൾ അവിടെയൊരു പൂങ്കാവനമാക്കി മാറ്റുമെന്ന് ബഹുമാനപ്പെട്ട മന്ത്രി മുമ്പ് പറഞ്ഞിരുന്നുവെങ്കിലും നാളിതുവരെ യാതൊരു നടപടിയും എടുത്തിട്ടില്ലെന്നതാണ് സത്യം. മുനിസിപ്പാലിറ്റിയുടെ മാലിന്യങ്ങൾ നേരത്തെ അവർതന്നെയാണ് സംസ്കരിച്ചിരുന്നത്. ബ്രഹ്മപുരം പ്ലാന്റ് ആരംഭിച്ചപ്പോൾ അവിടെ വേസ്റ്റ് തികയുകയില്ലെന്നുപറഞ്ഞ് തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ വേസ്റ്റുകൂടി ചോദിച്ചുവാങ്ങി അവിടേയ്ക്ക് എടുക്കുകയാണ് ചെയ്തത്. പെട്ടെന്നുണ്ടായ ബ്രഹ്മപുരം തീപിടുത്തവുമായി ബന്ധപ്പെട്ട്

മുനിസിപ്പാലിറ്റിയിലെ വേസ്റ്റ് എടുക്കാത്തതിനാൽ ഭീമമായ തുക കൊടുത്ത് വേസ്റ്റ് പുറത്ത് കൊടുക്കേണ്ട അവസ്ഥയാണ് അവർക്കിപ്പോൾ വന്നിരിക്കുന്നത്. അഞ്ചേക്കർ സ്ഥലം ബ്രഹ്മപുരത്തുനിന്നും കൊടുക്കുകയാണെങ്കിൽ മുനിസിപ്പാലിറ്റിയിലെ വേസ്റ്റ് അവിടെ സംസ്കരിക്കാനുള്ള ഏർപ്പാട് അവർ ചെയ്തോളാമെന്ന് കാണിച്ച് നേരത്തെതന്നെ കത്തയച്ചിട്ടുണ്ട്. അക്കാര്യം സംബന്ധിച്ച് നടപടിയെടുക്കുന്നത് വളരെ നല്ലതായിരിക്കും. കിടപ്പ് രോഗികളും കൊച്ചുകുട്ടികളും അടങ്ങുന്ന വീടുകളിൽ ഭീമമായ തുക നൽകിയാണ് ബയോളജിക്കൽ വേസ്റ്റെടുക്കുന്നത്. അത്തരം വേസ്റ്റുകൾ കൈകാര്യം ചെയ്യാനും നിർമ്മാർജ്ജനം ചെയ്യാനും ഗവൺമെന്റ് ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കേണ്ടതുണ്ട്. നിയമനിർമ്മാണങ്ങൾ നടപ്പാക്കിയതുകൊണ്ടുമാത്രം പ്രശ്നം പരിഹരിക്കപ്പെടുകയില്ല. അതോടൊപ്പം സമയബന്ധിതമായ പ്രവർത്തനംകൂടി നടത്തിയാൽ മാത്രമെ ജനം ആഗ്രഹിക്കുന്ന രീതിയിലുള്ള വികസനം സാധ്യമാകുകയുള്ളൂ. എന്റെ മണ്ഡലത്തിൽ 'കേരളത്തിനൊപ്പം കുതിക്കാൻ തൃക്കാക്കരയും' എന്ന പേരിലാണ് ഉപതെരഞ്ഞെടുപ്പ് കാലത്ത്

എൽ.ഡി.എഫ്. പ്രകടനപത്രിക പുറത്തിറക്കിയത്. തൃക്കാക്കര ട്രാവൽ ഹബ്ബാക്കുമെന്നും വിനോദ-വാണിജ്യ കേന്ദ്രമാക്കി മാറ്റാൻ 'ബ്ലിസ് സിറ്റി' യാഥാർത്ഥ്യമാക്കുമെന്നും പറഞ്ഞിരുന്നു. ഇതെല്ലാം വെറും പാഴ്‌വാഗ്ദാനങ്ങൾ മാത്രമായി മാറിയിരിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. ഷംസുദ്ദീൻ]

മുഴുവൻ കുടുംബങ്ങൾക്കും കുടിവെള്ളം എത്തിക്കുമെന്നതാണ് പ്രകടനപത്രികയിലെ മറ്റൊരു വാഗ്ദാനം. ഏറ്റവും പ്രാഥമികമായ ആവശ്യങ്ങളിലൊന്നാണ് കുടിവെള്ളം. ഇന്ന് തൃക്കാക്കര ഏറ്റവും രൂക്ഷമായി അനുഭവിക്കുന്നത് കുടിവെള്ള ക്ഷാമംതന്നെയാണ്. നാലുദിവസത്തിലൊരിക്കലാണ് തൃക്കാക്കരയിൽ കുടിവെള്ളം ലഭിക്കുന്നത്. വൃത്തിവേണമെന്നും ശുചിത്വം വേണമെന്നുമെല്ലാം നാം സംസാരിക്കുമ്പോൾ ആവശ്യമായ വെള്ളംകൂടി നൽകിയാൽ മാത്രമെ ശുചിത്വം പാലിക്കാൻ സാധിക്കുകയുള്ളൂവെന്ന കാര്യംകൂടി പ്രത്യേകം ശ്രദ്ധിക്കണം. നാലുദിവസത്തിലൊരിക്കൽ ലഭിക്കുന്ന വെള്ളം പലപ്പോഴും മുടങ്ങാറുണ്ടെന്ന് മാത്രമല്ല, tail-end-ൽ വെള്ളം ലഭിക്കാറുമില്ല. പലർക്കും കുടിക്കാനും

കുളിക്കാനുംപോലും വെള്ളമില്ലാത്ത അവസ്ഥയാണുള്ളത്. കോർപ്പറേഷൻ ഏരിയയിലെ സ്ഥിതിയും ഒട്ടും വ്യത്യസ്തമല്ല; അവിടങ്ങളിലെ സ്ഥിതി ഇതിലും പരിതാപകരമാണ്. ഒരിറ്റു വെള്ളംപോലുമില്ലെന്ന പരിതാപകരമായ ഫോൺ വിളികളാണ് വെളുപ്പാൻ കാലം മുതൽ എനിക്ക് കേൾക്കാൻ സാധിക്കുന്നത്. 190 എം.എൽ.ഡി. കപ്പാസിറ്റിയുള്ള ഒരു പ്രോജക്ട് വന്നാൽ മാത്രമെ തൃക്കാക്കരയിലെയും സമീപപ്രദേശങ്ങളിലെയും കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സാധിക്കുകയുള്ളൂവെന്ന് ഗവൺമെന്റ് മനസ്സിലാക്കിയിട്ടുള്ളതാണ്. പ്രശ്നം പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് ഇടപെട്ട് വിവിധ മീറ്റിംഗുകൾ നടത്തിയെങ്കിലും പ്രാവർത്തികമാക്കാൻ സാധിക്കുന്നില്ല. ഈ നിസ്സഹായാവസ്ഥ സാമ്പത്തിക പ്രശ്നങ്ങൾ കാരണമാണെന്ന് വളരെ നല്ല വാക്കുകളിലൂടെയാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്.

കാക്കനാട് ജില്ലാ ആസ്ഥാനത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു സർക്കാർ ആശുപത്രി ആരംഭിക്കുമെന്നായിരുന്നു പ്രകടന പത്രികയിലെ മറ്റൊരു വാഗ്ദാനം. സർക്കാർ ആശുപത്രി ലഭിച്ചില്ലെന്ന് മാത്രമല്ല

എം.എൽ.എ. ഫണ്ടുപയോഗിച്ച് 1,20,00,000/- രൂപ മാറ്റിവച്ച ഡയാലിസിസ് യൂണിറ്റിന് ഭരണാനുമതി ലഭിച്ചിട്ടുപോലും നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല. പബ്ലിക് ഹെൽത്ത് സെന്ററിൽ 7000 സ്ക്വയർ ഫീറ്റ് സ്ഥലമുണ്ടായിട്ടും സ്റ്റാഫിന്റെ ബാധ്യതകൾ മുനിസിപ്പാലിറ്റി വഹിച്ചുകൊള്ളാമെന്ന് അറിയിച്ചിട്ടും നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തത് ഈ സർക്കാർ പറയുന്ന വികസന മേന്മയാണോ; അതോ ദുരിതമനുഭവിക്കുന്ന രോഗികളോടുള്ള അവഗണനയാണോ എന്ന് സംശയിക്കുന്നു.

കല്ല്യാശ്ശേരി മുതൽ തിരുവനന്തപുരം വരെ കേരളത്തിൽ അങ്ങോളമിങ്ങോളം സർക്കാരിന്റെ ജനവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ ജനാധിപത്യ രീതിയിൽ കരിങ്കൊടി കാണിച്ച് പ്രതിഷേധിച്ച കെ.എസ്.യു., യൂത്ത് കോൺഗ്രസ് വനിതാപ്രവർത്തകർ ഉൾപ്പെടെയുള്ളവരെ എസ്.എഫ്.ഐ., ഡി.വൈ.എഫ്.ഐ. ഗുണ്ടകളും പോലീസിലെ ചില ക്രിമിനലുകളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഗൺമാനും ചെടിച്ചട്ടികൊണ്ടും ഹെൽമറ്റ് ഉപയോഗിച്ചും ലാത്തികൊണ്ടും രക്ഷാപ്രവർത്തനം നടത്തിയത്

കേരള ജനത മുഴുവൻ കണ്ടതാണ്. എന്നാൽ ഇത് കണ്ടതേ ഇല്ലെന്ന് പറയുന്ന മുഖ്യൻ രാഷ്ട്രീയ തിമിരം ബാധിച്ചിരിക്കുന്ന അവസ്ഥയിലാണെന്നാണ് മനസ്സിലാക്കുന്നത്. രാജാവ് നഗ്നനനാണെന്ന് വിളിച്ചുപറയാൻ കൂടെയുള്ള ആർക്കും ധൈര്യമില്ല. പക്ഷെ, കേരള ജനത ഇതിന് മാപ്പ് കൊടുക്കില്ലെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. സ്വന്തം സ്ഥാനം ഭദ്രമാക്കാനുള്ള തത്രപ്പാടിൽ അദ്ദേഹത്തിന്റെ സ്തുതിപാഠകരായി മാറിയിരിക്കുകയാണ് നമ്മുടെ മന്ത്രിപുംഗവന്മാർ. അടികൊണ്ട് നിലംപരിശായ കുട്ടികൾ അവരുടെ അച്ഛനമ്മമാരുടെ പൊന്നോമനകളാണ്. അവരെ ഇങ്ങനെ അടിക്കുമ്പോൾ നമ്മുടെ വീട്ടിലും കുട്ടികളുണ്ടെന്ന് ഓർക്കണം. നമ്മുടെ വീട്ടിലെ കുട്ടികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന രീതിയിൽ എന്തെങ്കിലും പറയുമ്പോഴേയ്ക്കും വിഷമിക്കുന്ന ആൾക്കാർ ഇതറിയണം. തലയിൽവച്ചാൽ പേനരിക്കും താഴെവച്ചാൽ ഉറുമ്പരിക്കും എന്ന രീതിയിലാണ് എല്ലാ കുഞ്ഞുങ്ങളെയും വളർത്തുന്നത്. കുട്ടികൾ ജനാധിപത്യ രീതിയിൽ കരിങ്കൊടി കാണിച്ച് വിമർശിച്ചതിനെതിരെ ഭരണപക്ഷം നടത്തിയ നടപടി തീർച്ചയായും ജനങ്ങൾ കാണും; യഥാസമയം

ഇതിനൊരു മറുപടിയും കിട്ടുമെന്ന് മാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന് ഭേദഗതി നിർദ്ദേശിച്ചുകൊണ്ടുള്ള ബില്ലാണ് അവതരിപ്പിച്ചിട്ടുള്ളത്. ഇത് 2023 ഡിസംബറിൽ ഓർഡിനൻസ് വഴി നടപ്പാക്കികഴിഞ്ഞിട്ടുമുണ്ട്. പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ആ രീതിയിലുള്ള തീരുമാനങ്ങളും പിഴചുമത്തലും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ ഈ ബിൽ അവസരോചിതമാണ്. 1994-ന് ശേഷമുണ്ടായ പുതിയ സാഹചര്യം എല്ലാവർക്കും അറിയാവുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ മാലിന്യത്തിന്റെ രൂക്ഷത അതിശക്തമായി നിലനിൽക്കുകയാണ്. ഗ്രാമങ്ങൾ അതിവേഗം നഗരങ്ങളായി മാറുന്നതോടൊപ്പം ജനങ്ങളുടെ ജീവിത സാഹചര്യവും മാറിക്കൊണ്ടിരിക്കുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഈ ബിൽ

അവസരോചിതമാണെന്ന കാര്യത്തിൽ ഒരുതർക്കവുമില്ല. പക്ഷേ ബില്ലിന്റെ അവസാനഘട്ടത്തിൽ എത്തുമ്പോൾ ധാരാളം പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. ഉദാഹരണമായി, അടുത്തകാലത്താണ് പഞ്ചായത്തുകളിൽ കെട്ടിട നികുതി വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. അതുപോലെ മാലിന്യ സംസ്കരണത്തിന് ആവശ്യമായ നിയമനിർമ്മാണം നടത്തണമെന്നും നിയമം പാലിക്കാത്തവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും ഈ ബില്ലിന്റെ ഉള്ളടക്കം എന്തൊക്കെയാണെന്നതും സംബന്ധിച്ച് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി വിശദീകരിക്കുകയുണ്ടായി. ഒരു വ്യക്തി എവിടെയെങ്കിലും മാലിന്യം നിക്ഷേപിച്ചാൽ അത് വാട്ട്സ് ആപ്പ് മുഖേന കൃത്യമായി റിപ്പോർട്ട് ചെയ്യുന്ന വ്യക്തിക്ക് പാരിതോഷികം നൽകുന്നത് നല്ല കാര്യമാണ്. പക്ഷെ അതോടൊപ്പം റിപ്പോർട്ട് ചെയ്ത വ്യക്തിയുടെ പേര് ഒരിക്കലും വെളിപ്പെടുത്തില്ലെന്ന് ഉറപ്പുവരുന്ന വിധത്തിൽ കാര്യങ്ങൾക്ക് തീരുമാനമുണ്ടാകണം. സദുദ്ദേശത്തോടെ ആയാലും വരുമാനത്തിനുവേണ്ടി ആയാലും നിയമം പാലിക്കാത്തവരെക്കുറിച്ച് റിപ്പോർട്ട് ചെയ്യുന്നത് നാടിനും

സമൂഹത്തിനും നല്ല കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ നാല് കേസുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ ഓരോ കേസിനും 2,500/- രൂപവച്ച് 10,000/- രൂപ ലഭിക്കുമെന്നുള്ളത് നല്ല കാര്യമാണ്. പിഴയുടെ നാലിലൊന്ന് തുക പാരിതോഷികമായി നൽകുമെന്നാണ് അദ്ദേഹം പറഞ്ഞത്. പാരിതോഷികമായി പിഴയുടെ നാലിലൊന്നോ പകുതിയോ നൽകുന്നതിൽ തെറ്റില്ല. ഒന്നാംഘട്ടത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫൈൻ തുക അല്പം കൂടുതലാണ്. ഒന്നാംഘട്ടത്തിൽ ഇത്രയും വലിയ ഫൈൻ ചുമത്തേണ്ടതില്ലെന്ന അഭിപ്രായമാണുള്ളത്. ഫൈനിലേയ്ക്ക് പോകേണ്ടതില്ലെന്നതാണ് എന്റെ നിരീക്ഷണം. ആദ്യഘട്ടത്തിൽ ജനങ്ങളുടെ ഇടയിൽ ശക്തമായ ബോധവത്കരണമാണ് വേണ്ടത്. നമ്മുടെ നാട്ടിൽ യാത്രയ്ക്കിടെ വാഹനത്തിൽനിന്ന് മാലിന്യങ്ങൾ പുറത്തേയ്ക്ക് വലിച്ചെറിയും; എന്നാൽ വിദേശ രാജ്യങ്ങളിൽ അങ്ങനെ ചെയ്യാൻ സാധിക്കില്ല. അങ്ങനെയുള്ള സംസ്കാരത്തിലേയ്ക്ക് ജനങ്ങളെ എത്തിക്കുന്നതിനുള്ള ബോധവത്കരണവും ചെറിയ പിഴയും ശിക്ഷയും അടക്കമുള്ള കാര്യങ്ങൾ കൂടി ഉണ്ടാകേണ്ടതുണ്ട്.

കെട്ടിട നികുതിക്കുള്ള അപേക്ഷ ഫാറത്തിന്റെ വില 30/- രൂപയിൽനിന്ന് ഇപ്പോൾ 1,000/- രൂപയായി ഉയർത്തിയത് ജനങ്ങൾക്ക് ഉൾക്കൊള്ളാൻ സാധിക്കില്ല. അക്കാരണത്താൽ ജനങ്ങളുടെ ഇടയിലുണ്ടാകുന്ന അസ്വസ്ഥത സ്വാഭാവികമാണ്. ജനങ്ങൾ പിന്തുടർന്നുവരുന്ന ശീലം ക്രമേണ മാറ്റിയെടുക്കുന്നതിനുള്ള സാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനുവേണ്ടി ഇത്തരത്തിൽ വലിയ ഫൈൻ ചുമത്തുന്നത് ശരിയല്ല. ഉദ്യോഗസ്ഥർക്ക് അധികാരം നൽകിയത് നല്ലകാര്യം തന്നെയാണ്. സ്വാഭാവികമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണ സമിതികൾ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളാണ്. രാഷ്ട്രീയ പാർട്ടികളെ സംബന്ധിച്ചിടത്തോളം അവിടെയുള്ള സാധാരണക്കാരുടെ ഇടയിൽനിന്നുണ്ടാകുന്ന സമ്മർദ്ദംകൂടി ഉൾക്കൊള്ളേണ്ടിവരുമ്പോൾ അവർക്ക് കർശന നിർദ്ദേശം നൽകാൻ സാധിക്കാത്ത സാഹചര്യമുണ്ടാകും. ഇതിനായി പ്രത്യേകിച്ച് മുനിസിപ്പൽ സെക്രട്ടറിയെപോലുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയത് നല്ല കാര്യമാണ്. പക്ഷെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുനിസിപ്പൽ സെക്രട്ടറിമാർക്ക് ഈ ചുമതല നൽകുമ്പോൾ

അഴിമതിക്ക് കൂടുതൽ പഴുത് ലഭിക്കുന്നുണ്ട്. എല്ലാ ഉദ്യോഗസ്ഥരും അഴിമതിക്കാരാണെന്നല്ല പറയുന്നത്; മറിച്ച് അഴിമതിക്കാരായ ഉദ്യോഗസ്ഥർക്ക് ഇത് ഒരു അവസരമാകും. അതു സംബന്ധിച്ച് എന്താണ് ചെയ്യാൻ സാധിക്കുന്നതെന്നുകൂടി ബില്ലിൽ വ്യവസ്ഥ ചെയ്യണം. മാലിന്യം കൃത്യമായി സംസ്കരിക്കാത്ത സാഹചര്യത്തിൽ ആ വ്യക്തിക്ക് അതിശക്തമായ പിഴയും ശിക്ഷയും നൽകുന്നതോടൊപ്പം ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചാൽ  അവർക്കും ഇത്തരത്തിലുള്ള ശിക്ഷ നൽകേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ സ്വന്തം സ്ഥലത്ത് എം.സി.എഫ്. (Material Collection Facility) സ്ഥാപിക്കണമെന്ന് സൂചിപ്പിക്കുകയുണ്ടായി.  മുനിസിപ്പാലിറ്റിയുടെ സ്വന്തം സ്ഥലം ഒന്നുകിൽ ജനവാസകേന്ദ്രത്തിലോ അല്ലെങ്കിൽ ജനങ്ങളുടെ അതിശക്തമായ പ്രതിഷേധം വിളിച്ചുവരുത്തുന്ന സ്ഥലങ്ങളിലോ ആയിരിക്കാം. ഇത്തരം ഘട്ടങ്ങളിൽ മുനിസിപ്പാലിറ്റി ഭരണ സമിതി വളരെ ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. എം.സി.എഫ്.-ന് സ്ഥലം കണ്ടെത്തുന്നതിനുവേണ്ടി നഗരസഭകൾ തീരുമാനമെടുത്ത്

മുന്നോട്ടുപോകണം. മറ്റ് വകുപ്പുകളുടെ സ്ഥലമുണ്ടെങ്കിൽ അത് ക്യാബിനറ്റിൽ വരാതെതന്നെ കളക്ടർ ലെവലിൽ തീരുമാനമെടുക്കാൻ സാധിക്കണം. ജലവിഭവ വകുപ്പിന് ഇത്തരത്തിലൊരു അധികാരം നൽകിയിട്ടുണ്ട്. മുനിസിപ്പാലിറ്റിക്ക് എം.സി.എഫ്. സ്ഥാപിക്കാൻ സ്ഥലമില്ലെങ്കിൽ മറ്റ് വകുപ്പുകളുടെ സ്ഥലം വിട്ടുനൽകുന്നതിനുള്ള ഭേദഗതികൂടി നിയമത്തിൽ ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കും. വിസ്തൃതി കുറഞ്ഞ സ്ഥലമൊക്കെയാണ് ഇങ്ങനെ കൈമാറേണ്ടിവരുന്നതെങ്കിൽ ജില്ലാ കളക്ടർതലത്തിൽ തീരുമാനം കൈക്കൊണ്ട് അംഗീകാരം നൽകുന്ന രീതിയുണ്ടാകണം. മാലിന്യം സമാഹരിക്കുന്നതിന് യൂസർ ഫീ ഈടാക്കുന്നുണ്ട്. ബഹു. പ്രതിപക്ഷനേതാവ് തടസ്സവാദത്തിൽ ഉന്നയിച്ചതുപോലെ 50 ശതമാനം പിഴ ചുമത്തിയിട്ടും യൂസർ ഫീ നൽകാത്ത ധാരാളം ആളുകളുണ്ട്. ഇത് നൽകാത്തവരുടെ മറ്റെല്ലാ അവകാശങ്ങളും നിഷേധിക്കുമെന്ന് പറയുന്നത് ഭരണഘടനാ വിരുദ്ധമാണ്. അതിനായി മറ്റെന്തെങ്കിലും മാർഗ്ഗം കണ്ടെത്തുകയെന്നല്ലാതെ അത്തരക്കാരുടെ മറ്റെല്ലാ അവകാശങ്ങളും നിഷേധിക്കുന്ന രീതിയിൽ തീരുമാനമെടുക്കുന്നത് ശരിയല്ല. ഖരമാലിന്യം,

ബയോമാലിന്യം, ഇ-വേസ്റ്റുകൾ, ആശുപത്രികളിൽനിന്നുള്ള മെഡിക്കൽ മാലിന്യം, വീടുകളിൽനിന്നുംമറ്റും വരുന്ന മലിനജലം എന്നിവ സംസ്കരിക്കുന്നതിന് വ്യത്യസ്ത രീതികളാണ് അവലംബിക്കുന്നത്. അവയ്ക്ക് കൃത്യമായ നിർദ്ദേശം നൽകിക്കൊണ്ട് പരിഹാരമുണ്ടാക്കണം. നമ്മുടെ മാലിന്യം എം.സി.എഫ്.-ലൂടെയാണ് ശേഖരിക്കുന്നത്. അവ ബ്രഹ്മപുരത്തും തലയോലപ്പറമ്പിലും ചില അവസരങ്ങളിൽ കർണ്ണാടകയിലേയ്ക്കും കൊണ്ടുപോകുന്നു. നമ്മുടെ കൺമുമ്പിൽനിന്ന് മാലിന്യം അപ്രത്യക്ഷമാകുന്നു. ഇവ കൃത്യമായി സംസ്കരിക്കപ്പെടുന്നുണ്ടെന്നും തരംതിരിക്കപ്പെടുന്നുണ്ടെന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായി മാറ്റുന്നുണ്ടെന്നുമൊക്കെ പറയപ്പെടുന്നുണ്ട്. പക്ഷെ അതൊക്കെ ശാസ്ത്രീയമായ രീതിയിൽ കൃത്യമായി സംസ്കരിച്ചെടുക്കണം. പ്രത്യേകിച്ച് ഇ-വേസ്റ്റുകൾ വലിയ വെല്ലുവിളിയായി മാറിയിരിക്കുകയാണ്. വികസിത രാജ്യങ്ങളിൽ ഉപയോഗിക്കുന്ന കമ്പ്യൂട്ടർ അടക്കമുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് കൃത്യമായ കാലാവധി നിശ്ചയിച്ചിട്ടുണ്ട്. ആ കാലാവധി പൂർത്തിയാകുമ്പോൾ ടി ഉപകരണങ്ങൾ മൂന്നാം ലോക രാജ്യങ്ങളിലേയ്ക്ക് കയറ്റിയയ്ക്കുന്നുവെന്നാണ് പറയപ്പെടുന്നത്.

സ്വാഭാവികമായും ഇന്ത്യപോലുള്ള മൂന്നാം ലോക രാജ്യങ്ങളിലേയ്ക്ക് സെക്കന്റ്ഹാൻഡ് ഇ-വേസ്റ്റുകൾ കയറ്റി അയയ്ക്കപ്പെടുമ്പോൾ ഇവിടത്തെ മാർക്കറ്റിൽ അവ കുറഞ്ഞവിലയ്ക്ക് ലഭ്യമാകുന്നു. പക്ഷെ ഇത്തരം സാധനങ്ങൾ കുറച്ചുനാൾ മാത്രമെ ഇവിടെ ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. അങ്ങനെവരുമ്പോൾ ഇ-വേസ്റ്റുകളുടെ ഡമ്പിംഗ് ഏരിയയായി നമ്മുടെ രാജ്യം മാറാൻ പോകുന്നുവെന്ന ഭീഷണിപോലും നിലനിൽക്കുന്നുണ്ട്. മാലിന്യസംസ്കരണത്തിന് ഓരോന്നിനും പ്രത്യേകം സ്ട്രാറ്റജി തയ്യാറാക്കണം. ഏറ്റവും ചുരുങ്ങിയത് വേസ്റ്റ് ബേസ്ഡ് ഇൻഡസ്ട്രിയൽ പ്രോജക്ട് എന്ന രീതിയിൽ ജില്ലാ പഞ്ചായത്തുകളെക്കൊണ്ട് ഒരു പ്രോജക്ട് തയ്യാറാക്കണം. ഇൻഡസ്ട്രിയൽ മാതൃകയിൽ പ്രത്യേക യൂണിറ്റുകളാക്കിയോ മറ്റേതെങ്കിലും രീതിയിലോ ജില്ലാ പഞ്ചായത്തുകൾക്ക് ആവശ്യമായ സൗകര്യം നൽകണം. ഇതിലേയ്ക്കായി വലിയൊരു തുക കണ്ടെത്തുന്നതിന് ബുദ്ധിമുട്ടുണ്ടാകുമെന്നതിനാൽ ജില്ലാ പഞ്ചായത്തിന് പ്രത്യേകസഹായം നൽകണം. സംസ്കരിക്കാൻ മാത്രം കഴിയുന്ന മാലിന്യങ്ങളും വാല്യൂ ആഡഡ് പ്രോഡക്ടാക്കി മാറ്റാൻ കഴിയുന്ന മാലിന്യങ്ങളുമുണ്ട്. അതായത് വേസ്റ്റ് ബേസ്ഡ് ഇൻഡസ്ട്രിയൽ പ്രോജക്ട്

നടപ്പാക്കാൻ ഒരു യൂണിറ്റ് എന്ന നിലയിലെങ്കിലും ഓരോ ജില്ലയിലും പദ്ധതി ആരംഭിക്കണം. മറ്റ് വകുപ്പുകൾ അവർക്കാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. അതിനു കഴിഞ്ഞില്ലെങ്കിൽ സ്ഥലം വാങ്ങാൻ മുനിസിപ്പാലിറ്റികൾ അവരുടെ സ്വന്തം ഫണ്ടിൽനിന്നാണ് പണം കണ്ടെത്തേണ്ടത്. അത്തരം സാഹചര്യങ്ങളിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിക്കൊണ്ടോ അല്ലെങ്കിൽ സർക്കാർ തന്നെ അതിന് പ്രത്യേക സഹായം നൽകിക്കൊണ്ടോ പരിഹാരം കാണണം. നിലവിൽ സർക്കാർ ഫണ്ടുകളൊന്നും കൃത്യമായി നൽകാത്തതിനെക്കുറിച്ച് വളരെ വിശദമായിത്തന്നെ പറയേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റികൾ നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. കഴിഞ്ഞ മാസം 24-ാം തീയതി ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ച കണക്കുപ്രകാരം മുനിസിപ്പാലിറ്റികൾക്ക് ഇതുവരെ 30 ശതമാനം എക്സ്പെൻഡിച്ചർ മാത്രമെ ആയിട്ടുള്ളൂ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇപ്പോൾ മൂന്നാം ഗഡു കൊടുക്കേണ്ട അവസരത്തിൽ രണ്ടാം ഗഡു മാത്രമാണ് നൽകിയത്. അവർക്ക് ഫണ്ടുപോലും കൊടുക്കുന്നില്ല. ഓരോ ഫണ്ട് കൊടുക്കുമ്പോഴും ഓരോരോ കാര്യങ്ങൾ നിർദ്ദേശിക്കണമെന്നും

ആവശ്യപ്പെടുകയാണ്. ആ കൂട്ടത്തിലാണ് സ്ഥലം വാങ്ങുന്നതിനെക്കുറിച്ച് നിർദ്ദേശിച്ചിരിക്കുന്നത്. സ്വന്തമായി സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ അവർക്ക് MCF (Material Collection Facility)-ൽ സ്ഥലം വാങ്ങുന്നതിന് സർക്കാർ സ്പെഷ്യൽ ഗ്രാന്റ് അനുവദിക്കണം. അതുപോലെ മാലിന്യങ്ങൾ നീക്കം ചെയ്യാൻ ജോലിക്കാരെ ലഭിക്കാത്ത സാഹചര്യവുമുണ്ട്. മാലിന്യം ശേഖരിക്കുകയും കൊണ്ടുപോകുകയും ചെയ്യുന്ന ജോലി സമൂഹത്തിൽ മോശം സ്റ്റാറ്റസ് സൃഷ്ടിക്കുമെന്ന് വിചാരിക്കുന്നത് കൊണ്ടാകാം ആൾക്കാരെ ലഭിക്കാത്തത്. ഈ സാഹചര്യത്തിൽ ഇത്തരം ജോലികൾ ചെയ്യാൻ തയ്യാറാകുന്നവർക്ക് ഉയർന്ന ശമ്പളം കൊടുക്കേണ്ടിവരുമെന്നതിനാൽ ഇതിനായുള്ള സർക്കാർ വിഹിതം തികയുകയില്ല. അങ്ങനെ വന്നാൽ viability gap fund നൽകിക്കൊണ്ട് സർക്കാർ അത് സപ്പോർട്ട് ചെയ്യണം; ആളുകളെ അതിനുവേണ്ടി സജ്ജരാക്കുന്ന സാഹചര്യംകൂടി ഉണ്ടാക്കണം. 2022-ലെ സി.&എ.ജി. റിപ്പോർട്ടിൽ നഗരപ്രദേശങ്ങളിലെ മാലിന്യ പരിപാലനം സംബന്ധിച്ച് കൃത്യമായ നിർദ്ദേശം നൽകിയിരുന്നു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങൾ സർക്കാർ വളരെ അവധാനതയോടെ കൈകാര്യം ചെയ്യണം. ഇത് പ്രായോഗികമായ

രീതിയിൽ ഇംപ്ലിമെന്റ് ചെയ്യുന്നതിന് ആവശ്യമായ കാര്യങ്ങൾ ബില്ലിൽ ഉൾക്കൊള്ളിച്ചുകൊണ്ട് പരിഷ്കരിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വി. ശശി ചുമതലപ്പെടുത്തിയതനുപ്രകാരം (ശ്രീ. വാഴൂർ സോമൻ): സർ, 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 01-03-2024 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. മാലിന്യമുക്ത നവകേരളം ലക്ഷ്യമിട്ട്, കേരളത്തെ സമ്പൂർണ്ണമായി മാലിന്യമുക്തമാക്കുന്നതിനുള്ള വലിയ ഉത്തരവാദിത്വം ഏറ്റെടുത്ത് വിജയകരമായി നടപ്പാക്കാൻ ധൈര്യം കാണിച്ച എൽ.ഡി.എഫ്. സർക്കാരിന് അഭിനന്ദനം അറിയിക്കുന്നു. കേരളം എല്ലാ മേഖലയിലും ഒന്നാം സ്ഥാനത്ത് തന്നെയായിരിക്കണമെന്നാണ് ഏതൊരു കേരളീയനും ആഗ്രഹിക്കുന്നത്. 'ഭാരതമെന്ന പേർ കേട്ടാൽ അഭിമാനപൂരിതമാകണം അന്തരംഗം; കേരളമെന്ന് കേട്ടാലോ തിളയ്ക്കണം ചോര നമുക്ക ഞരമ്പുകളിൽ..' എന്നാണ് കവി പാടിയിട്ടുള്ളത്. പല മേഖലകളിലും നമ്മൾ ഒന്നാമതാണ്. സാക്ഷരത, വിദ്യാഭ്യാസം, ആരോഗ്യം, ശിശുമരണ

നിരക്കിലുള്ള കുറവ്, ആയുർദൈർഘ്യം എന്നീ കാര്യങ്ങളിൽ നാം ലോകോത്തര നിലവാരത്തിലാണ് നിലകൊള്ളുന്നത്. വ്യക്തി ശുചിത്വത്തിൽ നമ്മൾ വളരെ ശ്രദ്ധാലുക്കളാണെങ്കിലും പൊതുശുചിത്വത്തിലും പരിസര ശുചിത്വത്തിലും നമ്മൾ വളരെ പിറകിലാണ്. ആയതിനാൽ നമ്മുടെ സംസ്ഥാനത്തെ മാലിന്യമുക്തമാക്കാൻ കർശനമായ നിയമനിർമ്മാണം നടത്തേണ്ടതുണ്ട്. ആയത് കൃത്യമായി നടപ്പിൽ വരുത്താനാണ് ടി നിയമ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നതെന്ന് പ്രത്യേകം പറയേണ്ടതുണ്ട്. വീടുകൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ വേർതിരിച്ച് കൈമാറാൻ ടി ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഓരോ മാലിന്യവും ഉറവിടത്തിൽത്തന്നെ ജൈവം, അജൈവം, അപകടകരമായവ, ഗാർഹികം എന്നിങ്ങനെ തരംതിരിച്ച് പ്രത്യേക ബിന്നുകളിലാക്കാൻ നിർദ്ദേശമുണ്ട്. ഉറവിടമാലിന്യ സംസ്കരണം ജനങ്ങളുടെ ഉത്തരവാദിത്വമാക്കിക്കൊണ്ട്, മാലിന്യങ്ങൾ പരിസരത്തോ പൊതുസ്ഥലങ്ങളിലോ വലിച്ചെറിയുന്നവർക്ക് ആയിരം രൂപ മുതൽ പതിനായിരം രൂപ വരെ പിഴ ചുമത്താനും മാലിന്യം വലിച്ചെറിയുന്നത് റിപ്പോർട്ട്

ചെയ്യുന്നവർക്ക് പാരിതോഷികം നൽകാനും വ്യവസ്ഥ ചെയ്തിരിക്കുന്നു. മാലിന്യമുക്ത കേരളത്തിനായി ഇച്ഛാശക്തിയുള്ള സർക്കാർ ശക്തമായി മുന്നോട്ട് പോകുന്നുവെന്ന് ഇതിൽനിന്ന് എല്ലാവർക്കും മനസ്സിലാകുന്നതാണ്. മാലിന്യസംസ്കരണ കേന്ദ്രങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മാലിന്യകേന്ദ്രങ്ങളുടെ സമീപത്ത് താമസിക്കുന്നവർക്ക് കെട്ടിടനികുതി ഒഴിവാക്കൽ, ക്ഷേമപദ്ധതികൾ ലഭ്യമാക്കൽ മുതലായ പ്രോത്സാഹനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകണമെന്നും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. പൊതുസ്ഥലത്ത് മാലിന്യം വലിച്ചെറിയുന്നവർക്ക് ഒരു വർഷം വരെ തടവും 50000/- രൂപ പിഴയും ഈടാക്കാനും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. മാലിന്യങ്ങൾ ശേഖരിച്ച് നീക്കം ചെയ്ത് ഓരോ വീടും മാലിന്യമുക്തമാക്കാൻ നമ്മെ സഹായിക്കുന്നത് ഹരിതകർമ്മസേന ജീവനക്കാരാണ്. പക്ഷെ നാടിനെ ശുചിത്വമുള്ളതാക്കി മാറ്റാൻ ഓരോ പൗരന്മാർക്കും ഉത്തരവാദിത്വമുണ്ടെന്ന ബോധ്യം എല്ലാവർക്കുമുണ്ടാകണം. എന്നാൽ മാത്രമേ 'മാലിന്യമുക്ത കേരളം' എന്ന ലക്ഷ്യം പൂർണ്ണമായി കൈവരിക്കാൻ കഴിയുകയുള്ളൂ. സംസ്ഥാനത്ത് റോഡുകളുടെ ഇരുവശങ്ങളിലും സർക്കാർ ഓഫീസുകളുടെ പരിസരത്തുമായി

ഉപയോഗശൂന്യമായതും ഉപേക്ഷിക്കപ്പെട്ടതുമായ നിരവധി വാഹനങ്ങൾ കെട്ടിക്കിടക്കുന്നുണ്ട്. അതുകൂടാതെ മറ്റുപല കാരണങ്ങളാൽ കേസിൽ ഉൾപ്പെട്ട വാഹനങ്ങളും മറ്റും ദീർഘകാലങ്ങളായി ഒതുക്കിനിർത്തിയിട്ടുമുണ്ട്. അവ മാറ്റുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. ഈ മേഖലയിലേയ്ക്ക് ചില സ്വകാര്യസ്ഥാപനങ്ങളും വ്യക്തികളും കടന്നുവരാൻ ആഗ്രഹിക്കുന്നുണ്ട്. ഉദാഹരണമായി, പെരുവന്താനം പഞ്ചായത്തിൽ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന വിപുലമായ മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തികൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക് സൗകര്യപ്രദമായ ഒരു ദിവസം അതിന്റെ ഉദ്ഘാടനം നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. ഇത്തരം സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു. അവർ മാലിന്യങ്ങൾ സംസ്കരിച്ച് ജൈവമാലിന്യങ്ങളെ ജൈവ വളമാക്കി മാറ്റാനും അല്ലാത്തത് റീസൈക്ലിംഗ് നടത്താനുമുള്ള പദ്ധതിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. അതിൽ പഞ്ചായത്തുകൾക്ക് ബൈബാക്ക് പദ്ധതിയായി പണം നൽകാനുള്ള വ്യവസ്ഥകൂടി ഉൾപ്പെടുത്തിക്കൊണ്ട്

വിപുലമായ തോതിൽ നടപ്പാക്കുന്നതിന് പ്രോത്സാഹനം നൽകണമെന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ): സർ, 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി പ്രസ്തുത ബില്ലിൽ 18 പ്രധാന ഭേദഗതികളും നിർദ്ദേശങ്ങളുമാണ് അവതരിപ്പിച്ചിട്ടുള്ളത്. കേരളം എല്ലാ മേഖലകളിലും മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ്. പക്ഷെ മാലിന്യ ശേഖരണ-സംസ്കരണ കാര്യത്തിൽ നാം ഇന്നും വളരെ പിന്നിലാണെന്നത് വാസ്തവമാണ്. ആയതുകൊണ്ടുതന്നെ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട ബോധവത്കരണത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നിരവധി വർഷങ്ങളായി നമ്മൾ ഫലപ്രദമായ മാലിന്യ നിർമ്മാർജ്ജനത്തിന് വളരെയധികം പരിശ്രമിക്കുന്നുണ്ടെങ്കിലും അവയൊന്നും ഫലം കണ്ടില്ല. സാധാരണ ഒരു ചൊല്ലുണ്ട്: "ഉറങ്ങുന്നവനെ ഉണർത്താൻ കഴിയും; ഉറക്കം നടിച്ചുകിടക്കുന്നവനെ ഉണർത്താൻ കഴിയില്ല." സിംഗപ്പൂർ

രാജ്യത്ത് ആവശ്യമില്ലാത്ത ഒരു വസ്തുവും റോഡിൽ ഉപേക്ഷിച്ച നിലയിൽ കാണപ്പെടാറില്ല. കാരണം അക്കാര്യങ്ങൾക്കെല്ലാം അവിടെ കർശന നിയമമുണ്ട്. ഞാൻ അമേരിക്ക സന്ദർശിച്ച അവസരത്തിൽ അവിടത്തെ റോഡുകളിൽ ഒരു കഷ്ണം കടലാസുപോലും കാണാൻ സാധിച്ചിട്ടില്ല. കാരണം പൊതുനിരത്തിൽ ആരെങ്കിലും മാലിന്യം നിക്ഷേപിച്ചാൽ ആയിരം ഡോളറാണ് ഫൈൻ ഈടാക്കുന്നത്. അതുകൊണ്ടുതന്നെ ആരും പൊതുനിരത്തിൽ മാലിന്യം നിക്ഷേപിക്കാറില്ല. പൊതുനിരത്തിൽ മാലിന്യം നിക്ഷേപിച്ച് ആരെങ്കിലും കുറ്റക്കാരനാകുകയാണെങ്കിൽ ഇവിടത്തെപ്പോലെ ആരുടെയെങ്കിലും ശിപാർശ പ്രകാരമോ മറ്റ് തരത്തിലോ രക്ഷപ്പെടാനും സാധിക്കില്ല. യഥാർത്ഥത്തിൽ കേരളത്തിന്റെ സാമൂഹ്യപുരോഗതിയിൽ നാഴികക്കല്ലായി മാറുന്ന ഭേദഗതിയാണിത്. കേരള നിയമസഭ മുനിസിപ്പൽ പഞ്ചായത്ത് മേഖലയിൽ ചരിത്രപരമായ നിരവധി നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്. പഞ്ചായത്ത് ഭരണരംഗത്ത് വനിതകൾക്ക് 50 ശതമാനം സംവരണം ഏർപ്പെടുത്തിയ നിയമം ആദ്യമായി പാസ്സാക്കിയത് നമ്മുടെ കേരളത്തിലാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാദേശിക സർക്കാർ

എന്ന നിലയിൽ ശക്തിപ്പെടുത്താൻ എൽ.ഡി.എഫ്. സർക്കാർ വലിയരീതിയിലുള്ള ഇടപെടലുകളാണ് നടത്തുന്നത്. എന്റെ സുഹൃത്ത് ശ്രീ. ടി. വി. ഇബ്രാഹിം, തദ്ദേശഭരണ സ്ഥപനങ്ങൾക്ക് സർക്കാർ നൽകേണ്ട ഗ്രാന്റിന്റെ മൂന്നാമത്തെ ഗഡു ഇതുവരെയും നൽകിയിട്ടില്ലെന്ന് സൂചിപ്പിക്കുകയുണ്ടായി. ഇതൊന്നും യഥാസമയം നൽകാത്ത കാലമുണ്ടായിരുന്നു. ഞാൻ ഇത്തരം ബുദ്ധിമുട്ടുകളൊക്കെ ഒരുപാട് അനുഭവിച്ച വ്യക്തിയാണ്. യു.ഡി.എഫ്. ഭരിച്ച കാലഘട്ടത്തിലെ കാര്യങ്ങൾ പറഞ്ഞാൽ നമ്മൾ തമ്മിൽ പ്രശ്നമാകുമെന്നുള്ളതുകൊണ്ടാണ് അതിലേയ്ക്ക് കടക്കാത്തത്. സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക അവസ്ഥയെക്കുറിച്ച് എല്ലാവർക്കുമറിയാം; അത് ഇവിടെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക നൽകുന്നതിൽ ചെറിയ കാലതാമസമുണ്ടായെന്നല്ലാതെ കൃത്യമായി തുക നൽകുകയും അത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ പുരോഗതി സംസ്ഥാനത്തുടനീളം നമുക്ക് കാണാനും സാധിക്കും.

ഇന്ന് നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് മാലിന്യ നിർമ്മാർജ്ജനം. ഈ പ്രശ്നത്തെ എങ്ങനെ തരണം ചെയ്യാൻ കഴിയുമെന്നത് സംബന്ധിച്ച് ആലോചിക്കേണ്ടതുണ്ട്. നമ്മുടെ നാട്ടിൽവരുന്ന വിദേശികളെപ്പോലും അലോസരപ്പെടുത്തുന്ന വിധത്തിലാണ് പലപ്പോഴും മാലിന്യക്കൂമ്പാരം കാണപ്പെടുന്നത്. കോർപ്പറേഷനുകളിൽ കുടുംബശ്രീ മുഖേന മാലിന്യ ശേഖരണം നടപ്പാക്കിയിട്ടുണ്ടെങ്കിലും ഒട്ടുമിക്ക ആളുകളും അതിനോട് സഹകരിക്കുന്നില്ല. കുടുംബശ്രീക്ക് നൽകാതെ വിജനമായ സ്ഥലത്ത് മാലിന്യം വലിച്ചെറിയുന്ന അവസ്ഥയാണ് ഇപ്പോഴും നിലവിലുള്ളത്. വിവരവും വിദ്യാഭ്യാസവുമുള്ളവരെന്ന് നാം കരുതുന്നവരാണ് ഈ പ്രവൃത്തി ചെയ്യുന്നത് എന്നതാണ് നമ്മെ അതിശയിപ്പിക്കുന്നത്. വിദ്യാസമ്പന്നരായ കേരളീയർ ഇത്തരം പ്രവൃത്തികൾ ചെയ്യുന്നത് തികച്ചും അപലപനീയമാണ്. മാലിന്യം പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നത് കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്ന ഏതൊരു വ്യക്തിക്കും പാരിതോഷികം നൽകാവുന്നതാണെന്ന് പ്രസ്തുത ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കുറ്റകൃത്യം നടത്തുന്നവർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുകയും ഫൈൻ

ചുമത്തുകയും വേണം. മാലിന്യ നിർമ്മാർജ്ജനത്തിന് നിരവധി സംവിധാനങ്ങളുണ്ടെങ്കിലും അവയ്ക്ക് നിയമത്തിന്റെ പിൻബലമില്ലാത്തതാണ് പ്രയാസം സൃഷ്ടിക്കുന്നത്. നമ്മുടെ ഹരിത കർമ്മസേന അജൈവ മാലിന്യ ശേഖരണത്തിന് മികച്ച മാതൃകയാണ്. ഓരോ മാസവും അവർ വീടുകളിൽവന്ന് മാലിന്യം ശേഖരിക്കുന്നതിന് അറുപത് രൂപയാണ് ഈടാക്കുന്നത്. അതുപോലും നൽകാൻ തയ്യാറാകാത്ത നിരവധി പേർ ഇപ്പോഴുമുണ്ട്. അവർക്ക് നൽകാൻ പണില്ലാത്തതുകൊണ്ടല്ല, സാമ്പത്തികമായി വളരെ പിന്നാക്കം നിൽക്കുന്നവർ അങ്ങനെ പറഞ്ഞാൽ നമുക്ക് മനസ്സിലാക്കാം. മാലിന്യ സംസ്കരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണെന്ന രീതിയിൽ ചിലർ ചോദ്യം ചെയ്യുന്ന സ്ഥിതിയുമുണ്ട്. അത്തരം സമീപനങ്ങൾ അവസാനിപ്പിക്കണം.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, പ്രൊഫഷണൽ ടാക്സ് നൽകുന്നതിനുപുറമെ യൂസർ ഫീ കൂടി നൽകണ്ടേതിന്റെ ആവശ്യമെന്താണെന്നാണ് പ്രതിപക്ഷം ചോദിക്കുന്നത്; ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: സർ, അതൊക്കെ പ്രസ്തുത പദ്ധതിയെ പരാജയപ്പെടുത്താൻ ശ്രമിക്കുന്നതിന്റെ ഭാഗമായുള്ള വാദഗതികളാണ്; അല്ലാതെ അറിവില്ലാത്തതുകൊണ്ടല്ല.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, മാലിന്യപ്രശ്നമില്ലാത്ത വാണിജ്യ സ്ഥാപനങ്ങളെ യൂസർ ഫീ നൽകുന്നതിൽനിന്നും ഒഴിവാക്കുന്നതിൽ തെറ്റുണ്ടോ?

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: സർ, യൂസർ ഫീ എല്ലാവരും നൽകേണ്ടതാണ്. ഏത് ചെറിയ സ്ഥാപനമായാലും ഭരണ സമിതികൾ തീരുമാനിക്കുന്ന തുക നൽകാൻ അവർ ബാധ്യസ്ഥരാണ്. ഒരു ചെറിയ സംരംഭമായാൽപ്പോലും, ഒരു മാലിന്യവും ഉൽപാദിപ്പിക്കാതെ ആർക്കും സ്ഥാപനം നടത്താൻ കഴിയില്ല. അക്കാര്യം നമുക്ക് ഉൾക്കൊള്ളാൻ കഴിയണം. സ്ഥാപനങ്ങളുടെ വലിപ്പച്ചെറുപ്പമനുസരിച്ചുള്ള തുക നൽകിയാൽ മതിയാകും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ ചെറിയ ഫീസാണ് ഈടാക്കുന്നത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, യൂസർ ഫീസ് സ്ലാബ് സിസ്റ്റം പോലെ പ്രാബല്യത്തിൽ കൊണ്ടുവരാൻ കഴിയുമോ; അതായത് കുറച്ച് ആളുകൾ ഉപഭോക്തരായിട്ടുള്ള സ്ഥലവും കൂടുതൽ ആളുകൾ ഉപഭോക്തരായിട്ടുള്ള സ്ഥലവും എന്ന രീതിയിൽ ഏർപ്പെടുത്താൻ സാധിക്കുമോ?

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, തീർച്ചയായും അത്തരത്തിൽ കൊണ്ടുവരാവുന്നതേയുള്ളൂ. മുമ്പും അങ്ങനെ തന്നെയാണ് ചെയ്തിട്ടുള്ളത്. എല്ലാവർക്കും ഒരേ തരത്തിലല്ല ഫീസ് ചുമത്തുന്നത്. വീടുകളിൽനിന്നു മാത്രമെ കൃത്യമായ ഫീസ് ഈടാക്കുന്നുള്ളൂ. വാണിജ്യ സ്ഥാപനങ്ങൾക്ക് ഇതൊന്നും ബാധകമല്ല. നിലവിൽ വീടുകളിൽനിന്നും 60 രൂപയാണ് ഈടാക്കുന്നത്. പുതിയ ഭേദഗതി പ്രകാരം യൂസർ ഫീ നിയമപരമായ ബാധ്യതയായി മാറുകയാണ്. മാലിന്യ സംസ്കരണം ശക്തിപ്പെടുത്തുന്നതിനും ഹരിത കർമ്മ സേനാംഗങ്ങൾക്ക് കൃത്യമായ വരുമാനം ലഭിക്കുന്നതിനും യൂസർഫീ കാരണമാകുന്നുണ്ട്. ഹരിത കർമ്മ സേനാംഗങ്ങൾക്ക് കൃത്യമായി വരുമാനം ലഭിക്കാതെ വന്നാൽ സ്വാഭാവികമായും പ്രസ്തുത പദ്ധതി

നിലച്ചുപോകും. നിയമഭേദഗതി പ്രകാരം മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ പഞ്ചായത്ത് സെക്രട്ടറിയുടെയും ഉദ്യോഗസ്ഥരുടെയും ഉത്തരവാദിത്വമായി മാറുന്നു. അവർ കൃത്യമായി കാര്യങ്ങൾ നടപ്പാക്കിയില്ലെങ്കിൽ ഭരണസമിതികൾക്കുതന്നെ നേരിട്ട് നടപടിയെടുക്കാവുന്നതേയുള്ളൂ.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കെതിരെ നടപടിയെടുക്കാൻ ഗ്രാമപഞ്ചായത്തിനും സർക്കാരിനും അധികാരം നൽകുന്നതായി ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. യഥാർത്ഥത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഗ്രാപഞ്ചായത്തുകൾക്കും ലഘുശിക്ഷ നൽകുന്നതിന് പഞ്ചായത്ത് രാജ് ആക്റ്റിൽ വ്യവസ്ഥയുണ്ട്. എന്നാൽ അതിനനുയോജ്യമായ ചട്ടങ്ങൾ നിലവിൽ വന്നിട്ടില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, അക്കാര്യം നിയമത്തിൽ പറഞ്ഞിട്ടുള്ളതും അതുസംബന്ധിച്ച് ഇവിടെ ചർച്ചചെയ്തിട്ടുള്ളതുമാണ്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേഗദതി) ബില്ലിൽ വകുപ്പ് 219 എബി(3)-ൽ 'സെക്രട്ടറിക്ക്, അത്യാവശ്യ ഘട്ടങ്ങളിൽ, പ്രസിന്റിനെ അറിയിച്ച ശേഷം, മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട്, 219-ാം വകുപ്പിലോ 219 എ മുതൽ 219 വൈ വരെയുള്ള വകുപ്പുകളിലോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ തന്നിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്ത് ഫണ്ടിൽനിന്ന് രണ്ട് ലക്ഷം രൂപയിൽ കവിയാത്ത തുക ചെലവ് ചെയ്യാവുന്നതാണ് ' എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. ആ തുക ഉപയോഗിച്ച് ഇത്തരം കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിയുമോ; രണ്ട് ലക്ഷം രൂപ എന്നത് അഞ്ച് ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ സാധിക്കില്ലേ?

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ജോലിഭാരം കൊണ്ട് വീർപ്പുമുട്ടുന്ന പഞ്ചായത്തിലെ ഉദ്യോഗസ്ഥ സംവിധാനത്തിനുമേലെ ഇത്തരത്തിൽ അധിക ഉത്തരവാദിത്വം ഏൽപ്പിക്കുന്നതിനുമുമ്പ് സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. നൂറിലധികം

ഉത്തരവാദിത്വങ്ങൾ മോണിറ്റർ ചെയ്യേണ്ട പഞ്ചായത്ത് സെക്രട്ടറിമാരുടെമേൽ മാലിന്യസംസ്കരണത്തിന്റെ ചുമതലകൂടി നൽകുന്നതിനെക്കാൾ കോർപ്പറേഷൻ മാതൃകയിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകളാണെന്ന കാര്യം മറന്നുപോകരുത്. അവർക്ക് നിയമത്തിൽതന്നെ നിരവധി അധികാരങ്ങൾ നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഭരണ സമിതികൾക്കും ധാരാളം അധികാരങ്ങളുണ്ട്. അവയെല്ലാം കൃത്യമായി ഡെലിഗേറ്റ് ചെയ്തുകൊടുക്കാൻ സാധിച്ചാൽ ഇതൊന്നും ഒരു വിഷയമല്ലെന്ന് മാത്രമല്ല, പരിഹരിക്കാൻ കഴിയാത്ത ഒരു കാര്യവും അവിടെയില്ല. പൊതുപരിപാടികൾ ഉള്ള അവസരങ്ങളിലാണ് മാലിന്യ സംസ്കരണ രംഗത്ത് വളരെ പ്രയാസമനുഭവിക്കുന്നത്. മാലിന്യ ശേഖരണത്തിനും സംസ്കരണത്തിനും വിവിധ സംഘാടകർ ശാസ്ത്രീയ മാർഗ്ഗങ്ങൾ ഉപയോഗിക്കാറുണ്ട്.

പൊതുപരിപാടികൾ നടത്തപ്പെടുന്ന പല സ്ഥലങ്ങളിലും; പ്രത്യേകിച്ച് ആരാധനാലയങ്ങളിലൊക്കെ തിരക്ക് കൂടുതലുള്ളതുകാരണം ധാരാളം മാലിന്യമുണ്ടാകാറുണ്ട്. ഞാൻ ദേവസ്വം ചെയർമാനായിരിക്കുമ്പോൾ അവിടത്തെ മുനിസിപ്പാലിറ്റിക്ക് മാലിന്യ നിർമ്മാർജ്ജനത്തിന് തുക നൽകിയിട്ടുണ്ട്. അതുസംബന്ധിച്ച് തർക്കങ്ങളും കേസ്സുകളും വരെയുണ്ടായി. ഗുരുവായൂരിലും ശബരിമലയിലും ധാരാളം ഭക്തർ വരുന്നതുകാരണം അവിടങ്ങളിൽ കൂടുതൽ മാലിന്യങ്ങളുണ്ടാകുന്നു. നിലവിൽ അവ ഏറെക്കുറെ നിയന്ത്രണവിധേയമാക്കാൻ സാധിച്ചിട്ടുണ്ട്. യാതൊരു മാലിന്യ ശേഖരണ സംവിധാനവും ഏർപ്പെടുത്താതെ പരിപാടികൾ നടത്തി പ്രദേശം മലീമസമാക്കുന്ന സ്ഥിതിയും ഉണ്ടാകുന്നുണ്ട്. പുതിയ നിയമഭേദഗതി ഇതിനുള്ള പരിഹാരം വ്യവസ്ഥ ചെയ്യുന്നുവെന്നത് അഭിനന്ദനാർഹമാണ്. വികേന്ദ്രീകരണ സംവിധാനത്തോടൊപ്പം കേന്ദ്രീകൃത സംവിധാനവും മാലിന്യസംസ്കരണത്തിന് ആവശ്യമാണ്. ശേഖരിക്കുന്ന മാലിന്യങ്ങൾ സംസ്കരിക്കാനുള്ള കൃത്യമായ സംവിധാനം ഇപ്പോഴും നടപ്പാക്കിയിട്ടില്ലെന്നത് പ്രധാന പോരായ്മയാണ്. കോഴിക്കോട് മാലിന്യസംസ്കരണത്തിനായി

ഏർപ്പെടുത്തിയ Zonta Infratech-ന്റെത് ഏറ്റവും നല്ല പ്ലാന്റായിരുന്നെങ്കിലും നിർഭാഗ്യവശാൽ പല കാരണങ്ങളാൽ അത് പരാജയപ്പെടുകയാണുണ്ടായത്. ഇത്തരത്തിലുള്ള പുതിയ പദ്ധതികളുമായി ബി.പി.സി.എൽ. മുന്നോട്ടുവന്നിട്ടുണ്ട്. മലിനജല സംസ്കരണമാണ് ശ്രദ്ധിക്കപ്പെടേണ്ട മറ്റൊരു പ്രശ്നം. ഇതിലേയ്ക്കായി വളരെ നൂതനമായ ഒരു പദ്ധതി കോഴിക്കോട് നടപ്പാക്കിയപ്പോൾ പ്രതിപക്ഷം അതിനെ ശക്തമായി എതിർക്കുകയാണ് ചെയ്തത്. അടുത്തിടെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി കോഴിക്കോട് മെഡിക്കൽ കോളേജിലെ മാലിന്യസംസ്കരണ പ്ലാന്റിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. അതിനുശേഷം മെഡിക്കൽ കോളേജിലെ ഏറ്റവുമധികം മാലിന്യം നിറഞ്ഞതെന്ന് പറയപ്പെടുന്ന ജലം ശുദ്ധീകരിച്ചത് അവിടെയുള്ളവർ കുടിച്ചുകാണിക്കുകയുണ്ടായി. എല്ലാവരോടും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (എസ്.ടി.പി.) സ്ഥാപിക്കണമെന്ന് പറയാൻ സാധിക്കില്ല, അതൊന്നും പ്രായോഗികവുമല്ല. എസ്.ടി.പി. എന്താണെന്നുപോലും പലർക്കും അറിയില്ലെന്ന് മാത്രമല്ല, അത് ഓപ്പറേറ്റ് ചെയ്യുന്നത് എളുപ്പവുമല്ല. യഥാർത്ഥത്തിൽ ഈ ബില്ലിനെ പ്രതിപക്ഷം

അനുകൂലിക്കേണ്ടതായിരുന്നു. കേരളത്തിലുടനീളം സ്വീവേജ് സംവിധാനം നടപ്പിലാക്കേണ്ടതുണ്ട്. എന്നാൽ ഇനി നമുക്ക് പരിമിതമായ സ്ഥലം മാത്രമെയുള്ളൂ. ഒന്നുംരണ്ടും സെന്റ് ഭൂമിയിൽ വീടുവച്ച് താമസിക്കുന്നവർക്ക് മലിനജലമൊഴുക്കാൻ മറ്റൊരു പോംവഴിയുമില്ല. പലയിടത്തും വെള്ളം കയറുന്ന സ്ഥിതിയാണുള്ളത്. സോക്ക്പിറ്റും ലീച്പിറ്റും നിർമ്മിച്ചതുകൊണ്ടൊന്നും അത് പരിഹരിക്കാൻ സാധിക്കില്ല. ഡീസെൻട്രലൈസ്ഡ് പ്ലാന്റുകൾ നിരവധിയുള്ളതും ചെന്നൈയ്ക്കടുത്തുള്ളതുമായ ആലന്തൂർ മുനിസിപ്പാലിറ്റിയാണ് മലിനജല സംസ്കരണത്തിന്റെ ഏറ്റവും അനുയോജ്യമായ മാതൃക. പ്രസ്തുത സ്ഥലം സന്ദർശിക്കുകയാണെങ്കിൽ ഈ വിഷയം എങ്ങനെ പരിഹരിക്കാമെന്നതിന് ഒരു ഐഡിയ ലഭിക്കും. സോളിഡ് വേസ്റ്റിനെക്കാളും ഗൗരവമുള്ളതാണ് മലിനജലത്തിന്റെ വിഷയം. സംസ്ഥാനത്തുള്ള ഏകദേശം മുഴുവൻ സെപ്റ്റിക് ടാങ്കുകളും നിറഞ്ഞുകിടക്കുകയാണ്. അത് പല സ്ഥലങ്ങളിലേക്കും കൊണ്ടുപോയി ഒഴുക്കിവിടുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന നിരവധി പ്രശ്നങ്ങൾ ദിവസേന പത്രവാർത്തയായി വരുന്നുണ്ട്. അത്തരം വാഹനങ്ങൾ

കസ്റ്റഡിയിലെടുക്കാനും അത് കണ്ടുകെട്ടാനുമുള്ള നടപടികൂടി ഈ നിയമത്തിലുണ്ടാകണം. ശുചിത്വമാർന്ന കേരളം സൃഷ്ടിക്കാനുള്ള നടപടികളിലേയ്ക്കാണ് ഗവൺമെന്റ് നീങ്ങുന്നത്. അപ്രകാരം ഏറ്റവും അനുയോജ്യമായി സംസ്ഥാനത്ത് നടപ്പാക്കുന്ന ഈ നിയമത്തോട് എല്ലാവരും സഹകരിക്കണം.

Shri Anoop Jacob: Sir, I move that:-

"This House resolves to disapprove The Kerala Panchayat Raj (Amendment) Ordinance, 2023 (Ordinance No.4 of 2023). ഇന്ന് സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധികളിലൊന്ന് മാലിന്യവും മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങളും തന്നെയാണ്. 20 വർഷങ്ങൾക്കുമുമ്പ് നമ്മൾ ചെയ്യേണ്ടിയിരുന്ന പല കാര്യങ്ങളും ഈ സന്ദർഭത്തിൽ ചെയ്യുമ്പോൾ അത് വളരെ വൈകിപ്പോയിരിക്കുന്നു. ഇന്ന് സമൂഹത്തിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങളുണ്ടാക്കുന്ന പ്രതിസന്ധികൾ പലതലത്തിലാണ് നമുക്ക് കാണാൻ കഴിയുന്നത്. നമ്മുടെ കൃഷിയിടങ്ങളും ജലാശയങ്ങളും മലിനമാക്കപ്പെടുന്നു. ഇൻഡ്യയറകുായി

മനുഷ്യശരീരത്തിലേയ്ക്ക് പ്രവേശിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്. അത്തരമൊരു സാഹചര്യം കേരളത്തിൽ ഇന്നും നിലനിൽക്കുന്നു. പ്ലാസ്റ്റിക് ബാഗുകൾക്ക് നിരോധനം ഏർപ്പെടുത്തിയെങ്കിലും ഒഴിവാക്കാൻ കഴിയുന്ന മേഖലകളിൽനിന്നുപോലും ഒഴിവാക്കാതെ അവ നിലനിൽക്കുന്ന അവസ്ഥയാണുള്ളത്. പൂച്ചെണ്ട് ഉണ്ടാക്കുന്നതിനായി ഇന്നും പ്ലാസ്റ്റിക് ഉപയോഗിക്കുന്നത് അതിനൊരു ഉദാഹരണമാണ്. അവ നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ ഇന്നും പൂർണ്ണതയിലെത്താൻ നമുക്ക് സാധിച്ചിട്ടില്ല. സംസ്ഥാനത്ത് മാലിന്യം വലിച്ചെറിയുന്നതുമായി ബന്ധപ്പെട്ട് മാഫിയകൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഇവർ കക്കൂസ് മാലിന്യം കൊണ്ടുപോകുന്നതും നിക്ഷേപിക്കുന്നതും ടി.വി.-യിലൂടെയും പത്രങ്ങളിലൂടെയും സോഷ്യൽ മീഡിയയിലൂടെയും നാം കാണാറുണ്ട്. ആയുധധാരികളായ ഗുണ്ടാസംഘങ്ങളാണ് ഈ വാഹനത്തിന് അകമ്പടി സേവിക്കുന്നത്. ഇക്കാര്യങ്ങൾക്കെല്ലാം പോലീസിന്റെ ഒത്താശയുമുണ്ടാകും. മാലിന്യം തോട്ടിലോ വഴിയരികിലോ കൊണ്ടുപോയി തള്ളുന്നത് നാം സ്ഥിരം

കാണുന്ന കാഴ്ചയാണ്. ഇത്തരം വിഷയങ്ങളിന്മേൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകണം. നിയമനിർമ്മാണം നടത്തിയതുകൊണ്ടുമാത്രം ഇത്തരം പ്രശ്നങ്ങളെ നിയന്ത്രിക്കാൻ സാധിക്കില്ല. ഇത് തടയുന്നതിനായി സാമൂഹിക അവബോധം സൃഷ്ടിക്കുന്നതോടൊപ്പം നിലവിലുള്ള പോലീസ് സംവിധാനം കർശനമായി നടപ്പാക്കാനും സാധിക്കണം. കേന്ദ്രീകൃതമായ സംസ്കരണ പദ്ധതികൾ സ്ഥാപിക്കുമ്പോൾ എല്ലാ കാലത്തും പ്രതിഷേധങ്ങൾ ഉയരുന്നത് സ്വാഭാവികമാണ്. തിരുവനന്തപുരത്തെ വിളപ്പിൽശാലയിലും എറണാകുളത്തെ ബ്രഹ്മപുരത്തും അത് കാണാൻ സാധിച്ചിട്ടുണ്ട്. ബ്രഹ്മപുരത്തെ അവസ്ഥ മുൻനിർത്തി, എവിടെയെങ്കിലും ഒരു മാലിന്യസംസ്കരണ പ്ലാന്റ് ആരംഭിക്കാൻ ശ്രമിച്ചാൽ സ്വാഭാവികമായും ജനങ്ങൾ പ്രതിഷേധിക്കുകയും സമരം നടത്തുകയും ചെയ്യും. അക്കാര്യത്തിൽ എന്തെങ്കിലും സംശയമുണ്ടോ? ബഹുമാനപ്പെട്ട മന്ത്രി ഈ വകുപ്പിന്റെ ചുമതലയേറ്റ അവസരത്തിലാണ് ബ്രഹ്മപുരത്ത് കൂട്ടിയിട്ടിരിക്കുന്ന മാലിന്യങ്ങളിൽ തീ കത്തിയത്. 13 ദിവസത്തിൽക്കൂടുതൽ ആളിക്കത്തിയ തീ അണയ്ക്കാനുള്ള മിനിമം സംവിധാനംപോലും

ഫയർഫോഴ്സിനുണ്ടായിരുന്നില്ല. ഇക്കാര്യത്തിൽ കോർപ്പറേഷനും അതിന്റെ ഏജൻസികൾക്കുമടക്കം നിരവധി വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. അതുണ്ടാക്കിയ ഗുരുതരമായ ആരോഗ്യപ്രശ്നം അത്രമാത്രം വലുതാണ്. ബ്രഹ്മപുരത്ത് മാലിന്യങ്ങൾ നിക്ഷേപിച്ചതിന്റെ ഫലമായി കടമ്പ്രയാറും ചിത്രപ്പുഴയുമടക്കം മലിനമാക്കപ്പെട്ടു, കൊച്ചി കായലിലേയ്ക്കുവരെ ആ മാലിന്യമെത്തിച്ചേർന്നു. തീപടർന്ന സമയത്ത് അവിടെനിന്നുള്ള കനത്ത പുക ശ്വസിച്ച ആളുകൾ ഇപ്പോഴും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. എന്റെ മണ്ഡലത്തിലെ വടക്കേ ഇരുമ്പനം ഭാഗത്തുള്ള നിരവധിപേർ ഈ പുക ശ്വസിച്ച് ഗുരുതരാവസ്ഥയിലായി. അവിടെ ഒരു മെഡിക്കൽ ക്യാമ്പ് നടത്തണമെന്ന് ആവശ്യപ്പെട്ടെങ്കിലും അതൊന്നും ഇതുവരെയും നടത്തിയിട്ടില്ല. ഇത്തരം വിഷയങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാനുള്ള നടപടിയുണ്ടാകണം. ഇത്തരം മാലിന്യസംസ്കരണ പ്ലാന്റുകൾ ആരംഭിക്കുമ്പോൾ ജനങ്ങളുടെ ഭാഗത്തുനിന്ന് വലിയ പ്രതിഷേധവും സമരവും ലഘൂകരിക്കുന്നതിനുവേണ്ടിയാണ് ഈ ബില്ലിന്റെ 11-ാമത്തെ ക്ലോസിൽ കേന്ദ്രീകൃത മാലിന്യസംസ്കരണ കേന്ദ്രങ്ങൾ അല്ലെങ്കിൽ നിർമ്മാർജ്ജന

സ്ഥലങ്ങൾ എന്നിവയുടെ തൊട്ടടുത്ത് താമസിക്കുന്നവർക്ക് നികുതി ഒഴിവാക്കലോ ഇളവുകളോ നൽകൽ, അതിനോടനുബന്ധിച്ചുള്ള വിവിധ ഷോപ്പുകൾ, റീസൈക്ലിംഗ് പാർക്കുകളടക്കമുള്ള സൗകര്യങ്ങൾ, ഇനി വരാൻ പോകുന്ന ഏതെങ്കിലും പ്ലാന്റുകൾ ഗവൺമെന്റ് നടപ്പിലാക്കാൻപോകുന്ന സ്ഥലത്തോട് ചേർന്ന് ചെയ്യാവുന്നതാണ് എന്നതുൾപ്പെടെയുള്ള വ്യവസ്ഥകൾ എഴുതിച്ചേർത്തിരിക്കുന്നത്. ഇവിടെ ഒരു പ്രലോഭനമാണ് നമുക്ക് കാണാൻ കഴിയുന്നത്. ആ പ്ലാന്റ് വിജയകരമല്ലെങ്കിൽ അവിടെ നികുതിയിളവ് കൊടുക്കേണ്ട ആവശ്യമില്ല. കാരണം, പിന്നീട് അവിടെ ആരും താമസിക്കില്ല; ഭൂമി വാങ്ങുകയുമില്ല. അവിടെ നിങ്ങൾ ചെയ്യേണ്ടതെന്താണ്? വിജയകരമായതോ അല്ലാത്തതോ ആയ പ്ലാന്റ് ഏതെങ്കിലും തരത്തിൽ മാലിന്യപ്രശ്നങ്ങളുണ്ടാക്കുകയോ അതിന് പിഴവുകൾ സംഭവിക്കുകയോ ചെയ്താൽ ഉത്തരവാദികളായവർക്കെതിരെ നടപടിയെടുക്കാനുള്ള വ്യവസ്ഥ നിർബന്ധമായും നിയമത്തിൽ എഴുതിച്ചേർക്കണമായിരുന്നു. ഉദ്യോഗസ്ഥതലത്തിലാണോ അഥവാ അത് സ്ഥാപിക്കുന്ന കമ്പനിയുടെ ഭാഗത്തുനിന്നാണോ ഗുരുതര വീഴ്ച വരുന്നതെന്ന് കണ്ടെത്തുന്നതിനോടൊപ്പം

ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കാനുള്ള ക്ലോസ് കൂടി ഈ നിയമത്തിൽ ഉൾപ്പെടുത്തണം. ഇത്തരം പ്ലാന്റുകൾ നിർമ്മിക്കരുതെന്നല്ല ഞാൻ ഉദ്ദേശിച്ചത്. മാലിന്യസംസ്കരണ പ്ലാന്റും അതിനോടനുബന്ധമായ എല്ലാ സൗകര്യങ്ങളും അവിടെ ചെയ്യാം. പക്ഷേ ഇത്തരം പ്ലാന്റുകൾ ആരംഭിക്കുമ്പോൾ അതിന്റെ പ്രവർത്തനങ്ങളിൽ വീഴ്ചവരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുമെന്ന് നിർബന്ധമായും നിയമത്തിൽ എഴുതിച്ചേർക്കണം. ഈ നിയമത്തിൽ അധികാര കേന്ദ്രീകരണം സംഭവിക്കുന്നുണ്ടോയെന്ന് സംശയിക്കേണ്ടതുണ്ട്. ഒരു മാലിന്യസംസ്കരണ പ്ലാന്റോ മാലിന്യ നിർമ്മാർജ്ജന കേന്ദ്രങ്ങളോ ഉണ്ടെങ്കിൽ പഞ്ചായത്തിന്റെ ഭൂമി വിജ്ഞാപനം വഴി ഗവൺമെന്റിന് ഏറ്റെടുക്കാൻ കഴിയുമെന്നാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. അതായത്, ഭൂമി ഏറ്റെടുക്കുമ്പോൾ അത് അനുയോജ്യമാണോയെന്നും അവിടെ ഒരു മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് ആരംഭിച്ചാൽ പ്രദേശത്തെ ജനങ്ങൾക്ക് അത് ദോഷകമാകുമോയെന്നും പ്രാദേശിക ഭരണകൂടത്തിനാണ് അറിയാൻ സാധിക്കുന്നത്. പ്രാദേശിക ഭരണകൂടത്തിന്റെ എതിർപ്പുണ്ടെങ്കിൽപോലും ഗവൺമെന്റിന് ആ പ്ലാന്റ്

ഏറ്റെടുക്കാൻ കഴിയുമെന്ന രീതിയിലുള്ള ക്ലോസ് ഉൾപ്പെടുത്താതെ പഞ്ചായത്തിന്റെ അനുമതിയോടുകൂടി അല്ലെങ്കിൽ അവരെ വിശ്വാസത്തിലെടുത്തുകൊണ്ട് ചെയ്യാൻ കഴിയുന്ന വിധത്തിലുള്ള വ്യവസ്ഥ ഉൾപ്പെടുത്തണം. ഈ നിയമത്തിൽ 26 തവണ ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. ഈ ഭേദഗതി നിയമം പാസ്സാക്കിയശേഷം വീണ്ടും ഭേദഗതി കൊണ്ടുവരേണ്ട സാഹചര്യം ഉണ്ടാകാത്തവിധം ഗവൺമെന്റ് ആവശ്യമായ ഇടപെടൽ നടത്തണം.

യൂസർഫീ അടച്ചില്ലെങ്കിൽ സേവനങ്ങൾ നൽകില്ല എന്നത് പ്രതിപക്ഷനേതാവ് ഒബ്ജക്ഷനായി സൂചിപ്പിച്ചിരുന്നു. അക്കാര്യം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുമ്പോൾ പുനരാലോചിക്കാമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചത്. എന്തായാലും അക്കാര്യത്തെക്കുറിച്ച് അങ്ങ് പുനരാലോചന നടത്തണം. ആർട്ടിക്കിൾ 21 ഏതൊക്കെ രീതിയിൽ വ്യാഖ്യാനിക്കാമെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ഇത്തരത്തിലൊരു ഭേദഗതി അതിൽ കൊണ്ടുവരികയും സെക്രട്ടറിക്ക് അധികാരം നൽകുകയും ചെയ്യുമ്പോൾ, ആ അധികാരം ദുർവിനിയോഗമായി മാറുമെന്ന കാര്യത്തിൽ

യാതൊരു സംശയവുമില്ല. അതുകൊണ്ട് അതിനുപകരം ഫൈൻ കൂട്ടുതൽ ഈടാക്കുകയോ അതിനനുസൃതമായ നടപടികളിലേയ്ക്ക് പോകുകയോ വേണം. യൂസർഫീ അടയ്ക്കാത്തതിന്റെ പേരിൽ ഒരു പൗരന് ആ പഞ്ചായത്തിൽനിന്നുള്ള സേവനം നിഷേധിക്കുന്നത് ജനാധിപത്യ വിരുദ്ധമാണ്, അത് അംഗീകരിക്കാൻ കഴിയുന്നതല്ല. തീർച്ചയായും ഗവൺമെന്റ് അത് പുനരാലോചിക്കണം.

ബിൽ അതിന്റെ പൂർണ്ണതയിൽ സഭയിലെത്തുമ്പോൾ നിർബന്ധമായും അതൊഴിവാക്കിക്കൊണ്ട് പകരം മറ്റേതെങ്കിലും തരത്തിലുള്ള ഫൈനുകളോ നടപടികളോ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം. പക്ഷെ അവ സേവനങ്ങൾ നിഷേധിക്കുന്ന നിലയിലേയ്ക്ക് മാറരുത്. യൂസർ ഫീ സംബന്ധിച്ച് ഭരണകക്ഷി അംഗങ്ങൾക്കുപോലും അഭിപ്രായ വ്യത്യാസമുണ്ട്. അതുസംബന്ധിച്ച് പലരും ഉപചോദ്യങ്ങൾ ഉന്നയിക്കുകയും ചെയ്തിരുന്നു. എല്ലാ കേന്ദ്രങ്ങൾക്കും ഏതെങ്കിലും തരത്തിൽ മാലിന്യങ്ങളുണ്ടാകാം; എന്നുമാത്രമല്ല, ഓരോ കേന്ദ്രത്തിലും പലതരത്തിലായിരിക്കും മാലിന്യങ്ങൾ വരുന്നത്. അത്തരത്തിൽ പുറന്തള്ളപ്പെടുന്ന മാലിന്യങ്ങൾ സ്ലാബ്

അടിസ്ഥാനത്തിലോ മറ്റേതെങ്കിലും തരത്തിലോ ക്രമീകരിക്കാൻ കഴിയണം. ഒരു പാവപ്പെട്ട കുടുംബം ഉപജീവനത്തിനായി വീടിനോടുചേർന്ന് ഒരു മുറുക്കാൻകട നടത്തിയാൽ അദ്ദേഹത്തിൽനിന്ന് രണ്ട് രീതിയിൽ യൂസർ ഫീ ഈടാക്കേണ്ടിവരും. ഏതൊരു നിയമ നിർമ്മാണത്തിലും മാനുഷികമായ ഒരു മുഖം നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. അങ്ങനെയുള്ള കാര്യങ്ങളിൽ തീർച്ചയായും ഗവൺമെന്റ് ഇടപെടേണ്ടതുണ്ട്. നാട്ടിൻപുറങ്ങളിലൊക്കെ സ്ത്രീകളുടെ നേതൃത്വത്തിൽ നാലഞ്ചുപേർ ചേർന്ന് പ്രവർത്തിക്കുന്ന തയ്യൽ യൂണിറ്റുകളും മറ്റുതരത്തിലുള്ള വിവിധ സ്ഥാപനങ്ങളും ചെറുകിട യൂണിറ്റുകളുമുണ്ടാകാം. അവിടെനിന്നെല്ലാം വ്യത്യസ്തതോതിലാണ് പലതരത്തിലുള്ള മാലിന്യങ്ങൾ വരുന്നത്. അതുകൊണ്ട് സ്ഥാപനങ്ങളുടെ വലിപ്പത്തിനനുസൃതമായ മാറ്റങ്ങൾ ബില്ലിൽ ഉൾപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകണം. പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ താമസിക്കുന്നവർ സാമ്പത്തികമായി ബുദ്ധിമുട്ടുന്നവരാണ്. അവർക്ക് 50-60 രൂപയെന്ന് പറയുന്നത് വലിയ തുകയാണ്. ക്ഷേമ പെൻഷൻപോലും മുടങ്ങിക്കിടക്കുന്ന സന്ദർഭത്തിൽ ഈ തുക ചെറുതായി കാണാൻ കഴിയില്ല. യൂസർ ഫീ

കർശനമായി ഈടാക്കുന്ന നിലയിലേയ്ക്ക് പോകാതെ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളെയും സാമ്പത്തികമായി പ്രതിസന്ധിയിൽ നിൽക്കുന്നവരെയും ഇതിൽനിന്ന് ഒഴിവാക്കാൻ നടപടിയുണ്ടാകണം. യൂസർ ഫീ വേണ്ടെന്ന് ഞാൻ അഭിപ്രായപ്പെടുന്നില്ല, എന്നാൽ ഇളവുകൾ നൽകേണ്ടിടത്ത് നിർബന്ധമായും അത് നൽകണം. മാലിന്യങ്ങൾ ശേഖരിക്കുന്ന ഹരിത കർമ്മസേന മഹത്തരമായ സേവനമാണ് ചെയ്യുന്നത്. അവരുടെ സേവനത്തിനനുസൃതമായി സുരക്ഷിതമായ തൊഴിൽ സാഹചര്യംകൂടി ഒരുക്കാൻ കഴിയണം. പല സ്ഥലങ്ങളിൽനിന്നുള്ള മാലിന്യങ്ങൾ ഉൾപ്പെടുന്നതുകൊണ്ടുതന്നെ ഹരിതകർമ്മ സേനയിലുള്ളവർക്ക് Hazardous Waste ഉൾപ്പെടെ കൈകാര്യം ചെയ്യേണ്ടിവരും. അതുകൊണ്ട് അവർക്ക് നിർബന്ധമായും മെഡിക്കൽ ഇൻഷ്വറൻസ് ഏർപ്പെടുത്താനും മെഡിക്കൽ ചെക്കപ്പുകൾ നടത്തുന്നതിനുമാവശ്യമായ സൗകര്യം ഏർപ്പെടുത്താനും നടപടിയുണ്ടാകണം. ഹരിതകർമ്മ സേനയിൽ പ്രവർത്തിക്കുന്നവർക്ക് ആദ്യം ഫീസുപോലും ലഭിക്കാത്ത അവസ്ഥ പല സ്ഥലങ്ങളിലുമുണ്ടായി; വലിയ രീതിയിലുള്ള

തർക്കങ്ങളും വാഗ്വാദങ്ങളുമൊക്കെയുണ്ടായി. ഇന്ന് അതൊക്കെ മാറി, അവർ നൽകുന്ന സേവനത്തിന്റെ പ്രാധാന്യം പൊതുസമൂഹത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. അവർ നൽകുന്ന സേവനത്തിന് വരുമാനം ഉറപ്പുവരുത്തുന്നതോടൊപ്പം അവരുടെ ആരോഗ്യം സുരക്ഷിതമാക്കാനുള്ള സാഹചര്യംകൂടി ഈ ബില്ലന്റെ ഭാഗമായുണ്ടാകണം.

ബില്ലിന്റെ വകുപ്പ് 326(ഡി)-യിൽ യൂസർ ഫീസുമായി ബന്ധപ്പെട്ട വ്യവസ്ഥകളിൽ "എന്നാൽ, യൂസർ ഫീസിന് സർക്കാർ നിരക്ക് നിശ്ചയിച്ചിട്ടുള്ളപക്ഷം, സർക്കാർ നിശ്ചയിച്ച നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക് കൗൺസിൽ നിശ്ചയിക്കാൻ പാടില്ലാത്തതാണ്" എന്നുപറയുന്നുണ്ട്. ഓരോ സ്ഥലങ്ങളിലെയും അവസ്ഥ മനസ്സിലാക്കി അവർക്ക് ഫീസ് നിശ്ചയിക്കാനുള്ള സാഹചര്യം ഗ്രാമപഞ്ചായത്തുകൾക്ക് ഉണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. ഇതിനുള്ള നിരക്ക് ഗവൺമെന്റാണ് നിശ്ചയിക്കുന്നതെങ്കിൽ കുറഞ്ഞ നിരക്കോ കൂടിയ നിരക്കോ ആകാതെ ഏകീകൃത സ്വഭാവത്തോടെ നിശ്ചയിക്കണം. അത്തരത്തിൽ യൂസർ ഫീ വർദ്ധിച്ച നിരക്കിലേയ്ക്ക് വരുന്നില്ലെന്ന് ഉറപ്പാക്കാനുള്ള നടപടിയുണ്ടാകണം.

ഈ നിയമത്തെ പൊതുവായി എതിർക്കുന്നില്ലെങ്കിലും ഇത്തരത്തിലുള്ള ധാരാളം മാറ്റങ്ങൾ കൊണ്ടുവരേണ്ടത് അനിവാര്യമാണ്. അത്തരം മാറ്റങ്ങൾ തീർച്ചയായും ഈ ബില്ലിൽ ഉൾക്കൊള്ളിക്കണം. നവകേരള സദസ്സിനുവേണ്ടി പഞ്ചായത്തുകളും കോർപ്പറേഷനുകളും ജില്ലാ പഞ്ചായത്തുകളും വലിയ സാമ്പത്തിക ബാധ്യതയാണ് ഏറ്റെടുക്കേണ്ടിവന്നത്. എല്ലാ ചുമതലകളും പഞ്ചായത്തിന്റെ ചുമലിൽ വച്ചുകൊടുക്കുന്ന പ്രവണതയാണ് കഴിഞ്ഞ കാലങ്ങളിൽ കണ്ടിരുന്നത്. പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ സുഗമമാക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. യൂസർ ഫീ നൽകാതെ മറ്റ് സേവനങ്ങൾ നൽകുകയില്ലെന്ന നിബന്ധന നിർബന്ധമായും മാറ്റണമെന്ന് ഒരിക്കൽക്കൂടി ആവശ്യപ്പെട്ടുകൊണ്ട് നിർത്തുന്നു.

**[1.00 PM]**

ശ്രീ. ടി. സിദ്ദിഖ്: സർ, നിരാകരണ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. 'പഞ്ചായത്ത് രാജ്' സംവിധാനം നിലവിൽവന്നതിനുശേഷം പ്രാദേശിക സർക്കാരുകളുടെ അധികാരവും അവകാശങ്ങളും അതിന്റെ ഫണ്ടിംഗുമെല്ലാം

വളരെ വിപുലപ്പെടുത്തി മുന്നോട്ടുപോകുന്ന ഈ സന്ദർഭത്തിൽ, പലമേഖലകളിൽനിന്നും തിരിച്ചടിയുണ്ടാകുന്നതായാണ് സമീപഭാവിയിൽ മനസ്സിലാക്കാൻ സാധിച്ചത്. കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെ content-നെയും crux-നെയും ഉൾക്കൊള്ളാൻ ആഗ്രഹിക്കുന്നതോടൊപ്പം അതിലെ ചില പ്രൊവിഷൻസും അതുണ്ടാക്കുന്ന സാമൂഹികവും വ്യക്തിപരവുമായ ആഘാതങ്ങളും സർക്കാർ ഗൗരവമായി പരിശോധിക്കണമെന്നും എടുത്തുപറയാൻ ആഗ്രഹിക്കുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ മാലിന്യ സംസ്കരണം സംബന്ധിച്ച വ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും അവ ലംഘിക്കുന്നവർക്കുള്ള ശിക്ഷാവ്യവസ്ഥകൾകൂടി ഉൾപ്പെടുത്തുന്നതിനുംവേണ്ടി പ്രസ്തുത ആക്റ്റിൽ ഭേദഗതി വരുത്തുന്നതിനുവേണ്ടിയാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ വർഷത്തെ ബഡ്ജറ്റിൽ മാലിന്യ സംസ്കരണത്തിനായി ആകെ അനുവദിച്ച 2993 കോടി രൂപയിൽ 2023 അവസാനംവരെ 142 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. സ്വച്ഛ് ഭാരത് മിഷൻ മുഖേന അനുവദിച്ച തുകയിൽ 2023 നവംബർ വരെ 35

ശതമാനം തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഈ വിഷയവുമായി ബന്ധപ്പെട്ട് അനുയോജ്യമായ സ്ഥലത്തിന്റെ ലഭ്യതക്കുറവ്, പ്രാദേശിക തലത്തിലുള്ള എതിർപ്പ് എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്നുണ്ട്. ഫണ്ടുകളുടെ ലഭ്യതയുണ്ടായിട്ടും കേരളം നേരിടുന്ന അതിപ്രധാനവും ഗൗരവമേറിയതുമായ ഈ പ്രശ്നം അഡ്രസ് ചെയ്യാൻ നമുക്ക് സാധിക്കാത്തത് വളരെ ഗൗരവതരമാണ്. അതിൽത്തന്നെ ഒരു പഞ്ചായത്തിന്റെ പരിധിയിലുള്ള പദ്ധതിയെക്കുറിച്ചുമാത്രം ചർച്ച ചെയ്യുന്നതോടൊപ്പം രണ്ടും മൂന്നും പഞ്ചായത്തുകൾ കോർത്തിണക്കി സമാനമായ വേസ്റ്റ് മാനേജ്മെന്റ് സ്കീം ആരംഭിക്കാനാവശ്യമായ നടപടികൾക്ക് സർക്കാരിന്റെ ഭാഗത്തുനിന്നും പ്രത്യേക മാർഗ്ഗനിർദ്ദേശം നൽകണം. മാലിന്യ സ്വീകരണത്തിനും നിർമ്മാർജ്ജനത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മതിയായ സംവിധാനവും സൗകര്യവും ഏർപ്പെടുത്താതെ പൊതുസ്ഥലത്ത് മാലിന്യംനിക്ഷേപിച്ചാൽ കനത്ത പിഴ ചുമത്തുന്നത് ഉചിതമായ നടപടിയല്ല. പ്രാദേശിക സർക്കാരുകൾ അവരുടെ ഉത്തരവാദിത്വം നിർവ്വഹിക്കാതെ വലിയ പിഴ ചുമത്തുന്നത് ശരിയല്ല.

Municipal Council, Ratlam Vs Shri Vardhichand & Ors, 1980 എന്ന കേസിൽ മധ്യപ്രദേശിലെ Ratlam സിറ്റിയിലുണ്ടായ വിഷയവുമായി ബന്ധപ്പെട്ട് ബഹു. സുപ്രീംകോടതി പറഞ്ഞത് ഫണ്ടും വിഭവങ്ങളും ഇല്ലെന്നുപറഞ്ഞ് ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ സാധ്യമല്ലെന്നാണ്. വേസ്റ്റ് മാനേജ്മെന്റിന്റെ ഉത്തരവാദിത്വം താഴെത്തട്ടിലുള്ള പ്രാദേശിക സർക്കാരുകൾക്കാണെന്നും അതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കേണ്ടത് പ്രാദേശിക സർക്കാരുകളുടെ ഉത്തരവാദിത്വമാണെന്നും കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡവും വിവിധങ്ങളായ നിയമനിർമ്മാണങ്ങളും അനുബന്ധ കാര്യങ്ങളും നടപ്പാക്കിയിട്ടും വേസ്റ്റ് മാനേജ്മെന്റ് ഡിസ്പോസൽ സ്കീമിന് കൃത്യമായി ഫണ്ട് ലഭ്യമാക്കിയിട്ടും പ്രാദേശിക സർക്കാരുകൾ അതിനാവശ്യമായ കാര്യങ്ങൾ ചെയ്യാൻ തയ്യാറാകാതെ മുന്നോട്ടുപോകുന്നത് വളരെ ഗൗരവതരമായ സാഹചര്യമാണ്. അതുകൊണ്ടാണ് ഒരു പഞ്ചായത്തിൽ സ്ഥലം ലഭ്യമല്ലെങ്കിൽ സമീപ മുനിസിപ്പാലിറ്റികളെയോ പഞ്ചായത്തുകളെയോ കോർത്തിണക്കി സമാനമായ സംവിധാനം

രൂപീകരിച്ച് അതിനാവശ്യമായ ക്രമീകരണങ്ങൾക്ക് നേതൃത്വം കൊടുക്കണമെന്ന് പറയുന്നത്. ബില്ലിലെ വ്യവസ്ഥകൾ പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്ക് ലഭിക്കാവുന്ന പരമാവധി ശിക്ഷ 50,000 രൂപ പിഴയും ഒരു വർഷംവരെ തടവുമാണ്. പ്രസ്തുത പിഴത്തുക യഥാസമയം അടച്ചില്ലെങ്കിൽ പൊതു നികുതി കുടിശ്ശിക പോലെ അത് ഈടാക്കാവുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഏതെങ്കിലും പൊതുസ്ഥലത്ത് ചപ്പുചവറുകൾ, മാലിന്യക്കൂമ്പാരങ്ങൾ എന്നിവ നിക്ഷേപിക്കുന്നത് പരിസ്ഥിതിക്ക് ആഘാതം സൃഷ്ടിക്കുമെന്നതും മലിനീകരണത്തിന്റെ തോത് വർദ്ധിപ്പിക്കുമെന്നതുമൊക്കെ ഗൗരവതരമായ സാഹചര്യമായതുകൊണ്ടുതന്നെ അതിന്റെ മുഴുവൻ ഉത്തരവാദിത്വവും ഒരു വ്യക്തിയിൽ/സെക്രട്ടറിയിൽ മാത്രം കേന്ദ്രീകരിച്ചു നൽകിയാൽ ആ വ്യക്തിക്ക് അമിതമായ ജോലി ഭാരംമൂലം ദൗത്യനിർവ്വഹണം ക്രമീകൃതമായി കൊണ്ടുപോകാൻ സാധിക്കുമോയെന്ന ആശങ്കയുണ്ട്. ഇതിനു പരിഹാരമെന്ന നിലയിൽ അതിന് സ്റ്റാറ്റ്യൂട്ടറിയായി, കൃത്യമായ ഒരു ബോഡി രൂപീകരിച്ചുകൊണ്ടുള്ള സംവിധാനം ഓരോ

പഞ്ചായത്തിലുമൊരുക്കിയാൽ സെക്രട്ടറി എന്ന വ്യക്തിയുടെമേൽ മാത്രം ഇതിന്റെ ചുമതല വരുന്നതിനുപകരം ടി ബോഡിക്ക് നടപടികൾ കൃത്യമായി നിർവ്വഹിക്കാൻ സാധിക്കണം. ഗ്രാമപഞ്ചായത്തുകളുടെ അമിതമായ ജോലിഭാരത്തെക്കുറിച്ച് നമുക്ക് അറിയാവുന്നതാണ്. അധിക ജോലിഭാരം, ജീവനക്കാരുടെ കുറവ് എന്നിവമൂലം പഞ്ചായത്ത് സെക്രട്ടറിമാരും ജീവനക്കാരും നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. ഇവിടെ യൂസർ ഫീസിനെക്കുറിച്ച് നേരത്തേ സൂചിപ്പിക്കുകയുണ്ടായി. യൂസർ ഫീസ് അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന ആളിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഏതൊരു സേവനവും നൽകുന്നത് സെക്രട്ടറിക്ക് തടയാവുന്നതാണ് എന്ന വ്യവസ്ഥ ജനാധിപത്യ സംവിധാനത്തിൽ അമിതാധികാര പ്രയോഗത്തിനും വ്യക്തികളുടെ അവകാശങ്ങൾക്ക് നേരെയുള്ള കടന്നുകയറ്റങ്ങൾക്കും കാരണമാകും. അതുകൊണ്ട് യൂസർഫീസും പിഴയും പൊതുനികുതി കുടിശ്ശികയായി കണക്കാക്കി ഈടാക്കാനാവശ്യമായ വ്യവസ്ഥ നിയമത്തിൽ ഉൾപ്പെടുത്തണം. ഒരു ഭാഗത്ത് ആർട്ടിക്കിൾ 21-ഉം മറുഭാഗത്ത് നികുതി അടയ്ക്കുന്നവരുടെ അവകാശങ്ങളുമുണ്ട്. ഓരോ

സേവനത്തിനും ഓരോ സ്ലാബും ഓരോ തുകയും നിശ്ചയിച്ചിട്ടുണ്ട്. അത് എല്ലാ മേഖലകളിലേയ്ക്കും വ്യാപിപ്പിക്കാൻ ശ്രമിക്കുന്നത് ഒരു വ്യക്തിയുടെ അവകാശത്തിന്മേലുള്ള കടന്നുകയറ്റമാകും. അതുകൊണ്ട് സാമാന്യമായി അത് പുനഃപരിശോധിക്കാനാവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരിക്കുന്ന തുക, അതിൽ ചെലവഴിച്ചിരിക്കുന്ന തുക, അതിന്റെ നിരക്ക് എന്നിവ സംബന്ധിച്ച് പ്രധാനപ്പെട്ട കണക്ക് പറഞ്ഞിട്ടുണ്ട്. പ്രാദേശിക ഭരണകൂടത്തിന്റെ സാമ്പത്തിക ഞെരുക്കത്തിന്റെ അവസ്ഥ എത്രത്തോളം ഗൗരവമുള്ളതാണെന്ന് ഈ കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ ആഗസ്റ്റ് മാസത്തിലാണ് രണ്ടാം ഗഡു തുക കൊടുക്കേണ്ടതെങ്കിലും ഡിസംബർ മാസത്തിലാണ് ടി തുക നൽകിയത്. മൂന്നാം ഗഡു നൽകേണ്ട സമയത്ത് അത് നൽകാൻ സാധിക്കുമോ; അത് നൽകാതിരിക്കുമ്പോൾ പദ്ധതികൾ പൂർത്തീകരിക്കപ്പെടുമോ; പദ്ധതികൾ പൂർത്തീകരിക്കപ്പെടാതെ പോകുമ്പോൾ എന്തായിരിക്കും നമ്മുടെ പ്രാദേശിക സർക്കാരിന്റെ അവസ്ഥ? ബഡ്ജറ്റിൽ

കോർപ്പറേഷന് 883.29 കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും ചെലവഴിച്ച തുക 215.08 കോടി രൂപ മാത്രമാണ്. മുനിസിപ്പാലിറ്റികൾക്ക് 971.69 കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും ചെലവഴിച്ചത് 291.44 കോടി രൂപ മാത്രമാണ്. അതായത്, ചെലവഴിച്ച തുക ഏകദേശം 30-35 ശതമാനത്തിന് താഴെയാണ്. ഈ തുക ചെലവഴിക്കേണ്ട സമയക്രമം എന്താണ്; എത്രത്തോളം സമയം ബാക്കിയുണ്ട്; ഈ സമയത്തിനിടയിൽ ഇത് പൂർത്തീകരിക്കപ്പെടുമോ എന്നിവയെല്ലാം ഗൗരവമുള്ള പ്രശ്നമായി ബഹുമാനപ്പെട്ട മന്ത്രിയുടെയും സർക്കാരിന്റെയും മുമ്പിൽ ഞാൻ രേഖപ്പെടുത്തുകയാണ്.

ട്രഷറി നിയന്ത്രണം പ്രാദേശിക സർക്കാരുകളെ എത്രത്തോളമാണ് വലയ്ക്കുന്നത്? ട്രഷറി നിയന്ത്രണംമൂലം ചെറിയ ഡ്രെയ്നേജ്, മറ്റ് നിർമ്മാണങ്ങൾ എന്നിവയുടെ ബിൽ/ഫണ്ടുകൾ മാറാൻ കഴിയുന്നില്ല. വ്യക്തിഗത ആനുകൂല്യങ്ങൾപോലും കൊടുക്കാൻ കഴിയാതെ, ഒരു ലക്ഷത്തിന് മുകളിലുള്ള ഫണ്ടുകൾ/ബില്ലുകൾ മാറാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുകയാണ്. 5 മാസമായി പാവപ്പെട്ടവർക്ക്

ലഭിക്കേണ്ട സാമൂഹ്യ സുരക്ഷാ പെൻഷൻപോലും കുടിശ്ശികയായി കിടക്കുന്ന പ്രശ്നവുമുണ്ട്. അതുകൊണ്ട് സർക്കാരിന്റെ ഭാഗത്തുനിന്ന് ഇക്കാര്യത്തിൽ നടപടിയുണ്ടാകണം.

ഞാൻ നേരത്തെ പഞ്ചായത്ത് സെക്രട്ടറിയുടെ ജോലിഭാരത്തിന്റെ കാര്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ശ്രീ. ടി. വി. ഇബ്രാഹിം പറഞ്ഞത് പ്രധാനപ്പെട്ട കാര്യമാണ്. ജീവനക്കാരുടെ കുറവുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ നിലനിൽക്കുമ്പോഴും പഞ്ചായത്തിന് ഓരോ ചുമതല നിർവ്വഹിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഉദാഹരണമായി, വിദ്യാവാഹിനി പദ്ധതിയുടെ സാമ്പത്തിക ചെലവടക്കമുള്ള കാര്യങ്ങൾ പ്രാദേശിക സർക്കാരുകളെയാണ് ഏൽപ്പിച്ചിരുന്നത്. ഇതിൽ ട്രൈബൽ വിദ്യാർത്ഥികളുടെ യാത്രാചെലവുംകൂടി ഉൾപ്പെട്ടിരുന്നു. എന്നാൽ അവർക്ക് അതിനുള്ള ഫണ്ട് കൈമാറാൻ സാധിക്കാത്തതിന്റെ ഫലമായി ഈ പദ്ധതിയാകെ താളംതെറ്റുകയും കുട്ടികൾക്ക് സ്കൂളുകളിലേയ്ക്ക് പോകാൻ സാധിക്കാതെ വരികയും ചെയ്തു. തുടർന്ന് ഇതിന്റെ ഉത്തരവാദിത്വം ട്രൈബൽ ഡിപ്പാർട്ടുമെന്റ് ഏറ്റെടുത്തെങ്കിലും പ്രാദേശിക സർക്കാരുകൾക്ക് നൽകാനുള്ള

കോടിക്കണക്കിന് രൂപ നൽകാൻ ഈ സർക്കാരിന് നാളിതുവരെയും സാധിച്ചിട്ടില്ല. എല്ലാ മേഖലയുടെയും അവസ്ഥ ഇതുതന്നെയാണ്. ഇപ്പോൾ മണ്ണെടുപ്പുമായി ബന്ധപ്പെട്ട ചുമതലയും വാല്യുവേഷനും കട്ടിംഗുൾപ്പെടെയുള്ള എല്ലാ ചുമതലകളും പഞ്ചായത്തിനെയാണ് ഏല്പിച്ചിരിക്കുന്നത്. സർക്കാരിന്റെ സർക്കുലറുകളുടെ കേന്ദ്രീകരണ മേഖലയായി പഞ്ചായത്തുകൾ മാറിയിട്ടുണ്ട്. അവസാനം വന്ന സർക്കുലറിൽ പറയുന്നത്, നവകേരള സദസ്സിന് 50,000 രൂപവച്ച് കൊടുക്കണമെന്നാണ്. ഇതിനെല്ലാം നൽകേണ്ട തുക നിങ്ങൾ കൊടുത്തിട്ടുണ്ടോ? കൽപ്പറ്റ മുനിസിപ്പാലിറ്റിയിൽ സംഘടിപ്പിച്ച നവകേരള സദസ്സുമായി ബന്ധപ്പെട്ട് അവിടെയുള്ള ഒരു ഹോട്ടലിന് തുക കൊടുക്കാനുണ്ട്. ജില്ലാപഞ്ചായത്തിന്റെ ഫണ്ടിൽനിന്ന് തുക ലഭിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത് എന്നാണ് അവർ പറഞ്ഞത്. ജില്ലാ പഞ്ചായത്തിന്റെ പദ്ധതിക്കുവേണ്ടി നീക്കിവയ്ക്കേണ്ട പണം എങ്ങനെയാണ് ഇതിനായി നീക്കിവയ്ക്കുന്നത്. യഥാർത്ഥത്തിൽ പഞ്ചായത്തുകളിൽനിന്ന് പിടിച്ചുപറി നടത്തുന്ന അവസ്ഥയാണുള്ളത്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഒരു പഞ്ചായത്തിൽ നിന്നോ മുനിസിപ്പാലിറ്റിയിൽ നിന്നോ റിട്ടയർ ചെയ്യുന്ന ഉദ്യോഗസ്ഥരുടെ വിരമിക്കൽ ആനുകൂല്യങ്ങളെല്ലാം ആ മുനിസിപ്പാലിറ്റി/പഞ്ചായത്താണ് നൽകുന്നത്. അത് പിന്നീട് ഗവൺമെന്റ് റീഇംബേഴ്സ് ചെയ്യുന്നുവെന്നാണ് പറയപ്പെടുന്നത്. അവരുടെ പെൻഷൻ ആനുകൂല്യങ്ങൾ അടക്കം ആ പഞ്ചായത്തോ മുനിസിപ്പാലിറ്റിയോ കൊടുക്കണം. റിട്ടയർ ചെയ്യാനുള്ള നാല് ഉദ്യോഗസ്ഥരെ ഒരു പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തുകഴിഞ്ഞാൽ ആ പഞ്ചായത്ത് മുടിഞ്ഞുതന്നെ. ആ രീതിയിലുള്ള അവസ്ഥ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ശ്രീ. ടി. വി. ഇബ്രാഹിം പറഞ്ഞ വിഷയമുൾപ്പെടെ സാമ്പത്തികമായ അമിതഭാരവും സർക്കാരിന്റെ സർക്കുലർ ഭാരവും ഫണ്ട് നൽകാത്ത ഭാരവും എല്ലാംകൂടി ഒരുമിച്ച് വന്ന് വീർപ്പുമുട്ടിക്കുന്ന ഗുരുതരമായ സാഹചര്യമാണ് നിലവിലുള്ളത്. ഫണ്ടിന്റെ കാര്യത്തിൽ മാത്രമല്ല, ധാരാളം ഉത്തരവാദിത്വങ്ങളും ഏല്പിച്ചിരിക്കുകയാണ്. ആ ഉത്തരവാദിത്വങ്ങൾ സെക്രട്ടറിയുടെമേൽ മാത്രം വയ്ക്കുന്നതിനുപകരം

അതിനൊരു സ്റ്റാറ്റ്യൂട്ടറി സംവിധാനമൊരുക്കി, അത് നിർവഹിക്കപ്പെടുകയാണെങ്കിൽ വളരെ മനോഹരമായ നിർമ്മിതിയുണ്ടാകുന്നതാണ്. ഇതിന്റെ കണ്ടന്റിനോടും ഉദ്ദേശ്യലക്ഷ്യത്തോടും പൂർണ്ണമായും നീതിപുലർത്താൻ ആഗ്രഹിക്കുന്നു. പക്ഷേ ബഹുമാനപ്പെട്ട മന്ത്രി അതിന്റെ ഇംപ്ലിമെന്റേഷനുമായി ബന്ധപ്പെട്ട് പറഞ്ഞ ചില കാര്യങ്ങൾ, ചില മേഖലകളെ വല്ലാതെ ബാധിക്കുമെന്നതിനാൽ അത്തരം വിഷയങ്ങൾ ഗൗരവതരമായ പുനർവിചിന്തനത്തിന് വിധേയമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഐ. ബി. സതീഷ്</u>: 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 11-02-2024 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഒരു നിയമനിർമ്മാണത്തിന്റെ ഉദ്ദേശ്യം എത്രത്തോളം കാലോചിതവും ദീർഘവീക്ഷണത്തോടുംകൂടി ഉള്ളതാണെന്ന് വെളിപ്പെടുത്തുന്നതിനുവേണ്ടിയാണ് 1994-ലെ പഞ്ചായത്ത് രാജ് ആക്റ്റിന് ഭേദഗതി നിർദ്ദേശിച്ചുകൊണ്ട് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്.

Intergovernmental Panel on Climate Change നടത്തിയ ഭീതിജനകമായ ചില ഓർമ്മപ്പെടുത്തലുകളുണ്ട്. സൂര്യാഘാതത്തിന്റെ ഇരകളായി മലയാളികൾ മാറുന്നതിലും സാംക്രമികരോഗങ്ങളുടെ നാടായി കേരളം മാറിക്കൊണ്ടിരിക്കുന്നതിലും യാഥാർത്ഥ്യമുണ്ട്. ആ യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽനിന്നാണ് ഈ നിയമനിർമ്മാണം രൂപപ്പെട്ടത്. 2070-ൽ നമ്മുടെ രാജ്യം കാർബൺ ന്യൂട്രൽ ഇന്ത്യയാകുമെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിക്കുമ്പോൾ രണ്ടുപതിറ്റാണ്ടുമുമ്പ് കേരളം ആ ലക്ഷ്യത്തിലെത്തിച്ചേരുമെന്നാണ് പിണറായി സർക്കാർ പ്രഖ്യാപിക്കുന്നത്. അതിനുവേണ്ടിയുള്ള ഭാവനാപൂർണ്ണമായ പ്രവർത്തനങ്ങളുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അതുമാത്രമല്ല, ഒരു രാഷ്ട്രീയപ്രവർത്തകന് അയാളുടെ ചിന്തയിലും പ്രവൃത്തിയിലും ജീവിച്ചിരിക്കുന്ന കാലത്തെക്കുറിച്ചും പരിസ്ഥിതിയെക്കുറിച്ചും വരുംകാലതലമുറയെക്കുറിച്ചുമുള്ള ഉത്കണ്ഠയും ഉൾക്കാഴ്ചയുമുണ്ടാകണമെന്ന കാഴ്ചപ്പാടും ഈ നിയമനിർമ്മാണത്തിന്റെ പിന്നിലുണ്ട്. ഇനിവരുന്ന തലമുറയ്ക്ക് താമസിക്കാൻ പറ്റുന്ന ഇടമായി നമ്മുടെ

നാട് മാറുന്നതിനുവേണ്ടിയാണ് ഈ നിയമനിർമ്മാണത്തിൽ ആവശ്യമായ വകുപ്പുകൾ ഉൾച്ചേർത്തിട്ടുള്ളത്.

ശ്രീ. ഡി. കെ. മുരളി: സർ, കാർബൺ ന്യൂട്രലായി കേരളത്തെ മാറ്റുന്നതിനുള്ള വലിയ പരിശ്രമങ്ങളാണ് ഇവിടെ നടത്തുന്നത്. തീർച്ചയായും ആധുനിക സമൂഹത്തിന് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ബാധ്യതയുണ്ട്. പക്ഷേ നമ്മൾ എത്ര മുന്നോട്ടുപോയാലും ഭൂമിയിൽ വളരെ ചെറിയൊരു പ്രദേശത്തുമാത്രമാണ് നമ്മുടെ സംസ്ഥാനം ഉൾപ്പെട്ടിരിക്കുന്നത്. കാർബൺ ന്യൂട്രലാക്കുന്നതിനുവേണ്ടിയുള്ള നിലപാടുകൾ സാമ്രാജ്യത്വ ശക്തികളുൾപ്പെടെ സ്വീകരിച്ചില്ലെങ്കിൽ ഭാവിയിൽ നമ്മുടെ ഭൂമിതന്നെ വാസയോഗ്യമല്ലാത്ത അവസ്ഥയിലേയ്ക്ക് മാറിപ്പോകില്ലേ?

ശ്രീ. ഐ. ബി. സതീഷ്: സർ, ഏറ്റവും ചെറിയ മാതൃകകൾപോലും വലിയ സന്ദേശമായി ലോകത്തിനുമുമ്പിൽ അവതരിപ്പിക്കാൻ സാധിച്ചിട്ടുള്ള പല ഉദാഹരണങ്ങൾ നമ്മുടെ മുമ്പിലുണ്ട്. ഈ നിയമനിർമ്മാണത്തിൽ പ്രധാനമായും ഉദ്യോഗസ്ഥർക്കോ പഞ്ചായത്ത് സെക്രട്ടറിക്കോ അധികാരം നൽകിയിരിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്

ഉൾപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാന നിയമസഭ പാസ്സാക്കുന്ന നിയമങ്ങളും സംസ്ഥാന സർക്കാരിന്റെ കാഴ്ചപ്പാടുകളും അംഗീകരിക്കാൻ അനുവദിക്കാതെ പ്രതിപക്ഷം നിഷേധാത്മകമായ നിലപാട് സ്വീകരിക്കുന്നത് കേരളത്തിന്റെ വികസനത്തെ പിറകോട്ടുവലിക്കുകയാണ്. ഒരു ഉദാഹരണം പറയാം. ഞങ്ങൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഒരു നദീയാത്ര നടത്തുകയും അതിന്റെ ഫലമായി മലിനമായിക്കിടന്ന 11 കിലോമീറ്റർ ദൈർഘ്യമുള്ള ഒരു നദിയെ വീണ്ടെടുത്ത് അതിനെ കണ്ണുനീരുപോലെ തെളിമയുള്ള ജലമൊഴുകുന്ന നീർച്ചാലാക്കിമാറ്റുകയും ചെയ്തിരുന്നു. കുറച്ചുകാലം കഴിഞ്ഞപ്പോൾ അതിലൂടെ മലിനജലം ഒഴുകുന്നത് ശ്രദ്ധയിൽപ്പെടുകയും അതിന്മേൽ അന്വേഷണം നടത്തി പി.ഡബ്ല്യു.ഡി.-യുടെ ഓടയിൽനിന്നാണ് മലിനജലമൊഴുകുന്നതെന്ന് മനസ്സിലാക്കുകയും ചെയ്യുകയുണ്ടായി. പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥരുടെമേൽ കടുത്ത സമ്മർദ്ദം ചെലുത്തി ഓടയുടെ സ്ലാബ് തുറപ്പിച്ചപ്പോൾ വ്യാപാരസ്ഥാപനങ്ങളിലെയും വീടുകളിലെയും സെപ്റ്റിക് വേസ്റ്റുൾപ്പെടെ ഈ ഓടയിലേയ്ക്കാണ് ഒഴുക്കുന്നതെന്ന് കണ്ടെത്തി. ഇക്കാര്യം പഞ്ചായത്തിനെ അറിയിച്ചപ്പോൾ അവർ പറയുന്നത് ഇത്

ആരോഗ്യ വകുപ്പിന്റെ ചുമതലയിൽപ്പെടുന്ന കാര്യമാണെന്നാണ്. ഒടുവിൽ നിരവധി ചർച്ചകൾക്കുശേഷം ഹെൽത്ത് ഇൻസ്പെക്ടർ പരിശോധന നടത്തുകയും പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ചെയ്തു. ഈ പ്രശ്നം സംബന്ധിച്ച് ഇടയ്ക്ക് വെരിഫൈ ചെയ്യണമെന്ന് പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഒരാഴ്ചക്കുശേഷം വെരിഫൈ ചെയ്തപ്പോൾ, അടച്ചുവച്ച ഈ പൈപ്പുകൾ അകത്തുനിന്നും തുറന്നുവച്ചിരിക്കുന്നുവെന്നാണ് കണ്ടെത്തിയത്. വീണ്ടും പഞ്ചായത്ത് സെക്രട്ടറിയോട് ഈ പ്രശ്നത്തിന് പരിഹാരം ആവശ്യപ്പെട്ടപ്പോൾ 'ഞാൻ എന്തുചെയ്യാനാണ്; എനിക്കൊന്നും ചെയ്യാനാകില്ല?' എന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. കാര്യക്ഷമമായി ഇടപെട്ടാൽപോലും ഇത്തരം പ്രശ്നങ്ങൾക്ക് ഒരു പരിഹാരമുണ്ടാകുന്നില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ 219 എ(9), 219 എബി (3) എന്നീ വകുപ്പുകൾ ഉൾപ്പെടുത്തി ഭേദഗതി ചെയ്യുന്നതിലൂടെ സംസ്ഥാന സർക്കാരിന്റെ സമീപനങ്ങളെയും നിലപാടുകളെയും അംഗീകരിക്കാതിരിക്കാൻ നടത്തുന്ന ശ്രമങ്ങൾക്ക് ഫലപ്രദമായി തടയിടാൻ സഹായകരമാകുമെന്നാണ് കരുതുന്നത്.

ചുരുക്കത്തിൽ ഉള്ളടക്കംകൊണ്ടുതന്നെ ഈ ബിൽ ഏറ്റവും അനുപമമായ ഒരു മാതൃകയാണ്.

ആർക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും 'കേരളീയം' ലോകത്തെവിടെയുമുള്ള മലയാളികളുടെ മനസ്സിൽ ഇടം നേടിയിട്ടുണ്ട്. അടുത്ത നവംബർ ഒന്നിലേയ്ക്ക് മലയാളികൾ അവരുടെ ജീവിതത്തെ ക്രമീകരിച്ചുകഴിഞ്ഞിരിക്കുന്നു. വിദേശികളും സ്വദേശികളുമായ ടൂറിസ്റ്റുകൾ കേരളത്തിലേയ്ക്കെത്താൻ പോകുന്നു. 'മാലിന്യമുക്തം നവകേരളം' എന്ന കാഴ്ചപ്പാടിന് ഈ നിയമനിർമ്മാണം വലിയ പിൻബലം നൽകുന്നു. ഈ നിയമനിർമ്മാണത്തിനുമുമ്പുതന്നെ ഉദ്ദേശ്യശുദ്ധി വെളിവാക്കുന്ന പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ലേ? 93 നഗരങ്ങളിലായി ഖരമാലിന്യ സംസ്കരണത്തിന് 2300 കോടി രൂപയുടെ Kerala Solid Waste Management Project നടപ്പിലാക്കി. Legacy waste നീക്കം ചെയ്ത് 45 ഏക്കർ ഭൂമിയാണ് സർക്കാർ വീണ്ടെടുത്തത്. ഇത്തരം പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ ഇതുപോലെയുള്ള പദ്ധതികൾക്ക് ഈ

നിയമനിർമ്മാണം കരുത്തുപകരുന്നതാണ്. അതോടൊപ്പം ഈ നിയമം സ്കൂളുകളിലും ജനപ്രതിനിധികളുടെ ഇടയിലും റസിഡൻസ് അസോസിയേഷനുകളിലും എത്തിക്കാനുള്ള വ്യാപകവും ശക്തവുമായ ബോധവത്കരണ പ്രവർത്തനങ്ങളാണ് നടത്തുന്നത്. ബോധവത്കരണ പ്രവർത്തനങ്ങളും ജനങ്ങളുടെ കൂട്ടായ പ്രവർത്തനവും ഫലപ്രദമാകുമെന്നതിന് നിരവധി മാതൃകകളുണ്ട്. 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെയുള്ള നാല് ശനിയാഴ്ചകൾകൊണ്ട് ഇ-വേസ്റ്റ്, ലെതർ വേസ്റ്റ്, തുണി വേസ്റ്റ് തുടങ്ങിയവ ശേഖരിക്കാൻ ഞങ്ങൾ ഒരു പദ്ധതി തയ്യാറാക്കി. മാലിന്യമുക്തം - നവകേരളം എന്ന ആശയത്തിന്റെ ചുവടുപിടിച്ച് 'മാലിന്യമുക്തം എന്റെ കാട്ടാക്കട' എന്ന പേരാണ് ആ പരിപാടിക്ക് നൽകിയത്. നാല് ശനിയാഴ്ചകൾകൊണ്ട് 73 ടൺ മാലിന്യമാണ് അവിടെനിന്നും നീക്കംചെയ്യാൻ സാധിച്ചത്. പഞ്ചായത്തുകളിൽ കെട്ടിക്കിടന്ന 25 ടൺ വേസ്റ്റ് നീക്കംചെയ്യാൻ സാധിച്ചിട്ടുണ്ട്. ഇതുവഴി ക്ലീൻ കേരള കമ്പനിക്ക് എപ്രകാരം ഫലപ്രദമായി ഇടപെടാൻ കഴിയുമെന്നും തെളിയിക്കപ്പെട്ടു. ഈ പരിപാടിയിലൂടെ ശേഖരിച്ച മാലിന്യങ്ങൾ മണ്ഡലത്തിന്

പുറത്തേയ്ക്കെത്തിക്കാനും സാധിച്ചു. അതോടൊപ്പം ഞങ്ങളുടെ നാട്ടിൽ Recycle, reuse and reduce എന്ന കാഴ്ചപ്പാടിനെ മുറുകെപ്പിടിച്ചുകൊണ്ടു ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന WOW (Wealth Out of Waste) പദ്ധതിക്ക് വലിയ പിന്തുണയാണ് എല്ലാവരിൽനിന്നും ലഭിക്കുന്നത്. റസിഡന്റ്സ് അസോസിയേഷനുകൾ, വായനശാലകൾ, സ്കൂളുകൾ, യുവജന ക്ലബ്ബുകൾ എന്നിവയുടെ സഹായത്തോടുകൂടിയാണ് WOW പദ്ധതി നടപ്പാക്കുന്നത്. ഇതിന്റെ ഒന്നാംഘട്ടമെന്ന നിലയ്ക്ക് കുട്ടികൾക്ക് പാസ്ബുക്ക് നൽകുകയും അതിൽ കുട്ടികൾ തരംതിരിച്ച് വൃത്തിയാക്കിക്കൊണ്ടുവരുന്ന മാലിന്യങ്ങളുടെ വിവരം രേഖപ്പെടുത്തി ആ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികളെയും സ്കൂളിനെയും ഗ്രേഡ് ചെയ്യുകയാണ്. രണ്ടാം ഘട്ടത്തിലും ഇതേ സമീപനം സ്വീകരിക്കുകയാണ്. ഇത്തരത്തിൽ നമുക്ക് യോജിച്ച പ്രവർത്തനങ്ങൾ നടത്താൻ സാധിക്കണം. Convergence എന്നത് വിവിധ വകുപ്പുകളുടെ ഏകോപനമല്ല; മറിച്ച്, ഒരു പ്രവൃത്തിക്കുവേണ്ടി വിവിധ വകുപ്പുകളെ കൂട്ടിയോജിപ്പിക്കുന്ന തരത്തിൽ ഡിസൈൻ ചെയ്താൽ വലിയ മാറ്റമുണ്ടാക്കാൻ സാധിക്കും. സുൽത്താൻബത്തേരിയുടെ മാതൃകയെക്കുറിച്ച്

ഇവിടെ പറയാറുണ്ട്. ബത്തേരി മാതൃകയാക്കാൻ നമുക്കെന്തുകൊണ്ടാണ് കഴിയാതെപോകുന്നത്? ഇവിടെ യൂസർ ഫീസിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഒരാളുടെ വ്യക്തിപരമായ അവകാശം ഒരു സമൂഹത്തിന്റെ മൗലിക അവകാശത്തിന്റെ ലംഘനമായി മാറുന്നത് ശരിയാണോ? ഞാൻ സൃഷ്ടിക്കുന്ന മാലിന്യത്തിന്റെ ഉത്തരവാദി ഞാൻ തന്നെയാകണ്ടേ? ഹരിതകർമ്മ സേനാംഗങ്ങളുടെ യോഗം ചേരുന്ന അവസരത്തിൽ അവർ ഉദ്യോഗസ്ഥരെക്കുറിച്ച് പറയുന്ന ഒരു വിമർശനമുണ്ട്. അക്കാദമിക് തലത്തിൽ വളരെ ഉയർന്ന നിലവാരം പുലർത്തുന്നവർ വളരെ നിഷേധാത്മകവും നികൃഷ്ടവുമായ സമീപനം സ്വീകരിക്കുന്നുവെന്നാണ് അവർ പറയുന്നത്. യൂസർ ഫീസ് നൽകുകയെന്നുള്ളത് അവരുടെ ഉത്തരവാദിത്വമാണെന്നും സമൂഹത്തോട് അവർ നിർവ്വഹിക്കേണ്ട കടമയാണെന്നും ഒരു നിയമനിർമ്മാണം മുഖേന ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നത് ശരിയാണെന്നുമാണ് എനിക്ക് തോന്നുന്നത്.

മാറുന്ന കാലത്തിനനുസൃതമായി എന്തെല്ലാം ഭാവനാപൂർണ്ണമായ പ്രവർത്തനങ്ങൾക്കാണ് തദ്ദേശസ്വയംഭരണ വകുപ്പ് നേതൃത്വം

കൊടുത്തുകൊണ്ടിരിക്കുന്നത്. നിസ്സഹായരായ, നിരാശരായ, സമൂഹത്തിന്റെ പുറമ്പോക്കിലേയ്ക്ക് വലിച്ചെറിയപ്പെട്ടവരുടെ ജീവിതത്തിലേയ്ക്ക് സർക്കാർ ഇറങ്ങിച്ചെല്ലുകയെന്നത് ഒരു സ്വപ്നമല്ല, ഒരു ഉട്ടോപ്യയല്ല, അത് കേവലം ഒരു ആശയവുമല്ല. തിരുവനന്തപുരം ജില്ലയിൽ വാതിൽപ്പടി സേവനം പദ്ധതിയുമായി ബന്ധപ്പെട്ട് തെരഞ്ഞെടുക്കപ്പെട്ട 6 പഞ്ചായത്തുകളും എന്റെ മണ്ഡലത്തിലേതാണ് എന്നുള്ളതുകൊണ്ട് നേരിട്ട് ബോധ്യപ്പെടുന്ന അനുഭവങ്ങളാണ് അവിടെയുള്ളത്. ജീവിതത്തിൽ പകച്ചുനിന്ന മനുഷ്യരിലേയ്ക്കാണ് ഈ സർക്കാർ ഇറങ്ങിച്ചെല്ലുന്നത്. 64006 അതീവ ദരിദ്രരെ കണ്ടെത്തി അവരുടെ വിവരങ്ങൾ ശേഖരിച്ച് സഹായങ്ങൾ നൽകാൻ പോകുന്നു. ഗൂഗിൾപേ മുഖേന ട്രാൻസാക്ഷൻസ് ചെയ്യുന്നതിനെ മാത്രമല്ല ഡിജിറ്റലാക്കുക എന്നതുകൊണ്ടുദ്ദേശിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സർവ്വീസുകൾ കെ-സ്മാർട്ടായില്ലേ; അത്തരം സമീപനങ്ങൾ കേരളത്തിൽ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഭാവനാപൂർണ്ണമായ ഈ നിയമം ഇവിടെ അംഗീകരിച്ചാൽ ചെന്നെത്തേണ്ട ഒരിടമുണ്ട്; അത് വെള്ളയമ്പലത്തുള്ള ആർ.എസ്.എസ്.-ന്റെ ഒരു ഉപസ്ഥാപനമാണ്. മൂക്ക്

മുറിച്ച് ശകുനം മുടക്കാൻ ശ്രമിക്കുന്ന ഒരാൾ അവിടെ ഇരിപ്പുണ്ട്. ഈ ബില്ലിന് മുകളിൽ എത്രകാലം അടയിരിക്കും? മലയാളികളെ ഇനിയും പരിഹസിക്കുമോയെന്ന് കണ്ടറിയേണ്ടിയിരിക്കുന്നു. വെള്ളം... വെള്ളം... എന്ന് വിളിക്കുമ്പോൾ ചാടി, ചാടി പോകുന്ന മണിച്ചിത്രത്താഴ് സിനിമയിലെ കുതിരവട്ടം പപ്പുവിനെ ഓർമ്മിപ്പിക്കുന്ന ആ കഥാപാത്രം കേരളത്തിലെ മലയാളികളുടെ ആത്മാഭിമാനത്തെ ചോദ്യം ചെയ്യുകയാണ്. കേരളത്തിന്റെ താൽപ്പര്യങ്ങൾക്കനുസരിച്ച് ഒരു നിലപാടെടുക്കാൻ പ്രതിപക്ഷത്തിന് ഉത്തരവാദിത്വമുണ്ട്. കേന്ദ്ര നികുതിയിൽനിന്നും ലഭ്യമാകേണ്ട 42 ശതമാനം തുക അനുവദിക്കണമെന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടപ്പോൾ അത് കൊടുക്കാൻ പാടില്ലെന്ന്, ഫെഡറൽ തത്വങ്ങളെ കാറ്റിൽപ്പറത്തിക്കൊണ്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രി നേരിട്ട് ഇടപെടൽ നടത്തിയെന്ന് നീതി ആയോഗിന്റെ സി.ഇ.ഒ. ആയിരുന്ന ശ്രീ. ബി. വി. ആർ. സുബ്രഹ്മണ്യം പിന്നീട് പറയുകയുണ്ടായി. ഭരണപക്ഷം പറയുന്ന കണക്കുകൾ തെറ്റാണെന്നാണ് ഇവിടെ പ്രതിപക്ഷം പറയുന്നത്. ഇത്രയും തുക കേന്ദ്രം നൽകാനില്ലെന്ന് പറഞ്ഞ് പരിഹസിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്.

നമ്മുടെ മുന്നിൽ കുളത്തൂർ ഗ്രാമപഞ്ചായത്ത് ഒരു ഉദാഹരണമായി നിൽക്കുകയാണ്. ഫാസിസ്റ്റ് ഭരണകൂടത്തിനുനേർക്ക് മുഖാമുഖം നിൽക്കുന്ന ഞങ്ങളാണ് ഫാസിസ്റ്റ് ഭരണകൂടത്തെ പ്രതിരോധിക്കാൻ നിൽക്കുന്നതെന്ന് പറയുന്ന കോൺഗ്രസ്സിന്റെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അധികാരത്തിൽ ഇരിക്കുന്നത് 2 ബി.ജെ.പി. മെമ്പർമാരുടെ പിന്തുണയോടെയാണ്. അതിനുള്ള ഉത്തരം, നിങ്ങൾ രാഷ്ട്രീയമാണെന്ന് പറയുകയാണെങ്കിൽ അത് ഹൃദയത്തിൽനിന്നും ഉറവയെടുക്കുന്ന ആശയങ്ങളുടെ പ്രഖ്യാപനമാകണം. ഇവിടെ ഇടതുപക്ഷ വിരോധം എന്നതുമാത്രം കൈവശപ്പെടുത്തിക്കൊണ്ട്, അത് മാത്രമാണ് ഞങ്ങളുടെ യോഗ്യത, കേരളം എങ്ങോട്ട് പോയാലും, മലയാളി സമൂഹം എങ്ങനെ അധഃപതിച്ചാലും ഇടതുപക്ഷ വിരോധം പ്രചരിപ്പിക്കൽ മാത്രമാണ് തങ്ങളുടെ ദൗത്യമെന്ന് പറയുന്ന പ്രതിപക്ഷം ഇനിയെങ്കിലും കാര്യങ്ങൾ തിരിച്ചറിയാൻ തയ്യാറാകണം. അധികാരത്തിനും വോട്ടുകൾക്കുമപ്പുറം മനുഷ്യന്റെ ജീവനെ ബാധിക്കുന്ന ഒരു രാഷ്ട്രീയമുണ്ട്; ആ രാഷ്ട്രീയമാണ് ഈ വരുന്ന 8-ാം തീയതി ഡൽഹിയിൽ നടക്കാൻ പോകുന്ന സമരം. സമയം വൈകിയിട്ടില്ല. ഒരിക്കലും വരാത്ത വിവേകത്തെക്കാൾ

നല്ലതാണ് വൈകി വരുന്ന വിവേകം. ആ വിവേകം ഇനിയെങ്കിലും പ്രതിപക്ഷത്തിനുണ്ടാകണം. നമുക്ക് ഒരുമിച്ച് ഡൽഹിയിൽചെന്ന് മലയാളികൾക്കുവേണ്ടി, നമ്മുടെ നാടിനുവേണ്ടി ശബ്ദിക്കാമെന്നുകൂടി ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. റോജി എം. ജോൺ: സർ, 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ശ്രീ. ഐ. ബി. സതീഷ് ഡൽഹിയിൽ പോയി സമരം നടത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിക്കുകയുണ്ടായി. സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതം അനുവദിച്ച് നൽകണമെന്ന കാര്യത്തിൽ ആർക്കും അഭിപ്രായ വ്യത്യാസമില്ല. ഈ നിയമസഭയിൽ ഭരണ-പ്രതിപക്ഷങ്ങൾ ഒരുമിച്ചുനിന്ന് എത്രയോ കാര്യങ്ങളിൽ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. 15-ാം ധനകാര്യ കമ്മീഷനാണ് നിലവിൽ നമുക്കാവശ്യമായ അലോക്കേഷൻ നൽകുകയും അവ ഓരോ വർഷവും ലഭ്യമാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നത്. 15-ാം ധനകാര്യ കമ്മീഷന്റെ കാലാവധി അവസാനിക്കാൻ പോകുകയാണ്.

ഇതിനോടകംതന്നെ 16-ാം ധനകാര്യ കമ്മീഷന് രൂപംകൊടുത്തുകഴിഞ്ഞു. 15-ാം ധനകാര്യ കമ്മീഷൻ നമുക്ക് തരേണ്ട അലോക്കേഷൻ ഏകദേശം 5 വർഷം മുമ്പ് നിശ്ചയിക്കുകയും അതനുസരിച്ച് വിതരണം നടത്തുകയും ചെയ്യുന്ന ഈ അവസരത്തിൽ ഒരു തെരഞ്ഞെടുപ്പിനെ മുന്നിൽകണ്ടുകൊണ്ടാണ് ഡൽഹിയിൽ പോയി സമരം ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് നിങ്ങൾക്ക് ബോധ്യം വന്നത്. അതിന്റെ വിതരണവും വിനിയോഗവുമൊക്കെ അന്തിമഘട്ടത്തിലേയ്ക്ക് എത്തിയിരിക്കുകയാണ്. ഇക്കാലമത്രയും നിങ്ങൾക്ക് സമരം ചെയ്യാനുള്ള ബോധോദയം ഉണ്ടാകാതിരുന്നത് എന്തുകൊണ്ടാണ്; ഈ 4 വർഷക്കാലം ഡൽഹിയിൽ പോയി സമരം ചെയ്യണമെന്ന് നിങ്ങൾക്ക് എന്തുകൊണ്ടാണ് തോന്നാതിരുന്നത്; ലോകസഭാ തെരഞ്ഞെടുപ്പ് മുന്നിൽ വന്നപ്പോൾ സമരം നടത്തേണ്ടത് നിങ്ങൾക്ക് ആവശ്യമായി വന്നിരിക്കുകയാണ്. സമരമാണോ സമ്മേളനമാണോ എന്ന കാര്യത്തിൽ ആദ്യം നിങ്ങൾ തീരുമാനമെടുക്കൂ. ഇപ്പോഴാണ് നിങ്ങൾക്ക് ബോധോദയം ഉണ്ടായിരിക്കുന്നത്. ഇക്കാലമത്രയും സമരം നടത്തേണ്ടതിന്റെ ആവശ്യകത നിങ്ങൾക്ക് ബോധ്യപ്പെട്ടിട്ടില്ല. ശ്രീ.

നരേന്ദ്ര മോദിയുടെ രണ്ട് ഭരണ കാലഘട്ടത്തിലും ഒരു മുടക്കവും കൂടാതെ ഈ രാജ്യത്തെമ്പാടും സർക്കാരിന്റെ നയങ്ങൾക്കെതിരെ പോരാടുകയും സമരം നടത്തുകയും ചെയ്യുന്ന രാഷ്ട്രീയ പ്രസ്ഥാനം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജനാധിപത്യത്തെക്കുറിച്ചും ഫെഡറലിസത്തെക്കുറിച്ചും മതേതരത്വത്തെക്കുറിച്ചും രണ്ടര മണിക്കൂർ പ്ലസ് ടു പൊളിറ്റിക്കൽ സയൻസിന്റെയും സോഷ്യൽ സയൻസിന്റെയും ക്ലാസ് എടുത്തപ്പോഴും 'നരേന്ദ്ര മോദി' എന്നൊരു വാക്ക് ഉച്ചരിക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. ആ വാക്ക് ഉപയോഗിക്കാതെ അദ്ദേഹം വളരെ ബുദ്ധിപൂർവ്വം പല കാര്യങ്ങളും ഇവിടെ പറഞ്ഞു. പ്രധാനമന്ത്രിയെ സ്വീകരിക്കാൻ പോകണ്ടേ; അതൊരു മര്യാദയുടെ ഭാഗമല്ലേയെന്നാണ് അദ്ദേഹം അവസാനം പറഞ്ഞത്. അത് ശരിയാണ്. ഈ അടുത്ത നാളുകളിൽ ഈ വിനയം അധികമാകുന്നുണ്ടോ എന്നൊരു സംശയമാണ് ഞങ്ങൾക്കുള്ളത്. പ്രധാനമന്ത്രിയെ കാണുമ്പോൾ അതിവിനയമാണ്. ടൈം സ്ക്വയറിലെ ആ കസേരയിൽ ഇരിക്കുന്നതിനെക്കാൾ ദയനീയമായ ഒരു കാഴ്ചയായിരുന്നു ഇത്തവണ

പ്രധാനമന്ത്രിയെ സ്വീകരിക്കാനായി പോയ മുഖ്യമന്ത്രിയെ കണ്ടപ്പോൾ തോന്നിയത്. തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടപ്പോഴാണ് നിങ്ങൾക്ക് സമരത്തിന്റെ ആവശ്യകത ബോധ്യമായത്; അക്കാര്യം മുൻനിർത്തിക്കൊണ്ട് ഒരു പൊളിറ്റിക്കൽ മോട്ടീവോടുകൂടിയാണ് സമരവുമായി ഇറങ്ങിയിരിക്കുന്നത്. നരേന്ദ്ര മോദി ഭരണകൂടം അധികാരത്തിൽ വന്ന അന്ന് മുതൽ ഞങ്ങൾ സമരം നടത്തുന്നതാണ്. മാത്രമല്ല, ഇന്ത്യയിലെ ഇടതുപക്ഷത്തെ സംബന്ധിച്ചിടത്തോളം, പ്രത്യേകിച്ച് കേരളത്തിലെ ഇടതുപക്ഷത്തെ സംബന്ധിച്ചിടത്തോളം ഇന്ത്യ എന്ന് പറയുന്നത് ഇപ്പോൾ പാറശ്ശാലയിൽ ആരംഭിച്ച് മഞ്ചേശ്വരത്ത് അവസാനിക്കുന്നതാണ്. കേരളത്തിലെ രാഷ്ട്രീയ സാഹചര്യം അല്ലെങ്കിൽ കേരളത്തിലെ ഇലക്ഷൻ പൊളിറ്റിക്സിൽ എന്ത് വേണമെന്ന് നോക്കി രാജ്യത്ത് പൊളിറ്റിക്കൽ നിർണ്ണയങ്ങൾ നടത്തുന്ന, തീരുമാനങ്ങൾ എടുക്കുന്ന ഒരു പാർട്ടിയാണ് നിങ്ങളുടേത്. ബി.ജെ.പി.-ക്കെതിരെ പറയാനുള്ളത് ഞങ്ങൾ കേന്ദ്രത്തിൽ പറയുന്നുണ്ട്. നിങ്ങൾ എന്താണ് സംസാരിക്കുന്നത്; കേന്ദ്ര സർക്കാരിനെതിരെ നിങ്ങൾ ഇവിടെ സംസാരിക്കുന്നു. ഞങ്ങളുടെ എം.പി.-

മാർ പാർലമെന്റിൽ പറയുന്നു, പോരാട്ടം നടത്തുന്നു, സമരം നടത്തുന്നു, സസ്പെൻഷനിലാകുന്നു. യു.ഡി.എഫ്.-ന്റെ എം.പി.-മാർ ദിവസങ്ങളോളം പാർലമെന്റിനുമുന്നിൽ സത്യാഗ്രഹമിരിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ഡൽഹിയുടെ തെരുവോരങ്ങളിലും രാജ്യത്ത് അങ്ങോളമിങ്ങോളവും കോൺഗ്രസ്സിന്റെയും യൂത്ത് കോൺഗ്രസ്സിന്റെയും പ്രവർത്തകർ പോലീസ് നടപടികൾക്ക് ഇരയാകുന്നു. ബഹുമാനപ്പെട്ട രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ളവരെപ്പോലും പാർലമെന്റിൽനിന്നും മാറ്റി നിർത്തുന്നതിനുവേണ്ടി സസ്പെന്റ് ചെയ്യുന്ന ഒരു ഭരണകൂടം അവിടെയുണ്ട്. ആ ഭരണകൂടത്തിനെതിരെ പോരാടുന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ്. ഇവിടെ ഭരണപക്ഷം നിങ്ങളാണ്. കോൺഗ്രസ്സിന്റെയും യൂത്ത് കോൺഗ്രസ്സിന്റെയും പ്രവർത്തകരോട് എന്ത് സമീപനമാണോ ഡൽഹിയിൽ ശ്രീ. നരേന്ദ്ര മോദിയുടെ ഭരണകൂടം സ്വീകരിക്കുന്നത്, അതേ സമീപനമാണ് ഇവിടെ സമരം നടത്തുന്ന കോൺഗ്രസ്സിന്റെയും യൂത്ത് കോൺഗ്രസ്സിന്റെയും പ്രവർത്തകരോടും ഇവിടുത്തെ ഗവൺമെന്റും സ്വീകരിക്കുന്നത്. എന്നിട്ടാണോ സമരം ചെയ്യാൻ പോകുന്നുവെന്ന് നിങ്ങൾ

പറയുന്നത്. നിങ്ങളുടെ സമരത്തിന്റെ ഉദ്ദേശ്യമെന്താണെന്ന് എല്ലാവർക്കും വ്യക്തമാണ്. നിങ്ങൾ നേരത്തെ സമരം ചെയ്യാൻ എന്താണ് വരാതിരുന്നത്; ഞങ്ങൾ ഡൽഹിയിൽ സമരം ചെയ്തപ്പോൾ നിങ്ങൾ എവിടെയായിരുന്നു; നിങ്ങൾ ഒരു വാക്ക് ഉരിയാടിയോ? ഇന്ന് ഈ രാജ്യത്ത് സി.പി.ഐ.(എം)-ന്റെയും ഇടതുപക്ഷത്തിന്റെയും ഏക മുഖ്യമന്ത്രിയാണല്ലോ ശ്രീ. പിണറായി വിജയൻ. മറ്റ് സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് നടത്തിയപ്പോൾ, ഞങ്ങൾ ബി.ജെ.പി.-യുമായി ഏറ്റുമുട്ടിയപ്പോൾ, അദ്ദേഹം ഏതെങ്കിലും സംസ്ഥാനത്ത് സി.പി.ഐ.(എം) സ്ഥാനാർത്ഥിയുടെ പ്രചാരണത്തിനുവേണ്ടി പോയോ? സി.പി.ഐ.(എം)-ന്റെ സ്ഥാനാർത്ഥികൾ പല സംസ്ഥാനങ്ങളിലും മത്സരിച്ചല്ലോ; രാജസ്ഥാൻ, തെലുങ്കാന തുടങ്ങി എത്രയോ സംസ്ഥാനങ്ങളിൽ സി.പി.ഐ.(എം)-ന്റെ സ്ഥാനാർത്ഥികൾ മത്സരിക്കുന്നു. എവിടെയെങ്കിലും ബി.ജെ.പി. ഭരണത്തിനെതിരായി, ശ്രീ. നരേന്ദ്ര മോദിക്കെതിരായി, അല്ലെങ്കിൽ ആ സംസ്ഥാനങ്ങളിലെ ബി.ജെ.പി. ഭരണകൂടത്തിനെതിരായി അവിടെ പോയി ഒരു വാക്ക് പറയാൻ സി.പി.ഐ.(എം)-ന്റെ ഏതെങ്കിലും ഒരു നേതാവ് തയ്യാറാണോ; ഏക മുഖ്യമന്ത്രി തയ്യാറാണോ? അദ്ദേഹം

തിരുവനന്തപുരത്തെ ക്ലിഫ് ഹൗസിലും നിയമസഭയിലുമിരുന്ന് വലിയ ഗിരിപ്രഭാഷണം നടത്തും. എന്നിട്ട് പറയുന്നത് നിങ്ങളവിടെ പറയുന്നില്ല എന്നാണ്. ഞങ്ങൾ പറയേണ്ടിടത്ത് പറയുന്നുണ്ട്. ഡൽഹിയിലാണെങ്കിൽ പ്രധാനമന്ത്രിയുടെ മുഖത്തുനോക്കി പറയും. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിലാണെങ്കിൽ അവരുടെ നേതൃത്വവുമായി ഞങ്ങൾ നേരിട്ട് പോരാടുകയാണ്. ആർ.എസ്.എസ്സുമായും സംഘ്പരിവാറുമായും ഞങ്ങൾ നേരിട്ട് പോരാടുകയാണ്. അവരാരുമില്ലാത്ത സ്ഥലത്തിരുന്ന് ഇത് പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ? നമുക്ക് അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞ് കേട്ടുകൊണ്ടിരിക്കാം എന്നേയുള്ളൂ. ആരെ ബോധിപ്പിക്കാനാണ് നിങ്ങൾ ഈ സമരം നടത്തുന്നത്. നിങ്ങളുടെ നടപടികളും കെടുകാര്യസ്ഥതയും ധൂർത്തും അഴിമതിയും ഫിനാൻഷ്യൽ മിസ്മാനേജ്മെന്റുംകൊണ്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ഇത്രയും ഗുരുതരപ്രതിസന്ധിയിലേയ്ക്ക് പോയപ്പോൾ ഇതിൽനിന്നും കൈ കഴുകിയശേഷം നിങ്ങൾ പറയുന്നത്, 'ഞങ്ങൾക്ക് ഇതുമായി യാതൊരു ബന്ധവുമില്ല, ഉത്തരവാദിത്വവുമില്ല ഇതെല്ലാം കേന്ദ്രത്തിന്റെ തലയിലാണെന്നാണ് '. ഈ സാമ്പത്തിക പ്രതിസന്ധിയുടെ

ഒന്നാം പ്രതി സംസ്ഥാന സർക്കാരും രണ്ടാം പ്രതി കേന്ദ്ര സർക്കാരുമാണ്. കേന്ദ്ര സർക്കാരിന് പോരായ്മകളുണ്ടെന്ന് ഞങ്ങൾ അംഗീകരിക്കുന്നു; ഞങ്ങളത് പല ആവർത്തി പറഞ്ഞിട്ടുമുണ്ട്. ഇവിടെ ഒന്നാം പ്രതി സംസ്ഥാനവും രണ്ടാം പ്രതി കേന്ദ്രവുമാണ്. ഒന്നാം പ്രതി മുണ്ടുടുത്ത നരേന്ദ്ര മോദിയും രണ്ടാം പ്രതി കോട്ടിട്ട നരേന്ദ്ര മോദിയുമാണ്. നമുക്ക് ഒരുമിച്ച് സമരം ചെയ്യാം. ആദ്യം സെക്രട്ടേറിയറ്റ് പടിക്കലും ക്ലിഫ് ഹൗസിന്റെ മുന്നിലും ഒരുമിച്ച് സമരം നടത്താം. അതിനുശേഷം നമുക്കൊരുമിച്ച് ഡൽഹിയിൽ പോയി സമരം നടത്താം. അതിന് നിങ്ങൾ തയ്യാറുണ്ടോ? സി.പി.ഐ.-ക്ക് അതിനോട് യോജിപ്പുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. തെരഞ്ഞെടുപ്പ് അടുത്തപ്പോൾ നിങ്ങൾക്ക് ജനങ്ങളുടെ മുൻപിൽ അവതരിപ്പിക്കാൻ ഒരു കലാപരിപാടി വേണം. ആ കലാപരിപാടിക്ക് ഞങ്ങളെക്കൂടി വിളിക്കുകയാണ്. നിങ്ങളുടെ ഓശാരത്തിൽ അല്ലെങ്കിൽ നിങ്ങളെക്കൂട്ടിയാണോ ഞങ്ങൾ ഈ രാജ്യത്താകെ സമരം നടത്തുന്നത്. നിങ്ങൾ മഞ്ചേശ്വരത്തും കാസർഗോഡും കേരള നിയമസഭയിലും എന്ത് പറയുന്നുവെന്ന് നോക്കിയാണോ രാജ്യത്ത് കോൺഗ്രസ് ബി.ജെ.പി.-

ക്കെതിരെ പോരാടുന്നത്. ഇവിടത്തെ സി.പി.ഐ.(എം) കൂടെയുണ്ടോയെന്ന് നോക്കിയാണോ രാജ്യത്താകമാനം ഞങ്ങൾ പോരാടുന്നത്. ഞങ്ങൾക്ക് ഒരേയൊരു ശത്രു മാത്രമെയുള്ളൂ. അത് രാജ്യത്തെ സംഘ്പരിവാറും ബി.ജെ.പി.-യുമാണ്. ആ ശത്രുവിനെതിരെയാണ് ഞങ്ങൾ പോരാട്ടം നടത്തിക്കൊണ്ടിരിക്കുന്നത്. സംഘ്പരിവാറിന്റെ അതേ പ്രവർത്തനശൈലിയിൽ മുന്നോട്ടുപോകുന്ന ഒരു സർക്കാരാണ് കേരളത്തിലുള്ളത്. ശ്രീ. നരേന്ദ്ര മോദിയെ മാതൃകയാക്കി മുന്നോട്ടുപോകുന്ന ഒരു സർക്കാരാണിത്. ശ്രീ. നരേന്ദ്ര മോദി ശ്രീ. പിണറായി വിജയനെ മാതൃകയാക്കിയതാണോ; ശ്രീ. പിണറായി വിജയൻ ശ്രീ. നരേന്ദ്ര മോദിയെ മാതൃകയാക്കിയതാണോ എന്ന സംശയം മാത്രമെ ഞങ്ങൾക്കുള്ളൂ. ആ സർക്കാരിനെതിരെയുള്ള പോരാട്ടം ഞങ്ങൾ ഇവിടെയും നടത്തും. അത് ഞങ്ങൾ മുൻപും നടത്തിയിട്ടുണ്ട്, ഇനിയും നടത്തുക തന്നെ ചെയ്യും.

ശ്രീ. ഡി. കെ. മുരളി: സർ, ഈ നിലപാട് ശക്തമായി പറയുന്ന ശ്രീ. റോജി എം. ജോണിന്റെ പാർട്ടി, ഇപ്പോൾ കുളത്തൂർ പഞ്ചായത്തിൽ ബി.ജെ.പി.-യുടെ പിന്തുണയോടുകൂടി പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്ത്

അധികാരം പങ്കിടുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ? അതിൽ എന്താണ് അങ്ങയുടെ നിലപാട്?

ശ്രീ. റോജി എം. ജോൺ: സർ, എത്ര പഞ്ചായത്തുകളിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സി.പി.ഐ.(എം) ബി.ജെ.പി.-യുമായി ധാരണയുണ്ടാക്കിയെന്ന കാര്യം ഞങ്ങൾക്ക് ഇവിടെ പറയാൻ കഴിയുമോ? അതുകൊണ്ട് ആ കഥയൊന്നും എന്നെക്കൊണ്ട് പറയിപ്പിക്കരുത്. ബഹുമാനപ്പെട്ട അംഗം ഡി. കെ. മുരളി ഒരു പഞ്ചായത്തിന്റെ കാര്യമാണ് പറഞ്ഞത്. ഈ രാജ്യത്ത് ബി.ജെ.പി.-യുമായി സഖ്യമുണ്ടാക്കിയവരല്ലേ നിങ്ങൾ; അത്താഴവിരുന്നും ചർച്ചകളും നടത്തി അവർക്ക് ഇന്ന് ഈ രാജ്യത്ത് കാണുംവിധം അധികാരത്തിലേയ്ക്ക് വരാനുള്ള ചുവപ്പ് പരവതാനി വിരിച്ചുകൊടുത്തവരല്ലേ നിങ്ങൾ? ആ നിങ്ങളാണോ ഇപ്പോൾ ഏതോ പഞ്ചായത്തിലെ മെമ്പർ പോയി എന്ന് ഞങ്ങളോട് പറയുന്നത്. അതുകൊണ്ട് ഈ കഥയൊന്നും ഞങ്ങളോട് പറയേണ്ട. ബി.ജെ.പി.-ക്കെതിരെയുള്ള പോരാട്ടം നയിക്കുന്നത് ശ്രീ. രാഹുൽ ഗാന്ധിയും ഇന്ത്യൻ നാഷണൽ കോൺഗ്രസുമാണെങ്കിൽ അതിന് ആര്

കൂടെയുണ്ടെങ്കിലും ഇല്ലെങ്കിലും കന്യാകുമാരി മുതൽ കാശ്മീർ വരെയും മണിപ്പൂർ മുതൽ മുംബൈ വരെയും ആ പോരാട്ടം നടത്താൻ കോൺഗ്രസ് പ്രതിജ്ഞാബദ്ധമാണ്. ആ പോരാട്ടം ഞങ്ങൾ ഇനിയും തുടരുക തന്നെ ചെയ്യും. തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടുള്ള നിങ്ങളുടെ കലാപരിപാടികൾ ചെയ്തോളൂ.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, പശ്ചിമ ബംഗാളിൽ സഹകരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞടുപ്പിൽ സി.പി.ഐ.(എം)-ഉം ബി.ജെ.പി.-യും സഹകരണ മുന്നണിയുണ്ടാക്കി മത്സരിച്ച വിവരം അങ്ങേയ്ക്കറിയാമോ?

ശ്രീ. റോജി എം. ജോൺ: സർ, ഈ സഹകരണം എത്ര നാളായി തുടങ്ങിയതാണ്. ഇപ്പോഴും ഇവരുടെ ഉള്ളിന്റെയുള്ളിലെ ആഗ്രഹം ഏതുവിധേനയും കോൺഗ്രസിനെ പരാജയപ്പെടുത്തുക എന്നതാണ്. അത് ബി.ജെ.പി. അവിടെയും സി.പി.ഐ.(എം.) ഇവിടെയും ആഗ്രഹിക്കുന്നു. ഈ ബില്ലുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മുൻ പ്രതിപക്ഷനേതാവും ഉന്നയിച്ച ആശങ്കകൾ നിലനിൽക്കുകയാണ്. അത് പരിഹരിക്കണം. പഞ്ചായത്ത് സെക്രട്ടറിമാരിലേയ്ക്ക് ഈ അധികാരങ്ങൾ

പൂർണമായും കേന്ദ്രീകരിക്കുമ്പോൾ അത് അമിത അധികാരമായി മാറുമോ അല്ലെങ്കിൽ, യൂസർ ഫീ അടയ്ക്കാത്ത ആളുകൾക്ക് മറ്റ് സേവനങ്ങൾ ലഭ്യമാക്കില്ലെന്ന നിർദ്ദേശം വരുമ്പോൾ, അതിന്റെ അധികാരം പൂർണ്ണമായും സെക്രട്ടറിക്ക് വരുമ്പോൾ, അതിനൊരു അപ്പലേറ്റ് അതോറിറ്റി രൂപീകരിക്കുന്നതിനെക്കുറിച്ച് നമ്മൾ ആലോചിച്ചില്ലെങ്കിൽ ആ അധികാരം പൂർണമായും എക്സിക്യൂട്ടീവിൽ നിക്ഷിപ്തമാകുന്നതാണ്.

പഞ്ചായത്തുകളെക്കുറിച്ച് പറയുമ്പോൾ, ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന അധികാരങ്ങളെല്ലാം അവർക്ക് കൊടുക്കുന്ന അവസരത്തിൽ അവിടത്തെ സ്റ്റാഫ് പാറ്റേണിനെക്കുറിച്ചുകൂടി പരിശോധിക്കേണ്ടതുണ്ട്. പതിമൂന്ന് വാർഡുകളുള്ള പഞ്ചായത്തിലും ഇരുപത്തിയൊന്ന് വാർഡുകളുള്ള പഞ്ചായത്തിലും ഒരേ സ്റ്റാഫ് പാറ്റേണാണുള്ളത്. ആ സാഹചര്യത്തിൽ പഞ്ചായത്തുകൾക്ക് പ്രവർത്തിക്കാൻ സാധിക്കാതെ വരും. അതുകൊണ്ട് ഈ നിയമം നടപ്പിലാക്കുന്നതോടൊപ്പം പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺകൂടി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കണം. കൂടാതെ, ഇവിടെ ഏകീകരണം നടപ്പാക്കിയപ്പോൾ പഞ്ചായത്തുകളിൽ പ്രവർത്തിച്ചിരുന്നവർ

കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും പോകേണ്ട സാഹചര്യമുണ്ടായി. ഇപ്രകാരം പെട്ടെന്നുള്ള മാറ്റം വരുമ്പോൾ അവരുടെ പ്രവർത്തനരീതിയിലും നിരവധി മാറ്റങ്ങൾ വരുന്നുണ്ട്. എന്നാൽ അതനുസരിച്ച് അവർക്കാവശ്യമായ ട്രെയിനിംഗ്പോലും നൽകാതെയാണ് പലരെയും സ്ഥാനം മാറ്റിയിരിക്കുന്നത്. ഏകീകരണത്തിലുണ്ടായിരിക്കുന്ന പ്രയാസങ്ങൾ, പ്രത്യേകിച്ചും ജീവനക്കാർക്കും അതുവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജനങ്ങൾക്കും ഉണ്ടായിരിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി ഈ ബില്ലിന്റെ ഭാഗമായി ഉണ്ടാകണം. ഇവിടെ കരാറുകാരെ സംബന്ധിച്ച് സൂചിപ്പിച്ചിരുന്നു. കേന്ദ്ര സർക്കാർ ഫണ്ട് നൽകുന്നില്ലെന്ന് നമ്മൾ പറയാറുണ്ടല്ലോ. എന്നാൽ അതേ നടപടിയല്ലേ ഇവിടെ സംസ്ഥാന സർക്കാർ പഞ്ചായത്തുകളോട് ചെയ്തിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകേണ്ട ഗ്രാന്റ് സമയബന്ധിതമായി കൊടുക്കാൻ സാധിക്കുന്നുണ്ടോ? ആഗസ്റ്റിൽ കൊടുക്കേണ്ട രണ്ടാം ഗഡു ഡിസംബറിലാണ് നൽകിയത്. മൂന്നാം ഗഡു കൊടുക്കുന്നത് മാർച്ച് 31-ന് രാത്രി 11 മണിക്കായിരിക്കും. അങ്ങനെ

കൊടുത്താൽ പഞ്ചായത്തുകളുടെ പ്രവർത്തനം എപ്രകാരമാണ് സുഗമമായി നടത്താൻ സാധിക്കുന്നത്? പഞ്ചായത്തുകളുടെ കാര്യത്തിൽ കേന്ദ്ര സർക്കാർ സ്വീകരിക്കുന്നതിനെക്കാൾ ഗുരുതരമായ സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. സംസ്ഥാന സർക്കാർ കായികനയം പ്രഖ്യാപിക്കുകയുണ്ടായി; അത് നല്ലകാര്യമാണ്. ഇന്നത്തെ കാലഘട്ടത്തിൽ നമ്മുടെ സമൂഹം അഭിമുഖീകരിക്കുന്ന ലഹരി ഉൾപ്പെടെയുള്ള സാമൂഹ്യ വിപത്തുകൾക്ക് ഏറ്റവും വലിയൊരു ബദൽ സ്പോർട്സ് ആണ്. സ്പോർട്സിനെ ഒരു ബദലായി കൊണ്ടുവരുന്നതിനുള്ള സമീപനം വാക്കുകളിലൊതുക്കാതെ അതിനുള്ള സൗകര്യങ്ങൾകൂടി ഒരുക്കിക്കൊടുക്കണം. നേരത്തേ എം.എൽ.എ. ഫണ്ട് മുഖേന സ്കൂളുകളുടെയും പഞ്ചായത്തുകളുടെയും ഗ്രൗണ്ടുകൾ നിർമ്മിക്കാനും നവീകരിക്കാനും പണം അനുവദിക്കാൻ അനുമതിയുണ്ടായിരുന്നെങ്കിലും പുതിയ ഗൈഡ്ലൈൻസ് പ്രകാരം സർക്കാർ സ്കൂളുകളുടെ ഗ്രൗണ്ട് മാത്രമെ നിർമ്മിക്കാൻ സാധിക്കുകയുള്ളൂ. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിന്റെ നിർമ്മാണ-നവീകരണ പ്രവൃത്തികൾക്ക് എം.എൽ.എ. ഫണ്ടിൽനിന്ന് പണം

അനുവദിക്കാൻ സാധിക്കാത്തതിനാൽ സ്പെഷ്യൽ സാംഗ്ഷൻ വാങ്ങേണ്ടി വരികയാണ്. അതുകൊണ്ട് പഞ്ചായത്ത് ഗ്രൗണ്ടുകൾ നിർമ്മിക്കുന്നതിന് എം.എൽ.എ. ഫണ്ടിൽനിന്ന് പണം അനുവദിക്കാനുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബില്ലിന്റെ ഉള്ളടക്കത്തെക്കുറിച്ച് പൊതുവിൽ സമഗ്രമായ ചർച്ചയാണ് ഇന്നിവിടെ നടന്നത്. ചർച്ചയുടെ അവസാനം കുറച്ച് രാഷ്ട്രീയ അതിപ്രസരം വന്നിട്ടുണ്ടെങ്കിലും പൊതുവെ എല്ലാവരും ബില്ലിന്റെ ഉള്ളടക്കത്തിൽ ഊന്നിനിന്നുകൊണ്ടുതന്നെയാണ് ചർച്ച നടത്തിയത്. പക്ഷെ ആ ചർച്ച കേൾക്കാൻ സഭയിൽ വേണ്ടത്ര എം.എൽ.എ.-മാർ ഉണ്ടായിരുന്നില്ല. കാരണം ഈ ചർച്ചയുടെയും ഈ നിയമത്തിന്റെയും 'മാലിന്യമുക്ത നവകേരളം' എന്ന ലക്ഷ്യത്തിന്റെയും സ്പിരിറ്റ് എം.എൽ.എ.-മാർക്കുടി ഉൾക്കൊണ്ടാൽ മാത്രമെ ഇത് താഴെത്തട്ടിലേയ്ക്ക് നടപ്പാക്കാൻ കഴിയുകയുള്ളൂ. ഈ നിയമം ജനങ്ങളിലേയ്ക്ക് എത്തിക്കണമെന്ന് ഇവിടെ ചില അംഗങ്ങൾ സൂചിപ്പിച്ചു. ജനങ്ങളിലേയ്ക്ക് എത്തിക്കേണ്ടത് നമ്മൾ

ജനപ്രതിനിധികളാണ്. അപ്പോൾ നമ്മൾ ആദ്യം ഇത് ഉൾക്കൊള്ളണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ ജനപ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിലാണ് ഈ നിയമം ജനങ്ങളിലേയ്ക്ക് എത്തിക്കേണ്ടതും ഈ നിയമത്തെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരും ബോധവതികളുമാക്കേണ്ടതും. ഇവിടെ പൊതുവിൽ എല്ലാവരും ഈ നിയമത്തിന്റെ സത്തയോട് യോജിക്കുകയാണ് ചെയ്തിട്ടുള്ളത്. ബില്ലിന്റെ ഉദ്ദേശ്യശുദ്ധിയെ മാനിച്ചുകൊണ്ടാണ് എല്ലാവരും സംസാരിച്ചത്. എന്നാൽ ചില ആശങ്കകൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അതിൽ ഒന്നാമതായി പലരും ചൂണ്ടിക്കാണിച്ചത്, മാനില്യം നിക്ഷേപിക്കുന്നതിന് കനത്ത പിഴ ചുമത്തുന്നത് ശരിയായ കാര്യമല്ല എന്നതാണ്. ശ്രീമതി ഉമ തോമസ് ഉൾപ്പെടെ ചില അംഗങ്ങൾ ഇക്കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. കനത്ത പിഴ ചുമത്താൻ പാടില്ല, മാലിന്യ നിർമ്മാർജ്ജനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉത്തരവാദിത്വം നിറവേറ്റാത്തതുകൊണ്ടാണ് ആളുകൾ മാലിന്യങ്ങൾ പൊതുസ്ഥലത്ത് നിക്ഷേപിക്കുന്നത്. അതുകൊണ്ട് അതിന് പിഴ ചുമത്താൻ പാടില്ല എന്നാണ്

അവർ പറഞ്ഞത്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് മറ്റ് പല രാജ്യങ്ങളിലെയും സംവിധാനങ്ങൾ ഇവിടെത്തന്നെ മറ്റ് ചില എം.എൽ.എ.-മാർ ചൂണ്ടിക്കാണിച്ചിരുന്നു. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ ധാരാളം യാത്രകൾ ചെയ്തിട്ടുള്ള ഒരംഗമാണ്. അദ്ദേഹം ഇവിടെ ചില അനുഭവങ്ങൾ പങ്കുവയ്ക്കുകയുണ്ടായി. നമ്മുടെ നാട്ടിലുള്ള പലരും വിദേശരാജ്യങ്ങളിൽ പോയി മടങ്ങിവന്നശേഷം ആ രാജ്യങ്ങളിലെ മാലിന്യ നിർമ്മാർജ്ജന സംവിധാനത്തിന്റെ മികവിനെക്കുറിച്ചും അവിടെ നിയമങ്ങൾ എത്ര കർശനമായി നടപ്പാക്കുന്നു എന്നതിനെക്കുറിച്ചും വാഴ്ത്താറുണ്ട്; വാചാലരാകാറുമുണ്ട്. പക്ഷെ ഇവിടെ വന്നാൽ അതേ നിയമം അവർ പാലിക്കില്ലെന്ന് മാത്രമല്ല, ആ നിയമം നടപ്പാക്കിയാൽ അത് ജനാധിപത്യ വിരുദ്ധമാണെന്നും ജനങ്ങളുടെ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റമാണെന്നും മറ്റും പറയുകയും ചെയ്യും. മാലിന്യം പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുക എന്നത് മൗലികാവകാശമോ ജനാധിപത്യാവകാശമോ അല്ല; അത് തടയാനുള്ള നിയമം കർക്കശമാക്കണം. ഇപ്പോൾ സാമൂഹ്യമാധ്യമങ്ങളിലൂടെയാണ് ഒരു

ചെലവുമില്ലാതെ ഇത്തരം ഉയർന്ന ധാർമ്മിക തലത്തിൽനിന്നുകൊണ്ട് ആളുകൾ വാചാലരാകുന്നത്. 'നിങ്ങൾ സിംഗപ്പൂരിലെ തെരുവുകൾ കണ്ടിട്ടുണ്ടോ, എന്തൊരു വൃത്തിയാണ് അവിടെ, എപ്പോഴാണ് നമ്മുടെ നാട് അങ്ങനെയായി തീരുന്നത്' എന്നൊക്കെയുള്ള നിരവധി ഫേസ് ബുക്ക് കുറിപ്പുകൾ ഞാൻ കണ്ടിട്ടുണ്ട്. ഇത് ഫേസ് ബുക്കിൽ കുറിക്കുന്നതിനുമുമ്പ് വീട്ടിലെ മാലിന്യം പായ്ക്കറ്റിൽനിറച്ച് കാറിനുള്ളിലാക്കി, ഇരുട്ടാകുമ്പോൾ പുറത്തുകൊണ്ടുപോയി കളയുകയാണ് ചെയ്യുന്നത്. ആദ്യത്തെ സ്ഥലത്ത് മാലിന്യം നിക്ഷേപിക്കാൻ നോക്കുമ്പോൾ അവിടെ ആരെങ്കിലും നിൽക്കുന്നുണ്ടെങ്കിൽ അവിടെനിന്നും വണ്ടിയെടുത്ത് കുറച്ചുകൂടി അപ്പുറത്തേയ്ക്ക് പോകും. അഥവാ അവിടെ ഒരു മോട്ടോർ സൈക്കിളോ മറ്റോ ശ്രദ്ധയിൽപ്പെട്ടാൽ ആ മാലിന്യം അവിടെയും നിക്ഷേപിക്കാതെ വീണ്ടും കുറച്ച് അപ്പുറത്തേയ്ക്ക് കൊണ്ടുപോയി നിക്ഷേപിക്കും. ഈ മാലിന്യം നിക്ഷേപിച്ച് തിരികെ വന്ന് കുളിച്ച്, ഈ പാപമെല്ലാം കഴുകി കളഞ്ഞശേഷമാണ് നേരെ ഫേസ് ബുക്കിൽ പോസ്റ്റിടുന്നത്, 'നിങ്ങൾ സിംഗപ്പൂരിലെ തെരുവുകൾ കണ്ടിട്ടുണ്ടോ; നിങ്ങൾ ദുബായിലെ തെരുവുകൾ

കണ്ടിട്ടുണ്ടോ?' എന്നൊക്കെ പോസ്റ്റിടുന്നത്. ഇത് ഞാൻ ഒട്ടും അതിശയോക്തിപരമായി പറയുന്നതല്ല. ഈ സഭയിലെ ഒരു എം.എൽ.എ. എന്നോട് ഒരനുഭവം പറഞ്ഞു. അദ്ദേഹം തന്റെ മണ്ഡലത്തിലെ ചപ്പുചവറുകൾ കൂട്ടിയിട്ടിരുന്ന, garbage vulnerable points ആയി കണക്കാക്കിയിരുന്ന 500 കേന്ദ്രങ്ങൾ തെരഞ്ഞെടുത്ത് ശുചീകരിച്ച് ബ്യൂട്ടി സ്പോട്ടുകളാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. പിറ്റേ ദിവസം അവിടെ ഒരു കവർ ചവർ ആരോ നിക്ഷേപിച്ചു. ഉദ്ഘാടനം ചെയ്ത് വൃത്തിയാക്കിയ സ്ഥലത്ത് ഇത്രവേഗം ചവർ നിക്ഷേപിച്ചതാരെന്ന് കണ്ടുപിടിക്കാൻ തീരുമാനിച്ചു, അതിന്റെ ഭാഗമായി അന്വേഷണവും നടത്തി. എല്ലാം മുകളിലിരുന്ന് ഒരാൾ കാണുന്നുണ്ടെന്ന് പണ്ട് കാരണവന്മാർ പറയുമായിരുന്നു. എന്നാൽ ഇപ്പോൾ എല്ലാം കാണുന്നത് സി.സി.ടി.വി. ആണ്. അവിടത്തെ സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിച്ചപ്പോൾ ഈ സ്ഥലത്ത് ആരാണ് ചവർ നിക്ഷേപിച്ചതെന്ന് മനസ്സിലായി. അത് തൊട്ടടുത്ത ഹൈസ്കൂളിലെ ഒരു അദ്ധ്യാപികയായിരുന്നു. അവരുടെ പേര് പത്രങ്ങളിൽ വരികയും പിന്നീട് പിഴ ഒടുക്കേണ്ടിവരികയും നാണക്കേടാവുകയും ചെയ്തു. വലിയൊരു വിഭാഗം ആളുകൾ ഈ കാപട്യം

വച്ചുപുലർത്തുന്നുണ്ട്. മറ്റൊരു സ്ഥലത്ത് സി.സി.ടി.വി. ദൃശ്യങ്ങളിലൂടെ പിടിയിലായത് എൽ.എസ്.ജി.ഡി.-യിലെ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്നു. വ്യാപകമായി ഇത്തരം കാപട്യങ്ങൾ ഉണ്ടാകുന്നുണ്ട്. 'നോക്കൂ, അവിടെയും ഇവിടെയുമൊക്കെ എത്ര ഗംഭീരമാണ്, ഇവിടെ എന്തുകൊണ്ടാണ് അങ്ങനെയാകാത്തത്' എന്നെല്ലാം നമ്മൾ പറയും. അതിന്റെ പഴി കേൾക്കേണ്ടിവരുന്നത് സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജനപ്രതിനിധികളുമാണ്. യഥാർത്ഥത്തിൽ ഈ സാഹചര്യം സൃഷ്ടിക്കുന്നതാരാണ്? അതിൽ എല്ലാവർക്കും ഉത്തരവാദിത്വമുണ്ട്. ബ്രഹ്മപുരത്ത് എങ്ങനെയാണ് ഇത്രയും വലിയ മാലിന്യമല രൂപപ്പെട്ടത്? ഞാൻ ഇക്കാര്യം നേരത്തെയും സഭയിൽ പറഞ്ഞിട്ടുള്ളതാണ്. അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ സർക്കാരോ ഉണ്ടാക്കിയതല്ല, എല്ലാവർക്കും അതിനുള്ള ഉത്തരവാദിത്വമില്ലേ? ഇന്ന് ചർച്ചയിൽ പങ്കെടുത്ത പല അംഗങ്ങളും പറഞ്ഞത്, അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണെന്നാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് മുഖ്യ ഉത്തരവാദിത്വമുണ്ട്, സർക്കാരിന് ഉത്തരവാദിത്വമുണ്ട്. അതുപോലെതന്നെ

ഓരോ വ്യക്തിക്കും ഉത്തരവാദിത്വമുണ്ട്. കാരണം ഓരോ വ്യക്തിയും മാലിന്യം ഉത്പാദിപ്പിക്കുന്നവരാണ്. അതുകൊണ്ട് ഈ നിയമത്തിലൂടെ സർക്കാർ ഓരോരുത്തരുടെയും ഉത്തരവാദിത്വം കൃത്യമായി നിർവ്വചിക്കുകയും ആ ഉത്തരവാദിത്വം നിറവേറ്റാനാവശ്യമായ വ്യവസ്ഥകൾ ഉറപ്പാക്കുകയും വേണം. പിഴ ചുമത്തിയേ മതിയാകൂ. ബഹുമാന്യനായ മുൻപ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞ കാര്യങ്ങളുടെ സ്പിരിറ്റിന് വിരുദ്ധമായാണ് ശ്രീമതി ഉമ തോമസ് സംസാരിച്ചത്. ശ്രീ. ടി. വി. ഇബ്രാഹിം കുറച്ച് മയത്തിലാണെങ്കിൽപ്പോലും ഇതുതന്നെയാണ് ഉദ്ദേശിച്ചത്. ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞ കാര്യങ്ങളിലെ സ്പിരിറ്റ് വളരെ പ്രധാനമാണ്. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റി ഗൗരവത്തോടെ പരിശോധിക്കുമെന്നാണ് ഞാൻ കരുതുന്നത്. ഇത്തരം കാര്യങ്ങളിൽ കൂടുതൽ ഇളവിന് വേണ്ടിയല്ല വാദിക്കേണ്ടത്, നിയമം കർക്കശമാക്കുന്നതിനുവേണ്ടിയാണ് വാദിക്കേണ്ടത്. ഇവിടെ ബോധവത്കരണത്തെക്കുറിച്ച് പല അംഗങ്ങളും സംസാരിച്ചത് ഇതൊരു സംസ്കാരമാകണമെന്നും ബോധവത്കരണം നടത്തണം എന്നുമാണ്. നമ്മൾ

ബോധവത്കരിക്കാൻ തുടങ്ങിയിട്ട് കുറെ കാലമായില്ലേ; എത്ര പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്; എത്ര പ്രചാരണങ്ങളും പരസ്യങ്ങളും നടത്തിയിട്ടുണ്ട്; പക്ഷെ എത്രപേർക്ക് ബോധം വന്നു? വളരെ കുറച്ചുപേർക്കേ ബോധവത്കരണത്തിലൂടെ ബോധം വരികയുള്ളൂ. അതിനാൽ ഇക്കാര്യത്തിൽ ബോധം വരണമെങ്കിൽ, സംസ്കാരമായി മാറണമെങ്കിൽ എൻഫോഴ്സ്മെന്റുകൂടി ശക്തിപ്പെടുത്തണം. ചിലപ്പോൾ അൽപ്പം ഉരുക്ക് മുഷ്ടിയോടെതന്നെ ഇത്തരം നിയമങ്ങൾ നടപ്പാക്കേണ്ടിവരും. അത്തരമൊരു സാഹചര്യത്തെയാണ് നമ്മൾ അഭിമുഖീകരിക്കുന്നത്. ബ്രഹ്മപുരം പ്ലാന്റിൽ തീപിടുത്തമുണ്ടായപ്പോൾ സഭയിൽ അടിയന്തരപ്രമേയം കൊണ്ടുവന്നിരുന്നു. 12 ദിവസങ്ങൾക്കുശേഷം തീ അണയ്ക്കുകയും ചെയ്തു. എന്നാൽ ഫയർഫോഴ്സിന് ആവശ്യമായ സംവിധാനമുണ്ടായിരുന്നില്ലെന്ന് നിങ്ങൾ പറഞ്ഞത് കുറച്ച് കടന്നുപോയി. ഫയർഫോഴ്സ് നടത്തിയ സേവനത്തെ ബഹുമാനപ്പെട്ട ശ്രീമതി ഉമ തോമസ് കുറച്ചുകാണാൻ പാടില്ലായിരുന്നു. ഫയർഫോഴ്സും സിവിൽ ഡിഫൻസ് വോളന്റിയർമാരും ജീവൻ പണയപ്പെടുത്തിയാണ് അവിടത്തെ തീയണച്ചത്. ശ്രീമതി ഉമ തോമസ് പറഞ്ഞതിനെക്കുറിച്ചാണ് ഞാൻ സൂചിപ്പിച്ചത്. തീ

അണച്ചുകഴിഞ്ഞപ്പോൾ നമ്മുടെ മനോഭാവത്തിൽ എങ്ങനെയാണ് മാറ്റം വന്നത്. അതുവരെ വലിയ കോലാഹലങ്ങളും ബഹളവുമായിരുന്നു. ഞങ്ങളെല്ലാം കൊച്ചി വിട്ടുപോകുകയാണെന്നുവരെ പറഞ്ഞു. എന്നാൽ അപ്പോഴും ഞാൻ പറഞ്ഞത്, ഇവരാരും കൊച്ചി വിട്ടുപോകാൻ പോകുന്നില്ല, ഇവിടെനിന്നും പോയിട്ട് അവർക്ക് മറ്റൊരിടത്തും ജീവിക്കാൻ കഴിയില്ല, കാരണം ഈയൊരു ഏർപ്പാട് മറ്റൊരിടത്തും നടക്കാൻ പോകുന്നില്ല എന്നാണ്. അവനവന്റെ വീട്ടിലെ മാലിന്യം പുറത്തേയ്ക്ക് കളയുക, അതെല്ലാംകൂടി ബ്രഹ്മപുരത്ത് കൊണ്ടുപോയി തള്ളുകയാണ് ചെയ്തുകൊണ്ടിരുന്നത്. ഇത് ലോകത്ത് ഏതെങ്കിലും പരിഷ്കൃത സമൂഹത്തിൽ ഉണ്ടാകുന്ന കാര്യമാണോ? ഈ ദു:സ്വാതന്ത്ര്യം ഇവിടെ മാത്രമെ അനുവദിച്ച് കിട്ടിയിരുന്നുള്ളൂ. ആ ദു:സ്വാതന്ത്ര്യത്തിനാണ് നാം കടിഞ്ഞാണിടുന്നത്. കോലാഹലമുണ്ടാകുന്നത് എപ്പോഴാണ്; ഒരു പ്രതിസന്ധി വരുമ്പോൾ മാത്രമാണ് കോലാഹലമുണ്ടാകുന്നത്. എത്ര വേഗത്തിലാണ് നാം അത് വിസ്മരിച്ചത്. കൊച്ചിയിൽ ചേർന്ന ആദ്യ യോഗത്തിൽ ബഹുമാന്യരായ വ്യവസായ വകുപ്പുമന്ത്രിയും പ്രതിപക്ഷനേതാവും പങ്കെടുത്തിരുന്നു. ആ

അനുഭവം നമുക്കെല്ലാമറിയാമല്ലോ; അതിൽ ചില കർമ്മപദ്ധതികളെക്കുറിച്ച് സൂചിപ്പിച്ചു. ചില നിയന്ത്രണങ്ങൾ വന്നപ്പോൾ പലരും പൊട്ടിത്തെറിച്ചു. ഇതൊന്നും ഇവിടെ നടക്കില്ല, ഇത് കൊച്ചിയാണ് എന്നാണ് പറഞ്ഞത്. എന്നാൽ ആ പദ്ധതികളെല്ലാം നടത്തുമെന്ന് നമ്മൾ തെളിയിച്ചിട്ടുണ്ട്. കുറെ കാര്യങ്ങൾ ചെയ്തിട്ടുമുണ്ട്. അവിടെ 579 ഫ്ലാറ്റുകളുണ്ടെന്നാണ് ഞാൻ ഓർക്കുന്നത്; നിയമപ്രകാരം അവിടെയെല്ലാം മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. എത്ര സ്ഥലങ്ങളിൽ ആ സംവിധാനമുണ്ടായിരുന്നു? ഇരുനൂറ്റി ചില്ല്വാനം ഫ്ലാറ്റുകളിൽ മാത്രമാണ് ഈ സംവിധാനമുണ്ടായിരുന്നത്. ടി സംവിധാനമുണ്ടാക്കാൻ എല്ലാവർക്കും സമയക്രമം നിശ്ചയിച്ചു നൽകി. ആദ്യം എതിർപ്പുണ്ടായിരുന്നു. ബോധവത്കരണം കൊണ്ടുമാത്രം മാലിന്യം ഇല്ലാതാക്കാൻ കഴിയില്ല. നമ്മൾ അഭ്യർത്ഥിച്ചതുകൊണ്ട് മാത്രം കാര്യങ്ങൾ നടക്കില്ലെന്ന് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പറയുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നത് ഒരു സംസ്കാരമാകണമെന്നൊക്കെ ഇവിടെ പറഞ്ഞല്ലോ; ഈ സഭയിലെ രണ്ട് സാമാജികരുടെ ഒരനുഭവത്തെക്കുറിച്ച് അവരിലൊരാൾ എന്നോട് പങ്കുവച്ചിരുന്നു. ഞാൻ അക്കാര്യം രണ്ടാമത്തെ ആളോട് ചോദിച്ച് ഉറപ്പുവരുത്തുകയും ചെയ്തിരുന്നു. എങ്ങനെയാണ് പലയിടത്തും ഇതൊരു സംസ്കാരമായി വന്നത്; ബഹുമാനപ്പെട്ട അംഗങ്ങൾക്കുണ്ടായ അനുഭവത്തെക്കുറിച്ച് ഇവിടെ പറയുന്നത് നന്നായിരിക്കുമെന്ന് തോന്നുന്നു. നിയമസഭാ സമിതിയുടെ അഖിലേന്ത്യാ പഠനയാത്രയുടെ ഭാഗമായി ഷില്ലോംഗ് സന്ദർശിച്ചപ്പോൾ ഈ സഭയിലെ രണ്ട് എം.എൽ.എ.-മാർക്കുണ്ടായ (ഭരണപക്ഷത്തുള്ള ഒരു എം.എൽ.എ.-യും പ്രതിപക്ഷത്തുള്ള ഒരു എം.എൽ.എ.-യും) അനുഭവമാണ് ഞാനിവിടെ പങ്കുവയ്ക്കുന്നത്. അവരുടെ പേര് ഞാൻ വെളിപ്പെടുത്തുന്നില്ല. സമിതിയുടെ യോഗമൊക്കെ കഴിഞ്ഞ് അവർ നഗരം കാണാനിറങ്ങി. മലയാളികളാണല്ലോ; നമ്മുടെ ശീലമനുസരിച്ച് അവിടെവച്ച് കടല വാങ്ങി കഴിച്ചു. കടലയുടെ തൊലി താഴെയിട്ടു, ചിലത് താഴേയ്ക്ക് തുപ്പി. കഴിച്ചുകഴിഞ്ഞ് കടലാസ് താഴെയിട്ട്

പോകാനൊരുങ്ങിയപ്പോൾ അവിടെയുണ്ടായിരുന്ന ഒരു സാധാരണ മനുഷ്യൻ അവരെ വിളിച്ച് 'ഇതൊക്കെ ഇവിടെയിട്ട് എവിടേയ്ക്കാണ് പോകുന്നതെന്ന്' ചോദിച്ചു. അതിലെന്താണ് തെറ്റ്; വഴിയിൽത്തന്നെ ഇതെല്ലാം നിക്ഷേപിക്കുക എന്നുള്ളതാണ് നമ്മുടെ നാട്ടിലെ രീതി. അപ്പോൾ അയാൾ ചൂണ്ടിക്കാണിച്ചു, 'നോക്കൂ, ഇവിടെ മറ്റിടങ്ങളിൽ എവിടെയെങ്കിലും ഇതുപോലെ എന്തെങ്കിലും കാണുന്നുണ്ടോ; നിങ്ങൾ നിൽക്കുന്ന സ്ഥലത്ത് മാത്രമെയുള്ളൂ. ഇതിങ്ങനെ ഇവിടെ ഇട്ടിട്ട് പോകാൻ പറ്റില്ല'. വേസ്റ്റ് ബിൻ കാണിച്ചുകൊടുത്തിട്ട് അയാൾ പറഞ്ഞത്, ഇതെല്ലാം പെറുക്കിയെടുത്ത് വേസ്റ്റ് ബിന്നിലിടണം എന്നാണ്. എന്തായാലും, ഷില്ലോംഗ് ആണ്, പരിചയമുള്ള ആരുമില്ല എന്ന സമാധാനത്തിൽ രണ്ടുപേരുംകൂടി കുനിഞ്ഞിരുന്ന് അതെല്ലാം പെറുക്കിയെടുത്ത് വേസ്റ്റ് ബിന്നിൽ കൊണ്ടുപോയി നിക്ഷേപിച്ചു. അവരത് നിക്ഷേപിച്ചുവെന്ന് ഉറപ്പുവരുത്തുന്നതുവരെ സാധാരണക്കാരനായ ആ മനുഷ്യൻ അവിടെത്തന്നെ നിന്നു. അയാളൊരു പോലീസുകാരനൊന്നുമല്ല, തികച്ചും ഒരു സാധാരണക്കാരൻ മാത്രമാണ്. അവരത് ചെയ്തുവെന്ന്

ഉറപ്പുവരുത്തിയതിനുശേഷമാണ് അദ്ദേഹം അവിടെനിന്നും പോയത്. അതുകൊണ്ടാണ് ഇതൊരു സംസ്കാരമാക്കണം എന്നുപറയുന്നത് കൊണ്ടുദ്ദേശിക്കുന്നത്. അതൊരു പൗരബോധത്തിൽനിന്നും, മനസ്സിന്റെ ഉള്ളിൽ കൾട്ടിവേറ്റ് ചെയ്തെടുത്ത സംസ്കാരത്തിൽനിന്നും ഉണ്ടായതാണ്. അല്ലാതെ ഒരു ഉദ്യോഗസ്ഥൻ വന്ന് സ്വന്തം ഉത്തരവാദിത്വം നിറവേറ്റിയതല്ല. ആ നിലയിലേയ്ക്ക് നമ്മുടെ നാട് എത്തണമെങ്കിൽ കുറച്ചധികം ദൂരം സഞ്ചരിക്കാനുണ്ട്. അതിനുള്ള അന്തരീക്ഷം ഒരുക്കാൻവേണ്ടികൂടിയാണ് ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. ഒട്ടും പരിഭവത്തിലല്ലാതെ വളരെ സന്തോഷത്തോടെ എന്നോട് വന്നുപറഞ്ഞ കാര്യമാണിത്. ഇത്തരമൊരു അനുഭവം ഞങ്ങൾക്കുണ്ടായെന്നും നമ്മുടെ നാട് എന്നാണ് അങ്ങനെയായി മാറുകയെന്നും അദ്ദേഹം എന്നോട് ചോദിച്ചു. അപ്പോൾ മാത്രമെ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുകയുള്ളൂവെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ, അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്ന എം.എൽ.എ.-യോടും ഞാൻ ഇക്കാര്യം വിളിച്ചുചോദിച്ചു. ഇങ്ങനെയൊരു

അനുഭവമുണ്ടായ കാര്യം ഞാനറിഞ്ഞുവെന്ന് അദ്ദേഹത്തോട് പറഞ്ഞു. അദ്ദേഹവും അത് ശരിവച്ചു.

നിയമനിർമ്മാണം മാത്രം പോരെന്നും അതനുസരിച്ചുള്ള നടപടികളും സ്വീകരിക്കണമെന്ന് ശ്രീമതി ഉമ തോമസ് പറയുകയുണ്ടായി. നമ്മൾ അതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷത്തെ അനുഭവം ഞാനിവിടെ ചൂണ്ടിക്കാണിക്കാം. ഒരു വർഷം മുമ്പ്, 2023 ജനുവരിയിൽ 30 ശതമാനമായിരുന്ന യൂസർഫീ കളക്ഷൻ ഇപ്പോൾ 70 ശതമാനമാണ്. ഇത് വെറുതെ വർദ്ധിച്ചതല്ല. അതിശക്തമായ ഇടപെടൽ നടത്തിയതിന്റെ ഫലമായി വർദ്ധിച്ചതാണ്. മിനി എം.സി.എഫ്. (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി)-കളുടെ എണ്ണം 8123 മാത്രമായിരുന്നു. ഒരു വാർഡിൽ ഒരു മിനി എം.സി.എഫ്. എന്നതാണ് ലക്ഷ്യം. 8123-ൽനിന്നും 16300 ആയി മിനി എം.സി.എഫ്.-കൾ വർദ്ധിച്ചു. ഒരു മിനി എം.സി.എഫ്. സ്ഥാപിക്കുന്നതിൽപ്പോലും പ്രതിഷേധമുണ്ടാകുന്ന നാടാണ് നമ്മുടേതെന്ന് ഓർക്കണം. പലയിടത്തും അത് കത്തിച്ചുകളഞ്ഞ അനുഭവങ്ങളുമുണ്ട്. ആ സ്ഥാനത്താണ് ഇത് 16300 ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞത്. ഒരു വർഷം

മുമ്പ് ആർ.ആർ.എഫ്. (Resource Recovery Facility)-ന്റെ എണ്ണം 103 മാത്രമാണുണ്ടായിരുന്നത്. ഒരു വർഷംകൊണ്ട് അത് 148 ആയി. അതുപോലെ, 12 മാസംകൊണ്ട് ഹരിത കർമ്മസേനാംഗങ്ങളുടെ എണ്ണം 27458-ൽനിന്നും 35554 ആയി വർദ്ധിപ്പിക്കാൻ നമുക്ക് സാധിച്ചു. അതുപോലെ ഹരിത കർമ്മസേനയുടെ വീടുകളിലും കടകളിലുമുള്ള കവറേജ് 77 ശതമാനമായി വർദ്ധിപ്പിക്കാൻ സാധിച്ചു. ബ്രഹ്മപുരത്തെ സംഭവത്തിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 അനുസരിച്ച് ഈ നിയമസഭയിൽ പ്രസ്താവന നടത്തുകയുണ്ടായി. അതിൽ ഒരു തീവ്രകർമ്മ പരിപാടിയെക്കുറിച്ച് പ്രഖ്യാപനം നടത്തുകയുണ്ടായി. പ്രസ്തുത കർമ്മ പരിപാടിയുടെ അടിസ്ഥാനത്തിലാണ് ഈ മാറ്റവും നേട്ടവും കൈവരിക്കാൻ കഴിഞ്ഞത്. പക്ഷേ, ഇത് തൃപ്തികരമാണെന്ന് ഞാൻ പറയുന്നില്ല. യൂസർഫീ 100 ശതമാനത്തിലേയ്ക്കെത്തണം എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഹരിത കർമ്മസേനയുടെ കവറേജ് നൂറ് ശതമാനമാകണം. ആ നിലയിൽ ഇനിയും മാറ്റം വരേണ്ടതുണ്ട്.

ബ്രഹ്മപുരത്തെ പൂങ്കാവനമാക്കി മാറ്റുമെന്ന് അന്ന് മന്ത്രി പറഞ്ഞിരുന്നുവെന്നും അത് എന്തായെന്നും ബഹുമാന്യയായ എം.എൽ.എ. ചോദിച്ചു. ബ്രഹ്മപുരത്തെ പൂങ്കാവനമാക്കാനുള്ള നടപടി അതിവേഗത്തിൽ പുരോഗമിക്കുകയാണ്. അതിനെക്കുറിച്ച് അങ്ങ് അറിഞ്ഞിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. 150 ടൺ മാലിന്യം പ്രതിദിനം സംസ്കരിച്ച് Compressed Bio Gas ആക്കി മാറ്റാനുള്ള ബി.പി.സി.എൽ.-ന്റെ 100 കോടി രൂപയുടെ പദ്ധതിക്ക് മന്ത്രിസഭ അംഗീകാരം നൽകി. അതിപ്പോൾ ടെണ്ടർ പ്രോസസ്സിലാണ്. തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ മാലിന്യങ്ങളും ശേഖരിക്കുന്നതാണ്. നിങ്ങൾക്ക് ബ്രഹ്മപുരത്ത് വേറെ 5 ഏക്കർ സ്ഥലം വേണമെന്നാണ് പറഞ്ഞത്. അതിന്റെ ആവശ്യം വരുന്നില്ല. 2024 ഡിസംബർ മാസത്തിൽ കമ്മീഷൻ ചെയ്യുമെന്നാണ് ബി.പി.സി.എൽ. പറഞ്ഞിട്ടുള്ളത്. അവിടെ ബയോ മൈനിംഗ് പുനഃരാരംഭിച്ചിട്ടുണ്ട്. കൃത്യമായി അതിന്റെ റിവ്യൂ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ അവിടത്തെ മാലിന്യ മല നീക്കം ചെയ്യുന്നതിനുള്ള ബയോ മൈനിംഗ് പ്രവൃത്തി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. Black Soldier Fly Project അവിടെ

നടപ്പാക്കിക്കൊണ്ടിരിക്കുന്നുണ്ട്. ഒരാഴ്ചയ്ക്കുള്ളിൽ അത് ആരംഭിക്കും. കൊച്ചി കോർപ്പറേഷനിൽ ഞങ്ങൾ ആദ്യത്തെ തവണ യോഗത്തിന് പോയപ്പോൾ അവിടെ ഒരൊറ്റ എം.സി.എഫ്. പോലുമുണ്ടായിരുന്നില്ല. ഇന്ന് 25 കണ്ടെയ്നർ എം.സി.എഫ്.-കൾ ഉണ്ട്. പെട്ടെന്ന് എം.സി.എഫ്.-കൾ കെട്ടിപ്പൊക്കുക പ്രായോഗികമല്ല. അതുകൊണ്ട് കണ്ടെയ്നറുകൾ  എം.സി.എഫ്. ആക്കാൻ തീരുമാനിക്കുകയും തൽഫലമായി മനോഹരമായ എം.സി.എഫ്.-കൾ ആക്കി അവയെ മാറ്റാൻ സാധിക്കുകയും ചെയ്തു. കലാകാരൻമാർ വന്ന് അതിനെ പെയിന്റ് ചെയ്ത് മനോഹരമാക്കി മാറ്റി. ഇപ്പോൾ ആർക്കും കാണുമ്പോൾ അരോചകമായി തോന്നുകയില്ല. ഇന്ന് 25 എം.എസി.എഫ്.-കൾ അവിടെ ആരംഭിക്കാൻ കഴിഞ്ഞു. ഓരോ എം.സി.എഫ്.-ന്റെയും ശേഷി 30 ടൺ ആണ്. എന്നുപറഞ്ഞാൽ, 750 ടൺ അജൈവ പാഴ്വസ്തുക്കൾ സംഭരിക്കാനുള്ള ശേഷി ഇപ്പോൾ കൊച്ചി നഗരത്തിനുണ്ട്.

മുൻകാലങ്ങളിൽ ഈ വേസ്റ്റുകൾ ബ്രഹ്മപുരത്തേയ്ക്ക് കൊണ്ടുപോകുകയോ റോഡരികിൽ വലിച്ചെറിയുകയോയാണ് ചെയ്തുകൊണ്ടിരുന്നത്. ഒരു വർഷംകൊണ്ട് 25 എം.എസി.എഫ്.-കൾ നമുക്ക്

ആരംഭിക്കാൻ സാധിച്ചു. ഇത് നടക്കില്ലെന്നും കൊച്ചിയിൽ സ്ഥലം കണ്ടെത്താൻ സാധിക്കില്ലെന്നുമായിരുന്നു ആദ്യത്തെ വാദം. സ്ഥലത്തിന്റെ പ്രശ്നംകൂടി കണക്കിലെടുത്താണ് കണ്ടെയ്നർ എം.സി.എഫ്. എന്ന ആശയം വിജയകരമായി നടപ്പാക്കിയത്. ഇനിയൊരു 33 എം.എസി.എഫ്.-കൾ കൂടി വരികയാണ്. അപ്പോൾ ആകെ 58 എണ്ണമാകും. അതുപോലെ 4 ആർ.ആർ.എഫ്.-കൾ വന്നു. ഒരു വർഷത്തിനിടയിൽ കൊച്ചിയിൽ 4 ആർ.ആർ.എഫ്.-കളാണ് വന്നത്. തുമ്പൂർമുഴി കൊച്ചിയിൽ ചിന്തിക്കാനേ സാധിക്കില്ലെന്നാണ് പറഞ്ഞിരുന്നത്. എന്നാൽ വളരെ നവീനമായ കാഴ്ചപ്പാടോടുകൂടിയാണ് ഇന്ന് 6 എണ്ണം ആരംഭിച്ചത്. ഒരു പ്രശ്നം വന്നാൽ അതിന് പരിഹാരം കാണണ്ടേ; ഇടപ്പള്ളിയിൽ പാലത്തിന്റെ താഴെ, പൊന്നുരുന്നിയിൽ ഓവർ ബ്രിഡ്ജിന്റെ താഴെ, ആ സ്ഥലം തുമ്പൂർമൂഴിയാക്കി മാറ്റി. ഇപ്പോൾ ഇടപ്പള്ളിയിൽ തുമ്പൂർമുഴി ഉണ്ടാക്കി. അതിൽനിന്നുള്ള ബയോമാലിന്യം സംസ്കരിച്ചുണ്ടാക്കുന്ന വളം ഉപയോഗിച്ച് അവിടെത്തന്നെ പച്ചക്കറി കൃഷിയും പൂകൃഷിയും ആരംഭിച്ചു. ഈ മാറ്റം നമ്മൾ കാണണ്ടേ; അപ്പോൾ മാറ്റം ഉണ്ടാകുന്നുണ്ട്. ആ മാറ്റത്തെക്കുറിച്ച് മനസ്സിലാക്കാനും

അതിന്റെ ഭാഗമായി മാറാനും അങ്ങ് കുറച്ചുകൂടി മുന്നോട്ട് വരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഇവിടെ ബില്ല് സംബന്ധിച്ച് സൂചിപ്പിച്ചൊരു പ്രശ്നം, സെക്രട്ടറിമാർക്ക് അധികജോലി കൊടുത്താൽ എങ്ങനെ ശരിയാകും എന്നാണ്. സെക്രട്ടറിക്ക് അനേകം ചുമതലകളുണ്ട്. യഥാർത്ഥത്തിൽ ഇതൊരു അധിക ജോലിയല്ല. അധിക ഉത്തരവാദിത്വവും അധികാരവും നൽകുകയാണ് ചെയ്യുന്നത്. കാരണം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അതിന്റെ സെക്രട്ടറിക്കും അല്ലെങ്കിൽത്തന്നെയുള്ള ചുമതലയാണിത്. ഈ ജോലി/ചുമതല യഥാർത്ഥത്തിൽ സെക്രട്ടറി എന്ന വ്യക്തിക്കുള്ളതല്ല. സെക്രട്ടറിയുടെ പദവി അല്ലെങ്കിൽ ഓഫീസ് ഉപയോഗിച്ച് നിർവ്വഹിക്കേണ്ടതാണ്. ഈ ചുമതല ഡെലിഗേറ്റ് ചെയ്യാം. ഹെൽത്ത് ഓഫീസർ, ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ക്ലീൻ സിറ്റി മാനേജർ തുടങ്ങി ധാരാളം തസ്തികകളുണ്ട്. അവർക്ക് അധികാരം/ഉത്തരവാദിത്വം ഡെലിഗേറ്റ് ചെയ്ത് അവർ വഴിയാണല്ലോ സെക്രട്ടറി നടപ്പിലാക്കുന്നത്. അതുകൊണ്ട് എല്ലാം

കാര്യവും സെക്രട്ടറി നേരിട്ടുപോയി ചെയ്യേണ്ട അവസ്ഥയില്ല. എന്നാൽ എല്ലാ ഉത്തരവാദിത്വവും സെക്രട്ടറിക്കുതന്നെയാണ്.

ജീവനക്കാരുടെ കാര്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ജെ.എച്ച്.ഐ.-മാരെ നിയമിക്കുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. 500 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ഗ്രാമപഞ്ചായത്തുകൾക്ക് ഒരു വർഷത്തേയ്ക്ക് ജെ.എച്ച്.ഐ.-മാരെ നിയമിക്കാൻ ഇതിനകംതന്നെ അനുവാദം നൽകിയിരുന്നു. കൂടുതൽ ആവശ്യമാണെങ്കിൽ ആ പ്രശ്നം തീർച്ചയായും പരിഹരിക്കുന്നതാണ്.

ഹരിത കർമ്മസേനയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എല്ലാവർക്കും ഹരിത കർമ്മസേനയോട് അനുഭാവമാണുള്ളത്. പക്ഷേ യൂസർഫീ നിർബന്ധമായും പിരിക്കാൻ പാടില്ലെന്ന് പറഞ്ഞു. എന്നാൽ രണ്ട് കാര്യവുംകൂടി ഒത്തുപോകില്ല. കാരണം, ഹരിത കർമ്മസേന എന്നത് കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള ഒരു സംരംഭമാണ്. യൂസർഫീ ആണ് അവരുടെ ഒന്നാമത്തെ വരുമാനം. രണ്ടാമത്തെ വരുമാനം, ശേഖരിക്കുന്ന അജൈവ പാഴ്വസ്തുക്കൾ ശരിയായും ശാസ്ത്രീയമായും തരംതിരിച്ച് റീസൈക്കിൾ

ചെയ്യുന്നത് വിൽക്കുമ്പോഴുണ്ടാകുന്ന വരുമാനമാണ്. ഈ രണ്ട് സോഴ്സുകൾ മാത്രമെയുള്ളൂ. അതുകൊണ്ട് നമുക്ക് യൂസർഫീ ഏർപ്പെടുത്തേണ്ടിവരും. ഇന്നലെ ഞാൻ ഈ വിഷയം സംബന്ധിച്ച് ഒരു ശ്രദ്ധക്ഷണിക്കലിന് മറുപടി പറഞ്ഞിരുന്നു. ഹരിത കർമ്മസേനയ്ക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് സംബന്ധിച്ച വിശദാംശങ്ങളെക്കുറിച്ച് ഇന്നലെ വ്യക്തമാക്കിയതുകൊണ്ട് ആവർത്തിക്കുന്നില്ല. നിലവിൽ അവർക്ക് ഇൻഷ്വറൻസ് പരിരക്ഷയുണ്ട്.

യൂസർ ഫീ നൽകുകയെന്നത് എല്ലാ മാലിന്യ ഉല്പാദകരുടെയും ഉത്തരവാദിത്വമാണ്. സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരം 2016-ലാണ് യൂസർ ഫീ നിഷ്കർഷിക്കുന്നത്. നേരത്തേതന്നെ യൂസർ ഫീ നിർബന്ധമാക്കേണ്ടതായിരുന്നു. എന്നാൽ, ഇപ്പോൾ ഈ ബില്ലിലൂടെ അത് നിർബന്ധമാക്കുന്നുവെന്നേയുള്ളൂ. ഇനിയും ഈ തീരുമാനം മാറ്റിവയ്ക്കാൻ സാധിക്കില്ല. യൂസർ ഫീ കൊടുക്കേണ്ട ഉത്തരവാദിത്വം എല്ലാവർക്കുമുള്ളതാണ്. എന്നിരുന്നാലും ആളുകൾ വീടുകളിൽ ശേഖരിച്ചുവച്ചിരിക്കുന്ന മാലിന്യം രാത്രി സമയങ്ങളിൽ കാറുകളിൽ പല

സ്ഥലങ്ങളിൽകൊണ്ടുപോയി നിക്ഷേപിക്കാൻ കാത്തിരിക്കുകയാണ്. യഥാർത്ഥത്തിൽ ഇവർ ഓരോ ദിവസവും മാലിന്യങ്ങൾ പുറത്തുകൊണ്ടുപോയി തള്ളുന്നതിന് 50 രൂപയിലധികം പെട്രോളിനായി ചെലവാക്കുന്നുണ്ട്. എന്നാൽ ഈ മാലിന്യം ശേഖരിക്കുന്ന ഹരിതകർമ്മസേനയ്ക്ക് ആ 50 രൂപ കൊടുക്കുകയില്ലെന്നതാണ് ഇവരുടെ സമീപനം. അത് അംഗീകരിക്കാൻ കഴിയില്ല. യൂസർ ഫീ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ഫൈൻ ഏർപ്പെടുത്തിയിട്ടുണ്ട്. ഫൈൻ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് അടച്ചില്ലെങ്കിൽ ഈടാക്കാൻ എന്താണ് മാർഗ്ഗം? ഫൈൻ അടച്ചില്ലെങ്കിൽ അത് ഈടാക്കുന്നതിനുവേണ്ടിയാണ് അവർക്കുള്ള സേവനങ്ങൾ നിഷേധിക്കുകയെന്ന മാർഗ്ഗം സ്വീകരിച്ചിരിക്കുന്നത്. സർക്കാരുമായി ബന്ധപ്പെട്ട മറ്റ് സേവനങ്ങൾ തേടുമ്പോൾ ഈ ഡ്യൂസ് ക്ലിയർ ചെയ്യേണ്ടിവരും. അതിൽ ജനാധിപത്യ വിരുദ്ധതയൊന്നുമില്ല. നിലവിലെ മുനിസിപ്പൽ ആക്റ്റിൽതന്നെ അത്തരമൊരു വ്യവസ്ഥയുണ്ട്. പ്രോപ്പർട്ടി ടാക്സ് അടച്ചില്ലെങ്കിൽ ട്രേഡ് ലൈസൻസ് ലഭിക്കില്ല, ആ സേവനം നിഷേധിക്കുന്നുണ്ട്. ഇതേ സമീപനം തന്നെയാണ്

ഇവിടെയും സ്വീകരിച്ചിരിക്കുന്നത്. മാലിന്യ സംസ്കരണത്തിന് വ്യത്യസ്ത നിരക്കുകൾ വേണമെന്നതാണ് മറ്റൊരു ആവശ്യം. അതുതന്നെയാണ് ഇപ്പോഴും നിഷ്കർഷിച്ചിരിക്കുന്നത്. ഹരിതകർമ്മസേന കൊമേഴ്സ്യൽ സ്ഥാപനങ്ങൾക്കുള്ള നിരക്ക് അല്ല വീടുകളിൽനിന്ന് ഈടാക്കുന്നത്. രണ്ടിനും വ്യത്യസ്ത നിരക്കുതന്നെയാണ് ഈടാക്കുന്നത്. ഇക്കാര്യം സംബന്ധിച്ച് കൂടുതൽ ചർച്ച ചെയ്യാവുന്നതേയുള്ളൂ. വീടുകളുടെ സൈസ്, വീട്ടിലെ അംഗങ്ങളുടെ എണ്ണം എന്നിവയുടെയൊക്കെ അടിസ്ഥാനത്തിൽ വ്യത്യസ്ത നിരക്കുകൾ ഈടാക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. വാണിജ്യ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഓരോ സ്ഥാപനത്തിന്റെയും വലുപ്പം, അവരുണ്ടാക്കുന്ന മാലിന്യത്തിന്റെ സ്വഭാവം ഇവ അനുസരിച്ച് വ്യത്യസ്ത നിരക്കുകൾ ആവശ്യമാണോ എന്നതിനെക്കുറിച്ച് കൂടുതൽ ചർച്ച ചെയ്യാവുന്നതാണ്. ഇ-വേസ്റ്റിന്റെ കാര്യത്തിൽ ഇപ്പോൾത്തന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ സിമെറ്റ്-ഉം കുടുംബശ്രീയുമായി ചേർന്ന് ഒരു പദ്ധതി ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നു. അധികം വൈകാതെ അത്

യാഥാർത്ഥ്യമാകുമെന്ന് കരുതുന്നു. അതുപോലെ Extended Producer Responsibility (EPR) നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഹരിതകർമ്മസേനയ്ക്ക് വരുമാനം ഉറപ്പാക്കാനുള്ള Viability Gap Funding-നെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. അതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇപ്പോൾത്തന്നെ സ്റ്റാൻഡിംഗ് ഇൻസ്ട്രക്ഷൻസ് കൊടുത്തിട്ടുണ്ട്. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് Viability Gap Funding നിലവിലുണ്ട്. യൂസർ ഫീസ് ഇളവിന്റെ കാര്യം വ്യാപകമായി ഉന്നയിക്കപ്പെട്ടിരുന്നു. അതിദരിദ്രരെ യൂസർ ഫീയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അത്യാവശ്യമായി ആരെയെങ്കിലും ഒഴിവാക്കേണ്ടതുണ്ടെങ്കിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കാം. പക്ഷേ, അങ്ങനെ ഒഴിവാക്കപ്പെടുന്നവരുടെ യൂസർ ഫീ ഹരിതകർമ്മസേനയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനം കൊടുക്കണം എന്നതാണ് പ്രധാനപ്പെട്ട കാര്യം. ഇതിനുള്ള പ്രോജക്ട് വയ്ക്കുകയും അതിൽ മതിയായ തുക നീക്കിവയ്ക്കുകയും വേണം. യൂസർ ഫീ വ്യാപകമായി ഒഴിവാക്കുക,

ഇഷ്ടാനിഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ ഒഴിവാക്കുക എന്നിവയൊന്നും സാധ്യമല്ല. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ യൂസർ ഫീ നൽകാൻ സാധിക്കാത്ത, അതിദരിദ്രരുടെ ലിസ്റ്റിൽപെടാത്ത അർഹതപ്പെട്ട ആരെങ്കിലും ഉണ്ടെങ്കിലോ ഒഴിവാക്കാം. പക്ഷേ, ആ ഒഴിവാക്കുന്നവരുടെ യൂസർ ഫീ തദ്ദേശസ്വയംഭരണ സ്ഥാപനം ഹരിതകർമ്മസേനയ്ക്ക് കൊടുക്കുന്നുവെന്ന് ഉറപ്പാക്കണം. ശ്രീ. ടി. സിദ്ദിഖ് ഇവിടെ സംയുക്ത പദ്ധതികളുടെ കാര്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. നിലവിലുള്ള ആക്റ്റിൽത്തന്നെ അതിനുള്ള വ്യവസ്ഥയുണ്ട്. അല്ലാതെയും സംയുക്ത പദ്ധതികളുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ടിലെ '219 എഫ് വകുപ്പിന് ശേഷം പുതിയ വകുപ്പുകൾ ചേർക്കൽ.-' എന്നതിനുശേഷം '219 എഫ്എ, സംയുക്ത മാലിന്യ സംസ്കരണ പദ്ധതികൾ സ്ഥാപിക്കൽ' എന്നൊരു വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആർ.ആർ.എഫ്. ബ്ലോക്ക് അടിസ്ഥാനത്തിൽപ്പെട്ടതാണ്. ആ ബ്ലോക്കിന്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾക്കെല്ലാം ഉപയോഗിക്കാവുന്ന തരത്തിലാണ് RRF

ഏർപ്പെടുത്തിയിട്ടുള്ളത്. സാനിറ്ററി വേസ്റ്റ് ഇൻസിനറേറ്ററുകൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സംയുക്തമായാണ് ഇപ്പോൾ ആരംഭിക്കുന്നത്. ഇതിന്റെ ഭാഗമായി 34 ഇൻസിനറേറ്ററുകൾ സ്ഥാപിക്കാൻ തീരുമാനിച്ചു. ബയോമെഡിക്കൽ വേസ്റ്റ്/സാനിട്ടറി വേസ്റ്റിന്റെ പ്രശ്നം ഇൻസിനറേറ്ററുകൾ സ്ഥാപിക്കുന്നതിലൂടെ പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. RDF പ്ലാന്റിന്റെ കാര്യത്തിൽ ഒരു ജില്ലയ്ക്ക് ഒരു പ്ലാന്റ് എന്ന നിലയിൽ നടപ്പാക്കാനാണുദ്ദേശിക്കുന്നത്. FSTP (Faecal Sludge Treatment Plant-കളും ഇത്തരത്തിൽ സംയുക്ത പദ്ധതിയായാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. തീർച്ചയായും സംയുക്ത പദ്ധതിയായി ഇവയൊക്കെ പ്രോത്സാഹിപ്പിക്കണമെന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്.

വളരെ പ്രധാനപ്പെട്ട വിഷയമായതുകൊണ്ടും ഈ നിയമനിർമ്മാണം മാലിന്യമുക്ത നവകേരളത്തിന് വളരെ നിർണ്ണായകമായതുകൊണ്ടുമാണ് അല്പം ദീർഘമായി വിശദീകരിക്കുന്നത്. പദ്ധതികൾ നടപ്പാക്കാൻ കഴിയുന്നില്ലെന്നും ഫണ്ട് ചെലവഴിക്കാൻ സാധിക്കുന്നില്ലെന്നും മറ്റും ശ്രീ. ടി. സിദ്ദിഖ് ഉന്നയിക്കുകയുണ്ടായി. യഥാർത്ഥത്തിൽ ഈ വർഷം ഭൂമിയുടെ

പ്രശ്നമൊന്നുമില്ലാതെ തന്നെ 80 ശതമാനം പ്രോജക്റ്റുകൾക്ക് ടി.എസ്. നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇത് കഴിഞ്ഞ വർഷത്തേതിനെക്കാൾ അധികമാണ്. മുനിസിപ്പാലിറ്റികളിൽ Kerala Solid Waste Management Project (KSWMP)-ന്റെ സംസ്ഥാന വിഹിതം ഉപയോഗിച്ച് മാലിന്യ സംസ്കരണത്തിനാവശ്യമായ ഭൂമി വാങ്ങാൻ വിനിയോഗിക്കാവുന്നതാണ്. മാലിന്യ സംസ്കരണ പ്ലാന്റിനാവശ്യമായ ഭൂമി ഏറ്റെടുക്കാനുള്ള അധികാരം അതത് കളക്ടർമാർക്കാണ് സർക്കാർ നൽകിയിരിക്കുന്നത്. ഈ രംഗത്ത് സ്വകാര്യ മേഖലയെ പ്രോത്സാഹിപ്പിക്കണമെന്ന മികച്ച നിർദ്ദേശം ശ്രീ. വാഴൂർ സോമൻ മുന്നോട്ടുവയ്ക്കുകയുണ്ടായി. സ്വകാര്യ മേഖലയെ പ്രോത്സാഹിപ്പിക്കണമെന്നതാണ് സർക്കാരിന്റെയും കാഴ്ചപ്പാട്. യഥാർത്ഥത്തിൽ ഒരു സർക്കുലർ എക്കോണമിയുടെ കാഴ്ചപ്പാടിലാണ് സർക്കാർ ഇതിനെ കാണുന്നത്. 'വേസ്റ്റ് ടു വെൽത്ത് ' എന്നതാണ് ആ കാഴ്ചപ്പാട്. യഥാർത്ഥത്തിൽ ഒരു സാധനവും മാലിന്യമായിട്ടില്ലെന്നും പാഴായിട്ടുള്ള സാധനങ്ങളില്ലെന്നുമാണ് നാം കാണേണ്ടത്; ഇതിനെയെല്ലാം പല രീതിയിൽ നമുക്ക് ഉപയോഗിക്കാവുന്നതാണ്. ബയോവേസ്റ്റിൽനിന്ന്

കംപ്രസ്ഡ് ബയോഗ്യാസ് ഉൽപ്പാദിപ്പിക്കാം, കംപ്രസ്ഡ് ബയോഗ്യാസ് വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാം, ഇലക്ട്രിസിറ്റിയും ഉൽപ്പാദിപ്പിക്കാൻ സാധിക്കും. റീസൈക്കിൾ ചെയ്യാൻ കഴിയുന്ന പ്ലാസ്റ്റിക്കുകളും ഇ-വേസ്റ്റുകളും വരുമാന സാധ്യതയുള്ളവയാണ്. ഇവയിലൊന്നും ഉൾപ്പെടാത്തതും റീസൈക്കിൾ ചെയ്യാൻ പറ്റാത്തതുമായ non-recyclable reject waste ഉണ്ട്. അവയെ പെല്ലറ്റുകളാക്കി മാറ്റാൻ സാധിക്കും. അതിന്റെ കലോറിഫിക് വാല്യു Coal-നെക്കാൾ കൂടുതലാണെന്നാണ് കഴിഞ്ഞ ദിവസം ഒരു പ്രസന്റേഷനിൽ വ്യക്തമാക്കിയത്. അതിനെ ഇന്ധനമാക്കി മാറ്റാൻ സാധിക്കുമെന്നതുകൊണ്ടുതന്നെ ഈ രംഗത്തേയ്ക്ക് സ്വകാര്യ ഏജൻസികളെ ആകർഷിക്കാനും സ്വകാര്യ മൂലധനം പ്രോത്സാഹിപ്പിക്കാനും കഴിയുന്നതാണ്. അത്തരമൊരു കാഴ്ചപ്പാടോടുകൂടി സർക്കാർ ഇപ്പോൾത്തന്നെ അതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. മലിനജല സംസ്കരണം വളരെ പ്രധാനമാണെന്ന് മുൻ മേയർ കൂടിയായ ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തമാക്കുകയുണ്ടായി.

'തെളിനീരൊഴുകും നവകേരളം' ക്യാമ്പയിനിന്റെ ഭാഗമായി കേരളത്തിൽ നടത്തിയ പഠനത്തിലെ കണ്ടെത്തലുകൾ നാം ഏവരുടെയും കണ്ണ് തുറപ്പിക്കുന്നതാണ്. കേരളത്തിലെ പൊതു ജലാശയങ്ങളിൽ 82 ശതമാനവും വീട്ടുകിണറുകളിൽ 78 ശതമാനവും കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. കക്കൂസ് ടാങ്ക് 3 വർഷത്തിലൊരിക്കൽ വൃത്തിയാക്കണമെന്നതാണ് ശാസ്ത്രീയമായ മാനദണ്ഡമെങ്കിലും അത് ചെയ്യുന്നുണ്ടോ? അങ്ങനെ വരുമ്പോൾ കിണറിലെ വെള്ളത്തിൽ ഈ മാലിന്യം കലരുന്നുവെന്നത് വസ്തുതയാണ്. കക്കൂസ് മാലിന്യം ശേഖരിച്ച് ജലസ്രോതസ്സുകളിൽ കൊണ്ടുപോയി തള്ളുന്ന പ്രവണത വളരെ അപകടകരമായ നിലയിൽ തുടരുകയാണ്. കൊച്ചി പോലുള്ള നഗരങ്ങളിൽ വൻകിട മാഫിയകൾ ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് സർക്കാർ ഇക്കാര്യങ്ങളിൽ ശക്തമായ ഇടപെടൽ ആരംഭിച്ചിട്ടുണ്ട്. ഈ ആക്റ്റിൽ ഇത്തരത്തിലുള്ള വാഹനങ്ങൾ പിടിച്ചെടുക്കാനുള്ള വ്യവസ്ഥയുണ്ട്. ഇപ്രകാരം പിടിച്ചെടുക്കുന്ന വാഹനങ്ങൾ ഹൈക്കോടതിയുടെ അനുമതിയോടുകൂടി മാത്രമെ വിട്ടുനൽകുകയുള്ളൂവെന്ന് ഹൈക്കോടതി

പ്രസ്താവിച്ചിട്ടുണ്ട്. അതുകൊണ്ട് മലിനജല സംസ്കരണമെന്നത് അതീവ പ്രാധാന്യമുള്ളതാണ്. പക്ഷേ, വിചിത്രമെന്ന് പറയട്ടെ, ഇത്രയും മലിനമായ ജലം കുടിക്കുന്നതിൽ നമുക്ക് ആശങ്കയില്ല; പക്ഷേ, അത് ശുദ്ധമാക്കാൻ സഹായിക്കുന്ന മലിനജല സംസ്കരണ പ്ലാന്റ് ആരംഭിക്കുമ്പോൾ ഉടനെ .എതിർപ്പ് വരുന്നുവെന്ന വിചിത്ര സാഹചര്യം കേരളത്തിൽ മാത്രമെയുള്ളൂ

കോഴിക്കോട് ജില്ലയിലുണ്ടായ അനുഭവത്തെക്കുറിച്ച് ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ സൂചിപ്പിക്കുകയുണ്ടായി. ഈ നിയമസഭയിലെ ബഹുമാന്യരായ ചില അംഗങ്ങൾ ഞങ്ങളുടെയൊക്കെ നെഞ്ചത്ത് ചവിട്ടിയിട്ടേ അത് നടത്താൻ പറ്റുകയുള്ളൂവെന്ന് ഈ സഭയിൽ തന്നെ പറഞ്ഞു. ഇന്ത്യയിലെ പ്രസിദ്ധമായ കോളേജാണ് ചെന്നൈയിലെ ലയോള കോളേജ്. ആ കോളേജിലെ രണ്ട് ലേഡീസ് ഹോസ്റ്റലിനും പ്രിൻസിപ്പാൾ ബംഗ്ലാവിനും സമീപത്താണ് മലിനജല സംസ്കരണ പ്ലാന്റ് പ്രവർത്തിക്കുന്നത്. അവിടത്തെ ഗാർഡൻ മുഴുവൻ നനയ്ക്കുന്നതും പരിപാലിക്കുന്നതും ആ പ്ലാന്റിൽ നിന്നുള്ള വെള്ളമുപയോഗിച്ചാണ്. അങ്ങനെ എത്രയെത്ര മാതൃകകളാണ് നമുക്ക് മുന്നിലുള്ളത്. ഞാൻ മന്ത്രിയായി ചുമതല ഏറ്റെടുത്തശേഷം ആദ്യം ചെയ്തത്

നിയമസഭയിലെ കക്ഷിനേതാക്കളെ മുഴുവൻ ഉച്ചഭക്ഷണത്തിന് ക്ഷണിക്കുകയായിരുന്നു. മുട്ടത്തറയിലെ കക്കൂസ് മാലിന്യമുൾപ്പെടെ സംസ്കരിക്കുന്ന പ്ലാന്റിനകത്ത് വച്ചാണ് ഉച്ചഭക്ഷണം കൊടുത്തത്. ആ വിരുന്നിൽ പങ്കെടുത്ത് സാക്ഷ്യം വഹിച്ചവരിൽ ഇപ്പോൾ ഇവിടെയിരിക്കുന്ന സർവ്വശ്രീ എ. പി. അനിൽകുമാർ, തോമസ് കെ. തോമസ്, ജോബ് മൈക്കിൾ, ശ്രീമതി കെ. കെ. രമ എന്നിവരും ടെലിവിഷൻ ക്യാമറക്കാരും, മാധ്യമ പ്രവർത്തകരുമുൾപ്പെടെ എല്ലാവരുമുണ്ടായിരുന്നു. ഇവർക്കാർക്കെങ്കിലും എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായോ? തിരുവനന്തപുരത്തായതുകൊണ്ട് ബോളിയുൾപ്പെടെയുള്ള നല്ല ഭക്ഷണമാണ് അവർക്ക് കൊടുത്തത്. ആ ഭക്ഷണം കഴിച്ചിട്ട് ആർക്കെങ്കിലും എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായോ? ഒരു പ്രയാസവും ഉണ്ടായില്ലല്ലോ.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്....

ശ്രീ. എം. ബി. രാജേഷ്: സർ, ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

മി. സ്പീക്കർ: അടുത്തൊരു ബില്ലുകൂടിയുണ്ട്. കേരള സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ് (അമെന്റ്മെന്റ്) ബിൽ അതിനേക്കാൾ പ്രധാനപ്പെട്ടതാണ്.

ശ്രീ. എം. ബി. രാജേഷ്: സർ, അന്ന് ആ വിരുന്നിൽ പങ്കെടുത്ത ബഹുമാന്യരായ സാമാജികർ ആ പ്ലാന്റിനെക്കുറിച്ച് പറഞ്ഞത്, 'ഇത് ഇങ്ങനെയാണെന്ന് ഞങ്ങളാരും അറിഞ്ഞില്ല; ഇങ്ങനെയാണെങ്കിൽ ആർക്കാണ് എതിർപ്പ് 'എന്നാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇത് നമ്മുടെ ഫസ്റ്റ് പ്രയോറിറ്റിയാകേണ്ട പ്രധാനപ്പെട്ട കാര്യമാണ്. പ്രതിപക്ഷാംഗങ്ങൾ അതിനോട് പൂർണ്ണമായും യോജിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നു. എന്നാൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ഇവിടത്തെ ലോക്കൽ ബോഡികൾ പ്രശ്നം നേരിടുന്നുണ്ട്. എല്ലാ ലോക്കൽ ബോഡികൾക്കും ഇത് നടപ്പാക്കണമെന്ന് ആഗ്രഹമുണ്ടെങ്കിലും അവരുടെ മുന്നിൽ ക്രെഡിബിളായ മോഡലില്ല. കോർപ്പറേഷനിൽ കൂടുതൽ ടൺ വേസ്റ്റ് വേണം, മുനിസിപ്പാലിറ്റിയിൽ അതിനെക്കാൾ കുറവ് വേസ്റ്റാണുള്ളത്;

പഞ്ചായത്തിൽ ക്ലസ്റ്റർ സംവിധാനമാണുള്ളത്. ഈ സംവിധാനം സർക്കാർ ഒരുക്കാൻ തയ്യാറാകുന്ന സാഹചര്യത്തിൽ നിരവധി കടലാസ് കമ്പനികൾ ഇത്തരം പ്ലാന്റുകൾ ആരംഭിക്കാൻ തയ്യാറാകുന്ന സാഹചര്യമാണുള്ളത്. എം.എൽ.എ. ഫണ്ടിൽനിന്നും ഇത്തരത്തിലൊരു പ്ലാന്റ് ആരംഭിക്കാനായി തുക കൊടുക്കാൻ ശ്രമിച്ചെങ്കിലും എനിക്ക് അതിനുള്ള ധൈര്യം വരുന്നില്ല. കാരണം, ഇപ്രകാരം മുന്നിട്ടിറങ്ങുന്ന കമ്പനികളിൽ 90 ശതമാനത്തോളവും കടലാസ് കമ്പനികളാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഇനിഷ്യേറ്റീവ് എടുക്കുകയും ഏറ്റവും കൂടുതൽ വേസ്റ്റ് ഉപയോഗിക്കുന്നത്, കുറഞ്ഞ വേസ്റ്റ് ഉപയോഗിക്കുന്നത്; എന്നിങ്ങനെ കാറ്റഗറിയായി തിരിച്ച്, എല്ലാ ലോക്കൽ ബോഡികൾക്കും അഡോപ്റ്റ് ചെയ്യാൻ കഴിയുന്ന രീതിയിലുള്ള മൂന്ന് മോഡലുകൾ കണ്ടെത്തി, അവയെല്ലാം സന്ദർശിച്ചശേഷം നടപ്പാക്കാൻ സാധിക്കുന്ന തരത്തിലുള്ള മോഡൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ എന്നതാണ് എന്റെ ചോദ്യം?

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാന്യനായ പ്രതിപക്ഷ നേതാവ് നല്ലൊരു നിർദ്ദേശമാണ് മുന്നോട്ടുവച്ചിരിക്കുന്നത്. എറണാകുളത്ത് വേസ്റ്റ്

മാനേജ്മെന്റ് ടെക്നോളജിയെക്കുറിച്ച് നടത്തിയ ഗ്ലോബൽ എക്സ്പോയിൽ അങ്ങുൾപ്പെടെ ഞങ്ങളെല്ലാവരും പങ്കെടുത്തതാണ്. അവിടെ ഇത്തരത്തിലുള്ള ധാരാളം മോഡലുകൾ ഉണ്ടായിരുന്നു. അന്ന് തദ്ദേശസ്വയംഭരണസ്ഥാപന പ്രതിനിധികളെയെല്ലാം നമ്മൾ വിളിച്ചിരുന്നു. ഈ മോഡലുകൾ അവർക്ക് പരിചയപ്പെടുത്തിയത് ക്രെഡിബിളായ, ശാസ്ത്രീയമായ മാതൃകകൾ അവിടെ നടപ്പാക്കാൻ വേണ്ടിയാണ്. ഇക്കാര്യത്തിൽ പുരോഗതിയുണ്ടെങ്കിലും വളരെ സാവധാനത്തിലാണ് മുന്നോട്ടുപോകുന്നത്. ഇപ്പോൾ മുട്ടത്തറയിലുള്ളത് കുറച്ച് പഴയ പ്ലാന്റാണ്. അത് യഥാർത്ഥത്തിൽ പഴയ മാതൃകയാണെങ്കിലും വളരെ നല്ലൊരു മാതൃകയാണ്. നമ്മൾ അവിടെപ്പോയി ഭക്ഷണം കഴിച്ചിട്ടും നമ്മളിലാർക്കും യാതൊരു ബുദ്ധിമുട്ടുമുണ്ടായില്ല. അതിനെക്കാൾ മെച്ചപ്പെട്ടതും ആധുനിക സാങ്കേതിക വിദ്യയോടുകൂടിയതുമായ സംവിധാനമാണ് കോഴിക്കോടുള്ള കോതിയിൽ ആരംഭിക്കുന്നത്; എന്നിട്ടുപോലും എതിർപ്പുകൾ വരുന്നുണ്ട്; എം.എൽ.എ.-മാർക്കുപോലും അത് ബോധ്യം വരുന്നില്ല. മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്ത് ക്ലീൻ കേരള കമ്പനിയുടെ പ്ലാസ്റ്റിക് റീസൈക്കിളിംഗ് പ്ലാന്റ് ആരംഭിക്കുകയാണ്. ഒരു കാരണവശാലും

അത് ആരംഭിക്കാൻ അനുവദിക്കില്ലെന്ന് പറഞ്ഞ് കഴിഞ്ഞ ദിവസം ബഹുമാന്യനായ എം.എൽ.എ. ഒരു സംഘത്തേയും കൂട്ടി വന്നു. എനിക്ക് അവരോടൊക്കെ കുറച്ച് പരുഷമായി സംസാരിക്കേണ്ടിവന്നു. അവർ എല്ലാപേരും അതിന് എതിരാണെന്നാണ് എന്നോട് പറഞ്ഞത്. എല്ലാപേർക്കും കൂടിയുള്ള മറുപടിയാണ് ഞാൻ പറയുന്നതെന്ന് അവരോട് ഞാൻ പറഞ്ഞു. എല്ലാ പാർട്ടിക്കാരും ഒരുമിച്ച് വന്നിരിക്കുകയാണ്. എന്താണ് വസ്തുതയെന്ന് മനസ്സിലാക്കാതെയാണ് പലപ്പോഴും ഇത്തരം കാര്യങ്ങളിൽ ആളുകൾ നിലപാടെടുക്കുന്നത്.

മാലിന്യസംസ്കരണമാണ് വിഷയമെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് ചില പരാമർശങ്ങൾ ഇവിടെ വരികയുണ്ടായി. ഈ സർക്കാർ ഫണ്ട് കൊടുക്കുന്നില്ലെന്നും കേന്ദ്രസർക്കാരിനെയാണ് ഈ സർക്കാർ കുറ്റം പറയുന്നതെന്നും കേരളവും അതുതന്നെയല്ലേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ചെയ്യുന്നതെന്നുമാണ് ഇവിടെ ചില അംഗങ്ങൾ സൂചിപ്പിച്ചത്. എന്നാൽ അങ്ങനെയല്ല. ഈ കടുത്ത സാമ്പത്തിക ഞെരുക്കത്തിനിടയിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട

ഫണ്ടിന്റെ മൂന്ന് ഗഡുവിൽ രണ്ട് ഗഡുവും കൊടുത്തു കഴിഞ്ഞിട്ടുണ്ടെന്ന കാര്യം ഓർക്കണം. പദ്ധതി ചെലവിന്റെ കാര്യം പറഞ്ഞു. പദ്ധതി ചെലവിനത്തിൽ ഇപ്പോൾ ഏതാണ്ട് 40 ശതമാനത്തിനടുത്തുണ്ട്; ഇതിനെക്കാൾ കുറഞ്ഞ പദ്ധതിചെലവുള്ള കാലഘട്ടമുണ്ടായിരുന്നു. 2014-15-ൽ 31 ശതമാനവും 2015-16-ൽ 30 ശതമാനവുമായിരുന്നു പദ്ധതി ചെലവ്. ഞാൻ ഇതിനെ രാഷ്ട്രീയവത്കരിക്കാനല്ല പറയുന്നത്. നിങ്ങൾ പറഞ്ഞതിനോട് ഞാൻ പ്രതികരിച്ചില്ലെങ്കിൽ സൗകര്യപൂർവ്വം മൗനം പാലിച്ചതായി തോന്നുമല്ലോ. അന്ന് കേരളത്തിന്റെ വിഹിതമായ 57,400 കോടി രൂപ കേന്ദ്രം വെട്ടിക്കുറച്ചിട്ടില്ല. എന്നിട്ടും ഇതായിരുന്നു അന്നത്തെ സ്ഥിതി. ഇന്ന് സംസ്ഥാനത്തിന്റെ വിഹിതമായ 57,400 കോടി രൂപ കേന്ദ്ര സർക്കാർ വെട്ടിക്കുറച്ച സാഹചര്യത്തിലും പ്ലാൻ ഫണ്ടിലേയ്ക്ക് കൊടുക്കാനുള്ള രണ്ടു ഗഡുവും കൊടുത്തു കഴിഞ്ഞിട്ടുണ്ടെന്ന് മാത്രമല്ല, മെയിന്റനൻസ് ഗ്രാന്റിന്റെ രണ്ടു ഗഡുവും കൊടുത്തുകഴിഞ്ഞു. അതുപോലെ ജനറൽ പർപ്പസ് ഫണ്ടിന്റെ ഒൻപത് ഗഡുവും കൊടുത്തു. ഈ സാമ്പത്തിക ഞെരുക്കത്തിനിടയിലും 0.5 ശതമാനം വീതം പ്ലാൻ ഫണ്ട് വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. 2015-16-ൽ

അന്ന് യു.ഡി.എഫ്. സർക്കാർ അധികാരത്തിലിരുന്നപ്പോൾ 24 ശതമാനം തുകയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടിലേയ്ക്ക് കൊടുത്തിരുന്നത്. അത് പടിപടിയായി ഉയർത്തി നടപ്പ് സാമ്പത്തികവർഷം 27.19 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം ബഡ്ജറ്റ് ഡോക്യുമെന്റ്സ് പരിശോധിച്ചാൽ മനസ്സിലാകും. അസാധാരണമായ കാലത്തിലൂടെ കടന്നുപോകുമ്പോഴും അസാധാരണമായ നിലയിൽ കേന്ദ്രത്തിന്റെ വിവേചനം കേരളം നേരിടുമ്പോഴും ഈ സാമ്പത്തിക ഞെരുക്കത്തിന്റെ ഭാരം അതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലയിൽ അടിച്ചേൽപ്പിക്കുകയല്ല സംസ്ഥാന സർക്കാർ ചെയ്യുന്നതെന്ന് നാം കാണേണ്ടതാണ്. ശ്രീ. റോജി എം. ജോൺ കുറച്ചധികം രാഷ്ട്രീയം പറഞ്ഞ് പ്രകോപിപ്പിക്കാൻ ശ്രമിച്ചതാണ്; അതിലൊന്നും ഞാൻ വീഴുന്നില്ല. ഇപ്പോൾ മാത്രം നിങ്ങൾക്ക് എന്തിനാണ് സമരമെന്നും ഇതിനുമുമ്പ് നിങ്ങൾ സമരം ചെയ്തില്ലല്ലോയെന്നും അദ്ദേഹം ചോദിക്കുകയുണ്ടായി. ഇതിനുമുമ്പ് കോൺഗ്രസ് എം.പി.-മാരെ വിളിച്ചുചേർത്ത കോൺഫറൻസിൽ, ഒരു മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്രത്തിൽ കൊടുക്കാൻ ധനകാര്യ

വകുപ്പുമന്ത്രിതന്നെ നേരിട്ട് അവരെ ഏൽപ്പിച്ചു. ഇവർ യോഗത്തിൽ വച്ച് അതെല്ലാം സമ്മതിച്ചുവെങ്കിലും കേന്ദ്രത്തിലെത്തിയപ്പോഴേയ്ക്കും എം.പി.-മാരെല്ലാവരും പിൻമാറി. അതിന്റെ കാരണം ആരുടെയെങ്കിലും മുട്ടിടിച്ചതുകൊണ്ടാണോ എന്നൊന്നും ഞാൻ പറയുന്നില്ല. അക്കാര്യമൊക്കെ നിങ്ങൾ ആലോചിച്ചാൽ മതി. ഇവിടെനിന്ന് സമ്മതിച്ച് പോയിട്ട് ഡൽഹിയിൽ എത്തിയപ്പോൾ മെമ്മോറാണ്ടം കൊടുക്കാൻ തയ്യാറാകാതിരുന്നത്, ആരുടെ മുട്ടിടിച്ചതുകൊണ്ടാണെന്ന് ശ്രീ. റോജി എം. ജോണിനോട് മാത്രമുള്ള ചോദ്യമാണ്. ബാക്കിയുള്ളവരൊന്നും അങ്ങനെ പറഞ്ഞില്ല. എന്തുകൊണ്ടാണ് ഇപ്പോൾ ഇങ്ങനെയൊരു സമരം നടത്തുന്നത്? ഇപ്പോൾ ഡൽഹിയിലെ സമരം മാത്രമല്ല, ഇപ്പോഴാണ് കേസ് കൊടുത്തത്. സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് കൊടുത്തല്ലോ; ഇന്ത്യയിലെ ഏതെങ്കിലുമൊരു സംസ്ഥാന സർക്കാർ അർഹമായ നികുതി വിഹിതം ലഭിക്കുന്നതിനായി ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കേണ്ടി വരുന്നത് ചരിത്രത്തിലാദ്യമായിരിക്കും. ഇപ്പോഴാണ് പ്രശ്നം രൂക്ഷമായി വന്നത്. സമരം മാത്രമല്ല ചെയ്തത്;

കോൺഗ്രസ് എം.പി.-മാരെ വിളിച്ചുചേർത്ത യോഗത്തിൽ ആദ്യം പാർലമെന്റിൽ ഇക്കാര്യം ഉന്നയിക്കാൻ പറഞ്ഞെങ്കിലും അവർ തയ്യാറായില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് കൊടുക്കേണ്ടിവന്നു. സംസ്ഥാന സർക്കാരിന് കേസ് കൊടുക്കേണ്ടിവന്നതും സമരത്തിന് പോകേണ്ടിവന്നതും എന്തുകൊണ്ടാണ്? കേരളത്തിൽ നിന്ന്, കേരളത്തിന്റെ പ്രതിനിധികളായി, കേരളത്തിന്റെ ശബ്ദമായി, കേരളത്തിന്റെ താൽപ്പര്യങ്ങൾക്കുവേണ്ടി ഡൽഹിയിലേയ്ക്ക് തെരഞ്ഞെടുത്തയച്ചവരിൽ 18 പേർ ആ പണി ചെയ്യാത്തതുകൊണ്ടും അവരെക്കൊണ്ടത് കഴിയാത്തതുകൊണ്ടും സർക്കാരിന് ഒടുവിൽ തെരുവിലിറങ്ങേണ്ടിവന്നു. അതുകൊണ്ടാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കേണ്ടി വന്നത്. ഈ എം.പി.-മാർ അവരുടെ ജോലി ചെയ്തിരുന്നുവെങ്കിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കേണ്ടി വരുമായിരുന്നോ; ഈ സമരത്തിന് പോകേണ്ടി വരുമായിരുന്നോ? അപ്പോൾ നിങ്ങൾ നിങ്ങളുടെ പണി ചെയ്തില്ലെന്ന് സമ്മതിച്ചു. അവരുടെ 18 പേർക്ക് പകരമാണ് പ്രൊഫ. കെ. വി. തോമസ് എന്നാണോ അവർ പറയുന്നത്; അതാണോ അവർ

ചോദിക്കുന്നത്? അതുകൊണ്ട് നമുക്ക് അധികം രാഷ്ട്രീയം പറഞ്ഞു പോകേണ്ടതില്ല. ശ്രീ. റോജി എം. ജോൺ പറഞ്ഞതിന് മറുപടി പറയാതെ പോയാൽ ശരിയാകില്ലെന്നതുകൊണ്ടാണ് ഞാൻ ഇത്രയും കാര്യങ്ങൾ പറഞ്ഞത്. വേറെ രാഷ്ട്രീയമൊന്നും ഞാൻ തുടക്കത്തിലും പറഞ്ഞിട്ടില്ല, പറയാൻ ഉദ്ദേശിച്ചതുമല്ല. അങ്ങയുടെ പ്രകോപനത്തിന് ചെറുതായിട്ടെങ്കിലും ഒന്നു പ്രതികരിക്കണ്ടേ; അതുകൊണ്ടാണ് ഇത്രയും പറഞ്ഞത്. ഈ സഭ ഒന്നാകെ, എല്ലാവർക്കും കൂട്ടായി മാലിന്യമുക്ത നവകേരളമെന്ന ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കാം. ഇക്കാര്യങ്ങളിൽ എം.എൽ.എ.-മാർ കുറെക്കൂടി നേതൃത്വപരമായ പങ്കുവഹിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ചില സാമാജികർ കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്, ഇന്ന് രാവിലെയാണ് കല്ല്യാശ്ശേരി എം.എൽ.എ. ശ്രീ. എം. വിജിൻ അവിടെ ഒരു എസ്.റ്റി.പി.-യും എഫ്.എസ്.റ്റി.പി.-യും സ്ഥാപിക്കാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്നും അത് സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഒരു കത്ത് എനിക്ക് തന്നത്. അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുകയാണ്. ഇപ്രകാരം എം.എൽ.എ.-മാർ മുന്നോട്ടുവരികയാണ് ചെയ്യേണ്ടത്. അവരവരുടെ മണ്ഡലങ്ങളിൽ ഇത്

നടപ്പിലാക്കുന്നതിന് നേതൃത്വപരമായ പങ്ക് വഹിക്കാനാണ് എം.എൽ.എ.-മാർ മുന്നോട്ടുവരേണ്ടത്. അതുകൊണ്ട് ഈ സഭ പൊതുവിൽ ഈ ബിൽ അംഗീകരിച്ചിരിക്കുന്നു. അതിനുള്ള നന്ദി അറിയിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീമതി ഉമ തോമസ്, 2023-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അങ്ങ് പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി ഉമ തോമസ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: നിരാകരണ പ്രമേയത്തെ

അനുകൂലിക്കുന്നവർ ................

പ്രതികൂലിക്കുന്നവർ ...............

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വാഴൂർ സോമൻ, 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വാഴൂർ സോമൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വാഴൂർ സോമൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ്, അങ്ങയുടെ 2023-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

(ശ്രീ. അനൂപ് ജേക്കബ് സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച നിരാകരണ പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ്, 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ സംബന്ധിച്ച അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഐ. ബി. സതീഷ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

## (iii) 2024-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2024-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള ചട്ടം 75(1) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

**ക്രമപ്രശ്നം (തുടർച്ച)**

## (3) ബിൽ ഓൺലൈൻ ഗെയ്മിംഗിനെ പ്രോത്സാഹിപ്പിക്കുമെന്നത് സംബന്ധിച്ച്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ചരക്കുസേവന നികുതി കൗൺസിലിന്റെ 51-ാമത് യോഗതീരുമാനപ്രകാരമാണ് പ്രസ്തുത ഭേദഗതി ബിൽ അവതരിപ്പിക്കാൻ ഇടയായത് എന്നാണ് പറയുന്നത്. ഈ ഭേദഗതി കേരളം അംഗീകരിച്ചുകഴിഞ്ഞാൽ സംസ്ഥാനത്തുണ്ടാകുന്ന അനന്തരഫലമെന്താണെന്ന് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോയെന്ന് ഞാൻ അത്ഭുതപ്പെടുകയാണ്. ബില്ലന്റെ “102 (എ) "പ്രത്യേകം വ്യവഹാരപ്പെടുന്ന അവകാശവാദം" എന്നാൽ - (i) വാതുവയ്പ്പ്; (ii) കാസിനോകൾ; (iii) ചൂതാട്ടം; (iv) കുതിരപ്പന്തയം; (v) ഭാഗ്യക്കുറി; അല്ലെങ്കിൽ (vi) ഓൺലൈൻ മണിഗെയ്മിംഗ് " എന്നാണ് പറയുന്നത്. ഇത് കേരള സംസ്കാരത്തിന് ചേരുന്നതാണോയെന്ന് ഒരു നിമിഷമെങ്കിലും അങ്ങ് ആലോചിച്ചിട്ടുണ്ടോയെന്ന് അറിയില്ല. ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നതുതന്നെ ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനത്തിന്റെ

അടിസ്ഥാനത്തിലാണ്. കേന്ദ്ര നിയമം കൊണ്ടുവന്നിട്ടുണ്ട്, അതുകൊണ്ട് കേരളത്തിന് ഒഴിവായി നിൽക്കാൻ സാധിക്കില്ലെന്നായിരിക്കാം അങ്ങ് പറയാൻ പോകുന്ന മറുപടി. തമിഴ്നാട്ടിലും ഇത്തരത്തിലൊരു നിയമം കൊണ്ടുവരാൻ തീരുമാനമെടുത്തെങ്കിലും തമിഴ്നാട് ഗവൺമെന്റ് അത് നടപ്പാക്കിയില്ല. അവരത് റിജക്ട് ചെയ്തുവെന്ന് മാത്രമല്ല, അങ്ങനെ റിജക്ട് ചെയ്തതിനെ ഓൺലൈൻ മാഫിയകൾ കോടതിയിൽ ചോദ്യം ചെയ്ത് മദ്രാസ് ഹൈക്കോടതിയിൽ കൊടുത്ത കേസിന്റെ വിധിപകർപ്പാണ് എന്റെ കൈവശമുള്ളത്. ഓൺലൈൻ മാഫിയയ്ക്കുവേണ്ടി കീഴടങ്ങരുതെന്ന ധ്വനിയുണ്ടാകുന്ന രൂപത്തിലുള്ള വിധിയാണ് മദ്രാസ് ഹൈക്കോടതി പുറപ്പെടുവിച്ചത്. കേരളത്തിന്റെ സ്ഥിതിയെക്കുറിച്ച് സ്വഭാവികമായും അങ്ങ് ആലോചിച്ചിട്ടുണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. ഇവിടത്തെ കുട്ടികൾ ഓൺലൈൻ മാഫിയയുടെ പിന്നാലെ പോയാലുള്ള സ്ഥിതിയെന്തായിരിക്കും? 2016-ൽ 200 കോടി മൊബൈൽ ഫോണുകളിലാണ് ഗെയിം ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്തിരുന്നത്. 2023 ആയപ്പോൾ 1300 കോടി മൊബൈൽ ഫോണുകളാണ് അതിനുവേണ്ടി

വിനിയോഗിച്ചുകൊണ്ടിരുന്നത്. എത്ര വേഗത്തിലാണ് നമ്മുടെ തലമുറ തകർന്നുപൊയ്ക്കൊണ്ടിരിക്കുന്നത് എന്നതിനെക്കുറിച്ച് നമ്മൾ ആലോചിക്കണ്ടേ? സ്വഭാവികമായും അവരെ സംരക്ഷിക്കാൻ നടപടിയെടുക്കണ്ടേ? ഈ രൂപത്തിലുള്ള ആഗോള ഗെയ്മിംഗിന് പോയാൽ നമ്മുടെ രാജ്യം എവിടെ ചെന്നുനിൽക്കും? ദേശീയ സുരക്ഷാ ഭീഷണിയാണെന്നുള്ളതുകൊണ്ട് 18 കോടി ആളുകൾ കളിച്ചിരുന്ന പബ്ജി ഗെയിം കേന്ദ്ര ഗവൺമെന്റ് തടഞ്ഞു. അക്രമം, കൊള്ളയ്ക്ക് പ്രേരിപ്പിക്കൽ, സാമ്പത്തികചൂഷണം എന്നിവയുണ്ടാകുന്നതുകൊണ്ട് കേന്ദ്ര ഐ.ടി. മന്ത്രാലയം അത് നിരോധിച്ചു. ഈ പുതിയ നിയമത്തിലൂടെ അതുകൂടി നിയമപരമാക്കുകയാണ്. 1960-ൽ സംസ്ഥാനത്ത് പാസ്സാക്കിയ കേരള ഗെയ്മിംഗ് ആക്ടിന് നേരെ വിപരീതമാണ് ഇപ്പോൾ സർക്കുലേറ്റ് ചെയ്തിട്ടുള്ള ഈ ബിൽ. കേരള ഗെയ്മിംഗ് ആക്ടിലെ “Penalty for Opening, etc., Any Enclosure, etc., For Certain Forms of Gaming...”എന്ന 3-ാം ക്ലോസ് അനുസരിച്ച് ഈ ഗെയ്മുകളെല്ലാം കേരളത്തിൽ നിരോധിച്ചിട്ടുള്ളതാണ്. കേരളത്തിലെ ആഭ്യന്തരവകുപ്പ് പുറപ്പെടുവിച്ച സർക്കുലറാണ് എന്റെ

കൈവശമുള്ളത്. ആ സർക്കുലറിൽ “Government have now decided on public interest to exclude online rummy............”എന്നാണ് പറയുന്നത്. ആഭ്യന്തര വകുപ്പ് 1976-ൽ ഇറക്കിയ ഒരു നിയമത്തിനുശേഷം സംസ്ഥാന സർക്കാരുകൾ തുടർച്ചയായി എടുത്തിരുന്ന നിലപാടുകൾക്ക് വിരുദ്ധമായാണ് ഇപ്പോൾ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഇത് ജി.എസ്.ടി. കൗൺസിൽ എടുത്ത തീരുമാനമാണെന്നും അതുകൊണ്ട് നമുക്കിത് അംഗീകരിക്കാതിരിക്കാൻ കഴിയില്ലെന്നുമുള്ള ഏക വാദം മാത്രമാണ് സർക്കാരിന് പറയാനുള്ളത്. തമിഴ്നാട്ടിൽ ഇതേ രീതിയിൽ ഒരു നിയമം കൊണ്ടുവരുന്നതിനെ തമിഴ്നാട് ഗവൺമെന്റ് നിരോധിച്ചു, ആ നിരോധനത്തെ ഗെയിം മാഫിയകൾ ചോദ്യം ചെയ്തപ്പോൾ തമിഴ്നാട് ഗവൺമെന്റ് സ്വീകരിച്ച നടപടി ശരിയാണെന്ന് ഹൈക്കോടതി വിധിക്കുകയും ചെയ്തു. എന്നിട്ടും കേരളത്തിൽ ഇങ്ങനെയൊരു നിലപാടുമായി മുന്നോട്ടുപോകുന്നത് ശരിയല്ല. കേരളത്തിലെ ഒരു തലമുറയെ ഇതുപോലുള്ള ഓൺലൈൻ ഗെയ്മിന് അടിമകളാക്കുന്നതിനുള്ള ശ്രമം നടത്തുന്നത് അപകടകരമാണ്. അത് ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കുമെന്നതുകൊണ്ട് ഈ അവസാന

നിമിഷമെങ്കിലും അങ്ങ് ഈ ബിൽ പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനത്തിന്റെ ഭാഗമായാണ് 2024-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബില്ലിൽ ഇത്തരത്തിലൊരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട ഭേദഗതി 2023-ലെ കേന്ദ്ര ചരക്ക് സേവന നികുതി (ഭേദഗതി) ആക്റ്റിൽ കൊണ്ടുവന്നിട്ടുള്ളതും 2023 ഒക്ടോബർ 1-ാം തീയതി പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാണ്. ഇത് ഭൂരിഭാഗം സംസ്ഥാനങ്ങളിലും നടപ്പിലായിക്കഴിഞ്ഞു. നേരത്തെ ഈ സമയക്രമമനുസരിച്ചാണ് ഓർഡിനൻസ് പുറപ്പെടുവിച്ചത്. അതിന്റെ ഭാഗമായാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. 1960-ലെ ഗെയ്മിംഗ് ആക്ട് അനുസരിച്ച് ഓൺലൈൻ Rummy-യെ എസ്.ആർ.ഒ. 234/2021 പ്രകാരം നിരോധിച്ചുവെങ്കിലും Head Digital Works (P) Ltd. V. State of Kerala എന്ന കേസിൽ ടി വിജ്ഞാപനം ഹൈക്കോടതി struck down ചെയ്യുകയുണ്ടായി. അതിനെതിരെ ഇപ്പോൾ ബഹുമാനപ്പെട്ട

സുപ്രീംകോടതി മുമ്പാകെ കേസ് കൊടുത്തിട്ടുണ്ട്. നിലവിലെ ബിൽ ഓൺലൈൻ ഗെയ്മിംഗിനെ പ്രോത്സാഹിപ്പിക്കുന്ന ഒന്നല്ല; ഓൺലൈൻ ഗെയ്മിംഗ് നടത്തുന്നതിന് നികുതി ചുമത്തുന്നതിൽ വ്യക്തത വരുത്താനുള്ള ഒരു വ്യവസ്ഥ മാത്രമാണ് ഈ ബില്ലിലുള്ളത്. ജി.എസ്.ടി. നിലവിൽ വരുന്നതിനുമുമ്പ് ഗെയ്മിംഗ് കേന്ദ്ര നികുതിയായ സർവ്വീസ് ടാക്സിന്റെ പരിധിയിലായിരുന്നു. നിലവിൽ 18 ശതമാനം നികുതിയെന്ന സംവിധാനം നിലനിൽക്കുന്നുണ്ട്. നിലവിലുള്ള ആ സംവിധാനത്തിൽ നികുതി 18 ശതമാനമേയുള്ളൂവെന്ന് മാത്രമല്ല ഗ്രോസ് വാല്യുവിന്റെ അടിസ്ഥാനത്തിലല്ല നികുതി ചുമത്തിക്കൊണ്ടിരുന്നത്. അങ്ങനെ രണ്ട് പ്രശ്നങ്ങളുണ്ട്. അതുസംബന്ധിച്ച് ക്ലാരിറ്റി വരുത്തുന്നതിന്റെ ഭാഗമായി 28 ശതമാനമായി നികുതി വർദ്ധിപ്പിച്ച് നിയമം കൊണ്ടുവന്നുവെന്നേയുള്ളൂ. ഇന്ന് ഈ സഭയിൽ അവതരിപ്പിക്കുന്ന ബിൽ ഗെയ്മിംഗ് നിരോധിക്കാനുള്ള സംസ്ഥാനങ്ങളുടെ അവകാശത്തെ യാതൊരുവിധത്തിലും ഹനിക്കുന്നില്ല. അതായത്, ഇത് 1960-ലെ കേരള ഗെയ്മിംഗ് ആക്ടിന്റെ വ്യവസ്ഥകൾക്ക് എതിരല്ല. ഇക്കാര്യം കേന്ദ്ര റവന്യൂ സെക്രട്ടറി ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ

വ്യക്തമാക്കിയിട്ടുള്ളതാണ്. അക്കാര്യങ്ങൾ സംബന്ധിച്ച് അന്നത്തെ മിനിട്ട്സിൽ വന്നിട്ടുള്ളതുമാണ്. തമിഴ്നാട്ടും കേരളവും മഹാരാഷ്ട്രയും ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ഇക്കാര്യം അതിശക്തമായി ഉന്നയിച്ചിരുന്നു. ഞങ്ങൾ ഓൺലൈൻ ഗെയ്മിംഗിന് അനുവാദം നൽകാൻ ഉദ്ദേശിക്കുന്നില്ലെന്നും നിരോധിക്കുകയാണെന്നും പറഞ്ഞപ്പോഴാണ് റവന്യൂ സെക്രട്ടറി ഇതുസംബന്ധിച്ച് വ്യക്തത വരുത്തിയത്. അത് അന്നത്തെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. ഗെയ്മിംഗ് നിരോധനത്തിനുള്ള സംസ്ഥാനങ്ങളുടെ അവകാശം നിലനിൽക്കുന്നുണ്ടെന്ന അഡീഷണൽ സോളിസിറ്റർ ജനറലിന്റെ അഭിപ്രായം കൗൺസിൽ യോഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കരട് ബില്ലിലെ 5-ാം ഖണ്ഡവും ഇവിടെ പ്രസക്തമാണ്. അതുവഴി സംസ്ഥാന സർക്കാരിന് ഏതെങ്കിലും ഗെയ്മിംഗിനെ നിരോധിക്കാൻ നിയമം നിർമ്മിക്കുന്നതിന് തടസ്സമില്ല. അതിനാൽ ഈ പ്രശ്നത്തിൽ അങ്ങ് ഉന്നയിച്ച ഒബ്ജക്ഷൻ നിലനിൽക്കുന്നതല്ല. ബിൽ അവതരിപ്പിക്കാനായി അനുവാദം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

നിയമത്തിന്റെ 5-ാം ഖണ്ഡത്തിൽ പറയുന്നതും ഇതുതന്നെയാണ്:

"5. Transitory provision.- The amendments made under this Act shall be without prejudice to the provisions of any other law for the time being in force, providing for prohibiting, restricting or regulating betting, casino, gambling, horse racing, lottery or online gaming."- ഇത്തരത്തിലുള്ള വ്യവസ്ഥ നമ്മൾ കൊണ്ടുവരുന്ന ബില്ലിൽ ഉൾക്കൊള്ളുന്നതിനാൽ അങ്ങ് ഉന്നയിച്ച ആശങ്കയ്ക്ക് അടിസ്ഥാനമില്ല എന്നറിയിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇതേ പോയിന്റ് തന്നെയാണ് എനിക്കും പറയാനുള്ളത്; ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് വളരെ ശരിയാണ്. അക്കാര്യം വളരെ കൃത്യമായി ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുമുണ്ട്.

"5. പരിവർത്തനകാലത്തേക്കുള്ള വ്യവസ്ഥ.- ഈ ആക്റ്റ് പ്രകാരമുള്ള ഭേദഗതികൾ വാതുവെയ്പ്പോ, കാസിനോയോ, ചൂതാട്ടമോ, കുതിരപ്പന്തയമോ, ഭാഗ്യക്കുറിയോ, ഓൺലൈൻ മണി ഗെയ്മിംഗോ നിരോധിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ ക്രമീകരിക്കുന്നതിനോ തത്സമയം പ്രാബല്യത്തിലുള്ള

മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് ഭംഗം വരാതെയിരിക്കേണ്ടതാണ്." അത്തരത്തിലുള്ള സെയ്ഫ് ക്ലോസ് വളരെ കൃത്യമായി ബില്ലിലുണ്ട്.

**റൂളിംഗ്**

മി. സ്പീക്കർ: ഓർഡർ...ഓർഡർ.... 2024-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ 1960-ലെ കേരള ഗെയ്മിംഗ് ആക്ടിന് വിരുദ്ധമാണെന്ന് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ, അദ്ദേഹത്തിന്റെ തടസ്സവാദത്തിൽ ഉന്നയിച്ചിരുന്നു. ഈ ഭേദഗതി ബിൽ ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനപ്രകാരം തയ്യാറാക്കിയതാണെന്നും സമാന ഭേദഗതികൾ ഇതിനകംതന്നെ രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയെന്നും 1964-ലെ ഗെയ്മിംഗ് ആക്ടിന് വിരുദ്ധമല്ലെന്നും ഇത് ഒരു കാരണവശാലും ഓൺലൈൻ ഗെയ്മിംഗിനെ പ്രോത്സാഹിപ്പിക്കുന്ന ഒന്നല്ലെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ വ്യക്തമാക്കിയിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച തടസവാദവും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണവും

ചെയർ വളരെ വിശദമായി പരിശോധിക്കുകയും ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിൽ പറഞ്ഞകാര്യങ്ങൾ വസ്തുതാപരമാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തടസവാദം നിലനിൽക്കുന്നതല്ല എന്ന് റൂൾ ചെയ്യുന്നു.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, 2024-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇപ്പോൾ സഭയിൽ പറഞ്ഞ കാര്യങ്ങൾ മാത്രമെ ബില്ലിൽ ഉൾക്കൊള്ളുന്നുള്ളൂ. ഇതുസംബന്ധിച്ച് നേരത്തേ ഇറക്കിയ ഓർഡിനൻസ് ഇപ്പോൾ ബിൽ ആയി

അവരിപ്പിക്കുന്നുവെന്നേയുള്ളൂ. സബ്ജക്ട് കമ്മിറ്റിയിലും അതിനുശേഷം ഫ്ലോറിലും സംസാരിക്കാനുള്ള അവസരമുണ്ട്. ഇപ്പോൾ നിയമപരമായ നടപടിക്രമം പൂർത്തീകരിക്കുകയാണ്, എന്തെങ്കിലും കാര്യങ്ങളിൽ വ്യക്തത വരുത്താനുണ്ടെങ്കിൽ അംഗങ്ങൾ സംസാരിച്ചശേഷം സംസാരിക്കാം.

ശ്രീ. കെ. പി. എ. മജീദ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എ. കെ. എം. അഷ്റഫ്): Sir, I move that "This House resolves to disapprove The Kerala State Goods and Services Tax (Amendment) Ordinance, 2024 (Ordinance No.1 of 2024)".

വളരെ ഗൗരവതരമായ ഒരു വിഷയത്തിന്മേൽ പുറപ്പെടുവിച്ച ഓർഡിൻസിനുപകരമായി നിയമസഭയിൽ കൊണ്ടുവരുന്ന ഒരു ഭേദഗതി ബില്ലാണിത്. ഈ ബില്ലിൽ 28 ശതമാനം നികുതി ചുമത്തിക്കൊണ്ടുള്ള ഭേദഗതിയാണുള്ളത്. ബില്ലുമായി ബന്ധപ്പെട്ട് സഭയിലെ ഏറ്റവും മുതിർന്ന അംഗമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച തടസ്സവാദവും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണവും നമ്മൾ കേട്ടുകഴിഞ്ഞു. കേരളത്തെ സംബന്ധിച്ചിടത്തോളവും ലോകത്തൊട്ടാകെയും

കോവിഡ് മഹാമാരിക്കുശേഷം വലിയ രീതിയിൽ ഓൺലൈൻ ഗെയിം പ്രചരിക്കുന്നുണ്ട്. ലോകത്ത് ഇരുന്നൂറ് കോടി ജനങ്ങൾ ഓൺലൈനായി ഗെയിം കളിക്കുന്നുണ്ടെന്നാണ് പുതിയൊരു സർവ്വെ റിപ്പോർട്ടിലുള്ളത്. അതിൽത്തന്നെ നാല് ശതമാനം, അതായത് 8 കോടി ജനങ്ങൾ ഓൺലൈൻ ഗെയ്മിന്റെ അടിമകളായി മാറിയിട്ടുണ്ടെന്ന പുതിയ കണക്കും പുറത്തുവന്നിട്ടുണ്ട്. ജി.എസ്.ടി. കൗൺസിലിന്റെ നിർദ്ദേശപ്രകാരം കേന്ദ്രഗവൺമെന്റ് കൊണ്ടുവന്ന ഒരു ബില്ലിന്റെ ചുവടുപിടിച്ചാണ് നമ്മുടെ സംസ്ഥാനത്തും 28 ശതമാനം നികുതി ചുമത്തുന്ന ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. സ്വാഭാവികമായും സഭ അറിയേണ്ട ഒരു കാര്യത്തെക്കുറിച്ചാണ് ഞാൻ സൂചിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. അടുത്തകാലത്തായി, ഒരു മാസം മുമ്പ് മംഗലാപുരത്തുനിന്നുള്ള ഒരു പൊതുപ്രവത്തകൻ ഒരു കുട്ടിയെ കാണാതായ സംഭവത്തെക്കുറിച്ച് അതിർത്തിയിലുള്ള എം.എൽ.എ. എന്ന നിലയിൽ എന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അതിർത്തിയിലുള്ള തലപ്പാടിയിലെ ഒരു ടോൾ ബൂത്തിലെ സി.സി. ക്യാമറയിൽ റോഡിലൂടെ ഷർട്ടിടാതെ

കടന്നുപോകുന്ന ഈ കുട്ടിയുടെ ഒരു വിഷ്വൽ ലഭ്യമായിട്ടുണ്ടെന്നും അത് പരിശോധിച്ചശേഷം കാസർഗോഡുള്ള ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ അറിയിച്ച് ആ കുട്ടിയെ കണ്ടുപിടിക്കാൻ ശ്രമം നടത്തണമെന്നും എന്നോട് അഭ്യർത്ഥിക്കുകയുണ്ടായി. നാല് ദിവസത്തിനുശേഷം മഞ്ചേശ്വരം പോലീസ് സ്റ്റേഷന്റെ പരിധിയിൽ കടലിൽനിന്നും കുട്ടിയുടെ മൃതദേഹം ലഭിച്ചു. ടി വിവരം കുടുംബത്തെ അറിയിക്കുകയും അവർ എത്തിയശേഷം പോസ്റ്റ്മോർട്ടം നടത്തി മൃതദേഹം വിട്ടുകൊടുക്കുകയും ചെയ്തു. പൊതുപ്രവർത്തന ജീവിതത്തിൽ സാധാരണയായി പോസ്റ്റ്മോർട്ടങ്ങൾക്കും മോർച്ചറിയുമായും ബന്ധപ്പെട്ടും ധാരാളം ഇടപെടേണ്ടി വന്നിട്ടുണ്ട്. ആ കുട്ടി മംഗലാപുരം യൂണിവേഴ്സിറ്റിയിലെ മിടുക്കനായ വിദ്യാർത്ഥിയായിരുന്നു. കോവിഡിനുശേഷം ഓൺലൈൻ പഠനത്തിനായി നല്ലൊരു സ്മാർട്ട് ഫോൺ വാങ്ങി നൽകിയിരുന്നെന്നും മൊബൈൽ ഫോണിലൂടെ പബ്ജി എന്ന ഓൺലൈൻ ഗെയിമിൽ അടിമപ്പെട്ടുപോയെന്നും ആ ഗെയിം വളരെ കൃത്യമായി അവനെക്കൊണ്ട് അത്തരത്തിലുള്ള വേഷവിധാനങ്ങളിൽ നടക്കാൻ പ്രേരിപ്പിച്ച് ആത്മഹത്യയിലേയ്ക്ക് തള്ളിവിട്ടുവെന്നുമാണ് ആ കുട്ടിയുടെ

മരണകാരണത്തെക്കുറിച്ച് കുടുംബത്തോട് ചോദിച്ചപ്പോൾ അറിയാൻ സാധിച്ചത്. ഈ സംഭവം മോർച്ചറിക്ക് മുമ്പിൽവച്ച് കണ്ണീരോടെയാണ് ആ കുടുംബം പറഞ്ഞത്. ഇതുപോലെ ഒന്നുമാത്രമല്ല, ഇത്തരത്തിൽ ധാരാളം അനുഭവങ്ങൾ ഉണ്ടാകുന്നുണ്ടെന്ന് നമുക്കെല്ലാം അറിയാം. കോവിഡ് മഹാമാരി വന്നസമയത്ത് കലാലയങ്ങളും സ്കൂളുകളും ഓൺലൈൻ പഠനത്തിലേയ്ക്ക് മാറിയപ്പോൾ, ഓൺലൈൻ പഠനത്തിനായി പല കുട്ടികൾക്കും നമ്മളെല്ലാം സ്മാർട്ട് ഫോണുകൾ വാങ്ങിനൽകിയിരുന്നു. നമ്മുടെ വീട്ടിലെ കുട്ടികൾക്കും മൊബൈൽ ഫോണും ടാബ്‌ലെറ്റുകളും മറ്റ് കംപ്യൂട്ടർ ഉപകരണങ്ങളും വാങ്ങിനൽകാറുണ്ട്. കുട്ടികൾ ഏറ്റവും കൂടുതലായി ഇതിന് അടിമപ്പെടുന്നുവെന്ന് മാത്രമല്ല, ലഹരിയെക്കാളും ഭീകരമായി അവരെ കീഴടക്കി മാനസിക രോഗികളാക്കി മാറ്റുന്നുവെന്നാണ് ലോകാരോഗ്യ സംഘടനയുടേതടക്കം വരുന്ന പുതിയ കണക്കുകൾ വ്യക്തമാക്കുന്നത്. ഈ സന്ദർഭത്തിലാണ് കേരളത്തെപ്പോലൊരു സംസ്ഥാനത്ത് ഇത്തരത്തിലുള്ള ബിൽ കൊണ്ടുവരുന്നത്. തമിഴ്‌നാട് ഇത് വേണ്ടെന്നുവച്ചു, മഹാരാഷ്ട്രയും അത്തരത്തിൽ ചിന്തിക്കുന്ന കാര്യം നേരത്തേ സൂചിപ്പിച്ചുകഴിഞ്ഞതാണ്.

ഈ സന്ദർഭത്തിൽ തീർച്ചയായും ഓൺലൈൻ ഗെയ്മുകൾക്ക് ഒത്താശ ചെയ്യുന്ന ഒരു ബിൽ നമുക്ക് ആവശ്യമുണ്ടോ? 28 ശതമാനം നികുതി ചുമത്തുന്ന കാര്യത്തെക്കുറിച്ചല്ല സംസാരിക്കേണ്ടത്, നമ്മുടെ സംസ്ഥാനത്ത് ഈ ഗെയിം നിരോധിക്കണം. ഇവിടെ ഈ ഗെയ്മുകൾ വേണ്ടെന്ന അഭിപ്രായമാണ് ഈ ബില്ലുമായി ബന്ധപ്പെട്ട് നിരാകരണ പ്രമേയം അവതരിപ്പിക്കുന്ന ഘട്ടത്തിൽ എനിക്ക് വ്യക്തമാക്കാനുള്ളത്. നേരത്തെ സൂചിപ്പിച്ച പബ്ജിയെക്കൂടാതെ ജംഗ്ളി റമ്മി എന്ന ഗെയ്മും വ്യാപകമാണ്. മലയാള സിനിമാ സംവിധായകനും നടനുമായ ശ്രീ. ലാൽ നമ്മുടെ മുമ്പിൽ ഇതിന് പ്രചോദനം നൽകുന്ന പരസ്യത്തിൽ പ്രത്യക്ഷപ്പെടാറുണ്ട്. ഗാനഗന്ധർവൻ യേശുദാസിന്റെ മകൻ ഇതിന്റെതന്നെ മറ്റൊരു പരസ്യത്തിൽ പ്രത്യക്ഷപ്പെട്ട് അനുകൂലിക്കുന്നതും നാം കാണാറുണ്ട്. ഇന്ത്യയ്ക്ക് എല്ലാകാര്യങ്ങളിലും മാതൃകയാണെന്ന് അഭിമാനത്തോടെ പറയുന്ന നമ്മുടെ സംസ്ഥാനത്തെ പുതിയ തലമുറയിലെ കുട്ടികൾ തീർച്ചയായും വഴിതെറ്റിപ്പോകാൻ ഏറ്റവും സാധ്യതയുള്ള ഓൺലൈൻ ഗെയ്മിൽ ചെന്നുപെടാതിരിക്കാൻ ജാഗ്രത പുലർത്തണം. അതിനായി ഇത്തരത്തിലുള്ള

ഗെയ്മുകൾ ഇവിടെ നിരോധിക്കുന്ന ചിന്താഗതി ഉണ്ടാകണമെന്ന അഭ്യർത്ഥനയാണുള്ളത്. കാസർഗോഡ് ജില്ലയിൽ ഒരു ഡി-അഡിക്ഷൻ സെന്റർ പോലുമില്ല. ഞങ്ങൾക്ക് ഇതിനായി കണ്ണൂരോ മംഗലാപുരത്തോ ആശ്രയിക്കേണ്ട അവസ്ഥയാണുള്ളത്. ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതോടൊപ്പം കലാലയങ്ങളിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും മികച്ച ബോധവത്കരണം നടത്തിയും ഓൺലൈൻ ഗെയ്മിംഗ് പ്രവണത കുറയ്ക്കേണ്ടതുണ്ട്. പുതിയ കാലഘട്ടത്തിലുള്ളവരാണ് ഏറ്റവും കൂടുതൽ ടെൻഷന് അടിമപ്പെട്ടിരിക്കുന്നത്. ഡിപ്രഷൻ, ഉറക്കമില്ലായ്മ, അമിത ഉത്കണ്ഠ തുടങ്ങിയ അസുഖങ്ങളിലേയ്ക്ക് കുട്ടികൾ അകപ്പെട്ടുപോകുന്നത് നമ്മൾ വാങ്ങിനൽകുന്ന മൊബൈൽ ഫോണിലൂടെതന്നെയാണ്. ഇങ്ങനെ പെട്ടുപോകുന്ന വരുംതലമുറയെ രക്ഷപ്പെടുത്താനുള്ള ശ്രമം വേണം.

രാജ്യം ഭരിക്കുന്നവർ ഇക്കാര്യങ്ങളെക്കുറിച്ച് ഗഹനമായി ചിന്തിക്കുന്നില്ല. കുട്ടികൾ ഈ രീതിയിൽ പോയാൽ അരാഷ്ട്രീയ ചിന്താഗതിയുള്ളവരായി മാറുമെന്ന് കരുതുന്ന ഒരു ഭരണകൂടത്തെയാണ്

വർത്തമാനകാല ഇന്ത്യയുടെ ചുറ്റുവട്ടത്ത് കണ്ടുകൊണ്ടിരിക്കുന്നത്. സഭ സമ്മേളിച്ചുകൊണ്ടിരിക്കുന്ന ഈ സമയത്ത് ഇന്ത്യൻ മതേതര മേഖലയെ മുഴുവനായും ഞെട്ടിപ്പിക്കുന്നതും ദുഃഖിപ്പിക്കുന്നതുമായ വിധി പ്രസ്താവന വാരണാസി കോടതി പുറപ്പെടുവിച്ചതിനെക്കുറിച്ച് നമ്മൾ പത്രത്തിൽ വായിക്കുകയുണ്ടായി. ഗ്യാൻവാപി മസ്ജിദിൽ പൂജ നടത്തുന്നതിന് അനുമതി നൽകുന്ന ഈ കോടതി വിധി വർത്തമാനകാല ഇന്ത്യയുടെ മതേതര മേഖലയെ മുഴുവനും ആശങ്കപ്പെടുത്തുന്നതാണ്. ബാബറി മസ്ജിദിന്റെ തകർച്ചയ്ക്കുശേഷം ബഹു. സുപ്രീംകോടതിയുടെ വിധി മാനിച്ച് കഴിഞ്ഞ മാസം 22-ാം തീയതി ഒരു രാജ്യത്തിന്റെ/മതേതര രാഷ്ട്രത്തിന്റെ ഭരണകൂടം ഒരു ക്ഷേത്രത്തിന്റെ പ്രതിഷ്ഠാദിന ചടങ്ങിന് നേതൃത്വം കൊടുക്കുന്ന കാഴ്ചയും നാം കാണുകയുണ്ടായി. നമ്മൾ ബഹു. സുപ്രീംകോടതിയുടെ വിധിയെ മാനിച്ചവരാണ്. അപ്പോഴും സംഘപരിവാർ ഇന്ത്യക്കാരോട് ഇത് അവസാനത്തേതാണെന്ന് പറയുന്നതും നമ്മൾ കേട്ടതാണ്. എന്നാൽ വീണ്ടും ഗ്യാൻവാപിയുടെ വിഷയം ഉണ്ടായത് സ്വാഭാവികമായും നമ്മെ ഏറ്റവും

കൂടുതൽ ആശങ്കപ്പെടുത്തുന്നുവെന്നുമാത്രമല്ല, വളരെ ജാഗ്രതയോടെ അക്കാര്യത്തിൽ ഇടപെടേണ്ട ആവശ്യകതകൂടിയുണ്ട്.

മി. സ്പീക്കർ: ഈ വിഷയവും ജി.എസ്.ടി.-യും തമ്മിലുള്ള ബന്ധം എന്താണ്?

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഇന്നലെ ബഹുമാന്യനായ മുഖ്യമന്ത്രി നന്ദിപ്രമേയ ചർച്ചയ്ക്കുശേഷം ഇന്ത്യൻ ഫാസിസത്തെ നേരിടാൻ കേരളീയർ ഒന്നിച്ചുനിൽക്കണമെന്ന സന്ദേശം നൽകിക്കൊണ്ട് രണ്ട് മണിക്കൂറോളം എടുത്ത് വളരെ മനോഹരമായി പ്രസംഗിച്ചു. ഇന്നലെയും സംസ്ഥാനത്തൊരു വിധി പ്രസ്താവന പുറപ്പെടുവിക്കപ്പെട്ടു. ഒരു വർഷം മുമ്പ് മാവേലിക്കര കോടതിയിലെ അഡ്വ. രഞ്ജിത് ശ്രീനിവാസ്, അഡ്വ. കെ. ഷാൻ എന്നീ രണ്ട് അഭിഭാഷകർ മണിക്കൂറുകളുടെ വ്യത്യാസത്തിലാണ് കൊല്ലപ്പെട്ടത്. കേരള ചരിത്രത്തിലാദ്യമായി മുഴുവൻ പ്രതികൾക്കും വധശിക്ഷ നൽകുന്ന വിധിയാണ് അഡ്വ. രഞ്ജിത് ശ്രീനിവാസന്റെ കേസിൽ ഉണ്ടായിട്ടുള്ളത്. ആ വിധിയുടെ കാര്യത്തിലൊരു തർക്കവുമില്ല. ഒരാൾ പോലും കേരളത്തിൽ കൊല്ലപ്പെടരുതെന്ന് ആഗ്രഹിക്കുന്ന ഒരു മുന്നണിയുടെ

ഭാഗമായി പ്രവർത്തിക്കുന്ന എം.എൽ.എ. ആണ് ഞാൻ. അഡ്വ. കെ. ഷാൻ എന്ന ചെറുപ്പക്കാരനാണ് ആദ്യം കൊല്ലപ്പെടുന്നത്. ഒരു സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്ന കാര്യത്തിൽ നമ്മുടെ സർക്കാർ പരാജയപ്പെട്ടോ എന്ന് ഈ സഭയിൽ ചോദിക്കാൻ ആഗ്രഹിക്കുകയാണ്. ഇന്നലെ ആ വാർത്ത വന്നപ്പോൾത്തന്നെ ഇരട്ടനീതി എന്നുള്ള രീതിയിലാണ് ചർച്ച നടന്നത്. സ്വാഭാവികമായും അഡ്വ. രഞ്ജിത് ശ്രീനിവാസന്റെ കുടുംബത്തിന് കിട്ടിയ അതേ നീതി അഡ്വ. കെ. ഷാനിന്റെ കുടുംബത്തിനും നൽകുന്ന കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകണം. കേരളത്തിൽ ആരും കൊല്ലപ്പെടാൻ പാടില്ല. എന്നിരുന്നാലും ആര് കൊല്ലപ്പെട്ടാലും പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ച വരാതെ പ്രതികൾക്ക് തക്കതായ ശിക്ഷ നൽകുന്നതിൽ ഇരട്ടനീതി ഉണ്ടാകരുതെന്നും ആവശ്യമെങ്കിൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ചുനൽകണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. രമേശ് ചെന്നിത്തല): സർ, നിരാകരണ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. നമ്മുടെ സമൂഹത്തിൽ വളരെ ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്നതും ദൂരവ്യാപകമായ പ്രതിസന്ധികൾ സൃഷ്ടിക്കുന്നവയുമാണ് ഓൺലൈൻ ഗെയ്മിംഗുകൾ. ജി.എസ്.ടി.-യുടെ 2023-ലെ 30-ാമത് കേന്ദ്ര ജി.എസ്.ടി. നിയമ ഭേദഗതിയുടെയും 29-09-2023-ലെ 48/2023-ാം നമ്പർ വിജ്ഞാപന പ്രകാരവുമുള്ള കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ നോട്ടിഫിക്കേഷന് ചുവടുപിടിച്ചുകൊണ്ടാണ് കേരള ജി.എസ്.ടി. നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള സംസ്ഥാന സർക്കാരിന്റെ ഓർഡിനൻസ് റീപ്ലേസ് ചെയ്യാനുള്ള ബിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. ഇതോടെ ഓൺലൈൻ ഗെയ്മിംഗ് അടക്കമുള്ള പണം വച്ചുള്ള മത്സരങ്ങളെക്കൂടി ചരക്കുസേവന നികുതിയുടെ പരിധിയിൽ കൊണ്ടുവരികയാണ്. Betting, casinos, gambling, horse racing, lottery, online money gaming തുടങ്ങിയ ഇനങ്ങളാണ് ജി.എസ്.ടി.-യുടെ പരിധിയിൽ വരുന്നത്. ഇതിൽനിന്ന് സർക്കാരിന് കൂടുതൽ നികുതി

വരുമാനം ലഭിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ക്രമപ്രശ്നത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ ഈ നിയമ ഭേദഗതിയിലൂടെ സമൂഹത്തിലുണ്ടാകാൻ പോകുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങളെക്കുറിച്ച് സർക്കാർ ഒട്ടും ചിന്തിച്ചിട്ടില്ലെന്നാണ് കരുതേണ്ടത്. ജി.എസ്.ടി. കൗൺസിലിൽ ഈ വിഷയം പരിഗണിച്ചപ്പോൾ ഞങ്ങൾ എതിർത്തതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. എന്നാൽ ഇത്തരത്തിലൊരു കാര്യം ഉണ്ടായതായി ഞങ്ങൾ ഒരിടത്തുപോലും വായിച്ചില്ല. ജി.എസ്.ടി. കൗൺസിലിൽ ശ്രീമതി നിർമ്മല സീതാരാമൻ പറയുന്ന കാര്യങ്ങൾ മുഴുവൻ തലകുലുക്കി സമ്മതിച്ചുകൊടുക്കേണ്ട ഉത്തരവാദിത്വമാണോ ധനകാര്യ വകുപ്പുമന്ത്രിക്കുള്ളത്; അങ്ങനെ തല കുലുക്കി സമ്മതിക്കുകയാണോ അങ്ങ് ചെയ്യേണ്ടത്? സായിപ്പിനെ കാണുമ്പോൾ കവാത്ത് മറക്കുന്നതുപോലെ ഇവിടെ വന്നശേഷം ശ്രീമതി നിർമ്മല സീതാരാമനെ എതിർക്കുകയും ജി.എസ്.ടി. കൗൺസിൽ വരുമ്പോൾ അവർ പറയുന്നതെല്ലാം അംഗീകരിച്ചുകൊടുക്കുകയും ചെയ്യുന്നത്

ശരിയാണോയെന്ന് അങ്ങ് പരിശോധിക്കണം. ഈ ബിൽ അവതരിപ്പിക്കുന്നതിന് മുമ്പ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സമൂഹത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന യാഥാർത്ഥ്യത്തിലേയ്ക്ക് കണ്ണോടിക്കണം. 2017-ൽ ഓൺലൈൻ ഗെയ്മുകൾ നടത്തുന്ന മുപ്പതോളം കമ്പനികളുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ ആയിരത്തിനടുത്ത് കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. പ്രതിവർഷം അരലക്ഷം കോടി രൂപയുടെ ബിസിനസ്സാണ് രാജ്യത്തുള്ളത്. ഓൺലൈൻ ഗെയ്മുകളും ഓൺലൈൻ ബെറ്റിംഗും സമൂഹത്തിൽ കാൻസർപോലെ പടർന്നുപിടിക്കുകയാണ്. പ്രത്യേകിച്ച് യുവതലമുറയിൽ വളരെ വ്യാപകമായിക്കൊണ്ടിരിക്കുന്ന മാരകരോഗമായി ഇത് മാറുകയാണ്. ഇത് കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രത തകർക്കുകയും നിലനിൽപ്പിനെ ബാധിക്കുകയും ചെയ്യുന്നുവെന്ന് മാത്രമല്ല, വ്യാപകമായ തോതിൽ രാജ്യമൊട്ടാകെ ബാധിച്ചുകൊണ്ടിരിക്കുന്ന വലിയ പ്രശ്നമായി മാറിക്കൊണ്ടിരിക്കുയുമാണ്. എത്രയോ യുവാക്കളാണ് ഓൺലൈൻ ഗെയ്മുകളിൽ അടിമപ്പെട്ട് പണവും സമ്പാദ്യവും നഷ്ടപ്പെട്ട് ആത്മഹത്യ ചെയ്യുന്നത്. സർക്കാർ ഉദ്യോഗസ്ഥർ മുതൽ

കൂലിത്തൊഴിലാളികൾവരെ ഈ ഗണത്തിൽപ്പെടുന്നു. അടുത്തകാലത്തുമാത്രം ഏതാണ്ട് മുപ്പതോളം പേരാണ് ഓൺലൈൻ ഗെയ്മിലൂടെ പണം നഷ്ടപ്പെട്ടതിനെത്തുടർന്ന് ആത്മഹത്യ ചെയ്തത്. ആയിരക്കണക്കിന് ആളുകളാണ് വൻ കടബാധ്യതയിൽ അകപ്പെട്ടിരിക്കുന്നത്. ഓൺലൈൻ ഗെയിം കളിക്കുന്നതിനുള്ള പണം സ്വരൂപിക്കുന്നതിനായി ട്രഷറിയിലും ബാങ്ക് നിക്ഷേപങ്ങളിലും തിരിമറി നടത്തി അറസ്റ്റിലായ സർക്കാർ ഉദ്യോഗസ്ഥരും തിരുവനന്തപുരത്തുണ്ടായിരുന്നു എന്ന വസ്തുത നമ്മൾ മറക്കരുത്. പഞ്ചാബ് നാഷണൽ ബാങ്കിലെ ഒരു ഉദ്യോഗസ്ഥൻ ഓൺലൈൻ ചൂതാട്ടത്തിനായി കോഴിക്കോട് കോർപ്പറേഷനിലെ അക്കൗണ്ടിൽനിന്നും കോടിക്കണക്കിന് രൂപ തിരിമറി നടത്തിയതിനെക്കുറിച്ച് നാം പത്രങ്ങളിൽ വായിച്ചതാണ്. ഓൺലൈൻ ഗെയ്മുകളിൽ ചിലത് നിശബ്ദ കൊലയാളികളെപ്പോലെയാണ്. ഈ ഗെയ്മുകളിൽപ്പെട്ട് എത്ര കുട്ടികളുടെ ജീവനാണ് നഷ്ടപ്പെട്ടിരിക്കുന്നത്. 2019-നും 2023-നും ഇടയിൽ ഓൺലൈൻ ഗെയ്മുകളിൽ അടിമകളായി മനോസമ്മർദ്ദം താങ്ങാനാകാതെ ജീവനൊടുക്കിയ നിരവധി കുട്ടികളെക്കുറിച്ചുള്ള റിപ്പോർട്ടുകളാണ്

പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഓൺലൈൻ ഗെയ്മുകൾക്കായി സ്വന്തം ശരീരത്തെപ്പോലും പരീക്ഷണ വസ്തുവാക്കി മാറ്റുന്ന കൗമാരക്കാരുടെ എണ്ണവും വർദ്ധിച്ചുവരികയാണ്. സൗജന്യ ഗെയ്മുകൾക്ക് ആകർഷകമായ ഓഫർ നൽകുകയാണ്. ആധുനിക ഡിജിറ്റൽ മാധ്യമങ്ങളിലൂടെ ഓഫറുകൾ വന്നുകൊണ്ടിരിക്കുകയാണ്. ആളുകളെ ഇതിലേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടി ഓൺലൈൻ സൈറ്റുകളെ സംബന്ധിച്ച് രാജ്യത്തിനകത്തും പുറത്തും വ്യാപകമായ പരസ്യങ്ങൾ നൽകുകയാണ്. ഇപ്രകാരം ക്രമേണ പുതിയ തലമുറയെ ഈ ഗെയ്മുകളുടെ കെണിയിലേയ്ക്കെത്തിക്കുന്നതിനുള്ള നീക്കങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ ഗെയ്മുകൾ കളിക്കുന്നതിനുള്ള വായ്പ നൽകുന്നതിന് മൊബൈൽ ആപ്പുകൾപോലും ഇന്ന് നിലവിലുണ്ടെന്നത് നമ്മെയെല്ലാം ആശ്ചര്യപ്പെടുത്തുകയാണ്. ലോണെടുത്തും സ്വന്തം ബൈക്ക് പണയപ്പെടുത്തിയും സർക്കാർ പണം തിരിമറി നടത്തിയും ഓൺലൈൻ ഗെയ്മുകൾക്ക് പണം കണ്ടെത്താൻ ശ്രമിക്കുന്ന സമൂഹത്തിൽ ഇത്തരം അധാർമ്മികമായ നടപടികളെ വെള്ള പൂശുന്ന തരത്തിലേയ്ക്ക് ഒരു ഭേദഗതി

കൊണ്ടുവരേണ്ടിവന്നു എന്നത് ലജ്ജാകരമാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 246, 7-ാം ഷെഡ്യൂൾ സ്റ്റേറ്റ് ലിസ്റ്റ് ഇനം നമ്പർ 34 പ്രകാരം 'betting and gambling' സംസ്ഥാന വിഷയമായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സ്റ്റേറ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്തുന്നതിന് സംസ്ഥാന സർക്കാരിന് പരിപൂർണ്ണ അവകാശമുണ്ട്. അതിനുള്ള അധികാരം ആരും എടുത്തുകളഞ്ഞിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി.

1867-ലെ ഇന്ത്യൻ ചൂതാട്ട നിയമപ്രകാരം ചൂതാട്ടം സംസ്ഥാന വിഷയത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ഓൺലൈൻ ചൂതാട്ടത്തിന് അനുമതി നൽകണോ നിരോധിക്കണോ എന്നത് സംസ്ഥാന സർക്കാരിന്റെ പരിധിയിൽപ്പെടുന്ന കാര്യമാണ്. 2023 ഏപ്രിലിൽ തമിഴ്നാട് സർക്കാർ ഓൺലൈൻ ചൂതാട്ടവും പണവും വച്ചുള്ള ഓൺലൈൻ ഗെയ്മും പന്തയവും നിരോധിക്കുന്നതിനായി "The Tamil Nadu Prohibition of Online Gambling and Regulation of Online Games Act, 2022" നടപ്പാക്കി. കൂടാതെ പണമോ മറ്റ് ഓഹരികളോ ഉപയോഗിച്ച് ഏതെങ്കിലും ഓൺലൈൻ ഗെയിം

കളിക്കുന്നത് ഈ ആക്ടിലൂടെ നിരോധിക്കുകയും ചെയ്തു. ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ടുകളുടെയും റിട്ടയേർഡ് ജഡ്ജി ശ്രീ. കെ. ചന്ദ്രു അദ്ധ്യക്ഷനായ അഞ്ചംഗ കമ്മിറ്റിയുടെ വിശദമായ ശിപാർശയുടെയും അടിസ്ഥാനത്തിലാണ് നിയമം കൊണ്ടുവന്നത്; ടി നിയമത്തിന്റെ പകർപ്പ് എന്റെ കൈവശമുണ്ട്. വളരെ ഗൗരവതരമായ കണ്ടെത്തലുകളും അതിൽ ഉൾപ്പെടുന്നുണ്ട്. വാസ്തവത്തിൽ തമിഴ്‌നാട് ഗവൺമെന്റിനെ നമ്മൾ അഭിനന്ദിക്കണം. ഈ വിഷയത്തെപ്പറ്റി അവർ വളരെ ഗൗരവമായ പഠനമാണ് നടത്തിയത്. ലോകാരോഗ്യ സംഘടനയുടെ അഭിപ്രായം കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്ത് നിലനിൽക്കുന്ന സാഹചര്യങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിനുവേണ്ടി റിട്ടയേർഡ് ജസ്റ്റിസ് ശ്രീ. കെ. ചന്ദ്രു അധ്യക്ഷനായ അഞ്ചംഗ സമിതി രൂപീകരിക്കുകയുണ്ടായി. റിട്ടയേർഡ് ജസ്റ്റിസിന്റെ നേതൃത്വത്തിലുള്ള ഈ കമ്മിറ്റി കണ്ടെത്തിയ വളരെ ഗുരുതരമായ കാര്യങ്ങളിൽ പ്രധാനപ്പെട്ടത് മാത്രം ഞാൻ ഇവിടെ സൂചിപ്പിക്കാം. അതിൽ പറയുന്നത്, "AND WHEREAS in a recent survey conducted by the Government among more than two lakh teachers of the School Education

department, to study the effects of online games on school students, more than seventy four percent of the teachers responded that concentration of students is impacted, sixty seven percent of the respondents said that they noticed eye defects, more than seventy four percent of them said they noticed decrease in intelligent quotient, writing skills and creativity of students, more than seventy six percent said they have noticed significant decrease in self esteem of students, more than seventy seven percent said they have noticed increase of anger in students and more than seventy two percent said they have noticed indiscipline among students;"എന്നാണ്. കുട്ടികളിൽ കോപവും അച്ചടക്കമില്ലായ്മയും നേത്ര രോഗങ്ങളും വർദ്ധിച്ചുവരുന്നതായും അവർ പലതരത്തിലുള്ള മാനസിക സമ്മർദ്ദങ്ങൾക്ക് വിധേയരാകുന്നതായും കാണാൻ കഴിയും. ജസ്റ്റിസ് കെ. ചന്ദ്രുവിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി ജനങ്ങളുടെയിടയിൽ ഒരു സർവ്വേ നടത്തുകയുണ്ടായി. തമിഴ്നാട്ടിലെ 99 ശതമാനം ആളുകളും ഓൺലൈൻ ഗെയ്മുകൾ നിരോധിക്കണമെന്ന്

അഭിപ്രായപ്പെട്ടു. "AND WHEREAS the said report further states that in the case of online version of games including online rummy, the algorithm for the random generators are known to the developers and hence are pseudo random generators; such games can be played with bots (an autonomous program or character designed to interact with systems or users); no mechanism is available for auditing the centralised server architecture of the gaming systems; and artificial intelligence can be used to manipulate the games and lure the players into continued indulgence;" എന്നാണ് തമിഴ്നാട് സർക്കാരിന്റെ നിയമത്തിൽ പറയുന്നത്. ഇതെല്ലാം അപകടകരമായ കാര്യങ്ങളാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ച് പുതിയ തലമുറയിലുള്ളവരെ ഇതിലേയ്ക്ക് ആകർഷിക്കാനും അവരുടെ ഇന്റലിജൻസ് വർദ്ധിപ്പിക്കാനും കഴിയത്തക്ക നിലയിലുള്ള സംവിധാനങ്ങൾ നിലനിൽക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. അതുകൊണ്ടുതന്നെ തമിഴ്നാട് ഗവൺമെന്റ് വളരെ ആലോചിച്ചശേഷമാണ് "The Tamil Nadu Prohibition of Online Gambling and

Regulation of Online Games Act" എന്ന നിയമം കൊണ്ടുവന്നത്. തമിഴ്നാട് നിയമസഭ ഓർഡിനൻസ് കൊണ്ടുവന്നെങ്കിലും അവിടത്തെ ഗവർണ്ണർ ശ്രീ. ആർ. എൻ. രവി ഒപ്പിടാത്തതുകൊണ്ട് ആ നിയമം ത്രിശങ്കുവിൽ നിൽക്കുകയാണ്. കേരള ഗവർണ്ണറെപ്പോലെ തന്നെയാണ് തമിഴ്നാട് ഗവർണ്ണറും; ഒരു നിയമവും അദ്ദേഹം ഒപ്പിടാറില്ല. ഓൺലൈൻ ഗെയ്മുകൾ പൗരന്മാരുടെ വ്യക്തി, കുടുംബ, സാമൂഹ്യ ജീവിതത്തിലും തൊഴിൽപരവും വിദ്യാഭ്യാസപരവുമായ കാര്യങ്ങളിലുമെല്ലാം ചെലുത്തുന്ന ദൂഷ്യവശങ്ങൾ പരിഗണിച്ചാണ് തമിഴ്നാട് ഈ നിയമനിർമ്മാണം നടത്തിയതെങ്കിൽ, എന്തുകൊണ്ട് കേരള ഗവൺമെന്റിന് ഇത്തരമൊരു നിയമനിർമ്മാണം നടത്താൻ കഴിയില്ല? മൊബൈൽ ഫോണുകളുടെയും ഓൺലൈൻ ഗെയ്മിലേർപ്പെടുന്നവരുടെയും എണ്ണത്തിലെ വർദ്ധനവ് സംബന്ധിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ സൂചിപ്പിച്ചു. ഇതിൽ രാഷ്ട്രീയമില്ല; എല്ലാവരും ഒരുമിച്ച് ഗൗരവമായി ആലോചിക്കേണ്ട വിഷയമാണിത്. നമ്മുടെ പുതിയ തലമുറ റമ്മി പോലുള്ള ഗെയ്മുകളുടെ പരസ്യങ്ങളിൽ ആകൃഷ്ടരായി ജീവിതംതന്നെ വഴിമുട്ടി നിൽക്കുന്നതും ആത്മഹത്യയിലേയ്ക്ക്

നയിക്കുന്നതുമായ ഈ സാഹചര്യം നിയന്ത്രിക്കാൻ തമിഴ്നാടിന്റെ നിയമനിർമ്മാണത്തിന് സമാനമായ ഒരു നിയമം എന്തുകൊണ്ട് കേരളത്തിൽ കൊണ്ടുവരാൻ കഴിയുന്നില്ല? അത്തരത്തിലൊരു നിയമനിർമ്മാണം കേരളത്തിൽ കൊണ്ടുവരണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് ആവശ്യപ്പെടാനുള്ളത്. സമൂഹത്തിൽ കൊടിയ വിപത്തായി മാറിയ ഓൺലൈൻ ഗെയ്മുകളെ നിയന്ത്രിക്കുന്നതിന് ഇവിടെ നിയമം കൊണ്ടുവരുമെന്ന് നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞിരുന്നു. പക്ഷേ ഇതുവരെ അത്തരത്തിലൊരു നിയമം കൊണ്ടുവന്നില്ലെന്ന് മാത്രമല്ല, ഇപ്പോൾ ജി.എസ്.ടി.-യുടെ പേര് പറഞ്ഞാണെങ്കിൽപ്പോലും ഈ നിയമത്തിന് നിയമ സാധുത നൽകുന്ന തരത്തിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. കേരളത്തിൽ ഓൺലൈൻ ലോട്ടറി നിരോധിക്കുകയുണ്ടായി. ഇപ്പോഴും എത്രയോ സംസ്ഥാനങ്ങളിൽ ഓൺലൈൻ ലോട്ടറിയുണ്ട്. ഈ സാഹചര്യത്തിൽ സമൂഹത്തിൽ വലിയ തോതിൽ പ്രതിസന്ധികളുണ്ടാക്കുന്ന ഇത്തരം ഗെയ്മുകളെയും പ്രവർത്തനങ്ങളെയും നിയന്ത്രിക്കാനുള്ള നടപടികളാണ് ആവശ്യം. ഒറ്റ അക്ക

ലോട്ടറികളെയും ഓൺലൈൻ ലോട്ടറികളെയും നിരോധിക്കുന്നതിന് നിയമനിർമ്മാണം നടത്തിയ മഹത്തായ പാരമ്പര്യമാണ് ഈ സഭയ്ക്കുള്ളത്. അതേ നിലപാടും സമീപനവുംതന്നെ ഓൺലൈൻ ചൂതാട്ട ഗെയ്മുകളുടെ കാര്യത്തിലും സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ഏത് അധാർമിക മാർഗത്തിലൂടെയും വരുമാനം വർദ്ധിപ്പിക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളെ പിന്താങ്ങേണ്ട ചുമതല നമുക്കില്ല. ജി.എസ്.ടി. കൗൺസിലിൽ ബഹുമാനപ്പെട്ട മന്ത്രി ശക്തമായ നിലപാടെടുക്കേണ്ടതായിരുന്നു. ശ്രീ. നരേന്ദ്ര മോദിയുടെ എല്ലാ നയങ്ങളും അംഗീകരിക്കേണ്ട കാര്യമില്ല. അത്തരം കേന്ദ്ര നയങ്ങൾക്കെതിരെ നാം നിലപാടുകൾ സ്വീകരിക്കാറുണ്ടല്ലോ. സമൂഹത്തിൽ വലിയ തോതിൽ പ്രതിസന്ധിയുണ്ടാക്കുന്നതും ചെറുപ്പക്കാരെ മുഴുവൻ വലവീശി പിടിക്കാൻ ശ്രമിക്കുന്നതുമായ ഇത്തരം നടപടികൾ ഒരിക്കലും അംഗീകരിക്കാൻ പാടില്ല. കേരളം ഇക്കാര്യത്തിൽ പ്രത്യേകമായ നിലപാട് സ്വീകരിക്കണമായിരുന്നു എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

"5. Transitory provision.- The amendments made under this Act shall be without prejudice to the provisions of any other law for the time being in force, providing for prohibiting, restricting or regulating betting, casino, gambling, horse racing, lottery or online gaming."- എന്ന് ജി.എസ്.ടി. നിയമ ഭേദഗതിയിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയും അതിനെക്കുറിച്ച് സൂചിപ്പിച്ചു. ആ സാഹചര്യത്തിൽ കേരള സമൂഹത്തിൽ വലിയ തോതിലുള്ള പ്രതിസന്ധിയും പ്രയാസവുമുണ്ടാക്കുന്നതും നമ്മുടെ തലമുറയെ ആത്മഹത്യയിലേയ്ക്ക് നയിക്കുന്നതുമായ ഇത്തരം പ്രവണതകളിൽനിന്ന് അവരെ രക്ഷിക്കാനായി പ്രത്യേക നിയമനിർമ്മാണം കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ ആവർത്തിക്കുകയാണ്. നമുക്ക് പ്രത്യേക നിയമനിർമ്മാണം നടത്തുന്നതിൽ തടസ്സമില്ല എന്ന് നിയമ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും സൂചിപ്പിച്ചു. ജി.എസ്.ടി. നിയമഭേദഗതിയിൽത്തന്നെ അത് വ്യക്തമാക്കിയിട്ടുമുണ്ട്. ആ സാഹചര്യത്തിൽ ഇന്നത്തെ അപകടകരമായ ഈ പോക്ക് നിയന്ത്രിക്കാൻ കഴിയത്തക്ക നിലയിലുള്ള ഒരു

നിയനിർമ്മാണത്തിനുവേണ്ടി മുന്നോട്ടുവരണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് ആവശ്യപ്പെടാനുള്ളത്. തമിഴ്നാട് കൊണ്ടുവന്ന നിയമം ഏറ്റവും ഫലപ്രദമാണ്. ഇത്തരം ഗെയ്മുകൾ നിയന്ത്രിക്കുന്നതിന് റെഗുലേറ്ററി അതോറിറ്റിക്ക് വിപുലമായ അധികാരങ്ങൾ നൽകുന്നതോടൊപ്പം അത്തരത്തിലുള്ള ആളുകളെ കണ്ടെത്താനുള്ള ശ്രമങ്ങളും ഉൾപ്പെടുന്ന ബൃഹത്തായ ഒരു നിയമമാണ് ഓർഡിനൻസായി തമിഴ്നാട് സർക്കാർ കൊണ്ടുവന്നത്. പക്ഷേ തമിഴ്നാട് ഗവർണ്ണർ അതിൽ ഒപ്പിട്ടില്ലെന്ന വസ്തുതയും നിലനിൽക്കുന്നുണ്ട്. അതുകൊണ്ട്, ഇതിനെ നമ്മൾ ശക്തമായി എതിർക്കേണ്ടിയിരിക്കുന്നു എന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. ഇത് നമുക്ക് പാസ്സാക്കിക്കൊടുക്കേണ്ട കാര്യമില്ല.

ശ്രീ. വി. ജോയി: സർ, ............. (മൈക്ക് ഓഫ്) .....

ശ്രീ. രമേശ് ചെന്നിത്തല: സർ, കേന്ദ്രത്തെക്കുറിച്ച് തന്നെയാണ് പറയുന്നത്. ശ്രീ. കെ. എൻ. ബാലഗോപാൽ ജി.എസ്.ടി. കൗൺസിലിൽ ചെന്ന് കൈയുയർത്തിയെന്നാണ് ഞാൻ പറഞ്ഞത്. ജി.എസ്.ടി. കൗൺസിലിൽ അദ്ദേഹമിതിനെ ശക്തമായി എതിർക്കേണ്ടതായിരുന്നു.

അങ്ങനെ ചെയ്തിരുന്നെങ്കിൽ കേരള സമൂഹത്തിനും ഇന്ത്യൻ സമൂഹത്തിനുമുണ്ടാകുന്ന മാരകമായ ഈ പ്രഹരങ്ങൾ ഒഴിവാക്കാൻ കഴിയുമായിരുന്നു. അല്ലാതെ അത് അംഗീകരിച്ചുകൊടുക്കേണ്ട ജോലിയല്ല നമുക്കുള്ളത്. അതുകൊണ്ട്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ ഈ സഭയിൽ ഉറപ്പുനൽകിയതുപോലെ, ഓൺലൈൻ ഗെയ്മുകളെ നിയന്ത്രിക്കുന്നതിനായി തമിഴ്നാട് സർക്കാർ കൊണ്ടുവന്ന നിയമനിർമ്മാണത്തിന് സമാനമായ ഒരു നിയമം കേരളത്തിലും കൊണ്ടുവരണമെന്ന് ആവശ്യപ്പെടുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, 2024-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 20-04-2024 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഓൺലൈൻ മണി ഗെയ്മിംഗിന് ജി.എസ്.ടി. ചുമത്തുന്നതുമായി ബന്ധപ്പെട്ട ഭേദഗതി നിർദ്ദേശത്തെക്കുറിച്ചാണ് നാം ചർച്ച ചെയ്യുന്നത്. ഈ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചവരെല്ലാം പ്രകടിപ്പിച്ച ഒരു വികാരമുണ്ട്. നമ്മുടെ നാട്ടിൽ മയക്കുമരുന്നിന്റെ വലിയ തോതിലുള്ള

ഉപയോഗവും ഉപഭോഗവും കുട്ടികളിലും ചെറുപ്പക്കാരിലും വർദ്ധിച്ചുവരുന്നതിന് സമാനമായ ഭീഷണിയും സാമൂഹ്യ പ്രശ്നങ്ങളുമാണ് ഓൺലൈൻ ഗെയ്മുകളുടെ കാര്യത്തിലും സംഭവിക്കുന്നത്. ധാരാളം കുട്ടികൾക്ക് ഇതിനോടകം ജീവൻ നഷ്ടപ്പെടുന്ന സ്ഥിതിയും പലരും ജീവച്ഛവങ്ങളായി മാറുന്ന അവസ്ഥയും സംജാതമായിട്ടുണ്ട്. പല വിധത്തിലുള്ള ഉൾപ്രേരണകളുണ്ടാക്കുന്ന പരസ്യങ്ങൾ സമൂഹത്തിൽ പ്രചരിക്കുന്നതായും ഓൺലൈൻ പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്. അതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കേണ്ടത് കേരളത്തിന്റെ സാമൂഹ്യ ഉത്തരവാദിത്വമാണ്. ചൂതാട്ടവും ലോട്ടറിയുമെല്ലാം സംസ്ഥാന വിഷയങ്ങളായതിനാൽ അതുസംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ സംസ്ഥാനങ്ങൾക്ക് അധികാരമുണ്ട്. ആ അധികാരമുപയോഗപ്പെടുത്തി ഇത്തരം ഓൺലൈൻ മണി ഗെയ്മുകൾക്കെതിരെ തമിഴ്നാട് മോഡലിൽ അതിശക്തമായ ഒരു നിയമനിർമ്മാണത്തിന് സർക്കാർ മുന്നോട്ടുവരണം. ജി.എസ്.ടി. കൗൺസിലിന്റെ നിർദ്ദേശപ്രകാരമാണ് ഇത്തരമൊരു ഭേദഗതി അവതരിപ്പിക്കേണ്ട സാഹചര്യമുണ്ടായത്. നമ്മുടെ സംസ്ഥാനത്തിന്റെ കടുത്ത

സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചാണ് കഴിഞ്ഞ ദിവസങ്ങളിൽ ഇവിടെ സംസാരിച്ചത്. ആ സാമ്പത്തിക പ്രതിസന്ധിയുടെ ആഴം എത്രത്തോളം വലുതാണെന്ന് പ്രത്യേകം പറയേണ്ടതില്ല. സംസ്ഥാനത്തെ ക്ഷേമ പദ്ധതികളൊക്കെ നിലച്ചുകൊണ്ടിരിക്കുകയാണ്. അഞ്ച് മാസത്തോളമായി ക്ഷേമ പെൻഷൻ മുടങ്ങിക്കിടക്കുന്നത് ക്ഷേമ പ്രവർത്തനം നിലച്ചുപോകുന്നതിന് തുല്യമാണ്. കാരുണ്യ പദ്ധതി പ്രകാരം ചികിത്സ നൽകാൻ തയ്യാറല്ലെന്നുപറഞ്ഞ് പല ആശുപത്രികളും അതിൽനിന്ന് പിന്മാറുകയാണ്. അവിടെയും ക്ഷേമ പ്രവർത്തനം നിലയ്ക്കുകയാണ് ചെയ്യുന്നത്. ഉച്ചക്കഞ്ഞി നടത്തിപ്പിനാവശ്യമായ സാമ്പത്തികം രക്ഷിതാക്കൾ പിരിച്ച് നൽകണമെന്ന് സർക്കുലർ ഇറക്കിയാൽ അതും ക്ഷേമ പ്രവർത്തനം നിലയ്ക്കുന്നതിന് തുല്യമല്ലേ? സപ്ലൈകോയിൽ സബ്സിഡി നിരക്കിലുള്ള സാധനങ്ങൾ ലഭിക്കാത്തതും ക്ഷേമപ്രവർത്തനം നിലച്ചതിന് ഉദാഹരണമല്ലേ? അതുകൊണ്ടാണ് ഞാൻ ക്ഷേമ പദ്ധതികൾ നിലച്ചുപോകുന്നുവെന്ന് പറഞ്ഞത്. നെല്ല് സംഭരിച്ചവർക്കുള്ള പണവും കൊടുക്കാൻ സാധിക്കാത്തതുൾപ്പെടെ നിരവധി പ്രശ്നങ്ങളുണ്ട്.

കഴിഞ്ഞ ദിവസമാണ് കുട്ടനാട്ടിൽ പ്രസാദ് എന്നൊരു പാവപ്പെട്ട കർഷകൻ ആത്മഹത്യ ചെയ്തത്. ആത്മഹത്യ കുറിപ്പിൽ അദ്ദേഹം വളരെ കൃത്യമായി അതിന്റെ ഉത്തരവാദി ആരാണെന്ന് പറയുന്നുണ്ട്, 'ഞാൻ പരാജയപ്പെട്ടുപോയി സഹോദരാ', എന്നുപറഞ്ഞുകൊണ്ട് സ്വന്തം സഹോദരനുമായുള്ള ഒരു വീഡിയോ സന്ദേശവുമുണ്ട്. എന്താണ് അദ്ദേഹത്തിന് പറ്റിയ പരാജയം? അദ്ദേഹം കഷ്ടപ്പെട്ടുണ്ടാക്കിയ നെല്ല് സർക്കാരിന് കൊടുത്തപ്പോൾ പകരമായി സർക്കാർ PRS (Paddy Receipt Sheet) കൊടുത്തു. അത് ബാങ്കിൽ കൊടുത്തപ്പോൾ അദ്ദേഹത്തിന് പണം കൊടുത്തു. അതിനുശേഷം അദ്ദേഹം വിത്തിറക്കി, ഞാറ് വളർന്ന്, വളം ചെയ്യാൻ പണമില്ലാതെ ബാങ്കിൽ ചെന്നപ്പോൾ അധികൃതർ അറിയിച്ചത്, 'നിങ്ങൾ ഈ ബാങ്കിന്റെ കടക്കാരനായതുകൊണ്ട് നിങ്ങൾക്ക് ലോൺ തരാൻ കഴിയില്ല' എന്നാണ്. ഇതുകേട്ട അദ്ദേഹം അന്തംവിട്ടുപോകുകയാണ്; താൻ ലോണൊന്നും എടുത്തിട്ടില്ലെന്ന് ബാങ്ക് അധികൃതരെ അറിയിച്ചു. അപ്പോഴാണ് അദ്ദേഹം എടുത്തത് PRS ലോണാണെന്നും, അത് സർക്കാർ തിരിച്ചടയ്ക്കാത്തതുകൊണ്ട് സ്വന്തം പേരിൽ ആ വായ്പ നിലനിൽക്കുന്നതിനാൽ

അദ്ദേഹം കടക്കാരനായിരിക്കുന്നുവെന്നും അവർ അറിയിച്ചത്. മൂന്നര ഏക്കറിൽ വളർന്നുവരുന്ന നെല്ല് എങ്ങനെ പരിപാലിക്കുമെന്ന ആധിയിൽ പാവപ്പെട്ട കർഷകൻ തന്റെ സഹോദരന് 'ഞാൻ പരാജയപ്പെട്ടുപോയി, എന്നെ സർക്കാർ പരാജയപ്പെടുത്തി; ഇനി എനിക്ക് ജീവിക്കാൻ അവകാശമില്ല.' എന്നൊരു സന്ദേശം അയച്ചു. ഞാൻ സംസ്ഥാനത്തിന്റെ സാമ്പത്തിക ഞെരുക്കത്തെക്കുറിച്ചും സാമ്പത്തിക ഉത്തരവാദിത്വത്തിന്റെ പോരായ്മയിൽനിന്നുണ്ടായ കർഷക ആത്മഹത്യയെക്കുറിച്ചുമാണ് പറഞ്ഞത്.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): സർ, ബഹുമാനപ്പെട്ട അംഗം എൻ. ഷംസുദ്ദീൻ പറഞ്ഞതിൽ വസ്തുതാവിരുദ്ധമായ നിരവധി കാര്യങ്ങളുണ്ട്. കുട്ടനാട്ടിൽ ആത്മഹത്യ ചെയ്ത കർഷകന്റെ ആത്മഹത്യാ കുറിപ്പിൽ അക്കാര്യങ്ങൾ സൂചിപ്പിച്ചിരുന്നെങ്കിലും ടി കർഷകന് സിവിൽ സപ്ലൈസ് മുഴുവൻ നെല്ലിന്റെയും തുക കൊടുത്തിരുന്നുവെന്നാണ് അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നപ്പോൾ എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. അതിനുശേഷം കേരളത്തിലെ മുഴുവൻ ബാങ്കുകളുടെയും ഉന്നത ഉദ്യോഗസ്ഥരെ ആലപ്പുഴയിൽ വിളിച്ച് യോഗം ചേരുകയും സിബിൽ സ്കോറിന്റെ കാര്യം ചർച്ച ചെയ്യുകയും

ചെയ്തു. അദ്ദേഹത്തിന്റെ സിബിൽ സ്കോർ 900-ൽ 812 ആയിരുന്നു. ലോൺ കുടിശ്ശികയുള്ള ഒരാൾക്ക് 812 സിബിൽ സ്കോർ ഉണ്ടാകില്ല. സാധാരണ സിബിൽ സ്കോർ 600-ന് മുകളിലുണ്ടെങ്കിൽ അയാൾക്ക് ലോൺ ലഭിക്കേണ്ടതാണ്. കാനറാ ബാങ്കിന്റെ ജനറൽ മാനേജർപോലും പറയുന്നത് തന്റെ സിബിൽ സ്കോർ എഴുന്നൂറോളമാണ് എന്നാണ്. അതിനാൽ സിബിൽ സ്കോർ 812 ഉണ്ടായിരുന്ന പ്രസാദിന് ലോൺ ലഭിക്കാതിരുന്നതിന്റെ കാരണം മറ്റെന്തെങ്കിലുമാണെന്ന് നാം മനസ്സിലാക്കണം. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒരു വീഴ്ചയും ഉണ്ടായിട്ടില്ല, അത് അവിടത്തെ നാട്ടുകാരുൾപ്പെടെ എല്ലാവർക്കും ബോധ്യപ്പെട്ടതാണ്. ബോധപൂർവ്വമായി സിബിൽ സ്കോറിന്റെ വിഷയം ഗവൺമെന്റിനെതിരെ ഉന്നയിക്കുന്നത് ശരിയല്ല. ബാങ്കുകൾ ലോൺ കൊടുക്കാത്ത വിഷയം പ്രത്യേകം കണക്കിലെടുക്കേണ്ടതുണ്ട്. ബാങ്കുകൾ കർഷകരോടും മറ്റും കാണിക്കുന്ന സമീപനം തിരുത്തിയേ മതിയാകൂ എന്നാണ് അന്ന് നടത്തിയ യോഗത്തിലും സർക്കാർ വ്യക്തമാക്കിയത്. അതിനാവശ്യമായ കാര്യങ്ങളാണ് നമ്മൾ ചെയ്യേണ്ടത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഈ വിഷയം കേരളീയ സമൂഹത്തിൽ ചർച്ച ചെയ്യപ്പെട്ടതാണ്. പ്രസാദ് എന്ന കർഷകൻ PRS വഴി ബാങ്കിലുണ്ടായ കുടിശ്ശികയല്ലാതെ മറ്റൊരു ലോണും എടുത്തിട്ടില്ല. ഇതിന്റെ പേരിലാണ് അദ്ദേഹത്തിന് മറ്റൊരു ലോണും അനുവദിക്കാതിരുന്നത്. ആ സാഹചര്യത്തിലാണ് അദ്ദേഹത്തിന് ആത്മഹത്യ ചെയ്യേണ്ടിവന്നത്. അദ്ദേഹം വിളയിച്ച നല്ല നെല്ല് വാങ്ങിയതിനുപകരം സർക്കാർ അദ്ദേഹത്തിന് കടബാധ്യതയാണ് കൊടുത്തത്. ഇതിനെക്കുറിച്ച് ഭരണപക്ഷത്തുനിന്നും ചോദ്യം വന്നതുകൊണ്ടാണ് മറുപടി പറയേണ്ടിവന്നത്. ക്ഷേമപ്രവർത്തനങ്ങൾ എവിടെ നിലച്ചുപോയി എന്ന് ഒരു ഭരണകക്ഷി അംഗം ചോദിച്ചാൽ  അതറിയണമെങ്കിൽ അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിൽ പോകണം, അപ്പോൾ അവിടത്തെ നാട്ടുകാരും അതുതന്നെ ചോദിക്കും. എല്ലാരംഗത്തും ഇന്ന് പ്രതിസന്ധിയുണ്ട്. ഉച്ചക്കഞ്ഞി വിതരണത്തിൽവരെ പ്രതിസന്ധി നിലനിൽക്കുന്ന സമയമാണിത്. കരാറുകളുടെ പ്രവർത്തനങ്ങൾ നിശ്ചലമായിപ്പോയി. കഴിഞ്ഞ ബജറ്റിൽ 7500 കോടി രൂപയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി

നീക്കിവച്ചത്. ഇന്ന് ഫെബ്രുവരി 1-ാം തീയതിയാണ്, ഇതുവരെ 3000 കോടി രൂപയിൽ താഴെയാണ് നാം വിനിയോഗിച്ചത്, പകുതിപോലും ആയിട്ടില്ല. ഇനി നമ്മുടെ മുന്നിലുള്ള രണ്ട് മാസക്കാലയളവിനുള്ളിൽ വലിയ അത്ഭുതങ്ങളൊന്നും നടക്കാൻ പോകുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, ബഡ്ജറ്റൊക്കെ നമുക്ക് തിങ്കളാഴ്ച കഴിഞ്ഞ് ചർച്ച ചെയ്യാം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെപ്പോലും വല്ലാതെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. അതുപോലെ കേന്ദ്ര സർക്കാർ ഫണ്ട് നൽകാത്തതുകൊണ്ടാണെന്ന് മാത്രം പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്. കേന്ദ്ര സർക്കാർ ബി.ജെ.പി. ഇതര സർക്കാരുകളെ ബുദ്ധിമുട്ടിക്കുന്നുണ്ട്, ഞങ്ങളത് അംഗീകരിക്കുന്നു. ഈ രാജ്യത്തിന്റെ ഫെഡറൽ സ്വഭാവം തകർക്കാൻ എല്ലാവിധത്തിലും മോദി ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. മോദി ഗവൺമെന്റ് എല്ലാവിധത്തിലും രാജ്യത്തിന്റെ ഫെഡറൽ സ്വഭാവത്തിനെതിരെ ബി.ജെ.പി. ഇതര ഗവൺമെന്റുകളെ

ദ്രോഹിക്കുന്നുണ്ട്, ലഭിക്കേണ്ട പണം നൽകാതിരിക്കുന്നുണ്ട്. പക്ഷെ ഇവിടെ നാം കണക്കുകൾ വിശകലനം ചെയ്യുപ്പോൾ യഥാർത്ഥത്തിൽ നമുക്ക് ലഭിക്കാനുള്ളത് എത്രയാണെന്നും അതിൽ സർക്കാരിന്റെ പോരായ്മ എന്താണെന്നും മനസ്സിലായിക്കാണുമല്ലോ. തമിഴ്നാട്, കർണ്ണാടക, തെലങ്കാന എന്നിവിടങ്ങളിലൊന്നും ക്ഷേമ പദ്ധതികളൊന്നും നിർത്തലാക്കിയില്ലല്ലോ; . ...(ബഹളം).... കേരളത്തിനോടുള്ളതിനെക്കാളും വലിയ വിരോധമല്ലേ കർണ്ണാടകയിലെ ശ്രീ. സിദ്ധരാമയ്യയോടും ശ്രീ. ഡി. കെ. ശിവകുമാറിനോടുമൊക്കെ കേന്ദ്ര സർക്കാരിനുള്ളത്. അവിടെ ഇപ്പോഴും സ്ത്രീകൾ സൗജന്യമായാണ് ബസ്സിൽ യാത്ര ചെയ്യുന്നത്. അവരുടെ അക്കൗണ്ടിൽ എല്ലാമാസവും 2000 രൂപ യാതൊരു മുടക്കവും കൂടാതെ വരുന്നുമുണ്ട്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, കർണ്ണാടകയിൽ ശ്രീ. സിദ്ധരാമയ്യ സർക്കാർ അധികാരത്തിൽ വന്നപ്പോൾ തെരഞ്ഞെടുപ്പ് സമയത്ത് പറഞ്ഞ അഞ്ച് വാഗ്ദാനങ്ങൾ, സംസ്ഥാനത്തുള്ള മുഴുവൻ കുടുംബിനികൾക്കും മാസം 2000 രൂപ അക്കൗണ്ടിൽ എത്തിക്കും; 200 യൂണിറ്റ് വൈദ്യുതി

സൗജന്യമായി കൊടുക്കും; സ്ത്രീകൾക്ക് പൂർണ്ണമായും സർക്കാർ ബസ്സുകളിൽ സൗജന്യ യാത്ര അനുവദിക്കും എന്നായിരുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പറഞ്ഞുവന്നത് അതിനെക്കുറിച്ചാണ്. കേന്ദ്ര ഗവൺമെന്റ് ഞെരുക്കുകയാണെങ്കിൽ കേരളത്തെക്കാൾ കൂടുതൽ ഞെരുക്കേണ്ടത് ഈ ഗവൺമെന്റുകളെയാണ്. ഭിന്നശേഷിക്കാരനായ ഒരു സഹോദരന്റെ ആത്മഹത്യയെക്കുറിച്ചാണ് നാം കഴിഞ്ഞ ദിവസങ്ങളിൽ ചർച്ച ചെയ്തത്. അദ്ദേഹത്തിന് പെൻഷൻ ലഭിക്കാത്തതുകൊണ്ടാണ് ആത്മഹത്യ ചെയ്തതെന്ന ആത്മഹത്യ കുറിപ്പുണ്ടായിരുന്നു. തെലങ്കാനയിൽ ഭിന്നശേഷിക്കാർക്ക് പെൻഷൻ ഇനത്തിൽ നൽകുന്ന 3800 രൂപ ഒരുമാസംപോലും മുടക്കം കൂടാതെ നൽകുകയാണ്. നമ്മുടെ സംസ്ഥാനം അക്കാര്യത്തിലൊക്കെ വളരെ പിറകിലാണ്. എന്നിട്ട് നിങ്ങളിവിടെ മേനി നടിക്കുകയാണ്. മുടങ്ങിയാലും കുടിശ്ശികയായാലും ഞങ്ങളല്ലാതെ വേറെ ആരാ ഇതൊക്കെ കൊടുക്കുന്നത് എന്ന് നിങ്ങൾ ചോദിക്കുമ്പോൾ അതൊരു വല്ലാത്ത ചോദ്യമാണെന്ന് മാത്രമെ നമുക്ക് പറയാൻ സാധിക്കുകയുള്ളൂ. ഇവിടെ IGST (Integrated Goods and

Services Tax)-നെക്കുറിച്ച് ഭരണപക്ഷം വാചാലരാകുന്നു, പക്ഷെ കേന്ദ്ര ഗവൺമെന്റ് ഔദ്യോഗികമായി നൽകിയ മറുപടിയെന്താണ്? കൊല്ലം എം.പി., ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ പാർലമെന്റിൽ ഉന്നയിച്ച ചോദ്യത്തിന് ലഭിച്ച മറുപടിയിൽ വളരെ കൃത്യമായി പറയുന്നത്, കണക്ക് സമർപ്പിക്കാത്തതുകൊണ്ടാണ് IGST കേരളത്തിന് നൽകാത്തത് എന്നാണ്. അത് സംസ്ഥാന സർക്കാരിന്റെ വീഴ്ചയാണ്; സാമ്പത്തിക രംഗത്തുള്ള സർക്കാരിന്റെ കെടുകാര്യസ്ഥതയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, തെറ്റായ കാര്യങ്ങൾ സഭയിൽ പറയുന്നത് ശരിയല്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് IGST നൽകാത്തത് സംസ്ഥാന സർക്കാർ ആവശ്യപ്പെടാത്തതുകൊണ്ടാണെന്നാണ്. കേന്ദ്ര ഗവൺമെന്റ് ലഭ്യമാക്കിയ മറുപടി ബഹുമാനപ്പെട്ട അംഗം ഒന്നുകൂടി വായിക്കാമോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കേരളം സമയാസമയങ്ങളിൽ കൃത്യമായ കണക്ക് ബോധിപ്പിക്കാത്തതുകൊണ്ടാണ് IGST ഇനത്തിൽ

സംസ്ഥാനത്തിന് ലഭിക്കാനുള്ള സംഖ്യ നൽകുന്നതിൽ വീഴ്ചവന്നതെന്നാണ് കേന്ദ്ര ധനമന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ പറഞ്ഞത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, അങ്ങനെയൊരു മറുപടി അങ്ങയുടെ കൈവശമുണ്ടെങ്കിൽ അത് വായിക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇത് പാർലമെന്റിൽ പറഞ്ഞ അഭിപ്രായമാണ്. രാജ്യത്തെ പത്രമാധ്യമങ്ങൾ ഇത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അദ്ദേഹത്തിന്റെ അറിവിലേയ്ക്കായി പറയുകയാണ്, കോമ്പൻസേഷനെ സംബന്ധിച്ച ചോദ്യമാണ് പാർലമെന്റിൽ ഉന്നയിച്ചത്. കോമ്പൻസേഷനും IGST-യും രണ്ടും വേറെയാണ്. അങ്ങ് പറഞ്ഞതെല്ലാം തെറ്റാണെന്നാണ് ഞാൻ പറയുന്നത്. IGST എന്ന് പറയുന്നത് ഇവിടെനിന്നും കണക്ക് കൊടുക്കുമ്പോൾ ലഭിക്കുന്ന ഒന്നാണെന്ന് തെറ്റിദ്ധരിക്കരുത്. അങ്ങ് സാധാരണ എല്ലാകാര്യങ്ങളും നല്ലതുപോലെ പഠിക്കുന്ന മെമ്പറാണ്. ആ മറുപടി അങ്ങയുടെ കൈയിലുണ്ടായിരുന്നെങ്കിൽ ഈ തെറ്റും അബദ്ധവും സംഭവിക്കില്ലായിരുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, GST കോമ്പൻസേഷനും IGST-യുമായി ബന്ധപ്പെട്ട രണ്ട് ചോദ്യങ്ങളാണ് ചോദിച്ചത്. അതിനുലഭിച്ച മറുപടി, "സമയാസമയങ്ങളിൽ കൃത്യമായ കണക്കുകൾ ബോധിപ്പിക്കാത്തതാണ് കേരളത്തിന്റെ വിഹിതം നൽകുന്നതിൽ പ്രയാസമുണ്ടാക്കിയത്;" എന്നാണ്. ഒന്നാം പിണറായി സർക്കാർ സാമ്പത്തിക രംഗത്ത് നിരവധി പ്രയാസങ്ങൾ വരുത്തിയിട്ടുണ്ട്. കിഫ്ബി, പെൻഷൻ ഫണ്ട് ബോർഡ് ഇതൊക്കെ കടത്തിന്റെ പരിധിയിൽ വരുമെന്ന് പ്രതിപക്ഷം മുമ്പേ പറഞ്ഞിരുന്നതാണ്. അതിന്റെ പരിധിയിൽ വരില്ലെന്ന് പറഞ്ഞ് ഡോ. തോമസ് ഐസക്കാണ് നിങ്ങളെ പറ്റിച്ചത്. കിഫ്ബിയിലും പെൻഷൻ ഫണ്ട് ബോർഡിലും കടമെടുത്തുകൂട്ടിയതിനെക്കുറിച്ച് എ.ജി.-യും പ്രതിപക്ഷവും പറഞ്ഞില്ലേ; ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് അതിന്റെ പേരിലാണ് നിങ്ങളുടെ കടമെടുക്കുന്ന പരിധിയിൽ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്. അപകടകരമായ ധനസൂചികകളാണ് ഇന്ന് സംസ്ഥാനത്തിന്റെ മുമ്പിലുള്ളത്. ദൈനംദിന പ്രവർത്തനങ്ങൾക്കുപോലും കടമെടുത്ത് മുന്നോട്ടുപോകേണ്ട സംസ്ഥാനമായി കേരളം മാറിയതിൽ വലിയ പങ്ക് വഹിച്ചത് നിങ്ങളാണ്. 2023-2024

ബഡ്ജറ്റ് പ്രകാരം കേരളത്തിന്റെ കടം: GSDP അനുപാതം 39.1 ശതമാനമാണ്. 1981-1991 കാലയളവിൽ ശരാശരി 14.6 ശതമാനം ആയിരുന്നു. പതിനാലാം ധനകാര്യ കമ്മീഷൻ നിശ്ചയിച്ച ഉയർന്ന അനുപാതം 25 ശതമാനമാണ്. നമ്മൾ ആ കടത്തിന്റെ കാര്യത്തിൽ എത്രയോ മുകളിലാണ്. അങ്ങനെ വരുന്നതിൽ പ്രധാനപ്പെട്ട പങ്ക് വഹിച്ചത് കിഫ്ബിയും പെൻഷൻ ഫണ്ട് ബോർഡുമാണ്. അപക്വവും ദീർഘവീക്ഷണവുമില്ലാത്ത സാമ്പത്തിക നടപടികളുടെ ഭാഗമായാണ് കേരളം ഇന്നത്തെ അവസ്ഥയിലെത്തിയത്. റവന്യൂ കമ്മിയിലും ധനകമ്മിയിലും അപകടകരമായ സൂചനകളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇവിടെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ചൂണ്ടിക്കാണിച്ച ഒരു കാര്യമുണ്ട്. മുമ്പ് ആന്റണി സർക്കാരിന്റെ കാലത്ത് വളരെ ശക്തമായ സാമ്പത്തിക നടപടി സ്വീകരിച്ചതിന്റെ ഫലമായാണ് നമുക്ക് അത് ചുരുക്കി കൊണ്ടുവരാൻ സാധിച്ചത്. എന്നാൽ ഇവിടെ യാതൊരു പ്രശ്നവുമില്ലെന്ന വിധത്തിൽ ഇപ്പോഴും വലിയ ആഘോഷങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. നവകേരളസദസ് അതിന് ഒരു ഉദാഹരണമാണ്. ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയും മന്ത്രിമാരും എല്ലാമണ്ഡലങ്ങളിലും പോയല്ലോ; നിങ്ങൾ ഏതെങ്കിലും മണ്ഡലത്തിൽ ഒരു വികസന പദ്ധതി പ്രഖ്യാപിച്ചോ; നിങ്ങൾ ആരെങ്കിലും ഒരാളുടെ പ്രശ്നമെങ്കിലും കേട്ടോ? ഇവിടെ ജനസമ്പർക്ക പരിപാടി നടത്തിയല്ലോ. കേരളത്തിന് മൂന്ന് ജനസമ്പർക്ക പരിപാടികളെക്കുറിച്ച് ഓർമ്മയുണ്ട്. ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നടത്തിയ ജനസമ്പർക്ക പരിപാടിയിൽ അദ്ദേഹം രാവിലെ 8.00 മണിക്ക് ഒരു കട്ടൻചായ കുടിച്ച് ജനങ്ങൾക്കിടയിൽ ഇറങ്ങുകയാണ്. ജനങ്ങൾ നൽകുന്ന മുഴുവൻ പരാതികളും അവിടെവച്ച് പരിഹരിച്ച് വളരെ വ്യക്തമായ തീരുമാനങ്ങളെടുക്കുകയാണ്. അഞ്ചോ ആറോ കോടി രൂപ ജനങ്ങളുടെ കൈയിൽ കൊടുത്ത്, അവർക്ക് വിതരണം ചെയ്തശേഷമാണ് ജനസമ്പർക്ക പരിപാടികൾ അവസാനിച്ചിരുന്നത്. എന്നാൽ നവകേരള സദസ്സുകൊണ്ട് ജനങ്ങൾക്ക് എന്തുലഭിച്ചു; നിങ്ങൾക്ക് ലഭിച്ച നിവേദനം മുഴുവൻ പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും കൊടുത്തു. അവിടെനിന്നും ഫണ്ട് തട്ടിപ്പറിച്ചെടുത്തു; അതിന് കോടതി ഇടപെടേണ്ടിവന്നു. ഇതുകൊണ്ട് എന്ത് മെച്ചം കിട്ടി? പഞ്ചായത്തിലേയ്ക്ക് ഒരു വിഷയം പരിഹരിക്കാൻ

നടന്നുനടന്ന് ചെരിപ്പ് തേഞ്ഞപ്പോഴാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വരുന്നുണ്ടല്ലോ, അപ്പോൾ അദ്ദേഹത്തിന് പരാതി കൊണ്ടുകൊടുക്കാമെന്ന് ഒരു സാധു മനുഷ്യൻ വിചാരിച്ചത്. അദ്ദേഹം പരാതി കൊണ്ടുകൊടുത്തശേഷം മുഖ്യമന്ത്രിയുടെ മറുപടിവരുമെന്ന് കരുതി കാത്തുനിൽക്കുകയാണ്. അങ്ങനെ നിൽക്കുന്ന ആളിനോട് താങ്കൾ പോയി പഞ്ചായത്ത് സെക്രട്ടറിയെ കാണൂ എന്നാണ് വീണ്ടും പറയുന്നത്. നാൽപ്പത് വട്ടം പഞ്ചായത്ത് സെക്രട്ടറിയെ കണ്ടിട്ട് കാര്യം നടക്കാത്തതുകൊണ്ടാണ് ആ സാധു മുഖ്യമന്ത്രിയെ കാണാൻ വന്നത്. ഇതൊക്കെ ഒരു പ്രഹസനമാണ്. ഇതിനുവേണ്ടി എത്ര പണമാണ് ചെലാവക്കിയത്?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, ഒരു വ്യക്തത വരുത്തട്ടേ; അദ്ദേഹം പറഞ്ഞത് ശരിയല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങളുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികൾ പരിഹരിക്കാൻ 21, 22, 23 തീയതികളിൽ താലൂക്ക് തലത്തിൽ പ്രത്യേക അദാലത്തിന്റെ സിറ്റിംഗ് വച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 55 ശതമാനം പരാതികളും തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ളത് വീണ്ടും

ഫെബ്രുവരി ആദ്യവാരം പ്രത്യേക അദാലത്ത് ചേർന്ന് തീർപ്പാക്കും. പരാതികളിൽ ചിലതിൽ ഹിയറിംഗ് നടത്തേണ്ടി വരും. ആ നടപടിക്രമം തുടർന്നുകൊണ്ടിരിക്കുകയാണ്. അദ്ദേഹം പറഞ്ഞത് തെറ്റായ കാര്യമാണ്. പരാതികൾ വീണ്ടും തിരിച്ച് അതേ സ്ഥാപനത്തിലേയ്ക്ക് വിടുകയല്ല ചെയ്യുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പറഞ്ഞത് തെറ്റല്ല. ബഹുമാനപ്പെട്ട മന്ത്രി തീർപ്പാക്കിയെന്ന് പറയുന്നതെന്താണ്? വീട് ലഭിക്കാത്ത ഒരാൾ മുഖ്യമന്ത്രി നവകേരളസദസ്സിൽ വന്നപ്പോൾ പരാതി കൊടുത്തു. അവന് മറുപടി കൊടുത്തതിനെയാണ് ഇവിടെ തീർപ്പാക്കിയെന്ന് പറയുന്നത്. "ലൈഫ് മിഷനിൽ താങ്കളുടെ നമ്പർ ഇത്രയാണ്. ഇപ്പോൾ പരിഗണിക്കാൻ നിർവാഹമില്ല. താങ്കളുടെ നമ്പർ വരുമ്പോൾ പരിഗണിക്കും." ഇതാണ് മറുപടി. ഫോറസ്റ്റിലൂടെ റോഡുവെട്ടാൻ DFO അനുവദിക്കുന്നില്ലെന്നാണ് അടുത്ത പരാതി. അതിനും നിങ്ങൾ മറുപടി കൊടുത്ത് പരാതി തീർപ്പാക്കി. "ഫോറസ്റ്റിലൂടെ റോഡുവെട്ടാൻ നിയമം അനുവദിക്കുന്നില്ല; അതുകൊണ്ട് തൽക്കാലം മിണ്ടാതിരിക്കുക" എന്ന മറുപടി കൊടുത്തു. ഇങ്ങനെയല്ല തീർപ്പാക്കുന്നത്. ഫോറസ്റ്റിലൂടെ റോഡുവെട്ടിയ പാരമ്പര്യം ഉമ്മൻ

ചാണ്ടിയുടെ ജനസമ്പർക്ക പരിപാടിക്കുണ്ടായിരുന്നു. അത്തരത്തിലുള്ള പരിഹാരമാണ് ചെയ്യേണ്ടത്. സംസ്ഥാനത്തിന് ആർഭാടം കാണിക്കാനുള്ള സാമ്പത്തിക സൗകര്യമുള്ളപ്പോൾ നവകേരള സദസ് നടത്തണമായിരുന്നു. പട്ടിണിയും ദാരിദ്ര്യവുംകൊണ്ട് പ്രയാസപ്പെടുന്ന, കടം വാങ്ങി അടുത്തകടം ലഭിക്കാൻ നിർവാഹമില്ലാത്ത ഒരു നാട്ടിൽ നിങ്ങൾ ഇപ്രകാരം ചെയ്തത് ശരിയായില്ല. കേരളീയം നടത്തിയത് ശരിയായില്ല. ഇതിനൊക്കെ ഒരു പ്രയോരിറ്റിവേണം. പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായിരിക്കണം ഗവൺമെന്റ് പ്രയോരിറ്റി നൽകേണ്ടത്.

മി. സ്പീക്കർ: പത്താം സമ്മേളനത്തിൽ ഈ ഫ്ലോറിൽത്തന്നെ നിങ്ങളിത് പറഞ്ഞതാണ്. ആവർത്തന വിരസതയുണ്ട്. ഒരേ വിഷയം ആവർത്തിക്കരുതെന്ന് നിയമസഭയുടെ റൂൾസ് ആൻഡ് റെഗുലേഷനിൽ കൃത്യമായി പറയുന്നുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇത് സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചയാണ്. സംസ്ഥാനത്തെ സാമ്പത്തിക രംഗത്തെ ധൂർത്ത്,

കെട്ടുകാര്യസ്ഥത എന്നിവയെക്കുറിച്ചാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ആന്റണി ജോൺ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ): 2024-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാന്യനായ രമേശ് ചെന്നിത്തല ഉൾപ്പെടെ പ്രകടിപ്പിച്ച ആശങ്കകൾ ഞാൻ ശ്രദ്ധിക്കുകയുണ്ടായി. വിവരവിനിമയ സാങ്കേതിക മേഖലയിൽ അത്ഭുതകരമായ മാറ്റങ്ങൾ വന്നിട്ടുള്ള പുതിയ കാലഘട്ടത്തിൽ സ്വാഭാവികമായും അതുമായി ബന്ധപ്പെട്ട ധാരാളം കാര്യങ്ങൾ നമ്മുടെ മുമ്പിൽ വരും. നാം Artificial Intelligence-ന്റെയും ആരോഗ്യ മേഖലയിൽ റോബോട്ടിക് ഓപ്പറേഷനുകൾ നിശ്ചയിക്കുന്ന പുതിയ കാലഘട്ടത്തിലൂടെയും കടന്നുപോകുകയാണ്. Artificial Intelligence (നിർമ്മിതബുദ്ധി)-മായി ബന്ധപ്പെട്ട് ശാസ്ത്രലോകത്തിന്റെ ഒരു പ്രധാനപ്പെട്ട നിരീക്ഷണമുണ്ട്. 30 ശതമാനത്തോളം തൊഴിലാളികൾക്കും ജീവനക്കാർക്കും

അവരെടുത്തുകൊണ്ടിരിക്കുന്ന തൊഴിൽ നഷ്ടപ്പെടുമെന്ന ആശങ്ക ലോകത്ത് പടരുന്നുണ്ട്. നിർമ്മിതബുദ്ധിയുടെ മേഖല സാധ്യതകളും ആശങ്കകളും നൽകുന്നുണ്ട്. ക്ലോണിങ്ങിന്റെമേൽ നിയന്ത്രണം വന്നതുപോലെ സ്വാഭാവികമായി അതിനാവശ്യമായ ചില നിയന്ത്രണങ്ങൾ വേണ്ടിവരും. ഐ.ടി.-യുമായി ബന്ധപ്പെട്ട് ചൂതാട്ടം, ഇന്റർനെറ്റ് ഗെയിം തുടങ്ങിയവ നമ്മൾ നിയന്ത്രിക്കുമ്പോൾ സ്വാഭാവികമായും മറ്റ് പ്ലാറ്റ്ഫോമുകൾ ഉയർന്നുവരും. കേരളത്തിലെ പോലീസ് സേന ഇതിനെല്ലാം സുസജ്ജമാണെന്നതാണ് വസ്തുത. അതിനുവേണ്ടിയാണ് പിന്നിട്ട മൂന്നുവർഷവും Cybernetics-ന്റെ മേഖലയിലുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടി ഇന്ത്യയുടെ പല ഭാഗങ്ങളിൽനിന്നുള്ള വിദഗ്ദ്ധർ ഒത്തുചേരുന്ന 'cocon' കോൺഫറൻസ് നമ്മൾ നടത്തിവരുന്നത്. അതുകൊണ്ട് ഇവിടെ പ്രതിപക്ഷം ഉന്നയിച്ച ആശങ്കകൾക്ക് അടിസ്ഥാനമില്ല. ജി.എസ്.ടി. കൗൺസിലിന്റെ നിർദ്ദേശാനുസരണം ചൂതാട്ടത്തിന്റെയും മറ്റും മേഖലകളിൽ ചില പുതിയ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. അതുകൂടാതെ ചരക്കുസേവന നികുതിയുടെ ഭാഗമായി പുതിയ നികുതികൂടി

ഏർപ്പെടുത്തുമ്പോൾ വീണ്ടും കുറച്ച് നിയന്ത്രണങ്ങൾകൂടി ഏർപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ട്. നമ്മുടെ സംസ്കാരത്തെയോ ജീവിത രീതിയെയോ തകിടംമറിക്കുന്ന അത്തരം ഘട്ടങ്ങളെ അതിജീവിക്കാൻ കഴിയുമെന്ന വിശ്വാസമാണ് പ്രത്യേകിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസ്താവന മുഖവിലയ്ക്കെടുത്തുകൊണ്ട് എനിക്ക് പറയാനുള്ളത്. പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനം സർക്കാരിന്റെ സാമ്പത്തിക പ്രയാസങ്ങളുടെയും കേന്ദ്ര അവഗണനയുടെയും പ്രശ്നങ്ങളാൽ ശബ്ദമുഖരിതമായിരുന്നു. ഇന്നും അതുസംബന്ധിച്ച പരാമർശങ്ങൾ ഉയർന്നുവരികയുണ്ടായി. കേരളം സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നതെന്നത് തർക്കമറ്റ കാര്യമാണ്. നിത്യനിദാന ചെലവ് മുടങ്ങാതെ പോകുന്നുവെന്നല്ലാതെ പല കാര്യങ്ങളിലെയും സ്ഥിതി മോശമാണ്. കുടിശ്ശികകൾ കൊടുത്ത് തീർക്കാൻ സാധിക്കാത്തത് പ്രധാനപ്പെട്ട പ്രശ്നമാണ്. കുടിശ്ശികകൾ കൊടുത്തുതീർക്കുന്നതിനായി കടമെടുക്കുന്നതിനുള്ള സാഹചര്യങ്ങൾക്കുമേൽ വിലങ്ങ് വീഴുകയാണ്. വ്യക്തികൾക്കും ബിസിനസ്സുകൾക്കും സിബിൽ സ്കോറും ആസ്തിയുമുണ്ടെങ്കിൽ

ബാങ്കിൽനിന്നും കടം ലഭിക്കും. പക്ഷെ സംസ്ഥാന സർക്കാരിന്റെ സ്ഥിതി അങ്ങനെയല്ല. ബാങ്കുകൾ കടം നൽകാമെന്ന് പറഞ്ഞാലും കേന്ദ്ര സർക്കാർ അതിന് അനുവാദം നൽകില്ല. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് കടമെടുക്കുന്നതിന് നിയപരമായ നിബന്ധനകളുണ്ടെന്ന് എല്ലാവർക്കും അറിയാം. അതിന്റെ ഭാഗമായുള്ളതാണ് FRBM (Fiscal Responsibility and Budget Management) Act. ടി ആക്റ്റ് പ്രകാരം കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ തീരുമാനിക്കുന്ന നിബന്ധനകൾക്ക് വിധേയമായി മാത്രമെ കടം എടുക്കാൻ കഴിയുകയുള്ളൂ. കേരളത്തിന്റെ കാര്യത്തിൽ നിബന്ധനപ്രകാരമുള്ള കടം എടുത്തുകഴിഞ്ഞുവെന്നും അതുകൊണ്ട് ഇനി കടമെടുക്കാൻ കഴിയില്ലെന്നുമാണ് കേന്ദ്ര സർക്കാർ വാദിക്കുന്നത്. അതിനുള്ള പരിഹാരമെന്ന് പറയുന്നത് സംസ്ഥാന സർക്കാരിന് തുക നൽകാനുള്ളവരിൽനിന്നും പെട്ടെന്ന് പിരിച്ചെടുക്കുകയാണ്. സംസ്ഥാന സർക്കാർ ജനങ്ങൾക്ക് നൽകുന്ന പല സബ്സിഡികളിലും കേന്ദ്ര വിഹിതമുണ്ട്. ജി.എസ്.ടി. പോലെയുള്ള നികുതിയിനങ്ങൾ കേന്ദ്ര സർക്കാർ പിരിച്ച് സംസ്ഥാന സർക്കാരിന് കൈമാറേണ്ട വിഹിതവുമുണ്ട്.

ഐ.ജി.എസ്.ടി. എന്ന പേരിൽ അന്തർ സംസ്ഥാന ചരക്കുവിൽപ്പനകളിലൂടെ പിരിച്ചെടുക്കുന്ന തുകയുടെ പകുതി സംസ്ഥാനങ്ങൾക്ക് കൈമാറേണ്ടതാണ്. ഇത് സമയബന്ധിതമായി കേരളത്തിന് ലഭിക്കുന്നില്ല. തുക നൽകാനുള്ളവർ നൽകുന്നുമില്ല, വായ്പ വാങ്ങി പ്രശ്നം തീർക്കാൻ സർക്കാരിനെ അനുവദിക്കുകയുമില്ലെന്നത് കേരളം നേരിടുന്ന പ്രധാന പ്രതിസന്ധിയാണ്. 150 കോടി ജനങ്ങൾ അധിവസിക്കുന്ന രാജ്യമാണ് ഇന്ത്യ. 29 സംസ്ഥാനങ്ങൾ, 7 യൂണിയൻ ടെറിറ്ററികൾ, 96 കോർപ്പറേഷനുകൾ, 3586-ലധികം മുനിസിപ്പാലിറ്റികൾ, 253163 ഗ്രാമപഞ്ചായത്തുകൾ, 515 ജില്ലകൾ, 630 ജില്ലാപഞ്ചായത്തുകൾ, 6614 ബ്ലോക്കുപഞ്ചായത്തുകൾ എന്നിവയെല്ലാം ഉൾപ്പെടുന്ന വിപുലമായ ശൃംഖലയാണ് നമ്മുടെ ഭരണ സംവിധാനം. ഇത്രയും വിപുലമായ കേന്ദ്ര സംസ്ഥാന പ്രാദേശിക ഭരണ സംവിധാനങ്ങൾക്ക് ആവശ്യമായ വരുമാനം കണ്ടെത്തുകയും സുഗമമായ രീതിയിൽ അത് വിതരണം ചെയ്യുന്നതിന് നടപടിയെടുക്കണമെന്നതുമാണ് കേന്ദ്ര സംസ്ഥാന സർക്കാർ സംവിധാനത്തിന്റെ ഉത്തരവാദിത്വം. എല്ലാകാലത്തും സർക്കാരുകൾക്ക് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാകാറുണ്ടെങ്കിലും

ഇപ്പോഴുണ്ടായ ബുദ്ധിമുട്ട് ഒരു സാധാരണ ബുദ്ധിമുട്ടാണെന്ന് പറയാൻ കഴിയില്ല. യുദ്ധംമൂലം സാമ്പത്തിക രംഗത്തുവന്ന തകർച്ച പ്രയാസങ്ങളുണ്ടാക്കി. കോവിഡിനുശേഷമുണ്ടായ വലിയ പ്രശ്നങ്ങളൊക്കെ ഈ പ്രയാസങ്ങൾക്ക് വഴിവച്ചെങ്കിലും ഏപ്രിൽ മാസത്തോടുകൂടി പത്തുവർഷത്തെ ഭരണം പൂർത്തിയാക്കുന്ന ബി.ജെ.പി. ഗവൺമെന്റ് സ്വീകരിച്ചുപോകുന്ന സമീപനങ്ങൾ വലിയ തോതിൽ നമ്മുടെ സാമ്പത്തിക രംഗത്തെ ബാധിച്ചിട്ടുണ്ട്. കോൺഗ്രസ് ഭരിക്കുന്ന സമയത്തും യു.പി.എ. ഗവൺമെന്റിന്റെ കാലത്തും പ്രശ്നങ്ങൾ ഇതുപോലെയായിരുന്നു. കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ പലപ്പോഴും കേന്ദ്രത്തിന് അനുകൂലമായ തീരുമാനമെടുക്കുന്നുവെന്ന പ്രശ്നം സ്വാതന്ത്ര്യം ലഭിച്ച കാലം മുതൽതന്നെയുണ്ട്, അതിൽ രാഷ്ട്രീയ കാര്യങ്ങളുമുണ്ട്. യു.പി.എ. സർക്കാരിന്റെ കാലത്ത് തുടങ്ങുകയും ബി.ജെ.പി. ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കുകയും ചെയ്ത ജി.എസ്.ടി. പരിഷ്കാരം സാമ്പത്തിക ബന്ധങ്ങളിൽ സംസ്ഥാനങ്ങളുടെ പരമാധികാരത്തെയും സ്വാതന്ത്ര്യത്തെയും ഏറ്റവും ദോഷകരമായി ബാധിക്കുകയും ഇന്നത്തെ സ്ഥിതിവിശേഷത്തിന്

കാരണമാകുകയും ചെയ്തുവെന്ന് കാണാൻ സാധിക്കും. ഭരണഘടനാ അസംബ്ലിയുടെ ചർച്ചകൾ നടന്നിരുന്ന കാലത്തുത്തന്നെ ഇതിന്റെ അപകടത്തെ സംബന്ധിച്ച് ദീർഘദർശനം ഉണ്ടായിട്ടുണ്ട്. വില്പന നികുതിപോലെയുള്ള കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൂടെ എന്നരീതിയിൽ ചർച്ചകൾ വരികയുണ്ടായി. അന്ന് ഇതുസംബന്ധിച്ച് ഡോ. ബി. ആർ. അംബേദ്കർ പറഞ്ഞത്, "ആകെ അവശേഷിക്കുന്ന വളരെ കുറച്ച് അധികാരങ്ങൾ മാത്രമാണ് സംസ്ഥാനങ്ങൾക്കുള്ളത്; അതിൽ വളരെ പരിമിതമായ സാമ്പത്തിക സ്വാതന്ത്ര്യത്തിൽപ്പെടുന്ന വില്പന നികുതികൂടി കേന്ദ്ര സർക്കാർ എടുത്താൽ പിന്നെ സംസ്ഥാനങ്ങൾക്ക് യാതൊരു അധികാരവും ഉണ്ടാകുകയില്ല" എന്നാണ്. വർത്തമാനകാല സാഹചര്യത്തിൽ കേരളം നേരിടുന്ന സാമ്പത്തികവും രാഷ്ട്രീയവുമായ പ്രധാന പ്രശ്നങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനവും നന്ദിപ്രമേയവും അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള ചർച്ചകൾക്ക് മറുപടിയായി കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി കഴിഞ്ഞ ദിവസം സഭയിൽ നടത്തിയ

സംഭാഷണങ്ങളും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നടത്തിയ വിശദീകരണങ്ങളും ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട പല കാര്യങ്ങൾക്കുമുള്ള മറുപടി കൂടിയായിരുന്നു. വിവിധ സാമൂഹ്യ മേഖലകളുടെ വികസനത്തിനും സാമൂഹ്യ സുരക്ഷയ്ക്കും കേരളം നൽകുന്ന പ്രാധാന്യവും ചെലവാക്കുന്ന തുകയും വളരെ വലുതാണ്. സംസ്ഥാനത്തിന്റെ വരുമാന കമ്മി നികത്തുന്നതിനായി കേന്ദ്രത്തിൽനിന്ന് ലഭിക്കേണ്ട തുകയിൽ ഇടിവ് വരുത്തികൊണ്ടിരിക്കുന്നതിന്റെ ഫലമായി കേന്ദ്രസഹായമില്ലാതെതന്നെ വികസന അജണ്ടകൾ പൂർത്തീകരിക്കാൻ കേരളത്തെ പ്രേരിപ്പിക്കുന്നു. അതിനുകാരണം കേന്ദ്ര വിഹിതത്തിനായി സംസ്ഥാന സർക്കാർ കാത്തുനിൽക്കുന്നത് കേരളത്തിന്റെ വികസനത്തെ പിന്നോട്ട് നയിക്കുമെന്നതാണ്. ഉദാഹരണമായി, 2023-24-ൽ കേരളം സ്വന്തം നികുതി വരുമാനയിനത്തിൽ 85.9 ശതമാനം പിരിച്ചെടുത്തപ്പോൾ 14 ശതമാനം മാത്രമായിരുന്നു കേന്ദ്രത്തിന്റെ വിഹിതം. 16-ാം ധനകാര്യ കമ്മീഷന്റെ അടിയന്തര ശ്രദ്ധ പതിയേണ്ട ചില വസ്തുതകളുണ്ട്. കേന്ദ്രത്തിന്റെ മിച്ച നികുതി വിഹിതത്തിൽനിന്നും കേരളത്തിന് ലഭിക്കുന്നത് 1.925 ശതമാനം

മാത്രമാണ്. കേരളത്തിന്റെ വികസന സൂചികകളിലുള്ള മികവ് പരിഗണിക്കുമ്പോൾ കേരളത്തിന്റെ വിഹിതം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇന്ത്യയിൽ 60 ശതമാനം സ്വർണ്ണ വില്പന നടത്തുന്നത് തെക്കേയിന്ത്യൻ സംസ്ഥാനങ്ങളാണെന്നിരിക്കെ സ്വർണ്ണത്തിൽനിന്നുള്ള ഇറക്കുമതി തീരുവ 15 ശതമാനവും ജി.എസ്.ടി. 3 ശതമാനവുമാണ്. സ്വർണ്ണ ഉപഭോഗത്തിൽ മുൻനിരയിൽ നിൽക്കുന്ന സംസ്ഥാനമായിട്ടും കേരളത്തിന് ലഭിക്കുന്നത് നികുതി വരുമാനത്തിന്റെ 1.5 ശതമാനം മാത്രമാണ്. സ്വർണ്ണംപോലെയുള്ള മേഖലയാണ് ഡീസൽ കടത്ത്. ഇത് വിവിധ തട്ടിപ്പുകളുടെ പുതിയൊരു മേഖലയാണ്. മാഹിയിൽനിന്ന് റോഡ് മാർഗ്ഗവും കർണ്ണാടകയിൽനിന്ന് കടൽമാർഗ്ഗവും കർണ്ണാടകയിലെ റിഫൈനറികളിൽനിന്നും മറ്റും സംസ്ഥാന സർക്കാരിനെ നികുതി വെട്ടിപ്പിലൂടെ പറ്റിക്കുന്ന ഒരുവിഭാഗം ആളുകളുണ്ട്. അടുത്തകാലത്ത് ഏതാണ്ട് 60 കോടി രൂപയുടെ ഫൈൻ ഈ മേഖലയിൽനിന്നും ഈടാക്കിയിട്ടുണ്ട്. ഈ ഗതികേടിലേയ്ക്ക് നമ്മുടെ രാജ്യത്തെ എത്തിച്ചതിൽ പ്രധാനപ്പെട്ട പങ്കുവഹിച്ചത് ബി.ജെ.പി. സർക്കാരിനെ അധികാരത്തിൽ കൊണ്ടുവരാൻ കോൺഗ്രസ് (ഐ)-യും

മുൻപ്രധാനമന്ത്രിയായിരുന്ന നരസിംഹറാവുവും സ്വീകരിച്ച നിലപാടുകളാണെന്നുള്ള കാര്യം കോൺഗ്രസ്സിന്റെ സ്നേഹിതരും അവരുടെ ഘടകകക്ഷികളായ ലീഗിന്റെ സുഹൃത്തുക്കളും മറന്നുപോകുകയാണ്. അദ്ദേഹം സ്വീകരിച്ച നിലപാടുകളെക്കുറിച്ച് നമുക്കറിയാം. 1990 കാലഘട്ടം മുതൽ ആഗോളവത്കരണത്തിന്റെയും ഉദാരവത്കരണത്തിന്റെയും നയങ്ങളെ നെഞ്ചിലേറ്റിയതുകൊണ്ടാണ് ഇതിന്റെയെല്ലാം അപകടങ്ങൾ നാം വഹിക്കേണ്ടിവരുന്നത്. ബി.ജെ.പി. ഗവൺമെന്റിനെ അധികാരത്തിൽ കൊണ്ടുവരാൻ ചരിത്രത്തിൽ ഏറ്റവും കുറ്റകരമായ കർത്തവ്യം നിർവ്വഹിച്ച ആളാണ് നരസിംഹറാവു. അതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത് എന്താണ്? അദ്ദേഹത്തിന്റെ ഒരു ലഘുജീവചരിത്രം, ഇന്ത്യയിലെ ഏറ്റവും പ്രശസ്തനായ പത്രപ്രവർത്തകനായ റ്റി.വി.ആർ. ഷേണായ് ഒരിക്കൽ പുറത്തുകൊണ്ടുവരുകയുണ്ടായി. അതിൽ അദ്ദേഹം ഇക്കാര്യം വിവരിക്കുന്നുണ്ട്. ആന്ധ്രാപ്രദേശിലെ വലിയൊരു ജന്മി കുടുംബത്തിലാണ് നരസിംഹറാവു ജനിച്ചത്, അന്ന് നൈസാമിന്റെ ഭരണമായിരുന്നു. മുസ്ലീം സഹോദരങ്ങൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതുകൊണ്ട് യുവാവായ

നരസിംഹറാവു അന്ന് കോൺഗ്രസ് പ്രസ്ഥാനത്തിൽ സ്വാതന്ത്ര്യ സമരത്തിൽ ഏറ്റവും തീവ്രനിലപാട് എടുക്കുന്ന ആളുകളോട് ചേർന്നുനിന്നുകൊണ്ടാണ് രാഷ്ട്രീയ പ്രവർത്തനം നടത്തിയതെന്നാണ് ആ ലഘുജീവചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അദ്ദേഹം നിയമത്തിൽ ബിരുദം എടുക്കുന്നതിനായി വാരണാസിയിലേയ്ക്കാണ് പുറപ്പെട്ടത്. വാരണാസിയിൽ പഠനത്തിനായി പോകുമ്പോൾ യുവാവായിരുന്ന നരസിംഹറാവു എല്ലാദിവസവും ആർ.എസ്.എസ്.-ന്റെ കാര്യാലയത്തിലെ സന്ദർശകനായിരുന്നുവെന്ന് റ്റി. വി. ആർ. ഷേണായ് പറയുന്നുണ്ട്. അന്നുമുതൽ അദ്ദേഹത്തിന് ആരംഭിച്ച രാമഭക്തി യഥാർത്ഥത്തിൽ ആർ.എസ്.എസ്.-കാരന്റെ/സംഘപരിവാറിന്റെ മനസ്സായി നരസിംഹറാവുവിനെ രൂപപ്പെടുത്തിയെന്ന ചരിത്രം അദ്ദേഹം പുറത്തുകൊണ്ടുവരുന്നുണ്ട്. അതുകൊണ്ടാണ് അയോദ്ധ്യയിൽ ബാബറി മസ്ജിദ് തകർക്കപ്പെട്ടപ്പോൾ ഇന്ത്യയിലെ എല്ലാ മതേതരവാദികളും കണ്ണീർ പൊഴിച്ചപ്പോഴും നരസിംഹറാവു മൗനം പാലിച്ചത്. നമ്മുടെ രാജ്യത്തിന്റെ നിലനിൽപ്പ് ജനാധിപത്യത്തിന്റെയും മതനിരപേക്ഷതയുടെയും വളരെ ശക്തമായ അടിത്തറയിലാണ്. അവിടെ ബാബറി മസ്ജിദ്

തകർക്കപ്പെട്ടപ്പോൾ, അതിന്റെ മിനാരങ്ങൾ തകർന്നുവീണപ്പോൾ ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും സങ്കൽപ്പങ്ങളെല്ലാം തകർന്നുവീഴുകയാണ് ചെയ്തത്. പ്രധാനമന്ത്രിക്ക് എല്ലാ വിവരണവും തത്സമയം അറിയാൻ സംവിധാനങ്ങളുണ്ട്; എല്ലാ സന്നാഹങ്ങളുമുണ്ട്. റിസർച്ച് ആൻഡ് അനാലിസിസ് വിംഗിന്റെയും രഹസ്യ പോലീസിന്റെയും വിവരങ്ങളെല്ലാം തത്സമയം നമ്മുടെ രാജ്യത്തിന്റെ പ്രധാനമന്ത്രിക്ക് ലഭിക്കുമ്പോഴും ആ മഹത്തായ ആരാധനാലയം തകർക്കുന്നതിന് വളരെ കുറ്റകരമായ മൗനം പാലിക്കുകയുണ്ടായി. അതുമുതലാണ് ആർ.എസ്.എസ്./സംഘപരിവാർ ശക്തിപ്പെട്ടത്. അതിന് അവസരം കൊടുത്ത പ്രധാനമന്ത്രിയായിരുന്ന അദ്ദേഹമെന്ന് ഞാൻ മാത്രമല്ല പറയുന്നത്. നരസിംഹറാവുവിന്റെ ചരിത്രത്തെ സാധൂകരിച്ചുകൊണ്ട് കോൺഗ്രസ്സിന്റെ നേതാവും മന്ത്രിയുമായിരുന്ന ശ്രീ. മണിശങ്കർ അയ്യർ അദ്ദേഹത്തിന്റെ പ്രശസ്തമായ ഒരു പുസ്തകം ഈ അടുത്തകാലത്ത് പ്രസിദ്ധീകരിക്കുന്ന സന്ദർഭത്തിൽ വേദിയിൽ വച്ച് പറഞ്ഞത്, ആദ്യത്തെ ബി.ജെ.പി. പ്രധാനമന്ത്രി നരസിംഹറാവു ആയിരുന്നുവെന്നാണ്. ഈ

ചർച്ചാവേളയിൽ പലതരത്തിലുള്ള പ്രതികരണങ്ങൾ വരികയുണ്ടായി. ഇവിടെ ചിലർ നവകേരളസദസ്സിനെ അവഹേളിക്കുന്നത് കേട്ടു. നവകേരള സദസ്സ് എന്നത് ജനാധിപത്യ സങ്കൽപ്പത്തിന് പുതിയ അർത്ഥങ്ങൾ നൽകുകയാണ് ചെയ്തത്. ഇത് ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന ഭരണമാണ്. ജനാധിപത്യ സമൂഹത്തിൽ ജനങ്ങളെ മാതാവായി കാണുന്ന ഒരു പ്രസ്ഥാനമാണ് ഇടതുപക്ഷം. അതുകൊണ്ട് അവർ നിർദ്ദേശങ്ങൾ നൽകുകയും അഭിപ്രായങ്ങൾ പറയുകയും ചെയ്യട്ടെ. ഞങ്ങളത് നടപ്പാക്കാനുള്ള ആളുകളെന്ന നിലയിലാണ് നവകേരള സദസ്സ് നടത്തിയത്. നവകേരള സദസ്സ് നടത്തുന്നതിനുമുമ്പ് 'കരുതലും കൈത്താങ്ങും' എന്ന വളരെ ശ്രദ്ധേയമായ പരിപാടി നടത്തിയിരുന്നു. നാല് മേഖലാ യോഗങ്ങളിലൂടെ ജനങ്ങളുടെ എല്ലാ പ്രശ്നങ്ങളും ചർച്ച ചെയ്യപ്പെടുകയുണ്ടായി, അതിന്റെ തുടർച്ചയിലാണ്. ഇതിവിടെ അവസാനിക്കുന്നില്ല. വരുന്ന മാസങ്ങളിൽ കേരളത്തിന്റെ എല്ലാ ക്രോസ് സെക്ഷനെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും അഭിസംബോധന ചെയ്യാൻ പോകുകയാണ്. കേരളത്തിലെ എല്ലാ സാംസ്കാരിക പ്രവർത്തകരും നമ്മുടെ സാംസ്കാരിക തലസ്ഥാനമായ

തൃശ്ശൂരിൽ ഒത്തുചേരുകയാണ്. എറണാകുളത്തുവച്ച് കേരളത്തിലെ എല്ലാ റസിഡന്റ്സ് അസോസിയേഷനുകളുടെയും വിപുലമയ സമ്മേളനം നടക്കാൻ പോകുകയാണ്. തൊഴിലാളികളുടെ വലിയ കൂട്ടായ്മ നടക്കാൻ പോകുകയാണ്. അതുസംബന്ധിച്ച് പത്രത്തിൽ വാർത്ത വരികയുണ്ടായി. അത്തരത്തിൽ ജനാധിപത്യത്തിന് പുതിയ അർത്ഥങ്ങൾ നൽകി ജനങ്ങളെ അഭിസംബോധന ചെയ്യുന്ന, കൂടുതൽ ജനകീയമാകുന്ന പരിപാടികളിലേയ്ക്കാണ് രാജ്യം നീങ്ങുന്നത്. ഇന്ന് കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ച ദിവസമാണ്. വരാൻ പോകുന്ന തെരഞ്ഞെടുപ്പിനെ മുന്നിൽകണ്ടുകൊണ്ട് ബി.ജെ.പി. അവതരിപ്പിച്ച ചെപ്പടിവിദ്യകളടങ്ങുന്ന ഒരു ബഡ്ജറ്റാണത്. നാരീശക്തിയിൽ രാജ്യം തിളങ്ങുമെന്ന ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം ഞാൻ കേൾക്കുകയുണ്ടായി. ബിൽക്കിസ് ബാനു കേസും അത് സൃഷ്ടിച്ച പ്രത്യാഘാതങ്ങളുമെല്ലാം നമുക്കറിയാമല്ലോ? 2002-ൽ ഉണ്ടായ ബിൽക്കിസ് ബാനു കേസ് കൈകാര്യം ചെയ്ത ബി.ജെ.പി.-ക്കാർ എങ്ങനെയാണ് ഇനി ഭാവി കൈകാര്യം ചെയ്യാൻ പോകുന്നുവെന്നുള്ളതിന്റെ സൂചകങ്ങളാണത്. 40 ലക്ഷത്തിലധികം വരുന്ന

കുടുംബശ്രീ അംഗങ്ങൾ, നാൽപ്പതിനായിരത്തോളം വരുന്ന സ്ത്രീകൾക്ക് ഹരിത കർമ്മസേന മുഖേന തൊഴിൽ നൽകിയും കേരളത്തിൽ സ്ത്രീശാക്തീകരണ മേഖലയിൽ നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നു. ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഓർഡിനൻസ് ബില്ലാക്കുന്നതിനുവേണ്ടിയുള്ള നിയമപരമായ നടപടിക്രമത്തിന്റെ ഭാഗമായാണ് ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിച്ചിരിക്കുന്നത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം ഈ സഭാ സമ്മേളനത്തിൽത്തന്നെ പാസ്സാക്കാനാണ് ഉദ്ദേശിക്കുന്നത്. ഓൺലൈൻ ഗെയ്മിംഗിനെ സംബന്ധിച്ച് ഇവിടെ ഉയർന്നുവന്ന ആശങ്കകളെ നൂറുശതമാനവും പിന്തുണയ്ക്കുന്നതാണ് ഗവൺമെന്റിന്റെ സമീപനം. നേരത്തെതന്നെ ഇത് നിരോധിക്കാനുള്ള ശ്രമം നടത്തിയിട്ടുണ്ട്. അതിവിടെ നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും ഹൈക്കോടതി സ്റ്റേ

ചെയ്തിരിക്കുകയാണ്. അതിപ്പോൾ ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലാണ്. തമിഴ്നാട്ടിലും ഇതേ സ്ഥിതിയാണുള്ളത്. തമിഴ്നാട് സർക്കാർ ഓർഡിനൻസ് കൊണ്ടുവന്നെങ്കിലും ഗവർണ്ണർ ഒപ്പിട്ടിട്ടില്ലെന്ന് മുൻ പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിച്ചു. ഇങ്ങനെയൊരു നിയമത്തിന്റെ പ്രസക്തി എന്താണ്; നേരത്തെ നമ്മൾ ഓൺലൈൻ ഗെയ്മും മറ്റും നിരോധിക്കാൻ ശ്രമിച്ചപ്പോൾ അതിന് സാധിച്ചോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതിൽ ഒരു കറക്ഷനുണ്ട്. തമിഴ്നാട്ടിൽ ഗവർണ്ണർ ഒപ്പിട്ടില്ലെന്ന് ഞാൻ നേരത്തേ പറഞ്ഞത് ശരിയല്ല. അസംബ്ലി പാസ്സാക്കി അസന്റ് കൊടുത്തിട്ടുണ്ട് എന്നുള്ളതാണ്. I am sorry.

മി. സ്പീക്കർ: ശരി.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നിലവിലുള്ള നിയമമനുസരിച്ച് പല കാര്യങ്ങളും ചെയ്യുന്നുണ്ട്. നിലവിലുള്ള നിയമത്തിൽ 18 ശതമാനമാണ് ചരക്ക് സേവന നികുതി. അത് കേരളം അംഗീകരിക്കുന്നില്ല. കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ സമീപനമെടുത്തത് നമുക്കറിയാം. നേരത്തെ

അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോഴും ഇത്തരത്തിൽ പല കാര്യങ്ങളും ചർച്ച ചെയ്തിട്ടുണ്ട്. ഓൺലൈൻ ഗെയ്മിന്റെ കാര്യമല്ല, മറ്റ് പല കാര്യങ്ങളും ചർച്ചയിൽ വന്നിട്ടുണ്ട്. ചരക്കുസേവന നികുതി നിയമത്തിലെ ചാപ്റ്റർ 22-ൽ ടെലികമ്മ്യൂണിക്കേഷനും ബ്രോഡ്കാസ്റ്റിംഗും ഇൻഫർമേഷൻ സപ്ലൈ സർവ്വീസസ് എന്ന പ്രൊവിഷനിലാണ് നേരത്തെ ഉണ്ടായിരുന്നത്. അതിന് യാതൊരു കൃത്യതയുമില്ല. ഇതിൽ പലതിന്റെയും റേറ്റ് 18 ശതമാനമാണ്. അതിൽ ആക്ഷണബിൾ ക്ലെയിം എന്നുപറഞ്ഞാൽ ഒരു ഗെയിം കളിക്കുമ്പോൾ അവർക്ക് എത്ര ലാഭം ലഭിക്കുന്നുവോ അതിനുമാത്രമെ ടാക്സ് വരികയുള്ളൂ. ഇത്തരത്തിൽ പല കാര്യങ്ങളുമുണ്ടായിരുന്നു. അതുകൊണ്ട് മുഴുവൻ ഫെയ്സ് വാല്യൂവിൽത്തന്നെ ടാക്സ് വേണമെന്ന് പറയുന്നതരത്തിൽ നിയമത്തിൽ ഒരു കൃത്യതയുണ്ടാക്കുകയാണ് ചെയ്തത്. ഇക്കാര്യം ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്തപ്പോൾ ഇത് നിരോധിക്കണമെന്ന് അഭിപ്രായപ്പെട്ടിരുന്നു. അതങ്ങനെ പൊതുവിൽ അംഗീകരിക്കാൻ കഴിയുമോ? അതുകൊണ്ടാണ് നേരത്തെ ഞാൻ ഇതിലുള്ള transitory clause-നെക്കുറിച്ച് പറഞ്ഞത്. നമുക്ക് ഇപ്പോഴത്തെ നിയമമനുസരിച്ച് കാര്യങ്ങൾ

ചെയ്യാം. പക്ഷേ നിയമത്തിനകത്ത് മറ്റൊരു കാര്യംകൂടി ശ്രദ്ധിക്കണം. ലോട്ടറിയടക്കമുള്ള കാര്യങ്ങളെല്ലാം ഈ പൊതുനിയമത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്. ഈ ഭേദഗതി ബില്ലിലെ ഖണ്ഡം 2(ബി)-ൽ 102-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണെന്ന് പറഞ്ഞിട്ട്, (102 എ) " പ്രത്യേകം വ്യവഹാരപ്പെടുന്ന അവകാശവാദം" എന്നാൽ- (i) വാതുവെയ്പ്പ്; (ii) കാസിനോകൾ; (iii) ചൂതാട്ടം; (iv) കുതിരപ്പന്തയം; (v) ഭാഗ്യക്കുറി; അല്ലെങ്കിൽ (vi) ഓൺലൈൻ മണിഗെയ്മിംഗ് എന്നിവയെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനകത്ത് ഗെയിം ഓഫ് സ്കില്ലും ഗെയിം ഓഫ് ചാൻസുമുണ്ട്. ഗെയിം ഓഫ് സ്കില്ലിന് ഈ നികുതി പാടില്ലെന്നുപറഞ്ഞ് ധാരാളം തർക്കങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത് വലിയ തുക ടാക്സ് വരുന്ന മേഖലയാണ്. ലോട്ടറി പോലെയുള്ള കാര്യങ്ങൾ ഇതുപോലെയൊരു നിയമത്തിൽ വന്നേ മതിയാകൂ. കേരളത്തിന് ലോട്ടറിയുണ്ട്. മറ്റ് സംസ്ഥാനങ്ങളുടെ ലോട്ടറി ഇവിടെ കൊണ്ടുവരാൻ അനുവദിക്കുന്നില്ല. ഓൺലൈൻ ഗെയ്മിംഗിനോട് കേരളത്തിന് യോജിപ്പില്ല. പക്ഷേ നേരത്തെയുണ്ടായിരുന്ന ഒരു നിയമത്തിൽ 18 ശതമാനം ജി.എസ്.ടി.

എന്നത് 28 ശതമാനമാക്കിയതിന്റെ ക്ലാരിഫിക്കേഷനും ക്ലാരിറ്റിയും വരുത്തുന്നതിന് വേണ്ടിയാണ് ഈ നിയമ ഭേദഗതി കൊണ്ടുവന്നത്. അതുവഴി ഇത്തരം ഗെയിമുകളെ നിരോധിക്കാനുള്ള സമീപനമാണ് കേരളത്തിനുള്ളത്. ഏതറ്റംവരെ പോയാലും അത്തരം കളികൾ വേണ്ടെന്ന അഭിപ്രായമാണുള്ളത്. നേരത്തേ മുൻ പ്രതിപക്ഷനേതാവും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശക്തമായി കാര്യങ്ങൾ അവതരിപ്പിക്കുകയുണ്ടായി. ഒരുകാര്യം നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, കേരളത്തിൽത്തന്നെ ഓൺലൈൻ ഗെയിം കളിച്ച് ആത്മഹത്യ ചെയ്ത സംഭവങ്ങളുണ്ടായിട്ടുണ്ട് എന്നാണ്. അതിനെയെല്ലാം നിയന്ത്രിച്ച് ഇല്ലാതാക്കുന്നതിനും മറ്റ് സംസ്ഥാനങ്ങളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന കാര്യങ്ങളൊക്കെ നിയന്ത്രിക്കാനുംവേണ്ടി കൊണ്ടുവന്ന ഭേദഗതിയാണിത്. എന്നാൽ ഈ ബില്ലിന്മേൽ രാഷ്ട്രീയചർച്ച എന്ന നിലയിലാണ് മുൻപ്രതിപക്ഷനേതാവും മുൻമന്ത്രിയടക്കമുള്ളവരെല്ലാം കാര്യങ്ങൾ സൂചിപ്പിച്ചത്. ഇങ്ങനെയൊരു കാര്യത്തെ സംബന്ധിച്ച് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമനെ കാണാൻപോയി അഭിപ്രായം പറയാതെ മുട്ടിടിച്ചുവരുന്ന സമീപനമൊന്നും ഞങ്ങൾക്ക്

സ്വീകരിക്കേണ്ടതില്ല. ഞങ്ങൾ ഇക്കാര്യങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതെല്ലാം ഇവിടെവന്ന് പറയാറുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കേരളത്തിലെ എല്ലാ തലമുറകളെയും ബാധിക്കുന്ന ഒരു പ്രശ്നത്തിൽ രാഷ്ട്രീയം കൊണ്ടുവന്ന് അതിനെ ഡിവൈഡ് ചെയ്യരുത്. ഞങ്ങൾ പറഞ്ഞതൊന്നും രാഷ്ട്രീയമല്ല. ഞങ്ങളും മനുഷ്യരല്ലേ; സംസാരിച്ച കൂട്ടത്തിൽ വല്ല രാഷ്ട്രീയവും വന്നുപെട്ടിട്ടുണ്ടാകാം. പക്ഷേ, ഇത് രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ പറയുന്നതല്ല. അങ്ങയുടെയും ഞങ്ങളുടെയും ഭരണ-പ്രതിപക്ഷത്തുള്ളവരുടെയും അടുത്ത തലമുറയെ രക്ഷിക്കുന്നതിനുള്ള മറുപടിയെന്ന നിലയിലാണ് ഞങ്ങൾ പറയുന്നത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ആ സമീപനം തന്നെയാണ് സ്വീകരിക്കുന്നത്. ഓൺലൈൻ ഗെയ്മിംഗായാലും അന്യസംസ്ഥാന ലോട്ടറിയായാലും, മറ്റുകാര്യങ്ങളൊന്നും ഇവിടെയില്ല. ഇന്ത്യയിലെ രണ്ട് സംസ്ഥാനങ്ങളിലെ ടൂറിസത്തിന് ഏറ്റവും കൂടുതൽ സാധ്യതയുണ്ടെന്നുപറയുന്ന ഒരു കാര്യമാണ് സിക്കിമിലും

ഗോവയിലുമൊക്കെയുള്ള കാസിനോസ്. ഗോവയിലെ കാസിനോസിന്റെ കാര്യത്തിൽ ജി.എസ്.ടി. 28 ശതമാനമെന്നുള്ളത് വലിയ തോതിൽ ബാധിക്കും. അവർക്ക് ആക്ഷണബിൾ ക്ലെയിം മാത്രമെ പാടുള്ളുവെന്ന് ശക്തമായ അഭിപ്രായമായിരുന്നു. ഒരുഘട്ടത്തിൽ വളരെ ശക്തമായ വിവാദങ്ങളും വാദങ്ങളുമൊക്കെയുണ്ടായി. പക്ഷേ ശക്തമായ നിലപാടെടുത്തതുകൊണ്ടാണ് ആ റേറ്റ് ഉൾപ്പെടെ വർദ്ധിപ്പിക്കുന്നത്. അത് പൊതുവിലാണ് പറഞ്ഞത്. കേരളത്തിൽ കാസിനോസും കുതിരപ്പന്തയവുമില്ല.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, ഓൺലൈൻ ഗെയിം ആകെ അപകടത്തിലായതിനാൽ അതെല്ലാം നിരോധിക്കണമെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. വിദ്യാർത്ഥികളുടെ പഠനം ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറുന്ന സാഹചര്യത്തിൽ ഓൺലൈൻ ഉപയോഗപ്പെടുത്തിക്കൊണ്ട് അത്യാവശ്യം ഗെയ്മുകൾ കളിക്കുന്നത് യാഥാർത്ഥ്യമായി മാറിയിട്ടുണ്ട്. അതുകൊണ്ട് നമ്മുടെ നാട്ടിൽ അത് നിരോധിച്ചാലും മറ്റുസ്ഥലങ്ങളിലേയ്ക്ക് പോകുമ്പോൾ അവരത് ഉപയോഗിക്കും.

അങ്ങനെവരുമ്പോൾ അവർ നമ്മുടെ നാടിനെ വെറുക്കുന്ന സാഹചര്യമുണ്ടാകും. മണി ഗെയിം, ബ്ലൂവെയിൽ അടക്കം അപകടമുണ്ടാക്കുന്ന തരത്തിലുള്ള ഗെയ്മുകൾ നിരോധിക്കണമെന്ന നിലപാടെടുക്കുമ്പോഴും കുട്ടികൾക്ക് പഠിക്കാനും ബ്രെയിൻ എൻഹാൻസിംഗിനും മെമ്മറി എൻഹാൻസിംഗിനുമുള്ള പലതരത്തിലുള്ള ഗെയ്മുകളുണ്ട്. പഠനത്തിന് ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ നിയന്ത്രിതമായി അത് കളിക്കാനുള്ള സൗകര്യം വേണമെന്നാണ് എനിക്ക് തോന്നുന്നത്. ഈ മേഖലയിൽ കൂടുതൽ പഠനം നടത്തി നിയന്ത്രിക്കേണ്ടതിനെ നിയന്ത്രിക്കുകയും കുട്ടികൾക്ക് പഠിക്കാൻ കഴിയുന്ന രീതിയിലുള്ള ഗെയ്മുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടി വരുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, The Tamil Nadu Prohibition of Online Gambling and Regulation of Online Games Act-ൽ 'An Act to prohibit Online gambling and to regulate Online games in the State of Tamil Nadu.' എന്നാണ് പറഞ്ഞിരിക്കുന്നത്. യഥാർത്ഥത്തിൽ അതാണ് വേണ്ടത്. അല്ലാതെ കുട്ടികൾ ഓൺലൈനിൽ പഠിക്കുന്നതിന് ഇവിടെ ആരും

എതിരല്ല. പക്ഷേ അപകടകരമായ ഇത്തരം ഗെയ്മുകളും ഗാംബ്ലിങ്ങും നിരോധിക്കണം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അക്കാര്യം വളരെ വ്യക്തമാണ്. ഓൺലൈനിൽ പണംവച്ച് കളിക്കുന്ന റമ്മിപോലുള്ള കളികളെക്കുറിച്ചാണ് പറഞ്ഞത്. ലോകത്തിലെ ഏറ്റവും വലിയ ബിസിനസ്സാണ് ഓൺലൈൻ ഗെയ്മുകളും ഈ പറഞ്ഞ ഇന്റലക്ച്വലായിട്ടുള്ള കാര്യങ്ങളും. ഗാംബ്ലിങ്ങിന്റെ കാര്യമാണ് നമ്മൾ പറയുന്നത്. പക്ഷേ, ബില്ലുമായി ബന്ധപ്പെട്ട് രാഷ്ട്രീയം പറഞ്ഞെന്ന് ഞാൻ ചൂണ്ടിക്കാണിച്ചപ്പോൾ അങ്ങ് മറുപടി പറഞ്ഞല്ലോ. ഇതുമായി ബന്ധപ്പെട്ട ബിൽ പാസ്സാക്കിയത് ഏതൊക്കെ സംസ്ഥാനങ്ങളിലാണ്? ഈ ബില്ലുമായി ബന്ധപ്പെട്ട് സഭയിൽ രാഷ്ട്രീയം പറയണമെന്ന് ഞാൻ ആഗ്രഹിച്ചതല്ല. പക്ഷേ സഭയിൽ സംസാരിക്കുമ്പോൾ അടിച്ചിരുത്താൻവേണ്ടി ആരെയും അപമാനിക്കുന്ന തരത്തിൽ സംസാരിക്കരുത്. സാധാരണ നിങ്ങൾ അത്തരത്തിൽ സംസാരിക്കാറുള്ളവരല്ല. ഹരിയാന ഇത്തരത്തിലൊരു ബിൽ പാസ്സാക്കിയിരിക്കുന്നു. കോൺഗ്രസിന്റെ പുതിയ ഗവൺമെന്റ്

വന്നതിനുശേഷം കർണ്ണാടക ഇതുസംബന്ധിച്ച ഓർഡിനൻസ് പാസ്സാക്കി. രാജസ്ഥാൻ നേരത്തെതന്നെ ഇത് പാസ്സാക്കിയിരുന്നു. ഒരു പ്രക്രിയയുടെ ഭാഗമായി ഇന്ത്യയിലെ സംസ്ഥാനങ്ങളിലെല്ലാം ഇതുസംബന്ധിച്ച നിയമം പാസ്സാക്കുകയാണ്. ഞാൻ പറഞ്ഞ നിയമമനുസരിച്ച് സേവിംഗ് ക്ലോസുമുണ്ട്. ലോട്ടറിയുൾപ്പെടെയുള്ള കാര്യങ്ങളുള്ളതുകൊണ്ട് പൊതുവിൽ ഓരോന്നിന്റെയും റേറ്റ് ഫിക്സ് ചെയ്യേണ്ടതുണ്ട്. ഇക്കാര്യത്തിൽ യോജിപ്പുള്ളതുകൊണ്ട് സാങ്കേതികമായ കാര്യങ്ങളിൽ ഭാവിയിൽ എന്തെങ്കിലും പ്രശ്നമുണ്ടായാലും നമുക്കൊരുമിച്ച് നേരിടാൻ സാധിക്കും. നമ്മൾ ഇതിന്റെ ഫീസ് ഈടാക്കാനും പണം വാങ്ങാനും ശ്രമിക്കുന്നില്ലല്ലോ. നമ്മുടെ സേവിംഗ്സ് ക്ലോസും പ്രൊവിഷനുമനുസരിച്ച് അവ നിരോധിക്കാൻ കഴിയുമെന്ന വ്യവസ്ഥയുണ്ടെന്ന ധാരണയുടെ അടിസ്ഥാനത്തിൽ നിയമപരമായ പരിശോധനയിലൂടെയും വെറ്റ് ചെയ്തശേഷവുമാണ് ഇതുകൊണ്ടുവന്നത്. ഇത് ജി.എസ്.ടി. കൗൺസിലിന്റെ പരിഗണനയിൽ വന്നൊരു കാര്യമാണ്. തമിഴ്നാട്ടിലെയും കേരളത്തിലെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പറയുകയാണെങ്കിൽ ഇത്തരം കാര്യങ്ങളിൽ കോടതി

ഇടപെട്ട് നിലവിലുള്ള നിയമങ്ങളെ stuck down ചെയ്യുന്ന സ്ഥിതിയും വരുന്നുണ്ട്. ഇത്തരം കാര്യങ്ങളിൽ നിരോധനമോ നിയന്ത്രണമോ പാടില്ലെന്നും ടാക്സ് വർദ്ധിപ്പിക്കാൻ പാടില്ലെന്നും ജി.എസ്.ടി. 18 ശതമാനത്തിൽ താഴെയാക്കണമെന്നും അത് 12 ശതമാനമാക്കണമെന്നും പറഞ്ഞ സംസ്ഥാനങ്ങളുമുണ്ട്. അവിടെയും നമ്മൾ ഈയൊരു സമീപനം തന്നെയാണ് സ്വീകരിച്ചത്. സാങ്കേതികമായി ചെയ്യേണ്ട കാര്യമെന്ന നിലയ്ക്കാണ് ഓർഡിനൻസ് പാസ്സാക്കിയതും ഇപ്പോൾ അത് നിയമമാക്കുന്നതും.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ജി.എസ്.ടി. നിയമ ഭേദഗതിയിൽത്തന്നെ നമുക്ക് നിയമം പാസ്സാക്കാമെന്ന പ്രൊവിഷനുണ്ട്. തമിഴ്നാട് പാസ്സാക്കിയതുപോലെ ഇതിനുവേണ്ടി ഇവിടെ ഒരു നിയമം പാസ്സാക്കാൻ ഗവൺമെന്റ് മുന്നോട്ടുവരുമോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ച് നേരത്തെ ഈ സഭയിൽ ഉറപ്പ് നൽകിയതാണ്.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, മണി ഗെയ്മിംഗും ഗാംബ്ലിംഗും തുടങ്ങി ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഓൺലൈൻ ഗെയ്മിംഗിൽ നമുക്ക്

ശക്തമായ നിലപാടുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെതന്നെ വ്യക്തമാക്കിയതും ഇതുസംബന്ധിച്ച് റൂൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ഇതുമായി ബന്ധപ്പെട്ട കേസ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലാണ്. ഇതുമായി ബന്ധപ്പെട്ടവർ വളരെ പവർഫുള്ളാണ്; വളരെ പ്രധാനപ്പെട്ട താരങ്ങളെക്കൊണ്ടാണ് അവർ പരസ്യം ചെയ്യിക്കുന്നത്. നമ്മുടെ സമീപനം എന്താണെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചുകഴിഞ്ഞു. ബഹുമാനപ്പെട്ട മുൻപ്രതിപക്ഷനേതാവ് പറഞ്ഞകാര്യത്തെക്കുറിച്ച് പരിശോധിക്കാം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ അക്കാര്യം ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. ഇത്തരം ഓൺലൈൻ മണി ഗെയ്മിംഗ് പോലുള്ള കാര്യങ്ങൾ പാടില്ലെന്ന കാര്യത്തിൽ പ്രതിപക്ഷത്തിനും ഭരണപക്ഷത്തിനും യാതൊരു സംശയവുമില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, കാസിനോയും പാടില്ല.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ:</u> സർ, കാസിനോയൊന്നും ഇവിടെവന്നിട്ടില്ല. കാസിനോയും അതുപോലുള്ള കാര്യങ്ങളോടൊന്നും നമുക്ക് യോജിപ്പില്ല. പൊതുവായ ഒരു നിയമം പാസ്സാക്കുകയാണ്, Enabling Act

ആണ്. ബാക്കി പ്രൊവിഷൻസ് ബില്ലിലുണ്ട്, അതനുസരിച്ച് മുന്നോട്ടുപോകും. ഏത് കാര്യം സംബന്ധിച്ചായാലും സഭയിൽ ചർച്ച നടക്കുമ്പോൾ തെങ്ങിൽ കെട്ടിയ പശു പോകുന്നതുപോലെയാണ്. പറഞ്ഞുപറഞ്ഞ് അവസാനം എത്തുന്നത് ഒരേ കാര്യത്തിലാണ്. കഴിഞ്ഞ നാല് ദിവസമായി ഒരേ വിഷയമാണ് സംസാരിക്കുന്നത്. ഇതിനൊക്കെ മറുപടി പറഞ്ഞ് സമയം കളയണമെന്ന് എനിക്ക് ആഗ്രഹമില്ല. പക്ഷേ, കഴിഞ്ഞ നാല് ദിവസമായിട്ടും പറഞ്ഞുകൊണ്ടിരിക്കുന്നത് സോഷ്യൽ സെക്യൂരിറ്റി പെൻഷന്റെ പേരിലുണ്ടായ ആത്മഹത്യയെക്കുറിച്ചും എഴുതിയ കത്തിനെക്കുറിച്ചും കേസിന്റെ വിശദാംശങ്ങളെക്കുറിച്ചുമാണ്. ഇതല്ലാതെ മറ്റൊരു കാര്യവും ജനങ്ങൾക്കുവേണ്ടി കണ്ടുപിടിക്കാനും സംസാരിക്കാനും കേരളത്തിലെ പ്രതിപക്ഷത്തിന് കഴിയുന്നില്ലല്ലോ എന്ന ശങ്ക ജനങ്ങൾക്കുണ്ടാകില്ലേ? എത്രയെത്ര കാര്യങ്ങൾ പറയാനുണ്ട്, ഇതല്ലാതെ മറ്റേതെങ്കിലുമൊരു കാര്യം പറയാനുണ്ടോ? ശ്രീ. എൻ. ഷംസുദ്ദീൻ ഐ.ജി.എസ്.ടി.-യെക്കുറിച്ച് പറഞ്ഞ കാര്യം ശരിയല്ല. കാരണം അത് ഐ.ജി.എസ്.ടി. അല്ല. അതുകൊണ്ടാണ് അക്കാര്യം ക്ലാരിഫൈ ചെയ്യണമെന്ന് ഞാൻ പറഞ്ഞത്.

ഇത്തരം കാര്യങ്ങൾ സാമാന്യം നന്നായി അവതരിപ്പിക്കുന്ന ഒരു വ്യക്തിയാണ് അങ്ങ് എന്ന് സഭയ്ക്ക് ഒരു ധാരണയുണ്ടല്ലോ. ഇങ്ങനെ അവതരിപ്പിച്ച് അങ്ങയെക്കുറിച്ച് മോശപ്പെട്ട അഭിപ്രായം വരരുതെന്ന് കരുതിയാണ് ഞാൻ പറയുന്നത്. ഐ.ജി.എസ്.ടി. എന്നുപറഞ്ഞാൽ ഇവിടെനിന്നും നമ്മൾ എന്റർ ചെയ്യുന്ന കണക്കല്ല. അത് ഓട്ടോമാറ്റിക്കായി വരുന്നതാണ്. ജി.എസ്.ടി. കോമ്പൻസേഷൻ സംബന്ധിച്ചുള്ള കാര്യമാണ് അന്നവർ പറഞ്ഞത്. നമ്മുടെ ബഹുമാനപ്പെട്ട പാർലമെന്റ് അംഗം അവിടെ ചോദിച്ചതുപോലും ഐ.ജി.എസ്.ടി.-യുടെ കാര്യമാണ്, അതുതന്നെ തെറ്റായ ചോദ്യമായിരുന്നു. ഐ.ജി.എസ്.ടി. ഇനത്തിൽ കേരളത്തിന് എത്ര തുക ലഭിക്കാനുണ്ട്; കേരളം കണക്ക് തന്നിട്ടില്ലേ എന്നൊക്കെ ചോദിച്ചാൽ ആ പാർലമെന്റ് അംഗത്തിന്റെ ധാരണയെക്കുറിച്ചും ജനങ്ങളറിയും. എന്നിട്ട് അതുസംബന്ധിച്ച് വലിയ വാർത്ത കൊടുക്കുകയും ചെയ്യുകയാണ്.

ഐ.ജി.എസ്.ടി.-യുടെ കണക്കിനകത്ത് അങ്ങനെ തെറ്റായ ധാരണ വന്നതുകൊണ്ട് പറഞ്ഞതാണ്, അങ്ങ് അത് കറക്ട് ചെയ്തതുകൊണ്ട് കുഴപ്പമില്ല. ബഹുമാനപ്പെട്ട മെമ്പർമാർ സർക്കാരിന്റെ ആർഭാടത്തെയും മറ്റ്

കാര്യങ്ങളെക്കുറിച്ചും പറഞ്ഞു. അങ്ങനെ പറഞ്ഞു വന്നപ്പോൾ ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്തെ കാര്യത്തെക്കുറിച്ചും പറഞ്ഞിരുന്നു. ശ്രീ. എൻ. ഷംസുദ്ദീൻ സംസാരിച്ചപ്പോൾ ജനസമ്പർക്ക പരിപാടിയെയും നവകേരള സദസ്സിനെയുംകുറിച്ച് അഭിപ്രായം പറഞ്ഞു. 29-07-2015-ൽ ശ്രീ. കെ. അച്ചുതൻ, ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, ശ്രീ. സണ്ണി ജോസഫ്, ശ്രീ. വർക്കല കഹാർ എന്നിവർ ചോദിച്ച ചോദ്യത്തിന് ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് അദ്ദേഹം തന്നെ നൽകിയ മറുപടിയിൽ ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ നേരിട്ടാണ് പരാതി സ്വീകരിച്ചിരുന്നതെന്നും പൊതുജനങ്ങൾ ദീർഘനേരം കാത്തിരുന്ന് പരാതി ബോധിപ്പിക്കുന്നതുമൂലമുണ്ടായ ബുദ്ധിമുട്ട് കുറയ്ക്കുന്നതിനായി രണ്ടും മൂന്നും ഘട്ടങ്ങൾ ഓൺലൈനാക്കിയെന്നും ആദ്യഘട്ടത്തിൽ രോഗികളുൾപ്പെടെയുള്ളവർ വളരെയേറെ ബുദ്ധിമുട്ടിയെന്നും പറഞ്ഞിട്ടുണ്ട്. ഇക്കാര്യങ്ങളൊന്നും ഞങ്ങൾ ആരോപിച്ചതല്ല. അന്നത്തെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി തന്നെ ഈ സഭയിൽ മറുപടി പറഞ്ഞിട്ടുള്ളതാണ്. അങ്ങനെ ആയിരുന്നു അന്ന് ചെയ്തത്, അതിന്റെ ഭാഗമായി ധാരാളം ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ആ രീതിയിലല്ല കാര്യങ്ങൾ നടപ്പാക്കുന്നത്.

തദ്ദേശസ്വയംഭരണ വകുപ്പ് പരാതികൾ വാങ്ങുകയും അതിനുശേഷം നടപടിക്രമമനുസരിച്ച് യോഗം ചേരുകയും ചെയ്തു. അതുമാത്രമല്ല, ഇതുമായി ബന്ധപ്പെട്ട് ഏകദേശം എട്ട് ലക്ഷം ആളുകളുടെ പരാതിയാണ് എല്ലാ സ്ഥലങ്ങളിൽനിന്നുമായി ലഭിച്ചത്. എന്തെങ്കിലും കാര്യം സംസാരിച്ചോയെന്ന് ശ്രീ. എൻ. ഷംസുദ്ദീൻ ചോദിച്ചിരുന്നു: മണ്ണാർക്കാട്ടും ഞങ്ങൾ വന്നതാണ്. അവിടെ പ്രതീക്ഷിച്ചതിലും വലിയ പരിപാടിയായിരുന്നു. ഈ സ്ഥലങ്ങളിലെല്ലാം ഞങ്ങൾ രാവിലെ യോഗം ചേർന്നപ്പോൾ അവിടെ എത്തിച്ചേർന്നവർ ഞങ്ങളുടെ രാഷ്ട്രീയമുള്ളവർ മാത്രമായിരുന്നില്ല. എല്ലാവരും വരണമെന്നാണല്ലോ നമ്മുടെ കാഴ്ചപ്പാട്. അവിടെ വന്നവർക്ക് പല നിർദ്ദേശങ്ങളുമുണ്ടായിരുന്നു. ഗവൺമെന്റ് പ്രസ്തുത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ  കാര്യങ്ങൾ ചെയ്യാനുള്ള സമീപനം സ്വീകരിക്കുന്നുണ്ട്. അവിടെയെല്ലാം അതത് സ്ഥലത്തെ വികസന കാര്യങ്ങൾ മാത്രമെ വന്നിട്ടുള്ളൂ;  അത്തരം കാര്യങ്ങൾ ചെയ്യാനാണ് പരമാവധി ശ്രമിക്കുന്നത്.  സാധാരണഗതിയിൽ സാമ്പത്തിക കാര്യങ്ങൾ പറയുന്നതിനായി ഇങ്ങനെയൊരു ഫ്ലോറിൽ അവസരം ലഭിക്കുമ്പോൾ

ഏറ്റവും ചുരുങ്ങിയത് ഇന്നത്തെ കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റിനെക്കുറിച്ച് പറയുമെന്നാണ് ഞാൻ കരുതിയത്. ഞാൻ ആ ബഡ്ജറ്റ് മുഴുവൻ കേട്ടതാണ്. ആ ബഡ്ജറ്റ് നിങ്ങളും പരിശോധിക്കേണ്ടതാണ്. സത്യത്തിൽ കഴിഞ്ഞ തവണത്തെ ബഡ്ജറ്റിൽനിന്നും വ്യത്യസ്തമായി ഒരു കാര്യവും കേന്ദ്ര ഗവൺമെന്റ് അതിൽ പറഞ്ഞിട്ടില്ല. നിങ്ങൾ കേരള ഗവൺമെന്റിനെ എന്ത് വേണമെങ്കിലും പറഞ്ഞുകൊള്ളൂ. കേന്ദ്ര ബഡ്ജറ്റിൽ പല കാര്യങ്ങളിലും നേരത്തെയുണ്ടായിരുന്ന തുക കുറച്ചിരിക്കുന്നു. തൊഴിലുറപ്പ് പദ്ധതി, വളം, യൂറിയ, മറ്റ് പൊതുകാര്യങ്ങളിലൊന്നും തന്നെ തുക വർദ്ധിപ്പിച്ചിട്ടില്ല. കടമെടുപ്പിന്റെ കാര്യമാണല്ലോ നമ്മൾ എപ്പോഴും പറയുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ ആകെ 4765768 കോടി രൂപയിൽ അവരുടെ കടമെടുപ്പ് 1685494 കോടി രൂപയാണ്. എന്നുപറഞ്ഞാൽ ആകെയുള്ളതിന്റെ ഏകദേശം 36 ശതമാനത്തിനടുത്ത് വരും. മൊത്തം ബഡ്ജറ്റ് തുക കാര്യമായി വർദ്ധിപ്പിച്ചിട്ടില്ലെന്ന് മാത്രമല്ല അവരുടെ ഇന്ററസ്റ്റ് റീ-പേമെന്റ് കൂടി സഭ ശ്രദ്ധിക്കണം. ഒരു വർഷത്തെ പലിശയിനത്തിലുള്ള തുക 11,90,440 കോടി രൂപയാണ്. അതായത് ബഡ്ജറ്റ് തുകയായ 47,65,768 കോടി

രൂപയിൽ നിന്നുള്ള റീ-പേമെന്റ് ബഡ്ജറ്റിന്റെ 25 ശതമാനമാണ്. ആകെ ബഡ്ജറ്റിന്റെ 36 ശതമാനത്തോളം കടമെടുപ്പ് തുകയാണ്. കേരളത്തിന്റെ കടമെടുപ്പ് 36 ശതമാനത്തിന് താഴെവന്നിട്ടുണ്ട്. കേന്ദ്രത്തിന്റെ ആകെ കടമെടുപ്പ് കഴിഞ്ഞ പ്രാവശ്യം 5.8 ശതമാനമായി. നിലവിലെ സാമ്പത്തികവർഷം എടുത്തിരിക്കുന്ന കടം ജി.എസ്.ഡി.പി.-യുടെ 5.8 ശതമാനമാണ്. അടുത്തവർഷം അത് 5.1 ശതമാനമാണ്. ആ സർക്കാരാണ് കേരളം പോലുള്ള സംസ്ഥാനങ്ങൾ 3 ശതമാനം മാത്രമെ കടമെടുക്കാവൂ എന്നുപറയുന്നത്. കഴിഞ്ഞ പ്രാവശ്യം 2.5 ശതമാനം മാത്രമെ നൽകിയുള്ളൂ. കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റ് അവതരിപ്പിച്ച ദിവസം ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ പ്രതിപക്ഷം അതിനെക്കുറിച്ചുകൂടി പറയണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. നിങ്ങൾ അതൊന്നും പറയാതെ ഇപ്പോഴും ചക്കിട്ടപ്പാറയിലെ ജോസഫിന്റെ പ്രശ്നമാണ് പറയുന്നത്. കേന്ദ്ര ബഡ്ജറ്റിനെക്കുറിച്ച് നിങ്ങൾ അവിടെപ്പോയി പറയുമോ? ഇന്ന് കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ അവിടെ എന്താണ് സംഭവിച്ചതെന്ന് നമുക്കറിയാം. കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ പ്രതിപക്ഷം

നിശബ്ദരായി ഇരുന്നതുൾപ്പെടെയുള്ള കാര്യങ്ങളുണ്ട്. (...ബഹളം....) കേന്ദ്ര ബഡ്ജറ്റിന്റെ കാര്യം കേന്ദ്രത്തിലും ഇവിടെയും പറയണം. ഇവിടെ പല കാര്യങ്ങളും പറഞ്ഞല്ലോ. (...ബഹളം....) ഇതാണിവിടത്തെ പ്രശ്നം. നിങ്ങൾ കേരളത്തിലെ കാര്യം മാത്രം പറഞ്ഞാൽ മതിയോ; അപ്പോൾ ഇന്ത്യയ്ക്കകത്തല്ലേ കേരളം; കേന്ദ്ര ബഡ്ജറ്റിനകത്ത് അനുവദിക്കുന്ന പണം ഇവിടെയും വരുന്നതല്ലേ; ഇവിടെ ഒരു കാര്യം ഓർമ്മിപ്പിക്കണമെന്നാണ് ഞങ്ങളുടെ ബഹുമാനപ്പെട്ട മെമ്പർമാർ പറയുന്നത്. ഒരു സിനിമയിലെ കഥാപാത്രം അങ്കമാലിയിലെ പ്രധാനമന്ത്രിയാണ് അമ്മാവനെന്ന് പറയുന്നതുപോലെ, ഇന്ത്യയിലെ കാര്യങ്ങളൊന്നും ഞങ്ങൾക്ക് പ്രശ്നമല്ലെന്ന് പറയാൻ സാധിക്കുമോ? ഇത്തരം കാര്യങ്ങൾകൂടി ചർച്ച ചെയ്യണം. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനാവേളയിലും ശേഷം സഭയിലും ചർച്ച ചെയ്യുമ്പോൾ ബാക്കി കാര്യങ്ങൾ പറയാം. കുറെയേറെ കാര്യങ്ങൾ ഇവിടെ ഉന്നയിച്ചെങ്കിലും അതിനെല്ലാം ഞാൻ മറുപടി പറയുന്നില്ല. ഓൺലൈൻ റമ്മിയും ഗെയ്മിംഗും പണംവച്ചുള്ള മറ്റ് കളികളും നമുക്ക് അംഗീകരിക്കാൻ കഴിയില്ല, അക്കാര്യത്തിൽ ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും

യോജിപ്പാണുള്ളത്. ഇവിടെ നിയമനിർമ്മാണമെന്ന സാങ്കേതിക കാര്യമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഞാൻ ഇവിടെ സൂചിപ്പിച്ച സംസ്ഥാനങ്ങളെല്ലാം ഈ ബിൽ പാസ്സാക്കിയിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇന്ന് കേന്ദ്രത്തിൽ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ പ്രതിപക്ഷം മിണ്ടാതിരുന്നുവെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. അങ്ങ് ഇവിടെ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോഴും ഞങ്ങൾ ബഹളമുണ്ടാക്കാതെ അത് കേൾക്കുകയല്ലേ ചെയ്യുന്നത്; ബഡ്ജറ്റ് ചർച്ചയുടെ അവസരത്തിലാണ് അതിനെക്കുറിച്ച് പറയുന്നത്. അല്ലാതെ അവിടെ അടിയുണ്ടാക്കുകയാണോ വേണ്ടത്; അങ്ങ് എന്താണ് പറയുന്നത്; അങ്ങ് രാജ്യസഭ അംഗമായിരുന്ന വ്യക്തിയല്ലേ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അവിടെ ബഹളമുണ്ടാക്കിയില്ലെന്നല്ല ഞാൻ പറഞ്ഞത്. കേന്ദ്ര ഗവൺമെന്റിന്റെ ഇത്രയും പ്രമാദമായ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ആ ബഡ്ജറ്റിനൊരു ടോണുണ്ട്. ഒരു ചെറിയ മാറ്റംപോലുമില്ലാതെ അങ്ങേയറ്റം ആത്മവിശ്വാസത്തോടെയാണ് ബഡ്ജറ്റ് അവതരിപ്പിച്ചതെന്നാണ് എല്ലാ

ടെലിവിഷൻ ചാനലുകളും റിപ്പോർട്ട് ചെയ്തത്. അതിനർത്ഥം, ഏത് ബഡ്ജറ്റ് എങ്ങനെ അവതരിപ്പിച്ചാലും നിങ്ങൾക്കൊരു പ്രശ്നവുമില്ല എന്നാണ്. ഇന്ത്യയിലെ ഒരു ബഡ്ജറ്റ് എന്നനിലയിൽ അവർ ഏറ്റവും കൂടുതൽ ചെയ്യേണ്ടിയിരുന്നതെന്താണ്? കേരളത്തിന്റെ പ്രത്യേക കാര്യമല്ല, ഇന്ത്യൻ ഇക്കോണമിയിൽ പൊതുവിൽ ഒരു റിസെഷനുണ്ട്. സാധാരണ ഒരു ബഡ്ജറ്റിൽ ഇക്കോണമിയെ സജീവമാക്കാനുള്ള ഫണ്ട് അനുവദിക്കുകയാണ് പ്രതീക്ഷിക്കേണ്ടത്. എന്നാൽ ബഡ്ജറ്റിൽ പ്രതീക്ഷിച്ച രീതിയിൽ അക്കാര്യങ്ങൾ വന്നിട്ടില്ല. എന്തായാലും ജയിക്കുമെന്ന കോൺഫിഡൻസുള്ളതുകൊണ്ടാണ് ഇങ്ങനെയൊക്കെയേ തുടരുവെന്ന സമീപനം അവർ സ്വീകരിച്ചതെന്നാണ് പത്രങ്ങളും മറ്റ് മാധ്യമങ്ങളും പറഞ്ഞത്. കേന്ദ്രത്തിൽ ബഹളമുണ്ടാക്കുന്ന കാര്യമല്ല ഞാൻ പറഞ്ഞത്. ഇത്തരം കാര്യങ്ങൾ വരുമ്പോൾ ഈ സഭയിൽ അതിനെക്കുറിച്ച് പരാമർശിക്കേണ്ടതായിരുന്നു. ഇന്ത്യയുടെ ബഡ്ജറ്റിന്റെ കാര്യം സംബന്ധിച്ച് പാർലമെന്റിൽ സംസാരിക്കാമെന്നും അത് ഇവിടത്തെ കാര്യമൊന്നുമല്ലെന്നുമാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഡ്ജറ്റ് ചർച്ചയിൽ തീർച്ചയായും കേന്ദ്ര ബഡ്ജറ്റിനെയും കേരള ബഡ്ജറ്റിനെയും കുറിച്ച് സംസാരിക്കും. അതാണ് ഇവിടത്തെ പതിവ്. അല്ലാതെ ഒരു ഓർഡിനൻസ് റീപ്ലെയ്സ് ചെയ്യാനുള്ള ബിൽ കൊണ്ടുവരുമ്പോഴാണോ അക്കാര്യങ്ങൾ പ്രസംഗിക്കുന്നത്. What are you talking, Mr. K. N. Balagopal?

Shri K. N. Balagopal: Sir, I am talking something relevant about your discussion, you are discussing something not related to the Bill. That is why I have said this. You are not discussing about the technicalities, clauses or core issue of this particular Bill. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എ. കെ. എം. അഷ്റഫ്, 2024-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അങ്ങ് പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: നിരാകരണ പ്രമേയത്തെ

അനുകൂലിക്കുന്നവർ ................

പ്രതികൂലിക്കുന്നവർ ................

നിരാകരണ പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ, 2024-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ സംബന്ധിച്ച അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ ................

പ്രതികൂലിക്കുന്നവർ ................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ:</u> ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2024-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ഫെബ്രുവരി മാസം 02-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 3.54-ന് പിരിഞ്ഞു.)

*****

**അനുബന്ധം 1**

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**അനുബന്ധം 1**

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**സ്കൂൾ കലോത്സവങ്ങളുടെ നടത്തിപ്പിൽ കാലോചിതമായ മാറ്റം**

5(*95) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്കൂൾ കലോത്സവം സമാനതകളില്ലാത്ത ജനപങ്കാളിത്തത്തിലും സംഘടനാ മികവിലും നടത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കൊല്ലം ജില്ലയിൽ നടന്ന 62-ാമത് സംസ്ഥാന സ്കൂൾ കലോത്സവം ജനപങ്കാളിത്തംകൊണ്ടും സംഘടനാ മികവുകൊണ്ടും ഏറെ ശ്രദ്ധേയമായിരുന്നു. എല്ലാ വേദികളിലും നല്ല പ്രേക്ഷക പങ്കാളിത്തം പ്രകടമായിരുന്നു. സംസ്ഥാന സർക്കാർ സംവിധാനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ വിഭാഗങ്ങളും ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങളിലൂടെയാണ് കലോത്സവം സംഘടിപ്പിച്ചത്. ഇക്കാര്യത്തിൽ സംഘാടക സമിതിയുടെ പ്രവർത്തനവും ശ്രദ്ധേയമായിരുന്നു.

(ബി) കലോത്സവത്തിൽ മികവാർന്ന പ്രകടനം കാഴ്ചവെച്ച മത്സരാർത്ഥികൾക്ക് മികച്ച പിന്തുണയും പ്രോത്സാഹനവും തുടർന്നും ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടോ; വിശദമാക്കാമോ?

മികച്ച പ്രോത്സാഹനവും പിന്തുണയും ഉറപ്പാക്കുന്നതിന്റെ ഭാഗമായി എ ഗ്രേഡ് നേടുന്ന കുട്ടികൾക്ക് 1000/- രൂപ ഒറ്റ തവണ സ്കോളർഷിപ്പും സർട്ടിഫിക്കറ്റും ട്രോഫിയും നൽകുന്നുണ്ട്. ബി, സി ഗ്രേഡ് നേടുന്ന കുട്ടികൾക്ക് സർട്ടിഫിക്കറ്റും ട്രോഫിയും നൽകുന്നുണ്ട്. കൂടാതെ ഗ്രേഡ് നേടുന്ന എല്ലാ കുട്ടികൾക്കും ഗ്രേസ് മാർക്കും നൽകുന്നുണ്ട്.

(സി) കലാകായിക മേഖലകളിൽ മികവ് പ്രകടിപ്പിക്കുന്ന കുട്ടികൾക്ക് സാമ്പത്തിക സഹായം ഉൾപ്പടെയുള്ള പിന്തുണ ഉറപ്പാക്കുന്നതിനുവേണ്ടി പ്രത്യേക ഫണ്ട് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

കലാമേളകളിൽ എ ഗ്രേഡ് നേടുന്ന എല്ലാ കുട്ടികൾക്കും 1000/- രൂപ വീതം ഒറ്റത്തവണ സ്കോളർഷിപ്പ് നൽകുന്നതിനായി എല്ലാ വർഷവും പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സർക്കാർ തുക അനുവദിക്കുന്നുണ്ട്.

(ഡി) സ്കൂൾ കലോത്സവങ്ങളുടെ നടത്തിപ്പും കലോത്സവ മാന്വലും കാലോചിതമായ മാറ്റങ്ങൾക്ക് വിധേയമാക്കേണ്ട സാഹചര്യം നിലവിലുണ്ടോ; ഇതിനായി കലാ സാംസ്കാരിക മേഖലയിൽ നിന്നുള്ളവരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. കലോത്സവ മാന്വൽ സമഗ്രമായി പരിഷ്കരിക്കുന്നതിന് തത്വത്തിൽ തീരുമാനിക്കുകയും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും

ചെയ്തിട്ടുണ്ട്. തുടർന്നുള്ള ഘട്ടങ്ങളിൽ അതത് മേഖലകളിലുള്ള വിദഗ്ധരുടെ അഭിപ്രായം സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഇ) സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ ഗോത്ര കലകളെ മതിയായ പ്രാധാന്യത്തോടെ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഗോത്ര കലകളെ സ്കൂൾ യുവജനോത്സവത്തിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ട്.

**ദേശീയപാതാ വികസനം**

6(*96) ശ്രീ. മാണി. സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദേശീയപാതാ വികസനം കഴിഞ്ഞ ആറു വർഷത്തിനിടെ ഏറ്റവും മന്ദഗതിയിലാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

ദേശീയപാതാ വികസനത്തിന് ഭൂമി ഏറ്റെടുക്കൽ നടത്താത്തതിനെ തുടർന്ന് 2013-ൽ NHAI ദേശീയപാതാ വികസന പദ്ധതിയിൽനിന്നും സംസ്ഥാനത്തെ ഡീ-നോട്ടിഫൈ ചെയ്ത സാഹചര്യമുണ്ടായിരുന്നു. അതിനുശേഷം ദേശീയപാതാ വികസനം സാധ്യമാക്കിയത് 2016-ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാരാണ്. 2016-ൽ പുതിയ സർക്കാർ അധികാരത്തിൽ വന്നശേഷം ജൂൺ 15-ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ദേശീയപാതാ വികസനത്തിന്റെ യോഗം ചേർന്നു. പിന്നീട് പ്രധാനമന്ത്രി, കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി എന്നിവരെ നിരന്തരം സന്ദർശിച്ച് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ കേരളത്തിൽ ദേശീയപാതാ വികസനം സാധ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തി. 2019 ജൂൺ 15-ന് മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി ശ്രീ. നിധിൻ ഗഡ്കരി വിളിച്ചുചേർത്ത യോഗത്തിൽ സ്ഥലം ഏറ്റെടുക്കലിന്റെ 25 ശതമാനം കേരളം വഹിക്കണമെന്ന നിലപാട് ദേശീയപാതാ അതോറിറ്റി സ്വീകരിച്ചു. കേരളത്തിൽ തിരിച്ചെത്തിയ മുഖ്യമന്ത്രി ജൂൺ 19-ന് ഉന്നതതലയോഗം വിളിച്ച് ദേശീയപാതാ വികസനം

സാധ്യമാക്കുന്നതിന് സ്ഥലം ഏറ്റെടുക്കലിന്റെ 25 ശതമാനം സംസ്ഥാനം വഹിക്കാനുള്ള തീരുമാനമെടുത്തു. ഇക്കാര്യം കേന്ദ്ര ഉപരിതല ഗതാഗതമന്ത്രാലയത്തെ അറിയിക്കുകയും ചെയ്തു. പിന്നീട് കേന്ദ്ര ഉത്തരവ് വൈകുന്ന ഘട്ടത്തിലും മുഖ്യമന്ത്രി ഇടപെട്ടു. ഇങ്ങനെ ദേശീയപാത 66 കടന്നു പോകുന്ന മഹാരാഷ്ട്ര, കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി കേരളം ഫണ്ട് ചെലവഴിക്കാൻ തീരുമാനിച്ചതോടെയാണ് ദേശീയപാതാ വികസനം സാധ്യമാകുന്നത്. സമയബന്ധിതമായി സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് ദേശീയപാത 66-ന്റെ വികസന പ്രവൃത്തിക്ക് തുടക്കംകുറിച്ചു. 5580.73 കോടി രൂപയാണ് ദേശീയപാതാ വികസനത്തിന് ഭൂമി ഏറ്റെടുക്കുവാൻ കേരളം കൈമാറിയത്. കേരളം രൂപീകരിച്ചതിനുശേഷമുള്ള ഏറ്റവും വലിയ ദേശീയപാതാ വികസനമാണ് ഇപ്പോൾ നടക്കുന്നത്. കഴിഞ്ഞ ആറു വർഷത്തിനുള്ളിൽ കേരളത്തിലെ ദേശീയപാതാ വികസന പ്രവർത്തനങ്ങളിലെ പുരോഗതി ദേശീയ മാധ്യമങ്ങൾ അടക്കം പ്രശംസിച്ചിട്ടുണ്ട്. ദേശീയപാത 66-ൽ 4 പദ്ധതികൾ ഇതിനോടകം പൂർത്തിയായിക്കഴിഞ്ഞു. രണ്ട് പദ്ധതികൾ

അന്തിമഘട്ടത്തിലാണ്. 17 പദ്ധതികൾ വേഗത്തിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. അരൂർ-തുറവൂർ സ്ട്രെച്ചിൽ എലിവേറ്റഡ് ഹൈവേ നിർമാണവും ആരംഭിച്ചു. ഇടപ്പള്ളി-അരൂർ എലിവേറ്റഡ് ഹൈവേയുള്ള സാധ്യത ദേശീയപാത അതോറിറ്റി പരിശോധിക്കുകയാണ്.

കേരളത്തിന്റെ മുഖച്ഛായ മാറ്റുന്നതരത്തിൽ ദേശീയപാത പ്രവൃത്തി പുരോഗമിക്കുകയാണ്. പ്രവൃത്തി പൂർത്തിയായ ഇടങ്ങളിൽ ഗതാഗതവും അനുവദിച്ചുതുടങ്ങി. ദേശീയപാതാ പ്രവൃത്തി പരിശോധിക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമന്ത്രി അധ്യക്ഷനായി നിശ്ചിത ഇടവേളകളിൽ മിഷൻ 2025 അവലോകനയോഗങ്ങൾ നടത്താറുണ്ട്. മന്ത്രിയുടെ നേതൃത്വത്തിൽ വിവിധ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന സംഘം നേരിട്ടെത്തി പ്രവൃത്തി വിലയിരുത്തുകയും ചെയ്യുന്നു. ഇതോടൊപ്പം വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുന്നതിന് മുഖ്യമന്ത്രി/ചീഫ് സെക്രട്ടറി തലത്തിലും പ്രത്യേക യോഗങ്ങൾ ചേരാറുണ്ട്. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ഇടപെടൽ സംസ്ഥാന സർക്കാർ ഏകോപിതമായി നടത്തുന്നുണ്ട്.

(ബി) കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി 2022-ൽ പ്രഖ്യാപിച്ച ഒരു പദ്ധതി പോലും ടെണ്ടർ ചെയ്യുവാനോ നിർമ്മാണം തുടങ്ങുവാനോ കഴിഞ്ഞിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ?

കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ പദ്ധതിയിൽ എൻ.എച്ച് 85 -ന്റെ കി.മീ. 0+000 - 124+636 to 2L/2L+PS സെക്ഷൻ വരെയുള്ള സ്ട്രെച്ചിന്റെ വിപുലീകരണത്തിനായി 25-05-2023-ന് EPC Mode കരാർ ഒപ്പിട്ടു. പ്രവൃത്തി 26-06-2023-ന് ആരംഭിച്ചു.

(സി) നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനയും ലഭ്യതക്കുറവും കരാർ പണികളുടെ റേറ്റ് ഉയർത്താത്തതും ബില്ലുകൾ മാറുന്നതിന് ഉണ്ടായിരിക്കുന്ന കാലതാമസവും പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

അത്തരം വിഷയങ്ങളിൽ നിർവ്വഹണ ഏജൻസിയായ ദേശീയപാതാ അതോറിറ്റിക്കാണ് ചുമതല. സംസ്ഥാനത്ത് എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് പ്രത്യേക യോഗം ചേരുകയും ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു.

(ഡി) കേരളത്തിലെ ഏതെല്ലാം ദേശീയ പാത പദ്ധതികളാണ് മുടങ്ങിക്കിടക്കുന്നതെന്ന് വിശദീകരിക്കാമോ?

പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെയും നാഷണൽ ഹൈവേ അതോറിറ്റിയുടേയും കീഴിൽവരുന്ന ദേശീയപാതകളിൽ പ്രവൃത്തികളൊന്നുംതന്നെ മുടങ്ങിക്കിടക്കുന്നില്ല.

**പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം**

7(*97) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

വിവിധ തലങ്ങളിലുള്ള വിദ്യാഭ്യാസ ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന അക്കാദമിക മോണിറ്ററിംഗിന്റെ ഭാഗമായി ക്ലാസ് റൂം പ്രവർത്തനങ്ങളെ സൂക്ഷ്മമായി വിലയിരുത്തുകയും പരിമിതിയുണ്ടെങ്കിൽ

ആവശ്യമായ പിന്തുണ നൽകുകയും ചെയ്യുന്നു. നിശ്ചിത ഇടവേളകളിൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നടത്തുന്ന റിവ്യൂ യോഗങ്ങളിൽ ഫലപ്രദമായി ചർച്ചചെയ്യുകയും അതിനനുസൃതമായ തുടർപ്രവർത്തനങ്ങൾ ആസൂത്രണംചെയ്ത് നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്.

(ബി) വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരത്തകർച്ച സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വിമർശനം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) പ്രസ്തുത വിമർശനത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരത്തകർച്ച സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

(ബി&സി) കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്ത് ഗുണനിലവാരത്തകർച്ച ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കഴിഞ്ഞ ഏഴ് വർഷക്കാലമായി പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി എല്ലാ പൊതുവിദ്യാലയങ്ങളിലും മികച്ച ഭൗതിക - അക്കാദമിക സൗകര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. സ്മാർട്ട് ക്ലാസ് റൂമുകൾ, ടാലന്റ് ലാബ്, സർഗ്ഗ വിദ്യാലയ തുടങ്ങിയ സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. പ്രൈമറിതലം മുതൽതന്നെ മാതൃഭാഷ, ഇംഗ്ലീഷ് ഭാഷ തുടങ്ങിയവയിൽ മികവ് ഉണ്ടാക്കുന്നതിന് നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ വായനാച്ചങ്ങാത്തം, ഉല്ലാസ ഗണിതം, ഗണിതോത്സവം, കുഞ്ഞുവായന, ഗണിതപാർക്ക്, ഹലോ ഇംഗ്ലീഷ്, ഹലോ വേൾഡ്, സുരിലി ഹിന്ദി തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**പൊതുമരാമത്ത് വകുപ്പിനെ ജനകീയമാക്കാൻ പദ്ധതി**

8(*98) **ശ്രീ. മുരളി പെരുനെല്ലി:**
**ശ്രീ. എം. എം. മണി:**
**ശ്രീ. പി. വി. അൻവർ:**

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>) സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനെ ജനകീയമാക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ സാങ്കേതിക വിദ്യകളെ പ്രസ്തുത ലക്ഷ്യങ്ങൾക്കായി എത്രത്തോളം ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) പൊതുമരാമത്ത് വകുപ്പിനെ കൂടുതൽ ജനകീയമാക്കുന്നതിന് വൈവിധ്യമാർന്ന പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ട്. പൊതുജനങ്ങൾ കാഴ്ചക്കാരല്ല, കാവൽക്കാരാണ് എന്നതാണ് വകുപ്പിന്റെ കാഴ്ചപ്പാട്. പൊതുമരാമത്ത് പ്രവൃത്തികളിൽ ജനങ്ങൾക്കുള്ള അഭിപ്രായവും നിർദ്ദേശവും പരാതിയും അറിയിക്കുന്നതിന് PWD 4U ആപ്പിന് രൂപം നൽകി. ജനങ്ങൾക്ക് ഫോട്ടോ സഹിതം തങ്ങളുടെ അഭിപ്രായം അറിയിക്കാൻ ഇതിലൂടെ സാധിക്കും. നിശ്ചിത ഇടവേളകളിൽ ജനങ്ങൾക്ക് വകുപ്പുമന്ത്രിയുമായി സംവദിക്കുന്നതിന് റിംഗ് റോഡ് ഫോൺ കോൾ പരിപാടി നടത്തുന്നുണ്ട്.

വകുപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും പരാതിയും അറിയിക്കുന്നതിന് ടോൾ ഫ്രീ നമ്പറും പ്രത്യേക സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. റോഡുകളുടെ ഡിഫക്റ്റ് ലയബിലിറ്റി പീരിയഡ് ജനങ്ങൾക്ക് അറിയുന്നതിനായി DLP ബോർഡുകൾ സ്ഥാപിക്കുന്നുണ്ട്. ബന്ധപ്പെട്ട പ്രവൃത്തിയിലെ ന്യൂനതകൾ കരാറുകാരെയും അസിസ്റ്റന്റ് എൻജിനീയറെയും അറിയിക്കുന്നതിന് ഇതിലൂടെ സാധിക്കുന്നു. റണ്ണിംഗ് കോൺട്രാക്ട് പദ്ധതി നടപ്പിലാക്കുന്നതിന്റെ വിശദാംശങ്ങളും ഇത്തരത്തിൽ പ്രത്യേക ബോർഡുകളിലൂടെ അറിയിക്കുന്നു. ഇതോടൊപ്പം പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ ജനകീയമാക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ ബുക്കിംഗ് സൗകര്യം ഏർപ്പെടുത്തി. പാലങ്ങൾ ആകർഷകമാക്കാനും പാലങ്ങളുടെ അടിഭാഗം ജനങ്ങൾക്കുകൂടി ഉപയോഗപ്പെടുത്താവുന്ന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നു.

(സി) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പദ്ധതികളുടെ ഉത്തരവാദിത്വം ആർക്കാണെന്ന് വ്യക്തമാക്കിക്കൊണ്ടും വികസന പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിന് ഡിഫക്റ്റ്

ലയബിലിറ്റി ബോർഡ് സ്ഥാപിക്കുന്നതുകൊണ്ട് സാധ്യമായിട്ടുണ്ടോ; ഇത് സംബന്ധിച്ച വിലയിരുത്തൽ വിശദമാക്കാമോ?

ഉണ്ട്. പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തിയുടെ വിശദാംശങ്ങളും പരിപാലന കാലാവധിയും ഉൾപ്പെടുത്തിക്കൊണ്ടും ടി റോഡിനെ സംബന്ധിച്ച സംശയങ്ങളും പരാതികളും ഉന്നയിക്കുന്നതിനായി ബന്ധപ്പെടേണ്ട കരാറുകാരന്റെയും എഞ്ചിനീയറുടെയും ഫോൺ നമ്പർ പ്രദർശിപ്പിച്ചുകൊണ്ടുള്ള ബോർഡുകൾ സ്ഥാപിക്കുകവഴി വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച കാര്യങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും റോഡുകളിൽ ഉണ്ടാകുന്ന അറ്റകുറ്റപണികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും സാധിക്കുന്നുണ്ട്.

(ഡി) റോഡ് ആസ്തികൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത റോഡുകളുടെ വിശദാംശം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡ് ആസ്തികൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. എല്ലാ

നിരത്തുകളും ഡിജിറ്റലൈസ് ചെയ്യുന്ന പ്രവൃത്തി പൂർത്തിയാക്കി. ഡിജിറ്റലൈസ് വിവരങ്ങൾ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രം താൽക്കാലിക, കരാർ നിയമനങ്ങൾ**

9(*99) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലെ താൽക്കാലിക, കരാർ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി മാത്രമായിരിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ?

1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. 25-10-2004-ലെ 11887/ജി2/03/തൊഴിൽ നമ്പർ

സർക്കുലറിൽ സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ ബോർഡുകൾ/ കമ്പനികൾ/ കോർപ്പറേഷനുകൾ/ സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിക്ക് പുറത്തുവരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമായിരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) ദേശീയ ആരോഗ്യ ദൗത്യത്തിൽ (എൻ.എച്ച്.എം.) അടക്കം നിരവധി സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നിയമനം നടക്കുന്നു എന്നകാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ?

വ്യക്തികൾ/സംഘടനകൾ മുഖേന ലഭിക്കുന്ന പരാതികളിലും പത്രവാർത്തകളുടെ അടിസ്ഥാനത്തിലും വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന സ്ഥാപന

പരിശോധനകളിലും, ദേശീയ ആരോഗ്യ ദൗത്യത്തിലെ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിനായി ആരോഗ്യ, തദ്ദേശ സ്വയംഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിവിധ വകുപ്പുകളിലെ താൽക്കാലിക, കരാർ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട്-നും തുടർന്ന് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾക്കും വിരുദ്ധമായി, വ്യക്തികൾ/സംഘടനകൾ മുഖേന നൽകുന്ന പരാതികളിലും പത്രവാർത്തകളുടെ അടിസ്ഥാനത്തിലും വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന സ്ഥാപനപരിശോധനകളിലും, കരാർ നിയമനങ്ങൾ നടക്കുന്നതായി

ശ്രദ്ധയിൽ പെട്ടാൽ കരാർ നിയമനങ്ങൾ റദ്ദ് ചെയ്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവ് അറിയിച്ച് നിയമനം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗദായകന് കർശന നിർദ്ദേശം നൽകുകയും ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ കൃത്യമായ സമയങ്ങളിൽ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

**പാഠ്യപദ്ധതി കാലോചിതമായി പരിഷ്കരിക്കാൻ നടപടി**

10(*100) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. മാത്യു ടി. തോമസ് :
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) മദ്യം, മയക്കുമരുന്ന് എന്നിവയുടെ വർദ്ധിച്ചുവരുന്ന ഉപയോഗവും സാമൂഹിക തിന്മകളും പരിഗണിച്ച് പാഠ്യപദ്ധതി കാലോചിതമായി പരിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഒന്നര പതിറ്റാണ്ടിനുശേഷം കേരളത്തിലെ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുകയാണ്. മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം

പോലുള്ള സാമൂഹിക തിന്മകൾക്കെതിരായ മനോഭാവം പഠിതാക്കളിൽ രൂപപ്പെടാൻ ആവശ്യമായ ഉള്ളടക്കം പാഠപുസ്തകങ്ങളിലും പഠനാനുബന്ധ പ്രവർത്തനങ്ങളിലും പുതിയ പാഠപുസ്തകങ്ങളിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. ജീവശാസ്ത്രം, സാമൂഹ്യശാസ്ത്രം പാഠപുസ്തകങ്ങളിൽ ഇതുസംബന്ധിച്ച പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ജീവിത യാഥാർത്ഥ്യങ്ങളെ ഫലപ്രദമായി നേരിടാൻ ലൈഫ് സയൻസ് ഒന്നാം ക്ലാസ്സ് മുതൽ പാഠ്യക്രമത്തിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ലൈഫ് സയൻസ് കേന്ദ്രീകരിച്ചുള്ള പഠനം തന്നെയാണ് ചെറിയ ക്ലാസുകൾ മുതൽ വിഭാവനം ചെയ്തിട്ടുള്ളത്. 1, 2 ക്ലാസുകളിൽ ഭാഷയും പരിസരപഠനവും സംയോജിപ്പിച്ച് തയ്യാറാക്കിയ കേരള പാഠാവലി പുസ്തകങ്ങളിൽ പ്രകൃതി പരിസരത്തെ മുൻനിർത്തിയുള്ള ആശയങ്ങളിലൂടെയാണ് പഠനം വികസിക്കുന്നത്. മൂന്ന്, നാല് ക്ലാസുകളിൽ പരിസരപഠനം എന്ന വിഷയം ലൈഫ് സയൻസിന്റെ അടിസ്ഥാന ആശയങ്ങളായ ജീവന്റെ സവിശേഷതകളും വൈവിധ്യവും, ആവാസം,

ഭക്ഷ്യശൃംഖലാജാലം, മലിനീകരണം-കാരണങ്ങളും പ്രതിവിധിയും, ഭക്ഷ്യോത്പാദനം, ജലം, വായു, മണ്ണ് എന്നിവയുടെ ഗുണതയും മനുഷ്യന്റെ അതിജീവനവും തുടങ്ങിയവയെല്ലാം കുട്ടിയുടെ പ്രായഘട്ടത്തിന് അനുയോജ്യമാംവിധം ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വയം നിയന്ത്രിതമായി ജീവിത സാഹചര്യങ്ങളെ നേരിടാൻ പ്രാപ്തിയുള്ള ഉത്തമ വ്യക്തികളായി മാറുവാൻ ഓരോ കുട്ടിയെയും പ്രാപ്തമാക്കുന്ന പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

(സി) ഒന്നാം ക്ലാസ്സ് മുതൽ എല്ലാ വിദ്യാർത്ഥികൾക്കും പാഠ്യേതര വിഷയങ്ങളിൽ നിർബന്ധിത പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കാമോ?

വിവിധ പാഠ്യേതര പ്രവർത്തനങ്ങളുടെ ഭാഗമായി കലാവിദ്യാഭ്യാസവും കായിക വിദ്യാഭ്യാസവും ജീവിതനൈപുണി വിദ്യാഭ്യാസവും പാഠ്യപദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഒന്നു മുതൽ നാലുവരെ ക്ലാസുകളിൽ കലാവിദ്യാഭ്യാസം ഇതര വിഷയങ്ങളുമായി സംയോജിപ്പിച്ചാണ് വിനിമയം ചെയ്യുന്നത്. അഞ്ചു മുതൽ പത്തുവരെ ക്ലാസ്സുകളിൽ കലാവിദ്യാഭ്യാസത്തിന് പ്രത്യേക പാഠപുസ്തകങ്ങൾ തയ്യാറാക്കി

നൽകുന്നു. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന പ്രീപ്രൈമറി, ലോവർ പ്രൈമറി സ്കൂളുകളിലെ എല്ലാ കുട്ടികളുടെയും കായികക്ഷമത മെച്ചപ്പെടുത്തുന്നതിനും, അക്കാദമികനിലവാരം ഉയർത്തുവാനും, സ്പോർട്സ് മികവ് കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനുംവേണ്ടി എസ്.സി.ഇ.ആർ.ടി. വികസിപ്പിച്ച ഗവേഷണ പ്രോഗ്രാമാണ് ഹെൽത്തി കിഡ്സ്. ആരോഗ്യ കായിക പ്രവർത്തനത്തിന്റെ അടിസ്ഥാന ശേഷികൾ, കായിക സാക്ഷരതയുടെ അടിസ്ഥാന പാഠങ്ങൾ, കിഡ്സ് അത്‌ലറ്റിക്സ്, താളാത്മക ചലനങ്ങൾ, നാച്വറൽ പ്ലേ, മാനിപുലേറ്റീവ് സ്കിൽസ്, ഇൻക്ലൂസീവ് സ്പോർട്സ്, ശാരീരിക ഏകോപനശേഷികൾ, സഹകരണ ശേഷികൾ, ട്രെഷർ ഹണ്ട്, ഒബ്സ്റ്റക്കിൾ റേസ് തുടങ്ങിയ പ്രധാനപ്പെട്ട മേഖലകൾ ഇതിൽ ഉൾപ്പെടുന്നു.

**കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി പെൻഷൻ**

` 11(*101) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ടി. ജെ. വിനോദ്:

ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്കുള്ള പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ ഒരു വർഷത്തിലേറെയായി കുടിശ്ശികയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ്സ് പിരിക്കുന്നതിൽ ഉണ്ടായ വീഴ്ച കാരണമാണോ പെൻഷൻ മുടങ്ങിയതെന്ന് വ്യക്തമാക്കാമോ?

1996-ലെ ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും, 1998-ലെ ചട്ടങ്ങളും അനുസരിച്ച് 10 ലക്ഷം രൂപയിൽ താഴെ നിർമ്മാണ ചെലവുവരുന്ന വാസഗൃഹങ്ങൾ ഒഴികെയുള്ള എല്ലാ നിർമ്മാണ പ്രവർത്തനങ്ങളുടെയും ആകെ ചെലവിന്റെ 1 ശതമാനം വരുന്ന തുക സെസ്സ് ഇനത്തിൽ ബോർഡിലേയ്ക്ക് ഒടുക്കേണ്ടതായിട്ടുണ്ട്. ഇപ്രകാരമുള്ള സെസ്സ് നിർണ്ണയത്തിനും, സെസ്സ് ഈടാക്കുന്നതിനും തൊഴിൽ

വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-1, ഡെപ്യൂട്ടി ലേബർ ഓഫീസർ എന്നിവരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ലേബർ ഓഫീസർമാർ നിലവിൽ നിർവ്വഹിക്കുന്ന ജോലിയ്ക്ക് പുറമേയാണ് മേൽവിവരിച്ച ചുമതലയും ഇവർക്ക് നൽകിയിട്ടുള്ളത്. ആയതിനാൽ ഫലപ്രദമായും സമയബന്ധിതമായും സെസ്സ് നിർണ്ണയിക്കുന്നതിനും ഈടാക്കുന്നതിനും സാധിക്കാത്ത സാഹചര്യമുണ്ട്. ലേബർ വകുപ്പിന്റെ ശ്രമഫലമായി സെസ്സ് കളക്ഷന് ജില്ലാ ഓഫീസുകൾക്ക് ടാർജറ്റ് നിശ്ചയിച്ചതിൻ പ്രകാരം സെസ്സ് കളക്ഷനിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2021-22 കാലയളവിൽ സെസ്സ് ഇനത്തിൽ 285.60 കോടി രൂപയാണ് പിരിച്ചെടുത്തത്. ആയത് 2022-23 കാലയളവിൽ 370 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള ശ്രമഫലമായി ലേബർ വകുപ്പ് മുഖാന്തരമുള്ള സെസ്സ് പിരിവിൽ വൻവർദ്ധന ഉണ്ടായിട്ടുണ്ടെങ്കിലും പെൻഷൻ വിതരണത്തിന് പ്രതിമാസം 59 കോടിയും, മറ്റാനുകൂല്യങ്ങൾക്ക് 10 കോടിയും ആവശ്യമായതിനാൽ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം

ചെയ്യുന്നതിന് സാധിക്കുന്നില്ല എന്നത് വസ്തുതയാണ്. പെൻഷൻകാരുടെ എണ്ണവും ഓരോ മാസവും വർദ്ധിക്കുന്നുണ്ട്.

സെസ്സ് പിരിവ് പൂർണ്ണതോതിൽ സമാഹരിക്കുന്നതിന്റെ ഭാഗമായി നിലവിൽ തൊഴിൽ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ള ടി ജോലി തദ്ദേശ സ്വയംഭരണ വകുപ്പിനെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി പെൻഷൻ കുടിശ്ശിക അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നടപടി സ്വീകരിക്കുന്നതാണ്. സെസ്സ് ഇനത്തിൽ പ്രതിമാസം പിരിച്ചെടുക്കുന്ന ഏകദേശ തുകയായ 30 കോടി രൂപ പെൻഷൻ വിതരണം ചെയ്യുന്നതിന് പര്യാപ്തമല്ല. പെൻഷൻ വിതരണത്തിനുമാത്രം 59 കോടി രൂപ പ്രതിമാസം ആവശ്യമാണ്. ആനുകൂല്യം വിതരണം ചെയ്യുന്നതിനും ഭരണ ചെലവിനുമായി 10 കോടി രൂപയടക്കം പ്രതിമാസം 69 കോടി രൂപയാണ് ആവശ്യമായുള്ളത്. വരവിനെക്കാൾ ഭീമമായ തുക

ചെലവഴിക്കേണ്ടതിനാലാണ് പെൻഷനും, മറ്റ് ആനുകൂല്യങ്ങളും സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് സാധിക്കാത്തത്.

31-03-2023 വരെയുള്ള ആനുകൂല്യങ്ങൾ ഉടൻ വിതരണം ചെയ്യുന്നതാണ്. 2023 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ പെൻഷൻ അടുത്ത രണ്ട് മാസങ്ങളിലായി വിതരണം ചെയ്യുന്നതാണ്. നിലവിൽ സെസ്സ് കളക്ഷന് ചുമതലപ്പെടുത്തിയിരിക്കുന്നത് തൊഴിൽ വകുപ്പിനെയാണ്. സെസ്സ് പിരിവ് തൊഴിൽ വകുപ്പിൽനിന്ന് തദ്ദേശസ്വയംഭരണ വകുപ്പിനെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ദേശീയപാത 66-ന്റെ പ്രവൃത്തി പൂർത്തീകരിക്കുവാൻ നടപടി**

12(*102) ശ്രീ വി ജോയി:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ മുഴുവൻ റീച്ചിലും നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ പുരോഗതി ജില്ല തിരിച്ച് വിശദമാക്കാമോ?

ദേശീയപാത 66-ന്റെ ഓരോ റീച്ചിലും നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) അരൂർ-തുറവൂർ എലിവേറ്റഡ് ഹൈവേയുടെയും കഴക്കൂട്ടം എലിവേറ്റഡ് ഹൈവേയുടെയും പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ?

കഴക്കൂട്ടം എലിവേറ്റഡ് ഹൈവേയുടെ പ്രവൃത്തി പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നുനൽകി. അരൂർ-തുറവൂർ എലിവേറ്റഡ് ഹൈവേയുടെ പ്രവൃത്തി നിലവിൽ 13.33 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്.

(സി) തലശ്ശേരി-മാഹി ബൈപ്പാസ്, പാലൊളി-മുരാട് പാലങ്ങൾ എന്നിവ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തലശ്ശേരി-മാഹി ബൈപാസിന്റെ പ്രവൃത്തി അന്തിമഘട്ടത്തിലാണ്. മുരാട് ബൈപ്പാസ് പാലൊളി-പാലം പ്രവൃത്തി 31-03-2024-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(ഡി) 2025-ഓടെ ദേശീയപാത 66-ന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കേരളത്തിലെ ദേശീയപാത വികസനം സാധ്യമാക്കുന്നതിന് യോജിച്ച പരിശ്രമങ്ങളാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. 2013-ൽ ദേശീയപാതാ വികസന പദ്ധതിയിൽനിന്നും NHAI ഡീ നോട്ടിഫൈ ചെയ്ത കേരളത്തിൽ 2016-ൽ അധികാരത്തിൽവന്ന സർക്കാരിന്റെ നിരന്തര ഇടപെടലിനെത്തുടർന്നാണ് പദ്ധതി തിരിച്ചെത്തിയത്. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ പ്രധാനമന്ത്രി, കേന്ദ്ര ഉപരിതല ഗതാഗതമന്ത്രി എന്നിവരുമായി നടത്തിയ നിരന്തര ചർച്ചകൾക്ക് ഒടുവിൽ കേരളത്തിൽ ദേശീയപാത 66-ന്റെ വികസനത്തിന് അംഗീകാരം

നൽകുകയായിരുന്നു. ഇതിനായി സ്ഥലം ഏറ്റെടുക്കലിന്റെ 25 ശതമാനം തുക കേരളം ദേശീയപാത അതോറിറ്റിക്ക് കൈമാറേണ്ടിവന്നു. കിഫ്ബി വഴി 5580.73 കോടി രൂപയാണ് കേരളം കൈമാറിയത്. ദേശീയപാത 66 കടന്നുപോകുന്ന മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി ദേശീയപാത വികസനത്തിന് സംസ്ഥാനം ഫണ്ട് നൽകിയത് സംസ്ഥാനത്തിന്റെ വികസനം സാധ്യമാക്കുകയെന്ന ഇച്ഛാശക്തിയുള്ള തീരുമാനത്തിന്റെ ഭാഗമാണ്.

**ഹരിത ടൂറിസം**

13(*103) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം മേഖല കൂടുതൽ ആകർഷകമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ?

സംസ്ഥാനത്തെ ടൂറിസം മേഖല കൂടുതൽ ആകർഷകമാക്കാൻ ഒട്ടനവധി നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.

**1. ഡെസ്റ്റിനേഷൻ ചലഞ്ച്:-** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കി നൽകുന്നതിലൂടെ ടൂറിസം വികസനം വിപുലമാക്കാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

**2. ഫ്ലോട്ടിംഗ് ബ്രിഡ്ജ് പദ്ധതി:-** ജല സാഹസിക വിനോദ രംഗത്ത് പുത്തൻ ഉണർവേകുന്നതിനായി തീരപ്രദേശമുള്ള സംസ്ഥാനത്തെ 9 ജില്ലകളിലും ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് തീരുമാനിച്ചു. നിലവിൽ ബേക്കൽ, മുഴപ്പിലങ്ങാട്, താനൂർ, ചാവക്കാട്, വർക്കല, കുഴപ്പിള്ളി, ബേപ്പൂർ എന്നിവിടങ്ങളിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ ആരംഭിച്ചു.

**3. നൈറ്റ് ലൈഫ്:-** വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിച്ചു. തിരുവനന്തപുരം മാനവീയം വീഥിയെ

നൈറ്റ് ലൈഫ് കേന്ദ്രമാക്കി വികസിപ്പിച്ചു. തിരുവനന്തപുരം കനകക്കുന്ന് കൊട്ടാര വളപ്പിൽ രാത്രികാല ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി 2.63 കോടി രൂപയുടെ ഭരണാനുമതി നൽകിയ പദ്ധതി ഇപ്പോൾ അന്തിമഘട്ടത്തിലാണ്. കൂടാതെ നൈറ്റ് ലൈഫ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട് എന്ന പദ്ധതിയും വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി തലസ്ഥാന നഗരിയിലെ തെരഞ്ഞെടുക്കപ്പെട്ട 30 പൈതൃക കെട്ടിടങ്ങളിൽ വൈദ്യുത ദീപാലങ്കാരം ഏർപ്പെടുത്തി. ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി സ്ട്രീറ്റ് പദ്ധതിയിൽ നൈറ്റ് ലൈഫ് ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. അതിൽ നൈറ്റ് വാക്കുകൾ, ഫുഡ് ടൂറിസം കൂടാതെ നൈറ്റ് ലൈഫ് ടൂറിസവുമായി ബന്ധപ്പെട്ട് ഫെസ്റ്റിവൽ ടൂർ പാക്കേജുകൾ എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്.

4. **കാരവൻ ടൂറിസം:-** കോവിഡാനന്തര ടൂറിസത്തിന് ആത്മവിശ്വാസം പകരുന്നതിന് കാരവൻ എന്ന പുത്തൻ ടൂറിസം ഉൽപ്പന്നം കേരള ടൂറിസം പുറത്തിറക്കി. കാരവൻ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി

കാരവന്റെ സബ്സിഡികൾ നൽകുന്നു. കെ.ടി.ഡി.സി-യുടെ നേതൃത്വത്തിൽ കാരവൻ പാർക്കുകൾ നിർമ്മിക്കുന്ന നടപടികൾ സ്വീകരിക്കുന്നു.

**5. ഹെലി ടൂറിസം:-** കേരളത്തിലെത്തുന്ന വിനോദസഞ്ചാരികൾക്ക് വേഗത്തിൽ വിവിധ ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് എത്തിപ്പെടാനും മനോഹരമായ ആകാശ കാഴ്ചകൾ ആസ്വദിക്കുവാനും കേരള ടൂറിസം നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ് ഹെലി ടൂറിസം.

**6. ഉത്തരവാദിത്ത ടൂറിസം:-** ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ടൂറിസം ഫെസ്റ്റിവൽ, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, പൈതൃക ടൂറിസം, ആക്സ്സിബിൾ ടൂറിസം, എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

**7. കേരളം ഒരു പ്രധാന നിക്ഷേപ കേന്ദ്രം:-** കൂടുതൽ നിക്ഷേപ അവസരങ്ങൾ സൃഷ്ടിക്കുക, വിവിധ പദ്ധതികൾക്ക് ഭൂമിയുടെ ലഭ്യത ഉറപ്പാക്കുക, പൊതു സ്വകാര്യ സംരംഭകങ്ങളുടെ പ്രാധാന്യം വർദ്ധിപ്പിക്കുക തുടങ്ങിയവയ്ക്കായി 16-11-2023-ന് നടന്ന ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞു. സജീവമായ വകുപ്പുതല

പ്രവർത്തികളിലൂന്നിയുള്ള വൈവിധ്യമാർന്ന നിക്ഷേപക പങ്കാളിത്തവും ഈ ഇവന്റിന്റെ സവിശേഷതയായിരുന്നു. ഏകദേശം 15,126 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം ഈ മീറ്റിലൂടെ ലഭിച്ചിരുന്നു.

**8. ബേപ്പൂർ ഇന്റർനാഷണൽ വാട്ടർഫെസ്റ്റ്:-**സാഹസിക ജലകായിക മത്സരങ്ങളുടെ ഭൂപടത്തിൽ കേരളത്തിന് ഇടം നേടിക്കൊടുത്ത ബേപ്പൂർ ഇന്റർനാഷണൽ വാട്ടർഫെസ്റ്റ് മൂന്ന് വർഷങ്ങളായി നടത്തിവരുന്നു. ആഗോള ടൂറിസം രംഗത്ത് ബേപ്പൂർ ഫെസ്റ്റ് ഇതിനകം ജനപ്രീതി നേടിക്കഴിഞ്ഞിട്ടുണ്ട്.

**9. മലബാർ റിവർഫെസ്റ്റ് :-**കേരളത്തിലെ സാഹസിക ടൂറിസത്തിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് കൂടുതൽ വിദേശ ടൂറിസ്റ്റുകളേയും ആഭ്യന്തര സഞ്ചാരികളെയും ആകർഷിക്കുന്നതിനായി ജലസാഹസിക പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി തുഷാരഗിരിയിൽ വൈറ്റ് വാട്ടർ കയാക്കിംഗ് മത്സരം നടത്തുകയുണ്ടായി.

**10. സിനിമ ടൂറിസം:-** പ്രശസ്ത സിനിമകൾ ചിത്രീകരിച്ച സ്ഥലങ്ങളെ അവയുടെ ഓർമ്മകൾ നിലനിർത്തിക്കൊണ്ട് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് സിനിമ ടൂറിസം പദ്ധതി

നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ പ്രകൃതി സുന്ദരമായ ഒട്ടേറെ സ്ഥലങ്ങൾ വിവിധ സിനിമകളുടെ ഭാഗമായിട്ടുണ്ട്. ഇത്തരം സ്ഥലങ്ങൾ വിനോദസഞ്ചാര പ്രദേശങ്ങളായി അടയാളപ്പെടുത്തുവാനും തൽഫലമായി കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

**11. ലിറ്ററി ടൂറിസം സർക്യൂട്ട്:-** സാഹിത്യ പ്രതിഭകളുടെ ജീവിതവും സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളേയും അടയാളപ്പെടുത്തുന്ന ലിറ്ററി ടൂറിസം സർക്യൂട്ട് പദ്ധതിക്ക് തുടക്കമിട്ടു.

**12. ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട്:-** ജൈവവൈവിധ്യ മേഖലകളിലൂടെ സുരക്ഷിത ടൂറിസം ഉറപ്പാക്കുന്നതിനുള്ള ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് പദ്ധതിക്ക് രൂപം നൽകി.

**13. പൈതൃക ടൂറിസം:-** പൈതൃക ടൂറിസം പദ്ധതികൾ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നു.

ഓണാഘോഷം, നിശാഗന്ധി ഡാൻസ് ഫെസ്റ്റിവൽ, ഉത്സവം, ചാമ്പ്യൻസ് ബോട്ട് ലീഗ്, ക്രിസ്തുമസ് - പുതുവർഷത്തിന്റെ ഭാഗമായി ലൈറ്റിംഗ് ഫെസ്റ്റിവൽ തുടങ്ങിയ പരിപാടികളിലൂടെ പ്രകൃതി

സൗന്ദര്യത്തോടൊപ്പം സംസ്ഥാനത്തിന്റെ സംസ്കാരവും വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്തെത്തുന്ന വിനോദസഞ്ചാരികൾക്ക് തനത് ഭക്ഷണരീതികളുടെ വൈവിധ്യവും ഗുണമേന്മയും അനുഭവവേദ്യമാക്കുന്നതിന് സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ, കെ.ടി.ഡി.സി. തുടങ്ങിയവ വഴി നടത്തുന്ന ഭക്ഷ്യമേളകൾ ഇതിന് ഉദാഹരണമാണ്. ഹോംസ്റ്റേകൾക്കും സർവ്വീസ്ഡ് വില്ലകൾക്കും അംഗീകാരം നൽകുമ്പോൾതന്നെ തനത് ഭക്ഷ്യവിഭവങ്ങൾ സഞ്ചാരികൾക്ക് നൽകണമെന്ന് നിഷ്കർഷിക്കാറുണ്ട്.

സംസ്ഥാനത്തെ തനത് ഭക്ഷ്യവൈവിധ്യം അന്താരാഷ്ട്രതലത്തിൽ പരിചയപ്പെടുത്താനായി ടൂറിസം വകുപ്പ് ഇന്റർനാഷണൽ ക്യുസീൻ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ആർ.റ്റി. മിഷന്റെ ആഭിമുഖ്യത്തിലും കേരളത്തിന്റെ രുചി വൈവിധ്യം സഞ്ചാരികളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് പതിവ് ടൂറിസം കാഴ്ചകളിൽനിന്നും വേറിട്ട് പ്രാദേശിക സംസ്കാരം, കല, രുചിഭേദങ്ങൾ എന്നിവ അനുഭവവേദ്യമാക്കികൊണ്ട് ടൂറിസം കൂടുതൽ ആകർഷകവും, ആസ്വാദ്യകരവുമാക്കുന്നതിനുള്ള വിവിധ പദ്ധതികളും പ്രവർത്തനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ വഴി നടത്തിവരുന്നു. എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ, അഗ്രി ടൂറിസം നെറ്റ്‌വർക്ക്, എക്സ്പീരിയൻസ് എത്‌നിക് ക്യുസീൻ നെറ്റ്‌വർക്ക്, കേരള സുവനീർ നെറ്റ്‌വർക്ക് എന്നിവയെല്ലാം ഇത്തരത്തിലുള്ള വിവിധ പദ്ധതികളാണ്. പ്രാദേശിക പങ്കാളിത്തത്തോടെ പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്ന പെപ്പർ, സ്ട്രീറ്റ്, മോഡൽ ആർ. റ്റി. വില്ലേജ് പോലുള്ള വിവിധ പങ്കാളിത്ത ടൂറിസം വികസന പദ്ധതികളും നടപ്പിലാക്കിവരുന്നു. കൂടാതെ സ്ത്രീകളെ കൂടുതലായി ടൂറിസം രംഗത്തേയ്ക്ക് ആകർഷിച്ചുകൊണ്ട് പൂർണ്ണമായും സ്ത്രീ സൗഹൃദ ടൂറിസം കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുള്ള സ്ത്രീ സൗഹൃദ ടൂറിസം പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) പ്രധാന ടൂറിസം മേഖലകളിലേയ്ക്കുള്ള റോഡുകൾ ഹരിത പെരുമാറ്റച്ചട്ടത്തിന്റെ കീഴിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ടൂറിസം കേന്ദ്രങ്ങൾ ശുചിയായി സൂക്ഷിക്കുവാനും ഹരിത പെരുമാറ്റചട്ടം നടപ്പിലാക്കാനുമുള്ള പ്രവർത്തനങ്ങൾ ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതിയിലൂടെ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ടൂറിസം മേഖലയിലേയ്ക്കുള്ള റോഡുകളിലെ മാലിന്യങ്ങൾ നീക്കം ചെയ്യാനും ശുചിയായി സൂക്ഷിക്കാനുമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് പരിഗണനയിലുണ്ട്.

(സി) ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള മാർഗരേഖകളുടെ വിശദാംശം വ്യക്തമാക്കുമോ?

ടൂറിസം കേന്ദ്രങ്ങൾ ശുചിയായി സൂക്ഷിക്കുന്നതിന് വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ടൂറിസം കേന്ദ്രങ്ങൾ ഹരിത വിനോദസഞ്ചാര കേന്ദ്രങ്ങളായി രൂപപ്പെടുത്തിയെടുക്കുന്നതിനും വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു. ഹരിത

ടൂറിസം കേന്ദ്രങ്ങൾ സജ്ജമാക്കുക എന്നത് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ്. വിനോദസഞ്ചാര കേന്ദ്രങ്ങളെ ഹരിത/ഉത്തരവാദിത്ത വിനോദ സഞ്ചാരകേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ഓരോ തരം ടൂറിസം കേന്ദ്രങ്ങൾക്കും ഉത്തരവാദിത്ത ടൂറിസം പെരുമാറ്റച്ചട്ടം (ആർ. ടി. പ്രോട്ടോക്കോൾ) രൂപീകരിച്ച് നടപ്പിലാക്കുക എന്നതാണ് ലക്ഷ്യമാക്കുന്നത്. ഇതിനായി ഫീൽഡ് തലപഠനങ്ങൾ, സർവ്വേകൾ, ബ്രെയിൻ സ്റ്റോമിങ് വർക്ക്ഷോപ്പുകൾ, കരട് ഡോക്യുമെന്റ് തയ്യാറാക്കൽ, അസ്സൽ രേഖ തയ്യാറാക്കൽ എന്നിങ്ങനെ വിവിധ ഘട്ടങ്ങളുണ്ട്. കായൽ/പുഴയോര വിനോദസഞ്ചാര കേന്ദ്രങ്ങൾ (BACKWATER/ RIVER TOURISM CENTRES), ബീച്ച് ടൂറിസം കേന്ദ്രങ്ങൾ, മൈക്രോ ടൂറിസം കേന്ദ്രങ്ങൾ എന്നിങ്ങനെ 3 വിഭാഗങ്ങൾക്ക് ഉത്തരവാദിത്ത ടൂറിസം പെരുമാറ്റച്ചട്ടം (ആർ. റ്റി. പ്രോട്ടോക്കോൾ) രൂപീകരിക്കുന്നതിനുവേണ്ട ഫീൽഡ്തല പഠനങ്ങൾ നടന്നുവരുന്നു. യു.എൻ.ഡി.പി.-യുടെ ഐ.എച്ച്.ആർ.എം.എൽ. പദ്ധതിയുടെ ഭാഗമായി മൗണ്ടൻ ടൂറിസം കേന്ദ്രങ്ങൾക്കുള്ള ഉത്തരവാദിത്ത ടൂറിസം പെരുമാറ്റച്ചട്ടം ഉത്തരവാദിത്ത

ടൂറിസം മിഷൻ തയ്യാറാക്കിയിട്ടുണ്ട്. ഹോട്ടലുകൾക്കും, റിസോർട്ടുകൾക്കും ഉത്തരവാദിത്ത ടൂറിസം പെരുമാറ്റച്ചട്ടം നടപ്പിലാക്കുകയെന്നുള്ളത് ടൂറിസം കേന്ദ്രങ്ങളെ, ഹരിത ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള ഒരു പ്രധാന പ്രവർത്തനമാണ്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ പാരിസ്ഥിതിക ഉത്തരവാദിത്വത്തിന്റെ ഭാഗമായി ഹോട്ടലുകൾക്കും റിസോർട്ടുകൾക്കുമുള്ള റെസ്പോൺസിബിൾ ടൂറിസം ക്ലാസ്സിഫിക്കേഷൻ നടപ്പിലാക്കുന്നുണ്ട്. ഹോട്ടലുകൾക്കും റിസോർട്ടുകൾക്കുമുള്ള റെസ്പോൺസിബിൾ ടൂറിസം ക്ലാസ്സിഫിക്കേഷൻ മാർഗ്ഗരേഖയുടെ രത്നച്ചുരുക്കം അനുബന്ധമായി ചേർത്തിരിക്കുന്നു.+

സ്ഥലം ഏറ്റെടുക്കൽ തടസ്സപ്പെടുത്താനും പദ്ധതി തടസ്സപ്പെടുത്താനും ശ്രമം നടന്നപ്പോൾ ഇച്ഛാശക്തിയോടെ സർക്കാർ അതിനെ മറികടന്നു. മികച്ച പുനരധിവാസ പാക്കേജ് തയ്യാറാക്കിയും ജനങ്ങളോട് നേരിട്ട് വിശദീകരിച്ചും അവരെ ചേർത്തുനിർത്തിയാണ് ഈ എതിർപ്പുകളെ മറികടന്നത്. അതേ ഇച്ഛാശക്തിയോടെ പദ്ധതി പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങളും സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്നുണ്ട്. ദേശീയപാത

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അതോറിറ്റിയുമായി ചേർന്നുനിന്ന് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനാണ് ശ്രമിക്കുന്നത്.

ദേശീയപാത വികസനത്തിന്റെ ഏകോപനം ഉറപ്പുവരുത്തുന്നതിനും പുരോഗതി അവലോകനം ചെയ്യുന്നതിനും പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ മാസവും 'മിഷൻ 2025' യോഗം നടത്തുന്നുണ്ട്. പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഉന്നത ഉദ്യോഗസ്ഥരും ദേശീയപാത പ്രവൃത്തി നടക്കുന്ന ഇടങ്ങളിൽ നേരിട്ടെത്തി പ്രവൃത്തി വിലയിരുത്തുകയും ജില്ലകളിൽ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.

**പാഠ്യപദ്ധതി പരിഷ്കരണം**

14(*104) ശ്രീ. എം. മുകേഷ്:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) നവീകരിച്ച പാഠ്യപദ്ധതി അടിസ്ഥാനമാക്കിയുള്ള പാഠപുസ്തകങ്ങളുടെ രചന പൂർത്തിയായിട്ടുണ്ടോ; എങ്കിൽ പുസ്തകവിതരണം

എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; ഇതിനായി സ്വീകരിച്ച ക്രമീകരണങ്ങൾ വിശദമാക്കാമോ?

1, 3, 5, 7, 9 ക്ലാസുകളിലെ വിവിധ വിഷയങ്ങളിലായി 270 (ഭാഗം 1 & 2) ടൈറ്റിൽ പാഠപുസ്തകങ്ങളാണ് ഒന്നാം ഘട്ടത്തിൽ പൂർത്തീകരിച്ചിട്ടുള്ളത്. രണ്ടാം ഘട്ടത്തിൽ 2, 4, 6, 8, 10 ക്ലാസുകളിലെ പാഠപുസ്തകങ്ങളും പരിഷ്കരിക്കുന്നതാണ്. കൂടാതെ പ്രീപ്രൈമറി ക്ലാസുകളിലേയ്ക്ക് പ്രത്യേക പാഠപുസ്തകങ്ങളും തയ്യാറാക്കും. 2024-25 അധ്യയനവർഷത്തിൽ ഒന്നാം ഘട്ടത്തിൽ തയ്യാറാക്കിയ പുതിയ പാഠപുസ്തകങ്ങൾ നിലവിൽ വരുന്നതാണ്. 2024 ജൂൺ മാസം സ്കൂൾ തുറക്കുന്നതിന് രണ്ടാഴ്ച മുമ്പുതന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതാണ്. അതിനുവേണ്ടുന്ന എല്ലാ ക്രമീകരണങ്ങളും ഇതിനോടകം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഏതെല്ലാം ഭാഷകളിലാണ് പ്രസ്തുത പുസ്തകങ്ങൾ തയ്യാറാക്കിയിട്ടുള്ളത്; ഇതിൽ കല, വിദ്യാഭ്യാസം, തൊഴിൽ വിദ്യാഭ്യാസം എന്നിവയ്ക്ക് മുൻഗണന നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാരിന്റെ കാഴ്ചപ്പാട് വിശദമാക്കാമോ?

ഭാഷാവിഷയങ്ങൾ ഒഴികെയുള്ള എല്ലാ പാഠപുസ്തകങ്ങളും മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നട എന്നിങ്ങനെ നാല് ഭാഷകളിലാണ് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത്. ലൈഫ് സയൻസ് കേന്ദ്രീകരിച്ചുള്ള പഠനമാണ് ചെറിയ ക്ലാസുകൾ മുതൽ വിഭാവനം ചെയ്തിട്ടുള്ളത്. 1, 2 ക്ലാസുകളിൽ ഭാഷയും പരിസരപഠനവും സംയോജിപ്പിച്ച് തയ്യാറാക്കിയ കേരള പാഠാവലി പുസ്തകങ്ങളിൽ പ്രകൃതി പരിസരത്തെ മുൻനിർത്തിയുള്ള ആശയങ്ങളിലൂടെയാണ് പഠനം വികസിക്കുന്നത്. മൂന്ന്, നാല് ക്ലാസുകളിൽ പരിസരപഠനം എന്ന വിഷയം ലൈഫ് സയൻസിന്റെ അടിസ്ഥാന ആശയങ്ങളായ ജീവന്റെ സവിശേഷതകളും വൈവിധ്യവും, ആവാസം, ഭക്ഷ്യശൃംഖലാജാലം, മലിനീകരണം-കാരണങ്ങളും പ്രതിവിധിയും, ഭക്ഷ്യോത്പാദനം, ജലം, വായു, മണ്ണ് എന്നിവയുടെ ഗുണതയും മനുഷ്യന്റെ അതിജീവനവും തുടങ്ങിയ ആശയങ്ങളെല്ലാം കുട്ടിയുടെ പ്രായഘട്ടത്തിന് അനുയോജ്യമാംവിധം ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വയം നിയന്ത്രിതമായി ജീവിത സാഹചര്യങ്ങളെ നേരിടാൻ പ്രാപ്തിയുള്ള ഉത്തമ വ്യക്തികളായി മാറുവാൻ

ഓരോ കുട്ടിയെയും പ്രാപ്തമാക്കുകയെന്നതാണ് ഇതുസംബന്ധിച്ച സർക്കാരിന്റെ കാഴ്ചപ്പാട്.

(സി) വിദ്യാർത്ഥികളിൽ പുരോഗമന ബോധ്യങ്ങൾ വളർത്തിയെടുക്കാൻ കഴിയുന്ന തരത്തിൽ പാഠ്യപദ്ധതി പരിഷ്കരണങ്ങൾക്ക് ഊന്നൽ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

വിദ്യാർഥികളിൽ പുരോഗമന ബോധ്യങ്ങൾ വളർത്തിയെടുക്കാൻ കഴിയുന്ന തരത്തിലാണ് പാഠ്യപദ്ധതിയും അനുബന്ധ സാമഗ്രികളും തയ്യാറാക്കുന്നത്. നിലവിലെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ അടിസ്ഥാന രേഖയായിട്ടുള്ള കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023-ൽ പാഠ്യപദ്ധതിയും മൂല്യാധിഷ്ഠിത പഠനവും എന്ന ഭാഗത്ത് ഒരു പരിഷ്കൃത സമൂഹം ത്യജിക്കേണ്ട നിരവധി പ്രവണതകളായ മദ്യം, പുകയില, മയക്കുമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കളോടുള്ള ആസക്തി, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, അക്രമവാസന, പകപോക്കൽ, പാർശ്വവത്കൃതരോടുള്ള വിവേചനം തുടങ്ങിയ സാമൂഹ്യ വിപത്തുകൾക്കെതിരെയുള്ള മനോഭാവം കുട്ടികളിൽ രൂപപ്പെടുത്തുന്നതിനുള്ള

സമീപനം സ്വീകരിക്കണമെന്ന് കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പോലുള്ള സാമൂഹ്യ തിന്മകൾക്കെതിരായ മനോഭാവം പഠിതാക്കളിൽ രൂപപ്പെടാനാവശ്യമായ ഉള്ളടക്കം പാഠപുസ്തകങ്ങളിലും പഠനാനുബന്ധ പ്രവർത്തനങ്ങളിലും പുതിയ പാഠപുസ്തകങ്ങളിൽ ഉറപ്പു വരുത്തിയിട്ടുണ്ട്. ജീവശാസ്ത്രം, സാമൂഹ്യശാസ്ത്രം പാഠപുസ്തകങ്ങളിൽ ഇത് സംബന്ധിച്ച പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്താൻ നിശ്ചിത ഇടവേളകളിൽ മുഖ്യമന്ത്രി തലത്തിൽ അവലോകനയോഗം ചേരും. പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുകയും പ്രവൃത്തി സുഗമമാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുകയും ചെയ്യും.

**ഉച്ചഭക്ഷണ വിതരണം കാര്യക്ഷമമാക്കാൻ നടപടി**

15(*105) <u>ശ്രീ. പി. ടി. എ. റഹീം</u> :
<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u> :
<u>ശ്രീ. പി. മമ്മിക്കുട്ടി</u> :

ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ വിതരണത്തിന് പ്രധാനമന്ത്രി പോഷണ പദ്ധതി എന്ന പേര് നിശ്ചയിക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിരുന്നോ?

കേന്ദ്രസർക്കാരാണ് പദ്ധതി പുനഃനാമകരണം ചെയ്തത്. ഇത് സംബന്ധിച്ച അറിയിപ്പ് 6-10-2021-ലെ എഫ്.നം.1-3/2021-ഡെസ്ക് (എം.ഡി.എം) എന്ന കത്ത് മുഖാന്തരം ലഭിച്ചിരുന്നു.

(ബി) ഉച്ചഭക്ഷണ വിതരണത്തിന് കേന്ദ്രസർക്കാർ നൽകുന്ന വിഹിതം എത്രയാണ്?

ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കേന്ദ്രസർക്കാർത്തന്നെ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് നിശ്ചയിക്കപ്പെടുന്ന അടങ്കൽ തുകയുടെ 60 ശതമാനമാണ് കേന്ദ്രവിഹിതമായി സംസ്ഥാനത്തിന്

ലഭിക്കുന്നത്. നടപ്പുവർഷം റിക്കറിംഗ് വിഭാഗത്തിൽ സംസ്ഥാനത്തിനുള്ള കേന്ദ്രവിഹിതമായി നിശ്ചയിച്ചിട്ടുള്ളത് 284.3067 കോടി രൂപയാണ്.

(സി) കഴിഞ്ഞ 5 വർഷമായി ലഭ്യമായ കേന്ദ്രവിഹിതം എത്രയാണെന്ന് വെളിപ്പെടുത്തുമോ?

കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ (2018-19 മുതൽ 2022-23 വരെയുള്ള കാലഘട്ടത്തിൽ) 1285.34 കോടി രൂപ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് കേന്ദ്രവിഹിതമായി ലഭിച്ചു.

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി 2021-22-ൽ കേന്ദ്രം തടഞ്ഞുവച്ച തുക പിന്നീട് അനുവദിക്കുകയുണ്ടായോ?

അനുവദിക്കുകയുണ്ടായി. പദ്ധതിയ്ക്കുള്ള രണ്ടാം ഗഡു കേന്ദ്രവിഹിതമാണ് 2021-22 വർഷം ലഭിക്കാതിരുന്നത്. ടി വിഹിതം 2022-23 അവസാനം സംസ്ഥാനത്തിന് ലഭിച്ചു.

(ഇ) ഉച്ചഭക്ഷണ വിതരണം കാര്യക്ഷമമാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉച്ചഭക്ഷണ വിതരണം കാര്യക്ഷമമാക്കുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(1) പദ്ധതി നടത്തിപ്പിനായി സ്കൂളുകളിൽ സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അദ്ധ്യാപക-രക്ഷാകർതൃ സമൂഹത്തിന്റെയും പൊതു സമൂഹത്തിന്റെയും പങ്കാളിത്തത്തോടെയും സഹകരണത്തോടെയും സ്കൂൾതലത്തിൽ പദ്ധതി കാര്യക്ഷമമായി നടപ്പാക്കാനുള്ള ചുമതല ഉച്ചഭക്ഷണ കമ്മറ്റികളിലാണ് നിക്ഷിപ്തമാക്കിയിട്ടുള്ളത്. ഉച്ചഭക്ഷണ മെനു നിശ്ചയിക്കുക, പാചകത്തൊഴിലാളികളെ നിയമിക്കുക, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിക്കേണ്ട പദ്ധതിയുടെ പ്രതിമാസ വരവ് ചെലവ് കണക്കുകൾ പരിശോധിച്ച് അംഗീകരിക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റും സഹായത്തോടെ പദ്ധതി നടത്തിപ്പിനാവശ്യമായ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക മുതലായവ സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റിയുടെ ചുമതലകളാണ്.

(2) പദ്ധതി നടത്തിപ്പിനായി സ്കൂളുകൾക്ക് മെറ്റീരിയൽ കോസ്റ്റ് എന്ന പേരിൽ തുക അനുവദിക്കുന്നു. കുട്ടി ഒന്നിന് പ്രതിദിനം 6 രൂപ, 7 രൂപ, 8 രൂപ എന്നീ നിരക്കുകളിലാണ് മെറ്റീരിയൽ കോസ്റ്റ് അനുവദിക്കുന്നത്.

(3) പദ്ധതി നടത്തിപ്പിനാവശ്യമായ ഭക്ഷ്യധാന്യം (അരി) കേന്ദ്ര സർക്കാരിൽനിന്ന് ലഭ്യമാക്കി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ മുഖാന്തരം സ്കൂളുകൾക്ക് ലഭ്യമാക്കുന്നു.

(4) പോഷക സമൃദ്ധമായ ഉച്ചഭക്ഷണം കുട്ടികൾക്ക് ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഭക്ഷണ, ന്യൂട്രീഷൻ നോംസ് സംബന്ധിച്ച കൃത്യമായ അറിയിപ്പ് എല്ലാ സ്കൂളുകൾക്കും നൽകിയിട്ടുണ്ട്.

(5) ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനായി പദ്ധതിയുടെ പരിധിയിൽ വരുന്ന എല്ലാ സ്കൂളുകളിലും പാചകത്തൊഴിലാളികളെ നിയമിച്ചിട്ടുണ്ട്. ടി തൊഴിലാളികൾക്ക് പ്രതിദിനം 600/- രൂപ മുതൽ 675/- രൂപ വരെ ഓണറേറിയമായി നൽകുന്നു.

(6) സ്റ്റേറ്റ് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സഹായത്തോടെ പാചകത്തൊഴിലാളികൾക്ക് പരിശീലനം നൽകിവരുന്നു.

(7) ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനാവശ്യമായ പച്ചക്കറി, പലവ്യഞ്ജനം, മറ്റ് ഭക്ഷ്യ വസ്തുക്കൾ എന്നിവ സർക്കാർ ഏജൻസികളിൽ നിന്ന് വാങ്ങുന്നതിന് മുൻഗണന നൽകണമെന്ന് സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(8) വിഷരഹിത പച്ചക്കറികൾ ഉപയോഗിച്ചുള്ള കറികൾ സ്കൂൾ ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ സ്കൂളുകളിൽ അടുക്കളപച്ചക്കറിത്തോട്ടം സജ്ജീകരിക്കുകയും അതിൽനിന്നുള്ള പച്ചക്കറികൾ ഉച്ചഭക്ഷണത്തിന് ഉൾപ്പെടുത്തുകയും ചെയ്തുവരുന്നു. പദ്ധതിയുടെ പരിധിയിൽ വരുന്ന 12026 സ്കൂളുകളിൽ 9666 (80 ശതമാനം) സ്കൂളുകളിൽ അടുക്കളപച്ചക്കറിത്തോട്ടം സജ്ജീകരിച്ചിട്ടുണ്ട്.

(9) കുട്ടികൾക്ക് നൽകുന്നതിന് മുൻപായി അദ്ധ്യാപകരും എസ്.എം.സി. അംഗങ്ങളും ഭക്ഷണത്തിന്റെ ഗുണമേന്മ പരിശോധിച്ച് ഉറപ്പുവരുത്തുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(10) ഉച്ചഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയും സാമ്പിളുകൾ റാൻഡം രീതിയിൽ ശേഖരിച്ച് ലാബ് പരിശോധനയ്ക്ക് വിധേയമാക്കുന്നു.

(11) ഉച്ചഭക്ഷണ വിതരണ സംവിധാനം വിശ്വാസ്യവും സുതാര്യവുമാക്കുന്നതിനും പദ്ധതി നടത്തിപ്പിൽ ഫലപ്രദമായ സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഫണ്ടുകളുടെ ദുരുപയോഗം തടഞ്ഞുകൊണ്ട് അഴിമതിരഹിതമായ നിർവ്വഹണം ഉറപ്പാക്കുന്നതിനും മികച്ച രീതിയിൽ വിവരങ്ങൾ കൈമാറപ്പെട്ടതും ശാക്തീകരിക്കപ്പെട്ടതുമായ ഒരു പൗര/ഗുണഭോക്തൃ സമൂഹത്തെ കെട്ടിപ്പടുക്കുന്നതിനുമായി 2022-23 വർഷം മുതൽ പദ്ധതി സാമൂഹിക ഓഡിറ്റിന് വിധേയമാക്കിവരുന്നു.

**സ്കൂൾ പാഠ്യപദ്ധതിയിൽ എൻ.സി.ഇ.ആർ.ടി. വരുത്തുന്ന മാറ്റങ്ങൾ**

16 (*106) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി സിലബസ് പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് സ്കൂൾ പാഠ്യപദ്ധതിയിൽ എൻ.സി.ഇ.ആർ.ടി. വരുത്തുന്ന മാറ്റങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) 6 മുതൽ 12 വരെ ക്ലാസുകളിൽ നിലവിലുള്ള പാഠഭാഗങ്ങളിൽനിന്ന് ഏതെങ്കിലും ഭാഗം നീക്കം ചെയ്യുന്നതിന് എൻ.സി.ഇ.ആർ.ടി. നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. ദേശീയ വിദ്യാഭ്യാസനയം 2020-ന്റെ അടിസ്ഥാനത്തിൽ 2023-24 അക്കാദമിക വർഷം നാഷണലൈസേഷൻ എന്ന പേരിൽ ആറാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള സ്കൂൾ പാഠപുസ്തകങ്ങളിൽനിന്ന് ചില ഭാഗങ്ങൾ എൻ.സി.ഇ.ആർ.ടി. ഒഴിവാക്കുകയുണ്ടായി. വർത്തമാനകാല സാഹചര്യത്തിൽ കുട്ടികൾ തീർച്ചയായും അറിഞ്ഞിരിക്കേണ്ട പലതും ഒഴിവാക്കപ്പെട്ടവയിലുണ്ടായിരുന്നു. സ്കൂൾ പാഠപുസ്തകങ്ങളിൽനിന്ന് പരിണാമ സിദ്ധാന്തവും പീരിയോഡിക് ടേബിളും പോലുള്ള പാഠഭാഗങ്ങൾ ഒഴിവാക്കുകയുണ്ടായി. ഹിസ്റ്ററി,

പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ്, സോഷ്യോളജി എന്നീ പാഠപുസ്തകങ്ങളിൽനിന്നാണ് വ്യാപകമായി പാഠഭാഗങ്ങൾ ഒഴിവാക്കിയത്. ഇത്തരം കാര്യങ്ങൾ കൂടുതലും മാനവിക വിഷയങ്ങളിലാണ് വന്നിരിക്കുന്നത്. ചരിത്രത്തിൽ മുഗൾ ചരിത്രം, വ്യവസായ വിപ്ലവം, ഇന്ത്യാവിഭജന ചരിത്രം തുടങ്ങിയവയും പൊളിറ്റിക്കൽ സയൻസിൽ മഹാത്മജിയുടെ രക്തസാക്ഷിത്വം, പഞ്ചവത്സരപദ്ധതികൾ, അടിയന്തരാവസ്ഥ, ഇന്ത്യയിലെ ജനകീയ സമരങ്ങൾ തുടങ്ങിയവയും അന്താരാഷ്ട്രതലത്തിലെ രാഷ്ട്രീയ മാറ്റങ്ങളും അമേരിക്കൻ സാമ്രാജ്യത്വം ഉൾപ്പെടെയുള്ളവയും ഇക്കണോമിക്സിൽ പ്രധാനമായും ദാരിദ്ര്യം സംബന്ധിച്ച കാര്യങ്ങളും സോഷ്യോളജിയിൽ ഇന്ത്യയിലെ സാമൂഹ്യസാഹചര്യങ്ങളും ജാതിവ്യവസ്ഥിതിയും പരാമർശിക്കുന്നതുമായ ഭാഗങ്ങളാണ് എൻ.സി.ഇ.ആർ.ടി. ഒഴിവാക്കിയത്. കോവിഡിന്റെ സാഹചര്യം, ദേശീയ വിദ്യാഭ്യാസ നയം 2020, പാഠഭാഗങ്ങളുടെ കാഠിന്യനിലവാരം, ഒരേ പാഠഭാഗങ്ങളുടെ ആവർത്തനം, അനുഭവാധിഷ്ഠിത പഠനം സാധ്യമാക്കൽ

എന്നിവയാണ് ഉള്ളടക്കം കുറയ്ക്കുന്നത് സംബന്ധിച്ച് എൻ.സി.ഇ.ആർ.ടി. നൽകുന്ന വിശദീകരണം.

കേരളത്തിൽ പാഠ്യപദ്ധതി പരിഷ്കരണത്തിന് വ്യാപകമായി ജനകീയ ചർച്ചകൾ നടക്കുമ്പോഴാണ് യാതൊരു യുക്തിയുമില്ലാതെ ഏകപക്ഷീയമായി പാഠഭാഗങ്ങൾ വെട്ടിക്കുറച്ചത്. ഇതിനോട് അപ്പോൾതന്നെ കേരളം അക്കാദമികമായി പ്രതികരിക്കുകയുണ്ടായി.

(സി) രാജ്യത്തിന്റെ ചരിത്രം, സ്വാതന്ത്ര്യ സമരകാലത്തിന്റെ ഊർജ്ജം, ഭരണഘടനാ മൂല്യങ്ങൾ എന്നിവയിലടക്കം വന്നിരിക്കുന്ന മാറ്റങ്ങൾ ഗൗരവമേറിയതും അംഗീകരിക്കാൻ കഴിയാത്തതുമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ബദൽ പുസ്തകങ്ങൾ സംസ്ഥാന സിലബസിൽ ഉൾപ്പെടുത്തി പഠിപ്പിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വിലയിരുത്തിയിട്ടുണ്ട്. ഒന്ന് മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ സംസ്ഥാനത്ത് എസ്.സി.ഇ.ആർ.ടി. തന്നെയാണ് തയ്യാറാക്കുന്നത്. അതിനാൽ എൻ.സി.ഇ.ആർ.ടി. ദേശീയതലത്തിൽ 6

മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ വരുത്തിയ മാറ്റങ്ങൾ കേരളത്തെ സാരമായി ബാധിക്കുന്നില്ല. എന്നാൽ 11, 12 ക്ലാസുകളിൽ കേരളം ചില എൻ.സി.ഇ.ആർ.ടി. പാഠപുസ്തകങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഇതിൽ ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ്, സോഷ്യോളജി എന്നീ പാഠപുസ്തകങ്ങളിൽ വ്യാപകമായി പാഠഭാഗങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ കൂടുതലും മാനവിക വിഷയങ്ങളിലാണ് വന്നിരിക്കുന്നത്. ചരിത്രത്തിൽ മുഗൾ ചരിത്രം, വ്യവസായ വിപ്ലവം, ഇന്ത്യാവിഭജന ചരിത്രം തുടങ്ങിയവയും പൊളിറ്റിക്കൽ സയൻസിൽ മഹാത്മാജിയുടെ രക്തസാക്ഷിത്വം, പഞ്ചവത്സരപദ്ധതികൾ, അടിയന്തരാവസ്ഥ, ഇന്ത്യയിലെ ജനകീയ സമരങ്ങൾ തുടങ്ങിയവയും അന്താരാഷ്ട്രതലത്തിലെ രാഷ്ട്രീയ മാറ്റങ്ങളും അമേരിക്കൻ സാമ്രാജ്യത്വം ഉൾപ്പെടെയുള്ളവയും ഇക്കണോമിക്സിൽ പ്രധാനമായും ദാരിദ്ര്യം സംബന്ധിച്ച കാര്യങ്ങളും സോഷ്യോളജിയിൽ ഇന്ത്യയിലെ സാമൂഹ്യസാഹചര്യങ്ങളും ജാതിവ്യവസ്ഥിതിയും പരാമർശിക്കുന്നതുമായ ഭാഗങ്ങൾ ആണ് എൻ.സി.ഇ.ആർ.ടി. ഒഴിവാക്കിയത്. ഈ സാഹചര്യത്തിലാണ്

ഹയർസെക്കൻഡറി കുട്ടികൾ നിശ്ചയമായും അറിഞ്ഞിരിക്കേണ്ട ചരിത്ര വസ്തുതകളും സംഭവങ്ങളും യാഥാർത്ഥ്യങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് അഡീഷണൽ പാഠപുസ്തകങ്ങൾ തയ്യാറാക്കി നൽകിയത്. ഹിസ്റ്ററി, പൊളിറ്റിക്കൽസയൻസ്, എക്കണോമിക്സ്, സോഷ്യോളജി എന്നീ വിഷയങ്ങളിലാണ് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതിയുടെ ആഭിമുഖ്യത്തിൽ അഡീഷണൽ പാഠപുസ്തകങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ നാല് വിഷയങ്ങളിലായി 6 വാല്യം പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഈ പാഠപുസ്തകങ്ങളിലെ ഉള്ളടക്കം ക്ലാസ് മുറികളിൽ വിനിമയം ചെയ്യുന്നതും മൂല്യനിർണയത്തിന് പരിഗണിക്കുന്നതുമാണ്.

**ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ്**

17(*107) ഡോ. സുജിത് വിജയൻപിള്ള:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം നിക്ഷേപ സാധ്യതകൾ പരിചയപ്പെടുത്താനും നിക്ഷേപങ്ങൾ ആകർഷിക്കാനുമായി ടൂറിസം വകുപ്പ് സംഘടിപ്പിച്ച ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ അനുഭവങ്ങളും ഭാവിസാധ്യതകളും വിശദമാക്കാമോ?

സംസ്ഥാനത്തിന്റെ ടൂറിസം മേഖലയുടെ വളർച്ചയിൽ കുതിച്ചുചാട്ടം ലക്ഷ്യമിട്ടാണ് ആദ്യമായി വകുപ്പിന്റെ നേതൃത്വത്തിൽ നിക്ഷേപക സംഗമം സംഘടിപ്പിച്ചത്. 2023 നവംബർ 16-ന് തിരുവനന്തപുരത്തുവച്ച് സംഘടിപ്പിക്കപ്പെട്ട ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിന് ആവേശകരമായ പ്രതികരണമാണ് നിക്ഷേപകരുടെ ഭാഗത്തുനിന്ന് ലഭിച്ചത്. നിക്ഷേപക സംഗമത്തിന്റെ ഭാഗമായി 23 സർക്കാർ പദ്ധതികളും 52 സ്വകാര്യ പദ്ധതികളും അവതരിപ്പിക്കപ്പെട്ടു. ടൂറിസം വകുപ്പ് അവതരിപ്പിച്ച 23 പദ്ധതികൾക്ക് പുറമേ 16 പദ്ധതികൾ കൂടി നിക്ഷേപക സംഗമത്തിൽ ലഭിച്ചു. ഇത്തരത്തിൽ 39 പദ്ധതികൾക്കായി 2511.10 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം ലഭിച്ചു. പരിപാടിയിൽ അവതരിപ്പിക്കപ്പെട്ട 52 സ്വകാര്യ പദ്ധതികൾക്ക് പുറമേ സ്വകാര്യ മേഖലയിലെ 21 പദ്ധതികൾക്കുകൂടി

നിക്ഷേപ വാഗ്ദാനം ലഭ്യമായി. സ്വകാര്യ മേഖലയിലെ പദ്ധതികൾക്കായി 12605.55 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ് പരിപാടിയുടെ ഭാഗമായി ലഭ്യമായിട്ടുള്ളത്. ഒരു സ്റ്റാർട്ടപ്പ് പദ്ധതിക്കായി 10 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനവും പരിപാടിയുടെ ഭാഗമായി ലഭ്യമായിട്ടുണ്ട്. ആകെ 15,126.65 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് നിക്ഷേപക സംഗമത്തിൽ ലഭ്യമായിട്ടുള്ളത്. 250 കോടി രൂപയുടെ പദ്ധതിക്കുള്ള ധാരണപത്രത്തിലും ഒപ്പുവച്ചു.

ടൂറിസം നിക്ഷേപക സംഗമത്തിന്റെ തുടർച്ചയായി നിക്ഷേപകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും സഹായങ്ങളും ലഭ്യമാക്കുന്നതിനായി ഒരു സ്ഥിരം സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ വിനോദസഞ്ചാരവകുപ്പ് സ്വീകരിച്ചുവരികയാണ്. ടൂറിസം നിക്ഷേപക മീറ്റിൽ വിവിധ മേഖലകളിലുള്ള നിക്ഷേപങ്ങൾ സംബന്ധിച്ചുള്ള വാഗ്ദാനങ്ങൾ ലഭ്യമായിട്ടുണ്ട്. ഹോട്ടലുകൾ, റിസോർട്ടുകൾ മുതലായവ അടങ്ങിയ ഹോസ്പിറ്റാലിറ്റി മേഖല, സസ്റ്റെയ്നബിൾ/ഫാം/അഗ്രികൾച്ചർ ടൂറിസം മേഖല, റിക്രിയേഷണൽ/എന്റർടെയിൻമെന്റ് ടൂറിസം, കാരവൻ ടൂറിസം, MICE

ടൂറിസം, വെൽനസ്സ് ടൂറിസം, എക്സ്പീരിയൻസ് ടൂറിസം തുടങ്ങിയ മേഖലകളിലും നിക്ഷേപ വാഗ്ദാനങ്ങൾ ലഭ്യമായിട്ടുണ്ട്.

(ബി) ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ്‌വഴി ഈ രംഗത്ത് വാഗ്ദാനം ചെയ്യപ്പെട്ട നിക്ഷേപ സാധ്യതകൾ, മറ്റ് വാഗ്ദാനങ്ങൾ എന്നിവ വിശദമാക്കാമോ; ഇതിനോടനുബന്ധിച്ച് ഏതെങ്കിലും പദ്ധതികളിൽ എം.ഒ.യു. ഒപ്പുവയ്ക്കാൻ സാധ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിൽ വിവിധ മേഖലകളിലുള്ള നിക്ഷേപങ്ങൾ സംബന്ധിച്ച വാഗ്ദാനങ്ങൾ ലഭ്യമായിട്ടുണ്ട്. ഹോട്ടലുകൾ, റിസോർട്ടുകൾ മുതലായവ അടങ്ങിയ ഹോസ്പിറ്റാലിറ്റി മേഖല, സസ്റ്റെയ്നബിൾ ഫാം/അഗ്രിക്കൾച്ചർ ടൂറിസം മേഖല, റിക്രിയേഷണൽ /എന്റർട്ടെയിൻമെന്റ് ടൂറിസം, കാരവൻ ടൂറിസം, MICE ടൂറിസം, ഹെലിടൂറിസം, സ്പോർട്സ്, ക്രൂയിസ്/യാട്ട് ടൂറിസം, വെൽനസ്സ് ടൂറിസം, ഫിലിം ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം തുടങ്ങി വിവിധ മേഖലകളിലും നിക്ഷേപ വാഗ്ദാനങ്ങൾ ലഭ്യമായിട്ടുണ്ട്.

ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിൽവച്ച് താമര ലെഷർ എക്സ്പീരിയൻസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി 250 കോടി രൂപയുടെ ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ആലപ്പുഴ, മുഹമ്മയിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന ലക്ഷ്വറി റിസോർട്ട്, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് സമീപത്തായി വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്വറി ഹോട്ടൽ എന്നീ പദ്ധതികൾക്കായാണ് ധാരണാപത്രം ഒപ്പുവച്ചിട്ടുള്ളത്.

(സി) നിക്ഷേപകർക്ക് സൗകര്യമൊരുക്കാൻ ഫെസിലിറ്റേഷൻ സെന്ററും സെക്രട്ടറിതല ഏകോപന സമിതിയും രൂപീകരിച്ചിട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

16-01-24-ലെ സ.ഉ (സാധാ) നം. 21/2024/TSM പ്രകാരം ടൂറിസം ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ (ജനറൽ) കൺവീനറായും, അഡീഷണൽ സെക്രട്ടറി (ടൂറിസം), മാനേജിംഗ് ഡയറക്ടർ (കെ.ടി.ഐ.എൽ), അഡീഷണൽ ഡയറക്ടർ (ഹോസ്പിറ്റാലിറ്റി), തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർമാർ, പ്ളാനിംഗ് ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ (പ്ളാനിംഗ്)

എന്നിവർ അംഗങ്ങളുമായുള്ള ഒരു ടെമ്പററി ഫെസിലിറ്റേഷൻ സെന്റർ രൂപീകരിച്ചിട്ടുണ്ട്. ഒരു സ്ഥിരം ഫെസിലിറ്റേഷൻ സെന്ററിനുള്ള പ്രവർത്തനം അന്തിമഘട്ടത്തിലാണ്. സെക്രട്ടറിതല ഏകോപന സമിതി രൂപീകരിക്കുവാനുള്ള നടപടികൾ സർക്കാർ തലത്തിൽ പുരോഗമിച്ചുവരുന്നു.

**എസ്.എസ്.എൽ.സി., ഹയർസെക്കൻഡറി പരീക്ഷകൾ**

18(*108) **ശ്രീ. പി. പി. സുമോദ്:**
**ശ്രീ. കെ. യു. ജനീഷ് കുമാർ:**
**ശ്രീമതി യു. പ്രതിഭ:**
**ശ്രീ. എൻ. കെ. അക്ബർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) 2023-ലെ എസ്.എസ്.എൽ.സി, ഹയർ സെക്കൻഡറി പരീക്ഷകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചതെന്ന് അറിയിക്കുമോ?

**എസ്.എസ്.എൽ.സി.**

2023 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി പരീക്ഷ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പരീക്ഷയുടെ

വിജ്ഞാപനം 26-11-2022-ന് പുറപ്പെടുവിച്ചിരുന്നു. പരീക്ഷയുടെ സുഗമമായ നടത്തിപ്പിനായി ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർ എന്നിവരുടെ നിയമനം സമയബന്ധിതമായി നടത്തുകയും ജില്ലാ അടിസ്ഥാനത്തിലും മേഖലാ അടിസ്ഥാനത്തിലും ഇവർക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്തു. പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി ആവശ്യമായ യോഗങ്ങൾ ചേർന്ന് നിർദ്ദേശങ്ങൾ നൽകുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു. കൂടാതെ ചോദ്യപേപ്പർ സോർട്ടിംഗ്, പരീക്ഷാ നടത്തിപ്പ് എന്നിവയുമായി ബന്ധപ്പെട്ട് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പ്രഥമാധ്യാപകർക്കും വിശദമായ നിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലറുകൾ സമയബന്ധിതമായി നൽകുകയും ചെയ്തു. പരീക്ഷാസമയത്ത് ക്രമക്കേടുകൾ ഉണ്ടാകാതിരിക്കാൻ വിദ്യാഭ്യാസ ജില്ലാതലത്തിലും റവന്യൂ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് ആവശ്യമായ മോണിറ്ററിംഗ് എല്ലാ പരീക്ഷാ ദിവസങ്ങളിലും നടത്തുകയും ചെയ്തിട്ടുണ്ട്.

2023 ഏപ്രിൽ മാസത്തിൽ തന്നെ ഉത്തര കടലാസ്സുകളുടെ മൂല്യനിർണ്ണയം പൂർത്തീകരിക്കുന്നതിനുവേണ്ടി 03-04-2023 മുതൽ 26-04-2023 വരെ ഉത്തര കടലാസ്സ് മൂല്യനിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഇതിനായി സംസ്ഥാനത്ത് ആകെ 70 മൂല്യനിർണ്ണയ ക്യാമ്പുകൾ ക്രമീകരിക്കുകയും ചെയ്തിരുന്നു. ഈ ക്യാമ്പുകളുടെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് ഓരോ ക്യാമ്പിലും ക്യാമ്പ് ഓഫീസറെയും, ഡെപ്യൂട്ടി ക്യാമ്പ് ഓഫീസറെയും നിയമിക്കുകയും ക്യാമ്പുകൾ തുടങ്ങുന്നതിന് മുന്നോടിയായി ക്യാമ്പ് ഓഫീസർമാർക്ക് പരിശീലനം നടത്തുകയും ചെയ്തിരുന്നു. സംസ്ഥാനത്തെ 70 മൂല്യനിർണ്ണയ ക്യാമ്പുകളിൽ അഡീഷണൽ ചീഫ് എക്സാമിനർമാരായി 903 അദ്ധ്യാപകർക്കും അസ്സിസ്റ്റന്റ് എക്സാമിനർമാരായി 8761 അദ്ധ്യാപകർക്കും ചുമതല നൽകി ഉത്തരക്കടലാസ്സ് മൂല്യനിർണ്ണയം സമയബന്ധിതമായി തന്നെ പൂർത്തീകരിക്കാൻ കഴിഞ്ഞു. മൂല്യനിർണ്ണയ ക്യാമ്പുകളുടെ ചെലവുകൾക്കാവശ്യമായ ഫണ്ട് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. മൂല്യനിർണ്ണയ ക്യാമ്പുകൾക്ക് സമാന്തരമായി പരീക്ഷാഭവനിലെ മുഴുവൻ

ജീവനക്കാരെയും ഉൾപ്പെടുത്തി ടാബുലേഷൻ നടപടികൾകൂടി നടത്തുകയും നേരത്തേ നിശ്ചയിച്ച തീയതിക്ക് മുമ്പായി 19-05-2023-ന് പരീക്ഷാ ഫലം പ്രഖ്യാപിക്കുകയും ചെയ്തു.

**ഹയർസെക്കൻഡറി**

2023-ലെ ഹയർ സെക്കൻഡറി പരീക്ഷകൾ സമയബന്ധിതമായി പൂർത്തിയാക്കി ഫലപ്രഖ്യാപനം നടത്തിയിട്ടുണ്ട്. 2023 മാർച്ച് 10 മുതൽ 30 വരെ രണ്ടാം വർഷ ഹയർ സെക്കൻഡറി പരീക്ഷകൾ നടക്കുകയുണ്ടായി. 2023-ലെ ഹയർ സെക്കൻഡറി പരീക്ഷകൾക്ക് കേരളത്തിനകത്തും പുറത്തുമായി 2023 (രണ്ടായിരത്തി ഇരുപത്തി മൂന്ന്) പരീക്ഷാ കേന്ദ്രങ്ങൾ സജ്ജമാക്കിയിരുന്നു. 2023 മാർച്ച് രണ്ടാം വർഷ ഹയർ സെക്കൻഡറി പരീക്ഷയിൽ ആകെ 2028 (രണ്ടായിരത്തി ഇരുപത്തി എട്ട്) സ്കൂളുകളിൽ നിന്ന് റഗുലർ വിഭാഗത്തിൽ 3,76,135 (മൂന്ന് ലക്ഷത്തി എഴുപത്തി ആറായിരത്തി ഒരുന്നൂറ്റി മുപ്പത്തി അഞ്ച്) പേർ പരീക്ഷ എഴുതി. 2023 ഏപ്രിൽ 03 മുതൽ 26 വരെ തീയതികളിലായി മൂല്യനിർണ്ണയം

പൂർത്തിയാക്കി മൂല്യനിർണ്ണയത്തോടൊപ്പം ടാബുലേഷൻ ജോലികളും നടത്തി 25-05-2023 -ന് ഫലപ്രഖ്യാപനം നടത്തിയിട്ടുണ്ട്.

**വി.എച്ച്.എസ്.ഇ.**

2023 മാർച്ചിൽ നടന്ന ഒന്നും രണ്ടും വർഷ വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷകൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്. 2023 മാർച്ച് 10-ാം തീയതി മുതൽ ആരംഭിച്ച് 30-3-2023-ന് അവസാനിച്ചു. പ്രിൻസിപ്പൽമാരുടേയും ക്ലാർക്കുമാരുടേയും യോഗങ്ങൾ മേഖലാ അടിസ്ഥാനത്തിൽ 2023 ജനുവരി മാസത്തിൽ വിളിച്ചുകൂട്ടി സംസ്ഥാനത്തെ 389 സ്കൂളുകൾ പരീക്ഷാ കേന്ദ്രങ്ങളായിട്ടുള്ള പ്രസ്തുത പരീക്ഷയുടെ നടത്തിപ്പിന് ആവശ്യമായ നിർദ്ദേശങ്ങൾ  നൽകിയിരുന്നു. യോഗങ്ങളിൽ വിദ്യാർത്ഥികളെ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നതു മുതൽ പരീക്ഷ പൂർത്തീകരിക്കുന്നതുവരെയുള്ള നടപടിക്രമങ്ങൾ പരീക്ഷാ സെക്രട്ടറി, ടെക്നിക്കൽ ആഫീസർ എന്നിവരുടെ നേതൃത്വത്തിൽ നൽകിയിരുന്നു. ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം സംസ്ഥാനത്തെ എട്ട് മൂല്യനിർണ്ണയ ക്യാമ്പുകളിലായി നടത്തുകയും ടാബുലേഷൻ ജോലികളും റിസൽട്ട്

പ്രോസസിംഗും സമയബന്ധിതമായി പൂർത്തിയാക്കി മേയ് 25-ന് ഫലം പ്രഖ്യാപിക്കുകയും ചെയ്തു.

(ബി) മുൻ വർഷങ്ങളെ അപേക്ഷിച്ച് 2023-ലെ ഹയർ സെക്കൻഡറി, എസ്.എസ്.എൽ.സി പരീക്ഷകളുടെ വിജയശതമാനത്തിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; എസ്.എസ്.എൽ.സി പരീക്ഷയിൽ വിജയിച്ച എല്ലാ വിദ്യാർത്ഥികൾക്കും ഹയർ സെക്കൻഡറി, വി.എച്ച്.എസ്.ഇ. പ്രവേശനം നൽകാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

**എസ്.എസ്.എൽ.സി.**

മുൻവർഷങ്ങളെ അപേക്ഷിച്ച് 2023-ലെ എസ്.എസ്.എൽ.സി. പരീക്ഷയുടെ വിജയശതമാനത്തിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2022-ലെ എസ്.എസ്.എൽ.സി വിജയശതമാനം 99.26 ആയിരുന്നു. 2023-ൽ വിജയശതമാനം 99.7 ആയി വർദ്ധിച്ചിട്ടുണ്ട്.

**ഹയർസെക്കൻഡറി**

2023-ലെ ഹയർസെക്കൻഡറി വിജയ ശതമാനം 82.95 ആണ്.

മുൻവർഷം ഇത് 83.87 ശതമാനം ആയിരുന്നു. മുൻവർഷത്തെ അപേക്ഷിച്ച് 0.92 ശതമാനം കുറവ് വന്നിട്ടുണ്ട്.

2023-2024 അധ്യയന വർഷത്തെ ഹയർ സെക്കൻഡറി പ്രവേശന നടപടികൾ അവസാനിച്ച് കഴിഞ്ഞപ്പോൾ ആകെ 3,81,721 വിദ്യാർത്ഥികൾ ഹയർ സെക്കൻഡറി ഒന്നാം വർഷ പ്രവേശനം നേടിയിട്ടുണ്ട്. എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയിച്ചവരിൽ ഹയർ സെക്കൻഡറി പഠനം ആഗ്രഹിച്ച എല്ലാ വിദ്യാർത്ഥികൾക്കും പ്രവേശനം ഉറപ്പാക്കിയിട്ടുണ്ട്.

**വി.എച്ച്.എസ്.ഇ.**

2022 മാർച്ചിൽ നടത്തിയ പൊതുപരീക്ഷയ്ക്ക് വിജയശതമാനം 78.26 ശതമാനം ആയിരുന്നു. 2023 ൽ നടന്ന പൊതുപരീക്ഷയ്ക്ക് വിജയശതമാനം 78.39 ശതമാനവും. അപ്രകാരം 0.13 ശതമാനം വിജയശതമാനത്തിൽ പുരോഗതി കൈവരിച്ചിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ ഒന്നാം വർഷ പ്രവേശനത്തിന് 33030 സീറ്റുകൾ ഉണ്ട്. ഈ വർഷം 49194 അപേക്ഷകൾ ലഭിക്കുകയും വിവിധ സ്കൂളുകളിലായി

28022 സീറ്റുകളിൽ വിദ്യാർത്ഥികൾ അഡ്മിഷൻ നേടിയിട്ടുമുണ്ട്. വിവിധ സ്കൂളുകളിലായി 5008 സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നു. അപേക്ഷകളുടേയും അഡ്മിഷന്റെയും ഒഴിവുകളുടേയും എണ്ണം ജില്ല തിരിച്ച് അനുബന്ധമായി+ ചുവടെ ചേർക്കുന്നു.

(സി) ഹയർ സെക്കൻഡറി പരീക്ഷാ നടത്തിപ്പിന് കൃത്യത ഉറപ്പാക്കുന്നതിന് പുതിയ പരീക്ഷാ മാന്വൽ നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ?

**ഹയർസെക്കൻഡറി**

ഹയർസെക്കൻഡറി പരീക്ഷ നടത്തിപ്പ് കൃത്യമാക്കുന്നതിന് പുതിയ പരീക്ഷാ മാന്വൽ 18-01-2022-ലെ സ.ഉ(സാധാ)നം.394/2022/ പൊ.വി.വ. പ്രകാരം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഹയർ സെക്കൻഡറി പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച് യാതൊരു സംശയങ്ങൾക്കും ഇടയില്ലാത്ത വിധം സമഗ്രമായ പരിഷ്കരണമാണ് നടത്തിയിട്ടുള്ളത്.

**വി.എച്ച്.എസ്.ഇ.**

2022 അദ്ധ്യയന വർഷത്തിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പാക്കിയ ഹയർ സെക്കൻഡറി മാന്വൽ 7-12-2023-ലെ G.O.(Rt) No.7824/ 2023/G.Edn ഉത്തരവ് പ്രകാരം വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിന് കൂടി ബാധകമാക്കിയിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹയർ സെക്കൻഡറിയിൽ പുതിയ താൽക്കാലിക ബാച്ചുകൾ അനുവദിച്ചിരുന്നോ; വിശദാംശം ലഭ്യമാക്കുമോ?

**ഹയർസെക്കൻഡറി**

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2022-2023 അധ്യയന വർഷം 07-07-2022-ലെ സ.ഉ(കൈ)നം.118/2022/ പൊ.വി.വ പ്രകാരം അനുവദിച്ച ആകെ 81 താത്കാലിക ബാച്ചുകൾ 2023-2024 അധ്യയന വർഷവും 27-05-2023-ലെ സ.ഉ(കൈ) നം.63/ 2023/പൊ.വി.വ പ്രകാരം തുടർന്നിരുന്നു. മുഖ്യഘട്ട അലോട്ട്മെന്റുകൾ പൂർത്തീകരിച്ച് കഴിഞ്ഞപ്പോൾ ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റിൽ അപേക്ഷിച്ചിട്ടും അലോട്ട്മെന്റ് ലഭിക്കാതെ 32,433 പേർ പ്രവേശനം ലഭിക്കാത്തതായി ഉണ്ടായിരുന്നു. തുടർന്ന് പാലക്കാട് മുതൽ കാസർകോട് വരെയുള്ള ആറ്

ജില്ലകളിൽ 2023-2024 വർഷത്തേയ്ക്ക് മാത്രമായി 97 താല്കാലിക ബാച്ചുകൾ കൂടി 27-07-2023-ലെ സ.ഉ (കൈ) നം. 106/2023/പൊ.വി.വ പ്രകാരം അനുവദിച്ചിരുന്നു.

**വി.എച്ച്.എസ്.ഇ.**

വി.എച്ച്.എസ്.ഇ.-യിൽ താൽക്കാലിക ബാച്ചുകൾ അനുവദിച്ചിട്ടില്ല.

**പൊതുമരാമത്ത് റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി**

19(*109) ശ്രീ. കെ. പി. എ. മജീദ്:
ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന റോഡുകൾ ഈടുനിൽക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

കേരളത്തിലെ റോഡുകൾ കൂടുതൽ ഈട് നിൽക്കുന്നതിനാവശ്യമായ പഠനങ്ങൾ നടത്തുന്നുണ്ട്. ഹോട്ട് മിക്സ് അസ്ഫാൽറ്റിന്റെ ഈർപ്പ

സംവേദനക്ഷമതയെക്കുറിച്ചുള്ള പഠനം കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കുന്നുണ്ട്. പ്രസ്തുത ഗവേഷണ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളെയാണ് ഗവേഷണ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പരിഗണിച്ചത്. ഗവേഷണത്തിന്റെ ഒന്നാം ഘട്ടം നിഗമനമനുസരിച്ച് കേരളത്തിൽ കാണപ്പെടുന്ന പാറകളിൽ ഉയർന്ന സിലിക്കയുടെ അംശം കേരളത്തിലെ റോഡുകളുടെ ഈടുനിൽപ്പിനെ ബാധിക്കുന്ന ഒരു ഘടകമാണ്. മറ്റ് ജില്ലകളെ പരിഗണിച്ച് പദ്ധതിയുടെ രണ്ടാം ഘട്ടം പുരോഗമിച്ചുവരികയാണ്.

(ബി) റോഡിന്റെ ഗുണനിലവാരം കർശനമായി പാലിക്കുന്നതിനുള്ള പരിശോധനകൾ കൃത്യമായി നടത്താത്തവർക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ; വിശദാംശം നൽകുമോ?

പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി രണ്ടു തലത്തിലുള്ള ഗുണനിലവാര പരിശോധനകൾ നടത്തിവരുന്നു. ഒന്നാംഘട്ട ഗുണനിലവാര പരിശോധനകൾ ബന്ധപ്പെട്ട കരാറുകാരനും രണ്ടാംഘട്ട ഗുണനിലവാര പരിശോധന പൊതുമരാമത്ത്

വകുപ്പിലെ അതത് ജില്ലയിലെ ക്വാളിറ്റി കൺട്രോൾ വിഭാഗവുമാണ് നടത്തുന്നത്. പ്രവൃത്തികളുമായി ബന്ധപ്പെട്ട നിർവ്വഹണ വിഭാഗത്തിൽനിന്നും അറിയിപ്പ് ലഭിക്കുന്നമുറയ്ക്ക് ക്വാളിറ്റി കൺട്രോൾ വിഭാഗം ഗുണനിലവാര പരിശോധനകൾ നടത്തുന്നു. ഗുണനിലവാര പരിശോധനകൾ കർശനമായി നടപ്പാക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് നിർദേശം നല്കിയിട്ടുണ്ട്. മേൽഗുണനിലവാര പരിശോധനകളിൽ വീഴ്ച ഉണ്ടായാൽ നിർവ്വഹണ വിഭാഗത്തിന്റെ നിർദ്ദേശപ്രകാരം വകുപ്പ് വിജിലൻസ് വിഭാഗം നടപടി സ്വീകരിച്ചുവരുന്നു.

(സി) ഗുണനിലവാരം ഉറപ്പാക്കുന്നതിനായി മരാമത്ത് മാന്വൽ ഭേദഗതി ചെയ്യുന്നതിനും ഉന്നത ഉദ്യോഗസ്ഥ തസ്തികകൾ പുന:ക്രമീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഗുണനിലവാരം ഉറപ്പാക്കുന്നതിനായുള്ള നടപടിക്രമം ഉൾപ്പെടുത്തിക്കൊണ്ട് പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ മാന്വൽ 2015 പബ്ലിഷ് ചെയ്തിട്ടുണ്ട്. ഇതിലെ നിർദ്ദേശങ്ങൾ ഫലപ്രദമായി

നടപ്പിലാക്കിവരുന്നു. ഭേദഗതി ആവശ്യമായിവരുന്ന ഘട്ടത്തിൽ ക്വാളിറ്റി കൺട്രോൾ മാന്വൽ പുനഃക്രമീകരിക്കാറുണ്ട്.

**കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി പെൻഷൻ കുടിശ്ശിക**

20(*110) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്കുള്ള ആനുകൂല്യങ്ങളുടെ വിശദാംശം നൽകാമോ?

കേരള കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമബോർഡിലെ അംഗതൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്കുള്ള പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി പെൻഷൻ നിലവിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ കുടിശ്ശിക അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) ഉണ്ട്. ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. 3,61,893 (മൂന്നു ലക്ഷത്തി അറുപത്തിയൊന്നായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിമൂന്ന്) പെൻഷൻ ഗുണഭോക്താക്കളാണുള്ളത്. നിലവിൽ 2023 ജനുവരി മാസംവരെയുള്ള പെൻഷൻ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. നിലവിൽ 11 മാസത്തെ പെൻഷൻ കുടിശ്ശികയായിട്ടുണ്ട്. കൂടാതെ ആനുകൂല്യങ്ങളും കുടിശ്ശികയിനത്തിൽ വിതരണം ചെയ്യാനുണ്ട്. 31-03-2023 വരെയുള്ള ആനുകൂല്യങ്ങൾ ഉടൻ വിതരണം ചെയ്യുന്നതാണ്. 2023 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ പെൻഷനും അടുത്ത രണ്ടു മാസങ്ങളിലായി വിതരണം

ചെയ്യുന്നതാണ്. ബോർഡിന്റെ പ്രധാന വരുമാനം കെട്ടിട നിർമ്മാണത്തിൽ നിന്നുള്ള സെസ്സ് പിരിവിലൂടെയാണ് ലഭിക്കുന്നത്. സെസ്സ് പിരിവിലൂടെ ബോർഡിന് പ്രതിമാസം ലഭിക്കുന്നത് ഏകദേശം 30 കോടി രൂപയാണ്. എന്നാൽ പെൻഷൻ വിതരണത്തിനുമാത്രം 59 കോടി രൂപ പ്രതിമാസം ആവശ്യമാണ്. ഇക്കാരണത്താൽ ആണ് സമയബന്ധിതമായി പെൻഷൻ അനുവദിക്കാൻ സാധിക്കാത്തത്. കൂടാതെ ആനുകൂല്യം വിതരണം ചെയ്യുന്നതിനും ഭരണ ചെലവിനുമായി 10 കോടി രൂപയുമടക്കം പ്രതിമാസം 69 കോടി രൂപയാണ് ആവശ്യമായിട്ടുള്ളത്. വരവിനെക്കാൾ ഭീമമായ തുക ചെലവിനത്തിൽ വരുന്നതിനാലാണ് പെൻഷനും, മറ്റാനുകൂല്യങ്ങളും സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് സാധിക്കാത്തത്. നിലവിൽ സെസ്സ് കളക്ഷന് ചുമതലപ്പെടുത്തിയിരിക്കുന്നത് തൊഴിൽ വകുപ്പിനെയാണ്. സെസ്സ് പിരിവ് തൊഴിൽ വകുപ്പിൽനിന്ന് തദ്ദേശസ്വയംഭരണ വകുപ്പിനെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ**

21(*111) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കുറുക്കോളി മൊയ്തീൻ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. യു. എ. ലത്തീഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായ പരാതികൾ പരിശോധിച്ചിട്ടുണ്ടോ?

ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായ പരാതികൾ യഥാസമയം പരിശോധിച്ച് അവ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ബന്ധപ്പെട്ട ആർ.ഡി.ഒ.-മാർക്ക് നിർദ്ദേശം നൽകിവരുന്നുണ്ട്.

(ബി) കെട്ടിക്കിടക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

ഭൂമി തരംമാറ്റ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് പുറപ്പെടുവിച്ച 22-02-2022-ലെ സ.ഉ.(കൈ)

നം.56/2022/RD പ്രകാരം, ജൂനിയർ സൂപ്രണ്ടുമാരെ സെലക്ട് ലിസ്റ്റിൽനിന്നും താത്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകിയും, ക്ലാർക്ക്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ, എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചുകൊണ്ടും, 990 താൽക്കാലിക തസ്തികകൾ 6 മാസത്തേയ്ക്ക് സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ശേഷിക്കുന്ന അപേക്ഷകൾകൂടി സമയബന്ധിതമായി തീർപ്പാക്കുന്നതിനായി, ഇപ്രകാരം നിയമിച്ച താൽക്കാലിക ജീവനക്കാരുടെയും, അനുവദിച്ച അനുബന്ധ സൗകര്യങ്ങളുടെയും കാലാവധി, 179 ദിവസത്തേക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട്, 26-11-2022-ലെ സ.ഉ.(കൈ)നം.278/2022/RD പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

മേൽ സൂചന പ്രകാരം, ഭൂമി തരംമാറ്റ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഐ.റ്റി. അനുബന്ധ സൗകര്യങ്ങളും ഫീൽഡ് പരിശോധനയ്ക്കായി ആവശ്യമായ വാഹനങ്ങളും അനുവദിച്ചിട്ടുണ്ട്. അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച സാങ്കേതിക തടസ്സങ്ങൾ

പരിഹരിക്കുന്നതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ (SOP) തയ്യാറാക്കി നല്കിയിട്ടുള്ളതാണ്.

മേൽ പ്രകാരമുള്ള ക്രമീകരണങ്ങളിലൂടെ ഭൂമി തരം മാറ്റത്തിനായി 26-01-2024 വരെ സംസ്ഥാനത്താകെ ലഭിച്ച ഓഫ്‌ലൈൻ അപേക്ഷകളിൽ 98 ശതമാനത്തിലധികവും ഓൺലൈൻ അപേക്ഷകളിൽ 34 ശതമാനത്തോളവും അപേക്ഷകൾ തീർപ്പാക്കാനായി സാധിച്ചിട്ടുള്ളതാണ്. കൂടാതെ, മന്ത്രി/ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/ലാൻഡ് റവന്യൂ കമ്മീഷണർ തലത്തിൽ കൃത്യമായ ഇടവേളകളിൽ യോഗംനടത്തി, അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി അവലോകനം ചെയ്യുകയും, അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലെ ബുദ്ധിമുട്ടുകൾ ചർച്ചചെയ്ത്, തീർപ്പാക്കൽ വേഗത്തിലാക്കാൻ ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നുണ്ട്.

മാത്രമല്ല, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർണ്ണയിച്ചിട്ടുള്ളതും അപ്രകാരം അവരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമായ

അധികാരങ്ങൾ വിനിയോഗിക്കുന്നതിന്, സംസ്ഥാനത്തെ ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്കുകൂടി അധികാരം നൽകി, അവരെയും അപേക്ഷകൾ തീർപ്പാക്കുന്നതിനായി നിയോഗിക്കുന്നതിന് അധികാരപ്പെടുത്തുന്ന 2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ, നിയമസഭ പാസ്സാക്കിയിട്ടുള്ളതും ആയത് ബഹുമാനപ്പെട്ട ഗവർണ്ണറുടെ അംഗീകാരത്തിനായി നൽകിയിട്ടുള്ളതുമാണ്.

(സി) ഇത്തരം അപേക്ഷകൾ തീർപ്പാക്കുന്നതിന് പ്രത്യേക അദാലത്തുകൾ ആരംഭിച്ചിട്ടുണ്ടോ; അവ എന്നത്തേയ്ക്ക് തീർപ്പാക്കാൻ കഴിയും; വിശദമാക്കുമോ?

21-04-2021-ലെ SRO 369/2021 പ്രകാരം സൗജന്യ തരംമാറ്റത്തിനർഹതയുള്ള 25 സെന്റ് വരെ വിസ്തീർണ്ണമുള്ളതും സൗജന്യ തരംമാറ്റത്തിനർഹതയുള്ളതുമായ ഭൂമി തരംമാറ്റ അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനായി, ജില്ലാതല അദാലത്തുകൾ നടത്തിവരുന്നുണ്ട്. ആയതിന്റെ സംസ്ഥാനതല ഉദ്ഘാടനം 2024 ജനുവരി 15-ന് വയനാട് ജില്ലയിലെ മാനന്തവാടിയിൽ നടത്തിയിരുന്നു. റവന്യൂ ഡിവിഷൻ

അടിസ്ഥാനമാക്കിയുള്ള പ്രസ്തുത അദാലത്തുകൾ 2024 ഫെബ്രുവരി 17-ന് പൂർത്തിയാകുന്നതാണ്.

സൗജന്യ തരംമാറ്റത്തിനർഹതയുള്ള 25 സെന്റ് വരെ വിസ്തീർണ്ണമുള്ളതും സൗജന്യ തരംമാറ്റത്തിനർഹതയുള്ളതുമായ ഭൂമി തരംമാറ്റ അപേക്ഷകൾ അദാലത്തുകൾവഴി നല്ലൊരു പരിധി വരെ തീർപ്പാക്കാനായി സാധിക്കുന്നുണ്ട്.

**ഉത്തരവാദിത്ത ടൂറിസം പദ്ധതി**

22(*112) ശ്രീ. എ. രാജ:
ശ്രീ. എം നൗഷാദ്:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതി വികസിപ്പിക്കുന്നതിന് നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ?

ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ വ്യാപിപ്പിയ്ക്കുന്നതിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷനെ സൊസൈറ്റിയാക്കി മാറ്റി. പ്രാദേശിക

സമ്പദ്‌വ്യസ്ഥയെ ശക്തിപ്പെടുത്തുന്ന തരത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷനെ മാറ്റാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനം ശക്തിപ്പെടുത്താൻ നൂതന പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഈ സർക്കാർ ആരംഭിച്ച സ്ട്രീറ്റ് പദ്ധതി ആഗോള അംഗീകാരം നേടി. അഗ്രി ടൂറിസം നെറ്റ്‌വർക്ക്, സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതി, ടൂറിസം സുവനീർ നെറ്റ്‌വർക്ക് തുടങ്ങി വൈവിധ്യമാർന്ന പദ്ധതികൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കുന്നുണ്ട്.

ടൂറിസം മേഖലയിലെ ഏറ്റവും ബൃഹത്തായ നെറ്റ് വർക്കാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റേത്. 25,188 പ്രാദേശിക യൂണിറ്റുകൾ മിഷന് കീഴിൽ പ്രവർത്തിക്കുന്നു. 1,50,776 ഗുണഭോക്താക്കൾ മിഷൻ പ്രവർത്തനത്തിലൂടെ വരുമാനം നേടുന്നു. 2022-23 സാമ്പത്തിക വർഷത്തെ ആർ. ടി. മിഷൻ യൂണിറ്റുകളിലൂടെ 12 കോടി രൂപ. പ്രാദേശിക വരുമാനം ലഭിച്ചു. 2023-24 സാമ്പത്തിക വർഷം ഇതുവരെ (2023 ഏപ്രിൽ മുതൽ

ഡിസംബർ വരെയുള്ള മാസങ്ങളിൽ) 18.11 കോടി രൂപയാണ് യൂണിറ്റുകൾക്ക് ലഭിച്ചിരിക്കുന്ന വരുമാനം.

(ബി) പ്രദേശവാസികളുടെ സഹകരണത്തോടെ പ്രാദേശിക വരുമാനം വർദ്ധിപ്പിക്കാൻ കഴിയുംവിധം ഉത്തരവാദിത്ത ടൂറിസം രംഗത്ത് വിവിധ പദ്ധതികൾ രൂപപ്പെടുത്തിയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, പൈതൃക ടൂറിസം, ഫുഡ് ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർക്കും വിവിധ രംഗകലകൾ, ആയോധന കലകൾ, എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും അതിനാവശ്യമായ എല്ലാവിധ പരിശീലനങ്ങളും ഉത്തരവാദിത്ത ടൂറിസം വികസനത്തിന്റെ ഭാഗമായി നടത്തിവരുന്നു. ഉത്തരവാദിത്ത ടൂറിസത്തിന്റെ സാമ്പത്തിക,

സാമൂഹിക, പാരിസ്ഥിതിക ഉത്തരവാദിത്തങ്ങൾ അടിസ്ഥാനമാക്കിയുള്ള വിവിധ എക്സ്പീരിയൻസ് ടൂറിസം പാക്കേജുകളുടെ നടത്തിപ്പുവഴി വിനോദ സഞ്ചാരികൾക്ക് കേരളത്തിന്റെ വില്ലേജ് ലൈഫ്, കൾച്ചറൽ ഉത്സവങ്ങളും ആഘോഷങ്ങളും എന്നിങ്ങനെ എല്ലാ വിധത്തിലും കേരളത്തെ അടുത്തറിയുവാനുള്ള അവസരം ഒരുക്കി നല്കുകയും ചെയ്യുന്നു. ഇതുവഴി പ്രാദേശിക ജനങ്ങൾക്ക് ടൂറിസത്തിലൂടെ ചെറുതല്ലാത്ത വരുമാനവും ലഭ്യമാകുന്നുണ്ട്.

മിഷൻ 2022-23 സാമ്പത്തിക വർഷം ആരംഭിച്ച് തുടർന്നുവരുന്ന പദ്ധതിയാണ് സ്ത്രീ സൗഹാർദ്ദ ടൂറിസം പ്രവർത്തനങ്ങൾ. 'Inclusive Tourism' എന്ന UNWTO- യുടെ ആഹ്വാനത്തിന്റെ അടിസ്ഥാനത്തിൽ ടൂറിസം രംഗത്തെ സ്ത്രീ സാന്നിദ്ധ്യം വർധിപ്പിച്ച്, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം എന്ന ലക്ഷ്യംവച്ച് ആരംഭിച്ച പദ്ധതിയാണിത്. ലിംഗസമത്വത്തിനും സ്ത്രീ ശാക്തീകരണത്തിനുംവേണ്ടി പ്രവർത്തിക്കുന്ന ഐക്യരാഷ്ട്ര സംഘടനയായ UN Women- ന്റെ ഇന്ത്യയിലെ ഓഫീസുമായി ചേർന്നാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ആദ്യ ഘട്ടത്തിൽ

നടപ്പിലാക്കേണ്ട സേഫ്റ്റി ഗ്യാപ് അസ്സസ്മെന്റ് സ്റ്റഡി പൂർത്തിയാക്കിയിട്ടുണ്ട്. 6 പ്രദേശങ്ങളിലെ ജെണ്ടർ ഓഡിറ്റ് പ്രവർത്തനങ്ങൾ നടന്നുവരുന്നു. 14 പഞ്ചായത്തുകൾ പദ്ധതിയുടെ ഭാഗമായി പ്രവർത്തനങ്ങൾ ആരംഭിച്ചു. പുതുതായി 3688 പേർ സ്ത്രീ സൗഹൃദ നെറ്റ് വർക്കിന്റെ ഭാഗമായി. കേരളം സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾക്ക് കേരളത്തിന്റെ തനത് സുവനീറുകൾ ലഭ്യമാക്കുന്നതിനു വേണ്ടി തുടക്കം കുറിച്ചിരിക്കുന്ന പദ്ധതിയാണ് കേരള സുവനീർ നെറ്റ്‌വർക്ക് പദ്ധതി.

ഇതിനുപുറമേ ആരംഭിച്ച എക്സ്പീരിയൻസ് എതിക് ക്യുസീൻ നെറ്റ്‌വർക്ക് പദ്ധതി, അഗ്രി ടൂറിസം നെറ്റ്‌വർക്ക് എന്നീ പദ്ധതികൾ സംസ്ഥാനത്ത് നല്ല രീതിയിൽ പുരോഗമിക്കുന്നു. കേരള അഗ്രി ടൂറിസം നെറ്റ് വർക്ക് പദ്ധതിയുടെ ഓൺലൈൻ പ്ലാറ്റ് ഫോമിൽ 104 യൂണിറ്റുകൾ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ 6,03,900 ആളുകൾ വിവിധ ഫാം യൂണിറ്റുകളിൽ സന്ദർശനം നടത്തി.

മുൻ വർഷങ്ങളിൽ ആരംഭിച്ച വിവിധ പങ്കാളിത്ത ടൂറിസം വികസന പദ്ധതികളായ പെപ്പർ, മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ, സ്ട്രീറ്റ്

എന്നീ പദ്ധതികളുടെ തുടർച്ചയായി ശ്രദ്ധേയമായ വിവിധ പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിലും മേൽനോട്ടത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പിലാക്കിവരുന്നു. പങ്കാളിത്ത ടൂറിസം വികസനം പ്രക്രിയയിലൂടെ 4 വർഷക്കാലംകൊണ്ട് ഘട്ടം ഘട്ടമായി ബേപ്പൂരിനെ അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ 2021-22 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതിയാണ് ബേപ്പൂർ സമഗ്ര ഉത്തരവാദിത്ത ടൂറിസം പദ്ധതി. ടി പദ്ധതി വഴി 300-ലധികം പേർക്ക് തൊഴിൽ പരിശീലനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ആദ്യത്തെ ആർ.ടി ക്ലബ്ബ് ബേപ്പൂരിൽ രൂപീകരിച്ചിട്ടുണ്ട്. ആർ.ടി.മിഷൻ യൂണിറ്റുകൾ അവരുടെ ഉൽപ്പന്നങ്ങൾ വ്യാപനം നടത്തുന്നതിനായി ഓൺലൈനായും, വിവിധ പ്രദർശന മേളകൾ, ഹോട്ടൽ/റിസോർട്ടുകളിൽ പ്രദർശന വിപണന കൗണ്ടറുകൾ ഏർപ്പെടുത്തികൊണ്ടും സൗകര്യമൊരുക്കി നൽകുന്നു. പദ്ധതിയുടെ ഭാഗമായി മൺപാത്ര നിർമ്മാണം, കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നിങ്ങനെ വിവിധ ലൈവ് വർക്ക്ഷോപ്പുകൾ ഉൾപ്പെടുത്തി ആർ.ടി. ആൻഡ് ടെക്സ്റ്റയിൽ ആർട്ട് ഫെസ്റ്റ്

നടത്തുകയുണ്ടായി. അഞ്ചുദിവസങ്ങളിലായി രണ്ട് ലക്ഷത്തിലധികം ആളുകൾ പ്രസ്തുത ഫെസ്റ്റിൽ വരികയും ഏകദേശം 53 കലാകാരന്മാർക്ക് ഈ ഫെസ്റ്റിനോടനുബന്ധിച്ച് ഉൽപ്പന്ന വിപണനം നടത്തിയ വരുമാനമായി 10,80,000/- രൂപ ലഭിക്കുകയുമുണ്ടായി.

സ്ട്രീറ്റ് പദ്ധതിയുടെ ഭാഗമായി കടലുണ്ടിയെ പൂർണ്ണമായും ഗ്രീൻ ഡെസ്റ്റിനേഷൻ ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

(സി) സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം സൊസൈറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പ്രവർത്തനവും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദമാക്കാമോ?

കേരളത്തിലെ ടൂറിസം രംഗത്തിനാകെ മാതൃകയായ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ സ്വതന്ത്രവും, വിപുലവുമാക്കുന്നതിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷനെ ഒരു സ്വതന്ത്ര ഏജൻസിയായി 13-01-2023-ലെ സ.ഉ(കൈ) നം.02/2023/ടൂറിസമായി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി സൊസൈറ്റി 2023 ഒക്ടോബർ 31-ന് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ലൈഫ് എക്സ്പീരിയൻഷ്യൽ ടൂറിസം പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ?

ഉണ്ട് . ഒരു പ്രദേശത്തെ പ്രധാന ആകർഷണങ്ങൾ, പ്രാദേശിക തൊഴിൽ, ഭക്ഷണം, യാത്രാ മാർഗ്ഗം എന്നിങ്ങനെ വിവിധ കാര്യങ്ങൾ കോർത്തിണക്കികൊണ്ട് ഗ്രാമീണ ടൂറിസം മേഖലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പാക്കേജുകളാണ് വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ. ഉത്തരവാദിത്ത ടൂറിസം സൊസൈറ്റി വിവിധ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ നടത്തിവരുന്നുണ്ട്. നിലവിൽ കേരളത്തിൽ വിവിധ സ്ഥലങ്ങളിലായി ചെറുതും വലുതുമായ 140 എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകളുണ്ട്. ഗ്രാമീണ ടൂറിസം മേഖലയ്ക്ക് പ്രാധാന്യം നൽകികൊണ്ടുള്ള മറ്റ് എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ ചുവടെ ചേർക്കുന്നു.

- വിലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ
- നേറ്റീവ് എക്സ്പീരിയൻസ് പാക്കേജുകൾ
- കൾച്ചറൽ എക്സ്പീരിയൻസ് പാക്കേജുകൾ

- ഫാം വിസിറ്റ് പാക്കേജുകൾ
- സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ
- ഫെസ്റ്റിവെൽ ടൂർ പാക്കേജുകൾ എന്നിങ്ങനെ വിവിധങ്ങളായ പാക്കേജുകളും ഗ്രാമീണ മേഖലയിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിവരുന്നു.

**അഴിമതി നിർമ്മാർജ്ജനം ചെയ്യാൻ നടപടി**

23(*113) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ അഴിമതി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാൻ എന്തെല്ലാം നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

18000-ത്തിലധികം ജീവനക്കാരുള്ള, പൊതുജനങ്ങളുമായി വളരെയധികം ഇടപഴകുന്ന വകുപ്പെന്ന നിലയിൽ റവന്യൂ വകുപ്പിനെ അഴിമതി വിമുക്തമാക്കുന്നതിന് ക്രിയാത്മകമായ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. എല്ലാ സേവനങ്ങളും ഓൺലൈനാക്കുകയും വില്ലേജ്

രേഖകൾ ഡിജിറ്റൈസ് ചെയ്യുകയും ചെയ്യതിലൂടെയും അഴിമതിക്കുള്ള സാഹചര്യം ഒഴിവാക്കുവാൻ സാധിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ വിദ്യാഭ്യാസ സ്ഥാപനമായ ILDM മുഖേന ജീവനക്കാർക്ക് നൽകിവരുന്ന പരിശീലന പരിപാടിയിൽ ഓഫീസുകൾ അഴിമതിമുക്തമാക്കുന്നത് സംബന്ധിച്ച വിഷയവും ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങളെ റവന്യൂ വിഷയത്തിൽ അറിവുള്ളവരാക്കുന്നതിനായി റവന്യൂ ഇ-സാക്ഷരത എന്ന പദ്ധതിയ്ക്കും തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഏറ്റവും വലിയ വകുപ്പുകളിലൊന്നായ റവന്യൂ വകുപ്പിനെ Zero Corruption Department ആയി മാറ്റുന്നതിനാവശ്യമായ സഹകരണം ലഭിക്കുന്നതിനായി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടേയും അംഗീകൃത സർവ്വീസ് സംഘടനാ പ്രതിനിധികളുടേയും യോഗം 05-06-2023-ന് റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുകയും ആയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിലെ സംസ്ഥാനത്തെ മുഴുവൻ ആഫീസുകളിലും പ്രത്യേക മോഡ്യൂൾ തയ്യാറാക്കി ആകസ്മിക പരിശോധനകൾ നടത്തിവരുന്നുണ്ട്. പ്രിൻസിപ്പൽ സെക്രട്ടറി മുതൽ തഹസീൽദാർമാർ വരെയുള്ള ഉദ്യോഗസ്ഥന്മാർ മൂന്ന് മാസത്തിലൊരിക്കൽ

സംസ്ഥാനത്തെ എല്ലാ വില്ലേജാഫീസുകളും പൂർണമായി പരിശോധിക്കത്തക്ക രീതിയിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Zero Corruption Campaign-ന്റെ ഭാഗമായി സർക്കാർ തലത്തിൽ രൂപീകരിച്ച പരിശോധനാ വിഭാഗങ്ങളും വിവിധ ജില്ലകളിൽ ആകസ്മിക പരിശോധന നടത്തിവരുന്നുണ്ട്. ഇതിനുപുറമെ അഴിമതി നിർമ്മാർജ്ജനം ചെയ്യാൻ ജനങ്ങൾക്ക് നേരിട്ട് ബന്ധപ്പെടാൻ റവന്യൂ ടോൾഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുള്ളതും പ്രസ്തുത വിവരം എല്ലാ റവന്യൂ ഓഫീസുകളിലും പരസ്യപ്പെടുത്തിയിട്ടുള്ളതുമാണ്.

(ബി) ഓൺലൈൻ സേവനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിലൂടെ അഴിമതി ഇല്ലാതാക്കാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

റവന്യൂ വകുപ്പ് പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ ഓൺലൈൻ ആക്കിയതിലൂടെ അഴിമതി വലിയ അളവിൽ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. പരമാവധി സേവനങ്ങൾ ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്നതിലൂടെ പൊതുജനങ്ങൾക്ക് ഓഫീസുകളിലേയ്ക്ക് നേരിട്ട്

പോകാതെതന്നെ അപേക്ഷകൾ സമർപ്പിക്കുവാനും അപേക്ഷയുടെ നിലവിലെ സ്ഥിതി മനസ്സിലാക്കുന്നതിനും സേവനങ്ങൾ വീട്ടിലിരുന്നുതന്നെ സ്വായത്തമാക്കുന്നതിനും സാധിക്കുന്നു. ഇതിലൂടെ സർക്കാർ പ്രവർത്തനങ്ങൾ സുതാര്യമാകുകയും സേവനങ്ങൾ ലഭിക്കുന്നതിന് വേണ്ടിവരുന്ന സമയം, ചെലവ്, അധ്വാനം എന്നിവ ഗണ്യമായി കുറയുകയും ചെയ്യുന്നു. ഇതിലൂടെ സർക്കാർ സേവനങ്ങളുടെ ലഭ്യതാ മൂല്യം (Value of Service) വർദ്ധിക്കുകയും ജനങ്ങൾ ടി നടപടിക്രമങ്ങളിൽ നേരിട്ട് പങ്കാളികളാകുന്നതിനാൽ ഇത്തരം സേവനങ്ങളെപ്പറ്റി ജനങ്ങൾക്കിടയിൽ കൂടുതൽ അവബോധം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

സുതാര്യത ഉറപ്പാക്കിക്കൊണ്ട് റവന്യൂ ഓഫീസുകളിൽനിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന ഓൺലൈൻ പോർട്ടലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ഇ-ഡിസ്ട്രിക്ട്
2. ആർ.ആർ. ഓൺലൈൻ
3. സംയോജിത ഓൺ ലൈൻ പോക്കുവരവ് (Online Mutation )

4. റവന്യൂ ഇ-പേയ്മെന്റ്

5. റിലീഫ് (സമഗ്ര ദുരന്ത മാനേജ്മെന്റ് സംവിധാനം)

6. റവന്യൂ മിത്രം

7. റവന്യൂ ഇ-സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷൻ

8. തണ്ടപ്പേർ പകർപ്പ് ഓൺലൈൻ

9. ലൊക്കേഷൻ മാപ്പ് ഓൺലൈൻ

10. FMB ഓൺലൈൻ

11. വില്ലേജ് വെബ് സൈറ്റ്

12. കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം

13. കോവിഡ് എക്സ്ഗ്രേഷ്യ നഷ്ടപരിഹാര പോർട്ടൽ

14. ഭൂമി തരം മാറ്റം ഓൺലൈൻ

15. ക്യാൻസർ, ക്ഷയ, കുഷ്ഠ രോഗ പെൻഷൻ

16. എൻഡോസൾഫാൻ വിക്ടിം ധനസഹായ പോർട്ടൽ

17. പ്രവാസി മിത്രം

18. പരാതി പോർട്ടൽ

19. അലർട്ട് പോർട്ടൽ

20. VO - MIS (Village Office Management Information System)

21. സർപ്രൈസ് ഇൻസ്പെക്ഷൻ മൊഡ്യൂൾ

ആയവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇതിനായി പൊതുജനങ്ങളെ ഇ-സാക്ഷരരാക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തത്തക്ക വിധത്തിൽ പൊതുജനങ്ങളെ ഇ-സാക്ഷരരാക്കുന്നതിനായി സർക്കാർ ഒരു പുതിയ പദ്ധതി സി-ഡിറ്റുമായി ചേർന്ന് ആവിഷ്കരിച്ചിട്ടുള്ളതാണ്. ആയത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. റവന്യൂ വകുപ്പിൽ നിലവിൽ നടപ്പിലാക്കിവരുന്ന ഓൺലൈൻ സേവനങ്ങൾ ഫലപ്രദമായും സൗകര്യമായും ഉപയോഗിക്കുന്നതിനായി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് സഹായകമായ വീഡിയോകളും മറ്റും സാമൂഹ്യ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഈ പദ്ധതി അന്തിമ ഘട്ടത്തിലാണ്. റവന്യൂ വകുപ്പിൽനിന്നും 2022-ൽ 1,20,08,242 അപേക്ഷകളിലും 2023-ൽ 80,82,988 അപേക്ഷകളിലും ഓൺലൈൻ ആയി പൊതുജനങ്ങൾക്ക് സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്. വിവിധ റവന്യൂ സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി

റവന്യൂ ഇൻഫർമേഷൻ ബ്യൂറോയുടെ യു-ട്യൂബ് ചാനൽ വഴി വിവിധ വീഡിയോകൾ സംപ്രേഷണം ചെയ്തുവരുന്നു.

(ഡി) വകുപ്പിൽ വിവിധ പരിശോധനകൾ ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

റവന്യൂ വകുപ്പിൽ പരിശോധനകൾ ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തെ എല്ലാ റവന്യൂ ഓഫീസുകളിലും സർക്കാർ തലത്തിൽ ഉന്നതതല പരിശോധന കാര്യക്ഷമമായി നടത്തിവരുന്നു.
2. സംസ്ഥാനത്തെ എല്ലാ റവന്യൂ ഓഫീസുകളിലും റവന്യൂ വിജിലൻസ് പരിശോധന നടത്തിവരുന്നു.
3. കമ്മീഷണറേറ്റ് തലത്തിൽ കളക്ടറേറ്റുകൾ, ആർ.ഡി.ഒ. ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ, മറ്റ് സബ് ഓഫീസുകൾ എന്നിവയുടെ വാർഷിക പരിശോധനകൾ, ഓഡിറ്റ്, ആകസ്മിക പരിശോധനകൾ എന്നിവ നടത്തിവരുന്നു.
4. കളക്ടറേറ്റ് തലത്തിൽ ആർ.ഡി.. ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ, മറ്റ് സബ് ഓഫീസുകൾ എന്നിവയുടെ വാർഷിക പരിശോധനകൾ, ഓഡിറ്റ്, ആകസ്മിക പരിശോധനകൾ എന്നിവ നടത്തിവരുന്നു.
5. താലൂക്ക് തലത്തിൽ വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് ആകസ്മിക പരിശോധനകൾ നടത്തിവരുന്നു.

6. അഴിമതി നിർമ്മാർജ്ജനം ചെയ്യാൻ ജനങ്ങൾക്ക് നേരിട്ട് ബന്ധപ്പെടാൻ റവന്യൂ ടോൾ ഫ്രീ നമ്പർ 18004255255 പരസ്യപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരം എല്ലാ റവന്യൂ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്.

(ഇ) ഉന്നത തലത്തിലുള്ള പരിശോധന മാസത്തിൽ രണ്ടുതവണ നടത്തുന്നതിന് പരിപാടികൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

റവന്യൂ വകുപ്പിൽ അഴിമതി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ചിട്ടുള്ളതാണ് Zero Corruption Campaign. അതിന്റെ ഭാഗമായി 23-03-2022-ലെ സ.ഉ.(സാധാ)നം.1293/2022/റവ. പ്രകാരം സെക്രട്ടേറിയറ്റിൽ റവന്യൂ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരെ മേധാവികളാക്കിക്കൊണ്ടും മറ്റ് ഉദ്യോഗസ്ഥരെ അംഗങ്ങളാക്കിക്കൊണ്ടും ഇൻസ്പെക്ഷൻ ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ടീം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 14 ജില്ലകളും ഉൾപ്പെടുന്ന രീതിയിൽ 17-08-2023-ലെ സ.ഉ.(സാധാ)നം.3037/2023/റവ. പ്രകാരം 7 ടീമുകൾ രൂപകൽപ്പന ചെയ്തിട്ടുണ്ട്. പ്രസ്തുത ടീമുകൾ സംസ്ഥാനത്തുടനീളം പരിശോധന നടത്തി വരുന്നുണ്ട്.

**സാഹസിക വിനോദസഞ്ചാര വികസനം**

24(*114) ശ്രീ. ആന്റണി ജോൺ:
ശ്രീ. ഒ . ആർ. കേളു:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ഭൂപ്രകൃതിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി സാഹസിക വിനോദസഞ്ചാരത്തിന്റെ ശ്രദ്ധേയമായ കേന്ദ്രമാക്കി സംസ്ഥാനത്തെ വികസിപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

എല്ലാ തരത്തിലുമുള്ള സാഹസിക വിനോദങ്ങൾക്കും സാധ്യമായ പ്രദേശമാണ് കേരളം. ഇത് ഫലപ്രദമായി ഉപയോഗിക്കുന്നതിന്റെ ഭാഗമായി വൈവിധ്യങ്ങളായ സാഹസിക ടൂറിസം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ജല സാഹസിക വിനോദ രംഗത്ത് പുത്തൻ ഉണർവ് പകരുന്നതിനായി സംസ്ഥാനത്തെ തീരപ്രദേശമുള്ള 9 ജില്ലകളിലും ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. നിലവിൽ ബേപ്പൂർ, ബേക്കൽ, മുഴപ്പിലങ്ങാട്, താനൂർ, ചാവക്കാട്, വർക്കല, കുഴപ്പിള്ളി

എന്നിവിടങ്ങളിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ പ്രവർത്തിച്ചുവരുന്നു. ഈ വർഷംതന്നെ ആലപ്പുഴ, കൊല്ലം ജില്ലകളിലും പ്രവർത്തനം തുടങ്ങുന്നതാണ്.

സാഹസിക ടൂറിസത്തെ കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി ഗ്ലാസ് ബ്രിഡ്ജ് എന്ന നൂതന സംരംഭം വാഗമണ്ണിൽ ആരംഭിച്ചു. സ്വകാര്യ പങ്കാളിത്തത്തോടെ ഇന്ത്യയിലെ ഏററവും വലിയ കാന്റി ലിവർ ഗ്ലാസ്സ് ബ്രിഡ്ജ് വൻതോതിൽ സഞ്ചാരികളെ ആകർഷിക്കുന്നു.

യൂറോപ്പിലും മറ്റു വിദേശ രാജ്യങ്ങളിലും പ്രചാരത്തിലുള്ള ഹൈക്കിംഗ് ട്രയൽസ് കേരളത്തിലെ എല്ലാ ജില്ലകളിലും മാപ്പ് ചെയ്യുന്നതിന് കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി ലക്ഷ്യമിടുന്നു. ഹൈക്കിംഗ് ആക്ടിവിറ്റികളിൽ എല്ലാ ആളുകൾക്കും പങ്കെടുക്കാൻ കഴിയുന്നതുവഴി പ്രകൃതിയെ തൊട്ടറിയുന്നതിനുള്ള അവസരം സൃഷ്ടിക്കുക എന്ന ലക്ഷ്യമാണ് വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ മൂന്നാറിലെ ലക്ഷ്മി എസ്റ്റേറ്റിലെ ട്രയലും ഇരവികുളം നാഷണൽ പാർക്കിലെ ആനമുടി ട്രയൽ റൂട്ടും ഹൈക്കിംഗിനായി മാപ്പിംഗ് നടത്തിക്കഴിഞ്ഞു. കേരളത്തിൽ എല്ലാ ജില്ലകളിലുമായി 100

-ൽപ്പുരം ഹൈക്കിംഗ് ട്രയൽസ് മാപ്പ് ചെയ്യുന്നതിനാണ് കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി ലക്ഷ്യമിടുന്നത്.

സാഹസിക ടൂറിസം ഇനങ്ങളിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന പാരാഗ്ലൈഡിങ്ങ് നിലവിൽ വാഗമണ്ണിലും വർക്കലയിലും നടത്തിവരുന്നു. മൂന്നാറിലെ ചിന്നക്കനാൽ പ്രദേശത്ത് പാരാഗ്ലൈഡിങ്ങിനും അനുകൂല കാലാവസ്ഥയുള്ളതിനാൽ, മൂന്നാറിനെ ഒരു സ്ഥിരം പാരാഗ്ലൈഡിങ്ങ് ഡെസ്റ്റിനേഷനായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

വൈറ്റ് വാട്ടർ കയാക്കിംഗിനെ പ്രോത്സാഹിപ്പിക്കുന്നതിന് കോഴിക്കോട് ജില്ലയിലെ പുലിക്കയത്ത് അന്തർദേശീയ കയാക്കിംഗ് ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണം പൂർത്തീകരിച്ചു.

ജലസാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ ആദ്യ സർഫിംഗ് അക്കാഡമി ബേപ്പൂർ ഗോദീശ്വരത്ത് ആരംഭിച്ചു. ഉത്തരവാദിത്ത ടൂറിസം മിഷന്റേയും യുവസഹകരണ സംഘത്തിന്റേയും നേതൃത്വത്തിലാണ് അക്കാദമി

പ്രവർത്തിക്കുന്നത് സർഫിംഗ് മേഖലയിൽ പ്രത്യേക പരിശീലനം നേടിയ 10 പേരെ അക്കാദമിയിൽ നിയോഗിച്ചിട്ടുണ്ട്.

തിരുവനന്തപുരം ആക്കുളം ടൂറിസ്റ്റ് വില്ലേജിൽ പ്രത്യേക അഡ്വഞ്ചർ പാർക്ക് ആരംഭിച്ചു. ആക്കുളത്ത് ഗ്ലാസ് ബ്രിഡ്ജിനുള്ള നടപടികളും തുടരുന്നു. ഇതോടൊപ്പം വൈവിധ്യങ്ങളായ സാഹസിക ടൂറിസം ഫെസ്റ്റുകളും സംഘടിപ്പിയ്ക്കുന്നു.

(ബി) പാരാഗ്ലൈഡിങ്ങ്, സർഫിംഗ്, മൗണ്ടെയ്ൻ സൈക്കിളിംഗ്, വൈറ്റ് വാട്ടർ കയാക്കിംഗ് എന്നീ സാഹസിക വിനോദങ്ങളിൽ അന്താരാഷ്ട്ര മത്സരങ്ങൾ സംഘടിപ്പിക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ?

ഉണ്ട് . കേരളത്തിൽ അന്താരാഷ്ട്ര മൗണ്ടെയ്ൻ സൈക്ലിംഗ്, എം.ടി.ബി. കേരള, അന്താരാഷ്ട്ര വൈറ്റ് വാട്ടർ കയാക്കിംഗ്, അന്താരാഷ്ട്ര സർഫിങ് ചാമ്പ്യൻഷിപ്പ്, അന്താരാഷ്ട്ര പാരാഗ്ലൈഡിങ് ഫെസ്റ്റിവൽ എന്നിവ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) എങ്കിൽ കേരളത്തിൽ എവിടെയൊക്കെയാണ് അന്താരാഷ്ട്ര ചാമ്പ്യൻഷിപ്പുകൾ സംഘടിപ്പിച്ചത്; വിശദവിവരം ലഭ്യമാക്കാമോ?

പൊൻമുടി-വിതുര-കല്ലാർ എന്നീ മേഖലകളിൽ മൗണ്ടെയ്ൻ സൈക്ലിംഗ്, കോടഞ്ചേരിയിൽ വൈറ്റ് വാട്ടർ കയാക്കിംഗ് എന്നീ ഫെസ്റ്റുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഈ വർഷം വയനാട്ടിലെ പ്രിയദർശിനി എസ്റ്റേറ്റിൽ MTB കേരളയും വർക്കലയിൽ സർഫിംഗ് ഫെസ്റ്റിവലും വാഗമണ്ണിൽ പാരാഗ്ലൈഡിംഗ് ഫെസ്റ്റിവലും സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) ജലസാഹസിക ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ സ്വീകരിച്ച നടപടികളെക്കുറിച്ച് വ്യക്തമാക്കാമോ?

ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ, സർഫിംഗ് അക്കാദമി, വൈറ്റ് വാട്ടർ കയാക്കിംഗ് മത്സരം, ചാമ്പ്യൻസ് ബോട്ട് ലീഗ്, ജലകായിക വിനോദങ്ങൾ, ബേപ്പൂർ വാട്ടർ ഫെസ്റ്റ് തുടങ്ങിയ പരിപാടികൾ ജലസാഹസിക ടൂറിസം പ്രോത്സാഹിപ്പിയ്ക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

**ഏകജാലകം വഴിയുള്ള പ്ലസ് വൺ പ്രവേശന നടപടികൾ**

25(*115) ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ. എം. സച്ചിൻദേവ്:

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ഏകജാലകം വഴിയുള്ള പ്രവേശന നടപടികൾ ആരംഭിച്ചതിന് ശേഷം വർഷംതോറുമുള്ള പ്രവേശനത്തിന്റെ വിശദാംശവും കൂടുതൽ കുട്ടികൾ പ്രവേശനം നേടിയത് ഏത് വർഷത്തിലാണെന്നും വ്യക്തമാക്കാമോ;

ഏകജാലകംവഴിയുള്ള പ്രവേശന നടപടികൾ 2008 -ൽ ആരംഭിച്ചുവെങ്കിലും സ്കൂൾ തലത്തിൽ നടത്തപ്പെടുന്ന മാനേജ്മെന്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട, അൺ എയ്ഡഡ് ക്വാട്ട എന്നിവയും കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള കേന്ദ്രീകൃത പ്രവേശന രജിസ്ട്രി 2011 മുതലാണ് നിലവിൽവന്നത്. ഹയർ സെക്കൻഡറിയിലെ 2011 മുതലുള്ള പ്രവേശന വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+. കൂടുതൽ കുട്ടികൾ പ്രവേശനം നേടിയത് 2018 വർഷത്തിലാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വൊക്കേഷണൽ ഹയർ സെക്കൻഡറിയിലെ 2014 മുതലുള്ള പ്രവേശന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | അഡ്മിഷൻ ലഭിച്ച കുട്ടികളുടെ എണ്ണം |
|---|---|
| 2014-15 | 29770 |
| 2015-16 | 31020 |
| 2016-17 | 30719 |
| 2017-18 | 29973 |

2018 മുതലുള്ള പ്രവേശന വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

2015-16 അധ്യയന വർഷത്തിലാണ് ഏറ്റവും കൂടുതൽ കുട്ടികൾ പ്രവേശനം നേടിയത്.

(ബി) ഈ വർഷം ഏകജാലകംവഴി പ്രവേശനം ലഭിച്ചവരുടെയും മറ്റ് ക്വാട്ടകളിൽ പ്രവേശനം നേടിയവരുടെയും കണക്കുകൾ അറിയിക്കാമോ?

ഹയർ സെക്കൻഡറിയിൽ ഈ വർഷം മെറിറ്റ് ക്വാട്ടയിൽ 2,99,493 പേരും, മാനേജ്മെന്റ് ക്വാട്ടയിൽ 33,968 പേരും കമ്മ്യൂണിറ്റി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്വാട്ടയിൽ 20,482 പേരും അൺ-എയ്ഡഡ് ക്വാട്ടയിൽ 28,750 പേരും ഉൾപ്പെടെ ആകെ 3,82,693 പേർ പ്രവേശനം നേടുകയുണ്ടായി.

വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ ഈ വർഷം ഏകജാലക പ്രവേശനം വഴി 28022 കുട്ടികൾ പ്രവേശനം നേടി. മെറിറ്റ് സീറ്റിൽ 26827 കുട്ടികളും മാനേജ്മെന്റ് സീറ്റിൽ 1195 കുട്ടികളും പ്രവേശനം നേടിയിട്ടുണ്ട്.

(സി) പ്ലസ് വൺ സീറ്റുകളുടെ മൂന്നാം അലോട്ട്മെന്റിനുശേഷവും വിവിധ ജില്ലകളിൽനിന്നുള്ള ആവശ്യങ്ങൾ പരിഗണിച്ച് അധിക ബാച്ചുകൾ അനുവദിച്ചിരുന്നോ; എങ്കിൽ ഇപ്രകാരം അധിക ബാച്ചുകൾ അനുവദിച്ചപ്പോൾ കുട്ടികളില്ലാത്ത ബാച്ചുകളുടെ എണ്ണം വർദ്ധിച്ചുവെന്ന വാർത്തകളുടെ നിജസ്ഥിതി വിശദമാക്കാമോ?

ഹയർ സെക്കൻഡറിയിൽ മുഖ്യ ഘട്ട മൂന്ന് അലോട്ട്മെന്റുകൾ പൂർത്തീകരിച്ചശേഷംനടന്ന ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റിൽ അപേക്ഷിച്ചിട്ടും അലോട്ട്മെന്റ് ലഭിക്കാതെ 32,433 പേർ ഉണ്ടായിരുന്നു. തുടർന്ന് പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ആറ് ജില്ലകളിൽ 2023-24 വർഷത്തേയ്ക്കുമാത്രമായി 97 താൽക്കാലിക ബാച്ചുകൾ കൂടി

27-07-2023-ലെ സ.ഉ.(കൈ) നം.106/2023/പൊവിവ. പ്രകാരം അനുവദിച്ചിരുന്നു. ഇപ്രകാരം ബാച്ചുകൾ അനുവദിച്ചപ്പോൾ കുട്ടികളില്ലാത്ത ബാച്ചുകളുടെ എണ്ണം വർദ്ധിച്ചുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മൂന്നാം അലോട്ട്മെന്റിനുശേഷം വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ അധിക ബാച്ചുകൾ അനുവദിച്ചിട്ടില്ല.

**നദികളിൽ നിന്ന് മണൽ വാരാൻ അനുമതി**

26(*116) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിൽ നിന്നും മണൽ വാരുന്നതിന് നിലവിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്. കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം 2001-ഉം ചട്ടങ്ങൾ 2002-ന്റെയും അടിസ്ഥാനത്തിലാണ് നദികളിൽ മണൽ ഖനനം നടത്തുന്നതും നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നത്. 2016 വരെ

നദികളിൽനിന്ന് മണൽ ഖനനം നടത്തിയിരുന്നത് നിയമത്തിലെ സെക്ഷൻ 9(ബി), സെക്ഷൻ 29 എന്നീ വകുപ്പുകൾ പ്രകാരം തയാറാക്കിയ നദികളിലെ സാൻഡ് ഓഡിറ്റ് റിപ്പോർട്ട് പ്രകാരമായിരുന്നു. എന്നാൽ, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 27-02-2012-ലെ ദീപക് കുമാർ - ഹരിയാന സർക്കാർ SLPC-യിലെ വിധിന്യായം അനുസരിച്ച് നദികളിൽനിന്ന് മണൽ ഖനനം നടത്തുന്നതിന് പാരിസ്ഥിതികാനുമതി ലഭിക്കുവാൻ സ്റ്റേറ്റ് എൻവയോൺമെൻറ് ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റിയിൽ (SEIAA) നിന്നുള്ള എൻവയോൺമെന്റ് ക്ലിയറൻസ് (ഇ.സി.) നിർബന്ധമാണ്. 2016 മുതൽ, സംസ്ഥാനത്ത് നദിയിലെ മണൽ ഖനനം നിർത്തലാക്കപ്പെടുകയും പുതിയ നടപടിക്രമങ്ങൾ അടിസ്ഥാനമാക്കിയുള്ള എൻവയോൺമെന്റ് ക്ലിയറൻസ് ആവശ്യമായി വരികയും ചെയ്തു.

നദികളിൽ മണൽ ഖനനം നടത്തുന്നതിനുള്ള പാരിസ്ഥിതിക അനുമതി നേടുന്നതിന് കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ 2016-ലെ Environment Impact Assessment (EIA) ഭേദഗതി വിജ്ഞാപനത്തിന്റെയും അതെ തുടർന്നുള്ള Sustainable Sand Mining

Management Guidelines 2016-ന്റെയും അടിസ്ഥാനത്തിൽ ഡിസ്ട്രിക്ട് സർവ്വെ റിപ്പോർട്ട്, പ്രീഫിസിബിലിറ്റി റിപ്പോർട്ട്, ജില്ലാ ജിയോളജിസ്റ്റ് അംഗീകരിച്ച മൈൻപ്ലാൻ, ഫാറം IM-ലുള്ള അപേക്ഷ, ആമുഖകത്ത് എന്നിവ State Environment Impact Assessment Authority (SEIAA) മുമ്പാകെ സമർപ്പിക്കേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എൻവയോൺമെന്റ് ക്ലിയറൻസുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയ സർക്കുലർ 15-11-2018-ലെ നം.പി3/248/18/റവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. അതിനെ തുടർന്ന് റവന്യൂ വകുപ്പ് തയ്യാറാക്കിയ സാൻഡ് ആഡിറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മൈനിംഗ് പ്ലാനും EC അപേക്ഷയും തയ്യാറാക്കി ജില്ലാ കളക്ടമാർ SEIAA മുമ്പാകെ പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്ന അവസരത്തിലാണ് ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 14-10-2020-ലെ OA 40/2020 നമ്പർ ഉത്തരവ് പ്രകാരം നദികളിൽ മണൽ ഖനന അനുമതിയ്ക്കാവശ്യമായ District Survey Report തയ്യാറാക്കേണ്ടത് 16-03-2010 -ലെ MoEF&CC-യുടെ OM പ്രകാരമുള്ള National Accreditation Board of Education and Training (NABET)

അല്ലെങ്കിൽ Quality Council of India (QCI)-യുടെ അംഗീകൃത കൺസൾട്ടന്റുകൾ മുഖേന ആയിരിക്കണമെന്നുമാണ് ഉത്തരവായിട്ടുള്ളത്. ഇപ്രകാരം തയ്യാറാക്കുന്ന DSR, പൊതുജനാഭിപ്രായത്തിനായി ജില്ലാ വെബ്സൈറ്റിൽ 30 ദിവസം പ്രദർശിപ്പിക്കേണ്ടതും തദ്ദേശ പത്രങ്ങളിൽ പരസ്യപ്പെടുത്തേണ്ടതും ജില്ലാ മജിസ്ട്രേറ്റ്, State Expert Appraisal Committee (SEAC) യുടെ പരിശോധനയ്ക്കും അതേത്തുടർന്ന് State Environment Impact Assessment Authority (SEIAA)-യുടെ അംഗീകാരത്തിനായും സമർപ്പിക്കേണ്ടതുണ്ട്. SEIAA അംഗീകരിച്ച DSR ആണ് EC അപേക്ഷയ്ക്ക് മൈനിംഗ് പ്ലാൻ തയ്യാറാക്കേണ്ടതിനും ഉപയോഗിക്കേണ്ടത്.

അപ്രകാരം DSR തയ്യാറാക്കുന്നതിന് NABET Accredited Agency ആയ CSIR/NIIST-യെ ചുമതലപ്പെടുത്തി 14-02-2022-ൽ സ.ഉ. (സാധാ)നം. 694/2022/RD പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഉള്ള പ്രവർത്തനങ്ങൾ ജില്ലകളിൽ പുരോഗമിച്ചു വരികയുംചെയ്യുന്നു.

(ബി) സാൻഡ് ഓഡിറ്റിംഗിൽ നദികളിൽ മണൽ കെട്ടിക്കിടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ 44 നദികളിൽ 30 പ്രധാന നദികളും 6 പോഷക നദികളുമാണ് മണൽവാരൽ മാനദണ്ഡങ്ങളനുസരിച്ച് ഇതുവരെ സാൻഡ് ആഡിറ്റിംഗ് നടത്തിയിട്ടുള്ളത്. 27 പ്രധാന നദികളും 5 പോഷക നദികളും ചേർത്ത് ആകെ 32 നദികളുടെ സാൻഡ് ഓഡിറ്റിംഗ് റിപ്പോർട്ടുകളാണ് സർക്കാർ ഇതുവരെ അംഗീകരിച്ചിട്ടുള്ളത്. 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സാൻഡ് ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 10 ജില്ലകളിൽ മണൽ ലഭ്യത കണ്ടെത്തിയിട്ടുള്ള 16 നദികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

കൂടാതെ കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ നദിയിലെ മിൽപ്പാലം, ചോഴിയക്കോട് എന്നീ കടവുകളിൽനിന്നും മണൽ വാരുന്നതിനു DSR തയാറാക്കുന്നതിന് CSIR-NIIST-യെ ചുമതലപ്പെടുത്തി 28-3-2023-ലെ GO(Rt) No.1372/2023/RD നം.ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊല്ലം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി എന്നീ 11 ജില്ലകളുടെയും കരട് ഡി.എസ്.ആർ. CSIR-NIIST ഐ.എൽ.ഡി.എം.-ൽ സമർപ്പിക്കുകയും കൊല്ലം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസർഗോഡ്, പത്തനംതിട്ട, എറണാകുളം എന്നീ 8 ജില്ലകളിൽ മണൽ ഖനന സാധ്യതയുള്ള സൈറ്റുകൾ ഉള്ളതായി കണ്ടെത്തിയിട്ടുള്ളതുമാണ്. കോഴിക്കോട്, ഇടുക്കി, കോട്ടയം എന്നീ 3 ജില്ലകളിൽ കരട് ഡി.എസ്.ആർ പ്രകാരം മണൽ ഖനന സാധ്യതയുള്ള സൈറ്റുകൾ നിലവിലില്ല.

(സി) സംസ്ഥാനത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മണൽ നദികളിൽനിന്നും ലഭിക്കാൻ സാധ്യതയുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

നിർമ്മാണപ്രവർത്തനങ്ങൾക്ക് എത്ര മാത്രം മണൽ ആവശ്യമായിവരും എന്ന പഠനം റവന്യൂ വകുപ്പ് മുഖേന നടത്തിയിട്ടില്ല.

(ഡി) നദികളിൽനിന്നും മണൽ വാരുന്നതിന് അനുമതി നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സാൻഡ് ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ മണൽ ലഭ്യത കണ്ടെത്തിയിട്ടുള്ള 16 നദികൾ ഉൾപ്പെട്ട 10 ജില്ലകളുടെ (പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) ഡിസ്ട്രിക്റ്റ് സർവ്വേ റിപ്പോർട്ട് (DSR) കേന്ദ്രസർക്കാർ സ്ഥാപനമായ CSIR-NIIST (National Institute of Interdisciplinary Sciences and Technology) മുഖേന തയ്യാറാക്കുന്ന പദ്ധതിക്ക് 2022-ൽ സർക്കാർ ഭരണാനുമതി നൽകി ആരംഭിച്ചു.

കൂടാതെ കൊല്ലം ജില്ലയിലെ കുത്തുപ്പുഴ നദിയിലെ മിൽപ്പാലം, ചോഴിയക്കോട് എന്നീ കടവുകളിൽനിന്നും മണൽ വാരുന്നതിന് DSR തയാറാക്കുന്നതിന് CSIR - NIIST യെ ചുമതലപ്പെടുത്തി 28-3-2023-ലെ GO(Rt) No.1372/2023/RD പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

മലപ്പുറം ജില്ലയുടെ ഡി.എസ്.ആർ. നിശ്ചിത നടപടിക്രമം പാലിച്ച് സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അതോറിറ്റിയുടെ (SEIAA) അംഗീകാരം ലഭിച്ച അന്തിമമായിട്ടുണ്ട്. കൊല്ലം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളുടെ കരട് ഡി.എസ്.ആർ.-കളുടെ സ്റ്റേറ്റ് എൻവിയോൺമെന്റ് അപ്രൈസൽ കമ്മിറ്റിയുടെ (SEAC) പരിശോധന പൂർത്തിയായിട്ടുണ്ട്. പരിശോധന റിപ്പോർട്ട് ലഭിച്ചാലുടൻ CSIR-NIIST മുഖേന ആയത് പരിശോധിച്ച് SEIAA-ൽ സമർപ്പിച്ച് അംഗീകാരം നേടുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നുണ്ട്. പത്തനംതിട്ട, എറണാകുളം ജില്ലകളുടെ കരട് ഡി.എസ്.ആർ-മേലുള്ള ILDM Expert Committee-യുടെ പരിശോധന പൂർത്തിയായിട്ടുണ്ട്. CSIR-NIIST പരിഷ്കരിച്ച് സമർപ്പിച്ചാൽ നിയമാനുസരണം പൂർത്തിയാക്കേണ്ടതായ പബ്ലിക് കൺസൾട്ടേഷൻ നടപടികളും സബ്-ഡിവിഷണൽ കമ്മറ്റിയുടെ സ്ഥലപരിശോധനയും പൂർത്തീകരിച്ച് SEIAA-ൽ സമർപ്പിച്ച് അംഗീകാരം നേടേണ്ടതുണ്ട്.

മണൽ വാരൽ പുനരാരംഭിക്കുന്നതിന്റെ ഭാഗമായി മൈൻ പ്ലാൻ, SOP തുടങ്ങിയവ തയ്യാറാക്കുന്ന നടപടികളും പുരോഗമിക്കുന്നു. 2024 മാർച്ച്

അവസാനത്തോടുകൂടി കടലുണ്ടി, ചാലിയാർ എന്നീ നദികളിൽ നിന്നുമുള്ള മണൽ ഖനനം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

## പഠന പ്രവർത്തനങ്ങൾ ഓൺലൈൻ, ഡിജിറ്റൽ സംവിധാനങ്ങളിലാക്കാൻ നടപടി

27(*117) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. എം. നൗഷാദ്:
ശ്രീ. പി. പി. സുമോദ്:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പഠന പ്രവർത്തനങ്ങൾ ഓൺലൈൻ, ഡിജിറ്റൽ സംവിധാനങ്ങളിലേയ്ക്ക് പരിവർത്തനപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ കുട്ടികൾക്ക് നേരിട്ടുള്ള പഠനം ഉറപ്പുവരുത്തുന്നതിന് എല്ലാ സൗകര്യങ്ങളും സർക്കാർ ഒരുക്കിയിട്ടുണ്ട്. സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം മറ്റ് മേഖലകളിലെ പോലെ

വിദ്യാഭ്യാസ മേഖലയിലും പ്രയോജനപ്പെടുത്തുന്നതിനും കാലഘട്ടത്തിനനുസൃതമായ സാങ്കേതിക സൗകര്യങ്ങൾ ഒരുക്കുന്നതിനും പൊതുവിദ്യാഭ്യാസ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പഠന പ്രവർത്തനങ്ങൾ ഡിജിറ്റൽ, ഓൺലൈൻ സംവിധാനങ്ങളിലേയ്ക്ക് പരിവർത്തനപ്പെടുത്തുന്നതിനുള്ള നടപടികൾ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. 'സമഗ്ര' പോർട്ടലിലൂടെ ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ പാഠപുസ്തകങ്ങൾക്കനുയോജ്യമായ ഡിജിറ്റൽ പഠന വിഭവങ്ങൾ എസ്.സി.ഇ.ആർ.ടി.-യുടെ അക്കാദമിക പിന്തുണയോടെ കൈറ്റ് സജ്ജമാക്കി എല്ലാ അധ്യാപകർക്കും പരിശീലനവും അത് ഉപയോഗിച്ച് പഠന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സാങ്കേതിക സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. സ്കൂൾതലം മുതൽ സംസ്ഥാനതലംവരെ ഓൺലൈൻ മോണിറ്ററിംഗിനുള്ള സൗകര്യവും സമഗ്രയിൽ ഒരുക്കിയിട്ടുണ്ട്. ഡിജിറ്റൽ പഠനത്തിന്റെ ഭാഗമായി കൈറ്റ് വിക്ടേഴ്സിലൂടെ കോവിഡ് 19 ലോക്ഡൗൺ കാലയളവിലും തുടർന്നും പാഠഭാഗത്തിന് അനുയോജ്യമായ ക്ലാസ്സുകൾ

സംപ്രേഷണം ചെയ്യുകയും എല്ലാ കുട്ടികൾക്കും ഏത് സമയവും അവ വീണ്ടും കാണുന്നതിന് firstbell.kite.kerala.gov.in ൽ ലഭ്യമാക്കുകയും ചെയ്തു.

പൊതുവിദ്യാലയങ്ങളിൽ ഹൈടെക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി 4,752 സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതിയും 11,257 സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതിയും ഉൾപ്പെടെ സംസ്ഥാനത്തെ 16,009 സ്കൂളുകളിൽ 1,35,551 ലാപ്ടോപ്പ്, 69,945 പ്രൊജക്ടർ, 43,250 പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, 23,098 സ്ക്രീൻ, 4,545 നാല്പത്തിമൂന്ന് ഇഞ്ച് ഫുൾ എച്ച്.ഡി. എൽ.ഇ.ഡി. ടെലിവിഷൻ, 4,609 മൾട്ടിഫങ്ഷൻ പ്രിന്റർ, 4,578 ഡി.എസ്.എൽ.ആർ. ക്യാമറ, 4720 ഫുൾ എച്ച്.ഡി. വെബ്ക്യാം, 1,00,437 യു.എസ്.ബി. സ്പീക്കർ എന്നിവയും ഡിജിറ്റൽ പഠനത്തിനായി വിതരണം ചെയ്തു. ഡിജിറ്റൽ ക്ലാസ്സുകൾക്കൊപ്പം കുട്ടികൾക്ക് അധ്യാപകരുമായി നേരിട്ട് ആശയവിനിമയം നടത്തുന്നതിന് സഹായകമായ രീതിയിൽ സുരക്ഷിത സംവിധാനങ്ങൾ ഒരുക്കിക്കൊണ്ട് ജി-സ്യൂട്ട് പ്ലാറ്റ്ഫോം ഉപയോഗപ്പെടുത്തിക്കൊണ്ട് ഓൺലൈൻ ക്ലാസ്സുകളും ക്രമീകരിക്കുകയും സംസ്ഥാന വ്യാപകമായി എല്ലാ കുട്ടികൾക്കും പ്രസ്തുത സൗകര്യം

ലഭ്യമാക്കുകയുംചെയ്തു. അതിനായി ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്ക് ഉൾപ്പെടെ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് 'വിദ്യാകിരണം' എന്ന പേരിൽ പ്രത്യേക പദ്ധതി നടപ്പിലാക്കി.

(ബി) വിദ്യാകിരണം പദ്ധതി ഈ ലക്ഷ്യം നേടുന്നതിനായി സഹായകരമായിരുന്നോ എന്ന് വിശദമാക്കാമോ?

ഈ ലക്ഷ്യം നേടുന്നതിന് വിദ്യാകിരണം പദ്ധതി സഹായകരമായിരുന്നു. പദ്ധതിയുടെ ഭാഗമായി സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്ന് മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലെ 35,569 പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്കും പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിൽ പഠിക്കുന്ന 9,744 പട്ടികജാതി വിഭാഗം കുട്ടികൾക്കും ഉപകരണങ്ങൾ ലഭ്യമല്ലാത്ത മറ്റ് വിഭാഗം കുട്ടികൾക്കും ഉൾപ്പെടെ 45,789 കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു.

(സി) സമഗ്രശിക്ഷാ കേരളയുടെ സഹകരണത്തോടെ ഈ മേഖലയിൽ നടത്തിയ ഇടപെടലുകൾ വ്യക്തമാക്കാമോ?

സമഗ്ര ശിക്ഷാ കേരളം ICT-യുമായി ബന്ധപ്പെട്ട്

നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- എല്ലാ ജില്ലകളിലേയും തെരഞ്ഞെടുത്ത സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്റൂം സജ്ജീകരിക്കൽ
- ഭാഷ, ഗണിതം, സയൻസ് എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഡിജിറ്റൽ പഠനസഹായികളുടെ നിർമാണം, പഠനവിടവ് പരിഹരിക്കുന്നതിനായി പ്രത്യേക ഡിജിറ്റൽ പാക്കേജ് തയ്യാറാക്കി ബ്ലെൻഡഡ് രീതിയിൽ പഠനപിന്തുണ ഉറപ്പാക്കൽ.
- നിരന്തര മൂല്യനിർണ്ണയം, ശക്തിപ്പെടുത്തുന്നതിനായി പോർട്ടൽ സജ്ജമാക്കൽ.
- ഓൺലൈൻ മാധ്യമത്തിലൂടെ ചോദ്യശേഖരങ്ങൾ ലഭ്യമാക്കി പഠന പുരോഗതി വിലയിരുത്തൽ.

**സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണത്തിന് സമഗ്ര പദ്ധതികൾ**

28(*118) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എം. വിജിൻ:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം

മറുപടി നൽകുമോ:

(എ) സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണത്തിന് സമഗ്രമായ പദ്ധതികൾ തയ്യാറാക്കിയിരുന്നോ; എങ്കിൽ പ്രസ്തുത പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

ജനകീയ ചർച്ചകളെ അടിസ്ഥാനമാക്കി 25 വ്യത്യസ്ത മേഖലകളിലായി നിലപാട് രേഖകൾ തയ്യാറാക്കുകയും, നിലപാട് രേഖകളുടെ അടിസ്ഥാനത്തിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം എന്നിങ്ങനെ നാല് ചട്ടക്കൂടുകൾ രൂപീകരിക്കുകയുമുണ്ടായി. കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023-ന്റെ അടിസ്ഥാനത്തിൽ പ്രീ-പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെയുള്ള ക്ലാസുകളുടെ സിലബസ് തയ്യാറാക്കുകയും പാഠപുസ്തക രചനയിലേയ്ക്ക് കടക്കുകയും ചെയ്തു, രണ്ടു ഘട്ടങ്ങളായിട്ടാണ് പാഠപുസ്തക രചന നിർവഹിക്കുന്നത്. ഒന്നാം ഘട്ടമായി 1, 3, 5, 7, 9 ക്ലാസുകളിലെ പാഠപുസ്തകങ്ങളാണ് പരിഷ്കരിക്കുന്നത്. കൂടാതെ പ്രീപ്രൈമറി ക്ലാസുകളിലേക്ക് പ്രത്യേക പാഠപുസ്തകങ്ങളും തയ്യാറാക്കും. രണ്ടാം ഘട്ടത്തിൽ 2, 4, 6, 8, 10 ക്ലാസുകളിലെ പാഠപുസ്തകങ്ങളും പരിഷ്കരിക്കുന്നതാണ്. ഒന്നാം

ഘട്ടത്തിൽ തയാറാക്കേണ്ട പാഠപുസ്തകങ്ങളുടെ രചനയും വിദഗ്ധ സമിതി, കരിക്കുലം സബ് കമ്മിറ്റി എന്നീ സമിതികളുടെ പരിശോധനയും ഇതിനോടകം പൂർത്തിയായിട്ടുണ്ട്. ഈ പുസ്തകങ്ങൾ സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമിറ്റി അംഗീകരിക്കുകയുണ്ടായി. 2024-25 അധ്യയനവർഷത്തിൽ ഒന്നാം ഘട്ടത്തിൽ തയ്യാറാക്കിയ പുതിയ പാഠപുസ്തകങ്ങൾ നിലവിൽ വരുന്നതാണ്. 2024 ജൂൺ മാസം സ്കൂൾ തുറക്കുന്നതിന് രണ്ടാഴ്ചമുമ്പുതന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതാണ്. അതിനുവേണ്ടുന്ന എല്ലാ ക്രമീകരണങ്ങളും ഇതിനോടകം എർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതിനുമുമ്പ് പാഠ്യപദ്ധതി പൂർണ്ണമായും പരിഷ്കരിച്ചത് ഏത് വർഷത്തിലാണെന്ന് അറിയിക്കുമോ?

ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005-ന്റെ തുടർച്ചയായി കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 എന്ന സമഗ്രമായ വിദ്യാഭ്യാസ രേഖ രൂപീകരിക്കുകയുണ്ടായി. സ്കൂൾ വിദ്യാഭ്യാസത്തിന്റെ സമീപനം, ഉള്ളടക്കം, മൂല്യനിർണയം എന്നിവ സംബന്ധിച്ചുള്ള നിലപാട് വ്യക്തമാക്കുന്ന സാമൂഹ്യ

രേഖയായാണ് കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007. ഈ രേഖയുടെ അടിസ്ഥാനത്തിൽ സമഗ്രമായ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം നടത്തുകയുണ്ടായി. തുടർന്ന്, 2013-ൽ തയ്യാറാക്കിയ വിദ്യാഭ്യാസ നയരേഖയുടെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങളിലെ ഉള്ളടക്കത്തിൽ മാറ്റം വരുത്തുകയുണ്ടായി. ഇത്തരത്തിൽ മാറ്റം വരുത്തിയ പാഠപുസ്തകങ്ങളാണ് നിലവിൽ ഉപയോഗിക്കുന്നത്.

(സി) എന്തെല്ലാം പ്രത്യേകതകളാണ് ഇത്തവണത്തെ പാഠ്യപദ്ധതി പരിഷ്കരണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്?

നിലവിലെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ ഇതോടൊപ്പം ചേർക്കുന്നു:

1. ഓരോ കുട്ടിക്കും നീതിയിലധിഷ്ഠിതമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക.
2. സാമൂഹ്യനീതി, ദേശീയ ബോധം, ജനാധിപത്യ അവബോധം, ബഹുസ്വരതയെ ഉൾക്കൊള്ളൽ, പാരിസ്ഥിതിക അവബോധം, പൗരബോധം, അവകാശബോധം, ശാസ്ത്രീയ മനോഭാവം, യുക്തിപരമായ ചിന്ത എന്നിങ്ങനെയുള്ള പുരോഗമന കാഴ്ചപ്പാടുള്ള ഒരു തലമുറയെ രൂപപ്പെടുത്തുക.

3. ആധുനികലോകം തുറന്നുതരുന്ന സാധ്യതകളും അപകടങ്ങളും തിരിച്ചറിയാനും ആർജ്ജിക്കുന്ന അറിവ് സമൂഹ പക്ഷത്തുനിന്ന് പ്രയോജനപ്പെടുത്തുവാനും കുട്ടികളെ സജ്ജമാക്കുക.

4. ശാസ്ത്രരംഗത്തും ശാസ്ത്ര സാങ്കേതിക രംഗത്തും വിവരവിനിമയ രംഗത്തും ഉണ്ടായിക്കൊണ്ടിരിക്കുന്ന ദ്രുതഗതിയിലുള്ള മാറ്റങ്ങൾ പരിഗണിക്കുക.

5. അനുയോജ്യമായ തൊഴിൽ മനോഭാവം വികസിപ്പിക്കുന്നതിന് തൊഴിൽ ഉദ്ഗ്രഥിത സമീപനം സ്വീകരിക്കുക.

6. കലാവിദ്യാഭ്യാസം, ആരോഗ്യ, കായിക വിദ്യാഭ്യാസം എന്നീ മേഖലകൾക്ക് മതിയായ പ്രാധാന്യം നൽകുക.

7. ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം, പാരിസ്ഥിതിക പ്രശ്നങ്ങൾ, മാലിന്യനിർമാർജനം തുടങ്ങിയ അനുകാലികപ്രസക്തമായ മേഖലകളും സജീവ പ്രാധാന്യത്തോടെ പരിഗണിക്കുക.

8. ഓരോ കുട്ടിക്കും പ്രായത്തിന് അനുഗുണമായ വിദ്യാഭ്യാസം ലഭിക്കുന്നതോടൊപ്പം അവരുടെ കഴിവുകൾക്ക് അനുഗുണമായ വിദ്യാഭ്യാസവും ലഭ്യമാക്കുക.

9. ഒരു വൈജ്ഞാനിക സമൂഹത്തിന് അനുയോജ്യമായതും പ്രാദേശിക സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നതും നൂതനത്വം പ്രോത്സാഹിപ്പിക്കുന്നതും ആകണം പാഠ്യപദ്ധതിയുടെ ഉള്ളടക്കം.

10. മതനിരപേക്ഷ ഇടങ്ങളെ ശക്തിപ്പെടുത്തുക.

(ഡി) പാഠപുസ്തകത്തിന്റെ ഡിജിറ്റൽ പതിപ്പുകൾ പ്രത്യേകമായി പുറത്തിറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള പ്രധാന പഠന, ബോധന സാമഗ്രികളിലൊന്ന് ഡിജിറ്റൽ പാഠപുസ്തകമാണ്. ആധുനിക സാങ്കേതികവിദ്യയുടെ അനന്ത സാദ്ധ്യതകൾ പാഠ്യപദ്ധതി വിനിമയത്തിന് എപ്രകാരം ഫലപ്രദമായി പ്രയോജനപ്പെടുത്താമെന്ന കാഴ്ചപ്പാടോടുകൂടിയാണ് ഡിജിറ്റൽ പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നത്. ഈ ഡിജിറ്റൽ പാഠപുസ്തകങ്ങളിൽ ഓരോ പാഠഭാഗവും ഫലപ്രദമായി വിനിമയം ചെയ്യുന്നതിനുള്ള ഡിജിറ്റൽ വിഭവങ്ങളും കുട്ടികൾക്ക് തുടർപ്രവർത്തനത്തിന് ആവശ്യമായ അവസരങ്ങളും നിരന്തര വിലയിരുത്തലിന് സഹായകമാകുന്ന വിവിധ പ്രവർത്തനങ്ങളുമുണ്ടാകും.

**ഗ്ലോബൽ എഡ്യൂക്കേഷൻ മോണിറ്ററിംഗ് റിപ്പോർട്ട് 2023**

29(119) ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) 2023-ലെ യുനെസ്കോ ഗ്ലോബൽ എഡ്യൂക്കേഷൻ മോണിറ്ററിംഗ് റിപ്പോർട്ടിൽ വിദ്യാഭ്യാസ മേഖലയിൽ സ്വതന്ത്ര സോഫ്റ്റ് വെയർ ഉൾപ്പെടെയുള്ള സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിന് സംസ്ഥാനത്തിന് പ്രശംസ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് പോർട്ടലിനാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. www.unesco.org/gem-report/en എന്ന ലിങ്കിൽ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. യുനെസ്കോ പ്രസിദ്ധീകരിച്ച 2023 -ലെ ഗ്ലോബൽ എഡ്യൂക്കേഷൻ മോണിറ്ററിംഗ് റിപ്പോർട്ടിൽ കേരളത്തിൽ വിദ്യാഭ്യാസ മേഖലയിൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് 3 പ്രത്യേക പരാമർശങ്ങളുണ്ട്. 'സഹവർത്തിത്വത്തോടെയുള്ള പ്രവർത്തനങ്ങൾ ഉള്ളടക്ക നിർമിതിയുടെ ഗുണനിലവാരവും വൈവിധ്യവും വർദ്ധിപ്പിക്കും' എന്ന തലക്കെട്ടിനു കീഴിലാണ് കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ നടപ്പിലാക്കുന്ന 'സ്കൂൾ വിക്കി' (schoolwiki.in) പോർട്ടൽ അന്താരാഷ്ട്ര മാതൃകയായി പരാമർശിച്ചിട്ടുള്ളത്. സ്വതന്ത്ര സോഫ്റ്റ്‌വെയറായ

വിക്കിമീഡിയ പ്ലാറ്റ്ഫോമിൽ സംസ്ഥാനത്തെ 15000-ത്തിലധികം സ്കൂളുകളെക്കുറിച്ചുള്ള ഉള്ളടക്കം പങ്കാളിത്ത രീതിയിൽ വികസിപ്പിച്ചെടുത്തതാണ് ശ്രദ്ധേയമായ നേട്ടമായി യുനെസ്കോ റിപ്പോർട്ടിലുള്ളത്.

സ്വതന്ത്ര സോഫ്റ്റ്‌വെയറിൽ ചില രാജ്യങ്ങൾ ചാമ്പ്യൻമാരായിട്ടുണ്ട് എന്ന ശീർഷകത്തിനു കീഴിലാണ് കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പൂർണ്ണമായും സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡിജിറ്റൽ വിദ്യാഭ്യാസം നടത്തുന്ന മാതൃക രണ്ടാമത്തെ പരാമർശമായി അവതരിപ്പിച്ചിട്ടുള്ളത്. കേരള സർക്കാരിന്റെ സ്വതന്ത്ര സോഫ്റ്റ് വെയർ നയം എടുത്തുപറയുന്ന റിപ്പോർട്ട് കേരളത്തിലെ സ്കൂളുകളിൽ 2 ലക്ഷം ലാപ്ടോപ്പുകളിൽ ഏറ്റവും പുതിയ സ്വതന്ത്ര സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ വിന്യസിച്ചിട്ടുള്ള കാര്യം രേഖപ്പെടുത്തുന്നുണ്ട്.

മൂന്നാമത്തെ പരാമർശം ഇന്ത്യയിൽ സ്കൂളുകളിൽ ഏറ്റവും കൂടുതൽ ഇന്റർനെറ്റ് കണക്ഷനുകളുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തെ ഉൾപ്പെടുത്തിയ റിപ്പോർട്ടാണ്.

സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം പൊതുവിദ്യാഭ്യാസത്തിൽ ഉൾച്ചേർക്കുന്നതിൽ കേരളത്തിന് ലഭിച്ച അംഗീകാരമാണ് യുനെസ്കോ റിപ്പോർട്ടിലെ പരാമർശം.

(ബി) പ്രസ്തുത പോർട്ടലിന്റെ പ്രത്യേകതകളും ഉള്ളടക്കവും വിശദമാക്കുമോ?

സ്വതന്ത്ര സോഫ്റ്റ്‌വെയറായ വിക്കിമീഡിയ പ്ലാറ്റ്ഫോമിൽ സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കൈറ്റ് സജ്ജമാക്കിയ പോർട്ടലാണ് 'സ്കൂൾ വിക്കി'. കേരളത്തിലെ എല്ലാ വിദ്യാലയങ്ങളുടെയും സഹകരണത്തോടെ സൃഷ്ടിക്കുന്ന ഒരു വിദ്യാലയ വിജ്ഞാനകോശമാണ് സ്കൂൾ വിക്കി. സ്കൂൾ വിക്കിയിൽ നിലവിൽ 1,62,264 ലേഖനങ്ങളും 54,482 ഉപയോക്താക്കളുമുണ്ട്. ഇതുവരെ 20,77,080 തിരുത്തലുകൾ സ്കൂൾ വിക്കി പോർട്ടലിൽ നടത്തിയിട്ടുണ്ട്.

(സി) യുനെസ്കോ റിപ്പോർട്ട് പ്രകാരം ഏറ്റവും കൂടുതൽ ഇന്റർനെറ്റ് കണക്ഷനുള്ള സ്കൂളുകളുള്ള ഇന്ത്യൻ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം ഉൾപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ഇന്ത്യയിൽ സ്കൂളുകളിൽ ഏറ്റവും കൂടുതൽ ഇന്റർനെറ്റ് കണക്ഷനുകളുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തെ യുനെസ്കോയുടെ റിപ്പോർട്ടിൽ മൂന്നാമത്തെ പരാമർശമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം**

30(*120) ശ്രീ. ചാണ്ടി ഉമ്മൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനങ്ങൾ പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിനെ സംബന്ധിച്ച് നിലവിൽ ജില്ലാതലങ്ങളിൽ ജില്ലാ എംപ്ലോയ്മെന്റ് ആഫീസർമാർ തങ്ങളുടെ കീഴിൽ വരുന്ന ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും, യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോകളിലും പരിശോധന നടത്തിവരുന്നു. മേഖല എംപ്ലോയ്മെന്റ് ഡെപ്യൂട്ടി

ഡയറക്ടർമാർ തങ്ങളുടെ കീഴിൽവരുന്ന സബ് റീജിയണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, ടൗൺ എംപ്ലോയ്മെന്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോകൾ എന്നിവിടങ്ങളിൽ ഓരോ മാസവും പരിശോധന നടത്തിവരുന്നു. ഇപ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തുന്ന അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് തലത്തിൽ, വകുപ്പിലെ എല്ലാ സബ് ഓഫീസുകളുടെയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും പരിശോധനാ വിധേയമാക്കുകയും ചെയ്തുവരുന്നു.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

വകുപ്പിലെ എല്ലാ കാര്യാലയങ്ങളിലും ഇ-ഓഫീസ് സംവിധാനം പൂർണ്ണമായും നിലവിൽ വന്നിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഉദ്യോഗാർത്ഥികൾക്ക് എവിടെനിന്നും ഏതു സമയവും വകുപ്പിന്റെ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഇ-എംപ്ലോയ്യ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ പോർട്ടൽ, മൊബൈൽ ആപ്ലിക്കേഷൻ എന്നീ ഓൺലൈൻ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പ്രാഥമിക ഘട്ടമായി തിരുവനന്തപുരം മോഡൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് ക്യൂ.ആർ കോഡ് ഉൾപ്പെടുത്തിയ സ്മാർട്ട് കാർഡ് നൽകിവരുന്നുണ്ട്. പ്രവാസിക്ഷേമം മുൻനിർത്തി പ്രവാസികൾക്കായി ഓൺലൈനായി ഒരു പ്രത്യേക വെർച്വൽ എംപ്ലോയ്യ്മെന്റ് എക്സ്ചേഞ്ച് നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഓൺലൈൻ കമ്പ്യൂട്ടർ വൽക്കരണത്തിന് മുൻപ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള

ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ റെക്കാർഡുകളുടെ ഡിജിറ്റൈസേഷൻ നടപ്പിലാക്കി വരികയാണ് പ്രസ്തുത പ്രവർത്തികൾ അവസാന ഘട്ടത്തിലാണ്. ഇതിനു പുറമേ കേരളത്തിലെ അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർക്ക് സ്വാകാര്യമേഖലയിലെ അനവധിയായ തൊഴിലവസരങ്ങൾകൂടി പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടി പ്രൈവറ്റ് ജോബ് പോർട്ടൽ എന്ന ഒരു ഓൺലൈൻ പോർട്ടൽ നിലവിൽ വരുത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. സെൽഫ് ഓപ്പറേറ്റിംഗ് കിയോസ്ക്കുകൾ, ഡിജിറ്റൽ ഡിസ്പ്ലേകൾ എന്നിവ സ്ഥാപിച്ചും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് പരമ്പരാഗത ഐഡന്റിറ്റി കാർഡിനു പകരം സ്മാർട്ട് കാർഡുകൾ നൽകിയും, കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയും മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് പരമാവധി ലഭ്യമാക്കുന്നതിന് സംസ്ഥാന വ്യാപകമായി നിയുക്തി മെഗാ

ജോബ് ഫെയറുകൾ നടത്തിവരുന്നുണ്ട്. അത്യാധുനിക സാങ്കേതികവിദ്യയിലൂന്നിയ സോഫ്റ്റ് വെയറിന്റെ സഹായത്തോടെ ഉദ്യോഗദായകരെയും ഉദ്യോഗാർത്ഥികളെയും ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ടുവന്നാണ് ഇത്തരം ജോബ്ഫെയറുകൾ സംഘടിപ്പിക്കുന്നത് .

കരിയർ കൗൺസിലിംഗ്, നൈപുണ്യ പരിശീലനം, കരിയർ സംബന്ധമായ സേവനങ്ങൾ ഉദ്യോഗാർത്ഥികൾക്ക് പ്രദാനം ചെയ്യുന്നതിന് ഇന്റർനെറ്റ് സൗകര്യത്തോട് കൂടിയ കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, സ്മാർട്ട് ക്ലാസ്റൂമുകൾ, കോൺഫറൻസ് ക്ലാസുകൾ എന്നീ അത്യാധുനിക സജ്ജീകരണത്തോടുകൂടി മോഡൽ കരിയർ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട് .

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമാക്കാൻ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകളും ഗ്രാമീണ മേഖലകളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അഞ്ച് സ്വയംതൊഴിൽ പദ്ധതികൾ-

കെസ്രു, മൾട്ടി പർപ്പസ്, ജോബ്ക്ലബ്, ശരണ്യ, നവജീവൻ, കൈവല്യ, എന്നിവ ഈ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

(സി) സർക്കാർ വകുപ്പുകളിൽ താല്ക്കാലിക, കരാർ അടിസ്ഥാനത്തിലുള്ള നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ല നടക്കുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരത്തിലുള്ള നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(സി & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യക്തികൾ/ സംഘടനകൾ മുഖേന ലഭിക്കുന്ന പരാതികളിലും പത്രവാർത്തകളുടെ അടിസ്ഥാനത്തിലും വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന സ്ഥാപന പരിശോധനകളിലും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെ നിയമനങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ടി നിയമനങ്ങൾ റദ്ദ് ചെയ്ത് 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്

ആക്ട്-നും തുടർന്ന് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾക്കും അനുസൃതമായി നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവ് അറിയിച്ച് നിയമനം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗദായകന് കർശന നിർദ്ദേശം നൽകുകയും ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(ii) <u>നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ</u>

**ആലത്തൂർ മണ്ഡലത്തിൽ നബാർഡ് ഫണ്ടിൽ അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികൾ**

1(1212) <u>ശ്രീ. കെ. ഡി. പ്രസേനൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തികവർഷം മുതൽ നാളിതുവരെ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി ആലത്തൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

(എ&ബി) നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി ആലത്തൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) നബാർഡ് ഫണ്ടിൽ ആലത്തൂർ മണ്ഡലത്തിലെ ഏതെങ്കിലും പദ്ധതി പുതുതായി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആലത്തൂർ മണ്ഡലത്തിലെ പദ്ധതികളൊന്നും പുതിയതായി 2024-25 നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

**റെയിൽവേ മേൽപ്പാല നിർമ്മാണം**

2(1213) <u>ശ്രീമതി യു. പ്രതിഭ:</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം തിരുവല്ല റോഡ്, കാക്കനാട് റെയിൽവേ മേൽപ്പാലം, കൃഷ്ണപുരം മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാലം, താമരക്കുളം റെയിൽവേ മേൽപ്പാലം (എൽ.സി.നം. 42) എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

**കാക്കനാട് റെയിൽവേ മേൽപാലം**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കായംകുളം തിരുവല്ല റോഡിലുള്ള കാക്കനാട് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണചുമതല കെ.ആർ.ഡി.സി.എൽ.-നാണ്. നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. സർവ്വേ നടപടികളും പുരോഗമന ഘട്ടത്തിലാണ്.

**കൃഷ്ണപുരം മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാലം**

ആലപ്പുഴ ജില്ലയിൽ കായംകുളത്തെ കൃഷ്ണപുരം മാമ്പ്രക്കുന്നേൽ റെയിൽവേ മേൽപാലത്തിന്റെ നിർമ്മാണ ചുമതല ആർ.ബി.ഡി.സി.കെ.-യ്ക്കാണ്. പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കിഫ്ബി 31.211/- കോടി രൂപ അനുവദിച്ചിട്ടുള്ളതാണ്. കൃഷ്ണപുരം വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിലായി 1.0840 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതും സ്വകാര്യ വ്യക്തികളിൽ നിന്നുമുള്ള മുഴുവൻ ഭൂമിയും ഏറ്റെടുത്തിട്ടുള്ളതുമാണ്. കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രത്തിന്റെ കൈവശമുള്ള 5.9 ആർ lease ഭൂമി, കൃഷ്ണപുരം വില്ലേജ് ഓഫീസിന്റെ

കൈവശമുള്ള 13 sqm ഭൂമി എന്നിവ land transfer മുഖേന കൈമാറി ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

റെയിൽവേ ജി.എ.ഡി.-യുടെ അംഗീകാരം 09-11-2022-ൽ റെയിൽവേയിൽനിന്നും ലഭ്യമായിട്ടുള്ളതും നിർമ്മാണത്തിനുള്ള സാങ്കേതിക അനുമതി 06-11-2023-ൽ ലഭ്യമായിട്ടുള്ളതുമാണ്. 36.24/- കോടി രൂപയുടെ പുതുക്കിയ സാമ്പത്തിക അനുമതിക്കായി കിഫ്ബിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് പുതുക്കിയ സാമ്പത്തികാനുമതി ലഭിക്കുന്നമുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**താമരക്കുളം റെയിൽവേ മേൽപാലം**

താമരക്കുളം മേൽപ്പാലത്തിന്റെ നിർമ്മാണച്ചുമതല കെ.ആർ.ഡി.സി.എൽ.-നാണ്. താമരക്കുളം മേൽപ്പാലവുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരികയാണ്. 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. വില കണക്കാക്കൽ പുരോഗമിക്കുന്നു.

**വർക്കല മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

3(1214) <u>ശ്രീ. വി. ജോയി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിലും മുൻ സർക്കാരിന്റെ കാലയളവിലും (2016-21) വർക്കല മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ടി കാലയളവിൽ ഓരോ പദ്ധതിക്കും ലഭിച്ച ഭരണാനുമതി തുക എത്രയെന്ന് വിശദമാക്കാമോ?

(എ&ബി) പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിനുകീഴിൽ കരുനിലകോട് പാലത്തിന്റെ പുനരുദ്ധാരണം എന്ന പ്രവർത്തനത്തിന് ഭരണാനുമതി നല്കിയിട്ടുണ്ട്.

കരുനിലകോട് പാലത്തിന്റെ പുനരുദ്ധാരണത്തിനായി 23 ലക്ഷം രൂപ. പൊതുമരാമത്ത് കെട്ടിട വിഭാഗത്തിനുകീഴിൽ ഭരണാനുമതി നല്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**നിരത്ത് വിഭാഗം**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ആർ.ബി.ഡി.സി.കെ.**

വർക്കല മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ ആർ.ബി.ഡി.സി.കെ. മുഖേന ഇടവ റെയിൽവേ മേൽപ്പാലം, പുന്നമൂട് റെയിൽവേ മേൽപ്പാലം, വെൺകുളം റെയിൽവേ മേൽപ്പാലം എന്നീ 3 റെയിൽവേ മേൽപ്പാലങ്ങൾക്കാണ് ഭരണാനുമതി ലഭിച്ചിരിക്കുന്നത്.

| | **ഭരണാനുമതി** |
|---|---|
| ഇടവ റെയിൽവേ മേൽപ്പാലം | 35.69 കോടി |
| പുന്നമൂട് റെയിൽവേ മേൽപ്പാലം, | 37.16 കോടി |
| വെൺകുളം റെയിൽവേ മേൽപ്പാലം | 33.29 കോടി |

(സി) ടി കാലയളവിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

**കെട്ടിട വിഭാഗം**

ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ പൂർത്തിയാക്കിയ പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**നിരത്ത് വിഭാഗം**

അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) ലഭ്യമായ ഭരണാനുമതികളുടെ അടിസ്ഥാനത്തിൽ പൂർത്തിയാക്കാത്ത പ്രവൃത്തികളുടെ നിലവിലെ നടപടികൾ വിശദമാക്കാമോ?

**പാലങ്ങൾ**

ഭരണാനുമതി ലഭിച്ച കരുനിലകോട് പാലത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

**കെട്ടിട വിഭാഗം**

അനുബന്ധമായി ചേർത്തിരിക്കുന്നു.+

**നിരത്ത് വിഭാഗം**

അനുബന്ധമായി ചേത്തിരിക്കുന്നു.+

**ആർ.ബി.ഡി.സി.കെ.**

ഇടവ റെയിൽവേ മേൽപ്പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിച്ചു വരുന്നു. 69 ഭൂവുടമകളിൽ 51 പേരുടെ ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിക്കെതിരെ ചില ഭൂവുടമകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C) 28008/2020-ാം നമ്പറായി കേസ് ഫയൽ ചെയ്തിരിക്കുകയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 03-01-2021-ലെ ഇടക്കാല ഉത്തരവ് നിലനിൽക്കുന്നതിനാൽ കേസ്സിൽ ഉൾപ്പെട്ട ഭൂവുടമകളുടെ ഭൂമികൾ ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. പദ്ധതിക്കാവശ്യമായ മുഴവൻ ഭൂമിയും ഏറ്റെടുത്തതിനുശേഷം നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതാണ്.

പുന്നമൂട് റെയിൽവേ മേൽപ്പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി സ്പെഷ്യൽ തഹസിൽദാർ മുഖേന പുരോഗമിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചതിനുശേഷം നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതാണ്.

വെൺങ്കുളം റെയിൽവേ മേൽപ്പാലത്തിന്റെ ഭൂമി ഏറ്റെടുക്കാനായി 23-01-2024-ൽ ബഹുമാനപ്പെട്ട തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അർത്ഥനാപ്രതം സമർപ്പിച്ചിട്ടുണ്ട്.

**ഷൊർണ്ണൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

4(1215) <u>ശ്രീ. പി. മമ്മിക്കുട്ടി:</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിൽ നടന്നുവരുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ പ്രവർത്തന പുരോഗതി എന്തെന്നും വിശദമാക്കാമോ?

**<u>കെ.ആർ എഫ്.ബി. (പി.എം.യു.)</u>**

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നടന്നു വരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

**1) പത്താംകുളം വാണിയംകുളം റോഡിന്** 01-11-2016-ലെ GO(Rt)No.1502/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതിയും 16-03-2018-ലെ ഓർഡർ നമ്പർ APR-01/310/2018/KIIFB പ്രകാരം 20.56 കോടി രൂപയുടെ സാമ്പത്തികാനുമതിയും 20.56 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. 16-10-2018-ലെ എഗ്രിമെന്റ് നമ്പർ 46/PWD006-16/PD/PMU-KRFB/2018-19 പ്രകാരം M/s Deens

Constructions എന്ന കമ്പനിയുമായി കരാർ ഒപ്പുവച്ച് പ്രവൃത്തി ആരംഭിച്ചിരുന്നു. ടി പ്രവൃത്തി നിലവിൽ 89 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. കരാറുകാരനിൽനിന്നും വർക്ക് ഫോർ ക്ലോസ് ചെയ്യാനുള്ള അഭ്യർത്ഥന ലഭിച്ചിട്ടുണ്ട്. JJM പൈപ്പ് ഇടുന്ന പ്രവൃത്തിക്ക് കാലതാമസം നേരിട്ടതിനാലാണ് കരാറുകാരൻ ടി അപേക്ഷ നൽകിയത്. ആയതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ JJM പ്രവൃത്തിയുടെ ഭാഗമായി പൈപ്പ് ഇടൽ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ചില ഭാഗങ്ങളിൽ റെസ്റ്റൊറേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ബാക്കിയുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ബാലൻസ് ഷെഡ്യൂൾ തയ്യാറാക്കി സാങ്കേതികാനുമതി നൽകി ബാലൻസ് വർക്ക് ടെണ്ടർ ചെയ്യുന്നതാണ്.

**2) ചെർപ്പുളശ്ശേരി നഗരവികസന പദ്ധതിക്ക്** 10-07-2017-ലെ GO(Rt)No.942/2017/PWD ഉത്തരവ് പ്രകാരം 30 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതിയും 26-02-2021-ലെ ഓർഡർ നമ്പർ PWD016-47/APR-5/2021/KIIFB പ്രകാരം 39.02 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. 37.97 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി 10-07-

2023-ലെ എഗ്രിമെന്റ് നമ്പർ 14/PWD016-47-01/PD/PMU-KRFB/2023-24 പ്രകാരം M/s. Uralungal Labour Contract Co-operative Society എന്ന കമ്പനിയുമായി കരാർ ഒപ്പുവച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ടി പ്രവൃത്തി നിലവിൽ 15 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിലെ മരങ്ങളുടെ നാലാമത്തെ ലേലം ജനവരി മാസം 22-ാം തീയതി MSTC മുഖേന നടത്തിയിട്ടുണ്ട്. KWA യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ഫണ്ട് കിഫ്ബിയിൽനിന്ന് ഇതുവരെയും ലഭ്യമായിട്ടില്ല. അമൃത് പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി സമർപ്പിച്ച തുകയുടെ കാര്യത്തിൽ ഒരു തീരുമാനമാക്കുന്നതിനുവേണ്ടി സി.ഇ.ഒ. കിഫ്ബിയുടെ നിർദ്ദേശപ്രകാരം വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർക്ക് കെ.ഡബ്ല്യു.എ. എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്ത് സമർപ്പിച്ചിട്ടുണ്ട്. അയ്യപ്പൻകാവ് ഭാഗത്ത് ലാൻഡ് അക്വിസിഷനോടുകൂടി ഫേസ് രണ്ടിൽ ഉൾപ്പെടുത്തി നാലുവരി പാതയുടെ ഡി.പി.ആർ. സമർപ്പിക്കാനായി അലൈൻമെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. അത് ജനപ്രതിനിധികളുമായി ആലോചിച്ച് അന്തിമമാക്കുന്നതാണ്.

**3) ഒറ്റപ്പാലം ചെറുപ്പളശ്ശേരി റോഡ് 0 മുതൽ 11 വരെ** - ടി റോഡിന് 20-08-2016-ലെ GO(Rt)No.1192/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതിയും 12-02-2020-ലെ ഓർഡർ നമ്പർ PWD004-01/PE-19-PAD/2023/KIIFB പ്രകാരം 62.43 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. നിലവിലുള്ള റോഡിന്റെ ഉപരിതലത്തിന്റെ ഉറപ്പ് കണക്കാക്കാനായി കിഫ്ബിയിൽ നിന്ന് നടത്തിയ FWD ടെസ്റ്റിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച് ഫീൽഡ് ഉദ്യോഗസ്ഥരും KIIFB-TRC വിങ്ങുമായി 24-01-2024-ൽ കൂടിയ മീറ്റിംഗിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്. അതിൻപ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**4) ഒറ്റപ്പാലം പെരിന്തൽമണ്ണ റോഡ് 11/000 മുതൽ 16/850 വരെ** - ടി റോഡിന് 20-08-2016-ലെ GO(Rt)No.1192/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതിയും 26-05-2018-ലെ ഓർഡർ നമ്പർ PWD004-142-PA-01 പ്രകാരം 28.33 കോടി രൂപയുടെ

സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. 13-10-2020-ലെ എഗ്രിമെന്റ് നമ്പർ 17/PWD004-142/PD/PMU-KRFB/2020-21 പ്രകാരം Sri. Abdul Rahiman എന്ന കരാറുകാരനുമായി കരാർ ഒപ്പുവച്ച് പ്രവൃത്തി ആരംഭിച്ചിരുന്നു. പ്രവൃത്തി 90 ശതമാനം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ JJM പ്രവൃത്തിയുമായി ബന്ധപ്പെട്ട് റോഡിന് ഇരുവശവും പൈപ്പിടുന്നതിൽ വന്ന കാലതാമസം പരിഗണിച്ച് 05-05-2023-ലെ PDKRFB-PLKD/2/2022-AE3 ഉത്തരവ് പ്രകാരം കരാറുകാരനെ ടി പ്രവൃത്തിയിൽനിന്നും ഒഴിവാക്കിയിരുന്നു. ഫെബ്രുവരി അവസാനത്തോടുകൂടി JJM പൈപ്പ് ലൈനുകൾ സ്ഥാപിച്ച് റെസ്റ്റോറേഷൻ നടത്തി റോഡ് തിരികെ നൽകാമെന്ന് KWA അറിയിച്ചിട്ടുണ്ട്. അതിനുശേഷം പ്രസ്തുത റോഡിന്റെ ബാലൻസ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി ബാലൻസ് വർക്കിന്റെ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**5) ശ്രീകൃഷ്ണപുരം മുറിയങ്കണ്ണി റോഡ് 0/000 മുതൽ 7/700 വരെ** - ടി റോഡിന് 20-08-2016-ലെ GO(Rt)No.1192/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതിയും 29-11-2018-ലെ ഓർഡർ നമ്പർ

PWD004-143-PA-01 പ്രകാരം 45.53 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. 29-12-2021-ലെ എഗ്രിമെന്റ് നമ്പർ 09/PWD004-143/PD/PMU-KRFB/2021-22 പ്രകാരം M/s PMR Construction Company എന്ന കരാർ കമ്പനിയുമായി കരാർ ഒപ്പുവച്ച് പ്രവൃത്തി ആരംഭിച്ചിരുന്നു. ടി പ്രവൃത്തി നിലവിൽ 80 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ (DBM) ടാറിംങ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

**ചീഫ് എഞ്ചിനീയർ (നിരത്ത് പരിപാലനം)**

പൊതുമരാമത്ത് വകുപ്പ് നിരത്ത് പരിപാലന വിഭാഗത്തിനുകീഴിൽ ഷൊർണ്ണൂർ-കവളപ്പാറ റോഡിന്റെ (കി.മീ 0/000–4/760) പരിപാലനവുമായി ബന്ധപ്പെട്ട് 30.48 ലക്ഷം രൂപയുടെ റണ്ണിംഗ് കോൺട്രാക്ട് ക്ലസ്റ്റർ-1 പ്രവൃത്തി നടന്നുവരുന്നുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സൈറ്റ് കരാറുകാരന് കൈമാറിയിട്ടുള്ളതും പ്രീ മൺസൂൺ പ്രവൃത്തികൾ ഉടനെ ആരംഭിക്കുന്നതുമാണ്.

**ഡിസൈൻ**

ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ നടന്നുവരുന്ന നിർദ്ദിഷ്ട കുറ്റിപ്പുറം-തൃത്താല-പട്ടാമ്പി-ഷൊർണ്ണൂർ റോഡിന്റെ രണ്ടാംഘട്ടമായ പട്ടാമ്പി-ഷൊർണ്ണൂർ നിർദ്ദിഷ്ട പാതയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളായ ടോപ്പോഗ്രാഫിക്കൽ സർവ്വേ, ട്രാഫിക് സർവ്വേ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും ഡി.പി.ആർ. തയ്യാറാക്കലും പുരോഗമിച്ചു വരുന്നു.

**നിരത്തുകൾ**

1. എസ്.എം.പി. പൊതുവാൾ ജംഗ്ഷൻ റോഡ് കി.മീ. 0/000-7/000 കൊച്ചിൻ പാലം റെയിൽവേ സ്റ്റേഷൻ റോഡ് കി.മീ. 0/00-1/400 വരെയുള്ള ഭാഗം പുനരുദ്ധാരണ പ്രവൃത്തികൾ 50 ശതമാനം പൂർത്തീകരിച്ചു. പ്രവൃത്തി പൂർണ്ണമായും പൂർത്തീകരിക്കുന്നതിൽ കരാറുകാരൻ കാലതാമസം വരുത്തുന്നതിനാൽ കരാറുകാരനെ പ്രവൃത്തിയിൽനിന്നും ടെർമിനേഷൻ ചെയ്യുന്ന നടപടികൾ പുരോഗമിക്കുന്നു.

2. ഷൊർണ്ണൂർ-പെരിന്തൽമണ്ണ റോഡ് കി.മീ. 0/500 മുതൽ 4/800 വരെ ബി.എം. & ബി.സി. ചെയ്യുന്ന പ്രവൃത്തികൾ-പ്രവൃത്തി 80 ശതമാനം

പൂർത്തീകരിച്ചു. പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്.

3. ആർ.എം.2022-23/ക്ലസ്റ്റർ-II/ഒരു വർഷത്തെ ആൽ.സി./ഒറ്റപ്പാലം/ പാലക്കാട്-ആർ.എം.2022-23 സോൺ-1-പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം റോഡ് സെക്ഷനുകീഴിൽ വരുന്ന 7 റോഡുകളുടെ (32.381 കി.മീ.) റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ-പ്രവൃത്തി 20 ശതമാനം പൂർത്തീകരിച്ചു. തുടർ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

4. ആർ.എം. 2022-23/ക്ലസ്റ്റർ-II/ഒരു വർഷത്തെ ആർ.സി/ഒറ്റപ്പാലം/ പാലക്കാട്-ആർ.എം 2022-23 സോൺ 1 പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ റോഡ് സെക്ഷനുകീഴിൽ വരുന്ന 11 റോഡുകളുടെ (59.285 കി.മീ.) റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ-പ്രവൃത്തി 60 ശതമാനം പൂർത്തീകരിച്ചു. തുടർ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

5. ഷൊർണ്ണൂർ മണ്ഡലത്തിലെ വാണിയംകുളം മാന്നന്നൂർ റെയിൽവേ സ്റ്റേഷൻ റോഡ് കി.മീ. 0/000-1/300 വരെയുള്ള ഭാഗം പുന:സ്ഥാപിക്കുന്ന

പ്രവൃത്തികൾ-പ്രവൃത്തി 60 ശതമാനം പൂർത്തീകരിച്ചു. തുടർ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

6. ഷൊർണ്ണൂർ മണ്ഡലത്തിലെ വാണിയംകുളം മാന്നന്നൂർ റെയിൽവേ സ്റ്റേഷൻ റോഡ് കി.മീ. 1/300-4/500 വരെയുള്ള ഭാഗം പുനഃസ്ഥാപിക്കുന്ന പ്രവൃത്തികൾ-പ്രവൃത്തി 95 ശതമാനം പൂർത്തീകരിച്ചു. തുടർ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

7. SLTF—2020-21 വാണിയംകുളം മാന്നന്നൂർ റയിൽവേസ്റ്റഷൻ റോഡ് കി.മീ. 1/-300-4/500 വരെയുള്ള ഭാഗം ആർ.പി. ചെയ്യുന്ന പ്രവൃത്തികൾ-JJM restoration പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം മാത്രമേ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

**കെട്ടിട വിഭാഗം**

ഷൊർണ്ണൂർ മണ്ഡലത്തിൽ നടന്നുവരുന്ന പൊതുമരാമത്ത് പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കുന്ദമംഗലം മണ്ഡലത്തിലെ പ്രവൃത്തികളുടെ പുരോഗതി**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

5(1216) <u>ശ്രീ. പി. ടി. എ. റഹീം:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുന്ദമംഗലം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും നോൺ പ്ലാൻ ഫണ്ടിൽനിന്നും ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**പാലങ്ങൾ**

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്ലാൻ ഫണ്ടിൽനിന്നും മുഴപ്പാലം-തലപ്പനക്കുന്ന് പ്രവൃത്തിക്കും (ഭരണാനുമതി തുക–2,39,90,000/-), നബാർഡ് ഫണ്ടിൽ നിന്നും Tranche 28-ൽ ഉൾപ്പെടുത്തി തൊണ്ടിലക്കടവ് പാലം പ്രവൃത്തിയ്ക്കുമാണ് ഭരണാനുമതി (തുക–2.04 കോടി രൂപ) നൽകിയത്.

**കെട്ടിട വിഭാഗം**

അനുബന്ധമായി ചേർത്തിരിക്കുന്നു.+

**നിരത്ത് വിഭാഗം**

അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കുന്ദമംഗലം റസ്റ്റ് ഹൗസിന്റെ വിപുലീകരണത്തിനു നല്കിയ ഭരണാനുമതി റദ്ദുചെയ്യാനുണ്ടായ കാരണം വ്യക്തമാക്കാമോ ?

കുന്ദമംഗലം റസ്റ്റ് ഹൗസിന്റെ വിപുലീകരണത്തിന് 31-03-2022-ലെ G.O.(Rt) No.404/2022/PWD പ്രകാരം നൽകിയ 131 ലക്ഷത്തിന്റെ ഭരണാനുമതി stimulus package-ൽ ഉൾപ്പെട്ടതിനാൽ 31-08-2022-ലെ G.O. (Rt) No.913/2022/PWD പ്രകാരം റദ്ദ് ചെയ്ത് ഉത്തരവായിട്ടുള്ളതാണ്.

**ഔദ്യോഗിക വാഹനങ്ങൾ**

6(1217) <u>ശ്രീ. അൻവർ സാദത്ത്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് മന്ത്രിക്ക് എത്ര ഔദ്യോഗിക വാഹനങ്ങൾ അനുവദിച്ചിട്ടുണ്ടെന്നും ഏതൊക്കെ വാഹനങ്ങളാണെന്നും അറിയിക്കാമോ; ഒന്നിലധികം ഔദ്യോഗിക വാഹനങ്ങൾ അനുവദിക്കാൻ ഇടയായ സാഹചര്യം എന്താണ് വ്യക്തമാക്കുമോ?

KL-01 CW 9876 രജിസ്ട്രേഷനുള്ള ഇന്നോവ ക്രിസ്റ്റ വാഹനം അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വകുപ്പമന്ത്രിയുടെ ഓഫീസ് ആവശ്യങ്ങൾക്ക് എത്ര വാഹനങ്ങൾ അനുവദിച്ചിട്ടുണ്ടെന്നും ഏതൊക്കെ വാഹനങ്ങളാണെന്നും ഏതൊക്കെ സർക്കാർ വകുപ്പുകളാണ് വാഹനങ്ങൾ നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

പൊതുമരാമത്ത് - ടൂറിസം വകുപ്പുകളിലെ സ്ഥാപനങ്ങളിൽനിന്നും അവശ്യാനുസരണം വാഹനം ഉപയോഗിക്കാറുണ്ട്.

(സി) മന്ത്രി ഓഫീസിലെ ജീവനക്കാർ സർക്കാർ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; മേൽപ്പറഞ്ഞ വാഹനങ്ങളുടെ കഴിഞ്ഞ ആറുമാസത്തെ യാത്രാ വിവരങ്ങൾ ഉൾപ്പെടുന്ന ലോഗ് ബുക്കുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗമാണ് പരിശോധിക്കേണ്ടത്.

**പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തൽ**

7(1218) <u>ശ്രീമതി കെ. കെ. രമ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം വിലയിരുത്താൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇത് സംബന്ധിച്ച പഠന റിപ്പോർട്ട് ഐ.എം.ജി. സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. റിപ്പോർട്ട് സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(സി) പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരോട് ആലോചിക്കാതെയും ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങൾ ഉൾപ്പെടുത്താതെയുമാണ് റിപ്പോർട്ട് തയ്യാറാക്കിയതെന്ന് കാണിച്ച് ഉദ്യോഗസ്ഥർ കത്തു നൽകിയിട്ടുണ്ടോ?

ഇല്ല.

(ഡി) റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ആകെ എത്ര രൂപയാണ് ഐ.എം.ജി.-ക്ക് നൽകിയതെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തി പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 19 ലക്ഷം രൂപ അനുവദിച്ചിരുന്നതിൽ 9.50 ലക്ഷം രൂപ ഐ.എം.ജി.-ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) റിപ്പോർട്ട് പ്രകാരമുള്ള ശിപാർശകൾ എന്നു മുതൽ എപ്രകാരം നടപ്പാക്കുന്നതിനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ;

(എഫ്) ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് റിപ്പോർട്ട് പരിഷ്ക്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

(ഇ&എഫ്) റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**തിരൂർ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളുടെ വിശദവിവരം**

8(1219) <u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തിരൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയതും നടപ്പിലാക്കുന്നതുമായ പ്രവൃത്തികളുടെ വിശദ വിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും ചെലവഴിക്കുന്ന തുക എത്രയാണെന്ന വിവരം അറിയിക്കുമോ?

(എ & ബി)

**നിരത്തുകൾ വിഭാഗം**

അനുബന്ധമായി ചേർത്തിരിക്കുന്നു.+

**KRFB (PMU)**

തിരൂർ നിയോജക മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. തീരദേശ ഹൈവേ റീച്ച് 1 പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെ**

ഈ പ്രവൃത്തിക്ക് PWD014-01-PA-01 ഓർഡർ പ്രകാരം 09-11-2018-ൽ കിഫ്ബിയിൽനിന്നും 52.78 കോടി രൂപയുടെ സാമ്പത്തികാനുമതിയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

PWD014-01/APR-5/2022/KIIFB ഓർഡർ പ്രകാരം 31-01-2022-ൽ കിഫ്ബിയിൽനിന്നും 57.76 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമായിട്ടുണ്ട്. പ്രവൃത്തിയുടെ കരാർ തുക 52,39,92,897.71 രൂപയാണ്. പ്രസ്തുത റോഡ് പടിഞ്ഞാറേക്കര (0/000) മുതൽ ഉണ്ണിയാൽ (15/000) വരെയാണ്. ഇതിൽ കി.മീ 0/000 മുതൽ 1/750, കി.മീ. 5/800 മുതൽ 7/100 കി.മീ. 13/700 മുതൽ 15/050 എന്നീ ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുപ്പ് ആവശ്യമാണ്. സ്ഥലം ഏറ്റെടുപ്പ് ആവശ്യമില്ലാത്ത കെ.ആർ.എഫ്.ബി.-യുടെ അധികാര പരിധിയിൽ വരുന്ന പ്രസ്തുത റോഡിന്റെ എല്ലാ ഭാഗങ്ങളിലെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**2. തിരൂർ-കടലുണ്ടി റോഡ്**

ഈ പ്രവൃത്തിക്ക് APR-1/35/2018/KIIFB ഓർഡർ പ്രകാരം 17-01-2018-ൽ കിഫ്ബിയിൽനിന്നും 61.17 കോടി രൂപയുടെ പ്രവൃത്തിയുടെ കരാർ തുക 57,72,85,442.50 രൂപയാണ്. പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 31-03-2023-ന് പൂർത്തീകരിച്ചിട്ടുണ്ട്.

**എൻ.എച്ച്.**

Construction of Approach Bridge for Ponmundam Bypass ROB എന്ന പ്രവൃത്തിക്കായി 33 കോടി രൂപയ്ക്ക് 05-04-202-ലെ NH-28014/02/2023/KL/South-II കത്ത് പ്രകാരം സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിന്റെ സേതുബന്ധനിൽ ഉൾപ്പെടുത്തി MoRTH-ൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ട്.

**ആർ.ബി.ഡി.സി.കെ.**

ആർ.ബി.ഡി.സി.കെ. മുഖാന്തരം തിരൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ് തിരുനാവായ-തവനൂർ പുഴപ്പാലത്തിന്റെ നിർമ്മാണം. ഈ പദ്ധതി കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി 16-01-2017-ലെ G.O.(Rt) No.73/2017/PWD പ്രകാരം ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിച്ചു.

പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയ ശേഷം പദ്ധതി നിർമ്മാണത്തിന് ഡിസൈൻ ഉൾപ്പെടെ ടെണ്ടർ ക്ഷണിച്ച് M/s ULCSS എന്ന കമ്പനി 48.83 കോടി രൂപയ്ക്ക് 20-04-2023-ന് കരാർ ഉറപ്പിച്ചു. Notice to Proceed 28-04-2023-ന് നൽകുകയും ചെയ്തു. പദ്ധതിക്ക് Ultra High

Performanace Fiber Reinforced Concrete ഉപയോഗിച്ചുള്ള പ്രാഥമിക ഡിസൈൻ കിഫ്ബിയിൽ സമർപ്പിച്ചു Ultra High Performanace Fiber Reinforced Concrete പദ്ധതിയുമായി മുന്നോട്ട് പോകുന്നതിന് സർക്കാർ 06-01-2024-ലെ G.O.(Rt) No.73/2017/PWD ഉത്തരവ് പ്രകാരം മൂന്ന് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റികൾ രൂപീകരിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഡിസൈന് ഈ കമ്മിറ്റികളുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്.

53.38 കോടി രൂപയാണ് കിഫ്ബി ഈ പദ്ധതിക്ക് അനുവദിച്ചിട്ടുള്ളത്.

**പാലങ്ങൾ**

തിരൂർ താഴെപാലം സമാന്തര പാലത്തിന്റെ സമീപന റോഡ് നിർമ്മാണം - ബാലൻസ് വർക്ക്

തിരൂർ താഴെപാലം സമാന്തര പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ ബാലൻസ് പ്രവൃത്തി അറേഞ്ച് ചെയ്യുന്നതിന് 1,98,07,432.804/- രൂപയുടെ (GST ഉൾപ്പെടെ) എസ്റ്റിമേറ്റ് സമർപ്പിക്കുകയും ആയതിന് ജി.എസ്.ടി. ഉൾപ്പെടാതെ 1,76,85,207.86/- രൂപയ്ക്ക് 20-07-2021-

ലെ CE/BR/MNJ/RD/2016/7730 നമ്പർ പ്രകാരം അംഗീകാരം ലഭിച്ചതിനെ തുടർന്ന് ഉത്തരമേഖലാ സൂപ്രണ്ടിങ് എൻജിനീയർ പാലങ്ങൾ വിഭാഗം കോഴിക്കോട് ഓഫീസിനുകീഴിൽ വർക്ക് ടെണ്ടർ ചെയ്യുകയും ചെയ്തു. പ്രസ്തുത പ്രവൃത്തി 31-12-2022 ന് പൂർത്തീകരിച്ച് 14-02-2023-ന്റ പാലം ഗതാഗതത്തിനു തുറന്നുകൊടുത്തു.

**പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ**

1. ബഡ്ജറ്റ് 2021-22 - മലപ്പുറം ജില്ലയിൽ തിരൂർ നിയോജക മണ്ഡലത്തിലെ സമാന്തര ടൗൺ ROB യുടെ അപ്രോച്ച് റോഡ് നിർമ്മാണം.

08-02-2022-ലെ G.O.(Rt) No.138/2022/PWD പ്രകാരം 360 ലക്ഷം രൂപയുടെ ഭരണാനുമതിയും തുടർന്ന് 28-02-2022-ലെ EST-TS/BR/2019/4767-5-1 നമ്പർ ഓർഡർ പ്രകാരം 360 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും ലഭ്യമായി. 28-04-2022-ലെ SE (BK)02/2022-23 നമ്പർ പ്രകാരം കരാർ ഏറ്റെടുത്ത കരാറുകാരന് 08-05-2022-ന് പ്രവൃത്തി സ്ഥലം കൈമാറുകയും പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലുമാണ്. പ്രവൃത്തിയിലുള്ള കോൺക്രീറ്റ് ബോക്സ് സ്ട്രക്ചറുകൾ, റിട്ടെയ്നിങ് വാളുകൾ,

GSB, WMM പ്രവൃത്തികൾ, BM/BC (ടാറിങ്) പ്രവൃത്തികൾ തുടങ്ങിയവ പൂർത്തിയാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ 90 ശതമാനം പൂർത്തിയാക്കിയിട്ടുണ്ട്. പെയിന്റിംഗ്, ട്രാഫിക് സേഫ്റ്റി പ്രവൃത്തികൾ തുടങ്ങിയവ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

**കെട്ടിട വിഭാഗം**

അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കുറ്റ്യാടി ടൗൺ നവീകരണം**

9(1220) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി ടൗൺ നവീകരണ പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; ടി പ്രവൃത്തി കരാർ കാലാവധിക്കുള്ളിൽ പൂർത്തിയാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫെബ്രുവരി അവസാനത്തോടെ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**അടിവാരം-കേളൻമൂല റോഡിന് ധനാനുമതി ലഭിക്കുന്നതിലെ കാലതാമസം**

10(1221) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സംസ്ഥാന ബഡ്ജറ്റിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്ന തിരുവമ്പാടി-കൊടുവള്ളി മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന അടിവാരം-കേളൻമൂല റോഡിന് ധനാനുമതി ലഭിക്കുന്നതിന് കാലതാമസം വന്ന കാരണം വിശദമാക്കുമോ;

(ബി) അടിവാരം-കേളൻമൂല റോഡ് പ്രൊപ്പോസൽ ഇപ്പോൾ ഏത് അവസ്ഥയിലാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) 10-07-2017-ലെ G.O.(Rt) No. 942/2017/PWD ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച മേൽ പ്രവൃത്തിയുടെ ഡി.പി.ആർ. നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. 29-08-2019-ന് കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ആയത് കിഫ്ബി അവലോകനം നടത്തി 23-10-2019-ന്

കെ.ആർ.എഫ്.ബി.-ക്ക് സാങ്കേതിക അവലോകന റിപ്പോർട്ട് നൽകിയിരുന്നു. കെ.ആർ.എഫ്.ബി. 14-01-2020-ന് സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ, സാങ്കേതിക അവലോകന റിപ്പോർട്ടിലെ നിർദ്ദേശങ്ങളെല്ലാം പാലിച്ചുകൊണ്ട് കിഫ്ബി നിഷ്കർഷിക്കുന്ന മാതൃകയിലുള്ള ഡി.പി.ആർ. സമർപ്പിക്കാൻ 29-01-2020-ന് കിഫ്ബി നിർദ്ദേശം നൽകിയിരുന്നു.

പ്രസ്തുത പ്രവൃത്തിക്ക് കേളൻമൂല മുതൽ അടിവാരം വരെ 23.7 കിലോമീറ്റർ പൊതുമരാമത്ത് വകുപ്പ് ഇൻവെസ്റ്റിഗേഷൻ നടത്തിയിരുന്നു. എന്നാൽ കേളൻമൂല-അടിവാരം റോഡ് കടന്നുപോകുന്ന അടിവാരത്തിനും കാക്കവയലിനും ഇടയിലുള്ള ചില സ്ഥലങ്ങൾ അലൈൻമെന്റിൽ ഉൾപ്പെടുത്തി ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനും ബഹുമാനപ്പെട്ട തിരുവമ്പാടി എം.എൽ.എ.-യുടെ ആവശ്യപ്രകാരം ആ ഭാഗം ഉൾപ്പെടുത്തി അടിവാരം മുതൽ കണ്ണപ്പൻകുണ്ടു വരെയുള്ള ഭാഗം റീ-ഇൻവെസ്റ്റിഗേഷൻ RIQC മുഖേന തയ്യാറാക്കുകയും ബാക്കി ഭാഗത്തെ ആവശ്യമായ ഇൻവെസ്റ്റിഗേഷൻ നടത്തി കിഫ്ബി

മാനദണ്ഡപ്രകാരമുള്ള DPR തയ്യാറാക്കുന്നതിന് പൊതുമരാമത്ത് PPU വിഭാഗം തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

(സി) അടിവാരം-കേളൻമൂല റോഡിന് ധനാനുമതി ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

സാങ്കേതിക അവലോകന റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരമുള്ള പുതുക്കിയ DPR നിർവ്വഹണ ഏജൻസി സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് കിഫ്ബി അറിയിച്ചിട്ടുണ്ട്.

**തൃശ്ശൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ**

11(1222) <u>ശ്രീ. പി. ബാലചന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരമേറ്റശേഷം പൊതുമരാമത്ത് വകുപ്പ് തൃശ്ശൂർ നിയോജക മണ്ഡലത്തിൽ കെട്ടിടം, നിരത്ത്, പാലങ്ങൾ,

മെയിന്റനൻസ് വിഭാഗങ്ങൾക്ക് അനുവദിച്ച പ്രവൃത്തികളുടെയും തുകയുടെയും വിശദവിവരം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കുമോ?

**നിരത്ത് പരിപാലനം**

അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ആർ.ബി.ഡി.സി.കെ.**

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ മണ്ഡലത്തിലെ പൂങ്കുന്നം റെയിൽവേ സ്റ്റേഷനോട് ചേർന്നുള്ള എൽ.സി. നം. 19-ന് പകരമായി മേൽപ്പാലം നിർമ്മിക്കുന്നതിന് 16-11-2023-ലെ G.O. (Rt)No.1479/2023/PWD പ്രകാരം മേൽപ്പാലം നടപ്പാക്കുന്ന ഏജൻസിയായി ആർ.ബി.ഡി.സി.കെ.- യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**നിരത്തുകൾ**

അനുബന്ധമായി ചേർത്തിരിക്കുന്നു.+

## പരിപാടികൾക്കായി സ്പോൺസർഷിപ്പ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

12(1223) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

കേരളീയം, നവകേരളം പരിപാടികൾക്കായി പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഏതൊക്കെ സ്ഥാപനങ്ങൾ സ്പോൺസർഷിപ്പ് നൽകിയിട്ടുണ്ട്; സ്പോൺസർഷിപ്പ് നൽകിയ സ്ഥാപനങ്ങളുടെ പേരും നൽകിയ തുകയും സേവനങ്ങളും സംബന്ധിച്ച വിശദാംശങ്ങളും വ്യക്തമാക്കുമോ?

കേരളീയം പരിപാടിക്ക് റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിൽ നിന്നും Rs. 1,00,000/- (ഒരു ലക്ഷം) രൂപ നൽകിയിട്ടുണ്ട്.

**മണലൂർ മണ്ഡലത്തിലെ ചാവക്കാട് റോഡിലെ പ്രവൃത്തികൾ**

13(1225) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിലെ 2016-17-ലെ ബഡ്ജറ്റ് പ്രവൃത്തിയായ 7/000-14/600 വരെയുള്ള

ഭാഗത്തെ ബി.എം. ആൻഡ് ബി.സി. പ്രവൃത്തിക്ക് അധികരിച്ച ജി.എസ്.ടി. തുക ഉൾപ്പെട്ട പുതുക്കിയ ഭരണാനുമതി ഇതുവരെ ലഭ്യമായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്കുവേണ്ടി 11-07-2023-ലെ ഫയൽ നമ്പർ സി.ഇ.പി.ഡബ്ല്യൂ.ഡി./18423/2022-സി3(ഡബ്ല്യൂ)-ആർ.ഡി. പ്രകാരം സർക്കാരിലേയ്ക്ക് കത്ത് നൽകിയിട്ടും അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ അടിയന്തരമായി അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണം പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

(എ-സി) പ്രസ്തുത പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ജി.എസ്.ടി. അധിക തുകകൂടി ഉൾപ്പെടുത്തിയ പുതുക്കിയ ഭരണാനുമതി 23-05-2023-ലെ G.O.(Rt)No.657/2023/PWD പ്രകാരം നൽകിയിട്ടുണ്ട്. ഉത്തരവ് Agreed Rate പ്രകാരമായതിനാൽ ആയത് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ചീഫ് എഞ്ചിനീയറുടെ

പ്രൊപ്പോസൽ നിലവിൽ ധനകാര്യവകുപ്പിന്റെ പരിശോധനയിലാണ്. തീരുമാനം ലഭ്യമാകുന്നമുറയ്ക്ക് ബാക്കിയുള്ള BC പ്രവൃത്തികൾ കാലതാമസം കൂടാതെ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

**കുറവിലങ്ങാട് ബൈപാസ് നിർമ്മാണം**

14(1226) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് ബൈപാസ് നിർമ്മാണ പ്രവൃത്തിയുടെ കരാർ നിലവിലുള്ള നിരക്ക് പ്രകാരം പുതുക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായുള്ള ഡി.പി.ആർ. റോഡ്സ് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) കുറവിലങ്ങാട് ബൈപാസ് നിർമ്മാണത്തിന് കാലതാമസം എന്താണെന്ന് വിശദീകരിക്കാമോ;

(ഡി) ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്ന് അറിയിക്കാമോ?

(എ-ഡി) കുറവിലങ്ങാട് ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ശേഷിക്കുന്ന പ്രവൃത്തികൾക്കായി നിലവിലെ നിരക്ക് പ്രകാരം 349 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ്.

**മരാമത്ത് പണികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി**

15(1227) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാർ ഒപ്പിട്ടിട്ടും റോഡുകളുടെ പണികൾ ഉൾപ്പെടെയുള്ള മരാമത്ത് പണികൾ സമയബന്ധിതമായി ചെയ്യാൻ കരാറുകാർ തയ്യാറാകാത്തതിനെ തുടർന്ന് പൊതുജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ?

പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പ് കൃത്യമായ ഇടപെടലുകൾ നടത്തുന്നു. കൃത്യമായി പ്രവൃത്തി വിലയിരുത്തുന്നതിന് PWD Mission, DICC, CMT തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിയിൽ കാലതാമസം ഉണ്ടാകുന്ന ഇടങ്ങളിൽ ആവശ്യമായ ഇടപെടൽ നടത്താറുണ്ട്.

പൊതുമരാമത്ത് മാന്വൽ പ്രകാരവും Standard bid document പ്രകാരവും നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) കരാറുകാരുടെ കുടിശിക തുക നൽകുന്നതിലെ വീഴ്ചകൾ മൂലമാണോ അവർ ഇത്തരം ഒരു നിലപാട് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിലെ കരാറുകാരുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചും തീർപ്പാക്കിവരുന്നു. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിനാവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കിവരുന്നുണ്ട്. അതോടൊപ്പം കരാറുകാരുടെ ബില്ലുകൾക്ക് ബി.ഡി.എസ്. സംവിധാനവും നിലവിലുണ്ട്.

(സി) ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ത്വരിതഗതിയിൽ മരാമത്ത് ജോലികൾ പൂർത്തീകരിക്കുമ്പോൾ ചെലവഴിക്കുന്ന തുകയ്ക്ക് ആനുപാതികമായ ഗുണനിലവാരം ഉറപ്പാക്കാൻ സാധിക്കാതെ വരുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തര പരിഹാര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഓരോ പ്രവൃത്തിക്കും ആയതിന്റെ അടങ്കലിനെ അടിസ്ഥാനപ്പെടുത്തി നിശ്ചയിച്ചിട്ടുള്ള പൂർത്തീകരണ കാലാവധിക്കുള്ളിലാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടത്. ഓരോ പ്രവൃത്തിക്കും ആവശ്യമായ രീതിയിൽ പല തട്ടുകളിലായി ഗുണനിലവാര പരിശോധനകൾ നിർബന്ധമാക്കിയിട്ടുണ്ട്. പ്രവൃത്തികളുടെ ഗുണനിലവാര പരിശോധനയ്ക്കായി സംസ്ഥാനത്തെ 3 ജില്ലകളിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും, 11 ജില്ലകളിൽ ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബുകളും കൂടാതെ സർപ്രൈസ് ഇൻസ്പെക്ഷൻ നടത്തുന്നതിന്റെ ഭാഗമായി സൈറ്റുകളിൽവച്ചുതന്നെ പരിശോധനകൾ നടത്തുന്നതിലേയ്ക്കായി 3 ഓട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി ടെസ്റ്റിംഗ് ലാബുകളും നിലവിലുണ്ട്.

**കോളിച്ചാൽ-എടപ്പറമ്പ റീച്ചിൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ**

16(1228) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കോളിച്ചാൽ-എടപ്പറമ്പ റീച്ചിൽ വനം വകുപ്പിന്റെ അനുമതിയില്ലാത്തതുമൂലം എത്ര കിലോമീറ്റർ റോഡ് ഉപയോഗയോഗ്യമല്ലാതെ കിടപ്പുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഈ പദ്ധതിയിൽ ഉൾപ്പെട്ട ch 17/400 മുതൽ 20/770 വരെയും ch 22/120 മുതൽ 22/700 വരെയുമുള്ള 3.95 കിലോമീറ്റർ റോഡ് വനം വകുപ്പിന്റെ അനുമതി ഇല്ലാത്തതിനാൽ പ്രവൃത്തി നടത്താൻ സാധിച്ചിട്ടില്ല. പള്ളാഞ്ചി മുതൽ പരപ്പ് വരെയുള്ള റോഡാണ് ഗതാഗതയോഗ്യമാക്കേണ്ടത്. വനം വകുപ്പിന്റെ അനുമതി ഇല്ലാത്തതിനാൽ വനഭൂമി ഒഴികെയുള്ള പ്രവൃത്തി പൂർത്തീകരിക്കുകയും 03-04-2023-ൽ ഫോർക്ലോസ് ചെയ്യുകയും ചെയ്തു.

(ബി) ഇതിന്റെ ഭാഗമായി വരുന്ന പള്ളച്ചി മുതൽ പരപ്പ് വരെ റോഡ് പൊട്ടിപൊളിഞ്ഞ് ബസ് ഗതാഗതം നിർത്തിവച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) റോഡിന്റെ പൊട്ടിപ്പൊളിഞ്ഞ ഭാഗം റിപ്പയർ ചെയ്ത് ഗതാഗത യോഗ്യമാക്കാനായി തന്നിട്ടുള്ള എസ്റ്റിമേറ്റിന് അനുമതി നൽകുന്ന വിഷയം പരിഗണിക്കുമോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

(ബി&സി) പള്ളാഞ്ചി മുതൽ പരപ്പ് വരെ (Ch.17/415 മുതൽ 17/915) വരെയുള്ള ഈ റോഡിന് അറ്റകുറ്റ പ്രവൃത്തികൾക്കായി 24.41 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് കെ.ആർ.എഫ്.ബി.-യുടെ പരിഗണനയിലാണ്.

**തിരുവനന്തപുരം നഗരത്തിലെ സാംസ്കാരിക ഇടനാഴികൾ**

17(1229) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ഏതൊക്കെ റോഡുകളാണ് സാംസ്കാരിക ഇടനാഴികളായി വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കെൽട്രോൺ ജംഗ്ഷൻ മുതൽ ആൽത്തറ ജംഗ്ഷൻ വരെയുള്ള മാനവീയംവീഥി 225 മീറ്റർ റോഡ് സാംസ്കാരിക ഇടനാഴി ആയിട്ടാണ് വികസിപ്പിച്ചിട്ടുള്ളത്. കൂടാതെ മഹാത്മ അയ്യങ്കാളി ഹാൾ മുതൽ ഫ്ലൈഓവർ വരെയുള്ള 210 മീറ്റർ റോഡ് സാംസ്കാരിക ഇടനാഴിയായി വികസിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) സാംസ്കാരിക ഇടനാഴികളിൽ ഒരുക്കുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പൊതുജനത്തിന് സാംസ്കാരികവും കലാപരവുമായ അവരുടെ കഴിവുകൾ പ്രദർശിപ്പിക്കാനും സായാഹ്നങ്ങളിലെ ഒത്തുകൂടലും, സുരക്ഷിതമായി night walk നടത്താനുള്ള സൗകര്യങ്ങൾ ഉറപ്പാക്കുകയാണ് പ്രധാനമായി ചെയ്യുന്നത്. അതിനായി മാനവീയം വീഥിയിൽ ആർട്ട് ഗ്യാലറി, റിലാക്സേഷൻ പോയിന്റ്, സ്ട്രീറ്റ് ലൈബ്രറി, ഗാതറിംഗ് പോയിന്റ്, സ്കൾപ്ച്ചർ ഡിസ്പ്ലെ, ഫുഡ് കിയോസ്ക്, ഫീഡിംഗ് റൂം, ശുചിമുറികൾ തുടങ്ങിയ സൗകര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

മഹാത്മ അയ്യങ്കാളി ഹാൾ - ഫ്ളൈഓവർ റോഡിൽ വീൽ ചെയറുകൾ പോകാനുള്ള വഴി, ഇലക്ട്രിക് വാഹനങ്ങൾക്ക് ചാർജ്ജിങ് സൗകര്യങ്ങൾ, കോൺക്രീറ്റ് പ്ലാന്റർ ബോക്സുകൾ, ഐലൻഡ് ലാൻഡ്സ്കേപ്പിങ്, ശ്രവണ/ദൃശ്യ കോറിഡോർ, TAC-TILE ടൈൽസ്, സൈക്കിൾ പാർക്കിംഗ് പോയിന്റ്, സ്മാർട്ട് ടോയ്‌ലറ്റുകൾ, വീൽചെയർ പ്രാപ്യമായ ഇരിപ്പിടങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ ഉൾപ്പെടുത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) സാംസ്കാരിക ഇടനാഴികളായി വികസിപ്പിക്കുന്ന റോഡുകളിൽ ഏതെങ്കിലും സ്ഥലത്ത് ഒരു ഫുഡ് സ്ട്രീറ്റുകൂടി സജ്ജമാക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

മാനവീയം വീഥിയിൽ night life-ന്റെ ഭാഗമായി നിലവിൽ ഫുഡ് സ്ട്രീറ്റ് സൗകര്യം ഉൾപ്പെടുത്തിയിരിക്കുന്നു. സാംസ്കാരിക ഇടനാഴികളായി വികസിപ്പിക്കുന്ന റോഡുകളിൽ ഫുഡ് സ്ട്രീറ്റിനുള്ള സൗകര്യങ്ങൾ പരിഗണനയിലുണ്ട്.

**കോഴിക്കോട്-വയനാട് ഗ്രീൻഫീൽഡ് ഹൈവേ**

18(1230) <u>ശ്രീ. ലിന്റോ ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപ്പാതയുമായി ബന്ധിപ്പിച്ച് കോഴിക്കോട്-വയനാട് ഗ്രീൻഫീൽഡ് ദേശീയപാത വിഭാവനം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാതയുടെ അലൈൻമെന്റ് സംബന്ധിച്ച വിശദാംശം തയ്യാറാക്കിയിട്ടുണ്ടോയെന്നും ഇത് എത്ര മീറ്ററിലാണ് നിർമ്മിക്കുകയെന്നും വിശദമാക്കുമോ;

(സി) കോഴിക്കോട്-വയനാട് ഗ്രീൻഫീൽഡ് ദേശീയപാതയുടെ പ്രൊപ്പോസലിന്റെ തൽസ്ഥിതി വിശദമാക്കുമോ?

(എ-സി) കുട്ട-മലപ്പുറം ഗ്രീൻഫീൽഡ് ഹൈവേയുടെ ഡി.പി.ആർ. ദേശീയപാതാ അതോറിറ്റിയാണ് തയ്യാറാക്കുന്നത്. കുട്ട-മലപ്പുറം ഗ്രീൻഫീൽഡ് ഹൈവേ (കോഴിക്കോട്-വയനാട് ഗ്രീൻഫീൽഡ് ദേശീയപാത) അലൈൻമെന്റ് അന്തിമഘട്ടത്തിലാണ്. ഈ അലൈൻമെന്റ് ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി തുരങ്കവുമായി ബന്ധിപ്പിക്കാനായി ഒരു പ്രൊപ്പോസലും ഇപ്പോൾ നിലവിലില്ലെന്ന് National Highway Authority of India അറിയിച്ചിട്ടുണ്ട്.

**പേട്ട-ആനയറ-ഒരുവാതിൽകോട്ട മാതൃകാറോഡ് പ്രവൃത്തി**

19(1231) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പേട്ട-ആനയറ-ഒരുവാതിൽകോട്ട മാതൃകാറോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

27-01-2024-ലെ സ.ഉ.(കൈ)നം.6/2024/പൊ.മ.വ. പ്രകാരം ടെണ്ടർ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ടി പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(സി) ടി പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത് എന്ന് വിശദമാക്കാമോ?

(ബി&സി) ടെണ്ടർ അംഗീകാരം ലഭിച്ച സാഹചര്യത്തിൽ നടപടിക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് കരാർ ഉടമ്പടിവച്ച് പ്രവൃത്തി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. സൈറ്റ് ഹാൻഡ് ഓവർ ചെയ്താൽ ഒന്നര വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തികരിക്കാനാണ് ലക്ഷ്യമിടുന്നത്.

**അയ്യന്തോൾ പുഴക്കൽ മോഡൽ റോഡ് (നാലാം ഘട്ടം)**

20(1232) <u>ശ്രീ. പി. ബാലചന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21-ലെ ബഡ്ജറ്റിൽ തുക അനുവദിച്ച അയ്യന്തോൾ പുഴക്കൽ മോഡൽ റോഡിന്റെ (നാലാം ഘട്ടം) നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

ബഡ്ജറ്റ് വർക്ക് 2020-21 അയ്യന്തോൾ മോഡൽ റോഡ് നവീകരണം-നാലാംഘട്ടം ചെ.1/690 മുതൽ 3/100 വരെ (AS amount: 20 കോടി) പടിഞ്ഞാറെക്കോട്ട ജംഗ്ഷൻ മുതൽ നിർമ്മല കോൺവെന്റ് വരെ (ചെ. 0/000 മുതൽ 1/690). മുൻ വർഷങ്ങളിൽ മോഡൽ റോഡ് ആണ് 1,2,3 എന്നീ ഘട്ടങ്ങളായി മെച്ചപ്പെടുത്തിയിട്ടുണ്ട്. നാലാംഘട്ടം ചെ. 1/690 മുതൽ 3/100 വരെ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിന് 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. റോഡിന്റെ അലൈൻമെന്റ് പ്രവൃത്തി ചെയ്യുന്നതിന് പാർട്ട് ടി.എസ്. 4.5 ലക്ഷത്തിന് അനുവദിച്ചിട്ടുണ്ട്. അലൈൻമെന്റ് ഡ്രോയിംഗ് അംഗീകരിച്ചിട്ടുണ്ട്. 20 മീ. വീതിയിൽ ആവശ്യമായ ഭൂമി ഏറ്റെടുത്ത ശേഷമാണ് റോഡ് പ്രവൃത്തി ആരംഭിക്കുക. ഈ പ്രവൃത്തിയിൽ കലുങ്ക് പുനർനിർമ്മാണത്തിന് പാർട്ട് ടി.എസ്. 8 ലക്ഷം രൂപയ്ക്ക് ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**തമ്മനം-പുല്ലേപ്പടി-കാക്കനാട്-തങ്കളം റോഡ് വികസനം**

21(1233) <u>ശ്രീമതി ഉമ തോമസ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമ്മനം-പുല്ലേപ്പടി-കാക്കനാട്-തങ്കളം റോഡ് വികസനത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത റോഡിന്റെ വികസനത്തിന് എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റോഡ് വികസനം സംബന്ധിച്ച് ഫൈനൽ അലൈൻമെന്റ് പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത റോഡ് കടന്നുപോകുന്ന പ്രദേശത്ത് സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് വസ്തുവിന്റെ ക്രയവിക്രയങ്ങളും പുനരുദ്ധാരണ പ്രവർത്തനങ്ങളും മരവിപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് മരവിപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) തമ്മനം-പുല്ലേപ്പടി-കാക്കനാട്-തങ്കളം റോഡ് വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുത്ത് ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നത് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത റോഡിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(എ-ഇ) കിഫ്ബി ധനസഹായത്തോടുകൂടി കെ.ആർ.എഫ്.ബി.-പി.എം.യു. നടപ്പിലാക്കി വരുന്ന രണ്ട് പദ്ധതികളാണ് തമ്മനം - പുല്ലേപ്പടി റോഡ് വികസനവും തങ്കളം - കാക്കനാട് നാലുവരി പാതയും.

**തമ്മനം – പുല്ലേപ്പടി റോഡ്**

പ്രസ്തുത പദ്ധതിക്ക് 100 കോടി രൂപയുടെ ഭരണാനുമതി നൽകിയതാണ്. 12-02-2021-ൽ ഭരണാനുമതി പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനായി കിഫ്ബിയിൽ നിന്നും 93.89 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയും നൽകിയിട്ടുള്ളതാണ്.

അംഗീകരിച്ച അലൈൻമെന്റ് പ്രകാരം അതിർത്തികല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ആരംഭിച്ചിരുന്നുവെങ്കിലും മുൻപ് കൊച്ചിൻ കോർപ്പറേഷൻ തയ്യാറാക്കിയ അലൈൻമെന്റുമായി വ്യത്യാസം വന്നതിനാൽ ജനങ്ങൾ പ്രവൃത്തി തടസ്സപ്പെടുത്തുകയുണ്ടായി. ഇതേത്തുടർന്ന് ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായി ചേർന്ന യോഗത്തിൽ കൊച്ചിൻ

കോർപ്പറേഷൻ അലൈൻമെന്റ് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത വിവരങ്ങൾകൂടി ഉൾപ്പെടുത്തി പി.ഡബ്ല്യു.ഡി. RIQCL വിഭാഗം ടോപ്പോഗ്രാഫിക്ക് സർവ്വേ നടത്തുകയും വിവരങ്ങൾ പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കുന്നതിന് ഡിസൈൻ വിഭാഗത്തിന് കൈമാറിയിരിക്കുകയുമാണ്. നിലവിൽ ഡിസൈൻ വിഭാഗത്തിൽ അലൈൻമെന്റ് റിവിഷൻ നടന്നുവരുന്നു.

സ്ഥലമേറ്റെടുക്കുന്നതിനായി വിജ്ഞാപനവും റവന്യൂ വകുപ്പ് ഉത്തരവും 4(1) വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുള്ളതാണ്. കിഫ്ബി മാനദണ്ഡ പ്രകാരം ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കി വരുന്ന റിവിഷൻ അലൈൻമെന്റിന് കിഫ്ബിയിൽനിന്നും അംഗീകാരം ലഭിച്ചാൽ മറ്റ് നടപടികളിലേയ്ക്ക് കടക്കാൻ കഴിയും.

**തങ്കളം - കാക്കനാട് നാലുവരി പാത വികസനം**

ഈ പദ്ധതിക്ക് 30 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 27/324 കിലോമീറ്റർ നീളം വരുന്ന പദ്ധതിയാണിത്. ഡിസൈൻ വിഭാഗത്തിൽനിന്നും സ്ഥലപരിശോധന നടത്തി അലൈൻമെന്റിന്റെ

പ്രൊഫൈൽ തയ്യാറാക്കി IRC അനുവദിക്കുന്ന ഏറ്റവും കൂടിയ ഗ്രേഡിയന്റായ 8 ശതമാനം പലസ്ഥലങ്ങളിലും അധികരിക്കുന്നതായാണ് പരിഗണനയിൽ കണ്ടെത്തിയത്. പ്രസ്തുത അലൈൻമെന്റിൽ കോതമംഗലം മണ്ഡലത്തിൽ വരുന്ന ചെ.20/000 മുതൽ 27/324 കി.മീ. വരെയുള്ള ഭാഗത്തെ ഗ്രേഡിയന്റ് 18 ശതമാനം മുതൽ 34 ശതമാനം വരെയാണ്. ആതിനാൽ ഈ പാത IRC മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഡിസൈൻ ചെയ്യാൻ സാധ്യമല്ലെന്നാണ് ഡിസൈൻ വിഭാഗത്തിന്റെ അഭിപ്രായം. ഇതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയിലെ ഉന്നതതല ഉദ്യോഗസ്ഥർ പ്രസ്തുത അലൈൻമെന്റ് സന്ദർശിച്ചു. തുടർന്ന് കിഫ്ബിയിൽ നിന്നുള്ള സൈറ്റ് വിസിറ്റ് റിപ്പോർട്ട് പ്രകാരം കാക്കനാട് മനക്കടവ് മുതൽ കോതമംഗലം തങ്കളം വരെ (ചെ.0/000 മുതൽ 27/324 വരെ) ഉള്ള ഇപ്പോഴത്തെ അലൈൻമെന്റ് കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം ഫീസിബിൾ അല്ലെന്ന് CEO KIIFB അറിയിച്ചിരുന്നു. അതിനാൽ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 24/600 മുതൽ 26/057 വരെയുള്ള ഭാഗത്തിന്റെ സ്ഥലം ഏറ്റെടുക്കൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടെന്നും അറിയിച്ചിരുന്നു. സ്റ്റേറ്റ് ബഡ്ജറ്റ് ഫണ്ടിൽ

ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലുകൾ തുടർനടപടികൾക്കായി പൊതുമരാമത്ത് നിരത്ത് ഡിവിഷൻ മൂവാറ്റുപുഴയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ആർ.എഫ്.ബി., പി.എം.യു., മൂവാറ്റുപുഴ/ഇടുക്കിയുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരികയാണ്.

**നാദാപുരം-കുറ്റ്യാടി സംസ്ഥാന പാതയിൽ ബി.സി. ഓവർലേ പ്രവൃത്തികൾ**

22(1234) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം-കുറ്റ്യാടി സംസ്ഥാന പാതയിലെ ബി.സി. ഓവർലേ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

നാദാപുരം-കുറ്റ്യാടി സംസ്ഥാന പാതയിലെ ബി.സി. ഓവർലേ പ്രവൃത്തിക്ക് മുമ്പായി ചെയ്യേണ്ട വാട്ടർ അതോറിറ്റി റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ബി.സി. ഓവർലേ പ്രവൃത്തികളുടെ

ഇനിഷ്യൽ ലെവൽ അളന്ന് അംഗീകാരത്തിനായി ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. കുറ്റ്യാടി മുതൽ കക്കട്ടിൽ വരെയുള്ള ഭാഗം പൂർത്തിയാക്കുന്നതിന്, ടെണ്ടർ നടപടികളിന്മേൽ കരാറുകാരൻ നൽകിയ കേസിൽ തീരുമാനം വരേണ്ടതുണ്ട്.

(ബി) നാദാപുരം-കുറ്റ്യാടി സംസ്ഥാന പാതയിലെ കക്കട്ടിൽ എന്ന സ്ഥലത്ത് ജല വിതരണത്തിനായി കുഴിച്ച ഭാഗങ്ങളിൽ റോഡിന്റെ തകരാർ പരിഹരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

പരിഹരിച്ചിട്ടുണ്ട്.

**തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപ്പാസ്**

23(1235) <u>ശ്രീ. ആന്റണി ജോൺ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപ്പാസ് ആദ്യറീച്ചുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിലുള്ള ഫയൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഫയൽ തീർപ്പുകൽപ്പിച്ച് അടിയന്തരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) സർക്കാരിന്റെ പരിഗണനയിലുണ്ടായിരുന്ന തങ്കളം-കോഴിപ്പള്ളി ന്യൂ ബൈപ്പാസിന്റെ ആദ്യ റീച്ചിന്റെ പുതുക്കിയ ഭരണാനുമതി 31-01-2024-ൽ നൽകിയിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ തീരദേശ ഹൈവേ**

24(1236) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തീരദേശ ഹൈവേ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ വലിയപറമ്പ മുതൽ പന്നിക്കുന്ന് വരെ 57.23 കിലോമീറ്റർ ദൂരമാണ് തീരദേശ ഹൈവേ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. രണ്ട് റീച്ചുകളായാണ് പദ്ധതി നടപ്പിലാക്കുന്നത്. ഒന്നാമത്തെ റീച്ചായ-0.44 കിലോമീറ്റർ വരുന്ന വലിയപറമ്പ പാലത്തിനു 55.44 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചു. നിലവിൽ പ്രവൃത്തിയുടെ

പരിസ്ഥിതി ആഘാത പഠനം നടത്തി CRZ ക്ലീയറൻസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

തീരദേശ ഹൈവേയുടെ രണ്ടാമത്തെ റീച്ചായ വലിയപറമ്പ പാലം മുതൽ പന്നിക്കുന്ന് വരെയുള്ള 56.79 കിലോമീറ്റർ റോഡിന് 44.68 കോടി രൂപ ഭൂമിയേറ്റെടുക്കലിനായി കിഫ്ബി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത റീച്ചിൽ കല്ലിടൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. ആകെ 21.05 കിലോമീറ്റർ ഭാഗത്ത് കല്ലിട്ട് കഴിഞ്ഞിട്ടുണ്ട്.

(ബി) തീരദേശ ഹൈവേ യാഥാർഥ്യമാക്കുന്നതിന് നാളിതുവരെ എന്തൊക്കെ നടപടികളാണ് പൂർത്തീകരിച്ചത്; വിശദാംശങ്ങൾ അറിയിക്കാമോ?

പദ്ധതിക്കായി നാളിതുവരെ 2804 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും നൽകിയിട്ടുണ്ട്. 346 കിലോമീറ്റർ ഭാഗത്ത് കല്ലിടൽ പൂർത്തിയാക്കി, 202 കിലോമീറ്റർ ഭാഗത്ത് 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. ഇതിൽ 16.90 കിലോമീറ്റർ ഭാഗത്ത് സാമൂഹികാഘാതപഠനം പൂർത്തിയാക്കി 11(1) നോട്ടിഫിക്കേഷൻ

പുറപ്പെടുവിച്ചു. 1.87 കിലോമീറ്റർ ഭാഗത്ത് നഷ്ടപരിഹാര തുക വിതരണം ചെയ്ത് സ്ഥലമേറ്റെടുത്തു.

പദ്ധതിക്കുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നത് 2013-ലെ RFCTLARR ആക്ട് അടിസ്ഥാനമാക്കിയാണ്. ഇതിന് പുറമെ തീരദേശ മേഖലയുടെ സവിശേഷതകൾ കണക്കിലെടുത്ത് തീരദേശ ഹൈവേയുടെ സ്ഥലം ഏറ്റെടുക്കലിനുള്ള പ്രത്യേക പുനരധിവാസ പാക്കേജും സർക്കാർ പ്രഖ്യാപിച്ചു. നിലവിൽ ഈ പാക്കേജിനെ കുറിച്ച് പദ്ധതി പ്രദേശത്തെ ജനങ്ങളെ ബോധവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തീരദേശ ഹൈവേ പദ്ധതിയുടെ റീഹാബിലിറ്റേഷൻ പ്രവർത്തികൾക്കുള്ള SPV ആയി നിയോഗിച്ചിട്ടുള്ള കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC) അതിർത്തി കല്ലുകൾ സ്ഥാപിച്ച റീച്ചുകളിൽ വീട് വീടാന്തരം സർവ്വേ നടത്തി, പദ്ധതിയെക്കുറിച്ച് ജനങ്ങൾക്ക് വിശദീകരിക്കുകയും പദ്ധതിയെക്കുറിച്ചുള്ള ആശങ്കകൾ ദൂരീകരിക്കുകയും ചെയ്യുന്നുണ്ട്.

**വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ്**

25(1237) <u>ശ്രീമതി ഒ. എസ്. അംബിക:</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; നിലവിൽ ഭൂമി ഏറ്റെടുക്കലിന് മാർക്ക് ചെയ്ത സ്ഥലം കൂടാതെ ഇരുവശങ്ങളിലും സർവീസ് റോഡിനുകൂടി സ്ഥലം ഏറ്റെടുക്കുമെന്ന അഭ്യൂഹവും ആശങ്കയും പടരുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ ഉണ്ടാകുന്ന വികസന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനാണ് ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് രൂപം നൽകിയത്. ദേശീയപാത നിലവാരത്തിൽ ഔട്ടർ റിംഗ് റോഡ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു. 28-04-2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കേന്ദ്ര ഗതാഗതവും ഹൈവേയും, ഷിപ്പിംഗും വകുപ്പുമന്ത്രിയും നടത്തിയ യോഗത്തിൽ ഔട്ടർ റിംഗ് റോഡിന്റെ നിർമ്മാണച്ചെലവിന്റെ 100

ശതനമാനവും ഇതിലേയ്ക്കാവശ്യമായ സ്ഥലമേറ്റെടുക്കലിന്റെ 50 ശതമാനവും കേന്ദ്ര സർക്കാർ വഹിക്കാമെന്ന് തീരുമാനിച്ചിരുന്നു. ദേശീയപാത അതോറിറ്റി അംഗീകരിച്ചത് പ്രകാരം നാവായിക്കുളം മുതൽ വിഴിഞ്ഞം വരെ 45 മീറ്റർ പ്രധാന പാതയിൽ സർവീസ് റോഡുകൾ ഉൾപ്പെടുത്തിയാണ് ഔട്ടർ റിംഗ് റോഡ് നിർമ്മിക്കുന്നത്.

സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടത് പ്രകാരം വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് ഭാരത്മാല പരിയോജനയിൽ ഉൾപ്പെടുത്തി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. അംഗീകാരം നൽകുന്നതിന് ചില നിബന്ധനകൾ കേന്ദ്രം മുന്നോട്ടുവച്ചു.

1) 45 മീറ്റർ RoW (Right of Way)-യിൽ 4 വരിയായി പ്രധാനപാത, സർവീസ് റോഡുകൾ ഉൾപ്പെടെ, ദേശീയപാത അതോറിറ്റി വികസിപ്പിക്കുന്നതാണ്. ഇതിൽ ഭൂമി ഏറ്റെടുക്കുന്നതിന്റെ 50 ശതമാനം തുകയും പ്രധാന പാതയുടെ നിർമ്മാണത്തിന്റെ 100 ശതമനാം തുകയും ദേശീയപാത അതോറിറ്റി വഹിക്കുന്നതായിരിക്കും.

2) സർവീസ് റോഡുകളുടെ നിർമ്മാണ-ച്ചെലവ് പൂർണമായും സംസ്ഥാന സർക്കാർ വഹിക്കുക.

3) നിർമ്മാണ വസ്തുക്കളുടെ ചരക്കുസേവന നികുതി, റോയൽറ്റി എന്നിവ സംസ്ഥാന സർക്കാർ ഒഴിവാക്കണം. എന്നാൽ സർവീസ് റോഡ് നിർമ്മാണം പൂർണമായും സംസ്ഥാനം വഹിക്കണമെന്ന വ്യവസ്ഥ പുന:പരിശോധിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രഉപരിതല ഗതാഗത വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ ചർച്ചകൾ നടന്നുവരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടരുകയാണ്.

ദേശീയപാത അതോറിറ്റി അറിയിച്ച പ്രകാരം നിലവിൽ 45 മീറ്റർ RoW( Right of Way)-യിൽ 4 വരിയായി പ്രധാന പാത, സർവീസ് റോഡുകൾ ഉൾപ്പെടെ വികസിപ്പിക്കുന്നതിനാണ് ഭൂമി ഏറ്റെടുത്തിരിക്കുന്നത്. സർവീസ് റോഡിനായി വീണ്ടും ഭൂമി ഏറ്റെടുക്കുന്നതിന് നിലവിൽ പദ്ധതികളൊന്നുമില്ലെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

**റോഡ് നവീകരണം**

26(1238) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ആഴാംകോണം-മണനാക്കൂർ-കവലയൂർ-കുളമുട്ടം റോഡിന്റെ നവീകരണം സംബന്ധിച്ച് നിലവിൽ എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ആഴാംകോണം-മണനാക്കൂർ-കവലയൂർ-കുളമുട്ടം റോഡിന്റെ നവീകരണ പ്രവൃത്തിയുടെ നോമൺക്ലേച്ചർ മാറ്റം വരുത്തി 04-12-2023-ന് 400 ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ തലത്തിൽ പരിശോധനയിലാണ്.

**ആലത്തൂർ മണ്ഡലത്തിൽ ബി.എം. ആൻഡ് ബി.സി. നിലവാരത്തിലുള്ള റോഡുകൾ**

27(1239) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ നിർമ്മാണം പൂർത്തിയായ റോഡുകൾ

ഏതൊക്കെയാണെന്നും അവയുടെ ദൈർഘ്യം എത്രയാണെന്നും വ്യക്തമാക്കുമോ?

ആലത്തൂർ മണ്ഡലത്തിൽ ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ നിർമ്മാണം പൂർത്തിയായ റോഡുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത മണ്ഡലത്തിൽ ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ നിർമ്മാണത്തിന് അനുമതി ലഭിച്ച, നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്ന റോഡുകളുടെ വിശദവിവരം ലഭ്യമാക്കുമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ നിർമ്മാണത്തിന് അനുമതി ലഭിച്ച മൂന്ന് റോഡ് പ്രവൃത്തികളാണുള്ളത്. പ്രസ്തുത റോഡ് പ്രവൃത്തികളുടെ നിലവിലെ വിവരം താഴെ ചേർക്കുന്നു.

1) കണ്ണാടി പന്നിക്കോട് റോഡ് പ്രവൃത്തിക്ക് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 01-11-2016-ൽ 10 കോടി രൂപയ്ക്ക് തത്വത്തിലുള്ള ഭരണാനുമതിയും കിഫ്ബിയിൽനിന്ന് 24.09 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമായിരുന്നു. ഭൂമി ഏറ്റെടുക്കാനായി 60 ലക്ഷം രൂപ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമ്പത്തികാനുമതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 21.82 ആർസ് ഭൂമി ഏറ്റെടുക്കാനായി റവന്യൂ വകുപ്പിന്റെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. 08-03-2022-ൽ 6(1) നോട്ടിഫിക്കേഷൻ ലഭിച്ചു. അലൈൻമെന്റ് കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 27.01 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി. സ്ഥലത്ത് അതിർത്തി കല്ലിടുന്നതിനുള്ള സർവ്വേ ജോലികളും റവന്യൂ വകുപ്പിന്റെ നിലവിലുള്ള അതിർത്തി നിർണ്ണയവും പൂർത്തിയായി. SIA പഠനം പൂർത്തിയാക്കി കരട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രസ്തുത പ്രവൃത്തി കിഫ്ബിയുടെ ഡെഫേർഡ് വർക്കുകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

2) മലയോര ഹൈവേ - മലയോര ഹൈവേയിൽ ഉൾപ്പെട്ട പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് വടക്കാഞ്ചേരി റോഡിന് (നെന്മാറ ബൈപ്പാസ് മുതൽ തങ്കം ജംഗ്ഷൻ - ചെയിനേജ് 113/150 മുതൽ 128/375) 75.83 കോടി രൂപയ്ക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയിരുന്നു. പ്രസ്തുത റോഡിന് ഫ്രീ സറണ്ടർ മുഖാന്തരം ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് റവന്യൂ ബൗണ്ടറി തിട്ടപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ റവന്യൂ വകുപ്പിൽ

പുരോഗമിച്ചുവരുന്നു. സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് TS എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

3) കുന്നങ്കാട് - കൊന്നക്കൽകടവ് റോഡ് പ്രവൃത്തി കി. മീ. 0/000 മുതൽ 6/000 വരെ 25-10-2023-ലെ സ.ഉ.(സാധാ)നമ്പർ 1388/2023/പൊ.മ.വ. അനുസരിച്ച് ഭരണാനുമതി ലഭിച്ചതിനെ തുടർന്ന് ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ നിർമ്മാണം പുരോഗമിക്കുന്നു.

**അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണം**

28(1240) <u>ശ്രീ. റോജി എം. ജോൺ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണം നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഇതിന്റെ ഭരണാനുമതി എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതി എത്രയും വേഗം ആരംഭിക്കുന്നതിന് പൊതുമരാമത്ത്

വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിച്ച് തടസ്സങ്ങൾ നീക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിനെ പദ്ധതി നിർവ്വഹണ സ്ഥാപനമായി നിയമിച്ചുകൊണ്ട് അങ്കമാലി ബൈപ്പാസിന് 27-09-2016-ന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയിൽനിന്നും പദ്ധതി നിർവ്വഹണത്തിനായി 190.16 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, എറണാകുളം ജില്ലാ കളക്ടർ മുമ്പാകെ 17-02-2018-ന് അർത്ഥന സമർപ്പിച്ചതിനെത്തുടർന്ന്, 20-03-2018-ന് സ്പെഷ്യൽ തഹസിൽദാർ (കിഫ്ബി, എൽ.എ.) എറണാകുളത്തിനെ ഭൂമി ഏറ്റെടുക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. ഭൂമി ഏറ്റെടുത്ത് കൈമാറി ലഭിക്കുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും.

(സി) അങ്കമാലി നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന മൂക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡ് പൂർത്തീകരിക്കുന്നതിലെ കാലതാമസം വിശദമാക്കാമോ; പ്രസ്തുത റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ആക്ഷേപം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത റോഡിന്റെ നിർമ്മാണത്തിലെ കാലതാമസവും പരാതികളും പരിഹരിക്കാനായി പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും യോഗം വിളിക്കുന്നതിന് തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ?

(സി&ഡി) നിലവിൽ റോഡ് നിർമ്മാണം 64 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. മൂക്കന്നൂർ-ഏഴാറ്റുമുഖം റോഡ് ചെയിനേജ് 0/200 മുതൽ 13/000 വരെയും ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡ് 0/000 മുതൽ 6/050 (ചെയിനേജ് 2/380 മുതൽ 4/000 ഒഴികെ) ഫെബ്രുവരി അവസാനത്തോടുകൂടി പൂർത്തീകരിക്കുന്ന രീതിയിലാണ് പ്രവൃത്തി പുരോഗമിക്കുന്നത്.

ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡ് ചെയിനേജ് 2/380 മുതൽ 4/000 വരെ ഡി.പി.ആർ. പ്രകാരം 5.75 മീ. വീതിയിലുള്ള ROW, 8 മീറ്ററായി വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. KSTP പദ്ധതികളുടെ റിവ്യൂ പൊതുമരാമത്ത് വകുപ്പുമന്ത്രിതലത്തിലും സെക്രട്ടറിതലത്തിലും നിശ്ചിത ഇടവേളകളിൽ നടത്താറുണ്ട്.

**സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽനിന്നും ധനസഹായം**

29(1241) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽനിന്നും ധനസഹായത്തിനായി ഈ വർഷം സമർപ്പിച്ച നിർദേശങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് 2023-24-ൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായി 47 റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ 26-12-2023-ലെ കത്ത് നമ്പർ D2/279/2023-PWD മുഖാന്തരം കേന്ദ്ര

ഉപരിതല ഗതാഗത മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. റോഡ് പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(ബി) ഫാത്തിമ എസ്റ്റേറ്റ്-തോട്ടുമുക്കം-തേക്കിൻ ചുവട് റോഡ് പ്രസ്തുത നിർദേശങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ?

ഫാത്തിമ എസ്റ്റേറ്റ്-തോട്ടുമുക്കം-തേക്കിൻ ചുവട് റോഡ് പ്രവൃത്തി നിർദ്ദേശങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്.

(സി) നിർദ്ദേശങ്ങളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് 2023-24-ൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായി 47 റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. അനുമതി ലഭ്യമായിട്ടില്ല.

**മാനന്തവാടി-മട്ടന്നൂർ എയർപോർട്ട് കണക്ടിവിറ്റി റോഡ്**

30(1242) <u>ശ്രീ. ഒ. ആർ. കേളു:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മാനന്തവാടി-മട്ടന്നൂർ എയർപോർട്ട് കണക്റ്റിവിറ്റി റോഡ് പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

മാനന്തവാടി-മട്ടന്നൂർ എയർപോർട്ട് കണക്റ്റിവിറ്റി റോഡ് പദ്ധതിയിൽ വയനാട് ജില്ലയുടെ ഭാഗമായി വരുന്ന മാനന്തവാടി മുതൽ ബോയ്സ് ടൗൺ വരെയുള്ള ഭാഗത്തിന്റെ ഡീറ്റെയ്ൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ അതിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിന് കിഫ്ബി നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ. കൺസൾട്ടന്റായ Infrastructure Development Corporation (Karnataka) Limited (iDeCK) എന്ന സ്ഥാപനത്തിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ റോഡിന്റെ കണ്ണൂർ ജില്ലയിൽ ഉൾപ്പെടുന്ന ഭാഗത്തിന്റെ സ്ഥലം ഏറ്റെടുക്കുന്നതിന് മുന്നോടിയായിട്ടുള്ള 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് അതിർത്തി കല്ലിടുന്ന പ്രവർത്തി പൂർത്തീകരിച്ചു. സർവ്വേ നടപടികൾ പുരോഗമിക്കുന്നു.

(ബി) മാനന്തവാടി നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതി കടന്ന് പോകുന്ന ഭാഗത്തെ അലൈൻമെന്റ് സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

(ബി&സി) മാനന്തവാടി-മട്ടന്നൂർ എയർപോർട്ട് കണക്റ്റിവിറ്റി റോഡ് പദ്ധതിയുടെ അലൈൻമെന്റ് സംബന്ധിച്ച അന്തിമ തീരുമാനം എടുത്തിട്ടില്ല.

**മലയോര ഹൈവേയുടെ നിർമ്മാണം**

31(1243) <u>ശ്രീ. അനൂപ് ജേക്കബ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ നന്ദരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ നീളുന്ന മലയോര ഹൈവേയ്ക്ക് 10-07-2017-ലെ GO(Rt)No. 942/2017/PWD പ്രകാരം 3500 കോടി രൂപയുടെ ഭരണാനുമതി

തത്വത്തിൽ നൽകി. കിഫ്ബി ഫണ്ട് ഉപയോഗിച്ച് കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന 793.68 കിലോമീറ്റർ ദൂരത്തിലാണ് മലയോര ഹൈവേ നടപ്പിലാക്കുന്നത്. 793.68 കിലോമീറ്റർ റോഡിനും സാമ്പത്തികാനുമതിക്കായി DPR കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. 735.93 കിലോമീറ്റർ റോഡിന് സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്. ബാക്കിയുള്ള 57.75 കിലോമീറ്റർ മലയോര ഹൈവേ പദ്ധതിക്ക് കിഫ്ബിയുടെ അപ്രൈസൽ നടപടികൾ പുരോഗമിക്കുന്നു.

സാമ്പത്തികാനുമതി ലഭ്യമായ സ്ട്രെച്ചുകളിൽ 482.20 കിലോമീറ്റർ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുകയും ഇതിൽ 429.77 കിലോമീറ്റർ പ്രവൃത്തി എഗ്രിമെന്റിൽ ഏർപ്പെട്ട് ആരംഭിച്ചിട്ടുമുണ്ട്. 133.68 കിലോമീറ്റർ പ്രവൃത്തി ഇതുവരെ പൂർത്തിയായി. ബാക്കിയുള്ള 296.09 കിലോമീറ്റർ പ്രവൃത്തി പുരോഗമിക്കുന്നു.

സാമ്പത്തികാനുമതി ലഭ്യമായ സ്ട്രെച്ചുകളിൽ ബാക്കിയുള്ള 253.73 കിലോമീറ്റർ വനഭൂമി ലഭ്യമാക്കുന്നതിനും, ഫ്രീ സറണ്ടറായി ഭൂമി

ലഭ്യമാക്കുന്നതിനും, യൂട്ടിലിറ്റി എസ്റ്റിമേറ്റുകൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികളിലാണ്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടും പ്രസ്തുത ഹൈവേയുടെ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

കിഫ്ബിയുടെ മാനദണ്ഡപ്രകാരം മലയോര ഹൈവേ 12 മീറ്റർ വീതിയിൽ പൊതുജനങ്ങളിൽ നിന്ന് ഫ്രീ സറണ്ടറായി ഭൂമി ലഭ്യമാക്കിയാണ് നവീകരിക്കുന്നത്. 85 ശതമാനം ഭൂമി ലഭ്യത ഉറപ്പാക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിച്ചു വരുന്നു. പ്രവൃത്തികൾ പുരോഗമിക്കുന്നതിനോടൊപ്പം തന്നെ ബാക്കി ഭൂമി ലഭ്യമാക്കുന്ന നടപടികളും നടന്നു വരുന്നു. എന്നാൽ ചില സ്ഥലങ്ങളിൽ പൊതുജനങ്ങൾ ഫ്രീ സറണ്ടറായി ഭൂമി വിട്ട് നൽകാൻ തയ്യാറാവാത്തതുമൂലവും വനഭൂമി വിട്ട് കിട്ടാത്തതുമൂലവും പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടിട്ടുണ്ട്.

(സി) വനമേഖലയിൽനിന്നും ഭൂമി ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാന മലയോര ഹൈവേയുടെ നിർമ്മാണത്തിനായി വനഭൂമിയുടെ അതിർത്തികൾ നിർണ്ണയിച്ച് സർവ്വേ നടപടികൾ പൂർത്തീകരിച്ച് താൽക്കാലിക പെഗ് മാർക്കിംഗ് ചെയ്തിട്ടുള്ളതാണ്. തുടർന്ന് വനഭൂമി കൈമാറികിട്ടുന്നതിനായി അനുമതി ആവശ്യമുള്ള 8 ജില്ലകളിൽനിന്നും കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന പരിവേഷ് പോർട്ടൽ വഴി വനംവകുപ്പിന് അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. വനംവകുപ്പ് അപേക്ഷകൾ പരിശോധിച്ച് തൃപ്തികരമാണന്ന് ബോധ്യപ്പെട്ടാൽ സ്റ്റേജ് 1 അനുമതി നൽകും. ഇതുവരെയായി കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, കോട്ടയം ജില്ലകളിലെ അപേക്ഷകൾക്ക് സ്റ്റേജ് 1 അനുമതി ലഭ്യമായിട്ടുണ്ട്. സ്റ്റേജ് 1 അനുമതി ലഭ്യമായ അപേക്ഷകളിൽ വനംവകുപ്പ് നിർദ്ദേശിക്കുന്ന തുക ഒടുക്കിയതിന് ശേഷം വനഭൂമിയ്ക്ക് പകരം ഉള്ള റവന്യൂ ലാൻഡ് വനംവകുപ്പിന് കൈമാറേണ്ട രേഖകൾ ഉൾപ്പെടെ സ്റ്റേജ് 2 അനുമതിക്കായി സമർപ്പിക്കേണ്ടതുണ്ട്. ആയതിന്റെ നടപടിക്രമങ്ങൾ അതാത് ജില്ലാ

കളക്ടറുടെ കാര്യാലയത്തിൽ പുരോഗമിച്ചുവരുന്നു. മലപ്പുറം, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിൽ വനം വകുപ്പിന് കൈമാറേണ്ട റവന്യൂ ലാൻഡ് കണ്ടെത്തേണ്ടതായിട്ടുണ്ട്. 1 ഹെക്ടറിനുള്ളിലുള്ള വനഭൂമിക്കുള്ള സ്റ്റേജ് 2 അനുമതി സംസ്ഥാന സർക്കാരിൽനിന്നും 1 ഹെക്ടറിനുമുകളിലുള്ള സ്റ്റേജ് 2 അനുമതി കേന്ദ്ര പരിസ്ഥിതി, വനം കാലാവസ്ഥാ വ്യതിയാനവകുപ്പ് മന്ത്രാലയത്തിന്റെ കീഴിൽ വരുന്ന റീജണൽ ഓഫീസ് ബാംഗ്ലൂരിൽനിന്നും ആണ് ലഭിക്കുന്നത്. കാസർഗോഡ് ജില്ലയിലെ അപേക്ഷയ്ക്ക് സ്റ്റേജ് 2 അനുമതി ലഭിച്ചിട്ടുണ്ട്. വനഭൂമിയിൽ കല്ലുകൾ സ്ഥാപിക്കുന്നതിനും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും വനംവകുപ്പിന്റെ സ്റ്റേജ് 2 അനുമതി ആവശ്യമാണ്.

(ഡി) പ്രസ്തുത ഹൈവേയുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; നിലവിൽ പ്രവൃത്തി വേഗത്തിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

എറണാകുളം, പാലക്കാട് ജില്ലകൾ ഒഴികെയുള്ള മറ്റ് എല്ലാ ജില്ലകളിലെയും മലയോര ഹൈവേ പദ്ധതി മറ്റ് തടസങ്ങൾ ഇല്ലെങ്കിൽ 31-2-2026-നകം പൂർത്തീകരിക്കുന്ന തരത്തിലാണ് പ്രവൃത്തികൾ മുന്നോട്ട് പോകുന്നത്. കൊല്ലം ജില്ലയിലെ മലയോര ഹൈവേ പ്രവൃത്തി 28-12-2020-ൽ പൂർത്തീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, ഇടുക്കി ജില്ലകളിലെ മലയോര ഹൈവേ നവീകരണ പ്രവൃത്തികൾ 31-12-2024-നകവും കോട്ടയം, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ പ്രവൃത്തികൾ 31-12-2025-നകവും പൂർത്തികരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പാലക്കാട് ജില്ലയിലെ മലയോര ഹൈവേ പദ്ധതി 31-12-2027-നകം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എറണാകുളം ജില്ലയിലെ ജനങ്ങൾ ഫ്രീ സറണ്ടറായി ഭൂമി വിട്ടുനൽകാൻ തയ്യാറാവാത്തതിനാൽ ടി ജില്ലയിലെ നവീകരണ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുവാൻ സാധിച്ചിട്ടില്ല.

മുഖ്യമന്ത്രിയുടെ പ്രയോറിറ്റി പ്രോജക്ടുകളിൽ ഒന്നാണ് മലയോര ഹൈവേ പദ്ധതി. പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനായി മുഖ്യമന്ത്രി നേരിട്ട് യോഗങ്ങൾ നടത്തിവരുന്നു. ഇത് കൂടാതെ പൊതുമരാമത്ത്

വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലും പ്രവൃത്തി അവലോകനയോഗം ചേരുന്നുണ്ട്. സെക്രട്ടറി തലത്തിലും ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ കെ.ആർ.എഫ്.ബി. തലത്തിലും അവലോകന യോഗം നടത്തി വരുന്നുണ്ട്. ഈ യോഗത്തിൽ പ്രവൃത്തിയുമായി നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ച് പോകുന്നുണ്ട്. എല്ലാ മാസവും അതാത് ജില്ലകളിൽ DICC യോഗങ്ങളിലും പ്രവൃത്തി അവലോകനം നടത്തിവരുന്നു. വനമേഖലയിൽനിന്നും ഭൂമി ലഭ്യത ഉറപ്പുവരുത്തുവാൻ കളക്ടർമാരുടെ യോഗങ്ങൾ നടത്താറുണ്ട്.

**പൊതുമരാമത്ത് റോഡുകളുടെ ടാറിംഗിനുള്ള നടപടി**

32(1244) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ ടാറിംഗ് പ്രവൃത്തികൾ, കരാറുകാർ എടുക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ വിഷയം പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

(എ&ബി) അപൂർവ്വം ചില റോഡ് പ്രവൃത്തികൾ കരാറുകാർ പങ്കെടുക്കാത്തതിനാൽ ഒന്നിലധികം തവണ ടെണ്ടർ ചെയ്യേണ്ടി വരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ കരാറുകാരെ പങ്കെടുപ്പിക്കാനുള്ള ശ്രമങ്ങൾ നടത്താറുണ്ട്. തുടർന്നും പ്രതികരണം ഉണ്ടായിട്ടില്ലെങ്കിൽ നിലവിലുള്ള സർക്കാർ ഉത്തരവുകൾ അനുസരിച്ച് എസ്റ്റിമേറ്റുകൾ recast ചെയ്ത് പ്രാവർത്തികമാക്കുന്ന രീതിയിലുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

**നാട്ടുകാണി പരപ്പനങ്ങാടി റോഡിലെ ഡ്രെയിനേജ് പ്രവൃത്തി**

33(1245) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നാട്ടുകാണി പരപ്പനങ്ങാടി റോഡിൽ വേങ്ങര പഞ്ചായത്ത് പത്തുമൂച്ചി പ്രദേശത്ത് യാത്രക്കാർക്ക് വലിയ രീതിയിൽ പ്രയാസം സൃഷ്ടിക്കുന്ന വെള്ളക്കെട്ട് പരിഹരിക്കുന്നതിന് 2 കോടി ചെലവ്

വരുന്ന ഡ്രെയിനേജ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ഭരണാനുമതി നൽകുന്നതിനും എത്രയും വേഗം പണി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(എ&ബി) മലപ്പുറം ജില്ലയിലെ നാട്ടുകാണി പരപ്പനങ്ങാടി റോഡിൽ വേങ്ങര പഞ്ചായത്ത് പത്തുമൂച്ചി പ്രദേശത്ത് യാത്രക്കാർക്ക് വലിയ രീതിയിൽ പ്രയാസം സൃഷ്ടിക്കുന്ന വെള്ളക്കെട്ട് പരിഹരിക്കുന്നതിന് 2 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിലും ആവശ്യമായ ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാത്തതിനാൽ പരിഗണിച്ചിരുന്നില്ല. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാം.

**ഊരകം-നടുവക്കാട്-എൻ.എച്ച്. കോളനി റോഡ് പുനരുദ്ധാരണം**

34(1246) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഊരകം-നടുവക്കാട്-എൻ.എച്ച്. കോളനി റോഡ് ഗതാഗതയോഗ്യമല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) പ്രസ്തുത റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് 12 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പരിഗണിച്ചിരുന്നില്ല. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കോവളം വെള്ളായണി കായൽ റോഡിന്റെ നിർമ്മാണം**

35(1247) <u>ശ്രീ. എം. വിൻസെന്റ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം വെള്ളായണി കായൽ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ കിഫ്ബി മരവിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. കോവളം-വെള്ളായണി കായൽ റോഡിന്റെ (ആഴകുളം-മുട്ടക്കാട്-പനങ്ങോട്-കാട്ടുവിള തെറ്റിവിള റോഡ്) പദ്ധതി പ്രവർത്തനങ്ങൾ 8 കിഫ്ബി താൽക്കാലികമായി മാറ്റിവച്ചിട്ടുണ്ട്. സ്ഥലപരിമിതിയുടെയും, കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കാൻ കഴിയുന്നില്ലെന്നതുമായ കാരണങ്ങളാൽ കിഫ്ബിയുടെ ഉന്നതല ബോർഡിന്റെ തീരുമാനപ്രകാരമാണ് ടി പദ്ധതി താൽക്കാലികമായി മരവിപ്പിച്ചിരിക്കുന്നത്.

(ബി) പ്രസ്തുത റോഡിന്റെ അലൈൻമെന്റും രൂപരേഖയും തയ്യാറാക്കിയത് ഏത് ഏജൻസിയാണ്; പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

പ്രസ്തുത റോഡിന്റെ രൂപരേഖ തയ്യാറാക്കിയത് പൊതുമരാമത്ത് നിരത്തു വിഭാഗമാണ്. ടി പ്രവൃത്തിക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിക്കുകയും RITES മുഖേന Design review ചെയ്യുകയും മാറ്റങ്ങൾ ഉൾപ്പെടുത്തിയ അലൈൻമെന്റ് അംഗീകരിക്കുകയും ചെയ്തു. അതുപ്രകാരം 6(1) വിജ്ഞാപനം പ്രസിദ്ധീകരിച്ച് കല്ലിടൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കല്ലിടൽ പ്രവൃത്തിക്കായി 13,37,458/- രൂപ ചെലവഴിച്ചു. LA കണ്ടിജൻസി ചാർജായി 50,00,000/- രൂപ കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്.

(സി) റോഡ് നിർമ്മാണം മരവിപ്പിച്ച നടപടി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് റോഡ് ഫണ്ട് ബോർഡ് കിഫ്ബിക്ക് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാകുമോ?

പ്രസ്തുത പ്രവൃത്തി ഡെഫർ ചെയ്ത നടപടി പുനപരിശോധിക്കാൻ പ്രത്യേകമായി കത്ത് നൽകിയിട്ടില്ല.

(ഡി) പ്രസ്തുത റോഡിന്റെ നിർമ്മാണം മരവിപ്പിച്ചിട്ടുള്ളത് സാമ്പത്തിക പ്രതിസന്ധി മൂലമാണോയെന്ന് വ്യക്തമാക്കുമോ?

പദ്ധതി പ്രവർത്തനം ഡെഫർ ചെയ്തിട്ടുള്ള ഉത്തരവിൽ കിഫ്ബി മാനദണ്ഡം പാലിക്കുന്നത് സംബന്ധിച്ച് സാങ്കേതിക കാരണങ്ങളാൽ, കിഫ്ബിയുടെ ഉന്നതല ബോർഡിന്റെ തീരുമാനപ്രകാരമാണ് പദ്ധതി താൽക്കാലികമായി മരവിപ്പിച്ചിരിക്കുന്നതെന്ന് വിശദമാക്കിയിട്ടുണ്ട്.

**മലയോര ഹൈവേ**

36(1248) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാമ്പ്ര മണ്ഡലത്തിലെ പെരുവണ്ണാമൂഴി താഴത്ത് വയൽ മുതൽ ചെമ്പ്ര വരെയുള്ള മലയോര ഹൈവേയുടെ റീച്ച് ടെണ്ടർ ചെയ്തെങ്കിലും ടെണ്ടർ നടപടിക്ക് അംഗീകാരം ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മലയോര ഹൈവേയിൽ ഉൾപ്പെട്ട തൊട്ടിൽപാലം-തലയാട് റോഡ്-പെരുവണ്ണാമൂഴി മുതൽ 28-ാം മൈൽ ജംഗ്ഷൻ (Ch 41/500 മുതൽ Ch. 57/150) വരെയുള്ള 15.65 കിലോമീറ്റർ പ്രവൃത്തിക്ക് 20-03-2022-ൽ 71.93 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്.

കായണ്ണ, ചക്കിട്ടപ്പാറ, കൂരാച്ചുണ്ട് എന്നീ പഞ്ചായത്തുകളിലൂടെയാണ് പ്രസ്തുത റോഡ് കടന്നുപോകുന്നത്. കായണ്ണ, ചക്കിട്ടപ്പാറ എന്നീ പഞ്ചായത്തുകളിൽ 5.5 കിലോമീറ്റർ ദൂരം മാത്രം (Ch.41/500 to 47/000) പ്രവൃത്തി ചെയ്യാൻ സ്ഥലം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത

ഭാഗത്തിന് 06-05-2023-ൽ 31.46 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും 10-05-2023-ൽ ടെണ്ടർ ചെയ്യുകയും 05-07-2023-ൽ റീടെണ്ടർ ചെയ്യുകയും ചെയ്തു. ടെണ്ടറിന് 25-08-2023-ൽ കൂടിയ 46-ാം ടെണ്ടർ അപ്രൂവൽ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട് പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതിക്ക് അംഗീകാരം ലഭ്യമാക്കുന്നതിനായി കിഫ്ബിക്ക് സമർപ്പിച്ചുവെങ്കിലും സാമ്പത്തികാനുമതി ലഭ്യമായ 15.65 കിലോമീറ്റർ റോഡ് പ്രവൃത്തി ഒരുമിച്ച് ടെണ്ടർ ചെയ്യാൻ നിർദേശിച്ചുകൊണ്ട് മടക്കി നൽകുകയുണ്ടായി. എന്നാൽ കൂരാച്ചുണ്ട് ടൗണിലും കൂരാച്ചുണ്ട് പഞ്ചായത്തിലും ആദ്യംതന്നെ മതിയായ സ്ഥല ലഭ്യത ഉറപ്പു വരുത്താൻ കഴിയാത്തതിനാലാണ് സ്ഥല ലഭ്യത ഉറപ്പാക്കിയ ഭാഗം ഭാഗികമായി ടെണ്ടർ ചെയ്തത് എന്ന് കിഫ്ബിയെ അറിയിച്ചതിനെ തുടർന്ന് ടെണ്ടർ ചെയ്ത 5.5 കിലോമീറ്റർ റോഡിന്റെ സാങ്കേതികാനുമതി 24-01-2024-ന് കിഫ്ബി നൽകിയിട്ടുണ്ട്. തുടർന്ന് Work Break down Schedule (WBS), Project Execution Document (PED) എന്നിവ കിഫ്ബിയിൽ സമർപ്പിച്ച് ടെണ്ടറിന് അംഗീകാരം ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**തീരദേശ ഹൈവേ നിർമ്മാണം**

37(1249) <u>ശ്രീ. വി. ജോയി:</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിലെ തീരദേശ ഹൈവേ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

പൊഴിയൂർ മുതൽ കോവളം വരെ 18.95 കിലോമീറ്റർ, കുമരിച്ചന്ത മുതൽ പള്ളിത്തുറ വരെ 18.08 കിലോമീറ്റർ, പള്ളിത്തുറ മുതൽ ഒന്നാം പാലം വരെ 21.53 കിലോമീറ്റർ, ഒന്നാം പാലം മുതൽ കാപ്പിൽ വരെ 15.46 കിലോമീറ്റർ, എന്നിങ്ങനെ ആകെ 74.2 കിലോമീറ്ററായാണ് തിരുവനന്തപുരം ജില്ലയിലെ തീരദേശ ഹൈവേ പദ്ധതികൾ പുരോഗമിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ മേൽപ്പറഞ്ഞ നാല് റീച്ചുകളിലും സ്ഥലം എറ്റെടുക്കുന്നതിനായി കിഫ്ബിയിൽ നിന്നും 518 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. തുടർന്ന് നാല് റീച്ചുകളിലും കല്ലിടൽ പൂർത്തിയാക്കിയിട്ടുണ്ട്. ആദ്യം കല്ലിടൽ പൂർത്തിയാക്കിയ പള്ളിത്തുറ മുതൽ ഒന്നാം പാലം വരെയുള്ള 21.53 കിലോമീറ്റർ ഭാഗത്ത് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച്

സാമൂഹിക ആഘാത പഠനം അവസാനഘട്ടത്തിലാണ്, പ്രസ്തുത ഭാഗത്ത് ഉടൻ തന്നെ 11(1) വിജ്ഞാപനം നടത്താനാകും. ബാക്കിയുള്ള 52.67 കിലോമീറ്റർ ഭാഗത്ത് കല്ലിടൽ പൂർത്തിയാക്കി 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് സാമൂഹിക ആഘാത പഠനം ആരംഭിച്ചിട്ടുണ്ട്.

**മുട്ടുങ്ങൾ-നാദാപുരം-പക്രംതളം റോഡ് പ്രവൃത്തി പൂർത്തീകരണം**

38(1250) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ മുട്ടുങ്ങൾ-നാദാപുരം-പക്രംതളം റോഡിന്റെ എസ്റ്റിമേറ്റ് പ്രകാരം റോഡിന്റെ ഇരുവശത്തും ടൈലുകൾ വച്ച് കാൽനട യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്താനും പ്രധാന ഭാഗങ്ങളിൽ കൈവരി സ്ഥാപിക്കാനുമുള്ള പ്രവൃത്തിക്ക് സാമ്പത്തികാനുമതി ലഭ്യമാക്കാനും നാളിതുവരെ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

കിഫ്ബി മുഖേന സാമ്പത്തികാനുമതി ലഭിച്ച മുട്ടുങ്ങൾ നാദാപുരം പക്രംതളം റോഡിന്റെ ഒറിജിനൽ സ്കോപ്പിൽ ഉൾപ്പെട്ട റോഡ് പ്രവൃത്തി

പൂർത്തീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ഹാൻഡ് റെയിലിന്റെ അളവ് അപര്യാപ്തമായതിനാൽ റോഡിന്റെ ഇരു വശങ്ങളിലും ഇന്റർലോക്ക്, ഹാൻഡ് റെയിൽ എന്നിവ സ്ഥാപിക്കുന്നതിന് അധികമായി വരുന്ന അളവുകൾ ഉൾപ്പെടുത്തി 4.576 കോടി രൂപയുടെ എസ്റ്റിമേറ്റ് സാമ്പത്തികാനുമതിക്കായി കിഫ്ബിയിലേക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ഒറിജിനൽ പ്രവൃത്തിയുടെ ബാക്കി തുകയിൽ ഉൾപ്പെടുത്തി ഇന്റർലോക്ക്, ഹാൻഡ് റെയിൽ എന്നിവയുടെ എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമാക്കാൻ സാധിക്കുന്നതാണെന്നും ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തോടെ എസ്റ്റിമേറ്റ് പുനഃസമർപ്പിക്കുന്നതിനും കിഫ്ബിയിൽ നിന്നും നിർദ്ദേശിക്കുകയുണ്ടായി. അതിനാൽ ഒറിജിനൽ പ്രവൃത്തിയുടെ തുക, അംഗീകരിച്ച കോൺട്രാക്ട് തുകയിലേക്ക് ചുരുക്കുന്നതിനും ഇന്റർലോക്ക്, ഹാൻഡ് റെയിൽ എന്നിവയുടെ എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി ഒരു പുതിയ കോൺട്രാക്ട് പാക്കേജായി കിഫ്ബിയിലേക്ക് സമർപ്പിക്കുന്നതിനുമുള്ള നടപടികൾ കെ.ആർ.എഫ്.ബി. സ്വീകരിച്ചു വരുന്നു.

## പുതിയങ്ങാടി-ഉള്ള്യേരി-കുറ്റ്യാടി-ചൊവ്വ റോഡ്

39(1251) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയങ്ങാടി-ഉള്ള്യേരി-കുറ്റ്യാടി-ചൊവ്വ (PUKC State Highway) റോഡ് വീതി കൂട്ടി നിർമ്മിക്കുന്നതിന് സ്ഥലമെടുക്കുമ്പോൾ, പേരാമ്പ്ര ടൗൺ ഒഴിവാക്കി ബൈപ്പാസ് റോഡ് വഴിയാക്കണമെന്ന ആവശ്യം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) നിരവധി കച്ചവട സ്ഥാപനങ്ങൾ ഒഴിപ്പിക്കുന്നത് ഒഴിവാക്കി ബൈപ്പാസ് വഴി റോഡ് നിർമ്മിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ?

(എ&ബി) പുതിയങ്ങാടി-ഉള്ള്യേരി-കുറ്റ്യാടി-ചൊവ്വ റോഡിന്റെ ഉള്ള്യേരി മുതൽ കുറ്റ്യാടി വരെയുള്ള റോഡിനു വീതികൂട്ടി വികസിപ്പിക്കുന്നതിനായി 50 കോടി രൂപയുടെ ഭരണാനുമതി തത്വത്തിൽ നൽകിയിട്ടുണ്ട്. 07-05-2022-ൽ പ്രസ്തുത പദ്ധതിയുടെ DPR കിഫ്ബിയിലേക്ക് സമർപ്പിച്ചിരുന്നു. എന്നാൽ DPR പരിശോധന നടത്തി കിഫ്ബിയിൽനിന്നും 11-07-2022-ൽ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് (TAR) നൽകുകയുണ്ടായി. പേരാമ്പ്ര ബൈപ്പാസിന്റെ

വിശദാംശങ്ങൾ ഡി.പി.ആർ.-ൽ പരാമർശിച്ചിട്ടില്ലെന്നും ആയതുകൂടി ഉൾപ്പെടുത്തി ഡി.പി.ആർ. പരിഷ്കരിക്കണമെന്നും TAR-ൽ നിർദ്ദേശിക്കുകയുണ്ടായി. ഇതിൻപ്രകാരം പേരാമ്പ്ര ബൈപ്പാസിന്റെ അലൈൻമെന്റ് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം ആവശ്യപ്പെട്ടതിൻ പ്രകാരം 28-11-2023-ൽ കൈമാറിയിട്ടുണ്ട്. നിലവിൽ പേരാമ്പ്ര ബൈപ്പാസ് റോഡ് പ്രവൃത്തി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി RBDCK മുഖേന നടപ്പിലാക്കി വരുന്നതിനാൽ പ്രസ്തുത പ്രവൃത്തിയിൽനിന്നും പേരാമ്പ്ര ബൈപ്പാസ് (Ch. 29/200 മുതൽ 31/770 വരെ) ഒഴിവാക്കികൊണ്ടുള്ള കരട് LA Plan ഡിസൈൻ വിഭാഗത്തിൽ നിന്നും 10-01-2024-ന് KRFB-ക്ക് ലഭ്യമായത് സ്ഥലമേറ്റെടുക്കുന്നതിനുള്ള സാമ്പത്തികാനുമതിക്കായി കിഫ്ബിയിലേക്ക് 25-01-2024-ൽ സമർപ്പിച്ചു. എന്നാൽ DPR പുതുക്കി റീച്ച്-1-ന്റെ സ്ഥലമേറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെ അറിയിക്കണമെന്ന് നിർദ്ദേശിച്ച് മടക്കി നൽകുകയുണ്ടായി. തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.

(സി) മലയോര ഹൈവേയുടെ പേരാമ്പ്ര മണ്ഡലത്തിലെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

1) മുള്ളൻകുന്ന് മുതൽ പെരുവണ്ണാമൂഴി വരെ സ്വകാര്യ വ്യക്തികളിൽ നിന്ന് ഭൂമി ഫ്രീ സറണ്ടറായി ലഭ്യമാക്കുന്നതിനുള്ള നടപടികളും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ കയ്യിൽനിന്നും സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

2) പെരുവണ്ണാമൂഴി മുതൽ 28-ാം മൈൽ വരെ പേരാമ്പ്ര മണ്ഡലത്തിൽ ഉൾപ്പെട്ട 5.5 കിലോമീറ്റർ ഭാഗം ടെണ്ടർ ചെയ്യുകയും 25-08-2023-ൽ കൂടിയ 46-ാം ടെണ്ടർ അപ്രൂവൽ കമ്മിറ്റി അംഗീകരിക്കുകയും ആയതിന് 24-01-2024-ൽ കിഫ്ബിയിൽനിന്നും സാങ്കേതികാനുമതിക്ക് അംഗീകാരം ലഭിച്ചിട്ടുമുണ്ട്. തുടർന്ന് WBS, PED എന്നിവ കിഫ്ബിയിൽ സമർപ്പിച്ച് ടെണ്ടറിന് അംഗീകാരം ലഭ്യമാക്കുന്നതിനും LoA നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പൊതുമരാമത്ത് റോഡുകളിൽ ഭരണാനുമതി ലഭിച്ച മെയിന്റനൻസ് പ്രവൃത്തികൾ**

40(1252) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളിൽ ഭരണാനുമതി ലഭിച്ച മെയിന്റനൻസ് പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**മലയോര ഹൈവേ**

41(1253) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോരമേഖലയുടെ സമ്പദ്ഘടനയ്ക്കും ടൂറിസം സാധ്യതകൾക്കും വലിയ പുരോഗതി സൃഷ്ടിക്കാനുതകുന്ന തരത്തിൽ പൂർത്തിയാക്കാനുദ്ദേശിക്കുന്ന മലയോര ഹൈവേയുടെ നിർമ്മാണം ഇതിനകം എത്ര കിലോമീറ്റർ ദൂരം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാസറഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ നീളുന്ന മലയോര ഹൈവേയ്ക്ക് 10-07-2017-ലെ G.O. (Rt) No. 942/2017/PWD പ്രകാരം 3500 കോടി രൂപയുടെ ഭരണാനുമതി തത്വത്തിൽ നല്കിയിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന 793.68 കിലോമീറ്റർ ദൂരത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ 133.68 കിലോമീറ്റർ പ്രവൃത്തി ഇതുവരെ പൂർത്തിയായി.

(ബി) പ്രസ്തുത ഹൈവേയിൽ ഏതെല്ലാം ഭാഗങ്ങളെയാണ് കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തി വികസിപ്പിക്കാൻ നിശ്ചയിച്ചിരിക്കുന്നതെന്നും ആയവയുടെ പുരോഗതിയും വിശദമാക്കാമോ;

(സി) കിഫ്ബി കൂടാതെ മറ്റേതെല്ലാം പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത പ്രവൃത്തി നടത്തി വരുന്നത്; സാമ്പത്തികാനുമതി ലഭ്യമായതും നിലവിൽ ടെണ്ടർ നടപടികൾ പൂർത്തിയായതും പ്രവൃത്തി പുരോഗമിക്കുന്നതുമായ റീച്ചുകളുടെ വിശദാംശം നൽകുമോ?

(ബി&സി) മലയോര ഹൈവേ കടന്നുപോകുന്ന 1251 കിലോമീറ്ററിൽ 793.68 കിലോമീറ്ററാണ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നടപ്പിലാക്കുന്നത്. മലയോര ഹൈവേയിലൂടെ കടന്നുപോകുന്ന എല്ലാ റീച്ചുകളുടെയും (കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതും മറ്റ് പദ്ധതികളിലൂടെ വികസിപ്പിക്കുന്നതും) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കീഴ്മാടം-കമ്പിക്കണ്ടി റോഡിന്റെ നവീകരണം**

42(1254) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കീഴ്മാടം-കടവത്തൂർ-കല്ലിക്കണ്ടി റോഡിന്റെ കൊച്ചിയങ്ങാടി മുതൽ കല്ലിക്കണ്ടി വരെയുള്ള ഭാഗം നവീകരിക്കുന്ന പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കീഴ്മാടം കല്ലിക്കണ്ടി തുവക്കുന്ന് വടക്കേ പൊയിലൂർ കൂത്തുപറമ്പ് റോഡിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നവീകരണ പ്രവൃത്തിക്കായി 15 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി 2016 നവംബർ മാസം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയിൽനിന്നും 29.42 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭ്യമായതിനെത്തുടർന്ന് ഈ പ്രവൃത്തി ആരംഭിച്ചിരുന്നു. എന്നാൽ ഈ റോഡിന്റെ കി.മീ. 2/470 (കൊച്ചിയങ്ങാടി) മുതൽ കി.മീ. 7/300 (കല്ലിക്കണ്ടി) വരെയുള്ള ഭാഗത്തെ സ്ഥലമുടമകൾ സൗജന്യമായി സ്ഥലം ലഭ്യമാക്കാത്തതിനെ തുടർന്ന് ആദ്യഘട്ടത്തിൽ ഈ ഭാഗത്ത് പ്രവൃത്തി നടത്താൻ സാധിച്ചിരുന്നില്ല. ഇതേത്തുടർന്ന് ഈ ഭാഗത്ത് താൽക്കാലിക റെക്ടിഫിക്കേഷൻ പ്രവൃത്തി മാത്രം നടത്തി മറ്റ് ഭാഗത്തെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

ഈ വിഷയം സംബന്ധിച്ച് 10-02-2022-ന് കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ സംയുക്ത സ്ഥല പരിശോധന നടത്തി പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട തുടർ നടപടികൾ സംബന്ധിച്ച് എസ്.പി.വി.-ക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 05-05-2023-ന് എസ്.പി.വി. പ്രവൃത്തി ഫോർക്ലോസ് (Foreclose)

ചെയ്യുകയും, ഇതിന്റെ അടിസ്ഥാനത്തിൽ കോൺട്രാക്റ്റ് പാക്കേജ് തുക ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തിയുടെ തുകയിലേക്ക് നിജപ്പെടുത്താനായി എസ്.പി.വി. കിഫ്ബിക്ക് 22-01-2024-ന് സമർപ്പിച്ച വേരിയേഷൻ ഫയൽ കിഫ്ബി അംഗീകരിച്ചിട്ടുള്ളതാണ്.

(ബി) പ്രസ്തുത റോഡിന്റെ പൂർത്തീകരണത്തിനുവേണ്ടി സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അനുവദിച്ച് ഭരണാനുമതി വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പ്രസ്തുത റോഡിലെ ശേഷിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഉൾപ്പെടുത്തി ധനാനുമതി പുതുക്കുന്നതിനുള്ള പ്രൊപ്പോസൽ നിർവ്വഹണ ഏജൻസി കിഫ്ബിക്ക് സമർപ്പിച്ചിരുന്നെങ്കിലും, പ്രാഥമിക അവലോകനത്തിൽ കിഫ്ബി മാനദണ്ഡ പ്രകാരമുള്ള രേഖകളുടെ അഭാവത്തിൽ ലഭ്യമാക്കിയ പ്രസ്തുത പ്രൊപ്പോസൽ കിഫ്ബി അംഗീകരിച്ചിട്ടില്ല. നിർവ്വഹണ ഏജൻസി പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**തീരദേശ ഹൈവേ പുരോഗതി**

43(1255) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൈപ്പമംഗലത്തുകൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലായോ; ഇല്ലെങ്കിൽ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള തീരദേശ ഹൈവേ നിർമ്മാണ പ്രവൃത്തിക്ക് 6500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. തൃശ്ശൂർ ജില്ലയിലെ തീരദേശ ഹൈവേയുടെ ഒന്നാമത്തെ റീച്ചായ അഴീക്കോട് പാലം മുതൽ വലപ്പാട് വരെയുള്ള 32 കിലോമീറ്റർ വരുന്ന ഭാഗത്ത് സ്ഥലം ഏറ്റെടുക്കാനായി 182.81 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതി നൽകിയിരുന്നു. ഇതിൽ 19.50 കിലോമീറ്റർ ദൂരം കൈപ്പമംഗലം മണ്ഡലത്തിൽകൂടി കടന്നുപോകുന്നതാണ്. സർക്കാരിൽനിന്നും തത്വത്തിൽ നൽകിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ, സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് അതിർത്തി കല്ലുകൾ സ്ഥാപിക്കാനായി 1.05 കോടി രൂപയുടെ സാങ്കേതികാനുമതി

നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി 28-08-2022-ൽ 93.37 ലക്ഷം രൂപയ്ക്ക് കരാർ നൽകിയിട്ടുണ്ട്. നിലവിൽ സാധ്യമായ എല്ലാ സ്ഥലങ്ങളിലും അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കുകയും ആയത് സ്ഥലമേറ്റെടുപ്പിന്റെ ലാൻഡ് അക്വിസിഷൻ ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ, എൽ.എ., കിഫ്ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ ഭാഗമായുള്ള ഡാറ്റാ കളക്ഷൻ പുരോഗമിച്ചുവരുന്നു. കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ വരുന്ന 0/000 കി.മീ. മുതൽ 4/500 കി.മീ. വരെയുള്ള അലൈൻമെന്റിൽ, പുറമ്പോക്ക് അടയാളപ്പെടുത്തുന്നതിന്റെ ഭാഗമായി ടി പ്രദേശത്ത് പുറമ്പോക്ക് സർവ്വേ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

## സംസ്ഥാനത്തെ റോഡുകൾ അന്തർദേശീയ നിലവാരത്തിൽ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ

44(1256) <u>ശ്രീ. തോമസ് കെ. തോമസ്:</u>
<u>ശ്രീ. കെ. പി. മോഹനൻ:</u>
<u>ശ്രീ. മാത്യു ടി. തോമസ്:</u>

**ശ്രീ. കോവൂർ കുഞ്ഞുമോൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾ അന്തർദേശീയ നിലവാരത്തിൽ പരിഷ്കരിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ?

കൂടുതൽ കാലം ഈടു നിൽക്കുന്ന ബി.എം.&ബി.സി. റോഡുകൾ നിർമ്മിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട എല്ലാ റോഡുകളും മണ്ണിന്റെ ഘടന, ഭൂഗർഭ ജലനിരപ്പ്, കാലാവസ്ഥ വ്യതിയാനങ്ങൾ എന്നിവയെല്ലാം കണക്കിലെടുത്ത്, ഡിസൈൻ ചെയ്ത് ദീർഘകാലം ഈടുനിൽക്കുന്ന ബി.എം.&ബി.സി. പോലുള്ള നവീന രീതികൾ ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. ദീർഘകാലം ഈടുനിൽക്കുന്നതും പരിപാലന ചെലവ് കുറഞ്ഞതുമായ വൈറ്റ് ടോപ്പിങ്ങ് സാങ്കേതികവിദ്യ വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ, ഗതാഗത തിരക്കുള്ള നഗര പാതകൾ തുടങ്ങിയ സ്ഥലങ്ങളിൽ അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ

നിലവിലുള്ള റോഡ് വെട്ടിയെടുത്ത് സിമന്റും പ്രത്യേക തരം പൾവറൈസും ചേർത്ത് കുഴച്ച് ഈ ഭാഗത്ത് തന്നെ പുനർനിർമ്മാണത്തിന് ഉപയോഗിക്കുകയും ചെയ്യുന്ന ഫുൾഡെപ്ത് റിക്ലമേഷൻ ടെക്നോളജി, ജർമ്മൻ നിർമ്മിത മില്ലിംഗ് യന്ത്രം ഉപയോഗിച്ചുള്ള കോൾഡ് ഇൻപ്ലേസ് റീസൈക്ലിംഗ് നിർമ്മാണ രീതി എന്നിവ പരീക്ഷണാടിസ്ഥാനത്തിൽ കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. സ്വാഭാവിക റബ്ബർ, കയർ ഭൂവസ്ത്രം, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവ റോഡ് നിർമ്മാണത്തിൽ ഉപയോഗിച്ചുവരുന്നു. പുതിയതായി ബി.സി. ഉപരിതലം നിർമ്മിക്കുന്ന പ്രവൃത്തികളിൽ പ്ലാസ്റ്റിക് ഉപയോഗം വർദ്ധിപ്പിച്ചിട്ടുണ്ട്. സാങ്കേതിക രംഗത്തെ നവീന ആശയങ്ങളെ കുറിച്ച് ബോധവൽക്കരണം നൽകുന്നതിനും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികളും ശിൽപ്പശാലകളും സംഘടിപ്പിച്ചു വരികയും ചെയ്യുന്നുണ്ട്.

കെ.ആർ.എഫ്.ബി.-സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന റോഡുകളിൽ നിലവിലെ റോഡിന് വശങ്ങളിലുള്ള Overhead cable എല്ലാം തന്നെ പ്രത്യേക ഭൂഗർഭ ഡക്റ്റുകൾ നിർമ്മിച്ച്

അതിലേക്ക് കടത്തി വിടുന്നു. ഇവമൂലം റോഡിന്റെ വശങ്ങളിലെ പോസ്റ്റ് എല്ലാം മാറ്റി വളരെ ഉന്നത നിലവാരത്തിലുള്ള റോഡുകളാക്കി മാറ്റാൻ സാധിക്കുന്നു.

(ബി) സംസ്ഥാന, ജില്ലാ റോഡുകൾ മുഴുവൻ ബി.എം.&ബി.സി. നിലവാരത്തിൽ പരിഷ്കരിക്കാനും നിശ്ചിത കാലയളവിലെ സംരക്ഷണ ചുമതല കോൺട്രാക്ടർക്കുതന്നെ നൽകാനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ റോഡുകളും ബി.എം.&ബി.സി. നിലവാരത്തിൽ ഘട്ടംഘട്ടമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരം റോഡുകളിൽ അവയുടെ നിർമ്മാണ രീതിയ്ക്കനുസരിച്ച് പരിപാലന കാലാവധി നിശ്ചിയിച്ചിട്ടുള്ളതും ടി കാലയളവിൽ ടി റോഡിന്റെ പരിപൂർണ്ണമായ സംരക്ഷണ ചുമതല പ്രവൃത്തി ചെയ്തിട്ടുള്ള കരാറുകാരനിൽ തന്നെ നിക്ഷിപ്തമാക്കിയിട്ടുള്ളതുമാണ്. പിന്നീട് റണ്ണിംഗ് കോൺട്രാക്ട് ഏർപ്പെടുത്തിയും റോഡുകളിൽ പരിപാലനം ഉറപ്പാക്കിയിട്ടുണ്ട്.

(സി) മഴക്കാലത്തിനുശേഷം റോഡുകൾക്ക് സംഭവിക്കുന്ന ചെറിയ നാശനഷ്ടങ്ങൾ അടിയന്തരമായി പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ റോഡുകളും 'Pot hole' ഇല്ലാതെ സംരക്ഷിക്കപ്പെടുകയെന്ന ഉദ്ദേശ്യത്തോടുകൂടി Running contract സംവിധാനം ഫലപ്രദമായി നടപ്പിൽ വരുത്തിയിട്ടുണ്ട്. അത് പ്രകാരം കരാർ നൽകി ഒരു വർഷക്കാലയളവിൽ ആ റോഡിന്റെ പരിപാലന ചുമതല ആ കരാറുകാരനാണ്. ആ ഘട്ടത്തിൽ റോഡിലുണ്ടാകുന്ന അറ്റകുറ്റപ്പണികൾ നിർവ്വഹിക്കേണ്ട ചുമതലകൾ ബന്ധപ്പെട്ട കരാറുകാരനാണ്. റണ്ണിംഗ് കോൺട്രാക്ട് നിലവിൽ വന്നതോടെ ഭൂരിഭാഗം റോഡുകളിലും കേടുപാടുകൾ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മഴക്കാലത്തിനുശേഷം ഉണ്ടാകാൻ സാധ്യതയുള്ള തകരാറുകൾകൂടി മുൻകൂട്ടി കണ്ടുകൊണ്ടാണ് അടങ്കൽ തയ്യാറാക്കാറുള്ളത്. അതിനാൽ താമസംവിനാ അടിയന്തര പരിഹാര നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നുണ്ട്.

**കുറ്റ്യാടി നിയോജക മണ്ഡലത്തിലെ റോഡുകൾ**

45(1257) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെട്ട റോഡുകളുടെ വിശദാംശങ്ങൾ നീളം, വീതി ഉൾപ്പെടെയുള്ള വിവരങ്ങൾ സഹിതം ലഭ്യമാക്കാമോ;

(ബി) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ ബി.എം.&ബി.സി. ചെയ്ത റോഡുകളുടെ ഭാഗങ്ങൾ, റോഡുകളുടെ പേര് തിരിച്ച് അറിയിക്കാമോ; ഇതിൽ ഏതൊക്കെ റോഡുകളിലാണ് ബി.എം.&ബി.സി. പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നത് എന്നത് വിശദമാക്കാമോ?

(എ & ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് ഭാഗത്ത് പ്രവൃത്തിയുടെ ഭരണാനുമതി**

46(1258) <u>ശ്രീ. മുരളി പെരുനെല്ലി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മണലൂർ മണ്ഡലത്തിലെ തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് കി.മീ. 14/100 മുതൽ 15/600 വരെയുള്ള ഭാഗത്തെ ഡെപ്പോസിറ്റ് പ്രവൃത്തിയുടെ ഭരണാനുമതിക്ക് നോമൺക്ലേച്ചർ മാറ്റം ആവശ്യമായതിനാൽ അതിനായി സർക്കാരിലേയ്ക്ക് 27-02-2023-ൽ സി.ഇ/ആർ.ഡി/ടി.സി.ആർ/എസ്റ്റാ./ 100046/21 നമ്പർ കത്ത് നൽകിയിട്ടുണ്ടെങ്കിലും ഇതുവരെ അനുമതി ലഭ്യമായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭാഗത്തെ ബഡ്ജറ്റ് പ്രവൃത്തിക്കൊപ്പം മേൽപ്പറഞ്ഞ ഡെപ്പോസിറ്റ് പ്രവൃത്തികൂടി പൂർത്തീകരിക്കാനായി അടിയന്തരമായി അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

(എ&ബി) പ്രസ്തുത ഡെപ്പോസിറ്റ് പ്രവൃത്തിയുടെ ഭരണാനുമതിക്ക് നോമൺക്ലേച്ചർ മാറ്റം ആവശ്യമാണ്. ആത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**കോമങ്കേരിചിറ-അംബേദ്കർ കോളനി-എ.സി.റോഡ് നവീകരണം**

47(1259) <u>ശ്രീ. ജോബ് മൈക്കിൾ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കോമങ്കേരിച്ചിറ-അംബേദ്കർ കോളനി-എ.സി. റോഡ് പൂർണ്ണമായും തകർന്ന് ഗതാഗതയോഗ്യമല്ലാതായി തീർന്നിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് നവീകരിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് പരിശോധിച്ച് ഭരണാനുമതി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) കുട്ടനാടിന്റെ വിവിധ പാടശേഖരങ്ങളിലൂടെ കടന്നുപോകുന്ന കോമങ്കേരിച്ചിറ-അംബേദ്കർ കോളനി-എ.സി. റോഡിന്റെ 0/000 മുതൽ 1/000 വരെ റോഡ് പുനരുദ്ധാരണം ചെയ്തിരുന്നതിനാൽ തുടർന്നുള്ള 1/000 മുതൽ 3/800 വരെയുള്ള മുഴവൻ ചെയിനേജ് ഉൾപ്പെടുത്തിയാണ് പ്രൊപ്പോസൽ നൽകിയിരുന്നത്. ഈ പ്രവൃത്തിക്കായി 100 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിരുന്നു. 17-07-2019-ൽ ശ്രീ. കെ. വി. തോമസ്, കോതംപ്ലാക്കൽ, തെള്ളകം പി. ഒ., കോട്ടയം എന്ന

കരാറുകാരൻ പ്രവൃത്തി കരാർ വയ്ക്കുകയും 26-07-2019-ൽ പ്രവൃത്തി ആരംഭിക്കുന്നതിലേയ്ക്കായി കരാറുകാരന് റോഡ് കൈമാറ്റം ചെയ്യുകയും ടി പ്രവൃത്തിയുടെ പ്രാഥമിക ലെവലിന് അംഗീകാരം നൽകിയതിനുശേഷം യാതൊരുവിധ പ്രവൃത്തിയും ചെയ്തിട്ടില്ലാത്തതിനാൽ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ ടി പ്രവൃത്തിയിൽനിന്നും ഒഴിവാക്കുകയും ചെയ്തിരുന്നു.

എസ്റ്റിമേറ്റ് തയ്യാറാക്കിയ സമയത്ത് കി.മീ. 2/500 മുതൽ 3/800 വരെയുള്ള റോഡ് ഭാഗം സഞ്ചാര യോഗ്യമായിരുന്നതിനാൽ കി.മീ. 1/000 മുതൽ 2/500 (1.5 കി.മീ.) വരെയുള്ള ഭാഗം മാത്രം ഉൾപ്പെടുത്തിയാണ് ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്.

ബാലൻസ് എസ്റ്റിമേറ്റിൽ നിലവിലുള്ള നിയമപ്രകാരം 18 ശതമാനം ജി.എസ്.ടി. ഉൾപ്പെടുത്തേണ്ടതുള്ളതിനാൽ പ്രസ്തുത എസ്റ്റിമേറ്റിന്റെ VAT Component റേറ്റ് കുറച്ച് നിലവിലുള്ള 18 ശതമാനം ജി.എസ്.ടി. ഉൾപ്പെടുത്തി, 115.20571 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിൽ നിലവിലെ പ്രവൃത്തി കീ.മീ. 1/000 മുതൽ 2/500 വരെ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ ഈ

പ്രവൃത്തിയുടെ ഭരണാനുമതിയിലെ പ്രവൃത്തിയുടെ പേരിൽ കി.മീ. 1/000 മുതൽ 3/800 എന്നതിന് പകരം കി.മീ. 1/000 മുതൽ 2/500 എന്നാക്കി പുതുക്കിയ ഭരണാനുമതി നൽകുന്നത് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

കി.മീ. 2/500 മുതൽ 3/800 വരെയുള്ള ഭാഗത്തെ പ്രവൃത്തിക്ക് പുതിയ പ്രപ്പോസൽ തയ്യാറാക്കിവരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറക്ക് അവശേഷിക്കുന്ന 2/500 മുതൽ 3/800 വരെയുള്ള റോഡ് ഭാഗവും പ്രവൃത്തി എറ്റെടുത്ത് നടപ്പിലാക്കാൻ കഴിയുന്നതാണ്.

**കോഴിക്കോട് വിമാനത്താവളത്തിലേയ്ക്ക് എത്തിച്ചേരുന്ന റോഡുകളുടെ നവീകരണം**

48(1260) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിലേയ്ക്ക് എത്തിച്ചേരുന്ന റോഡുകളുടെ നവീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) എൻ.എച്ച്. 966 കോഴിക്കോട്-പാലക്കാട് ദേശീയപാതയിൽ രാമനാട്ടുകര മുതൽ എയർപോർട്ട് ജംഗ്ഷൻ വരെയുള്ള റോഡ് വികസിപ്പിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

(എ&ബി) ദേശീയപാത 966-ൽ രാമനാട്ടുകര മുതൽ എയർപോർട്ട് വരെയുള്ള ഭാഗം നാലുവരി പാതയാക്കി വികസിപ്പിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. കരിപ്പൂർ അപ്രോച്ച് റോഡ് വികസന പ്രവൃത്തികൾക്കുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി) ദേശീയപാതയിൽ കുളത്തൂർ ജംഗ്ഷൻ മുതൽ എയർപോർട്ട് വരെ റോഡ് നവീകരിച്ച് അന്താരാഷ്ട്ര വിമാനത്താവളത്തിന് യോജിച്ച ആഗമന ഗേറ്റും ഫുട്പാത്തുകളും സ്ഥാപിക്കുന്നതിനുവേണ്ടി സമർപ്പിച്ച 19.5 കോടി രൂപയുടെ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

പ്രസ്തുത പ്രവൃത്തിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിശോധിച്ച് വകുപ്പിന്റെ ലഭ്യതകൂടി ഉറപ്പുവരുത്തി സമർപ്പിക്കാൻ നിർദ്ദേശം നൽകി.

(ഡി) 2023-24 സംസ്ഥാന ബഡ്ജറ്റിന്റെ ചർച്ചയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിൽ കോഴിക്കോട് വിമാനത്താവളത്തിലേയ്ക്ക് എത്തിച്ചേരുന്ന റോഡുകൾ നവീകരിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽനിന്നും നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ദേശീയപാത 966-ൽ രാമനാട്ടുകര മുതൽ എയർപോർട്ട് വരെയുള്ള ഭാഗം നാലുവരി പാതയാക്കി വികസിപ്പിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. മറ്റു റോഡുകളുടെ കാര്യം പരിശോധിച്ചു വരുന്നു.

**ദേശീയപാത 66-ലെ ടോൾ ബൂത്തുകൾ**

49(1261) **ശ്രീ. കെ. ബാബു (നെന്മാറ):** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ൽ ടോൾ ബൂത്തുകൾ പ്രത്യേകമായി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ടോൾ ബൂത്തുകൾ ഇല്ലെങ്കിൽ പകരം സംവിധാനമെന്താണെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്.

(സി) ടോൾ പിരിക്കുന്നതിന് ദേശീയപാത അതോറിറ്റിയുടെ മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

1956-ലെ ദേശീയപാത നിയമം (1956 ലെ 48-ാം ആക്റ്റ്) വകുപ്പ്-7, 1997, 2008 വർഷങ്ങളിലെ ദേശീയപാത ഫീസ് (നിരക്ക് നിർണ്ണയം, ശേഖരണം) ചട്ടങ്ങളിലെ ചട്ടം-3 ഉം പ്രസ്തുത നിയമങ്ങൾക്ക് കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ പ്രകാരവും കേന്ദ്ര സർക്കാർ മെക്കാനിക്കൽ വാഹനങ്ങൾക്ക് ടോൾ ഫീ ചുമത്തുകയും ആയത് ഈടാക്കുന്നതിന് ദേശീയപാത അതോറിറ്റിയെ അധികാരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) നിലവിൽ ദേശീയ പാതയിൽ എവിടെയൊക്കെയാണ് ടോൾ ബൂത്തുകൾ ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) 2016 മുതൽ 2023 വരെ സംസ്ഥാനത്തു നിന്നും ടോൾ ഇനത്തിൽ ഈടാക്കിയ തുകയുടെ കണക്ക് ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകാമോ?

(ഡി & ഇ) ദേശീയപാത അതോറിറ്റിയുടെയും ആർ.ബി.ഡി.സി.കെ.-യുടെയും കീഴിലുള്ള ടോൾ ബൂത്തിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ 2021-നുശേഷം ആർ.ബി.ഡി.സി.കെ. ദേശീയപാതയിൽ ടോൾ പിരിക്കുന്നില്ല.

**കുന്നത്തുനാട് മണ്ഡലത്തിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ**

50(1262) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയതും ഭരണാനുമതി ലഭിച്ചതുമായ പെരുമ്പാവൂർ-പുത്തൻകുരിശ് റോഡിന്റേയും തിരുവാണിയൂർ-വെട്ടിക്കൽ റോഡിന്റേയും നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) പെരുമ്പാവൂർ-പുത്തൻകുരിശ് റോഡിലെ പ്രവൃത്തിയുടെ ഭാഗമായ റോഡിന്റെ വീതി കൂട്ടൽ ദ്രുതഗതിയിൽ പുരോഗമിച്ചുവരികയാണ്. ആയത് പൂർത്തിയാകുന്നതോടുകൂടി ബി.എം. പ്രവൃത്തി ആരംഭിക്കുന്നതാണ്. റോഡിലെ വാഹന തിരക്കുമൂലം പ്രവൃത്തിയുടെ ഭാഗമായ കലുങ്കിന്റെ നിർമ്മാണം രണ്ടു ഘട്ടമായാണ് നടപ്പിലാക്കുന്നത്. ഇതിൽ ഒന്നാംഘട്ടം പൂർത്തിയാക്കിയിട്ടുള്ളതാണ്. തിരുവാണിയൂർ-വെട്ടിക്കൽ റോഡിൽ "General Budget work 2023-24 BM &BC from Thiruvaniyoor (Km. 0/000 to Vettikkal Km. 2/530) General Civil Work" എന്ന ബഡ്ജറ്റ് പ്രവൃത്തി കരാറുകാരന് എഗ്രിമെന്റ് നടപടികൾ പൂർത്തിയാക്കി 31-08-2023-ന് സൈറ്റ് കൈമാറിയിട്ടുള്ളതാണ്. എന്നാൽ റോഡിൽ വാട്ടർ അതോറിറ്റിയുടെ ജൽജീവൻ മിഷൻ (JJM) പ്രവൃത്തിയുള്ളതിനാൽ കരാറുകാരനെ പ്രസ്തുത പ്രവൃത്തിയിൽനിന്നും ഒഴിവാക്കണമെന്ന് കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ജൽജീവൻ മിഷന്റെ കട്ടിംഗിനുള്ള റെസ്റ്റൊറേഷൻ തുക കേരള വാട്ടർ അതോറിറ്റി ഒടുക്കിയിട്ടില്ലാത്തതിനാൽ കട്ടിംഗിനുള്ള അനുവാദം നിലവിൽ നൽകിയിട്ടില്ല.

**കല്ലടക്ക-ചെർക്കള റോഡ് പുനർനിർമ്മാണം**

51(1263) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ കല്ലടക്ക-ചെർക്കള റോഡ് പുനർനിർമ്മിക്കുന്നതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച തീയതികൾ, കവറിൽ ഒപ്പുവച്ച തീയതി എന്നിവ വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി തുക എത്രയായിരുന്നുവെന്നും മുഴുവൻ തുകയുടെയും പ്രവൃത്തികൾ നടന്നു കഴിഞ്ഞോ എന്നും വ്യക്തമാക്കാമോ?

(എ&ബി) കാസർഗോഡ് നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ കല്ലടക്ക-ചെർക്കള റോഡ് പുനർനിർമ്മാണത്തിനായി 20 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും കിഫ്ബിയിൽ നിന്നും 39.76 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുള്ളതുമാണ്.

ഭരണാനുമതി തീയതി - 01-11-2016

സാങ്കേതികാനുമതി തീയതി - 11-07-2018

കരാറിൽ ഒപ്പുവച്ച തീയതി - 17-10-2018

സാമ്പത്തികാനുമതി ലഭിച്ച മുഴുവൻ തുകയുടെ പ്രവൃത്തികൾ ഇപ്പോൾ പൂർത്തീകരിച്ചിട്ടില്ല.

(സി) ഇതുവരെ ചെയ്ത പ്രവൃത്തികളെയും ഇനി ചെയ്യാൻ ബാക്കിയുള്ള പ്രവൃത്തികളെയും സംബന്ധിച്ച വിശദാംശം നൽകാമോ?

പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം 19.19 കിലോമീറ്റർ റോഡാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പ്രവൃത്തിക്കായി സർവ്വേ ചെയ്തപ്പോൾ ആകെ റോഡിന്റെ നീളം 18.63 കിലോമീറ്ററാണെന്ന് കണ്ടെത്തിയിരുന്നു. ഇതിൽ KSTP പദ്ധതിയിൽ ഉൾപ്പെട്ട 727 മീറ്റർ ഒഴികെയുള്ള 17.90 കിലോമീറ്റർ നീളമാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ആയതിൽ 16.61 കിലോമീറ്റർ നീളത്തിൽ ആദ്യ ലയർ ടാറിംഗ് പൂർത്തീകരിച്ചു. ശേഷിക്കുന്ന സെക്കൻഡ് ലയർ ടാറിംഗ്, റോഡ് സുരക്ഷാ സംവിധാനങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ, റോഡ് മാർക്കിംഗ് പ്രവൃത്തികൾ, എന്നിവ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്.

(ഡി) നിലവിലെ കരാറുകാരൻ എത്ര രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചുവെന്നും കരാറുകാരന് മുഴുവൻ തുകയും നൽകിയോ എന്നും വ്യക്തമാക്കാമോ?

നിലവിൽ കരാറുകാരൻ 27,87,11,193/- രൂപയുടെ പ്രവൃത്തി ചെയ്തിട്ടുണ്ട്; ആയതു കരാറുകാരന് അനുവദിച്ചിട്ടുള്ളതുമാണ്.

(ഇ) കരാറുകാരൻ പ്രവൃത്തി പകുതി വഴി ഉപേക്ഷിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(എഫ്) നിലവിലെ കരാറുകാരനെ പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏത് നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് ഒഴിവാക്കിയതെന്നും ഏറ്റെടുത്ത പ്രവൃത്തി പകുതിയിൽ ഉപേക്ഷിക്കുമ്പോൾ കരാറുകാരൻ പാലിക്കേണ്ട നിബന്ധനകൾ ഈ കരാറുകാരൻ പാലിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

(ഇ&എഫ്) കിഫ്ബിയുടെ നിർദ്ദേശ പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ കാര്യേജ് വേ 7 മീറ്ററിൽ നിന്നും 9 മീറ്ററിലേയ്ക്ക് അഭിവൃദ്ധിപ്പെടുത്തി. ആയതുമൂലം പ്രവൃത്തിക്ക് പുതുക്കിയ എസ്റ്റിമേറ്റ് ആവശ്യമായിവന്നു.

കിഫ്ബിയുടെ നിർദ്ദേശപ്രകാരം ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് കരാറുകാരൻ അധിക നിരക്ക് ആവശ്യപ്പെടുകയും ബാക്കി പ്രവൃത്തി ചെയ്യാൻ കഴിയില്ലെന്ന് അറിയിക്കുകയും ചെയ്ത സാഹചര്യത്തിൽ 21-03-2023-ൽ പ്രസ്തുത പ്രവൃത്തി ഫോർക്ലോസ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ ഡിഫക്ട് ലയബിലിറ്റി പിരീഡിൽനിന്നും കരാറുകാരനെ ഒഴിവാക്കിയിട്ടില്ല.

(ജി) ഈ റോഡിന്റെ ബാക്കിയുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്നും അതിന് വേണ്ടിവരുന്ന തുക എത്രയാണെന്നും പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്നും അതിനുവേണ്ടി സ്വീകരിക്കാനിരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

ബാക്കി വരുന്ന പ്രവൃത്തികളായ സെക്കന്റ് ലെയർ ടാറിംഗ്, റോഡ് സുരക്ഷാ സംവിധാനങ്ങൾ, കലുങ്കുകൾ, ഓവുചാലുകൾ, സംരക്ഷണഭിത്തി, പ്രധാന ജംഗ്ഷനുകളുടെ അഭിവൃദ്ധിപ്പെടുത്തൽ മുതലായവ ഉൾപ്പെടുത്തിയിട്ടുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. ആയതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സംസ്ഥാനത്തെ തീരദേശ ഹൈവേകളുടെ നിർമ്മാണ പുരോഗതി**

52(1264) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തീരദേശ ഹൈവേകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തി തീരദേശഹൈവേ പദ്ധതിയുടെ പുരോഗതി നിശ്ചിത ഇടവേളകളിൽ വിലയിരുത്തുന്നുണ്ട്. ഇതിനുപുറമെ, മന്ത്രിതലത്തിലും പ്രവർത്തി പുരോഗതി വിലയിരുത്തുന്നു. പദ്ധതിയുടെ 400 കിലോമീറ്റർ ഭാഗത്ത് സ്ഥലം ഏറ്റെടുക്കലിനായി 2082 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽനിന്നും നൽകിയതാണ്. തുടർന്ന് സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാനുള്ള റവന്യൂ ഉത്തരവ്, കല്ലിടാനുള്ള 6(1) നോട്ടിഫിക്കേഷൻ എന്നിവ

പ്രസിദ്ധീകരിക്കുകയും 346 കിലോമീറ്റർ ഭാഗത്ത് കല്ലിടൽ പൂർത്തിയാക്കുകയും, 202 കിലോമീറ്റർ ഭാഗത്ത് 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും ചെയ്തു. ഇതിൽ 16.90 കിലോമീറ്റർ ഭാഗത്ത് സാമൂഹിക ആഘാത പഠനം പൂർത്തിയാക്കി 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. 1.87 കിലോമീറ്റർ ഭാഗത്ത് നഷ്ടപരിഹാര തുക വിതരണം ചെയ്ത് സ്ഥലം ഏറ്റെടുത്തു. ഇതിനുപുറമെ 11.10 കിലോമീറ്റർ ഭാഗത്തെ തീരദേശഹൈവേ റോഡ് നിർമാണവും ഈ സർക്കാർ കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) സ്ഥലം ഏറ്റെടുക്കുന്നതിൽ നിലവിലുണ്ടായിരുന്ന തടസ്സങ്ങൾ നീക്കുന്നതിനും സ്ഥലമെടുപ്പ് സുതാര്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

പദ്ധതിക്കുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നത് 2013-ലെ RFCTLARR ആക്ട് അടിസ്ഥാനമാക്കിയാണ്. ഇതിനുപുറമെ തീരദേശ മേഖലയുടെ സവിശേഷതകൾ കണക്കിലെടുത്ത് തീരദേശ ഹൈവേയുടെ സ്ഥലം ഏറ്റെടുക്കലിനുള്ള പ്രത്യേക പുനരധിവാസ പാക്കേജ് സർക്കാർ

പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിൽ ഈ പാക്കേജിനെ കുറിച്ച് പദ്ധതി പ്രദേശത്തെ ജനങ്ങളെ ബോധവത്കരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തീരദേശ ഹൈവേ പദ്ധതിയുടെ റീഹാബിലിറ്റേഷൻ പ്രവൃത്തികൾക്കുള്ള എസ്.പി.വി. ആയി നിയോഗിച്ചിട്ടുള്ള കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC) അതിർത്തി കല്ലുകൾ സ്ഥാപിച്ച റീച്ചുകളിൽ വീടുവീടാന്തരം സർവ്വേ നടത്തി, പദ്ധതിയെ കുറിച്ച് ജനങ്ങളോട് വിശദീകരിക്കുകയും പദ്ധതിയെ കുറിച്ചുള്ള ആശങ്കകൾ ദൂരീകരിക്കുകയും ചെയ്യുന്നുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിച്ച് റവന്യൂ വകുപ്പ് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച ഇടങ്ങളിൽ സാമൂഹിക ആഘാത പഠനത്തിന്റെ ഭാഗമായി പബ്ലിക് ഹിയറിങ് നടത്തുന്നുണ്ട്.

(സി) ഇതിനകം ഏറ്റെടുക്കാൻ കഴിഞ്ഞ ഭൂമിയുടെ വിവരം വ്യക്തമാക്കുമോ?

തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ രണ്ട് പാലം പ്രവൃത്തികൾക്കായി 1.44 ഹെക്ടർ ഭൂമി നഷ്ടപരിഹാര തുക വിതരണം ചെയ്ത് ഏറ്റെടുത്തിട്ടുണ്ട്.

(ഡി) ടൂറിസം സാധ്യതകൾകൂടി കണക്കിലെടുത്ത് തീരദേശ ഹൈവേകളുമായി ബന്ധപ്പെടുത്തി എന്തെല്ലാം പ്രവൃത്തികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വിശദമാക്കുമോ?

വിനോദ സഞ്ചാരികളെ ലക്ഷ്യം വച്ച് സൈക്കിൾ ട്രാക്കുകൂടി ഉൾപ്പെടുത്തിയാണ് തീരദേശ ഹൈവേ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനുപുറമെ ടൂറിസം സാദ്ധ്യതകൾ പരിഗണിച്ച് ബീച്ച് സൈഡ് അമിനിറ്റികൾ, പ്രോമിനെയ്ഡുകൾ, എന്നിവ കൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ഇ) സംസ്ഥാന-ദേശീയ പാതകളിലേയ്ക്ക് തീരദേശ ഹൈവേകളെ ബന്ധിപ്പിക്കുന്നതിന് അനുബന്ധ റോഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിൽ തീരദേശ ഹൈവേയുടെ 65.3 കിലോമീറ്റർ ഭാഗം ദേശീയ പാത 66-ന്റെ അലൈൻമെന്റ് തന്നെയാണ് ഉപയോഗിക്കുന്നത്. ഇവിടങ്ങളിൽ പുതിയതായി നിർമിക്കുന്ന തീരദേശ ഹൈവേ റോഡും ദേശീയപാത 66-ഉം തമ്മിൽ ബന്ധിപ്പിക്കുന്നുണ്ട്. ചില ഇടങ്ങളിൽ

നിലവിലെ സംസ്ഥാന പാതയെ തീരദേശ ഹൈവേയായി നവീകരിക്കുകയും ചെയ്യുന്നുണ്ട്. അല്ലാതെ തീരദേശ ഹൈവേ റോഡുകളെ സംസ്ഥാന,ദേശീയ പാതകളുമായി ബന്ധിപ്പിക്കുന്ന പാതകൾ വികസിപ്പിക്കുന്ന പദ്ധതി പ്രത്യേകമായി പരിശോധിക്കുന്നുണ്ട്.

**മാവേലിക്കര നിയോജകമണ്ഡലത്തിലെ റോഡുകളുടെ ടാറിംഗ്**

53(1265) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ പി.ഡബ്ല്യു.ഡി.-യുടെ ഏതെല്ലാം റോഡുകൾ എത്ര കിലോമീറ്റർ നീളത്തിൽ ബി.എം.&ബി.സി. ടാറിംഗ് ചെയ്യാനുണ്ടെന്നും ആയതിന് എത്ര തുക ആവശ്യമായി വരുമെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത റോഡുകൾ ബി.എം.&ബി.സി. ടാറിംഗ് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ടോ; ആയവയ്ക്ക് ആവശ്യമായ തുക അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) മാവേലിക്കര നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ആകെ 12 റോഡുകളിൽ ബി.എം.&ബി.സി. ചെയ്യാനുണ്ട്. നിലവിലെ സ്ഥിതി അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ദേവികുളം മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണം**

54(1266) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)പി.ഡബ്ല്യൂ.ഡി./ആർ.ബി../ഇ.എസ്.റ്റി./16842/2023 ഡെപ്പോസിറ്റ് വർക്കിൽ ഉൾപ്പെടുത്തി ദേവികുളം മണ്ഡലത്തിലെ ഏതൊക്കെ റോഡുകളുടെ നിർമ്മാണം നടത്തുമെന്ന് വിശദമാക്കാമോ?

ദേവികുളം മണ്ഡലത്തിലെ ചുരക്കുളം-കാരയൂർ, കുന്തര-നെട്ടമാശിവയൽ എന്നീ റോഡുകളുടെ നിർമ്മാണമാണ് നടത്തുന്നത്.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇതുമായി ബന്ധപ്പെട്ട ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പ്രവൃത്തിയുടെ ടെണ്ടർ നടപടികൾക്കായി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.

**റീബിൽഡ് കേരള പദ്ധതിയിലുള്ള തിരുവനന്തപുരം-പൊൻമുടി റോഡ് നവീകരണം**

55(1267) <u>ശ്രീ. ജി. സ്റ്റീഫൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.ടി.പി. മുഖേന നടപ്പിലാക്കുന്ന തിരുവനന്തപുരം-പൊൻമുടി റോഡ് നവീകരണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തി M/s. ANTECH PRL (JV) എന്ന കരാർ കമ്പനിക്ക് 20-10-2021-ലെ 369/KSTP/PMT/PWD/2021 നമ്പരായി 167.70 കോടി രൂപയ്ക്ക് എഗ്രിമെൻറ് വച്ചിട്ടുള്ളതും 08-12-2021-ൽ സൈറ്റ് കൈമാറി നൽകിയിട്ടുള്ളതുമാണ്. 28 കലുങ്കുകൾ, 15100 മീറ്റർ RCC Drain, 281 മീറ്റർ Retaining Wall, 1970 മീറ്റർ Toe Wall, 6200 മീറ്റർ Irish/Trapezoidal Drain, 5

പൈപ്പ് കലുങ്കുകൾ, 5 കലുങ്കുകളുടെ പുനരുദ്ധാരണം എന്നിവ കരാറുകാരൻ പൂർത്തിയാക്കിയിട്ടുണ്ട്. 07-12-2023-ന് കാലാവധി അവസാനിച്ച ഈ പ്രവൃത്തിയുടെ ഇതുവരെയുള്ള നിർമ്മാണ പുരോഗതി 22.65 ശതമാനമാണ്.

(ബി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

പ്രവൃത്തിയുടെ പുരോഗതി കുറവാണെന്ന് കെ.എസ്.ടി.പി.-യിൽനിന്നും നിരവധി തവണ പ്രവൃത്തിയുടെ കൺസൾട്ടൻറായ M/s. Sal-ORION-ന് കത്ത് നൽകുകയും കൺസൾട്ടന്റ് 30-12-2022, 06-09-2023 തീയതികളിൽ Notice to Correct കോൺട്രാക്ടർക്ക് നൽകിയിട്ടുള്ളതുമാണ്. എന്നാൽ കരാറുകാരന്റെ ഭാഗത്തുനിന്നും നിശ്ചയിച്ച പ്രവർത്തന പുരോഗതിയും ഉണ്ടായില്ല.

ഇതിനെ തുടർന്ന് പൊതുമരാമത്ത് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 11-01-2024 ന് കൂടിയ യോഗത്തിൽ കരാറുകാരൻ പ്രവൃത്തി തുടരുന്നില്ലെങ്കിൽ കരാറുകാരനെ പ്രവൃത്തിയിൽനിന്നും ടെർമിനേറ്റ് ചെയ്യാൻ നിർദ്ദേശിച്ചു. വീണ്ടും കരാറുകാരനുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ 17-01-2024

തീയതി മുതൽ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ടെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

Km 12.450 മുതൽ km 12.600 വരെ GSB പ്രവൃത്തികളും km 7+066 മുതൽ km 7+0866 (LHS) ഡ്രെയിൻ പ്രവൃത്തികളും പുരോഗമിച്ചു വരുന്നു. km 7+066 മുതൽ 7+086 (LHS) വരെ Drain raft concreting ചെയ്തിട്ടുണ്ട്. ഒരു മാസത്തെ പുരോഗതി വിലയിരുത്തി പ്രവൃത്തി തൃപ്തികരം അല്ലെങ്കിൽ കോൺട്രാക്ട് വ്യവസ്ഥ പ്രകാരം കരാറുകാരനെ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള കടുത്ത നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**റോഡുകളിൽ താൽക്കാലിക റീ-ടാറിംഗ്**

56(1268) <u>ശ്രീ. പി. ടി. എ. റഹീം:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ആർ.എഫ്.ബി.-ക്ക് കൈമാറിയ റോഡുകളിൽ നിശ്ചയിച്ച പ്രവൃത്തികൾ കാലതാമസം നേരിടുന്ന സാഹചര്യത്തിൽ താൽക്കാലികമായ റീ-ടാറിംഗ് നടത്തുന്നതിന് എന്ത് സംവിധാനമാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കിഫ്ബി ധനസഹായത്തോടുകൂടി കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നടപ്പിലാക്കാൻ നിശ്ചയിച്ച റോഡ് പ്രവൃത്തികളിൽ ചിലതിൽ സ്ഥലം ഏറ്റെടുക്കൽ, യൂട്ടിലിറ്റി ഷിഫ്റ്റിങ് മുതലായവ മൂലം കാലതാമസം നേരിടുന്ന സാഹചര്യത്തിൽ താൽക്കാലികമായി അറ്റകുറ്റപ്പണികൾ ചെയ്ത് റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് 100 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. ഇതിൽ അതാത് ജില്ലകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ആവശ്യപ്പെടുന്നതനുസരിച്ച് ഭരണാനുമതി നൽകിവരുന്നു. ഇപ്രകാരം കിഫ്ബി അനുവദിച്ച 100 കോടി രൂപയും വിനിയോഗിച്ച് അറ്റകുറ്റപണികൾ നടപ്പിലാക്കിയ സാഹചര്യത്തിൽ അറ്റകുറ്റപ്പണികൾ ആവശ്യമുള്ള കൂടുതൽ റോഡുകൾക്ക് 50 കോടി രൂപ കൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പി.എം.യു.-കെ.ആർ.എഫ്.ബി.-യിൽ നിന്ന് കിഫ്ബിക്ക് 07-10-2023-ൽ കത്ത് നൽകിയിട്ടുണ്ട്. ആയത് അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് അറ്റകുറ്റപ്പണികൾക്ക് തുക അനുവദിക്കാൻ കഴിയുന്നതാണ്.

(ബി) മാവൂർ എൻ.ഐ.ടി.-കൊടുവള്ളി റോഡിൽ റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

മാവൂർ-NIT-കൊടുവള്ളി റോഡ് അടിയന്തിരമായി ഗതാഗത യോഗ്യമാക്കുന്നതിന് അറ്റകുറ്റപ്പണികൾക്ക് തുക ആവശ്യപ്പെട്ട് 07-10-2023-ന് പി.എം.യു.-കെ.ആർ.എഫ്.ബി.-ൽ നിന്ന് കിഫ്ബിയിലേക്ക് സമർപ്പിച്ച, റോഡുകളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തിക്കായി 80 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. തുക അനുവദിക്കുന്ന മുറയ്ക്ക് അറ്റകുറ്റപ്പണികൾ നടത്തി റോഡ് ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത റോഡിൽ വാട്ടർ അതോറിറ്റിയുടെയും, JJM പദ്ധതിയുടെയും പൈപ്പ്ലൈൻ സ്ഥാപിക്കുന്നതുമൂലം വന്നിട്ടുള്ള കേടുപാടുകൾ തീർക്കുന്നതിനും റെസ്റ്റോറേഷൻ നടത്തുന്നതിനും കേരള വാട്ടർ അതോറിറ്റിക്ക് നിർദേശം നൽകിയിട്ടുണ്ട്.

**മേലാറ്റൂർ-പുലാമന്തോൾ റോഡ് പുനരുദ്ധാരണം**

57(1269) <u>ശ്രീ. നജീബ് കാന്തപുരം:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തിയ മേലാറ്റൂർ-പുലാമന്തോൾ സംസ്ഥാന പാതയിലെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

(എ&ബി) പ്രസ്തുത പ്രവൃത്തിയിൽ നിലവിലുള്ള റോഡ് 7 മീറ്റർ വീതിയിൽ ബി.എം.&ബി.സി. പ്രതലം ആക്കാനും കലുങ്കുകളുടെയും ഓടകളുടെയും നിർമ്മാണവും റോഡ് സുരക്ഷാ ക്രമീകരണങ്ങളുടെ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 30.88 കിലോമീറ്റർ റോഡ് വീതി കൂട്ടുന്നതിൽ 27.65 കിലോമീറ്റർ ദൂരം granular works പൂർത്തീകരിച്ചിട്ടുണ്ട്. 14.75 കിലോമീറ്റർ നീളത്തിൽ DBM നിർമ്മാണവും 4.3 കിലോമീറ്റർ നീളത്തിൽ BC നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. റോഡിന്റെ

ഇരുവശങ്ങളിലുമായി 52.70 കിലോമീറ്റർ നീളം വരുന്ന ഓടയുടെ നിർമ്മാണത്തിൽ 35.8 കിലോമീറ്റർ ദൈർഘ്യത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്.

18 മാസത്തെ നിർമ്മാണ കാലാവധിയോടെ 20-01-2021-നാണ് ഈ പ്രവൃത്തി ആരംഭിച്ചിട്ടുള്ളത്. ആകെയുള്ള പ്രവൃത്തിയുടെ 50.24 ശതമാനം മാത്രമാണ് ഇതുവരെ പൂർത്തീകരിച്ചിട്ടുള്ളത്. 31-12-2023 വരെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയെങ്കിലും കരാറുകാരൻ പ്രവൃത്തി ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. Article 23.12 പ്രകാരം നിലവിൽ കരാറുകാരനെ ഒഴിവാക്കുന്നതിനുവേണ്ടിയുള്ള നടപടി ക്രമങ്ങൾ KSTP ചീഫ് എഞ്ചിനീയറുടെ കാര്യാലത്തിൽനിന്നും സ്വീകരിച്ചു വരുന്നു.

**മലപ്പുറം ജില്ലയിലെ മലയോര ഹൈവേ**

58(1270) <u>ശ്രീ. പി. കെ. ബഷീർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ മലയോര ഹൈവേ കടന്നുപോകുന്ന പ്രദേശങ്ങൾ, അനുവദിക്കപ്പെട്ട തുക, പൂർത്തീകരിച്ച റീച്ചുകൾ ഇവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

മലപ്പുറം ജില്ലയിൽ മലയോര ഹൈവേ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 6 റീച്ചുകളാണ് നിലവിൽ ഉള്ളത്. ഓരോ റീച്ചുകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പൂക്കോട്ടുംപാടം - കാളികാവ് - കേരള എസ്റ്റേറ്റ് - കിഴക്കേത്തല – കരുവാരക്കുണ്ട് - ചിറക്കൽ - പുൽവേറ്റ-കരിങ്കൽത്തോണി-പൊൻപാറ (21.01 കി.മീ):

പ്രസ്തുത റോഡിന്റെ നിർമാണ പ്രവൃത്തിക്കായി കിഫ്ബിയിൽനിന്നും 131.62 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. ടി റോഡിന് 2 റീച്ചുകളാണുള്ളത്.

(i) റീച്ച് – 1 - പൂക്കോട്ടുംപാടം മുതൽ കാളികാവ് വരെ (47/890 മുതൽ 60/200 വരെ)

പ്രസ്തുത റോഡിന് ഏകദേശം 12.310 കിലോമീറ്റർ നീളമുണ്ട്. പ്രസ്തുത റോഡിന്റെ നിർമാണ പ്രവൃത്തിക്ക് 23-05-2022-ൽ 75.79 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ കരാർ തുക 64,26,19,888/- രൂപയാണ്. നിലവിൽ പ്രവൃത്തിയുടെ 19 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ii) <u>റീച്ച്-2-കാളികാവ് മുതൽ കരുവാരക്കുണ്ട്ചിറക്കൽ വരെ (60/200 മുതൽ 68/900 വരെ)</u>

ടി റോഡിന് ഏകദേശം 8.70 കിലോമീറ്റർ നീളമുണ്ട്. നിർമ്മാണ പ്രവൃത്തിക്ക് 49.96 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ കരാർ തുക 408832382.56 രൂപയാണ്. നിലവിൽ ഡി.ബി.എം വരെയുള്ള പ്രവൃത്തികൾ ഉൾപ്പെടെ 73 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

2) <u>ചിറക്കൽ മുതൽ മേലാറ്റൂർ (11.215 കിലോമീറ്റർ) വരെയും ഉച്ചാരക്കടവ് മുതൽ കാഞ്ഞിരംപാറ (1.06 കിലോമീറ്റർ) വരെയും:</u>

പ്രസ്തുത റോഡിന് ചിറക്കൽ മുതൽ മേലാറ്റൂർ വരെ 11.215 കിലോമീറ്റർ നീളവും ഉച്ചാരക്കടവ് മുതൽ കാഞ്ഞിരംപാറ വരെ 1.060 കിലോമീറ്റർ നീളവുമുണ്ട്. പ്രസ്തുത റോഡിന്റെ നിർമാണ പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്നും 40.60 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ നിർമ്മാണത്തിന് അധിക തുക ആവശ്യമായതിനാൽ കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു .

3) <u>പൂക്കോട്ടുംപാടം മൂലേപ്പാടം ബ്രിഡ്ജ് റോഡ് (20.750 കിലോമീറ്റർ):</u>

പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് 55.28 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത റോഡിന് 2 റീച്ചുകളാണുള്ളത്.

(i) <u>റീച്ച് – 1 പൂക്കോട്ടുംപാടം മുതൽ മൈലാടി പാലം വരെ (0/000 മുതൽ 10/900 വരെ)</u>

പ്രസ്തുത റോഡിന് 10.900 കിലോമീറ്റർ നീളമുണ്ട് പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് 49.5 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ കരാർ തുക 43,09,07,904/- രൂപയാണ്. നിലവിൽ പ്രവൃത്തിയുടെ 25 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ii) <u>റീച്ച് 2 - മൈലാടി പാലം മുതൽ മൂലേപ്പാടം വരെ (10 /900 മുതൽ 20/750 വരെ)</u>

പ്രസ്തുത റോഡിന് 9.850 കിലോമീറ്റർ നീളമുണ്ട്. പ്രസ്തുത റോഡിന്റെ നിർമ്മാണത്തിന് അധിക തുക ആവശ്യമായതിനാൽ കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4) <u>നിലമ്പൂർ മൂലേപ്പാടം നായാടംപൊയിൽ വളന്തോട് റോഡ് (കിലോമീറ്റർ 11/000 മുതൽ കിലോമീറ്റർ 26/000 വരെ):</u>

പ്രസ്തുത റോഡിന് 15 കിലോമീറ്റർ നീളമുണ്ട്. പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് കിഫ്ബിയിൽനിന്നും 80.03 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏറനാട് മണ്ഡലത്തിൽ കൂടി നിർമ്മിക്കുന്ന നിലമ്പൂർ-നായാട്ടുംപോയിൽ റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഏറനാട് നിയോജകമണ്ഡലത്തിലെ നിലമ്പൂർ മൂലേപ്പാടം നായാടംപൊയിൽ വളന്തോട് റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**എം.സി. റോഡ് നാലുവരിപ്പാതയാക്കാനുള്ള നടപടികളുടെ പുരോഗതി**

59(1271) <u>ശ്രീ. ഡി. കെ. മുരളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.സി. റോഡ് നാലുവരിപ്പാതയാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സംസ്ഥാന പാതയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) 05-11-2022-ൽ എം.സി റോഡ് നാലുവരിപ്പാതയായി നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി തത്വത്തിൽ നൽകിയിട്ടുണ്ട്. MC റോഡിൽ കേശവദാസപുരം മുതൽ മണ്ണന്തല വരെ ഇപ്പോൾ 4 Lane ഉള്ളതിനാൽ ഈ ഭാഗത്ത് വികസന പദ്ധതികൾ ഇല്ല. മണ്ണന്തല-തൈക്കാട് (Ch 0/000-19/390), തൈക്കാട്-വാഴോട് (Ch. 19/390-37/500), വാഴോട്-ഏനാത്ത് (Ch. 37/500-76/500) എന്നീ റീച്ചുകളിൽ നാലു വരിപ്പാത ആക്കുന്നതിന്റെ ഭാഗമായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തുന്നതിന് PWD Design Wing-ന് 2.14 കോടി രൂപ അനുവദിച്ചിരുന്നു. കൊട്ടാരക്കര ബൈപ്പാസും MC റോഡ് വികസനത്തിന്റെ ഭാഗമായി വരുന്നതാണ്. കിഫ്ബിയുടെ കീഴിലുള്ള TRC വിഭാഗം കൊട്ടാരക്കര ബൈപ്പാസിന്റെ നിർമ്മാണത്തിനായുള്ള പരിശോധനയും സർവ്വേ പ്രവൃത്തികളും നടത്തി പദ്ധതിയിൽ ഉൾപ്പെടുന്ന വസ്തുവിന്റെ ഏകദേശ വില നിശ്ചയിക്കുകയും അതിൻ പ്രകാരം കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 27-04-2023-ൽ

LA-യ്ക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി 110.36 കോടിയുടെ സാമ്പത്തികാനുമതി നൽകിയിരുന്നു. 15-06-2023-ൽ 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. അതിർത്തി കല്ലുകൾ (Boundary stone) സ്ഥാപിക്കുന്നതിനുള്ള ഭാഗികമായ സാങ്കേതികാനുമതി ലഭിച്ച ടെണ്ടർ നടപടികൾക്ക് മുമ്പായുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. KIIFB-യിൽനിന്നും ഫൈനൽ അലൈൻമെന്റിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) എത്ര കോടി രൂപയാണ് ടി പദ്ധതിക്കുവേണ്ടി ചെലവാക്കുന്നത്; വിശദമാക്കാമോ;

MC റോഡിന്റെ അലൈൻമെന്റിനും ഡിസൈനും അംഗീകാരം ലഭിച്ചതിനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മാത്രമേ പദ്ധതി ചെലവ് കൃത്യമായി കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(ഡി) പ്രസ്തുത പാത വികസിപ്പിക്കാനായി കേന്ദ്രവിഹിതം ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത പദ്ധതിക്ക് കേന്ദ്രവിഹിതം ലഭ്യമല്ല.

**പുന്നയൂർക്കുളം-ചങ്ങരംകുളം റോഡിനു പുതുക്കിയ ഭരണാനുമതി**

60(1272) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റ് വർക്ക് 2019-20-ൽ ഉൾപ്പെടുത്തിയ പുന്നയൂർക്കുളം-ചങ്ങരംകുളം റോഡിനു പുതുക്കിയ ഭരണാനുമതി നൽകുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പുന്നയൂർകുളം-ചങ്ങരംകുളം റോഡ് പ്രവൃത്തിക്ക് 250 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 2022 മെയ് മാസത്തോടെ retaining wall നിർമ്മിക്കേണ്ട പാടഭാഗം ഒഴിവാക്കി ബാക്കി ഭാഗത്തെ ബി.എം.&ബി.സി. പ്രവൃത്തികൾ കരാറുകാരൻ പൂർത്തിയാക്കുകയും ചെയ്തു. പാർശ്വഭിത്തി ഉൾപ്പെടെയുള്ള ബാക്കി ഭാഗത്തിന്റെ പ്രവൃത്തികൾക്ക് ഇൻവെസ്റ്റിഗേഷൻ ഉൾപ്പെടെ നടത്തേണ്ടതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് തുക ഭരണാനുമതി തുകയെ അധികരിച്ചുവന്നതിനാൽ പുതുക്കിയ ഭരണാനുമതി നൽകുന്ന വിഷയം നിലവിൽ സർക്കാരിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനുള്ള കാലതാമസം മൂലം പ്രസ്തുത റോഡിന്റെ ചിലഭാഗങ്ങൾ തകർന്ന് തുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

പാടഭാഗത്തെ റോഡിന് കേടുപാടുകൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**ചൂണ്ടി-രാമമംഗലം റോഡ് നിർമ്മാണം**

61(1273) <u>ശ്രീ. പി. വി. ശ്രീനിജിൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ ചൂണ്ടി-രാമമംഗലം റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നീണ്ടുപോകുന്നതുമൂലം പൊതുജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് പ്രവൃത്തി ഏറ്റെടുക്കുന്നതിന് നിലവിലെ കരാറുകാരൻ വിസമ്മതിച്ച സാഹചര്യത്തിൽ ടി കരാറുകാരനെ ഒഴിവാക്കി പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത റോഡ് പുനരുദ്ധാരണം പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ-സി) പ്രസ്തുത റോഡ് പ്രവൃത്തി ഏറ്റെടുക്കുന്നതിന് നിലവിലെ കരാറുകാരൻ വിസമ്മതിച്ച സാഹചര്യത്തിൽ ടി കരാറുകാരനെ ഒഴിവാക്കുന്ന നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. തുടർപ്രവർത്തികൾക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കരാറുകാരനെ ഒഴിവാക്കാനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞാൽ സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും.

**നെടുമങ്ങാട്-അരുവിക്കര-വെള്ളനാട് റോഡ് നവീകരണം**

62(1274) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടുപയോഗിച്ച് കെ.ആർ.എഫ്.ബി. മുഖേന നടപ്പിലാക്കുന്ന നെടുമങ്ങാട്-അരുവിക്കര-വെള്ളനാട് റോഡ്

നവീകരണത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പുരോഗതി അറിയിക്കാമോ?

നെടുമങ്ങാട്-അരുവിക്കര-വെള്ളനാട് റോഡ് രണ്ട് റീച്ചുകളായാണ് പുരോഗമിക്കുന്നത്. നെടുമങ്ങാട് മുതൽ അരുവിക്കര ഡാം വരെയും അരുവിക്കര ഡാം മുതൽ കൊളക്കോട് വരെയും സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള 4(1) നോട്ടിഫിക്കേഷൻ നൽകി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ സാമൂഹിക ആഘാത പഠനം നടന്നുവരുന്നു.

(ബി) പ്രസ്തുത റോഡ് പണിയിൽ ഉൾപ്പെടുന്ന എഫ്.ഡി.ആർ. വർക്കിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ ഭാഗമായ അരുവിക്കര ഡാം മുതൽ കൊളക്കോട് വരെയുള്ള എഫ്.ഡി.ആർ. പ്രവൃത്തിയുടെ ടെണ്ടർ ഉയർന്ന തുകയ്ക്ക് കരാറുകാരൻ ക്വാട്ട് ചെയ്തതിനാൽ 27-11-2023-ലെ നാല്പത്തിയെട്ടാമത് ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ നിർദേശപ്രകാരം ടെണ്ടർ

അംഗീകാരത്തിനായി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

**ചന്ദ്രനഗർ കോളനി അനുബന്ധ റോഡുകളും പാലവും**

63(1275) <u>ശ്രീ. എ. പ്രഭാകരൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡ്സ് വിഭാഗം നിർമ്മാണച്ചുമതല നിർവ്വഹിക്കുന്ന, മലമ്പുഴ മണ്ഡലത്തിലെ ചന്ദ്രനഗർ കോളനി അനുബന്ധ റോഡുകളും പാലവും എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ചന്ദ്രനഗർ കോളനി അനുബന്ധ റോഡുകളും പാലവും എന്ന പ്രവൃത്തിക്കായി 31-03-2020-ലെ G.O.(Rt) No.381/2020/PWD നമ്പർ ഉത്തരവ് പ്രകാരം 600 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും, പിന്നീട് രണ്ട് പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ (റോഡ്സ്) കാര്യാലയത്തിൽനിന്നും 17-03-2023-ന് 4,40,000/- രൂപയ്ക്ക് ഭാഗിക സാങ്കേതികാനുമതി നൽകുകയും ചെയ്തു.

ആയതുപ്രകാരം ഇൻവെസ്റ്റിഗേഷൻ നടത്തി ലഭിച്ച DPR, ഡിസൈൻ ലഭ്യമാക്കുന്നതിനായി ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. ഡിസൈൻ വിംഗിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന റോഡുകളുടെ നവീകരണ പ്രവൃത്തികൾക്ക് മാത്രം ഭാഗിക സാങ്കേതികാനുമതി (പാർട്ട് ടി.എസ്.) ലഭ്യമാക്കി ഉടൻ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ വല്ലതും നിലവിലുണ്ടോ; വിശദാംശം അറിയിക്കാമോ?

പ്രസ്തുത റോഡുകളുടെ നവീകരണ പ്രവൃത്തികൾക്ക് മാത്രമായി ഭാഗിക സാങ്കേതികാനുമതി ലഭിക്കുന്നതിന് 1.93 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ 6 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തിക്ക് നിലവിലുള്ള നിയമപ്രകാരം പ്രീ ക്വാളിഫിക്കേഷൻ ചെയ്ത് two cover system പ്രകാരം ടെണ്ടർ ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ പാലം പ്രവൃത്തി ഒഴിവാക്കി 1.93 കോടി രൂപയുടെ ഭാഗിക സാങ്കേതികാനുമതി നൽകി സാധാരണ രീതിയിൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയാൽ ആയത് നിലവിലുള്ള ഉത്തരവിന്റെ ലംഘനമായതിനാൽ

മുഴവൻ പ്രവൃത്തികളും ഉൾപ്പെടുത്തി (പാലങ്ങളും, റോഡുകളും ഉൾപ്പെടെ) പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കുന്ന ഘട്ടത്തിലാണ്.

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന പാലങ്ങളുടെ ഡിസൈൻ തയ്യാറാക്കുന്ന പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പാലങ്ങളുടെ ഡിസൈൻ തയ്യാറാക്കുന്ന പ്രവൃത്തി ഇപ്പോൾ ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (ഡിസൈൻ) വിഭാഗത്തിന്റെ പരിശോധനയിലാണ്.

**പേരാമ്പ്ര ബൈപാസ് റോഡിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിനായുള്ള നടപടി**

64(1276) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ബൈപാസ് റോഡിലെ ഇ.എം.എസ്. ആശുപത്രി ജംഗ്ഷനിൽ നിത്യേന അപകടങ്ങൾ സംഭവിക്കുന്നത് കണക്കിലെടുത്ത് അവിടെ ഒരു ട്രാഫിക്ക് സിഗ്നൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പരിശോധിക്കാവുന്നതാണ്.

(ബി) പേരാമ്പ്ര ബൈപാസിലെ കക്കാട് ഭാഗത്തും കല്ലോട് ഭാഗത്തും റോഡിന് ആവശ്യമായ വീതി ഇല്ലാത്തത് പരിഗണിച്ച് വീതി കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രസ്തുത റോഡിന്റെ കല്ലോട് ഭാഗത്തും കക്കാട് ഭാഗത്തും ജംഗ്ഷൻ വികസന പ്രവൃത്തികൾ കോഴിക്കോട് ജില്ലയിലെ PUKC റോഡ് 17/600 മുതൽ 42/950 വരെ വികസിപ്പിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ബൈപാസിൽനിന്നും പേരാമ്പ്ര ബസ് സ്റ്റാൻഡിലേക്ക് റോഡ് നിർമ്മിക്കണമെന്ന ആവശ്യം പരിഗണിക്കുമോ?

പരിശോധിക്കാവുന്നതാണ്.

**റോഡുകൾ പുനർനിർമ്മിക്കാൻ നടപടി**

65(1277) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിലെ ചെങ്കള-അക്കരങ്കര-ബേവിഞ്ച, കാഞ്ഞങ്ങാട് ഓൾഡ് സ്റ്റേറ്റ് ഹൈവേ എന്നീ റോഡുകൾ പുനർ

നിർമ്മിക്കുന്നതിന് ഭരണാനുമതി എപ്പോഴാണ് നൽകിയതെന്നും തുക എത്രയാണെന്നും വ്യക്തമാക്കാമോ?

ചെങ്കള-അക്കരങ്കര-ബേവിഞ്ച റോഡ് പ്രവൃത്തിക്ക് 01-12-2021-ൽ 539.80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പിന്നീട് നോമെൻക്ലേച്ചർ മാറ്റത്തിനുവേണ്ടി (ചെയ്നേജ് തിരുത്തൽ) പുതുക്കിയ ഭരണാനുമതി 10-10-2023-ന് നൽകുകയും ചെയ്തു. കാസറഗോഡ്-കാഞ്ഞങ്ങാട് ഓൾഡ് സ്റ്റേറ്റ് ഹൈവേ പ്രവൃത്തിക്ക് 17-02-2021-ന് 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പിന്നീട് നോമെൻക്ലേച്ചർ മാറ്റത്തിനുവേണ്ടി (ചെയ്നേജ് തിരുത്തൽ) പുതുക്കിയ ഭരണാനുമതി 30-06-2023-ന് നൽകുകയും ചെയ്തു.

(ബി) പ്രസ്തുത റോഡുകൾക്ക് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉണ്ട്. പ്രസ്തുത റോഡ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി 27-01-2024-ൽ നൽകിയിട്ടുണ്ട്.

(സി) ഭരണാനുമതി ലഭിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞെങ്കിലും പ്രസ്തുത റോഡുകളുടെ പ്രവൃത്തി ഇതുവരെ ടെണ്ടർ ചെയ്യാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത റോഡുകളുടെ പുനർനിർമ്മാണം സംബന്ധിച്ചുള്ള ഫയലുകൾ ഏതെല്ലാം ഓഫീസുകളിൽ കൂടിയാണ് നീങ്ങിയതെന്നും എത്രകാലം അവിടങ്ങളിൽ പെൻഡിംഗായെന്നും ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ഇ) പ്രസ്തുത ഫയലുകൾ ഇപ്പോൾ ചീഫ് എഞ്ചിനീയറുടെ (നിരത്ത് വിഭാഗം) ഓഫീസിലാണോ ഉള്ളത്; എങ്കിൽ എപ്പോഴാണ് ഫയലുകൾ ഈ ഓഫീസിൽ എത്തിയതെന്നും ഏത് നടപടി ക്രമത്തിന് വേണ്ടിയുമാണെന്നും വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അല്ല. പ്രസ്തുത ഫയലുകൾ ഇപ്പോൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഉത്തരമേഖല കാര്യാലയത്തിൽ ടെണ്ടർ നടപടിക്രമത്തിലാണ്. ഫയൽ നീക്കത്തിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(എഫ്) പ്രസ്തുത ഫയലുകൾ ഇപ്പോഴും ചീഫ് എഞ്ചിനീയറുടെ ഓഫീസിലാണെങ്കിൽ തീരുമാനമാകാൻ കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും 27-01-2024-ന് സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുള്ളതാണ്.

**മലമ്പുഴ മണ്ഡലത്തിലെ വെങ്ങോടി സ്കൂൾ കെട്ടിട നിർമ്മാണം**

66(1278) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് കെട്ടിട വിഭാഗം നിർമാണ ചുമതല നിർവഹിക്കുന്ന മലമ്പുഴ മണ്ഡലത്തിലെ വെങ്ങോടി ജി.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം, മരുതറോഡ് വി.എച്ച്.എസ്.ഇ. കെട്ടിട നിർമ്മാണം എന്നീ പ്രവൃത്തികളുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിലെ സ്ഥിതി അറിയിക്കാമോ; ഈ രണ്ട് പ്രവൃത്തികളും എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

മലമ്പുഴ നിയോജകമണ്ഡലത്തിലെ വെങ്ങോടി ജി.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം, മരുതറോഡ് വി.എച്ച്.എസ്.ഇ. കെട്ടിട നിർമ്മാണം എന്നീ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വെങ്ങോടി ജി.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നിർമ്മാണ ചുമതല വഹിക്കുന്ന മലമ്പുഴ മണ്ഡലത്തിലെ വെങ്ങോടി ജി.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണത്തിന് 08-11-2023-ന് ഉടമ്പടി വയ്ക്കുകയും തുടർന്ന് 18-11-2023-ന് സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. നിലവിൽ അവിടെ ഉണ്ടായിരുന്ന പഴയ സ്കൂൾ കെട്ടിടം പൊളിച്ചു മാറ്റിയിട്ടുണ്ട്. മിക്സ് ഡിസൈൻ ലഭ്യമാകുന്നമുറയ്ക്ക് കെട്ടിടം പണി ആരംഭിക്കുന്നതാണ്. ഈ പ്രവൃത്തി ഉടമ്പടി പ്രകാരം 18 മാസത്തിനുള്ളിലാണ് പൂർത്തീകരിക്കേണ്ടത് (17-05-2025).

2. മരുത റോഡ് വി.എച്ച്.എസ്.ഇ. കെട്ടിട നിർമ്മാണം.

ഈ പ്രവൃത്തിക്കുവേണ്ടി കരാറുകാരൻ 20-10-2023-ന് ഉടമ്പടി വയ്ക്കുകയും തുടർന്ന് 30-10-2023-ന് സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. ഫസ്റ്റ് ഫ്ലോർ കോളം വർക്കുകൾ പൂർത്തിയായിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഈ പ്രവൃത്തി ഉടമ്പടി പ്രകാരം 15 മാസത്തിനുള്ളിലാണ് പൂർത്തീകരിക്കേണ്ടത് (29-01-2025).

**ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം**

67(1279) <u>ശ്രീ. കെ. എം. സച്ചിൻദേവ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരിയിലെ സർക്കാർ ഓഫീസുകൾ വാടകയില്ലാതെ ഒരു കുടക്കീഴിലാക്കുന്നതിനും ജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായി എത്തിച്ചേരാനും കഴിയുന്ന തരത്തിൽ ഒരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാൻ ഫണ്ട് അനുവദിച്ചിട്ടും നിർമ്മാണ പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിലുള്ള തടസ്സം എന്താണെന്നും എപ്പോൾ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കുമോ?

(എ&ബി) സൈറ്റിൽനിന്നും മണ്ണ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ടുണ്ടായ സാങ്കേതിക പ്രശ്നം കാരണം നേരത്തെ ഏർപ്പാട് ചെയ്തിരുന്ന പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിരുന്നില്ല. നിലവിൽ ഈ പ്രശ്നങ്ങൾ പരിഹരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് ടെണ്ടർ ചെയ്തിട്ടുണ്ട്. ടെണ്ടർ ഓപ്പണിംഗ് തീയതി 31-01-2024 ആണ്.

**പാറശ്ശാല റസ്റ്റ് ഹൗസിലെ അടിസ്ഥാന സൗകര്യവികസനങ്ങൾക്കുള്ള നടപടികൾ**

68(1280) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല റസ്റ്റ് ഹൗസിലെ അടിസ്ഥാന സൗകര്യവികസനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ടി റസ്റ്റ് ഹൗസിനു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സമർപ്പിച്ചിരുന്ന

എസ്റ്റിമേറ്റിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

പാറശ്ശാല റസ്റ്റ് ഹൗസിലെ അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി നിലവിലെ കെട്ടിടത്തിന്റെ നവീകരണ പ്രവർത്തികൾക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിച്ചു വരുന്നു. കൂടാതെ പാറശ്ശാല റസ്റ്റ് ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള 300 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിക്ക് ടോക്കൺ പ്രൊവിഷൻ മാത്രമേ ഉള്ളൂ. അതിനാൽ ടി പ്രവൃത്തി ധനകാര്യ വകുപ്പിന്റെ അഭിപ്രായ പ്രകാരം മാറ്റി വച്ചിട്ടുള്ളതാണ്.

(ബി) പാറശ്ശാല മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്തതും പൂർത്തിയാക്കാത്തതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തികൾക്കും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ; മേൽപ്പറഞ്ഞ ഓരോ പ്രവൃത്തിയും നിലവിൽ ഏത് ഘട്ടത്തിലാണെന്ന വിശദവിവരം ലഭ്യമാക്കുമോ?

പാറശ്ശാല മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ കീഴിൽ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്ത പ്രവൃത്തികൾ ഇല്ല. ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിൽ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്തതും പൂർത്തിയാക്കാത്തതുമായ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

പാറശ്ശാല നിയോജക മണ്ഡലത്തിൽ മലയൻകാവ്-മുള്ളിലവുവിള റോഡിൽ വേങ്കോട്-കൊടിഞ്ഞാമൂല പാലം നിർമ്മാണത്തിനായി 310 ലക്ഷം രൂപയ്ക്ക് 06-11-2020-ലെ സ.ഉ.(സാധാ)നം.925/2020/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ 85 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചു. അപ്രോച്ച് റോഡിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാറശ്ശാല നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്ത KRFB-PMU പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) കേരള റോഡ് ഫണ്ട് ബോർഡിന്റെ (കെ.ആർ.എഫ്.ബി.) മേൽനോട്ടത്തിലുള്ള അമരവിള-ശ്ശൂരവക്കാണി, കീഴാറ്റൂർ-അരുവിക്കര എന്നീ റോഡുകളുടെ എഫ്.ഡി.ആർ. (ഫുൾ ഡെപ്ത് റിക്ലമേഷൻ) സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നവീകരണം ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ; ടി പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകും; വിശദാംശം അറിയിക്കാമോ?

പ്രസ്തുത പദ്ധതികളുടെ ടെണ്ടർ ഉയർന്ന തുകയ്ക്ക് കരാറുകാരൻ ക്വാട്ട് ചെയ്തതിനാൽ 27-11-2023-ലെ നാല്പത്തിയെട്ടാമത് ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ നിർദേശപ്രകാരം സമർപ്പിച്ച ടെണ്ടർ പരിശോധിച്ചുവരുന്നു.

**കൂത്തുപറമ്പ് മജിസ്ട്രേറ്റ് കോടതി സമുച്ചയ നിർമ്മാണത്തിനുള്ള നടപടികൾ**

69(1281) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേന നിർമ്മിക്കുന്ന കൂത്തുപറമ്പ് മജിസ്ട്രേറ്റ് കോടതി സമുച്ചയ നിർമ്മാണം നാളിതുവരെയായും തുടങ്ങാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രവൃത്തി എപ്പോൾ ആരംഭിക്കാനാവുമെന്ന് വിശദമാക്കുമോ?

(എ&ബി) കിഫ്ബി സാമ്പത്തിക സഹായം വഴി കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പിൽ നിർമ്മിക്കുന്ന കോടതി സമുച്ചയത്തിന് അധിക തുകയ്ക്ക് കിഫ്ബിയിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള അനുമതി കിഫ്ബിയിൽനിന്നും ലഭിച്ചാൽ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയും.

**വില്ല്യാപ്പള്ളി, മണിയൂർ ഐ.ടി.ഐ.-കളുടെ കെട്ടിടനിർമ്മാണം**

70(1282) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്യാപ്പള്ളി, മണിയൂർ ഐ.ടി.ഐ. കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

ഈ രണ്ട് ഐ.ടി.ഐ. കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികളും ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. മണിയൂർ ഐ.ടി.ഐ.-യുടെ ഫൗണ്ടേഷൻ പ്രവൃത്തികളും വില്യാപ്പള്ളി ഐ.ടി.ഐ.-യുടെ ഗ്രൗണ്ട് ഫ്ലോറിന്റെ column വർക്കുമാണ് നിലവിൽ നടന്നുവരുന്നത്.

(ബി) ഈ പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുമോ; വിശദമാക്കാമോ?

നിലവിലെ സാഹചര്യങ്ങളിൽ ഈ രണ്ട് പ്രവൃത്തികളും കരാർ കാലാവധിക്കുള്ളിൽതന്നെ പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.

**ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷൻ രണ്ടാം നില നിർമ്മാണം**

71(1283) <u>ശ്രീ. ജി. എസ്. ജയലാൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം കൊല്ലം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർവ്വഹണ ചുമതലയിലുള്ള ചാത്തന്നൂർ മിനി സിവിൽ

സ്റ്റേഷൻ രണ്ടാം നില നിർമ്മാണം സംബന്ധിച്ച പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണങ്ങൾ അറിയിക്കാമോ; നടപടിക്രമങ്ങൾ പൂർത്തിയാക്കി നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷൻ രണ്ടാം നില നിർമ്മാണം സംബന്ധിച്ച പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും പൂർത്തീകരിച്ച് കരാറുകാരന് ലെറ്റർ ഓഫ് അക്സ്പ്റ്റൻസ് (സെലക്ഷൻ നോട്ടീസ്) 10-01-2024-ൽ നൽകിയിട്ടുണ്ട്. കരാർ നടപടികൾ കാര്യാലയത്തിൽ പുരോഗമിച്ചു വരുന്നു. കരാർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് സൈറ്റ് കൈമാറി, ഉടൻ തന്നെ പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

**മഞ്ചേരി മണ്ഡലത്തിലെ പൊതുമരാമത്ത് (കെട്ടിട) വിഭാഗം പ്രവൃത്തികൾ**

72(1284) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാണ്ടിക്കാട് റസ്റ്റ്ഹൗസിനുവേണ്ടി പുതുതായി കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ട നടപടികൾ ഏതു വരെയായി എന്ന് വിശദമാക്കാമോ; റസ്റ്റ്ഹൗസിന്റെ പണി എത്ര നാൾ കൊണ്ട് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പാണ്ടിക്കാട് റസ്റ്റ്ഹൗസിനുവേണ്ടി പുതുതായി കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ട ഭരണാനുമതിക്കായി കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിടനിർമ്മാണത്തിന് ഡീറ്റൈൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ.) സമർപ്പിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പ്രവൃത്തി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകാനായുള്ള പ്രൊപ്പോസൽ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ, Directorate of Technical Education-ന് സമർപ്പിച്ചിട്ടുണ്ട്.

(സി) അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ കെട്ടിടത്തിന് ഫണ്ട് അനുവദിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) മഞ്ചേരിയിൽ സർക്കാർ നഴ്സിംഗ് കോളേജിന്റെ കെട്ടിടനിർമ്മാണത്തിന് 2017-ൽ 14 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നുവെങ്കിലും ഈ പ്രവൃത്തി ടെണ്ടർ ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; പണി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

മഞ്ചേരി ഗവൺമെന്റ് നഴ്സിംഗ് കോളേജിന് കെട്ടിടം നിർമ്മിക്കാനായി പ്ലാൻ തയ്യാറാക്കുകയും ആയത് അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ നഴ്സിംഗ് കോളേജും നഴ്സിംഗ് സ്കൂളും നിർമ്മിക്കുന്നത് പരിഗണിക്കുന്നതിനായി നിർദ്ദേശം വരികയും ആയതിന്റെ അടിസ്ഥാനത്തിൽ 10-10-2023-ൽ മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നഴ്സിംഗ് സ്കൂൾ, കോളേജ് പ്രിൻസിപ്പാൾമാരുടെ സംയുക്ത യോഗം നടത്തി 18-10-2023-ൽ ആർക്കിടെക്ടിനെ ഉൾപ്പെടുത്തി പ്ലാൻ തയ്യാറാക്കാനായി നിർദ്ദിഷ്ട സ്ഥലം സംയുക്ത പരിശോധന നടത്തുകയും ചെയ്തിരുന്നു. 16-01-2024-ന് ജില്ലാ വികസന കമ്മീഷണറുടെ ചേമ്പറിൽ ആർക്കിടെക്ട്, പൊതുമരാമത്ത് വകുപ്പ്, നഴ്സിംഗ് കോളേജ്, സ്കൂൾ പ്രിൻസിപ്പൾമാർ ഉൾപ്പെടെ മീറ്റിംഗ് ചേരുകയും ആർക്കിടെക്ട് തയ്യാറാക്കിയ പ്ലാൻ ചർച്ച ചെയ്യുകയുമുണ്ടായി. സ്ഥലത്തിന്റെ സ്കെച്ച് ആർക്കിടെക്ടിന് നൽകി ഫൈനൽ പ്ലാൻ തയ്യാറാക്കുന്നതിന് നൽകിയിട്ടുണ്ട്. ഫൈനൽ പ്ലാൻ തയ്യാറാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സർക്കാർ വക കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ**

73(1285) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വക കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

നിർമ്മാണ സാമഗ്രികളുടെ ലഭ്യത കുറഞ്ഞു വരുന്ന സാഹചര്യത്തിൽ അവയുടെ ഉപയോഗം പരമാവധി കുറച്ച് കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. "ഭാരം കുറഞ്ഞ" നിർമ്മാണ വസ്തുക്കൾ, AAC ബ്ലോക്കുകൾ, അലുമിനിയം, ഗ്ലാസ്, HDF പാർട്ടീഷനുകൾ തുടങ്ങിയവ ഉപയോഗിക്കുക വഴി കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈനിൽ കാര്യമായ കുറവു വരുത്താനും അതുവഴി നിർമ്മാണ ചെലവ് ഗണ്യമായി കുറയ്ക്കാനും കഴിയും. നിർമ്മാണ കാലാവധി പരാമാവധി കുറയ്ക്കാനായി സ്റ്റീൽ നിർമ്മിതികൾ, കോമ്പോസിറ്റ് സ്ട്രക്ചറുകൾ, ഫ്ലാറ്റ് സ്ലാബുകൾ, പ്രീ-സ്ട്രെസ്സ്ഡ് നിർമ്മാണങ്ങൾ എന്നിവയും വകുപ്പിൽ നടപ്പാക്കി വരുന്നു.

(ബി) കേരളത്തിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയും കണക്കിലെടുത്ത് ആർക്കിടെക്ചറൽ രീതികൾ മെച്ചപ്പെടുത്താനുള്ള പഠനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

കേരളത്തിന്റെ തനതായ കാലാവസ്ഥയും ഭൂപ്രകൃതിയും അനുസരിച്ചുള്ള ഒരു നിർമ്മാണ ശൈലിയാണ് കേരളത്തിൽ തുടർന്നു വന്നിരുന്നത്. എന്നാൽ ഇപ്പോഴത്തെ സ്ഥല ദൗർലഭ്യവും, നിർമ്മിതികളുടെ ആവശ്യങ്ങളും പരിഗണിച്ച് നിർമ്മാണ സങ്കേതങ്ങളിൽ മാറ്റങ്ങൾ വരുത്താൻ ആലോചിക്കുന്നുണ്ട്. സുസ്ഥിര നിർമ്മാണ സങ്കേതങ്ങളിൽ വാസ്തു ശില്പ വിഭാഗത്തിലെ എല്ലാ ആർക്കിടെക്റ്റുമാർക്കും മതിയായ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

എനർജി മാനേജ്മെന്റ് സെന്റർ സംഘടിപ്പിച്ചിട്ടുള്ള പരിശീലനങ്ങളിൽ വിഭാഗത്തിലെ എല്ലാ ആർക്കിടെക്റ്റുകളും പങ്കെടുത്തിട്ടുണ്ട്. വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ EMC, GRIHA തുടങ്ങിയ ഏജൻസികൾ നടത്തുന്ന പഠനങ്ങളിലും പരിശീനങ്ങളിലും തുടർന്നും വിഭാഗം പങ്കെടുക്കുന്നതാണ്.

(സി) എല്ലാ കെട്ടിടങ്ങളിലും സോളാർ പ്ലാന്റുകൾ, ഇലക്ട്രിക് വാഹന ചാർജിംഗ് സൗകര്യം, വാഹന പാർക്കിംഗ് സൗകര്യം, ഭൂഗർഭ മഴവെള്ള സംഭരണി തുടങ്ങി പരിസ്ഥിതി സൗഹൃദമായ നിർമ്മിതികൾ സാധ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വാഹന പാർക്കിംഗ്, ഭൂഗർഭ മഴ വെള്ള സംഭരണി എന്നിവ കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിന് അനുസരിച്ച് നിർബന്ധമായും ഉൾപ്പെടുത്തേണ്ടതും അവ രൂപകല്പനയിൽ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകളും സോളാർ പാനലുകളും സ്ഥാപിച്ചു വരുന്നു. പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങൾ കൂടുതൽ പരിസ്ഥിതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഹരിത നിർമ്മാണ വസ്തുക്കളുടെ സ്പെസിഫിക്കേഷനുകൾ ഉൾപ്പെടുത്തി, CPWD മാതൃക ഉൾക്കൊണ്ടുകൊണ്ട് ഹരിത നിർമ്മാണ സങ്കേതങ്ങൾ വാസ്തുശില്പ വിഭാഗം തയ്യാറാക്കി വരുന്നു.

**കോഴിക്കോട്ടെ എൻ.ജി.ഒ. ക്വാർട്ടേഴ്സ് നിർമ്മാണം**

74(1286) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ടെ എൻ.ജി.ഒ. ക്വാർട്ടേഴ്സിന് പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചത്; വിശദമാക്കാമോ?

കോഴിക്കോട് എൻ.ജി.ഒ. ക്വാർട്ടേഴ്സിന് പ്രത്യേക മാസ്റ്റർപ്ലാൻ പൊതുമരാമത്ത് ആർക്കിടെക്ട് വിഭാഗത്തിൽനിന്നും തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(ബി&സി) മാസ്റ്റർപ്ലാൻ നിലവിൽ സൂക്ഷ്മപരിശോധനയിലാണ്. സൂക്ഷ്മപരിശോധനയ്ക്കുശേഷം പദ്ധതിരേഖ തയ്യാറാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

**മുനമ്പത്ത്കടവ് പാലം നിർമ്മാണം**

75(1287) <u>ശ്രീ. പി. അബ്ദുൽ ഹമീദ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന്, ബേപ്പൂർ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന പുല്ലിപ്പുഴയ്ക്ക് കുറുകെയുള്ള മുനമ്പത്ത്ക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ഡി.പി.ആർ.-ന് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഡി.പി.ആർ. ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ചീഫ് ടെക്നിക്കൽ എക്സാമിനർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾക്ക് വിധേയമായി ഭരണാനുമതി നൽകുന്ന കാര്യം എത്രയും വേഗം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

(എ-സി) മുനമ്പത്ത്ക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഭരണാനുമതിക്കുള്ള 550 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചത് സർക്കാർ പരിശോധിച്ചു വരുന്നു.

**പാലാ മണ്ഡലത്തിലെ കുരിശ്ശിങ്കൽ പാലം നിർമ്മാണം**

76(1288) <u>ശ്രീ. മാണി സി. കാപ്പൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ മേലുകാവ് പഞ്ചായത്തിലെ കുരിശ്ശിങ്കൽ പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) പാലാ മണ്ഡലത്തിലെ മേലുകാവ് പഞ്ചായത്തിലെ കുരിശ്ശിങ്കൽ പാലം പുനർനിർമ്മാണ പ്രവൃത്തിക്കായി 2022-23 വർഷത്തെ ബഡ്ജറ്റിൽ 20 ശതമാനം പ്രൊവിഷനായ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ രൂപകൽപന പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ അന്തിമ ഘട്ടത്തിലാണ്. ഡിസൈൻ പൂർത്തിയാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

**മാക്കേകടവ്-നേരേകടവ് പാലം**

77(1289) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല വൈക്കം താലൂക്കുകളെ ബന്ധപ്പെടുത്തുന്ന മാക്കേകടവ്-നേരേകടവ് പാലത്തിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ചേർത്തല, വൈക്കം താലൂക്കുകളെ ബന്ധപ്പെടുത്തുന്ന മാക്കേകടവ്-നേരേകടവ് പാലത്തിന്റെ 55 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 100 പൈലുകളിൽ 96 എണ്ണവും, 23 പൈൽ ക്യാപ്പുകളിൽ 21 എണ്ണവും, എല്ലാ പിയറുകളും, പിയർ ക്യാപ്പുകളും, നാവിഗേഷൻ സ്പാനിലെ 8 ബീമുകളും പൂർത്തിയായിട്ടുണ്ട്.

(ബി) പാലം നിർമ്മാണത്തിൽ പുരോഗതി കൈവരിക്കാത്തതിന്റെ കാരണം അറിയിക്കുമോ; തടസ്സങ്ങൾ പരിഹരിച്ച് പാലം പണി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

16-06-2016-ൽ എഗ്രിമെന്റ് വച്ച പ്രവൃത്തി കോടതി വ്യവഹാരംമൂലം സ്ഥലം ലഭ്യമല്ലാത്തതിനാൽ തടസ്സപ്പെടുകയാണുണ്ടായത്. നിലവിൽ സ്ഥലം പൂർണ്ണമായും ലഭ്യമായി. എന്നാൽ പ്രവൃത്തി തുടരുന്നതിനായി കരാറുകാരൻ അധിക തുക ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിച്ച് ലഭ്യമാക്കിയ റിമാർക്സ് പ്രകാരമുള്ള തുകയ്ക്ക് കരാർ ഏറ്റെടുക്കാൻ സന്നദ്ധമാണോ എന്ന് നിലവിലുള്ള കരാറുകാരനോട് ആരാഞ്ഞ് ശിപാർശ സമർപ്പിക്കാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**മാക്കേകടവ്-നേരേകടവ് പാലത്തിന്റെ റേറ്റ് റിവിഷൻ**

78(1290) <u>ശ്രീമതി ദെലീമ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാക്കേകടവ്-നേരെകടവ് പാലത്തിന്റെ റേറ്റ് റിവിഷനുമായി ബന്ധപ്പെട്ട് നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) മാക്കേകടവ്-നേരെകടവ് പാലത്തിന്റെ പ്രവൃത്തിക്ക് അധിക ഫണ്ട് ചെലവഴിക്കുന്നതിനായി അംഗീകാരം ലഭിച്ചിട്ടുണ്ടോ ?

(എ&ബി) മാക്കേകടവ്-നേരെകടവ് പാലത്തിന്റെ നിർമ്മാണം കോടതി വ്യവഹാരംമൂലവും സ്ഥലം ലഭ്യമല്ലാത്തതിനാലും തടസ്സപ്പെട്ടുകയാണുണ്ടായത്. നിലവിൽ സ്ഥലം പൂർണ്ണമായും ലഭ്യമാണെങ്കിലും, പ്രവൃത്തി തുടരുന്നതിനായി കരാറുകാരൻ അധിക തുക ആവശ്യപ്പെട്ടിട്ടുണ്ട്. അധിക തുക കണക്കാക്കി 16-12-2023-ൽ സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രൊപ്പോസൽ ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിച്ചു. CTE പരിശോധിച്ചു നൽകിയ റിമാർക്സ് പ്രകാരമുള്ള തുകയ്ക്ക് കരാർ ഏറ്റെടുക്കാൻ സന്നദ്ധമാണോ എന്ന് നിലവിലുള്ള കരാറുകാരനോട് ആരാഞ്ഞ് ശിപാർശ സമർപ്പിക്കാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**പാവങ്ങാട് മേൽപ്പാലം**

79(1291) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ ഏതെല്ലാം റെയിൽവേ മേൽപ്പാലങ്ങൾക്കാണ് അനുമതി നൽകിട്ടുള്ളത്;

(ബി) അനുമതി ലഭ്യമാക്കാൻ ബാക്കിയുള്ള മേൽപ്പാലങ്ങൾ ഏതെല്ലാമാണ്?

(എ&ബി) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ നടപ്പാക്കുന്ന പാവങ്ങാട് ആർ.ഒ.ബി., ചുങ്കം ഗേറ്റ് ആർ.ഒ.ബി., ടെമ്പിൾ റോഡ് ആർ.ഒ.ബി., അമലാപുരി ആർ.ഒ.ബി. എന്നിവയുടെ നിർമ്മാണച്ചുമതല ആർ.ബി.ഡി.സി.കെ.-യെ ഏൽപ്പിച്ചുകൊണ്ടും പണിക്കർ റോഡ് ഗേറ്റ് ആർ.യു.ബി.-യുടെ നിർമ്മാണച്ചുമതല കെ.ആർ.ഡി.സി.എൽ.-നെ ഏൽപ്പിച്ചുകൊണ്ടും അനുമതി നൽകിയിട്ടുണ്ട്.

(സി) പാവങ്ങാട് മേൽപ്പാലം നിർമ്മാണത്തിന് എത്ര തുകയാണ് അനുവദിച്ചത്; ആയതിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ഡി) പാവങ്ങാട് മേൽപ്പാലം നിർമ്മാണം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

(സി&ഡി) കോഴിക്കോട് ജില്ലയിലെ പാവങ്ങാട് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ ചുമതല ആർ.ബി.ഡി.സി.കെ.-യ്ക്കാണ്. പാലത്തിന്റെ നിർമ്മാണത്തിനായി 05-09-2019-ലെ സ.ഉ.

(സാധാ)1098/2019/പൊ.മ.വ. നമ്പർ ഉത്തരവ് പ്രകാരം 1030 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതാണ്.

റെയിൽവേയുടെ ഭാഗം റെയിൽവേ പൂർത്തീകരിച്ചിട്ടുള്ളതാണ്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി 03-02-2023-ന് ആർ.ബി.ഡി.സി.കെ.-യ്ക്ക് കൈമാറി നൽകിയിട്ടുണ്ട്.

DSR (Delhi Schedule of Rates) 2018 പ്രകാരം ആർ.ബി.ഡി.സി.കെ. സമർപ്പിച്ച പരിഷ്കരിച്ച എസ്റ്റിമേറ്റിന് പുതുക്കിയ ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു.

**പാലങ്ങളുടെ അടിഭാഗം ജനകീയ ഹബ്ബുകളാക്കാനുള്ള നടപടി**

80(1292) ഡോ. കെ. ടി. ജലീൽ:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാലങ്ങളുടെ അടിഭാഗം ജനകീയ ഹബ്ബുകളാക്കാനുള്ള തീരുമാന പ്രകാരം ഏതൊക്കെ പാലങ്ങളാണ് പ്രസ്തുത ലക്ഷ്യങ്ങൾക്കായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പാലങ്ങളുടെ അടിഭാഗം ജനകീയ ഹബ്ബുകളാക്കാനുള്ള തീരുമാന പ്രകാരം എസ്.എൻ. കോളേജ് കൊല്ലം, റെയിൽവെ മേൽപാലത്തിന്റെ അടിഭാഗം വികസിപ്പിക്കുന്നതിന്, കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് (KTIL) പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്.

(ബി) പാലങ്ങളുടെ പ്രസ്തുത വികസനവുമായി ബന്ധപ്പെട്ട സാധ്യതാ പഠനങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ?

സാധ്യതാപഠനം നടന്നു വരുന്നു.

(സി) ടൂറിസം വകുപ്പ് പഠന-നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം സംവിധാനങ്ങളാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കുമോ?

പൈലറ്റ് പദ്ധതി വിനോദസഞ്ചാര വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരളാ ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ മേൽനോട്ടത്തിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പൈലറ്റ് പദ്ധതിയുടെ

പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെയാണ് നിശ്ചയിച്ചിട്ടുള്ളത്. സീറ്റിംഗ് ഏരിയകൾ, ഫുഡ് കിയോസ്കുകൾ, വർക്ക് സ്പേസുകൾ, വാക്-വേകൾ, ചെസ് ബ്ളോക്കുകൾ, ശിൽപങ്ങൾ, മിനി പ്ളാസ, ബാസ്കറ്റ് ബോൾ/ബാഡ്മിന്റൺ കോർട്ടുകൾ, യോഗ/മെഡിറ്റേഷൻ ഏരിയകൾ, ഓപ്പൺ ജിം, സ്കേറ്റിംഗ് സർഫേസ്, ടൂവീലർ/കാർ പാർക്കിംഗ് ഏരിയകൾ മുതലായ സംവിധാനങ്ങളാണ് പൈലറ്റ് പദ്ധതിയിൽ ഉൾക്കൊള്ളിക്കാൻ ഉദ്ദേശിക്കുന്നത്.

**വല്ലാർപാടം കണ്ടെയ്നർ റോഡിലെ പാലങ്ങൾ**

81(1293) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം പൂർത്തീകരിച്ച വല്ലാർപാടം കണ്ടെയ്നർ റോഡിലെ മൂലമ്പിള്ളി-കോതാട്, മൂലമ്പിള്ളി-മുളവുകാട്, കോതാട്-ചേരാനല്ലൂർ ഉൾപ്പെടെയുള്ള പാലങ്ങളുടെ തൂണുകളുടെ കോൺക്രീറ്റ് ദ്രവിച്ച് കമ്പികൾ കാണുന്ന സാഹചര്യത്തിൽ പാലങ്ങളുടെ ഉറപ്പ് വിലയിരുത്തുന്നതിനായി പരിശോധന നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മേല്പറഞ്ഞ പാലങ്ങളിലൂടെ സഞ്ചരിക്കുന്ന യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

(എ&ബി) ദേശീയപാത അതോറിറ്റിയുടെ കീഴിൽ വരുന്ന നിർമ്മാണം പൂർത്തീകരിച്ച വല്ലാർപാടം കണ്ടെയ്നർ റോഡിലെ കോൺക്രീറ്റ് ദ്രവിച്ച് കമ്പികൾ തെളിഞ്ഞു കാണുന്ന പാലങ്ങളിൽ NHAI-യുടെ നേതൃത്വത്തിൽ വിദഗ്ധ പരിശോധന നടന്നിട്ടുണ്ട്. പരിശോധന നടത്തിയ വിദഗ്ധർ ശിപാർശ ചെയ്തത് പ്രകാരം താത്കാലിക പരിഹാര നടപടികളും ദീർഘകാല പരിഹാര നടപടികളും നടപ്പിലാക്കേണ്ടതുണ്ട് എന്നാണ് NHAI അറിയിച്ചത്. അതുവരെ പാലങ്ങളിലൂടെയുള്ള ഗതാഗതത്തിന് Single lane/ Single Truck എന്ന രീതിയിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(സി) പാലങ്ങളുടെ അറ്റകുറ്റപണി നടത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

NHAI-യുടെ നേതൃത്വത്തിൽ പാലങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന്റെ ഭാഗമായി വിശദമായ under water investigation നടത്തി എസ്റ്റിമേറ്റ്

തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് 'under water repairing' നടത്തുന്നതിന് ഏജൻസിയെ നിയോഗിച്ച് അടിയന്തരമായി പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

**മുദിയം പാലം നിർമ്മാണം**

82(1294) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽനിന്നും സാമ്പത്തിക അനുമതി ലഭിച്ച വള്ളിക്കുന്ന് മണ്ഡലത്തിലെ മുദിയം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി.) നിലവിൽ നടത്തി വരുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ മുദിയം പാലം നിർമാണ പ്രവൃത്തിക്ക് 23.92 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. നിലവിലെ ഡിസൈൻ പ്രകാരം പാലം നിർമ്മാണത്തിനും പരപ്പനങ്ങാടി ഭാഗത്ത് 90 മീറ്റർ ദൂരത്തിലും കടലുണ്ടി

ഭാഗത്ത് 105 മീറ്റർ ദൂരത്തിലും അപ്രോച്ച് റോഡ് നിർമാണത്തിനും, 110 മീറ്റർ നീളത്തിൽ പരപ്പനങ്ങാടി ഭാഗത്ത് സർവീസ് റോഡ് നിർമാണത്തിനും അധിക ഭൂമി ഏറ്റെടുക്കേണ്ടത് അനിവാര്യമാണെന്ന് കണ്ടെത്തി. പ്രസ്തുത പദ്ധതിയിൽ ഭൂമി ഏറ്റെടുപ്പിനുള്ള തുക പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ അധിക ഭൂമി മലപ്പുറം ജില്ലയിലെ തീരദേശ ഹൈവേയുടെ റീച്ച് 4-ൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പാലത്തിന്റെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റിയിൽ അവതരിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

പാലം നിർമാണത്തിന് ആവശ്യമായ CRZ ക്ലിയറൻസും സ്ഥല ലഭ്യത ഉറപ്പാക്കാനുള്ള ലാൻഡ് അവൈലബിലിറ്റി സർട്ടിഫിക്കറ്റും ഉൾപ്പെടെയാണ് സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റിയിൽ അവതരിപ്പിക്കുന്നത്. നിലവിൽ CRZ ക്ലിയറൻസിന് ആവശ്യമായ പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ഡിസൈൻ വിംഗിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പുനലൂർ പുതിയ പാലത്തിന്റെ നിർമ്മാണം**

83(1295) <u>ശ്രീ. പി. എസ്. സുപാൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ ദേശീയപാത (പാലങ്ങൾ) വിഭാഗത്തിന്റെ ഉടമസ്ഥതയിലുള്ള പുനലൂർ പുതിയ പാലത്തിൽ ആൽമരങ്ങൾ വളർന്ന് അപകട സ്ഥിതിയിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അപകടകരമായ നിലയിൽ വളർന്നിട്ടുള്ള ആൽമരങ്ങൾ നീക്കം ചെയ്യാനുള്ള തടസ്സങ്ങൾ എന്താണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ആൽമരങ്ങൾ നീക്കം ചെയ്യുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ?

(ബി&സി) പുനലൂർ പാലം ഉൾപ്പെടുന്ന റോഡ് നിലവിൽ നാഷണൽ ഹൈവേ അതോറിറ്റിക്ക് പദ്ധതി നടത്തിപ്പിനായി കൈമാറിയിട്ടുണ്ട്. പ്രസ്തുത ആൽമരങ്ങൾ നീക്കം ചെയ്യുന്നതിന് പൊതുമരാമത്ത് ദേശീയപാത വിഭാഗം

എസ്റ്റിമേറ്റ് തയ്യാറാക്കി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

**ആറുമാനൂർ-പാറേക്കടവ് പാലം നിർമ്മാണം**

84(1296) <u>ശ്രീ. ചാണ്ടി ഉമ്മൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പള്ളി, ഏറ്റുമാനൂർ മണ്ഡലങ്ങളിലെ ആറുമാനൂർ-പേരൂർ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ആറുമാനൂർ-പാറേക്കടവ് പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണ്; എത്ര ശതമാനം പണികൾ പൂർത്തീകരിച്ചെന്ന് അറിയിക്കുമോ;

(ബി) ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നാണ് തുടങ്ങിയതെന്നും നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണ് നൽകിയതെന്നും അറിയിക്കുമോ?

(എ&ബി) കോട്ടയം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചു വരുന്ന ആറുമാനൂർ-പാറേക്കടവ് പാലങ്ങളുടെ നിർമ്മാണം ഏകദേശം 40 ശതമാനം പൂർത്തീകരിച്ചിട്ടുള്ളതാണ്.

19-11-2015-ലെ സർക്കാർ ഉത്തരവ് നം. 6032/15/ആർ.ഡി. പ്രകാരം റവന്യൂ വകുപ്പിന്റെ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി, ആറുമാന്നൂർ-പാറേക്കടവ് പാലം ഉൾപ്പെടെ കേരളത്തിലെ വിവിധ ജില്ലകളിലായി 9 പാലങ്ങൾ നിർമ്മിക്കുന്നതിന് 32 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും പദ്ധതി നടത്തിപ്പിലേയ്ക്ക് പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രത്തെ നോഡൽ ഏജൻസിയായും, കൂടാതെ അതാത് ജില്ലകളിലെ നിർമ്മിതി കേന്ദ്രങ്ങളെ മേൽനോട്ടത്തിനായി ചുമതലപ്പെടുത്തുന്നതിനും തീരുമാനിക്കുകയുണ്ടായി.

(സി) മേൽപ്പറഞ്ഞ പാലത്തിന്റെ പൂർത്തീകരണത്തിന് നേരിടുന്ന തടസ്സമെന്തെന്നും ഇതിനായി വകയിരുത്തിയ ഫണ്ടിന്റെ വിശദാംശങ്ങളും വ്യക്തമാക്കാമോ?

മേൽ ഭരണാനുമതി നൽകിയ പാലങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്ന അവസരത്തിലാണ് റേറ്റ് റിവിഷൻ ആവശ്യപ്പെട്ട്, കരാർ കമ്പനിയായ M/s SERMS Infrastructure Pvt. Ltd., Kochi ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുള്ളതും തുടർന്ന് കരാർ കമ്പനി നിർമ്മാണ

പ്രവർത്തനം നിർത്തിവയ്ക്കുകയും ചെയ്തു. ടി ആർബിട്രേഷൻ കേസിൽ 17-10-2020-ൽ 3,72,81,524/- രൂപയും അവാർഡ് തീയതി മുതൽ പണം കൊടുക്കുന്നത് വരെ ആയതിന് 9 ശതമാനം പലിശയും SERMS Infrastructure-ന് നൽകുന്നതിന് വിധിക്കുകയുണ്ടായി. ഇതിനെതിരെ ബഹുമാനപ്പെട്ട പത്തനംതിട്ട ജില്ലാ കോടതി മുമ്പാകെ പ്രോജക്ട് മാനേജർ, നിർമ്മിതി കേന്ദ്രം ഒന്നാം അപ്പലന്റായും ജില്ലാ കളക്ടർ, പത്തനംതിട്ട രണ്ടാം അപ്പലന്റായും, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി മൂന്നാം അപ്പലന്റായും കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. 15-02-2023-ൽ റവന്യൂ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ടി പാലങ്ങളുടെ നിർമ്മാണം പുനരാരംഭിക്കുന്നത് സംബന്ധിച്ച് ഒരു യോഗം നടത്തുകയും ടി യോഗത്തിൽ RMF-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 9 പാലങ്ങളിൽ നിർമ്മാണം ആരംഭിച്ച 5 പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ബഹുമാനപ്പെട്ട ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ പത്തനംതിട്ട, കോട്ടയം ജില്ലാ കളക്ടർമാർ, പൊതുമരാമത്ത് വകുപ്പിലെ ചീഫ് എഞ്ചിനീയർ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് ടി പാലങ്ങളുടെ നിർമ്മാണ

ചുമതലയുണ്ടായിരുന്ന M/s Serms Infrastructure Pvt. Ltd., ടെക്നിക്കൽ സപ്പോർട്ട് ഏജൻസിയായ ഇന്റഗ്രൽ സൊല്യൂഷൻസ്, കൊച്ചി എന്നിവരുമായി പ്രത്യേകം യോഗം ചേർന്ന് തീരുമാനം കൈക്കൊള്ളുന്നതിനായി നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം 28-02-2023-ൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ മേൽ പാലങ്ങളുടെ പണി സ്തംഭനാവസ്ഥയിൽ പോകാൻ ഉണ്ടായ സാഹചര്യവും പ്രസ്തുത പാലങ്ങളുടെ പണി പുനരാരംഭിക്കാൻ താൽപര്യമില്ലായെന്നുള്ള വിവരം സേംസ് ഇൻഫ്രാസ്ടക്ചറും വ്യക്തമാക്കി. ടി പാലങ്ങളുടെ പണി, കഴിഞ്ഞ 5 വർഷക്കാലമായി സ്തംഭിച്ചിരിക്കുന്നതിനാൽ ആയതിന്റെ stability ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് മാത്രമേ തുടരാൻ കഴിയൂ എന്ന് ചീഫ് എഞ്ചിനീയർ പി.ഡബ്ല്യൂ.ഡി. (ബ്രിഡ്ജസ്), തിരുവനന്തപുരം ബോധ്യപ്പെടുത്തി. പാലങ്ങളുടെ പണി പുനരാരംഭിക്കുന്നതിനുള്ള സാങ്കേതിക മികവ് നിലവിൽ ഇല്ലായെന്ന് പ്രോജക്ട് ഡയറക്ടർ നിർമ്മിതി കേന്ദ്രം വ്യക്തമാക്കിയിരുന്നു. ടി യോഗ തീരുമാനത്തിന്റെ ഭാഗമായി, ഇന്റഗ്രൽ സൊല്യൂഷൻസിന്റെ ഓഫീസുമായി നേരിൽ ബന്ധപ്പെട്ട് ഡിസൈൻ

സംബന്ധിച്ച രേഖകൾ ലഭ്യമാക്കുന്നതിന് പ്രോജക്ട് മാനേജർ, നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിരുന്നു.

ഇക്കാര്യത്തിൽ 22-10-2020-ൽ നടന്ന SHLC യോഗത്തിൽ, ടി മുടങ്ങിയ പാലങ്ങളുടെ തുടർനടപടികളുടെ പ്രാരംഭ പ്രവൃത്തി എന്ന നിലയിൽ ഡിസൈൻസ് സ്ലാബിൽ മാറ്റം വരുത്തുന്നതുമായി ബന്ധപ്പെട്ട് സാങ്കേതിക പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തിരുവനന്തപുരത്തെ കോളേജ് ഓഫ് എഞ്ചിനീയറിംഗിനെ ചുമതലപ്പെടുത്തുന്നതിന് തീരുമാനമാകുകയും ആയതിനുള്ള മേൽനോട്ടത്തിന് ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

എന്നാൽ ടി പ്രോജക്ടിന്റെ ഡിസൈൻ കൺസൾട്ടന്റായ M/s ഇന്റഗ്രൽ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, പ്രോജക്ട് മാനേജർ നിർമ്മിതി കേന്ദ്രത്തിനോ തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിനോ പ്രോജക്ട് ഡിസൈൻ കൈമാറാൻ തയ്യാറായില്ല. ഏകദേശം 5 വർഷത്തോളമായി മുടങ്ങി കിടക്കുന്ന പ്രസ്തുത പാലം പണി പുനരാരംഭിക്കുന്നതിനായി ആയതിന്റെ സ്റ്റെബിലിറ്റി സംബന്ധിച്ച്

വിലയിരുത്തേണ്ടതുണ്ട്. ടി വിഷയത്തിൽ പൊതുജനതാല്പര്യവും പൊതുമുതൽ സംരക്ഷണവും മുൻനിർത്തി ടി ഡിസൈൻ കമ്പനിക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്കും പത്തനംതിട്ട ജില്ലാ കളക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ, ടി മുടങ്ങിക്കിടക്കുന്ന പാലങ്ങളുടെ പ്രവൃത്തികൾ PWD മുഖാന്തിരം പുനരാരംഭിക്കാൻ കഴിയുമോ എന്ന കാര്യംകൂടി പരിശോധിക്കേണ്ടതുണ്ട്. ആയതിനായി ടി വിഷയം അടുത്ത ചേരുന്ന SHLC യോഗത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

**വൈപ്പിൻ നിയോജകമണ്ഡലത്തിലെ കോൺവെന്റ് ബീച്ച് പാലം പണി പുനരാരംഭിക്കാനുള്ള നടപടികൾ**

85(1297) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സഹായത്തോടെ 2015-ൽ 16.90 കോടി രൂപയ്ക്ക് ഭരണാനുമതിയും പാലത്തിന്റെ ഡിസൈനിൽ വ്യത്യാസം വന്നതിനാൽ 2018-ൽ 24.46 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതിയും നൽകിയ

വൈപ്പിൻ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കാത്തതിന് കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം എന്നത്തേക്ക് പുനരാരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) 18 ശതമാനം ജി.എസ്.ടി. പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിനായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച കത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ ?

(എ-സി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കോൺവെന്റ് ബീച്ച് പാലം നിർമ്മാണം എന്ന പ്രവൃത്തിക്കുവേണ്ടി ഒടുക്കിയ ജി.എസ്.ടി. തുക റീഇംബേഴ്സ് ചെയ്ത് തരണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ടി പ്രവൃത്തിയുടെ എഗ്രിമെന്റ് 29-01-2016-ൽ ആയതിനാലും GST, 01-07-2017 തീയതിക്കുശേഷം മാത്രം പ്രാബല്യത്തിൽ വന്നതിനാലും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താത്തതിനാലും ജി.എസ്.ടി. തുക കരാറുകാരന് നൽകിയിട്ടില്ല. നിലവിൽ 18-07-2022 മുതൽ ജി.എസ്.ടി.-യുടെ നിരക്ക്

12 ശതമാനത്തിൽനിന്നും 18 ശതമാനത്തിലേയ്ക്ക് പുതുക്കിയത് കരാറുകാരനെ അധിക ബാധ്യതയിലേയ്ക്ക് നയിച്ചെന്നും കരാറുകാരൻ അറിയിച്ചിട്ടുണ്ട്. ഈ കാരണത്താൽ 2023 മെയ് മാസത്തിനുശേഷം ഒരു ബീമിന്റെ സ്റ്റ്രെസ്സിംഗ് പ്രവൃത്തികൾ അല്ലാതെ മറ്റു പ്രവൃത്തികൾ ഒന്നുംതന്നെ കരാറുകാരൻ ചെയ്തിട്ടില്ല. കരാറുകാരന് ജി.എസ്.ടി. ഉൾപ്പെടുത്തി നൽകാവുന്നതാണോ എന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം ലഭിക്കുന്നതിനുവേണ്ടി ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചു വരുന്നു.

**ചാത്തന്നൂർ മണ്ഡലത്തിലെ ആനാഞ്ചാൽക്കടവ് നടപ്പാലം നിർമ്മാണം**

86(1298) <u>ശ്രീ. ജി. എസ്. ജയലാൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ) വിഭാഗത്തിന്റെ കൊല്ലം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർവ്വഹണ ചുമതലയിൽ ചാത്തന്നൂർ മണ്ഡലത്തിലെ ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ ആനാഞ്ചാൽ കടവിൽ ഇത്തിക്കര ആറിന് കുറുകെ നടപ്പാലം നിർമ്മിക്കുന്ന (2023-24 വർഷത്തെ

ആസ്തി വികസന ഫണ്ടിൽനിന്നും ഒന്നേകാൽ കോടി രൂപ വിനിയോഗിച്ച്) പ്രവൃത്തി സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ആനാഞ്ചാൽക്കടവ് നടപ്പാലം നിർമ്മാണ പ്രവൃത്തിയുടെ ഡിസൈൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഡിസൈൻ തയ്യാറാക്കുന്നതിലേക്കുള്ള Investigation Details പൊതുമരാമത്ത് വകുപ്പ് ഡിസൈൻ കാര്യാലയത്തിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാൻ നിലവിൽ എന്തെങ്കിലും തടസങ്ങൾ ഉണ്ടോ; എങ്കിൽ അവ എന്തെല്ലാമെന്നും പ്രസ്തുത തടസങ്ങൾ ഒഴിവാക്കി പ്രവൃത്തി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

ഡിസൈൻ തയ്യാറാക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ട് ലഭ്യമാക്കുന്നതിനായി ജില്ലാ കളക്ടർക്ക് സമർപ്പിക്കുവാൻ സാധിക്കുന്നതാണ്.

**ഇരുമ്പോത്തിങ്ങൽ പാലം നിർമ്മിക്കുന്നതിനുള്ള നടപടി**

87(1299) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തെത്തുടർന്ന് ഗതാഗത യോഗ്യമല്ലാതായ ഇരുമ്പോത്തിങ്ങൽ പാലം പൊളിച്ചുമാറ്റി പുതിയ പാലം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പുതലത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ ശിപാർശ പൊതുമരാമത്ത് വകുപ്പിൽ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പുതിയ പാലം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ.-ന് ഭരണാനുമതി നൽകുന്നതിന്റെ ഭാഗമായി ചീഫ് ടെക്നിക്കൽ എക്സാമിനർ നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നിർദ്ദേശങ്ങൾക്ക് അനുസരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) ഇരുമ്പോത്തിങ്ങൽ പാലം പുതിയ അലൈൻമെന്റിലൂടെ പുനർനിർമ്മിക്കുന്നതിന് 762 ലക്ഷം രൂപയുടെ പ്രവൃത്തി നിർദ്ദേശം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. തുടർന്ന് ചീഫ് ടെക്നിക്കൽ എക്സാമിനർ 01-11-2023-ൽ പ്രസ്തുത സൈറ്റ് സന്ദർശിച്ച് പരിശോധന നടത്തുകയും ഇരുമ്പോത്തിങ്ങൽ "Submersible Bridge" ആയി നിർമ്മിക്കുന്നതിന് ഡിസൈനിൽ വ്യത്യാസം വരുത്താൻ നിർദ്ദേശിക്കുകയും ചെയ്തു. പുതുക്കിയ Tentative General Design drawing തയ്യാറാക്കുകയും അത് പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു.

(സി) തീരദേശ പഞ്ചായത്തായ വള്ളിക്കുന്നിലെ കാര്യാട്, കൊടക്കാട്, ആലിൻചുവട്, മണ്ണട്ടാംപാറ, കൂട്ടുമുച്ചി, കരുമരക്കാട്, മാതാപുഴ ഭാഗങ്ങളിൽ നിന്ന് പഞ്ചായത്തിന്റെ ഹെഡ്ക്വാർട്ടേഴ്സിലേയ്ക്കും ഹയർ സെക്കൻഡറി സ്കൂളുകളിലേയ്ക്കും എത്താൻ ഏക ആശ്രയമായ പ്രസ്തുത പാലം നവീകരിക്കുന്നതിനും പുതിയ പാലം നിർമ്മിക്കുന്നതിനും ഉള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

നിലവിലെ പാലം Redecking നടത്തി ഗതാഗത യോഗ്യമാക്കാനുള്ള എസ്റ്റിമേറ്റിന് 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്.

**റെയിൽവേ മേൽപാലം**

88(1300) <u>ശ്രീമതി ശാന്തകുമാരി കെ.:</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മങ്കര-കാളികാവ് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനു നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിലെ മങ്കര-പാലക്കാട് റോഡിലുള്ള റെയിൽവേ ലെവൽ ക്രോസിംഗ് നമ്പർ 164-നു പകരമായി മേൽപ്പാലം നിർമ്മിക്കുന്നതിന് സംസ്ഥാന സർക്കാരും റെയിൽവേ മന്ത്രാലയവും ധാരണയായിട്ടുണ്ട്. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെയാണ് ഈ പദ്ധതിയുടെ നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിങ് റെയിൽവേ

അംഗീകരിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന് 11(1) നോട്ടിഫിക്കേഷൻ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. പാലക്കാട് LA തഹസിൽദാരുടെ നേതൃത്വത്തിലുള്ള തുടർനടപടികൾ അന്തിമഘട്ടത്തിലാണ്.

**നായരമ്പലം ഹെർബർട്ട് പാലം നിർമ്മാണം**

89(1301) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെയുള്ള നായരമ്പലം ഹെർബർട്ട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നേരിടുന്ന കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെയുള്ള പ്രവൃത്തിയായ നായരമ്പലം ഹെർബർട്ട് പാലം നിർമ്മാണത്തിന് 31-10-2016-ലെ സ.ഉ.(സാധാ)നം.1496/2016/ പൊ.മ.വ. പ്രകാരം 10 കോടി രൂപയ്ക്ക് ഭരണാനുമതിയും 11-02-2020-ൽ 10.40 കോടി

ൃപക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതിയും ലഭ്യമായിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിനുവേണ്ടി എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിൽ നായരമ്പലം വില്ലേജിൽ ഉൾപ്പെട്ട 6.48 ആർ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സർവ്വേ അതിരടയാള നിയമപ്രകാരമുള്ള 6(1) വിജ്ഞാപനം 17-06-2022-ൽ പ്രസിദ്ധീകരിക്കുകയും, ആനുഷാംഗിക ചാർജ്ജായ 1 ലക്ഷം രൂപ 02-09-2022-ൽ എറണാകുളം കിഫ്ബി സ്പെഷ്യൽ തഹസിൽദാർ (എൽ.എ.)-യ്ക്ക് കൈമാറിയിട്ടുള്ളതുമാണ്. കൂടാതെ 14-11-2022-ലെ വാല്യം II നമ്പർ 3829 പ്രകാരം 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും 22-12-2022-ൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ ഹിയറിംഗ് നടത്തുകയും 16-02-2023-ൽ വിദഗ്ദ്ധ സമിതി യോഗം കൂടുകയും ചെയ്തിട്ടുണ്ട്. നായരമ്പലം-ഹെർബർട്ട് പാലം നിർമ്മാണ പ്രവൃത്തി നിലവിൽ സ്ഥലം ഏറ്റെടുക്കൽ ഘട്ടത്തിലാണ്. 20-10-2023-ൽ 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ പ്രവൃത്തിക്കായി CRZ ക്ലിയറൻസും, wet land ക്ലിയറൻസും ലഭിക്കേണ്ടതായുണ്ട്. അതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. LARR

ആക്ട് 2013 പ്രകാരമുള്ള സ്ഥലം ഏറ്റെടുക്കൽ പൂർത്തീകരിച്ച ശേഷം മാത്രമേ സാങ്കേതിക എസ്റ്റിമേറ്റ് സമർപ്പിക്കുന്നതടക്കമുള്ള നടപടികളിലേയ്ക്ക് കടക്കാൻ സാധിക്കുകയുള്ളൂ.

(ബി) പ്രസ്തുത പാലത്തിനായുള്ള 6.48 ആർ സ്ഥലം ഏറ്റെടുക്കുന്ന നടപടി പൂർത്തികരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തികരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പാലത്തിനായുള്ള സ്ഥല മേറ്റെടുക്കൽ പൂർത്തീകരിച്ചിട്ടില്ല. 20-10-2023-ൽ 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(സി) പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തികരിച്ച് പാലത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

സ്ഥലം ഏറ്റെടുക്കൽ പൂർത്തീകരിച്ച ശേഷം സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയായാൽ എത്രയും വേഗം പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും.

**വർക്കല മണ്ഡലത്തിൽ പാലങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി**

90(1302) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെയും മുൻ സർക്കാരിന്റെയും കാലയളവിൽ പൊതുമരാമത്ത് വകുപ്പ് വർക്കല മണ്ഡലത്തിൽ എത്ര പാലങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഈ സർക്കാരിന്റെയും, മുൻ സർക്കാരിന്റെയും കാലയളവിൽ വർക്കല നിയോജക മണ്ഡലത്തിൽ കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന ശിവഗിരി തൊടുവേ പാലം നിർമ്മിക്കുന്നതിന് 10-072017-ലെ സ.ഉ.(സാധാ)നം.942/2017/ PWD പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ടി കാലയളവിൽ എത്ര പാലങ്ങൾ നവീകരിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

വർക്കല നിയോജക മണ്ഡലത്തിൽ കരുനിലകോട് പാലത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് 11-07-2023-ലെ സ.ഉ.(സാധാ)നം. 954/2023/പൊ.മ.വ. പ്രകാരം 23 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പുരോഗമിച്ചുവരികയാണ്.

**കാവിൽ മുനമ്പ് പാലം**

91(1303) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയിൽനിന്നും ധനകാര്യ അനുമതി ലഭ്യമായ, കല്യാശ്ശേരി മണ്ഡലത്തിലെ കാവിൽ മുനമ്പ് പാലത്തിന്റെ പുതുക്കിയ ഡിസൈൻ പ്രകാരമുള്ള സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കല്യാശ്ശേരി മണ്ഡലത്തിലെ കാവിൽ മുനമ്പ് പാലത്തിന്റെ നിർമ്മാണത്തിനായി 20-10-2023-ൽ 76.79 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. പുതുക്കിയ ഡിസൈൻ അനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റ് 11-12-2023-ൽ കൂടിയ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് സാങ്കേതികമായ ചില തിരുത്തലുകൾ നിർദ്ദേശിച്ചിട്ടുണ്ട്. അതിൻ പ്രകാരം എസ്റ്റിമേറ്റ് പുതുക്കുന്ന നടപടികൾ പുരോഗതിയിലാണ്.

**കണ്ണൻ കുണ്ട് പാലം നിർമ്മാണം**

92(1304) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ കണ്ണൻ കുണ്ട് പാലം നിർമ്മാണത്തിന് 2022-23 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കണ്ണൻ കുണ്ട് പാലം നിർമാണത്തിന്റെ ഡി.പി.ആർ. ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ് രേഖകൾ ഭരണാനുമതിക്കായി പൊതുമരാമത്ത് വകുപ്പിന് (ഡി1/202/2023/പി.ഡബ്ല്യൂ.ഡി.) നൽകിയിട്ടും ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കാത്തതുകൊണ്ട് ഭരണാനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ;

(ഡി) ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പ് നൽകിയ രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

(എ-ഡി) 16-09-2022-ലെ സ.ഉ.(സാധാ)നം.6365/2022/ധന പ്രകാരം തച്ചനാട്ടുകര സമഗ്ര കുടിവെള്ള പദ്ധതി - രണ്ടാം ഘട്ടം എന്ന പ്രവൃത്തിക്ക് പകരമായി 5 കോടി രൂപ അടങ്കൽ തുകയിലും 20 ശതമാനം വിഹിതത്തിലും പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തി കണ്ണൻ കുണ്ട് കടവ് പാലം നിർമ്മാണവും മറ്റ് അനുബന്ധ പ്രവൃത്തികളും എന്ന പ്രവൃത്തിക്ക് (അടങ്കൽ തുക 500 ലക്ഷം രൂപ; അനുവദിക്കുന്ന തുക ഒരു കോടി രൂപ) അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. CEPWD/2019/ 2022-AB4-BR Dated 23/11/2022 പ്രകാരം ചീഫ് എഞ്ചിനീയർ എസ്റ്റിമേറ്റ് ഗവൺമെന്റിലേക്ക് ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത പ്രൊപ്പോസൽ തത്ക്കാലം പരിഗണിക്കേണ്ടതില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. (രേഖയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു).+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ദേശീയ പാതയിൽ പള്ളിക്കൽ ബസാർ ഭാഗത്ത് ഓവർ ബ്രിഡ്ജ് നിർമ്മാണം**

93(1305) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66 കടന്നുപോകുന്ന കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിലെ പള്ളിക്കൽ ബസാർ ഭാഗത്ത് (ചെയിനേജ് നമ്പർ: 309/345) ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നത് സംബന്ധിച്ച് ശ്രീ. സൈതലവി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷ നിലവിൽ ഏത് ഓഫീസിന്റെ പരിഗണനയിലാണെന്ന് അറിയിക്കുമോ; ഫയലിന്റെ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ദേശീയപാത 66 കടന്നുപോകുന്ന കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിലെ പള്ളിക്കൽ ബസാർ ഭാഗത്ത് ഓവർ ബ്രിഡ്ജ് നിർമ്മിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ

പൊതുമരാമത്ത് (ഡി) വകുപ്പിന്റെ ഡി3/108/2023 നമ്പർ ഫയലിൽ സ്വീകരിക്കുകയും ദേശീയപാത അതോറിറ്റിയുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. പ്രസ്തുത ആവശ്യത്തിന്റെ സാങ്കേതിക സാധ്യത ദേശീയപാത അതോറിറ്റി പരിശോധിച്ചു. IRC മാനദണ്ഡ പ്രകാരം ഒരു അണ്ടർപാസിന്റെ 2 കിലോമീറ്റർ പരിധിക്കുള്ളിൽ മറ്റൊരു അണ്ടർപാസ്/ഓവർപാസ്/ലൈറ്റ് വെഹിക്കുലാർ അണ്ടർപാസ് എന്നിവ അനുവദിക്കാനാവില്ല എന്നാണ് NHAI അറിയിക്കുന്നത്. പള്ളിക്കൽ ബസാർ ഭാഗത്ത് ആവശ്യപ്പെട്ട അണ്ടർപാസ് അനുവദിക്കാൻ സാങ്കേതികമായി സാധ്യമല്ലെന്നും അതുകൊണ്ട് പ്രസ്തുത ആവശ്യം നിരസിച്ചതായും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

**ഉപ്പുതുരുത്തി പാലം നിർമ്മാണം**

94(1306) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൈപ്പമംഗലം മണ്ഡലത്തിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ ഉപ്പുതുരുത്തി പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പാലം എന്ന് യാഥാർത്ഥ്യമാകുമെന്ന് വെളിപ്പെടുത്താമോ?

തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ ഉപ്പുതുരുത്തി പാലത്തിന്റെ നിർമ്മാണത്തിന് ഡിസൈൻ ഡ്രോയിംഗ് തയ്യാറാക്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനായുള്ള 338 ലക്ഷം രൂപ ഉൾപ്പെടെ 32 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ പരിശോധിച്ചു വരുന്നു.

**അസിസ്റ്റന്റ് എൻജിനീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം**

95(1307) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽനിന്നും അസിസ്റ്റന്റ് എൻജിനീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള മാനദണ്ഡം എന്താണ്?

പൊതുമരാമത്ത് വകുപ്പ് സ്പെഷ്യൽ റൂൾ അനുസരിച്ച് സീനിയോറിറ്റിയും, അനുപാതവും പരിഗണിച്ചാണ് ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നത്.

(ബി) സ്ഥാനക്കയറ്റംമൂലം നികത്തേണ്ട ഒഴിവുകൾ കണക്കാക്കുന്നത് എങ്ങനെ ആണ് എന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിലേയ്ക്ക് സ്പെഷ്യൽ റൂൾ അനുസരിച്ച് 6:3:1 എന്ന അനുപാത പ്രകാരം യഥാക്രമം നേരിട്ടുള്ള നിയമനം (പി.എസ്.സി.), ഡിപ്ലോമ വിഭാഗം ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരിൽ നിന്നുള്ള സ്ഥാനക്കയറ്റം, സർട്ടിഫിക്കറ്റ് വിഭാഗം ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരിൽ നിന്നുള്ള സ്ഥാനക്കയറ്റം എന്ന ക്രമത്തിലാണ് നിയമനം നടത്തുന്നത്.

(സി) സ്ഥാനക്കയറ്റം നൽകുന്നതിനുള്ള അർഹത പട്ടിക തയ്യാറാക്കുന്നതിന് വകുപ്പിൽ സ്പെഷ്യൽ റൂൾ നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. സ്പെഷ്യൽ റൂളിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽനിന്നും സ്ഥാനക്കയറ്റം നൽകി നികത്തേണ്ട എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതിൽ ഡിഗ്രി ഹോൾഡേഴ്സിനും ഡിപ്ലോമ ഹോൾഡേഴ്സിനുമുള്ള ഒഴിവുകൾ എത്രവീതം എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ ഒഴിവുകളിൽ സ്ഥാനക്കയറ്റം നൽകാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

(ഡി&ഇ) 10 ഒഴിവുകൾ നിലവിലുണ്ട്. ടി ഒഴിവുകൾ ഡിപ്ലോമ വിഭാഗം ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരിൽനിന്നും യോഗ്യരായ ജീവനക്കാർക്കായുള്ളതാണ്. ടി ഒഴിവുകൾ യോഗ്യരായ ജീവനക്കാരിൽ നിന്നുള്ള ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി അംഗീകരിച്ച സെലക്ട് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ നികത്താനായിട്ടില്ല. ഡി.പി.സി. ലിസ്റ്റ് നിലവിൽ വരുന്നതിനനുസരിച്ച് ഒഴിവ് നികത്തുന്നതാണ്.

(എഫ്) അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തത് പരിഗണിച്ച് നേരിട്ടുള്ള നിയമന ഒഴിവുകളിലേക്കുകൂടി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പിലെ അർഹതപ്പെട്ടവർക്ക് താത്കാലികമായി പ്രൊമോഷൻ നൽകുമോ?

അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനത്തിനുള്ള ഒഴിവ് നികത്തുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

**സംസ്ഥാനത്തെ റസ്റ്റ് ഹൗസുകൾ**

96(1308) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആകെ എത്ര റസ്റ്റ് ഹൗസുകളും വിശ്രമ കേന്ദ്രങ്ങളുമാണ് നിലവിലുള്ളത്; ഇതിൽ പൂർണ്ണ തോതിൽ പ്രവർത്തനക്ഷമം ആയിട്ടുള്ളവ എത്ര എണ്ണമാണ്; ജില്ലയും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ആകെ 154 റസ്റ്റ് ഹൗസുകളാണുള്ളത്. ആയതിൽ 141 എണ്ണം

പൂർണ്ണതോതിൽ പ്രവർത്തന ക്ഷമമാണ്. ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇവയിൽ ഓരോ വിഭാഗത്തിലും എത്ര ജീവനക്കാരുടെ തസ്തികകളാണ് നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ളത്?

റസ്റ്റ് ഹൗസിലെ ജീവനക്കാരുടെ അംഗീകൃത തസ്തികകൾ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ ആകെ എത്ര ജീവനക്കാരാണ് നിലവിലുള്ളത്; ആകെ തസ്തിക, താൽക്കാലിക നിയമനം, സ്ഥിര നിയമനം, എന്നിങ്ങനെ തരംതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

നിലവിലുള്ള ആകെ ജീവനക്കാരുടെ എണ്ണം 550 (419 സ്ഥിരം ജീവനക്കാർ + 132 തൽക്കാലിക ജീവനക്കാർ + 26 താൽക്കാലിക ചുമതലയുള്ള വാനിഷിംഗ് കാറ്റഗറിയിൽ ഉള്ള റോളർ ഡ്രൈവർ, റോളർ ക്ലീനർ ജീവനക്കാർ) ആണ്. ജീവനക്കാരെ സംബന്ധിച്ച തരംതിരിച്ച പട്ടിക ചുവടെ ചേർക്കുന്നു.

ആകെ തസ്തിക : 419

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥിരം ജീവനക്കാർ : 419

താൽക്കാലിക ജീവനക്കാർ : 132

നിലവിലെ ഒഴിവ് : 27

(ഡി) ജീവനക്കാരുടെ എണ്ണം കുറവായതുമൂലം നിലവിലുള്ള ജീവനക്കാർക്ക് ജോലിഭാരം അധികമാണെന്നും താമസത്തിന് എത്തുന്നവർക്ക് വേണ്ടത്ര സൗകര്യങ്ങൾ ലഭ്യമാക്കാൻ കഴിയുന്നില്ല എന്നുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസുകളിൽ ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി ഓരോ റസ്റ്റ് ഹൗസിന്റെയും സുഗമമായ പ്രവർത്തനത്തിന് ആവശ്യം വേണ്ട താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുവേണ്ടി ചീഫ് എഞ്ചിനീയർ (ഭരണം) സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

(ഇ) ഇതിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് താമസക്കാർക്ക് പ്രഭാത ഭക്ഷണം, ചായ, കാപ്പി എന്നിവ ഉൾപ്പെടെയുള്ള ആഹാര പദാർത്ഥങ്ങൾ ലഭ്യമാക്കുന്നത്?

പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസുകളിൽ പ്രഭാത ഭക്ഷണം ലഭ്യമാക്കുന്നില്ല. എന്നാൽ ചില റസ്റ്റ്ഹൗസുകളിൽ ക്യാൻറ്റീൻ സൗകര്യം ലഭ്യമാണ്. പൊതുമരാമത്ത് വകുപ്പ് റസ്റ്റ്ഹൗസുകളിൽ ക്യാൻറ്റീൻ സൗകര്യം ലഭ്യമായവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(എഫ്) വടകര നിയോജക മണ്ഡലത്തിലെ ഏക റസ്റ്റ് ഹൗസ് ആയ വടകര റസ്റ്റ് ഹൗസിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ അടിയന്തരമായി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

വടകര നിയോജക മണ്ഡലത്തിലെ വടകര റസ്റ്റ് ഹൗസിന്റെ അടിയന്തര പുനരുദ്ധാരണ പ്രവൃത്തികൾക്കായുള്ള 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നടപടി സ്വീകരിച്ചു വരുന്നു.

(ജി) ഹോട്ടലുകളിൽ ടാക്സി ഡ്രൈവർമാർക്ക് താമസസൗകര്യം ഏർപ്പെടുത്തുന്നതിനായി മുൻകൈയെടുക്കുന്നത് പോലെ റസ്റ്റ് ഹൗസുകളിൽ താമസത്തിന് എത്തുന്ന മന്ത്രിമാരുടെയും എം.എൽ.എ.-മാരുടെയും മറ്റ് ഉന്നത ഉദ്യോഗസ്ഥരുടെയും കൂടെ യാത്ര ചെയ്യുന്ന ഡ്രൈവറിനോ പേഴ്സണൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അസിസ്റ്റന്റിനോ കൂടി റസ്റ്റ് ഹൗസുകളിലും മറ്റു വിശ്രമകേന്ദ്രങ്ങളിലും താമസസൗകര്യം ഒരുക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ?

പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസുകളിൽ മുൻകൂട്ടി റിസർവ് ചെയ്യുന്ന പക്ഷം മുറികൾ ഒഴിവ് ഉണ്ടെങ്കിൽ നൽകി വരാറുണ്ട്. കൂടാതെ വിവിധ വകുപ്പുകളിലെ ബഹുമാനപ്പെട്ട മന്ത്രിമാരുടെ ഡ്രൈവർമാരെയും ഗൺമാനേയും പാർപ്പിക്കാനായി പ്രധാന വിശ്രമ കേന്ദ്രങ്ങളിലെ ഒരു മുറി ഡോർമിറ്ററിയായി നിലനിർത്താൻ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിലെ എല്ലാ എക്സിക്യൂട്ടിവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഡെപ്യൂട്ടേഷനിൽ എം.ടെക്. ചെയ്യുന്നതിനെ സംബന്ധിച്ച്**

97(1309) ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പൊതുമരാമത്ത് വകുപ്പിൽ സിവിൽ എഞ്ചിനീയറിങ് വിഭാഗം ജീവനക്കാർക്ക് ഡെപ്യൂട്ടേഷനിൽ ശമ്പളത്തോടുകൂടി എം.ടെക്. ചെയ്യുന്നതിന് ഒരു വർഷം വരുന്ന ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിൽ സിവിൽ എൻജിനിയറിങ് വിഭാഗം ജീവനക്കാർക്ക് ഡെപ്യൂട്ടേഷനിൽ, എം.ടെക്. ചെയ്യുന്നതിന് അതാത് ജീവനക്കാരുടെ ശമ്പളയിനത്തിൽ നൽകേണ്ട തുകയാണ് ചെലവാകുന്നത്. നിലവിൽ ഒരു വർഷത്തേയ്ക്ക് ആകെ 43,92,255/- രൂപ ചെലവാകുന്നുണ്ട്.

(ബി) പൊതുമരാമത്ത് - സിവിൽ എഞ്ചിനീയറിങ് വിഭാഗത്തിൽ നിലവിൽ എം.ടെക്. (സ്ട്രക്ചറൽ, ട്രാൻസ്പോർട്ടേഷൻ, എൻവയോൺമെന്റൽ, ജിയോടെക് വിഭാഗങ്ങളിൽ) യോഗ്യതയുള്ള ജീവനക്കാരുടെ എണ്ണം എത്ര?

അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയുടെ അടിസ്ഥാന യോഗ്യത B.Tech in Civil Engineering ആണ്. ആയതിനാൽ എം.ടെക്. യോഗ്യതയുള്ള ജീവനക്കാരുടെ എം.ടെക്. സർട്ടിഫിക്കറ്റ് പരിശോധന നടത്തിയിട്ടില്ല. ആയതിനാൽ ഇതു സംബന്ധിച്ച ആധികാരിക വിവരങ്ങൾ ലഭ്യമല്ല.

**കെട്ടിട നിർമ്മാണം**

98(1310) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബഡ്ജറ്റിൽ ഉൾപ്പെട്ട ഉപ്പള ഫയർ സ്റ്റേഷൻ, സീതങ്ങോലി ഐ.ടി.ഐ. കെട്ടിട നിർമ്മാണം നിലവിൽ നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

1. <u>ഉപ്പള ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം.</u>

ഉപ്പള ഫയർ സ്റ്റേഷൻ കെട്ടിടനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന 90 സെന്റ് സ്ഥലം തടസ്സരഹിതമായി 29-12-2023-ലെ ജോയിന്റ് ഇൻസ്പെക്ഷൻ പ്രകാരം അളന്ന് തിട്ടപ്പെടുത്തി വില്ലേജ് സ്കെച്ച് 20-01-2024-ൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 2023-24 ബഡ്ജറ്റ് അനുബന്ധം II വാല്യം 11-ൽ 2827 ക്രമനമ്പർ പ്രകാരം 30 ലക്ഷം രൂപ ഉൾപ്പെട്ടിട്ടുണ്ട്. ടി പ്രൊപ്പോസലിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ആർക്കിടെക്ചറൽ പ്ലാൻ തയ്യാറാക്കിവരുകയാണ്.

2. <u>ഐ.ടി.ഐ. സീതങ്ങോലി കെട്ടിട നിർമ്മാണം</u>

ഗവൺമെന്റ് ഐ.ടി.ഐ. സീതങ്ങോലി നിർമ്മിക്കുന്നതിനായി 2023-24 വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ പ്രഖ്യാപിച്ച ഒരു കോടി രൂപ അടങ്കൽ തുകയായി നിജപ്പെടുത്തിക്കൊണ്ട് ഐ.ടി.ഐ. അധികൃതരുടെ നിർദ്ദേശപ്രകാരം രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ആയത് പ്രകാരം കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുന്നതാണ്.

(ബി) പ്രസ്തുത ഭരണാനുമതി ലഭിക്കാൻ വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉപ്പള ഫയർസ്റ്റേഷൻ നിർമ്മാണ സ്ഥലത്തിന്റെ അതിർത്തി നിർണ്ണയം ചെയ്ത സ്കെച്ചും പ്ലാനും വില്ലേജ് ഓഫീസിൽ നിന്ന് 20-01-2024-ലാണ് ലഭിച്ചത്. ആയത് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ബഡ്ജറ്റിൽ ഉൾപ്പെട്ട പ്രകാരം ഐ.ടി.ഐ. സീതങ്ങോലിക്ക് നിലവിലെ കെട്ടിടത്തിന്റെ മുകളിൽ ഫസ്റ്റ് ഫ്ലോർ നിർമ്മിക്കുന്നതിനായി രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കി വരികയായിരുന്നു. എന്നാൽ ടി നിർമ്മാണത്തിന് KDP ഫണ്ട് ലഭ്യമായി തുടർന്ന് ബഡ്ജറ്റ് പ്രവൃത്തിക്കായി ഭരണാനുമതി

ലഭിക്കുന്നതിന് പുതിയ സ്ഥലം കണ്ടെത്തുകയും ആയതിന് ഐ.ടി.ഐ. അധികൃതരുടെ നിർദ്ദേശ പ്രകാരം രൂപരേഖ തയ്യാറാക്കി വരികയാണ്. നിലവിൽ രണ്ട് പദ്ധതികൾക്കും ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റും രൂപരേഖയും പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കി വരുന്നു.

(സി) ടി പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

പ്രവൃത്തികളുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ടെണ്ടർ ചെയ്ത് ആരംഭിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് കെട്ടിട വിഭാഗം സ്വീകരിക്കുന്നതാണ്.

**കേന്ദ്ര വിഹിതത്തിലെ കുടിശിക**

99(1311) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികളിൽ കേന്ദ്ര വിഹിതമായി ലഭിക്കേണ്ട തുകയിൽ എത്ര തുക കുടിശികയുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

ആർ.ബി.ഡി.സി.കെ. പൂർണ്ണമായും നിർമ്മിച്ച 18 റെയിൽവേ മേൽപ്പാലങ്ങളുടെ റെയിൽവേ ഷെയറിൽ 715 ലക്ഷം ബാക്കി തുക ലഭിക്കാനുണ്ട്.

**ദേശീയപാത വിഭാഗം**

പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൽ OR(C), FDR(C) ഇനങ്ങളിലായി യഥാക്രമം 3,76,06,207/-, 4,79,05,687/- രൂപയുടെ കുടിശ്ശിക ഉണ്ട്, സെൻട്രൽ റോഡ് ഇൻഫ്രാസ്ക്ച്ചർ ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവർത്തികൾക്കായി 2023 സെപ്റ്റംബർ മാസത്തെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 542.46 കോടി രൂപ കുടിശ്ശികയുണ്ട്.

(ബി) ഓരോ പദ്ധതിയിലും കുടിശ്ശിക ലഭിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

**ആർ.ബി.ഡി.സി.കെ.**

ആർ.ബി.ഡി.സി.കെ. സമർപ്പിച്ച കണക്കുകളുടെയും സർട്ടിഫിക്കറ്റുകളുടെയും പരിശോധന റെയിൽവേ പൂർത്തിയാക്കിയിട്ടില്ല.

**ദേശീയപാത വിഭാഗം**

യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറക്ക് ഗഡുക്കളായി തുക ലഭ്യമാക്കുന്നതാണ് നിലവിലെ രീതി. 2023-2024 വർഷത്തിൽ തുക ലഭ്യമായിട്ടില്ല. ഇതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല .

(സി) യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട മറ്റു റിപ്പോർട്ടുകൾ എന്നിവ സമർപ്പിച്ചിട്ടും കേന്ദ്ര വിഹിതം ലഭിക്കാത്ത എത്ര പദ്ധതികൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും അവ ഓരോന്നിലും ലഭിക്കാനുള്ള തുക എത്രയാണെന്നും വ്യക്തമാക്കുമോ?

**ആർ.ബി.ഡി.സി.കെ.**

ആർ.ബി.ഡി.സി.കെ. പൂർണ്ണമായും നിർമ്മിച്ച 18 റെയിൽവേ മേൽപ്പാലങ്ങളുടെ അക്കൗണ്ടന്റ് ജനറൽ സാക്ഷ്യപ്പെടുത്തിയ ചെലവ് കണക്കുകളും Completion report-ഉം റെയിൽവേയിൽ സമർപ്പിച്ചിട്ടുണ്ട്. ലഭിക്കാനുള്ള തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

**റെയിൽവേയിൽ നിന്ന് ലഭിക്കാനുള്ള തുക**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ലഭിക്കാനുള്ള തുക |
|---|---|---|
| 1 | ഇരുമ്പനം ആർ.ഒ.ബി. | 21,42,150.00 |
| 2 | ചാലക്കുടി ആർ.ഒ.ബി. | 28,04,165.00 |

| | | |
|---|---|---|
| 3 | കളമശ്ശേരി ആർ.ഒ.ബി. | 22,82,455.00 |
| 4 | വെള്ളയിൽ ആർ.ഒ.ബി. | 12,51,198.00 |
| 5 | മീൻചന്ത ആർ.ഒ.ബി. | 17,52,884.00 |
| 6 | തിരൂർ-താനൂർ ആർ.ഒ.ബി. | 28,49,476.00 |
| 7 | നീലീശ്വരം ആർ.ഒ.ബി. | 26,89,652.00 |
| 8 | വെങ്ങാലി ആർ.ഒ.ബി. | 19,46,193.00 |
| 9 | കല്ലേറ്റുംകര ആർ.ഒ.ബി. | 12,49,869.00 |
| 10 | മുഴപ്പിലങ്ങാട് ആർ.ഒ.ബി. | - |
| 11 | നന്ദി ആർ.ഒ.ബി. | 37,01,090.00 |
| 12 | ചെങ്ങോട്ടുകാവ് ആർ.ഒ.ബി. | 15,93,639.00 |
| 13 | വെങ്കളം ആർ.ഒ.ബി. | 71,619.00 |
| 14 | പൊന്നുരുന്നി ആർ.ഒ.ബി. | 1,32,00,593.00 |
| 15 | കൊരട്ടി ആർ.ഒ.ബി. | 27,21,827.00 |
| 16 | സുൽത്താൻപെട്ട് ആർ.ഒ.ബി. | 1,88,01,292.00 |
| 17 | പരപ്പനങ്ങാടി ആർ.ഒ.ബി. | 1,13,98,371.00 |
| 18 | മുണ്ടൂർ ആർ.ഒ.ബി. | 11,39,440.00 |
| | **ആകെ** | **7,15,95,913.00** |

**ദേശീയപാത വിഭാഗം**

പൊതുമരാമത്തു വകുപ്പ് ദേശീയപാത വിഭാഗത്തിൽ OR(C) ,FDR(C) ഇനങ്ങളിലായി യഥാക്രമം 3,76,06,207/-, 4,79,05,687/- രൂപയുടെ കുടിശ്ശികയുണ്ട്, സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടിൽ ഉൾപ്പെടുത്തി

ഭരണാനുമതി ലഭിച്ച പ്രവർത്തികൾക്കായി 2023 സെപ്റ്റംബർ മാസത്തെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 542.46 കോടി രൂപ കുടിശ്ശികയുണ്ട്.

**കെ.എസ്.ടി.പി പാക്കേജ്**

100(1312) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി.-യുടെ പാക്കേജ് IV&V-ന്റെ നിലവിലെ സ്ഥിതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

OPBRC PACKAGE IV, V എന്നീ പദ്ധതികൾക്ക് 17-09-2022-ലെ സ.ഉ(സാധാ)നം.938/2022/പൊ.മ.വ പ്രകാരം പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. 21-03-2023-ന് പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാന പ്രകാരം, പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംഗ്, റോഡ് മെയിന്റനൻസ് വിംഗ് കൂടി ചേർന്ന് പദ്ധതി റോഡുകളിൽ സംയുക്ത പരിശോധന നടത്തി ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡി.പി.ആർ. മോഡിഫൈ ചെയ്തു. OPBRC പാക്കേജ് 5-ന്റെ പുതുക്കിയ ഡി.പി.ആർ. അനുസരിച്ചുള്ള എസ്റ്റിമേറ്റ് തുക ഭരണാനുമതി

തുകയേക്കാൾ അധികരിച്ചു വന്നു. OPBRC PACKAGE 4-ലെ Kuttiyadi Kellur, Cherkala Jalsoor എന്നീ റോഡുകളിൽ Hill Highway-യുമായി overlap വന്ന സ്ട്രെച്ചുകൾ ഒഴിവാക്കി, കൂടാതെ Sulthan Bathery-Pullpalli-perikallur റോഡ് OPBRC പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയാത്ത വിധം Structurally deficient ആയതിനാൽ ടി റോഡും OPBRC പാക്കേജ് 4-ൽ നിന്ന് ഒഴിവാക്കി പുതുക്കിയ DPR അനുസരിച്ച് കാസർഗോഡ് ജില്ലയിലെ Cherkala – Jalsoor റോഡിന്റെ (Ch:10/000 to 16/000. 22/000 to 39/138) 23.198 Km, Kuttiyadi Kellur Road-ന്റെ (Ch 0/000 to 5/000) 5 കിലോമീറ്റർ എന്നീ സ്ട്രെച്ചുകൾ ചേർന്നുള്ള 28.138 കിലോമീറ്ററാണ് OPBRC പാക്കേജ്-4 ൽ ഉൾപ്പെട്ടിട്ടുള്ളത്. OPBRC പാക്കേജ് -4 മുൻപ് രണ്ട് പ്രാവശ്യം ടെണ്ടർ ചെയ്തപ്പോൾ ആരും Quote ചെയ്തിരുന്നില്ല. നിലവിൽ പുതുക്കിയ DPR അനുസരിച്ച് കാസർഗോഡ്, കോഴിക്കോട് ജില്ലകളിലായി 28.138 കിലോമീറ്റർ റോഡ് മാത്രം ഉൾപ്പെട്ടിട്ടുള്ളതുകൊണ്ട് ആരും Quote ചെയ്യാൻ സാധ്യതയില്ലാത്തിനാൽ OPBRC പാക്കേജ്-4, പാക്കേജ്-5 എന്നിവ

ഒരുമിച്ച് ഒറ്റ പാക്കേജായി ടെണ്ടർ ചെയ്യാനുള്ള അനുമതിക്കായി KSTP സമർപ്പിച്ച ശിപാർശ സർക്കാരിൽ പരിശോധിച്ചു വരുന്നു.

(ബി) രണ്ട് വർഷം കഴിഞ്ഞിട്ടും ഈ പദ്ധതി യാഥാർത്ഥ്യമാക്കാൻ സാധിക്കാത്തതിനെത്തുടർന്ന് ഈ പാക്കേജുകളിൽ ഉൾപ്പെട്ട റോഡുകളിൽ കുഴികൾ രൂപപ്പെട്ടുതുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മേൽ പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളുടെ പരിപാലനം ഏത് രീതിയിൽ ചെയ്യുമെന്നും എപ്പോൾ ചെയ്യുമെന്നും വിശദമാക്കാമോ?

(ബി&സി) കാസർഗോഡ്-കാഞ്ഞങ്ങാട് സംസ്ഥാന പാതയിലെ ബി.എം. തകർന്നുണ്ടായ കുഴികൾ റണ്ണിംഗ് കോൺട്രാക്റ്റ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി നിലവിൽ അടച്ചിട്ടുണ്ട്. കെ.എസ്.ടി.പി.-യുടെ OPBRC Package IV-ൽ ഉൾപ്പെട്ട കുറ്റ്യാടി തൊട്ടിൽപാലം-കിലോമീറ്റർ 0/000 മുതൽ 5/000 റോഡിലെ കുഴികൾ റണ്ണിംഗ് കോൺട്രാക്റ്റ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി അടച്ച് ഗതാഗത യോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സുൽത്താൻ ബത്തേരി-പുൽപള്ളി പെരിക്കല്ലൂർ റോഡിൽ റോഡിന്റെ ആദ്യത്തെ 4 കിലോമീറ്റർ നിലവിൽ റീഫോർമേഷൻ ഫണ്ട്

ഉപയോഗിച്ച് Pothole free ആയി നിലനിർത്തിയിട്ടുണ്ട്. OPBRC പാക്കേജ്-4, പാക്കേജ്-5 എന്നിവ ഒരുമിച്ച് ഒറ്റ പാക്കേജായി ടെണ്ടർ ചെയ്യാനുള്ള അനുമതിക്കായി KSTP സമർപ്പിച്ച ശിപാർശ സർക്കാരിൽ പരിശോധിച്ചു വരുന്നു.

**പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ**

101(1313) **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ പൊതുമരാമത്ത് വകുപ്പിന്റെ എത്ര പ്രവൃത്തികൾ നാളിതുവരെ യു.എൽ.സി.സി.എസ്. (ULCCS) ലിമിറ്റഡിനു നൽകിയിട്ടുണ്ട്; എത്ര കോടി രൂപയുടെ പ്രോജക്ടാണ് ഇപ്രകാരം അനുവദിച്ചു നൽകിയിട്ടുള്ളത്; ഇതിൽ എത്ര പ്രോജക്ടുകൾ പൂർത്തീകരിച്ചു; എത്ര പ്രോജക്ടുകൾ നിർമ്മാണ ഘട്ടത്തിലാണ് ;

പൊതുമരാമത്ത് വകുപ്പിലെ വിവിധ വിഭാഗങ്ങളിലെ വിവരം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മേല്പറഞ്ഞ ഏതെങ്കിലും പ്രോജക്ടുകളുടെ നിർമ്മാണം നിർത്തിവെച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ; എത്ര പ്രോജക്ടുകൾ ടെണ്ടർ കൂടാതെ നൽകിയിട്ടുണ്ട്; എത്ര കോടി രൂപയുടെ പ്രോജക്ടുകളാണ് നാളിതുവരെ ടെണ്ടർ കൂടാതെ നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ ?

ഒരു പ്രവൃത്തിയും നിർത്തിവെച്ചിട്ടില്ല.മുൻ സർക്കാരിന്റെ കാലം മുതൽ ടെണ്ടർ കൂടാതെ നൽകിയ പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

**ഔദ്യോഗിക വസതിയിലെ നീന്തൽ കുളത്തിന്റെ പരിപാലനം**

102(1314) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിലെ നീന്തൽ കുളത്തിന്റെ പരിപാലനത്തിനായി 2021-നുശേഷം എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചത്; വിശദാംശം നൽകുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2021-നുശേഷം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ മേൽനോട്ടത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിലെ നീന്തൽകുളത്തിന്റെ പരിപാലനത്തിനായി യാതൊരു പ്രവൃത്തിയും ചെയ്തിട്ടില്ല.

(ബി) മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിലെ നീന്തൽ കുളത്തിന്റെ വാർഷിക പരിപാലനത്തിനായി 2016 മുതൽ നാളിതുവരെ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിലെ നീന്തൽകുളത്തിന്റെ വാർഷിക പരിപാലനത്തിനായി 2016 മുതൽ പൊതുമരാമത്ത് കെട്ടിട വിഭാഗം യാതൊരു നിർമ്മാണ പ്രവൃത്തിയും ചെയ്തിട്ടില്ല.

**പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡ് പ്രവൃത്തി**

103(1315) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഔട്ട്പുട്ട് ആൻഡ് പെർഫോമൻസ് ബേസ്ഡ് റോഡ് കോൺട്രാക്ട്സ് (ഒ.പി.ബി.ആർ.സി.)-യിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് ഭരണാനുമതി ലഭിച്ച പിലാത്തറ പാപ്പിനിശ്ശേരി കെ.എസ്.ടി.പി.റോഡ് നിർമ്മാണത്തിന്റെ ടെണ്ടർ നടപടി നീണ്ടുപോകുന്നത് എന്തുകൊണ്ടാണ്; ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

പിലാത്തറ-പാപ്പിനിശ്ശേരി റോഡ് ഉൾപ്പെട്ട OPBRC PACKAGE V, IV എന്നീ പദ്ധതികൾക്ക് 17-09-2022-ലെ സ.ഉ(സാധാ)നം. 938/2022/പൊ.മ.വ. ഉത്തരവ് പ്രകാരം പുതുക്കിയ ഭരണാനുമതി ലഭിച്ചിരുന്നു. 21-03-2023-ന് പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാന പ്രകാരം, പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംഗും, റോഡ് മെയിന്റനൻസ് വിംഗും കൂടി ചേർന്ന് പദ്ധതി റോഡുകളിൽ സംയുക്ത പരിശോധന നടത്തി ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡി.പി.ആർ.-കൾ മോഡിഫൈ ചെയ്തു. OPBRC പാക്കേജ്-5-ന്റെ പുതുക്കിയ ഡി.പി.ആർ. അനുസരിച്ചുള്ള എസ്റ്റിമേറ്റ് തുക ഭരണാനുമതി തുകയേക്കാൾ അധികരിച്ച് വന്നു. പുതുക്കിയ DPR

അനുസരിച്ച് കാസർഗോഡ് ജില്ലയിലെ Cherkala- Jalsoor road-ന്റെ (Ch:10/000 to 16/000, 22/000 to 39/138) 23.198 Km, Kuttiyadi Kellur Road ന്റെ (Ch 0/000 to 5/000) 5 കിലോമീറ്റർ എന്നീ സ്ട്രെച്ചുകൾ ചേർന്നുള്ള 28.138 കിലോമീറ്ററാണ് OPBRC പാക്കേജ് 4-ൽ ഉൾപ്പെട്ടിട്ടുള്ളത്. OPBRC പാക്കേജ്-4 മുൻപ് രണ്ട് പ്രാവശ്യം ടെണ്ടർ ചെയ്തപ്പോൾ ആരും Quote ചെയ്തിരുന്നില്ല. നിലവിൽ പുതുക്കിയ DPR അനുസരിച്ച് കാസർഗോഡ്, കോഴിക്കോട് ജില്ലകളിലായി 28.138 കിലോമീറ്റർ റോഡ് മാത്രം ഉൾപ്പെട്ടിട്ടുള്ളതുകൊണ്ട് ആരും Quote ചെയ്യാൻ സാധ്യതയില്ലാത്തതിനാൽ OPBRC പാക്കേജ്-4, പാക്കേജ്-5 എന്നിവ ഒരുമിച്ച് ഒറ്റ പാക്കേജായി ടെണ്ടർ ചെയ്യാനുള്ള അനുമതിക്കായി KSTP സമർപ്പിച്ച ശിപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**നിലമ്പൂരിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

104(1316) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ നിലമ്പൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം മുഖാന്തരം നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും എത്രയെന്ന് വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. +

(ബി) ഇക്കാലയളവിൽ പ്രസ്തുത മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം മുഖാന്തരം നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും എത്രയെന്ന് വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) ഇക്കാലയളവിൽ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിടങ്ങൾ വിഭാഗം മുഖാന്തരം നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും എത്രയെന്ന് വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഇക്കാലയളവിൽ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നാഷണൽ ഹൈവേ വിഭാഗം മുഖാന്തരം നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും എത്രയെന്ന് വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

പൊതുമരാമത്ത് ദേശീയപാതാ വിഭാഗം മുഖാന്തിരം നിലമ്പൂർ മണ്ഡലത്തിൽ CRF 2018-19 Improvements to Nilambur-Karulayi–Nedumkayam road in Malappuram District എന്ന പ്രവൃത്തി 28-05-2020-ന് പൂർത്തീകരിക്കുകയും 15,99,83,181/- രൂപ ചെലവഴിക്കുകയും ചെയ്തു.

**ജനകീയ ഹബ്ബുകൾ**

105(1317) <u>ശ്രീ. പി. വി. ശ്രീനിജിൻ:</u>
<u>ശ്രീ. എ. പ്രഭാകരൻ:</u>
<u>ശ്രീമതി കാനത്തിൽ ജമീല:</u>
<u>ശ്രീമതി ദെലീമ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലങ്ങളുടെ കീഴ്ഭാഗം ജനകീയ ഹബ്ബുകളാക്കി വികസിപ്പിക്കുമ്പോൾ അവ സ്ത്രീ സൗഹൃദവും ഭിന്നശേഷി സൗഹൃദവും ആകുന്ന തരത്തിൽ പദ്ധതിനിർവ്വഹണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

പാലങ്ങളുടെ കീഴ്ഭാഗം ജനകീയ ഹബ്ബുകളാക്കി വികസിപ്പിക്കുമ്പോൾ അവ സ്ത്രീ സൗഹൃദവും ഭിന്നശേഷി സൗഹൃദവും വയോജന സൗഹൃദവും ആകുന്ന തരത്തിലാണ് പദ്ധതി നിർവ്വഹണം പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) വിവിധ കമ്പനികളുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി.എസ്.ആർ.) ഫണ്ട് പ്രസ്തുത പദ്ധതിക്ക് ഉപയോഗിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. CSR ഫണ്ട് ഉൾപ്പെടെയുള്ള ഫണ്ട് ഉപയോഗപ്പെടുത്തി പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച് പരിപാലിച്ചു വരുന്ന റോഡുകളിൽ ലുലു ഗ്രൂപ്പിന്റെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് ബേക്കറി ഫ്ലൈ ഓവറിന്റെ കീഴ്ഭാഗം ജനകീയ ഹബ്ബാക്കി മാറ്റുന്നതിനായി ഡിസ്ട്രിക്ട് നിർമ്മിതി കേന്ദ്രം വിശദമായ പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

(സി) പദ്ധതിയുടെ തുടർച്ചയ്ക്കും വികസനത്തിനും മെയിന്റനൻസിനുമായി രൂപീകരിക്കപ്പെടുന്ന കേന്ദ്രങ്ങളിൽ ചെറിയ ഫീസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ തീരുമാനം എടുത്തിട്ടില്ല.

**നിർമ്മാണരംഗങ്ങളിൽ കാലാവസ്ഥയ്ക്ക് അനുയോജ്യമായ സങ്കേതങ്ങൾ വികസിപ്പിക്കുവാൻ നടപടി**

106 (1318) ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ ഡി. കെ. മുരളി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ നിർമ്മാണരംഗങ്ങളിൽ കാലാവസ്ഥയ്ക്ക് അനുയോജ്യമായ സങ്കേതങ്ങൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം പഠനപ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; വിശദമാക്കാമോ?

കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി റോഡുകൾക്ക് സംഭവിക്കുന്ന മാറ്റം പരിശോധിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന

സ്ഥാപനത്തിൽ ഗവേഷണം നടന്നു വരികയാണ്. ഹോട്ട് മിക്സ് അസ്ഫാൽറ്റിന്റെ ഈർപ്പസംവേദനക്ഷമതയെ കുറിച്ചുള്ള ഗവേഷണത്തിന്റെ ഒന്നാം ഘട്ടം പൂർത്തിയായി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളെയാണ് ഗവേഷണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പരിഗണിച്ചത്. മറ്റ് ജില്ലകളെ പരിഗണിച്ച് പദ്ധതിയുടെ രണ്ടാം ഘട്ടം പുരോഗമിക്കുകയാണ്. കേരളം കാലാവസ്ഥാ തീവ്രതയെ അഭിമുഖീകരിക്കുന്നതിനാൽ, കാലാവസ്ഥക്ക് അനുയോജ്യമായ റോഡ് രൂപകൽപന കാലഘട്ടത്തിന്റെ ആവശ്യമാണ്. താപനില വ്യതിയാനമനുസരിച്ച് ഡിസൈൻ ചെയ്യുന്ന സുപ്പീരിയർ പെർഫോമിംഗ് അസ്ഫാൽറ്റ് റോഡുകൾ സൂപ്പർപേവ് പരീക്ഷണ അടിസ്ഥാനത്തിൽ നടപ്പാക്കാനുള്ള പഠനങ്ങൾ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ പുരോഗമിക്കുന്നു. ഇതിനായി റോഡിലെ താപനിലയെ അടിസ്ഥാനമാക്കി രൂപപ്പെടുത്തുന്ന പ്രത്യേക ബിറ്റുമിൻ (പെർഫോമൻസ് ഗ്രേഡ്) ഉപയോഗിക്കുന്നു.

(ബി) പ്രസ്തുത പഠനങ്ങൾ ഏകോപിപ്പിക്കുന്നതിനും മുന്നോട്ട് കൊണ്ടുപോകുന്നതിനും ചുമതലയുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഗവേഷണങ്ങൾ നടത്തുന്നതിനും പഠനങ്ങളിൽനിന്നും ഉൾക്കൊണ്ട് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും പ്രവർത്തിച്ചു വരുന്നു.

(സി) നിലവിൽ റോഡ് നിർമ്മാണത്തിൽ ഉപയോഗിച്ച് വരുന്ന സങ്കേതങ്ങളുടെ ശാസ്ത്രീയത പഠന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

റോഡ് നിർമ്മാണത്തിലെ വിവിധ ഘട്ടങ്ങളിലെ ശാസ്ത്രീയ പഠനത്തിനുശേഷം MoRTH, IRC മുതലായ ഏജൻസികൾ പ്രസിദ്ധീകരിച്ച കോഡുകൾ, Specifications അനുസരിച്ചുള്ള സാങ്കേതിക വിദ്യകൾ എന്നിവയാണ് നിലവിൽ ഉപയോഗിച്ച് വരുന്നത്.

**റോഡ് നിർമ്മാണത്തിന്റെ ഗുണപരിശോധനയ്ക്ക് നൂതന സാങ്കേതികവിദ്യ**

107(1319) <u>ശ്രീ. എ. സി. മൊയ്തീൻ:</u>
<u>ശ്രീ. കെ. ഡി. പ്രസേനൻ:</u>

ശ്രീ. പി. വി. അൻവർ:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനം പൊതുമരാമത്ത് മേഖലയെ ബാധിക്കുന്നത് മറികടക്കാൻ ഉതകുംവിധം കൂടുതൽ ഈടുനിൽക്കുന്ന റോഡ് നിർമ്മാണ രീതികൾ അവലംബിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കാലാവസ്ഥയുടെയും, ഭൂപ്രകൃതിയുടേയും പ്രത്യേകതകൾ കണക്കിലെടുത്ത് റോഡുകൾ ദീർഘകാലം നിലനിൽക്കാനായി റോഡ് നിർമ്മാണത്തിൽ നൂതന രീതിയിലുള്ള സാങ്കേതിക വിദ്യകളാണ് രൂപകല്പന ചെയ്തു വരുന്നത്. മഴക്കെടുതിയെ പ്രതിരോധിക്കുവാൻ കഴിവുള്ള ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ റോഡിന്റെ രൂപകല്പനയിൽ ഉൾപ്പെടുത്താറുണ്ട്. റോഡിന്റെ ഇരുവശങ്ങളിലും കേംബർ നൽകിയും ലോംജിറ്റ്യൂഡിനൽ സെക്ഷനിൽ ഇൻഡ്യൻ റോഡ് കോൺഗ്രസ് (IRC) മാനദണ്ഡ പ്രകാരമുള്ള രൂപകല്പനയുമാണ് നൽകി വരുന്നത്. റോഡിന്റെ ഉപരിതലത്തിലും,

ഡ്രെയിനേജ് ഫെസിലിറ്റിയും ആവശ്യമായ ഗ്രാനുലാർ സബ് ബെയ്സ്, ഹൈഡ്രോളജിക്കൽ അനാലിസിസ് പഠനത്തിലൂടെ മഴവെള്ളത്തെ ഉൾക്കൊള്ളാൻ ശേഷിയുള്ള പ്രത്യേക നൂതനരീതിയിലുള്ള ഓടകൾ തുടങ്ങിയവ രൂപകല്പനയിൽ ഉൾപ്പെടുത്താറുണ്ട്. മഴക്കെടുതിയെ പ്രതിരോധിക്കാൻ ഉപരിതലത്തിലെ വൈറ്റ് ടോപ്പിംഗ്, സസ്റ്റൈനബിൾ മെറ്റീരിയലുകളായ മോഡിഫൈഡ് ബിറ്റുമിൻ, ഇന്റർലോക്കിംഗ് കോൺക്രീറ്റ് ബ്ലോക്സ് തുടങ്ങിയവ ഉൾപ്പെടുത്തിയാണ് റോഡുകളുടെ രൂപരേഖ തയ്യാറാക്കി വരുന്നത്.

(ബി) ഗുണപരിശോധനയിൽ നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം സാധ്യതകളാണുള്ളത്; ഈ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ?

ഗുണനിലവാര പരിശോധനയിൽ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് ആധുനികമായ നോൺ ഡിസ്ട്രക്റ്റീവ് ടെസ്റ്റിംഗ് ഉപകരണങ്ങളായ റീബൗണ്ട് ഹാമർ, യു.പി.വി. ടെസ്റ്റർ, റീബാർ ലൊക്കേറ്റർ എന്നിവ പരിശോധനയുടെ നിലവാരം ഉയർത്തുന്നതിന്

സഹായകമാകുന്നു. പ്രസ്തുത ഉപകരണങ്ങൾ ആട്ടോമേറ്റഡ് മൊബൈൽ ലാബിൽ സജ്ജമാക്കിയിട്ടുണ്ട്. നിർമ്മാണ മേഖലയിലെ നൂതന സാങ്കേതികവിദ്യ പരിചയപ്പെടുത്തലും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുമുള്ള നൈപുണ്യ വികസനവും ലക്ഷ്യമിട്ട് തിരുവനന്തപുരം കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശീലന പരിപാടികൾ നടത്താറുണ്ട്.

(സി) ഓട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി കൺട്രോൾ ടെസ്റ്റിംഗ് എത്രമാത്രം പ്രയോജനപ്രദമാണെന്ന് വിശദമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ നിർമ്മാണത്തിന്റെ സാങ്കേതിക ഗുണമേൻമയും പ്രവൃത്തിയുടെ ഗുണനിലവാരവും പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ 3 ജില്ലകളിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും, 11 ജില്ലകളിൽ ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബുകളും, കൂടാതെ സർപ്രൈസ് ഇൻസ്പെക്ഷൻ നടത്തുന്നതിന്റെ ഭാഗമായി സൈറ്റുകളിൽ വച്ചുതന്നെ പരിശോധനകൾ നടത്തുന്നതിലേയ്ക്കായി 3 ഓട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി ടെസ്റ്റിംഗ് ലാബുകളും പ്രവർത്തനം

ആരംഭിച്ചിട്ടുണ്ട്. റോഡ് പ്രവൃത്തികളുടെ ജി.എസ്.ബി., ഡബ്ല്യൂ.എം.എം. ഉൾപ്പെടെയുള്ള ഗ്രേഡിംഗ് സാമ്പിളുകൾ സൈറ്റിൽ ചെയ്യുന്ന മെറ്റീരിയൽ ശേഖരിച്ചു കൊണ്ട് അതിന്റെ രണ്ടാം ശ്രേണിയിൽ ഉൾപ്പെട്ട സീവ് അനാലിസിസ് ടെസ്റ്റിന് വിധേയമാക്കി തുടർന്ന് പ്രവൃത്തിയുടെ ഗുണനിലവാരം നിയന്ത്രിക്കുന്നതിന് ഓട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി ടെസ്റ്റിംഗ് വഴി ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന് കഴിയുന്നുണ്ട്. അതുപോലെ തന്നെ ടാറിംഗ് പ്രവൃത്തിയുടെ ബി.എം.&ബി.സി. ക്ലോസ് ഗ്രേഡ്, ഡി.ബി. എന്നിവയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനും, ഈ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസിന്റെ സീവ് അനാലിസിസ് ടെസ്റ്റുകൾ, ചെയ്ത് വിലയിരുത്തുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന ബിറ്റുമിന്റെ ഷെഡ്യൂളിൽ പറയപ്പെടുന്ന അളവുകൾ സൈറ്റിൽ ഉപയോഗിപ്പെടുത്തുന്നുണ്ടോ എന്നുള്ളത് ബിറ്റുമിൻ എക്സ്ട്രാക്ഷൻ ടെസ്റ്റുകൾ വഴി പരിശോധിക്കുന്നതിനും റോഡിന്റെ ഘനം കണ്ടെത്താൻ കോർകട്ടർ, നിർമ്മാണത്തിന് ഉപയോഗിക്കുന്ന മെറ്റലിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനുള്ള സീവ് ഷെയ്ക്കർ, ഹോട്ട് എയർ ഓവൻ

എന്നിവയും സജ്ജമാക്കിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന വെള്ളം നിർമ്മാണത്തിന്റെ ഗുണനിലവാരത്തിൽ വളരെയധികം സ്വാധീനിക്കുന്നു എന്നത് മനസ്സിലാക്കി വാട്ടർ ക്വാളിറ്റി അനലൈസർ സംവിധാനവും ഈ മൊബൈൽ ടെസ്റ്റിംഗ് ലാബിൽ സജ്ജമാണ്. ഇതിലൂടെ വെള്ളത്തിന്റെ PH, ക്ലോറൈഡ് അയോൺ സാന്ദ്രത മുതലായവ നിർണ്ണയിക്കാനാകും. സൈറ്റുകളിൽ പോയി സാമ്പിളുകൾ സ്വീകരിച്ച് വളരെ പെട്ടെന്ന് തന്നെ ഗുണനിലവാര പരിശോധന ഫലം നൽകാൻ ഈ മൊബൈൽ ലാബിനു കഴിയുന്ന രീതിയിലാണ് സജ്ജമാക്കിയിട്ടുള്ളത്.

**കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

108(1320) <u>ഡോ. മാത്യു കുഴൽനാടൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് കിഫ്ബി മുഖേന നടപ്പിലാക്കുന്ന ഏതെങ്കിലും പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പാതിവഴിയിൽ വച്ച് കിഫ്ബി മരവിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ

പദ്ധതികളാണ്; ഓരോ പദ്ധതിയുടെയും പേരും വിശദാംശങ്ങളും നിർമ്മാണം മരവിപ്പിക്കാനുള്ള കാരണവും വ്യക്തമാക്കുമോ?

നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച പ്രവൃത്തികളിൽ കിഫ്ബി മാനദണ്ഡം പാലിച്ചില്ലെങ്കിൽ താത്കാലികമായി പ്രവൃത്തി നിർത്തിവയ്ക്കാൻ നിർദ്ദേശിക്കാറുണ്ട്. മാനദണ്ഡപ്രകാരമുള്ള പ്രവൃത്തി ചെയ്താൽ അവ പുനരാരംഭിക്കാൻ നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്.

**അഴിക്കോട് മുനമ്പം പാലത്തിന്റെ നിർമ്മാണം**

109(1321) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽനിന്നും 154.626 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയും 143.15 കോടി രൂപയ്ക്ക് സാങ്കേതിക അനുമതിയും ലഭ്യമായിട്ടുള്ള അഴിക്കോട് മുനമ്പം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

അഴിക്കോട് - മുനമ്പം പാലത്തിന് 10-07-2017-ൽ 160 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയതാണ്. 14-08-2020-ൽ 154.626 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയും 23-11-2023-ൽ 181.55 കോടി രൂപയ്ക്ക് പുതുക്കിയ സാമ്പത്തികാനുമതിയും കിഫ്ബി നൽകുകയുണ്ടായി. 16-12-2021-ലെ ഉത്തരവ് പ്രകാരം 143.15 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ടെണ്ടർ നടപടികൾ പൂർത്തിയാക്കി 10-10-2023-ലെ എഗ്രിമെന്റ് പ്രകാരം 143.28 കോടി രൂപയ്ക്ക് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ആകെ 196 പൈലുകൾ ഉള്ളതിൽ 36 പൈലുകളുടെ നിർമ്മാണം അഴിക്കോട് വശത്ത് പൂർത്തിയായിട്ടുണ്ട്. പൈൽ ക്യാപ്പ്, Pier എന്നിവയുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

(ബി) എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തികരിക്കേണ്ടതായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

ആകെ 196 പൈലുകളിൽ 160 പൈലുകളും ബന്ധപ്പെട്ട പാലം ഭാഗങ്ങളും അപ്രോച്ച് റോഡും പൂർത്തീകരിക്കാനുണ്ട്.

(സി) പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തികരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

കരാർ പ്രകാരം 17-01-2025-ന് ആണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി.

**വാമനപുരം – ചിറ്റാർ റോഡ്**

110 (1322) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണാനുമതി ലഭിച്ച വാമനപുരം-ചിറ്റാർ റോഡിന്റെ കരാറുകാരനെ ഒഴിവാക്കി നടന്ന ടെണ്ടർ നടപടി അംഗീകരിക്കുന്നതിനായി 19-11-2022-ൽ കെ.ആർ.എഫ്.ബി. സർക്കാരിന് സമർപ്പിച്ച ശിപാർശയിന്മേൽ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

വാമനപുരം-ചിറ്റാർ റോഡിന്റെ ബാലൻസ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് 19-11-2022-ൽ കെ.ആർ.എഫ്.ബി.-യിൽ നിന്ന് സമർപ്പിച്ച ശിപാർശ അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ

അഭിപ്രായം തേടിയിരുന്നതും യഥാർത്ഥ പ്രവൃത്തിയും, ബാലൻസ് പ്രവൃത്തിയും യഥാക്രമം DSR-2016, DSR-2018 എന്നിങ്ങനെ വ്യത്യസ്ത ഷെഡ്യൂളുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതിനാൽ ഭാവിയിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിയമ പ്രശ്നങ്ങൾ ഉയർന്നുവരാൻ സാധ്യതയുണ്ടോ എന്നതുകൂടി പരിശോധിക്കണമെന്ന ധനവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മേൽ വിഷയത്തിൽ കെ.ആർ.എഫ്.ബി.-യിൽനിന്ന് റിപ്പോർട്ട് തേടി നിയമവകുപ്പിന്റെ അഭിപ്രായത്തിന് നൽകിയിരുന്നതും എന്നാൽ ബാലൻസ് ഷെഡ്യൂൾ യഥാർത്ഥ DSR അടിസ്ഥാനമാക്കിയുള്ളതായിരിക്കണമെന്ന് PWD Manual-ൽ നിബന്ധന ചെയ്തിട്ടുള്ളതായി കാണുന്നില്ല എന്ന് നിയമ വകുപ്പിൽ നിന്ന് അഭിപ്രായം നൽകിയിട്ടുള്ളതുമാണ്. തുടർന്ന് വിഷയം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുന്നതിന് മുന്നോടിയായി ബിഡ് വാലിഡിറ്റി ദീർഘിപ്പിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങൾ കെ.ആർ.എഫ്.ബി.-യിൽ നിന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ബിഡ് വാലിഡിറ്റി നീട്ടാൻ സാധിക്കില്ലെന്ന് അറിയിച്ചുകൊണ്ട് ബിഡ്ഡർ KRFB PMU-ന് കത്ത് നൽകിയിട്ടുണ്ട്.

(ബി) പദ്ധതിയുടെ അംഗീകരിച്ച അടങ്കൽ തുക എത്രയാണെന്നും ഒഴിവാക്കപ്പെട്ട കരാറുകാരന് ഇതുവരെ എത്ര തുക നൽകിയിട്ടുണ്ടെന്നും എത്ര തുകയ്ക്കാണ് പുതിയ ടെണ്ടർ നടത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ;

24.83 കോടി രൂപയാണ് അംഗീകരിച്ച അടങ്കൽ തുക. ഒഴിവാക്കപ്പെട്ട കരാറുകാരന് ഇതുവരെ 16.33 കോടി രൂപ നൽകിയിട്ടുണ്ട്. 9.07 കോടി രൂപയ്ക്കാണ് പുതിയ ടെണ്ടർ നടത്തിയിട്ടുള്ളത്.

(സി) എന്തെല്ലാം പ്രവൃത്തികളാണ് പ്രസ്തുത റോഡിൽ ഇനി അവശേഷിക്കുന്നതെന്നും പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്നും വിശദമാക്കാമോ?

ഡ്രെയ്നേജ് വർക്കുകൾ, ബി.സി. വർക്കുകൾ, റോഡ് സുരക്ഷാ വർക്കുകൾ എന്നിവയാണ് ഇനി അവശേഷിക്കുന്നത്. ബാലൻസ് പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ചിട്ടില്ല. അതേസമയം ഒഴിവാക്കപ്പെട്ട കരാറുകാരൻ 02-01-2024-ൽ ടെർമിനേഷൻ റിവോക്ക് ചെയ്ത്, ബാക്കി പ്രവൃത്തികൂടി പൂർത്തീകരിക്കാൻ അനുവദിക്കണമെന്ന് കെ.ആർ.എഫ്.ബി. -പി.എം.യു. തിരുവനന്തപുരം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക്

അപേക്ഷ നൽകിയിട്ടുണ്ട്. ആയതിൻമേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**കല്ല്യാശ്ശേരി മണ്ഡലത്തിലെ തീരദേശ ഹൈവേ**

111 (1323) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടപ്പിലാക്കുന്ന തീരദേശ ഹൈവേയുടെ എത്ര കിലോമീറ്റർ ദൂരമാണ് കല്ല്യാശ്ശേരി മണ്ഡലത്തിലൂടെ കടന്നുപോകുന്നത്; നാറ്റ്പാക് സർവ്വേ നടപടികൾ പൂർത്തിയാക്കി അലൈമെന്റ് നടപടികൾ പൂർത്തിയാക്കിയോ; വിശദമാക്കാമോ;

കണ്ണൂർ ജില്ലയിലെ തീരദേശ ഹൈവേയുടെ 12.7 കിലോമീറ്ററാണ് കല്ല്യാശ്ശേരി മണ്ഡലത്തിൽകൂടി കടന്നുപോകുന്നത്. അലൈൻമെന്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സർവ്വേ നടപടികൾ NATPAC പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ തയ്യാറാക്കിയ അലൈൻമെന്റിന്റെ സാധ്യത പരിശോധിച്ചു വരുന്നു.

(ബി) പ്രസ്തുത സ്ഥലത്ത് എത്ര പാലങ്ങളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്; എവിടെയൊക്കെയാണ്; പ്രസ്തുത പാലങ്ങൾക്കുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

തീരദേശ ഹൈവേയുടെ ഭാഗമായി കല്ല്യാശ്ശേരി മണ്ഡലത്തിൽ 2 പാലങ്ങൾ (അഴീക്കൽ, പാലക്കോട്) ആണ് നിർമ്മിക്കാൻ വിഭാവനം ചെയ്തിരിക്കുന്നത്. പരിശോധന ഘട്ടത്തിലുള്ള ഈ ഭാഗത്തിന്റെ അലൈൻമെന്റ് അന്തിമമാക്കി ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിക്കുന്നതാണ്.

**കായംകുളം മണ്ഡലത്തിലെ പത്തിയൂർ പാലത്തിന്റ നിർമ്മാണം**

112 (1324) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ ഭഗവതിപ്പടി-കരീലകുളങ്ങര-മല്ലിക്കാട്ട് കടവ് റോഡിന്റെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടും ഇതിനോടനുബന്ധമായി നിർമ്മിക്കേണ്ടിയിരുന്ന

പത്തിയൂർ പാലത്തിന്റ നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം എന്താണെന്നും നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി നടപ്പാക്കുന്നതിന് 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തിയാണ് ഭഗവതിപ്പടി-കരീലകുളങ്ങര-മല്ലിക്കാട്ടു കടവ് റോഡ്. പ്രസ്തുത പ്രവൃത്തിക്ക് 20.24 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിരുന്നു. തുടർന്ന് M/s K.V. Jacob and Sons എന്ന കരാറുകാരൻ 19.10 കോടി രൂപയ്ക്ക് പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തു. നിലവിൽ പ്രവൃത്തിയിൽ ഉൾപ്പെട്ട പത്തിയൂർ ബ്രിഡ്ജിന്റെയും അനുബന്ധ റോഡിന്റെയും നിർമ്മാണം ഒഴികെ മറ്റു പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കരാറുകാരൻ ശേഷിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അധികനിരക്ക് ആവശ്യപ്പെടുകയും, 29-10-2022-ൽ കിഫ്ബി നടത്തിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ കരാർ ഫോർ ക്ലോസ്

ചെയ്യുന്നതിന് തീരുമാനിക്കുകയുണ്ടായി. തുടർന്ന് കരാർ ഫോർ ക്ലോസ് ചെയ്യുകയും ശേഷിച്ച പ്രവൃത്തിയായി പത്തിയൂർ പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് 22-02-2023-ൽ 132-ാം ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുകയും കമ്മിറ്റി നിർദ്ദേശിച്ച തിരുത്തുകൾ ഉൾപ്പെടുത്തി 2,78,00,000/- രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയിട്ടുമുണ്ട്. ഫോർ ക്ലോസ് ചെയ്ത പ്രവൃത്തി ആയതിനാൽ ബാലൻസ് പ്രവൃത്തികൾക്കുള്ള തുക വകയിരുത്താൻ ആവശ്യമായ നടപടികൾ കിഫ്ബിയിൽ പുരോഗതിയിലാണ്. ആയത് പൂർത്തീകരിച്ചാൽ ഉടൻ പത്തിയൂർ പാലം പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

**മമ്മിയൂർ ഫ്ലൈ ഓവർ**

113 (1325) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ക്ഷേത്രത്തിലേക്കുള്ള ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുള്ള മമ്മിയൂർ ഫ്ലൈ ഓവർ പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

പരിശോധിക്കുന്നതാണ്.

(ബി) മമ്മിയൂർ ഫ്ലൈ ഓവർ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

മമ്മിയൂർ ഫ്ലൈഓവർ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് 12 ലക്ഷത്തിന്റെ ഭരണാനുമതി 28-01-2024-ൽ നൽകിയിട്ടുണ്ട്.

**ചാലക്കുടി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച കിഫ്ബി പ്രവൃത്തികൾ**

114(1326) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

(ബി) ഇവയിൽ പൂർത്തീകരിച്ചവ ഏതൊക്കെയെന്ന് അറിയിക്കുമോ;

(സി) പൂർത്തീകരിക്കാനുള്ളവയുടെ നിലവിലെ സ്ഥിതിയും എത്ര ശതമാനം നിർമ്മാണം പൂർത്തീകരിച്ചുവെന്നും വെളിപ്പെടുത്തുമോ?

(എ-സി) (1) കാഞ്ഞിരപ്പള്ളി-കുന്നപ്പള്ളി കടവ് പാലം

പ്രസ്തുത പ്രവൃത്തിക്ക് 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. PWD-PPU വിഭാഗം തയ്യാറാക്കിയ മേൽ പ്രവൃത്തിയുടെ DPR കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. എന്നാൽ DPR അപ്രൂവലിനായി ഭരണാനുമതിയുടെ റീവാലിഡേഷൻ വേണമെന്നും ആയവ കിഫ്ബിക്ക് സമർപ്പിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഭരണാനുമതിയുടെ റീവാലിഡേഷന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(2) പാറക്കുട്ടം പാലം

പാറക്കുട്ടം പാലം പ്രവൃത്തിക്ക് 25 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും 35.15 കോടി രൂപയ്ക്ക് കിഫ്ബി സാമ്പത്തികാനുമതിയും നൽകിയിരുന്നു. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു.

(3) <u>ചാലക്കുടി - ആനമല റോഡ്</u>

ചാലക്കുടി-ആനമല റോഡിന് 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും, 27.96 കോടി രൂപയ്ക്ക് കിഫ്ബി സാമ്പത്തികാനുമതിയും നൽകിയിരുന്നു. തുടർന്ന് 21.01 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുകയും 21.01 കോടി രൂപയ്ക്ക് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ Ch 56/000 മുതൽ Ch 78/175 വരെ 11 കിലോമീറ്റർ BC Laying പൂർത്തിയായി. Ch 78/175 മുതൽ Ch 88/403 വരെ 4 കിലോമീറ്റർ നീളത്തിൽ GSB പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്ക് 31-05-2024 വരെ സമയം ദീർഘിപ്പിച്ചിട്ടുണ്ട്. ഇതുവരെ ഏകദേശം 33 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്.

(4) <u>ചാലക്കുടി - മോതിരക്കണ്ണി റോഡ്</u>

ചാലക്കുടി-മോതിരക്കണ്ണി റോഡിന് 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും 30.56 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതിയും ലഭിച്ചതാണ്. തുടർന്ന്, സ്ഥലമേറ്റെടുക്കലിന്റെ പ്രാരംഭഘട്ടമായി 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. റോഡിന്റെ

അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് എഗ്രിമെന്റ് വെച്ചിട്ടുണ്ട്. അതിർത്തിക്കല്ലിടൽ പ്രവൃത്തികൾ ഉടനെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(5) മലയോരഹൈവേ നിർമ്മാണം വെള്ളിക്കുളങ്ങര മുതൽ വെറ്റിലപ്പാറ വരെ

മലയോരഹൈവേ പദ്ധതിയിലുൾപ്പെട്ട വെള്ളിക്കുളങ്ങര മുതൽ വെറ്റിലപ്പാറ വരെയുള്ള പ്രവൃത്തിക്ക് 80.57 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി ഗുണഭോക്താക്കൾ സ്വമേധയ വിട്ടുനൽകേണ്ട ഭൂമിയിലെ നിർമ്മിതികൾക്കുള്ള നഷ്ടപരിഹാര തുക നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ദേശീയപാതാ പദ്ധതികളുടെ വിശദാംശം**

115 (1327) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എച്ച്. സലാം:
ശ്രീ എം മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലത്തെ സർക്കാർ സമയബന്ധിതമായി സ്ഥലമേറ്റെടുത്ത് നൽകാതിരുന്നതിനാൽ ദേശീയപാതാ അതോറിറ്റി ഉപേക്ഷിച്ചതും 2016-2021 കാലത്തെ സർക്കാർ ഏറ്റെടുത്തതും നിലവിൽ പൂർത്തീകരിച്ചിട്ടുള്ളതുമായ ദേശീയപാതാ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം ജില്ലകളിലായി എത്ര കിലോമീറ്റർ റോഡ് നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അതിനായി ചെലവഴിച്ച തുകയുടെ വിശദാംശവും ലഭ്യമാക്കാമോ;

(സി) നിലവിൽ പ്രവൃത്തികൾ പുരോഗമിക്കുന്ന ദേശീയപാതാ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

(എ-സി) 2013-ൽ NHAI ഉപേക്ഷിച്ച ദേശീയപാത 66-ന്റെ വികസന പ്രവർത്തനങ്ങൾ 2016-ലെ ഇടതു മുന്നണി സർക്കാരിന്റെ കാലത്താണ് പുനരാരംഭിച്ചത്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ നിരന്തര ചർച്ചകൾക്കും സമ്മർദ്ദങ്ങൾക്കും ശേഷമാണ് ദേശീയപാത 66 പ്രവൃത്തി പുനരാരംഭിക്കാൻ NHAI തീരുമാനിച്ചത്. ദേശീയപാത 66-ന്റെ സ്ഥലം

ഏറ്റെടുക്കലിന് 25 ശതമാനം തുക സംസ്ഥാനം വഹിക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു. ഇതുവരെ 5580.73 കോടി രൂപ സംസ്ഥാനം നൽകിയിട്ടുണ്ട്. ദേശീയപാത 66-ന്റെ വികസനത്തിന്റെ നിലവിലെ സ്ഥിതിയും ദേശീയപാത അതോറിറ്റി നടപ്പാക്കുന്ന ദേശീയപാത 85 വികസനത്തിന്റെ സ്ഥിതിയും സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ കേന്ദ്ര ഉപരിതല ഗതാഗതവകുപ്പ് സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാതവിഭാഗം മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാമാണെന്നും അവയിൽ ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം നേടാൻ കഴിഞ്ഞിട്ടുണ്ടെന്നും വിശദമാക്കുമോ?

നിലവിലുള്ള ദേശീയപാത വികസനത്തിനായി ഡി.പി.ആർ. (7 എണ്ണം) തയ്യാറാക്കുന്ന പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചേർക്കുന്നു.+ സംസ്ഥാനപാതകളെ ദേശീയപാതയായി ഉയർത്തുന്നതിന്റെ ഭാഗമായി 12 റോഡുകൾക്ക് In Principle Sanction ലഭ്യമായിട്ടുണ്ട്. അവയുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

**തലപ്പാടിയിൽ പ്രവേശന കവാടം**

116(1328) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയപാത 66-ൽ തലപ്പാടി-ചെങ്കള റീച്ചിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തികരിക്കുമ്പോൾ കേരള-കർണാടക അതിർത്തിയായ തലപ്പാടിയിൽ പ്രവേശന കവാടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ദേശീയപാത 66 NHAI-യുടെ കീഴിലാണുള്ളത്. കൺസഷൻ കരാർ പ്രകാരം ദേശീയപാത 66-ന്റെ നിർമ്മാണ പ്രവൃത്തിയിൽ കേരള-കർണാടക അതിർത്തിയായ തലപ്പാടിയിൽ പ്രവേശന കവാടം നിർമ്മിക്കുന്നതിന് വ്യവസ്ഥയില്ലെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ദേശീയപാതാ വികസനം**

117 (1329)ശ്രീ. കെ. പി. എ. മജീദ്:
ഡോ. എം. കെ. മുനീർ:
ശ്രീ. യു. എ. ലത്തീഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും കിഫ്ബി വഴിയുള്ള കടമെടുപ്പിനെ സംസ്ഥാന കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തിയതും സംസ്ഥാനത്തെ ദേശീയപാതാ വികസനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

2013-ൽ രാജ്യത്തെ ദേശീയപാതാ വികസന പദ്ധതിയിൽ നിന്നും സംസ്ഥാനത്തെ ഡീ നോട്ടിഫൈ ചെയ്ത സാഹചര്യമായിരുന്നു ഉണ്ടായത്. 2016-ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാർ ദേശീയപാതാ വികസനം സാധ്യമാക്കുന്നതിന് കേന്ദ്രസർക്കാരിൽ നിരന്തര സമ്മർദ്ദം ചെലുത്തി. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ പ്രധാനമന്ത്രിയേയും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രിയേയും സന്ദർശിച്ച് ദേശീയപാത വികസനം സാധ്യമാക്കണമെന്ന് ആവശ്യപ്പെട്ടു. ഒടുവിൽ ഭൂമി

ഏറ്റെടുക്കലിന്റെ 25 ശതമാനം കേരളം വഹിക്കാമെന്ന് ഉറപ്പുനൽകിയതോടെ ആണ് ദേശീയപാത 66-ന്റെ വികസനത്തിന് കേന്ദ്ര സർക്കാർ അനുമതി നൽകിയത്.

ദേശീയപാത 66-ന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഇതുവരെ കിഫ്ബി മുഖേന 5580,73,80,071/- രൂപ സംസ്ഥാന വിഹിതമായി നൽകിയിട്ടുണ്ട്. എന്നാൽ ദേശീയപാതാ വികസനത്തിന് കേരളം കിഫ്ബി വഴി നൽകിയ പണം കേരളത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ ദേശീയപാതാ പ്രവൃത്തികൾക്ക് സംസ്ഥാന വിഹിതം നൽകാനാവില്ലെന്ന് കേരളം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. അത് അംഗീകരിച്ച കേന്ദ്ര സർക്കാർ നിർമ്മാണ സാമഗ്രികളുടെ GST, റോയൽറ്റി എന്നിവ ഒഴിവാക്കി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സംസ്ഥാന സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) വിവിധ ദേശീയപാതകളുടെ വികസനത്തിനായി ആവശ്യമുള്ള തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

NHAI നൽകിയ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ദേശീയപാതാ വികസനത്തിനാവശ്യമായ തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ദേശീയപാതാ വികസനം ദേശീയപാത അതോറിറ്റിയാണ് നിർവഹിക്കുന്നത്. എന്നാൽ കേരളത്തിലെ ദേശീയപാതയുടെ ഭൂമി ഏറ്റെടുക്കലിന്റെ ചെലവിന്റെ 25 ശതമാനം സംസ്ഥാനം വഹിക്കണമെന്ന നിർദ്ദേശം കേന്ദ്രസർക്കാർ മുന്നോട്ട് വച്ചിരുന്നു. ഇനിയുള്ള NH പദ്ധതികളിൽ ഈ വിഹിതം നൽകുന്നതിൽ നിന്നും കേരളത്തെ ഒഴിവാക്കണം എന്ന് മുഖ്യമന്ത്രി കേന്ദ്രത്തോട് ആവശ്യപ്പെട്ടു. GST/Royalty എന്നിവ സംസ്ഥാനം വഹിക്കണമെന്ന് കേന്ദ്രം ആവശ്യപ്പെട്ടു. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

**വൈപ്പിൻ മണ്ഡലത്തിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയുടെ നിർമ്മാണം**

118(1330) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയുടെ നിർമ്മാണത്തിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തികരിച്ചിട്ടുള്ളതെന്നും പൂർത്തികരിക്കേണ്ടതായിട്ടുള്ളതെന്നും വിശദമാക്കാമോ?

തീരദേശ ഹൈവേയുടെ 26.7 കിലോമീറ്റർ ദൂരമാണ് വൈപ്പിൻ മണ്ഡലത്തിലൂടെ കടന്നുപോകുന്നത്. നിലവിൽ ടി പദ്ധതിയുടെ അതിർത്തികല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും കിഫ്ബി സ്പെഷ്യൽ തഹസിൽദാറുമായി ജോയിന്റ് ഇൻസ്പെക്ഷൻ പൂർത്തീകരിച്ച് 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനായി കളക്ടറുടെ ഓഫീസിൽനിന്നും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കടൽത്തീരത്തുകൂടി കടന്നുപോകുന്ന തീരദേശ ഹൈവേയുടെ സംരക്ഷണത്തിനായി തീരദേശ ഹൈവയോടൊപ്പം കടൽ ഭിത്തിയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വൈപ്പിൻകര ഉൾപ്പെടുന്ന

റീച്ചിൽ എത്ര തുകയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കടൽഭിത്തി നിർമ്മിക്കാതെ റോഡ് വികസനം സാധ്യമല്ലാത്തിടത്ത് അവ ഉൾപ്പെടുത്തുന്നതാണ്.

(സി) വൈപ്പിൻകരയിലൂടെ തീരദേശ ഹൈവേ കടന്ന് പോകുമ്പോൾ എത്ര പേർക്കാണ് വീടും സ്ഥലവും നഷ്ടപ്പെടുന്നതെന്നും ഇവരുടെ പുനരധിവാസത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

തീരദേശ ഹൈവേ നിർമ്മാണംമൂലം വീടും സ്ഥലവും നഷ്ടപ്പെടുന്നവരുടെ വിശദ വിവരങ്ങൾ ശേഖരിക്കുന്നതിനും സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനുമായി കളക്ടറുടെ ഓഫീസിൽ നിന്നും ഏജൻസിയെ നിയമിച്ചിട്ടുണ്ട്. ഈ ഏജൻസിയുടെ പഠനം പൂർത്തിയാകുന്നമുറയ്ക്ക് ബാധിതരുടെ വിശദവിവരം ലഭ്യമാകുന്നതാണ്. പദ്ധതിക്കുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നത് 2013-ലെ RFCTLARR ആക്ട് അടിസ്ഥാനമാക്കിയാണ്. ഇതിന് പുറമെ തീരദേശ

മേഖലയുടെ സവിശേഷതകൾ കണക്കിലെടുത്ത് തീരദേശ ഹൈവേയുടെ സ്ഥലം ഏറ്റെടുക്കലിനുള്ള പ്രത്യേക പുനരധിവാസ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിൽ ഈ പാക്കേജിനെ കുറിച്ച് പദ്ധതി പ്രദേശത്തെ ജനങ്ങളെ ബോധവത്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തീരദേശ ഹൈവേ പദ്ധതിയുടെ റീഹാബിലിറ്റേഷൻ പ്രവർത്തികൾക്കുള്ള SPV ആയി നിയോഗിച്ചിട്ടുള്ള കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC) അതിർത്തി കല്ലുകൾ സ്ഥാപിച്ച റീച്ചുകളിൽ വീടുവീടാന്തരം സർവ്വേ നടത്തി, പദ്ധതിയെക്കുറിച്ച് ജനങ്ങൾക്ക് വിശദീകരിക്കുകയും പദ്ധതിയെ കുറിച്ചുള്ള ആശങ്കകൾ ദൂരീകരിക്കുകയും ചെയ്യുന്നുണ്ട്.

**ദേശീയപാത 66-ന്റെ വികസന ഘട്ടങ്ങൾ**

119(1331) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ വികസന നടപടികൾ ആരംഭിച്ചത് എന്നാണ്; നടപടികളുടെ ഘട്ടങ്ങൾ വിശദീകരിക്കാമോ;

(ബി) 2016 മുതൽ 2021 വരെ നടന്ന പ്രവൃത്തികളും 2021 മുതൽ നാളിതുവരെ നടന്നുവരുന്ന പ്രവൃത്തികളും വിശദീകരിക്കാമോ;

(സി) എത്ര കിലോമീറ്റർ റോഡുകൾ പ്രവൃത്തി പൂർത്തിയാക്കി എന്ന് വ്യക്തമാക്കാമോ?

(എ-സി) ദേശീയപാത 66-ന്റെ 19 സ്ട്രെച്ചുകളിലേയും വികസനപ്രവൃത്തികളുടെയും ദേശീയപാത 85-ന്റെയും പ്രവൃത്തി അവാർഡ് ചെയ്ത തീയതി, പൂർത്തിയാക്കാനുദ്ദേശിക്കുന്ന തീയതി, നിലവിലെ പുരോഗതി എന്നീ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ ദേശീയപാത വികസനത്തിൽ നാളിതുവരെ പൂർത്തിയായ പ്രവൃത്തികളും 2016 മുതൽ നാളിതുവരെ ഓരോ വർഷവും പൂർത്തിയാക്കിയ റോഡ് നീളം സംബന്ധിച്ച വിവരവും അനുബന്ധമായി ചേർക്കുന്നു.+

## ദേശീയപാത 66 വികസനം

120(1332) <u>ശ്രീ. വി. ജോയി:</u>
<u>ഡോ. കെ. ടി. ജലീൽ:</u>
<u>ശ്രീ. എം. നൗഷാദ്:</u>

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66 വികസനം സംസ്ഥാനത്തിന്റെ സ്വപ്നപദ്ധതികളിൽ ഒന്നായി എറ്റെടുത്ത്, ആറുവരി പാതയായി വികസിപ്പിച്ച് യാഥാർത്ഥ്യമാക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ദേശീയപാതാ വികസനത്തിന് ഭൂമി ഏറ്റെടുത്ത് നൽകാത്തതിനെ തുടർന്ന് 2013-ൽ NHAI ദേശീയപാതാ വികസന പദ്ധതിയിൽനിന്നും സംസ്ഥാനത്തെ ഡീ-നോട്ടിഫൈ ചെയ്ത സാഹചര്യമായിരുന്നു ഉണ്ടായത്. അതിനുശേഷം ദേശീയപാതാ വികസനം സാധ്യമാക്കിയത് 2016-ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാരാണ്. 2016-ൽ പുതിയ സർക്കാർ അധികാരത്തിൽ വന്നശേഷം ജൂൺ 15-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്ന് ദേശീയപാതാ വികസനം പുനരാരംഭിക്കാനുള്ള നടപടികൾ ചർച്ച ചെയ്തു. പിന്നീട് ബഹുമാനപ്പെട്ട പ്രധാനമന്ത്രി, കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി ശ്രീ. നിധിൻ ഗഡ്കരി

എന്നിവരെ സന്ദർശിച്ച് ദേശീയപാതാ വികസന പദ്ധതി പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ടു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നിരന്തരം സംസ്ഥാനം ഈ ആവശ്യം ഉയർത്തി കേന്ദ്രത്തെ സമീപിച്ചു. 2019 ജൂൺ 15-ന് മുഖ്യമന്ത്രിയും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രിയും നടത്തിയ കൂടിക്കാഴ്ചയിൽ ദേശീയപാതാ വികസനം സാധ്യമാക്കുന്നതിന് കേരളം ഭൂമി ഏറ്റെടുക്കലിന് 25 ശതമാനം തുക അനുവദിക്കണമെന്ന നിർദ്ദേശം കേന്ദ്രം മുന്നോട്ടു വച്ചു. കേരളത്തിൽ തിരിച്ചെത്തിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജൂൺ 19-ന് ഉന്നതയോഗം വിളിച്ച് ദേശീയപാതാ വികസനം സാധ്യമാക്കുന്നതിന് സ്ഥലം ഏറ്റെടുക്കലിന്റെ 25 ശതമാനം സംസ്ഥാനം വഹിക്കാനുള്ള തീരുമാനം എടുത്തു. ഇക്കാര്യം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തെ അറിയിക്കുകയും ചെയ്തു. പിന്നീട് കേന്ദ്ര ഉത്തരവ് വൈകുന്ന ഘട്ടത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ടു. ഇങ്ങനെ ദേശീയപാത 66 കടന്നു പോകുന്ന മഹാരാഷ്ട്ര-കർണ്ണാടക-തമിഴ്നാട് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്ഥമായി കേരളം ഫണ്ട് ചെലവഴിക്കേണ്ട സാഹചര്യമുണ്ടായി. ഇതേ

തുടർന്നാണ് ദേശീയപാതാ വികസനം സാധ്യമായത്. ഭൂമി ഏറ്റെടുക്കലിനുള്ള നടപടികളും സംസ്ഥാന സർക്കാർ മുൻകൈയെടുത്ത് സമയബന്ധിതമായി പൂർത്തിയാക്കി.

ദേശീയപാത 66-ന്റെ ഭൂമി ഏറ്റെടുക്കുന്നതിന് സംസ്ഥാന വിഹിതമായി ഇതുവരെ 5580,73,80,071/- രൂപ ദേശീയപാത അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

ദേശീയപാത വികസനത്തിന്റെ ഏകോപനം ഉറപ്പുവരുത്തുന്നതിനും പുരോഗതി അവലോകനം ചെയ്യുന്നതിനും പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ 'മിഷൻ 2025' യോഗം നടത്തുന്നുണ്ട്. മാത്രമല്ല പൊതുമരാമത്ത് വകുപ്പുമന്ത്രി ദേശീയപാത പ്രവൃത്തി നടക്കുന്ന ഇടങ്ങളിൽ നേരിട്ടെത്തി പ്രവൃത്തി വിലയിരുത്തുകയും ജില്ലകളിൽ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി/ചീഫ് സെക്രട്ടറി എന്നിവരുടെ അധ്യക്ഷതയിൽ കൃത്യമായ യോഗങ്ങൾ നടത്തുന്നുണ്ട്.

(ബി) നിലവിൽ എത്ര റീച്ചുകളിൽ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ?

സംസ്ഥാനത്തെ ദേശീയപാതകളിൽ 9 റീച്ചുകളിൽ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) മറ്റ് റീച്ചുകളിലെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സംസ്ഥാനത്തെ ദേശീയപാതകളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) ദേശീയപാത 66 വികസനത്തിനുള്ള ഭൂമി സമയബന്ധിതമായി ഏറ്റെടുക്കുന്നതിനായി സംസ്ഥാന സർക്കാർ ഇതുവരെ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; ഇതു മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ദേശീയപാത 66-ന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഇതുവരെ കിഫ്ബി മുഖേന 5580,73,80,071/- രൂപ സംസ്ഥാന വിഹിതമായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദേശീയപാത അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. ഈ തുക മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തി പരിശോധിച്ചിട്ടില്ല.

**ദേശീയപാത വികസനം**

121(1333) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം കഴിഞ്ഞവർഷം കേന്ദ്രമന്ത്രി ശ്രീ. നിതിൻ ഗഡ്കരിയുമായി നടത്തിയ ചർച്ചയിൽ എന്തൊക്കെ തീരുമാനങ്ങളാണ് ഉണ്ടായിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ദേശീയപാത പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കുന്നതിൽ സംസ്ഥാന വിഹിതം ഒഴിവാക്കി നൽകാമെന്ന് പ്രസ്തുത ചർച്ചയിൽ തീരുമാനം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളുടെ കാര്യത്തിലാണ് ഇപ്രകാരം തീരുമാനിച്ചതെന്നും സംസ്ഥാന വിഹിതം ഒഴിവാക്കുന്നതിന്

പകരമായി സംസ്ഥാനം നൽകേണ്ട സേവനങ്ങളും ഇളവുകളും എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ദേശീയപാത അതോറിറ്റിയുമായി കരാർ ഒപ്പിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് കരാർ ഒപ്പിട്ടത്; കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ; കരാർ ഒപ്പിട്ടിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) മേൽപ്പറഞ്ഞ കാര്യങ്ങളിൽ തുടർനടപടികൾ ഉണ്ടാകാത്തതിനാൽ ദേശീയപാത വികസനം മരവിച്ചിരിക്കുന്ന സാഹചര്യത്തിൽ അടിയന്തര തുടർ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ-ഡി) വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ്, എറണാകുളം ബൈപാസ്, കൊല്ലം-ചെങ്കോട്ട ഗ്രീൻഫീൽഡ് പദ്ധതികൾ, മൈസൂർ-മലപ്പുറം സാമ്പത്തിക ഇടനാഴി എന്നീ പദ്ധതികൾ സംബന്ധിച്ച ചർച്ചയാണ് ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം 04-08-2023-ന് ബഹുമാനപ്പെട്ട

കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയുമായി നടത്തിയത്. യോഗത്തിന്റെ വിശദവിവരങ്ങൾ അടങ്ങിയ മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

ചർച്ചയിൽ തീരുമാനിച്ചത് പ്രകാരം കൊല്ലം-ചെങ്കോട്ട ദേശീയപാത 744, എറണാകുളം ബൈപാസ് എന്നിവയുടെ നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കലിന്റെ 25 ശതമാനം തുക നൽകുന്നതിൽ നിന്ന് സംസ്ഥാനത്തെ ഒഴിവാക്കുന്നതിന് പകരമായി നിർമ്മാണ വസ്തുക്കളുടെ ചരക്കുസേവന നികുതി, റോയൽറ്റി എന്നിവ ഒഴിവാക്കുന്ന വിഷയം സംസ്ഥാന സർക്കാർ പരിശോധിക്കണമെന്ന് ദേശീയപാത അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ ചർച്ചകൾ നടന്നുവരുന്നു.

**ദേശീയപാതകളുടെ നിർമ്മാണ പ്രവൃത്തികൾ**

122(1334) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ നിർമ്മാണത്തിന് നിർമ്മാണ സാമഗ്രികളുടെ അഭാവം പ്രതിസന്ധി സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതൊക്കെ ദേശീയപാതകളുടെ നിർമ്മാണ പ്രവൃത്തികളാണ് ഈ കാരണത്താൽ പ്രതിസന്ധിയിൽ ആയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾക്കായി ദേശീയപാത അതോറിറ്റി സംസ്ഥാന സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ദേശീയപാത അതോറിറ്റി സർക്കാരിനെ സമീപിച്ചതെന്നും എന്തൊക്കെ ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആവശ്യങ്ങളിൻമേൽ സംസ്ഥാന സർക്കാർ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(എ-സി) ദേശീയപാതാ വികസന പ്രവർത്തനത്തിന് നിർമ്മാണ സാമഗ്രികൾ ലഭ്യമാകുന്നതിനുവേണ്ടി ദേശീയപാത അതോറിറ്റി ചില ആവശ്യങ്ങൾ മുന്നോട്ടു വച്ചിരുന്നു. സർക്കാർ ഭൂമിയിൽ ക്വാറി സ്ഥാപിച്ച്

ഖനനം നടത്തുന്നതിന് ദേശീയപാത അതോറിറ്റി കോൺട്രാക്ടർക്ക് മുൻഗണന നൽകുന്നത്, ദേശീയപാത വികസനത്തിനായി ഉപയോഗിക്കുന്ന ഡ്രഡ്ജ് ചെയ്ത മണലിന് റോയൽറ്റി/സെൻജിയറേജ് ചാർജ്ജ് എന്നിവ ഒഴിവാക്കുന്നത്, നിർമ്മാണ പ്രവർത്തനങ്ങൾക്ക് മണ്ണ് എടുക്കുന്നതിന് (ബോറോ ഏരിയ പെർമിഷൻ) മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതി ലഭ്യമാകുന്നത് തുടങ്ങിയ വിഷയങ്ങളിൽ നടപടി സ്വീകരിക്കണമെന്ന് ദേശീയപാത അതോറിറ്റി അഭ്യർത്ഥിച്ചിരുന്നു. ഈ വിഷയങ്ങൾ സംബന്ധിച്ച് വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ചീഫ് സെക്രട്ടറിയും യോഗങ്ങൾ നടത്തുകയും ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

**കുറ്റ്യാടി റസ്റ്റ് ഹൗസ് നവീകരണം**

123(1335) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി റസ്റ്റ് ഹൗസ് നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

കുറ്റ്യാടി റസ്റ്റ് ഹൗസിന് 2 മുറികളോടുകൂടിയ പഴക്കം ചെന്ന ഒരു കെട്ടിടമാണ് നിലവിലുള്ളത്. ആവശ്യമായ നവീകരണ പ്രവൃത്തികൾ നടത്തി പ്രസ്തുത കെട്ടിടം സംരക്ഷിച്ചുവരുന്നുണ്ട്. കുറ്റ്യാടി റസ്റ്റ് ഹൗസിന് കൂടുതൽ സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നിലവിലുള്ള കെട്ടിടത്തോട് ചേർന്ന് കിടക്കുന്ന 4.89 സെന്റ് റവന്യൂ ഭൂമി ലഭ്യമാകേണ്ടതുണ്ട്. പ്രസ്തുത ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കെ.ആർ.എഫ്.ബി.-യുടെ ഔദ്യോഗിക വാഹനങ്ങൾ**

124(1336) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് ഫണ്ട് ബോർഡിന് (കെ.ആർ.എഫ്.ബി.) എത്ര ഔദ്യോഗിക വാഹനങ്ങളുണ്ട്; ഓരോന്നിന്റെയും രജിസ്ട്രേഷൻ നമ്പറും

വാഹനത്തിന്റെ മോഡലും വ്യക്തമാക്കുമോ; പ്രസ്തുത വാഹനങ്ങൾ ഓരോന്നും നിലവിൽ ആരാണ് ഉപയോഗിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) വകുപ്പുമന്ത്രിയുടെ ഓഫീസ് ആവശ്യങ്ങൾക്കായി കെ.ആർ.എഫ്.ബി.-യിൽനിന്നും വാഹനം വിട്ടുനൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു വാഹനമാണ് നൽകിയിട്ടുള്ളത്; എന്നുമുതലാണ് ഇപ്രകാരം വാഹനം വിട്ടുനൽകിയിട്ടുള്ളത്; വാഹനം വിട്ടുനൽകിയതുമായി ബന്ധപ്പെട്ട രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കെ.ആർ.എഫ്.ബി.-യുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ കഴിഞ്ഞ ആറ് മാസത്തെ യാത്രാ വിശദാംശം ഉൾപ്പെടുന്ന ലോഗ് ബുക്കുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**തെക്കിൽ -ആലട്ടി റോഡിലെ ബേഡകം വളവ് ഭൂമി ഏറ്റെടുക്കുന്നത്**

125(1337) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തെക്കിൽ-ആലറ്റി കിഫ്ബി റോഡിലെ ബേഡകം വളവിനുവേണ്ടി ഭൂമി ഏറ്റെടുക്കലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) കിഫ്ബി സാമ്പത്തികാനുമതി നൽകിയ സബ്-പ്രൊജക്ടിൽ പ്രസ്തുത ഭൂമി ഏറ്റെടുക്കലിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(സി) അനുവദിച്ച തുക കിഫ്ബിയിൽനിന്നും ലഭിച്ചിട്ടും ഭൂമി ഏറ്റെടുക്കാനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ?

(എ-സി) കാസർഗോഡ് ജില്ലയിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട തെക്കിൽ-ആലറ്റി റോഡ് പ്രവൃത്തിക്കായി 17-01-2018-ൽ 71.86 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുള്ളതാണ്. ആയതിൽ 22,50,000/- രൂപ ഭൂമിയേറ്റെടുക്കലിനായി അനുവദിച്ചിട്ടുമുണ്ട്. ഇതിൽ 2,40,789/- രൂപ കണ്ടിൻജൻസി ഇനത്തിൽ 17-10-2019-ൽ കിഫ്ബിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. കൂടാതെ 19-04-2023-ൽ പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമായതിൽ ഭൂമി ഏറ്റെടുക്കലിനായി 44,40,789/- രൂപ അനുവദിച്ചിട്ടുണ്ട്.

എന്നാൽ ആദ്യം ഭൂമി ഏറ്റെടുക്കലിന് ലഭ്യമായ തുകയിൽ ശേഷിക്കുന്ന 20,09,211/- രൂപ അനുവദിക്കുന്നതിനായി കിഫ്ബിയിൽ 26-07-2023-ൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതിയും, നിലവിലെ തുക ആവശ്യപ്പെടുവാനുണ്ടായ കാലതാമസത്തിന്റെ കാരണവും വ്യക്തമാക്കുന്നതിനായി 07-08-2023-ൽ ആയത് മടക്കി നൽകുകയും ചെയ്തു. 42 ലക്ഷം രൂപ കോമ്പൻസേഷൻ ഇനത്തിലും ഒരു ലക്ഷം രൂപ അധിക കണ്ടിൻജൻസി ഇനത്തിലും ആവശ്യമാണെന്ന് കാസർഗോഡ് എൽ.എ. സ്പെഷ്യൽ തഹസീൽദാർ അറിയിച്ചതായി 27-01-2024-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ആർ.എഫ്.ബി. കാസർഗോഡ് ഡിവിഷനിൽനിന്നും അറിയിച്ചിട്ടുണ്ട്. ആയത് കിഫ്ബിയിൽ സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ട് എത്ര വർഷമായെന്നും ഇത് എന്ന് പൂർത്തിയാക്കി ഭൂമി ഏറ്റെടുക്കാനാകുമെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 21-12-2018-ൽ റിക്വസിഷൻ സമർപ്പിച്ചിരുന്നു. സ്പെഷ്യൽ തഹസിൽദാർ ആവശ്യപ്പെട്ട 43 ലക്ഷം രൂപയ്ക്ക് കിഫ്ബി അനുമതി നൽകി. തുക അനുവദിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

126(1338) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കാമോ?

(എ & ബി) **റോഡ്സ്**

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ നിലവിൽ നടന്നുവരുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പാലങ്ങൾ**

കാഞ്ഞങ്ങാട് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**KRFB (PMU)**

കാഞ്ഞങ്ങാട് മണ്ഡലത്തിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി KRFB (PMU) മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**നിരത്ത് പരിപാലനം**

കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിരത്ത് പരിപാലന വിഭാഗത്തിനു കീഴിൽ നടന്നു വരുന്ന പ്രവൃത്തികൾ.

I. General RM-2023-24-Cluster-1 One year Running Contract for various PWD Roads under Roads Section, Kanhangad in Kasaragod District: 3 Road stretches, for a length of 4.430 KM.

<u>പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെട്ട റോഡുകൾ</u>

1. TB Shavaparambha-Kottrachal Road km. 5/600 to 8/000

2. Approach Road T. B. Hosdurg Road km: 0/000 to 0/630

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. Erumakulam Thanniyadi Road km. 1/200 to 2/600

ഇതിൽ ആദ്യത്തെ രണ്ട് പ്രവൃത്തികൾ കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഉൾപ്പെട്ടതും മൂന്നാമത്തെ പ്രവൃത്തി ഉദുമ മണ്ഡലത്തിൽ ഉൾപ്പെട്ടതുമാണ്. മൂന്ന് പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് തുക 59,65,400/- രൂപയാണ്. പ്രവൃത്തിയുടെ എഗ്രിമെന്റ് തീയതി 09-08-2023 ആണ്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ഒരു വർഷമാണ്. ആയത് 18-08-2024 ആണ്. ഈ മൂന്ന് പ്രവൃത്തികളും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

II. General RM-2023-24-Cluster-1 One year Running Contract for various PWD Roads under Roads Section, Nileshwaram in Kasaragod District: 3 Road stretches, for a length of 29.14 KM.

<u>പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെട്ട റോഡുകൾ</u>

1. Cheruvathur – Thuruthi road km 0/000 to 1/500

2. Olavara-Udumbuthala road km 2/500 to 6/500

3. Cheruvathur-Cheemeni-Thaliyammada road km. 9/000 to 11/500

4. Nhandadimukku-Pothavoor-Poorakadavu-Thaliyammada road km 0/000 to 4/500

5. Pothamkandam-Anapettipoyil-Padiyyottuchal road km 1/600 to 2/500 & 4/600 to 7/300

6. Mavilakkadappuram-Valiyaparamba Bridge road km. 0/200 to 4/000 & 6/760 to 10/000

7. Parakkole-Kinavoor-Kaniyala-Palayi-Chathamath-Kariamkode road km. 3/000 to 7/000

8. Bengalam-Thekkan Bengalam km. 0/000 to 2/000

ഇതിൽ ആദ്യത്തെ ആറ് റോഡുകൾ തൃക്കരിപ്പൂർ മണ്ഡലത്തിൽ ഉൾപ്പെട്ടതാണ്. ഏഴാമത്തെ റോഡ് തൃകരിപ്പൂർ-കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഉൾപ്പെട്ടതാണ്. എട്ടാമത്തെ റോഡ് കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഉൾപ്പെട്ടതാണ്. എട്ട് പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് തുക 62,48,415/- രൂപയാണ്. പ്രവൃത്തിയുടെ എഗ്രിമെന്റ് തീയതി 09-08-2024 വരെയാണ്.

പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ഒരു വർഷമാണ്. ഈ എട്ട് പ്രവൃത്തികളും പുരോഗമിച്ചുവരികയാണ്.

പ്രസ്തുത പ്രവൃത്തികൾ എല്ലാം തന്നെ പുരോഗമിച്ചുവരികയാണ്.

**എൻ.എച്ച്.**

പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിൻകീഴിൽ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ സി.ആർ.ഐ.എഫ്. ഫണ്ട് ഉപയോഗിച്ച് ഓടയഞ്ചാൽ-ഇടത്തോട്-വേളരിക്കുണ്ട്-ചെറുപുഴ റോഡ് അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തി നടന്നുവരുന്നു. തുക 10 കോടി രൂപ.

പ്രസ്തുത പ്രവൃത്തി 7.73 ശതമാനം പൂർത്തീകരിച്ചു.

**കെട്ടിട വിഭാഗം**

അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ആർ.ബി.ഡി.സി.കെ.**

കാഞ്ഞങ്ങാട് മണ്ഡലത്തിൽ കാഞ്ഞങ്ങാട് റെയിൽവേ മേൽപ്പാലം, കുശാൽ നഗർ റെയിൽവേ മേൽപ്പാലം, കാഞ്ഞങ്ങാട് ഫ്ലൈഓവർ എന്നീ പദ്ധതികളാണ് ആർ.ബി.ഡി.സി.കെ.-യുടെ കീഴിൽ വരുന്നത്. ഇതിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗവൺമെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തി പൂർത്തീകരിച്ച് 07-03-2022-ന് ഗതാഗതത്തിനായി തുറന്നുകൊടുത്തിട്ടുണ്ട്.

**കുശാൽ നഗർ റെയിൽവേ മേൽപ്പാലം**

19-04-2018-ലെ G.O. (Rt) No.718/2018/PWD പ്രകാരം ആർ.ബി.ഡി.സി.കെ.-യെ കുശാൽ നഗർ റെയിൽവെ മേൽപ്പാലത്തിന്റെ നിർമ്മാണ പദ്ധതിയുടെ SPV ആയി നിയമിച്ചു. വിശദമായ പഠനത്തിനുശേഷം സമർപ്പിച്ച DPR 11-02-2020-ന് കിഫ്ബി അംഗീകരിച്ചു. തുടർന്ന് ജി.എ.ഡി. റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചു. എന്നാൽ സിൽവർലൈൻ അലൈൻമെന്റ് അന്തിമമാകാത്തതിനാൽ ജി.എ.ഡി.-യുടെ അംഗീകാരം നീണ്ടുപോവുകയായിരുന്നു. തുടർന്ന് 14-03-2023-ലെ റെയിൽവേയുടെ നിർദ്ദേശ പ്രകാരം പുതുക്കിയ ജി.എ.ഡി. റെയിൽവേയിൽ സമർപ്പിക്കുകയും ആയതിന് 19-12-2023-ന് റെയിൽവേ അംഗീകാരം നൽകുകയും ചെയ്തു. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂമി ഏറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കാഞ്ഞങ്ങാട് ഫ്ളൈഓവർ**

കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രവൃത്തിയായ കാഞ്ഞങ്ങാട് ഫ്ലൈഓവർ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10-07-2017-ലെ G.O. (Rt) No.942/2017/PWD പ്രകാരം ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. പദ്ധതിക്കായി വിശദമായ പഠനത്തിനുശേഷം തയ്യാറാക്കിയ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി 27-08-2021-ന് സമർപ്പിച്ചു. തുടർന്ന് 11-02-2022-ന് കിഫ്ബി Technical Appraisal Report (TAR) ലഭിക്കുകയും, ആയതിന് 11-04-2022-ന് മറുപടി സമർപ്പിക്കുകയും ചെയ്തു. തുടർന്ന് 27-05-2022-ന് കിഫ്ബി TAR-2 സമർപ്പിക്കുകയും പുതുതായി ട്രാഫിക് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ആയതു പ്രകാരം ട്രാഫിക് പഠനം നടത്തി 30-09-2022-ൽ TAR ന് മറുപടി സമർപ്പിക്കുകയും ചെയ്തു. 21-09-2023-ൽ കിഫ്ബി എം.എൽ.എ.-യുമായി നടത്തിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ പുതിയ പഠനം അനുസരിച്ച് പ്രസ്തുത

ജംഗ്ഷനിൽ ട്രാഫിക് കുറവായതിനാൽ തൽക്കാലത്തേക്ക് പദ്ധതി മാറ്റിവെയ്ക്കുകയാണെന്ന് കിഫ്ബി അറിയിച്ചിരിക്കുകയാണ്.

**KSTP**

കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഉൾപ്പെട്ട കാസറഗോഡ്-കാഞ്ഞങ്ങാട് റോഡ് OPBRC PACKAGE - V പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. OPBRC PACKAGE IV, V എന്നീ പദ്ധതികൾക്ക് 17-09-2022-ലെ G.O. (Rt) No.938/2022/PWD പ്രകാരം പുതുക്കിയ ഭരണാനുമതി ലഭിച്ചിരുന്നു. 21-03-2023-ന് പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാന പ്രകാരം, പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംഗ്, റോഡ് മെയിന്റനൻസ് വിംഗ് കൂടി ചേർന്ന് പദ്ധതി റോഡുകളിൽ സംയുക്ത പരിശോധന നടത്തി ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡി.പി.ആർ.-കൾ മോഡിഫൈ ചെയ്തു. OPBRC പാക്കേജ് -5-ന്റെ പുതുക്കിയ ഡി.പി.ആർ. അനുസരിച്ചുള്ള എസ്റ്റിമേറ്റ് തുക ഭരണാനുമതി തുകയേക്കാൾ അധികരിച്ചു വന്നു. പുതുക്കിയ DPR അനുസരിച്ച് കാസർകോഡ് ജില്ലയിലെ Cherkala-Jalsoor road-ന്റെ (Ch:10/000 to 16/000, 22/000 to 39/138) 23.198 Km, Kuttiyadi Kellur Road

ന്റെ (Ch 0/000 to 5/000) 5 കി.മീ എന്നീ സ്ട്രെച്ചുകൾ ചേർന്നുള്ള 28.138 കി.മീ. ആണ് OPBRC പാക്കേജ് 4-ൽ ഉൾപ്പെട്ടിട്ടുള്ളത്. OPBRC പാക്കേജ്-4 മുൻപ് രണ്ട് പ്രാവശ്യം ടെണ്ടർ ചെയ്തപ്പോൾ ആരും Quote ചെയ്തിരുന്നില്ല. നിലവിൽ പുതുക്കിയ DPR അനുസരിച്ച് കാസർകോഡ്, കോഴിക്കോട് ജില്ലകളിലായി 28.138 കി.മീ റോഡ് മാത്രം ഉൾപ്പെട്ടിട്ടുള്ളതുകൊണ്ട് ആരും Quote ചെയ്യാൻ സാധ്യതയില്ലാത്തതിനാൽ OPBRC പാക്കേജ്-4, പാക്കേജ്-5 എന്നിവ ഒറ്റ പാക്കേജായി ടെണ്ടർ ചെയ്യാനുള്ള അനുമതിയ്ക്കുള്ള ശിപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**റസ്റ്റ് ഹൗസ് നിർമ്മാണം**

127(1339) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള കോങ്ങാട് നിയോജക മണ്ഡലം റസ്റ്റ് ഹൗസ് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റസ്റ്റ് ഹൗസ് നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് ജലസേചന വകുപ്പുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ & ബി) ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള കോങ്ങാട് നിയോജക മണ്ഡലം റസ്റ്റ് ഹൗസ് നിർമ്മാണം എന്ന പ്രവൃത്തിക്ക് സ്ഥലം ലഭ്യമായിട്ടില്ലാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. സ്ഥലം അനുവദിക്കുന്നതിന് വേണ്ടി കെ.പി.ഐ.പി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പാലക്കാട് കെട്ടിട വിഭാഗം കാര്യാലയത്തിൽനിന്നും കത്ത് നൽകിയിട്ടുണ്ട്. പദ്ധതിക്കായി ലഭ്യമായ ഭരണാനുമതിയുടെ കാലാവധി പുതുക്കി ലഭിക്കുന്നതിനും പദ്ധതിയുടെ പേര് പുനർനാമകരണം ചെയ്യുന്നതിനും ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗം നിൽകിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ ഡ്രെയിനേജ് നിർമ്മാണം**

128(1340) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി ഒട്ടുമ്മൽ ഡ്രയിനേജ്, പൂരപ്പുഴ ചിറമംഗലം ഡ്രെയിനേജ് ചെട്ടിപ്പടി കുപ്പിവളവ് ഡ്രെയിനേജ്, വെന്നിയൂർ തെയ്യാല റോഡിൽ കൊടക്കല്ല് ഡ്രെയിനേജ്, രുക്കളം തെയ്യാല റോഡിൽ സെൻട്രൽ ബസാർ ഡ്രെയിനേജ് എന്നീ ഡ്രെയിനേജുകളുടെ നിർമ്മാണ അനുമതി സംബന്ധിച്ച വിശദവിവരങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഓരോന്നിന്റെയും ഫയൽ നമ്പറുകളും, ഇവയുടെ എസ്റ്റിമേറ്റ് തുകകൾ എത്രയെല്ലാമാണെന്നും ഇവ ഇപ്പോൾ ഏത് ഓഫീസിലാണെന്നും അറിയിക്കാമോ;

(സി) ഈ പ്രവൃത്തികളിൽ സർക്കാരിന്റെ മുൻഗണന ലിസ്റ്റിൽ ഉൾപ്പെട്ടവ ഏതെല്ലാമാണെന്നും ഇവയ്ക്ക് എന്നേക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കും എന്നും വിശദമാക്കാമോ?

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ പ്രസ്തുത പ്രവൃത്തികളിൽ ക്രമ നം. 1,3,6 എന്നിവയുടെ ഫയലുകൾ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിലും ക്രമനം. 2,4,5 എന്നീ പ്രവൃത്തികളുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫയലുകൾ സെക്ഷൻ ഓഫീസിലുമാണ് നിലവിലുള്ളത്. മുൻഗണനാലിസ്റ്റ് നിലവിലില്ല, ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**പെരുമ്പിള്ളിശേരി, പൂച്ചിന്നിപാടം സെന്ററിൽ ബസ് കാത്തിരിപ്പ് കേന്ദ്രം നിർമ്മിക്കുന്നതിന് നടപടി**

129(1341) ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ പാതയിലെ പെരുമ്പിള്ളിശേരി, പൂച്ചിന്നിപാടം സെന്ററിൽ ഒരു ബസ് കാത്തിരിപ്പ് കേന്ദ്രം നിർമ്മിക്കുന്നതിനായി എം.എൽ.എ. ആസ്തിവികസന പദ്ധതിയിൽനിന്നും ഫണ്ട് അനുവദിച്ചിരുന്നെങ്കിലും പദ്ധതി നടപ്പിലാക്കാൻ കെ.എസ്.ടി.പി. സമ്മതപത്രം നൽകാത്തതിന്റെ കാരണം അറിയിക്കാമോ?

ആവശ്യത്തിന് Right of Way ലഭ്യമാകുന്ന രീതിയിൽ ഗതാഗതം തടസ്സം കൂടാതെ ബസ് ഷെൽട്ടറുകളുടെ നിർമ്മാണം പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ.-ൽ ഉൾപ്പെടുത്തിയതിനാലാണ് ബഹുമാനപ്പെട്ട എം.എൽ.എ.-

യുടെ ആസ്തി വികസന പദ്ധതിയിലെ ഫണ്ട് ഉപയോഗിച്ചുള്ള ബസ് ഷെൽട്ടറുകളുടെ നിർമ്മാണത്തിന് സമ്മതപത്രം നൽകാതിരുന്നത്.

(ബി) പ്രസ്തുത വിഷയത്തിന്മേൽ സ്ഥലം എം.എൽ.എ. ഉന്നയിച്ച പരാതി പൊതുമരാമത്ത് വകുപ്പിന്റെയും വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെട്ടിരുന്നോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത വിഷയത്തിൻമേൽ സ്ഥലം എം.എൽ.എ. ഉന്നയിച്ച പരാതിക്ക് കെ.എസ്.ടി.പി. ചീഫ് എഞ്ചിനീയർ 12-12-2023-ലെ കത്ത് മുഖാന്തരം എം.എൽ.എ.-യ്ക്ക് നേരിട്ട് മറുപടി നൽകിയിട്ടുണ്ട്.

**മാവേലിക്കര വിശ്രമകേന്ദ്രത്തിന്റെ നവീകരണം**

130(1342) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ മാവേലിക്കര വിശ്രമകേന്ദ്രത്തിൽ ആവശ്യമനുസരിച്ചുള്ള റൂമുകൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മാവേലിക്കര വിശ്രമകേന്ദ്രത്തിൽ 1 വി.ഐ.പി. റൂം (എ.സി.), 1 പി.ഡബ്ല്യൂ.ഡി. റൂം (എ.സി.), 2 ജനറൽ എ.സി. റൂമുകൾ, 2 ജനറൽ നോൺ എ.സി. റൂമുകൾ എന്നിവയാണുള്ളത്.

(ബി) പൊതുജനങ്ങളുടെ ആവശ്യാർത്ഥം പുതിയ കെട്ടിടം/ഫ്ലാറ്റ് നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ; ആയതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സാദ്ധ്യത സാമ്പത്തിക ലഭ്യത കൂടി പരിഗണിച്ച് പരിശോധിക്കുന്നതാണ്. നിലവിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടില്ല.

**കേന്ദ്ര സർക്കാരിൽ നിന്നും വിവിധ പദ്ധതികൾക്ക് ലഭിച്ച തുക**

131(1343) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കേന്ദ്ര സർക്കാരിൽനിന്നും വിവിധ പദ്ധതികൾക്ക് കഴിഞ്ഞ അഞ്ചു വർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) വകുപ്പിന് ലഭിക്കേണ്ട കേന്ദ്ര സഹായത്തിൽ കുറവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

(എ & ബി) **ആർ.ബി.ഡി.സി.കെ.**

ആർ.ബി.ഡി.സി.കെ.-യും റെയിൽവേയും സംയുക്തമായി നിർമ്മിച്ച റെയിൽവേ മേൽപ്പാലങ്ങളുടെ റെയിൽവേ ഷെയർ ഇനത്തിൽ 1121 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2018 –19 : NIL

2019 –20 : NIL

2020 - 21 : NIL

2021 –22 : NIL

2022 –23 : 1121 ലക്ഷം

**നിരത്തുകൾ**

പൊതുമരാമത്ത് നിരത്തുകൾ, പാലങ്ങൾ, നിരത്ത് പരിപാലനം എന്നീ വിഭാഗങ്ങളിൽ നിരത്ത് വിഭാഗത്തിൽ 2022-23 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ പദ്ധതിയായ Special Assistance to States for Capital Investment എന്ന പദ്ധതിയിൽ ഏതാനും പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ ബില്ലുകൾ Letter of Credit മുഖേന 2023 March 31 വരെ ബില്ലുകൾ Letter of Credit ആയി 11.41 കോടി രൂപ ലഭിക്കുകയും ചെലവാക്കുകയും ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം 30-01-2024 വരെ Letter of Credit ആയി 96.69 കോടി രൂപ ലഭിക്കുകയും ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

**എൻ.എച്ച്.**

അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ OR (C), FDR (C) എന്നിവയുടെ ലഭ്യതയിൽ കുറവുണ്ടായിട്ടുണ്ട്.

(സി) നിലവിൽ കേന്ദ്ര പദ്ധതികൾക്ക് കുടിശ്ശിക ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

**ആർ.ബി.ഡി.സി.കെ.**

ആർ.ബി.ഡി.സി.കെ. പൂർണ്ണമായും നിർമ്മിച്ച 18 റെയിൽവേ മേൽപ്പാലങ്ങളുടെ അക്കൗണ്ടന്റ് ജനറൽ സാക്ഷ്യപ്പെടുത്തിയ ചെലവ് കണക്കുകളും completion report ഉം റെയിൽവേയിൽ സമർപ്പിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 7,15,95,913.00 രൂപ കിട്ടാനുണ്ട്.

**എൻ.എച്ച്.**

നിലവിൽ കേന്ദ്ര പദ്ധതികൾക്ക് കടിശ്ശിക ഉണ്ട്. FDR (C), OR (C) ഇനങ്ങളിലായി യഥാക്രമം 4,79,05,687/- രൂപയുടേയും 3,76,06,207/- രൂപയുടെയും ബില്ലുകൾ കുടിശ്ശികയുണ്ട്. കൂടാതെ സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച

പ്രവൃത്തികൾക്കായി 2023 സെപ്റ്റംബർ മാസത്തെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 542.46 രൂപ കുടിശ്ശികയുണ്ട്.

**കിഫ്ബി മുഖേന നടപ്പിലാക്കുന്ന വിനോദസഞ്ചാര പദ്ധതികൾ**

132(1344) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിനോദസഞ്ചാര വകുപ്പ് കിഫ്ബി മുഖേന നടപ്പിലാക്കുന്ന ഏതെങ്കിലും പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി കിഫ്ബി പാതിവഴിയിൽ മരവിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ പേരും വിശദാംശങ്ങളും നിർമ്മാണം മരവിപ്പിക്കാനുള്ള കാരണവും വ്യക്തമാക്കുമോ?

ഇല്ല.

**നൈറ്റ് ലൈഫ് ടൂറിസം**

133(1345) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>:
<u>ശ്രീ. വി. കെ. പ്രശാന്ത്</u>:
<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>:
<u>ശ്രീ. പി. വി. ശ്രീനിജിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നൈറ്റ് ലൈഫ് ടൂറിസത്തിന്റെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; പ്രധാന ടൗൺഷിപ്പുകളെ കണ്ണടയ്ക്കാത്ത നഗരങ്ങളായി പരിവർത്തനപ്പെടുത്താനും വിപണിയുടെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്താനും പദ്ധതികൾ തയ്യാറാക്കുമോ?

സംസ്ഥാനത്ത് തിരുവന്തപുരം നഗരത്തിലെ മാനവീയം വീഥിയിൽ നൈറ്റ് ലൈഫ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. നൈറ്റ് ലൈഫ് ടൂറിസം വ്യാപിപ്പിക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിലും പദ്ധതി നടപ്പിലാക്കുന്നുണ്ട്. രാത്രികാല ടൂറിസം പദ്ധതിയുടെ പ്രവൃത്തികൾ ഇവിടെ അന്തിമ ഘട്ടത്തിലാണ്. തിരുവന്തപുരം നഗരത്തിലെ പൈതൃക കെട്ടിടങ്ങൾ ദീപാലംകൃതമാക്കിയും പ്രധാന ജംഗ്ഷനുകളിലും മറ്റും വെളിച്ചവിതാനം സാധ്യമാക്കിയും നൈറ്റ് ലൈഫിനുള്ള സാഹചര്യം ഒരുക്കുന്നു. പൈതൃക കെട്ടിടങ്ങളുടെ ലൈറ്റിംഗ് സംവിധാനം കോഴിക്കോട് നഗരത്തിലും നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി പ്രധാന ടൗണുകളിൽ നൈറ്റ് ലൈഫ് ടൂറിസം സാധ്യമാക്കുകയാണ് ലക്ഷ്യം.

(ബി) ഏതെല്ലാം കേന്ദ്രങ്ങളെയാണ് നിലവിൽ ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്നും പ്രസ്തുത കേന്ദ്രങ്ങളിലെ പ്രവർത്തന പുരോഗതിയും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് തിരുവനന്തപുരം മാനവീയം വീഥിയിൽ രാത്രികാല ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ കനകക്കുന്ന് കൊട്ടാരവളപ്പ് തെരഞ്ഞെടുത്തിട്ടുണ്ട്. നിലവിൽ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്.

(സി) പൈതൃക കെട്ടിടങ്ങളെയും സ്ഥാപനങ്ങളെയും സ്മാരകങ്ങളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

നൈറ്റ് ലൈഫ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി പൈതൃക കെട്ടിടങ്ങളിൽ ദീപാലങ്കാരം ഏർപ്പെടുത്തുന്ന ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട് എന്ന പദ്ധതിയും വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ആദ്യഘട്ടമായി തലസ്ഥാന നഗരിയിലെ തെരഞ്ഞെടുക്കപ്പെട്ട 30 പൈതൃക കെട്ടിടങ്ങളിൽ വൈദ്യുത ദീപാലങ്കാരം ഏർപ്പെടുത്താൻ

തീരുമാനിച്ചു. ഇതിൽ 27 പൈതൃക കെട്ടിടങ്ങളുടെ വൈദ്യുത ദീപാലങ്കാര പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ബാക്കി 3 കെട്ടിടങ്ങളുടെ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. പദ്ധതി കോഴിക്കോട് നഗരത്തിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**ഹെലിടൂറിസം പദ്ധതി**

134(1346) ശ്രീ. പി. നന്ദകുമാർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രധാന ടൂറിസം കേന്ദ്രങ്ങളെ കോർത്തിണക്കി ഹെലിടൂറിസം പദ്ധതി നടപ്പിലാക്കാൻ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സ്വകാര്യ സംരഭകരെ ആകർഷിച്ചു കേരളത്തിന്റെ വിവിധ ഇടങ്ങളെ കോർത്തിണക്കി ഹെലികോപ്റ്റർ സർവ്വീസ് ആരംഭിക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഒരു നൂതന ടൂറിസം ഉൽപന്നമാണ് ഹെലി ടൂറിസം പദ്ധതി. വിനോദസഞ്ചാര വകുപ്പ് ഒരു ഫെസിലിറ്റേറ്ററുടെ ചുമതല

നിർവ്വഹിച്ച് സ്വകാര്യ ഓപ്പറേറ്റർമാർ വഴി സർവ്വീസുകൾ ആരംഭിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഔദ്യോഗിക ഉത്ഘാടനവും ഫ്ളാഗ് ഓഫും 2023 ഡിസംബർ 30-ന് കൊച്ചി സിയാൽ അക്കാഡമിയിൽ നടന്നു.

(ബി) പദ്ധതിയുടെ ഭാഗമായി സുപ്രധാന ടൂറിസം കേന്ദ്രങ്ങളുടെ സമീപത്ത് നിലവിലുള്ള ഹെലിപാഡുകൾ കണ്ടെത്താനും പുതിയവ നിർമ്മിക്കാനും ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ?

പ്രധാന ടൂറിസം കേന്ദ്രങ്ങളുടെ സമീപത്ത് നിലവിലുള്ള പ്രവർത്തനക്ഷമമായ ഹെലിപാഡുകൾ കണ്ടെത്തി ഉപയോഗപ്പെടുത്താനാണ് പദ്ധതിയുടെ ആദ്യ ഘട്ടമായി ഉദ്ദേശിക്കുന്നത്. ഹെലിടൂറിസം സർവ്വീസുകൾ സംബന്ധിച്ച അവബോധം വിനോദസഞ്ചാരികൾക്കിടയിൽ വളർന്നുവരികയും കൂടുതൽ സർവ്വീസുകൾക്കായി ആവശ്യമുയരുകയും ചെയ്യുന്ന മുറയ്ക്ക് പുതിയ ഹെലിപാഡുകളും അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്നതും പരിശോധിക്കാവുന്നതാണ്.

(സി) സർവ്വീസുകൾ നടത്തുന്നതിന് പ്രത്യേക ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഹെലിടൂറിസം പദ്ധതിയിൽ ഒരു ഫെസിലിറ്റേറ്ററുടെ ചുമതലയാണ് വിനോദ സഞ്ചാര വകുപ്പ് നിർവ്വഹിക്കുന്നത്. ഹെലികോപ്റ്റർ സർവ്വീസ് നടത്തുന്നതിന് ആവശ്യമായ നിയമപരവും സാങ്കേതികവുമായ അനുമതികൾ ലഭ്യമായിട്ടുള്ള എല്ലാ സേവനദാതാക്കൾക്കും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ടൂറിസം വകുപ്പുമായി MoU-ൽ ഏർപ്പെട്ട് ഹെലിടൂറിസം സേവനങ്ങൾ ലഭ്യമാക്കാവുന്നതാണ്.

(ഡി) ഹെലിടൂറിസം നയം രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഹെലിടൂറിസം നയം രൂപീകരിക്കാനുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഇതിനു മുന്നോടിയായി വിനോദസഞ്ചാര വകുപ്പിനു കീഴിലെ പൊതുമേഖലാ സ്ഥാപനമായ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (കെ.ടി.ഐ.എൽ.), ഹെലിടൂറിസം പോളിസിയുടെ കരട് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഹെലിടൂറിസം

പോളിസി പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 13-03-2023-ലെ സ.ഉ. (സാധാ) നം. 113/2023/TSM പ്രകാരം ഒരു സ്റ്റീറിംഗ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. സ്റ്റീറിംഗ് കമ്മിറ്റിയുടെ യോഗവും ഹെലിടൂറിസം മേഖലയിലെ സ്റ്റേക്ക് ഹോൾഡർമാരുടെ യോഗവും ചേരുകയും വിവിധ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വരൂപിക്കുകയും ചെയ്തു. ഇവയിൽനിന്നും ലഭ്യമായ വിവിധ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഹെലിടൂറിസം നയത്തിന്റെ കരട് സർക്കാർ പരിശോധിച്ചു വരുന്നു.

**തീരദേശഹൈവേയും വിനോദസഞ്ചാര സാധ്യതകളും**

135(1347) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയുടെ വികസനത്തോടെ പുതിയ ബീച്ചുകൾ രൂപപ്പെടുത്തുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) തീരദേശ ഹൈവേയുടെ നിർമ്മാണം തീരപ്രദേശങ്ങളുടെ വൈവിധ്യമാർന്ന വികസനത്തിനും വിനോദസഞ്ചാര മേഖലയുടെ വികസനത്തിലൂടെ തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനും സഹായിക്കുമോ; വിശദമാക്കുമോ?

(എ&ബി) 580 കിലോമീറ്റർ ദൈർഘ്യമുള്ള കേരളത്തിന്റെ തീരദേശ മേഖലയ്ക്കാകെ സമഗ്രവികസനം സാധ്യമാക്കുന്ന പദ്ധതിയാണ് തീരദേശഹൈവേ. തീരദേശഹൈവേയുടെ പദ്ധതി രൂപീകരണ ഘട്ടത്തിൽ ടൂറിസം സാധ്യതകൾകൂടി പരിശോധിച്ചിരുന്നു. ബീച്ച് ടൂറിസം കേന്ദ്രങ്ങളെ കണക്ട് ചെയ്യുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പുതിയ ബീച്ച് ടൂറിസം കേന്ദ്രങ്ങളുടെ വികസനവും പ്രതീക്ഷിക്കുന്നുണ്ട്. ഇത്തരം ബീച്ച് ടൂറിസം കേന്ദ്രങ്ങളിലൂടെ കണക്റ്റിവിറ്റി സാധ്യമാക്കാൻ നമുക്ക് സാധിക്കും. നിശ്ചിത ഇടവേളകളിൽ അമിനിറ്റി സെന്ററുകൾ സാധ്യമാക്കുന്നതും ഗുണകരമാണ്. ഇതിലൂടെ കൂടുതൽ സംരംഭങ്ങളും തൊഴിൽ സാധ്യതകളും വരുമാനവും പ്രതീക്ഷിക്കുന്നു.

(സി) ഡെസ്റ്റിനേഷൻ ടൂറിസം, സൈക്കിൾ ടൂറിസം എന്നീ മേഖലകളുടെ പുരോഗതിക്ക് തീരദേശ ഹൈവേയുടെ പൂർത്തീകരണം സഹായിക്കുമോ; വിശദമാക്കുമോ?

പ്രത്യേക സൈക്കിൾ ട്രാക്കോടുകൂടിയാണ് തീരദേശഹൈവേ നിർമ്മിക്കുന്നത്. ഇത് സൈക്കിൾ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സഹായകരമാകും.

**മൂന്നാറിലും വാഗമണ്ണിലും ടൂറിസം ടൗൺഷിപ്പ്**

136(1348) <u>ശ്രീ. ടി. ജെ. വിനോദ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലും വാഗമണ്ണിലും ടൂറിസം ടൗൺഷിപ്പ് നിർമ്മിക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രി യു.എ.ഇ. അംബാസിഡറുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ ചർച്ച എവിടെ വച്ചായിരുന്നുവെന്നും ചർച്ചയിലെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്നും അറിയിക്കാമോ; ആയതിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് പ്രിൻസിപ്പൽ സെക്രട്ടറി തലത്തിൽ സർക്കാരിന് സമർപ്പിച്ച നോട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതിക്കായി അനുയോജ്യമായ പ്രദേശം കണ്ടെത്താനായി നിയോഗിച്ച സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ & ബി) ഇന്ത്യയിലെ യു.എ.ഇ. അംബാസഡർ 2023 നവംബറിൽ ബഹു. മുഖ്യമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ കേരളത്തിലെ ഹിൽ സ്റ്റേഷനുകളിൽ ടൗൺഷിപ്പുകൾ വികസിപ്പിയ്ക്കാൻ താൽപ്പര്യമുണ്ടെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിനായി ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിയ്ക്കാൻ ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചു. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി 18-01-2024-ൽ സ.ഉ.(സാധാ)നം.25/2024/TSM ഉത്തരവ് പ്രകാരം ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച പ്രായോഗികമായ കൂടിയാലോചനകൾ നടന്നുവരുന്നതേയുള്ളൂ. നോർക്ക പ്രിൻസിപ്പൽ സെക്രട്ടറി നൽകിയ നോട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കായലോര ടൂറിസം പദ്ധതി**

137(1349) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഡി.റ്റി.പി.സി. അമിനിറ്റി സെന്ററിനു സമീപത്തെ കായലോര ടൂറിസം പദ്ധതികൾ ഏതു പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിയതെന്നും ഇതിന് ആകെ അനുവദിച്ച തുക എത്രയാണെന്നും എന്നാണ് ഭരണാനുമതി ലഭിച്ചതെന്നും അനുവദിച്ച തുക ഏതൊക്കെ ഇനങ്ങൾക്കാണ് ചെലവഴിച്ചിട്ടുള്ളത് എന്നും തരം തിരിച്ച് വ്യക്തമാക്കാമോ?

12-07-2013-ലെ സ.ഉ. (സാധാ.) 5749/2013/ടൂറിസം നമ്പർ പ്രകാരം ഭരണാനുമതി ലഭിച്ച 'Development of Backwaters Circuit in Alappuzha in Backwater Region as a mega Circuit in Kerala' എന്ന പദ്ധതിയിലെ ഘടകമായിരുന്ന House boat terminal at Kayamkulam. ചുവടെ ചേർത്ത ഘടകങ്ങൾ ഉൾപ്പെട്ട പദ്ധതിക്കായി 783.07 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത്:

Tourist Arrival center

Tourist Interpretation center

Board walk and view Point

Permanent House Boat Jetty

Improving navigability

Landscaping

Electrification and yard Lighting

(ബി) പദ്ധതി പ്രദേശത്തെ സ്ഥലം സംബന്ധിച്ച റവന്യൂ രേഖകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പദ്ധതി പ്രദേശത്തെ സ്ഥലം സംബന്ധിച്ച റവന്യൂ രേഖകൾ വിനോദസഞ്ചാര വകുപ്പിൽ ലഭ്യമല്ല.

**ഫാം 2 മലബാർ 500 പദ്ധതി**

138(1350) **ശ്രീ. പി. മമ്മിക്കുട്ടി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പ് സംഘടിപ്പിക്കുന്ന ഫാം 2 മലബാർ 500 പദ്ധതി എന്താണെന്ന് വിശദമാക്കാമോ?

കോവിഡാനന്തര സമയത്ത് മലബാർ മേഖലയിലെ ടൂറിസം രംഗത്തെ പരിപോഷിപ്പിക്കാൻ മലബാർ ചേംബർ ഓഫ് കൊമേഴ്സ് ഉൾപ്പെയുള്ള അസോസിയേഷനുകളുമായി ചേർന്ന് വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് ഫാം ടു മലബാർ 500 പദ്ധതി. ഇന്ത്യയിലും വിദേശത്തുമുള്ള ടൂർ ഓപ്പറേറ്റർമാരെ മലബാറിലെ ഏഴ് ജില്ലകളിലുള്ള പ്രധാന ടൂറിസം ആകർഷണങ്ങൾ പരിചയപ്പെടുത്തുകയായിരുന്നു ലക്ഷ്യം. മലബാറിന്റെ ചരിത്രം, പൈതൃകം, രുചിവൈവിധ്യങ്ങൾ എന്നിവ ടൂർ ഓപ്പറേറ്റർമാർക്ക് അനുഭവ വേദ്യമാക്കുകയാണ് ഇതു വഴി ചെയ്തത്.

(ബി) ഈ പദ്ധതികൊണ്ട് മലബാർ മേഖലയിൽ ടൂറിസത്തിന് ഉണ്ടാകാൻ പോകുന്ന മാറ്റങ്ങൾ എന്തൊക്കെയാണെ695 ന്ന് അറിയിക്കുമോ; ഇതിന് സമാനമായി മറ്റ് പ്രദേശങ്ങളിലും ഇത്തരത്തിൽ പദ്ധതികൾ നടപ്പിലാക്കാൻ ആലോചനയുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഈ പദ്ധതി വഴി മലബാറിലെ വിവിധ ടൂറിസം കേന്ദ്രങ്ങളിലേയ്ക്കും ആ പ്രദേശങ്ങളിലുള്ള ഹോട്ടലുകളിലേയ്ക്കും ഇന്ത്യയിലെ പ്രമുഖ ടൂർ ഓപ്പറേറ്റർമാരെ പരിചയപ്പെടുത്തുക വഴി കൂടുതൽ വിനോദസഞ്ചാരികളെ

ആകർഷിക്കാൻ സാധിച്ചു. ദേശീയ അന്തർദേശീയ സഞ്ചാരികളുടെ വരവ് വർദ്ധിപ്പിക്കുന്നതിനായി പ്രമുഖ ട്രാവൽ റൈറ്റേഴ്സ്, പ്രവർത്തകർ, സോഷ്യൽ മീഡിയ ഇൻഫ്ളുവൻസേഴ്സ്, ടൂർ ഓപ്പറേറ്റേഴ്സ് എന്നിവരെ കേരളത്തിലേക്ക് കൊണ്ടുവന്ന് കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങളും ടൂറിസം ആക്ടിവിറ്റികളും പരിചയപ്പെടുത്തുന്ന ഫാം ടൂറിസം പദ്ധതി (Familiarization Tour) കേരള ടൂറിസം നടപ്പിലാക്കിവരുന്നുണ്ട്.

**ആക്കുളം കായൽ പുനരുജ്ജീവന പദ്ധതി**

139(1351) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം കായൽ പുനരുജ്ജീവന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

3-12-2018-ലെ സ.ഉ.(സാധാ)നം. 515/2018/ടൂറിസം പ്രകാരം 128.68 കോടി രൂപയ്ക്ക് ആക്കുളവും അനുബന്ധ കായലുകളുടെ നവീകരണത്തിനായി സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. തുടർന്ന് 19-10-2019-ലെ സ.ഉ.(സാധാ)നം. 350/2019/ടൂറിസം പ്രകാരം 185.23 കോടി രൂപയുടെ

ഭരണാനുമതി നൽകുകയും 19-3-2020-ന് WAPCOS എന്ന സ്ഥാപനത്തിനെ SPV ആയി തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതി ടെണ്ടർ ചെയ്യുകയും അവന്തിക കോൺട്രാക്ടേഴ്സ് എന്ന സ്ഥാപനത്തെ പദ്ധതിക്കായി തെരഞ്ഞെടുക്കുകയും ചെയ്തു. ത്രികക്ഷി കരാറിൽ ഏർപ്പെടുന്നതിനുമുമ്പായി കരാറിലെ വ്യവസ്ഥകൾ പരിശോധിക്കുന്നതിനായി 05-01-2024-ലെ സ.ഉ.(സാധാ)നം. 7/2024/ടൂറിസം പ്രകാരം, Technical Evaluation Committee രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി JV partner-ന്റെ യോഗ്യത പരിശോധിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സം എന്തെങ്കിലും നിലവിലുണ്ടോ; പദ്ധതിയുടെ ഓപ്പറേഷൻസ് ആൻഡ് മെയിന്റനൻസ് നിബന്ധനകൾ തയ്യാറാക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ നിയോഗിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ഏജൻസിക്ക് അനുവദിച്ചിരിക്കുന്ന കാലാവധി എത്രയാണെന്നും പ്രതിഫലം എത്രയാണെന്നും പ്രസ്തുത ഏജൻസിക്ക് പ്രതിഫലം നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) ഏജൻസിയെ നിയോഗിച്ച സർക്കാർ ഉത്തരവുകൾ ലഭ്യമാക്കാമോ; പ്രസ്തുത ഏജൻസിയെ ഏൽപ്പിച്ച ഉത്തരവാദിത്വം ശരിയായ രീതിയിൽ നിർവ്വഹിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ ഏജൻസി വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഏജൻസിക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(എഫ്) ആക്കുളം കായൽ പുനരുജ്ജീവന പദ്ധതി അട്ടിമറിക്കുന്നതിന് പ്രസ്തുത ഏജൻസി ശ്രമിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ജി) ആക്കുളം കായൽ പുനരുജ്ജീവന പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

(ബി-ജി) 03-12-2018-ലെ സ.ഉ.(സാധാ)നം. 515/2018 ടൂറിസം പ്രകാരം WAPCOS എന്ന സ്ഥാപനത്തെ ടി പദ്ധതിയുടെ SPV ആയി നിയമിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ WAPCOS ടി പ്രവൃത്തിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നിബന്ധനകൾ തയ്യാറാക്കുകയും ടെണ്ടർ നടപടികൾ നടത്തി

അവന്തിക കോൺട്രാക്ടേഴ്സ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ത്രികക്ഷി കരാറിൽ ഏർപ്പെടുന്നതിനുമുമ്പായി കരാറിലെ വ്യവസ്ഥകൾ പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള Special Technical Evaluation Committee JV partner-ന്റെ യോഗ്യത പത്രങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**തിരുവമ്പാടി മണ്ഡലത്തിലെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി**

140(1352) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു തദ്ദേശഭരണ സ്ഥാപനത്തിനുകീഴിൽ ഒരു വിനോദസഞ്ചാര കേന്ദ്രം വികസിപ്പിക്കുന്നതിനായുള്ള ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ തിരുവമ്പാടി മണ്ഡലത്തിൽ അനുമതി ലഭിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; അവയുടെ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി പ്രകാരം തിരുവമ്പാടി മണ്ഡലത്തിൽ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല. എന്നാൽ Hanging bridge at Pathankayam waterfalls at Kodenchery Grama Panchayat,

തൃക്കുടമണ്ണ തീർത്ഥാടന ടൂറിസം പദ്ധതികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത് പരിശോധനയിലാണ്.

**സമ്പൂർണ്ണ ടൂറിസം സീസൺ പദ്ധതി**

**141(1353)** <u>**ശ്രീ. എ. സി. മൊയ്തീൻ**</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിനുവേണ്ടി സമ്പൂർണ്ണ ടൂറിസം സീസൺ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

രാജ്യാന്തര തലത്തിലെ വിവിധ ട്രേഡ് ഫെയറുകളിലും ബി 2 ബി മീറ്റിംഗുകളിലും പങ്കെടുക്കുകയും വിവിധ മാധ്യമങ്ങളിലൂടെ അന്താരാഷ്ട്ര മാർക്കറ്റിൽ കേരള ടൂറിസത്തിന്റെ സാന്നിദ്ധ്യം ഉറപ്പാക്കുകയും ചെയ്തുവരുന്നു. സമ്പൂർണ്ണ ടൂറിസം സീസൺ നടപ്പിലാക്കുന്നതിനായി കേരളം ഒരു ഓൾ സീസൺ ഡെസ്റ്റിനേഷനായി മാർക്കറ്റ് ചെയ്യുന്നതിന് വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. മൺസൂൺ ടൂറിസത്തിന്റെ സാധ്യതകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തി സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള

പ്രവർത്തനങ്ങൾ നടത്തുന്നു. വെൽനെസ് ടൂറിസത്തിന്റെ ഭാഗമായി ആയുർവേദത്തിന്റെ സാധ്യതകൾകൂടി ഈ സമയങ്ങളിൽ പ്രയോജനപ്പെടുത്താനാകും. ഇതിനായി പ്രത്യേക ക്യാമ്പയിനുകൾ നമ്മൾ സംഘടിപ്പിക്കാറുണ്ട്. മൺസൂൺ കാലത്ത് കെ.റ്റി.ഡി.സി.-യും പ്രത്യേക പാക്കേജുകൾ ഒരുക്കാറുണ്ട്. ഡി.റ്റി.പി.സി.-കളുടെ നേതൃത്വത്തിൽ മഡ് ഫെസ്റ്റിവൽ പോലുള്ളവ സംഘടിപ്പിച്ച് ഈ സീസൺ വ്യത്യസ്തമാക്കാൻ ശ്രമിക്കുന്നു. അനുഭവവേദ്യ ടൂറിസം പദ്ധതികളുടെ ഭാഗമായും മൺസൂൺ സീസണിൽ വ്യത്യസ്തമായ പാക്കേജുകൾ തയ്യാറാക്കുന്നുണ്ട്. കാരവൻ ടൂറിസം, ഹെലി ടൂറിസം, ക്രൂയിസ് ടൂറിസം തുടങ്ങിയ പദ്ധതികളിലൂടെ കൂടുതൽ സഞ്ചാരികളെ ആകർഷിക്കാൻ കഴിയുന്നുണ്ട്. അഡ്വഞ്ചർ ടൂറിസം, സ്ത്രീ സൗഹാർദ്ദ ടൂറിസം, നൈറ്റ് ലൈഫ് ടൂറിസം, സ്ട്രീറ്റ് പദ്ധതി, വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ തുടങ്ങി വൈവിധ്യമാർന്ന നവീന പദ്ധതികളിലൂടെ കൂടുതൽ സഞ്ചാരികളെ ആകർഷിക്കാനായി. കേരളീയം, ഓണഘോഷം, ചാമ്പ്യൻസ് ബോട്ട് ലീഗ്, ബേപ്പൂർ വാട്ടർ ഫെസ്റ്റ്, മലബാർ റിവർ ഫെസ്റ്റിവൽ, എം.ടി.ബി., സർഫിങ് ഫെസ്റ്റിവൽ, പാരാഗ്ലൈഡിങ് ഫെസ്റ്റിവൽ തുടങ്ങിയ

ആഘോഷ പരിപാടികളിലൂടെയും സഞ്ചാരികളെ ആകർഷിക്കുന്നു. വർഷം മുഴുവൻ നീളുന്ന പരിപാടികൾ ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്.

**മട്ടന്നൂർ മണ്ഡലത്തിലെ പഴശ്ശി സ്മൃതിമന്ദിരം**

142(1354) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ പഴശ്ശി സ്മൃതി മന്ദിരത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ചുമർചിത്രമതിൽ തയ്യാറാക്കുന്നതിന് ടൂറിസം വകുപ്പ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

തലശ്ശേരി ഹെറിറ്റേജ് പദ്ധതിയുടെ ഭാഗമായി പഴശ്ശി സ്മൃതി മണ്ഡപത്തിന് 2.64 കോടി രൂപയുടെയും ചുമർ ചിത്രങ്ങൾക്കായി 25 ലക്ഷം രൂപയുടെയും ഭരണാനുമതി കിഫ്ബി നൽകിയിട്ടുണ്ട്.

(ബി) പടിയൂർ-കല്ല്യാട് ഇക്കോ ടൂറിസം പദ്ധതിയുടെ പ്രവൃത്തി പുരോഗതി വ്യക്തമാക്കാമോ?

കണ്ണൂർ ജില്ലയിലെ പടിയൂർ-പഴശ്ശി അണക്കെട്ടിലും പരിസരത്തുമായി നടപ്പിലാക്കുന്ന ഇക്കോ ടൂറിസം പദ്ധതിയുടെ ആദ്യ ഘട്ട വികസനത്തിനായി 566 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പദ്ധതി ഘടകങ്ങൾ 4 എണ്ണമായി ചുരുക്കിയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റിന്മേൽ പുതുക്കിയ ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**വിവിധ പദ്ധതികളിൽ കേന്ദ്ര വിഹിതമായി ലഭിക്കാനുള്ള കുടിശ്ശിക**

143(1355) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പിനുകീഴിൽ നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികളിൽ കേന്ദ്ര വിഹിതമായി എന്തു തുക കുടിശ്ശിക ലഭിക്കാനുണ്ട് എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; ഓരോ പദ്ധതിയിലും കുടിശ്ശിക ലഭിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട മറ്റ് റിപ്പോർട്ടുകൾ എന്നിവ സമർപ്പിച്ചിട്ടും കേന്ദ്രം തുക അനുവദിച്ച് നൽകാത്ത എത്ര

പദ്ധതികളുണ്ട്; അവ ഏതൊക്കെയാണെന്നും ഓരോന്നിലും ലഭിക്കാനുള്ള തുക എത്രയാണെന്നും വ്യക്തമാക്കുമോ?

(എ&ബി) അന്തിമ വിനിയോഗ സർട്ടിഫിക്കറ്റ് (Utilisation Certificate) സമർപ്പിച്ചിട്ടും 'ശബരിമല–എരുമേലി-പമ്പ-സന്നിധാനം-സ്പിരിച്വൽ സർക്യൂട്ട്' പദ്ധതിക്ക് 603.25 ലക്ഷം രൂപയും മലനാട്-മലബാർ റിവർ ക്രൂസ് പദ്ധതിക്ക് 554.52 ലക്ഷം രൂപയും ലഭിക്കാനുണ്ട്.

**വിനോദസഞ്ചാര പദ്ധതികളിലെ കേന്ദ്ര വിഹിതം**

144(1356) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വിനോദസഞ്ചാര പദ്ധതികളിൽ കേന്ദ്ര വിഹിതമായി എത്ര രൂപ കുടിശ്ശിക ലഭിക്കാനുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; ഓരോ പദ്ധതിയിലും കുടിശ്ശിക ലഭിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട മറ്റ് റിപ്പോർട്ടുകൾ എന്നിവ സമർപ്പിച്ചിട്ടും പണം അനുവദിച്ചുനൽകാത്ത പദ്ധതികൾ എത്രയെന്നും അവ ഏതൊക്കെയെന്നും ഓരോന്നിലും ലഭിക്കാനുള്ള തുക എത്രയെന്നും വിശദമാക്കുമോ?

(എ&ബി) അന്തിമ വിനിയോഗ സർട്ടിഫിക്കറ്റ് (Utilisation Certificate) സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 'സ്വദേശ് ദർശൻ' പദ്ധതിയുടെ കീഴിൽ അനുമതി കിട്ടിയ 'ശബരിമല–എരുമേലി-പമ്പ-സന്നിധാനം-സ്പിരിച്വൽ സർക്യൂട്ട്' ' പദ്ധതിക്ക് 603.25 ലക്ഷം രൂപയും മലനാട്-മലബാർ റിവർ ക്രൂസ് പദ്ധതിക്ക് 554.52 ലക്ഷം രൂപയും കേന്ദ്ര വിനോദസഞ്ചാര മന്ത്രാലയത്തിൽനിന്ന് അവസാന ഗഡുവായി ലഭിക്കാനുണ്ട്.

**പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ആർക്കിടെക്ടുമാരുടെ പാനൽ**

145(1357) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിനുകീഴിൽ വരുന്ന നിർമ്മാണ പ്രവൃത്തികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ആർക്കിടെക്ടുമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പാനൽ തയ്യാറാക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

(എ&ബി) 02-05-2023-ലെ സ.ഉ.(സാധാ) നം. 184/2023/TSM പ്രകാരം വിനോദസഞ്ചാര വകുപ്പിൽ ആർക്കിടെക്ടുമാരെ എംപാനൽ ചെയ്ത് ഉത്തരവായിട്ടുണ്ട്. ആയതിന്റെ മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ ആർക്കിടെക്ട്, സിവിൽ വിഭാഗങ്ങളെയും ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ വിഭാഗങ്ങളെയുംകൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ ഉൾപ്പെടുത്തിയിട്ടില്ല.

**ആലപ്പുഴ മണ്ഡലത്തിലെ ടൂറിസം വകുപ്പിന്റെ പ്രവൃത്തികൾ**

146(1358) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും ഇരുപത് ശതമാനം തുക വകയിരുത്തിയിട്ടുള്ളതുമായ വിനോദസഞ്ചാര വകുപ്പിന്റെ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയ്ക്കായി അനുവദിച്ച തുകയുടെ വിശദാംശം നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് വകുപ്പ് മുൻകൈയെടുത്ത് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിവരം ലഭ്യമാക്കാമോ;

(സി) ആലപ്പുഴ മണ്ഡലത്തിൽ ബജറ്റിൽ പ്രഖ്യാപിച്ച ടൂറിസം വകുപ്പിന് കീഴിൽ വരുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**ചിമ്മിനി ഇക്കോ ടൂറിസം പദ്ധതിക്ക് ഫണ്ട്**

147(1359) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് ടൂറിസം വകുപ്പിൽനിന്നും ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ബന്ധപ്പെട്ട വകുപ്പുകളിൽനിന്നുള്ള അനുമതി ലഭിക്കുന്നപക്ഷം, വിനോദസഞ്ചാര സാധ്യത വിലയിരുത്തി ചിമ്മിനി ഇക്കോ ടൂറിസം പദ്ധതിക്കുള്ള ഫണ്ട് പരിഗണിക്കാവുന്നതാണ്.

(ബി) ആറാട്ടുപുഴ പൂരം, വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ മൂന്നുമാസം നീണ്ടുനിൽക്കുന്ന ഓണാഘോഷം എന്നിവയ്ക്ക് ടൂറിസം വകുപ്പിൽനിന്നും ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

പെരുവനം ആറാട്ടുപുഴ പൂരത്തിന് നിലവിൽ ധനസഹായം അനുവദിക്കുന്നുണ്ട്.

വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ ഓണാഘോഷത്തിന് ഫണ്ട് അനുവദിക്കണമെന്ന ആവശ്യം നിലവിൽ പരിശോധനയിലാണ്.

**നമ്പിക്കുളം ഇക്കോ ടൂറിസം പദ്ധതി**

148(1360) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്പിക്കുളം ഇക്കോ ടൂറിസം പദ്ധതി സഞ്ചാരികൾക്ക് തുറന്ന് കൊടുക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തെല്ലാം പ്രവൃത്തികളാണ് നമ്പിക്കുളം ടൂറിസം പദ്ധതിയിൽ പൂർത്തീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) എന്തൊക്കെ പ്രവൃത്തികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളത്; ഇവ പൂർത്തീകരിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

(എ&ബി) നമ്പിക്കുളം ഇക്കോ ടൂറിസം പദ്ധതിക്ക് വാച്ച് ടവർ, പാർക്കിങ് ഏരിയ, ടിക്കറ്റ് കൗണ്ടർ, വാക്ക് വേ, വാച്ച് ടവറിന് താഴെയായി ഫുഡ് കിയോസ്ക് എന്നീ പ്രവൃത്തികൾ പൂർത്തിയായി.

ശുചിമുറി ബ്ലോക്ക്, ചെയിൻ ലിങ്ക് ഫെൻസിങ്, വൈദ്യുതി കണക്ഷൻ, പദ്ധതി പ്രദേശത്ത് ജലം എത്തിക്കാനുള്ള പ്ലംമ്പിംഗ് ജോലികൾ എന്നിവ അവശേഷിക്കുന്നുണ്ട്. ഈ പ്രവൃത്തികൾക്കുള്ള 72.32 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധനയിലാണ്.

**പുഴക്കൽ കോൾ ടൂറിസം ഇടനാഴി**

149(1361) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിൽ അടാട്ട് ഗ്രാമപഞ്ചായത്തിലെ വിലങ്ങൻകുന്ന് താഴ്‌വരയിൽനിന്നും ആരംഭിക്കുന്ന രീതിയിൽ 'പുഴക്കൽ കോൾ ടൂറിസം ഇടനാഴി' എന്ന പേരിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിലെ പുഴയ്ക്കൽ കോൾ പ്രദേശം നിലമായതിനാൽ കാർഷിക പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള അഗ്രി ടൂറിസം യൂണിറ്റുകളും, സംസ്ഥാനപാത 69–ൽനിന്നും തെക്കോട്ട് പഞ്ചിക്കൽ പാലം വരെയുള്ള കനാലിലും, കോൾ വയലിന്റെ ഇടത്തോടുകളിലും ബോട്ടിങ്/കയാക്കിങ്, വയൽ ബണ്ടുകളിലൂടെ സൈക്കിൾ സവാരി, കോൾ പാടങ്ങളുടെ നടുക്കുള്ള അയനിക്കാട് തുരുത്ത് സന്ദർശനം, പ്രാദേശിക വീടുകളിൽനിന്നുള്ള ഭക്ഷണം എന്നിവയെല്ലാം ചേർത്തുകൊണ്ടുള്ള വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജ്, പക്ഷി

നിരീക്ഷണ പാക്കേജുകൾ എന്നിങ്ങനെയുള്ള ഗ്രാമീണ ടൂറിസം പാക്കേജുകളും ആരംഭിക്കുന്നതിന്റെ സാധ്യതകൾ സംബന്ധിച്ച് ഉത്തരവാദിത്ത ടൂറിസം മിഷൻ പരിശോധിച്ചുവരുന്നു.

**വർക്കല വിനോദസഞ്ചാര മേഖല പരിപോഷിപ്പിക്കാൻ നടപടി**

150(1362) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെയും മുൻസർക്കാരിന്റെയും കാലയളവിൽ വർക്കലയിലെ വിനോദസഞ്ചാര മേഖല പരിപോഷിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വർക്കലയുടെ സമഗ്ര ടൂറിസം വികസനം ലക്ഷ്യം വച്ചുകൊണ്ട് നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നു. വർക്കല പാപനാശം ബീച്ചിന്റെ അടിസ്ഥാന സൗകര്യങ്ങൾ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന നടപ്പാക്കുന്നതിന് 97,78,000/- രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വർക്കല പാപനാശം ടൂറിസം കേന്ദ്രം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്കായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ടോയ്‌ലറ്റ് കോംപ്ലക്സിന്റെ നിർമ്മാണവും വർക്കല ഗസ്റ്റ്ഹൗസിൽ പുതിയ കോട്ടേജുകളുടെ നിർമ്മാണവും

നിലവിലുള്ളവയുടെ നവീകരണവും നടന്നുവരുന്നു. ഇതിനുപുറമേ വർക്കലയിൽ ടൂറിസം വികസനം ലക്ഷ്യംവച്ച് സമഗ്രമായ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ കെ.ടി.ഐ.എൽ.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പൂങ്കാവനം ഡാം ടൂറിസം**

151(1363) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെട്ടത്തൂർ ഗ്രാമപഞ്ചായത്തിലെ പൂങ്കാവനം ഡാം പ്രദേശത്തെ വിനോദസഞ്ചാര സാധ്യതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശം വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുന്ന കാര്യം പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ഉണ്ട്. പൂങ്കാവനം ഡാം ജലസേചന വകുപ്പിന്റെ കീഴിലായതിനാൽ ജലസേചന വകുപ്പിൽനിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടി പ്രദേശത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഓരോ പഞ്ചായത്തിലും നഗരസഭയിലും ഒരു വിനോദസഞ്ചാരകേന്ദ്രം എന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം എത്ര പഞ്ചായത്തുകളിലും നഗരസഭകളിലും വിനോദസഞ്ചാര കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

(സി&ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും, നേതൃത്വത്തോടെയും തദ്ദേശീയമായ വിനോദസഞ്ചാര സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കി നൽകുന്നതിലൂടെ വിനോദസഞ്ചാര വികസനം സാധ്യമാക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് ഡെസ്റ്റിനേഷൻ ചലഞ്ച്.

ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി പ്രകാരം നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**മുനക്കൽ ബീച്ച് നവീകരണം**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

152(1364) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിൽ മുനക്കൽ ബീച്ചിലെ നിലച്ചിരിക്കുന്ന നവീകരണ പ്രവർത്തനങ്ങൾ, പ്രശ്നങ്ങൾ പരിഹരിച്ച് പുനരാരംഭിച്ച് അടിയന്തരമായി പൂർത്തീകരിക്കാനുള്ള ശ്രമം ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് തൃശ്ശൂർ ജില്ലയിലെ മുനക്കൽ ബീച്ച് നവീകരണ പ്രവൃത്തികൾ പുനരാരംഭിച്ചിട്ടുണ്ട്. ആകെ 4.64 കോടി രൂപയുടെ പ്രവൃത്തിക്കാണ് അനുമതി ലഭിച്ചത്. 3.24 കോടി രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചു. മുനക്കൽ ബീച്ച് നവീകരണം നടപ്പു സാമ്പത്തിക വർഷം പൂർത്തിയാക്കാനാണ് ശ്രമിക്കുന്നത്.

**നിലമ്പൂർ മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

153(1365) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ നിലമ്പൂർ മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികളുടെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) നിലമ്പൂർ മണ്ഡലത്തിലെ ഏതെല്ലാം ടൂറിസം പദ്ധതികളുടെ പ്രൊപ്പോസലുകളാണ് പരിഗണനയിലുള്ളതെന്നും മേൽ പ്രൊപ്പോസലുകളുടെ നിലവിലെ അവസ്ഥയും ഫയൽ ഏത് കാര്യാലയത്തിലാണ് നിലവിലുള്ളതെന്നും അറിയിക്കാമോ?

(എ&ബി) നിലമ്പൂർ മണ്ഡലത്തിൽ പുതിയ പദ്ധതികൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി 2023 ഒക്ടോബറിൽ നിലമ്പൂർ എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും മലപ്പുറം ഡി.റ്റി.പി.സി.-യോട് വിനോദസഞ്ചാര പദ്ധതികൾ തയ്യാറാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. തുടർന്ന് വഴിക്കടവിൽ വെൽക്കം ബോർഡും മോഡേൺ അമിനിറ്റി സെന്ററും ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കാനുള്ള നടപടികൾ ആരംഭിച്ചു. പദ്ധതി നിർദ്ദേശം തയ്യാറാക്കാൻ അംഗീകൃത ആർക്കിടെക്റ്റുമായി ചർച്ചകൾ നടത്തിവരുന്നു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കുന്ന ടൂറിസം പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടേയും നേതൃത്വത്തോടേയും തദ്ദേശീയമായ വിനോദസഞ്ചാര സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾക്ക് അടിസ്ഥാന സൗകര്യമൊരുക്കി നൽകുന്നതിലൂടെ വിനോദസഞ്ചാര വികസനം സാധ്യമാക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് ഡെസ്റ്റിനേഷൻ ചലഞ്ച്. ചുങ്കത്തറ, അമരമ്പലം, കരുളായി എന്നീ പഞ്ചായത്തുകളും നിലമ്പൂർ മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട് ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി തയ്യാറാക്കുന്നതിന് ജില്ലാതലത്തിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്.

(ഡി) തദ്ദേശ സ്ഥാപനങ്ങളുടെ ടൂറിസം പദ്ധതി പ്രൊപ്പോസലുകൾക്ക് പരമാവധി അനുവദിക്കുന്ന തുക എത്രയെന്നും ആയതിന്റെ നടപടിക്രമങ്ങളും വിശദമാക്കാമോ?

തെരഞ്ഞെടുക്കപ്പെടുന്ന പ്രവൃത്തികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപവരെ) വിനോദസഞ്ചാര വകുപ്പ് നൽകുന്നതാണ്.

ബാക്കിതുക അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. ഇതിനായി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 'പദ്ധതി റിപ്പോർട്ട്' ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ പോർട്ടലിൽ നിർദ്ദിഷ്ട മാതൃകയിൽ അപ്‌ലോഡ് ചെയ്യേണ്ടതും വിനോദസഞ്ചാര വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തി ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നൽകുന്നതുമാണ്.

27-07-2023-ലെ സ.ഉ.(സാധാ)നം. 371/2023/TSM പ്രകാരം ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ വിനോദസഞ്ചാര വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ഫണ്ടിനൊപ്പം എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുകൂടി വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**പാലക്കാട് ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ**

154(1366) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിനും നടത്തിപ്പിനുമായി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന 2016 മുതൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കൽപ്പാത്തി രഥത്തിന്റെ നവീകരണം

2. ബാരിയർ ഫ്രീ കേരള ടൂറിസം

3. കാഞ്ഞിരപ്പുഴ ഡാം ഉദ്യാനത്തിന്റെ അറ്റകുറ്റ പണികൾ

4. പോത്തുണ്ടി ഡാം ഉദ്യാന നവീകരണ-വികസന പ്രവൃത്തികൾ

5. മംഗലം ഡാം ഉദ്യാന നവീകരണ-വികസന പ്രവൃത്തികൾ

6. ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരക കലാപീഠത്തിന്റെ പുനരുദ്ധാരണം

7. വെള്ളിനേഴി കലാഗ്രാമത്തിൽ സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം

8. വെള്ളിയാങ്കല്ല് പൈതൃക പാർക്ക് നിർമ്മാണം

9. തസ്രാക്ക് ഒ.വി. വിജയൻ സ്മാരകത്തിൽ റൈറ്റേഴ്സ് വില്ലേജ് നിർമ്മാണം

10. ഒറ്റപ്പാലം പുഴയോര പാർക്ക് നിർമ്മാണം

11. ഡി.റ്റി.പി.സി. ഓഫീസിന്റെ നവീകരണ പ്രവൃത്തികൾ

12. വെള്ളിനേഴി കലാഗ്രാമത്തിൽ സാംസ്കാരിക സമുച്ചയത്തിന്റെ രണ്ടാം ഘട്ട നിർമ്മാണപ്രവൃത്തികൾ

**(ബി) ഇതിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയായെന്നും പൂർത്തിയാകാനുള്ളവയുടെ നിലവിലെ പ്രവൃത്തി പുരോഗതിയും വിശദമാക്കാമോ?**

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കടലുകാണി ടൂറിസം പദ്ധതി**

**155(1367) ശ്രീമതി ഒ. എ.സ് അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

**ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ പുളിമാത്ത് ഗ്രാമപഞ്ചായത്ത് പരിധിയിലെ കടലുകാണി ടൂറിസം പദ്ധതി-രണ്ടാം ഘട്ടം എന്ന**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തിയുടെ ഭാഗമായി നിലവിൽ എന്തെല്ലാം നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

07-09-2019-ലെ സ.ഉ(സാധാ)നം. 303/2019/ടൂറിസം പ്രകാരം, കടലുകാണി ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട വികസനത്തിനായി 1,87,09,064/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. കടലുകാണിപാറ ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പാക്കാൻ ഹിന്ദുസ്ഥാൻ പ്രീഫാബ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ടി നിർവ്വഹണ ഏജൻസി പദ്ധതി തുടരാൻ താത്പര്യം ഇല്ലെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ M/s സിൽക്കിനെ പുതിയ അംഗീകൃത ഏജൻസിയായി തെരഞ്ഞെടുക്കുകയുണ്ടായി. ടി പദ്ധതിയുമായി ബന്ധപ്പെട്ട് പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ചിമ്മിനി ഡാം ടൂറിസം വികസനം**

156(1368) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിമ്മിനി ഡാം മേഖലയിൽ ടൂറിസം വികസനത്തിനും അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് പരിഹരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ചിമ്മിനി ഡാം മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ആദ്യ ഘട്ടമായി Facilitation Centre & Public Comfort Station നിർമ്മാണം പൂർത്തിയായി. സംസ്ഥാന വനം വികസന ഏജൻസി (SFDA) അംഗീകാരം നൽകിയ പ്രവൃത്തികളും പുരോഗതിയിലാണ്.

(ബി) വനം വകുപ്പ് മുഖേന ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന് അനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

വനം വകുപ്പിന്റെ നിർദിഷ്ട ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി ഇതുവരെ ടൂറിസം വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടില്ല.

**മനക്കച്ചിറ ടൂറിസം പദ്ധതി**

157(1369) **ശ്രീ. ജോബ് മൈക്കിൾ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ മനക്കച്ചിറ ടൂറിസം പദ്ധതി നവീകരിച്ച് നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദവിവരം നൽകുമോ?

(എ&ബി) മനക്കച്ചിറയിൽനിന്ന് വേട്ടടിതോട് വഴി ചങ്ങനാശ്ശേരി ബോട്ട് ജെട്ടിയുമായി ബന്ധിപ്പിക്കുന്നതിന് പുതിയ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾക്കായി നിവേദനം ലഭിച്ചിരുന്നു. പരിശോധിച്ചുവരുന്നു.

**മൂന്നാറിലും വാഗമണ്ണിലും ടൂറിസം ടൗൺഷിപ്പ്**

158(1370) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലും വാഗമണ്ണിലും ടൂറിസം ടൗൺഷിപ്പ് നിർമ്മാണം ഉൾപ്പെടെ കോടികളുടെ വിദേശ നിക്ഷേപത്തിന് യു.എ.ഇ. അംബാസഡറുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെവച്ചാണ് ചർച്ച നടത്തിയതെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത ചർച്ചയുടെ മീറ്റിംഗ് മിനിറ്റ്സ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര കോടി രൂപയാണ് യു.എ.ഇ. സർക്കാർ നിക്ഷേപിക്കാൻ താല്പര്യം പ്രകടിപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ-ഇ) 2023 നവംബറിൽ ഇന്ത്യയിലെ യു.എ.ഇ. അംബാസഡർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ കേരളത്തിലെ ഹിൽ സ്റ്റേഷനുകളിൽ ടൗൺഷിപ്പുകൾ വികസിപ്പിക്കാൻ താൽപ്പര്യമുണ്ടെന്ന്

അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിനായി ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചു. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി 18-01-2024-ൽ സ.ഉ.(സാധാ)നം. 25/2024/TSM പ്രകാരം ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രായോഗികമായ കൂടിയാലോചനകൾ നടന്നുവരുന്നതേയുള്ളൂ.

**വടകര സാൻഡ് ബാങ്ക്സ് ടൂറിസം**

159(1371) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര സാൻഡ് ബാങ്ക്സ് ടൂറിസം കേന്ദ്രം നവീകരിച്ചതിന്റെ ഭാഗമായി പ്രദേശത്ത് സ്ഥാപിച്ച മൂത്രപ്പുര സഞ്ചാരികൾക്ക് സുരക്ഷിതമായി ഉപയോഗിക്കുന്നതിന് സൗകര്യപ്രദമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സുരക്ഷിതവും സൗകര്യപ്രദവുമായ ഒരു മൂത്രപ്പുര ടൂറിസം കേന്ദ്രത്തിന്റെ മുൻഭാഗത്തായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) കോഴിക്കോട് ഡി.ടി.പി.സി.-ക്ക് കീഴിലുള്ള വടകര സാൻഡ് ബാങ്ക്സ് ടൂറിസം കേന്ദ്രത്തിൽ നിലവിലുള്ള ടോയ്‌ലറ്റ് ബ്ലോക്ക് സുരക്ഷിതമായി ഉപയോഗിക്കാൻ കഴിയുന്നവയാണ്. കൃത്യമായി

വൃത്തിയാക്കലും ആവശ്യമായ മെയിന്റനൻസും ഈ ടോയ്‌ലറ്റ് ബ്ലോക്കിൽ നടത്തിവരുന്നുണ്ട്.

(സി) പ്രദേശത്ത് തട്ടുകടകൾ നടത്തി ഉപജീവനം നടത്തിയിരുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ള തട്ടുകടക്കാരെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായോ;

(ഡി) എങ്കിൽ തട്ടുകടക്കാരുടെ ഉപജീവനമാർഗ്ഗം നഷ്ടപ്പെടാതിരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(സി&ഡി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ വിനോദസഞ്ചാര കേന്ദ്രമായ വടകര സാൻഡ് ബാങ്ക്സ് ടൂറിസം കേന്ദ്രത്തിന്റെ ഇടത് വശത്തായാണ് നിലവിൽ തട്ടുകടകൾ പ്രവർത്തിക്കുന്നത്. എന്നാൽ ഡി.ടി.പി.സി.-യുടെ പാർക്കിങ് ഏരിയയുടെ ഭാഗത്ത് പ്രവർത്തിക്കുന്ന ഒരു തട്ടുകട ഗതാഗതക്കുരുക്കിന് കാരണമാകുകയും, സഞ്ചാരികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും, പാർക്കിങ് ബുദ്ധിമുട്ടുണ്ടാക്കുകയും

ചെയ്യുന്നതിനാൽ ടി തട്ടുകട പാർക്കിങ് ഏരിയയിൽനിന്നും മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

**ശാസ്താംപാറയിൽ അഡ്വഞ്ചർ പാർക്ക്**

160(1372) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശാസ്താംപാറയിൽ അഡ്വഞ്ചർ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇതിനായി നാളിതുവരെ എന്തൊക്കെ നടപടികളും തുടർനടപടികളും സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ശാസ്താംപാറയിൽ അഡ്വഞ്ചർ പാർക്ക് സംബന്ധിച്ച് ചർച്ച ചെയ്യാൻ 16-01-2024-ൽ ടൂറിസം വകുപ്പ് ഡയറക്ടറുടെ അധ്യക്ഷതയിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ചേർന്നിരുന്നു. ശാസ്താംപാറയിൽ അഡ്വഞ്ചർ പാർക്ക് സ്ഥാപിക്കുകയും അതിനൊപ്പം അഡ്വഞ്ചർ ടൂറിസം ബേസിക് പരിശീലനം നൽകുകയും ചെയ്യുന്ന തരത്തിൽ പുതിയ ഒരു പ്രൊപ്പോസൽ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന് ടൂറിസം വകുപ്പിലെ

എംപാനൽഡ് ഏജൻസിയായ ഹൈറ്റ്സിനെ ചുമതലപ്പെടുത്താൻ യോഗം തീരുമാനിച്ചിട്ടുണ്ട്.

**ചെരണി ടൂറിസം പാർക്ക് പുനരുദ്ധാരണം**

161(1373) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരി മുനിസിപ്പാലിറ്റിയിൽ ചെരണിയിലുള്ള ടൂറിസം വകുപ്പിന്റെ പാർക്ക് പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുമോ?

മഞ്ചേരി മുനിസിപ്പാലിറ്റിയിലെ ചെരണി ടൂറിസം പാർക്കിൽ പുതിയ ആക്ടിവിറ്റികൾ ഏർപ്പെടുത്തി പാർക്ക് വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മലബാർ റിവർക്രൂയിസ് പദ്ധതി**

162(1374) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ റിവർക്രൂയിസ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇവ ഏതൊക്കെ പ്രദേശങ്ങളിലാണെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

മലബാർ റിവർക്രൂയിസ് പദ്ധതിക്കായി കേന്ദ്ര സഹായത്തോടെയും സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 17 പദ്ധതികൾ പൂർത്തികരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ 6 നിയോജകമണ്ഡലങ്ങളിലായി 14 പദ്ധതികളും (തലശ്ശേരി, ധർമ്മടം, കൂത്തുപറമ്പ്, പയ്യന്നൂർ, തളിപ്പറമ്പ്, കല്ല്യാശ്ശേരി) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ 3 പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

കേന്ദ്ര പദ്ധതിയായ സ്വദേശ് ദർശൻ 1.0 സ്കീമിൽ അനുവദിച്ച "ഡെവലപ്പ്മെന്റ് ഓഫ് റൂറൽ സർക്യൂട്ട് മലനാട് റിവർക്രൂയിസ് ടൂറിസം പ്രോജക്ട് ഇൻ കേരള" എന്ന പദ്ധതിയിൽ കണ്ണൂർ ജില്ലയിലെ മാൻഗ്രോവ് ക്രൂയിസിൽ ഉൾപ്പെടുത്തി കുപ്പം-പഴയങ്ങാടി ക്രൂയിസ് റൂട്ട്, തെയ്യം ക്രൂയിസിൽ

ഉൾപ്പെടുത്തി പഴയങ്ങാടി-വളപ്പട്ടണം ക്രൂയിസ് റൂട്ട്, തെക്കുമ്പാട് ഐലന്റ്, മുത്തപ്പൻ&മലബാറി ക്രൂയിസ് സർക്യൂട്ടിൽ ഉൾപ്പെടുത്തി വളപ്പട്ടണം-മുനമ്പ്കടവ് ക്രൂയിസ് റൂട്ട്, പാമ്പുരുത്തി ഐലന്റ്, മുനമ്പ്കടവ്, എന്നീ പ്രദേശങ്ങളിലാണ് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

(ബി) ഇതിനായി ഇതുവരെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ 45 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

കേന്ദ്ര ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ 36.14 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന ഫണ്ട് മുഖേന നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും പൂർത്തിയായിട്ടുണ്ട്. സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതിയിൽ 18 ബോട്ട് ജെട്ടികൾ പൂർത്തിയായിട്ടുണ്ട്.

**ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റിക്ക് നൽകിയിട്ടുള്ള പ്രവൃത്തികൾ**

163(1375) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21-ലെ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ വിനോദസഞ്ചാര വകുപ്പിന്റെ എത്ര പ്രവൃത്തികളാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റി (യു.എൽ.സി.സി.എസ്.)-ക്ക് നൽകിയിട്ടുള്ളതെന്നും അവയുടെ തുക എത്രയെന്നും അറിയിക്കുമോ;

(ബി) ഇത്തരത്തിൽ നല്കിയിട്ടുള്ളതിൽ എത്ര പ്രോജക്ടുകൾ പൂർത്തീകരിച്ചുവെന്നും എത്ര പ്രോജക്ടുകൾ നിർമ്മാണ ഘട്ടത്തിലാണെന്നും അറിയിക്കാമോ;

(സി) ഏതെങ്കിലും പ്രോജക്ടുകളുടെ നിർമ്മാണം നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രോജക്ടുകളിൽ ടെണ്ടർ കൂടാതെ യു.എൽ.സി.സി.എസ്.-ന് നൽകിയ പ്രോജക്ടുകളുടെ എണ്ണവും തുകയും വ്യക്തമാക്കുമോ?

(എ-ഡി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**മൂന്നാറിലും വാഗമണ്ണിലും ടൂറിസം ടൗൺഷിപ്പ്**

164(1376) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലും വാഗമണ്ണിലും ടൂറിസം ടൗൺഷിപ്പ് നിർമ്മാണം ഉൾപ്പെടെ കോടികളുടെ വിദേശ നിക്ഷേപത്തിന് യു.എ.ഇ. അംബാസഡറുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാരിന്റെ വിദേശകാര്യ മന്ത്രാലയം, ധനകാര്യ മന്ത്രാലയം, ആഭ്യന്തര മന്ത്രാലയം, റിസർവ് ബാങ്ക് എന്നിവിടങ്ങളിൽനിന്നുള്ള അനുമതി ആവശ്യമുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ ഇപ്രകാരം കേന്ദ്ര സർക്കാരിൽനിന്നും അനുമതി തേടിയിട്ടുണ്ടോയെന്നും അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും അറിയിക്കുമോ?

(എ-സി) ഇന്ത്യയിലെ യു.എ.ഇ. അംബാസഡർ ബഹു<u>മാനപ്പെട്ട</u> മുഖ്യമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ കേരളത്തിലെ ഹിൽ സ്റ്റേഷനുകളിൽ ടൗൺഷിപ്പുകൾ വികസിപ്പിക്കാൻ താൽപ്പര്യമുണ്ടെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിനായി ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചു. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി 18-01-2024-ൽ സ.ഉ.(സാധാ)നം. 25/2024/TSM പ്രകാരം ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രായോഗികമായ കൂടിയാലോചനകൾ നടന്നുവരുന്നതേയുള്ളൂ.

**വിനോദസഞ്ചാര വകുപ്പുമന്ത്രിയുടെ വിദേശ സന്ദർശനങ്ങൾ**

165(1377) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വിനോദസഞ്ചാര വകുപ്പുമന്ത്രി എത്ര തവണ വിദേശസഞ്ചാരം നടത്തിയിട്ടുണ്ട്; സന്ദർശിച്ച രാജ്യങ്ങളുടെ പേരും സന്ദർശന തീയതിയും താമസിച്ച ഹോട്ടലുകളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ വിവിധ അന്താരാഷ്ട്ര വിനോദസഞ്ചാര മേളകളിൽ പങ്കെടുക്കുന്നതിനായി 4 തവണയും വിവിധ സംഘടനകൾ നടത്തിയ പരിപാടികളിൽ പങ്കെടുക്കുന്നതിനായി 2 തവണയും വിനോദസഞ്ചാര വകുപ്പുമന്ത്രി വിദേശരാജ്യ സന്ദർശനങ്ങൾ നടത്തിയിട്ടുണ്ട്. സന്ദർശിച്ച രാജ്യങ്ങളുടെ പേരും സന്ദർശന തീയതികളും താമസിച്ച ഹോട്ടലുകളുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

| രാജ്യം | സന്ദർശന തീയതി | താമസിച്ച ഹോട്ടൽ |
|---|---|---|
| UAE | 09.02.2022-11.02.2022 | അതത് രാജ്യത്തെ ഇന്ത്യൻ എംബസിയാണ് താമസ സൗകര്യം ഏർപ്പെടുത്തുന്നത്. |
| France | 20.09.2022-22.09.2022 | |
| United Kingdom | 05.11.2022–11.11.2022 | St. James Court, Buckingham, London |
| Spain | 18.01.2023–20.01.2023 | അതത് രാജ്യത്തെ ഇന്ത്യൻ എംബസിയാണ് താമസ |

| | | |
|---|---|---|
| | | സൗകര്യം ഏർപ്പെടുത്തുന്നത്. |
| UAE | 01.12.2022-04.12.2022 | പരിപാടിയുടെ സംഘാടകരാണ് താമസ സൗകര്യം ഏർപ്പെടുത്തുന്നത് |
| UAE | 08.11.2023-12.11.2023 | |

(ബി) പ്രസ്തുത വിദേശ സന്ദർശനങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

അന്താരാഷ്ട്ര വിനോദസഞ്ചാര മേളകളിൽ പങ്കെടുക്കുന്നതുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര വകുപ്പ് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇവന്റ് | യാത്ര ചെലവ് | താമസ ചെലവ് |
|---|---|---|
| Dubai Expo 2022 (UAE) | Rs. 89,252/- | അതത് രാജ്യത്തെ ഇന്ത്യൻ എംബസിയാണ് താമസ ചെലവ് വഹിക്കുന്നത് |
| Top Resa Paris 2022 (France) | Rs.4,27,213/- | |
| WTM London 2022 (UK) | Rs.6,23,178/- | Rs. 6,55,959/- |
| FITUR Madrid 2023 | Rs.6,19,643/- | അതത് രാജ്യത്തെ ഇന്ത്യൻ എംബസിയാണ് താമസ ചെലവ് വഹിക്കുന്നത് |

| | | |
|---|---|---|
| (Spain) | | |

(സി) പ്രസ്തുത വിദേശ സന്ദർശനങ്ങളിൽ മന്ത്രിയുടെ കുടുംബാംഗങ്ങൾ അദ്ദേഹത്തെ അനുഗമിച്ചിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് ഓരോ യാത്രയിലും അനുഗമിച്ചിട്ടുള്ളതെന്നും അവരുടെ ചെലവ് ആരാണ് വഹിച്ചിട്ടുള്ളതെന്നുമുള്ള വിശദാംശങ്ങൾ നൽകാമോ?

ഔദ്യോഗിക യാത്രയിൽ ഔദ്യോഗികമായി ആരും അനുഗമിച്ചിട്ടില്ല. ഔദ്യോഗിക യാത്രയിൽ മന്ത്രിയുടെ യാത്രാചെലവ് മാത്രമാണ് സർക്കാർ വഹിച്ചത്.

**വെഡ്ഡിങ് ഡെസ്റ്റിനേഷൻ**

166(1378) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെഡ്ഡിങ് ഡെസ്റ്റിനേഷനുകളായി ഉപയോഗപ്പെടുത്താൻ കഴിയുന്ന കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം കേന്ദ്രങ്ങളെയാണ് വെഡ്ഡിങ് ഡെസ്റ്റിനേഷനുകളായി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) നിലവിൽ ഏതെങ്കിലും കേന്ദ്രത്തെ വെഡ്ഡിങ് ഡെസ്റ്റിനേഷനായി വികസിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിവരം ലഭ്യമാക്കുമോ;

(ഡി) പ്രധാന വെഡ്ഡിങ് ഡെസ്റ്റിനേഷനുകളുടെ പ്രൗഢി വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(എ-ഡി) കേരളത്തെ മികച്ച വിവാഹ വിനോദസഞ്ചാര ഡെസ്റ്റിനേഷനാക്കി മാറ്റാനുള്ള പ്രചരണ പരിപാടികൾ വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കേരളത്തിന്റെ വിവാഹ വിനോദസഞ്ചാര സാധ്യതകൾ ആഭ്യന്തര-വിദേശ വിനോദസഞ്ചാരികളെ

പരിചയപ്പെടുത്തുവാനും അവരെ കേരളത്തിലേയ്ക്ക് ആകർഷിക്കുവാനും ഇതിലൂടെ ലക്ഷ്യമിടുന്നു.

കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങളിലുള്ള ഹോട്ടലുകളിലും റിസോർട്ടുകളിലും ഡെസ്റ്റിനേഷൻ വെഡ്ഡിംഗിന്റെ ഭാഗമായി വിവാഹങ്ങളും അതുമായി ബന്ധപ്പെട്ട ചടങ്ങുകളും നടത്തിവരുന്നു.

ലോകത്തിലെ ഏറ്റവും ആകർഷകമായ ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് കേന്ദ്രങ്ങളിൽ ഒന്നെന്ന നിലയിൽ ശ്രദ്ധ നേടിയിട്ടുള്ള കേരളത്തിന്റെ മനോഹാരിത പ്രശസ്ത ഇന്ത്യൻ അമേരിക്കൻ ഗായിക വിദ്യാവോക്സിന്റെ കേരളം പശ്ചാത്തലമാകുന്ന "ശുഭമാംഗല്യം" എന്ന വീഡിയോഗാനത്തിലൂടെ അവതരിപ്പിച്ചിട്ടുണ്ട്.

കേരളത്തെ മികച്ച ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് കേന്ദ്രമായി ഉയർത്തുന്നതിനുവേണ്ടി സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ വഴിയും, വിവിധ എയർപോർട്ടുകളിലും വിനോദസഞ്ചാര വകുപ്പ് വിവിധ പ്രചരണ പരിപാടികൾ നടത്തിവരുന്നു.

ട്രാവൽ പ്ലസ് ലിഷർ ഇന്ത്യ ആൻഡ് സൗത്ത് ഏഷ്യ മാഗസിൻ 2022-ലെ മികച്ച വിവാഹ ഡെസ്റ്റിനേഷൻ ആയി കേരളത്തെ തെരഞ്ഞെടുത്തിരുന്നു.

തിരുവനന്തപുരത്ത് ശംഖുമുഖം കടൽതീരത്തിനടുത്തായി ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. കെ.റ്റി.ഡി.സി.-യുടെ കോവളത്തുള്ള സമുദ്ര ഹോട്ടലിലും ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് സൗകര്യം തയ്യാറാക്കിയിട്ടുണ്ട്.

**പൈതൃക വിനോദസഞ്ചാര പദ്ധതി**

167(1379) **ശ്രീ. ടി. പി .രാമകൃഷ്ണൻ:**
**ശ്രീ. വി. ജോയി:**
**ശ്രീ. ഒ. ആർ. കേളു:**
**ശ്രീ. കെ. ആൻസലൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)പൈതൃക സ്മാരകങ്ങളുടെ സംരക്ഷണത്തിനൊപ്പം വിനോദസഞ്ചാര മേഖലയുടെ വികസനവും യാഥാർത്ഥ്യമാക്കുന്ന പൈതൃക വിനോദസഞ്ചാര പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

നിലവിൽ പൈതൃക സ്മാരകങ്ങളുടെ സംരക്ഷണത്തിനൊപ്പം വിനോദസഞ്ചാര മേഖലയുടെ വികസനവും യാഥാർത്ഥ്യമാക്കുന്ന പൈതൃക വിനോദസഞ്ചാര പദ്ധതിയുടെ ഭാഗമായി ചുവടെ സൂചിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- കനകക്കുന്ന് കൊട്ടാരത്തിൽ 4.85 കോടി രൂപയുടെ സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. നിലവിൽ പ്രസ്തുത പദ്ധതി അന്തിമ ഘട്ടത്തിലണ്.

- തലസ്ഥാന നഗരിയിലെ തെരഞ്ഞെടുക്കപ്പെട്ട 30 പൈതൃക കെട്ടിടങ്ങളിൽ വൈദ്യുത ദീപാലങ്കാരം ഏർപ്പെടുത്തുന്നതിനായി അവയെ 5 സോണുകളിലായി തരംതിരിച്ച് 35.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . ഇതിൽ 27 പൈതൃക കെട്ടിടങ്ങളുടെ വൈദ്യുത ദീപാലങ്കാര പ്രവൃത്തികൾ പൂർത്തീകരിച്ചു. മറ്റ് കെട്ടിടങ്ങളുടെ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്.

- തലശ്ശേരി ഹെറിറ്റേജ് പദ്ധതിയുടെ ഭാഗമായി 11 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 8 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്,

ബാക്കിയുള്ള 3 പദ്ധതികൾ നടപ്പിലാക്കുന്നതിനായി വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

• ആലപ്പുഴ ഹെറിറ്റേജ് പദ്ധതി – കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് 122.28 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിരുന്നു . ഇതിൽ ഒന്നാം ഘട്ട പ്രവൃത്തികൾക്കായി 17.19 കോടി രൂപയുടേയും രണ്ടാം ഘട്ട പ്രവൃത്തികൾക്കായി 15.86 കോടി രൂപയുടേയും മൂന്നാം ഘട്ട പ്രവൃത്തികൾക്കായി 13.39 കോടി രൂപയുടേയും നാലാം ഘട്ട പ്രവൃത്തികൾക്കായി 15.26 കോടി രൂപയുടേയും അഞ്ചാം ഘട്ട പ്രവൃത്തികൾക്കായി 14.38 കോടി രൂപയുടേയും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തികൾ നടന്നുവരുന്നു.

• ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ ഭാഗമായി (സംസ്ഥാന), ഡെവലപ്മെന്റ് ഓഫ് മ്യൂസിയം ഓഫ് കയർ ഹിസ്റ്ററി അറ്റ് കേരള എന്ന പ്രവൃത്തിക്കായി 9,68,31,000/- രൂപയും ഡെവലപ്മെന്റ് ഓഫ് മ്യൂസിയം ഓഫ് ലിവിംഗ് കയർ ഫാക്ടറി അറ്റ് ന്യൂ മോഡൽ കയർ ഫാക്ടറി എന്ന പ്രവൃത്തിക്കായി 9,95,94,000/- രൂപയുടേയും

ഡെവലപ്മെന്റ് ഓഫ് യാൺ മ്യൂസിയം എന്ന പ്രവൃത്തിക്കായി 5,42,75,000/- രൂപയുടേയും റിപ്പയർ ആൻഡ് മെയിന്റനൻസ് ഓഫ് ഷെഡ് കയർ കോർപ്പറേഷൻ ആൻഡ് ക്യാന്റീൻ ബ്ലോക്ക് ഫോർ മ്യൂസിയം എന്ന പ്രവൃത്തിക്കായി 3,29,87,000/- രൂപയുടേയും അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ നടന്നുവരുന്നു.

•മുസിരിസ് പൈതൃക പദ്ധതി - ഈ പദ്ധതികളുടെ കീഴിൽ ആലപ്പുഴ പട്ടണവും പറവൂർ, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റികളും, മതിലകം, എസ്.എൻ. പുരം, എറിയാട്, ഇടവിലങ്ങ്, ചേന്ദമംഗലം, വടക്കേക്കര, ചിറ്റാറ്റുകര, പുത്തൻ വേലിക്കര, പള്ളിപ്പുറം, മാള, പൊയ്യ, വെള്ളാങ്ങല്ലൂർ എന്നീ പഞ്ചായത്തുകളുമാണ് ഉൾപ്പെടുന്നത്.

പദ്ധതിപ്രദേശത്തെ പൈതൃക സ്മാരകങ്ങളും സ്ഥലങ്ങളും സംരക്ഷിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. മുസിരിസ് ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. മുസിരിസ് ബോട്ട് ജെട്ടികളുടെ നിർമ്മാണം

2. മുസിരിസ് പൈതൃക സ്മാരക നിർമ്മാണവും പുനരുദ്ധാരണവും

3. മുസിരിസ് പൈതൃക സ്മാരക പുനരുദ്ധാരണവും സംരക്ഷണവും (മാള സിനഗോഗ്, ചേരമാൻ ജുമാമസ്ജിദ്, പാലിയം ഊട്ടുപുര, കനാൽ ഓഫീസ്, കീഴ്ത്തളി ക്ഷേത്രം, സെയിന്റ് സെബാസ്റ്റ്യൻ പുരോഹിതവസതി, ക്രിസ്ത്യൻ ലൈഫ് സ്റ്റൈൽ മ്യൂസിയം, ബംഗ്ലാവ് കടവ്, ഹോളി കുരിശ് ചർച്ച്, പി.എ. സായിദ് മുഹമ്മദ് സാംസ്കാരിക കേന്ദ്രം, സ്മാരക സൂചകങ്ങൾ)

4. മുസിരിസ് പൈതൃക സ്മാരക പുനരുദ്ധാരണവും സംരക്ഷണവും (കേശവദേവിന്റെ ഭവനം, പറവൂരിലെ ജൂതഭവനം, ചേന്നമംഗലത്തെ ജൂതഭവനം, മിസ്രി പള്ളി)

5. മുസിരിസ് പൈതൃക മ്യൂസിയങ്ങളുടെ നവീകരണം

6. മോണ്യുമെന്റ്സ്

7. പതിനെട്ടരയാളം കോവിലകം സാമൂഹിക കേന്ദ്രം

8. കോട്ടപ്പുറത്തെ കുട്ടികളുടെ പാർക്ക്

9. മാള ജൂത സെമിത്തേരി ചുറ്റുമതിൽ നിർമ്മാണം

പ്രസ്തുത പ്രവൃത്തികൾ പുരോഗമിക്കുന്നു. ഇതോടൊപ്പം പൈതൃക ആരാധനാലയങ്ങൾ സംരക്ഷിക്കുവാനും നവീകരിക്കുവാനുമുള്ള പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

(ബി) ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ തീർത്ഥാടക ടൂറിസം പ്രോത്സാഹിപ്പിക്കാൻ ഓഗ്മെന്റ് റിയാലിറ്റി പോലുള്ള സങ്കേതങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ തീർത്ഥാടക ടൂറിസം പ്രോത്സാഹിപ്പിക്കാൻ ക്ഷേത്രത്തിന്റെ സുരക്ഷയ്ക്ക് കോട്ടം തട്ടാത്ത വിധത്തിൽ ഓഗ്മെന്റഡ് റിയാലിറ്റി പോലുള്ള സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്താനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ക്ഷേത്രം സന്ദർശിക്കാനെത്തുന്നവർക്ക് ക്ഷേത്രത്തെയും ചുറ്റുപാടുമുള്ള ചരിത്ര നിർമ്മിതികളെയും ആഗ്മെന്റഡ് റിയാലിറ്റി (AR) സാങ്കേതികതയിലൂടെ

മൊബൈൽ ഫോൺവഴി ഒരു ആപ്പിലൂടെ തത്സമയം പരിചയപ്പെടുത്തുന്നതാണ് പദ്ധതി.

(സി) ക്ഷേത്രങ്ങൾ, ക്രിസ്ത്യൻ ദേവാലയങ്ങൾ എന്നിവയ്ക്കൊപ്പം ഇസ്ലാമിക് ചരിത്ര മൈക്രോസൈറ്റും തയ്യാറാക്കുന്നതിനുള്ള പദ്ധതിയുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ വിവിധ ആരാധനാലയങ്ങളെ പരിചയപ്പെടുത്തുകയും സംസ്ഥാനത്തിന്റെ സമ്പന്നവും വൈവിധ്യപൂർണ്ണവുമായ പൈതൃകം അനാവരണം ചെയ്യുന്നതിന് വ്യത്യസ്തങ്ങളായ മൈക്രോസൈറ്റുകൾ ടൂറിസം വകുപ്പ് തയ്യാറാക്കിവരുന്നു.

കേരളത്തിലെ പ്രധാന തീർത്ഥാടന കേന്ദ്രമായ ശബരിമലയെ കുറിച്ച് ബഹുഭാഷാ മൈക്രോസൈറ്റാണ് തയ്യാറാക്കുന്നത്. യാത്ര, താമസ സൗകര്യങ്ങൾ, ബഹുഭാഷാ ഇ-ബ്രോഷറുകൾ തുടങ്ങി ശബരിമല തീർത്ഥാടകർക്ക് സഹായകമാകുന്ന നവീകരിച്ച മൈക്രോസൈറ്റാണ് വികസിപ്പിക്കുന്നത്.

ഇംഗ്ലീഷിന് പുറമേ ഹിന്ദി, തമിഴ്, കന്നഡ, തെലുങ്ക് ഭാഷകളിലും ഉള്ളടക്കം വികസിപ്പിച്ചുകൊണ്ടാണ് ശബരിമല മൈക്രോസൈറ്റ് വിപുലീകരിക്കുന്നത്. ശബരിമല തീർഥാടനത്തെക്കുറിച്ചുള്ള ഇ-ബ്രോഷർ, പ്രൊമോഷണൽ ഫിലിം, ഓൺലൈൻ മാർക്കറ്റിംഗ് കാമ്പയിനുകൾ എന്നിവയും ഈ പദ്ധതിയിൽ ഉൾക്കൊള്ളുന്നു. പ്രതിവർഷം ലക്ഷക്കണക്കിന് ഭക്തർ എത്തുന്ന ശബരിമല തീർഥാടനം തടസ്സരഹിതവും സുഖപ്രദവുമായ അനുഭവമാക്കി മാറ്റാൻ ഇതുവഴി സാധിക്കും.

മുസ്ലീം പൈതൃക ആരാധനാലയങ്ങളിലെ സവിശേഷമായ ആചാരങ്ങൾ, കലകൾ, ഉത്സവങ്ങൾ തുടങ്ങിയ സമഗ്ര വിവരങ്ങൾ അടങ്ങുന്ന മൈക്രോസൈറ്റും രൂപകൽപ്പന ചെയ്യുന്നുണ്ട്. കേരളത്തിലെ ക്ഷേത്രങ്ങൾ, ക്രിസ്തുമതം, ജൂതമതം എന്നിവയെക്കുറിച്ച് സമാനമായ മൈക്രോസൈറ്റുകൾ കേരള ടൂറിസം വികസിപ്പിച്ചിരുന്നു.

ഈ പദ്ധതികളിലൂടെ തീർഥാടന ടൂറിസത്തിന്റെ സമഗ്ര പുരോഗതിയാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

**വിനോദസഞ്ചാര മേഖലയിൽ തീരദേശ ഹൈവേയുടെ സ്വാധീനം**

168(1380) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ ഹൈവേ നിർമ്മാണത്തിലൂടെ വിനോദസഞ്ചാര മേഖലയിലുണ്ടാകുന്ന പുരോഗതി തീരദേശ ജനങ്ങളുടെ ഉപജീവനത്തിലും വരുമാനത്തിലും നിർണ്ണായക സ്വാധീനം വഹിക്കാനുള്ള സാധ്യതകൾ വിശകലന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

തീരദേശ ഹൈവേ, സംസ്ഥാനത്തെ ടൂറിസം വികസനത്തിന് വലിയ മുന്നേറ്റം സാധ്യമാക്കും. ബീച്ച് ടൂറിസത്തെ കൂടുതൽ ശക്തിപ്പെടുത്താൻ ഇത് സഹായിക്കും. നമ്മുടെ പല ബീച്ചുകളിലും അന്താരാഷ്ട്ര തലത്തിലുള്ള വാട്ടർ സ്പോർട്സ് ആക്ടിവിറ്റീസ് നിലവിൽ വന്നുകഴിഞ്ഞു. ഇത്തരം കേന്ദ്രങ്ങളിൽ കൂടുതൽ സഞ്ചാരികൾ എത്തിച്ചേരാൻ ഇതിലൂടെ സാധിക്കും. പുതിയ ടൂറിസം കേന്ദ്രങ്ങൾ രൂപപ്പെടാനും തീരദേശ ഹൈവേയിലൂടെ സാധിക്കും. കൂടാതെ പ്രത്യേക സൈക്കിൾ ട്രാക്ക് തീരദേശ ഹൈവേയുടെ ആകർഷണമായി മാറുകയും ചെയ്യും. തീരദേശ ജനതയുടെ പങ്കാളിത്തത്തോടെ പദ്ധതികൾ

ആവിഷ്കരിക്കുകയും അവരുടെ വരുമാനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന നിലയിലേയ്ക്ക് മാറുകയും ചെയ്യും.

**കേരളീയം, നവകേരളം പരിപാടികൾക്ക് സ്പോൺസർഷിപ്പ്**

169(1381) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളീയം, നവകേരളം പരിപാടികൾക്കായി വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള ഏതൊക്കെ സ്ഥാപനങ്ങൾ സ്പോൺസർഷിപ്പ് നൽകിയിട്ടുണ്ട്; സ്ഥാപനങ്ങളുടെ പേരും നൽകിയ തുകയും സേവനങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

വിനോദസഞ്ചാര വകുപ്പ് മുഖേന കേരളീയം, നവകേരളം പരിപാടികൾക്കായി സ്പോൺസർഷിപ്പ് നൽകിയിട്ടില്ല.

**ടൂറിസം നിക്ഷേപക സംഗമം**

170(1382) ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയുടെ പുരോഗതിക്കും വികസനത്തിനും സഹായകമായ ആശയങ്ങളും പദ്ധതികളും ടൂറിസം നിക്ഷേപക സംഗമത്തിലൂടെ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ലഭ്യമായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഹോട്ടലുകൾ, റിസോർട്ടുകൾ മുതലായവ അടങ്ങിയ ഹോസ്പിറ്റാലിറ്റി മേഖല, സസ്റ്റെയിനബിൾ/ഫാം/അഗ്രിക്കൾച്ചർ ടൂറിസം മേഖല, റിക്രിയേഷണൽ/എന്റർടെയിൻമെന്റ് ടൂറിസം, കാരവൻ ടൂറിസം, MICE ടൂറിസം, ഹെലിടൂറിസം, സ്പോർട്സ്, ക്രൂയിസ്/യാട്ട് ടൂറിസം, വെൽനെസ് ടൂറിസം, ഫിലിം ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം തുടങ്ങി വിവിധ മേഖലകളിൽ നിക്ഷേപ വാഗ്ദാനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സംഗമത്തിൽ നിക്ഷേപകർ അവതരിപ്പിച്ച ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം അനുബന്ധ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദീകരിക്കുമോ?

നിക്ഷേപകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും ലഭ്യമാക്കുന്നതിനായി ഒരു സ്ഥിരം സംവിധാനം ഒരുക്കുന്നതിനുള്ള

നടപടികൾ വിനോദസഞ്ചാര വകുപ്പ് സ്വീകരിച്ചുവരികയാണ്. ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് 2023-ന് ശേഷമുള്ള ഫോളോ അപ് പ്രവർത്തനങ്ങളുടെ സുഗമവും വിജയകരവുമായ നടത്തിപ്പിന് 16-01-24-ലെ സ.ഉ.(സാധാ)നം. 21/2024/TSM പ്രകാരം ഒരു ടെമ്പററി ഫെസിലിറ്റേഷൻ സെന്റർ രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ്, മോണിറ്ററിംഗ് കമ്മിറ്റി, പ്രോജക്റ്റ് എക്സിക്യൂഷൻ ടീം, എന്നിവയുടെ രൂപീകരണം, ഏകജാലക സംവിധാനം വഴിയുള്ള അനുമതികൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് കെ.എസ്.ഐ.ഡി.സി.-യുമായുള്ള സഹകരണം, മുതലായവ സംബന്ധിച്ച് നടപടികൾ പുരോഗമിച്ചുവരികയാണ്.

(സി) ഉത്തരവാദിത്ത ടൂറിസം മേഖലയിൽ അന്താരാഷ്ട്ര ശ്രദ്ധ പിടിച്ചുപറ്റാനാകുംവിധം പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ ഉയർന്നുവന്നിട്ടുണ്ടോ; വിശദീകരിക്കുമോ?

സസ്റ്റെയിനബിൾ ഫാം ടൂറിസം, ഫുഡ് ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, സ്പൈസ് ഗാർഡൻ വിത്ത് ആയുർവേദിക് റിസോർട്ട്, മറ്റ് ചെറുകിട

ഇക്കോ–ഹോസ്പിറ്റാലിറ്റി സംരംഭങ്ങൾ തുടങ്ങി ഉത്തരവാദിത്ത ടൂറിസം മേഖലയിൽ വിവിധ സാധ്യതകൾ ഉയർന്നുവന്നിട്ടുണ്ട്.

(ഡി) നിക്ഷേപക സൗഹൃദ പരിപാടികൾ ആഗോള ടൂറിസം നിക്ഷേപകസംഗമത്തിന് സഹായകമായിട്ടുണ്ടോ; സംസ്ഥാനത്ത് എല്ലാവർഷവും ടൂറിസം നിക്ഷേപകസംഗമം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

ഉണ്ട്. വരും വർഷങ്ങളിൽ ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ തുടർ പതിപ്പുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

**വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ**

171(1383) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാനസൗകര്യങ്ങളും മാലിന്യസംസ്കരണ സൗകര്യവും മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്?

സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നുണ്ട്. കോവളം ഡെസ്റ്റിനേഷൻ നവീകരിക്കുന്നതിന് കിഫ്ബി മുഖേന 90 കോടി രൂപയുടെ ബൃഹത് പദ്ധതി നടപ്പിലാക്കുകയാണ്. മറ്റ് ടൂറിസം കേന്ദ്രങ്ങളും സമാനമായി വികസിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ നവീനമായ പദ്ധതികൾ ആവിഷ്കരിച്ചും ആകർഷകമാക്കിയും സഞ്ചാരികളെ എത്തിക്കുന്നുണ്ട്. ഗ്രാമീണ മേഖലകളിൽ അറിയപ്പെടാത്ത ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ചെടുക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി നടപ്പാക്കുന്നു. കൂടാതെ ഗ്രാമീണ മേഖലയിലെ സാധാരണ ജനങ്ങൾക്കും വിനോദസഞ്ചാര വ്യവസായത്തിന്റെ ഗുണഫലങ്ങൾ നുകരുവാൻ ഉത്തരവാദിത്ത ടൂറിസം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നു. ഇതിലൂടെ സുസ്ഥിരവും പ്രകൃതി സൗഹാർദ്ദവുമായ ടൂറിസം വികസനമാണ് ലക്ഷ്യമിടുന്നത്. സന്ദർശകർക്ക് വളരെ വേഗം ടൂറിസം കേന്ദ്രങ്ങളിൽ എത്തിച്ചേരുവാൻ വേണ്ടി ഹെലി ടൂറിസം എന്ന നൂതന

പദ്ധതിയും രാത്രികാല ടൂറിസം പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം വൃത്തിയും ശുചിത്വവുമുള്ള ടൂറിസം കേന്ദ്രങ്ങൾ ലക്ഷ്യമിട്ടുകൊണ്ട് ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ എന്ന പദ്ധതി നടപ്പാക്കിവരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പ് വരുത്തുന്നതിന് കുടുംബശ്രീയുടെ സഹകരണത്തോടെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന നടപ്പാക്കി വരുന്ന പദ്ധതിയാണ് ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ. കൂടാതെ കോവളത്തെയും ഇടുക്കി ജില്ലയിലെ ഡെസ്റ്റിനേഷനുകളിലെയും മാലിന്യ സംസ്കരണത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**(ബി) ഇത്തരം പദ്ധതികൾ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ മോണിറ്ററിംഗ് സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കുമോ?**

ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ നിർവ്വഹണം ജില്ലാ തലത്തിൽ ടൂറിസം വകുപ്പിന്റെ ജില്ലാ ഓഫീസർമാർ പരിശോധിക്കുകയും കൂടാതെ വകുപ്പ് തലത്തിലും സർക്കാർ തലത്തിലും പരിശോധിച്ച്

കാര്യക്ഷമത ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. ടൂറിസം വികസന പദ്ധതികളുടെ നിർവ്വഹണവും മേൽനോട്ടവും കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വകുപ്പിൽ പുതുതായി എൻജിനീയറിങ് വിഭാഗവും രൂപീകരിച്ചിട്ടുണ്ട്. ടൂറിസം ക്ലബ്ബുകളുടെ സഹായത്തോടെ ഡെസ്റ്റിനേഷനുകളുടെ പരിപാലനം നിർവഹിക്കുന്നു.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഗുണഫലങ്ങൾ**

172(1384) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിലെ പിന്നാക്കാവസ്ഥയ്ക്ക് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടുകൂടി 2016-21 കാലത്ത് നടപ്പാക്കിയ "പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം" ഏതെല്ലാം മേഖലയിൽ മികവ് പുലർത്തുന്നതിന് സഹായകമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. 2016-21 കാലത്ത് നടപ്പാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പൊതുവിദ്യാഭ്യാസ മേഖലയിൽ

വലിയ ഉണർവ് പ്രദാനം ചെയ്തു. 2017-18 മുതൽ 2023-24 അക്കാദമിക വർഷം വരെ 11 ലക്ഷം കുട്ടികൾ കൂടുതലായി പൊതുവിദ്യാലയങ്ങളിൽ എത്തിച്ചേർന്നു. ഭൗതിക സൗകര്യ വികസനകാര്യത്തിലും വളരെ വലിയ നിക്ഷേപമാണ് 2016 മുതൽ പൊതുവിദ്യാഭ്യാസരംഗത്ത് നടത്തിയിരിക്കുന്നത്. വിദ്യാലയങ്ങളെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി മുഴുവൻ വിദ്യാലയങ്ങളെയും സാങ്കേതികവിദ്യാ സൗഹൃദമാക്കി മാറ്റാൻ കഴിഞ്ഞു. ഇക്കാര്യങ്ങളിലെല്ലാം വളരെ വലിയ പങ്കാളിത്തവും ഇടപെടലുമാണ് പൊതുസമൂഹത്തിന്റെ ഭാഗത്തുനിന്നുമുണ്ടായത്. വിദ്യാലയ മികവ് എന്നാൽ അക്കാദമിക മികവാണ് എന്നാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഏജൻസികളുടെ നേതൃത്വത്തിൽ നടന്നു. പഠനത്തിൽ പരിമിതി നേരിടുന്ന കുട്ടികൾക്ക് പഠന പിന്തുണ നൽകുന്ന പ്രവർത്തനങ്ങൾക്ക് വലിയ തോതിലുള്ള ജനകീയശ്രദ്ധ ലഭിച്ചിട്ടുണ്ട്.

(ബി) പരിതാപകരമായ പശ്ചാത്തല സൗകര്യങ്ങളിൽനിന്നും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ

ഉയർത്തുന്നതിന് 2016-21 കാലയളവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയതെന്നും അതുവഴിയുണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്നും വിവരിക്കാമോ?

പശ്ചാത്തല സൗകര്യ വികസനം വലിയ തോതിൽ നടന്നു. കിഫ്ബിയുടെ ധനസഹായത്തോടെ നടന്ന നിർമ്മാണ പ്രവർത്തനങ്ങളാണ് ഏറെ ശ്രദ്ധിക്കപ്പെട്ടത്. ഒരു നിയോജകമണ്ഡലത്തിൽ എം.എൽ.എ. നിർദ്ദേശിക്കുന്ന ഒരു സ്കൂളിന് 5 കോടി രൂപ ധനസഹായത്തോടെ സ്കൂൾ കെട്ടിട നിർമ്മാണം നടത്തി. ആയിരത്തിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന 386 സർക്കാർ വിദ്യാലയങ്ങൾക്ക് മൂന്ന് കോടി രൂപ (റിവൈസ്ഡ് എസ്റ്റിമേറ്റിൽ 3.9 കോടി)യുടെ കെട്ടിടവും, 500-ൽ കൂടുതൽ കുട്ടികളുള്ള 446 സർക്കാർ സ്കൂളുകളിൽ ഒരുകോടി (റിവൈസ്ഡ് എസ്റ്റിമേറ്റിൽ 1.3 കോടി) രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇങ്ങനെയുള്ള 832 വിദ്യാലയങ്ങൾക്കാണ് കിഫ്ബി ധനസഹായത്തോടെ നിർമാണ പ്രവർത്തനം നടത്താനുള്ള ഭരണാനുമതി നൽകിയത്. ഇതുകൂടാതെ പ്ലാൻ ഫണ്ട്, നബാർഡ് ഫണ്ട്, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്,

എസ്.എസ്.കെ. ഫണ്ട്, വിവിധ തട്ടിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ, എയ്ഡഡ് സ്കൂളുകൾക്കായുള്ള ചാലഞ്ച് ഫണ്ട് എന്നിവയിലൂടെ മുമ്പെങ്ങുമില്ലാത്ത വിധമുള്ള ഭൗതിക സൗകര്യ വികസനമാണ് നടന്നിട്ടുള്ളത്. മേൽപ്പറഞ്ഞ ഫണ്ടുകൾ കൂടാതെ പൊതുസമൂഹവും അധ്യാപക രക്ഷാകർതൃ സമിതിയും പൂർവ്വവിദ്യാർത്ഥി കൂട്ടായ്മകളും ഇക്കാര്യത്തിൽ സക്രിയമായി ഇടപെട്ടിട്ടുണ്ട്.

(സി) 2016 മുതൽ 2023 വരെ സംസ്ഥാനത്ത് സർക്കാർ എയ്ഡഡ് മേഖലകളിലായി പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

2016 മുതൽ 2023 വരെയുള്ള കാലയളവിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 973 സ്കൂളുകൾക്ക് (5 കോടി - 141 സ്കൂളുകൾ, 3 കോടി - 386 സ്കൂളുകൾ, 1 കോടി - 446 സ്കൂളുകൾ) ഭൗതിക സൗകര്യ വികസനത്തിനായി തുക അനുവദിച്ചിരുന്നു. ഇതിൽ 459 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചതും നിലവിൽ നിർമ്മാണം നടന്നുവരുന്നതുമായ സ്കൂൾ കെട്ടിടങ്ങളുടെ വിവരങ്ങൾ നൽകാമോ?

ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ച സ്കൂളുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

5 കോടി - 71 സ്കൂളുകൾ

3 കോടി - 115 സ്കൂളുകൾ

1 കോടി - 168 സ്കൂളുകൾ

ആകെ - 354 സ്കൂളുകൾ

ശേഷിക്കുന്ന 514 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്.

**മലമ്പുഴ മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം**

173(1385) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ജി.വി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം, പുതിപ്പരിയാരം സി.ബി.കെ.എം.ജി. എച്ച്.എസ്.എസ് കെട്ടിട നിർമ്മാണം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ജി.വി.എച്ച്.എസ്.എസ്. സ്കൂളിന്റെ DPR തയ്യാറാക്കിയത് കിഫ്ബി അംഗീകരിച്ചു. തുടർന്ന് സാങ്കേതിക അനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും ചില ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ട് കിഫ്ബി മടക്കി നൽകിയിരുന്നു. ആയത് പരിശോധിച്ച് ആവശ്യമായ ഭേദഗതികളോടെ കിഫ്ബിയുടെ അനുമതിക്കായി വീണ്ടും സമർപ്പിച്ചിട്ടുണ്ട്.

പുതിപ്പരിയാരം സി.ബി.കെ.എം.ജി. എച്ച്. എസ്. എസ് സ്കൂളിന്റെ DPR തയ്യാറാക്കിയത് കിഫ്ബി അംഗീകരിച്ചു. സാങ്കേതിക അനുമതിയും Project Execution Document-ന്റെ അംഗീകാരവും കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ രണ്ട് സ്കൂളുകൾക്കും അനുവദിച്ച തുക, പ്രവൃത്തി നടത്തുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കഞ്ചിക്കോട് ജി.വി.എച്ച്.എസ്.എസ്. സ്കൂളിന് 3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു. പുതുക്കിയ നിരക്ക് പ്രകാരം 3.90 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായി കിലയെയാണ് ചുമതലപ്പെടുത്തിയത്.

പുതിപ്പരിയാരം സി.ബി.കെ.എം.ജി. എച്ച്.എസ്.എസ്. സ്കൂളിന് ഒരു കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു. നിർവ്വഹണ ഏജൻസിയായി കിലയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

**ചാത്തന്നൂർ മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം**

174(1386) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കര ഗവ. എച്ച്.എസ്.-നും പരവൂർ തെക്കുംഭാഗം ഗവ. എച്ച്.എസ്.എസ്.-നും കിഫ്ബി ധനസഹായത്തോടെ

പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകൾക്ക് കിഫ്ബി ധനസഹായത്തോടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള നടപടികൾ ആറ് വർഷം കഴിഞ്ഞിട്ടും പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

(എ&ബി) പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കര ഗവ. എച്ച്.എസ്.-ന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എഗ്രിമെന്റും ഒപ്പ് വച്ചിട്ടുണ്ട്. സ്ഥലം handover ചെയ്യുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയും. പരവൂർ തെക്കുംഭാഗം ഗവ. എച്ച്.എസ്.എസ്.-ന് KMBR Violation ഉണ്ടായിരുന്നു. ഇത് പരിഹരിക്കുന്നതിനുള്ള പ്രത്യേക അനുമതി ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ 'കില' സ്വീകരിച്ചുവരുന്നു.

(സി) പരവൂർ തെക്കുംഭാഗം ഗവ. എച്ച്.എസ്.എസ്.-ന്റെ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്; പ്രസ്തുത നടപടികൾ പൂർത്തീകരിച്ച് സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പരവൂർ തെക്കുംഭാഗം ഗവ. എച്ച്.എസ്.എസ്.-ന്റെ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് പ്രത്യേക അനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ DPR തയ്യാറാക്കിവരികയാണ്.

**വിദ്യാലയങ്ങളിലെ തസ്തിക നിർണ്ണയം**

175(1387) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ 2023-24 വർഷത്തെ തസ്തിക നിർണ്ണയം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നേയ്ക്ക് തസ്തിക നിർണ്ണയ ഉത്തരവ് പുറപ്പെടുവിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ?

അധിക തസ്തിക ഒഴികെയുള്ള തസ്തികകളുടെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. അധിക തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2022-23 വർഷത്തിൽ തസ്തിക നിർണ്ണയം പൂർത്തിയാക്കി നിയമനം ലഭിച്ച അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നിയമനാംഗീകാരം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

2022-23 വർഷത്തിൽ തസ്തിക നിർണ്ണയം പൂർത്തിയാക്കി നിയമനം ലഭിച്ച അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) എയ്ഡഡ് വിദ്യാലയങ്ങളിലെ ഭിന്നശേഷി നിയമനങ്ങളിൽ ഭിന്നശേഷി സംവരണം മുഖേന എത്രപേരെ നിയമിച്ചിട്ടുണ്ട്; നിയമനത്തിനായി യോഗ്യത നേടിയ എത്രപേർ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കാമോ?

620 പേരെ നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളിലേയ്ക്ക് നിയമിക്കപ്പെടാൻ യോഗ്യത നേടിയ 1,09,782 ഉദ്യോഗാർത്ഥികൾ കേരളത്തിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ഭിന്നശേഷി സംവരണത്തിനായി നീക്കിവച്ച തസ്തികകളുൾപ്പെടെയുള്ള വിവിധ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അദ്ധ്യാപർക്ക് വേതനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ വേതനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഭിന്നശേഷി സംവരണത്തിനായി നീക്കിവച്ച തസ്തികകളുൾപ്പെടെയുള്ള വിവിധ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ നിയമനങ്ങൾ മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകാരവും വേതനവും നൽകുന്നതിനുള്ള ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ്**

176(1388) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018 മുതൽ 2023 വരെ എൽ.പി., യു.പി. വിഭാഗം വിദ്യാർത്ഥികൾക്കായി നടത്തിയ എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷകളിൽ എത്ര വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

| വർഷം | എൽ.എസ്.എസ്. | യു.എസ്.എസ്. |
|---|---|---|
| 2018 | 7171 | 4364 |
| 2019 | 13229 | 8464 |
| 2020 | 29054 | 8892 |
| 2021 | 30923 | 13546 |
| 2022 | 15733 | 10512 |
| 2023 | 20020 | 11241 |

(ബി) സ്കോളർഷിപ്പിന് അർഹത നേടിയ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2018 മുതൽ 2023 വരെ ഓരോ വർഷവും നൽകാനുള്ള കുടിശ്ശിക തുക

എത്രയാണെന്നും എന്നത്തേയ്ക്ക് കുടിശ്ശിക തുക നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉണ്ട്. 2019-20 വർഷം മുതലുള്ള എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് തുകയാണ് കുടിശ്ശികയായി അനുവദിക്കാനുള്ളത്. ആയത് സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| വർഷം | എൽ.എസ്.എസ്. | യു.എസ്.എസ്. |
|---|---|---|
| 2019-20 | 9216000 | 5900500 |
| 2020-21 | 24288500 | 18493000 |
| 2021-22 | 42124500 | 29591500 |
| 2022-23 | 49733000 | 38052500 |

ഫണ്ട് ലഭ്യതയനുസരിച്ച് തുക വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) സ്കോളർഷിപ്പ് തുക സമയബന്ധിതമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഫണ്ട് ലഭ്യതയനുസരിച്ച് തുക വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു.

## എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ്

177(1389) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന തുക അവസാനമായി നൽകിയത് എന്നാണെന്ന് വ്യക്തമാക്കാമോ; ഇത്തരത്തിൽ കുടിശ്ശിക വന്നതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ?

കുടിശ്ശിക വന്ന തുക ഭാഗികമായി അവസാനം വിതരണം ചെയ്തത് 2023 മാർച്ചിലാണ്.

(ബി) പ്രസ്തുത കുടിശ്ശിക എന്നത്തേയ്ക്ക് കൊടുത്തുതീർക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് കുടിശ്ശിക കൊടുത്തുതീർക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

## പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം

178(1390) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. യു. എ. ലത്തീഫ്:

<u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

1990-കൾ മുതൽ ജനസംഖ്യയിൽ വരുന്ന മാറ്റത്തിനനുസരിച്ച് കുട്ടികളുടെ എണ്ണത്തിൽ സ്വാഭാവികമായും കുറവ് വരുന്നുണ്ട്. പത്താം ക്ലാസ് കഴിഞ്ഞുപോകുന്ന കുട്ടികളുടെ അത്ര കുട്ടികൾ ഒന്നാംക്ലാസിൽ ചേരാറില്ല. അതുകൊണ്ടുതന്നെ മൊത്തം കുട്ടികളുടെ എണ്ണം നോക്കുകയാണെങ്കിൽ കുറവായി കാണാം. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം തുടങ്ങിയ 2017-18 മുതൽ 2023-24 അക്കാദമിക വർഷം വരെ അതിന് തൊട്ടുമുമ്പുള്ള കാലങ്ങളിലെ പൊതുപ്രവണതയിൽനിന്നും തികച്ചും ഭിന്നമായ രീതിയിലാണ് കുട്ടികളുടെ സ്കൂൾ പ്രവേശന തോത് കാണുന്നത്. ഒന്നാം ക്ലാസിൽ എത്തിയ കുട്ടികളെല്ലാം അടുത്തവർഷം രണ്ടാം ക്ലാസിൽ എത്തിയിട്ടുണ്ട് എന്ന നിലയിൽ പരിഗണിച്ചാൽ കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടില്ല. എന്നുമാത്രമല്ല 2017-18 അക്കാദമിക വർഷം മുതലിങ്ങോട്ട്

ഈ അക്കാദമിക വർഷം വരെ 11 ലക്ഷത്തിനകത്ത് കുട്ടികൾ അധികമായി എത്തുകയാണ് ചെയ്തിരിക്കുന്നത്.

(ബി) പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ കുറവും ഗുണനിലവാര തകർച്ചയും കുട്ടികളുടെ എണ്ണം കുറയുന്നതിന് കാരണമായിട്ടുണ്ടോ; വിശദമാക്കാമോ?

പൊതുവിദ്യാലയങ്ങളിൽ അദ്ധ്യാപകക്ഷാമം നേരിടുന്നില്ല. പി.എസ്.സി. വഴിയും എയ്ഡഡ് സ്കൂളിൽ മാനേജരും നിയമനങ്ങൾ നടത്തുന്നുണ്ട്. സ്റ്റാഫ് ഫിക്സേഷൻ പൂർത്തിയാക്കുന്നതുവരെ അധിക തസ്തികകളിൽ അദ്ധ്യാപകരെ ദിവസ വേതനത്തിൽ നിയമിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗുണനിലവാരം മെച്ചപ്പെടുത്താൻ പൊതുവിദ്യാഭ്യാസ വകുപ്പും അനുബന്ധ ഏജൻസികളായ എസ്.സി.ഇ.ആർ.ടി., എസ്.എസ്.കെ., ഡയറ്റ്, കൈറ്റ്, സീമാറ്റ്, എസ്.ഐ.ഇ.ടി. എന്നിവർ സംയുക്തമായ തനത് പ്രവർത്തനങ്ങൾ ആവിഷ്കരിച്ചും നടപ്പിലാക്കുന്നുണ്ട്. കരിക്കുലം റിവിഷൻ, പാഠപുസ്തക പരിഷ്കരണം, അദ്ധ്യാപകരുടെ പ്രീ-സർവ്വീസ്, ഇൻസർവ്വീസ് ടെയിനിംഗുകൾ

എന്നിവ എസ്.സി.ഇ.ആർ.ടി. വഴിയും അടിസ്ഥാന സൗകര്യ വികസനത്തിനൊപ്പം ഡിജിറ്റൽ പഠനത്തിനും ബോധനത്തിനും ആവശ്യമായ സൗകര്യങ്ങൾ കൈറ്റ് വഴിയും ലഭ്യമാകുന്നു. സമഗ്ര ശിക്ഷയുടെ നേതൃത്വത്തിൽ പ്രൈമറി/സെക്കൻഡറി/ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഗുണനിലവാരത്തിൽ പ്രത്യേക ഊന്നൽ നൽകി നിരവധി പദ്ധതികൾ പഠനനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ചെയ്തുവരുന്നു. അക്കാദമിക് നിലവാരം ഉയർത്തുന്നതിനും അദ്ധ്യാപകരുടെ പരിശീലനത്തിനും എസ്.എസ്.കെ.-യുടെ ആഭിമുഖ്യത്തിലുള്ള stars പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. വിദ്യാകിരണം പദ്ധതിയിലൂടെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനവും അക്കാദമിക നിലവാരം ഉയർത്തുന്ന വിവിധ പദ്ധതികളും നടപ്പിൽ വരുത്തുന്നുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികളായ ശ്രദ്ധ, ഫോക്കസ് സ്കൂൾ, മോഡൽ സ്കൂൾസ്, മോഡൽ ഇൻക്ലൂസിവ് സ്കൂൾ, സ്പെഷ്യൽ എൻറിച്ച്മെന്റ് പ്രോഗ്രാം, ഇംഗ്ലീഷ് എൻറിച്ച്മെന്റ് പ്രോഗ്രാം, സംസ്കൃത, അറബിക്, ഉറുദു എൻറിച്ച്മെന്റ് പ്രോഗ്രാം, പ്രതിഭ പോഷണപരിപാടി എന്നിവയിലൂടെ അക്കാദമിക

നിലവാരം ഉയർത്തി വിദ്യാഭ്യാസ മേഖലയിൽ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. പുതിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതോടൊപ്പം നിലവിൽ വിവിധ ഏജൻസികൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ തുടരുകയും ചെയ്യുന്നതാണ്. സംസ്ഥാനതലം മുതൽ വിദ്യാലയതലം വരെയുള്ള അക്കാദമിക് മോണിറ്ററിംഗ് ശക്തിപ്പെടുത്താൻവേണ്ടി ഈ അദ്ധ്യയന വർഷം വിലയിരുത്തൽ കൂടുതൽ ശാസ്ത്രീയവും സമഗ്രവും ആക്കുന്നതിന് ആവശ്യമായ ഫോർമാറ്റുകൾ വികസിപ്പിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

(സി) വിവിധ സർക്കാർ വകുപ്പുകൾ സ്കൂളുകളിൽ പരിപാടികൾ സംഘടിപ്പിക്കുന്നതുമൂലം അദ്ധ്യയന ദിവസങ്ങളിൽ ഉണ്ടാകുന്ന കുറവ് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

സ്കൂളുകൾക്ക് അവധി നൽകിക്കൊണ്ട് ഒരു സർക്കാർ വകുപ്പിന്റെയും മറ്റ് പ്രവർത്തനങ്ങൾ നടത്തുന്ന രീതി നിലവിലില്ല. ഏതെങ്കിലും സാഹചര്യത്തിൽ സ്കൂളുകളിൽ പൊതുഅവധി അല്ലാതെ അവധി

പ്രഖ്യാപിക്കേണ്ട സാഹചര്യം നിലവിൽ വന്നാൽ മറ്റൊരു അവധി ദിവസം പ്രവൃത്തിദിനമായി മാറ്റുന്നുണ്ട്.

(ഡി) അക്കാദമിക് നിലവാരം ഉയർത്തുന്നതിനും കൂടുതൽ കുട്ടികളെ പൊതുവിദ്യാലയങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

കഴിഞ്ഞ ഏഴ് വർഷക്കാലമായി പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിന് നിരവധി പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. എല്ലാ സ്കൂളുകളിലും മികച്ച ഭൗതിക സാഹചര്യം ഒരുക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയെ ഫലപ്രദമായി പാഠ്യപദ്ധതി വിനിമയത്തിന് പ്രയോജനപ്പെടുത്തുന്ന തരത്തിലേയ്ക്ക് ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസുകളാക്കി മാറ്റി ഓരോ ക്ലാസിലും ആർജിക്കേണ്ട ശേഷി കുട്ടിയുടെ കഴിവിനനുസരിച്ച് പരമാവധി നേടിയെന്ന് ഉറപ്പുവരുത്തുന്നു. പ്രീപ്രൈമറിതലം മുതൽ ഹയർസെക്കൻഡറിതലം വരെ മാതൃഭാഷാ പഠനത്തിന് മലയാളഭാഷാ നിയമം കൊണ്ടുവന്നിട്ടുണ്ട്. അതോടൊപ്പം ബന്ധുഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷാപഠനം കൂടുതൽ

മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. എല്ലാ കുട്ടികൾക്കും കലാകായിക-തൊഴിൽ-വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നു. ഈ മൂന്ന് മേഖലകളെയും അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തന പുസ്തകങ്ങൾ തയ്യാറാക്കി കുട്ടികൾക്ക് നൽകും. ഭിന്നശേഷി കുട്ടികളുടെ അക്കാദമികവും ശാരീരികവുമായ വെല്ലുവിളികൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഒരു ദേശീയ സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. ആനുകാലികമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും പരിഷ്ക്കരിക്കുന്നു.

**എൻ.എം.എം.എസ്. സ്കോളർഷിപ്പ്**

179(1391) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 അദ്ധ്യയന വർഷത്തിൽ കേരളത്തിൽ എൻ.എം.എം.എസ്. പരീക്ഷയ്ക്കുവേണ്ടി ആകെ എത്ര കുട്ടികളാണ് അപേക്ഷിച്ചതെന്നും ഇവരിൽ എത്ര പേർ പരീക്ഷ എഴുതിയെന്നും പരീക്ഷയെഴുതിയവരിൽ എത്ര കുട്ടികൾ സ്കോളർഷിപ്പിന് അർഹത

നേടിയെന്നും പരീക്ഷ എഴുതിയവരിൽ യോഗ്യരായ കുട്ടികളുടെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ?

(ബി) 2022-23 അദ്ധ്യയന വർഷത്തിലെ എൻ.എം.എം.എസ്. പരീക്ഷയുടെ ജില്ലാ തിരിച്ചുള്ള കട്ട് ഓഫ് മാർക്ക് ജനറൽ, ഒ.ബി.സി., എസ്.സി., എസ്.ടി., പി.ഡബ്ല്യു.ഡി. എന്നീ വിഭാഗങ്ങളിലായി തരം തിരിച്ച് ലഭ്യമാക്കാമോ?

(സി) 2022-23 അദ്ധ്യയന വർഷത്തിൽ പ്രസ്തുത പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ ഓരോ ജില്ലയിലെയും ആദ്യ 15 വിദ്യാർത്ഥികളുടെ പേരും അവരുടെ സ്കൂളിന്റെ പേരും ഈ കുട്ടികളുടെ എസ്.എ.ടി., എം.എ.ടി. എന്നിവയുടെ മാർക്കും ലഭ്യമാക്കാമോ?

(ഡി) 2022-23 അദ്ധ്യയന വർഷം ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ എൻ.എം.എം.എസ്. പരീക്ഷയ്ക്കിരുത്തിയ ഓരോ ജില്ലയിലെയും 15 സ്കൂളുകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

(ഇ) 2022-23 അദ്ധ്യയന വർഷത്തിൽ പ്രസ്തുത പരീക്ഷ വിജയിച്ചവരുടെയും സ്കോളർഷിപ്പിന് അർഹത നേടിയവരുടെയും

അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ എന്ന ക്രമത്തിൽ ആദ്യത്തെ 15 സ്കൂളുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ?

(എഫ്) 2023-24 അദ്ധ്യയന വർഷത്തിൽ എൻ.എം.എം.എസ്. പരീക്ഷയ്ക്ക് അപേക്ഷിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്കും ഏറ്റവും കൂടുതൽ കുട്ടികൾ അപേക്ഷിച്ച 10 സ്കൂളുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റും ലഭ്യമാക്കാമോ?

(എ – എഫ്) അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ആലിപ്പറമ്പ് ജി.എച്ച്.എസ്.എസ് കെട്ടിട നിർമ്മാണം**

180(1392) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലിപ്പറമ്പ് ജി.എച്ച്.എസ്.എസ്.-ൽ കെട്ടിട നിർമ്മാണത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തി ആരംഭിക്കുന്നതിലുള്ള കാലതാമസം പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്. ആലിപ്പറമ്പ് ജി.എച്ച്.എസ്.എസ്.-ൽ കെട്ടിട നിർമ്മാണത്തിന് feasibility study നടത്തിയപ്പോൾ KPBR 2019 പ്രകാരമുള്ള coverage issue ഉണ്ടായിരുന്നു. ഇത് പരിഹരിക്കുന്നതിനായി സ്കൂളിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിസരത്തുണ്ടായിരുന്ന ഒരു കുന്ന് ഇടിച്ച് മാറ്റുകയും മൊത്തത്തിൽ സർവ്വേ നടത്തുകയും coverage issue പരിഹരിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം സ്വീകരിക്കുകയും ചെയ്തു. ഇതിനുശേഷമാണ് DPR തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കുന്നതിന് സാധിച്ചത്. ഇത്തരം പ്രവർത്തനങ്ങൾക്കുണ്ടായ കാലതാമസമാണ് സ്കൂളിന്റെ നിർമ്മാണം ആരംഭിക്കുന്നത് വൈകിപ്പിച്ചത്.

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ?

ആലിപ്പറമ്പ് ഗവ. ഹയർ സെക്കൻഡറി സ്കൂളിന്റെ കെട്ടിടനിർമ്മാണത്തിനുള്ള DPR കിഫ്ബി അംഗീകരിച്ചു. സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്. കില Project Execution Document തയ്യാറാക്കിവരുന്നു.

**ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി വാങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ**

181(1393) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഏതൊക്കെ ഇലക്ട്രോണിക് ഉപകരണങ്ങളാണ് വാങ്ങിയതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ധാരാളം ഇലക്ട്രോണിക്സ് ഉപകരണങ്ങൾ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്), വിവിധ ഏജൻസികൾ, എം.പി./എം.എൽ.എ. ആസ്തി വികസന ഫണ്ട്, വ്യക്തികൾ, സന്നദ്ധ സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി വിവിധ മാർഗങ്ങളിലൂടെ ലഭ്യമാക്കുന്നുണ്ട്. കൈറ്റ് മുഖേന പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളിലൂടെ 135551 ലാപ്ടോപ്പ്, 69945 പ്രൊജക്റ്റർ, 43250 പ്രൊജക്റ്റർ മൗണ്ടിംഗ് കിറ്റ്, 23098 സ്ക്രീൻ, 4545 നാല്പത്തിമൂന്ന് ഇഞ്ച് ഫുൾ എച്ച്.ഡി. എൽ.ഇ.ഡി. ടെലിവിഷൻ, 4609 മൾട്ടി ഫങ്ഷൻ പ്രിന്റർ, 4578 ഡി.എസ്.എൽ.ആർ. ക്യാമറ, 4720 ഫുൾ എച്ച്.ഡി. വെബ്ക്യാം, 100437 യു.എസ്.ബി. സ്പീക്കർ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ

'വിദ്യാകിരണം' പദ്ധതിയുടെ ഭാഗമായി 45789 ലാപ്ടോപ്പും കൈറ്റ് മുഖേന സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. കൈറ്റ് വഴി വാങ്ങിയ ഉപകരണങ്ങളുടെ സ്കൂൾതിരിച്ചും, തദ്ദേശഭരണ സ്ഥാപനം - അസംബ്ലി മണ്ഡലം - ജില്ല എന്നിങ്ങനെ തിരിച്ചുമുള്ള വിവരം sametham.kite.kerala.gov.in പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. വിവിധ ഏജൻസികൾ, എം.പി./എം.എൽ.എ. ആസ്തി വികസന ഫണ്ട്, വ്യക്തികൾ, സന്നദ്ധ സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി വിവിധ മാർഗങ്ങളിലൂടെ പ്രാദേശികമായി ലഭ്യമാക്കുന്നവയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

**(ബി) പ്രസ്തുത ഉപകരണങ്ങളുടെ ഇനം, മോഡൽ, വാങ്ങിയ തീയതി, ഒരു യൂണിറ്റിന്റെ വില, വാങ്ങിയ എണ്ണം, നൽകിയ സ്ഥാപനം, മൊത്തം തുക എന്നിവയുടെ വിവരങ്ങൾ നൽകാമോ?**

ഹൈടെക് പദ്ധതികളുടെ ഭാഗമായി കൈറ്റ് സർക്കാർ, എയ്ഡഡ് സ്കൂളുകൾക്ക് വിതരണം ചെയ്ത ഉപകരണങ്ങളുടേയും കിഫ്ബി മുഖേന ചെലവഴിച്ച തുകയുടേയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇതിൽ ഏതൊക്കെ ഉപകരണങ്ങൾ ഇപ്പോൾ പ്രവർത്തനക്ഷമമാണെന്ന വിവരം നൽകാമോ?

ഹൈടെക് പദ്ധതികളുടെ ഭാഗമായി കൈറ്റ് ലഭ്യമാക്കിയ എല്ലാ ഉപകരണങ്ങൾക്കും 5 വർഷ വാറണ്ടി ഉറപ്പാക്കുകയും വാറണ്ടി കാലയളവിനുശേഷം ലാപ്ടോപ്പുകൾക്കും പ്രൊജക്ടറുകൾക്ക് എ.എം.സി. (Annual Maintenance Contract) സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. നഷ്ടപ്പെടുന്ന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. 5 വർഷ വാറണ്ടി കഴിഞ്ഞ പ്രവർത്തനക്ഷമായ ലാപ്ടോപ്പുകൾക്കും പ്രൊജക്ടറുകൾക്കും എ.എം.സി. നൽകുന്നതിന്റെ ഭാഗമായി 2023-ൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനക്ഷമമായ ഉപകരണങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

**പ്ലസ് ടു പരീക്ഷാ ക്രമീകരണങ്ങൾ**

182(1394) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് പ്ലസ് ടു പരീക്ഷാ ഡ്യൂട്ടികൾക്കായി അദ്ധ്യാപകരെ നിയമിക്കുന്നതിനായി എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിൽ സ്വീകരിച്ചുവരുന്നത് എന്നറിയിക്കാമോ?

18-01-2022-ലെ സ.ഉ.(സാധാ) നം. 394/2022/പൊ.വി.വ. പ്രകാരം പ്രാബല്യത്തിൽ വന്ന ഹയർ സെക്കൻഡറി പരീക്ഷാ മാന്വൽ അടിസ്ഥാനമാക്കിയാണ് ഹയർ സെക്കൻഡറി പരീക്ഷാ ഡ്യൂട്ടികൾക്കായി അദ്ധ്യാപകരെ നിയമിക്കുന്നത്. ചീഫ് സൂപ്രണ്ടായി ഗവൺമെൻറ്/എയ്ഡഡ് സ്കൂളുകളിൽ പ്രിൻസിപ്പലിനെയും അൺ എയ്ഡഡ് സ്കൂളുകളിൽ ഗവൺമെൻറ് സ്കൂളുകളിലെ അദ്ധ്യാപകരെയുമാണ് നിയമിക്കുന്നത്. ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് ഡ്യൂട്ടിക്കായി സമ്മതപത്രവും സീനിയോരിറ്റിയും പരിഗണിച്ചാണ് ഡ്യൂട്ടി നല്കുന്നത്. ഇൻവിജിലേഷൻ ഡ്യൂട്ടികൾക്കായി ഓപ്ഷൻ സ്വീകരിച്ച് സീനിയോരിറ്റിയുടെ അടിസ്ഥാനത്തിലാണ് അർഹമായ ഇടങ്ങളിൽ ഡ്യൂട്ടി നല്കാറുള്ളത്.

(ബി) അദ്ധ്യാപകർക്ക് മാതൃജില്ലയിൽ പരീക്ഷാ ഡ്യൂട്ടി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ അപ്രകാരം നൽകാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(സി) അല്ലെങ്കിൽ അദ്ധ്യാപകർ നൽകിയ ഓപ്ഷൻ പരിഗണിച്ച് മുൻഗണനാടിസ്ഥാനത്തിലുള്ള സ്കൂളുകളിൽ പരീക്ഷാ ഡ്യൂട്ടി നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ?

(ബി&സി) അദ്ധ്യാപകർക്ക് മാതൃജില്ലയിൽ (നിലവിൽ ജോലി ചെയ്യുന്ന ജില്ല) മാത്രമേ പരീക്ഷാ ഡ്യൂട്ടി നല്കാറുള്ളൂ.

(ഡി) പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് മറ്റെന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

മുൻ വർഷങ്ങളിലേതുപോലെ ഹയർ സെക്കൻഡറി പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്.

1. രണ്ടാം വർഷ പ്രായോഗിക പരീക്ഷകൾ 22-01-2024-ന് ആരംഭിച്ചു. 01-03-2024 മുതൽ തിയറി പരീക്ഷകൾ ആരംഭിക്കും.

2. സി.ഇ സ്കോറുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

3. രണ്ടാം വർഷ ഹാൾടിക്കറ്റ് വിതരണം ചെയ്തു. ഒന്നാം വർഷ രജിസ്ട്രേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് ഒന്നാം വർഷ ഹാൾടിക്കറ്റ് വിതരണം ചെയ്യുന്നതാണ്.

4. പരീക്ഷകൾ രാവിലത്തെ സെഷനിലാണ് ക്രമീകരിച്ചിട്ടുള്ളത്. പരീക്ഷകൾക്കിടയിൽ ആവശ്യമായ ഇടവേള നല്കിയിട്ടുണ്ട്.

5. 2024-ലെ ഒന്നും രണ്ടും വർഷ ഹയർ സെക്കൻഡറി പരീക്ഷകൾക്കായി 2017 പരീക്ഷ കേന്ദ്രങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

2017 പരീക്ഷാ കേന്ദ്രങ്ങളിൽ, കേരളത്തിൽ നിന്നുള്ള പരീക്ഷാ കേന്ദ്രങ്ങൾ-1994, ഗൾഫ് പരീക്ഷ കേന്ദ്രങ്ങൾ-8, ലക്ഷദ്വീപ് പരീക്ഷ കേന്ദ്രങ്ങൾ-9, മാഹി പരീക്ഷ കേന്ദ്രങ്ങൾ-6.

മൂല്യനിർണ്ണയത്തിനായി കേരളത്തിലുടനീളം 77 ക്യാമ്പുകൾ സജ്ജീകരിച്ചിട്ടുണ്ട്. മൂല്യനിർണ്ണയം ഏപ്രിൽ 1-ന് ആരംഭിക്കും.

**സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസ ഏകീകരണം**

183(1395) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഏകീകരണത്തിന്റെ ഭാഗമായി നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തുന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സ്കൂൾ ഏകീകരണം സംബന്ധിച്ച കോർ കമ്മിറ്റി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഏകീകരണത്തിന്റെ ഭാഗമായി ഇതിനകം പൂർത്തിയാക്കിയ നടപടികൾക്ക് പുറമെ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാം; വിശദാംശം നൽകാമോ?

കോർ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ വിശദമായി പരിശോധിച്ച് മാത്രമേ നടപ്പിലാക്കുന്ന കാര്യങ്ങൾ തീരുമാനമെടുക്കാനാവൂ.

**നടക്കാവ് ഗവ: ഹയർ സെക്കൻഡറി സ്കൂളിലെ കെട്ടിട നിർമ്മാണം**

184(1396) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നടക്കാവ് ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ കിഫ്ബി ധനസഹായത്തോടെ പുതിയ കെട്ടിടം നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കോഴിക്കോട് നടക്കാവ് ഗവ.ഗേൾസ് ഹയർസെക്കൻഡറി സ്കൂളിന് 3 കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു. കൂടാതെ പുതുക്കിയ DSR/GST നിരക്ക് പ്രാബല്യത്തിൽ വന്നതോടെ 3.90 കോടി രൂപയായി ഭരണാനുമതി പുതുക്കി നൽകിയിട്ടുണ്ട്.

DPR തയ്യാറാക്കുന്നതിനായി നിർമ്മാണത്തിനുള്ള സ്ഥലം കില സന്ദർശിച്ചിരുന്നു. സ്കൂൾ പി.ടി.എ. നിർദ്ദേശിച്ചിരുന്ന സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ സ്ഥലപരിമിതിയുണ്ട്. മാത്രമല്ല, നിർദ്ദിഷ്ട കെട്ടിട നിർമ്മാണസ്ഥലത്ത് നിർമ്മാണ സാമഗ്രികൾ എത്തിക്കാനുള്ള മാർഗ്ഗ തടസ്സവുമുണ്ടായിരുന്നു. പ്രസ്തുത സ്ഥലം KMBR പ്രകാരം നിർമ്മാണത്തിന് അനുയോജ്യമാണോയെന്ന് പരിശോധിക്കുന്നതിന് കോഴിക്കോട് കോർപ്പറേഷന് സ്കൂൾ അധികൃതർ അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിർമ്മാണപ്രവർത്തനങ്ങളുടെ അവലോകനം നടത്തുന്നതിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ഇക്കാര്യം വിശദമായി പരിശോധിച്ചിരുന്നു. തുടർന്ന് പുതിയ പ്രൊപ്പോസൽ സംബന്ധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിന് കോർപ്പറേഷൻ, വിദ്യാഭ്യാസവകുപ്പ്, ബന്ധപ്പെട്ട എം.എൽ.എ. എന്നിവരുടെ സാന്നിധ്യത്തിൽ ജില്ലാ കളക്ടറോട് ഒരു യോഗം വിളിച്ചുചേർക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

**വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം**

185(1397) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ന് ശേഷം മാനന്തവാടി നിയോജകമണ്ഡലത്തിലെ സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി ലഭിച്ച തുകയും തുക നല്കിയ ഏജൻസിയും പട്ടിക തിരിച്ച് ലഭ്യമാക്കാമോ;

(ബി) നിലവിൽ ഓരോ പ്രവൃത്തിയുടെയും പ്രവർത്തന പുരോഗതി എന്താണെന്ന് അറിയിക്കാമോ?

(എ&ബി) 2016-നുശേഷം മാനന്തവാടി നിയോജകമണ്ഡലത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) 2016-നുശേഷം എം.എൽ.എ. ഫണ്ട് ലഭ്യമായ മാനന്തവാടി നിയോജകമണ്ഡലത്തിലെ എയ്ഡഡ് സ്കൂളുകളുടെ പേരും തുകയും വ്യക്തമാക്കാമോ?

മാനന്തവാടി നിയോജകമണ്ഡലത്തിലെ എയ്ഡഡ് സ്കൂളുകൾക്ക് 2016-നുശേഷം എം.എൽ.എ. ഫണ്ട് അനുവദിച്ചിട്ടില്ല.

**വിദ്യാഭ്യാസ പദ്ധതികളിലെ കേന്ദ്ര വിഹിതം കുടിശ്ശിക**

186(1398) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികളിൽ കേന്ദ്ര വിഹിതമായി എത്ര തുക കുടിശ്ശിക ലഭിക്കാനുണ്ടെന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇനം തിരിച്ച് വ്യക്തമാക്കുമോ; ഓരോ പദ്ധതിയിലും കുടിശ്ശിക ലഭിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട മറ്റ് റിപ്പോർട്ടുകൾ എന്നിവ സമർപ്പിച്ചിട്ടും കേന്ദ്രം പണം അനുവദിച്ചുനൽകാത്ത എത്ര പദ്ധതികളുണ്ട്; അവ ഏതൊക്കെ പദ്ധതികളാണെന്നും ഓരോന്നിലും ലഭിക്കാനുള്ള പണം എത്രയാണെന്നും വ്യക്തമാക്കാമോ?

(എ&ബി) യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട മറ്റ് റിപ്പോർട്ടുകൾ എന്നിവ സമർപ്പിച്ചിട്ടും ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളുടെ (ഡയറ്റ്) പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിന്റെ വിഹിതമായി 2014-15 മുതൽ 2017-18 വരെ 1689.21 ലക്ഷം രൂപയും ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഇൻ മൈനോറിറ്റി ഇൻസ്റ്റിറ്റ്യൂഷൻ (IDMI) പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 2012-13, 2013-14, 2015-16, 2016-17 എന്നീ വർഷങ്ങളിൽ ലഭിക്കേണ്ട രണ്ടാം ഗഡു തുകയായ 1,39,73,500/- രൂപയും കുടിശ്ശികയുണ്ട്.

നൂറ് ശതമാനം ഫണ്ട് കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുന്ന കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പ് പദ്ധതികളായ National Means Cum Merit Scholarship, Pre-metric Scholarship for students with Disabilities, Pre-metric Scholarship for Minorities, Begum Hazrat Mahal National Scholarship എന്നീ പദ്ധതികളിൽ സ്കോളർഷിപ്പ് തുക നേരിട്ട് കുട്ടികളുടെ അക്കൗണ്ടുകളിലേയ്ക്കാണ് നൽകിക്കൊണ്ടിരിക്കുന്നത്. ടി പദ്ധതികളിൽ കുടിശ്ശികയില്ല.

**വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ പ്രവൃത്തികൾക്ക് പദ്ധതിയിനത്തിൽ അനുവദിച്ച തുക**

187(1399) **ശ്രീ. സി. ആർ. മഹേഷ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി പദ്ധതി ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക എത്രയാണ്; വിശദമാക്കാമോ?

നടപ്പ് സാമ്പത്തിക വർഷത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ വിവിധ പ്രവൃത്തികൾക്കായി പദ്ധതി ഇനത്തിൽ 211.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഇതിനായി നാളിതുവരെ എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

നാളിതുവരെ നിർമ്മാണ പ്രവൃത്തികൾക്കായി 146 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| സെക്കൻഡറി വിഭാഗം | - | 90 കോടി രൂപ |
| ഹയർ സെക്കൻഡറി വിഭാഗം | - | 56 കോടി രൂപ |
| ആകെ | - | 146 കോടി രൂപ |

**2011-2016 കാലയളവിൽ അടച്ചുപൂട്ടപ്പെട്ട സർക്കാർ സ്കൂളുകൾ**

188(1400) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാഭകരമല്ലെന്ന പേരിൽ 2011-2016 കാലയളവിൽ അടച്ചുപൂട്ടപ്പെട്ട സർക്കാർ സ്കൂളുകളുടെ വിശദാംശങ്ങൾ ഈ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

2011-2016 കാലയളവിൽ കുട്ടികൾ ഇല്ലാത്തതിനാൽ അടച്ചുപൂട്ടപ്പെട്ട സർക്കാർ സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.+

(ബി) 2016-2023 കാലയളവിൽ സംസ്ഥാനത്തെ സ്വകാര്യ, സ്വാശ്രയ വിദ്യാലയങ്ങളിൽനിന്നും മാറി സർക്കാർ സ്കൂളുകളിലേയ്ക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം വർഷം തിരിച്ച് നൽകാമോ?

വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.+

(സി) 2016-2023 കാലയളവിൽ സംസ്ഥാനത്ത് ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെയും പ്രസ്തുത കാലയളവിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെയും എണ്ണത്തിലുണ്ടാകുന്ന മാറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്, 2016-2023 കാലയളവിൽ സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെയും പ്രസ്തുത കാലയളവിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെയും എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.+

**അടച്ചുപൂട്ടിയ അൺ ഇക്കണോമിക് സ്കൂളുകൾ**

189(1401) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2016 വരെയുള്ള സർക്കാരിന്റെ കാലത്ത് അൺ ഇക്കണോമിക് എന്ന് കണ്ട് അടച്ചുപൂട്ടാൻ സർക്കാർ നിശ്ചയിച്ച സ്കൂളുകൾ ഏതൊക്കെ; ഏതൊക്കെ സ്കൂളുകളാണ് പൂട്ടിയത്?

2011 മുതൽ 2016 വരെയുള്ള സർക്കാരിന്റെ കാലത്ത് കുട്ടികൾ കുറവായ 4 സ്കൂളുകൾ അടച്ചുപൂട്ടിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2016 അദ്ധ്യയന വർഷം മുതൽ ഈ അദ്ധ്യയന വർഷം വരെ ഏതെങ്കിലും സ്കൂളുകൾ അൺ ഇക്കണോമിക് എന്ന് കണ്ട് അടച്ചുപൂട്ടിയിട്ടുണ്ടോ?

ഇല്ല.

(സി) 2016 അദ്ധ്യയന വർഷം മുതൽ സർക്കാർ വിദ്യാലയങ്ങളിൽ അധികമായി ചേർന്ന കുട്ടികളുടെ എണ്ണം, വർഷം, ജില്ല എന്നിവ തിരിച്ച് വ്യക്തമാക്കാമോ?

2016 അദ്ധ്യയന വർഷം മുതൽ സർക്കാർ വിദ്യാലയങ്ങളിൽ അധികമായി ചേർന്ന കുട്ടികളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.+ കുട്ടികൾ കുറഞ്ഞ ജില്ലകളിൽ എണ്ണത്തിന് മുൻപിൽ മൈനസ് ചിഹ്നം (-) ചേർത്തിരിക്കുന്നു.

**പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രവൃത്തികൾ**

190(1402) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് മുൻസർക്കാരിന്റെ കാലംമുതൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ എത്ര പ്രവൃത്തികൾ നാളിതുവരെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്; എത്ര കോടി രൂപയുടെ പ്രോജക്ട് ആണ് ഇപ്രകാരം അനുവദിച്ച് നൽകിയിട്ടുള്ളത്; എത്ര പ്രോജക്ടുകൾ പൂർത്തീകരിച്ചു?

മുൻസർക്കാരിന്റെ കാലംമുതൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ 13 പ്രവൃത്തികൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. 29.73 കോടി രൂപയുടെ പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളത്. ആയതിൽ 11 പ്രവൃത്തികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രോജക്ടുകളിൽ എത്രയെണ്ണം നിർമ്മാണഘട്ടത്തിലാണ്; ഏതെങ്കിലും പ്രോജക്ടുകളുടെ നിർമ്മാണം നിർത്തിവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

പ്രസ്തുത പ്രോജക്ടുകളിൽ 2 പ്രവൃത്തികളുടെ നിർമ്മാണം നടന്നുവരുന്നു. ഒരു പ്രവൃത്തിയുടെയും നിർമ്മാണം നിർത്തിവച്ചിട്ടില്ല.

(സി) എത്ര പ്രോജക്ടുകൾ ടെണ്ടർ കൂടാതെ നൽകിയിട്ടുണ്ട്; എത്ര കോടി രൂപയുടെ പ്രോജക്ടുകളാണ് നാളിതുവരെ ടെണ്ടർ കൂടാതെ നൽകിയിട്ടുള്ളത്?

എല്ലാ പ്രവൃത്തികളും ടെണ്ടർ നടപടികൾ കൂടാതെയാണ് നൽകിയിട്ടുള്ളത്. 29.73 കോടി രൂപയുടെ പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളത്.

**സ്കൂളുകളുടെ പൊളിച്ച മതിലുകൾ പുനർനിർമ്മിക്കാൻ നടപടി**

191(1403) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരളസദസ്സിന്റെ നടത്തിപ്പിനായി സംസ്ഥാനത്തെ എത്ര സ്കൂളുകളുടെ മതിലുകൾ പൊളിച്ചുമാറ്റിയിട്ടുണ്ട്; ഏതൊക്കെ സ്കൂളുകളുടെ മതിലുകളാണ് പൊളിച്ചത്; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ?

സംസ്ഥാനത്തെ 9 സ്കൂളുകളുടെ മതിലുകൾ പൊളിച്ചുമാറ്റിയിട്ടുണ്ട്. സ്കൂളുകളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

ആലപ്പുഴ – ജി.വി.എച്ച്.എസ്.എസ്. മാവേലിക്കര

എറണാകുളം - ഗവ.എച്ച്.എസ്.എസ്. നോർത്ത് പറവൂർ

തൃശ്ശൂർ - 1) സെന്റ് ആന്റണീസ് എച്ച്.എസ്. മാള

2) സെന്റ് ജോസഫ് എച്ച്. എസ്. പാവറട്ടി

പാലക്കാട് - ജി.ബി.എച്ച്.എസ്. നെന്മാറ

മലപ്പുറം - 1) ജി.വി.എച്ച്.എസ്.എസ്. തിരൂർ

2) ജി.ബി.എച്ച്.എസ്. മഞ്ചേരി

3)വി.എം.സി.ജി.വി.എച്ച്.എസ്. വണ്ടൂർ

വയനാട്- ജി.വി.എച്ച്.എച്ച്.എസ്.എസ്. മാനന്തവാടി

(ബി) പ്രസ്തുത മതിലുകൾ പുനർനിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; മുഴവൻ മതിലുകളും പുനർനിർമ്മിക്കുന്നതിന് എത്ര തുക ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) എത്ര സ്കൂളുകളുടെ മതിലുകൾ നാളിതുവരെ പുനർനിർമ്മിച്ച് നൽകിയിട്ടുണ്ട്; ഇനി എത്ര സ്കൂളുകളുടെ മതിലുകൾ പുനർ നിർമ്മിച്ച് നൽകുവാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

(ബി&സി) ഉണ്ട്. 8 സ്കൂളുകളുടെ മതിലുകൾ പുനർനിർമ്മിച്ച് നൽകിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ മാവേലിക്കര ജി.വി.എച്ച്.എസ്.എസ്.-ന്റെ പൊളിച്ചുമാറ്റിയ മതിൽ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നവകേരള യാത്രയുമായി ബന്ധപ്പെട്ട് മതിലുകൾ പൊളിച്ച് നീക്കിയവ പുതുക്കി പണിയുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് മുഖാന്തരം തുക കണക്കാക്കുകയോ അനുവദിക്കുകയോ ചെയ്തിട്ടില്ല.

**ആലപ്പുഴ നഗരത്തിൽ ജില്ലാവിദ്യാഭ്യാസ കോംപ്ലക്സ് നിർമ്മാണം**

192(1404) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിൽ ശോചനീയമായ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറാഫീസ്, ജില്ലാ വിദ്യാഭ്യാസ ആഫീസ് തുടങ്ങിയവയും ബി.ആർ.സി. അടക്കമുള്ള അനുബന്ധ സ്ഥാപനങ്ങളും ഉൾപ്പെടെ ജില്ലാ ആസ്ഥാനത്തുള്ള മുഴുവൻ വിദ്യാഭ്യാസ ഓഫീസുകളും ചേർത്ത് ജില്ലാ വിദ്യാഭ്യാസ കോംപ്ലക്സ് നിർമ്മിക്കുന്നതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആലപ്പുഴ റവന്യൂ ജില്ലയിലെ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ നഗരാതിർത്തിയിൽ ഏകോപനത്തിനായി ഒരു വിദ്യാഭ്യാസ കോംപ്ലക്സ് എന്ന ആശയ പ്രകാരം വിദ്യാഭ്യാസ ഓഫീസുകൾ ഏകോപിപ്പിച്ച് ഒരു സമുച്ചയം നിർമ്മിക്കുന്നതിന് മുല്ലയ്ക്കൽ ബ്ലോക്ക് നം. 127-ൽ റീ സർവേ നം. 15-ൽപ്പെട്ട 34.01 ആർസ് വസ്തുവിൽ വിദ്യാഭ്യാസ സമുച്ചയം നിർമ്മിക്കുന്നതിനായി ഭരണാനുമതിക്കായി പൊതുമരാമത്ത് വകുപ്പ് മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കുകയുണ്ടായി. എന്നാൽ, ടി വിദ്യാഭ്യാസ സമുച്ചയം നിർമ്മിക്കുന്നതിനായി തീരുമാനിച്ചിരുന്ന വസ്തു, വൾനറബിൾ ഡെപ്പോസിഷൻ സെന്റർ നിർമ്മാണത്തിനായി നീതിന്യായ വകുപ്പിന് കൈമാറി, ആലപ്പുഴ ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും ടി വസ്തു വിദ്യാഭ്യാസ കോംപ്ലക്സ് നിർമ്മിക്കുന്നതിനായി തിരുമാനിച്ച വസ്തു ആയതിനാൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ എതിർപ്പ് ഉന്നയിക്കുകയും 31-12-2023-ന് ആലപ്പുഴ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ യോഗത്തിൽ മേൽ വസ്തു പൂർണ്ണമായും വിദ്യാഭ്യാസ വകുപ്പിന് കൈമാറുവാൻ തീരുമാനിക്കുകയും, നീതിന്യായ വകുപ്പിന് വൾനറബിൾ ഡെപ്പോസിഷൻ

സെന്റർ നിർമ്മാണത്തിനായി അനുയോജ്യമായ ഭൂമി കണ്ടെത്തി നൽകുന്നതിന് അമ്പലപ്പുഴ തഹസിൽദാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ആലപ്പുഴ വിദ്യാഭ്യാസ കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 2013-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റിന് പകരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം

193(1405) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് നിലവാരമില്ലെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരസ്യപ്രസ്താവന നടത്തിയതായുള്ള ആരോപണത്തെ സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ?

2024-ലെ എസ്.എസ്.എൽ.സി. പരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ

അധ്യക്ഷനായി നടന്ന രഹസ്യ സ്വഭാവമുള്ള യോഗത്തിൽ, അദ്ധ്യാപകരുടെ മുമ്പാകെ ചർച്ചയ്ക്കായി പറഞ്ഞ അഭിപ്രായം മാത്രമാണ് ചോദ്യത്തിൽ പരാമർശിച്ചിട്ടുള്ളത്. വ്യക്തിപരമായോ, വകുപ്പിന്റെയോ, സർക്കാരിന്റെയോ നയമെന്ന നിലയിലോ ഒരു പരാമർശവും ഈ വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരസ്യമായി നടത്തിയിട്ടില്ല.

(ബി) എങ്കിൽ പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി എന്തൊക്കെ തുടർനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ ഏഴ് വർഷക്കാലമായി പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് നിരവധി പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. അതിന്റെ ഭാഗമായി എല്ലാ പൊതുവിദ്യാലയങ്ങളിലും മികച്ച ഭൗതിക അക്കാദമിക സൗകര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. സ്മാർട്ട് ക്ലാസ് റൂമുകൾ, ടാലന്റ് ലാബ്, സർഗ്ഗ വിദ്യാലയ തുടങ്ങിയ സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. പ്രൈമറി തലം മുതൽ തന്നെ മാതൃഭാഷ, ഇംഗ്ലീഷ് ഭാഷ തുടങ്ങിയവയിൽ മികവുണ്ടാക്കുന്നതിന് നിരവധി പ്രവർത്തനങ്ങൾ

നടത്തിയിട്ടുണ്ട്. സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ വായനാച്ചങ്ങാത്തം, ഉല്ലാസ ഗണിതം, ഗണിതോത്സവം, കുഞ്ഞുവായന, ഗണിതപാർക്ക്, ഹലോ ഇംഗ്ലീഷ്, ഹലോ വേൾഡ്, സുരീലി ഹിന്ദി തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**എൽ.എസ്.എസ്, യു.എസ്.എസ്. സ്കോളർഷിപ്പ് കുടിശ്ശിക വിതരണം**

194(1406) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോവർ സെക്കൻഡറി സ്കോളർഷിപ്പ്, അപ്പർ സെക്കൻഡറി സ്കോളർഷിപ്പ് എന്നിവ നേടിയ വിദ്യാർത്ഥികൾക്ക് യഥാസമയം സ്കോളർഷിപ്പ് വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത സ്കോളർഷിപ്പ് നേടിയ എത്ര കുട്ടികൾക്ക് ആകെ എത്ര തുകയാണ് സ്കോളർഷിപ്പായി വിതരണം ചെയ്യാൻ കുടിശ്ശികയുള്ളത്; ഏത്

വർഷം മുതലുള്ള സ്കോളർഷിപ്പ് തുകയാണ് കുടിശ്ശികയായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

2019-20 മുതൽ 130353 കുട്ടികൾക്കായി 29.88 കോടി രൂപ കുടിശ്ശികയുണ്ട്.

(സി) സമർത്ഥരായ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇത്തരം സ്കോളർഷിപ്പ് പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ തുക വകയിരുത്തുന്നതിന് വകുപ്പ് നടപടി സ്വീകരിക്കാത്തതിന്റെ കാരണം ഗൗരവമായി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കുടിശ്ശിക ഉൾപ്പടെ തുക വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് കുടിശ്ശിക തുക വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**കിഫ്ബി ധനസഹായത്തോടെ സ്കൂളുകളിൽ നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ**

195(1407) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ സ്കൂളുകളിൽ നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ അനിശ്ചിതമായി നീണ്ടുപോകുന്ന പ്രശ്നം പരിഹരിച്ച് പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനെന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) കിഫ്ബി അംഗീകാരം നല്കി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കാനാകാത്തത് സാമ്പത്തിക നഷ്ടം ഉണ്ടാക്കുകയും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആവശ്യമായ സൗകര്യം ഒരുക്കുന്നതിന് തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) കിഫ്ബി ധനസഹായത്തോടെ സ്കൂളുകളിൽ നടപ്പിലാക്കുന്ന നിർമ്മാണപ്രവർത്തനങ്ങളിൽ പ്രായോഗിക തടസ്സങ്ങളില്ലാത്ത മുഴുവൻ നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ ഭാഗമായി മുഴുവൻ നിയോജകമണ്ഡലത്തിലേയും എം.എൽ.-എമാർ, ജില്ലാ കളക്ടർമാർ, നിർവ്വഹണ ഏജൻസികൾ, പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ,

കിഫ്ബിയുടെ ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ വിപുലമായ യോഗങ്ങൾ പൊതു-വിദ്യാഭ്യാസ വകുപ്പുമന്ത്രി നേരിട്ട് വിളിച്ചുചേർത്തിരുന്നു. നിർവ്വഹണ ഏജൻസികളുടെ ഭാഗത്തുനിന്നും കിഫ്ബിയുടെ ഭാഗത്തുനിന്നും സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാതലത്തിൽ പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങൾ ജില്ലാകളക്ടർ യോഗം ചേർന്ന് തീരുമാനമെടുക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. നിർമ്മാണത്തിന് KMBR/KPBR പ്രശ്നങ്ങളുള്ള സ്കൂളുകൾക്ക് ചട്ടങ്ങളിൽ പ്രത്യേക ഇളവ് ലഭിക്കുന്നതിന് അപേക്ഷയും ബന്ധപ്പെട്ട രേഖകളും സഹിതം തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. CRZ അനുമതി വേണ്ട സ്കൂളുകളുടെ കാര്യത്തിൽ അപേക്ഷ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന Kerala Coastal Zone Management Authority (KCZMA)-ക്ക് നൽകിയിട്ടുണ്ട്. കൂടാതെ നിർമ്മാണത്തിന് റെയിൽവേ NOC വേണ്ട സ്ഥലങ്ങളിലും അനുമതി ലഭ്യമാകുന്നതിന് കത്ത് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ നിർമ്മാണത്തിലുള്ള പ്രായോഗിക തടസ്സങ്ങൾ

പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ബന്ധപ്പെട്ട ഓഫീസുകളിൽ ഇതുസംബന്ധിച്ച് തുടർ അന്വേഷണങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്.

(സി) തിരൂർ നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ കിഫ്ബി സഹായത്തോടെ നടപ്പിലാക്കുന്ന പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന വിശദവിവരം ലഭ്യമാക്കാമോ?

തിരൂർ നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ കിഫ്ബി സഹായത്തോടെ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

**5 കോടി കിഫ്ബി പദ്ധതി**

5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട GHSS കൽപ്പകഞ്ചേരി സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

**3 കോടി കിഫ്ബി പദ്ധതി**

3 കോടി കിഫ്ബി പദ്ധതി പദ്ധതിയിലുൾപ്പെട്ട GBHSS തിരൂർ സ്കൂളിന്റെ DPR അംഗീകരിച്ചു. സാങ്കേതിക അനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. GHSS ഏഴൂർ സ്കൂളിന്റെ നിർമ്മാണം പുരോഗമിക്കുന്നു. GMUPS

തിരൂർ സ്കൂളിന്റെ DPR അംഗീകരിച്ചു. സാങ്കേതിക അനുമതി ലഭിച്ചു. Project Execution Document കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. GHSS പറവണ്ണ സ്കൂളിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ച് എഗ്രിമെന്റ് ഒപ്പുവച്ചു. പഴയ കെട്ടിടം പൊളിച്ചുമാറ്റിയാലുടൻ നിർമ്മാണം ആരംഭിക്കും. GVHSS ഫോർ ഗേൾസ് തിരൂർ സ്കൂളിന്റെ DPR അംഗീകരിച്ചു. സാങ്കേതിക അനുമതി ലഭിച്ചു. Project Execution Document കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചു. GHS ആദവനാട് സ്കൂളിന്റെ DPR അംഗീകരിച്ചു. സാങ്കേതിക അനുമതി ലഭിച്ചു. Project Execution Document കിഫ്ബിയുടെ അംഗീകാരത്തിന് താമസംവിനാ സമർപ്പിക്കുന്നതാണ്. GHSS ആദവനാട് സ്കൂളിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ച് എഗ്രിമെന്റ് ഒപ്പുവച്ചു. പഴയ കെട്ടിടം പൊളിച്ചുമാറ്റി നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. GMHSS കരിപ്പോൾ സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

**1 കോടി കിഫ്ബി പദ്ധതി**

ജി.എം.യു.പി.എസ്. ബി.പി. അങ്ങാടി സ്കൂളിന്റെ DPR അംഗീകരിച്ചു. സാങ്കേതിക അനുമതി ലഭിച്ചു. Project Execution Document കിഫ്ബിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

**വിദ്യാലയങ്ങളിലെ കുട്ടികളുടെ പഠന നിലവാരം നിരീക്ഷിക്കാൻ പദ്ധതി**

196(1408) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ കുട്ടികളുടെ പഠന നിലവാരം നിരീക്ഷിക്കാൻ പദ്ധതി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ പഠനനിലവാരം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും വ്യത്യസ്തമായ മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നത്. പ്രധാനമായും രണ്ട് തരത്തിലുള്ള വിലയിരുത്തലുകളാണ് നടത്തുന്നത്. പഠനബോധന പ്രക്രിയയുമായി ഇഴചേർന്ന് നടത്തുന്ന നിരന്തര

വിലയിരുത്തലും ഒരു പ്രത്യേക പാഠഭാഗത്തിന്റെ അവസാനം നടത്തുന്ന ആത്യന്തിക വിലയിരുത്തലും. പ്രസ്തുത വിലയിരുത്തലുകൾ തുടർപ്രക്രിയയാണ്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് പ്രത്യേകമായ പഠനങ്ങൾ നടത്തിയിട്ടില്ല.

(സി) കുട്ടികളുടെ പഠനനിലവാരം നിരീക്ഷിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഇപ്പോൾത്തന്നെ പഠനബോധന പ്രക്രിയയുമായി ഇഴചേർന്ന് നിരന്തര വിലയിരുത്തലുകളും ആത്യന്തിക വിലയിരുത്തലുകളും നടത്തിവരുന്നുണ്ട്. അത് ശക്തിപ്പെടുത്തി മുന്നോട്ടുപോകുന്നതിനാണ് ഉദ്ദേശിക്കുന്നത്. പുതിയ സംവിധാനങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

**സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് നൽകുന്ന വിഹിതം**

197(1409) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി ഒരു കുട്ടിക്ക് എത്ര രൂപ എന്ന നിരക്കിലാണ് തുക അനുവദിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

മൂന്ന് വ്യത്യസ്ത സ്ലാബുകളിലായാണ് തുക അനുവദിക്കുന്നത്.

സ്ലാബ് I - 150 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 8 രൂപ

സ്ലാബ് II - 151 മുതൽ 500 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 7 രൂപ

സ്ലാബ് III - 500 ന് മുകളിൽ - കുട്ടിയൊന്നിന് പ്രതിദിനം 6 രൂപ

(ബി) ഉച്ചഭക്ഷണത്തിന് നൽകുന്ന വിഹിതം പര്യാപ്തമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പദ്ധതി നടത്തിപ്പിന് സ്കൂളുകൾക്ക് അനുവദിക്കുന്ന തുക (മെറ്റീരിയൽ കോസ്റ്റ്) പരിഷ്കരിക്കാനും അതോടൊപ്പം പാൽ, മുട്ട/നേന്ത്രപ്പഴം നൽകുന്ന സപ്ലിമെന്ററി ന്യൂട്രീഷൻ പരിപാടിക്ക് പ്രത്യേക ഫണ്ട് അനുവദിക്കാനും ശിപാർശ ചെയ്തുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണം**

198(1410) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണത്തിന് നിലവിൽ നൽകിവരുന്ന തുക നിശ്ചയിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ?

2016 സെപ്റ്റംബറിലാണ് തുക നിശ്ചയിച്ചത്.

(ബി) ഈ തുക വർദ്ധിപ്പിച്ച് നൽകണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉച്ചഭക്ഷണ പദ്ധതിയുടെ ഫുഡ് ബാസ്കറ്റിൽ ഉൾപ്പെടുന്ന ചില ഭക്ഷ്യവസ്തുക്കളുടെ വിലയിൽ വന്നിട്ടുള്ള വർദ്ധനവ് കണക്കിലെടുത്ത് നിലവിൽ അനുവദിക്കുന്ന തുക പരിഷ്കരിക്കണമെന്ന് അദ്ധ്യാപക സംഘടനകളും നിരവധി സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റികളും ആവശ്യപ്പെട്ടിട്ടുണ്ട്. വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പദ്ധതി നടത്തിപ്പിന് സ്കൂളുകൾക്ക് അനുവദിക്കുന്ന തുക (മെറ്റീരിയൽ കോസ്റ്റ്) പരിഷ്കരിക്കാനും അതോടൊപ്പം പാൽ, മുട്ട/നേന്ത്രപ്പഴം നൽകുന്ന സപ്ലിമെന്ററി ന്യൂട്രീഷൻ പരിപാടിക്ക് പ്രത്യേക ഫണ്ട് അനുവദിക്കാനും ശിപാർശ ചെയ്തുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഉച്ചഭക്ഷണ പദ്ധതിയിൽ സ്കൂളുകൾക്ക് തുക അനുവദിക്കുന്നതിൽ കുടിശ്ശികയുണ്ടോയെന്നും ഉണ്ടെങ്കിൽ കുടിശ്ശിക തുക എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ കഴിയുമെന്നും അറിയിക്കുമോ?

2023 നവംബർ, ഡിസംബർ മാസങ്ങളിലെ തുക കുടിശ്ശികയുണ്ട്. കുടിശ്ശിക തുക വിതരണം ചെയ്യുന്നതിനും മറ്റുമായി കേന്ദ്ര-സംസ്ഥാന

വിഹിതമുൾപ്പെടെ 91.51405 കോടി രൂപ 09-01-2024-ൽ അനുവദിച്ചിട്ടുണ്ട്. ജനുവരി 31-നകം സ്കൂളുകൾക്ക് കുടിശ്ശിക തുക പൂർണ്ണമായും വിതരണം ചെയ്യുന്നതാണ്.

**സ്കൂൾ അദ്ധ്യയന ഗുണനിലവാര പരിശോധന**

199(1411) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ അദ്ധ്യയന ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ?

അത്തരം വിലയിരുത്തലുകൾ നടത്തിയിട്ടില്ല.

(ബി) സ്കൂളിന് പുറത്തുള്ളവരെ ഉൾപ്പെടുത്തി അദ്ധ്യയന നിരീക്ഷണ സമ്പ്രദായം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

(സി) ബാഹ്യ ഇടപെടൽമൂലം അദ്ധ്യാപകർക്കുണ്ടായേക്കാവുന്ന ആശങ്കകൾ അകറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നിലവിലെ അക്കാദമിക സംവിധാനത്തിൽ ബാഹ്യ ഇടപെടലുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി വാങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ**

200(1412) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. റോജി എം. ജോൺ:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി വാങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളിൽ മിക്കതും ഉപയോഗശൂന്യമായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത ഉപകരണങ്ങൾ ടെണ്ടർ പ്രകാരമാണോ വാങ്ങിയതെന്നും സ്റ്റോർസ് പർച്ചേസ് മാന്വൽ നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ?

കൈറ്റ് മുഖാന്തരം വാങ്ങിയ എല്ലാ ഉപകരണങ്ങളും സ്റ്റോർ പർച്ചേസ് നിബന്ധനകൾ പാലിച്ച് ഇ-ടെണ്ടർ നടപടി ക്രമങ്ങളിലൂടെയാണ് വാങ്ങിയത്. വിവിധ ഏജൻസികൾ, എം.പി./എം.എൽ.എ. ആസ്തി വികസന ഫണ്ട്, വ്യക്തികൾ, സന്നദ്ധ സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി വിവിധ ഏജൻസികളിലൂടെ പ്രാദേശികമായി ലഭ്യമാക്കുന്നവയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

(സി) പ്രസ്തുത ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള കരാറിൽ മെയിന്റനൻസിനായി പ്രത്യേക വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരുന്നോ; വിശദമാക്കുമോ?

കൈറ്റ് മുഖാന്തരം വാങ്ങിയത് സംബന്ധിച്ച കരാർ വ്യവസ്ഥകൾ, പർച്ചേസ് ഓർഡർ എന്നിവയിൽത്തന്നെ മെയിന്റനൻസ് കരാർ വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**സ്കൂളുകളിലെ ഇന്റർനെറ്റ് കണക്ഷൻ**

201(1413) ശ്രീ. എം. വിൻസെന്റ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. സിദ്ദിഖ്:
ഡോ. മാത്യൂ കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഏത് സ്ഥാപനത്തിന്റെ ഇന്റർനെറ്റ് കണക്ഷൻ ഉപയോഗിക്കാനാണ് നിഷ്കർഷിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ 16,009 സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളുടെ ഭാഗമായി ബി.എസ്.എൻ.എൽ. ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷനാണ് സ്കൂളുകൾക്ക് നൽകിയിരുന്നത്. എന്നാൽ 2023 ജൂൺ മുതൽ കെ-ഫോൺ ഇന്റർനെറ്റ് കണക്ഷനാണ് സ്കൂളുകൾക്ക് നൽകുന്നത്.

(ബി) സ്കൂളുകളിലെ ഇന്റർനെറ്റ് കണക്ഷൻ കെ-ഫോണിലേയ്ക്ക് മാറ്റുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നോ?

സ്കൂളുകളിൽ ഇന്റർനെറ്റിനായി കെ-ഫോൺ കണക്ഷനിലേയ്ക്ക് മാറുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) കെ-ഫോൺ കണക്ഷൻ കാര്യക്ഷമമല്ലാത്തത് കാരണം നിരവധി സ്കൂളുകൾ ബി.എസ്.എൻ.എൽ. കണക്ഷനിലേയ്ക്ക് മാറി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മങ്കട മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പുരോഗതി**

202(1414) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന സ്കൂളുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മങ്കട നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണപുരോഗതി അറിയിക്കുമോ?

കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന മങ്കട നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണപുരോഗതി ചുവടെ ചേർക്കുന്നു.

**5 കോടി കിഫ്ബി ഫണ്ട്-**

5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട മക്കരപ്പറമ്പ് ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

**3 കോടി കിഫ്ബി ഫണ്ട്-**

3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ്.എസ്. പാങ്ങ് സ്കൂളിന് 3.90 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. Project Execution Document കിഫ്ബി അംഗീകരിച്ചു. ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജി.എച്ച്.എസ്.എസ്. മങ്കട, പള്ളിപ്പുറം സ്കൂളിന് 3.90 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. മണ്ണ് പരിശോധനയ്ക്കുശേഷം footing-ൽ മാറ്റം വരുത്തേണ്ടി വന്നതിനെത്തുടർന്ന് പുതുക്കിയ പ്രൊപ്പോസൽ സാങ്കേതിക അനുമതിക്കായി കിഫ്ബിക്ക് നൽകേണ്ടതുണ്ട്. ജി.എച്ച്.എസ്.എസ്. മങ്കട സ്കൂളിന് 3.90 കോടി രൂപയുടെ

പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് ഉൾപ്പെടുത്തിയുള്ള പ്രൊപ്പോസൽ സാങ്കേതിക അനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്. ജി.എച്ച്.എസ്.എസ്. കടുങ്ങാപുരം സ്കൂളിന് 3.90 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം സാങ്കേതിക അനുമതിക്ക് പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

**1 കോടി കിഫ്ബി ഫണ്ട്**

1 കോടി കിഫ്ബി ഫണ്ടിൽ ഉൾപ്പെട്ട ജി.എച്ച്.എസ്. ചെറിയം മങ്കട, ജി.യു.പി.എസ്. മങ്കട പള്ളിപ്പുറം, ജി.യു.പി.എസ്. കൂട്ടിലങ്ങാടി, ജി.യു.പി.എസ്. പാങ്ങ് എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ യോഗത്തിനുശേഷം വകുപ്പ് എത്ര തവണ ഈ മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് ബന്ധപ്പെട്ട ഏജൻസികളുടെ യോഗം വിളിച്ചുചേർത്തിട്ടുണ്ട്; യോഗങ്ങൾ ചേർന്നിട്ടില്ലെങ്കിൽ ബന്ധപ്പെട്ട

നിർവ്വഹണ ഏജൻസികൾ യഥാസമയം പ്രവൃത്തികളുടെ പുരോഗതി പൊതുവിദ്യാഭ്യാസ വകുപ്പിനെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ യോഗതീരുമാനം അനുസരിച്ച് മലപ്പുറം ജില്ലയിൽ ഡെപ്യൂട്ടി കളക്ടർ, ജില്ലാ കോ-ഓർഡിനേറ്റർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിർവ്വഹണ ഏജൻസികളുടെ ഉദ്യോഗസ്ഥർ, പഞ്ചായത്ത്/മുൻസിപ്പൽ സെക്രട്ടറിമാർ, ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽമാർ എന്നിവരെ ഉൾപ്പെടുത്തി പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയുണ്ടായി. തുടർന്ന് നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ നടന്ന DDC യോഗങ്ങളിലും പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തി. സംസ്ഥാന തലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിലും നവകേരളം കർമ്മപദ്ധതി കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിലും കിഫ്ബി ഫണ്ടിലുൾപ്പെട്ട നിർമ്മാണ പുരോഗതി അവലോകനം ചെയ്തുകൊണ്ടുള്ള യോഗങ്ങൾ സംഘടിപ്പിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾ പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) മങ്കട നിയോജകമണ്ഡലത്തിലെ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോ സ്കൂളിന്റെയും നിർമ്മാണം ഏതെല്ലാം തീയതികളിൽ പൂർത്തിയാക്കണമെന്നാണ് വകുപ്പ് നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

നിർമ്മാണപ്രവർത്തനം നടന്നുവരുന്ന സ്കൂളുകളുടെ നിർമ്മാണം നിശ്ചിത കാലയളവിൽത്തന്നെ പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി തീയതി നിശ്ചയിച്ച് നൽകിയിട്ടില്ല. നിർമ്മാണം ആരംഭിക്കാത്ത സ്കൂളുകളുടെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അംഗീകാരം വേഗത്തിലാക്കാനുള്ള നിർദ്ദേശം കിഫ്ബിയുടെ ഉദ്യോഗസ്ഥർക്കും ബന്ധപ്പെട്ട എസ്.പി.വി.-കൾക്കും പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ നൽകിയിട്ടുണ്ട്.

**നിലമ്പൂർ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പുരോഗതി**

203(1415) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ നിലമ്പൂർ നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യഞ്ജത്തിന്റെ ഭാഗമായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സ്കൂൾ കെട്ടിടങ്ങളുടെ വിവരം സ്കൂളുകളുടെ പേരും തുകയും പഞ്ചായത്തും തിരിച്ച് ലഭ്യമാക്കാമോ?

2016 മുതൽ നാളിതുവരെ നിലമ്പൂർ നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യഞ്ജത്തിന്റെ ഭാഗമായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സ്കൂൾ കെട്ടിടങ്ങളുടെ വിവരം സ്കൂളുകളുടെ പേരും തുകയും പഞ്ചായത്തും സഹിതം ചുവടെ ചേർക്കുന്നു.

**5 കോടി കിഫ്ബി പദ്ധതി**

5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട നിലമ്പൂർ മുനിസിപ്പാലിറ്റിയിലെ GMHSS നിലമ്പൂർ സ്കൂളിന്റെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

**3 കോടി കിഫ്ബി പദ്ധതി**

3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട അമരമ്പലം പഞ്ചായത്തിലെ GHSS പൂക്കോട്ട്പാടം സ്കൂളിന്റെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി

ഉദ്ഘാടനം നിർവ്വഹിച്ചു. അമരമ്പലം പഞ്ചായത്തിലെ GUPS പറമ്പ സ്കൂളിന് 3.90 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭിച്ചു. താഴത്തെ നിലയുടെ നിർമ്മാണം പുരോഗമിക്കുന്നു. 3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട ഇടക്കര പഞ്ചായത്തിലെ GHSS ഇടക്കര സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. 3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട മൂത്തേടത്ത് പഞ്ചായത്തിലെ GHSS മൂത്തേടത്ത് സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. 3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട ചോക്കാട് പഞ്ചായത്തിലെ GHSS പുലാങ്ങോട് സ്കൂളിന്റെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനത്തിന് തയ്യാറായിട്ടുണ്ട്.

**1 കോടി കിഫ്ബി പദ്ധതി**

നിലമ്പൂർ നിയോജകമണ്ഡലത്തിൽ 1 കോടി രൂപ അനുവദിച്ച സ്കൂളുകൾ ചുവടെ ചേർക്കുന്നു.

കരുള പഞ്ചായത്തിലെ പുള്ളിയിൽ GUPS സ്കൂളിന് 1.30 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. ടെണ്ടർ നടപടി സ്വീകരിച്ച് എഗ്രിമെന്റ് ഒപ്പ് വച്ചു. നിർമ്മാണം ഉടൻ ആരംഭിക്കും.

ചുങ്കത്തറ പഞ്ചായത്തിലെ GUPS കുറുമ്പലങ്ങാട് സ്കൂളിന്റെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

നിലമ്പൂർ മുനിസിപ്പാലിറ്റിയിലെ GMLPS നിലമ്പൂർ, GMMRS നിലമ്പൂർ എന്നീ സ്കൂളുകളുടെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

പോത്തുകൽ പഞ്ചായത്തിലെ GHS മുണ്ടേരി സ്കൂളിന്റെ കെടിടനിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

നിലമ്പൂർ മുൻസിപ്പാലിറ്റിയിലെ GMUPS നിലമ്പൂർ സ്കൂളിന് 1.30 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭിച്ചു. ഗവൺമെന്റ് ആശുപത്രി വികസനത്തിന് സ്കൂളിന്റെ സ്ഥലം എടുക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങളാകാത്തതിനാൽ നിർമ്മാണപ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

വഴിക്കടവ് പഞ്ചായത്തിലെ GHS മരുത സ്കൂളിന് 1.30 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത കാലയളവിൽ നിലമ്പൂർ മണ്ഡലത്തിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സ്കൂൾ കെട്ടിടങ്ങളുടെ വിവരം സ്കൂളുകളുടെ പേരും തുകയും വർഷവും പഞ്ചായത്തും തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ നിലമ്പൂർ മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളിലാണ് കമ്പ്യൂട്ടറുകളും പ്രൊജക്ടറുകളും നൽകിയതെന്ന വിവരം സ്കൂളുകളുടെ പേരും നൽകിയ ഉപകരണങ്ങളുടെ എണ്ണവും തുകയും പഞ്ചായത്തും തിരിച്ച് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത കാലയളവിൽ നിലമ്പൂർ നിയോജകമണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികളും തുകയും സ്കൂളുകളുടെ പേരും വർഷവും പഞ്ചായത്തും തിരിച്ച് വിവരം ലഭ്യമാക്കാമോ?

(ബി-ഡി) മറുപടി അനുബന്ധമായി ചേർക്കുന്നു.+

**പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന സ്കൂളുകൾ**

204(1416) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മാണം നടത്തുന്ന സ്കൂളുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(സി) സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ-സി) പട്ടാമ്പി നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച സ്കൂളുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**5 കോടി കിഫ്ബി പദ്ധതി**

5 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട നടുവട്ടം Govt. ജനതാ HSS സ്കൂളിന്റെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു.

**3 കോടി കിഫ്ബി പദ്ധതി**

3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട GHSS വാടാനക്കുറിശ്ശി, GVHSS കൊപ്പം എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. പട്ടാമ്പി GHSS-ന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 68%-ത്തോളം നിർമ്മാണം പൂർത്തിയായിട്ടുണ്ട്. GHSS ചുണ്ടംമ്പറ്റ സ്കൂളിന്റെ DPR

തയ്യാറാക്കി കില LSGD മുഖാന്തരം feasibility study നടത്തി. നിലവിൽ നിർമ്മാണങ്ങൾക്ക് പുതുക്കിയ DSR/GST നിരക്കുകൾ ബാധകമായതിനാൽ പുതുക്കിയ നിരക്ക് പ്രകാരമുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ആയത് കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. GOHSS, പട്ടാമ്പി സ്കൂളിന്റെ DPR തയ്യാറാക്കിയിരുന്നു. എന്നാൽ KPBR Violation ഉള്ളതിനാൽ നിലവിലുള്ള പ്ലാനിൽ ഭേദഗതി ആവശ്യമാണ്. ഇതനുസരിച്ച് പ്ലാനും എസ്റ്റിമേറ്റും ഭേദഗതി ചെയ്ത് അടുത്ത TS കമ്മിറ്റിക്ക് സമർപ്പിക്കുന്നതാണെന്ന് കില അറിയിച്ചിട്ടുണ്ട്. GUPS പട്ടാമ്പി സ്കൂളിന്റെ DPR തയ്യാറാക്കിയിട്ടുണ്ട്. ടി സ്കൂളിൽ coverage issue ഉണ്ട്. കൂടാതെ റെയിൽവേയുടെ NOC-യും ആവശ്യമായിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**1 കോടി കിഫ്ബി പദ്ധതി**

1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട GHS വിളയൂർ, GUPS നരിപ്പറമ്പ എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വല്ലപ്പുഴ GHS സ്കൂളിന്റെ DPR അംഗീകരിച്ചു. സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

GHS കൊടുമുണ്ട സ്കൂളിന്റെ Soil test നടത്തി. നിർമ്മാണത്തിനുള്ള സ്ഥലവും ക്ലാസ്സ് മുറികളുടെ അളവും മാറ്റം വരുത്തണമെന്ന് സ്കൂൾ അധികാരികൾ അറിയിച്ചിട്ടുണ്ട്. അതനുസരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് കില തയ്യാറാക്കിവരുന്നു.

(ഡി) നിർമ്മാണം പൂർത്തിയായ സ്കൂളുകളുടെ വിവരങ്ങൾ നൽകാമോ?

നടുവട്ടം ഗവ. ജനതാ HSS – 5 കോടി

GHSS വാടാനക്കുറിശ്ശി - 3 കോടി

GVHSS കൊപ്പം - 3 കോടി

GHS വിളയൂർ - 1 കോടി

GUPS നരിപ്പറമ്പ – 1 കോടി

**തൃക്കരിപ്പൂർ മണ്ഡലത്തിലെ വിദ്യാലയങ്ങൾക്ക് അനുവദിച്ച കെട്ടിട നിർമ്മാണ ഫണ്ട്**

205(1417) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി തൃക്കരിപ്പൂർ മണ്ഡലത്തിലെ വിവിധ വിദ്യാലയങ്ങൾക്ക് അനുവദിച്ച കെട്ടിട നിർമ്മാണ ഫണ്ടുപയോഗിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള പദ്ധതി ചില അധികൃതരുടെ മെല്ലെപ്പോക്കുമൂലം തടസ്സപ്പെട്ടിരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) സ്കൂളുകളുടെ പഴയ കെട്ടിടം പൊളിച്ചുമാറ്റി പുതിയത് സമയബന്ധിതമായി നിർമ്മിക്കുമെന്ന് അറിയിച്ചിട്ടും പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭ്യമാക്കാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) 3 കോടി, 1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട കെട്ടിട നിർമ്മാണത്തിന് 2018-ലെ റേറ്റ് റിവിഷൻ വന്നതിന്റെ അടിസ്ഥാനത്തിൽ, പുതുക്കിയ ഭരണാനുമതിയും കിഫ്ബിയിൽനിന്നുള്ള സാമ്പത്തിക അനുമതിയും ലഭിക്കേണ്ടതുണ്ടായിരുന്നു. ഇതനുസരിച്ച് നിലവിലുള്ള എസ്റ്റിമേറ്റിൽ ചിലയ്ക്ക് ഭേദഗതി വരുത്തേണ്ടതായിവന്നു. PRICE SOFTWARE-ൽ COMPOSITE TENDER ഒഴിവാക്കിക്കൊണ്ടുള്ള നടപടി ക്രമങ്ങൾ

വന്നതിനാൽ കിലയുടെ 1കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഇത്തരം പ്രശ്നങ്ങളെല്ലാം കിലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം വരുത്തിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങളെല്ലാം പരിഹരിച്ച് വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൃക്കരിപ്പൂർ മണ്ഡലത്തിലെ കില എസ്.പി.വി.-യായ മൂന്ന് സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വള്ളിക്കുന്ന് മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം**

206(1418) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തികവർഷം വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ

വികസനത്തിനായി പ്ലാൻ, നോൺ പ്ലാൻ ഇനങ്ങളിൽ എത്ര തുക ചെലവഴിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നടപ്പ് സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽനിന്നും തുക വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടില്ല.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഫണ്ട് അനുവദിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്ത എത്ര വിദ്യാലയങ്ങൾ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലുണ്ട്; വിശദമാക്കാമോ; പ്രസ്തുത ഫണ്ട് മറ്റേതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിന് അനുവദിക്കാൻ സാധിക്കുമോ?

(ബി&സി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ടിലുൾപ്പെടുത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതി**

207(1419) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്രകാരം ഭക്ഷണം നൽകിയ ഇനത്തിൽ പൊതുവിദ്യാലയങ്ങളിലെ പ്രഥമ അദ്ധ്യാപകർക്ക് എത്ര രൂപ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; ഏത് കാലയളവിലെ തുകയാണ് കുടിശ്ശിക ആയിട്ടുള്ളത്?

നടപ്പ് സാമ്പത്തിക വർഷം സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി 2023 ഒക്ടോബർ മാസം വരെയുള്ള പാചക ചെലവിനത്തിലെ തുക സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ 2023 നവംബർ മാസത്തേയ്ക്ക് 36.56 കോടി രൂപയും 2023 ഡിസംബർ മാസത്തേയ്ക്ക് 29.26 കോടി രൂപയും ചേർത്ത് ആകെ 65.82 കോടി രൂപ സ്കൂളുകൾക്ക് കുടിശ്ശികയിനത്തിൽ വിതരണം ചെയ്യേണ്ടതുണ്ട്.

(ബി) കേന്ദ്ര പദ്ധതി പ്രകാരം എന്തൊക്കെ ഭക്ഷണ ഇനങ്ങളാണ് ഉൾപ്പെടുത്തേണ്ടത്; ഇതിനുപുറമെ ആഴ്ചയിൽ ഒരു ദിവസം പാൽ, മുട്ട

അല്ലെങ്കിൽ പഴം എന്നീ ഇനങ്ങൾകൂടി നൽകാൻ സംസ്ഥാന സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി പ്രത്യേകം തുക കൂടുതലായി അനുവദിച്ചു നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ തുക ഏത് രീതിയിൽ കണ്ടെത്താനാണ് സർക്കാർ നിർദ്ദേശം നൽകിയത്; വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉച്ചഭക്ഷണ പദ്ധതിയുടെ ഭക്ഷണ-ന്യൂട്രിഷൻ മാനദണ്ഡങ്ങൾ പ്രകാരം പാകംചെയ്ത ഭക്ഷ്യ ധാന്യങ്ങൾക്കൊപ്പം പച്ചക്കറി (ഇലവർഗ്ഗങ്ങൾ ഉൾപ്പെടെ), പയറുവർഗ്ഗങ്ങൾ, ഭക്ഷ്യ എണ്ണ, പലവ്യഞ്ജനം, ഉപ്പ് എന്നിവ ഉപയോഗിച്ച് പാകം ചെയ്ത കറികളാണ് നൽകേണ്ടത്. ഓരോ ദിവസത്തെയും മെനു തീരുമാനിക്കുന്നതിനുള്ള അധികാരം അതത് സംസ്ഥാനങ്ങൾക്കാണ്. കേരളത്തിൽ ഇത് വികേന്ദ്രീകൃതമായ രീതിയിലാണ് നടപ്പിലാക്കിയിരിക്കുന്നത്. സംസ്ഥാനത്ത് സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റികളാണ് മെനു നിശ്ചയിക്കുന്നത്. നിലവിൽ രണ്ട് കറികളോടുകൂടിയാണ് കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകിവരുന്നത് ഉച്ചഭക്ഷണത്തിനു പുറമെ സംസ്ഥാന സർക്കാർ നിർദ്ദേശപ്രകാരം

സപ്ലിമെന്ററി ന്യൂട്രിഷൻ പദ്ധതിയുടെ ഭാഗമായി ആഴ്ചയിൽ ഒരു ദിവസം മുട്ടയും രണ്ട് ദിവസം പാലും (150 മി.ലി. തിളപ്പിച്ചാറ്റിയ പാൽ) കുട്ടികൾക്ക് നൽകിവരുന്നു. ഇതിനായി പ്രത്യേകം തുക സർക്കാർ അനുവദിക്കുന്നില്ല. നിലവിൽ പദ്ധതി നടത്തിപ്പിനായി അനുവദിക്കുന്ന തുകയിൽനിന്നുമാണ് ഇതിനാവശ്യമായ തുക വിനിയോഗിച്ചുവരുന്നത്.

(സി) ഒരു കുട്ടിക്ക് ഒരു ദിവസം എത്ര രൂപയാണ് ഉച്ചഭക്ഷണത്തിനായി നിലവിൽ അനുവദിക്കുന്നത്; പ്രസ്തുത തുക വളരെ പരിമിതമാണെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ചുവടെ പരാമർശിക്കുന്ന മൂന്ന് വ്യത്യസ്ത സ്ലാബുകളിലായാണ് തുക അനുവദിക്കുന്നത്.

സ്ളാബ് 1 - 150 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 8 രൂപ

സ്ളാബ് II - 151 മുതൽ 500 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 7 രൂപ

സ്ളാബ് III – 500-ന് മുകളിൽ - കുട്ടിയൊന്നിന് പ്രതിദിനം 6 രൂപ

ഉച്ചഭക്ഷണ പദ്ധതിയുടെ ഫുഡ് ബാസ്കറ്റിൽ ഉൾപ്പെടുന്ന ചില ഭക്ഷ്യവസ്തുക്കളുടെ വിലയിൽ വന്നിട്ടുള്ള വർദ്ധനവ് കണക്കിലെടുത്ത് നിലവിൽ അനുവദിക്കുന്ന തുക പരിഷ്കരിക്കണമെന്ന് അദ്ധ്യാപക സംഘടനകളും നിരവധി സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റികളും ആവശ്യപ്പെട്ടിട്ടുണ്ട്. വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പദ്ധതി നടത്തിപ്പിന് സ്കൂളുകൾക്ക് അനുവദിക്കുന്ന തുക (മെറ്റീരിയൽ കോസ്റ്റ്) പരിഷ്കരിക്കാനും അതോടൊപ്പം പാൽ, മുട്ട/നേന്ത്രപ്പഴം എന്നിവ നൽകുന്ന സപ്ലിമെന്ററി ന്യൂട്രീഷൻ പരിപാടിയ്ക്ക് പ്രത്യേക ഫണ്ട് അനുവദിക്കാനും ശിപാർശ ചെയ്തുകൊണ്ടുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം**

208(1420) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ ഇതുവരെ പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം, അടിസ്ഥാന സൗകര്യം എന്നിവ

വികസിപ്പിക്കുന്നതിന് സർക്കാർ അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ?

പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം, അടിസ്ഥാനസൗകര്യം എന്നിവ വികസിപ്പിക്കുന്നതിനായി ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) 2011 മുതൽ 2016 വരെ ഈയിനത്തിൽ സർക്കാർ വിദ്യാലയങ്ങൾക്കുവേണ്ടി അനുവദിച്ച പദ്ധതികളും ചെലവഴിച്ച തുകയും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

പ്രസ്തുത വിവരം ശേഖരിച്ച് നൽകുന്നതാണ്.

**ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി വാങ്ങിയ ഉപകരണങ്ങൾ**

209(1421) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി വാങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഗുണമേന്മ പരിശോധിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ധാരാളം ഇലക്ട്രോണിക് ഉപകരണങ്ങൾ കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്), എസ്.എസ്.കെ. ഉൾപ്പെടെ വിവിധ ഏജൻസികൾ, എം.പി./എം.എൽ.എ. ആസ്തി വികസന ഫണ്ട്, വ്യക്തികൾ, സന്നദ്ധ സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി വിവിധ മാർഗങ്ങളിലൂടെ ലഭ്യമാക്കുന്നുണ്ട്. കൈറ്റ് മുഖേന പൊതുവിദ്യാലയങ്ങൾക്ക് നൽകിയ എല്ലാ ഉപകരണങ്ങളുടെയും ഗുണമേന്മ ഉറപ്പുവരുത്തിയിട്ടുണ്ട്. വിവിധ ഏജൻസികൾ, എം.പി./എം.എൽ.എ. ആസ്തി വികസന ഫണ്ട്, വ്യക്തികൾ, സന്നദ്ധ സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി വിവിധ ഏജൻസികളിലൂടെ പ്രാദേശികമായി ലഭ്യമാക്കുന്നവയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

(ബി) ഗുണമേന്മ ഇല്ലാത്തതുകാരണം പ്രസ്തുത ഇലക്ട്രോണിക് ഉപകരണങ്ങളിൽ ഭൂരിഭാഗവും പ്രവർത്തനരഹിതമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത ഉപകരണങ്ങൾ ടെണ്ടർ പ്രകാരമാണോ വാങ്ങിയതെന്നും സ്റ്റോർസ് പർച്ചേസ് മാന്വൽ നിബന്ധനകൾ പാലിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

സ്റ്റോർ പർച്ചേസ് മാന്വൽ നിബന്ധനകൾ പൂർണ്ണമായും പാലിച്ചുകൊണ്ട് ദേശീയ തലത്തിൽ പരസ്യം നൽകി ഇ-ടെണ്ടറിംഗിലൂടെയാണ് കൈറ്റ് ഉപകരണങ്ങൾ വാങ്ങിയത്. വിവിധ ഏജൻസികൾ, എം.പി./എം.എൽ.എ. ആസ്തി വികസന ഫണ്ട്, വ്യക്തികൾ, സന്നദ്ധ സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി വിവിധ ഏജൻസികളിലൂടെ പ്രാദേശികമായി ലഭ്യമാക്കുന്നവയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

**മലമ്പുഴ മണ്ഡലത്തിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്ന സ്കൂളുകൾ**

210(1422) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾ നവീകരിക്കുന്നതിനാണ് നടപടികൾ സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ബി) സ്കൂളിന്റെ പേര്, അനുവദിച്ച തുക എന്നീ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പിലെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് മലമ്പുഴ മണ്ഡലത്തിൽ നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | ജി.വി.എച്ച്.എസ്.എസ്. & ടിഎച്ച്.എസ്.എസ്. മരുതുറോഡ് ഏജൻസി: പൊതുമരാമത്ത് വകുപ്പ് | 100 ലക്ഷം രൂപ |
| 2. | ജി.എൽ.പി.എസ്., വെങ്ങോടി ഏജൻസി: പൊതുമരാമത്ത് വകുപ്പ് | 130 ലക്ഷം രൂപ |

**വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ച തുക**

211(1423) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ച തുക, അതിൽനിന്നും ചെലവഴിച്ച തുക, പദ്ധതികൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്കൂൾ ഉച്ചഭക്ഷണ പദ്ധതി, ഡയറ്റ്, സ്കോളർഷിപ്പ് പദ്ധതികൾ എന്നിവയ്ക്ക് കേന്ദ്ര സർക്കാർ അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

**1. സ്കൂൾ ഉച്ചഭക്ഷണ പദ്ധതി**

| സാമ്പത്തിക വർഷം | കേന്ദ്ര സർക്കാർ അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2021-22 | 317.7233 കോടി | 317.7233 കോടി |
| 2022-23 | 292.537 കോടി | 260.1941 |

| | | |
|---|---|---|
| | | കോടി |
| 2023-24 | 178.6743 കോടി (2023 ഡിസംബർ വരെ) | 108.3354 കോടി |

**2. DIET (ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം)**

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22, 2022-23 വർഷങ്ങളിലായി 29.09 കോടി രൂപ ഡയറ്റുകളുടെ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ആയതിൽനിന്നും 26.03 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളിലെ (ഡയറ്റ്) ജീവനക്കാരുടെ ശമ്പളം, പ്രോഗ്രാം & ആക്ടിവിറ്റീസ്, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് മറ്റ് ഓഫീസ് ചെലവുകൾ തുടങ്ങിയവയ്ക്കാണ് തുക ഉപയോഗിക്കാറുള്ളത്.

**3. സ്കോളർഷിപ് പദ്ധതികൾ**

നൂറ് ശതമാനം ഫണ്ട് കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുന്ന കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പ് പദ്ധതികളായ National Means Cum Merit Scholarship, Pre-metric Scholarship for students with Disabilities, Pre-

metric Scholarship scheme for Minorities, Begum Hazrat Mahal National Scholarship എന്നിവയിലെല്ലാം സ്കോളർഷിപ്പ് തുക നേരിട്ട് കുട്ടികളുടെ അക്കൗണ്ടുകളിലേയ്ക്കാണ് നൽകിക്കൊണ്ടിരിക്കുന്നത്.

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാം**

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി മുഖേന നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത സാക്ഷരതാ പദ്ധതിയാണ് 'ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാം'. 5 വർഷമാണ് പദ്ധതിയുടെ കാലയളവ്. ടി പദ്ധതിയുടെ ആദ്യവർഷ പ്രവർത്തനങ്ങൾ (2022-23) നടപ്പിലാക്കുന്നതിനായി കേന്ദ്രവിഹിതമായി 89,92,000/- രൂപയും സംസ്ഥാന വിഹിതമായി 59,94,667/- രൂപയും ഉൾപ്പെടെ ആകെ 1,49,86,667/- രൂപ പദ്ധതി വിഹിതമായി സാക്ഷരതാ മിഷന് അനുവദിച്ചു. പദ്ധതി വിഹിതത്തിൽനിന്നും 2022-23 കാലയളവിൽ 34,75,254/- രൂപയും 2023-24 കാലയളവിൽ 90,69,113/- രൂപയും ഉൾപ്പെടെ ആകെ 1,25,44,367/- രൂപ ചെലവഴിച്ചിട്ടുണ്ട്.

എല്ലാ ജില്ലകളിലെയും തെരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും നിരക്ഷരരായി അവശേഷിക്കുന്ന 15 വയസ്സിന് മുകളിലുള്ള സ്ത്രീകൾ, പെൺകുട്ടികൾ, പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾ, മറ്റ് ഇതര പിന്നാക്ക വിഭാഗങ്ങൾ, ന്യൂനപക്ഷ വിഭാഗങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജൻഡർ-ക്വീയർ വിഭാഗങ്ങൾ, നിർമ്മാണ തൊഴിലാളികൾ, ചേരി/തീരദേശ നിവാസികൾ എന്നിവരാണ് ഈ പദ്ധതിയുടെ പ്രധാന ഗുണഭോക്താക്കൾ.

**സമഗ്രശിക്ഷാ കേരള**

സമഗ്രശിക്ഷാ കേരള, സ്റ്റാർസ് എന്നിവയെ സംബന്ധിക്കുന്ന വിവങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | കേന്ദ്രം അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക |
|---|---|---|
| 2021-22 | 22512.79 | ലഭിച്ച കേന്ദ്ര വിഹിതത്തിനൊപ്പം സംസ്ഥാന വിഹിതം ഉൾപ്പെടെ മുഴുവൻ തുകയും സമഗ്ര ശിക്ഷാ കേരളം ചെലവഴിച്ചിട്ടുണ്ട് |
| 2022-23 | 17815.99 | |

2023-24 സാമ്പത്തിക വർഷത്തിലെ 14105.56 ലക്ഷം രൂപയിൽ 1-ാം ഗഡുവായ 7052.87 ലക്ഷം രൂപയാണ് സമഗ്ര ശിക്ഷയ്ക്ക് ലഭിച്ചത്. 2-ാം ഗഡുവായ 7052.69 ലക്ഷം രൂപ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

**പ്രോഗ്രാമുകൾ**

സൗജന്യ പാഠപുസ്തകങ്ങൾ, സൗജന്യ സ്കൂൾ യൂണിഫോം, ബേസിക് ഇൻഫ്രാസ്ട്രക്ചർ, ടോയ്‌ലറ്റുകൾ, റാമ്പുകൾ മുതലായവ, സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ, സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ തുടങ്ങിയവരുടെ ശമ്പളം.

**സ്റ്റാർസ്**

| വർഷം | കേന്ദ്രം അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2021-22 | 5722.88 | 2854.00 |
| 2022-23 | 6421.72 | 16495.00 |
| 2023-24 | 4516.77 | 5276.45 |

കേന്ദ്രവിഹിതവും അതിനോടൊപ്പം ലഭിച്ച സംസ്ഥാന വിഹിതവും ചേർത്തുള്ള ആകെ തുകയിൽനിന്നുമാണ് ആകെ ചെലവുകൾ നിർവ്വഹിച്ചിട്ടുള്ളത്.

**പ്രോഗ്രാമുകൾ**

വർണ്ണക്കൂടാരം, പഠിപ്പുറസി, സ്കഫോൾഡ്, കരിയർ ഗൈഡൻസ്, അദ്ധ്യാപക പരിശീലനം, പഠനോത്സവം, ബീച്ച് ടു ബെഞ്ച് തുടങ്ങിയവ.

**ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി വാങ്ങിയ ഉപകരണങ്ങൾ**

212(1424) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങിയിരുന്നോ; എങ്കിൽ വിശദമാക്കാമോ?

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ധാരാളം ഇലക്ട്രോണിക് ഉപകരണങ്ങൾ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ

(കൈറ്റ്), എസ്.എസ്.കെ. ഉൾപ്പെടെ വിവിധ ഏജൻസികൾ, എം.പി./എം.എൽ.എ. ആസ്തി വികസന ഫണ്ട്, വ്യക്തികൾ, സന്നദ്ധ സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ ലഭ്യമാക്കുന്നുണ്ട്.

(ബി) ഇതിൽ ടെണ്ടർ നടപടി ക്രമങ്ങളിലൂടെ വാങ്ങിയ ഉപകരണങ്ങൾ ഏതൊക്കെയെന്നും അല്ലാതെ വാങ്ങിയ ഉപകരണങ്ങൾ ഏതൊക്കെയെന്നും തരം തിരിച്ച് നൽകാമോ?

കൈറ്റ് മുഖേന വാങ്ങിയ എല്ലാ ഉപകരണങ്ങളും സ്റ്റോർ പർച്ചേസ് നിബന്ധനകൾ പാലിച്ച് ഇ-ടെണ്ടർ നടപടിക്രമങ്ങളിലൂടെയാണ് വാങ്ങിയത്. വിവിധ ഏജൻസികൾ, എം.പി./എം.എൽ.എ. ആസ്തി വികസന ഫണ്ട്, വ്യക്തികൾ, സന്നദ്ധ സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി വിവിധ ഏജൻസികളിലൂടെ പ്രാദേശികമായി ലഭ്യമാക്കുന്നവയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

(സി) അപ്രകാരം ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങിയതിൽ ഓരോ സ്ഥാപനവുമായും ഉണ്ടാക്കിയ കരാർ വ്യവസ്ഥകൾ, പർച്ചേസ് ഓർഡർ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങിയതിൽ ഓരോ സ്ഥാപനവുമായും ഉണ്ടാക്കിയ മെയിന്റനൻസ് കരാർ വ്യവസ്ഥകളുടെ പകർപ്പ് ലഭ്യമാക്കാമോ?

(സി&ഡി) കൈറ്റുമായി ബന്ധപ്പെട്ട കരാർ വ്യവസ്ഥകൾ, പർച്ചേസ് ഓർഡർ എന്നിവയിൽത്തന്നെ മെയിന്റനൻസ് കരാർ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**സ്കൂൾ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങൾ**

213(1425) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ഹയർ സെക്കൻഡറി സ്കൂളുകളിൽ കഴിഞ്ഞ അക്കാദമിക വർഷം സ്ഥാപിച്ച സ്കൂൾ കാലാവസ്ഥാ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിരീക്ഷണ കേന്ദ്രങ്ങളുടെ പ്രവർത്തന പുരോഗതിയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

കഴിഞ്ഞ അക്കാദമിക് വർഷം 258-ഓളം സ്കൂളുകളിൽ കാലാവസ്ഥാ നിലയങ്ങൾ അനുവദിച്ചിരുന്നു. ഭൂമിശാസ്ത്രം ഐച്ഛിക വിഷയമായിട്ടുള്ള ഹയർ സെക്കൻഡറി സ്കൂളുകളിൽ സ്ഥാപിച്ചിട്ടുള്ള കാലാവസ്ഥ നിരീക്ഷണ കേന്ദ്രങ്ങൾ നിലവിൽ ബഹുഭൂരിപക്ഷം വിദ്യാലയങ്ങളിലും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. പ്ലസ് വൺ, പ്ലസ് ടു പാഠഭാഗങ്ങളുടെ പഠന പ്രവർത്തനവുമായി ബന്ധപ്പെടുത്തി വിദ്യാർത്ഥികൾ ദിവസേന കാലാവസ്ഥാ വിവരങ്ങൾ ശേഖരിക്കുകയും weather data ബുക്കിൽ രേഖപ്പെടുത്തിവയ്ക്കുകയും ചെയ്യുന്നുണ്ട്.

(ബി) വിദ്യാർത്ഥികളുടെ ശാസ്ത്രകൗതുകം വർദ്ധിപ്പിക്കുന്നതിനും ഭൗമാന്തരീക്ഷത്തിലെ വ്യതിയാനങ്ങൾ മനസ്സിലാക്കുന്നതിനും സഹായകരമായ രീതിയിൽ, സംസ്ഥാനത്തെ എല്ലാ ഹയർ സെക്കൻഡറി സ്കൂളുകളിലും ഇത് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഭൂമിശാസ്ത്രം ഐച്ഛിക വിഷയമായിട്ടുള്ള ഹയർ സെക്കൻഡറി സ്കൂളുകൾക്കാണ് നിലവിൽ കാലാവസ്ഥ നിരീക്ഷണ കേന്ദ്രം അനുവദിക്കുന്നതിന് മുൻഗണന നൽകിയിട്ടുള്ളത്. 2024-2025 വർഷത്തെ പ്രോജക്ട് അപ്രൂവൽ ബോർഡിൽ (പി.എ.ബി.) നിന്ന് കൂടുതൽ സ്കൂളുകൾക്ക് അനുമതി കിട്ടുന്ന പക്ഷം പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

(സി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന വിദ്യാഭ്യാസ ചരിത്രത്തിൽ ആദ്യമായി സംഘടിപ്പിച്ച കാലാവസ്ഥാ സമ്മേളനം എല്ലാ വർഷവും നടത്തുന്നതിന് ആലോചനയുണ്ടോയെന്ന് അറിയിക്കാമോ?

ഈ വർഷം നടത്തിയ കാലാവസ്ഥാ സമ്മേളനത്തിന്റെ ഫലമായി കൈവരിച്ച ലക്ഷ്യങ്ങളും പ്രവർത്തന പുരോഗതിയും കുട്ടികൾക്കിടയിൽ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുണ്ടായ അവബോധവും വിലയിരുത്തിയശേഷം ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പൊതുവിദ്യാഭ്യാസ വകുപ്പ് കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

214(1426) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പ് കിഫ്ബി മുഖേന നടപ്പിലാക്കുന്ന ഏതെങ്കിലും പദ്ധതികളുടെ നിർമ്മാണം കിഫ്ബി പാതിവഴിയിൽ മരവിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതികളുടെ പേരും വിശദാംശവും നിർമ്മാണം മരവിപ്പിക്കാനുള്ള കാരണവും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളുടെ ഭൗതിക സൗകര്യ വികസനത്തിനായി കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളൊന്നുംതന്നെ മരവിപ്പിച്ചിട്ടില്ല.

**ഉച്ചഭക്ഷണ പദ്ധതിക്കുള്ള തുക വർദ്ധിപ്പിക്കുവാൻ നടപടി**

215(1427) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ടി. ജെ. വിനോദ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി അനുവദിക്കുന്ന തുക ഭക്ഷ്യവസ്തുക്കളുടെ വിപണി വിലയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ പരിമിതമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉച്ചഭക്ഷണ പദ്ധതിക്കുള്ള തുക വിപണിയിലെ വിലനിലവാരത്തിന് അനുസൃതമായി വർദ്ധിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉച്ചഭക്ഷണ പദ്ധതിയുടെ ഫുഡ് ബാസ്കറ്റിൽ ഉൾപ്പെടുന്ന ചില ഭക്ഷ്യവസ്തുക്കളുടെ വിലയിൽ വന്നിട്ടുള്ള വർദ്ധനവ് കണക്കിലെടുത്ത് നിലവിൽ അനുവദിക്കുന്ന തുക പരിഷ്കരിക്കണമെന്ന് അദ്ധ്യാപക സംഘടനകളും നിരവധി സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റികളും ആവശ്യപ്പെട്ടിട്ടുണ്ട്. വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പദ്ധതി നടത്തിപ്പിന് സ്കൂളുകൾക്ക് അനുവദിക്കുന്ന തുക (മെറ്റീരിയൽ കോസ്റ്റ്) പരിഷ്കരിക്കാനും അതോടൊപ്പം പാൽ, മുട്ട/നേന്ത്രപ്പഴം എന്നിവ നൽകുന്ന സപ്ലിമെന്ററി ന്യൂട്രീഷൻ പരിപാടിക്ക് പ്രത്യേക ഫണ്ട് അനുവദിക്കാനും ശിപാർശ ചെയ്തുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) സ്കൂളുകളിൽ ഉച്ചഭക്ഷണം വിതരണം ചെയ്ത ഇനത്തിൽ അദ്ധ്യാപകർക്ക് തുക വിതരണം ചെയ്യാനുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. 2023 നവംബർ, ഡിസംബർ മാസങ്ങളിലെ പദ്ധതി നടത്തിപ്പിനത്തിൽ 65.82 കോടി രൂപ സ്കൂളുകൾക്ക് വിതരണം ചെയ്യാനുണ്ട്.

(ഡി) പ്രസ്തുത ഇനത്തിൽ കുടിശ്ശികയായ തുക വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കുടിശ്ശിക തുക വിതരണം ചെയ്യുന്നതിനും മറ്റുമായി കേന്ദ്ര-സംസ്ഥാന വിഹിതമുൾപ്പെടെ 91.51405 കോടി രൂപ 09-01-2024-ൽ അനുവദിച്ചിട്ടുണ്ട്. ജനുവരി 31-നകം സ്കൂളുകൾക്ക് കുടിശ്ശിക തുക പൂർണ്ണമായും വിതരണം ചെയ്യുന്നതാണ്.

**സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി**

216(1428) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയിൽ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്ര വീതമാണെന്ന് അറിയിക്കുമോ?

കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന പദ്ധതി അടങ്കൽ തുകയുടെ 60 ശതമാനമാണ് കേന്ദ്രവിഹിതമായി ലഭിക്കുന്നത്. ടി അടങ്കൽ തുകയുടെ 40 ശതമാനവും പദ്ധതി നടത്തിപ്പിന് വരുന്ന അധിക ചെലവും സംസ്ഥാനം വഹിക്കുന്നു. നടപ്പുവർഷം പദ്ധതിക്കുള്ള റിക്കറിംഗ് കേന്ദ്രവിഹിതം 284.3067 കോടി രൂപയാണ്. സംസ്ഥാന വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് 357.7947 കോടി രൂപയാണ്. ഇതിൽ 163.1547 കോടി രൂപ സംസ്ഥാന മാൻഡേറ്ററി വിഹിതവും 194.64 കോടി രൂപ പദ്ധതിക്കുള്ള സംസ്ഥാന അധിക സഹായവുമാണ്.

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രവിഹിതം ലഭിക്കുന്നതിന് പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഒരു വർഷത്തെ കേന്ദ്രവിഹിതം രണ്ട് ഗഡുക്കളായാണ് ലഭിക്കുന്നത്. ആദ്യ ഗഡു കേന്ദ്രവിഹിതം ലഭിക്കുന്നതിന് മുൻവർഷത്തെ ധനവിനിയോഗ പത്രങ്ങളും ടി വർഷം കേന്ദ്ര, സംസ്ഥാന വിഹിതങ്ങൾ ചെലവഴിച്ചതിന്റെ വിശദമായ സ്റ്റേറ്റ്മെന്റുകളും സമർപ്പിക്കണം. ഭക്ഷ്യധാന്യം വിനിയോഗിച്ചതിന്റെ കണക്കുകൾ സമർപ്പിക്കണം. സ്കൂൾ ഉച്ചഭക്ഷണ

പദ്ധതിയുടെ പ്രോഗ്രാം അപ്രൂവൽ ബോർഡ് (PAB) നിശ്ചയിക്കുന്ന കേന്ദ്രവിഹിതം, സംസ്ഥാന മാൻഡേറ്ററി വിഹിതം എന്നിവയ്ക്ക് സംസ്ഥാന ബഡ്ജറ്റിൽ പ്രത്യേക പ്രൊവിഷൻ ഉണ്ടായിരിക്കണം. രണ്ടാം ഗഡുവിനായി ആദ്യ ഗഡു കേന്ദ്രവിഹിതം ചെലവഴിച്ചതിന്റെ വിശദമായ സ്റ്റേറ്റ്മെന്റുകൾ സമർപ്പിക്കണം. കൂടാതെ അനുവദിച്ച കേന്ദ്ര, സംസ്ഥാന വിഹിതങ്ങളുടെ 75 ശതമാനം തുക ചെലവഴിച്ചിരിക്കണം.

(സി) പ്രസ്തുത മാനദണ്ഡങ്ങൾ നാളിതുവരെ സംസ്ഥാന സർക്കാർ കൃത്യമായി പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ കാര്യങ്ങളിലാണ് വീഴ്ച സംഭവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കുള്ള കേന്ദ്രവിഹിതം ലഭിക്കുന്നതിന് പാലിക്കേണ്ട മാനദണ്ഡങ്ങളെല്ലാം നാളിതുവരെ സംസ്ഥാനം കൃത്യമായി പാലിച്ചിട്ടുണ്ട്.

(ഡി) കേന്ദ്രവിഹിതം വിനിയോഗിച്ചത് സംബന്ധിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകളും റിപ്പോർട്ടുകളും കൃത്യമായി നൽകിയിട്ടുണ്ടോ; ഏത് കാലയളവ് വരെയുള്ള രേഖകൾ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

2022-23 വർഷം വരെയുള്ള ധനവിനിയോഗ പത്രങ്ങളും റിപ്പോർട്ടുകളും കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. നടപ്പ് വർഷത്തെ (2023-24) ആദ്യ ഗഡു കേന്ദ്രവിഹിതം ചെലവഴിച്ചതിന്റെ കണക്കുകളും സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡു കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഭാഗം കേന്ദ്രസർക്കാർ റിലീസ് ചെയ്തിട്ടുണ്ട്.

**സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിക്കായി വകയിരുത്തിയ തുക**

217(1429) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉച്ചഭക്ഷണ പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം വകയിരുത്തിയ തുക, കേന്ദ്ര വിഹിതം എന്നിവ തരംതിരിച്ച് വ്യക്തമാക്കാമോ; അതിൽ 2023 ഡിസംബർ വരെ ചെലവഴിച്ച തുക എത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 642.1014 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ

284.3067 കോടി രൂപ കേന്ദ്ര വിഹിതമായും 163.1547 കോടി രൂപ സംസ്ഥാന മാൻഡേറ്ററി വിഹിതമായും 194.64 കോടി രൂപ സംസ്ഥാന അധിക വിഹിതമായും ഉൾപ്പെടുന്നു.

| ബഡ്ജറ്റ് ശീർഷകം | വകയിരുത്തിയിട്ടുള്ള തുക |
|---|---|
| 2202-01-112-90-01-00-0 P-V കേന്ദ്ര വിഹിതം | 284.3067 കോടി |
| 2202-01-112-90-02-00-0 P-V സംസ്ഥാന വിഹിതം | 163.1547 കോടി |
| 2202-01-112-89-00-00-0 P-V സംസ്ഥാന അധിക വിഹിതം | 194.64 കോടി |
| **ആകെ** | **642.1014 കോടി** |

ഈ തുകയിൽനിന്നും നടപ്പ് വർഷത്തെ പദ്ധതി നടത്തിപ്പിനായി 2023 ഡിസംബർ മാസം വരെ 295.013 കോടി രൂപ പാചക ചെലവിനം, കുക്ക് ഓണറേറിയം, അരിയുടെ വില, കടത്തുകൂലി എം.എം.ഇ. എന്നീ ഇനങ്ങളിലായി ചെലവഴിച്ചിട്ടുണ്ട്.

(ബി) സ്കൂളുകളിൽ ഉച്ചഭക്ഷണം നൽകുന്നതുമായി ബന്ധപ്പെട്ട പദ്ധതിക്ക് നിലവിൽ എത്ര രൂപയാണ് കുടിശ്ശികയായിട്ടുള്ളത്?

2023-24 സാമ്പത്തിക വർഷം സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി 2023 ഒക്ടോബർ മാസം വരെയുള്ള പാചക ചെലവിനത്തിലെ തുക സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ 2023 നവംബർ മാസത്തേയ്ക്ക് 36.56 കോടി രൂപയും 2023 ഡിസംബർ മാസത്തേയ്ക്ക് 29.26 കോടി രൂപയും ചേർത്ത് ആകെ 65.82 കോടി രൂപ സ്കൂളുകൾക്ക് കുടിശ്ശികയിനത്തിൽ വിതരണം ചെയ്യേണ്ടതുണ്ട്. കുടിശ്ശിക തുക വിതരണം ചെയ്യുന്നതിനും മറ്റുമായി കേന്ദ്ര-സംസ്ഥാന വിഹിതമുൾപ്പെടെ 91.51405 കോടി രൂപ 09-01-2024-ൽ അനുവദിച്ചിട്ടുണ്ട്. ജനുവരി 31-നകം സ്കൂളുകൾക്ക് കുടിശ്ശിക തുക പൂർണ്ണമായും വിതരണം ചെയ്യുന്നതാണ്.

**പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതി പ്രൊപ്പോസലുകൾ**

218(1430) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ മലപ്പുറം ജില്ലയിലെ എത്ര സർക്കാർ വിദ്യാലയങ്ങൾ പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വൈ.കെ.) പദ്ധതി പ്രൊപ്പോസലുകൾ

സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഇവയിൽ ഏതെല്ലാം സ്കൂളുകളുടെ പ്രൊപ്പോസലുകളാണ് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പി.എം.ജെ.വൈ.കെ. സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

മലപ്പുറം ജില്ലയിലെ 30 സർക്കാർ വിദ്യാലയങ്ങളിൽനിന്നും 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. ഇതിൽപ്പെട്ട ചുവടെ പരാമർശിക്കുന്ന 6 സ്കൂളുകളുടെ പ്രൊപ്പോസലുകൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പി.എം.ജെ.വി.കെ. സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

1. Construction of building for Govt. Manavedan HSS, Nilambur Municipality, Malappuram
2. Construction of Library Building at Mylady in Nilambur Block, Chaliyar GP
3. Construction of Boys Hostel Building at Mylady in Nilambur Block, Chaliyar GP
4. Construction of Building for BUDS School in Ayiroor, Perumpadappu GP
5. Construction of Building for Govt. LPS Valamangalam, Pulpatta GP
6. Infrastructure Development of GHSS - Ponmundam

(ബി) പി.എം.ജെ.വൈ.കെ. പദ്ധതിയിലേയ്ക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; സബ് ജില്ലാ, ജില്ലാ, സംസ്ഥാന വിദ്യാഭ്യാസ ഓഫീസുകൾവഴി നടപടിക്രമങ്ങൾ പാലിച്ചുവരുന്ന പ്രൊപ്പോസലുകൾ വിദ്യാഭ്യാസ വകുപ്പിന് പി.എം.ജെ.വൈ.കെ. സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിലേയ്ക്ക് നേരിട്ട് സമർപ്പിക്കുന്നതിന് സാധിക്കുമോ; സാധിക്കുന്നതല്ലായെങ്കിൽ വിദ്യാഭ്യാസ വകുപ്പ് നേരിട്ട് നൽകുന്ന പ്രൊപ്പോസലുകൾ എപ്രകാരമാണ് പി.എം.ജെ.വൈ.കെ. പദ്ധതിയിലേയ്ക്ക് സമർപ്പിക്കുകയെന്നും അറിയിക്കാമോ?

പി.എം.ജെ.വി.കെ. പദ്ധതിയുടെ മാനദണ്ഡങ്ങളനുസരിച്ച് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സെക്ടറുകൾക്ക് പ്രാധാന്യം നൽകി ബ്ലോക്ക്/ജില്ലാ തലങ്ങളിൽ തയ്യാറാക്കുന്ന പ്രൊപ്പോസലുകൾ ജില്ലാതല കമ്മിറ്റികളുടെ അംഗീകാരത്തോടെ ബന്ധപ്പെട്ട വകുപ്പുകളുടെ ശിപാർശ സഹിതം പദ്ധതിയുടെ അനിവാര്യത ബോധ്യപ്പെടുത്തിക്കൊണ്ട് ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന സംസ്ഥാനതല കമ്മിറ്റിയുടെ പരിഗണനയ്ക്കായി

സമർപ്പിക്കാവുന്നതാണ്. കൂടാതെ പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിച്ച് സബ് ജില്ല, ജില്ല, സംസ്ഥാന വിദ്യാഭ്യാസ ഓഫീസുകൾവഴി പ്രൊപ്പോസലുകൾ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയുടെ ശിപാർശ സഹിതം നേരിട്ട് ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖാന്തരവും സേറ്റ് ലെവൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കാവുന്നതാണ്.

(സി) സംസ്ഥാനത്ത് പി.എം.ജെ.വൈ.കെ. സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ച സ്കൂളുകളുടെ പേരും അപേക്ഷിച്ച തുകയും ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ; ജില്ലാ ലെവൽ കമ്മിറ്റി മുഖേന മാത്രമെ പ്രൊപ്പോസലുകൾ സ്റ്റേറ്റ് ലെവൽ കമ്മിറ്റിക്ക് നൽകാൻ കഴിയൂവെന്ന നിബന്ധന പി.എം.ജെ.വൈ.കെ. പദ്ധതിയുടെ ബൈലോയിൽ ഉണ്ടോ എന്നറിയിക്കാമോ; ജില്ലാ ലെവൽ കമ്മിറ്റികളിൽ പ്രൊപ്പോസലുകളുടെ മുൻഗണന നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്ത് പി.എം.ജെ.വി.കെ. സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ച സ്കൂളുകളുടെ പേരും അപേക്ഷിച്ച തുകയും അനുബന്ധമായി ചേർക്കുന്നു.+ ജില്ലാ ലെവൽ കമ്മിറ്റി മുഖേനയും വിവിധ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പുകൾക്ക് സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നേരിട്ടും പദ്ധതിയിൽ പ്രൊപ്പോസലുകൾ സമർപ്പിക്കാവുന്നതാണ്. ജില്ലാതലത്തിൽ പ്രൊപ്പോസലുകളുടെ മുൻഗണന നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ ലഭ്യമല്ല.

(ഡി) മലപ്പുറം ജില്ലയിലെ നിലമ്പൂർ ഗവൺമെന്റ് മാനവേദൻ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ പ്രൊപ്പോസൽ പി.എം.ജെ.വൈ.കെ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിദ്യാഭ്യാസ വകുപ്പ് മുഖാന്തരം സമർപ്പിച്ച പ്രസ്തുത സ്കൂളിന്റെ പ്രൊപ്പോസൽ പി.എം.ജെ.വൈ.കെ.-യിലേയ്ക്ക് പരിഗണിക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ; ആയത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ന്യൂനപക്ഷ ക്ഷേമ വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കത്തിന്റെ പകർപ്പ് അനുവദിക്കാമോ?

നിലമ്പൂർ ഗവൺമെന്റ് മാനവേദൻ ഹയർ സെക്കൻഡറി സ്കൂളിന്റെ പ്രൊപ്പോസൽ പി.എം.ജെ.വി.കെ. പദ്ധതിയിലുൾപ്പെടുത്തി 25-08-2023-ന് സംസ്ഥാനതല സമിതിയിൽ പരിഗണിച്ചെങ്കിലും പദ്ധതിയുടെ കോസ്റ്റ്

സംബന്ധിച്ച് പരിശോധനാവേളയിൽ അവ്യക്തതയുണ്ടാകുകയും ആയത് പരിഹരിച്ച് പുനഃസമർപ്പിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ വിദ്യാഭ്യാസം, ഗ്രാമവികസനം, ന്യൂനക്ഷേമം, ആരോഗ്യം തുടങ്ങിയ വകുപ്പുകൾക്ക് കീഴിലുള്ള പ്രവൃത്തികൾക്ക് പി.എം.ജെ.വൈ.കെ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ക്രമം/അനുപാതം എപ്രകാരമാണെന്ന് അറിയിക്കാമോ; വിദ്യാഭ്യാസ വകുപ്പ് മുഖാന്തരം നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നൽകുന്ന സ്കൂളുകളുടെ പ്രൊപ്പോസലുകൾക്ക് മുൻഗണന ലഭിക്കാറുണ്ടോ; വിശദമാക്കാമോ?

80 ശതമാനം പദ്ധതികളും മുൻഗണന നൽകേണ്ട മേഖലകളായ വിദ്യാഭ്യാസം, ആരോഗ്യം, നൈപുണ്യവികസനം, കായികം, കുടിവെള്ളം, ശുചിത്വം, സോളാർ എനർജി, ദുരന്തനിവാരണം എന്നീ മേഖലകളിൽ നിന്നുള്ളവയായിരിക്കണമെന്നും 33 മുതൽ 40 ശതമാനം വരെ വനിത/പെൺകുട്ടികൾക്ക് പ്രാധാന്യം നൽകുന്ന പദ്ധതികളായിരിക്കണമെന്നും PMJVK-യുടെ മാർഗ്ഗനിർദ്ദേശത്തിൽ

പറഞ്ഞിട്ടുണ്ട്; എന്നാൽ ഇവയോരോന്നിന്റെയും അനുപാതം പരാമർശിക്കപ്പെട്ടിട്ടില്ല.

**നീന്തൽ, പ്രഥമ ശുശ്രൂഷ എന്നിവയിൽ പ്രായോഗിക പരിശീലനം**

219(1431) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ ജലാശയങ്ങളിലും മറ്റും മുങ്ങിമരിക്കുന്നതും അതുപോലെ പ്രഥമ ശുശ്രൂഷ സംബന്ധമായ പ്രായോഗിക പരിശീലനം വിദ്യാഭ്യാസ കാലഘട്ടത്തിൽ ലഭിക്കാത്തതുമൂലം ഹൃദയാഘാതം, റോഡ് അപകടങ്ങൾ, പാമ്പ്കടി തുടങ്ങിയ അടിയന്തര ശുശ്രൂഷ ആവശ്യമായ ഘട്ടങ്ങളിൽ അവർക്ക് കൃത്യമായ ഇടപെടൽ നടത്താൻ കഴിയുന്നില്ല എന്നുമുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ സ്കൂൾ പാഠ്യപദ്ധതിയിൽ നീന്തൽ പരിശീലനം, പ്രഥമ ശുശ്രൂഷ സംബന്ധമായ പ്രായോഗിക പരിശീലനം എന്നിവ ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി നീന്തൽപരിശീലനം, പ്രഥമ ശുശ്രൂഷ എന്നിവയെ സംബന്ധിച്ച് വിശദമായ ഉള്ളടക്കം വിവിധ പുസ്തകങ്ങളിൽ നേരിട്ടും ഉദ്ഗ്രഥിത രീതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് നിലവിൽ എത്ര പൊതുവിദ്യാലയങ്ങളിൽ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകിവരുന്നുണ്ട്; ആയത് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് കായിക വകുപ്പുമായി ചേർന്ന് പദ്ധതി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തെരഞ്ഞെടുത്ത വിവിധ വിദ്യാലയങ്ങളിൽ നീന്തൽ പരിശീലനം നൽകിവരുന്നുണ്ട്. കായിക വകുപ്പിന്റെ നേതൃത്വത്തിൽ പഞ്ചായത്ത്, സ്പോർട്സ് കൗൺസിലുകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ നീന്തൽ പരിശീലനത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത് പരിഗണിക്കുന്നതാണ്.

**സ്കൂൾ പാഠപുസ്തകം മാറ്റുന്നത് സംബന്ധിച്ച്**

220(1432) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ പാഠപുസ്തകങ്ങൾ മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ?

സംസ്ഥാനത്ത് സ്കൂൾ ക്ലാസുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്, വിപുലമായ ജനകീയ ചർച്ചകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നിലപാട് രേഖകളുടെയും പ്രസ്തുത നിലപാട് രേഖകളുടെ തുടർച്ചയായി രൂപപ്പെടുത്തിയ കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023-ന്റെയും അടിസ്ഥാനത്തിലാണ് പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും പരിഷ്കരിക്കുന്നത്.

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ക്ലാസുകളിലെ പാഠപുസ്തകങ്ങളാണ് മാറ്റാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

പാഠപുസ്തക പരിഷ്കരണം രണ്ട് ഘട്ടങ്ങളായി പൂർത്തിയാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ പ്രീപ്രൈമറി, 1, 3, 5, 7, 9 ക്ലാസുകളിലെ പാഠപുസ്തകങ്ങളും രണ്ടാംഘട്ടത്തിൽ 2, 4, 6, 8, 10

ക്ലാസുകളിലെ പാഠപുസ്തകങ്ങളുമാണ് പരിഷ്കരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ തയ്യാറാക്കുന്ന പാഠപുസ്തകങ്ങൾ 2024-25 അദ്ധ്യയന വർഷം മുതൽ നിലവിൽ വരുന്നതാണ്. രണ്ടാംഘട്ടത്തിൽ തയ്യാറാക്കുന്ന പാഠപുസ്തകങ്ങൾ 2025-26 അദ്ധ്യയന വർഷം മുതൽ കുട്ടികൾക്ക് വിതരണം ചെയ്യുന്നതാണ്.

(സി) ഏത് സാഹചര്യത്തിലാണ് പാഠപുസ്തകങ്ങൾ മാറ്റാൻ തീരുമാനിച്ചതെന്ന് വിശദമാക്കുമോ?

കേരളത്തിൽ സമഗ്രമായ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം നടന്നത് 2007-ലെ കേരള പാഠ്യപദ്ധതി ചട്ടക്കൂടിന്റെ അടിസ്ഥാനത്തിലാണ്. 2013-ൽ തയ്യാറാക്കിയ വിദ്യാഭ്യാസ നയരേഖയുടെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങളിലെ ഉള്ളടക്കത്തിൽ മാറ്റം വരുത്തിയിരുന്നെങ്കിലും അടിസ്ഥാന സമീപനത്തിൽ മാറ്റം വരുത്തിയിട്ടുണ്ടായിരുന്നില്ല. അതായത്, കേരളത്തിൽ സമഗ്രമായ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം ഒന്നര പതിറ്റാണ്ട് പിന്നിടുകയാണ്. ഇക്കാലയളവിൽ വൈജ്ഞാനിക രംഗത്തും ആധുനിക സാങ്കേതിക രംഗത്തും അറിവിന്റെ നാനാമേഖലകളിലുമുണ്ടായ വളർച്ചയും വികാസവും പരിഗണിച്ചാണ് പാഠ്യപദ്ധതി പരിഷ്കരണം

നടപ്പാക്കുന്നത്. കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം, പരിസരശുചിത്വം, മാലിന്യ പ്രശ്നം, പ്രകൃതിദുരന്തങ്ങൾ പോലുള്ള വർത്തമാനകാല യാഥാർത്ഥ്യങ്ങളും പാഠ്യപദ്ധതി പരിഷ്കരണത്തിൽ പരിഗണിക്കുന്നു. പുരോഗമനപരമായ നിലപാട് സ്വീകരിക്കുന്ന, മതനിരപേക്ഷ ജനാധിപത്യ ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന, സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു സമൂഹത്തെ രൂപപ്പെടുത്തുക എന്ന കാഴ്ചപ്പാടാണ് പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ മുന്നോട്ടുവയ്ക്കുന്നത്.

**സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം**

221(1433) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 അദ്ധ്യയന വർഷത്തിൽ സ്കൂൾ പാഠ്യപദ്ധതി കാലോചിതമായി പരിഷ്കരിക്കുവാൻ വിദ്യാഭ്യാസ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഏതൊക്കെ ക്ലാസ്സിലെ ഏതൊക്കെ വിഷയങ്ങളാണ് പരിഷ്കരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്?

പാഠപുസ്തക പരിഷ്കരണം രണ്ട് ഘട്ടങ്ങളായി പൂർത്തിയാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ പ്രീപ്രൈമറി, 1, 3, 5, 7, 9 ക്ലാസുകളിലെ എല്ലാ പാഠപുസ്തകങ്ങളും രണ്ടാംഘട്ടത്തിൽ 2, 4, 6, 8, 10 ക്ലാസുകളിലെ എല്ലാ പാഠപുസ്തകങ്ങളുമാണ് പരിഷ്കരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ തയാറാക്കുന്ന പാഠപുസ്തകങ്ങൾ 2024-25 അദ്ധ്യയന വർഷം മുതൽ നിലവിൽ വരുന്നതാണ്. രണ്ടാംഘട്ടത്തിൽ തയ്യാറാക്കുന്ന പാഠപുസ്തകങ്ങൾ 2025-26 അദ്ധ്യയന വർഷം മുതൽ കുട്ടികൾക്ക് ലഭ്യമാക്കുന്നതാണ്.

(സി) ഇതിനായി നാളിതുവരെ വിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ?

പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. കേരളം തനതായി പാഠ്യപദ്ധതി പരിഷ്കരിക്കാനാണ് തീരുമാനിച്ചത്. ജനകീയമായ ചർച്ചകളും പഠനങ്ങളും നടത്തി കേരളത്തിന്റെ തനിമ

നിലനിൽക്കുന്ന പാഠ്യപദ്ധതി രൂപീകരിക്കുന്നതിനാണ് ശ്രമങ്ങൾ നടത്തിയിട്ടുള്ളത്.

2. ആദ്യഘട്ടമെന്ന നിലയ്ക്ക് സ്കൂൾ വിദ്യാഭ്യാസത്തിലെ വിവിധ മേഖലകളെ സംബന്ധിച്ചുള്ള നിലപാട് രേഖകൾ (പൊസിഷൻ പേപ്പറുകൾ) തയാറാക്കുന്ന പ്രവർത്തനങ്ങളാണ് നടത്തിയത്.

3. പൊസിഷൻ പേപ്പറുകൾ തയാറാക്കുന്നതിന് മുമ്പുതന്നെ കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും അഭിപ്രായങ്ങളും നിർദേശങ്ങളും സ്വരൂപിക്കുന്നതിനായി 'കേരള പാഠ്യപദ്ധതി ചട്ടക്കൂടുകൾ സമൂഹ ചർച്ചയ്ക്കായുള്ള കുറിപ്പുകൾ' എന്ന ഒരു കൈപ്പുസ്തകം എസ്.സി.ഇ.ആർ.ടി. തയാറാക്കി പ്രസിദ്ധീകരിച്ചു.

4. പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട ജനങ്ങളുടെ അഭിപ്രായ സ്വരൂപീകരണത്തിനായി സ്കൂൾ, പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തലത്തിലും ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും ജനകീയ അഭിപ്രായ ശേഖരണത്തിനുവേണ്ടി വിപുലമായ ചർച്ചകൾ നടത്തി.

5. പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനത്തിൽ മുതിർന്നവരുടെ അഭിപ്രായങ്ങൾ തേടിയതിനൊപ്പംതന്നെ കുട്ടികളുടെ അഭിപ്രായങ്ങളും വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ശേഖരിച്ചിട്ടുണ്ട്.

6. കൂടാതെ പൊതുജനങ്ങൾക്ക് അഭിപ്രായം രേഖപ്പെടുത്തുന്നതിന് ഒരു ടെക് പ്ലാറ്റ്ഫോമും ഒരുക്കി.

7. ജനകീയ ചർച്ചകളിലൂടെ ഉയർന്നുവന്ന നിർദ്ദേശങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് അതത് വിഷയ മേഖലകളുമായി ബന്ധപ്പെട്ട ഫോക്കസ് ഗ്രൂപ്പുകൾ പരിഗണിക്കുകയും അവയുടെകൂടി അടിസ്ഥാനത്തിൽ നിലപാട് രേഖ തയ്യാറാക്കുകയും ചെയ്തു.

8. ഇങ്ങനെ തയ്യാറാക്കിയ നിലപാട് രേഖയിലെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പാഠ്യപദ്ധതി ചട്ടക്കൂടുകളുടെ കരട് രൂപീകരിച്ചു.

9. പ്രീ സ്കൂൾ വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം എന്നീ മേഖലകളിലായി നാല് പാഠ്യപദ്ധതി ചട്ടക്കൂടുകളാണ് തയാറാക്കിയത്. പാഠ്യപദ്ധതി ചട്ടക്കൂടുകളും വ്യത്യസ്ത തലത്തിലുള്ള ചർച്ചകൾക്ക്

വിധേയമാക്കിക്കൊണ്ടാണ് അന്തിമമായി പാഠ്യപദ്ധതി രൂപീകരിച്ചിട്ടുള്ളത്.

10. ഇത്തരത്തിൽ തയ്യാറാക്കിയ നാല് പാഠ്യപദ്ധതി ചട്ടക്കൂടുകളുടെ അടിസ്ഥാനത്തിൽ പ്രീപ്രൈമറി മുതൽ ഹയർസെക്കൻഡറി ക്ലാസുകൾ വരെ വിവിധ വിഷയങ്ങളുടെ സിലബസ് തയ്യാറാക്കി.

11. പാഠ്യപദ്ധതി ചട്ടക്കൂടുകളുടെ അടിസ്ഥാന സമീപനത്തിന് അനുസൃതമായ തീരുമാനങ്ങൾ പരിഗണിച്ചാണ് സിലബസ് തയ്യാറാക്കിയിട്ടുള്ളത്.

12. ആദ്യഘട്ടത്തിൽ 1, 3, 5, 7, 9 ക്ലാസുകളിലായി 270 (ഭാഗം 1, 2) ടൈറ്റിൽ പാഠപുസ്തകങ്ങളാണ് തയ്യാറാക്കിയിട്ടുള്ളത്.

13. ഓരോ ടൈറ്റിലിനും അഡ്വൈസർ, ചെയർപേഴ്സൺ, രണ്ട് വിദഗ്ധർ, എട്ട് പാഠപുസ്തക രചയിതാക്കൾ എന്നിവർ ഉൾപ്പെട്ട പാഠപുസ്തക രചനാസമിതി രൂപീകരിക്കുകയുണ്ടായി. ഈ സമിതിയുടെ നേതൃത്വത്തിലാണ് പാഠപുസ്തകരചനാ പ്രവർത്തനങ്ങൾ നടന്നത്.

14. തുടർന്ന് ഓരോ വിഷയത്തിന്റെയും വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് എക്സ്പേർട്ട് കമ്മിറ്റി രൂപീകരിക്കുകയും തയ്യാറാക്കിയ പാഠപുസ്തകങ്ങൾ എക്സ്പേർട്ട് കമ്മിറ്റി സൂക്ഷ്മമായി പരിശോധിക്കുകയുമുണ്ടായി.

15. ഈ വിദഗ്ധ സമിതിയുടെ അഭിപ്രായങ്ങളും നിരീക്ഷണങ്ങളും പരിഗണിച്ച് തയ്യാറാക്കിയ പാഠപുസ്തകങ്ങളിൽ ആവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തുകയുണ്ടായി.

16. തുടർന്ന് സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിങ് കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടുന്ന കരിക്കുലം സബ് കമ്മിറ്റി ഓരോ വിഷയത്തിനും പ്രത്യേകമായി രൂപീകരിച്ചു. തയ്യാറാക്കിയ പാഠപുസ്തകങ്ങൾ കരിക്കുലം സബ് കമ്മിറ്റിയുടെ വിദഗ്ധ പരിശോധനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുകയുണ്ടായി.

17. കരിക്കുലം സബ് കമ്മിറ്റിയുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചുകൊണ്ട് ഫൈനലൈസേഷൻ ശില്പശാലയിലൂടെ ആവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തി.

18. ഇത്തരത്തിൽ തയ്യാറാക്കിയ പാഠപുസ്തകങ്ങൾ സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിങ് കമ്മിറ്റി അംഗീകരിച്ചു. ഈ പാഠപുസ്തകങ്ങൾ പ്രിന്റിംഗിനായി കെ.ബി.പി.എസ്.-ന് കൈമാറുകയും സമയബന്ധിതമായി കുട്ടികൾക്ക് ലഭ്യമാക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) പരിഷ്കരിക്കുന്ന പാഠ്യപദ്ധതി ചട്ടക്കൂടിന്റെ കരട് എന്നത്തേയ്ക്ക് തയ്യാറാക്കി നൽകാനാണ് പാഠ്യപദ്ധതി പരിഷ്കരണ കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഒന്നാം ഘട്ടത്തിൽ തയ്യാറാക്കേണ്ട പാഠപുസ്തകങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. 2024-25 അദ്ധ്യയന വർഷം മുതൽ ഈ പാഠപുസ്തകങ്ങൾ നിലവിൽ വരുന്നതാണ്.

**പ്രൈമറി ഹെഡ്മാസ്റ്റർമാർക്ക് അനുവദിച്ച ശമ്പളസ്കെയിലും ഹയർ ഗ്രേഡും നടപ്പിലാക്കാൻ നടപടി**

222(1434) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൈമറി ഹെഡ്മാസ്റ്റർമാർക്ക് ശമ്പളസ്കെയിലും ഹയർ ഗ്രേഡും അനുവദിച്ച ഉത്തരവ് നാളിതുവരെ നടപ്പിലാക്കാത്ത എ.ഇ.ഒ. ഓഫീസുകൾ ഉണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചില ജില്ലകളുടെ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതിയ ഉത്തരവ് പ്രകാരം പ്രൈമറി ഹെഡ്മാസ്റ്റർമാർക്ക് ശമ്പളസ്കെയിലും ഹയർ ഗ്രേഡും നൽകാൻ എ.ഇ.ഒ. ഓഫീസിൽനിന്നും ഡെപ്യൂട്ടി ഡയറക്ടറോട് സ്പഷ്ടീകരണം ചോദിച്ച കാര്യം സർക്കാർ പരിശോധിക്കുമോ;

(സി) ഇത്തരത്തിൽ എത്ര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സ്പഷ്ടീകരണം ചോദിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര ഡെപ്യൂട്ടി ഡയറക്ടർമാർ ക്ലാരിഫിക്കേഷൻ നൽകിയിട്ടുണ്ടെന്നും വിശദമാക്കുമോ; ഡെപ്യൂട്ടി ഡയറക്ടർമാർ നൽകിയ ക്ലാരിഫിക്കേഷന്റെ പകർപ്പ് ലഭ്യമാക്കുമോ?

(ബി&സി) 19-10-2023-ലെ സ.ഉ.(സാധാ) നം. 6414/2023/പൊവിവ. ഉത്തരവ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മൂന്ന് ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ വിദ്യാഭ്യാസ ഉപഡയറക്ടർമാരോട് സ്പഷ്ടീകരണം

ചോദിക്കുകയും രണ്ട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് തിരുവനന്തപുരം ജില്ല വിദ്യാഭ്യാസ ഉപഡയറക്ടർ ക്ലാരിഫിക്കേഷൻ നൽകുകയും ചെയ്തിട്ടുണ്ട്. ചാലക്കുടി ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് ക്ലാരിഫിക്കേഷൻ നൽകുന്നതിനുള്ള നടപടി തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിച്ചുവരുന്നു. ഈ വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറിൽനിന്നും പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് സർക്കാർ തലത്തിൽ പരിശോധിക്കുന്നതാണ്. തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ലഭ്യമാക്കിയ ക്ലാരിഫിക്കേഷന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**എറണാകുളം ജില്ലയിലെ എൽ.പി., യു.പി. അസിസ്റ്റന്റ് ഒഴിവുകൾ**

223(1435) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഗവൺമെന്റ് സ്കൂളുകളിലെ ഒഴിവുകൾ 2023-24 അദ്ധ്യയന വർഷം എ.ഇ.ഒ./ഡി.ഇ.ഒ. ഓഫീസുകളിൽനിന്ന് ഡി.ഡി.ഇ. ഓഫീസിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) 2023-24 അദ്ധ്യയന വർഷം ഗവൺമെന്റ് എൽ.പി./യു.പി. അസിസ്റ്റന്റ് തസ്തികകളിൽ അധിക ഡിവിഷനുകൾക്കുള്ള ശിപാർശ എറണാകുളം ജില്ലാ ഓഫീസിൽനിന്നും നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. എൽ.പി.എസ്.ടി. 3-ഉം, യു.പി.എസ്.ടി. 19-ഉം അധിക തസ്തികകൾ എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽനിന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) അദ്ധ്യയനവർഷാരംഭത്തിൽ പ്രൈമറി സ്കൂളുകളിൽ പ്രധാന അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതായുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ; അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉണ്ട്. ലഭ്യമായ പരാതികളിന്മേൽ സമയബന്ധിതമായി തീരുമാനം കൈക്കൊണ്ട് ഒഴിഞ്ഞുകിടന്ന തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) എൽ.പി./യു.പി. അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ എത്രയെന്ന് സ്കൂൾ അടിസ്ഥാനത്തിൽ വേർതിരിച്ച് നൽകാമോ?

എൽ.പി.എസ്.ടി. - 101

യു.പി.എസ്.ടി. - 26

ഒഴിവ് സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഇ) ഓരോ മാസവും ഉണ്ടാകുന്ന ഒഴിവുകൾ അതത് മാസംതന്നെ റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ; വിശദമാക്കാമോ?

അദ്ധ്യാപക തസ്തികകളിൽ എല്ലാ മാസവും ഒഴിവുകൾ ഉണ്ടാകാറില്ല. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത് കേഡർ സ്ട്രെങ്ത് പ്രകാരമാണ്.

## പ്ലസ് വൺ സ്കൂൾ മാറ്റം ലഭിക്കുന്നതിലെ കാലതാമസം

224(1436) <u>ശ്രീ. എ. രാജ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പ്ലസ് വൺ സ്കൂൾ മാറ്റം ലഭിക്കുന്നതിന് ഇടുക്കി ജില്ലയിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിരുന്നുവെന്ന് അറിയിക്കുമോ; ഇവയിൽ എത്ര അപേക്ഷകളിൽ സ്കൂൾ മാറ്റ ഉത്തരവ് നൽകിയെന്ന് വ്യക്തമാക്കാമോ?

പ്ലസ് വൺ സ്കൂൾ മാറ്റം ലഭിക്കുന്നതിന് ഓൺലൈനായി 2 പ്രാവശ്യം സ്കൂൾ ട്രാൻസ്ഫറിന് അവസരം നൽകിയിരുന്നു. ഒന്നാമത്തെ സ്കൂൾ ട്രാൻസ്ഫറിൽ ഇടുക്കി ജില്ലയിൽനിന്നും ലഭിച്ച 1049 അപേക്ഷകളിൽ 481 പേർക്കും, രണ്ടാമത്തെ സ്കൂൾ ട്രാൻസ്ഫറിൽ ഇടുക്കി ജില്ലയിൽനിന്നും ലഭിച്ച 452 അപേക്ഷകളിൽ 279 പേർക്കും ട്രാൻസ്ഫർ ലഭിക്കുകയുണ്ടായി. സർക്കാരിൽ ലഭിച്ച സ്കൂൾ മാറ്റം സംബന്ധിച്ച അപേക്ഷകളിൽ മാനുഷിക പരിഗണന അർഹിക്കുന്നവർക്കെല്ലാം സ്കൂൾ മാറ്റം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) പ്ലസ് വൺ സ്കൂൾ മാറ്റം ലഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടും ഉത്തരവ് ലഭിക്കുന്നതിന് കാലതാമസം നേരിടാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മുൻകൂട്ടി പ്രസിദ്ധീകരിച്ച ഷെഡ്യൂൾ പ്രകാരം ഏകജാലക സംവിധാനംവഴി ഓൺലൈനായി അപേക്ഷ ക്ഷണിച്ച് സമയബന്ധിതമായാണ് സ്കൂൾ ട്രാൻസ്ഫർ നടപടികൾ പൂർത്തിയാക്കിയത്.

**2023-34 അദ്ധ്യയന വർഷത്തെ പ്ലസ് വൺ പ്രവേശനം**

225(1437) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2023-24 അദ്ധ്യയന വർഷം പ്ലസ് വൺ പ്രവേശനം പൂർത്തിയായപ്പോൾ 25-ൽ താഴെ കുട്ടികളുള്ള ബാച്ചുകൾ എത്രയാണ്?

2023-24 അദ്ധ്യയന വർഷം പ്ലസ് വൺ പ്രവേശനം പൂർത്തിയായപ്പോൾ 25-ൽ താഴെ കുട്ടികളുള്ള 129 ബാച്ചുകൾ സർക്കാർ, എയ്ഡഡ് സ്കൂളുകളിലുണ്ട്.

(ബി) കുട്ടികൾ കുറവുള്ള ബാച്ചുകളുടെ എണ്ണം സ്കൂൾ, ജില്ല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

കുട്ടികൾ കുറവുള്ള ബാച്ചുകളുടെ എണ്ണം സ്കൂൾ, ജില്ല അടിസ്ഥാനത്തിൽ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(സി) കുട്ടികൾ കുറവുള്ള ബാച്ചുകൾ സീറ്റ് കുറവുള്ള മേഖലകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

മുൻ വർഷങ്ങളിൽ കുട്ടികൾ കുറവുള്ള ബാച്ചുകൾ ആവശ്യമുള്ള പ്രദേശങ്ങളിലേയ്ക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. 2023-24 അദ്ധ്യയന വർഷം പ്രവേശനം പൂർത്തീകരിച്ചപ്പോൾ കുട്ടികൾ കുറവുള്ള ബാച്ചുകളെ സംബന്ധിച്ച് മുൻ കാലങ്ങളിലെ പ്രസ്തുത ബാച്ചുകളിലെ പ്രവേശന വിവരങ്ങളുംകൂടി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ ഗ്രേസ് മാർക്ക്**

226(1438) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്ക് നിലവിൽ നൽകുന്ന ഗ്രേസ് മാർക്ക് എത്രയാണ്?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

15 മാർക്ക്.

(ബി) മറ്റ് ക്ലബുകളായ എൻ.സി.സി., എൻ.എസ്.എസ്., സ്കൗട്ട് ആൻഡ് ഗൈഡ്, എസ്.പി.സി. എന്നിവയിലെ വിദ്യാർത്ഥികൾക്ക് നൽകുന്നതിനേക്കാൾ കുറഞ്ഞ ഗ്രേസ് മാർക്ക് ആണ് ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾക്ക് നൽകുന്നതെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(സി) മറ്റ് ക്ലബുകളായ എൻ.സി.സി., എൻ.എസ്.എസ്., സ്കൗട്ട് ആൻഡ് ഗൈഡ്, എസ്.പി.സി. എന്നിവയിലെ വിദ്യാർത്ഥികൾക്ക് നൽകുന്നതുപോലെ 20 മാർക്ക് തന്നെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്കും ഗ്രേസ് മാർക്കായി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

20-04-2023-ലെ സ.ഉ.(സാധാ) നം. 2534/2023/പൊ.വി.വ. പ്രകാരം എല്ലാ ഇനങ്ങളുടെയും ഗ്രേസ് മാർക്ക് പരിഷ്കരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ, അക്കാദമിക മികവ് പുലർത്തുന്ന

വിദ്യാർത്ഥികളേക്കാൾ ഉയർന്ന മാർക്കുകൾ ഗ്രേസ് മാർക്കിന്റെ ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിനാലും പ്ലസ് വൺ അഡ്മിഷന് പരിഗണിക്കുമ്പോൾ ഗ്രേസ് മാർക്കിലൂടെ അധികമായി ഇൻഡക്സ് മാർക്ക് ലഭിക്കുന്നുവെന്നും ആയതിനാൽ ഗ്രേസ് മാർക്ക് ലഭിച്ചവർ മികച്ച അക്കാദമിക് നിലവാരമുള്ളവരെ അപേക്ഷിച്ച് മുൻപന്തിയിൽ എത്തുകയും ചെയ്യുന്നുവെന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത് പരിശോധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് ഗ്രേസ് മാർക്ക് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഓരോ ഇനങ്ങൾക്കും ഗ്രേസ് മാർക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് യോഗം നടത്തുകയും അതിൽനിന്നും വന്ന നിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ് എൻ.സി.സി., എൻ.എസ്.എസ്., സ്കൗട്ട്&ഗൈഡ്, എസ്.പി.സി., ലിറ്റിൽ കൈറ്റ്സ് എന്നിവയ്ക്ക് ഗ്രേസ് മാർക്ക് അനുവദിച്ചിട്ടുള്ളത്.

**ഹൈസ്കൂൾ കായികാദ്ധ്യാപക തസ്തികയുടെ യോഗ്യത**

227(1439) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾ കായികാദ്ധ്യാപക തസ്തികയ്ക്ക് എൻ.സി.ഇ.ആർ.ടി. നിശ്ചയിച്ച യോഗ്യതയായ ഫിസിക്കൽ എജ്യുക്കേഷൻ ബാച്ചിലർ ബിരുദം പ്രാവർത്തികമാക്കണമെന്ന കേരള ഹൈക്കോടതിയുടെ 05-10-2023-ലെ വിധിന്യായത്തിന്മേൽ വ്യക്തത വരുത്തി സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവിന്റെ അഭാവത്തിൽ മലപ്പുറമടക്കമുള്ള വിവിധ ജില്ലകളിൽ പി.എസ്.സി.-ക്ക് പ്രസിദ്ധീകരിക്കാനാവാത്ത ഹൈസ്കൂൾ കായികാദ്ധ്യാപക ലിസ്റ്റുകളെ യോഗ്യത പുതുക്കി നിശ്ചയിച്ച് പ്രസിദ്ധീകരിക്കാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഹൈസ്കൂൾ കായികാദ്ധ്യാപക തസ്തികയ്ക്ക് എൻ.സി.ഇ.ആർ.ടി. നിശ്ചയിച്ച യോഗ്യതയായ ഫിസിക്കൽ എഡ്യൂക്കേഷൻ ബാച്ചിലർ ബിരുദം പ്രാവർത്തിക മാക്കണമെന്ന കേരള ഹൈക്കോടതിയുടെ 05-10-2023-ലെ വിധിന്യായം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ശ്രീ. മാഹിർ ഹസ്സൻ എം. കെ. മുതൽപേർ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത

ഒ.എ. (ഇ.കെ.എം.) നം.1272/2021-ന്റെ 05-10-2023-ലെ ഇടക്കാല ഉത്തരവിൽ 30-12-2020-ലെ കാറ്റഗറി നമ്പർ 388/2020 പ്രകാരമുള്ള സെലക്ഷൻ നടപടികൾ എൻ.സി.ഇ.ആർ.ടി. നിശ്ചയിച്ചിട്ടുള്ള യോഗ്യതയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തണമെന്നത് പരിഗണിക്കണമെന്ന് കേരള പബ്ലിക് സർവീസ് കമ്മീഷന് നിർദേശം നൽകിയിരുന്നു. ഹൈസ്കൂൾ കായികാദ്ധ്യാപക തസ്തികയുടെ യോഗ്യത പുനർനിർണയിച്ച് സർക്കാർ ഉത്തരവിറക്കിയിട്ടില്ല.

**പ്ലസ് വൺ ഏക ജാലക സംവിധാനം**

228(1440) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്ലസ് വൺ ഏകജാലക സംവിധാന പ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ ട്രാൻസ്ഫർ നൽകുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

പ്ലസ് വൺ ഏകജാലക സംവിധാന പ്രകാരം പ്രവേശനം ലഭിച്ച അസുഖബാധിതർ, ഭിന്നശേഷിക്കാർ, വളരെ അകലെയുള്ളതും

യാത്രാസൗകര്യം കുറവുള്ളതുമായ സ്കൂളുകളിൽ പ്രവേശനം ലഭിച്ചവർ, കുടുംബത്തിൽ ആകസ്മിക പ്രശ്നങ്ങൾ/പരാധീനതകൾ അനുഭവിക്കുന്നവർ എന്നിങ്ങനെ മാനുഷിക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക്, അവരുടെ പ്രത്യേക സാഹചര്യം പരിഗണിച്ചും മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലുമാണ് സ്പെഷ്യൽ ട്രാൻസ്ഫർ അനുവദിക്കുന്നത്.

സ്പെഷ്യൽ ട്രാൻസ്ഫർ നൽകുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല.

**ചാലക്കുടി ഗവ. മോഡൽ ബോയ്സ് ഹൈസ്കൂളിലെ ഗ്രൗണ്ടിന്റെയും പവലിയന്റെയും നിർമ്മാണം**

229(1441) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഗവ. മോഡൽ ബോയ്സ് ഹൈസ്കൂളിൽ ഗ്രൗണ്ടും പവലിയനും നിർമ്മിക്കുന്നതിനായി കായിക യുവജനക്ഷേമ വകുപ്പ് തയ്യാറാക്കിയ ധാരണാപത്രത്തിൽ (എം.ഒ.യു.) പൊതുവിദ്യാഭ്യാസ വകുപ്പ് മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയും ഇടപെടലും ഉറപ്പാക്കുന്ന തരത്തിൽ എം.ഒ.യു. (MOU) തയ്യാറാക്കുകയാണ് ചെയ്തിട്ടുള്ളത്.

(ബി) എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്നും ഈ മാറ്റങ്ങൾ വരുത്തിയത് ആരാണെന്നും ഇത്തരത്തിൽ മാറ്റം വരുത്തിയത് എന്തിനാണെന്നും വിശദീകരിക്കുമോ?

ഗ്രൗണ്ടിന്റെ ഉടമസ്ഥതയിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ താല്പര്യം മുൻ നിർത്തി ഗ്രൗണ്ടിന്റെ നടത്തിപ്പ് അറ്റകുറ്റപ്പണികൾ, വരുമാനം എന്നിവ സംബന്ധിച്ചാണ് മാറ്റങ്ങൾ വരുത്തിയിട്ടുള്ളത്. പൊതുവിദ്യാഭ്യാസ വകുപ്പിനുവേണ്ടി പൊതുവിദ്യാഭ്യാസ ഡയറക്ടറാണ് ആവശ്യമായ ഇടപെടലുകൾ നടത്തിയിട്ടുള്ളത്.

(സി) ധാരണാപത്രത്തിൽ മാറ്റം വരുത്തിയിട്ടുള്ളത് പൊതുവിദ്യാഭ്യാസ വകുപ്പും കായിക യുവജനക്ഷേമ വകുപ്പും കൂടിയാലോചിച്ചിട്ടാണോ; അല്ലെങ്കിൽ ഏകപക്ഷീയമായി മാറ്റം വരുത്തിയതിന്റെ കാരണം വെളിപ്പെടുത്തുമോ?

കായിക യുവജനക്ഷേമ വകുപ്പ് തയ്യാറാക്കി നൽകിയ എം.ഒ.യു.-വിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ താല്പര്യം സംരക്ഷിക്കുന്നതിനുള്ള കാര്യങ്ങൾ ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

(ഡി) ധാരണാപത്രത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ കായിക യുവജനക്ഷേമ വകുപ്പ് അംഗീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

സ്കൂൾ ഹെഡ്മാസ്റ്റർ ഒപ്പുവച്ച എം.ഒ.യു. കായിക യുവജനക്ഷേമ ഡയറക്ടർക്ക് നൽകിയെങ്കിലും ടി കാര്യാലയത്തിൽനിന്നും മറുപടി ലഭിച്ചിട്ടില്ല.

(ഇ) സംസ്ഥാനത്തെ ഏതൊക്കെ സ്കൂളുകളിൽ ഗ്രൗണ്ട് നിർമ്മാണത്തിനായി പൊതുവിദ്യാഭ്യാസ വകുപ്പും കായിക യുവജനക്ഷേമ വകുപ്പും ധാരണാപത്രങ്ങൾ ഒപ്പ് വച്ചിട്ടുണ്ടെന്നും പ്രസ്തുത ധാരണാപത്രങ്ങളിൽ മേൽപ്പറഞ്ഞ പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

ചാലക്കുടി ഗവ. എച്ച്.എസ്.എസ്.-ൽ കായിക യുവജനക്ഷേമ വകുപ്പുമായി ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

കുന്നംകുളം മോഡൽ ബോയ്സ് ഹൈസ്കൂളിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള ധാരണാപത്രം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിശോധനയിലാണ്.

(എഫ്) ചാലക്കുടി ഗവ. മോഡൽ ബോയ്സ് ഹൈസ്കൂളിൽ ഗ്രൗണ്ടും പവലിയനും നിർമ്മിക്കുന്നതിനായി ഒപ്പിടേണ്ട ധാരണാപത്രം സംബന്ധിച്ച് വകുപ്പുകൾ തമ്മിലുള്ള തർക്കം എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

കായിക യുവജനക്ഷേമ വകുപ്പ് തയ്യാറാക്കി നൽകിയ എം.ഒ.യു.-വിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് ആവശ്യമായ കാര്യങ്ങൾ ഉൾപ്പെടുത്തി കായിക യുവജനക്ഷേമ ഡയറക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ടി വകുപ്പ് പരിശോധിച്ച് നൽകിയശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

**സ്കൂളുകളിൽ റോബോട്ടിക് ലാബുകൾ**

230(1442) <u>ശ്രീ. കെ. ബാബു (നെന്മാറ):</u>
<u>ശ്രീമതി യു. പ്രതിഭ:</u>
<u>ശ്രീ. കെ. വി. സുമേഷ്:</u>
<u>ഡോ. സുജിത് വിജയൻപിള്ള:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. രംഗത്ത് അധ്യാപകരുടെയും വിദ്യാർഥികളുടെയും പ്രാഗത്ഭ്യം വളർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

അധ്യാപകർക്ക് അടിസ്ഥാന ഐ.ടി. നൈപുണികൾ നേടുന്നതിനായി അടിസ്ഥാന പരിശീലനം, ഓരോ ഐ.ടി. പാഠപുസ്തകവും വിനിമയം ചെയ്യുന്നതിന് സഹായകമായ പ്രത്യേക പരിശീലനങ്ങൾ, സ്വതന്ത്ര സോഫ്റ്റ്‌വെയർ ഓപ്പറേറ്റിംഗ് സിസ്റ്റം, എഡ്യൂക്കേഷണൽ പാക്കേജുകൾ, പരീക്ഷാ സോഫ്റ്റ്‌വെയർ, ഇന്റർനെറ്റ് പരിശീലനം, സൈബർ സേഫ്റ്റി, വ്യാജ വാർത്തകൾ തിരിച്ചറിയൽ, ഇലക്ട്രോണിക്സ്, റോബോട്ടിക്സ്, മലയാളം കമ്പ്യൂട്ടിംഗ് തുടങ്ങി കമ്പ്യൂട്ടർ/ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരിശീലനങ്ങൾ അതത് കാലയളവിൽ കൈറ്റിന്റെ നേതൃത്വത്തിൽ നൽകുന്നുണ്ട്. അധ്യാപകരോടൊപ്പം വിദ്യാർത്ഥികൾക്കും സാങ്കേതികവിദ്യയിൽ പ്രത്യേക പരിശീലനം നൽകുന്നതിന് ഓരോ ഹൈസ്കൂളിലും താല്പര്യമുള്ള കുട്ടികളെ തെരഞ്ഞെടുത്ത് ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ രൂപീകരിക്കുകയും ഐ.ടി. പാഠപുസ്തക

പഠനത്തിനുപരിയായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് തുടങ്ങി ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പരിശീലനങ്ങളും നൽകുകയും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സഹായത്താൽ മറ്റ് കുട്ടികൾക്കും സാങ്കേതികവിദ്യാ പഠനം ലഭ്യമാക്കുന്നതിനും പ്രത്യേക സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

(ബി) സ്കൂളുകളിൽ റോബോട്ടിക് ലാബുകൾ സജ്ജീകരിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കൈറ്റിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് ഐ.ടി. യൂണിറ്റുകൾവഴി 2000 ഹൈസ്കൂളുകളിൽ 9000 റോബോട്ടിക് കിറ്റുകൾ വിന്യസിച്ച് പ്രത്യേക പരിശീലനവും നൽകിയിട്ടുണ്ട്. സ്വതന്ത്ര ഹാർഡ്‌വെയറായ ആർഡിനോ (Arduino) ബോർഡ്, സെൻസറുകൾ, ഇലക്ട്രോണിക് കംപോണൻസ് തുടങ്ങി 16 ഇനങ്ങൾ അടങ്ങിയ ബോക്സുകളാണ് ഓരോ യൂണിറ്റിലേയ്ക്കും നൽകിയത്.

(സി) റോബോട്ടുകൾ നിർമ്മിക്കുന്നതിന് കുട്ടികൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബ് അംഗങ്ങളുടെ പ്രവർത്തന മേഖലകളിൽ പ്രധാനപ്പെട്ട ഒന്നാണ് റോബോട്ടിക്സ് പരിശീലനം.

(ഡി) ക്ലാസ് മുറികളിലും കമ്പ്യൂട്ടർ ലാബുകളിലും ഐ.ടി. ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം വിശദമാക്കുമോ?

ഓരോ സ്കൂളിലെയും കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ലാപ്ടോപ്പും മറ്റ് ഐ.ടി. ഉപകരണങ്ങളും ലഭ്യമാക്കുന്ന ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ 16,009 സ്കൂളുകളിൽ കൈറ്റ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ഉപകരണങ്ങളുടെ സ്കൂൾ തിരിച്ചും തദ്ദേശഭരണ സ്ഥാപനം - അസംബ്ലി മണ്ഡലം - ജില്ല എന്നിങ്ങനെ തിരിച്ചുമുള്ള വിവരം sametham.kite.kerala.gov.in പോർട്ടലിൽ HiTech Schools എന്ന ലിങ്കിൽ ലഭ്യമാക്കിയിട്ടുണ്ട്.

**ബാലുശ്ശേരി ഗവ. എൽ.പി. സ്കൂൾ ജി.വി.എച്ച്.എസ്.എസ്.-ലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി**

231(1443) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബാലുശ്ശേരി ഗവ. എൽ.പി. സ്കൂൾ തൊട്ടടുത്തുള്ള ബാലുശ്ശേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലേയ്ക്ക് മാറ്റുന്നത് സംബന്ധിച്ച നിവേദനം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) തീരെ സുരക്ഷിതമല്ലാത്ത വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ബാലുശ്ശേരി ഗവ. എൽ.പി. സ്കൂൾ എല്ലാ ഭൗതിക സൗകര്യങ്ങളുമുള്ള ബാലുശ്ശേരി ജി.വി.എച്ച്.എസ്.എസ്.-ലേയ്ക്ക് മാറ്റുന്നതിന് എന്താണ് തടസ്സം; വിശദമാക്കാമോ;

(സി) ബാലുശ്ശേരി ഗവ. എൽ.പി. സ്കൂൾ ബാലുശ്ശേരി ജി.വി.എച്ച്.എസ്.എസ്.-ലേയ്ക്ക് മാറ്റുന്നതിനായി ആരാണ് തീരുമാനമെടുക്കേണ്ടത്; വിശദമാക്കാമോ?

(എ-സി) ബാലുശ്ശേരി ഗവ. എൽ.പി. സ്കൂൾ തൊട്ടടുത്തുള്ള ബാലുശ്ശേരി ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലേയ്ക്ക് മാറ്റുന്നത് സംബന്ധിച്ച് അപേക്ഷ ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ തുമ്പയിൽ എൽ.പി. സ്കൂൾ**

232(1444) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ തുമ്പയിൽ എൽ.പി. സ്കൂൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽനിന്നും സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലിൽ തീരുമാനമായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് വൈകുന്നതിനിടയാക്കിയ സാഹചര്യങ്ങൾ വ്യക്തമാക്കാമോ;

(ബി) പഞ്ചായത്ത് സ്കൂളുകൾ സർക്കാർ ഏറ്റെടുത്തുകൊണ്ടുള്ള ഉത്തരവിലെ ലിസ്റ്റിൽനിന്നും വിട്ടുപോയ പ്രസ്തുത സ്കൂൾ ഏറ്റെടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദമാക്കാമോ?

(എ&ബി) ഒളവണ്ണ തുമ്പയിൽ എ.എം.എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന ഒളവണ്ണ ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ സർക്കാർ പരിശോധിച്ചു. സ്കൂളിന് 14.67 സെന്റ് (0.05848 ഹെക്ടർ) സ്ഥലം മാത്രമാണുള്ളത്. KER വ്യവസ്ഥകൾ പ്രകാരം പ്രൈമറി സ്കൂളുകൾക്ക് 0.4 മുതൽ 0.8 വരെ ഹെക്ടർ സ്ഥലം ആവശ്യമുണ്ട്. എന്നാൽ പ്രസ്തുത സ്കൂളിന് വളരെ തുച്ഛമായ സ്ഥലസൗകര്യമേയുള്ളൂ. കൂടാതെ സ്കൂളിന്റെ സമീപത്തായി നിരവധി എൽ.പി., യു.പി. സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ ഒളവണ്ണ തുമ്പയിൽ എ.എം.എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലാത്ത സ്ഥിതിയാണുള്ളത്. ഇതുമായി ബന്ധപ്പെട്ട് തീരുമാനം പുനഃപരിശോധിക്കണമെന്ന അപേക്ഷയും ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**വെള്ളിയോട് ഗവ.യു.പി.സ്കൂൾ കെട്ടിട നിർമ്മാണം**

233(1445) <u>ശ്രീ. ഇ കെ വിജയൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി മുഖേന 3 കോടി രൂപ അനുവദിക്കപ്പെടുകയും കിലയെ നിർവഹണ ഏജൻസിയാക്കിയിട്ടുള്ളതുമായ നാദാപുരം മണ്ഡലത്തിലെ വെള്ളിയോട് ഗവ. യു.പി. സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

കിഫ്ബി മുഖേന 3 കോടി രൂപ അനുവദിക്കപ്പെടുകയും കിലയെ നിർവഹണ ഏജൻസിയാക്കിയിട്ടുള്ളതുമായ നാദാപുരം മണ്ഡലത്തിലെ വെള്ളിയോട് ഗവ. യു.പി. സ്കൂളിന്റെ DPR കിഫ്ബി അംഗീകരിച്ചു. സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. Project Execution Document തയ്യാറാക്കി SPV-യായ കില കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമായാലുടൻ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**പേരാമ്പ്ര മണ്ഡലത്തിലെ സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്നത്**

234(1446) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ഏതൊക്കെ സർക്കാർ സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ ലഭിച്ചുവെന്നും ഏതൊക്കെ സ്കൂളുകൾക്ക് ഫണ്ട് അനുവദിച്ചുവെന്നും വ്യക്തമാക്കുമോ?

പേരാമ്പ്ര മണ്ഡലത്തിലെ താഴെപറയുന്ന സ്കൂളുകൾക്ക് പ്ലാൻഫണ്ട് വിനിയോഗിച്ച് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| 1. | ജി.വി.എച്ച്.എസ്.എസ്. മേപ്പയ്യൂർ | 500 ലക്ഷം രൂപ |
| 2. | ജി.എൽ.പി.എസ്. രാമല്ലൂർ | 425 ലക്ഷം രൂപ |

(ബി) 'നബാർഡ്' സ്കീമിൽ മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകൾക്ക് ഫണ്ട് അനുവദിച്ചുവെന്നും ആയതിന്റെ നിലവിലെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ?

നബാർഡ് പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | ജി.യു.പി.എസ്. പേരാമ്പ്ര | നിർമ്മാണം പൂർത്തിയായി |
| 2. | ജി.യു.പി.എസ്. വേങ്ങപ്പറ്റ | |
| 3. | ജി.യു.പി.എസ്. ചെറുവണ്ണൂർ | |

(സി) പേരാമ്പ്ര ജി.യു.പി. സ്കൂളിന് ഏതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

വിശദമായ പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ആവള ഗവ. ഹയർ സെക്കൻഡറി സ്കൂളിന് ചുറ്റുമതിലും ഗേറ്റും നിർമ്മിക്കുന്നതിന് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച 60 ലക്ഷം രൂപയുടെ പ്രപ്പോസൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് മുഖേന 60 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

(ഇ) നടുവത്തൂർ ശ്രീവാസുദേവാശ്രമം സ്ക്കൂളിന്റെ ലാബിനുവേണ്ടി അനുവദിച്ച 50 ലക്ഷം രൂപയുടെ നടപടികൾ എന്തായെന്ന് വിശദമാക്കാമോ?

ലാബ് നിർമ്മാണത്തിന് ഭരണാനുമതി നൽകിയെങ്കിലും 2022-23 സാമ്പത്തിക വർഷത്തിലെ ട്രഷറി നിയന്ത്രണം കാരണം പൊതുമരാമത്ത് വകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല.

**ഭിന്നശേഷി സംവരണ നിയമനങ്ങളിലെ കാലതാമസം**

235(1447) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി സംവരണപ്രകാരമുള്ള നിയമനങ്ങൾ നടത്തുന്നതിന് കാലതാമസം നേരിടുന്നതിനാൽ സംസ്ഥാനത്തെ എയ്ഡഡ് ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി മേഖലയിൽ നിയമനം നേടിയിട്ടുള്ള നിരവധി അദ്ധ്യാപകർക്ക് നിയമന അംഗീകാരം ലഭിക്കുന്നതിൽ പ്രതിസന്ധി ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും ഉത്തരവുകൾക്കനുസൃതമായി ഭിന്നശേഷി സംവരണ നിയമനം, അദ്ധ്യാപക-അനദ്ധ്യാപക നിയമനാംഗീകാരങ്ങൾ എന്നിവ സംബന്ധിച്ച്

25-06-2022-ലെ സ.ഉ.(കൈ) നം. 111/2022/പൊ.വി.വ., 24-03-2023-ലെ സ.ഉ.(കൈ) നം. 29/2023/പൊ.വി.വ. എന്നിവ പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലുള്ള കേസുകളിലെ അന്തിമ വിധിക്ക് വിധേയമായി പ്രൊവിഷണലായി അംഗീകാരം നൽകുന്നതിനും, 08-11-202-നും ശേഷമുണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകുന്നതിനും, 01-11-2023-ലെ ജെ.ആർ1/502/2023/പൊ.വി.വ. നമ്പർ കത്ത് പ്രകാരം സർക്കാർ സ്പഷ്ടീകരണവും നൽകിയിരുന്നു. സർക്കാർ ഉത്തരവുകൾക്കനുസൃതമായി നടത്തുന്ന നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിൽ നിലവിൽ തടസ്സങ്ങൾ ഒന്നുമില്ല.

(ബി) എയ്ഡഡ് ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ ഒരു അദ്ധ്യാപക തസ്തികയിൽ ഭിന്നശേഷി സംവരണ പ്രകാരമുള്ള നിയമനത്തിൽ പിന്തുടരേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; വിവിധ ഭിന്നശേഷി വിഭാഗങ്ങളിൽനിന്നുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളെ

പരിഗണിക്കുന്നതിനായി വിവിധ ഘട്ടങ്ങളായാണോ നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടത്; എങ്കിൽ ഏതൊക്കെ ഘട്ടങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും ഉത്തരവുകൾക്കനുസൃതമായി ഭിന്നശേഷി സംവരണ നിയമനം, അദ്ധ്യാപക-അനദ്ധ്യാപക നിയമനാംഗീകാരങ്ങൾ എന്നീ വിഷയങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ച് 25-06-2022-ലെ സ.ഉ. (കൈ) നം. 111/2022/പൊ.വി.വ., 24-03-2023-ലെ സ.ഉ. (കൈ) നം. 29/2023/പൊ.വി.വ., 01-11-2023-ലെ ജെ.ആർ1/502/2023/പൊ.വി.വ. നമ്പർ കത്ത് എന്നിവ പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.+

(സി) മേൽ നടപടിക്രമങ്ങൾ എല്ലാം പാലിച്ചതിനുശേഷവും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട യോഗ്യരായ ഉദ്യോഗാർത്ഥികൾ എത്തുന്നില്ലെങ്കിൽ പ്രസ്തുത ഒഴിവ് അടുത്ത വർഷത്തേയ്ക്ക് മാറ്റിവച്ച് വീണ്ടും നടപടിക്രമങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആവർത്തിക്കേണ്ടതായിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം എത്ര തവണ/വർഷം ചെയ്യേണ്ടതായിട്ടുണ്ട്?

ഉണ്ട്. RPWD Act വകുപ്പ് 34 (1), (2) എന്നിവ പ്രകാരമുള്ള നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

(ഡി) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥിയുടെ അഭാവത്തിൽ പ്രസ്തുത തസ്തികയിലേയ്ക്ക് മറ്റൊരു അദ്ധ്യാപകനെ നിയമിക്കുവാൻ സാധിക്കുന്നത് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കാര്യങ്ങൾ വ്യക്തമാക്കിക്കൊണ്ട് മാനേജ്മെന്റുകൾക്ക് നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ?

RPWD Act 34(2) വകുപ്പ് പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് ഭിന്നശേഷിക്കാരനല്ലാത്ത ഉദ്യോഗാർത്ഥിയുടെ നിയമനം നടത്താവുന്നതാണ്.

**അദ്ധ്യാപകരുടെ നിയമനാംഗീകാരം**

236(1448) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാരിന്റെ കൃത്യമായ സർക്കുലറും നിർദ്ദേശവുമുണ്ടായിട്ടും വിദ്യാലയങ്ങളിൽ നിയമന അംഗീകാരം നൽകുന്നതിൽ ഉപജില്ല, ജില്ലാതലങ്ങളിൽ വൈമുഖ്യം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സത്വര ഇടപെടൽ നടത്താമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എയ്ഡഡ് വിദ്യാലങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് കെ.ഇ.ആർ. പ്രകാരമുള്ള വ്യവസ്ഥകൾ, വിവിധ സർക്കാർ ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ട്, മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ സമയബന്ധിതമായി നിയമനാംഗീകാരം നൽകുന്നതിന് പൊതുനിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകിവരുന്നുണ്ട്. നിയമനാംഗീകാരം സംബന്ധിച്ച അവലോകനയോഗങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ നടത്തിവരുന്നുണ്ട്. കൂടാതെ, വിദ്യാഭ്യാസ

ഓഫീസർമാർക്ക് എല്ലാ വർഷവും നൽകിവരുന്ന പരിശീലന പരിപാടിയിൽ നിയമനാംഗീകാരം ഒരു പ്രത്യേക മൊഡ്യൂൾ ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഹയർ സെക്കൻഡറി സ്കൂളുകളിൽ ഉപഭാഷ അദ്ധ്യാപക തസ്തിക**

237(1449) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻഡറി സ്കൂളുകളിൽ അറബിക്, ഉറുദു, മലയാളം, ഹിന്ദി, സംസ്കൃതം എന്നീ ഉപഭാഷകൾക്ക് അദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നതിനുള്ള പിരീഡുകളുടെ എണ്ണം എത്രയാണെന്ന് ഓരോ വിഷയത്തിലും ഇനം തിരിച്ച് വിശദമാക്കാമോ?

ഹയർ സെക്കൻഡറി മേഖലയിൽ മതിയായ എണ്ണം കുട്ടികളുള്ള സ്കൂളുകളിൽ എല്ലാ വിഷയങ്ങൾക്കും എച്ച്.എസ്.എസ്.ടി. തസ്തികകൾ സൃഷ്ടിക്കുന്നതിന് ആഴ്ചയിൽ 15 മുതൽ 25 വരെ പിരീഡുകളും എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികകൾ സൃഷ്ടിക്കുന്നതിന് ആഴ്ചയിൽ 7 മുതൽ 14 വരെ പിരീഡുകളും ആവശ്യമാണ്.

(ബി) ഒരു ഹയർ സെക്കൻഡറി സ്കൂളിൽ എത്ര ഉപഭാഷകൾ നിലവിൽ അനുവദിക്കുന്നുണ്ട്; വിശദവിവരം ലഭ്യമാക്കാമോ?

നാല്.

(സി) ഹയർ സെക്കൻഡറി സ്കൂളുകളിൽ ഉപഭാഷകൾ അനുവദിക്കുന്നത് സംബന്ധിച്ച സർക്കാരിന്റെയും പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെയും ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

ബന്ധപ്പെട്ട പകർപ്പുകൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ഡി) സർക്കാർ, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എന്നിവിടങ്ങളിൽനിന്നും ഹയർ സെക്കൻഡറി സ്കൂളുകളിൽ ഉപഭാഷകൾ അനുവദിക്കുന്നത് സംബന്ധിച്ച ഉത്തരവുകൾ പ്രകാരം ഒരു സ്കൂളിൽ എത്ര ഉപഭാഷകൾ ആകാമെന്നും അവയ്ക്ക് ആവശ്യമായ പീരീഡുകളുടെ എണ്ണം സംബന്ധിച്ചുമുള്ള വിശദവിവരം ഓരോ വിഷയങ്ങളും ഇനം തിരിച്ച് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നാല് ഉപഭാഷകൾ. ഹയർ സെക്കൻഡറി മേഖലയിൽ മതിയായ എണ്ണം കുട്ടികളുള്ള സ്കൂളുകളിൽ എല്ലാ വിഷയങ്ങൾക്കും എച്ച്.എസ്.എസ്.ടി. തസ്തികകൾ സൃഷ്ടിക്കുന്നതിന് ആഴ്ചയിൽ 15 മുതൽ 25 വരെ പിരീഡുകളും എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികകൾ സൃഷ്ടിക്കുന്നതിന് ആഴ്ചയിൽ 7 മുതൽ 14 വരെ പിരീഡുകളും ആവശ്യമാണ്.

**തസ്തിക നിർണ്ണയം നടത്തുന്നതിലുള്ള സാങ്കേതിക പ്രശ്നങ്ങൾ**

238(1450) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി നിർമ്മിച്ച സ്കൂളുകളുടെ ഉയരക്കുറവ് കാരണം തസ്തികനിർണ്ണയം നടത്തുന്നതിലുള്ള സാങ്കേതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ&ബി) ഉണ്ട്. സ്കൂൾ കെട്ടിടങ്ങളുടെ ഉയരക്കുറവിൽ 2023 വർഷത്തേയ്ക്കുകൂടി ഇളവ് അനുവദിച്ച് നൽകുന്നതിന് അതത് വിദ്യാഭ്യാസ ഉപഡയറക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. സ്കൂൾ കെട്ടിടങ്ങളുടെ ഉയരത്തിൽ ഇളവ് അനുവദിക്കുന്ന പക്ഷം പ്രസ്തുത അക്കാദമിക വർഷം തസ്തിക നിർണ്ണയം നടത്തുമ്പോൾ അധിക ഡിവിഷനുകൾ അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണെന്ന് 16-08-2023-ലെ JR1/432/2023/പൊ.വി.വ. നമ്പർ കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**സർക്കാർ ഹൈസ്കൂളുകളിൽ അദ്ധ്യാപക തസ്തികയ്ക്ക് അനുമതി നൽകുന്നതിനുള്ള നടപടി**

239(1451) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലാസ് മുറികളുടെ ഉയരക്കുറവിന്റെ സാങ്കേതികതയിൽ ഇളവ് അനുവദിച്ച് ഉത്തരവിറക്കിയിട്ടും കണ്ണൂർ ജില്ലയിലെ സർക്കാർ സ്കൂളുകളിൽ ഹൈസ്കൂൾ അദ്ധ്യാപക തസ്തികയ്ക്ക് അനുമതി നൽകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;?

ക്ലാസ് മുറികളുടെ ഉയരക്കുറവിന്റെ സാങ്കേതികതയിൽ ഇളവ് അനുവദിച്ച് ഉത്തരവിറക്കിയിട്ടും കണ്ണൂർ ജില്ലയിലെ സർക്കാർ സ്കൂളുകളിൽ ഹൈസ്കൂൾ അദ്ധ്യാപക തസ്തികയ്ക്ക് അനുമതി നൽകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂൾ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ബി) 2022-23 അദ്ധ്യയന വർഷത്തെ സ്റ്റാഫ് ഫിക്സേഷനിൽ ക്ലാസ് മുറിയുടെ ഉയരക്കുറവുമൂലം അധിക തസ്തികയ്ക്ക് അനുമതി ലഭിക്കാതിരുന്ന സ്കൂളുകൾക്ക് ഉയരത്തിൽ ഇളവ് നൽകാനുള്ള സർക്കാർ ഉത്തരവ് പ്രകാരം അധിക തസ്തികയ്ക്ക് അനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; വിശദമാക്കുമോ?

11-11-2019-ലെ സ.ഉ.(സാധാ) നം.4770/2019/ പൊ.വി.വ. പ്രകാരം 1991-നുശേഷം നിർമ്മിച്ച എല്ലാവിധ സ്കൂൾ കെട്ടിടങ്ങളുടേയും ഉയരത്തിൽ ഇളവ് നൽകുന്നതിനുള്ള അധികാരം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നൽകിയിട്ടുള്ളതിനാൽ ഇത്തരത്തിലുള്ള ഇളവ് അധിക ഡിവിഷനുകൾ അനുവദിക്കുന്നതിന് പരിഗണിക്കുന്നതിന് നിയമപരമായ തടസമില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.ഇ.ആർ. പ്രകാരം accommodation എന്ന ഘടകവുംകൂടി കണക്കിലെടുത്താണ് തസ്തിക നിർണ്ണയം നടത്തുന്നത്. ആയതിനാൽ സ്കൂൾ കെട്ടിടങ്ങളുടെ ഉയരത്തിൽ ഇളവ് അനുവദിക്കുന്ന പക്ഷം, ടി അക്കാദമിക വർഷത്തെ തസ്തികനിർണ്ണയം നടത്തുമ്പോൾ അധിക ഡിവിഷനുകൾ അനുവദിക്കുന്നതിനും ആയത് പരിഗണിക്കാവുന്നതാണെന്ന് 16-08-2023 ലെ ജെ.ആർ 1/432/2023/പൊ.വി.വ. കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത സ്കൂളുകളിൽ അതത് വിഷയങ്ങളുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെ താൽക്കാലിക നിയമനങ്ങളാണ് നടന്നുവരുന്നതെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശോധിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽനിന്ന് നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**എയ്ഡഡ് സ്കൂളുകളിലെ നിയമനത്തിൽ ഭിന്നശേഷി സംവരണം.**

240(1452) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിവരങ്ങൾ ലഭ്യമാക്കാമോ?

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും ഉത്തരവുകൾക്കനുസൃതമായി ഭിന്നശേഷി സംവരണ നിയമനം, അദ്ധ്യാപക-അനദ്ധ്യാപക നിയമനാംഗീകാരങ്ങൾ എന്നിവ സംബന്ധിച്ച് 25-06-2022-ലെ സ.ഉ.(കൈ)നം. 111/2022/പൊ.വി.വ., 24-03-2023-ലെ സ.ഉ.(കൈ)നം. 29/2023/പൊ.വി.വ. എന്നിവ പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തദനുസരണം ഈ വിഷയങ്ങളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറും മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ മാനേജർമാർ 18-11-2018-ലെ സ.ഉ.(അച്ചടി)നം. 18/2018/സാ.നീ.വ., 07-05-2019-ലെ സ.ഉ.(അച്ചടി)നം. 5/2019/സാ.നീ.വ. എന്നീ ഉത്തവുകളിലെ വ്യവസ്ഥകൾക്കനുസൃതമായി 07-02-1996 മുതൽ 18-04-2017 വരെയുള്ള കാലയളവിലെ, കേഡർ സ്ട്രെങ്ങ്തിലെ ആകെ

ഒഴിവുകളിലെ 3 ശതമാനത്തിലും 19-04-2017 മുതലുള്ള ഒഴിവുകളുടെ 4 ശതമാനത്തിലും ഭിന്നശേഷി സംവരണം പാലിച്ച് നിയമനം നടത്തണമെന്നും 07-02-1996 മുതലുള്ള ബാക്ക് ലോഗ് ഒഴിവുകൾ, 18-11-2018 മുതൽ ഉണ്ടായിട്ടുള്ള ഒഴിവുകളിൽ നികത്തണമെന്നാണ് ഉത്തരവായിട്ടുള്ളത്. നിലവിലുള്ള കേസുകളിലെ അന്തിമ വിധിക്ക് വിധേയമായി, ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട് അദ്ധ്യാപക-അനദ്ധ്യാപക നിയമങ്ങൾക്ക് അംഗീകാരം നൽകുന്നതിനുള്ള തടസ്സങ്ങൾ ദൂരീകരിക്കുന്നതിന് 01-11-2023-ലെ ജെ.ആർ 1/502/2023/പൊ.വി.വ. നമ്പർ കത്ത് പ്രകാരം സർക്കാർ നിർദേശവും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത നിയമനങ്ങൾക്ക് റൊട്ടേഷൻ ക്രമം നിശ്ചയിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം അറിയിക്കാമോ?

2016-ലെ RPWD Act (THE RIGHTS OF PERSONS WITH DISABILITIES ACT, 2016) വകുപ്പ് 34(1) പ്രകാരമാണ് റൊട്ടേഷൻ ക്രമം നിശ്ചയിച്ചിട്ടുള്ളത്.

(സി) പ്രസ്തുത റൊട്ടേഷൻ ക്രമപ്രകാരം ഒരു ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥി ലഭ്യമായിട്ടില്ലെങ്കിൽ ടി ഒഴിവിൽ അടുത്ത

റൊട്ടേഷനിലെ വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥിയെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; ഇതിലുണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിവരങ്ങൾ ലഭ്യമാക്കാമോ?

2016-ലെ RPWD Act വകുപ്പ് 34(2) പ്രകാരമുള്ള നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്.

(ഡി) പ്രസ്തുത റൊട്ടേഷൻ രീതിയിലെ അശാസ്ത്രീയത കാരണം നിയമനം വൈകുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾക്കും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും ഉത്തരവുകൾക്കനുസൃതമായും മാത്രമെ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ഇ) ടി നിയമനങ്ങൾ വേഗത്തിലാക്കുന്നതിനായി ജില്ലാടിസ്ഥാനത്തിൽ കമ്മിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ പ്രവർത്തനം എപ്രകാരം നടത്താനാണ് ഉദ്ദേശിക്കുന്നത് എന്നത് സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ?

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി നിയമനങ്ങൾക്കായി സംസ്ഥാനതല സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദേശം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദേശാനുസരണം തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 1996 മുതലുള്ള കാലയളവിലെ ബാക്ക് ലോഗ് ഒഴിവുകൾ ഉൾപ്പെടെ കണക്കാക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ബന്ധപ്പെട്ട മാനേജ്മെന്റുകൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം എംപ്ലോയ്മെന്റ്

എക്സ്ചേഞ്ച് തിരിച്ച് മാനേജ്മെന്റുകളുടെ പേരുവിവരം/ഒഴിവ് റിപ്പോർട്ട് ചെയ്ത വിഭാഗം ഉൾപ്പെടെ അറിയിക്കാമോ?

ഉണ്ട്. അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ജി) എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ടുള്ള ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ?

സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

**സ്കൂൾ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് തുക നൽകുന്നതിനുള്ള നടപടി**

241(1453) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി സ്കൂൾ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് തുക (എൽ.എസ്.എസ്., യു.എസ്.എസ്.) കുടിശ്ശികയുണ്ടോ; എങ്കിൽ എത്ര കാലത്തെ; വ്യക്തമാക്കുമോ?

2019-20 മുതലുള്ള തുക കുടിശ്ശികയുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സ്കോളർഷിപ്പ് ആനുകൂല്യം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

ഫണ്ട് ലഭ്യതയനുസരിച്ച് സ്കോളർഷിപ്പ് കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**നവകേരള യാത്ര-സ്കൂൾ മതിലുകളുടെ പുനർനിർമ്മാണം**

242(1454) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള യാത്രയുമായി ബന്ധപ്പെട്ട് എത്ര സ്കൂളുകളുടെ മതിലുകൾ പൊളിച്ചുനീക്കിയിട്ടുണ്ട്; പ്രസ്തുത സ്കൂളുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ 9 സ്കൂളുകളുടെ മതിലുകൾ പൊളിച്ചുമാറ്റിയിട്ടുണ്ട്. സ്കൂളുകളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

ആലപ്പുഴ – ജി.വി.എച്ച്.എസ്.എസ്. മാവേലിക്കര

എറണാകുളം - ഗവ.എച്ച്.എസ്.എസ്. നോർത്ത് പറവൂർ

തൃശ്ശൂർ - 1) സെന്റ് ആന്റണീസ് എച്ച്.എസ്. മാള

2) സെന്റ് ജോസഫ് എച്ച്. എസ്. പാവറട്ടി

പാലക്കാട് - ജി.ബി.എച്ച്.എസ്. നെന്മാറ

മലപ്പുറം - 1) ജി.വി.എച്ച്.എസ്.എസ്. തിരൂർ

2) ജി.ബി.എച്ച്.എസ്. മഞ്ചേരി

3) വി.എം.സി.ജി.വി.എച്ച്.എസ്. വണ്ടൂർ

വയനാട്- ജി.വി.എച്ച്.എച്ച്.എസ്.എസ്. മാനന്തവാടി

(ബി) പൊളിച്ചുനീക്കിയ മതിലുകൾ ഏതെങ്കിലും പുനർനിർമ്മിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉണ്ട്. ചുവടെ ചേർത്തിരിക്കുന്ന 8 സ്കൂളുകളുടെ മതിലുകൾ പുനർനിർമ്മിച്ച് നൽകിയിട്ടുണ്ട്.

എറണാകുളം - ഗവ.എച്ച്.എസ്.എസ്. നോർത്ത് പറവൂർ

തൃശ്ശൂർ - 1) സെന്റ് ആന്റണീസ് എച്ച്.എസ്. മാള

2) സെന്റ് ജോസഫ് എച്ച്. എസ്. പാവറട്ടി

പാലക്കാട് - ജി.ബി.എച്ച്.എസ്. നെന്മാറ

മലപ്പുറം - 1) ജി.വി.എച്ച്.എസ്.എസ്. തിരൂർ

2) ജി.ബി.എച്ച്.എസ്. മഞ്ചേരി

3) വി.എം.സി.ജി.വി.എച്ച്.എസ്. വണ്ടൂർ

വയനാട്- ജി.വി.എച്ച്.എച്ച്.എസ്.എസ്. മാനന്തവാടി

(സി) മതിലുകൾ പുനർനിർമ്മിക്കുന്നതിന് ഓരോന്നിനും എത്ര തുക ചെലവ് വരുമെന്നതിന്റെ കണക്ക് ലഭ്യമാക്കുമോ; ഈ തുക എപ്രകാരമാണ് സ്കൂളുകൾക്ക് നൽകുക എന്നത് വിശദമാക്കുമോ?

നവകേരള യാത്രയുമായി ബന്ധപ്പെട്ട് മതിലുകൾ പൊളിച്ചുനീക്കിയവ പുതുക്കി പണിയുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് മുഖാന്തരം തുക കണക്കാക്കുകയോ അനുവദിക്കുകയോ ചെയ്തിട്ടില്ല.

**സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ പദ്ധതി**

243(1455) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ഓരോ സ്കൂളും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനു വേണ്ടി എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് നിരവധി അക്കാദമിക-അക്കാദമികേതര പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഒരുക്കിയിട്ടുള്ള ഭൗതിക സാഹചര്യത്തെ ഓരോ കുട്ടിയുടെയും സമഗ്ര വികാസത്തിനും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും പ്രയോജനപ്പെടുത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. വിശദമായ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.+

**നവകേരള സദസ്സിനായി സ്കൂളുകളുടെ മതിലുകൾ പൊളിച്ചു മാറ്റിയ സംഭവത്തിൽ നടപടി**

244(1456) **ശ്രീ. പി. സി. വിഷ്ണുനാഥ്:**
**ശ്രീ. ഷാഫി പറമ്പിൽ:**
**ശ്രീമതി ഉമ തോമസ്:**
**ശ്രീ. ചാണ്ടി ഉമ്മൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിനായി നിരവധി സർക്കാർ സ്കൂളുകളുടെ അടക്കം മതിലുകൾ പൊളിച്ചുമാറ്റിയ സംഭവങ്ങൾ ഗൗരവത്തോടെ കാണുന്നുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നവകേരള സദസ്സിന്റെ ഭാഗമായി സ്കൂളുകളുടെ മതിലുകൾ പൊളിക്കാനുണ്ടായ സാഹചര്യം വിദ്യാഭ്യാസ വകുപ്പിനെ അറിയിച്ചിരുന്നോ; അനുമതി തേടിയിരുന്നോ; വിശദമാക്കാമോ?

(എ&ബി) നവകേരള സദസ്സുമായി ബന്ധപ്പെട്ട വിഷയങ്ങൾ ജില്ലാ ഭരണകൂടത്തിന്റെ നിയന്ത്രണത്തിലാണ് നിർവഹിച്ചിരുന്നത്. ഇപ്രകാരം, നവകേരള സദസ്സ് സംഘടിപ്പിക്കുന്ന സ്ഥലം തെരഞ്ഞെടുത്തതും ഇതിലേയ്ക്കുള്ള സൗകര്യങ്ങൾ ഒരുക്കിയിരുന്നതും ജില്ലാ ഭരണകൂടമാണ്. ഇതിന്റെ ഭാഗമായി നവകേരള സദസ് സംഘടിപ്പിക്കുന്നതിന് തെരഞ്ഞെടുത്ത സ്കൂളുകളോട് അനുബന്ധിച്ചുള്ള സ്ഥലങ്ങളിൽ, പൊതുജനങ്ങൾക്കും വാഹനങ്ങൾക്കും പ്രവേശിക്കുന്നതിന് ബുദ്ധിമുട്ടുണ്ടായ സാഹചര്യങ്ങളിൽ വഴിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലാ ഭരണകൂടം സ്കൂൾ അധികൃതരുമായും പൊതുവിദ്യാഭ്യാസ വകുപ്പ് അധികൃതരുമായും ബന്ധപ്പെട്ടാണ് മതിലുകൾ പൊളിച്ചുമാറ്റിയിട്ടുള്ളത്.

(സി) നവകേരള സദസ്സിന്റെ ഭാഗമായി പൊളിച്ചുമാറ്റിയ സ്കൂളുകളുടെ മതിലുകൾ പുനർനിർമ്മിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

നവകേരള സദസിന്റെ ഭാഗമായി സംസ്ഥാനത്ത് ആകെ 9 സ്കൂളുകളുടെ മതിലുകൾ പൊളിച്ചുമാറ്റിയിട്ടുണ്ട്. ഇപ്രകാരം പൊളിച്ചുമാറ്റിയവയിൽ 8 സ്കൂളുകളുടെയും മതിലുകളുടെ പുനർനിർമ്മാണം പൂർത്തിയായിട്ടുള്ളതാണ്.

ആലപ്പുഴ ജില്ലയിലെ മാവേലിക്കര ജി.വി.എച്ച്.എസ്.എസ്. സ്കൂളിൽ പൊളിച്ച മതിൽ പുതുക്കി പണിയുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

**അരൂർ മണ്ഡലത്തിലെ സ്കൂളുകളുടെ കെട്ടിട നിർമ്മാണ പുരോഗതി**

245(1457) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിൽ നവകേരള കർമ്മ പദ്ധതി, വിദ്യാകിരണം എന്നീ പദ്ധതികളിലൂടെ അനുവദിച്ച ജി.യു.പി.എസ്. ഓടമ്പള്ളി, ഗവ. എൽ.പി.എസ്. മറ്റത്തിൽഭാഗം, ഗവ. എച്ച്.എസ്. തേവർവട്ടം, പെരുമ്പളം

ഗവ.എച്ച്.എസ്.എസ്. എന്നീ സ്കൂളുകളുടെ കെട്ടിട നിർമ്മാണ പുരോഗതി വിശദമാക്കാമോ?

പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പുരോഗതിയെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**മാതൃകാ പ്രീ പ്രൈമറി സ്കൂളുകൾ**

246(1458) **ശ്രീ. ഡി. കെ. മുരളി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പ്രീപ്രൈമറി സ്കൂളുകൾ മാതൃകാ പ്രീ പ്രൈമറി സ്കൂളുകളാക്കി മാറ്റിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് 608 പ്രീ പ്രൈമറി സ്കൂളുകൾ മാതൃകാ പ്രീ പ്രൈമറി സ്കൂളുകളായി ഉയർത്തിയിട്ടുണ്ട്. കൂടാതെ 500 പ്രീ പ്രൈമറി സ്കൂളുകൾ മാതൃകാ പ്രീ പ്രൈമറി സ്കൂളുകൾ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എന്തൊക്കെ സൗകര്യങ്ങളാണ് മാതൃകാ പ്രീ പ്രൈമറി സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർണ്ണ കൂടാരം പദ്ധതി പ്രകാരം താഴെപ്പറയുന്ന സൗകര്യങ്ങൾ മാതൃകാ പ്രീ പ്രൈമറി സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

1. പ്രീ പ്രൈമറി കുട്ടികളിൽ അഞ്ച് മേഖലകളുടെ വികാസം ഉറപ്പിക്കൽ

2. പതിമൂന്ന് ഇടങ്ങളിലായി വികസന നൈപുണ്യം

3. കുട്ടികൾക്കായി ഇരിപ്പിടങ്ങൾ

4. കളി ഉപകരണങ്ങൾ

5. സംഗീത ഉപകരണങ്ങൾ

6. കുട്ടികൾക്കായി ലൈബ്രറി

7. വായന ഇടങ്ങൾ

8. ഐ.ടി. ഉപകരണങ്ങൾ

9 ശലഭ ഉദ്യാനങ്ങൾ

10. ചിൽഡ്രൻസ് പാർക്ക്

11. സർഗാത്മക അവതരണ ഇടങ്ങൾ

12.കരകൗശല വസ്തുക്കളുടെ നിർമ്മാണവും പ്രവർത്തനവും

13. സ്പോർട്സ് ഉപകരണങ്ങൾ

(സി) വാമനപുരം മണ്ഡലത്തിൽ എതെങ്കിലും സ്കൂളുകളെ മാതൃകാ പ്രീ പ്രൈമറിയാക്കി ഉയർത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വിശദമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ നാല് സ്കൂളുകളെ മാതൃകാ പ്രീപ്രൈമറി സ്കൂളുകളായി ഉയർത്തിയിട്ടുണ്ട്. ഗവണ്മെന്റ് ഹൈസ്കൂൾ മടത്തറ, ഗവണ്മെന്റ് എൽ.പി.എസ്. മുതുവിള, ജി.എൽ.പി.എസ്. പാലോട്, ജി.എൽ.പി.എസ്. ഭരതന്നൂർ എന്നീ സ്കൂളുകളാണ് മാതൃകാ പ്രീപ്രൈമറി സ്കൂളുകളായി ഉയർത്തിയിട്ടുള്ളത്.

**മാവേലിക്കര മണ്ഡലത്തിലെ വിവിധ സ്കൂൾ കെട്ടിടനിർമ്മാണം**

247(1459) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്കൂൾ കെട്ടിട നിർമ്മാണത്തിന് 2021 മുതൽ തുക

അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക അനുവദിച്ചുവെന്നും എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

(എ&ബി) മാവേലിക്കര മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണത്തിന് 2021 മുതൽ അനുവദിച്ച തുകയുടെയും നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയെയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) 200 വർഷത്തിലധികം പഴക്കമുള്ള സ്കൂളുകളെ പ്രത്യേകമായി പരിഗണിച്ച് തുക അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത സ്കൂളുകൾക്കായി പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല.

**ലോവർ സ്കൂൾ, അപ്പർ സ്കൂൾ സ്കോളർഷിപ്പ് പരീക്ഷകൾ**

248(1460) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കേരളത്തിൽ 2022-23 അദ്ധ്യയന വർഷത്തിൽ ലോവർ സ്കൂൾ സ്കോളർഷിപ്പ്, അപ്പർ സ്കൂൾ സ്കോളർഷിപ്പ് പരീക്ഷകൾക്കുവേണ്ടി ആകെ എത്ര കുട്ടികളാണ് അപേക്ഷിച്ചതെന്ന് വ്യക്തമാക്കുമോ?

എൽ.എസ്.എസ്. സ്കോളർഷിപ്പ് - 112908

യു.എസ്.എസ്. സ്കോളർഷിപ്പ് - 98232

(ബി) പ്രസ്തുത പരീക്ഷകൾക്ക് അപേക്ഷിച്ചവരിൽ എത്ര കുട്ടികൾ പരീക്ഷ എഴുതിയെന്നും അതിൽ എത്ര കുട്ടികൾ സ്കോളർഷിപ്പിന് അർഹത നേടിയെന്നും വ്യക്തമാക്കുമോ?

**പരീക്ഷ എഴുതിയവർ:**

എൽ.എസ്.എസ്. - 104311

യു.എസ്.എസ്. - 92507

**സ്കോളർഷിപ്പിന് അർഹത നേടിയവർ:**

എൽ.എസ്.എസ്. - 20020

യു.എസ്.എസ്. - 11241

(സി) പരീക്ഷ എഴുതിയവരിൽ ഗിഫ്റ്റഡ് കുട്ടികളുള്ള സ്കൂളുകളുടെ ജില്ല, ഉപജില്ല തിരിച്ചുള്ള വിവരം നൽകുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) ലോവർ സ്കൂൾ, അപ്പർ സ്കൂൾ സ്കോളർഷിപ്പിന് അർഹത നേടിയ കുട്ടികൾക്ക് സാധാരണയായി സ്കോളർഷിപ് തുക നൽകുന്നത് എപ്പോഴാണെന്ന് അറിയിക്കാമോ?

ഫണ്ട് ലഭ്യതയ്ക്കനുസരിച്ചാണ് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നത്.

(ഇ) അവസാനമായി എപ്പോഴാണ് ലോവർ സ്കൂൾ, അപ്പർ സ്കൂൾ സ്കോളർഷിപ്പിന് അർഹത നേടിയ കുട്ടികൾക്ക് സ്കോളർഷിപ്പ് തുക നൽകിയതെന്ന് വ്യക്തമാക്കുമോ?

കുടിശ്ശിക വന്ന തുക ഭാഗികമായി അവസാനം വിതരണം ചെയ്തത് 2023 മാർച്ചിലാണ്.

(എഫ്) പ്രസ്തുത സ്കോളർഷിപ്പ് നൽകാനുള്ള ഇനത്തിൽ നാളിതുവരെ എത്ര രൂപ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ?

29.88 കോടി രൂപ കുടിശ്ശികയുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഈരാറ്റുപേട്ട ഗവ. എച്ച്.എസ്.എസ്. – സ്കൂൾ കെട്ടിട നിർമ്മാണം**

249(1461) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ നവകേരളം കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന ഈരാറ്റുപേട്ട ഗവ. എച്ച്.എസ്.എസ്. - സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന ഈരാറ്റുപേട്ട ഗവ. എച്ച്.എസ്.എസ്. സ്കൂളിന്റെ നിർമ്മാണം 65 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത സ്കൂൾ കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത സ്കൂൾ കെട്ടിട നിർമ്മാണം 2024 മാർച്ച് മാസത്തോടെ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ഇടമുളക്കൽ ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിടത്തിന് ഭരണാനുമതി**

250(1462) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസമന്ത്രിതല യോഗതീരുമാനപ്രകാരം, പുനലൂർ മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ആര്യങ്കാവ് ഗവ. എൽ.പി. സ്കൂളിൽ അനുവദിച്ച സ്കൂൾ കെട്ടിടം, ഇടമുളക്കൽ ഗവൺമെന്റ് എൽ.പി. സ്കൂളിലേയ്ക്ക് മാറ്റി നൽകുന്നതിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ?

ഇടമുളക്കൽ ഗവ. എൽ.പി. സ്കൂളിലെ കെട്ടിട നിർമ്മാണ പ്രവൃത്തിക്കാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത നിർദ്ദേശം സംബന്ധിച്ച ഫയൽ നിലവിൽ ആരുടെ പരിഗണയിലാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത വിഷയം സംബന്ധിച്ച നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലാണ് നടന്നുവരുന്നത്.

(സി) മേൽ പ്രവൃത്തികൾക്ക് എപ്പോൾ ഭരണാനുമതി നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

കെട്ടിട നിർമ്മാണ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് ലഭ്യമായതിനുശേഷം മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

**പുനലൂർ ഐക്കരക്കോണം സ്കൂൾ കെട്ടിടത്തിന് ഭരണാനുമതി**

251(1463) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസമന്ത്രിതല യോഗതീരുമാനപ്രകാരം, പുനലൂർ മണ്ഡലത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ കിഫ്ബി ഫണ്ടിൽനിന്നും കുളത്തുപ്പുഴ യു.പി.എസ്.-ൽ അനുവദിച്ച സ്കൂൾ കെട്ടിടം, പുനലൂർ ഐക്കരക്കോണം സ്കൂളിലേയ്ക്ക് മാറ്റി ഭരണാനുമതി നൽകുന്നതിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത നിർദ്ദേശം സംബന്ധിച്ച ഫയൽ നിലവിൽ ആരുടെ പരിഗണനയിലാണെന്ന് വ്യക്തമാക്കാമോ;

(സി) മേൽ പ്രവൃത്തികൾക്ക് എപ്പോൾ ഭരണാനുമതി നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

(എ-സി) 2018–19 സാമ്പത്തിക വർഷത്തിൽ കിഫ്ബി ഫണ്ടിൽനിന്നും കുളത്തൂപ്പുഴ യു.പി.എസ്.-ൽ അനുവദിച്ച സ്കൂൾ കെട്ടിടം, പുനലൂർ ഐക്കരക്കോണം സ്കൂളിലേയ്ക്ക് മാറ്റി നൽകണമെന്ന് ബഹു. പുനലൂർ എം.എൽ.എ. ആവശ്യപ്പെട്ടിരുന്നു. പുതുതായി കെട്ടിടം ആവശ്യമുള്ള സ്കൂളുകൾ, നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം വിവിധ ഫണ്ടുകളിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് പരിഗണിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഒരു കമ്മിറ്റി നിലവിലുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ഇപ്പോൾ ടി കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്.

**ഖാദർ കമ്മിറ്റി റിപ്പോർട്ടിന്മേൽ തുടർനടപടി**

252(1464) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സമർപ്പിച്ചിട്ടുണ്ട്. 1-12-2022-നാണ് റിപ്പോർട്ട് സമർപ്പിച്ചത്. ആയത് പരിശോധിച്ചുവരുന്നു.

(ബി) ഖാദർ കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് സംബന്ധിച്ച് അദ്ധ്യാപക സംഘടനകൾ, സർവീസ് സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ എന്നിവയുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ചർച്ച നടത്തിയിട്ടില്ല.

(സി) ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സ്കൂൾ വിദ്യാഭ്യാസ ഏകീകരണം, അദ്ധ്യാപക ക്രമീകരണം എന്നിവ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിനായി രൂപീകരിച്ച വിദഗ്ധ സമിതിയുടെ ശിപാർശകൾ ഘട്ടംഘട്ടമായി നടപ്പാക്കുന്നതിന്റെ ഭാഗമായി 31-05-2019-ലെ സ.ഉ.(കൈ)നം. 53/2019/പൊ.വി.വ. പ്രകാരം താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിച്ചു:

"എ) പന്ത്രണ്ടാം ക്ലാസുവരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിയന്ത്രണവും ഏകോപനവും നിലവിലുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കൻഡറി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കൻഡറി

ഡയറക്ടറേറ്റ് എന്നീ മൂന്ന് ഡയറക്ടറേറ്റുകളെയും സംയോജിപ്പിച്ച് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ എന്ന പുതിയ പൊതുസംവിധാനം രൂപീകരിക്കുകയും ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ (ഡി.ജി.ഇ.) എന്ന അധികാരസ്ഥാനം സ്ഥാപിച്ച് അതിൽ നിക്ഷിപ്തമാകുന്നതുമാണ്. ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ (ഡി.ജി.ഇ.) എന്നത് ഐ.എ.എസ്. കേഡറിലുള്ള ഒരു കേഡർ തസ്തികയായിരിക്കും.

ബി) ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻ, ബോർഡ് ഓഫ് ഹയർ സെക്കൻഡറി എക്സാമിനേഷൻ, ബോർഡ് ഓഫ് വൊക്കേഷണൽ ഹയർസെക്കൻഡറി എക്സാമിനേഷൻ എന്നിവ നടത്തുന്ന പൊതുപരീക്ഷകൾ നടത്തുന്നതിനായി കമ്മിഷണർ ഫോർ ഗവൺമെന്റ് എക്സാമിനേഷനെ (പരീക്ഷാ കമ്മിഷണർ) ചുമതലപ്പെടുത്തുകയും ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷനെ പരീക്ഷാ കമ്മിഷണറായി നിയമിക്കുകയും ചെയ്തു.

സി) നിലവിലുള്ള ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി എന്നീ സ്കൂൾതല സംവിധാനങ്ങൾ അതേപോലെ തുടരുന്നതാണ്. ഇവ ഡയറക്ടറേറ്റ് ഓഫ്

ജനറൽ എഡ്യുക്കേഷന്റെ അധികാര പരിധിയിലായിരിക്കും. നിലവിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ, ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ, വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസുകൾ എന്നിവയും ഹയർ സെക്കൻഡറി ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളും വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളും തൽസ്ഥിതിയിൽ ഡയറക്ടർ ഓഫ് ജനറൽ എഡ്യുക്കേഷന്റെ നിയന്ത്രണത്തിലായിരിക്കും പ്രവർത്തിക്കുന്നത്.

ഡി) സംയോജിത സംവിധാനത്തിലേയ്ക്ക് മാറ്റപ്പെടുന്ന 1 മുതൽ 12 വരെയുള്ള സ്കൂളിന്റെ മേധാവി പ്രിൻസിപ്പൽ ആയിരിക്കും. ഇത്തരം സ്കൂളുകളുടെ പൊതുചുമതലയും ഹയർസെക്കൻഡറി വിഭാഗത്തിന്റെ അക്കാദമിക ചുമതലയും പ്രിൻസിപ്പലിനായിരിക്കും. ഇത്തരം സ്കൂളുകളിലെ നിലവിലുള്ള ഹൈസ്കൂൾ ഹെഡ്മാസ്റ്റർ തസ്തികയുടെ പേര് ഹെഡ്മാസ്റ്റർ എന്നതിന് പകരം വൈസ് പ്രിൻസിപ്പൽ എന്ന് പുനർനാമകരണം ചെയ്യും. ഈ

മാറ്റങ്ങൾക്കനുസൃതമായ ഭരണപരമായ അനുബന്ധ സൗകര്യങ്ങൾ, പ്രിൻസിപ്പലിന്, സ്ഥാപനത്തിൽ നിലവിലുള്ള സംവിധാനങ്ങൾ ക്രമീകരിച്ച് ലഭ്യമാക്കും. പ്രിൻസിപ്പൽമാരുടെ ബോധന സമയം കുറച്ച് ഹൈസ്കൂൾ ഹെഡ്മാസ്റ്ററുടേതിന് സമാനമാക്കുന്നത് സംബന്ധിച്ച വ്യക്തമായ ശിപാർശ സമർപ്പിക്കുന്നതിനും ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷനെ ചുമതലപ്പെടുത്തി.

ഇ) ഹയർ സെക്കൻഡറി വിഭാഗം ഇല്ലാത്ത സ്കൂളുകളിൽ നിലവിലുള്ള സംവിധാനം തൽസ്ഥിതിയിൽ തുടരുന്നതാണ്.

എഫ്) നിലവിൽ ഹൈസ്കൂൾ തലത്തിലുള്ള ഓഫീസ് സംവിധാനം ഹയർ സെക്കൻഡറി വിഭാഗത്തിനുകൂടി ബാധകമായ രീതിയിൽ പൊതുഓഫീസ് ആയിരിക്കും. അപ്രകാരം ബാധകമാക്കുമ്പോൾ അനദ്ധ്യാപക സംവിധാനം ഹയർ സെക്കൻഡറിയിലെ കുട്ടികളുടെ എണ്ണംകൂടി അടിസ്ഥാനപ്പെടുത്തിയായിരിക്കും നിർണ്ണയിക്കുക. ശമ്പള വിതരണത്തിന് ഏകീകൃത സംവിധാനം കൊണ്ടുവരുന്നതുവരെ നിലവിലുള്ള ശമ്പള വിതരണ രീതി തുടരുന്നതാണ്. ഏകീകൃത സംവിധാനത്തിൽ

പ്രിൻസിപ്പലിന്റെയും വൈസ് പ്രിൻസിപ്പലിന്റെയും കടമകളും കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷനെ ചുമതലപ്പെടുത്തി.

ജി) മേൽ പരാമർശിച്ച ഭരണനിർവ്വഹണ സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിന് പൊതുവിദ്യാഭ്യാസ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

(ഡി) ഇത്തരത്തിൽ ഏകീകരണം നടത്തുമ്പോൾ അധികമായി ആവശ്യമുള്ള അദ്ധ്യാപക തസ്തികകൾ പുതുതായി സൃഷ്ടിക്കുമോയെന്നും പ്രസ്തുത അധിക തസ്തിക എങ്ങനെ ക്രമീകരിക്കുമെന്നും അറിയിക്കുമോ?

ഏകീകരണം സംബന്ധിച്ച സ്പെഷ്യൽ റൂൾസ് നിലവിൽ വന്നാൽ മാത്രമെ ആവശ്യമുള്ള അദ്ധ്യാപക തസ്തികകൾ സംബന്ധിച്ച് വ്യക്തത കൈവരികയുള്ളൂ.

**സ്കൂൾ കെട്ടിട നിർമ്മാണത്തിനുള്ള തുക**

253(1465) ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-24 കാലയളവിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും നാട്ടിക നിയോജകമണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

അനുവദിച്ചിട്ടില്ല.

**നാദാപുരം മണ്ഡലത്തിലെ സ്കൂൾ കെട്ടിടനിർമ്മാണ ഫണ്ടിന്റെ വിശദാംശം**

254(1466) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാദാപുരം മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച ഫണ്ടുകളുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാദാപുരം മണ്ഡലത്തിൽ സ്കൂൾ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച ഫണ്ടുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**ദേശീയപാത 66-ന്റെ നിർമ്മാണത്തിനായി പൊളിച്ച സ്കൂളുകളുടെ പുനർനിർമാണം**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

255(1467) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ നിർമ്മാണത്തിനുവേണ്ടി എൽ.പി. സ്കൂൾ ഉൾപ്പടെയുള്ള വിദ്യാലയങ്ങളുടെ മതിലുകളും കെട്ടിടങ്ങളും പൊളിച്ചുമാറ്റിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇവയ്ക്ക് എൻ.എച്ച്.എ.ഐ.-യിൽനിന്നും നഷ്ടപരിഹാര തുക ലഭിച്ചിട്ടുണ്ടോ; എങ്കിൽ അമ്പലപ്പുഴ മണ്ഡലത്തിൽപ്പെടുന്ന സ്കൂളുകളുടെ വസ്തു, കെട്ടിടം, ചമയങ്ങൾ എന്നിവയുടെ നഷ്ടപരിഹാരമായി എത്ര തുകയാണ് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ദേശീയപാത 66-ന്റെ റവന്യൂ വിംഗിൽനിന്നും പുറക്കാട് എസ്.എസ്.എം. എൽ.പി. സ്കൂളിന് 75 ലക്ഷം രൂപയും, പുറക്കാട് എസ്.ഡി.വി. യു.പി. സ്കൂളിന് 2 കോടി രൂപയും നഷ്ടപരിഹാരമായി ലഭ്യമായിട്ടുണ്ട്.

(സി) ഇവ പുനർനിർമ്മിക്കുന്നത് സംബന്ധിച്ച് എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത്; ഇത്തരം സ്കൂളുകൾ, കെട്ടിടവും മതിലുകളും നിർമ്മിച്ച് സുരക്ഷിതമാക്കുന്നതിന് ഒരു പ്രത്യേക പദ്ധതി തയ്യാറാക്കുകയോ പ്ലാൻഫണ്ട് വിതരണത്തിൽ ഇത്തരം സ്കൂളുകൾക്ക് മുൻഗണന നൽകുകയോ ചെയ്യുമോ; വിശദമാക്കുമോ?

ദേശീയപാത വികസനത്തിന്റെ ഭാഗമായി പൊളിക്കുന്ന സ്കൂളുകൾ പുനർനിർമ്മിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് നഷ്ടപരിഹാര തുക വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരൂർ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ പ്രവർത്തനങ്ങൾ**

256(1468) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ; അതിനായി അനുവദിച്ച തുക എത്രയെന്ന് അറിയിക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം തിരൂർ മണ്ഡലത്തിലെ സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) തിരൂർ നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ?

വർണ്ണക്കൂടാരം പ്രൈമറി സ്കൂൾ പ്രവർത്തന ഇടങ്ങൾ തയ്യാറാക്കൽ, ബാരിയർ ഫ്രീ അടിസ്ഥാന സൗകര്യ വികസനം എന്നീ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പ് സംസ്ഥാനതലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളിലെല്ലാം തിരൂർ മണ്ഡലത്തിലെ സ്കൂളുകളും ഭാഗമാകുന്നതാണ്.

**എൽ.പി. സ്കൂൾ വിഭാഗം മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി**

257(1469) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മഞ്ചേരി ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ എൽ.പി. വിഭാഗം നിലവിൽ എൽ.പി. സ്കൂൾ ഇല്ലാത്ത മഞ്ചേരി എലമ്പ്ര പ്രദേശത്തേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

**ഹയർ സെക്കൻഡറി സ്കോളർഷിപ്പുകൾ**

258(1470) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ഹയർ സെക്കൻഡറി സ്കോളർഷിപ്പുകൾക്കായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

നടപ്പ് സാമ്പത്തിക വർഷം 790 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വി.എച്ച്.എസ്.ഇ., പ്ലസ് ടു (ജനറൽ), എസ്.സി./എസ്.ടി. (പ്ലസ് ടു), ആർട്സ്/സ്പോർട്സ്/ഭിന്നശേഷി (പ്ലസ് ടു), പ്ലസ് വൺ (ജനറൽ), എസ്.സി./എസ്.ടി. (പ്ലസ് വൺ) എന്നീ വിഭാഗങ്ങളിലായി 727.4 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ മേഖലയിൽ പഠനം നടത്തിയ വിദ്യാർത്ഥികളുടെ കണക്ക്**

259(1471) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ 2013 മുതൽ 2023 വരെയുള്ള അദ്ധ്യയന വർഷം സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് മേഖലയിൽ ഒന്നുമുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിൽ എത്ര കുട്ടികൾ പഠിച്ചുവെന്ന് വർഷം/സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ്/ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

(ബി) ടി കാലയളവിൽ കേരളത്തിലെ സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. സ്കൂളുകളിൽ ഒന്നുമുതൽ പന്ത്രണ്ടാം ക്ലാസ് വരെ എത്ര കുട്ടികൾ പഠിച്ചു എന്ന് വർഷം/ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.+

**പൊതുവിദ്യാഭ്യാസ മേഖലയിലെ അന്തർ ജില്ലാ സ്ഥലം മാറ്റം**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

260(1472) <u>ശ്രീമതി കാനത്തിൽ ജമീല:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിലെ അന്തർജില്ലാ സ്ഥലം മാറ്റങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കുമോ?

2021-22 വർഷം മുതൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലം മാറ്റത്തിന് 02-12-1991-ലെ സ.ഉ.(പി)നം. 36/91/പി&എ.ആർ.ഡി.-യിൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവിൻ പ്രകാരം അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റം നടത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിക്കണമെന്നും 24-12-2021-ലെ സ.ഉ.(അച്ചടി)നം. 27/2021/പൊ.വി.വ. ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. 02-12-1991-ലെ സ.ഉ.(പി)നം. 36/91/പി&എ.ആർ.ഡി. ഉത്തരവിൽ ഓരോ വകുപ്പിലെയും ഓരോ

വിഭാഗത്തിലെയും ഓരോ വർഷവുമുണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനം മാത്രമെ അന്തർജില്ലാ സ്ഥലം മാറ്റത്തിന് നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റ അനുപാതം പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് ഒരു കൂട്ടം അദ്ധ്യാപകർ സമർപ്പിച്ച ഹർജി സർക്കാർ പരിശോധിച്ചുവരുന്നു.

**ഖാദർ കമ്മിറ്റി റിപ്പോർട്ട്**

261(1473) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മിറ്റിയുടെ പൂർണ്ണ റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടുണ്ടോയെന്നും റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരമുള്ള പരിഷ്കാരങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

ഉണ്ട്. പ്രൊഫ. ഡോ. എം. എ. ഖാദർ അദ്ധ്യക്ഷനായുള്ള വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ ഒന്നാം ഭാഗം "മികവിനായുള്ള വിദ്യാഭ്യാസം"

സർക്കാർ 28-02-2019-ലെ സ.ഉ.(കൈ)നം. 19/2019/പൊ.വി.വ. പ്രകാരം തത്വത്തിൽ അംഗീകരിച്ച് ഉത്തരവും നൽകിയിട്ടുണ്ട്. മറ്റ് ശിപാർശകൾ സംബന്ധിച്ച് വിദഗ്ധ സമിതി സമർപ്പിച്ച രണ്ടാം ഭാഗം റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഖാദർ കമ്മിറ്റി റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഒന്നാം ഭാഗം പ്രസിദ്ധീകരിച്ചിട്ടുണ്ട്. രണ്ടാം ഭാഗം പരിശോധിച്ചുവരുന്നു.

(സി) ഹയർ സെക്കൻഡറി, ഹൈസ്കൂൾ ലയനം അടുത്ത അദ്ധ്യയന വർഷം നടപ്പിലാക്കുമോ; വിശദമാക്കാമോ?

ഹയർ സെക്കൻഡറി, ഹൈസ്കൂൾ ലയനവുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

**ഉച്ചഭക്ഷണ നിരക്ക് വർദ്ധന**

262(1474) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനായുള്ള നിരക്ക് സർക്കാർ അവസാനമായി പുതുക്കിയത് എന്നാണെന്ന് വ്യക്തമാക്കാമോ?

2016 സെപ്റ്റംബറിലാണ് സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനായുള്ള നിരക്ക് അവസാനമായി പുതുക്കിയത്.

(ബി) ഉച്ചഭക്ഷണ നിരക്ക് വർദ്ധനയുമായി ബന്ധപ്പെട്ട കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഉപസമിതിയെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഉപസമിതി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ഉപസമിതിയെ നിയമിച്ചിട്ടില്ല.

(സി) ഉച്ചഭക്ഷണത്തിന് ഇപ്പോൾ നൽകിവരുന്ന തുക അപര്യാപ്തമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തുക വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള കുടിശ്ശിക നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉച്ചഭക്ഷണ പദ്ധതിയുടെ ഫുഡ് ബാസ്കറ്റിൽ ഉൾപ്പെടുന്ന ചില ഭക്ഷ്യവസ്തുക്കളുടെ വിലയിൽ വന്നിട്ടുള്ള വർദ്ധനവ്

കണക്കിലെടുത്ത് നിലവിൽ അനുവദിക്കുന്ന തുക പരിഷ്കരിക്കണമെന്ന് അദ്ധ്യാപക സംഘടനകളും നിരവധി സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റികളും ആവശ്യപ്പെട്ടിട്ടുണ്ട്. വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പദ്ധതി നടത്തിപ്പിന് സ്കൂളുകൾക്ക് അനുവദിക്കുന്ന തുക പരിഷ്കരിക്കാനും അതോടൊപ്പം പാൽ, മുട്ട/നേന്ത്രപഴം നൽകുന്ന സപ്ലിമെന്ററി ന്യൂട്രിഷൻ പരിപാടിക്ക് പ്രത്യേക ഫണ്ട് അനുവദിക്കുവാനും ശിപാർശ ചെയ്തുകൊണ്ടുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

സ്കൂളുകൾക്ക് നവംബർ, ഡിസംബർ മാസങ്ങളിലെ കുടിശ്ശിക തുക വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടിശ്ശിക തുക വിതരണം ചെയ്യുന്നതിനും മറ്റുമായി കേന്ദ്ര-സംസ്ഥാന വിഹിതമുൾപ്പെടെ 91.51405 കോടി രൂപ 09-01-2024-ൽ സർക്കാർ അനുവദിച്ചിട്ടുണ്ട്. ജനുവരി 31-നകം സ്കൂളുകൾക്ക് കുടിശ്ശിക തുക പൂർണ്ണമായും വിതരണം ചെയ്യുന്നതാണ്.

(ഡി) സമഗ്ര ശിക്ഷാ കേരള ലിസ്റ്റിൽ ഉൾപ്പെടാത്തതും കേന്ദ്രാനുമതി ലഭിച്ചിട്ടില്ലാത്തതുമായ സർക്കാർ, എയ്ഡഡ് സ്കൂളുകളുടെ ഭാഗമായി

പ്രവർത്തിക്കുന്ന എല്ലാ പ്രീ പ്രൈമറി സ്കൂൾ കുട്ടികൾക്കുംകൂടി ഉച്ചഭക്ഷണം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പുരോഗതി വിശദീകരിക്കാമോ?

സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന അംഗീകൃത പ്രീ-പ്രൈമറികളാണ് സമഗ്ര ശിക്ഷയുടെ ലിസ്റ്റിൽ ഉൾപ്പെടുന്നത്. എന്നാൽ ഇവയ്ക്ക് പുറമേ 2011-12 അദ്ധ്യയന വർഷം വരെ ഉച്ചഭക്ഷണം നൽകിവന്നിരുന്ന എയ്ഡഡ് സ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ-പ്രൈമറികളേയും പദ്ധതിയിൽ ഉൾപ്പെടുത്തി ഇവിടങ്ങളിലെ കുട്ടികൾക്കുകൂടി ഉച്ചഭക്ഷണം നൽകി വരുന്നുണ്ട്. സർക്കാർ, എയ്ഡഡ് മേഖലകളിലായി ആകെ 4130 പ്രീ-പ്രൈമറികളിലെ 233542 കുട്ടികൾക്കാണ് നിലവിൽ ഉച്ചഭക്ഷണം നൽകി വരുന്നത്. 07-12-2012-ലെ ജി.ഒ.(എം.എസ്)നം. 385/2012/പൊ.വി.വ. പ്രകാരം 07-12-2012-നുശേഷം പ്രീ-പ്രൈമറി ക്ലാസുകൾ ആരംഭിക്കാൻ പാടില്ല എന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതിനാൽ മേൽ ഉത്തരവിന് ശേഷം ആരംഭിച്ച പ്രീ-പ്രൈമറികളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**സ്കോളർഷിപ് വിതരണത്തിനായി അനുവദിച്ച തുക**

263(1475) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സ്കോളർഷിപ്പുകൾ നൽകുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

2023-24 സാമ്പത്തിക വർഷത്തിൽ ബജറ്റിനത്തിൽ 3.46 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അദ്ധ്യാപകർക്ക് നിയമനാംഗീകാരം ലഭ്യമാക്കാൻ നടപടി**

264(1476) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ എയ്ഡഡ്, എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിൽ നിയമിക്കപ്പെട്ട

എത്ര അദ്ധ്യാപകർക്ക് നിയമനാംഗീകാരം കിട്ടാൻ ബാക്കിയുണ്ടെന്ന് സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ?

(ബി) നിയമനം അംഗീകരിക്കപ്പെടാത്തതുകൊണ്ട് അദ്ധ്യാപകർ ശമ്പളം കിട്ടാതെ എത്ര കാലമായി ജോലി ചെയ്തുവരുന്നുവെന്ന് സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) ഈ കാലവിളംബത്തിന് കാരണമെന്താണെന്നും പ്രതിസന്ധി എന്നത്തേയ്ക്ക് പരിഹരിക്കപ്പെടുമെന്നും വ്യക്തമാക്കാമോ?

സീനിയർ നിയമനാർത്ഥികളുടെ നിയമനം അംഗീകരിക്കാത്തതും ഭിന്നശേഷി സംവരണം സംബന്ധിച്ച സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ മാനേജർമാർ പാലിക്കാത്തതുമാണ് ഈ കാലവിളംബത്തിന് കാരണം. ആയത് പാലിക്കുന്ന മുറയ്ക്ക് ഈ പ്രതിസന്ധി പരിഹരിക്കപ്പെടുന്നതാണ്.

(ഡി) അംഗീകാരം കാത്തിരിക്കുന്നവരിൽ ഒരിക്കലും നിയമിക്കപ്പെടാൻ സാധ്യതയില്ലാത്ത അദ്ധ്യാപകർ ഉണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇല്ല.

**എറണാകുളം ജില്ലയിലെ എൽ.പി., യു.പി. അദ്ധ്യാപക നിയമനം**

265(1477) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഗവ. എൽ.പി., യു.പി. (മലയാളം മീഡിയം) സ്കൂൾ അദ്ധ്യാപക തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും ഒഴിവുകൾ ഏതെല്ലാം സ്കൂളുകളിലാണുള്ളതെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

എറണാകുളം ജില്ലയിലെ ഗവ. എൽ.പി., യു.പി. (മലയാളം മീഡിയം) സ്കൂൾ അദ്ധ്യാപക തസ്തികകളിൽ നിലവിൽ എൽ.പി.എസ്.ടി.-101 ഒഴിവുകളും യു.പി.എസ്.ടി.-26 ഒഴിവുകളുമാണുള്ളത്. ഒഴിവുകൾ ഏതെല്ലാം സ്കൂളുകളിലാണെന്നുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യക്തമാക്കാമോ; എത്രയും വേഗം ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

യു.പി.എസ്.റ്റി. തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ 6 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എൽ.പി.എസ്.ടി. തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ 62 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) എറണാകുളം ജില്ലയിൽ ഗവ. എൽ.പി., യു.പി. സ്കൂൾ (മലയാളം മീഡിയം) അദ്ധ്യാപക തസ്തികയിൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്നത് സംബന്ധിച്ച് ഉദ്യോഗാർത്ഥികൾ നവകേരള സദസ്സിൽ നൽകിയ പരാതിയിൽ അന്തിമ തീരുമാനമെടുത്ത് മറുപടി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഡിസംബർ, ജനുവരി മാസങ്ങളിലെ ഒഴിവുകൾ മാത്രമാണ് കേഡർ പ്രകാരം യു.പി.എസ്.ടി. തസ്തികയിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ളത്. ഈ തസ്തികയിലെ 26 ഒഴിവുകളിൽ 6 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 20 ഒഴിവുകൾ കേഡർ

പ്രകാരം റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് ലഭിച്ചിട്ടുള്ള അപേക്ഷകൾക്ക് മറുപടി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ഡി) 2024 മാർച്ച്, ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ എറണാകുളം ജില്ലയിൽനിന്ന് എത്ര ഗവ. എൽ.പി., യു.പി. (മലയാളം മീഡിയം) അദ്ധ്യാപകരും പ്രഥമാദ്ധ്യാപകരും വിരമിക്കുന്നുണ്ട് എന്നും വിരമിക്കുന്ന അദ്ധ്യാപകരുടെയും പ്രഥമാദ്ധ്യാപകരുടെയും പേര്, സ്കൂൾ, വിരമിക്കുന്ന തീയതി എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ?

2024 മാർച്ച്, ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ 12 എൽ.പി.എസ്.ടി., 8 യു.പി.എസ്.ടി., 42 പ്രഥമാദ്ധ്യാപകർ, 15 പി.ഡി. ടീച്ചർമാർ എന്നിവർ വിരമിക്കുന്നുണ്ട്. വിരമിക്കുന്നവരുടെ പേര്, സ്കൂൾ, വിരമിക്കുന്ന തീയതി എന്നീ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഇ) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിൽ 2024 വർഷത്തെ ഗവ. എൽ.പി., യു.പി. സ്കൂൾ (മലയാളം മീഡിയം) അദ്ധ്യാപക തസ്തികകളിലുണ്ടാകുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

എൽ.പി.എസ്.ടി. തസ്തികയിൽനിന്നും 12 ഒഴിവുകൾ പ്രതീക്ഷിത ഒഴിവായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. യു.പി.എസ്.ടി. തസ്തികയിൽ 2024 അദ്ധ്യയന വർഷത്തിൽ 9 വിരമിക്കൽ ഒഴിവുകൾ മാത്രമാണുള്ളത്. 2023-24 വർഷത്തെ തസ്തിക നിർണയത്തിൽ യു.പി.എസ്.ടി. വിഭാഗത്തിൽനിന്നും 12 തസ്തികകൾ നഷ്ടപ്പെടുകയും ചെയ്തു. ആയതിനാൽ യു.പി.എസ്.ടി. തസ്തികയിൽ പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ സാധിച്ചിട്ടില്ല.

(എഫ്) 2023-2024 അദ്ധ്യയന വർഷം സ്റ്റാഫ് ഫിക്സേഷൻ പ്രകാരം എറണാകുളം ജില്ലയിലെ സർക്കാർ സ്കൂളുകളിൽനിന്നും എത്ര എൽ.പി., യു.പി. അധിക അദ്ധ്യാപക തസ്തികകളാണ് ഡി.ജി.ഇ.-യിലേയ്ക്ക് എറണാകുളം എ.ഇ.ഒ., ഡി.ഇ.ഒ., ഡി.ഡി. ഓഫീസുകളിൽനിന്നും ശിപാർശ

നൽകിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ജില്ലയിലെ ഏതൊക്കെ സ്കൂളുകളിലാണ് അധിക തസ്തിക എന്ന് തരംതിരിച്ച് ലഭ്യമാക്കുമോ?

2023-24 അദ്ധ്യയന വർഷം ആകെ 83 അധിക തസ്തികകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**അദ്ധ്യാപകരുടെ താല്ക്കാലിക നിയമനത്തിനുള്ള പ്രായപരിധി**

266(1478) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് തലങ്ങളിലെ എൽ.പി., യു.പി., ഹൈസ്കൂൾ അദ്ധ്യാപക തസ്തികകളിലെ താല്ക്കാലിക നിയമനത്തിനുള്ള പ്രായപരിധി സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകളോ മാർഗ്ഗനിർദേശങ്ങളോ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിൽ പി.എസ്.സി.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ അനുവദിച്ചിട്ടുള്ള പ്രായപരിധി മാനദണ്ഡങ്ങൾ തന്നെയാണ് പാലിക്കേണ്ടത്. KER അദ്ധ്യായം XIVA Rule 1 Sub Rule(2)-ലെ പ്രായപരിധി സംബന്ധിച്ച വ്യവസ്ഥ തന്നെയാണ് ദിവസ വേതന നിയമനത്തിനും ബാധകമാകുന്നത്.

(ബി) നിലവിൽ എൽ.പി., യു.പി., ഹൈസ്ക്കൂളുകളിലെ നാല്പത് വയസ്സ് പ്രായപരിധി കഴിഞ്ഞ താല്ക്കാലിക അദ്ധ്യാപകരെ ജോലിയിൽനിന്നും പിരിച്ചുവിടുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടി സർക്കാരിന്റെ അറിവോടുകൂടിയാണോ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നാല്പത് വയസ്സ് പ്രായപരിധി കഴിഞ്ഞ സർക്കാർ, എയ്ഡഡ് താല്ക്കാലിക അദ്ധ്യാപകരുടെ പ്രായപരിധി സംബന്ധിച്ച ആശങ്ക പരിഹരിക്കുന്നതിനും ഇവരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

എയ്ഡഡ് സ്കൂൾ താല്ക്കാലിക അദ്ധ്യാപകരുടെ പ്രായപരിധി നിശ്ചയിക്കുന്നത് നിലവിലുള്ള ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ്. അതിൽ മാറ്റം വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ഹൈസ്കൂളുകളിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സേവനം**

267(1479) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സേവനം അതേ സ്കൂളുകളിലെ ഹയർ സെക്കൻഡറി വിഭാഗത്തിന് കൂടി ഉപയോഗപ്പെടുത്തുവാൻ സാധിക്കുമോ; വിശദമാക്കാമോ?

ഹൈസ്കൂളുകളിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സേവനം ഹയർ സെക്കൻഡറി വിഭാഗത്തിനുകൂടി ഉപയോഗപ്പെടുത്താൻ സാധിക്കും.

(ബി) ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**എച്ച്.എസ്.എസ്.ടി. അദ്ധ്യാപകർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ്**

268(1480) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവത്തൂർ ശ്രീ വാസുദേവാശ്രമം ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.എസ്.ടി. ജൂനിയർ അദ്ധ്യാപകനായ ശ്യാംലാൽ, ശ്യാംനിവാസ്-ഉം മറ്റ് ഒൻപതുപേരും ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു.പി.(സി)നം. 41993/22 കേസിന്റെ വിധിപ്പകർപ്പ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് ലഭിച്ചതെന്നും വിധി എന്താണെന്നും വിശദമാക്കാമോ?

04-02-2023-ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. WP(C)No. 41993/2022-ന്റെ 22-12-2022-ലെ വിധിന്യായത്തിൽ രണ്ടാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ ഡയറക്ടർ 15-10-2022-ലെ ഹർജിക്കാർ സമർപ്പിച്ചിട്ടുള്ള നിവേദനം (Ext. P5) പരിഗണിച്ച്, അവരെ നേരിൽ കേട്ട് വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് 3 മാസത്തിനകം തീരുമാനം കൈക്കൊള്ളുവാൻ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു.

(ബി) പ്രസ്തുത വിധി പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശാനുസരണം 16-05-2023-ന് ഹിയറിംഗ് നടത്തിയിരുന്നോയെന്നും

ആയതിൻ പ്രകാരം എന്തെങ്കിലും ഉത്തരവ് ഇറക്കിയിരുന്നോയെന്നും വ്യക്തമാക്കാമോ?

22-12-2022-ലെ WP(C)No. 41993/2022-ന്മേലുള്ള വിധിന്യായം പ്രകാരം 16-5-2023-ന് രാവിലെ 11 മണിക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി അക്കാഡമിക് വിഭാഗം ജോയിന്റ് ഡയറക്ടർ ഗൂഗിൾ മീറ്റ് മുഖേന ഹീയറിംഗ് നടത്തിയിരുന്നു. 22-12-2022-ലെ വിധിന്യായം നടപ്പിലാക്കി, 07-08-2023-ലെ Acd.B1/268379/2022/HSE പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവിറക്കിയിട്ടുണ്ട്.

(സി) 07-08-2023-ന്റെ എ.സി.ഡി.ബി1/268379/22/എച്ച്.എസ്.ഇ. നമ്പർ ഉത്തരവ് എന്നാണ് വടകര ഡി.ഇ.ഒ. ഓഫീസിൽ ലഭിച്ചതെന്നും ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ?

07-08-2023-ലെ നമ്പർ എസിഡി. ബി1/268379/2022/എച്ച്. എസ്.ഇ. ഉത്തരവ് വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ലഭിച്ചത് 09-08-2023-ലാണ്. പ്രസ്തുത ഉത്തരവ് ലഭ്യമായതിനുശേഷം ചുവടെ ചേർത്തിരിക്കുന്ന നടപടികളാണ് വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽനിന്നും സ്വീകരിച്ചത്.

നിലവിൽ ഹയർ സെക്കൻഡറി അദ്ധ്യാപകരുടെ നിയമനാംഗീകാരം, നിരീക്ഷണകാലം പൂർത്തീകരിക്കൽ, മറ്റ് സേവനവേതന വ്യവസ്ഥകൾ എന്നിവയിൽ നടപടികൾ സ്വീകരിച്ചുവരുന്നത് ബന്ധപ്പെട്ട ഹയർ സെക്കൻഡറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറാണ്. എന്നാൽ 07-08-2023-ലെ ഉത്തരവിൽ നടുവത്തൂർ ശ്രീ വാസുദേവാശ്രമം സ്കൂളിലെ 10 ഹയർ സെക്കൻഡറി വിഭാഗം അദ്ധ്യാപകരുടെ നിരീക്ഷണകാലം പൂർത്തീകരിച്ചുനൽകുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ ജില്ലാ വിദ്യാഭ്യാസ ഓഫീസറോട് നിർദ്ദേശിച്ചിരുന്നു.

നടുവത്തൂർ ശ്രീ വാസുദേവാശ്രമം സ്കൂളിലെ അംഗീകൃത മാനേജർ മരണപ്പെട്ടത് കണക്കിലെടുത്തും സ്കൂൾ സർക്കാർ ഏറ്റെടുത്ത സാഹചര്യത്തിൽ ഭാവിയിൽ മാനേജർ ഉണ്ടാവാൻ ഇടയില്ലാത്തതിനാലും ഒരു തവണത്തേയ്ക്ക് നിരീക്ഷണകാലം വടകര ഡി.ഇ.ഒ. ഓഫീസിൽനിന്നും എയ്ഡഡ് സ്കൂളുകൾക്ക് ബാധകമായ വ്യവസ്ഥകൾ പ്രകാരം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചതിനെ തുടർന്ന് 10 ഹയർ സെക്കൻഡറി അദ്ധ്യാപകരുടെ

നിരീക്ഷണകാലം പൂർത്തീകരിക്കുന്നതിലേയ്ക്കായി സർവ്വീസ് വെരിഫിക്കേഷൻ നടത്തുന്നതിനായി 07-10-2023-ൽ അദ്ധ്യാപകരുടെ സേവനപുസ്തകങ്ങൾ, ഹാജർ പട്ടിക എന്നിവ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ആവശ്യപ്പെടുകയുണ്ടായി.

20-10-2023-ന് ഹാജർ പട്ടിക, സേവനപുസ്തകങ്ങൾ എന്നിവ ലഭ്യമാക്കിയ സാഹചര്യത്തിൽ പ്രസ്തുത അദ്ധ്യാപകരുടെ 01-06-2013 മുതൽ 30-09-2023 വരെയുള്ള 10 വർഷത്തിൽ കൂടുതലുള്ള സേവനപരിശോധന 20-10-2023 മുതലുള്ള തീയതികളിൽ നടത്തി. 10 അദ്ധ്യാപകരുടെയും സേവനപരിശോധനയിൽ അനധികൃത ഹാജരില്ലായ്മ, സേവനപുസ്തകത്തിൽ മതിയായ വിവരങ്ങൾ രേഖപ്പെടുത്താതിരിക്കുക എന്നിവ ഉൾപ്പെടെ ഒട്ടേറെ ന്യൂനതകൾ കണ്ടെത്തുകയുണ്ടായി. സേവനപരിശോധനയിൽ കണ്ടെത്തിയ മുഴുവൻ ന്യൂനതകൾക്കും മറുപടി ലഭ്യമാക്കാനായി വിശദമായ റിപ്പോർട്ട് 08-11-2023-ൽ ശ്രീവാസുദേവാശ്രമം ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പലിന് അയച്ചിരുന്നു. ജില്ലാ വിദ്യാഭ്യാസ ഓഫീസിൽനിന്നും കണ്ടെത്തിയ ന്യൂനതകൾക്കുള്ള മറുപടി പൂർണ്ണമായും പരിഹരിക്കാതെ

ഭാഗികമായാണ് 29-11-2023-ന് പ്രിൻസിപ്പൽ-ഇൻ-ചാർജ്ജ് സമർപ്പിച്ചത്. പ്രിൻസിപ്പാൽ-ഇൻ-ചാർജ്ജ് സമർപ്പിച്ച വിശദീകരണം, മറുപടി എന്നിവ 05-12-2023 മുതൽ പരിശോധിച്ചു.

സേവനപുസ്തക പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ പൂർണ്ണമായും പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശം രണ്ടാമതും പ്രിൻസിപ്പലിന് നൽകുന്നതിനാവശ്യമായ നടപടികൾ അന്തിമഘട്ടത്തിലാണ്. ന്യൂനതകൾ പൂർണ്ണമായും പരിഹരിക്കുന്ന മുറയ്ക്ക് മാത്രമെ പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കാൻ കഴിയുകയുള്ളൂ.

(ഡി) കോടതിവിധി അനുസരിച്ച് ഇറക്കുന്ന ഉത്തരവ് നടപ്പാക്കാൻ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥരുടെ നടപടി പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ?

കോടതിവിധി അനുസരിച്ച് ഇറക്കുന്ന ഉത്തരവ് നടപ്പാക്കുന്നതിന് മനഃപൂർവ്വമായ കാലതാമസം ഉണ്ടാകുന്നില്ല. എന്നാൽ മതിയായ

കാരണമില്ലാതെ ഉത്തരവ് നടപ്പിലാക്കുന്നതിന് കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥരുടെ നടപടി ശ്രദ്ധയിൽപ്പെട്ടാൽ പരിശോധിക്കുന്നതാണ്.

**ഹയർ സെക്കൻഡറി വിഭാഗത്തിൽ കായികാദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ നടപടി**

269(1481) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈസ്കൂൾ വിഭാഗം കായികാദ്ധ്യാപകരെ ഹയർ സെക്കൻഡറി വിഭാഗത്തിൽക്കൂടി നിയോഗിക്കുന്നതിനായി ഈ സർക്കാർ നിലവിലെ വിദ്യാഭ്യാസ ചട്ടങ്ങൾ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

04-01-1993-ലെ G.O.(MS)No. 3/93/G.Edn. പ്രകാരം ഹയർ സെക്കൻഡറി വിഭാഗത്തിന് ഫിസിക്കൽ എഡ്യൂക്കേഷനായി അനുവദിച്ചിട്ടുള്ള രണ്ട് പിരീഡിൽ ഹൈസ്കൂൾ വിഭാഗം കായികാദ്ധ്യാപകരെ ഹയർ സെക്കൻഡറി വിഭാഗത്തിൽക്കൂടി നിയോഗിക്കാവുന്നതാണ്. വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടില്ല.

(ബി) സംസ്ഥാനത്തെ ഹയർ സെക്കൻഡറി സ്കൂളുകളിൽ നിലവിൽ എത്ര കായികാദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ ഹയർ സെക്കൻഡറി ക്ലാസുകളിലെ കായിക പരിശീലനത്തിനുള്ള പിരീയഡുകൾ നിലവിൽ എപ്രകാരമാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഹയർ സെക്കൻഡറി വിഭാഗത്തിൽ ഫിസിക്കൽ എഡ്യൂക്കേഷനായി കായികാദ്ധ്യാപക തസ്തികകളൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല. കായിക വിഷയങ്ങൾ പഠിക്കുവാനായി ഹയർ സെക്കൻഡറിയിൽ വിഷയങ്ങളില്ല. ആഴ്ചയിൽ 2 പിരീഡുകൾ കളികൾക്കും മറ്റുമായി അനുവദിച്ചിട്ടുള്ളതിന്റെ മേൽനോട്ടത്തിനായി ഓരോ സ്കൂളിലെയും സാഹചര്യത്തിന് അനുസരിച്ച് പ്രിൻസിപ്പൽമാർ മറ്റ് അദ്ധ്യാപകരുടെയും ഹൈസ്കൂൾ വിഭാഗം കായികാദ്ധ്യാപകരുടെയും സേവനം ഉപയോഗിക്കുന്നുണ്ട്.

(സി) ഹയർ സെക്കൻഡറി സ്കൂളുകളിൽ മതിയായ കായികാദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കായികാദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**കോട്ടയം, തൃശ്ശൂർ ജില്ലകളിലെ സ്കൂളുകളിലെ യു.പി.എസ്.എ. ഒഴിവുകൾ**

270(1482) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം, തൃശ്ശൂർ ജില്ലകളിലെ സർക്കാർ സ്കൂളുകളിൽ യു.പി.എസ്.എ. തസ്തികയിൽ (ലാംഗ്വേജ് അദ്ധ്യാപക തസ്തിക ഒഴികെ) എത്ര ജനറൽ ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ?

കോട്ടയം ജില്ലയിൽ 3-ഉം തൃശ്ശൂർ ജില്ലയിൽ 40-ഉം ജനറൽ ഒഴിവുകൾ നിലവിലുണ്ട്.

(ബി) നിലവിലുള്ള ജനറൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത എത്ര ജനറൽ ഒഴിവുകൾ നിലവിലുണ്ട്?

(ബി&സി) കോട്ടയം ജില്ലയിലെ ഒരൊഴിവും തൃശ്ശൂർ ജില്ലയിലെ നിയമാനുസൃതമായ നിശ്ചിത ശതമാനം ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ശേഷിക്കുന്ന 5 ഒഴിവുകളും, കോട്ടയം ജില്ലയിലെ 2 ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത ജില്ലകളിലെ സർക്കാർ സ്കൂളുകളിൽനിന്നും യു.പി.എസ്.എ. തസ്തികയിൽ (ലാംഗ്വേജ് അദ്ധ്യാപക തസ്തിക ഒഴികെ) 2024 മാർച്ച് 1 മുതൽ 2025 മേയ് 31 വരെ വിരമിക്കുന്ന അദ്ധ്യാപകരുടെ പേര്, വിരമിക്കൽ തീയതി, ഇപ്പോൾ ജോലി നോക്കുന്ന സ്കൂൾ എന്നിവ വ്യക്തമാക്കാമോ?

വിവരം അനുബന്ധമായി ചേർക്കുന്നു.+

**എയ്ഡഡ് മേഖലയിൽ നിയമനാംഗീകാരം ലഭിക്കാത്ത അധ്യാപകർ**

271(1483) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ എൽ.പി./യു.പി., ഹൈസ്കൂൾ, ഹയർ സെക്കൻഡറി അദ്ധ്യാപകരുടെ എത്ര തസ്തിക ഒഴിഞ്ഞ് കിടക്കുകയാണ് എന്ന വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) എയ്ഡഡ് മേഖലയിൽ എൽ.പി./യു.പി., ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗത്തിൽ എത്ര അദ്ധ്യാപകരുടെ നിയമനം ഇനി അംഗീകരിക്കാൻ ബാക്കിയുണ്ട് എന്ന് ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സർക്കാർ സ്കൂളുകളിൽ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിനും എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിനും എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**എച്ച്.എസ്.എസ്.ടി. മലയാളം തസ്തികയിലെ നിയമനം**

272(1484) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.ടി. (ജൂനിയർ) മലയാളം, എച്ച്.എസ്.എസ്.ടി. (സീനിയർ) മലയാളം എന്നീ തസ്തികകളിലുള്ള എത്ര അദ്ധ്യാപകർ 2022 ജൂലൈ 1 മുതൽ 2023 ജൂലൈ 7 വരെയുള്ള കാലയളവിൽ സേവനത്തിൽനിന്ന് വിരമിക്കുകയുണ്ടായി; 2023 ജൂലൈ 7-നുമുൻപ് എത്ര എച്ച്.എസ്.എസ്.ടി. (ജൂനിയർ) മലയാളം അദ്ധ്യാപകർക്ക് എച്ച്.എസ്.എസ്.ടി. (സീനിയർ) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്?

2022 ജൂലൈ 1 മുതൽ 2023 ജൂലൈ 7 വരെയുള്ള കാലയളവിൽ എച്ച്.എസ്.എസ്.ടി. (ജൂനിയർ) മലയാളം തസ്തികയിൽ 3 പേരും എച്ച്.എസ്.എസ്.ടി. (സീനിയർ) മലയാളം തസ്തികയിൽ 27 പേരും സേവനത്തിൽനിന്ന് വിരമിക്കുകയുണ്ടായി. 2022 ജൂലൈ 1 മുതൽ 2023 ജൂലൈ 7 വരെയുള്ള കാലയളവിൽ 15 പേർക്ക് എച്ച്.എസ്.എസ്.ടി.

(ജൂനിയർ) മലയാളം തസ്തികയിൽനിന്ന് എച്ച്.എസ്.എസ്.ടി. (സീനിയർ) മലയാളം തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം നൽകിയിട്ടുണ്ട്.

(ബി) നിലവിലുണ്ടായിരുന്ന സർക്കാർ നിർദേശത്തിന് വിധേയമായി പ്രസ്തുത തസ്തികകളിലെ റിട്ടയർമെന്റ്, സ്ഥാനക്കയറ്റം എന്നിവമൂലമുള്ള പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

ഒഴിവുകൾ മുൻകൂട്ടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. തസ്തിക നിർണ്ണയ നടപടികൾ പൂർത്തീകരിച്ച് തസ്തികളിൽ വ്യക്തത വരുത്തിയാൽ മാത്രമെ ജൂനിയർ തസ്തികയിൽനിന്നും സീനിയർ തസ്തികയിലേയ്ക്ക് ബൈ ട്രാൻസ്ഫർ നിയമനം നടത്താനും, തത്ഫലമായി ഉണ്ടാകുന്ന ജൂനിയർ തസ്തികകളിൽ സ്പെഷ്യൽ റൂൾ നിഷ്കർഷിക്കുംപ്രകാരം റേഷ്യോ കണക്കാക്കി നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനും സാധിക്കുകയുള്ളൂ. നിലവിലെ എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിലെ കേഡർ സ്ട്രെങ്ത് പ്രകാരം, പി.എസ്.സി.വഴി നിയമിതരായവരുടെ എണ്ണം,

സ്പെഷ്യൽ റൂളിൽ നിഷ്കർഷിക്കുന്ന നേരിട്ടുള്ള നിയമനത്തിന്റെ റേഷ്യോയെക്കാൾ അധികരിച്ചിരിക്കുകയാണ്.

(സി) നിലവിലുണ്ടായിരുന്ന സർക്കാർ നിർദേശത്തിന് വിധേയമായി റിട്ടയർമെന്റ്, സ്ഥാനക്കയറ്റം എന്നിവമൂലമുള്ള പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാത്തതിനാൽ 2023 ജൂലൈ 7 വരെ മാത്രം കാലവധിയുണ്ടായിരുന്ന റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർഥികൾക്ക് അവസരം നഷ്ടമായിട്ടുണ്ടെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ നിർദ്ദേശം പ്രാവർത്തികമാക്കാൻ ശ്രമിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഇതുസംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ വ്യവഹാരങ്ങളും ഫയൽ ചെയ്തിട്ടുണ്ട്.

ഈ വിഷയത്തിൽ ജീവനക്കാരുടെ ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചിട്ടില്ല.

**അദ്ധ്യാപകരുടെ ദിവസവേതന കുടിശ്ശിക നൽകുന്നതിന് നടപടി**

273(1485) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോർപ്പറേറ്റ് മാനേജ്മെന്റിന്റെയും മറ്റ് മാനേജ്മെന്റുകളുടേയും കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എൽ.പി.എസ്.എ., യു.പി.എസ്.എ., എച്ച്.എസ്.എ. തുടങ്ങിയ തസ്തികകളിൽ നിയമിക്കുന്ന അദ്ധ്യാപകർക്ക് നിയമന അംഗീകാരം നൽകുമ്പോൾ ചില അദ്ധ്യാപകരുടെ നിയമനം ദിവസ വേതന ക്രമത്തിൽ അംഗീകരിക്കുകയും പിന്നീട് വരുന്ന ഒഴിവിൽ സ്ഥിര അംഗീകാരം നൽകുയും ചെയ്യുന്നുണ്ടോ; ഇപ്രകാരം നിയമിക്കുന്നവർക്ക് അംഗീകരിച്ച ദിവസവേതനക്കാലത്തെ ശമ്പളക്കുടിശ്ശിക കൈപ്പറ്റുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയമ തടസ്സമുണ്ടോ; വിശദാംശം ലഭ്യമാകുമോ?

ഉണ്ട്. ഇപ്രകാരം നിയമിക്കുന്നവർക്ക് ശമ്പളക്കുടിശ്ശിക കൈപ്പറ്റുന്നതിന് ധനകാര്യ വകുപ്പിന്റെ 27-01-2021-ലെ പരിപത്രം നം. 07/2021/ധന-യിലെ നിബന്ധനകൾ ബാധകമാണ്. മേൽ പരിപത്ര പ്രകാരം എയ്ഡഡ് സ്കൂളുകളിലെ അംഗീകാരം ലഭിക്കാതിരുന്ന മുൻകാല നിയമനങ്ങളിൽ പിന്നീട്

അംഗീകാരം ലഭിക്കുന്ന സാഹചര്യത്തിൽ ശമ്പളക്കുടിശ്ശികയെല്ലാം പി.എഫ്. അക്കൗണ്ടിലേയ്ക്ക് നിഷേപിക്കാനാണ് നിലവിൽ നിർദേശമുള്ളത്. പരിപത്രത്തിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+ ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മുമ്പാകെ നിലനിൽക്കുന്ന ഹർജികളിന്മേലുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 01-01-2016 മുതൽ 31-1-2017 വരെ ദിവസവേതനത്തിലും 01-02-2017 മുതൽ സ്ഥിരനിയമനത്തിനുള്ള അംഗീകാരവും ലഭിച്ച വ്യക്തിക്ക് 01-06-2016 മുതൽ 31-01-2017 വരെയുള്ള ദിവസവേതന കുടിശ്ശിക നിലവിൽ മാറി നൽകുന്നതിന് കഴിയുമോ; വിശദാംശം ലഭ്യമാകുമോ?

ശമ്പളക്കുടിശ്ശിക തുക നൽകുന്നതിന് 27-01-2021-ലെ പരിപത്രം നം. 07/2021/ധന-യിലെ നിബന്ധനകൾ ബാധകമാണ്.

(സി) റെഗുലർ നിയമനകാലം മുതൽ ശമ്പളം കൈപ്പറ്റികൊണ്ടിരിക്കുന്ന കാരണത്താൽ ദിവസ വേതന കാലഘട്ടത്തെ ശമ്പളം ലഭ്യമാക്കുന്നതിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയമപരമായ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; കുടിശ്ശിക ശമ്പളം മാറി നൽകുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

റെഗുലർ നിയമനകാലം മുതൽ ശമ്പളം കൈപ്പറ്റികൊണ്ടിരിക്കുന്ന കാരണത്താൽ ദിവസ വേതന കാലഘട്ടത്തെ ശമ്പളം ലഭ്യമാക്കുന്നതിനും 27-01-2021-ലെ പരിപത്രം നം.07/2021/ധന-യിലെ നിബന്ധനകൾ ബാധകമാണ്. ടി തുക ജീവനക്കാർക്ക് നിയമന അംഗീകാരം നൽകിയ ഉത്തരവ് തീയതി മുതൽ അഞ്ച് വർഷം കഴിഞ്ഞ് മാത്രമെ പിൻവലിക്കാൻ കഴിയുകയുള്ളു. എന്നാൽ ടി വർഷ കാലയളവിനുള്ളിൽ സർവ്വീസിൽനിന്നും പിരിഞ്ഞുപോകുന്നവർക്കും പി.എഫ്. അംഗത്വം നിർബന്ധമില്ലാത്തവർക്കും നിലവിൽ പി.എഫ്. ഇല്ലാത്ത പാർട്ട് ടൈം ടീച്ചർമാർക്കും ശമ്പളക്കുടിശ്ശിക അവരുടെ ബാങ്ക്/ട്രഷറി അക്കൗണ്ടിലേയ്ക്ക് മാറ്റി നൽകാവുന്നതാണ്.

(ഡി) ഇത്തരത്തിൽ എൽ.പി.എസ്.എ., യു.പി.എസ്.എ., എച്ച്.എസ്.എ. ആയി ജോലി നോക്കുന്ന അദ്ധ്യാപകരുടെ അംഗീകരിച്ച ദിവസവേതന കുടിശ്ശിക അനുവദിക്കേണ്ട ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ?

എൽ.പി.എസ്.എ., യു.പി.എസ്.എ., എച്ച്.എസ്.എ. ആയി ജോലി നോക്കുന്ന അദ്ധ്യാപകരുടെ അംഗീകരിച്ച ദിവസവേതന കുടിശ്ശിക അനുവദിക്കേണ്ട ചുമതല ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്കാണ്.

(ഇ) റെഗുലർ നിയമനം അംഗീകരിച്ച കാലയളവ് മുതൽ ശമ്പളം തുടർച്ചയായി വാങ്ങുന്ന കാരണത്താൽ ദിവസ വേതന ക്രമത്തിൽ അംഗീകരിച്ച ശമ്പളക്കുടിശ്ശിക ഇപ്പോൾ പി.എഫ്.-ൽ നിക്ഷേപിക്കണമെന്ന് നിബന്ധനയുണ്ടോ; വർഷങ്ങളായി ശമ്പളമില്ലാതെ ജോലി നോക്കിയ അദ്ധ്യാപകരുടെ കാര്യത്തിൽ ദിവസവേതന കുടിശ്ശിക പണമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. ശമ്പളക്കുടിശ്ശിക തുക നൽകുന്നതിന് 27-01-2021-ലെ പരിപത്രം നം. 07/2021/ധന-യിലെ നിബന്ധനകൾ ബാധകമാണ്.

**സംരക്ഷിതാദ്ധ്യാപകരുടെ പുനർവിന്യാസം**

274(1486) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂലൈ 15-നും 2016 ഡിസംബർ 3-നുമിടയിൽ സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങളിലെ ദീർഘകാല അവധി ഒഴിവുകളിൽ നിയമിതരാവുകയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 06-02-2021-ലെ സ.ഉ.(പി)നം. 04/2021 പ്രകാരം നോഷണൽ ആയി അപ്രൂവൽ ലഭിക്കുകയും ചെയ്ത അദ്ധ്യാപകരുടെ കാറ്റഗറി തിരിച്ചുള്ള എണ്ണം വിശദമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) 29-11-2016-ലെ മന്ത്രിസഭായോഗത്തിന്റെ അംഗീകാരത്തിനായി പൊതുവിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ച (ഫയൽ നമ്പർ 712040/ജെ2/2016) 199/2016 കെ.ഇ.ആർ. അമെന്റ്മെന്റിന്റെ കരടിൽ പ്രാബല്യ തീയതി ഏതായിരുന്നു എന്നറിയിക്കുമോ?

29-01-2016 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്.

(സി) 03-12-2016-ലെ സ.ഉ.(പി) 199/2016 (എസ്.ആർ.ഒ. നം. 752/2016) ചട്ടങ്ങൾക്ക് മുൻകാല പ്രാബല്യം കൊടുക്കുന്നത് സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം എന്തായിരുന്നുവെന്ന് അറിയിക്കുമോ?

ഭേദഗതി ചട്ടങ്ങൾ മുൻകാല പ്രാബല്യത്തോടെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന 05-08-2016 മുതൽ ഭേദഗതി ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും 26-09-2016-ലെ AG-യുടെ നിർദ്ദേശത്തിനും വിരുദ്ധമായി യാതൊരു നിയമനവും ഡിപ്ലോയ്മെന്റും നടന്നിട്ടില്ലെന്ന് ഭരണവകുപ്പ് ഉറപ്പ് വരുത്തണമെന്നായിരുന്നു നിയമ വകുപ്പിന്റെ അഭിപ്രായം.

**(ഡി) 03-12-2016-ലെ സ.ഉ.(പി) 199/2016 കെ.ഇ.ആർ. അമെന്റ്മെന്റിൽ 29-01-2016-ലെ സ.ഉ.(പി) 29/2016 സംബന്ധിച്ചോ ഉത്തരവ് നമ്പറോ പ്രതിപാദിച്ചിട്ടുണ്ടോ?**

ഇല്ല.

**(ഇ) 03-12-2016 ലെ സ.ഉ.(പി) 199/2016 കെ.ഇ.ആർ. അമെന്റ്മെന്റിൽ സംരക്ഷിതാദ്ധ്യാപകരുടെ പുനർവിന്യാസവുമായി ബന്ധപ്പെട്ട ഏത് സർക്കാർ ഉത്തരവാണ് പരാമർശിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?**

05-08-2016-ലെ സ.ഉ.(അച്ചടി) നമ്പർ 134/2016/പൊ.വി.വ. ആണ് പരാമർശിച്ചിട്ടുള്ളത്.

**എറണാകുളം ജില്ലയിലെ എൽ.പി., യു.പി. അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ**

275(1487) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ എൽ.പി., യു.പി. സ്കൂൾ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനായി നവകേരള സദസ്സിൽ ഉദ്യോഗാർത്ഥികൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ വകുപ്പ് തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

എറണാകുളം ജില്ലയിൽ എൽ.പി., യു.പി. സ്കൂൾ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനായി നവകേരള സദസ്സിൽ ഉദ്യോഗാർത്ഥികൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന നടപടികൾ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽനിന്നും സ്വീകരിച്ചുവരുന്നു.

(ബി) 2024 വർഷം എറണാകുളം ജില്ലയിൽനിന്നും വിരമിക്കുന്ന പ്രഥമ അദ്ധ്യാപകർ/അദ്ധ്യാപകർ എന്നിവരുടെ പേര്, വിരമിക്കുന്ന തീയതി, സ്കൂളിന്റെ പേര് എന്നീ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) 2024 വർഷത്തെ എൽ.പി., യു.പി. സ്കൂൾ അസിസ്റ്റന്റ് പ്രതീക്ഷിത ഒഴിവുകൾ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ വിശദമാക്കാമോ?

എൽ.പി.എസ്.ടി. തസ്തികയിൽനിന്നും 12 ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. യു.പി.എസ്.ടി. തസ്തികയിൽ 2024 അദ്ധ്യയന വർഷം 9 വിരമിക്കൽ ഒഴിവുകളാണുള്ളത്. 2023-24 വർഷത്തെ തസ്തിക നിർണ്ണയത്തിന് 12 തസ്തികകൾ യു.പിഎസ്.ടി. വിഭാഗത്തിൽ നഷ്ടപ്പെടുകയുണ്ടായി. ആയതിനാൽ യു.പി.എസ്.ടി. തസ്തികയിൽനിന്നും പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

**അദ്ധ്യാപക തസ്തികകളിൽ നടത്തിയ നിയമനം**

276(1488) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അദ്ധ്യാപക തസ്തികകളിൽ നടത്തിയ നിയമനങ്ങളുടെയും പ്രൊമോഷനുകളുടെയും കണക്കുകൾ വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.+

(ബി) അദ്ധ്യാപക നിയമന അംഗീകാരം ഓൺലൈനിൽ ക്രമീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

അദ്ധ്യാപക നിയമന അംഗീകാരം ഓൺലൈനിൽ ക്രമീകരിക്കുന്നതിന് സമന്വയ പോർട്ടൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) സമന്വയ പോർട്ടലിൽ സെക്രട്ടേറിയറ്റ് ഡാഷ്ബോർഡ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഇല്ല. നിലവിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർതലം വരെയാണ് മൊഡ്യൂൾ തയ്യാറാക്കി പ്രവർത്തിപ്പിച്ചിട്ടുള്ളത്. അപ്രകാരം ഒരു മൊഡ്യൂൾ തയ്യാറാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ അധ്യാപക തസ്തികകളിലെ ഒഴിവുകൾ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

277(1489) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ സർക്കാർ വിദ്യാലയങ്ങളിൽ ആകെ അനുവദിച്ച അധ്യാപക തസ്തികകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ ഓരോന്നിനും നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച് വിശദമായ കണക്കുകൾ ലഭ്യമാക്കാമോ;

(സി) ഓരോ വിഭാഗത്തിലും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ സംബന്ധിച്ച് വിശദമാക്കാമോ?

(എ-സി) വിവരം അനുബന്ധമായി ചേർക്കുന്നു+.

**കോട്ടയം ജില്ലയിലെ യു.പി. സ്കൂൾ ടീച്ചർ തസ്തികയിലെ ഒഴിവുകൾ**

278(1490) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോട്ടയം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ നിലവിൽ യു.പി. സ്കൂൾ ടീച്ചർ തസ്തികയിൽ (ലാംഗ്വേജ് അധ്യാപകർ ഒഴികെ) മൊത്തം എത്ര ഒഴിവുകളുണ്ടെന്നും അവ ഏതെല്ലാം സ്കൂളുകളിൽ ആണെന്നും വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ നിലവിൽ യു.പി. സ്കൂൾ ടീച്ചർ തസ്തികയിൽ (ലാംഗ്വേജ് അധ്യാപകർ ഒഴികെ) മൊത്തം 8 ഒഴിവുകൾ ഉണ്ട്. അവ താഴെപ്പറയുന്നവയാണ്.

1) ജി.ഡബ്ല്യൂ.യു.പി.എസ്. കരീമഠം-1

2) എ.ബി.എം.ജി. യു.പി.എസ്. കുമരകം-1

3) ജി.യു.പി.എസ്. എഴുമാന്തുരുത്ത്-1

4) ജി.എച്ച്.എസ്.എസ്., ടി.വി.പുരം-1

5)ജി.വി.എച്ച്.എസ്.എസ്. വൈക്കം വെസ്റ്റ്-1

6)ജി.യു.പി.എസ്. മാലം-1

7) ജി.എച്ച്.എസ്.എസ്. മീനടം-1

8) ജി.വി.എച്ച്.എസ്.എസ്. ഫോർ ഗേൾസ് പെരുവ-1

(ബി) ഇവയിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു, റിപ്പോർട്ട് ചെയ്ത തീയതി എന്നിവ വ്യക്തമാക്കുമോ; റിപ്പോർട്ട് ചെയ്യാത്ത എത്ര ഒഴിവുകളുണ്ടെന്നും ആയതിനുള്ള കാരണവും വ്യക്തമാക്കുമോ?

ഇവയിൽ 2 ഒഴിവുകൾ 26-08-2023, 30-12-2023 തീയതികളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായും 1 ഒഴിവ് ബൈ ട്രാൻസ്ഫർ നിയമനത്തിനായും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 3 ഒഴിവുകൾ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റിവച്ചിട്ടുണ്ട്.

(സി) മേൽ പ്രതിപാദിച്ച ഒഴിവുകളിൽ എത്ര ഒഴിവുകൾ ജനറൽ (ഫ്രഷ്), ബൈ ട്രാൻസ്ഫർ, അന്തർ ജില്ലാ സ്ഥലം മാറ്റം, ആശ്രിത നിയമനം എന്നിവയ്ക്കുവേണ്ടി നീക്കിവച്ചിട്ടുണ്ടെന്നും അവ ഓരോന്നിനും എത്ര ഒഴിവുകൾ വീതമാണെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ; ഇതര ഇനം ഒഴിവുകളുണ്ടെങ്കിൽ അവ ഏതെന്നും എത്ര വീതമാണെന്നും വ്യക്തമാക്കുമോ?

ജനറൽ -3

ബൈ ട്രാൻസ്ഫർ - 2

അന്തർ ജില്ലാ സ്ഥലംമാറ്റം -3

(ഡി) കോട്ടയം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ യു.പി. സ്കൂൾ ടീച്ചർ തസ്തികയിൽനിന്നും (ലാംഗ്വേജ് അധ്യാപകർ ഒഴികെ) 2024 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ വിരമിക്കുന്ന അധ്യാപകരുടെ പേരും അവർ ജോലി ചെയ്യുന്ന സ്കൂളിന്റെ പേരും വിരമിക്കുന്ന തീയതിയും വ്യക്തമാക്കുമോ?

വിവരം അനുബന്ധമായി ചേർക്കുന്നു+.

**അധ്യാപക തസ്തികനിർണ്ണയം**

279(1491) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ തസ്തികനിർണ്ണയം സമയബന്ധിതമായി പൂർത്തീകരിക്കാത്തത് കാരണം അധ്യാപക തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി പി.എസ്.സി. റാങ്ക് പട്ടികയിലുൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്നുവെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റഗുലർ തസ്തികകളെ സംബന്ധിച്ചിടത്തോളം തസ്തിക നിർണ്ണയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിന് ഏതെങ്കിലും വിധത്തിൽ കാലതാമസം ഉണ്ടാകുന്നില്ല. അധിക തസ്തികകളെ സംബന്ധിച്ചിടത്തോളം തസ്തിക അനുവദിക്കുന്നതിന് KER അധ്യായം XXIII ചട്ടം 12 പ്രകാരം 3 തലങ്ങളിൽ പരിശോധന നടത്തേണ്ടതുണ്ട്. ചട്ടപ്രകാരമുള്ള നടപടികൾ പരമാവധി വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അതേ സമയം പ്രതിവർഷം നിരവധി അധ്യാപക തസ്തികകളിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്ന നടപടി ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ?

തസ്തിക നിർണ്ണയം പൂർത്തിയാക്കി അധിക തസ്തികകൾ അനുവദിക്കുന്നതുവരെയും അവധി ഒഴിവുകളിലും പി.എസ്.സി. വഴിയുള്ള നിയമിതരെ ലഭ്യമാകുന്നതുവരെയും മാത്രമാണ് ദിവസവേതനത്തിൽ അധ്യാപകരെ നിയമിക്കുന്നത്.

(സി) ഈ സർക്കാരിന്റെ കാലത്ത് പി.എസ്.സി. റാങ്ക് പട്ടികയിലുൾപ്പെട്ട എത്ര ഉദ്യോഗാർത്ഥികൾക്ക് അധ്യാപക തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്; ഇതിൽ എത്രയെണ്ണം വിരമിക്കൽ വഴിയുണ്ടായ തസ്തികകളാണ്; അധ്യയന വർഷം തിരിച്ചുള്ള കണക്കുകൾ നൽകാമോ?

11,183; ഇതിൽ 3000 എണ്ണം വിരമിക്കൽ വഴിയുണ്ടായ തസ്തികകളാണ്, അധ്യയന വർഷം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.+

(ഡി) ഓരോ അധ്യയന വർഷവും അധ്യാപക തസ്തികനിർണ്ണയം എന്നത്തേയ്ക്ക് പൂർത്തിയാക്കണമെന്നാണ് വിദ്യാഭ്യാസ ചട്ടം നിഷ്കർച്ചിട്ടുള്ളത്; ഇപ്പോൾ എപ്രകാരമാണ് ഇത് നടക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ?

കെ.ഇ.ആർ. അദ്ധ്യായം 23 ചട്ടം 12(1) പ്രകാരം ജ്ലൈ 15 പ്രാബല്യത്തിലാണ് തസ്തിക നിർണ്ണയം നടത്തുന്നത്. അധിക തസ്തികയുടെ പ്രാബല്യം ഒക്ടോബർ 1 മുതലാണ്. അധിക തസ്തിക അനുവദിക്കാൻ 3 തലങ്ങളിലെ പരിശോധനയും തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയും ആവശ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത നടപടികൾ പൂർത്തിയാക്കുന്നതിനാണ് അധിക സമയം ആവശ്യമായി വരുന്നത്.

(ഇ) അധ്യാപക തസ്തികനിർണ്ണയം അധ്യയന വർഷത്തിന്റെ അവസാനം പൂർത്തിയാക്കുന്നത് കാരണം ആയതിൽ തുടർനടപടികൾ ഒന്നുമില്ലാതെ പി.എസ്.സി. നിയമനം നടക്കാത്തതും അതോടൊപ്പം താൽക്കാലിക ജീവനക്കാർക്ക് കൂടുതൽ നിയമനങ്ങൾ ലഭിക്കുന്നതുമായ വിഷയം പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

തസ്തികനിർണ്ണയം എല്ലാ വർഷവും ജൂലൈ 15 പ്രാബല്യത്തിൽ നടത്തുകയും നിയമാനുസൃത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തുവരുന്നു. അധിക തസ്തികകളുടെ കാര്യത്തിൽ 3 തലത്തിൽ പരിശോധനകൾ നടത്തേണ്ടതും സർക്കാർ അനുമതിയും ആവശ്യമുള്ളതിനാൽ ആയതിനുശേഷം മാത്രമെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂ. 2023-24-ലെ അധിക തസ്തിക സംബന്ധിച്ച തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ദിവസവേതനാടിസ്ഥാനത്തിൽ നടത്തുന്ന

നിയമനങ്ങളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവർക്ക് മുൻഗണന നൽകി വരുന്നുമുണ്ട്.

**ചെമ്മീൻ പീലിംഗ് മേഖലയിലെ തൊഴിൽ സാഹചര്യം**

280(1492) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെമ്മീൻ പീലിംഗ് മേഖലയിലെ തൊഴിലാളികളുടെ അനാരോഗ്യകരമായ തൊഴിൽ സാഹചര്യങ്ങളും കുറഞ്ഞ കൂലിനിരക്കും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉണ്ട്. 02-08-2018-ലെ സ.ഉ.(അച്ചടി) നമ്പർ 62/2018/തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം ചെമ്മീൻ പീലിംഗ് മേഖലയിലെ മിനിമം വേതനം സർക്കാർ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപന പ്രകാരമുള്ള മിനിമം വേതനം ഈ മേഖലയിലെ എല്ലാ തൊഴിലാളികൾക്കും ഉറപ്പുവരുത്തുന്നതിന് വേണ്ട നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ചുവരുന്നു. ഫാക്ടറീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കെല്ലാം തന്നെ മിനിമം വേതനം ഉൾപ്പെടെ ESI, PF, ബോണസ് തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും

ലഭിക്കുന്നുണ്ട്. പീലിംഗ് മേഖലയിലുള്ള സ്ഥാപനങ്ങൾ സുരക്ഷാ-ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് നടത്തുന്ന പരിശോധനകളിൽ ഉറപ്പുവരുത്താറുണ്ട്.

(ബി) പീലിംഗ് മേഖലയിൽ കുറഞ്ഞ കൂലി നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഇത് ഏതുവർഷം നിശ്ചയിച്ച് നൽകിയതാണ്; ഇത് പരിഷ്കരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഉണ്ട്. 01-04-1974-ലെ No.16847/E1/73/LBR നമ്പർ വിജ്ഞാപനം പ്രകാരമാണ് ചെമ്മീൻ പീലിംഗ് മേഖലയിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞ കൂലി സർക്കാർ ആദ്യമായി നിശ്ചയിച്ച് നൽകിയത്. ആയത് കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിച്ചുവരുന്നു. 02-08-2018-ലെ സ.ഉ.(അച്ചടി) നമ്പർ 62/2018/തൊഴിൽ പ്രകാരമാണ് ടി മേഖലയിലെ മിനിമം വേതനം സർക്കാർ അവസാനമായി പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. 12-04-2023-ലെ G.O.(P)No.40/2023/LBR നമ്പർ സർക്കാർ ഉത്തരവുപ്രകാരം, പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്ക്

നൽകേണ്ടതായ മിനിമം വേതനം പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന് വ്യക്തമായ ശിപാർശ സമർപ്പിക്കുന്നതിനായി മിനിമം വേതന ഉപദേശക സമിതിക്ക് കീഴിൽ രൂപീകരിച്ചിരിക്കുന്ന മൂന്ന് സബ് കമ്മിറ്റികളിൽ ഒന്നാമത്തെ സബ്-കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) തൊഴിലിടങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആരോഗ്യകരമായ തൊഴിലിടം സൃഷ്ടിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

പീലിംഗ് മേഖലയിലുള്ള സ്ഥാപനങ്ങൾ സുരക്ഷാ-ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നുണ്ട്. ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ വരാത്ത പീലിംഗ് ഷെഡ്ഡുകൾക്ക് വിവിധ അതോറിറ്റികളുടെ ലൈസൻസ് ആവശ്യമുണ്ട് (പൊല്യൂഷൻ കൺട്രോൾ ബോർഡ് ലൈസൻസ്, പഞ്ചായത്ത് ലൈസൻസ് തുടങ്ങിയവ). തൊഴിൽ വകുപ്പ് ഇവരുടെ മിനിമം വേതനം, തൊഴിൽ സാഹചര്യം എന്നീ കാര്യങ്ങളിൽ സ്ക്വാഡ് പരിശോധനകൾക്ക് വിധേയമായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സ്ത്രീ തൊഴിലാളികൾക്കായി സ്ത്രീ സൗഹൃദ തൊഴിൽ അന്തരീക്ഷവും അനുബന്ധ സൗകര്യങ്ങളും പ്രസ്തുത മേഖലയിൽ ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഫാക്ടറി നിയമത്തിലും ചട്ടങ്ങളിലും പ്രതിപാദിക്കുന്ന സ്ത്രീ തൊഴിലാളികൾക്കുവേണ്ടി ഏർപ്പെടുത്തേണ്ട മൂത്രപ്പുര, ലാട്രിൻ, ക്രഷ്, റസ്റ്റ് റൂം മുതലായ സൗകര്യങ്ങൾ ഫാക്ടറികളിലുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ ഫാക്ടറി ഇൻസ്പെക്ടർമാർ സ്വീകരിക്കാറുണ്ട്.

**കേന്ദ്രവിഹിത കുടിശ്ശിക**

281(1493) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികളിൽ കേന്ദ്ര വിഹിതമായി എത്ര തുക കുടിശ്ശിക ലഭിക്കാനുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; ഓരോ പദ്ധതിയിലും കുടിശ്ശിക ലഭിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

തൊഴിൽ വകുപ്പ് മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികളിൽ കേന്ദ്ര സർക്കാരിൽനിന്നും കുടിശ്ശികയൊന്നും ലഭിക്കാനില്ല. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 2022-2023 സാമ്പത്തിക വർഷത്തിലെ ഫുൾ ആൻഡ് ഫൈനൽ സെറ്റിൽമെന്റ് ഇനത്തിൽ എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷനിൽനിന്നും ടി സാമ്പത്തിക വർഷത്തെ ഇ.എസ്.ഐ.സി. ബഡ്ജറ്റിന്റെ 10 ശതമാനം തുകയായ 21,21,37,698/-രൂപ (ഇരുപത്തിയൊന്ന് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി എട്ട് രൂപ മാത്രം) കുടിശ്ശികയാണ്.

(ബി) യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട മറ്റ് റിപ്പോർട്ടുകൾ എന്നിവ സമർപ്പിച്ചിട്ടും കേന്ദ്രം പണം അനുവദിച്ച് നൽകാത്ത എത്ര പദ്ധതികളുണ്ട്; അവ ഏതൊക്കെയാണെന്നും ഓരോന്നിലും ലഭിക്കാനുള്ള പണം എത്രയാണെന്നും വ്യക്തമാക്കുമോ?

യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട മറ്റ് റിപ്പോർട്ടുകൾ എന്നിവ സമർപ്പിച്ചിട്ടും കേന്ദ്രം പണം അനുവദിച്ച് നൽകാത്ത പദ്ധതികളൊന്നും തൊഴിൽ വകുപ്പിന് കീഴിൽ ഇപ്പോൾ നിലവിലില്ല.

**സ്വകാര്യ റിക്രൂട്ട്മെന്റ് സ്ഥാപനങ്ങളുടെ നിയന്ത്രണം**

282(1494) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജോലികൾക്ക് ആളുകളെ റിക്രൂട്ട് ചെയ്ത് നൽകുന്ന ചില സ്ഥാപനങ്ങൾ ജനങ്ങളിൽനിന്നും അമിത തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾ അമിത തുക പിരിക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

വിവിധ ജോലിക്കായി ആളുകളെ റിക്രൂട്ട് ചെയ്യുന്ന സ്ഥാപനങ്ങൾ ജനങ്ങളിൽനിന്നും അമിത തുക ഈടാക്കുന്നത് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടില്ല.

1960-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് പ്രകാരം ജോബ് കൺസൾട്ടൻസികളായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ

ഓഫീസുകൾ തൊഴിൽ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി സ്ഥാപനങ്ങൾ ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ നടത്തുകയും ആവശ്യപ്പെടുന്ന സ്ഥാപനങ്ങളിലേയ്ക്ക് റിക്രൂട്ട് ചെയ്യുന്നതിനായി സർവ്വീസ് ചാർജ്ജായി ഉദ്യോഗാർത്ഥികളുടെ പക്കൽനിന്നും തുക ഈടാക്കുകയുമാണ് ചെയ്യുന്നത്. എന്നാൽ ഈ ഉദ്യോഗാർത്ഥികളും ഈ സ്ഥാപനവും തമ്മിൽ ഏതെങ്കിലും തരത്തിലുള്ള തൊഴിലാളി തൊഴിലുടമ ബന്ധം നിലനിൽക്കുന്നില്ല.

തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായ ഒഡെപെക്, അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകർക്കും വിവിധ സാങ്കേതിക പരിജ്ഞാനം നേടിയവർക്കും അല്ലാതെയുമുള്ള തൊഴിലാളികൾക്കും വിദേശ രാജ്യങ്ങളിൽ അനുയോജ്യമായ തൊഴിൽ മേഖലകൾ കണ്ടെത്തി നൽകുന്നുണ്ട്.

വിദേശ തൊഴിലുടമയെക്കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ അന്വേഷിച്ചതിനുശേഷം മാത്രമേ തൊഴിൽദാതാക്കളുമായി ഒഡെപെക് റിക്രൂട്ട്മെന്റ് നടത്താറുള്ളൂ. ഗവൺമെന്റ് അംഗീകരിച്ച നാമമാത്ര തുക മാത്രമെ

ഉദ്യോഗാർത്ഥികളിൽനിന്നും സർവ്വീസ് ചാർജ്ജായി ഒഡെപെക് സ്വീകരിക്കുന്നുള്ളൂ.

(ബി) പ്രസ്തുത സ്ഥാപനങ്ങൾ നിയമപരമായ അനുമതികൾ ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് 1960, ചട്ടങ്ങൾ 1961 പ്രകാരം രജിസ്ട്രേഷൻ എടുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കാറുണ്ട്. ഇത്തരം സ്ഥാപനങ്ങളുടെ ഓഫീസുകൾക്കും അവിടത്തെ ജീവനക്കാർക്കും മാത്രമേ തൊഴിൽ നിയമപ്രകാരമുള്ള വ്യവസ്ഥകൾ ബാധകമാകുകയുള്ളൂ. ടി സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിട്ടില്ലെങ്കിൽ രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടികൾ പരിശോധനാവേളകളിൽ സ്വീകരിച്ചുവരുന്നുണ്ട്. പരിശോധനാവേളയിൽ നിയമലംഘനങ്ങൾ കണ്ടെത്തിയാൽ തൊഴിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

വിദേശ ജോലിക്കായി നിയമവിരുദ്ധമായി റിക്രൂട്ട്മെന്റുകൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കേരള പോലീസും പ്രവാസികാര്യ വകുപ്പായ നോർക്കയും വിദേശകാര്യ മന്ത്രാലയത്തിലെ പ്രൊട്ടക്റ്റർ ഓഫ് എമിഗ്രന്റ്സും സംയുക്തമായി 'ഓപ്പറേഷൻ ശുഭയാത്ര' എന്ന പേരിൽ ഒരു പദ്ധതി ആരംഭിക്കുകയും ഇതിന്റെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ നമ്പറും (0471-2721547), ഇ-മെയിൽ ഐഡികളും spnri.pol@kerala.gov.in, dyspnri.pol@kerala.gov.in നിലവിൽ വരികയും ചെയ്തിട്ടുണ്ട്. കേരള പോലീസാണ് ഇവ സജ്ജമാക്കിയിട്ടുള്ളത്. അനധികൃത റിക്രൂട്ട്മെന്റിനെതിരെ അവബോധം നൽകുന്നതിനായി വിവിധ മാധ്യമങ്ങൾ വഴി വ്യാപകമായ പ്രചാരണവും നൽകിവരുന്നുണ്ട്.

**തൊഴിൽ മേഖലയിൽ കാതലായ മാറ്റം വരുത്താൻ നടപടി**

283(1495) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ മേഖലയിൽ കാതലായ മാറ്റം വരുത്താൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകളുടെ സമഗ്രമായ വളർച്ചയും തൊഴിലാളി സമൂഹത്തിന്റെ ക്ഷേമവും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കി കേരളത്തെ ഒരു തൊഴിലാളി സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് തൊഴിൽ നയം ആവിഷ്കരിച്ചിട്ടുള്ളതാണ്. തൊഴിൽ നിയമങ്ങൾ ഫലപ്രദമായി പ്രാവർത്തികമാക്കുന്നതുവഴി തൊഴിൽ മേഖലയിൽ അനുകൂലമായ തൊഴിൽ സാഹചര്യം നിലനിർത്തുന്നതിന് തൊഴിൽ നയം ലക്ഷ്യമിടുന്നുണ്ട്. തൊഴിൽ നയത്തിന്റെ ഭാഗമായി തൊഴിൽ മേഖലയിൽ കാലോചിത മാറ്റങ്ങൾ വരുത്തുന്നതിന് തൊഴിൽ വകുപ്പ് മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

കർമ്മചാരി പദ്ധതി, തൊഴിൽ വകുപ്പിന് കീഴിലുള്ള കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പാക്കുന്ന കേരള സവാരി, കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പാക്കുന്ന

നവശക്തി-23 തുടങ്ങിയവയെല്ലാം തൊഴിൽ മേഖലയിൽ കാതലായ മാറ്റങ്ങൾ വരുത്താൻ ഉതകുന്ന പദ്ധതികളാണ്.

1. കർമ്മചാരി:- വിദ്യാർത്ഥികൾക്കിടയിൽ തൊഴിലിന്റെ മഹത്വവും മൂല്യവും വർദ്ധിപ്പിക്കുന്നതിനുള്ള നൂതന പദ്ധതിയായ കർമ്മചാരി പദ്ധതി സംസ്ഥാനത്ത് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുന്നു. ദിവസം കുറഞ്ഞത് രണ്ട് മണിക്കൂറെങ്കിലും പഠനത്തോടൊപ്പം സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതിനുള്ള അവസരം ഈ പദ്ധതിയിലൂടെ ലഭിക്കുകയും വിദ്യാർത്ഥികൾക്ക് പഠനച്ചെലവിനാവശ്യമായ തുകയുടെ ചെറിയൊരളവ് ഈ പദ്ധതിയിലൂടെ ലഭ്യമാകുകയും ചെയ്യുന്നു.

2. കേരള സവാരി:- സർക്കാർ മേഖലയിൽ ആദ്യത്തെ ഓൺലൈൻ, ടാക്സി സർവ്വീസിന് 'കേരള സവാരി' എന്ന പേരിൽ പൈലറ്റ് പദ്ധതിയായി തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ 2022 ആഗസ്റ്റ് 17-ന് തുടക്കം കുറിച്ചു. മോട്ടോർ തൊഴിലാളികൾക്ക് ഒരു കൈത്താങ്ങ് എന്നതിനപ്പുറം

പൊതുജനങ്ങൾക്ക് സർക്കാർ അംഗീകൃത നിരക്കിൽ സുരക്ഷിതവും തർക്കരഹിതവുമായ യാത്ര ഉറപ്പാക്കുന്നതും ലക്ഷ്യമിട്ടാണ് ടി പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും സഹകരണത്തോടെയും കേന്ദ്ര പൊതുമേഖല സ്ഥാപനമായ ഐ.ടി.ഐ. ലിമിറ്റഡിന്റെ സാങ്കേതിക സഹായത്തോടെയും തൊഴിൽ വകുപ്പിന് കീഴിലുള്ള കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയുമാണ് ടി പദ്ധതി നടപ്പാക്കുന്നത്.

3. <u>നവശക്തി 23</u>:- മാറിയ തൊഴിൽ-വിപണി സാഹചര്യങ്ങൾക്ക് അനുസൃതമായി ചുമട്ടുതൊഴിലാളി സമൂഹത്തെ പരിഷ്ക്കരിക്കുന്നതിനും തദ്വാര പൊതുസമൂഹത്തിനിടയിലെ ചുമട്ടുതൊഴിലാളികളോടുള്ള മനോഭാവത്തിന് കാതലായ മാറ്റമുണ്ടാകുവാനും ലക്ഷ്യംവച്ച് ആവിഷ്ക്കരിച്ച പദ്ധതിയാണ് നവശക്തി-23. ഐ.ടി. പാർക്കുകൾ, കിൻഫ്ര പാർക്ക്, പ്രത്യേക സാമ്പത്തിക മേഖലകൾ എന്നിവിടങ്ങളിലെ ചുമട്ടുതൊഴിലാളികളെ തെരഞ്ഞെടുത്ത് പ്രത്യേക യൂണിഫോം, നൂതന ഉപകരണങ്ങൾ, ത്രിതല പരിശീലനം എന്നിവ

നൽകി പുതിയ ഒരു ചുമട്ടുതൊഴിലാളി സമൂഹത്തെ വാർത്തെടുക്കുന്നതിനായും നൈപുണ്യ വികസനം, വ്യക്തിത്വ വികസനം, സാങ്കേതിക പരിശീലനം എന്നിങ്ങനെ വളരെ സമഗ്രവും വിപുലവുമായ പരിശീലനം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ഫാക്ടറികളിലെയും നിർമ്മാണ സ്ഥലങ്ങളിലെയും തൊഴിലാളികളുടെ സുരക്ഷ, ആരോഗ്യം, ക്ഷേമം എന്നിവ ഉറപ്പാക്കുന്നതിനും തൊഴിൽ സംബന്ധമായ രോഗങ്ങളിൽനിന്ന് അവരെ സംരക്ഷിക്കുന്നതിനും വ്യാവസായിക അപകടങ്ങൾ പരമാവധി തടയുന്നതിനുമായി ഒക്കുപേഷണൽ ഹെൽത്ത് സർവ്വെ, ആരോഗ്യ സുരക്ഷിതത്വ ട്രെയിനിംഗ് പ്രോഗ്രാമുകൾ, Accident Prevention through Safety Surveillance Study (APSS), ഇ-സഞ്ജീവനി ടെലിമെഡിസിൻ എന്നിങ്ങനെ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

(ബി) അടിസ്ഥാന മേഖലയിൽ മതിയായ വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ കുറവ് പരിഹരിക്കുന്നതിനായി പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

അടിസ്ഥാന മേഖലയിൽ മതിയായ വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ കുറവ് പരിഹരിക്കുന്നതിനായി പുതിയ ഐ.ടി.ഐ.-കൾ ആരംഭിക്കാൻ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ 4 ജില്ലകളിൽ പുതിയ 4 ഐ.ടി.ഐ.-കൾ ആരംഭിക്കുന്നതിന് ശിപാർശ ലഭ്യമായിട്ടുണ്ട്. കാലഹരണപ്പെട്ട ട്രേഡുകൾ നിർത്തലാക്കി പകരം കൂടുതൽ തൊഴിൽ സാധ്യതയുള്ള ട്രേഡുകൾ റീവാമ്പിംഗിന്റെ ഭാഗമായി ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പ്രാദേശിക സാമ്പത്തിക കെട്ടുറപ്പിന്റെ നട്ടെല്ലായിരുന്ന പരമ്പരാഗത തൊഴിൽ മേഖലകളിൽ പലതും കാലഹരണപ്പെടുകയും ലാഭകരമല്ലാതാവുകയും ചെയ്തിരിക്കുന്നു. ഇപ്രകാരം കലഹരണപ്പെട്ടതും കാലഹരണഭീഷണി നേരിടുന്നതുമായ തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നവരെയും പ്രവർത്തിച്ചിരുന്നവരെയും പ്രവർത്തിക്കാൻ താല്പര്യമുള്ളവരെയും കണ്ടെത്തി നൂതന നൈപുണ്യ പരിശീലനം നൽകി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി മേൽപ്പറഞ്ഞ തൊഴിൽ

മേഖലയിൽ നിന്നുമുള്ള തൊഴിലാളികളെ കാലാനുസൃതമായ പരിശീലനം നൽകി വിവിധ മേഖലകളിൽ പുനർവിന്യസിപ്പിക്കുന്നതിനോ അവരെ സ്കിൽ രജിസ്ട്രി എന്ന മൊബൈൽ ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യിപ്പിച്ച് സ്ഥിര വരുമാനം കണ്ടെത്താൻ പ്രാപ്തരാകുന്നതിലേയ്ക്കായി തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നൈപുണ്യ വികസന മിഷനായ കെയ്സ് വഴി 'പ്രതീക്ഷ' എന്ന ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇതിന്റെ ആദ്യഘട്ടമായി തിരുവനന്തപുരം ജില്ലയിൽ കൈത്തറി മേഖലയ്ക്ക് മികച്ച സംഭാവനകൾ നൽകിയ പത്മശ്രീ ഗോപിനാഥൻ മാസ്റ്റർ നേതൃത്വം നൽകുന്ന എക്കോടെക്സ് കൺസോർഷ്യവുമായി ചേർന്ന് കൈത്തറി മേഖലയിൽ 60 വനിതകൾക്ക് നൈപുണ്യ പരിശീലനം നൽകിവരുന്നു.

**കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരവ് ചെലവുകൾ**

284(1496) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന് അംശദായം ഇനത്തിൽ എത്ര തുക

ലഭിച്ചിട്ടുണ്ടെന്നും കെട്ടിട നിർമ്മാണ ക്ഷേമനിധി സെസ് ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്നും സർക്കാരിൽ നിന്നുള്ള സഹായധനമായി എത്ര തുക ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കഴിഞ്ഞ സാമ്പത്തിക വർഷം കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന് അംശദായം ഇനത്തിൽ 46,65,00,191.80/- (നാല്പത്തിയാറ് കോടി അറുപത്തിയഞ്ച് ലക്ഷത്തി നൂറ്റിതൊണ്ണൂറ്റിയൊന്ന് രൂപ എൺപത് പൈസ മാത്രം) രൂപ ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ സെസ്സ് ഇനത്തിൽ ആകെ 370,09,85,000/- (മുന്നൂറ്റിയെഴുപത് കോടി ഒൻപത് ലക്ഷത്തി എൺപത്തി അയ്യായിരം രൂപ മാത്രം) രൂപ ലഭിച്ചിട്ടുണ്ട്. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന് സർക്കാരിൽനിന്നും സഹായധനം ലഭിച്ചിട്ടില്ല.

(ബി) പെൻഷൻ ഉൾപ്പെടെ വിവിധ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽനിന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പെൻഷൻ ഇനത്തിൽ 436,71,04,366/- (നാന്നൂറ്റി മുപ്പത്തിയാറ് കോടി എഴുപത്തിയൊന്ന് ലക്ഷത്തി നാലായിരത്തി മുന്നൂറ്റി അറുപത്തിയാറ് രൂപ മാത്രം) രൂപയും ആനുകൂല്യയിനത്തിൽ 20,58,31,626/- (ഇരുപത് കോടി അൻപത്തിയെട്ട് ലക്ഷത്തി മുപ്പത്തിഒരായിരത്തി അറുന്നൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) രൂപയും കൂടി ആകെ 457,29,35,992/-രൂപ (നാന്നൂറ്റി അമ്പത്തിയേഴ് കോടി ഇരുപത്തി ഒൻപത് ലക്ഷത്തി മുപ്പത്തയ്യായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(സി) ബോർഡിന്റെ ഭരണ ചെലവിനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

ബോർഡിന്റെ ഭരണ ചെലവിനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ച തുക ഇനം തിരിച്ചുനൽകുന്നു.

| ഇനം | തുക |
|---|---|
| പരസ്യ ചെലവുകൾ | 6,680/- |
| ശമ്പളം, അലവൻസ്, സമാശ്വാസ പെൻഷൻ തുടങ്ങിയവ | 13,75,92,040/- |

| | |
|---|---|
| ബാങ്ക് ചാർജ്ജ് | 51,739/- |
| ബോർഡ് മീറ്റിംഗ് | 2,75,664/- |
| ഓഫീസ് ചെലവുകൾ | 24,02,514/- |
| ഫീസ് (പ്രൊഫഷണൽ ഫീസ്, ചെയർമാൻ ഓണറേറിയം തുടങ്ങിയവ) | 7,31,530/- |
| അച്ചടിയും സ്റ്റേഷനറിയും | 16,40,708/- |
| വാടക | 44,75,453/- |
| ഇൻകംടാക്സ് റ്റി.ഡി.എസ്. | 1,03,270/- |
| ഓഫീസ് ഫർണിച്ചറുകളുടെയും ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ | 7,47,842/- |
| വാഹന ചെലവ് | 4,04,106/- |

**കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഫണ്ട് വകമാറ്റം**

285(1497) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഫണ്ടിൽനിന്നും ട്രഷറിയിലേക്കോ സർക്കാർ നിർദ്ദേശപ്രകാരം ബോർഡുമായി ബന്ധമില്ലാത്ത ചെലവുകൾക്കായോ പണം വകമാറ്റി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തവണ ഇപ്രകാരം പണം വക മാറ്റി നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

ട്രഷറി അക്കൗണ്ടുകളിലേയ്ക്കുള്ള ഊർജ്ജിത ധനസമാഹരണത്തിന്റെ ഭാഗമായി കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽനിന്നും സർക്കാരിന് വായ്പയായി നാല് തവണ ആകെ 515 കോടിരൂപ നൽകിയിട്ടുണ്ട്.

(ബി) ഓരോ തവണയും എത്ര തുകയാണ് ഇപ്രകാരം നൽകിയതെന്നും ആകെ എത്ര തുക നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>സർക്കാരിന് വായ്പയായി നൽകിയ തുക</u>

| തീയതി | വായ്പ നൽകിയ തുക |
|---|---|
| 06-03-15 | 100 കോടി |
| 23-03-16 | 100 കോടി |
| 26-08-16 | 215 കോടി |
| 28-12-17 | 100 കോടി |

(സി) ഇപ്രകാരം വക മാറ്റി നൽകിയ പണം ബോർഡിലേയ്ക്ക് തിരിച്ച് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പണം തിരികെ ലഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഓരോ തവണയും സർക്കാരിന് വായ്പയായി നൽകിയ തുകയും തിരികെ ലഭിച്ച തുകയും ചുവടെ ചേർക്കുന്നു.

| വായ്പ നൽകിയ തുക | പലിശ സഹിതം തിരികെ ലഭിച്ച തുക |
|---|---|
| 100 കോടി | 101,33,65,430/- |
| 100 കോടി | 106,09,74,528/- |
| 215 കോടി | 235,71,31,000/- |
| 100 കോടി | 104,70,00,000/- |

(ഡി) സ്വയംപര്യാപ്തമായ രീതിയിൽ വരുമാനമുണ്ടായിരുന്ന കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നീങ്ങാൻ ഇടയായ സാഹചര്യമെന്താണെന്ന് വിശദമാക്കാമോ?

മുൻകാലങ്ങളിൽ ബോർഡ് സാമ്പത്തികമായി മെച്ചപ്പെട്ട അവസ്ഥയിലായിരുന്നു. സർക്കാർ നിശ്ചയിച്ച സാമൂഹ്യ സുരക്ഷാ പെൻഷന്റെ അതേ നിരക്കിൽ തന്നെയാണ് ബോർഡും പെൻഷൻ നൽകുന്നത് ബോർഡിന്റെ പ്രധാന വരുമാനമാർഗ്ഗം സെസ്സ് പിരിവാണ്. കാലാകാലങ്ങളിലെ പെൻഷൻ തുകയിലെ വർദ്ധനവിനും പെൻഷൻകാരുടെ വർദ്ധനവിനും ആനുപാതികമായി സെസ്സ് പിരിവ് ലഭിച്ചിരുന്നില്ല. 2017 ഡിസംബർ മാസത്തിൽ 245980 പെൻഷൻകാരാണ് ഉണ്ടായിരുന്നതെങ്കിലും

അഞ്ച് വർഷത്തിനുശേഷം നിലവിൽ 364439 പെൻഷൻകാരാണുള്ളത്. 2017 കലണ്ടർ വർഷത്തെ പെൻഷൻ വിതരണ കണക്ക് പരിശോധിച്ചതിൽ 27.11 കോടി രൂപയാണ് പ്രതിമാസം ചെലവഴിച്ചതെങ്കിൽ നിലവിൽ 58.5 കോടി രൂപയാണ് പെൻഷൻ വിതരണത്തിന് പ്രതിമാസം ആവശ്യമായുള്ളത്. ബോർഡിന്റെ പ്രധാന വരുമാനമായ സെസ്സ് പിരിവിലൂടെ പ്രതിമാസം 30 കോടി രൂപയാണ് ലഭിക്കുന്നത്. എന്നാൽ പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനും ഭരണപരമായ ചെലവുകൾക്കും പ്രതിമാസം ഏകദേശം 69 കോടിരൂപ ആവശ്യമാണ്. തൊഴിൽ വകുപ്പിന്റെ ശ്രമഫലമായി 2021-22-ൽ 285.60 കോടി രൂപയാണ് സെസ്സിനത്തിൽ പിരിച്ചെടുത്തതെങ്കിൽ 2022-23-ൽ 370 കോടിരൂപ പിരിച്ചെടുക്കാനായിട്ടുണ്ട്.

**ക്ഷേമനിധികളിൽ നിന്നുള്ള കടം**

286(1498) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേമനിധി ബോർഡുകളിൽനിന്ന് സർക്കാർ പണം കടമെടുത്തിട്ടുണ്ടോ എങ്കിൽ തൊഴിൽ വകുപ്പിന് കീഴിലുള്ള

ഏതൊക്കെ ക്ഷേമനിധികളിൽ നിന്നാണ് സർക്കാർ പണം കടം എടുത്തിട്ടുള്ളത്?

ഉണ്ട്. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് എന്നീ നാല് ക്ഷേമനിധി ബോർഡുകളിൽ നിന്നാണ് സർക്കാർ പണം കടമെടുത്തിട്ടുള്ളത്.

(ബി) ആകെ എത്ര രൂപയാണ് ഈ ക്ഷേമനിധികളിൽ നിന്നെല്ലാംകൂടി നാളിതുവരെ സർക്കാർ കടമെടുത്തിട്ടുള്ളത്?

ആകെ 3230 കോടി രൂപയാണ് (മൂവായിരത്തി ഇരുന്നൂറ്റി മുപ്പത് കോടിരൂപ മാത്രം) നാല് ക്ഷേമനിധികളിൽ നിന്നുമായി നാളിതുവരെ സർക്കാർ കടമെടുത്തിട്ടുള്ളത്.

(സി) എത്ര തവണകളായാണ് സർക്കാർ ഈ ക്ഷേമനിധികളിൽനിന്നും കടമെടുത്തിട്ടുള്ളത്; കടമെടുത്ത തീയതി, തുക എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ അറിയിക്കുമോ?

1. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, 15 കോടിരൂപ (പതിനഞ്ച് കോടിരൂപ മാത്രം) 06-02-2001-ൽ സർക്കാരിന് നൽകിയിരുന്നു. ടി തുക 31-03-2003-ൽ ബോർഡിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

2. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിലേയ്ക്ക് 2000 കോടിരൂപ (രണ്ടായിരം കോടിരൂപ മാത്രം) ഒറ്റത്തവണയായി 22-03-2021-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 532/2021/തൊഴിൽ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 26-03-2021-ൽ വായ്പയായി നൽകിയിട്ടുണ്ട്.

3. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും 14-03-2016-ൽ 200 കോടിരൂപ (ഇരുന്നൂറ് കോടിരൂപ മാത്രം) തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിക്ഷേപം നടത്തിയിരുന്നു. 01-07-2017 തീയതി മുതൽ ടി 200 കോടിരൂപ (ഇരുന്നൂറ് കോടിരൂപ മാത്രം) ബോർഡിന്റെ ട്രഷറി സ്ഥിരനിക്ഷേപം ആക്കിയിട്ടുള്ളതാണ്. കൂടാതെ 29-08-2016, 31-08-2016, 06-09-2016 എന്നീ തീയതികളിലായി

ആകെ 500 കോടിരൂപ (അഞ്ഞൂറ് കോടിരൂപ മാത്രം) തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിക്ഷേപിച്ചിരുന്നു. 31-03-2017 തീയതി മുതൽ ടി 500 കോടിരൂപ (അഞ്ഞൂറ് കോടിരൂപ മാത്രം) ബോർഡിന്റെ ട്രഷറി സ്ഥിരനിക്ഷേപം ആക്കിയിട്ടുള്ളതാണ്.

4. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽനിന്നും ട്രഷറി അക്കൗണ്ടുകളിലേയ്ക്കുള്ള ഊർജ്ജിത ധനസമാഹരണത്തിന്റെ ഭാഗമായി സർക്കാരിന് നാല് തവണ വായ്പ നൽകിയിട്ടുണ്ട്. ഓരോ തവണയും സർക്കാരിന് വായ്പയായി നൽകിയ തുക, തീയതി എന്നിവ ചുവടെ ചേർക്കുന്നു.

| തീയതി | വായ്പ നൽകിയ തുക |
|---|---|
| 06-03-2015 | 100 കോടി |
| 23-03-2016 | 100 കോടി |
| 26-08-2016 | 215 കോടി |
| 28-12-2017 | 100 കോടി |

ടി തുക പലിശ ഉൾപ്പെടെ സർക്കാർ തിരികെ നൽകിയിട്ടുണ്ട്.

**ക്ഷേമനിധി പെൻഷൻ കുടിശ്ശിക അടിയന്തരമായി നൽകാൻ നടപടി**

287(1499) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

തൊഴിൽ വകുപ്പിന് കീഴിലുള്ള എല്ലാ ക്ഷേമനിധി ബോർഡുകളുടെയും പ്രവർത്തന അവലോകന യോഗങ്ങൾ സർക്കാർതലത്തിൽ നടത്താറുണ്ട്. കൂടാതെ വകുപ്പ് അധ്യക്ഷതലത്തിൽ എല്ലാ ബോർഡുകളിൽനിന്നും ആനുകൂല്യ വിതരണം സംബന്ധിച്ച പ്രതിമാസ കാര്യക്ഷമതാ റിപ്പോർട്ട് ലഭ്യമാക്കി ബോർഡുകളിൽനിന്നും അംഗങ്ങൾക്ക് ലഭ്യമാകുന്ന വിവിധ ആനുകൂല്യ ഇനങ്ങളിൽ ആകെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര അപേക്ഷകൾ തീർപ്പാക്കിയെന്നും പെൻഡിംഗ് അപേക്ഷകളുടെ വിവരവും പരിശോധന വിധേയമാക്കുന്നുണ്ട്.

(ബി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് ഉൾപ്പെടെയുള്ള ക്ഷേമനിധി ബോർഡുകളിൽ അംശദായം അടച്ച നിരവധി പേരുടെ പെൻഷൻ അടക്കം മുടങ്ങുന്ന സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കുമോ;

(സി) ക്ഷേമനിധി പെൻഷൻ കുടിശ്ശിക അടിയന്തരമായി നൽകാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി & സി) തനത് ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ബോർഡുകളിൽ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ മാത്രമാണ് പെൻഷൻ കുടിശ്ശികയായിട്ടുള്ളത്. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ കെട്ടിട നിർമ്മാണക്ഷേമ ബോർഡിൽനിന്നും നിലവിൽ 2023 ജനുവരി മാസം വരെയാണ് പെൻഷൻ വിതരണം ചെയ്തിട്ടുള്ളത്. ഫണ്ട് ലഭ്യതയനുസരിച്ച് ടി പെൻഷൻ വിതരണം പുനരാരംഭിക്കുന്നതാണ്.

മറ്റ് ക്ഷേമനിധി പെൻഷൻ കുടിശ്ശിക നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**കെട്ടിട നിർമ്മാണ ക്ഷേമനിധി സെസ്**

288(1500) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര ഫ്ലാറ്റ് സമുച്ചയങ്ങൾ കെട്ടിട നിർമ്മാണ ക്ഷേമനിധി സെസ് അടച്ചിട്ടുണ്ട്; ഇതിലൂടെ എത്ര തുക ബോർഡിന് വരുമാനമായി ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

521 ഫ്ലാറ്റ് സമുച്ചയങ്ങൾ കെട്ടിട നിർമ്മാണ ക്ഷേമനിധി സെസ്സ് അടച്ചിട്ടുണ്ട്; ഇതിലൂടെ 139,33,72,312/- രൂപ (നൂറ്റി മുപ്പത്തൊമ്പത് കോടി മുപ്പത്തി മൂന്നുലക്ഷത്തി എഴുപത്തിരണ്ടായിരത്തി മുന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം) വരുമാനമായി ലഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് എത്ര ഫ്ലാറ്റ് സമുച്ചയങ്ങൾ നിലവിലുണ്ടെന്ന കണക്ക് ബോർഡിന് ലഭ്യമാണോ; വ്യക്തമാക്കുമോ?

റീജിയണൽ ലേബർ കമ്മീഷണർമാരിൽ നിന്നുള്ള റിപ്പോർട്ടുപ്രകാരം 1089 ഫ്ലാറ്റ് സമുച്ചയങ്ങൾ നിലവിലുണ്ട്.

(സി) ക്ഷേമനിധി സെസ്സ് കൃത്യമായി പിരിച്ചെടുക്കാൻ സാധിക്കാത്തതിനാൽ വലിയ രീതിയിലുള്ള വരുമാന നഷ്ടം ഉണ്ടാകുന്ന

കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇതിന് എന്ത് പരിഹാരമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. കെട്ടിട നിർമ്മാണം പൂർത്തിയായി ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി സെസ്സ് തുക ഒടുക്കണമെന്ന വ്യവസ്ഥയോടുകൂടി ബിൽഡിംഗ് സെസ്സ് തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പിരിച്ചെടുക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

**കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിലെ മാച്ചിംഗ് ഗ്രാന്റ്**

289(1501) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് സർക്കാർ നൽകേണ്ട മാച്ചിംഗ് ഗ്രാന്റ് കുടിശ്ശികയായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ തൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകാൻ സഹായകരമായ രീതിയിൽ മുഴുവൻ തുകയും ക്ഷേമനിധിയിലേയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

പെൻഷൻ ഇതര ആനുകൂല്യ വിതരണത്തിനായി കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന് "2230-01-103-71-10-സംഭാവന(NP)" ശീർഷകത്തിൽനിന്നും ഒരു കോടിരൂപ അനുവദിച്ചിട്ടുണ്ട്.

**തയ്യൽ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ**

290(1502) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തയ്യൽ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ?

ഇല്ല.

(ബി) തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് ഒരു പെൻഷൻ ലഭിക്കുന്നതിനാൽ മറ്റ് പെൻഷനുകൾ വാങ്ങാൻ പാടില്ലെന്ന

നിബന്ധന നിലവിലുണ്ടോ; ആയത് വിശദീകരിക്കാമോ; 60 വയസ്സ് കഴിഞ്ഞ തൊഴിലാളികൾക്ക് വാർദ്ധക്യകാല പെൻഷന്റെ ആനുകൂല്യംകൂടി ലഭ്യമാക്കുമോ?

06-02-2017-ലെ സ.ഉ.(കൈ) നമ്പർ 67/2017/ധന പ്രകാരം, സർക്കാർ ഫണ്ടുപയോഗിച്ച് ക്ഷേമനിധി പെൻഷൻ വിതരണം ചെയ്യുന്ന ബോർഡുകളിലെ അംഗങ്ങളിൽ, 06-02-2017-ന് മുമ്പ് സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങിയിരുന്ന ആളുകൾക്ക് മാത്രമേ രണ്ട് പെൻഷനും (ക്ഷേമനിധി ബോർഡ് പെൻഷൻ മുഴുവൻ നിരക്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രതിമാസം 600/- രൂപ നിരക്കിലും) ലഭിക്കുന്നതിന് അർഹതയുള്ളൂവെന്നും 06-02-2017 മുതൽ ഏതെങ്കിലും ഒരു പെൻഷന് (ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ) മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂവെന്നും വ്യക്തമാക്കിയിട്ടുണ്ട്. തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സർക്കാർ ധനസഹായം ഉപയോഗിച്ചാണ് പെൻഷൻ വിതരണം ചെയ്യുന്നത് എന്നതിനാൽ, 06-02-2017 മുതൽ 60 വയസ്സ് കഴിഞ്ഞ തൊഴിലാളികൾക്ക്

വാർദ്ധക്യകാല പെൻഷനും തയ്യൽ തൊഴിലാളി ക്ഷേമനിധി പെൻഷനും ഒരുമിച്ച് അനുവദിക്കാൻ വ്യവസ്ഥയില്ല.

(സി) ഈ സർക്കാർ അധികാരത്തിൽവന്നത് മുതൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് രജിസ്ട്രേഷനും ഐഡന്റിറ്റി കാർഡ് വിതരണവും നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) 2024 ജനുവരി 15 വരെ എത്ര തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടി പൂർത്തിയായി; ഇവർക്കെല്ലാം ഐ.ഡി. കാർഡ് വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ; ഓൺലൈൻ അപേക്ഷയിൽ രജിസ്ട്രേഷനും കാർഡ് വിതരണത്തിനും ഉണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

(സി & ഡി) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2024 ജനുവരി 15 വരെ ആകെ 899706 തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടി പൂർത്തിയായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽവന്നത് മുതൽ

2023 ജൂൺ മാസം വരെ ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ രജിസ്ട്രേഷനും ഐഡന്റിറ്റി കാർഡ് വിതരണവും നടത്തിയിട്ടുള്ളതും 2023 ജൂലൈ മുതൽ നാളിതുവരെയുള്ള തൊഴിലാളികളുടെ ഐഡന്റിറ്റി കാർഡുകൾ പ്രിന്റ് ചെയ്യുന്നതിന് നൽകിയിട്ടുള്ളതുമാണ്. സ്വകാര്യ ഏജൻസികൾ മുഖേനയാണ് ഐ.ഡി. കാർഡുകൾ പ്രിന്റ് ചെയ്ത് തൊഴിലാളികൾക്ക് നൽകിവരുന്നത്. പ്രിന്റ് ചെയ്ത് ലഭിക്കുന്നതിലെ കാലതാമസംമൂലമാണ് ഐ.ഡി. കാർഡുകളുടെ വിതരണത്തിൽ കാലതാമസം നേരിടുന്നത്. 2024 ജനുവരി മുതൽ അതത് മാസത്തിൽ രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന അംഗങ്ങൾക്ക് തൊട്ടടുത്ത മാസം തന്നെ ഐഡന്റിറ്റി കാർഡ് പ്രിന്റ് ചെയ്ത് നൽകുന്നതരത്തിൽ ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഈ സർക്കാർ അധികാരമേറ്റശേഷം 2024 ജനുവരി 15 വരെ തിരുവനന്തപുരം ജില്ലയിൽ തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ എത്ര പേരുടെ രജിസ്ട്രേഷൻ പൂർത്തീകരിച്ചു; അവരുടെ പേരുവിവരം നൽകാമോ; അവർക്ക് ഐഡന്റിറ്റി കാർഡ് വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2024 ജനുവരി 15 വരെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ തിരുവനന്തപുരം ജില്ലയിൽ 7185 തൊഴിലാളികളുടെ രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. അവരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു+. നിലവിൽ 6216 തൊഴിലാളികൾക്ക് ഐഡന്റിറ്റി കാർഡ് വിതരണം ചെയ്തിട്ടുണ്ട്. ഐ.ഡി. കാർഡുകൾ പ്രിന്റ് ചെയ്ത് ലഭിക്കുന്നതിലെ കാലതാമസംമൂലമാണ് അവയുടെ വിതരണത്തിൽ കാലതാമസം നേരിടുന്നത്.

(എഫ്) തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്ട്രേഷൻ പൂർത്തീകരിച്ച് കഴിഞ്ഞാൽ അംശദായം അടയ്ക്കുന്നതിനെക്കുറിച്ച് വിശദീകരിക്കാമോ?

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്ട്രേഷൻ പൂർത്തിയായാൽ www.tailorwelfare.in എന്ന ബോർഡ് വെബ്സൈറ്റ് മുഖേന ഓൺലൈനായി പണം അടയ്ക്കാവുന്നതാണ്. രജിസ്ട്രേഷൻ ഫീസായി 30/- രൂപയും അംശദായമായി പ്രതിമാസം 50/- രൂപ നിരക്കിൽ ഒരു വർഷം 600/- രൂപയുമാണ് അടയ്ക്കേണ്ടത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ജി) 1986 മുതൽ റിട്ടയർമെന്റ് ബെനിഫിറ്റ് സ്കീമിൽ അംഗമായ തയ്യൽ തൊഴിലാളികളുടെ റിട്ടയർമെന്റ് തുക വെട്ടിച്ചുരുക്കിയെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉണ്ട്. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് സമർപ്പിച്ച ഭേദഗതി ശിപാർശയുടെ അടിസ്ഥാനത്തിൽ 19-06-2020-ലെ സ.ഉ.(അച്ചടി) നമ്പർ 57/2020/തൊഴിൽ പ്രകാരം കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി പദ്ധതി ഭേദഗതി ചെയ്തിരുന്നു. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ ഖണ്ഡിക 28A പ്രകാരമുള്ള റിട്ടയർമെന്റ് ആനുകൂല്യം സംബന്ധിച്ച വ്യവസ്ഥ, ക്ഷേമനിധിയിൽ അംഗമായിരുന്ന അംഗം അംശദായമായി നിധിയിൽ അടച്ചിട്ടുള്ള തുകയും അംശദായം അടച്ച തീയതികൾ കണക്കിലെടുത്ത് അംശദായ തുകയ്ക്ക് 5.5 ശതമാനം പലിശയും ചേർത്ത തുകയുൾപ്പെടെ റിട്ടയർമെന്റ് ആനുകൂല്യമായി വിതരണം ചെയ്യുന്നതിനും ഇത്തരത്തിൽ വിതരണം ചെയ്യുന്ന ആനുകൂല്യം പരമാവധി 1,50,000/- രൂപ ആയിരിക്കുമെന്നുമാണ് ഭേദഗതി ചെയ്തത്. എന്നാൽ, പുതുക്കിയ വ്യവസ്ഥ പ്രകാരം കണക്കാക്കുന്ന റിട്ടയർമെന്റ് ആനുകൂല്യം പഴയ

പദ്ധതിപ്രകാരം ലഭ്യമാകുന്ന തുകയേക്കാൾ കുറഞ്ഞ തുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആയത് പുനഃപരിശോധിക്കുന്നതിന് ബോർഡ് തീരുമാനം കൈക്കൊള്ളുകയും ആയതിൻപ്രകാരം പദ്ധതിയിലെ റിട്ടയർമെന്റ് ആനുകൂല്യം സംബന്ധിച്ച വ്യവസ്ഥവീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി ഭേദഗതി ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം**

291(1503) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമായി പിരിച്ചെടുക്കുന്ന തുകയുടെ വിഹിതം നിശ്ചയിക്കുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ; കെട്ടിടങ്ങളുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വിഹിതം നിശ്ചയിക്കുമ്പോൾ ഓരോ ഇനം കെട്ടിടത്തിനും എത്ര ശതമാനം വീതമാണ് പിരിച്ചെടുക്കുന്നത്?

1996-ലെ ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ടിലെ വകുപ്പ് 3(1) പ്രകാരം നിർമ്മാണം

പൂർത്തീകരിച്ച ഗാർഹിക/വാണിജ്യ കെട്ടിടങ്ങൾക്ക് ആകെ നിർമ്മാണ ചെലവിന്റെ 1 ശതമാനത്തിൽ കുറയാത്തതും പരമാവധി 2 ശതമാനത്തിൽ കൂടാത്തതുമായ തുക ഉടമയിൽനിന്നും സെസ്സ് ചുമത്തി പിരിച്ചെടുക്കുവാൻ വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്ത് നിർമ്മാണ ചെലവിന്റെ 1 ശതമാനം സെസ്സ് ആയി പിരിച്ചെടുക്കുന്നു. നിലവിൽ 14-07-2017-ലെ സ.ഉ. (കൈ)52/2017/തൊഴിൽ നമ്പർ ഉത്തരവ് (ഉള്ളടക്കം ചെയ്യുന്നു+) പ്രകാരം പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ സെസ്സ് കണക്കാക്കി പിരിച്ചുവരുന്നു. പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ 1995, 2000, 2005, 2010, 2015 വർഷത്തിൽ സ്ലാബ് റേറ്റ് നിശ്ചയിച്ചാണ് തുക ഈടാക്കുന്നത്. കെട്ടിടത്തിന്റെ ഇനത്തിന്റെ അടിസ്ഥാനത്തിൽ അല്ല മറിച്ച് കെട്ടിടം നിർമ്മിച്ച വർഷത്തിന്റെ അടിസ്ഥാനത്തിലാണ് സെസ്സ് നിശ്ചയിക്കുന്നത്.

(ബി) പ്രസ്തുത വിഹിതം ഈടാക്കുന്നതിന് അടിസ്ഥാനമായ നിയമം ഏതാണെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1996-ലെ ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട് വകുപ്പ് 3(1), 1998-ലെ ചട്ടങ്ങൾ പ്രകാരമാണ് സെസ്സ് പിരിച്ചെടുക്കുന്നത്.

(സി) സംസ്ഥാന സർക്കാർ മുഖേന പിരിച്ചെടുക്കുന്ന ലേബർ സെസ്സിൽ കേന്ദ്രത്തിന് വിഹിതമായി എത്ര വീതമാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാന സർക്കാർ മുഖേന പിരിച്ചെടുക്കുന്ന ലേബർ സെസ്സിൽ കേന്ദ്രത്തിന് വിഹിതമായി തുക നൽകാറില്ല.

**കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി**

292(1504) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും അവസാനമായി പെൻഷൻ ആനുകൂല്യം വിതരണം ചെയ്തതെന്നാണ്; നിലവിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും എത്ര രൂപയാണ് ഈ ഇനത്തിൽ വിതരണം ചെയ്യാനുള്ളതെന്നും വ്യക്തമാക്കുമോ?

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽനിന്നും 2023 ഡിസംബർ മാസത്തിൽ 2023 ജനുവരി മാസത്തെ പെൻഷൻ വിതരണം നടത്തിയിരുന്നു. നിലവിൽ 11 മാസത്തെ പെൻഷൻ കുടിശ്ശിക നൽകാനുണ്ട്. 2023 ഫെബ്രുവരി മാസം മുതൽ 2023 ഡിസംബർ മാസം വരെയുള്ള പെൻഷൻ വിതരണം നടത്തുന്നതിന് ഏകദേശം 649 കോടിരൂപ ആവശ്യമായുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും പെൻഷൻ വാങ്ങിക്കൊണ്ടിരുന്ന എത്ര പേരെ പെൻഷൻ ആനുകൂല്യങ്ങളിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്; ഇപ്രകാരം ഒഴിവാക്കപ്പെട്ടവർ ക്ഷേമനിധിയിൽ അംശദായം അടച്ചിരുന്നവരാണോ; ആണെങ്കിൽ പെൻഷൻ നിഷേധിക്കപ്പെടാനുള്ള കാരണം വ്യക്തമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ 34608 പേരെ പെൻഷൻ ആനുകൂല്യങ്ങളിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ടി ബോർഡിൽ കൃത്യമായി അംശദായം അടച്ചിരുന്നവർക്കാണ് പെൻഷൻ അനുവദിക്കുന്നത്. മസ്റ്ററിംഗ് പൂർത്തിയാക്കാതിരിക്കൽ, ലൈഫ് സർട്ടിഫിക്കറ്റ് കൃത്യ സമയത്ത്

സമർപ്പിക്കാതിരിക്കൽ, മറ്റ് ബോർഡുകളിൽനിന്നും പെൻഷൻ ലഭിക്കൽ, മറ്റ് പെൻഷൻ വാങ്ങുന്നതിനുവേണ്ടി കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിലെ പെൻഷൻ വേണ്ടെന്ന് അപേക്ഷ സമർപ്പിക്കൽ, അംഗം മരണപ്പെടുക എന്നിവയാണ് പെൻഷൻ നൽകാതിരുന്നതിനുള്ള കാരണം.

(സി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പെൻഷൻ ഒഴികെയുള്ള മറ്റ് സഹായങ്ങളും ആനുകൂല്യങ്ങളും നിലവിൽ വിതരണം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ആനുകൂല്യങ്ങളുടെ കുടിശ്ശിക വിതരണം ചെയ്യുന്നതിനായി എത്ര തുക ആവശ്യമുണ്ടെന്ന് വ്യക്തമാക്കുമോ?

പെൻഷൻ ഒഴികെയുള്ള മറ്റ് ആനുകൂല്യങ്ങൾ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് ബോർഡിൽനിന്നും വിതരണം ചെയ്തുവരുന്നുണ്ട്. ബോർഡിന്റെ 14 ജില്ലാ ഓഫീസുകളിൽനിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 31-12-2023 വരെ ആകെ 807643250/- രൂപ വിതരണം ചെയ്യാനുണ്ട്.

**അതിഥി തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലം**

293(1505) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിഥി തൊഴിലാളികൾ ഒരുമിച്ച് താമസിച്ചുവരുന്ന വിവിധ പ്രദേശങ്ങളിൽ, അതുമൂലമുണ്ടാകുന്ന സാമൂഹ്യ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും തദ്ദേശീയരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) അതിഥി തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലമുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിനും രജിസ്ട്രേഷൻ നടപടികൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ & ബി) അതിഥി തൊഴിലാളികൾ ഒരുമിച്ച് താമസിച്ചുവരുന്ന വിവിധ പ്രദേശങ്ങളിൽ, അതുമൂലമുണ്ടാകുന്ന സാമൂഹ്യ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും തദ്ദേശീയരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ ആഭ്യന്തര വകുപ്പും തൊഴിൽ വകുപ്പും സ്വീകരിച്ചുവരുന്നു. അതിഥി തൊഴിലാളികൾ കൂടുതലായി താമസിച്ച് വരുന്ന ലേബർ ക്യാമ്പുകൾ, ലയങ്ങൾ എന്നിവിടങ്ങളിൽ പോലീസ് പട്രോളിംഗ് ശക്തമാക്കിയും ജനമൈത്രി ബീറ്റ് പോലീസ് ഉദ്യോഗസ്ഥർ അതിഥി

തൊഴിലാളികളുടെ ക്യാമ്പുകൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ചും ക്രിമിനൽ സ്വഭാവമുള്ളവരെ കണ്ടെത്തി പ്രത്യേകം നിരീക്ഷിച്ചും വരുന്നു. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടെ ക്രിമിനൽ പശ്ചാത്തലം മനസ്സിലാക്കുന്നതിന് ജില്ലാതലത്തിൽ സ്പെഷ്യൽ ബ്രാഞ്ചിന്റെ സഹായത്തോടെ അതിഥി തൊഴിലാളികളെ നിരീക്ഷിച്ചുവരുന്നു. ICJS (Inter Operable Criminal Justice System) ഉപയോഗിച്ച് അതിഥി തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലം പോലീസ് പരിശോധിക്കുന്നുണ്ട്.

അതിഥി തൊഴിലാളികളെ ജോലിക്കായി നിയോഗിക്കുന്ന ഏജൻസികളേയും കോൺട്രാക്ടർമാരേയും കണ്ടെത്തി അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നു. കുറ്റകൃത്യങ്ങളിൽ ഏർപ്പെടാൻ സാധ്യതയുള്ളവരുടെ പട്ടിക തയ്യാറാക്കി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ അയച്ച് പരിശോധന നടത്താറുള്ളതും ഇവരുടെ ഇടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗവും ക്രയവിക്രയവും നടത്തുന്നുണ്ടോയെന്ന് പരിശോധിച്ചും ലഹരിക്കടിമകളായവരെയും മാനസിക അസ്വാസ്ഥ്യം പുലർത്തുന്നവരേയും കണ്ടെത്തി ആവശ്യമായ ചികിത്സ നൽകുന്നതിനുള്ള

നടപടികൾ ജനമൈത്രി പോലീസിന്റെ സഹായത്തോടെ ചെയ്തുവരുന്നു. അതിഥി തൊഴിലാളികൾ മാതൃ സംസ്ഥാനത്തുനിന്ന് വരുമ്പോഴും പോകുമ്പോഴും പേരും മറ്റ് വിവരങ്ങളും പോലീസ് സ്റ്റേഷനുകളിലെ മൈഗ്രന്റ് ലേബർ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും കൂടാതെ ടി ആളുകളുടെ മേൽവിലാസങ്ങൾ, ആധാർ കാർഡ്, തിരിച്ചറിയൽ കാർഡ് വിവരങ്ങൾ ഡാറ്റാ ഷീറ്റിൽ രേഖപ്പെടുത്തി സ്റ്റേഷനുകളിൽ സൂക്ഷിച്ചും വരുന്നുണ്ട്.

അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലെ സൗകര്യങ്ങൾ പരിശോധിച്ച് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിലും സംസ്ഥാന വ്യാപകമായി സ്ക്വാഡ് പരിശോധനകൾ നടത്താറുണ്ട്. 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്റ്റ് പ്രകാരവും 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്റ്റ് പ്രകാരവും സംസ്ഥാന വ്യാപകമായി തൊഴിൽ വകുപ്പ് പരിശോധന നടത്താറുണ്ട്. അതിഥി തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത ശുചിത്വ നിലവാരം ഉറപ്പുവരുത്തുന്നതിനായി

ആരോഗ്യ വകുപ്പുമായി സഹകരിച്ച് എല്ലാ ജില്ലകളിലും മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും നടത്താറുണ്ട്. കൂടാതെ മയക്കുമരുന്ന് ഉപയോഗവും വ്യാപനവും നിയന്ത്രിക്കുന്നതിനുള്ള ലഹരി വിരുദ്ധ പ്രചാരണങ്ങളും സംസ്ഥാന വ്യാപകമായി നടപ്പാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിൽ വകുപ്പ്, അതിഥി മേഖലയിൽ പ്രവർത്തിക്കുന്ന NGO, പോലീസ് എന്നിവരുടെ സഹകരണത്തോടെ ലഹരി ഉപയോഗം കൊണ്ടുള്ള ദൂഷ്യവശങ്ങളെക്കുറിച്ച് ശക്തമായ ബോധവൽക്കരണവും നടത്തിവരുന്നു.

അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ടുള്ള ആവാസ് പദ്ധതിപ്രകാരം 516320 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് അതിഥി പോർട്ടൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. നാളിതുവരെ 124999 അതിഥി തൊഴിലാളികളെ ടി പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**അതിഥി തൊഴിലാളികളുടെ ക്ഷേമം**

294(1506) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിഥി തൊഴിലാളികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

അതിഥി തൊഴിലാളികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) അതിഥി തൊഴിലാളികൾക്ക് താമസസൗകര്യം ഒരുക്കുന്നതിനായി 'അപ്ന ഘർ' പദ്ധതിപ്രകാരം ഏതൊക്കെ ജില്ലകളിലാണ് വാസസൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

അപ്നാഘർ പദ്ധതിപ്രകാരം പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിലാണ് വാസസൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്.

**പുത്തൻ തലമുറയുടെ പ്രിയപ്പെട്ട തൊഴിൽ കേന്ദ്രമാകുന്ന കേരളം**

295(1507) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾക്ക് തൊഴിൽ ചെയ്യുന്നതിന് ഏറ്റവും ഇഷ്ടപ്പെട്ട ഇന്ത്യൻ സംസ്ഥാനം കേരളമാണെന്ന ഇന്ത്യ സ്കിൽസ് റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ?

ഉണ്ട്. ഇന്ത്യ സ്കിൽ റിപ്പോർട്ടുപ്രകാരം ദേശീയതലത്തിൽ യുവജനങ്ങൾ ജോലിചെയ്യാൻ ഏറ്റവും താത്പര്യപ്പെടുന്ന സംസ്ഥാനങ്ങളിൽ ഒന്നാമതായി കേരളം മാറിക്കഴിഞ്ഞു. ദേശീയതലത്തിൽ യുവജനങ്ങൾ ജോലിചെയ്യാൻ താത്പര്യപ്പെടുന്ന പ്രദേശങ്ങളിൽ കൊച്ചിയും തിരുവനന്തപുരവും ഉൾപ്പെടുന്നു. സ്ത്രീജനങ്ങൾ പ്രധാനമായും രാജ്യത്ത് ഏറ്റവും കൂടുതൽ ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന പ്രദേശങ്ങളിൽ കൊച്ചി ഒന്നാമതാണെന്ന് ഈ റിപ്പോർട്ട് സാക്ഷ്യപ്പെടുത്തുന്നു. പുരുഷന്മാർ ജോലിചെയ്യാൻ താത്പര്യപ്പെടുന്ന രാജ്യത്തെ പത്ത് പ്രദേശങ്ങളിൽ കൊച്ചി മൂന്നാമതും തിരുവനന്തപുരം അഞ്ചാമതും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) എല്ലാ വിഭാഗത്തിലുള്ള തൊഴിലാളികൾക്കും നൽകുന്ന മികച്ച സൗകര്യങ്ങളും വേതനവും പുത്തൻ തലമുറയുടെ പ്രിയപ്പെട്ട തൊഴിൽ

കേന്ദ്രമാക്കി സംസ്ഥാനത്തെ മാറ്റുന്നതിന് സഹായിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉണ്ട്. 1948-ലെ മിനിമം വേതന നിയമപ്രകാരം സംസ്ഥാനത്ത് 87 തൊഴിൽ മേഖലകളെ മിനിമം വേതന പട്ടികയിലുൾപ്പെടുത്തി 85 മേഖലകളുടെ മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളതാണ്. ടി മേഖലകളിലെ മിനിമം വേതനം 800/- രൂപയായി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ നിർമ്മാണ കാർഷിക-കാർഷികേതര മേഖലകളിലെ വേതനം മറ്റ് സംസ്ഥാനങ്ങളിലെ വേതനത്തെ അപേക്ഷിച്ച് മൂന്നിരട്ടിയാണ്. ഇന്ത്യയിൽ ഏറ്റവും ഉയർന്ന കൂലി ലഭിക്കുന്ന സംസ്ഥാനമെന്ന റിസർവ് ബാങ്കിന്റെ അംഗീകാരവും കേരളത്തിന് ലഭിച്ചിട്ടുണ്ട്. വേതന സുരക്ഷ പദ്ധതി (WPS) യിലൂടെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടെന്നും സ്ഥാപന പരിശോധന മുഖേന തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും തൊഴിലാളിക്ക് ലഭിക്കുന്നുണ്ടെന്നും ഉറപ്പുവരുത്താറുണ്ട്. സംസ്ഥാനത്തെ തൊഴിൽ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി 12 വ്യവസായ ബന്ധസമിതികളും

അസംഘടിത മേഖലയിലെ തൊഴിൽ-സാമൂഹ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി 16 ക്ഷേമനിധി ബോർഡുകളും പ്രവർത്തിച്ചുവരുന്നു. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനായി ഇൻകം സപ്പോർട്ട് സ്കീമും നടപ്പാക്കിവരുന്നു.

(സി) ലിംഗസമത്വത്തിൽ അധിഷ്ഠിതമായ തൊഴിൽ സാഹചര്യങ്ങളും പുരോഗമനപരമായ സാമൂഹിക ചുറ്റുപാടുകളും സംസ്ഥാനത്തെ വനിതാ, ട്രാൻസ്ജെൻഡർ വിഭാഗങ്ങളുടെ ഇഷ്ടപ്പെട്ട തൊഴിൽ കേന്ദ്രമാക്കി മാറ്റുന്നതിന് സഹായിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. തുല്യജോലിക്ക് കേരളത്തിൽ തുല്യവേതനം ഉറപ്പുവരുത്തുന്നുണ്ട്. 2018-ലെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് ഭേദഗതി പ്രകാരം തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ജോലി സ്ഥലത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും അവരുടെ അന്തസ്സും സുരക്ഷയും സംരക്ഷിക്കുന്നതിനുമായി തൊഴിലുടമ ഏർപ്പെടുത്തി നൽകേണ്ട സൗകര്യങ്ങളും ടി നിയമഭേദഗതി

വ്യവസ്ഥ ചെയ്യുന്നു. സ്ത്രീ തൊഴിലാളികൾക്ക് ഏറ്റവും കുറഞ്ഞ പ്രസവാനുകൂല്യം 15,000/- രൂപ നൽകിവരുന്നുണ്ട്. 1968-ലെ മെറ്റേർണിറ്റി ബെനിഫിറ്റി ആക്ട് പ്രകാരം മെറ്റേർണിറ്റി അവധി 26 ആഴ്ചയായി ഉത്തരവായിട്ടുള്ളതാണ്. സ്ത്രീ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി 'സഹജ' കോൾ സെന്ററും പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ ചൂഷണരഹിത സേവന വേതന വ്യവസ്ഥകളും തൊഴിൽ സുരക്ഷ ഉറപ്പാക്കുന്ന തൊഴിൽനയവും ഈ നേട്ടം കൈവരിക്കുന്നതിന് സഹായിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള സേവന വേതന വ്യവസ്ഥകൾ തൊഴിലാളിക്ക് ലഭ്യമാകുന്നുണ്ടോയെന്നത് സി.ഐ.എസ്. ഇൻസ്പെക്ഷനിലൂടെയും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന സ്ഥാപന പരിശോധനയിലൂടെയും ഉറപ്പുവരുത്താറുണ്ട്. ആയത് ലംഘിക്കുന്ന തൊഴിലുടമകൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നത് സംസ്ഥാനത്ത് തൊഴിൽ സുരക്ഷ

ഉറപ്പാക്കുന്നതിന് സഹായിക്കുന്നു. സംസ്ഥാനത്ത് ഉത്പാദനക്ഷമതയിലൂന്നിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, തൊഴിൽ വൈദഗ്ദ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക, മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിൽ അവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം സൃഷ്ടിച്ച് ലിംഗസമത്വം ഉറപ്പുവരുത്തുക, തൊഴിലാളികൾക്ക് ന്യായമായ വേതനവും ആരോഗ്യ സുരക്ഷയും ഉറപ്പാക്കുക തുടങ്ങി നിരവധി ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിന് ഊന്നൽ നൽകിയാണ് തൊഴിൽ നയം രൂപീകരിച്ചിട്ടുള്ളത്. സമസ്ത മേഖലയിലെയും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യ സുരക്ഷയും ഉറപ്പുവരുത്തുമെന്ന് തൊഴിൽ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. തൊഴിൽ തർക്കങ്ങൾ പരമാവധി ഒഴിവാക്കുന്നതിന് സുദൃഢമായ തൊഴിലാളി-തൊഴിലുടമ ബന്ധം ഉറപ്പാക്കുന്നതിനും തൊഴിൽ തർക്കങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും മിനിമം വേതന നിയമത്തിന്റെ പട്ടികയിലുൾപ്പെടുന്ന എല്ലാ വിഭാഗം

തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും തൊഴിൽ നയം സഹായകരമായിട്ടുണ്ട്.

**തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ പ്രവൃത്തികൾ**

296(1508) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന പ്ലാൻ ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിലെ പ്രവൃത്തികൾക്കായി തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് സഹകരണ വകുപ്പ് മുഖാന്തരം പ്ലാൻ ഫണ്ട് അനുവദിച്ചിട്ടില്ല.

(ബി) 2019-ൽ ഭരണാനുമതി ലഭിച്ച പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി & സി) ബാധകമല്ല.

**ഗുരുവായൂർ മണ്ഡലത്തിൽ ഐ.ടി.ഐ.**

297(1509) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ മണ്ഡലത്തിൽ ഐ.ടി.ഐ. സ്ഥാപിക്കുന്നത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ പുതുതായി ഐ.ടി.ഐ. ആരംഭിക്കുന്നതിനായി സാധ്യതാ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്, എറണാകുളത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

**പൈവളിഗെയിൽ പുതിയ ഐ.ടി.ഐ.**

298(1510) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ പൈവളിഗെയിൽ പുതിയ ഐ.റ്റി.ഐ. തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഐ.റ്റി.ഐ. എപ്പോൾ തുടങ്ങുമെന്ന് അറിയിക്കാമോ?

(എ & ബി) മഞ്ചേശ്വരം നിയമസഭാമണ്ഡലത്തിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവെങ്കിലും നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുതിയ ഐ.ടി.ഐ. അനുവദിക്കാൻ സാധിക്കില്ലെന്ന് തീരുമാനിച്ചു.

**തിരുവമ്പാടി ഗവൺമെന്റ് ഐ.ടി.ഐ. കെട്ടിടനിർമ്മാണം**

299(1511) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവമ്പാടി ഗവൺമെന്റ് ഐ.ടി.ഐ.-യുടെ ഒന്നാംഘട്ടത്തിലുള്ള കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ആവശ്യത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

തിരുവമ്പാടി ഗവൺമെന്റ് ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിനായി 6.75 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ച് ഉത്തരവായിരുന്നു. മൂന്ന് നിലകളായാണ് കെട്ടിടം നിർമ്മിക്കുന്നതെന്നും കെട്ടിടത്തിന്റെ Structure പൂർത്തിയാവുകയും ഫിനിഷിംഗ് പ്രവൃത്തി നടന്നുവരികയാണെന്നും രണ്ടാം നിലയിലെ ടോയ്‌ലെറ്റ്, പാരപ്പറ്റ്, Truss & Glass work, റാമ്പ്, Leach pit, Man hole, മണ്ണ് ഫില്ലിംഗ് എന്നീ പ്രവൃത്തികൾ ചെയ്യുന്നതിന് 60 ലക്ഷം രൂപ ആവശ്യമാണെന്നും ഇതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതായും പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്. ടി എസ്റ്റിമേറ്റ് ലഭ്യമാക്കുന്നമുറയ്ക്ക് തുക അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മാടായി ഐ.ടി.ഐ.-യിൽ പുതിയ ട്രേഡുകൾ**

300(1512) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ.-യിൽ അധിക സാമ്പത്തിക ബാധ്യത ഇല്ലാതെ തുടങ്ങാൻ കഴിയുന്ന ട്രേഡുകൾ ഏതൊക്കെയാണ്; അതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ.-യിൽ നിലവിലുള്ള 3 ട്രേഡുകൾക്കുപുറമെ 5 ട്രേഡുകൾകൂടി ആരംഭിക്കാൻ 2021-22 സാമ്പത്തിക വർഷം ശിപാർശ ലഭ്യമായിരുന്നു. എന്നാൽ നിലവിലെ സാഹചര്യത്തിൽ അധിക സാമ്പത്തിക ബാധ്യത വരുത്തുന്ന പ്രൊപ്പോസൽ പരിഗണിക്കാൻ സാധ്യമല്ലെന്നും നിലവിലുള്ള 3 ട്രേഡുകളെ കൂടാതെ ഒരു ട്രേഡും; ആയതിനാവശ്യമായ തസ്തികകളും ഉൾപ്പെടുത്തി പ്രൊപ്പോസൽ അടുത്ത സാമ്പത്തിക വർഷം സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ മെക്കാനിക് മോട്ടോർ വെഹിക്കിൾ ട്രേഡ് ആരംഭിക്കാനായി 2022-23 വർഷം ശിപാർശ ലഭ്യമായിരുന്നുവെങ്കിലും നിലവിലെ സാമ്പത്തിക സ്ഥിതിയിൽ മേൽപ്പറഞ്ഞ ട്രേഡ് അനുവദിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾ**

301(1513) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി ഹൈസ്കൂൾ വിഭാഗത്തിൽ അധ്യാപക യോഗ്യതയുള്ള ഭിന്നശേഷി വിഭാഗത്തിലുള്ള എത്ര ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി ഹൈസ്കൂൾ വിഭാഗത്തിൽ അധ്യാപകനായി നിയമിക്കപ്പെടുവാൻ യോഗ്യതയുള്ള 581 ഭിന്നശേഷി ഉദ്യോഗാർത്ഥികൾ രജിസ്റ്റർചെയ്തിട്ടുണ്ട്.

(ബി) അവർ ഓരോരുത്തരും ഏതുഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്നു; ഓരോരുത്തർക്കും ഏതുവിഷയത്തിലാണ് അധ്യാപക യോഗ്യതയുള്ളത്; അതിൽ നിലവിൽ സർക്കാർ സർവ്വീസിൽ ജോലി ചെയ്യുന്നവർ എത്ര; എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തണമെന്ന നിർദ്ദേശം**

302(1514) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന പരിധിയിൽ ഉൾപ്പെടാത്ത എല്ലാ പൊതുമേഖലാ, മറ്റ് നിയന്ത്രിത സ്ഥാപനങ്ങളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തണമെന്ന നിർദ്ദേശം നിലവിലുണ്ടോ; വ്യക്തമാക്കുമോ?

പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന പരിധിയിലുൾപ്പെടാത്ത എല്ലാ പൊതുമേഖലാ, മറ്റ് നിയന്ത്രിത സ്ഥാപനങ്ങളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തണമെന്ന നിർദ്ദേശം നിലവിലുണ്ട്. 1959-ലെ കമ്പൽസറീസ് നോട്ടിഫിക്കേഷൻസ് ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. സംസ്ഥാനത്തുള്ള സർക്കാർ

വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ/കമ്പനികൾ/ കോർപ്പറേഷനുകൾ/സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിക്ക് പുറത്ത് വരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1959-ലെ കമ്പൽസറീസ് നോട്ടിഫിക്കേഷൻസ് ഓഫ് വേക്കൻസീസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമായിരിക്കേണ്ടതാണെന്നും ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കും/തലവൻമാർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) യോഗ്യരായവർ ഇല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് അനുസംബന്ധിച്ച സർട്ടിഫിക്കറ്റ് വാങ്ങിയതിനുശേഷമേ നേരിട്ട് നിയമനം നടത്താൻ പാടുള്ളൂവെന്ന് വ്യവസ്ഥയുണ്ടോ; അറിയിക്കാമോ?

യോഗ്യരായവർ ഇല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് അനുസംബന്ധിച്ച നോൺ-അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയതിന് ശേഷമേ നേരിട്ട് നിയമനം നടത്താൻ പാടുള്ളൂവെന്ന് വ്യവസ്ഥ നിലവിലുണ്ട്.

(സി) ഈ വ്യവസ്ഥകൾ ലംഘിച്ച് നിയമനങ്ങൾ നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിയമനാധികാരികൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(സി & ഡി) വ്യക്തികൾ/സംഘടനകൾ മുഖേന ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിലും വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന സ്ഥാപന പരിശോധനകളിലും ചില നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അല്ലാതെ നടന്നിട്ടുള്ളതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണെന്നുള്ള 1959-ലെ കമ്പൽസറീസ് നോട്ടിഫിക്കേഷൻസ് ഓഫ് വേക്കൻസീസ് ആക്ടിനും തുടർന്ന് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾക്കും അനുസൃതമായി നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന

നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പരിശോധനാ ഉദ്യോഗസ്ഥർ ഉദ്യോഗദായകർക്ക് നൽകി തുടർനടപടികൾ സ്വീകരിക്കാറുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി പാർട്ട് ടൈം തസ്തികയിലെ നിയമനം**

303(1515) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി പാർട്ട് ടൈം തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിന് ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യത എന്താണെന്ന് വിശദമാക്കാമോ?

02-08-1975-ലെ ജി.ഒ.(പി)നം.152/75/പി.ഡി. പ്രകാരമുള്ള പാർട്ട് ടൈം കണ്ടിജന്റ് സ്പെഷ്യൽ റൂളിൽ ഉൾപ്പെടുന്ന വിഭാഗം 1-ൽ വരുന്ന തസ്തികകൾക്ക് മൂന്നാം ഫാറമോ, ഏഴാം സ്റ്റാൻഡേർഡോ (പുതിയത്) ജയിച്ചിരിക്കണം. വിഭാഗം (2) (3) വരുന്ന തസ്തികകൾക്ക് ശാരീരിക മേന്മ മാത്രമേ നിഷ്കർഷിച്ചിട്ടുള്ളൂ.

(ബി) ഡിഗ്രി പാസ്സായ ഉദ്യോഗാർത്ഥികൾക്ക് പാർട്ട് ടൈം തസ്തികകളിൽ നിയമനം ലഭിക്കുന്നതിന് നിലവിലെ നിയമത്തിൽ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഡിഗ്രി പാസ്സായ ഉദ്യോഗാർത്ഥികൾക്ക് പാർട്ട് ടൈം തസ്തികകളിൽ നിയമനം ലഭിക്കുന്നതിന് നിലവിലെ നിയമത്തിൽ തടസ്സം ഇല്ല.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജോലി ലഭിക്കുന്നതിനുള്ള പ്രായപരിധി ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ**

304(1516) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്തെ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന എത്രപേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിൽ എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്തെ പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന

6344 പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്. നിലവിൽ 140877 ഉദ്യോഗാർത്ഥികൾ സംസ്ഥാനത്തെ പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത എക്സ്ചേഞ്ചുകൾ മുഖേന സംവരണ തത്വം പാലിച്ചുകൊണ്ട് നടക്കേണ്ട നിയമനങ്ങളെ അട്ടിമറിച്ച് സി.എം.ഡി. മുഖേന വിവിധ സർക്കാർ പൊതുമേഖലാസ്ഥാപനങ്ങളിലും അനുബന്ധ പ്രോജക്ടുകളിലും വൻതോതിൽ കരാർ നിയമനങ്ങൾ നടക്കുന്നത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ വ്യക്തമാക്കുമോ?

വിവിധ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും അനുബന്ധ പ്രോജക്ടുകളിലും കരാർ നിയമനങ്ങൾ നടക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിൽ, ആയത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലേയും പി.എസ്.സി. മുഖേന നടത്തുവാൻ സാധിക്കാത്ത ഒഴിവുകളെല്ലാം

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ/ കമ്പനികൾ/കോർപ്പറേഷനുകൾ/സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിക്ക് പുറത്തുവരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന വ്യവസ്ഥകൾക്ക് വിധേയമായി മാത്രമായിരിക്കേണ്ടതും ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കും തലവൻമാർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ഥാപന പരിശോധന നടത്തി നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(സി) ഇതുസംബന്ധിച്ച ഉത്തരവ് ലംഘിച്ച് നിയമനം നടത്തിയ എത്ര സ്ഥാപന മേധാവികൾ/ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മറികടന്ന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന ശുചിത്വ മിഷനിൽ നിയമനം നടന്നുവെന്ന ഒരു ഉദ്യോഗാർത്ഥിയുടെ പരാതിയിന്മേൽ തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ ശുചിത്വ മിഷനിൽ സ്ഥാപന പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**തൊഴിൽരഹിത വേതനം**

305(1517) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിൽ തൊഴിൽരഹിത വേതനത്തിന് അർഹതയുള്ളവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് തൊഴിൽരഹിത വേതനത്തിന് 2080 പേർക്കാണ് നിലവിൽ അർഹതയുള്ളത്.

(ബി) നിലവിൽ തൊഴിൽരഹിത വേതനമായി പ്രതിമാസം എത്ര രൂപയാണ് നൽകുന്നതെന്നും പ്രതിമാസ നിരക്ക് അവസാനം വർദ്ധിപ്പിച്ചത് എന്നാണെന്നും വ്യക്തമാക്കാമോ?

നിലവിൽ തൊഴിൽരഹിത വേതനമായി പ്രതിമാസം 120/- രൂപയാണ് നൽകി വരുന്നത്. കേരള തൊഴിൽ രഹിത വേതന പദ്ധതി പ്രകാരമുള്ള തൊഴിൽരഹിത വേതനം പ്രതിമാസം 100/- രൂപയിൽനിന്ന് 120/- രൂപയായി 01-04-2000 മുതൽ വർദ്ധിപ്പിച്ചുകൊണ്ട് 05-10-2000-ലെ ജി.ഒ.(എം.എസ്)96/2000/തൊഴിൽ നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പ്രതിമാസ നിരക്ക് കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) തൊഴിൽരഹിത വേതനം ലഭിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാനം നിലവിൽ എത്രയാണെന്നും ഇത് കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഇ) 2016-ലെ ആർ.പി.ഡബ്ല്യു.ഡി. (റൈറ്റ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ്) ആക്ടിന്റെ അടിസ്ഥാനത്തിൽ, ഭിന്നശേഷിക്കാർക്കായി പുതിയ തൊഴിൽരഹിത വേതന പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

(സി-ഇ) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിന് നടപടി**

306(1518) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആമ്പല്ലൂർ പഞ്ചായത്തിൽ കോവിഡ് ചികിത്സയ്ക്കിടെ മരണമടഞ്ഞ സ്റ്റെല്ലയുടെ ചികിത്സക്ക് ചെലവായ ഒൻപത് ലക്ഷത്തിലധികം വരുന്ന തുകയിൽ 3,84,000/- രൂപ റീ-ഇംബേഴ്സ് ചെയ്ത് ലഭിച്ചുവെന്നും ബാക്കി തുക ഇ.എസ്.ഐ.-യിൽനിന്നും റീ-ഇംബേഴ്സ് ചെയ്ത് ലഭിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ ഷാജി കെ. ഡി., കൊട്ടേക്കാട്ടുകാരൻ ഹൗസ്, വെണ്ടോർ, അളഗപ്പനഗർ പി.ഒ. (ഐ.പി. നമ്പർ 5400911874) സമർപ്പിച്ച അപേക്ഷയിന്മേലുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ചികിത്സാച്ചെലവിന്റെ പരമാവധി റീ-ഇംബേഴ്സ് ചെയ്ത് കാലതാമസം കൂടാതെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ & ബി) ശ്രീ. ഷാജി കെ. ഡി. എന്ന ഐ.പി.(ഐ.പി. നമ്പർ 5400911874) സമർപ്പിച്ച മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനുള്ള അപേക്ഷയിന്മേൽ ഗവൺമെന്റ് അംഗീകൃത കോവിഡ് പാക്കേജ് നിരക്ക് അനുസരിച്ച് അനുവദനീയമായ 3,83,034/-രൂപ അനുവദിച്ചുകൊണ്ട് 30-05-2023-ലെ സ.ഉ(സാധാ)654/2023/തൊഴിൽ നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത തുക ഐ.പി.-യുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ടി മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമിന്മേൽ അപേക്ഷിച്ച മുഴുവൻ തുകയും ലഭിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ഐ.പി. ബഹുമാനപ്പെട്ട തൃശ്ശൂർ എംപ്ലോയീസ് ഇൻഷ്വറൻസ് കോടതിയിൽ ഐ.സി. നമ്പർ 29/23 ആയി സമർപ്പിച്ച അപേക്ഷ നിലവിൽ ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട എംപ്ലോയീസ് ഇൻഷ്വറൻസ് കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

**കോരങ്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിനായി സ്ഥലം ഏറ്റെടുക്കൽ**

307(1519) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ കോരങ്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിനായി തണ്ണീർത്തട ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

കോരങ്കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിനായി എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ രാമമംഗലം, ഐക്കരനാട് എന്നീ വില്ലേജുകളിൽനിന്നും ഏറ്റെടുക്കുന്ന തണ്ണീർത്തട ഭൂമി മുഴുവനും ഏറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറിയിട്ടുള്ളതാണ്.

(ബി) സ്ഥലമേറ്റെടുപ്പിനായി സർക്കാർ അനുവദിച്ച തുക ഭൂവുടമകൾക്ക് വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) അപ്രോച്ച് റോഡിനായി മുഴുവൻ ഭൂമിയും ഏറ്റെടുക്കുന്ന നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപ്രോച്ച് റോഡിനായി മുഴുവൻ ഭൂമിയും ഏറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറിയിട്ടുള്ളതാണ്.

**മിച്ചഭൂമി**

308(1520) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മുൻ എം.എൽ.എ. മറിച്ച് വിറ്റത് മിച്ചഭൂമിയാണെന്ന് ലാൻഡ് ബോർഡ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഭൂമി ഇടപാട് സംബന്ധിച്ച് ഉത്തരവാദികളായ റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) മിച്ചഭൂമി സംബന്ധിച്ച രേഖകൾ വില്ലേജ് ഓഫീസിൽ സൂക്ഷിക്കണം എന്നിരിക്കെ പ്രസ്തുത ഭൂമിയുടെ പോക്കുവരവ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നൽകിയത് റവന്യൂ ഉദ്യോഗസ്ഥർ ക്രമക്കേടിന് കൂട്ടുനിന്നതിന്റെ ഭാഗമായാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ & ബി) തിരുവമ്പാടി മുൻ എം.എൽ.എ.-യുടെ പേരിൽ മിച്ചഭൂമി കേസ് നിലവിലില്ല. എന്നാൽ മുൻ എം.എൽ.എ. ആയിരുന്ന ശ്രീ. ജോർജ്ജ് എം. തോമസിന്റെ പിതാവായ മരണപ്പെട്ടുപോയ മെക്കാട്ട് കുന്നേൽ തോമസ് എന്നിവരുടെ പേരിലുണ്ടായിരുന്ന മിച്ചഭൂമി കേസിൽ നടപടികൾ പൂർത്തിയാക്കി അസസ്സിയുടെ അനന്തരാവകാശികളിൽനിന്ന് 5.75 ഏക്കർ മിച്ചഭൂമി ഏറ്റെടുക്കുവാൻ കോഴിക്കോട് താലൂക്ക് ലാൻഡ് ബോർഡ് 19-01-2024-ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മിച്ചഭൂമി കേസ് നടപടിയിൽ ഉൾപ്പെട്ട പരിധിയിലധികമുള്ള ഭൂമി കൈമാറ്റം ചെയ്താൽ ടി കൈമാറ്റം അസാധുവാകുന്നതാണെന്നും അപ്രകാരം ടി ഭൂമി കൂടി ഭൂപരിധി നിർണ്ണയിക്കുന്നതിനായി ഉൾപ്പെടുത്തേണ്ടതാണെന്നും കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 84(4)-ൽ വ്യവസ്ഥയുള്ളതാണ്.

താലൂക്ക് ലാൻഡ് ബോർഡിന്റെ ഭാഗത്തുനിന്ന് മേൽ മിച്ചഭൂമി കേസിൽ നിയമപ്രകാരമുള്ള നടപടികളെല്ലാം സ്വീകരിച്ചിട്ടുണ്ട്.

**പള്ളിച്ചൽ വില്ലേജിൽ ഖാദിബോർഡിന്റെ അധീനതയിലുള്ള സ്ഥലം**

309(1521) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പള്ളിച്ചൽ വില്ലേജിൽ ഖാദിബോർഡിന്റെ അധീനതയിലുള്ള 151/2-ൽപ്പെട്ട 17.20 ആർ സ്ഥലം ഉടമസ്ഥത സ്ഥാപിച്ച് കിട്ടുന്നതിനായി വില്ലേജിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് സമർപ്പിച്ചത്; ആയതിൻമേൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഭൂമി സംബന്ധിച്ച് തർക്കമുള്ളതിനാൽ കരം അടയ്ക്കുന്നതിന് കളക്ടറുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ വില്ലേജിൽ ബ്ലോക്ക് 4-ൽ റീസർവ്വെ 151/2-ൽ ഉൾപ്പെട്ട 17.20 ആർ സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും കരമൊടുക്കി നൽകുന്നതിനും ഖാദി ബോർഡിന്റെ പ്രോജക്ട് ഓഫീസർ വില്ലേജ് ഓഫീസിൽ അപേക്ഷ നൽകിയിരുന്നു. എന്നാൽ ടി സ്ഥലം ഖാദി ബോർഡിന്റെ കൈവശത്തിൽ ഇല്ലാത്തതും ടി സ്ഥലത്ത് ഒരു അങ്കണവാടിയും 3 വീടുകളും സ്ഥിതി ചെയ്യുന്നുവെന്നും ടി സാഹചര്യത്തിൽ കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ചും നിർദ്ദേശം നൽകുന്നതിന് നെയ്യാറ്റിൻകര തഹസിൽദാർ (ഭൂരേഖ) ജില്ലാ കളക്ടർക്ക് കത്ത് നൽകിയതിന്റെ

അടിസ്ഥാനത്തിൽ ഖാദി ബോർഡ് പ്രോജക്ട് ഓഫീസർ, പള്ളിച്ചൽ വില്ലേജ് ഓഫീസർ, തഹസിൽദാർ (ഭൂരേഖ) നെയ്യാറ്റിൻകര എന്നിവരെ ഹിയറിംഗ് നടത്തുകയും പള്ളിച്ചൽ വില്ലേജിൽ ബ്ലോക്ക് 4-ൽ റീസർവ്വെ 151/2-ൽ ഉൾപ്പെട്ട 17.20 ആർ സ്ഥലം കൈവശമുള്ളവരുടെ/വീടുവച്ച് താമസിക്കുന്നവരുടെ വിവരങ്ങൾ പള്ളിച്ചൽ വില്ലേജ് ഓഫീസർ ജില്ലാ കളക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ടി കക്ഷികളെ ഹിയറിംഗ് നടത്തി അവകാശ രേഖകൾ പരിശോധിച്ചാൽമാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് സാധിക്കുകയുള്ളൂ.

**വാമനപുരം കെ.എസ്.ഇ.ബി. സബ്സ്റ്റേഷന് ഭൂമി ലഭ്യമാക്കുന്നതിന് നടപടി**

310(1522) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ മീളുറിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി, വാമനപുരം വില്ലേജിൽ സർവ്വെ നമ്പർ 2318/1-ലെ 33 സെന്റ് സ്ഥലം നെടുമങ്ങാട് ആർ.ഡി.ഒ.-യുടെ 12-01-2023-ലെ ഉത്തരവനുസരിച്ച് (കേരള ഭൂമി വിട്ടൊഴിയൽ നിയമനുസരിച്ച്) പുറമ്പോക്കിലേയ്ക്ക് മാറ്റി ഉത്തരവാകുകയും അങ്ങനെയുള്ള പ്രസ്തുത ഭൂമി

കെ.എസ്.ഇ.ബി.-ക്ക് പാട്ടത്തിന് നൽകുന്നതിനുള്ള സർക്കാർ ഉത്തരവിനായി, തിരുവനന്തപുരം കളക്ടറേറ്റിൽനിന്ന് 25-03-2023-ൽ ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന നൽകിയ റിപ്പോർട്ടിന്റെ തൽസ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് റവന്യൂ വകുപ്പിൽ അവശേഷിക്കുന്നതെന്ന് വിശദമാക്കാമോ?

(എ & ബി) വാമനപുരം മണ്ഡലത്തിലെ മീളുറിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് കമ്മീഷണർ, ലാൻഡ് റവന്യൂ സമർപ്പിച്ച ശിപാർശയിന്മേൽ യു4/20/2020/റവ. ഫയലിൽ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത വിഷയത്തിൽ ഊർജ്ജ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അഭിപ്രായം ലഭ്യമാക്കേണ്ടതുണ്ട്. ആയത് ലഭ്യമാക്കി പരിശോധിച്ച്, ഭൂമി കെ.എസ്.ഇ.ബി.-ക്ക് പാട്ടത്തിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**വിഷൻ ആൻഡ് മിഷൻ പരിപാടി**

311(1523) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ വിഷൻ ആൻഡ് മിഷൻ പരിപാടി പൂർണ്ണ ലക്ഷ്യപ്രാപ്തി കൈവരിച്ചുവെന്ന് അഭിപ്രായമുണ്ടോ; എങ്കിൽ വിശദമാക്കാമോ?

റവന്യൂ വകുപ്പിൽ സമഗ്രമായ മാറ്റം വരുത്തുന്നതിലേയ്ക്കായി 2021-ൽ "വിഷൻ & മിഷൻ 2021-26" എന്ന പദ്ധതി നടപ്പാക്കിയിട്ടുള്ളതാണ്. ജില്ലകളിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്ക് വേഗത കൂട്ടുന്നതിനും നയപരമായ തീരുമാനമെടുക്കേണ്ട വിഷയങ്ങളിൽ ആശയം സ്വരൂപിക്കുന്നതിലേയ്ക്കായും എല്ലാ ജില്ലകളിലെയും ബഹുമാനപ്പെട്ട നിയമസഭാ സാമാജികരുടെയും ഉദ്യോഗസ്ഥ പ്രതിനിധികളുടെയും യോഗം ജില്ലാ അടിസ്ഥാനത്തിൽ 2021, 2022, 2023 വർഷങ്ങളിൽ തിരുവനന്തപുരം ഐ.എൽ.ഡി.എം.-ൽവച്ച് കൂടിയിരുന്നു. പ്രസ്തുത യോഗങ്ങളിൽ ബഹുമാനപ്പെട്ട നിയമസഭാ സാമാജികർ തങ്ങളുടെ മണ്ഡലവുമായി ബന്ധപ്പെട്ടും അല്ലാതെയും ഉന്നയിച്ച അഭിപ്രായങ്ങൾ, ആശയങ്ങൾ, അപേക്ഷകൾ, നിർദ്ദേശങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി റവന്യൂ ഡാഷ് ബോർഡ് തയ്യാറാക്കിയിട്ടുള്ളതാണ്. ആയതിൽ സർക്കാർ നയപരമായി

തീരുമാനമെടുക്കേണ്ടവയും കോടതിയുടെ പരിഗണനയിലായിരിക്കുന്നവയും ഒഴിച്ച് ബാക്കിയുള്ളവയെല്ലാംത്തന്നെ തീർപ്പാക്കിയിട്ടുള്ളതാണ്. ജില്ലാ റവന്യൂ അസംബ്ലി കാരണം റവന്യൂ ഭവന നിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്കും ജനക്ഷേമ പദ്ധതികൾക്കും ഗതിവേഗം കൈവന്നിട്ടുള്ളതാണ്. റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് വേഗത കൈവരുത്തുന്നതിനും ജനക്ഷേമ പ്രവർത്തനങ്ങൾക്ക് കൃത്യത ഉറപ്പുവരുത്തുന്നതിനും വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നവീകരണത്തിനും ഇതുവഴി കഴിഞ്ഞിട്ടുള്ളതാണ്.

(ബി) എറണാകുളം ജില്ലയിൽ ഏറ്റവും അവസാനം നടത്തിയ വിഷൻ ആൻഡ് മിഷനിൽ അങ്കമാലി മണ്ഡലത്തെ പ്രതിനിധീകരിച്ച് എട്ട് ആവശ്യങ്ങൾ ഉന്നയിച്ച് നൽകിയ കുറിപ്പിൽ സീരിയൽ നമ്പർ 4, 5 ഒഴികെ ബാക്കി വിഷയങ്ങളിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; ഈ നിവേദനത്തിൽ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ വിഷൻ ആൻഡ് മിഷൻ ആരംഭിച്ച വർഷം മുതൽ പരിഗണിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടർ ലഭ്യമാക്കിയ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) റവന്യൂ പുറമ്പോക്കുകളിൽ ഭാവിയിൽ വികസനത്തിന് തടസ്സം വരാതെയും കയ്യേറ്റങ്ങൾ ഒഴിവാക്കുന്ന തരത്തിൽ ചുറ്റും കമ്പിവേലി കെട്ടി തിരിച്ച് പ്രസ്തുത സ്ഥലങ്ങൾ എം.എൽ.എ.-മാരുടെ വികസന ഫണ്ട് വിനിയോഗിച്ച് കുട്ടികൾക്ക് കളിക്കളം നിർമ്മിക്കാൻ കളക്ടർമാർക്ക് എൻ.ഒ.സി. നൽകുന്ന തരത്തിൽ ഒരു പൊതു ഉത്തരവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് വിഷൻ ആൻഡ് മിഷനിൽ ഉന്നയിച്ചിട്ടുള്ള കാര്യത്തിൽ തീരുമാനം അടിയന്തരമായി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ; ഇതുസംബന്ധിച്ച് ഉറപ്പ് ലഭ്യമാക്കുമോ?

(സി & ഡി) റവന്യൂ പുറമ്പോക്ക് ഭൂമികയ്യേറ്റങ്ങളിൽനിന്നും ഒഴിപ്പിച്ചെടുത്ത് സംരക്ഷിച്ചുവരുന്ന പ്രവൃത്തിയാണ് കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരം സ്വീകരിച്ചുവരുന്നത്. പ്രസ്തുത ഭൂമികയ്യേറ്റങ്ങൾ ഒഴിവാക്കുന്ന തരത്തിൽ ചുറ്റും കമ്പിവേലി കെട്ടിസംരക്ഷിച്ചുവരുന്നു. എന്നാൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടി ഭൂമി എം.എൽ.എ.-മാരുടെ വികസന ഫണ്ട് വിനിയോഗിച്ച് കുട്ടികൾക്ക് കളിക്കളം നിർമ്മിക്കാൻ കളക്ടർമാർക്ക് എൻ.ഒ.സി. നൽകുന്ന തരത്തിൽ ഒരു പൊതു ഉത്തരവ് നൽകുന്ന വിഷയത്തിന്റെ സാധ്യത സംബന്ധിച്ച് വിശദമായ പരിശോധനകൾ നടത്തിയാൽ മാത്രമേ നയപരമായ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

(ഇ) അങ്കമാലി ബൈപ്പാസിന്റെ ഭൂമി ഏറ്റെടുക്കുന്ന നടപടി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്നും അറിയിക്കുമോ; വിശദമാക്കുമോ?

അങ്കമാലി-കൊച്ചി എയർപോർട്ട് ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് അങ്കമാലി, കറുകുറ്റി വില്ലേജുകളിലെ വിവിധ സർവ്വെ നമ്പരുകളിൽപ്പെട്ട 749.71 ആർസ് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹിക പ്രത്യാഘാത പഠനം നടത്തിയിട്ടുള്ളതും പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കലുമായി മുന്നോട്ട് പോകുന്നതിനുള്ള സമുചിത സർക്കാർ തീരുമാനം കൈക്കൊണ്ട് 11(1) വിജ്ഞാപനം

പുറപ്പെടുവിച്ചിട്ടുള്ളതും നിലവിൽ സർവ്വേ സബ് ഡിവിഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

സർവ്വേയർ തയ്യാറാക്കിയ സർവ്വേ സബ് ഡിവിഷൻ റിക്കാർഡുകൾക്ക് അംഗീകാരം നൽകുന്നതിന് റിക്കാർഡുകൾ ജില്ലാ സർവ്വെ സൂപ്രണ്ടിന് സമർപ്പിച്ചിട്ടുള്ളതും അവയിൽ 4 സർവ്വേ ഫീൽഡുകൾക്ക് മേൽപരിശോധന ആവശ്യമുള്ളതും 5 സർവ്വെ ഫീൽഡുകൾക്ക് ഏരിയ/ഫീൽഡ് ആൾട്ടറേഷനുള്ളതും ആയതിന് സർവ്വേ ഡെപ്യൂട്ടി ഡയറക്ടറുടെ അംഗീകാരം ലഭിക്കേണ്ടതുമാണ്.

11(1) നോട്ടിഫിക്കേഷനിൽ ഉൾപ്പെടാതെ പോയിട്ടുള്ള 15 സർവ്വേ നമ്പറുകൾ ഉൾപ്പെടുത്തി കൂട്ടിച്ചേർക്കൽ വിജ്ഞാപനം 08-01-2024-ലെ 98 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും നടപടികൾ തുടർന്നുവരുന്നതുമാണ്. അങ്കമാലി വില്ലേജ് ബ്ലോക്ക് നമ്പർ 11 റീസർവ്വേ നമ്പർ 319/11-ൽപ്പെട്ട ഭൂമിയുടെ ബി.റ്റി.ആർ. സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് ആലുവ എൽ.ആർ. തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കുന്നതിനുള്ള അവാർഡ് തുക നാളിതുവരെ അർത്ഥനാധികാരിയിൽ നിന്നും ലഭ്യമായിട്ടില്ലാത്തതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് 19(1) പ്രഖ്യാപനം പുറപ്പെടുവിച്ച് അവാർഡ് പാസ്സാക്കി സമയബന്ധിതമായി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് സ്ഥലം വികസന പ്രവർത്തനങ്ങൾക്ക് അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്.

**പനമ്പറ്റ കടവ് പാലം അപ്രോച്ച് റോഡിന് സ്ഥലം വിട്ടുകൊടുത്തവർക്കുള്ള നഷ്ടപരിഹാരം**

312(1524) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ആനക്കയം കൂട്ടിലങ്ങാടി വില്ലേജുകളെ ബന്ധിപ്പിക്കുന്ന പനമ്പറ്റ കടവ് പാലം അപ്രോച്ച് റോഡിന് സ്ഥലം വിട്ടുകൊടുത്ത ഭൂവുടമകൾക്ക് നഷ്ടപരിഹാരം ഇതുവരെ ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്നുമുതലാണ് ഭൂവുടമകൾ സ്ഥലം വിട്ടുനൽകിയത്; വ്യക്തമാക്കുമോ?

ഉണ്ട്. മലപ്പുറം ജില്ലയിൽ ആനക്കയം, കൂട്ടിലങ്ങാടി വില്ലേജുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പനമ്പറ്റ കടവ് പാലം അപ്രോച്ച് റോഡ്

നിർമ്മാണത്തിന് സ്ഥലം വിട്ടുനൽകിയ 23 ഭൂവുടമകൾക്ക് 67,55,459/- രൂപ നഷ്ടപരിഹാരം നൽകാനുണ്ട്. 17-05-2010-ൽ ഭൂവുടമകൾ പൊതുമരാമത്ത് വകുപ്പിന് മുൻകൂറായി വിട്ടുകൊടുത്തത് പ്രകാരം 28-12-2013-ന് പാലം പണി പൂർത്തീകരിച്ച് റോഡ് ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്.

(ബി) സ്ഥലം വിട്ടുകൊടുത്ത് ദീർഘനാളായിട്ടും നഷ്ടപരിഹാരം നൽകുന്നതിന് ആവശ്യമായ തുക വകയിരുത്തുന്നതിന് വകുപ്പ് നടപടി സ്വീകരിക്കാത്തതാണ് ഇത്തരമൊരു സ്ഥിതിവിശേഷത്തിന് ഇടയാക്കിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നഷ്ടപരിഹാരം പൂർണ്ണമായും വിതരണം ചെയ്യാൻ എന്നത്തേയ്ക്ക് കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ?

02-07-2019-ലെ LA2-76114/12 നമ്പർ നടപടിക്രമ പ്രകാരം 67,55,459/- രൂപയുടെ വിശദ വിലവിവര പട്ടിക ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതാണ്. അതുപ്രകാരം ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ ഫണ്ട് അടിയന്തരമായി ലഭ്യമാക്കുന്നതിനായി മഞ്ചേരി PWD നിരത്തുകൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD ചീഫ്

എഞ്ചിനീയർ, സെക്രട്ടേറിയറ്റിലെ പൊതുമരാമത്ത് (ഡി) വകുപ്പ് എന്നിവർക്ക് യഥാസമയം നിർദ്ദേശം നൽകിയിരുന്നതാണ്. പൊതുമരാമത്ത് വകുപ്പിൽനിന്നും ഫണ്ട് ലഭ്യമാകാത്തതിനാലാണ് ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകാൻ കഴിയാത്തത്. പൊതുമരാമത്ത് വകുപ്പിൽനിന്നും ഫണ്ട് ലഭ്യമായാൽ ഉടൻതന്നെ ഭൂവുടമകൾക്ക് നഷ്ടപരിഹാര തുക നൽകുന്നതാണ്.

**റവന്യൂ വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി പദ്ധതി ഇനത്തിൽ നീക്കിവച്ചിട്ടുള്ള തുക**

313(1525) <u>ശ്രീ. സജീവ് ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ റവന്യൂ വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി പദ്ധതി ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക എത്രയാണ്; ഇതിൽ നാളിതുവരെ എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ റവന്യൂ വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി പദ്ധതിയിനത്തിൽ 80 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത 80 കോടി രൂപയ്ക്കും സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ളതും ടി തുകയിൽ 30,40,86,777/- രൂപ നാളിതുവരെ BAMS മുഖേന അനുവദിച്ച് നൽകിയതിൽ 17,69,77,262/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ ഇനം തിരിച്ചുനൽകുമോ?

നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ റവന്യൂ വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി പദ്ധതി ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക സംബന്ധിച്ച ഇനം തിരിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**കോങ്ങാട് മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന നടപ്പാക്കിയ പ്രവൃത്തികൾ**

314(1526) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പ് മുഖേന കോങ്ങാട് മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ളതും നടപ്പാക്കി വരുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പ് മുഖേന കോങ്ങാട് മണ്ഡലത്തിൽ കരിമ്പ 2 വില്ലേജ് ഓഫീസ് നിർമ്മാണത്തിന് 2023-24 സാമ്പത്തിക വർഷത്തിൽ പ്ലാൻ പദ്ധതി പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതും ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. കൂടാതെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിപ്രകാരം ഭരണാനുമതി നൽകിയ കോങ്ങാട് മണ്ഡലത്തിലെ മണ്ണൂർ സ്മാർട്ട് വില്ലേജ് ഓഫീസിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും ആയതിന്റെ ഉദ്ഘാടനം 03-02-2024-ാം തീയതി നിർവ്വഹിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്.

**പാലക്കാട് റവന്യൂ ഡിവിഷനിൽ വീട് നിർമ്മാണത്തിനായി ഭൂമി തരം മാറ്റാനുള്ള അപേക്ഷകൾ**

315(1527) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് റവന്യൂ ഡിവിഷനിൽനിന്ന് വീട് നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി തരം മാറ്റാൻ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് റവന്യൂ ഡിവിഷനിൽനിന്ന് വീട് നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി തരം മാറ്റാൻ 23638 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളിൽ ഭൂമി തരം മാറ്റി നൽകിയിട്ടുള്ളതും നിരസിച്ചിട്ടുള്ളതുമായ അപേക്ഷകൾ എത്രയെന്ന് അറിയിക്കാമോ?

ടി അപേക്ഷകളിൽ, 11284 അപേക്ഷകൾ ഭൂമി തരം മാറ്റി നൽകുകയും 1253 അപേക്ഷകൾ നിരസിച്ചിട്ടുള്ളതുമാണ്. 11101 അപേക്ഷകൾ തീർപ്പാക്കാനായി ശേഷിക്കുന്നുണ്ട്.

**മാവേലിക്കര കല്ലുമല റയിൽവെ മേൽപ്പാലം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നത്**

316(1528) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ മിച്ചൽ ജംഗ്ഷൻ വികസനവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആലപ്പുഴ ജില്ലയിൽ മാവേലിക്കര വില്ലേജിൽ ഉൾപ്പെട്ട 57.08 ആർസ് ഭൂമി മാവേലിക്കര മിച്ചൽ ജംഗ്ഷൻ വികസനത്തിന് 2013-ലെ എൽ.എ.ആർ.ആർ. നിയമം പ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതും 11(1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനം 17-10-2022-ൽ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. തുടർ നടപടികളുടെ ഭാഗമായി പുനരധിവാസ പാക്കേജ്, വസ്തുക്കളുടെ അടിസ്ഥാനവില നിർണ്ണയം നിർമ്മിതികളുടെ വിലനിർണ്ണയം എന്നിവ അന്തിമ ഘട്ടത്തിലെത്തിയിരുന്നതുമാണ്. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ശ്രീ. കോശി ഫിലിപ്പ് ഫയൽ ചെയ്ത WP(C) 27368/2022 കേസിൽ നിലവിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ

നിർത്തിവയ്ക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുള്ളതും സ്റ്റേ നടപടികൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(ബി) മാവേലിക്കര കല്ലുമല റയിൽവെ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി സ്ഥലം ഏറ്റെടുത്ത് കൈമാറുന്ന പ്രവർത്തനം വേഗത്തിൽ പൂർത്തീകരിക്കുമോ?

(ബി & സി) ആലപ്പുഴ ജില്ലയിൽ മാവേലിക്കര വില്ലേജിൽ വിവിധ സർവ്വെ നമ്പരുകളിൽ ഉൾപ്പെട്ട 63.57 ആർസ് ഭൂമി കല്ലുമല റെയിൽവെ മേൽപ്പാലം നിർമ്മാണത്തിന് 2013-ലെ എൽ.എ.ആർ.ആർ. നിയമപ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതും സെക്ഷൻ 11(1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനം 15-03-2023-ലും സെക്ഷൻ 19(1) അന്തിമ വിജ്ഞാപനം 22-11-2023-ലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. ആർ.ആർ. പുനരധിവാസ പാക്കേജ് 07-11-2023-ൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക്

നഷ്ടപരിഹാരം നൽകുന്നതിലേയ്ക്കുള്ള മുഴുവൻ അവാർഡുകളും 10-01-2024-ൽ പാസ്സാക്കിയിട്ടുള്ളതും അവാർഡ് എൻക്വയറി പൂർത്തിയാക്കി തുക കക്ഷികളുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനായി ബിൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതും WAMS ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് തുക കക്ഷികളുടെ അക്കൗണ്ടിൽ നിക്ഷേപിച്ച് സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്.

**മാനാഞ്ചിറ-വെള്ളിമാട്ടുകുന്ന് റോഡ് വികസനവുമായി ബന്ധപ്പെട്ട പുനരധിവാസ പാക്കേജ്**

317(1529) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനാഞ്ചിറ-വെള്ളിമാട്ടുകുന്ന് റോഡ് വികസനവുമായി ബന്ധപ്പെട്ട രണ്ടാംഘട്ട പുനരധിവാസ പാക്കേജ് സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

മാനാഞ്ചിറ വെള്ളിമാടുകുന്ന് റോഡ് വികസനവുമായി ബന്ധപ്പെട്ട രണ്ടാംഘട്ട പുനരധിവാസപാക്കേജ് അംഗീകാരത്തിനായി 14-09-2023-ൽ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പാക്കേജ് പ്രകാരം എത്ര പേർക്ക് ധനസഹായം ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ?

പാക്കേജിന് പരിഗണിക്കാവുന്ന 80 പേരുടെ ലിസ്റ്റാണ് അംഗീകാരത്തിനായി ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകിയിട്ടുള്ളത്. ആയത് അംഗീകരിച്ചുവരുന്നമുറയ്ക്കു മാത്രമെ ധനസഹായത്തിന് അർഹരായവരുടെ വിവരം ലഭ്യമാവുകയുള്ളൂ.

(സി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേസുകൾ വേഗത്തിലാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഹൈക്കോടതി സ്റ്റേ നിലവിലുള്ള 3 കേസുകളും ആർ.ആർ. പാക്കേജിൽ ശിപാർശ ചെയ്ത് സമർപ്പിച്ച 8 കേസുകളും ഒഴികെ ബാക്കി എല്ലാ കേസുകളിലും ഭൂമി ഏറ്റെടുത്ത് PWD അധികൃതർക്ക് കൈമാറിയിട്ടുണ്ട്. ഹൈക്കോടതി കേസുകളിലും ആർ.ആർ. പാക്കേജിന് ശിപാർശ ചെയ്ത്

റിപ്പോർട്ട് സമർപ്പിച്ച കേസുകളിലും നടപടി വേഗത്തിലാക്കാൻ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ഹൈവേ ഭൂമി ഏറ്റെടുക്കൽ**

318(1530) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്-കോഴിക്കോട് ഗ്രീൻ ഫീൽഡ് ഹൈവേയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം നൽകുന്നത് എത്രത്തോളം പൂർത്തിയായിയെന്നത് വ്യക്തമാക്കാമോ?

പാലക്കാട്-കോഴിക്കോട് ഗ്രീൻ ഫീൽഡ് ഹൈവേയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ, ദേശീയപാത അതോറിറ്റി, പാലക്കാട് ഡെപ്യൂട്ടി കളക്ടർ എൽ.എ. എൻ.എച്ച്.-ന്റെ കാര്യാലയത്തിൽ ആകെ 17,55,88,05,343/- രൂപ അനുവദിച്ചിട്ടുള്ളതും ആയതിൽനിന്നും നഷ്ടപരിഹാരമായി ഭൂവുടമകൾക്ക് ആകെ 4,58,30,22,827/- കോടിരൂപ (26 ശതമാനം) നാളിതുവരെ വിതരണം ചെയ്തിട്ടുള്ളതുമാണ്.

മലപ്പുറം ജില്ലയിൽ പാലക്കാട് - കോഴിക്കോട് ഗ്രീൻഫീൽഡ് ദേശീയപാത നിർമ്മാണത്തിനാവശ്യമായ 238 ഹെക്ടർ ഭൂമിയിൽ 153.3793 ഹെക്ടർ (63.67%) ഭൂമിയും കുഴിക്കൂർ ചമയങ്ങളും ഏറ്റെടുത്ത് ദേശീയ ഹൈവേ അതോറിറ്റിക്ക് കൈമാറുകയും നഷ്ടപരിഹാര വിതരണത്തിനായി അനുവദിച്ച 1926 കോടി രൂപയിൽ 1289 കോടിരൂപ (66.92 ശതമാനം) വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ പാലക്കാട്-കോഴിക്കോട് ഗ്രീൻ ഫീൽഡ് ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് 320 എൽ.എ. കേസുകളിലായി 1,89,52,33,182/- രൂപ ഗുണഭോക്താക്കൾക്ക് നഷ്ടപരിഹാര പ്രതിഫലതുകയായി അനുവദിച്ചിട്ടുള്ളതാണ്.

(ബി) കോഴിക്കോട് ജില്ലയിൽ നഷ്ടപരിഹാരം നൽകുന്നത് പാതിവഴിയിൽ നിർത്തിവയ്ക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ?

നഷ്ടപരിഹാരം നൽകുന്നതിനുവേണ്ടി കോഴിക്കോട് CALA തയ്യാറാക്കിയ അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് പരിശോധിച്ച പ്രോജക്ട് ഡയറക്ടർ, എൻ.എച്ച്.എ.ഐ., പാലക്കാട്, അടിസ്ഥാനവില കൂടുതലാണെന്ന്

കാണിച്ച് കോഴിക്കോട് ജില്ലാകളക്ടർ മുമ്പാകെ 08-09-2023-ൽ 11154/PIU-PKD/Bharatmala/DPR/P-K/3G/LA/3966 പ്രകാരം ആർബിട്രേഷൻ ഫയൽ ചെയ്യുകയും ആർബിട്രേഷൻ തീരുമാനമാകുന്നതുവരെ നഷ്ടപ്രതിഫല തുക നൽകുന്നത് നിർത്തിവയ്ക്കാൻ CALA-ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(സി) അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം മറികടന്ന് ഇക്കാര്യത്തിൽ ജില്ലാകളക്ടർ അധികാരപരിധി ലംഘിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഭൂമി തരംമാറ്റൽ അപേക്ഷകൾ**

319(1531) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഭൂമി തരംമാറ്റത്തിന് ലഭിച്ച ആകെ അപേക്ഷകൾ എത്രയാണെന്ന് വർഷം, റവന്യൂ ഡിവിഷൻ എന്നിവ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

കാസർഗോഡ് ജില്ലയിൽ ഭൂമി തരംമാറ്റത്തിന് ലഭിച്ച ആകെ അപേക്ഷകൾ റവന്യൂ ഡിവിഷൻ തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു+.

(ബി) ഇതിൽ ഓരോ വർഷവും തീർപ്പ് കൽപ്പിച്ച തരംമാറ്റൽ അപേക്ഷകളുടെ വിശദാംശം ലഭ്യമാക്കുമോ?

കാസർഗോഡ് ജില്ലയിൽ ലഭിച്ച അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ച അപേക്ഷകളുടെ എണ്ണം, വർഷം, റവന്യൂ ഡിവിഷൻ എന്നിവ തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു+.

(സി) 2024 ജനുവരിയിൽ നടന്ന തരംമാറ്റൽ അദാലത്തിലൂടെ എത്ര അപേക്ഷകൾ തീർപ്പ് കൽപ്പിച്ചിട്ടുണ്ടെന്ന കണക്കുകൾ നൽകാമോ?

2024 ജനുവരി 20-ന് കാസർഗോഡ് ജില്ലയിൽ നടന്ന തരംമാറ്റ അദാലത്തിൽ തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണം റവന്യൂ ഡിവിഷൻ തിരിച്ച് ചുവടെ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാസർഗോഡ് - 172

കാഞ്ഞങ്ങാട് - 429

ആകെ - 601

(ഡി) ഇനിയും എത്ര അപേക്ഷകൾ തീർപ്പുകൽപ്പിക്കാൻ ബാക്കിയുണ്ടെന്ന് അറിയിക്കാമോ?

തീർപ്പുകൽപ്പിക്കാൻ ബാക്കിയുള്ള അപേക്ഷകളുടെ എണ്ണം റവന്യൂ ഡിവിഷൻ തിരിച്ച് ചുവടെ ചേർക്കുന്നു.

കാസർഗോഡ് - 588

കാഞ്ഞങ്ങാട് - 3531

ആകെ - 4119

(ഇ) ബാക്കിയുള്ള അപേക്ഷകളിന്മേൽ വേഗത്തിൽ തീർപ്പുകൽപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ?

ബാക്കിയുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിന്, 01-09-2023-ലെ സ.ഉ.(കൈ) നം.206/2023/RD ഉത്തരവിന്റെ

അടിസ്ഥാനത്തിൽ, അധിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുള്ളതും ഫീൽഡ് പരിശോധനയ്ക്ക് വാഹന സൗകര്യവും ദിവസവേതനാടിസ്ഥാനത്തിൽ സർവ്വേയർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, വില്ലേജ് ഓഫീസ്, കൃഷി ഓഫീസ് എന്നിവിടങ്ങളിൽനിന്നും റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ഫോറം:5 പ്രകാരമുള്ള അപേക്ഷകളുടെ കാര്യത്തിൽ റവന്യൂ വകുപ്പുമന്ത്രി ചെയർമാനായ സബ്ജക്റ്റ് കമ്മിറ്റി -II പ്രത്യേക യോഗം ചേർന്ന് റവന്യൂ കൃഷി - തദ്ദേശ വകുപ്പുതല ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് വിശദമായി ചർച്ച ചെയ്തു. ഫോറം:5-ലെ പരിശോധന വേഗതയിലാക്കാനും എല്ലാ മാസവും LLMC യോഗം ചേരാനും അവശേഷിക്കുന്ന മുനിസിപ്പാലിറ്റികളിൽ ഡാറ്റാ ബാങ്ക് ഫെബ്രുവരിയിൽ പൂർത്തിയാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽ നടപടികൾക്ക് പുറമെ, മന്ത്രി/ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/ലാൻഡ് റവന്യൂ കമ്മീഷണർ തലത്തിൽ കൃത്യമായ ഇടവേളകളിൽ യോഗം നടത്തി, അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി

അവലോകനം ചെയ്യുകയും അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലെ ബുദ്ധിമുട്ടുകൾ ചർച്ച ചെയ്ത്, തീർപ്പാക്കൽ വേഗത്തിലാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകി വരികയും ചെയ്യുന്നുണ്ട്.

മാത്രമല്ല, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ റവന്യൂ ഡിവിഷൻ ഓഫീസർമാർക്ക് നിർണ്ണയിച്ചിട്ടുള്ളതും അപ്രകാരം അവരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമായ അധികാരങ്ങൾ വിനിയോഗിക്കുന്നതിന്, സംസ്ഥാനത്തെ ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് കൂടി അധികാരം നൽകി, അവരെയും അപേക്ഷകൾ തീർപ്പാക്കുന്നതിനായി നിയോഗിക്കുന്നതിന് അധികാരപ്പെടുത്തുന്ന 2023-ലെ കേരള നെൽവയൽ തണ്ണീർത്തട (ഭേദഗതി) ബിൽ ബഹുമാനപ്പെട്ട നിയമസഭ പാസ്സാക്കിയിട്ടുള്ളതും ആയത് ബഹുമാനപ്പെട്ട ഗവർണറുടെ അംഗീകാരത്തിനായി നൽകിയിട്ടുള്ളതുമാണ്.

**തിരൂർ മണ്ഡലത്തിലെ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വിശദവിവരം**

320(1532) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തിരൂർ മണ്ഡലത്തിൽ നടപ്പാക്കിയ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ?

2021-ൽ ഈ സർക്കാർ അധികാരമേറ്റശേഷം തിരൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന തിരൂർ ആർ.ഡി.ഒ. ക്വാർട്ടേഴ്സിന്റെ നിർമ്മാണം, തിരൂർ ആർ.ഡി.ഒ. ഓഫീസിൽ കോൺഫറൻസ് ഹാൾ, ടോയ്‌ലറ്റ്, റാംപ് എന്നിവയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) റവന്യൂവകപ്പുമായി ബന്ധപ്പെട്ട് തിരൂർ മണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി, പ്ലാൻ സ്കീം എന്നിവയിലുൾപ്പെടുത്തി തിരൂർ മണ്ഡലത്തിലെ യഥാക്രമം തിരൂർ, വളവന്നൂർ വില്ലേജ് ഓഫീസുകൾക്ക് സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം നിർവ്വഹിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ആർ.ഡി.ഒ. ക്വാർട്ടേഴ്സിൽ പ്രോപ്പർട്ടി റൂം നിർമ്മിക്കുന്നതിലേയ്ക്കും ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

## വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ്

321(1533) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതിയുടെ ഭാഗമായി റവന്യൂ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; സ്ഥലം ഏറ്റെടുക്കുന്നതിന് ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വിശദമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള 77.7 കി.മീ. ദൂരം ദേശീയപാത-866-നവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി 28-10-2022-ൽ 3 എ വിജ്ഞാപനം എസ്.ഒ. 5565 ആയി കേന്ദ്ര ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും 11 വില്ലേജുകളിലെ 100 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 3(ഡി) വിജ്ഞാപനം പ്രസിദ്ധീകരിച്ച് അവാർഡ് എൻക്വയറി നടത്തി രേഖകൾ ഭൂവുടമകളിൽനിന്നും വാങ്ങി സ്പെഷ്യൽ തഹസിൽദാർ ആഫീസിൽ സൂക്ഷിച്ചിട്ടുള്ളതുമാണ്.

Main Carriage Way (45 m)-ക്ക് ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുകയുടെ 50 ശതമാനം ഷെയർ ചെയ്യുക, സംസ്ഥാന ജി.എസ്.ടി.-യും റോയൽറ്റിയും ഒഴിവാക്കുക എന്നീ വ്യവസ്ഥയ്ക്ക് വിധേയമായി ഭാരത്മാല പരിയോജനയുടെ കീഴിലുൾപ്പെടുത്തിയാണ് പ്രസ്തുത പദ്ധതിക്ക് MORTH അംഗീകാരം നൽകിയിട്ടുള്ളത്.

ആകെ ഭൂമി ഏറ്റെടുക്കേണ്ട 23 വില്ലേജുകളിൽ ബാക്കിയുള്ള 12 വില്ലേജുകളുടെ 3(ഡി) ഭൂമിരാശി പോർട്ടലിൽ അപ്‌ലോഡ് ചെയ്തുവെങ്കിലും 3(ഡി) പ്രസിദ്ധീകരിച്ചിട്ടില്ലാത്തതിനാൽ 3(എ) കാലാവധി 27-10-2023-ൽ റദ്ദായി പോയിട്ടുള്ളതുമാണ്.

ദേശീയപാതാ വിഭാഗം പ്രോജക്ട് അംഗീകരിച്ച് കത്ത് നൽകിയാൽ വീണ്ടും 3(എ) വിജ്ഞാപനം ഭൂമിരാശി പോർട്ടലിൽ അപ്‌ലോഡ് ചെയ്ത് കേന്ദ്രഗസറ്റിൽ പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ സ്വീകരിച്ച് 3(സി) വിചാരണ നടത്തി വീണ്ടും 3 (ഡി) ഭൂമി രാശി പോർട്ടലിൽ അപ്‌ലോഡ് ചെയ്ത് ദേശീയപാതാ വിഭാഗം അംഗീകരിച്ച് കേന്ദ്ര ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ശേഷം 3(ജി) പ്രാദേശിക പത്രങ്ങളിൽ

പ്രസിദ്ധീകരിച്ച് ഭൂവുടമകളിൽനിന്നും അവാർഡ് തയ്യാറാക്കുന്നതിനുവേണ്ടി ഭൂമിയുടെ രേഖകൾ ലഭ്യമാക്കി അവാർഡ് പാസ്സാക്കേണ്ടതുണ്ട്. അതിനുശേഷം 3(ഇ) നോട്ടീസ് ഭൂവുടമയ്ക്ക് നൽകി ഭൂമി ഏറ്റെടുത്ത് കൈമാറുന്നതാണ്.

**അനന്തരാവകാശ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ**

322(1534) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ അനന്തരാവകാശ സർട്ടിഫിക്കറ്റിനായി നൽകിയിട്ടുള്ള അപേക്ഷകളിൽ എത്രയെണ്ണം തീരുമാനമാകാതെ കിടക്കുന്നുണ്ടെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ തീരുമാനമാകാതെ കിടക്കുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റിനായുള്ള അപേക്ഷകളുടെ താലൂക്ക് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| താലൂക്കിന്റെ പേര് | അപേക്ഷകളുടെ എണ്ണം |
|---|---|

| | |
|---|---|
| കാസർഗോഡ് | 124 |
| മഞ്ചേശ്വരം | 0 |
| ഹോസ്ദുർഗ്ഗ് | 4 |
| വെള്ളരിക്കുണ്ട് | 27 |

(ബി) പ്രസ്തുത അപേക്ഷകൾ എത്ര കാലം മുമ്പ് ലഭിച്ചതാണെന്നും തീരുമാനമാകാതെ അനന്തമായി നീളുന്നത് എന്തുകൊണ്ടാണെന്നും താലൂക്ക് തിരിച്ചും അപേക്ഷ തിരിച്ചും വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) കാലതാമസത്തിനുള്ള കാരണം അപേക്ഷകരെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

കാലതാമസത്തിനുള്ള കാരണം അപേക്ഷകരെ അറിയിച്ചിട്ടുണ്ട്. കക്ഷികൾക്ക് ഇ-ഡിസ്ട്രിക്ട് പോർട്ടൽ വഴി മെസേജ് അയയ്ക്കുന്നുണ്ട്.

(ഡി) അനന്തരാവകാശ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ ലഭിച്ച് കഴിഞ്ഞാൽ എത്ര ദിവസത്തിനകമാണ് സർട്ടിഫിക്കറ്റ് ലഭ്യമാകുകയെന്നും അതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലാൻഡ് റവന്യൂ മാന്വൽ ഖണ്ഡിക 236 (8) പ്രകാരം അനന്തരാവകാശികളെ നിർണ്ണയിക്കുന്നതിലേയ്ക്കായി അപേക്ഷ ലഭിച്ചാൽ വില്ലേജ് ഓഫീസർ വിശദമായ പ്രാദേശികാന്വേഷണം നടത്തേണ്ടതും മരണപ്പെട്ടയാളുടെ മരണത്തീയതിയിൽ പ്രായപൂർത്തിയായ രണ്ടിൽ കുറയാതെയുള്ള അയൽസാക്ഷികളിൽനിന്നും അവകാശികളെ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ചുള്ള മൊഴി ശേഖരിക്കേണ്ടതുമാണ്. അപേക്ഷകന്റെ സത്യവാങ്മൂലം, അയൽസാക്ഷി മൊഴികൾ, അപേക്ഷകൻ ഹാജരാക്കിയ രേഖകൾ എന്നിവ സാക്ഷ്യപ്പെടുത്തി വിശദമായ റിപ്പോർട്ട് സഹിതം വില്ലേജ് ഓഫീസർ തഹസിൽദാർക്ക് സമർപ്പിക്കേണ്ടതാണ്.

അപാകതയില്ലാത്ത അപേക്ഷകളിൽ 5 ദിവസത്തിനകം നടപടി പൂർത്തിയാക്കി ഗസറ്റ് നോട്ടീസ് പബ്ലിഷ് ചെയ്യാൻ ഗവൺമെന്റ് പ്രസ്സിലേയ്ക്ക് അയച്ചുകൊടുക്കുകയും ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ നിശ്ചിത കാലപരിധിയായ 30 ദിവസത്തിനകം ആക്ഷേപങ്ങൾ ഒന്നുംതന്നെ ലഭിച്ചില്ലെങ്കിൽ 15 ദിവസത്തിനകം സർട്ടിഫിക്കറ്റ് അനുവദിക്കുന്നതുമാണ്.

**ചാത്തന്നൂർ താലൂക്ക് രൂപീകരണം**

323(1535) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുന്നതിനുള്ള നടപടികളിലെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) താലൂക്കുകളുടെയും വില്ലേജുകളുടെയും അതിർത്തി പുനർനിർണ്ണയിച്ച് പുതിയ വില്ലേജുകളും താലൂക്കുകളും രൂപീകരിക്കുന്നതിനായി റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ച സമിതി പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്തെന്ന് അറിയിക്കാമോ?

(എ & ബി) സംസ്ഥാനത്തെ താലൂക്കുകളുടെ വ്യാപ്തിയും വിസ്തൃതിയും ജനസംഖ്യയും കണക്കിലെടുക്കുമ്പോൾ താലൂക്കുകൾ തമ്മിൽ വലിയ അന്തരം ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ ചാത്തന്നൂർ ഉൾപ്പെടെയുള്ള

താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ സർക്കാർ നിയോഗിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ടീം റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള അടിയന്തര തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

അതിനുപുറമെ, സംസ്ഥാനത്തിന്റെ വിവിധ കോണുകളിൽനിന്നും പുതിയ താലൂക്ക്/വില്ലേജ് രൂപീകരണം/വിഭജനം ഉൾപ്പെടെ പുതിയ അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റുകൾ രൂപീകരിക്കുന്നതിനുള്ള നിരവധി അപേക്ഷകൾ സർക്കാരിൽ ലഭ്യമായി വരുന്നുണ്ട്. സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി അത്തരം ചെലവുകൾ വഹിക്കാൻ പര്യാപ്തമാകുമ്പോൾ മാത്രമേ ആയവ പരിഗണിക്കാൻ കഴിയുകയുള്ളൂ.

**റവന്യൂ ഭവൻ നിർമ്മാണ കരാർ**

324(1536) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ ആസ്ഥാന മന്ദിരമായ റവന്യൂ ഭവൻ നിർമ്മാണത്തിന് കരാർ നൽകിയിട്ടുള്ള സ്ഥാപനം ഏതാണ്; വിശദാംശം നൽകുമോ?

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റി എന്ന സ്ഥാപനത്തിനാണ് റവന്യൂ വകുപ്പിന്റെ ആസ്ഥാന മന്ദിരമായ റവന്യൂ ഭവൻ നിർമ്മാണത്തിന് കരാർ നൽകിയിട്ടുള്ളത്.

(ബി) പ്രസ്തുത പ്രോജക്ടിന്റെ ഡി.പി.ആർ. പരിശോധിക്കേണ്ട സാങ്കേതിക സമിതിയുടെ കൺവീനറായി കരാർ കമ്പനിയായ യു.എൽ.സി.സി.എസ്.-ന്റെ അസിസ്റ്റന്റ് മാനേജരെത്തന്നെ നിയോഗിച്ചത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തീരുമാനം അടിയന്തരമായി മരവിപ്പിക്കുമോ; വ്യക്തമാക്കുമോ?

പബ്ലിക് വർക്സിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട 28-04-2021-ലെ സ.ഉ(അച്ചടി)നം.67/2021/ധന നമ്പർ പ്രകാരമുള്ള സർക്കാർ ഉത്തരവിലെ ഖണ്ഡിക 9.3-ൽ അനുശാസിക്കും പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണ് പ്രസ്തുത പ്രോജക്ടിന്റെ ഡി.പി.ആർ. പരിശോധിക്കേണ്ട

സാങ്കേതിക സമിതിയുടെ കൺവീനറായി കരാർ ഏജൻസിയായ യു.എൽ.സി.സി.എസ്.-ന്റെ അസിസ്റ്റന്റ് മാനേജരെ നിയോഗിച്ചിട്ടുള്ളത്. ആയതിനാൽ പ്രസ്തുത തീരുമാനം മരവിപ്പിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**ഭൂമി തരംമാറ്റം**

325(1537) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് നിലവിൽ തീർപ്പ് കൽപ്പിക്കാനുള്ള അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് 26-01-2024 വരെ തീർപ്പ് കൽപ്പിക്കാനുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുള്ളതാണ് +.

(ബി) ഭൂമി തരംമാറ്റുവാനുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൂമി തരംമാറ്റ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് പുറപ്പെടുവിച്ച 22-02-2022-ലെ സ.ഉ.(കൈ) നം.56/2022/RD ഉത്തരവ് പ്രകാരം, ജൂനിയർ സൂപ്രണ്ടുമാരെ സെലക്ട് ലിസ്റ്റിൽനിന്നും താൽക്കാലികമായി ഉദ്യോഗക്കയറ്റം നൽകിയും ക്ലാർക്ക്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ, എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചുകൊണ്ടും 990 താൽക്കാലിക തസ്തികകൾ 6 മാസത്തേയ്ക്ക് സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ശേഷിക്കുന്ന അപേക്ഷകൾകൂടി സമയബന്ധിതമായി തീർപ്പാക്കുന്നതിനായി, ഇപ്രകാരം നിയമിച്ച താൽക്കാലിക ജീവനക്കാരുടെയും അനുവദിച്ച അനുബന്ധ സൗകര്യങ്ങളുടെയും കാലാവധി 179 ദിവസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് 26-11-2022-ലെ സ.ഉ.(കൈ) നം.278/2022/RD പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ പ്രകാരം, ഭൂമി തരംമാറ്റ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഐ.റ്റി. അനുബന്ധ സൗകര്യങ്ങളും ഫീൽഡ് പരിശോധനയ്ക്കായി ആവശ്യമായ വാഹനങ്ങളും അനുവദിച്ചിട്ടുണ്ട്.

അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസിജ്യുവർ (SOP) തയ്യാറാക്കി നൽകിയിട്ടുള്ളതാണ്.

01-09-2023-ലെ സ.ഉ.(കൈ)നം.206/2023/RD ഉത്തരവിന്റെ അടിസ്ഥാനത്തിൽ, അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി, രണ്ട് വർഷത്തേയ്ക്ക് താൽക്കാലിക തസ്തികകൾ സൃഷ്ടിച്ച് 68 ജൂനിയർ സൂപ്രണ്ടുമാരെ സ്ഥാനകയറ്റത്തിലൂടെയും 181 ക്ലാർക്കുമാരെ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയും നിയമിച്ചിട്ടുണ്ട്. കൂടാതെ, 123 സർവ്വേയർമാരുടെ താൽക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമച്ചിട്ടുണ്ട്. ഫീൽഡ് പരിശോധനയ്ക്കായി 220 വാഹനങ്ങൾ വാടകയ്ക്ക് ഒരു വർഷത്തേയ്ക്ക് അനുവദിച്ചിട്ടുണ്ട്.

കൂടാതെ, 21-04-2021-ലെ SRO 369/2021 പ്രകാരം സൗജന്യ തരം മാറ്റത്തിനർഹതയുള്ള 25 സെന്റ് വരെ വിസ്തീർണ്ണമുള്ളതും സൗജന്യ തരം

മാറ്റത്തിനർഹതയുള്ളതുമായ ഭൂമി തരംമാറ്റ അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനായി, അദാലത്തുകൾ നടത്തിവരുന്നുണ്ട്.

മേൽ പ്രകാരമുള്ള ക്രമീകരണങ്ങളിലൂടെ ഭൂമി തരംമാറ്റത്തിനായി, 26-01-2024 വരെ സംസ്ഥാനത്താകെ ലഭിച്ച ഓഫ് ലൈൻ അപേക്ഷകളിൽ 98 ശതമാനത്തിലധികവും ഓൺലൈൻ അപേക്ഷകളിൽ 34 ശതമാനത്തോളവും അപേക്ഷകൾ തീർപ്പാക്കാൻ സാധിച്ചിട്ടുള്ളതാണ്. കൂടാതെ, മന്ത്രി/ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/ലാൻഡ് റവന്യൂ കമ്മീഷണർ തലത്തിൽ കൃത്യമായ ഇടവേളകളിൽ യോഗം നടത്തി, അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി അവലോകനം ചെയ്യുകയും അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലെ ബുദ്ധിമുട്ടുകൾ ചർച്ച ചെയ്ത്, തീർപ്പാക്കൽ വേഗത്തിലാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകി വരികയും ചെയ്യുന്നുണ്ട്.

മാത്രമല്ല, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർണ്ണയിച്ചിട്ടുള്ളതും അപ്രകാരം അവരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമായ

അധികാരങ്ങൾ വിനിയോഗിക്കുന്നതിന്, സംസ്ഥാനത്തെ ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്കുകൂടി അധികാരം നൽകി, അവരെയും അപേക്ഷകൾ തീർപ്പാക്കുന്നതിനായി നിയോഗിക്കുന്നതിന് അധികാരപ്പെടുത്തുന്ന 2023-ലെ കേരള നെൽവയൽ തണ്ണീർത്തട (ഭേദഗതി) ബിൽ ബഹുമാനപ്പെട്ട നിയമസഭ പാസ്സാക്കിയിട്ടുള്ളതും ആയത് ബഹുമാനപ്പെട്ട ഗവർണറുടെ അംഗീകാരത്തിനായി നൽകിയിട്ടുള്ളതുമാണ്.

**ഭൂമി തരംമാറ്റ അദാലത്ത്**

326(1538) ശ്രീ ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമപരമായി ഭൂമി തരംമാറ്റം ചെയ്യുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും റവന്യൂ രേഖകളിൽ നിലമെന്ന് രേഖപ്പെടുത്തിയതുമായ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി തരം

മാറ്റുന്നതിനായി, റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ആയതിനായി, 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള വിവിധ ഫോറങ്ങളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

50 സെന്റ് വരെ വിസ്തൃതിയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റുന്നതിന് ഫോറം 6-ലും അതിനുമുകളിൽ വിസ്തൃതിയുള്ള ഭൂമി തരം മാറ്റുന്നതിന് ഫോറം 7-ലും 1967 ജൂലൈ 4-നുമുമ്പ് നികത്തിയതോ നികന്നതോ ആയ ഭൂമിയുടെ തരം മാറ്റത്തിനായി ഫോറം 9-ലും ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കണം. തുടർന്ന്, ആർ.ഡി.ഒ., വില്ലേജ് ഓഫീസർ/കൃഷി ഓഫീസർ മുഖാന്തരം അന്വേഷണം നടത്തിയും ആവശ്യമെങ്കിൽ നേരിട്ട് സ്ഥല പരിശോധന നടത്തിയും കെ.എസ്.ആർ.ഇ.സി.-യുടെ റിപ്പോർട്ട് ലഭ്യമാക്കിയും ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നു. ശേഷം, തഹസിൽദാർ സബ് ഡിവിഷൻ നടപടി പൂർത്തീകരിച്ച്, റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നു.

അപേക്ഷകളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിനായി പുറപ്പെടുവിച്ച 01-09-2023-ലെ സ.ഉ.(കൈ) നം.206/2023/RD ഉത്തരവിന്റെ അടിസ്ഥാനത്തിൽ, രണ്ട് വർഷത്തേയ്ക്ക് താൽക്കാലിക തസ്തികകൾ സൃഷ്ടിച്ച് 68 ജൂനിയർ സൂപ്രണ്ടുമാരെ സ്ഥാനകയറ്റത്തിലൂടെയും 181 ക്ലാർക്കുമാരെ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയും നിയമിച്ചിട്ടുണ്ട്. കൂടാതെ 123 സർവ്വേയർമാരുടെ താൽക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഫീൽഡ് പരിശോധനയ്ക്കായി 220 വാഹനങ്ങൾ വാടകയ്ക്ക് ഒരു വർഷത്തേയ്ക്ക് അനുവദിച്ചിട്ടുണ്ട്.

കൂടാതെ, അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നത് ലളിതമാക്കുന്നതിനും എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസുകളിലും ഏകീകൃതമായ രീതിയിൽ ഭൂമി തരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനും സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യുവർ തയ്യാറാക്കി നൽകിയിട്ടുള്ളതാണ്. റവന്യൂ ഡിവിഷണൽ ഓഫീസർമാർ ഭൂമിയുടെ സ്വഭാവ വ്യതിയാനം

അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്ന കേസുകളിൽ ടി നിയമത്തിലെ 27 (സി) വകുപ്പുപ്രകാരം, ഭൂരേഖകളിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ ലളിതമാക്കുകയും എല്ലാ താലൂക്ക് ഓഫീസുകളിലും ഏകീകൃതമായ രീതിയിൽ ഇത് കൈകാര്യം ചെയ്യുകയെന്ന ലക്ഷ്യത്തോടെയും നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് അനുസൃതമായി, പ്രത്യേക സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യുവറും പുറപ്പെടുവിച്ചിട്ടുള്ളതാണ്.

മാത്രമല്ല, സബ് ഡിവിഷൻ ആവശ്യമില്ലാത്ത കേസുകളിൽ, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസറുടെ നടപടിക്രമം, തഹസിൽദാർ എൻഡോഴ്സ് ചെയ്ത്, വില്ലേജ് ഓഫീസർക്ക് 48 മണിക്കൂറിനകം നൽകി, റവന്യൂ രേഖകളിൽ തരംമാറ്റം വരുത്തേണ്ടതാണെന്ന് 05-08-2023-ലെ സ.ഉ.(സാധാ)നം.2886/2023/ആർ.ഡി. പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

കൂടാതെ, 21-04-2021-ലെ SRO 369/2021 പ്രകാരം സൗജന്യ തരം മാറ്റത്തിനർഹതയുള്ള 25 സെന്റ് വരെ വിസ്തീർണ്ണമുള്ള ഭൂമി തരംമാറ്റ

അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനായി, ജില്ലാതല അദാലത്തുകൾ നടത്തിവരുന്നുണ്ട്.

മന്ത്രി/ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/ലാൻഡ് റവന്യൂ കമ്മീഷണർ തലത്തിൽ കൃത്യമായ ഇടവേളകളിൽ യോഗം നടത്തി, അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി അവലോകനം ചെയ്യുകയും അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലെ ബുദ്ധിമുട്ടുകൾ ചർച്ച ചെയ്ത്, തീർപ്പാക്കൽ വേഗത്തിലാക്കാൻ ആവശ്യമായ നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകി വരികയും ചെയ്യുന്നുണ്ട്.

**(ബി) അർഹരായ ജനങ്ങൾക്ക് അവരുടെ ജീവിതാവശ്യങ്ങൾക്കുവേണ്ടി നിയമപരമായി ഭൂമി തരംമാറ്റുന്നതിനായി അദാലത്തുകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?**

21-04-2021-ലെ SRO 369/2021 പ്രകാരം സൗജന്യ തരം മാറ്റത്തിനർഹതയുള്ളതും 25 സെന്റുവരെ വിസ്തീർണ്ണമുള്ളതുമായ ഭൂമി തരംമാറ്റ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി, ജില്ലകൾ തോറും റവന്യൂ ഡിവിഷൻതല അദാലത്തുകൾ നടത്തിവരുന്നുണ്ട്. ആയതിന്റെ

സംസ്ഥാനതല ഉദ്ഘാടനം ജനുവരി 15-ന് മാനന്തവാടിയിൽ നടന്നിരുന്നു. ഫെബ്രുവരി 17-ന് അദാലത്തുകൾ കഴിയുന്നതാണ്.

പ്രസ്തുത അദാലത്തുകളുടെ നടത്തിപ്പ് സംബന്ധിച്ച് ജില്ലാ കളക്ടർമാർ, റവന്യൂ ഡിവിഷണൽ ഓഫീസർമാർ, തഹസിൽദാർമാർ, വില്ലേജ് ഓഫീസർമാർ എന്നിവർക്ക് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അദാലത്തുകളിൽ ഭൂമി തരംമാറ്റം ചെയ്യുന്നതിന് പ്രത്യേക ഫീസ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) ഭൂമി തരംമാറ്റുന്നതിനായി നിലവിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ അദാലത്തിൽ പരിഗണിക്കുന്നതിനുവേണ്ടി പ്രത്യേകം അപേക്ഷ നൽകേണ്ടതുണ്ടോ; അപേക്ഷ പരിഗണിക്കുന്ന വിവരം അപേക്ഷകനെ അറിയിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഇ) വീടുവയ്ക്കുന്നതിനും ചെറുകിട വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ നടത്തുന്നതിനും ഉപജീവനം നടത്തുന്നതിനും വേണ്ടിയുള്ള അപേക്ഷകൾക്ക് അദാലത്തിൽ പ്രത്യേക പരിഗണനന നൽകുമോ; വിശദീകരിക്കുമോ ?

(സി-ഇ) അദാലത്തുകളിൽ ഭൂമി തരംമാറ്റം ചെയ്യുന്നതിന് പ്രത്യേക ഫീസ് ഏർപ്പെടുത്തിയിട്ടില്ല. അദാലത്തുകളിൽ പരിഗണിക്കുന്നതിനുവേണ്ടി പ്രത്യേകം അപേക്ഷ നൽകേണ്ടതില്ല. 31-12-2023 വരെ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ലഭിച്ച, 21-04-2021-ലെ SRO 369/2021 പ്രകാരം സൗജന്യ തരംമാറ്റത്തിനർഹതയുള്ളതും 25 സെന്റ് വരെ വിസ്തീർണ്ണമുള്ളതുമായ അപേക്ഷകളാണ് നിലവിൽ അദാലത്തിൽ പരിഗണിക്കുന്നത്. അപേക്ഷ പരിഗണിക്കുന്ന സമയത്ത് അപേക്ഷകന്റെ മൊബൈൽ ഫോണിലേയ്ക്ക് അദാലത്ത് തീയതിയും സ്ഥലവും അറിയിച്ചുകൊണ്ടുള്ള മെസ്സേജ് നൽകുന്നതാണ്.

**ബാലുശ്ശേരി മണ്ഡലത്തിലെ വില്ലേജ് സമിതികളുടെ പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തലുകൾ**

327(1539) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ജനകീയമാക്കുന്നതിനുംവേണ്ടി രൂപീകരിച്ച വില്ലേജ്

സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സംസ്ഥാനത്തെ ഭൂസംരക്ഷണ ഉപയോഗ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഈ രംഗത്തെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും പൊതുജനങ്ങളുടെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനും ലക്ഷ്യമിട്ടാണ് വില്ലേജുതല ജനകീയ സമിതികൾക്ക് സർക്കാർ രൂപം കൊടുത്തിട്ടുള്ളത്. വില്ലേജ് ഓഫീസർ കൺവീനറായ ജനകീയ സമിതിയിൽ ചുവടെ പറയുന്ന അംഗങ്ങളുണ്ടായിരിക്കും.

1. വില്ലേജ് പരിധിയിൽ വരുന്ന നിയമസഭാംഗമല്ലെങ്കിൽ അവരുടെ പ്രതിനിധി
2. വില്ലേജ് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർമാൻ/കോർപ്പറേഷൻ മേയർ

3. വില്ലേജ് ഓഫീസ് ഉൾപ്പെട്ടുവരുന്ന പ്രദേശത്തെ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് മെമ്പർ
4. വില്ലേജിന്റെ ചാർജ്ജ് ഓഫീസറായ ഡെപ്യൂട്ടി തഹസിൽദാർ
5. നിയമസഭയിൽ അംഗമുള്ള രാഷ്ട്രീയ പാർട്ടികളുടെ ഒരു പ്രതിനിധി
6. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതാ അംഗം
7. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പട്ടികജാതി/പട്ടികവർഗ്ഗ പ്രതിനിധി

വില്ലേജുതല ജനകീയ സമിതിയുടെ പ്രവർത്തനം വീക്ഷിക്കുന്നതിന് ബന്ധപ്പെട്ട ജില്ലകളിലെ ആർ.ആർ. ഡെപ്യൂട്ടി കളക്ടർമാരെ നോഡൽ ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്. വില്ലേജിന്റെ ചാർജ്ജുള്ള ഡെപ്യൂട്ടി തഹസിൽദാർമാർ സമിതി യോഗത്തിൽ പങ്കെടുക്കുന്നു. ഈ സമിതിയിൽ റവന്യൂ വകുപ്പിൽ നടപ്പാക്കിവരുന്ന പുതിയ പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുന്നു. പട്ടയ പ്രശ്നങ്ങൾ, സർക്കാർ ഭൂമി സംരക്ഷണം എന്നിവ ചർച്ച ചെയ്യുന്നതുകൂടാതെ റവന്യൂ സേവനങ്ങൾ സുതാര്യതയിലും വേഗത്തിലും ലഭിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ വിശദീകരിക്കുന്നു. വകുപ്പിലെ

ഓൺലൈൻ സേവനങ്ങൾ സംബന്ധിച്ച് അറിവ് നൽകുകയും ജനപ്രതിനിധികൾ ഉന്നയിക്കുന്ന സംശയങ്ങൾക്ക് റവന്യൂ ഉദ്യോഗസ്ഥർ മറുപടി നൽകുകയും ചെയ്തുവരുന്നു. റവന്യൂ വകുപ്പിനെ ജനകീയമാക്കുവാൻ വില്ലേജുതല ജനകീയ സമിതികളിലൂടെ സാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തുന്നു. സമിതികളുടെ പ്രവർത്തനം എല്ലാ മാസവും കമ്മീഷണറേറ്റ് തലത്തിലും സർക്കാർ തലത്തിലും വീക്ഷിച്ചുവരുന്നു.

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ വില്ലേജ് സമിതികളിൽ ഉന്നയിക്കപ്പെടുന്ന ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കാലതാമസം വന്നിട്ടുണ്ടോ; വില്ലേജ് സമിതികളിൽ ഉന്നയിക്കപ്പെട്ട ഏതെല്ലാം പ്രശ്നങ്ങളാണ് ഇനിയും പരിഹരിക്കാതെയുള്ളത്; വ്യക്തമാക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിലെ വില്ലേജ് സമിതികളിൽ ഉന്നയിക്കപ്പെടുന്ന ജനകീയ പ്രശ്നങ്ങൾക്ക് എല്ലാംത്തന്നെ ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വില്ലേജുതല ജനകീയ സമിതി സംബന്ധിച്ച് ജനങ്ങളെ യഥാവിധി ബോധവത്കരിക്കുകയും ചെയ്തിട്ടുണ്ട്.

**ബ്ലാങ്ങാട് ബീച്ചിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി**

328(1540) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ബ്ലാങ്ങാട് ബീച്ച് ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ബ്ലാങ്ങാട് ബീച്ചിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ബ്ലാങ്ങാട് ബീച്ചിൽ അൺസർവെയ്ഡ് കടൽക്കരയിൽ പുറമ്പോക്ക് ഭൂമിയും പട്ടയം ലഭിച്ച ഭൂമികളും ഒരുമിച്ച് വരുന്നതിനാൽ ചാവക്കാട് താലൂക്ക് സർവ്വേയർക്ക് ഒറ്റയ്ക്ക് സർവ്വേ നടത്തി കയ്യേറ്റ ഭൂമികൾ കണ്ടെത്താൻ പ്രയാസമായതിനാൽ ജില്ലാ സർവ്വേ സൂപ്രണ്ട് ഓഫീസിൽനിന്നും സർവ്വേയർമാരുടെ സേവനം ആവശ്യപ്പെട്ടിട്ടുള്ളതാണ്. വളരെയധികം വ്യാപ്തിയുള്ള ഭൂമി ആയതിനാലും കടൽകര പുറമ്പോക്കിന് പ്രത്യേക അതിർത്തി ഇല്ലാത്തതിനാലും സർവ്വേ നടത്തുകയെന്നത് ശ്രമകരമാണ്. ജില്ലാ സർവ്വേ സൂപ്രണ്ട് ഓഫീസിൽനിന്നും കൂടുതൽ സർവ്വേയർമാരെ

നിയോഗിച്ച് എത്രയും വേഗം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ബീച്ച് വികസനവുമായി ബന്ധപ്പെട്ട് അൺ സർവെയ്ഡ് ലാൻഡ്, പുറമ്പോക്ക് എന്നിവ തിട്ടപ്പെടുത്തി ബീച്ച് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റിക്ക് എപ്പോൾ കൈമാറാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ബീച്ച് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റിക്ക് ഭൂമി കൈമാറുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. ഭൂമി കൈമാറുന്നതിനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിച്ചശേഷം ഭൂമി കൈമാറാവുന്നതാണ്.

**കരിമ്പുകയം ചെക്ക്ഡാമിന് സമീപമുള്ള പുറമ്പോക്ക് സ്ഥലം അളന്ന് തിട്ടപ്പെടുത്തൽ**

329(1541) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി താലൂക്കിൽ ചെറുവള്ളി വില്ലേജിൽപ്പെട്ടതും കരിമ്പുകയം ചെക്ക് ഡാമിന് സമീപമുള്ള ഏകദേശം ഒന്നര കിലോമീറ്റർ

സർക്കാർ പുറമ്പോക്ക് സ്ഥലം 30-03-2017-ൽ റവന്യൂ രേഖകളിൽ മാറ്റം വരുത്തി പാലാക്കുന്നേൽ എസ്റ്റേറ്റിന്റെ പേരിൽ തണ്ടപ്പേർ പിടിച്ചിട്ടുണ്ടോ; പ്രസ്തുത തിരുത്തൽ ഏതടിസ്ഥാനത്തിലാണെന്ന് അറിയിക്കുമോ?

ചെറുവള്ളി വില്ലേജിൽ ബ്ലോക്ക് നമ്പർ 18-ൽ തണ്ടപ്പേർ 7348 മുതൽ ക്രമമായി 7358 വരെ തണ്ടപ്പേർ പിടിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കാഞ്ഞിരപ്പള്ളി മുൻസിഫ് കോടതിയിലെ ഒ.എസ്. കേസുകളിലെ വിധിയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത തിരുത്തൽ വരുത്തിയിട്ടുള്ളത്.

(ബി) കാഞ്ഞിരപ്പള്ളി തഹസിൽദാരെ കോടതിയിൽ വിളിച്ചുവരുത്തി സർക്കാർ രേഖയിൽ തിരുത്തൽ വരുത്തുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ?

ഉണ്ട്. വാദികൾ ബഹുമാനപ്പെട്ട കാഞ്ഞിരപ്പള്ളി മുൻസിഫ് കോടതിയിൽ വിവിധ നമ്പരുകളിലായി വിധി നടത്തിപ്പിനായുള്ള കേസുകൾ ഫയൽ ചെയ്യുകയും ടി കേസുകളിൽ വിധി പ്രകാരമുള്ള വസ്തുക്കൾ ബഹുമാനപ്പെട്ട കോടതിവാദികൾക്ക് കൈമാറുകയുമുണ്ടായി. 31-03-2017-ൽ ബഹുമാനപ്പെട്ട കാഞ്ഞിരപ്പള്ളി മുൻസിഫ് കോടതിയിൽ കാഞ്ഞിരപ്പള്ളി അഡീഷണൽ തഹസിൽദാരെ വിളിച്ചുവരുത്തുകയും രേഖകളിൽ മാറ്റം

വരുത്തുന്നതിന് ആജ്ഞാപിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ അന്നേ ദിവസം കോടതി മുറിയിൽവച്ചുതന്നെ തണ്ടപ്പേർ നമ്പർ 7348 മുതൽ 7358 വരെയുള്ള നമ്പരുകളിൽ വാദികളുടെ പേരിൽ തണ്ടപ്പേർ പിടിച്ച് ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ബഹുമാനപ്പെട്ട കാഞ്ഞിരപ്പള്ളി മുൻസിഫ് കോടതിയിൽ ഹാജരാക്കി.

(സി) പ്രസ്തുത ഭൂമിയുടെ അളവ് എത്രയുണ്ടെന്ന് അറിയിക്കുമോ?

02.1793 ഹെക്ടർ.

(ഡി) ഇങ്ങനെ തണ്ടപ്പേരിൽ ചേർത്ത ഭൂമിയിൽ മണിമലയാറുംകൂടി ഉൾപ്പെട്ടിട്ടുണ്ടെന്ന ഗുരുതര സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഭൂമിക്കും സ്വകാര്യവ്യക്തിയുടെ ഭൂമിക്കുമിടയിൽ ഇനിയും റവന്യൂ പുറമ്പോക്ക് ബാക്കിയുള്ളത് പരിശോധിക്കാമോ; അതിന്റെ അളവ് എത്രയെന്ന് അറിയിക്കുമോ?

മണിമലയാറിന്റെ നീരൊഴുക്കില്ലാത്ത ഭാഗം കോടതി ഉത്തരവുപ്രകാരം തണ്ടപ്പേരിൽ ചേർത്ത ഭൂമിയിൽ ഉൾപ്പെട്ടുവരുന്നുണ്ട്. ഈ ഭൂമിക്കും സ്വകാര്യ വ്യക്തിയുടെ ഭൂമിക്കുമിടയിൽ റവന്യൂ പുറമ്പോക്ക് ഇല്ലാത്തതാണ്.

(ഇ) ഇതുസംബന്ധിച്ച കോട്ടയം കളക്ടറേറ്റിലെ ഇ 1/49298/11 എന്ന ഫയൽ മുഖേന പ്രസ്തുത കേസിൽ മേൽക്കോടതിയിൽ അപ്പീൽ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അപ്പീൽ പോകുന്നതിന് നടപടി ത്വരിതപ്പെടുത്തുമോ?

ബഹുമാനപ്പെട്ട കാഞ്ഞിരപ്പള്ളി മുൻസിഫ് കോടതി വിധിക്കെതിരെ അസിസ്റ്റന്റ് ഡയറക്ടർ, റീസർവ്വെ, കോട്ടയം ബഹുമാനപ്പെട്ട പാല സബ് കോടതിയിൽ എ.എസ്.78/2015 മുതൽ 89/2015 വരെ നമ്പരുകളിലായി അപ്പീലുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(എഫ്) സർക്കാർ ഭൂമിയുടെ സംരക്ഷണത്തിനുള്ള നിയമത്തിന് വിരുദ്ധമായ ഈ നടപടികൾ സംബന്ധിച്ച് റവന്യൂ, ഇന്റലിജൻസ് സഹിതമുള്ള ഏജൻസികളുടെ സമഗ്രമായ അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ?

അന്വേഷണ ഏജൻസികളുടെ സമഗ്രമായ അന്വേഷണം ശിപാർശ ചെയ്യുന്നതിന് ആക്ഷേപമില്ലാത്തതാണ്.

(ജി) എത്രയും വേഗം കാഞ്ഞിരപ്പള്ളി അഡീഷണൽ തഹസിൽദാറുടെ 30-03-2017-ലെ ഡി3/6115/10 നമ്പർ നടപടി ഉത്തരവ് റദ്ദ് ചെയ്ത് സർക്കാർ ഭൂമി തിരികെപ്പിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ബഹുമാനപ്പെട്ട കോടതി ആജ്ഞ പുറപ്പെടുവിച്ച് നടത്തുന്ന കൈചീട്ട് നൽകി വസ്തു ഏറ്റെടുത്ത് വാദിക്ക് കൈമാറിയിട്ടുള്ള സാഹചര്യത്തിൽ മേൽ കോടതി ഉത്തരവിലൂടെ മാത്രമെ കാഞ്ഞിരപ്പള്ളി അഡീഷണൽ തഹസിൽദാരുടെ 30-03-2017-ലെ ഡി3-6115/2010 നമ്പർ നടപടി ഉത്തരവ് റദ്ദ് ചെയ്യാൻ സാധിക്കുകയുള്ളൂ.

**ആദിവാസികൾക്ക് പതിച്ചു നൽകിയ റവന്യൂ ഭൂമി**

330(1542) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി കോട്ടത്തറയിൽ ആദിവാസികൾക്ക് പതിച്ചുനൽകിയ റവന്യൂ ഭൂമി വ്യാജ ആധാരം നിർമ്മിച്ച് വ്യാപകമായി കയ്യേറിയതായുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഏക്കർ റവന്യൂ ഭൂമിയാണ് ഇപ്രകാരം കയ്യേറിയിട്ടുള്ളത്; ഏതൊക്കെ സർവ്വെ നമ്പർ പ്രകാരമുള്ള ഭൂമിയാണ് കയ്യേറിയിട്ടുള്ളത്;

(ബി) പ്രസ്തുത ഭൂമി തിരിച്ചുപിടിക്കുന്നതിനായി റവന്യൂ വകുപ്പ് നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(സി) ഈ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ പങ്കാളിത്തം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണ്;

(ഡി) പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു; ഇല്ലെങ്കിൽ ഈ വിഷയത്തിൽ അന്വേഷണം നടത്താൻ തയ്യാറാകുമോ; ഭൂമി തിരിച്ചുപിടിച്ച് ആദിവാസികളുടെ ഉടമസ്ഥതയിൽ തിരികെ നൽകുവാനുള്ള തുടർനടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

(എ-ഡി) അട്ടപ്പാടിയിലെ ആദിവാസി ഭൂമി കയ്യേറ്റം സംബന്ധിച്ച് ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അഗളി, കോട്ടത്തറ, ഷോളയാർ വില്ലേജുകളിൽ 1999-ലെ കേരള പട്ടിക വർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും ആക്ടിന് വിരുദ്ധമായി മെസ്സേഴ്സ് സാർജന്റ് കമ്പനി ഭൂമി ആർജ്ജിച്ചതിനെതിരെ 2010-ൽ ഒറ്റപ്പാലം സബ്കളക്ടർ നടപടി

ആരംഭിച്ചിരുന്നു. ഇതല്ലാതെയും അനധികൃത ഭൂമി കൈമാറ്റം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കോടതി ഇടപെടൽമൂലം നടപടികൾക്ക് തടസ്സം നേരിട്ടിരുന്നു. പിന്നീട് ഭൂമി കണ്ടെത്താനായി സർവ്വേ നടപടികൾ ആരംഭിച്ചുവെങ്കിലും ഭാഗികമായി മാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. മേൽപറഞ്ഞ 3 വില്ലേജുകളിലേയും ഭൂമി സർവ്വേ ചെയ്ത് കൈവശം തിട്ടപ്പെടുത്തിയാൽ മാത്രമേ നിജസ്ഥിതി കണ്ടെത്താൻ കഴിയൂ.

അട്ടപ്പാടിയിലെ ആദിവാസികളുടെ ഭൂമിയിലെ അനധികൃത കയ്യേറ്റം സംബന്ധിച്ച വിഷയം 24-01-2024-ന് റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ നൂറാമത് റവന്യൂ സെക്രട്ടേറിയറ്റ് യോഗത്തിൽ ചർച്ച ചെയ്യുകയും ഈ വിഷയത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കാനും റവന്യൂ, സർവ്വെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ലാൻഡ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ, സർവ്വേയും ഭൂരേഖയും വകുപ്പ് ഡയറക്ടർ, പാലക്കാട് ജില്ലാ കളക്ടർ എന്നിവർ അടിയന്തരമായി യോഗം ചേർന്ന് പ്രാഥമിക നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും കോട്ടത്തറ, അഗളി, ഷോളയാർ വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വെ ഉടൻ

ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാനും റവന്യൂ സെക്രട്ടറിയേറ്റിൽ തീരുമാനിച്ചിട്ടുണ്ട്.

കയ്യേറ്റം സ്ഥിരീകരിച്ചതിനുശേഷംമാത്രമേ ഉദ്യോഗസ്ഥർക്ക് പങ്കുണ്ടോയെന്ന കാര്യം പരിശോധിക്കാൻ കഴിയുകയുള്ളൂ. ആക്ഷേപത്തിൽ നിജസ്ഥിതി പരിശോധിക്കുന്നതിലേയ്ക്കായി കോട്ടത്തറയിലെ 1819, 1275 എന്നീ റീസർവ്വേ നമ്പരുകളിലെ ഭൂമി കയ്യേറ്റം സംബന്ധിച്ച ആധാരങ്ങളുടെ പകർപ്പ് ലഭ്യമാക്കാൻ അഗളി SRO-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആദിവാസി ഭൂമി-മിച്ചഭൂമി കയ്യേറ്റം നടന്നിട്ടുണ്ടെന്ന് കാണുന്നപക്ഷം പ്രസ്തുത ഭൂമി തിരിച്ചു പിടിച്ച് 1999-ലെ കെ.എസ്.റ്റി. ആക്ട് പ്രകാരം തുടർ നടപടികൾ സ്വീകരിച്ച് ഭൂമി തിരിച്ചെടുത്ത് നൽകാനുള്ള നടപടി സ്വീകരിക്കും. നിയമവിരുദ്ധമായി ആദിവാസി ഭൂമി കയ്യേറിയിട്ടുണ്ടോ എന്നറിയുന്നതിന് ആദ്യപടിയായി ഭൂമി സർവ്വെ ചെയ്യേണ്ടതുണ്ട് എന്നതിനാലാണ് ഈ വില്ലേജുകളിൽ ഡിജിറ്റൽ സർവ്വെ ആരംഭിക്കുന്നത്. വിശദമായ പരിശോധനയ്ക്കുശേഷം കർശന നടപടി സ്വീകരിക്കും.

**ആദിവാസികൾക്ക് പതിച്ച് നൽകിയ ഭൂമിയിലെ കയ്യേറ്റം**

331(1543) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ആദിവാസികൾക്ക് പതിച്ചുനൽകിയ ഭൂമിയിൽ വ്യാപകമായി കയ്യേറ്റം നടക്കുന്നതായ പരാതി പരിശോധിച്ചിട്ടുണ്ടോ;

(ബി) അട്ടപ്പാടിയിലെ രജിസ്ട്രാർ ഓഫീസ്, റവന്യൂ ഓഫീസുകൾ, ലാൻഡ് ട്രൈബ്യൂണൽ, ആധാരം എഴുത്ത് ഓഫീസുകൾ എന്നിവ കേന്ദ്രീകരിച്ച് നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇത്തരം പ്രവർത്തനങ്ങൾ ആവർത്തിക്കാതിരിക്കാനും ആദിവാസികളുടെ ഭൂമി തിരിച്ച് പിടിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(എ-സി) അട്ടപ്പാടിയിലെ ആദിവാസി ഭൂമി കയ്യേറ്റം സംബന്ധിച്ച് ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അഗളി, കോട്ടത്തറ, ഷോളയാർ വില്ലേജുകളിൽ 1999-ലെ കേരള പട്ടിക വർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും

പുനരവകാശ സ്ഥാപനവും ആക്ടിന് വിരുദ്ധമായി മെസ്സേസ് സാർജന്റ് കമ്പനി ഭൂമി ആർജ്ജിച്ചതിനെതിരെ 2010-ൽ ഒറ്റപ്പാലം സബ്കളക്ടർ നടപടി ആരംഭിച്ചിരുന്നു. ഇതല്ലാതെയും അനധികൃത ഭൂമി കൈമാറ്റം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കോടതി ഇടപെടൽമൂലം നടപടികൾക്ക് തടസ്സം നേരിട്ടിരുന്നു. പിന്നീട് ഭൂമി കണ്ടെത്താനായി സർവ്വെ നടപടികൾ ആരംഭിച്ചുവെങ്കിലും ഭാഗികമായി മാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. മേൽപ്പറഞ്ഞ 3 വില്ലേജുകളിലേയും ഭൂമി സർവ്വേ ചെയ്ത് കൈവശം തിട്ടപ്പെടുത്തിയാൽ മാത്രമെ നിജസ്ഥിതി കണ്ടെത്താൻ കഴിയൂ.

അട്ടപ്പാടിയിലെ ആദിവാസികളുടെ ഭൂമിയിലെ അനധികൃത കയ്യേറ്റം സംബന്ധിച്ച വിഷയം 24-01-2024-ന് റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ നൂറാമത് റവന്യൂ സെക്രട്ടേറിയറ്റ് യോഗത്തിൽ ചർച്ച ചെയ്യുകയും ഈ വിഷയത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കാനും റവന്യൂ, സർവ്വെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ലാൻഡ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ, സർവ്വേയും ഭൂരേഖയും വകുപ്പ് ഡയറക്ടർ, പാലക്കാട് ജില്ലാ കളക്ടർ എന്നിവർ അടിയന്തരമായി

യോഗം ചേർന്ന് പ്രാഥമിക നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും കോട്ടത്തറ, അഗളി, ഷോളയാർ വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വേ ഉടൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാനും റവന്യൂ സെക്രട്ടറിയേറ്റിൽ തീരുമാനിച്ചിട്ടുണ്ട്.

കയ്യേറ്റം സ്ഥിരീകരിച്ചതിനുശേഷം മാത്രമേ ഉദ്യോഗസ്ഥർക്ക് പങ്കുണ്ടോയെന്ന കാര്യം പരിശോധിക്കാൻ കഴിയുകയുള്ളൂ. ആക്ഷേപത്തിൽ നിജസ്ഥിതി പരിശോധിക്കുന്നതിലേയ്ക്കായി കോട്ടത്തറയിലെ 1819, 1275 എന്നീ റീസർവ്വെ നമ്പരുകളിലെ ഭൂമി കയ്യേറ്റം സംബന്ധിച്ച ആധാരങ്ങളുടെ പകർപ്പ് ലഭ്യമാക്കാൻ അഗളി SRO-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആദിവാസി ഭൂമി-മിച്ചഭൂമി കയ്യേറ്റം നടന്നിട്ടുണ്ടെന്ന് കാണുന്നപക്ഷം പ്രസ്തുത ഭൂമി തിരിച്ചുപ്പിടിച്ച് 1999-ലെ കെ.എസ്.റ്റി. ആക്ട് പ്രകാരം തുടർനടപടികൾ സ്വീകരിച്ച് ഭൂമി തിരിച്ചെടുത്ത് നൽകാനുള്ള നടപടി സ്വീകരിക്കും. നിയമവിരുദ്ധമായി ആദിവാസി ഭൂമി കയ്യേറിയിട്ടുണ്ടോ എന്നറിയുന്നതിന് ആദ്യപടിയായി ഭൂമി സർവ്വേ ചെയ്യേണ്ടതുണ്ടെന്നതിനാലാണ് ഈ

വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ ആരംഭിക്കുന്നത്. വിശദമായ പരിശോധനയ്ക്കുശേഷം കർശന നടപടി സ്വീകരിക്കും.

**പട്ടയ വിതരണം**

332(1544) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ കൈവശ ഭൂമിയിൽ ഉടമസ്ഥത, പാട്ടം തുടങ്ങിയ അവകാശങ്ങൾക്ക് രേഖകൾ ഇല്ലാതെ ആർക്കും ഇനിയൊരു ഉത്തരവ് വരെ പട്ടയം നൽകരുതെന്ന ഹൈക്കോടതി നിർദ്ദേശം സംസ്ഥാനത്താകെ പട്ടയ വിതരണത്തെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് പരിഹാരനടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

(എ & ബി) മൂന്നാർ മേഖലയിലെ കയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട് One Earth One life എന്ന സംഘടന ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)1801/2010 നമ്പർ കേസിലെ 10-01-2024-ലെ ഇടക്കാല ഉത്തരവുപ്രകാരം 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം 1964-നുമുമ്പ് ഭൂമി കൈവശത്തിലാണെന്നതിൽ രേഖകൾ

ഹാജരാക്കുന്നവർക്കല്ലാതെ മറ്റാർക്കും പട്ടയം നൽകേണ്ടതില്ലെന്നും 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറിയോട് നിർദ്ദേശിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. 1964-ലെ കേരള ഭൂമി പതിച്ചുനൽകൽ ചട്ടങ്ങൾ ബാധകമാകുന്ന പഞ്ചായത്ത് പ്രദേശങ്ങളിലെ ഭൂമി പതിവ് നടപടികൾക്കാണ് മേൽ ഉത്തരവ് ബാധകമാകുന്നത്. ഭൂമി പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിലുള്ള മറ്റ് ചട്ടങ്ങൾ പ്രകാരമുള്ള പട്ടയ നടപടികളെ ഈ ഉത്തരവ് ബാധിക്കുന്നില്ല. 1964-ലെ ചട്ടങ്ങളിലെ ചട്ടം 7(1)-ന്റെ സാധുത സംബന്ധിച്ചാണ് മേൽ ഇടക്കാല ഉത്തരവിൽ പരാമർശിച്ചിട്ടുള്ളത്. ഈ ഉത്തരവിൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളുടെ പ്രാബല്യ തീയതിക്കുശേഷമുള്ള കൈവശങ്ങൾക്ക് പട്ടയം നൽകുന്നത് ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ പാടില്ലെന്നത് വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഹൈക്കോടതി ഉത്തരവ് ഇടുക്കി ജില്ലയ്ക്കാണ് ബാധകമാക്കിയിട്ടുള്ളത്. 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത ബഹുമാനപ്പെട്ട ഹൈക്കോടതിയെ ബോധ്യപ്പെടുത്തി

പട്ടയ വിതരണ നടപടികളിലെ തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോലഴി പഞ്ചായത്തിലെ കുറ്റൂർ വില്ലേജിൽ ഭൂമി പതിച്ചു നൽകുന്നതിന് നടപടി**

333(1545) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോലഴി പഞ്ചായത്തിൽ കുറ്റൂർ വില്ലേജിലെ 12 പേർക്ക് പതിച്ച് നൽകുന്നതിനായി 28-05-2018-ലെ സ.ഉ. (എം.എസ്) നമ്പർ 204/18/റവ. ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തം ചെയ്ത ഭൂമി അർഹതപ്പെട്ടവർക്ക് പതിച്ച് കൊടുത്തിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുനർനിക്ഷിപ്തം ചെയ്ത ഭൂമി അർഹതപ്പെട്ടവർക്ക് പതിച്ച് നൽകുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കാമോ;

(സി) 28-05-2018-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 204/18/റവ. പ്രകാരം റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തം ചെയ്തിട്ടും ഭൂമി

പതിച്ച് കൊടുക്കുന്നതിന് അർഹതയുണ്ടെന്ന ഡിസ്ട്രിക്റ്റ് കളക്ടറുടെ ഡിഇടിഎസ്ആർ/9405/2022/ബി2 നമ്പർ ഫയലിൽ റിപ്പോർട്ടുണ്ടായിട്ടും പ്രസ്തുത വ്യക്തികൾക്ക് പട്ടയം നൽകുന്നതിനുള്ള സർക്കാർ തീരുമാനം വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; മേൽ റിപ്പോർട്ടിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

(എ-സി) തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്കിലെ കുറ്റൂർ വില്ലേജിലെ കോലഴി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും പുറമ്പോക്ക് വിഭാഗത്തിൽ ബി.ടി.ആർ.-ൽ പതിഞ്ഞിട്ടുള്ളതും റീസർവ്വേ നം.828/6, 7, 836/2, 3, 5, 7, 8, 9, 836/10P, 837/2, 5, 860/1-ൽപ്പെട്ടതുമായ 0.3430 ഹെക്ടർ ഭൂമി കേരള പഞ്ചായത്ത് രാജ് ആക്ട് 1997-ന്റെ 279(2) വകുപ്പുപ്രകാരം ടി ആക്ടിന്റെ പരിധിയിൽനിന്നും ഒഴിവാക്കി റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തമാക്കി 28-05-2018-ലെ സ.ഉ.(എം.എസ്.)നം.204/18/റവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ടി ഉത്തരവിന്റെ പകർപ്പ് സഹിതം നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിട്ടുള്ളതുമാണ്. (അനുബന്ധമായി ചേർത്തിരിക്കുന്നു+). ടി ഭൂമി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൈവശംവയ്ക്കുന്ന കുറ്റൂർ വില്ലേജിൽപ്പെട്ട 12 പേർ പതിവിന് അർഹരാണെന്നും മറ്റ് ഭൂമികൾ ഇല്ലാത്തവരാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ളതും പ്രസ്തുത സാഹചര്യത്തിൽ ഭൂമി പുനർനിക്ഷിപ്തമാക്കി പുറപ്പെടുവിച്ച ഉത്തരവ് നോട്ടിഫൈ ചെയ്യാനുള്ള നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്ന മുറയ്ക്ക് പട്ടയം നൽകാൻ നടപടി സ്വീകരിക്കും.

**തീരദേശവാസികൾക്ക് താമസസ്ഥലത്തിന് പട്ടയം നൽകാൻ നടപടി**

334(1546) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശവാസികളിൽ താമസസ്ഥലത്തിന് പട്ടയത്തിന് അപേക്ഷ നൽകി വർഷങ്ങളായിട്ടും പട്ടയം ലഭിക്കാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

| ക്രമ. നം. | ജില്ല | പട്ടയത്തിന് അപേക്ഷ നൽകിയിട്ടുള്ള വരുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 1961 |
| 2 | കൊല്ലം | 687 |
| 3 | ആലപ്പുഴ | 332 |
| 4 | എറണാകുളം | 48 |
| 5 | തൃശ്ശൂർ | 84 |
| 6 | മലപ്പുറം | 1091 |
| 7 | കോഴിക്കോട് | 298 |
| 8 | കണ്ണൂർ | 1 |
| 9 | കാസർഗോഡ് | 95 |

(ബി) പ്രസ്തുത അപേക്ഷകർക്ക് സമയബന്ധിതമായി പട്ടയം ലഭിക്കുന്നത് ഉറപ്പാക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ്മ പദ്ധതിയാണ് പട്ടയം മിഷൻ. വിവിധ മേഖലകളിലെ പട്ടയ അപേക്ഷകർക്ക് അടിയന്തര പ്രാധാന്യത്തോടെ പട്ടയം നൽകുന്നതിനായി 19-04-2023-ലെ സ.ഉ.(കൈ)നം.87/2023/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പട്ടയം മിഷൻ രൂപീകരിച്ചിട്ടുണ്ട്. റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാന നിരീക്ഷണ സമിതി, ലാൻഡ് റവന്യൂ കമ്മീഷണർ അദ്ധ്യക്ഷനായ സംസ്ഥാന ദൗത്യ

സംഘം, ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ ദൗത്യ സംഘം, തഹസിൽദാർ അദ്ധ്യക്ഷനായ താലൂക്ക് ദൗത്യ സംഘം, വില്ലേജ് ഓഫീസർ കൺവീനറായ വില്ലേജുതല വിവര ശേഖരണ സമിതി എന്നിവ അടങ്ങിയതാണ് പട്ടയ മിഷന്റെ ഘടന. പട്ടയ മിഷന്റെ ഭാഗമായി പട്ടയ പ്രശ്നങ്ങൾ നിയോജകമണ്ഡല അടിസ്ഥാനത്തിൽ കണ്ടെത്തി അതിനുള്ള പരിഹാരം കാണുന്നതിനാണ് പട്ടയ അസംബ്ലികൾ നടത്തിവരുന്നത്. തഹസിൽദാരിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ എല്ലാ മണ്ഡലങ്ങളുടെയും നോഡൽ ഓഫീസർമാരായി നിയമിക്കുകയും അതത് നിയോജകമണ്ഡലത്തിലെ എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജനപ്രതിനിധികളേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി പട്ടയ അസംബ്ലി കൂടാൻ ജില്ലകൾക്ക് നിർദ്ദേശം നൽകിയിരുന്നു. സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലേയും പട്ടയ അസംബ്ലികൾകൂടി പട്ടയ വിഷയങ്ങൾ ഡാഷ് ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അർഹരായ മുഴുവൻ ഭൂരഹിതർക്കും സമയബന്ധിതമായി പട്ടയ വിതരണത്തിനുള്ള തുടർനടപടികൾ താലൂക്ക്

തലത്തിൽ കൈക്കൊള്ളുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെ പുരോഗതി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ പട്ടയമിഷൻ സെൽ വിലയിരുത്തുന്നുണ്ട്.

നിയമപ്രകാരം പട്ടയം നൽകുന്നതിന് തടസ്സങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലിന്റെ (പട്ടയം ഡാഷ് ബോർഡ്) പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രിൻസിപ്പൽ സെക്രട്ടറി, ലാൻഡ് റവന്യൂ കമ്മീഷണർ എന്നിവർ പങ്കെടുത്ത പട്ടയം ഡാഷ് ബോർഡ് അദാലത്തുകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ചശേഷം ആയത് പരിഹരിക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് നൽകിവരുന്നു. അതോടൊപ്പം എല്ലാ ആഴ്ചയിലും റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്നുവരുന്ന റവന്യൂ സെക്രട്ടേറിയറ്റിൽ പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നു.

തീരദേശവാസികളുടെ പട്ടയത്തിനുകൂടി മുൻഗണന നൽകിയാണ് നിലവിലുള്ള പട്ടയമിഷൻ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്. സർവ്വെയ്ഡ് ലാൻഡിൽ താമസിക്കുന്ന തീരദേശവാസികൾക്ക് കൈവശ ഭൂമി അളന്ന് തിരിച്ച് നിയമാനുസൃത അകലം പാലിച്ച് പട്ടയം നൽകുന്നതിനുള്ള നടപടിയും അൺസർവെയ്ഡ് ലാൻഡിൽ താമസിക്കുന്നവർക്ക് പ്രസ്തുത ഭൂമി കഡാസ്ട്രൽ സർവ്വേയിൽ ഉൾപ്പെടുത്തി സർവ്വേ ചെയ്ത് പട്ടയം അനുവദിക്കാനും നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത അപേക്ഷകരിൽ എത്ര പേർക്ക് ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ പട്ടയം നൽകിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

| ക്രമ.നം. | ജില്ല | ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ പട്ടയം ലഭിച്ചവരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | പട്ടയം നൽകിയിട്ടില്ല |
| 2 | കൊല്ലം | 98 |
| 3 | ആലപ്പുഴ | പട്ടയം നൽകിയിട്ടില്ല |
| 4 | എറണാകുളം | പട്ടയം നൽകിയിട്ടില്ല |
| 5 | തൃശ്ശൂർ | 40 |
| 6 | മലപ്പുറം | 74 |
| 7 | കോഴിക്കോട് | 19 |

| | | |
|---|---|---|
| 8 | കണ്ണൂർ | പട്ടയം നൽകിയിട്ടില്ല |
| 9 | കാസർഗോഡ് | പട്ടയം നൽകിയിട്ടില്ല |

**ഹരിപ്പാട് മണ്ഡലത്തിലെ പട്ടയ വിതരണം**

335(1547) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ പഞ്ചായത്തിലെ നിരവധി മത്സ്യത്തൊഴിലാളികൾക്കും തീരദേശവാസികൾക്കും അവർ കൈവശം വച്ചിരിക്കുന്ന/അധിവസിക്കുന്ന സ്ഥലത്തിന് പട്ടയം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇവർക്ക് പട്ടയം ലഭ്യമാക്കാത്തതിനുള്ള സാങ്കേതിക തടസ്സമെന്താണെന്ന് വിശദമാക്കാമോ?

ടി സ്ഥലത്ത് താമസിക്കുന്നവരുടെ കൈവശഭൂമി കായൽ പുറമ്പോക്ക് ഇനത്തിൽപ്പെട്ടതിനാലാണ് അവ പതിച്ചു നൽകാൻ സാധിക്കാത്തത്.

(സി) ഇവർക്ക് പട്ടയം സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കേരളാ പഞ്ചായത്ത് രാജ് ആക്ട് 1994 വകുപ്പ് 218 പ്രകാരം ജലസ്രോതസ്സുകൾ, കായൽ, നദി, ആറ് മുതലായവയും അവയോട് ചേർന്നുകിടക്കുന്ന സ്വകാര്യ സ്വത്തല്ലാത്ത എല്ലാ ഭൂമിയും പഞ്ചായത്തിൽ നിക്ഷിപ്തവും 1964-ലെ കേരളാ ഭൂമി പതിവ് ചട്ടം 1 A (VI) പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായ ഭൂമി പതിച്ചു നൽകുന്നതിൽനിന്നും ഒഴിവാക്കിയിട്ടുള്ളതുമാണ്. ആറാട്ടുപുഴ വില്ലേജിൽ ആറാട്ടുപുഴ പഞ്ചായത്തിൽ വാർഡ് 6, 7, 8 എന്നിവയിൽപ്പെട്ട 11 കൈവശക്കാരുടെ വിഷയത്തിൽ, കൈവശരേഖ അനുവദിച്ചിരിക്കുന്ന ഭൂമിയിൽ താമസിക്കുന്നവർക്ക് ടി ഭൂമി കൈമാറ്റം ചെയ്യുന്നതൊഴികെ മറ്റൊന്നിനും യാതൊരു തടസ്സവുമില്ലെന്നതിനാലും ജീവന്റെ നിലനിൽപ്പിനാധാരമായ ജലസ്രോതസ്സുകളും സമീപമുള്ള പുറമ്പോക്ക് ഭൂമിയും കയ്യേറി താമസിക്കുന്നവർക്ക് പട്ടയം അനുവദിക്കുന്നത് ഇത്തരത്തിലുള്ള കയ്യേറ്റം വർദ്ധിപ്പിക്കുന്നതിനും ജലമലിനീകരണത്തിനും ജലസ്രോതസ്സുകളുടെ ശോഷണത്തിനും പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കാരണമാകുമെന്നതിനാലും ടി 11 പേർക്ക് കൈവശഭൂമിക്ക് പട്ടയം നൽകണമെന്നാവശ്യപ്പെട്ട്

നൽകിയിരുന്ന അപേക്ഷ നിരസിച്ചുകൊണ്ട് 29-12-2020-ലെ സ.ഉ.(കൈ) നം.306/2020/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ആറാട്ടുപുഴ പഞ്ചായത്തിലെ കായൽ പുറമ്പോക്ക് പതിച്ചുനൽകുന്ന വിഷയത്തിലുള്ള കേസുകൾ പട്ടയ ഡാഷ് ബോഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി കേസുകളിൽ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർക്ക് പട്ടയ ഡാഷ് ബോഡ് അദാലത്തിൽ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. പ്രൊപ്പോസലുകൾ ലഭ്യമാക്കി, അർഹരായ അപേക്ഷകർക്ക് സമയബന്ധിതമായി പട്ടയം നൽകുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**പൂഞ്ഞാർ മണ്ഡലത്തിലെ പട്ടയ വിതരണം**

336(1548) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ പട്ടയത്തിനായുള്ള എത്ര അപേക്ഷകളാണ് ഇനിയും തീർപ്പ് കൽപ്പിക്കാനുള്ളതെന്ന് വില്ലേജ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

| ക്രമ നമ്പർ | വില്ലേജ് | തീർപ്പ് കൽപ്പിക്കുവാനുള്ള അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | പൂഞ്ഞാർ തെക്കേക്കര | 37 |
| 2 | ഈരാറ്റുപേട്ട | 59 |
| 3 | തീക്കോയ് | 120 |
| 4 | എരുമേലി തെക്ക് | 2889 |
| 5 | എരുമേലി വടക്ക് | 3658 |
| 6 | കോരുത്തോട് | 1410 |
| 7 | കൂട്ടിക്കൽ | 16 |
| 8 | മുണ്ടക്കയം | 33 |
| 9 | കാഞ്ഞിരപ്പള്ളി | 5 |

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ പട്ടയവിതരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

1964-ലെ കേരള ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചുനൽകാവുന്ന അപേക്ഷകളിൽ നിയമപരമായ നടപടി പൂർത്തീകരിച്ച് പട്ടയ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും പതിച്ചുനൽകാൻ സാധിക്കാത്ത നിയമപരമായ തടസ്സങ്ങളുള്ള കേസുകളിൽ, പ്രസ്തുത കേസുകൾ ഓരോന്നും പ്രത്യേകം പ്രത്യേകം പരിശോധിച്ച് നിയമ പ്രശ്നങ്ങൾ പരിഹരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നതുമാണ്.

പൂഞ്ഞാർ തെക്കേക്കര വില്ലേജിൽ രാജീവ് ദശലക്ഷം കോളനി പട്ടയ പ്രകാരമുള്ള 37 അപേക്ഷകളിൽ 27 അപേക്ഷകളിന്മേൽ പട്ടയ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.

ഈരാറ്റുപേട്ട വില്ലേജിൽ 59 പട്ടയ അപേക്ഷകളിൽ 41 എണ്ണം പട്ടയം നൽകാൻ തയ്യാറായിട്ടുള്ളതും അവശേഷിക്കുന്ന അപേക്ഷകളിൽ പട്ടയ നടപടി സ്വീകരിച്ചുവരുന്നതുമാണ്.

തീക്കോയ് വില്ലേജിലെ 120 അപേക്ഷകൾ ആറ്റുപുറമ്പോക്ക് പതിവുമായി ബന്ധപ്പെട്ടതാണ്. ആയവ പട്ടയനടപടിയിലിരിക്കുന്നു.

എരുമേലി തെക്ക്, എരുമേലി വടക്ക്, കോരുത്തോട് വില്ലേജുകളിലെ അപേക്ഷകൾ ഹിൽമെൻ സെറ്റിൽമെന്റ് വിഭാഗത്തിൽപ്പെട്ട ഭൂമി സംബന്ധിച്ചുള്ളതാണ്. ഹിൽമെൻ സെറ്റിൻമെന്റ് ഏരിയയിൽപ്പെടുന്ന ഭൂമി മറ്റ് വിഭാഗങ്ങൾക്കുകൂടി 2-06-2020-ൽ പുറപ്പെടുവിച്ച G.O.2020/2020, 4-11-2023-ലെ G.O.(Rt)3966/23 എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പതിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) മണ്ഡലത്തിൽ പട്ടയവിതരണം കൂടുതൽ വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാനത്ത് സർക്കാർ ഭൂമി കൈവശം വച്ചുവരുന്ന അർഹരായ ഭൂരഹിതർക്ക് പട്ടയം നൽകുന്നതിനായി പട്ടയമിഷൻ രൂപീകരിച്ചിട്ടുള്ളതാണ്. പട്ടയം നൽകുന്നതിന് നിയമപരമായ തടസ്സങ്ങളുള്ള കേസുകളിൽ, പ്രസ്തുത കേസുകൾ ഓരോന്നും പ്രത്യേകം പരിശോധിച്ച് നിയമ പ്രശ്നങ്ങൾ പരിഹരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**ആലപ്പുഴ മണ്ഡലത്തിലെ മടയാംതോട് നിവാസികൾക്ക് പട്ടയം നൽകുന്നത്**

337(1549) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിലെ മടയാംതോട് നിവാസികൾക്ക് പട്ടയം നൽകുന്നതിനായുള്ള നടപടികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) മടയാംതോട് നിവാസികൾക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ എടുത്ത

തീരുമാനങ്ങൾ എന്തൊക്കെയാണെന്നും അതിന്മേൽ സ്വീകരിച്ച നടപടികളെക്കുറിച്ചും വിശദമാക്കാമോ?

(എ & ബി) ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ കോമളപുരം വില്ലേജിൽ മടയാംതോട് പുറമ്പോക്ക് കയ്യേറ്റക്കാർക്ക് പട്ടയം നൽകുന്ന വിഷയം ചർച്ച ചെയ്യുന്നതിന് റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട ജലവിഭവം, തദ്ദേശസ്വയംഭരണം, നിയമം വകുപ്പുമന്ത്രിമാരുടെയും ആലപ്പുഴ എം.എൽ.എ.-യുടെയും സാന്നിദ്ധ്യത്തിൽ 05-07-2023-ന് റവന്യൂ വകുപ്പുമന്ത്രിയുടെ ചേംബറിൽ ചേർന്ന യോഗത്തിൽ ടി വിഷയം വിശദമായി ചർച്ച ചെയ്ത് ചുവടെപ്പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുള്ളതാണ്.

A) മടയാംതോട് കയ്യേറ്റവുമായി ബന്ധപ്പെട്ട വിഷയം പരിശോധിക്കുന്നതിനായി ചുവടെ ചേർക്കുന്നവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചു.

1. ശ്രീ. അന്ന എസ്. നായർ, അസിസ്റ്റന്റ് കമ്മീഷണർ, ലാൻഡ് റവന്യൂ- കൺവീനർ

2. ശ്രീ. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ് - അംഗം

3. ശ്രീ. രഞ്ജൻ രാജ്, ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് -അംഗം

4. ശ്രീ.സുനിൽ രാജ്, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ജലസേചന വകുപ്പ് - അംഗം

B) പ്രസ്തുത കമ്മിറ്റി എത്രയുംവേഗം യോഗം ചേർന്ന്, ജില്ലാ കളക്ടർ ഈ വിഷയത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കൊടുത്തിരിക്കുന്ന റിപ്പോർട്ടും ഈ വിഷയം ബാധിക്കുന്ന കുടുംബങ്ങളെ സംബന്ധിച്ചുള്ള രേഖകൾ/വിശദാംശങ്ങൾ, പുറമ്പോക്ക് ഭൂമിയുടെ നിലവിലെ അവസ്ഥ, തോട് പുറമ്പോക്ക്, പുഴ പുറമ്പോക്ക് കയ്യേറ്റം സംബന്ധിച്ച ബഹുമാനപ്പെട്ട കോടതി വിധികൾ എന്നിവയും പരിശോധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന ഒരു റിപ്പോർട്ട് സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നു.

ടി യോഗത്തിലെ തീരുമാനം 1-ന്റെ അടിസ്ഥാനത്തിൽ ടി വിഷയം ചർച്ച ചെയ്യുന്നതിന് ടി അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ 11-07-2023-ന്

രാവിലെ 11 മണിക്ക് അസിസ്റ്റന്റ് കമ്മീഷണറുടെ ചേംബറിൽവച്ച് കമ്മിറ്റി കൺവീനറായ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഭൂമി പതിവ് വിഭാഗത്തിലെ അസിസ്റ്റന്റ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിട്ടുള്ളതും ടി യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുള്ളതുമാണ്.

1) കോമളപുരം വില്ലേജിനെ ഡിജിറ്റൽ റീസർവ്വെയിൽ ഉൾപ്പെടുത്തുന്നതിനും ആയതിലൂടെ ടി മടയാംതോട് ഉൾപ്പെടുന്ന പുറമ്പോക്ക് സ്ഥലം യഥാർത്ഥ ഭൂവിനിയോഗം കണക്കിലെടുത്ത് സെറ്റിൽ ചെയ്യുന്നതിനും സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2) മടയാംതോട് പുറമ്പോക്ക് ഭൂമി കയ്യേറ്റം ഒഴിപ്പിച്ച് സർക്കാർ അധീനതയിലാക്കി സംരക്ഷിക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി 01-02-21-ൽ WP(C)5756/2017-ാം നമ്പർ റിട്ട് പെറ്റീഷനിൽ ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ ടി മേഖലയിൽ പട്ടയം അനുവദിക്കുന്ന വിഷയത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടുന്നതിന് തീരുമാനിച്ചു.

3) മടയാംതോട് കിഴക്ക് വേമ്പനാട്ട് കായൽ മുതൽ പടിഞ്ഞാറ് എസി കായൽ വരെ ഏകദേശം 2.7 കിലോമീറ്റർ നീളമുള്ള തോട് (20 മീറ്റർ വീതി നിലനിർത്തി) ഇറിഗേഷൻ അധികൃതർ വൃത്തിയാക്കുന്നതിനും തീരുമാനിച്ചു.

4) പ്രസ്തുത തോടിന്റെ നിലവിലെ വീതി ചിലയിടങ്ങളിൽ 15 മീറ്റർ മാത്രമെയുള്ളൂ. ആയത് 20 മീറ്ററാക്കി പുനർക്രമീകരിക്കുന്നതിനും 1964-ലെ കേരള ഭൂമി പതിച്ചുനൽകൽ ചട്ടങ്ങളിലെ ചട്ടം 11 (2) (5)-ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം നീർച്ചാലുകളുടെ ഇരുവശങ്ങളിലും പതിനഞ്ച് ലിംഗിസിനുള്ളിൽ (3.017 മീറ്റർ) വരുന്ന സ്ഥലങ്ങൾ പതിവിന് വിധേയമല്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യത്തിൽ നിലവിലെ തോടിന്റെ ഇരു കരകളിലും 3.07 മീറ്റർ വീതിയിൽ ബഫർ സോണായി നിലനിർത്തുവാൻ തീരുമാനിച്ചു.

5) മടയാംതോട് ഉൾപ്പെടുന്ന തോട് പുറമ്പോക്ക് മേഖലയിൽ പുതുതായി കയ്യേറ്റങ്ങൾ ഉണ്ടാകുന്നില്ലെന്ന് ആര്യാട്, മണ്ണാഞ്ചേരി പഞ്ചായത്ത് അധികൃതർ ഉറപ്പുവരുത്തേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് തീരുമാനിച്ചു.

11-07-2023-ൽ നടന്ന യോഗത്തിനെ തുടർന്ന് സ്വീകരിച്ച നടപടി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11-10-2023-ന് നടന്ന ആലപ്പുഴ ജില്ലയുടെ പട്ടയ ഡാഷ് ബോർഡ് അദാലത്തിൽ മടയാംതോടുമായി ബന്ധപ്പെട്ട വിഷയത്തിൽ മടയാംതോട് പുറമ്പോക്കിന്റെ റീസർവ്വെ നടപടികൾ ഒരു മാസത്തിനകം പൂർത്തിയാക്കി സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർവ്വേ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ടി യോഗത്തിലെ 2, 3, 4, 5 തീരുമാനങ്ങളിൽ അടിയന്തരമായി നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യാൻ ആലപ്പുഴ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(സി) പ്രസ്തുത യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?**

യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

**പട്ടയം നൽകിയ കുത്തകപ്പാട്ടം ഭൂമി**

338(1550) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പുനലൂർ താലൂക്കിൽ തെന്മല വില്ലേജിൽ കുത്തകപ്പാട്ടം അനുവദിച്ചിരുന്ന സർവ്വെ നമ്പർ 872-ൽ ഉൾപ്പെട്ട ഭൂമിയിൽ 200-ഓളം പേർക്ക് പട്ടയം അനുവദിച്ചുവെങ്കിലും പ്രസ്തുത വിഷയത്തിൽ പുനലൂർ മുൻസിഫ് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കൈവശക്കാർക്ക് നാളിതുവരെ ഭൂമി കൈമാറി നൽകാൻ സാധിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയത്തിൽ സർക്കാരിന് അനുകൂലമായ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഭൂമി കൈമാറി നൽകുന്നതിനുള്ള നടപടികൾ പുനരാരംഭിക്കാൻ സാധിക്കുമോ; വിഷയത്തിൽ സ്റ്റേറ്റ് ലാൻഡ് ബോർഡ് അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ഹൈക്കോടതി വിധിക്ക് സ്റ്റേ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

(ബി & സി) പുനലൂർ താലൂക്കിൽ തെൻമല വില്ലേജിൽ ശ്രീ. തങ്ങൾകുഞ്ഞ് മുസലിയാർ പേരിൽ കുത്തകപാട്ടം അനുവദിച്ചിരുന്ന

10.76 ഏക്കർ ഭൂമി കുത്തകപ്പാട്ടം റദ്ദ് ചെയ്ത് സർക്കാരിലേയ്ക്ക് ഏറ്റെടുത്ത് 299 പേർക്ക് പട്ടയം അനുവദിച്ചിരുന്നു. ഇതിനെതിരെ ശ്രീ. തങ്ങൾകുഞ്ഞ് മുസലിയാരുടെ അനന്തരാവകാശികൾ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WP(C)26308/2013, WP(C)632/2015 റിട്ട് ഹർജികളും പുനലൂർ മുൻസിഫ് കോടതി മുമ്പാകെ OS 195/2014 നമ്പർ കേസും ഫയൽ ചെയ്തിരുന്നതിനാൽ പട്ടയം നൽകിയ ഭൂമി അളന്ന് തിരിച്ച് പട്ടയ കക്ഷികൾക്ക് കൈമാറി നൽകാൻ സാധിച്ചിരുന്നില്ല.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുണ്ടായിരുന്ന WP(C)26308/2013, WP(C)632/2015 നമ്പർ റിട്ട് ഹർജികളിന്മേൽ സർക്കാരിന് അനുകൂലമായി കേസ് തള്ളി വിധിന്യായം പുറപ്പെടുവിച്ചിരുന്നുവെങ്കിലും ടി വിധിക്കെതിരെ ഹർജി കക്ഷികൾ WA 1229/2019, WA 276/2022 നമ്പർ റിട്ട് അപ്പീലുകൾ ഫയൽ ചെയ്തിട്ടുണ്ട്. ടി റിട്ട് അപ്പീലുകളും OS 195/2014 നമ്പർ കേസും കോടതിയുടെ പരിഗണനയിലുള്ളതും അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ലാത്തതുമാണ്.

WP(C)26308/2013, WP(C)632/2015 നമ്പർ റിട്ട് ഹർജികളിൽ സർക്കാരിന് അനുകൂലമായി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായത്തിന് നിരോധന ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറലിൽനിന്നും സർക്കാർ വക്കീലിൽനിന്നും നിയമോപദേശം ലഭ്യമാക്കി പട്ടയം അനുവദിച്ചവർക്ക് ഭൂമി കൈമാറുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**മണ്ണാർക്കാട് മണ്ഡലത്തിൽ പട്ടയത്തിനായുള്ള അപേക്ഷകളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി**

339(1551) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈവശാവകാശ വസ്തുവിന്മേൽ പട്ടയം ലഭിക്കാനുള്ള എത്ര അപേക്ഷകൾ മണ്ണാർക്കാട് മണ്ഡലത്തിൽ ലഭിച്ചുവെന്നും അതിൽ എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്നും വില്ലേജ് അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ?

മണ്ണാർക്കാട് താലൂക്ക് പരിധിയിൽ ഭൂമി പതിവ്/നാല് സെന്റ് പട്ടയം ലഭിക്കുന്നതിനായി വില്ലേജ് അടിസ്ഥാനത്തിൽ ആകെ 101 അപേക്ഷകൾ

ലഭിച്ചിട്ടുണ്ട് (അനുബന്ധമായി ചേർത്തിരിക്കുന്നു.+). ആയതിൽ ആകെ 97 അപേക്ഷകർക്ക് പട്ടയം നൽകിയിട്ടുണ്ട് (അനുബന്ധമായി ചേർത്തിരിക്കുന്നു.+).

മണ്ണാർക്കാട് മണ്ഡലത്തിൽ നിലവിലാകെ 5830 ലാൻഡ് ട്രൈബ്യൂണൽ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ആയതിൽ ആകെ 2450 പട്ടയം നൽകിയിട്ടുണ്ട്. വില്ലേജടിസ്ഥാനത്തിലുള്ള കണക്ക് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു (അനുബന്ധമായി ചേർത്തിരിക്കുന്നു+).

(ബി) പ്രസ്തുത അപേക്ഷകളിൽ ബാക്കിയുള്ളവ തീർപ്പാക്കി അടിയന്തരമായി പട്ടയം നൽകുന്നതിനെന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

നാല് സെന്റ്/ഭൂമി പതിവ് അപേക്ഷകളിൽ വേറെ ഭൂമിയുള്ളതിനാൽ പതിവ് പട്ടയത്തിനുള്ള നാല് അപേക്ഷകളും പഞ്ചായത്തിന്റെ അനുവാദപത്രം ലഭ്യമല്ലാത്തതിനാൽ ഒരു അപേക്ഷയും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിരസിച്ചിട്ടുള്ളതാണ്. ലാൻഡ് ട്രൈബ്യൂണൽ പട്ടയങ്ങൾ ബാക്കിയുള്ളവ അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭൂപതിവ് ഭേദഗതി നിയമം**

340(1552) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭ പാസ്സാക്കിയ കേരള ഭൂപതിവ് നിയമ ഭേദഗതി നടപ്പാക്കുന്നതിന് ഗവർണർ അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ബഹുമാനപ്പെട്ട ഗവർണറുടെ അനുമതി ലഭ്യമായിട്ടില്ല. അനുമതി ലഭ്യമാകാത്തതിന്റെ കാരണം വ്യക്തമല്ല.

(ബി) പ്രസ്തുത നിയമനിർമ്മാണം സംബന്ധിച്ച് ഗവർണർ വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ അവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

കേരള ഭൂപതിവ് നിയമം (ഭേദഗതി) ബിൽ 2023-ലെ ഏതെങ്കിലും വ്യവസ്ഥകൾ സംബന്ധിച്ച് ഗവർണർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടില്ല.

എന്നാൽ ബഹുമാനപ്പെട്ട ഗവർണർക്ക് ലഭിച്ച മൂന്ന് അപേക്ഷകൾ സർക്കാരിലേയ്ക്ക് അഭിപ്രായത്തിനായി അയച്ച് തന്നിട്ടുള്ളതും ആയതിന് മറുപടി നൽകിയിട്ടുള്ളതുമാണ്.

(സി) പ്രസ്തുത നിയമത്തിന്റെ ചട്ടങ്ങൾ രൂപീകരിക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

ഗവർണർ ബില്ലിന് അംഗീകാരം നൽകുന്ന മുറയ്ക്ക് ചട്ടം രൂപീകരിക്കാനുള്ള നടപടി ആരംഭിക്കും.

(ഡി) പ്രസ്തുത നിയമ ഭേദഗതിയിലൂടെ പട്ടയ ഭൂമിയുടെ സ്വതന്ത്രമായ വിനിയോഗം സാധ്യമാകുകയില്ലെന്ന ജനങ്ങളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കൃഷി, ഗൃഹനിർമ്മാണം, മറ്റു പൊതുവികസന ആവശ്യങ്ങൾ എന്നിവയ്ക്ക് പട്ടയഭൂമി സ്വതന്ത്രമായി ഉപയോഗിക്കാമെന്ന നിലയിൽ നിയമത്തിൽ/ചട്ടത്തിൽ മാറ്റങ്ങൾ വരുത്താൻ നടപടി സ്വീകരിക്കുമോ?

നിയമ ഭേദഗതി പൊതുജനോപകാരപ്രദമായി നടപ്പാക്കുന്നതിനുപയുക്തമായ രീതിയിൽ ചട്ടങ്ങൾ രൂപീകരിക്കുന്നതാണ്.

**കുന്നംകുളം മണ്ഡലത്തിലെ പട്ടയവിതരണം**

341(1553) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; പഞ്ചായത്ത്, നഗരസഭ തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

കുന്നംകുളം മണ്ഡലത്തിൽനിന്നും പട്ടയം ലഭിക്കുന്നതിനായി 581 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. പഞ്ചായത്ത്, നഗരസഭ തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തദ്ദേശസ്വയംഭരണ സ്ഥാപനം | പട്ടയ അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | പോർക്കളം ഗ്രാമപഞ്ചായത്ത് | 40 |
| 2 | കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് | 22 |
| 3 | ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് | 21 |
| 4 | കടവല്ലൂർ ഗ്രാമപഞ്ചായത്ത് | 45 |
| 5 | കടങ്ങോട് ഗ്രാമപഞ്ചായത്ത് | 55 |
| 6 | എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് | 277 |

| | | |
|---|---|---|
| 7 | വേലൂർ ഗ്രാമപഞ്ചായത്ത് | 76 |
| 8 | കുന്നംകുളം മുനിസിപ്പാലിറ്റി | 45 |
| | **ആകെ** | **581** |

(ബി) ഇതിൽ എത്ര അപേക്ഷകളാണ് തീർപ്പാക്കിയിട്ടുള്ളത്; എത്ര അപേക്ഷകളാണ് ബാക്കിയുള്ളത്?

214 അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതാണ്. 367 അപേക്ഷകളാണ് ബാക്കിയുള്ളത്.

(സി) ബാക്കിയുള്ള അപേക്ഷകളിന്മേൽ നടപടികൾ പൂർത്തിയാക്കി എന്നത്തേയ്ക്ക് പട്ടയം നൽകാനാകുമെന്ന് അറിയിക്കാമോ?

രേഖകൾ പൂർണ്ണമല്ലാത്ത കേസുകളും പുറമ്പോക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും പുനർനിക്ഷിപ്തം ചെയ്ത് കിട്ടേണ്ടതോ വിട്ടൊഴിഞ്ഞു കിട്ടേണ്ടതോ ആയ കേസുകളാണ് ബാക്കിയുള്ള അപേക്ഷകളിൽ കൂടുതലായുള്ളത്. ആയതിനാൽ പുനർനിക്ഷിപ്തം ചെയ്ത് ലഭിക്കേണ്ട അപേക്ഷകളിൽ നടപടികൾ തുടർന്ന് വരുന്നതും ടി അപേക്ഷകളിൽ പരിഹരിക്കാൻ കഴിയുന്നതും കഴിയാത്തതുമായ അപേക്ഷകൾ പട്ടയം ഡാഷ്

ബോർഡിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. പഞ്ചായത്ത് ഗ്രാമപ്രദേശങ്ങളിലെ ഭൂരഹിതരായ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ഭവനനിർമ്മാണ പദ്ധതിപ്രകാരം പഞ്ചായത്തിന്റെ സ്വയാർജ്ജിത ഭൂമി കൈവശം വച്ചുവരുന്ന അപേക്ഷകർക്ക് പട്ടയം നൽകുന്നതിലേയ്ക്കായി റിലിങ്ക്വിഷ്മെന്റിനുള്ള നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്കും പാറപുറമ്പോക്കിലെ കൈവശക്കാർക്ക് ഇനം മാറ്റം നടത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്കും പ്രസ്തുത അപേക്ഷകളിൽ പട്ടയം നൽകാനാകുന്നതാണ്.

**കാട്ടാക്കട മണ്ഡലത്തിൽ വിതരണം ചെയ്ത പട്ടയങ്ങൾ**

342(1554) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിൽ 2016 മേയ് മാസം മുതൽ 2023 ഡിസംബർ മാസം വരെ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം, പട്ടയം ലഭ്യമായവരുടെ പേര് എന്നീ വിവരങ്ങൾ വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ; നിലവിൽ പട്ടയത്തിനായി അപേക്ഷിച്ചവരുടെ എണ്ണം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

2016 മേയ് മാസം മുതൽ 2023 ഡിസംബർ മാസം വരെ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

മാറനല്ലൂർ - 78

മലയിൻകീഴ് - 4

വിളവൂർക്കൽ - 5

വിളപ്പിൽ - 13

കുളത്തുമ്മൽ - 23

ആകെ - 123

നിലവിൽ പട്ടയത്തിനായി അപേക്ഷിച്ചവരുടെ എണ്ണം വില്ലേജ് തിരിച്ച് ചുവടെ ചേർക്കുന്നു.

1. മാറനല്ലൂർ - 60
2. മലയിൻകീഴ് - 18
3. വിളവൂർക്കൽ - 9
4. വിളപ്പിൽ - 26
5. കുളത്തുമ്മൽ - 21

ആകെ - 134

പട്ടയം ലഭിച്ചവരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**അരുവിക്കര മണ്ഡലത്തിലെ പട്ടയങ്ങൾ, കൈവശരേഖ വിവരങ്ങൾ**

343(1555) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിലുൾപ്പെടുന്ന പഞ്ചായത്തുകളിൽ ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ നൽകിയ വിവിധയിനം പട്ടയങ്ങൾ, കൈവശരേഖ എന്നിവ സംബന്ധിച്ച വിവരങ്ങൾ പട്ടിക തിരിച്ച് ലഭ്യമാക്കുമോ?

എൽ.എ. പട്ടയം - 76 എണ്ണം

എൽ.റ്റി. പട്ടയം - 9 എണ്ണം

കൈവശരേഖ - 1 എണ്ണം

(ബി) ഓരോ വിഭാഗത്തിലും ഇനി തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ?

എൽ.എ. പട്ടയ അപേക്ഷകൾ - 387 എണ്ണം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എൽ.റ്റി. പട്ടയ അപേക്ഷകൾ - 5 എണ്ണം

കൈവശരേഖ അപേക്ഷകൾ -1 അപേക്ഷ.

**മണക്കാട്, തൃക്കടീരി പഞ്ചായത്ത് നിവാസികളുടെ പട്ടയപ്രശ്നം**

344(1556) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിലെ മണക്കാട്, തൃക്കടീരി പഞ്ചായത്തിലെ 6,7 വാർഡുകളിലും കീഴ്പ്പാടം കോളനി പ്രദേശത്തും വർഷങ്ങളായി താമസിക്കുന്നവർക്ക് പട്ടയം ലഭിച്ചിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഷൊർണ്ണൂർ മണ്ഡലത്തിലെ ഷൊർണ്ണൂർ 2 വില്ലേജിൽ ഉൾപ്പെടുന്ന മണക്കാട് പ്രദേശത്തും തൃക്കടീരി 1, തൃക്കടീരി 2 വില്ലേജുകൾ ഉൾപ്പെടുന്ന തൃക്കടീരി പഞ്ചായത്തിലെ 6, 7 വാർഡുകളിലും കീഴ്പ്പാടം കോളനി പ്രദേശത്തും താമസിക്കുന്നവരിൽനിന്നും നിലവിൽ പട്ടയം അനുവദിക്കുന്നതിനുള്ള അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല. വിഷയം

പരിശോധിച്ച് ഇത്തരം കേസുകൾ കണ്ടെത്തുന്നപക്ഷം ആയത് പട്ടയമിഷനിലുൾപ്പെടുത്തി പട്ടയം അനുവദിക്കുന്നതിനുള്ള ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പെരിന്തൽമണ്ണ താലൂക്കിലെ കോഡൂർ വില്ലേജിൽ കമ്പിവളപ്പ് പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയം**

345(1557) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ താലൂക്കിലെ കോഡൂർ വില്ലേജിൽ സർവ്വെ നമ്പർ 95/1-ൽ ഉൾപ്പെട്ട നെച്ചിക്കാട് പറമ്പ് കമ്പിവളപ്പ് പ്രദേശത്ത് താമസിക്കുന്ന ഇരുന്നൂറോളം കുടുംബങ്ങളുടെ കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

കോഡൂർ വില്ലേജിൽ സർവ്വെ നമ്പർ 95/1-ൽ ഉൾപ്പെട്ട കമ്പിവളപ്പ് പ്രദേശം മിച്ചഭൂമിയിൽ ഉൾപ്പെടുന്ന സ്ഥലമാണ്. ടി മിച്ചഭൂമിയിലെ കൈവശക്കാർക്ക് കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 96 പ്രകാരം പട്ടയം ലഭ്യമാക്കുന്നതിനായി കക്ഷികളിൽനിന്നും അപേക്ഷ

ക്ഷണിച്ചുകൊണ്ട് കേരള ഭൂപരിഷ്കരണ (സീലിംഗ്) റൂൾ 27 പ്രകാരമുള്ള ഫോം നം.16 പ്രസിദ്ധീകരിക്കുന്നതിന് മുന്നോടിയായി ടി ഭൂമിയിലെ അന്യകൈവശക്കാരിൽ കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 7E , 85 (8) എന്നിവ പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരായവരുടേയും മറ്റ് കൈവശക്കാരുടേയും വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രസ്തുത ഭൂമിയുടെ സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സർവ്വേ നടപടികൾ പൂർത്തിയായിട്ടില്ല. ആധുനിക സർവ്വെ ഉപകരണങ്ങൾ പ്രയോജനപ്പെടുത്തി സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത ഭൂമിക്ക് പട്ടയം നൽകുന്ന വിഷയവുമായി ബന്ധപ്പെട്ട് ജില്ലാകളക്ടർ ഏറ്റവും ഒടുവിൽ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ; നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി സമയബന്ധിതമായി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കൈവശ കക്ഷികൾക്ക് ആധാരപ്രകാരമാണോ ഭൂമി ലഭിച്ചതെന്ന് പരിശോധിച്ച് ആധാര പ്രകാരം ഭൂമി സിദ്ധിച്ചവരിൽ കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 7E പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുള്ളവരുടേയും സെക്ഷൻ 85 (8) പ്രകാരം ഒഴിവിന് അർഹതയുള്ള എൽ.റ്റി. പട്ടയം ലഭിച്ചവരുടേയും വിവരങ്ങൾ ശേഖരിച്ച് ആയത് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനും മറ്റ് കൈവശക്കാർക്ക് അവരുടെ അർഹത പരിശോധിച്ച് സെക്ഷൻ 96 പ്രകാരം ഭൂമി പതിച്ചുനൽകുന്നതിനുമുള്ള ത്വരിത നടപടികൾ സ്വീകരിച്ചുവരുന്നു.

**പാറശ്ശാല മണ്ഡലത്തിൽ കൈവശാവകാശ വസ്തുവിന്മേൽ പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷകളുടെ എണ്ണം**

346(1558) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മുതൽ 2024 ജനുവരി വരെ കൈവശാവകാശ വസ്തുവിന്മേൽ പട്ടയം ലഭിക്കുന്നതിനുവേണ്ടിയുള്ള എത്ര അപേക്ഷകൾ പാറശ്ശാല മണ്ഡലത്തിൽനിന്ന് ലഭിച്ചിട്ടുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ?

2016 മേയ് മുതൽ 2024 ജനുവരി വരെ കൈവശാവകാശ വസ്തുവിന്മേൽ പട്ടയം ലഭിക്കുന്നതിനുവേണ്ടി പാറശ്ശാല നിയോജകമണ്ഡലത്തിൽനിന്നും ലഭ്യമായിട്ടുള്ള ഭൂമിപതിവ് അപേക്ഷകളുടെ എണ്ണം വില്ലേജ് അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്നു.

| വില്ലേജ് | അപേക്ഷകളുടെ എണ്ണം |
|---|---|
| കുന്നത്തുകാൽ | 112 |
| വെള്ളറട | 280 |
| പരശുവയ്ക്കൽ | 140 |
| പാറശ്ശാല | 36 |
| പെരുങ്കടവിള | 20 |
| കൊല്ലയിൽ | 120 |
| ആനാവൂർ | 8 |
| അമ്പൂരി | 237 |
| വാഴിച്ചൽ | 425 |
| കള്ളിക്കാട് | 189 |
| ഒറ്റശേഖരമംഗലം | 116 |
| കീഴാറ്റൂർ | 105 |

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ടി അപേക്ഷകളിൽ പട്ടയം നൽകിയിട്ടുള്ളവരുടെ എണ്ണം വില്ലേജ് അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്നു.

| വില്ലേജ് | എണ്ണം |
|---|---|
| കുന്നത്തുകാൽ | 78 |
| വെള്ളറട | 121 |
| പരശുവയ്ക്കൽ | 39 |
| പാറശ്ശാല | 9 |
| പെരുങ്കടവിള | 7 |
| കൊല്ലയിൽ | 27 |
| ആനാവൂർ | 7 |
| അമ്പൂരി | 19 |
| വാഴിച്ചൽ | 19 |
| കള്ളിക്കാട് | 136 |
| ഒറ്റശേഖരമംഗലം | 10 |
| കീഴാറ്റൂർ | 16 |

(സി) അപേക്ഷകളിന്മേൽ പട്ടയം നൽകാത്ത അപേക്ഷകൾ എത്രയെന്നും അവ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമുള്ള വിവരം വ്യക്തമാക്കാമോ?

കൊല്ലയിൽ വില്ലേജിലുൾപ്പെട്ട അപേക്ഷകളിൽ കുളം പുറമ്പോക്ക് ഇനത്തിൽ ഉൾപ്പെടുന്ന 12 കേസുകളിലും പെരുമ്പഴുതൂർ വില്ലേജിലെ അപേക്ഷകളിൽ ഉൾപ്പെടുന്ന 3 കേസുകളിലും നടപടി സ്വീകരിച്ചുവരുന്നു.

കോളനി പട്ടയ അപേക്ഷകളിൽ ഭൂരിഭാഗം അപേക്ഷകളിലും സർവ്വെ നടപടി പൂർത്തിയാക്കി അപേക്ഷകരെ സർക്കാർ പുറമ്പോക്കുഭൂമിയിൽ സ്ഥിതി ചെയ്യുന്നത്, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സ്ഥിതി ചെയ്യുന്നത്, സ്വകാര്യ ഭൂമിയിൽ സ്ഥിതി ചെയ്യുന്നത്, എന്നിങ്ങനെ തിരിച്ച് നിയമ പ്രശ്നങ്ങൾ ലഘൂകരിച്ച് പട്ടയം നൽകുന്നതിന് "സ്വഭൂമി" എന്ന പേരിൽ ഒരു പദ്ധതി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിഭാവനം ചെയ്ത് നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി പാറശ്ശാല നിയോജകമണ്ഡലത്തിലെ പുറമ്പോക്ക് ഭൂമിയിലെ കോളനിയിൽ താമസിക്കുന്ന ഭൂരഹിതരായ 126 കുടുംബങ്ങൾക്കുള്ള പട്ടയം വിതരണത്തിന് തയ്യാറായിട്ടുള്ളതാണ്. കൂടാതെ പഞ്ചായത്ത് കോളനി നിവാസികളായ 32 പേരുടെ ഭൂമി പതിവ് അപേക്ഷകളിൽ നടപടി അന്തിമഘട്ടത്തിലാണ്. ഇതിനുപുറമെ നിരവധി അപേക്ഷകളിൽ ഉൾപ്പെട്ട കോളനി ഭൂമി പുറമ്പോക്കാക്കി മാറ്റുന്നതിനുള്ള

നടപടി സ്വീകരിച്ചുവരികയാണ്. ഭൂമി പുറമ്പോക്കാക്കി മാറ്റി ടി അപേക്ഷകർക്ക് പട്ടയം നൽകുന്നതാണ്. ബാക്കി അപേക്ഷകൾ കേരള ഭൂമി പതിവ് ചട്ട പ്രകാരമുള്ള നടപടികളുടെ വിവിധ ഘട്ടങ്ങളിലാണ്.

(ഡി) പാറശ്ശാല നിയോജകമണ്ഡലത്തിലെ അഞ്ചുചങ്ങല പ്രദേശങ്ങളിലുള്ള പട്ടയപ്രശ്നം റവന്യൂ, വനം, ജലസേചന വകുപ്പുകളുടെ ഏകോപനമില്ലായ്മ കാരണം പരിഹരിക്കാൻ കഴിയാതെ നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അടിയന്തരമായി പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ അഞ്ചുചങ്ങല പ്രദേശത്തെ പട്ടയ പ്രശ്നം പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. വാഴിച്ചൽ വില്ലേജിൽ ഉൾപ്പെടുന്ന അഞ്ചുചങ്ങല പ്രദേശത്തെ പട്ടയ വിതരണവുമായി ബന്ധപ്പെട്ട് 02-09-2022-ൽ റവന്യൂ വകുപ്പുമന്ത്രി, എം.എൽ.എ., ഇറിഗേഷൻ വകുപ്പിലേയും റവന്യൂ വകുപ്പിലേയും ഉന്നത ഉദ്യോഗസ്ഥരുമായി യോഗം ചേരുകയുണ്ടായി. തുടർന്ന് 27-01-2024 തീയതിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും റവന്യൂ വകുപ്പുമന്ത്രിയുടേയും എ.എൽ.എ.-യുടേയും

സാന്നിദ്ധ്യത്തിൽ വനം-ഇറിഗേഷൻ-റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ചേർന്നു. യോഗ തീരുമാനപ്രകാരം ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് പട്ടയ വിതരണം ഉടൻ നടത്താനും വനം വകുപ്പുമായി ചില തർക്കങ്ങളുള്ള സ്ഥലത്ത് അക്കാര്യത്തിൽ വ്യക്തത വരുത്തിയ ശേഷം പട്ടയം നൽകാനും തീരുമാനിച്ചു.

**മക്കിമലയിലെ പട്ടയപ്രശ്നം പരിഹരിക്കാനുള്ള നടപടികൾ**

347(1559) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ മക്കിമല പ്രദേശത്തെ പട്ടയപ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മാനന്തവാടി താലൂക്കിലെ സർവ്വേ നമ്പർ 68/1 ബി, 90/1 എന്നീ സർവ്വെ നമ്പറുകളിലായാണ് തവിഞ്ഞാൽ വില്ലേജിലെ മക്കിമല വിഷയം സംബന്ധിച്ച ഭൂമി സ്ഥിതി ചെയ്യുന്നത്. മക്കിമല പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലെ കൈവശക്കാരുടെ വിവരങ്ങൾ, കൈവശമുള്ള ഭൂരേഖകൾ നിലവിലെ കൈവശ ഭൂമിയിലെ സംരക്ഷിത (സർക്കാർ) മരങ്ങളുടെ വിവരങ്ങൾ

തുടങ്ങിയവയുടെ വിവരശേഖരണത്തിനായി പ്രത്യേക ടീമിനെ നിയോഗിച്ച് ജില്ലാ കളക്ടർ ഉത്തരവായിട്ടുള്ളതും ആയത് പ്രകാരം ടീം അംഗങ്ങൾ ഫീൽഡിൽ വിവരശേഖരണം നടത്തി വരുന്നതുമാണ്. മക്കിമല ഉൾപ്പെട്ട തവിഞ്ഞാൽ വില്ലേജ് റീസർവ്വേ കഴിയാത്ത വില്ലേജാണ്. മക്കിമലയിൽ പട്ടയം നൽകേണ്ട പ്രദേശം 68/1ബി (662.65 ഏക്കർ), 90/1 (327.47 ഏക്കർ) എന്നീ സർവ്വെ നമ്പറുകളിലായി ആകെ 990.12 ഏക്കർ ഉൾപ്പെട്ടുവരുന്ന ഭൂമിയിലാണ് സ്ഥിതിചെയ്യുന്നത്. പട്ടാളക്കാർക്ക് വർഷങ്ങൾക്കുമുമ്പ് പതിച്ച് നൽകിയതും പിന്നീട് അവർ കൈവശം വയ്ക്കാത്തതിനെ തുടർന്ന് കയ്യേറി കൈവശം വച്ചുവരുന്നവരുമായ ആളുകളാണ് പട്ടയത്തിന് അപേക്ഷ നൽകിയിട്ടുള്ളത്. ഇവർക്ക് പട്ടയം നൽകണമെങ്കിൽ മുൻപതിവ് നിയമാനുസൃതം റദ്ദ് ചെയ്യേണ്ടതുണ്ട്. 990.92 ഏക്കർ ഭൂമി റീസർവ്വെ കഴിയാത്തത് കൊണ്ടുതന്നെ നിലവിലെ സ്കെച്ച് പ്രകാരം 2 പ്ലോട്ടുകളായാണ് (സർവ്വേ 68 1ബി, സർവ്വേ 90/1) കിടക്കുന്നത്. 990.12 ഏക്കർ ഭൂമിയിൽ പ്രിയദർശിനി ടീ എസ്റ്റേറ്റ് വക ഭൂമിയും ശ്മശാനം, റോഡ് എന്നിവയും പട്ടിക വർഗ്ഗക്കാർക്കായി നിർമ്മാണം നടന്നുവരുന്ന സ്കൂൾ,

പട്ടയത്തിന് അപേക്ഷ നൽകിയ 120 പേരുടെ കൈവശ ഭൂമികൾ, ഇതിന് പുറമെ നിയമാനുസൃതം കൈവശം വച്ചുവരുന്ന മറ്റു കൈവശക്കാർ എന്നിവരും ഉൾപ്പെടുന്നതിനാൽത്തന്നെ 990.12 ഏക്കർ ഭൂമിയും പ്രത്യേകം സർവ്വെ ചെയ്ത് വേർതിരിച്ച് സ്കെച്ച് തയ്യാറാക്കിയാൽ മാത്രമെ നിലവിലെ കൈവശക്കാർക്ക് പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. സർവ്വെ നടപടികൾ നിലവിൽ ആരംഭിച്ചിട്ടില്ല. ഡിജിറ്റൽ സർവ്വേയിലെ ആദ്യഘട്ടത്തിൽ മക്കിമല ഉൾപ്പെടുന്ന വില്ലേജ് ഉൾപ്പെട്ടിരുന്നില്ല. എന്നാൽ രണ്ടാംഘട്ടത്തിൽ ടി വില്ലേജ് ഉൾപ്പെടുത്തിയിട്ടുള്ളതാണ്. സർവ്വെ നടപടികൾ വേഗത്തിലാക്കി പട്ടയം നൽകുന്നതിനായി രണ്ടാംഘട്ട ഡിജിറ്റൽ സർവ്വെയിൽ മുന്തിയ പരിഗണന നൽകി മക്കിമല ഉൾപ്പെടുന്ന പ്രദേശം സർവ്വെ ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്.

(ബി) നിലവിൽ ഈ പ്രദേശത്ത് എത്ര കുടുംബങ്ങളാണ് പട്ടയം അപേക്ഷകരായി ഉള്ളതെന്ന വിവരം അറിയിക്കാമോ?

നിലവിൽ ഈ പ്രദേശത്ത് 120 പട്ടയ അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്.

(സി) പട്ടയത്തിന് അപേക്ഷ സമർപ്പിച്ച മക്കിമല പ്രദേശവാസികൾക്ക് അടിയന്തരമായി പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കുന്ന മുറയ്ക്ക് 1964-ലെ ഭൂപതിവ് ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

**നിലമ്പൂർ പ്രളയവുമായി ബന്ധപ്പെട്ട ധനസഹായം**

348(1560) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19-ലെ പ്രളയത്തെ തുടർന്ന് നിലമ്പൂർ മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖാന്തരം നടത്തിയ പ്രവർത്തനങ്ങളും പദ്ധതികളും വിതരണം ചെയ്ത ധനസഹായങ്ങളും എത്രയെന്നും എത്ര പേർക്കെന്നുമുള്ള വിവരങ്ങൾ വില്ലേജ് തിരിച്ച് ലഭ്യമാക്കുമോ?

2018, 2019 വർഷങ്ങളിലെ പ്രളയത്തെത്തുടർന്ന് ഭവനനാശം സംഭവിച്ചതിനും പ്രകൃതിക്ഷോഭത്താലുള്ള മരണത്തിനുമാണ് റവന്യൂ വകുപ്പ് മുഖേന ധനസഹായം അനുവദിച്ചത്.

2018-2019 പ്രളയത്തെത്തുടർന്ന് നിലമ്പൂർ നിയോജകമണ്ഡലത്തിലെ വിവിധ വില്ലേജുകളിലെ പ്രകൃതിക്ഷോഭത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക് അനുവദിച്ച ധനസഹായത്തിന്റെ വിവരങ്ങളും മരണപ്പെട്ട വ്യക്തികളുടെ അവകാശികൾക്ക് നൽകിയ ധനസഹായത്തിന്റെ വിവരങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട് +.

(ബി) 2018-19-ലെ പ്രളയത്തിൽ നിലമ്പൂർ താലൂക്കിൽ വീടും പുരയിടവും നഷ്ടപ്പെട്ടതിന് സർക്കാർ അനുവദിച്ച നഷ്ടപരിഹാര തുക എല്ലാ ഗുണഭോക്താക്കൾക്കും നൽകിയിട്ടുണ്ടോ; ഇനിയും നഷ്ടപരിഹാരം ലഭിക്കാത്തവരുണ്ടെങ്കിൽ അവരുടെ പേര് വിവരം, ഫോൺ നമ്പർ, അക്കൗണ്ട് നമ്പർ, അനുവദിക്കപ്പെട്ട തുക എന്നിവ തിരിച്ച് പട്ടിക ലഭ്യമാക്കാമോ?

2018, 2019 വർഷങ്ങളിലെ പ്രളയത്തെത്തുടർന്ന് വീടും പുരയിടവും നഷ്ടപ്പെട്ടവരിൽ 3 പേർക്ക് കൂടി ധനസഹായം അനുവദിക്കാനുണ്ട്. വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട് +.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ചില ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ചില സാങ്കേതിക തകരാറുകൾ കാരണം നാളിതുവരെയായിട്ടും തുക കൈമാറാൻ സാധിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സാങ്കേതിക തകരാറുകൾ പരിഹരിച്ച് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നഷ്ടപരിഹാര തുക എന്നത്തേയ്ക്ക് നൽകാനാവുമെന്ന് അറിയിക്കാമോ; ധനസഹായം ഇനിയും ലഭിക്കാത്തവർക്ക് എങ്ങനെ വിതരണം ചെയ്യാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 12-05-2023-ലെ സ.ഉ.(സാധാ) നം.305/2023/ഡിഎംഡി പ്രകാരം മലപ്പുറം ജില്ലയിലെ 192 ഗുണഭോക്താക്കളുടെ അക്കൗണ്ട് കറക്ഷൻ വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൽ നിലമ്പൂർ താലൂക്കിലെ 73 ഗുണഭോക്താക്കളും ഉൾപ്പെട്ടിരുന്നതും ഇവർക്ക് അക്കൗണ്ട് കറക്ഷൻ വരുത്തി തുക അനുവദിച്ചിട്ടുള്ളതുമാണ്.

**അഷ്ടമുടി കായലിന്റെ തീരത്ത് മണ്ണ് ഇടിഞ്ഞുവീഴുന്നത് തടയാൻ നടപടി**

349(1561) <u>ഡോ. സുജിത് വിജയൻപിള്ള:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിലെ തേവലക്കര ഗ്രാമപഞ്ചായത്തിൽ അഷ്ടമുടി കായലിന്റെ തീരത്ത് ചെങ്കുത്തായി നിൽക്കുന്ന മണ്ണ് ഇടിഞ്ഞുവീഴുന്നത് പരിഹരിക്കുന്നതിനായി പ്രസ്തുത പ്രദേശം തട്ടുകളായി തിരിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ?

ചവറ മണ്ഡലത്തിലെ തേവലക്കര ഗ്രാമപഞ്ചായത്തിൽ അഷ്ടമുടി കായലിന്റെ തീരത്ത് ചെങ്കുത്തായി നിൽക്കുന്ന മണ്ണ് ഇടിഞ്ഞുവീഴുന്നത് പരിഹരിക്കുന്നതിനായി പ്രസ്തുത പ്രദേശത്തെ മണ്ണ് നീക്കം ചെയ്ത് തട്ടുകളായി തിരിക്കുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ കൊല്ലം കളക്ടറേറ്റിൽ ലഭിച്ചിട്ടില്ല. അപേക്ഷകൾ ലഭിക്കുന്നമുറയ്ക്ക് ദുരന്തനിവാരണ നിയമപ്രകാരം ആവശ്യമായ ശാസ്ത്രീയ പരിശോധനകൾ നടത്തിയും ജിയോളജി മേഖലയിലെ വിദഗ്ധരുടെ റിപ്പോർട്ടുകൾ പരിശോധിച്ചും

മറ്റുബന്ധപ്പെട്ട നിയമങ്ങൾ അനുസരിച്ചും തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സ്വകാര്യഭൂമി ആയതിനാൽ, പ്രസ്തുത വസ്തു തട്ടുകളായി തിരിക്കുമ്പോൾ അധികം വരുന്ന മണ്ണ് മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് അനുമതി നൽകാൻ കഴിയുമോ?

മണ്ണ് നീക്കം ചെയ്യുന്നതിന് സ്വകാര്യ വ്യക്തികളുടെ അപേക്ഷകൾ റവന്യൂ വകുപ്പിൽ ലഭിച്ചിട്ടില്ലാത്തതാണ്. ചെങ്കുത്തായ പ്രദേശത്തെ മണ്ണ് നീക്കം ചെയ്യുമ്പോൾ സംജാതമാകാൻ സാധ്യതയുള്ള ദുരന്ത സാഹചര്യം വ്യക്തമായി വിലയിരുത്തിയശേഷം മാത്രമെ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകാൻ സാധിക്കുകയുള്ളൂ.

**റിവർ മാനേജ്മെന്റ് ഫണ്ട്**

350(1562) <u>ശ്രീ. ചാണ്ടി ഉമ്മൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും തുക ചെലവഴിച്ച് പൂർത്തീകരിച്ചതും ഇപ്പോൾ നടന്ന് വരുന്നതുമായ പ്രധാന

പ്രവൃത്തികൾ ഏതൊക്കെയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ?

ഈ സർക്കാരിന്റെ കാലത്ത് റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും തുക ചെലവഴിച്ച് പൂർത്തീകരിച്ചതും ഇപ്പോൾ നടന്ന് വരുന്നതുമായ കൊല്ലം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് ജില്ലകളിലെ പ്രധാന പ്രവൃത്തികളുടെ വിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു+. മറ്റ് ജില്ലകളിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും തുക ചെലവഴിച്ച് യാതൊരു പ്രവൃത്തികളും നിലവിൽ നടന്നുവരുന്നില്ല.

(ബി) പ്രസ്തുത ഫണ്ട് ചെലവഴിക്കാത്തതിനാൽ വക മാറ്റി ചെലവഴിച്ചിട്ടുണ്ടോ?

റിവർ മാനേജ്മെന്റ് ഫണ്ട് വക മാറ്റി ചെലവഴിച്ചിട്ടുള്ള കൊല്ലം, പാലക്കാട് ജില്ലകളുടെ വിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു+.

(സി) റിവർ മാനേജ്മെന്റ് ഫണ്ട് ചെലവഴിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ; ഇതിനായി റിവർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാനേജ്മെന്റ് വിദഗ്ധസമിതി രൂപീകരിക്കണമെന്ന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അപ്രകാരമുള്ള സമിതി രൂപീകരിക്കാത്തത് എന്തുകൊണ്ടെന്ന് അറിയിക്കുമോ?

റിവർ മാനേജ്മെന്റ് ഫണ്ട് ചെലവഴിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ അംഗീകരിക്കുന്ന നദീതീര വികസന പദ്ധതികൾ നടപ്പാക്കുന്നതിന്.

2. കാലാകാലങ്ങളിൽ നദികളിലെ മണലിന്റെ അളവ് തിട്ടപ്പെടുത്തുന്നതിന്.

3. ജില്ലാതല വിദഗ്ധ സമിതി കൂടുന്നതുമായി ബന്ധപ്പെട്ട ചെലവുകളും അനൗദ്യോഗിക അംഗങ്ങളുടെ യാത്രാപ്പടിയും അനുവദിക്കുന്നതിന്.

4. ഓഡിറ്റ് ചെലവുകൾ വഹിക്കുന്നതിന്.

5. മണൽ വാരൽ അനുവദിച്ചിട്ടില്ലാത്ത കടവുകൾ അടച്ചുകെട്ടുന്നതിനും സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനും.

6. കടവുകളിലേയ്ക്ക് വാഹനങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിന് 100 മീറ്റർ ദൂരത്തിൽ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിന്.

7. അനധികൃത മണൽ ഖനനവും കടത്തും തടയുന്നതിനുള്ള പരിശോധന വാഹനങ്ങളുടെ ഇന്ധനച്ചെലവുകൾ വഹിക്കുന്നതിന്.

8. സർക്കാർ മുൻകൂട്ടി അംഗീകാരം നൽകിയിട്ടുള്ളതും നിർദ്ദേശിക്കുന്നതുമായ മറ്റുപ്രവൃത്തികൾ ചെയ്യുന്നതിന്.

ജില്ലാ വിദഗ്ധസമിതി പുനഃസംഘടിപ്പിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിഗണിച്ചുവരുന്നു.

(ഡി) നിലവിൽ എത്ര പദ്ധതികളാണ് റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും തുക ഉപയോഗിച്ച് നടത്തുന്നതിനുള്ള ഭരണാനുമതിക്കായി കാത്തിരിക്കുന്നതെന്നും ഇതിനായി വേണ്ടിവരുന്ന ഫണ്ട് എത്രയാണെന്നും ഇതിൽ നടപടികൾ വൈകുന്നതിന് കാരണമെന്താണെന്നും വ്യക്തമാക്കുമോ?

നിലവിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും തുക ഉപയോഗിച്ച് ഭരണാനുമതിക്കായി കാത്തിരിക്കുന്നതും പ്രസ്തുത പ്രവൃത്തികൾക്ക്

വേണ്ടിവരുന്ന ഫണ്ട് എത്രയാണെന്ന് ബാധകമായിട്ടുള്ള ജില്ലകളുടെ വിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു+.

## റിവർ മാനേജ്മെന്റ് ഫണ്ട്

351(1563) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് പ്രവൃത്തികൾ ഒന്നുംതന്നെ നടന്നിട്ടില്ല.

(ബി) ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനായി പുതിയ പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിൽ മൂവാറ്റുപുഴയാറിൽ വെള്ളൂർ പഞ്ചായത്തിൽ വാർഡ് 12-ൽ തട്ടവേലി റോഡിന്റെ വലതുകരയിലെ സംരക്ഷണഭിത്തി നിർമ്മാണം,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മീനച്ചിലാറിൽ തിടനാട് പഞ്ചായത്തിൽ മുക്കലടിപാലം-ചട്ടവയലിൽ കൈപ്പള്ളിക്കാവ് റോഡിൽ വലതുകരയിലെ സംരക്ഷണഭിത്തിയുടെ നിർമ്മാണം എന്നീ പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്.

(സി) റിവർ മാനേജ്മെന്റ് ഫണ്ടിലുൾപ്പെടുത്തി പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ?

ആർ.എം.എഫ്. വിനിയോഗിച്ച് നടപ്പാക്കേണ്ടതായ പ്രവൃത്തികൾ കോട്ടയം ജില്ല മേജർ ഇറിഗേഷൻ വകുപ്പോ, ജനപ്രതിനിധികളോ റിവർമാനേജ്മെന്റ് പ്രവൃത്തികൾ ശിപാർശ ചെയ്യുന്ന മുറയ്ക്ക് ജില്ലാ വിദഗ്ധസമിതി പരിശോധന നടത്തുകയും ആയതിൽ അടിയന്തര പ്രാധാന്യമർഹിക്കുന്നവയിന്മേൽ സംസ്ഥാന ഉന്നതതല സമിതിയുടെ അംഗീകാരത്തോടെ ഭരണാനുമതി നൽകുകയും ചെയ്യുന്നു.

**ഉദ്യോഗസ്ഥർക്ക് ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പരിശീലനം**

352(1564) **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരംമാറ്റുന്നതിന് അപേക്ഷ നൽകുന്നവരെ ഉദ്യോഗസ്ഥർ നിരന്തരം ബുദ്ധിമുട്ടിക്കുന്നതിനാൽ തരംമാറ്റവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണ് ഇത്തരം ഒരു നിർദ്ദേശം കോടതിയുടെ ഭാഗത്തുനിന്നുണ്ടായതെന്ന് വ്യക്തമാക്കുമോ?

തൃശ്ശൂർ സബ് കളക്ടർ മുമ്പാകെ സമർപ്പിച്ച ഫോറം 9 അപേക്ഷ നിരസിച്ചതിനെതിരെ ശ്രീമതി കുക്കു ജോയി തൃശ്ശൂർ എന്നിവർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 39394/2023 നമ്പർ കേസിന്റെ 12-12-2023-ലെ ഉത്തരവിൽ തരംമാറ്റവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പരാമർശിച്ചിട്ടുണ്ട്.

(ബി) ബന്ധപ്പെട്ട നിയമങ്ങളെയും ചട്ടങ്ങളെയും കുറിച്ച് ഉദ്യോഗസ്ഥർക്ക് ശരിയായ ധാരണ ഇല്ലാത്തത് പൊതുജനങ്ങൾക്ക് കൂടുതൽ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുയെന്ന ആക്ഷേപം പരിഗണിച്ച് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർക്ക്

തുടർച്ചയായുള്ളതും ഫലപ്രദവുമായ സമഗ്ര പരിശീലന പരിപാടി ആവിഷ്കരിക്കുമോ; വിശദമാക്കാമോ?

എല്ലാതലത്തിലുംപെട്ട റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് റവന്യൂ വകുപ്പിന്റെ ഉദ്യോഗസ്ഥ പരിശീലന കേന്ദ്രമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് & ഡിസാസ്റ്റർ മാനേജ്മെന്റ് മുഖേന, ഈ വിഷയം ഉൾപ്പെടുത്തി, പ്രഗത്ഭരായ വ്യക്തികൾ നയിക്കുന്ന ചിട്ടയായ പരിശീലനം നൽകിവരുന്നുണ്ട്. കൂടാതെ, പുതിയതായി നിയമിക്കപ്പെട്ട എല്ലാ സബ് കളക്ടർമാർക്കും ഇക്കാര്യത്തിൽ പ്രത്യേക പരിശീലനം നൽകിയിട്ടുമുണ്ട്. ടി നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട സംശയദൂരീകരണം സാധ്യമാകുന്ന വിധത്തിലാണ് പരിശീലനം നൽകിവരുന്നത്. തരംമാറ്റ അപേക്ഷകൾ തീർപ്പാക്കുന്നത് സംബന്ധിച്ച് ഒരു SOP തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ നാളിതുവരെയുള്ള ഭേദഗതികളും സർക്കാർ ഉത്തരവുകളും സർക്കുലറുകളും കോടതി വിധികളും ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കുന്നതിനും 24-01-2024-ൽ കൂടിയ റവന്യൂ സെക്രട്ടേറിയറ്റ് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

**ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകളിന്മേലുള്ള പരിഹാരം**

353(1565) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുമെന്ന് മന്ത്രി നിയമസഭയിൽ നൽകിയ ഉറപ്പ് പാലിക്കപ്പെടാതിരിക്കാനുള്ള സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ?

ഭൂമി തരംമാറ്റുന്നതിന് സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ മുൻഗണനാക്രമം പാലിച്ച് രേഖകൾ ലഭ്യമാകുന്നമുറയ്ക്കാണ് നടപടി സ്വീകരിച്ചുവരുന്നത്. റിപ്പോർട്ടുകൾ യഥാസമയം ലഭിക്കാതിരിക്കൽ, ആവശ്യമായ രേഖകൾ അപേക്ഷകർ ഹാജരാക്കാതിരിക്കൽ, ഫീസ് ഒടുക്കാതിരിക്കൽ എന്നീ ഘട്ടങ്ങളിലാണ് അപേക്ഷകളുടെ പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നത്. കൂടാതെ, അപേക്ഷകളുടെ ബാഹുല്യവും LLMC യോഗം കൃത്യമായ ഇടവേളകളിൽ ചേരുന്നതിന് സാധിക്കാതെവരുന്ന ഘട്ടങ്ങളിലും കാലതാമസം നേരിടുന്നുണ്ട്. കൂടാതെ,

ഓൺലൈനായി ധാരാളം തരംമാറ്റ അപേക്ഷകൾ, ദിനംപ്രതി, ലഭിച്ചു കൊണ്ടിരിക്കുകയുമാണ്. ഈ സാഹചര്യത്തിലാണ് തരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യാനുള്ള അധികാരം ആർ.ഡി.ഒ.-മാർക്കൊപ്പം ഡെപ്യൂട്ടി കളക്ടർമാർക്കുകൂടി നൽകിക്കൊണ്ട് നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള ബിൽ നിയമസഭ പാസ്സാക്കിയത്. എന്നാൽ ഗവർണർ അംഗീകരിക്കാത്തതുമൂലം ബിൽ നിയമപരമായി തുടർനടപടി സ്വീകരിക്കാൻ കഴിയുന്നില്ല.

(ബി) ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിനായി താൽക്കാലിക അടിസ്ഥാനത്തിൽ എത്ര ജീവനക്കാരെയാണ് റവന്യൂ വകുപ്പിൽ നിയമിച്ചത്; എത്ര കാലയളവിലേയ്ക്കാണ് നിയമനം നടത്തിയത്; ഇവരുടെ ശമ്പളവും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ചെലവിന്റെ വിശദാംശങ്ങൾ ഇനം തിരിച്ച് അറിയിക്കാമോ?

ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിനായി താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരംമാറ്റ അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ, പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി പുറപ്പെടുവിച്ച 22-02-2022-ലെ സ.ഉ.(കൈ) നമ്പർ 56/2022/RD പ്രകാരം, 990 താൽക്കാലിക തസ്തികകൾ ആറുമാസത്തേയ്ക്ക് സൃഷ്ടിക്കുകയും അപ്രകാരം 179 ദിവസ കാലയളവിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ക്ലാർക്ക്, സർവ്വെയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരെ താൽക്കാലികമായി നിയമിക്കുകയും ചെയ്തിരുന്നു.

തുടർന്ന്, പൊതുതാല്പര്യ പ്രകാരം, തരംമാറ്റവുമായി ബന്ധപ്പെട്ട് ഒന്നാംഘട്ടത്തിൽ നിയമിച്ച ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ 179 ദിവസ കാലയളവിലേയ്ക്കുകൂടി താൽക്കാലികമായി പുനർനിയമിച്ചുകൊണ്ട്, തരംമാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനായി

26-11-2022-ലെ സ.ഉ.(കൈ) നമ്പർ 278/2022/RD നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

ഭൂമി തരംമാറ്റത്തിന് കുടിശ്ശികയായി കിടന്ന ഓഫ്‌ലൈൻ അപേക്ഷകൾ തീർപ്പാക്കുന്നതിന്, മേൽപ്രകാരം ലഭ്യമാക്കിയ അധിക സൗകര്യങ്ങൾ വളരെയേറെ പ്രയോജനപ്പെടുകയുണ്ടായി. എന്നാൽ, ഭൂമി തരംമാറ്റത്തിനായി ധാരാളം അപേക്ഷകൾ തുടർന്നും ലഭിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും പ്രസ്തുത ഫയലുകൾ അടിയന്തരമായി തീർപ്പാക്കേണ്ടതുണ്ട് എന്നതിനാലും ആയത്, റവന്യൂ ഡിവിഷണൽ ഓഫീസുകളിലെ നിലവിലുള്ള മാനുഷികശേഷിക്ക് അപ്രാപ്യമായ സംഗതിയാണെന്ന് കണ്ടതിനാലും ഭൂമി തരംമാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനും PSC വഴി നിയമിക്കാവുന്ന സ്ഥിരം ജീവനക്കാർ ആവശ്യമെന്ന് തോന്നിയതിനാലും തുടർന്നും ലഭിച്ചുകൊണ്ടിരിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിനുമായി 01-09-2023-ലെ സ.ഉ.(കൈ) 206/2023/RD നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

01-09-2023-ലെ സ.ഉ.(കൈ) 206/2023/RD നമ്പർ ഉത്തരവ് പ്രകാരം, രണ്ട് വർഷത്തേയ്ക്ക് താൽക്കാലിക തസ്തിക സൃഷ്ടിച്ച് 68 ജൂനിയർ സൂപ്രണ്ടുമാരെ സ്ഥാനക്കയറ്റത്തിലൂടെയും 181 ക്ലാർക്കുമാരെ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയും നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. കൂടാതെ, പ്രവർത്തന മികവ് പുലർത്തിയ 124 സർവ്വേയർമാരെ ദിവസവേതനാടിസ്ഥാനത്തിൽ 179 ദിവസത്തേയ്ക്കുകൂടി നിയമിച്ചും ഉത്തരവായിരുന്നു.

ഇപ്രകാരം നിയമിതരായ ജീവനക്കാരുടെ ശമ്പളവും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയ ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങളും ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

ശമ്പളവും വേതനത്തിനുമായി ആകെ ചെലവാക്കിയ തുക- 25,97,60,014.

വാഹന വാടക - 7,64,55,073

സ്റ്റേഷനറി - 1,03,70,662

ആകെ ചെലവഴിച്ച തുക - 34,65,85,749

(സി) ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിനായി താലൂക്കുകളിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടും വീണ്ടും അദാലത്തുകൾ നടത്തേണ്ട സാഹചര്യമുണ്ടോ; പ്രസ്തുത നടപടികൾ പരാജയപ്പെട്ടതിനാലാണോ ഈ സാഹചര്യമുണ്ടായത്; വിശദാംശം നൽകുമോ?

21-04-2021-ലെ SRO 369/2021 പ്രകാരം സൗജന്യ തരംമാറ്റത്തിനർഹതയുള്ളതും 25 സെന്റ് വരെ വിസ്തീർണ്ണമുള്ളതുമായ ഭൂമിയുടെ തരം മാറ്റത്തിനായി ഫാറം 6-ൽ നൽകുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായാണ് നിലവിൽ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുള്ളത്. സ്വീകരിച്ച നടപടികൾ പരാജയപ്പെട്ടതിന്റെ അടിസ്ഥാനത്തിലല്ല.

ഭൂമി തരംമാറ്റ അപേക്ഷകളുടെ ബാഹുല്യം തീർപ്പുകൽപ്പിക്കുന്നതിന് കാലതാമസത്തിന് ഇടയാക്കുന്നുണ്ട്. ആയതിനാൽ, പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം സമയബന്ധിതമായി നൽകുകയെന്ന ഉദ്ദേശ്യത്തോടെയുമാണ് അദാലത്തുകൾ നടത്തുന്നത്. കേരള നെൽവയൽ

തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർണ്ണയിച്ചിട്ടുള്ളതും അപ്രകാരം അവരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമായ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സംസ്ഥാനത്തെ ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്കുകൂടി അധികാരം നൽകി അവരെയും അപേക്ഷകൾ തീർപ്പാക്കുന്നതിനായി നിയോഗിക്കുന്നതിന് അധികാരപ്പെടുത്തുന്ന 2023-ലെ കേരള നെൽവയൽ തണ്ണീർത്തട (ഭേദഗതി) ബിൽ 15-ാം കേരള നിയമസഭയുടെ 9-ാം സമ്മേളനത്തിൽ ബഹുമാനപ്പെട്ട നിയമസഭ പാസ്സാക്കി ബഹുമാനപ്പെട്ട ഗവർണറുടെ അംഗീകാരത്തിനായി അയച്ചുവെങ്കിലും ആയത് ബഹുമാനപ്പെട്ട ഗവർണർ ഇതുവരെയും അംഗീകരിച്ച് നൽകാത്തതും അപേക്ഷകളുടെ ബാഹുല്യം തീർപ്പാക്കുന്നതിനായി അദാലത്തുകൾ സംഘടിപ്പിക്കേണ്ടതായിവന്നു.

**നെൽപാടം നികത്തുന്നതിന് പ്രത്യേക അനുമതി**

354(1566) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ നെൽപ്പാടം നികത്തുന്നതിന് പ്രത്യേക അനുമതി നൽകിയ എത്ര കേസുകൾ ഉണ്ടായിട്ടുണ്ട്; എത്ര ഏക്കർ ഭൂമിയാണ് ഇപ്രകാരം നികത്തുന്നതിന് അനുമതി നൽകിയിട്ടുള്ളത്; ഏതൊക്കെ ജില്ലകളിൽ ഏതൊക്കെ സർവ്വെ നമ്പർ പ്രകാരമുള്ള എത്ര വിസ്തീർണ്ണം ഭൂമിയാണ് നികത്തിയിട്ടുള്ളത്; ഓരോ ഭൂമിയും നികത്തിയതെന്താവശ്യത്തിന് വേണ്ടിയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

നെൽപ്പാടം നികത്തുന്നതിന് പ്രത്യേക അനുമതി നൽകുന്നത് പരിഗണിച്ചുവരുന്നത് നിലവിൽ ജില്ലാതല അധികൃത സമിതി, കാർഷികോൽപ്പാദന കമ്മീഷണർ കൺവീനറായ സംസ്ഥാനതല സമിതിയും കൂടാതെ മന്ത്രിസഭയുടെ പ്രത്യേക അനുമതിയോടെയുമാണ്. ആയതിനാൽ ടി വിഷയം സംബന്ധിച്ച് മേൽ കാര്യാലയങ്ങളിൽനിന്നും ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം ജില്ലയിൽ നിലം നികത്തി വീട് വയ്ക്കുന്നതിനായി 24-10-2016 മുതൽ 07-07-2023 വരെ 128 അപേക്ഷകൾക്ക് ജില്ലാ

അധികൃതസമിതി അനുമതി നൽകിയിട്ടുണ്ട്. കൂടാതെ മന്ത്രിസഭയുടെ അനുമതിയോടുകൂടി റവന്യൂ (പി) വകുപ്പിന്റെ 04-06-2022-ലെ 153/2022/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരം താലൂക്കിൽ ആറ്റിപ്ര വില്ലേജിൽ ബ്ലോക്ക് 17-ൽ വിവിധ സർവ്വേ നമ്പറുകളിലായി 798.42 ആർ ഭൂമി Technopark phase 3 വികസനവുമായി ബന്ധപ്പെട്ട് തരം മാറ്റിയിട്ടുള്ളതാണ്.

കൊല്ലം ജില്ലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഡാറ്റാ ബാങ്ക് പ്രകാരം നിലമായി കിടക്കുന്ന 291 കേസുകളിൽ 560.49 ആർ വസ്തുക്കൾക്ക് നിലം നികത്തി വീട് നിർമ്മിക്കുന്നതിനായി ജില്ലാതല അധികൃത സമിതി അനുമതി നൽകിയിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിൽ പത്തനംതിട്ട-റാന്നി അപ്രോച്ച് റോഡ് നിർമ്മാണത്തിനായി റാന്നി താലൂക്ക് റാന്നി വില്ലേജിലെ 21.83 ആർസ് നിലം പരിവർത്തനപ്പെടുത്തുന്നതിന് 16-12-2023-ലെ 120/2023/കൃഷി നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്.

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ പട്ടണക്കാട് വില്ലേജിൽ തേങ്ങാപ്പുരയ്ക്കൽ-ഇല്ലിക്കൽ റോഡ് നിർമ്മാണത്തിന് സർവ്വെ നമ്പർ 255/1, 255/3-2-3, 255/3-2 എന്നിവയിൽപ്പെട്ട 4.224 ആർസ് സ്ഥലം പരിവർത്തനപ്പെടുത്തുന്നതിന് 01-08-2024-ലെ 04/2024/കൃഷി നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്.

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ മുളക്കുഴ വില്ലേജിൽ സർവ്വെ നം.45/9-2-1-ൽ ഉൾപ്പെട്ട 1 ആർസ് 21 സ്ക്വയർ മീറ്റർ നിലം അങ്കണവാടി നിർമ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതിന് കൃഷി (എൻ.സി.എ.) വകുപ്പിന്റെ 17-08-2023-ലെ സ.ഉ.(കൈ) നം.76/2023/AGRI നമ്പർ ഉത്തരവ് പ്രകാരം പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്.

ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ വെളിയനാട് പഞ്ചായത്തിൽ കുടിവെള്ളത്തിനായി ഉന്നതതല ജലസംഭരണി നിർമ്മിക്കാൻ സർവ്വെ നമ്പർ 202/12-ൽ 2 സെന്റ് നിലം പരിവർത്തനപ്പെടുത്തുന്നതിനായി 01-08-2022-

ലെ 68/2022/കൃഷി നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്.

ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ തലവടി വില്ലേജിൽ സർവ്വെ നമ്പർ 593/3-1, 593/4-2, 593/15 എന്നീ സർവ്വെ നമ്പറുകളിലായി 125 സെന്റ് സ്ഥലം കുടിവെള്ള പദ്ധതിക്കായി ജലശുദ്ധീകരണ ശാലയും ഇൻടേക്ക് സ്ട്രക്ച്ചറും നിർമ്മിക്കാൻ സർവ്വെ നമ്പർ 202/12-ൽ 2 സെന്റ് നിലം പരിവർത്തനപ്പെടുത്തുന്നതിനായി 04-08-2022-ലെ 69/2022/കൃഷി നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്.

ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ കൈനകരി പഞ്ചായത്തിൽ വെള്ളാമിത്ര തേവർകാട് ചാലയച്ചിറ ലൂർദ്ദ് മാതാ ചർച്ച് ട്രാക്ടർ റോഡിന്റെ പുനർ നിർമ്മാണത്തിനും വീതികൂട്ടുന്നതിനുമായി സർവ്വെ നമ്പർ 1.3453 ഹെക്ടർ നെൽവയൽ നികത്തുന്നതിനായി 16-08-2022-ലെ 71/2022/കൃഷി നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്.

ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ കുന്നുമ്മ വില്ലേജിൽ സർവ്വെ നമ്പർ 111/01-ൽപ്പെട്ട 20 സെന്റ് സ്ഥലം ഉന്നതതല ജലസംഭരണ ടാങ്ക്

നിർമ്മാണത്തിനായി നികത്തുന്നതിന് 03-03-2023-ലെ 15/2023/കൃഷി നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്.

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ കണ്ണമംഗലം വില്ലേജിൽ 13.69 ആർസ് ഭൂമി റോഡ് നിർമ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതിന് 16-10-2023-ലെ കൃഷി (എൻ.സി.എ.) വകുപ്പ് സ.ഉ.(സാധാ)നം.97/2023 നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്.

കോട്ടയം ജില്ലയിൽ വീട് നിർമ്മാണയോഗ്യമായ പുരയിട വസ്തുക്കൾ ഇല്ലാത്തവർക്ക് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം നെൽവയൽ നികത്തി വീട് നിർമ്മിക്കാൻ ജില്ലാതല അധികൃത സമിതി അനുമതി നൽകിയിട്ടുള്ളത് 126 കേസുകൾക്കാണ്. 357.54 ആർ ഭൂമിയാണ് ഇപ്രകാരം നികത്താൻ അനുമതി നൽകിയിട്ടുള്ളത്.

ഇടുക്കി ജില്ലയിൽ വീട് നിർമ്മിക്കുന്ന ആവശ്യത്തിലേയ്ക്കായി 101 കേസുകളിലായി 3.8920 ഹെക്ടർ നിലം നികത്തുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്.

എറണാകുളം ജില്ലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഡാറ്റാ ബാങ്ക് പ്രകാരം നിലമായി കിടക്കുന്ന 227 കേസുകളിൽ 2283.889 ആർ വസ്തുക്കൾക്ക് നിലം നികത്തി വീട് നിർമ്മിക്കുന്നതിനായി ജില്ലാതല അധികൃത സമിതി അനുമതി നൽകിയിട്ടുണ്ട്.

എറണാകുളം ജില്ലയിൽ കൈപ്പട്ടൂർ വില്ലേജിൽ സർവ്വേ നമ്പർ 147/, 150/1-2Pt, 147/6, 147/5 എന്നീ നമ്പറുകളിൽപ്പെട്ട 22 സെന്റ് ഭൂമി ടൂറിസം ഡെസ്റ്റിനേഷൻ ചലഞ്ചിന്റെ ഭാഗമായി നിർമ്മിക്കുന്ന മൂലമ്യാൽ ടൂറിസം പാർക്കിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിലേയ്ക്കായി കൃഷി (എൻ.സി.എ.) വകുപ്പിന്റെ 19-08-2023-ലെ സ.ഉ.(കൈ)നം.77/2023/AGRI നമ്പർ ഉത്തരവ് പ്രകാരം പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്.

എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്ക് വെങ്ങോല വില്ലേജ്, ബ്ലോക്ക് 20, റീസർവ്വേ നം.238/9 -ൽപ്പെട്ട 1.21 ആർസ് വസ്തു അങ്കണവാടി കെട്ടിടം പണിയുന്നത് കൃഷി എൻ.സി.എ. സ.ഉ.(കൈ) 40/2023/AGRI നമ്പർ ഉത്തരവ് പ്രകാരം പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്.

തൃശ്ശൂർ ജില്ലയിൽ അന്നകര വില്ലേജിൽ ഗെയിൽ പൈപ്പ്ലൈൻ സെക്ഷനലൈസിംഗ് വാൽവ് നിർമ്മാണത്തിനായി സർവ്വേ 87-ലെ 50.01 സെന്റ് ഭൂമി 22-11-2017-ലെ സ.ഉ.(MS)No.149/2017/കൃഷി പ്രകാരം പരിവർത്തനപ്പെടുത്താൻ അനുമതി നൽകിയിട്ടുള്ളതാണ്.

തൃശ്ശൂർ ജില്ലയിൽ കല്ലൂർ വടക്കുംമുറി വില്ലേജിൽ ഗെയിൽ പൈപ്പ്ലൈൻ സെക്ഷനലൈസിംഗ് വാൽവ് നിർമ്മാണത്തിനായി സർവ്വേ 119/1, 119/2, 84/2,83, 120/2, 120/3-ലെ 0.2819 ഹെക്ടർ ഭൂമി 2-03-2019-ലെ സ.ഉ.(MS)No.36/2019/കൃഷി പ്രകാരം പരിവർത്തനപ്പെടുത്താൻ അനുമതി നൽകിയിട്ടുള്ളതാണ്.

തൃശ്ശൂർ ജില്ലയിൽ ഏങ്ങണ്ടിയൂർ വില്ലേജിൽ വാതകശ്മശാന നിർമ്മാണത്തിനായി സർവ്വേ 31-ലെ 90 സെന്റ് ഭൂമി 30-8-2022-ലെ സഉ(കൈ)No.78/2022/കൃഷി പ്രകാരം പരിവർത്തനപ്പെടുത്താൻ അനുമതി നൽകിയിട്ടുള്ളതാണ്.

തൃശ്ശൂർ ജില്ലയിൽ ചാവക്കാട് വില്ലേജിൽ ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി സർവ്വേ 129/14-ലെ 0.2012 ഹെക്ടർ ഭൂമി 1-6-2023 -ലെ

സഉ(കൈ)No.51/2023/കൃഷി പ്രകാരം പരിവർത്തനപ്പെടുത്താൻ അനുമതി നൽകിയിട്ടുള്ളതാണ്.

തൃശ്ശൂർ ജില്ലയിൽ വാടാനപ്പിള്ളി വില്ലേജിൽ കളിസ്ഥലം നിർമ്മാണത്തിനായി സർവ്വേ 433/3-ലെ 0.2839 ഹെക്ടർ ഭൂമി 23-5-2022 -ലെ സഉ(കൈ)No.38/2022/AGRI പ്രകാരം പരിവർത്തനപ്പെടുത്താൻ അനുമതി നൽകിയിട്ടുള്ളതാണ്.

തൃശ്ശൂർ ജില്ലയിൽ ഒരുമനയൂർ വില്ലേജിൽ വാട്ടർ ടാങ്ക് നിർമ്മാണത്തിനായി സർവ്വേ 64/1-ലെ 6.07 ആർ ഭൂമി 08-01-2024-ലെ സ.ഉ.(കൈ)No.5/2024/AGRI പ്രകാരം പരിവർത്തനപ്പെടുത്താൻ അനുമതി നൽകിയിട്ടുള്ളതാണ്.

തൃശ്ശൂർ ജില്ലയിൽ അയ്യന്തോൾ വില്ലേജിൽ കിൻഫ്രയ്ക്ക് വ്യവസായ പാർക്ക് നിർമ്മാണത്തിനായി വിവിധ സർവ്വേ നമ്പറുകളിലായി 30 ഏക്കർ ഭൂമി 05-01-2024-ലെ സഉ(കൈ)No.3/2024/AGRI പ്രകാരം പരിവർത്തനപ്പെടുത്താൻ അനുമതി നൽകിയിട്ടുള്ളതാണ്.

പാലക്കാട് ജില്ലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ നെൽപ്പാടം നികത്തുന്നതിന് പ്രത്യേക അനുമതി നൽകിയിട്ടില്ലാത്തതാണ്.

മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിൽ ഈഴവത്തിരുത്തി വില്ലേജിൽ മിനി വൈദ്യുതി ഭവൻ നിർമ്മാണത്തിനായി സർവ്വേ 227/2-ലെ 11.33 ആർ ഭൂമി 26-08-2022-ലെ സഉ(കൈ)No.75/2022/AGRI പ്രകാരം പരിവർത്തനപ്പെടുത്താൻ അനുമതി നൽകിയിട്ടുള്ളതാണ്.

മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിൽ മാറാഞ്ചേരി വില്ലേജിൽ ഓലമ്പാക്കടവു പാലവും അപ്രോച്ച് റോഡും നിർമ്മാണത്തിനായി സർവ്വേ 161/1-ലെ 0.45 ആർ ഭൂമി 30-11-2023-ലെ സഉ(കൈ)No.114/2023/AGRI പ്രകാരം പരിവർത്തനപ്പെടുത്താൻ അനുമതി നൽകിയിട്ടുള്ളതാണ്.

മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ താലൂക്കിൽ ഏലംകുളം വില്ലേജിൽ ചെറുകര റെയിൽവെ മേൽപ്പാലം നിർമ്മാണത്തിനായി സർവ്വേ 55 എ, 92/1, 102 എ/6-ലെ 2.6056 ആർ ഭൂമി 08-01-2024-ലെ

സഉ(കൈ)No.8/2024/AGRI പ്രകാരം പരിവർത്തനപ്പെടുത്താൻ അനുമതി നൽകിയിട്ടുള്ളതാണ്.

മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ തലക്കാട് വില്ലേജിൽ കെ.എസ്.ഇ.ബി.-യുടെ ആവശ്യത്തിലേയ്ക്കായി സർവ്വേ 179/3, 180/4, 180/5 -ലെ 57.44 ആർ ഭൂമി പരിവർത്തനപ്പെടുത്താൻ അനുമതി നൽകിയിട്ടുള്ളതാണ്.

മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ പൊൻമുണ്ടം വില്ലേജിൽ പൊൻമുണ്ടം ഗവ. ഹൈസ്കൂൾ നിർമ്മാണത്തിനായി സർവ്വേ 307/12, 15, 16, 322/1, 2, 3, 5-ലെ 40.8 ആർ ഭൂമി 12-02-2023-ലെ സഉ(കൈ)No.13/2023/AGRI പ്രകാരം പരിവർത്തനപ്പെടുത്താൻ അനുമതി നൽകിയിട്ടുള്ളതാണ്.

മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി താലൂക്കിൽ നെടുവ വില്ലേജിൽ പരപ്പനങ്ങാടി കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ നിർമ്മാണത്തിനായി സർവ്വേ 193/8-ലെ 47.06 ആർ ഭൂമി 07-07-2023-ലെ സഉ(കൈ)No.63/2023/AGRI പ്രകാരം പരിവർത്തനപ്പെടുത്താൻ അനുമതി

നൽകിയിട്ടുള്ളതാണ്. മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ താലൂക്കിൽ കുറവമ്പലം വില്ലേജിൽ സർവ്വെ 90, 250/12, 283/2,3,4,5-ലെ 21.08 ആർ ഭൂമി പരിവർത്തനപ്പെടുത്താൻ അനുമതി നൽകിയിട്ടുള്ളതാണ്.

മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി താലൂക്കിൽ വള്ളിക്കുന്ന് വില്ലേജിൽ കാര്യാട്ടുകടവ് അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സർവ്വേ 661/6, 7, 9, 10-ലെ 11.33 ആർ ഭൂമി 26-08-2022-ലെ സ.ഉ(കൈ)No.75/2022/AGRI പ്രകാരം പരിവർത്തനപ്പെടുത്താൻ അനുമതി നൽകിയിട്ടുള്ളതാണ്.

മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിൽ പെരുമ്പടപ്പ് വില്ലേജിൽ സർവ്വേ 18/5-ലെ 2 ആർ ഭൂമി പരിവർത്തനപ്പെടുത്താൻ അനുമതി നൽകിയിട്ടുള്ളതാണ്.

കോഴിക്കോട് ജില്ലയിൽ നെൽവയൽ നികത്തുന്നതിന് പ്രത്യേക അനുമതി നൽകിയ കേസുകളില്ല.

വയനാട് ജില്ലയിൽ നാളിതുവരെ നെൽപ്പാടം നികത്തുന്നതിന് പ്രത്യേക അനുമതി നൽകിയ കേസുകളില്ല. എന്നാൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരമുള്ള ഫോറം 1

അപേക്ഷകളിൽ പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശിപാർശയിൽ അനുമതി നൽകിയിട്ടുണ്ട്. ആയത് പ്രത്യേക കേസുകളായല്ല പരിഗണിച്ചിട്ടുള്ളത്.

കണ്ണൂർ ജില്ലയിൽ നെൽവയൽ നികത്തുന്നതിന് പ്രത്യേക അനുമതി നൽകിയ കേസുകളില്ല.

കാസർഗോഡ് ജില്ലയിൽ കളനാട് വില്ലേജിലെ സർവ്വെ നമ്പർ 56/6PT യിൽപ്പെട്ട 1.21 ആർസ് ഭൂമി അങ്കണവാടി നിർമ്മാണത്തിനായി 18-09-2023-ലെ സഉ(കൈ)No.88/2023/AGRI നമ്പർ പ്രകാരം പരിവർത്തനപ്പെടുത്താൻ അനുമതി നൽകിയിട്ടുള്ളതാണ്.

(ബി) ഈ കാലയളവിൽ മന്ത്രിസഭയുടെ പ്രത്യേക അനുമതിയോടെ നികത്തിയിട്ടുള്ള നെൽപ്പാടങ്ങൾ സംബന്ധിച്ച മേല്പറഞ്ഞ വിശദാംശങ്ങളും ലഭ്യമാക്കുമോ?

ബ്രഹ്മപുരം വേസ്റ്റ് ടു എനർജി പ്രോജക്ട് സ്ഥാപിക്കുന്നതിനായി എറണാകുളം ജില്ലയിൽ പുത്തൻകുരിശ്ശ് വില്ലേജിൽ ബ്ലോക്ക് നമ്പർ 37-ൽ റീസർവ്വേ നമ്പർ 30, 35, 36, 37, 45, 56 എന്നിവയിൽ ഉൾപ്പെട്ട 551.8 ആർ

ഭൂമി, ടെക്നോപാർക്ക് 3-ാം ഘട്ട വികസനത്തോടനുബന്ധിച്ച് കമ്പനികൾക്ക് ഉപപാട്ടത്തിന് നൽകുന്നതിനായി തിരുവനന്തപുരം ജില്ലയിൽ ആറ്റിപ്ര വില്ലേജിൽ വിവിധ സർവ്വെ നമ്പരുകളിലായി 861.2 ആർ ഭൂമി, ഗെയിൽ എസ്.വി. സ്റ്റേഷൻ നിർമ്മിക്കുന്നതിനായി മലപ്പുറം ജില്ലയിൽ കോഡൂർ വില്ലേജിൽ സർവ്വേ നമ്പർ 362/1A, 362/3 എന്നിവയിൽ 20.23 ആർ ഭൂമി, ഗെയിൽ എസ്.വി. സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ പുത്തൂർ വില്ലേജിൽ റീസർവ്വേ നമ്പർ 33/2-ൽ 20.2 ആർ ഭൂമി, ഗെയിൽ എസ്.വി. സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ ഉണ്ണിക്കുളം വില്ലേജിൽ റീസർവ്വേ നമ്പർ 52/5-ൽ 60.69 ആർ ഭൂമി, എന്നിവയ്ക്ക് 18-10-2019-ലെ SRO 764/2019 പ്രകാരം പരിവർത്തനാനുമതി നൽകിയിട്ടുള്ളതാണ്. തുടർന്ന്, SRO 764/2019 ഭേദഗതി ചെയ്തുകൊണ്ട്, 16-02-2023-ലെ SRO 221/2023 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

മേൽവിവരം കൂടാതെ ലഭ്യമായ മറ്റുവിവരം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വക്കം-കായിക്കരക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കൽ**

355(1567) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വക്കം-കായിക്കരക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി വിശദമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ അഞ്ചുതെങ്ങ്, വക്കം എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട 0.5043 ഹെക്ടർ ഭൂമി ടി.എസ്. കനാലിന് കുറുകെ കായിക്കര പാലം നിർമ്മാണത്തിന് 2013-ലെ എൽ.എ.ആർ.ആർ. നിയമപ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതും സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്മേൽ വിദഗ്ധ സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഭൂമിയേറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകുന്നതിന് അനുമതി നൽകിയിട്ടുള്ളതുമാണ്.

സെക്ഷൻ 11(1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനം 27-07-2022-ലെ 2484-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും പുനരധിവാസ പുനഃസ്ഥാപന പാക്കേജ് 12-11-2023-ൽ

അംഗീകരിച്ചിട്ടുള്ളതുമാണ്. 19(1) പ്രഖ്യാപനം 04-12-2023-ലെ 3939-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

**ഏറ്റുമാന്നൂർ-എറണാകുളം റോഡിലെ സ്ഥലമേറ്റെടുപ്പ് നടപടികൾ**

356(1568) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാന്നൂർ-എറണാകുളം റോഡിലെ അപകടകരമായ വളവുകൾ മാറ്റുന്നതിന് ആവശ്യമായ സ്ഥലമേറ്റെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഏറ്റുമാന്നൂർ - എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിനായി മീനച്ചിൽ താലൂക്കിലെ കാണക്കാരി വില്ലേജ്, വൈക്കം താലൂക്കിലെ കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുചിറ, കടുത്തുരുത്തി, വടയാർ എന്നീ വില്ലേജുകളിൽ ഉൾപ്പെട്ടുവരുന്ന 1.9652 ഹെക്ടർ സ്ഥലം LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിനായി 4(1) നോട്ടിഫിക്കേഷൻ 03-06-2022-ലും 11(1) നോട്ടിഫിക്കേഷൻ 10-07-2023-ലും ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. 75% സർവ്വെ പൂർത്തിയായിട്ടുണ്ട്.

(ബി) അലൈൻമെന്റിൽ ഉൾപ്പെട്ടുവരുന്ന ഭൂമിയിലെ അതിർത്തി കല്ലുകൾ എല്ലാം പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോയെന്നും നഷ്ടപ്പെട്ടുപോയവ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ 19(1) പ്രഖ്യാപനം എന്നത്തേയ്ക്ക് നടത്താൻ കഴിയുമെന്ന് അറിയിക്കാമോ?

(ബി & സി) അലൈൻമെന്റിൽ ഉൾപ്പെട്ടുവരുന്ന ഭൂമിയിലെ അതിർത്തി കല്ലുകൾ എല്ലാം പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ നഷ്ടപ്പെട്ടുപോയവ പുനഃസ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട അർത്ഥനാധികാരിക്ക് നൽകിയിട്ടുള്ളതാണ്. അതിർത്തി കല്ലുകൾ പുനഃസ്ഥാപിക്കുന്ന മുറയ്ക്ക് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ പുനരധിവാസ പുനഃസ്ഥാപന പാക്കേജ് പ്രസിദ്ധപ്പെടുത്തി 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതാണ്.

(ഡി) സാമൂഹികാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സാമൂഹ്യാഘാത പഠനം നടത്തുന്നതിന് രാജഗിരി ഔട്ട്റിച്ച് സർവ്വീസ് സൊസൈറ്റിയെ ചുമതലപ്പെടുത്തി 4(1) വിജ്ഞാപനം 03-06-2022-ലെ 1825-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്.

സാമൂഹിക ആഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുള്ളതും വിദഗ്ദ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് എൽ.എ.ആർ.ആർ. നിയമം സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം അനുമതി നൽകിയിട്ടുള്ളതുമാണ്. തുടർന്ന് 11(1) വിജ്ഞാപനം 10-07-2023-ലെ 2266-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.

**പൂഞ്ഞാർ മണ്ഡലത്തിലെ ഭൂമിയേറ്റെടുക്കൽ നടപടി**

357(1569) **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിന്റെ പരിധിയിൽ വിവിധ വികസന പദ്ധതികൾക്കായുള്ള ഭൂമിയേറ്റെടുക്കൽ നടപടികളുടെ പുരോഗതി പദ്ധതി തിരിച്ച് വിശദമാക്കാമോ?

1. <u>ഈരാറ്റുപേട്ട - വാഗമൺ റോഡ് പുനരുദ്ധാരണം</u>

ഈരാറ്റുപേട്ട - വാഗമൺ റോഡ് വികസനത്തിനായി കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ ഈരാറ്റുപേട്ട, തീക്കോയി വില്ലേജുകളിലും ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ വാഗമൺ വില്ലേജിൽ ഉൾപ്പെടുന്ന 1.8760 ഹെക്ടർ ഭൂമി LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതും SIA പഠനം നടത്തുന്നതിനായി CMD തിരുവനന്തപുരത്തിനെ തെരഞ്ഞെടുത്ത് 4(1) നോട്ടിഫിക്കേഷൻ 16-06-2023-ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും SIA പഠനത്തിന്റെ അന്തിമ റിപ്പോർട്ട് 24-11-2023-ൽ ഏജൻസി സമർപ്പിച്ചിട്ടുള്ളതുമാണ്. സാമൂഹിക ആഘാത പഠന റിപ്പോർട്ട് വിലയിരുത്തി ശിപാർശ സമർപ്പിക്കുന്നതിന് വിദഗ്ധ സമിതിയെ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. <u>മാർമല ചെറുകിട ജലവൈദ്യുത പദ്ധതി</u>

മാർമല ചെറുകിട ജല വൈദ്യുത പദ്ധതിക്കായി മീനച്ചിൽ താലൂക്കിൽ തലനാട്, തീക്കോയി വില്ലേജുകളിൽപ്പെട്ട 5.9099 ഹെക്ടർ പട്ടയ ഭൂമിയും 0.5236 ഹെക്ടർ പട്ടയ രഹിത ഭൂമിയും ഉൾപ്പെടെ 6.43 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി SIA പഠനം നടത്തുന്നതിന് 15-11-2021-ലെ G.O.(P)No.175/2021/RD ഉത്തരവ് പ്രകാരം 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത പദ്ധതിയുടെ വകുപ്പ് 11(1) പ്രകാരമുള്ള വിജ്ഞാപനം 29-08-2022-ലെ G.O.(P)No.228/2022/RD നമ്പർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും സർവ്വെ പൂർത്തിയാക്കി BVR 19-01-2023-ൽ ഉത്തരവായിട്ടുള്ളതുമാണ്.

പ്രസ്തുത പദ്ധതിയുടെ 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിന് 28-08-2024 വരെ സമയപരിധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്.

3. <u>ഇടക്കുന്നം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേയ്ക്കുള്ള റോഡ് വികസനം</u>

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ ഇടക്കുന്നം വില്ലേജിൽ ഉൾപ്പെട്ട 0.0973 ഹെക്ടർ സ്ഥലം മിനി ഇൻസ്ട്രിയൽ എസ്റ്റേറ്റിലേയ്ക്കുള്ള റോഡ് വികസനത്തിനായി ഏറ്റെടുക്കുന്നതിന് അർത്ഥന ലഭിച്ചിട്ടുള്ളതും 11(1)

വിജ്ഞാപനം 10-02-2022-ൽ പ്രസിദ്ധീകരിച്ചിരുന്നതും പ്രസ്തുത പദ്ധതിയുടെ BVR, DVS എന്നിവ അംഗീകരിച്ചിട്ടുള്ളതുമാണ്. അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കാത്തതിനാൽ പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിന് സാധിച്ചിട്ടില്ലാത്തതാണ്. പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിന് 29-04-2024 വരെ സമയപരിധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത നടപടികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കാമോ?

1. <u>ഈരാറ്റുപേട്ട - വാഗമൺ റോഡ് പുനരുദ്ധാരണം</u>

SIA പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 2 മാസത്തിനുളളിൽ 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതും തുടർന്ന് സർവ്വെ സബ് ഡിവിഷൻ, Structural Valuation, R&R പാക്കേജിനുള്ള നടപടി എന്നിവ പൂർത്തിയാക്കി അർത്ഥനാധികാരി

ഫണ്ട് ലഭ്യമാക്കിയാൽ പ്രഖ്യാപനം പ്രസിദ്ധീകരിച്ച് 2024 ഡിസംബറോടുകൂടി സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കുന്നതാണ്.

2. മാർമല ചെറുകിട ജലവൈദ്യുത പദ്ധതി

മാർമല ചെറുകിട ജല വൈദ്യുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട R&R അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിയുടെ പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിന് 28-08-2024 വരെ സമയപരിധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്. അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതും തുടർന്ന് അവാർഡ് എൻക്വയറി നടത്തി 2 മാസത്തിനുള്ളിൽ സ്ഥലം അർത്ഥനാധികാരിക്ക് കൈമാറാവുന്നതുമാണ്.

3. ഇടക്കുന്നം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേയ്ക്കുള്ള റോഡ് വികസനം

അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കാത്തതിനാൽ പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിന് സാധിച്ചിട്ടില്ലാത്തതാണ്. പ്രഖ്യാപനം

പ്രസിദ്ധീകരിക്കുന്നതിന് 29-04-2024 വരെ സമയപരിധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്. അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കിയാലുടൻ പ്രഖ്യാപനം പ്രസിദ്ധീകരിക്കാവുന്നതും തുടർന്ന് അവാർഡ് എൻക്വയറി നടത്തി 2 മാസത്തിനുള്ളിൽ സ്ഥലം അർത്ഥനാധികാരിക്ക് കൈമാറാവുന്നതുമാണ്.

**കടുത്തുരുത്തി ബസ്ബേ ടെർമിനൽ നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ്**

358(1570) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി വലിയ പാലത്തോട് ചേർന്ന് ബസ്ബേ ടെർമിനൽ നിർമ്മിക്കുന്നതിനായുള്ള സ്ഥലമേറ്റെടുപ്പ് നടപടികളെക്കുറിച്ച് വിശദീകരിക്കാമോ?

കടുത്തുരുത്തി വലിയ പാലത്തോട് ചേർന്ന് ബസ് ബേ ടെർമിനൽ നിർമ്മിക്കുന്നതിനായുള്ള സ്ഥലമെടുപ്പ് നടപടികൾക്കായി റിക്വിസിഷൻ ലഭ്യമായിട്ടില്ലാത്തതാണ്.

(ബി) പ്രസ്തുത പദ്ധതിക്ക് വേണ്ടിയുള്ള സ്ഥലമേറ്റെടുപ്പിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതിക്കായി എത്ര സ്ഥലം ഏറ്റെടുക്കേണ്ടി വരുമെന്ന് വ്യക്തമാക്കാമോ; ആയതിന്റെ അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; സ്ഥലമെടുപ്പിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

(ബി & സി) ബാധകമല്ല.

**കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ റെയിൽവെ മേൽപാലങ്ങളുടെ സ്ഥലമെടുപ്പ്**

359(1571) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ റെയിൽവെ മേൽപ്പാലങ്ങളായ കടുത്തുരുത്തി, കുറുപ്പന്തറ, കോതനല്ലൂർ മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ് നടപടികളുടെ പുരോഗതി വിശദീകരിക്കാമോ?

1. കുറുപ്പന്തറ ROB

കുറുപ്പന്തറ റെയിൽവെ മേൽപ്പാലം നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പ് നടപടിയിലെ 11 (1) പ്രാരംഭ വിജ്ഞാപനം 16-07-2020-ലും 19(1) വകുപ്പുപ്രകാരമുള്ള പ്രഖ്യാപനം 14-07-2022-ലും പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

68 കൈവശങ്ങൾ ഉൾപ്പെട്ടുവരുന്നതിൽ 61 കേസുകളിൽ അവാർഡ് പാസ്സാക്കിയിട്ടുള്ളതാണ്. സ്ഥലമെടുപ്പ് നടപടികൾക്കെതിരെ ശ്രീ. കെ ജെ. ജയിംസ്, കണ്ടാരപ്പള്ളിൽ, ശ്രീ. അലക്സ് തയ്യിൽ എന്നിവർ ഫയൽ ചെയ്ത WP(C)18680/21 നമ്പർ കേസിൽ നടപടിക്രമങ്ങൾ തുടരുന്നത് സംബന്ധിച്ച് ഇടക്കാല ഉത്തരവിൽ വ്യക്തത വരുത്താത്തപക്ഷം, ബാക്കിയുള്ള കേസുകളിൽ അവാർഡ് പാസ്സാക്കുന്നതും ഹർജിക്കാർ ഒഴികെയുള്ള ഭൂവുടമകൾക്ക് അവാർഡ് വിതരണം ചെയ്യുന്നതും ഉൾപ്പെടെയുള്ള തുടർനടപടികളൊന്നും സ്വീകരിക്കാൻ പാടില്ലെന്ന് സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ നിയമോപദേശം നൽകിയിട്ടുള്ളതാണ്. WP(C)18680/21 നമ്പർ കേസിൽ അന്തിമ ഉത്തരവ് ലഭ്യമായിട്ടില്ല.

പ്രസ്തുത പദ്ധതിക്കായി അർത്ഥനാധികാരിയായ RBDCK മാനേജിംഗ് ഡയറക്ടർ അഡീഷണൽ റിക്വിസിഷൻ സമർപ്പിച്ചിട്ടുള്ള വസ്തുക്കളുടെ BVR 24-04-2023-ൽ അംഗീകരിച്ചിട്ടുള്ളതാണ്. നഷ്ടപരിഹാര തുക തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത സ്ഥലമെടുപ്പ് നടപടികളുടെ അവാർഡ് പാസ്സാക്കുന്നതിനുള്ള സമയപരിധി 6 മാസംകൂടി

ദീർഘിപ്പിച്ച് 09-08-2023-ലെ ജി.ഒ.(പി)നം.188/2023/റവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

2. കടുത്തുരുത്തി ROB

പ്രസ്തുത പദ്ധതിക്കായി പുതുക്കിയ അർത്ഥന 28-09-2022-ൽ അർത്ഥനാധികാരിയായ RBDCK മാനേജിംഗ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ളതും SIA പഠനം നടത്തുന്നതിനായി കേരള വോളണ്ടറി ഹെൽത്ത് സർവ്വീസസിനെ തെരഞ്ഞെടുത്ത് 4(1) നോട്ടിഫിക്കേഷൻ 07-05-2023-ൽ ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുള്ളതുമാണ്. SIA പഠന റിപ്പോർട്ട് വിലയിരുത്തുന്നതിന് 09-11-2023-ൽ വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

3. കോതനല്ലൂർ ROB

കുറുപ്പന്തറ - ഏറ്റുമാനൂർ റെയിൽവെ സ്റ്റേഷനുകൾക്കിടയിലുള്ള LC No.23 ROB നിർമ്മാണത്തിനായി വൈക്കം താലൂക്കിൽ കോതനല്ലൂർ വില്ലേജിൽപ്പെട്ട 52.85 ആർ വസ്തു LARR Act 2013 പ്രകാരം എടുക്കുന്നതിനായി 4(1) നോട്ടിഫിക്കേഷൻ 15-07-2022-ലും 11(1)

വിജ്ഞാപനം 13-03-2023-ലും ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുള്ളതാണ്. സർവ്വെ പൂർത്തീകരിച്ച് മഹസ്സർ തയ്യാറാക്കിയിട്ടുള്ളതും BVR അംഗീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) കടുത്തുരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; ഈ റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പിൽ ഉണ്ടായിരിക്കുന്ന പ്രധാനതടസ്സങ്ങൾ വിശദീകരിക്കാമോ; പ്രസ്തുത പദ്ധതിയുടെ സാമൂഹികാഘാത പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കടുത്തുരുത്തി RCB പദ്ധതിയുടെ 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടില്ലാത്തതാണ്. പദ്ധതിയുടെ SIA പഠനം നടത്തുന്നതിനായി കേരള വോളണ്ടറി ഹെൽത്ത് സർവ്വീസസിനെ തെരഞ്ഞെടുത്തിട്ടുള്ളതും 4(1) നോട്ടിഫിക്കേഷൻ 07-05-2023-ൽ ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുള്ളതുമാണ്. SIA പഠന റിപ്പോർട്ട് വിലയിരുത്തുന്നതിന് 09-11-2023-ൽ വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിരുന്നതുമാണ്. വിദഗ്ധ

സമിതിയിൽ കൺവീനറായി ചുമതലപ്പെടുത്തിയിരുന്ന അർത്ഥനാധികാരിയുടെ പ്രതിനിധി വിദേശത്ത് ജോലി ലഭിച്ച് പോയതിനാൽ വിദഗ്ധ സമിതി യോഗം ചേരുന്നതിന് സാധിച്ചിരുന്നില്ല. ഇതുസംബന്ധിച്ച് അർത്ഥനാധികാരി 18-01-2024-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

**സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കുമ്പോഴുള്ള നടപടികൾ**

360(1572) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന ആവശ്യങ്ങൾക്കായി സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കേണ്ടിവരുന്ന സാഹചര്യത്തിൽ ആയതിന് ഭരണാനുമതി ആവശ്യമാണോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം സാഹചര്യങ്ങളിൽ പാലിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ?

(എ & ബി) 2013-ലെ LARR നിയമപ്രകാരമുള്ള നിർബന്ധിത ഭൂമി ഏറ്റെടുക്കലിൽ സർക്കാരിൽനിന്നും ഭരണാനുമതി ലഭ്യമാക്കുന്നത്

നിയമപരമായ ആവശ്യകതയാണ്. 14-02-2019-ലെ GO(Ms) No.56/2019/RD നമ്പർ ഉത്തരവുപ്രകാരം ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തിക്കൊണ്ടുള്ള പദ്ധതികളുള്ള ഭരണ വകുപ്പിന്റെ അനുമതിയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ ഭരണാനുമതിയും ആവശ്യമാണ്.

(സി) ഇത്തരം സാഹചര്യങ്ങളിൽ ധനകാര്യ വകുപ്പിന്റെ അനുമതിയുടെ ആവശ്യകത എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ധനകാര്യ വകുപ്പിന്റെ അനുമതിയില്ലാതെ നിർദ്ദിഷ്ട പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ റവന്യൂ വകുപ്പിന് കഴിയുമോയെന്ന് വിശദമാക്കാമോ?

(സി & ഡി) ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തിക്കൊണ്ട് പദ്ധതികളുള്ള അനുമതി ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ചശേഷമാണ് ഭരണവകുപ്പ് പുറപ്പെടുവിക്കുന്നത്.

**കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ**

361(1573) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കടുത്തുരുത്തി മണ്ഡലത്തിലെ കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിനായി 4(1) നോട്ടിഫിക്കേഷൻ 15-10-2020-ലും 11(1) നോട്ടിഫിക്കേഷൻ 23-09-2021-ലും ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുള്ളതാണ്. അർത്ഥനാധികാരി ഫണ്ട് ലഭ്യമായിട്ടില്ലാത്തതിനാൽ 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള സമയപരിധി 18 മാസംകൂടി (22-03-2024 വരെ) ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്.

(ബി) കോട്ടയം ജില്ലാ കളക്ടർ അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് 24-02-2023-ൽ ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതാണ്.

(സി) സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് ഇനിയുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ?

അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കിയാലുടൻ പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിനും തുടർന്ന് അവാർഡ് എൻക്വയറി നടത്തി, പാസ്സാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറാവുന്നതുമാണ്.

(ഡി) ഇതുസംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ വിശദമായ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇക്കാര്യത്തിൽ ഉണ്ടായിരിക്കുന്ന കാലതാമസം വിശദീകരിക്കാമോ; സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്ലാൻ ശിപാർശ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

പദ്ധതി സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ വിശദമായ റിപ്പോർട്ട് ജില്ലാ കളക്ടറേറ്റിൽ ലഭ്യമാക്കിയിട്ടില്ല. അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കാത്തതിനാലാണ് പദ്ധതിക്ക് കാലതാമസം ഉണ്ടായിരിക്കുന്നത്.

**ഗ്രീൻഫീൽഡ് ഹൈവേയ്ക്ക് വേണ്ടിയുള്ള സ്ഥലമേറ്റെടുപ്പ്**

362(1574) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രീൻഫീൽഡ് ഹൈവേ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് കോങ്ങാട് മണ്ഡലത്തിലെ കരിമ്പ വില്ലേജിലെ ഭൂമിക്ക്, സമീപ വില്ലേജുകളിലെ ഭൂമിയുമായി താരതമ്യം ചെയ്യുമ്പോൾ കുറഞ്ഞ തുകയാണ് അടിസ്ഥാന മൂല്യനിർണ്ണയ റിപ്പോർട്ടിൽ നിശ്ചയിച്ചിരിക്കുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പരാതി പരിശോധിച്ച് അർഹമായ നഷ്ടപരിഹാരത്തുക അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ & ബി) 1956-ലെ ദേശീയ പാതാ നിയമപ്രകാരം ഏറ്റെടുക്കുന്ന ഭൂമിക്ക് 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ പട്ടിക 1 പ്രകാരമുള്ള നഷ്ടപരിഹാരമാണ് നൽകിവരുന്നത്.

2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ടിന്റെ വകുപ്പ് 26(1) (b) പ്രകാരമാണ് ഭൂമിയുടെ അടിസ്ഥാനവില നിർണ്ണയം നടത്തിയിട്ടുള്ളത്. ഇതിനായി ഭൂമിയുടെ തരം, ലഭ്യമായ ഗതാഗത

സൗകര്യം എന്നിവ കണക്കിലെടുത്ത് ഭൂമി ഏറ്റെടുക്കുന്ന പ്രദേശത്തോ സമീപ പ്രദേശങ്ങളിലോ പ്രാഥമിക വിജ്ഞാപന തീയതിക്ക് പിന്നിലേയ്ക്കുള്ള 3 വർഷക്കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സമാനമായ ഭൂമികളുടെ വിലയാധാരങ്ങളെയാണ് അടിസ്ഥാനമാക്കിയിട്ടുള്ളത്. തുടർന്ന്, ഇത്തരത്തിൽ ലഭ്യമായ വിലയാധാരങ്ങളുടെ എണ്ണത്തിന്റെ നേർ പകുതി ആധാരങ്ങളുടെ (ഏറ്റവും ഉയർന്ന വിലയുള്ള) ശരാശരി വില്പനവിലയെ ഏറ്റെടുക്കുന്ന ഭൂമിയുടെ അടിസ്ഥാനവിലയായി നിർണ്ണയിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

1956-ലെ ദേശീയ പാതാ നിയമപ്രകാരം, കോംമ്പീറ്റന്റ് അതോറിറ്റി ഒരിക്കൽ നിർണ്ണയിച്ച ഭൂമിയുടെ അടിസ്ഥാനവില അതേ അതോറിറ്റിക്ക് തിരുത്തുകയോ പുനഃപരിശോധിക്കുകയോ ചെയ്യാവുന്നതല്ല. കോംമ്പീറ്റന്റ് അതോറിറ്റി നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരത്തെ സംബന്ധിച്ച് ഭൂവുടമകൾക്ക് എന്തെങ്കിലും ആക്ഷേപം ഉള്ളപക്ഷം 1956-ലെ ദേശീയപാതാ നിയമത്തിലെ വകുപ്പ് 3 G(5) പ്രകാരം ആർബിട്രേറ്ററെ (നിലവിൽ അതത് ജില്ലാ കളക്ടർ) സമീപിക്കാവുന്നതാണ്.

**മിച്ചഭൂമി കേസിലെ നടപടി**

363(1575) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മുൻ എം.എൽ.എ.-യുടെ പേരിൽ മിച്ചഭൂമി സംബന്ധിച്ച കേസ് നിലവിലുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് താലൂക്ക് ലാൻഡ് ബോർഡ് ഓഫീസർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നതിന്റെ വിശദാംശങ്ങൾ നൽകുമോ?

(എ & ബി) തിരുവമ്പാടി മുൻ എം.എൽ.എ.-യുടെ പേരിൽ മിച്ചഭൂമി കേസ് നിലവിലില്ല. എന്നാൽ തിരുവമ്പാടി മുൻ എം.എൽ.എ. ആയിരുന്ന ശ്രീ. ജോർജ്ജ് എം. തോമസ് എന്നിവരുടെ മരണപ്പെട്ടുപോയ പിതാവ് മെക്കാട്ട് കുന്നേൽ തോമസ് എന്നിവരുടെ പേരിലുണ്ടായിരുന്ന മിച്ചഭൂമി

കേസിൽ ലഭ്യമായ രേഖകളുടെയും ഓതറൈസ്ഡ് ഓഫീസർമാരുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 5.75 ഏക്കർ മിച്ചഭൂമിയായി ഏറ്റെടുക്കുന്നതിന് കോഴിക്കോട് താലൂക്ക് ലാൻഡ് ബോർഡ് 19-01-2024-ൽ TLB(K) 203/1976 നമ്പരായി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ അടിസ്ഥാനത്തിൽ മിച്ചഭൂമി ഏറ്റെടുക്കുന്നതിന് കോഴിക്കോട് തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കേന്ദ്ര വിഹിതത്തിലെ കുടിശ്ശിക**

364(1576) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിനുകീഴിൽ നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികളിൽ കേന്ദ്ര വിഹിതമായി എത്ര തുക കുടിശ്ശിക ലഭിക്കാനുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; ഓരോ പദ്ധതിയിലും കുടിശ്ശിക ലഭിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട മറ്റ് റിപ്പോർട്ടുകൾ എന്നിവ സമർപ്പിച്ചിട്ടും കേന്ദ്രം പണം അനുവദിച്ച് നൽകാത്ത എത്ര

പദ്ധതികളുണ്ട്; അവ ഏതൊക്കെയാണെന്നും ഓരോന്നിലും ലഭിക്കാനുള്ള പണം എത്രയാണെന്നും വ്യക്തമാക്കുമോ?

(എ & ബി) റവന്യൂ വകുപ്പിനുകീഴിൽ നടപ്പാക്കിവരുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽനിന്നും കുടിശ്ശിക ഒന്നും നിലവിലില്ലാത്തതാണ്.

**ഫ്ലഡ് റോഡുകൾ**

365(1577) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച ഫ്ലഡ് റോഡുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ; പ്രസ്തുത റോഡ് പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഇവയിൽ ഭരണാനുമതി നീട്ടി നൽകേണ്ടവ ഏതെല്ലാമാണെന്നും അവയ്ക്ക് ഭരണാനുമതി നീട്ടി നൽകുന്നതിന് നടപടി സ്വീകരിക്കാമോയെന്നും അറിയിക്കാമോ?

(എ & ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച ഫ്ലഡ് റോഡ് പ്രവൃത്തികളുടെ പുരോഗതിയും ഭരണാനുമതി നീട്ടി നൽകിയ പ്രവൃത്തികളും അനുബന്ധമായി ചേർത്തിരിക്കുന്നു+.

**മാനന്തേരി, പഴശ്ശി സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ പ്രവൃത്തി പുരോഗതി**

366(1578) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ മാനന്തേരി, പഴശ്ശി സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ പ്രവൃത്തി പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ & ബി) 2022-23 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി മട്ടന്നൂർ മണ്ഡലത്തിലെ പഴശ്ശി വില്ലേജിന് സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയിരുന്നുവെങ്കിലും പഴശ്ശി വില്ലേജ് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടം ഇൻസ്പെക്ഷൻ വിഭാഗം മുഖേന പരിശോധിച്ചതിൽ ടി വില്ലേജ് ഓഫീസ് കെട്ടിടം ജീർണ്ണാവസ്ഥയിൽ അല്ലാത്തതിനാൽ പൊളിച്ചുമാറ്റേണ്ടതില്ലെന്നും ടി വില്ലേജിനുപകരം ജീർണ്ണാവസ്ഥയിലുള്ള മറ്റൊരു വില്ലേജിന് പ്രസ്തുത ഭരണാനുമതി മാറ്റി അനുവദിക്കാവുന്നതാണെന്നുമുള്ള കണ്ണൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തതിൻപ്രകാരം പഴശ്ശി വില്ലേജിന് നൽകിയ ഭരണാനുമതി മട്ടന്നൂർ മണ്ഡലത്തിലെത്തന്നെ മാനന്തേരി വില്ലേജിന് മാറ്റി അനുവദിച്ചിട്ടുമുണ്ട്.

തുടർന്ന്, മാനന്തേരി സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനെ നിർവ്വഹണ ഏജൻസിയായി നിശ്ചയിക്കുകയും കണ്ണൂർ ജില്ലാ കളക്ടറുടെ 21-09-2023-ലെ DCKNR/13407/2022-H2 നമ്പർ നടപടിക്രമം പ്രകാരം 50,00,000/- (അമ്പത് ലക്ഷംരൂപ മാത്രം) പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് നിക്ഷേപിച്ച് നൽകിയിട്ടുള്ളതും മാനന്തേരി സ്മാർട്ട് വില്ലേജ്

ഓഫീസ് കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുള്ളതുമാണ്.

**തിരുവല്ല റവന്യൂ ടവറിലെ ലിഫ്റ്റുകൾ**

367(1579) <u>ശ്രീ. മാത്യു ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല റവന്യൂ ടവറിലെ ലിഫ്റ്റുകൾ പ്രവർത്തനക്ഷമമല്ലാതായിട്ട് എത്രനാളായെന്ന് വ്യക്തമാക്കാമോ?

ഭവന നിർമ്മാണ ബോർഡിലെ തിരുവല്ല റവന്യൂ ടവറിലെ ലിഫ്റ്റുകൾ 2023 സെപ്തംബർ മാസം മുതലാണ് പ്രവർത്തനക്ഷമമല്ലാതായത്.

(ബി) ഇവ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഭവന നിർമ്മാണ ബോർഡിലെ തിരുവല്ല റവന്യൂ ടവറിലെ മൂന്ന് ലിഫ്റ്റുകളിൽ ക്യാപ്സ്യൂൾ ലിഫ്റ്റ് ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് നൽകി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. മറ്റുരണ്ട് ലിഫ്റ്റുകളിൽ ഒന്ന് വേണ്ട അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി ഒരാഴ്ച്ചക്കുള്ളിൽ

പ്രവർത്തനക്ഷമമാക്കുന്നതാണ്. മൂന്നാമത്തെ ലിഫ്റ്റ് തീരെ പഴക്കം ചെന്നതാകയാൽ മെയിന്റനൻസ് സാധ്യമല്ല്ലാത്തതുകൊണ്ട് ഈ ലിഫ്റ്റ് മാറ്റി പുതിയ ലിഫ്റ്റ് സ്ഥാപിക്കേണ്ടതുണ്ട്. അതിനായുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഒരു മാസത്തിനകം എല്ലാ ലിഫ്റ്റുകളും പ്രവർത്തനക്ഷമമാക്കുന്നതാണ്.

**നെല്ലിപ്പൊയിൽ വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം**

368(1580) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി താലൂക്കിലെ നെല്ലിപ്പൊയിൽ വില്ലേജ് ഓഫീസ് കെട്ടിടനിർമ്മാണത്തിന്റെ നടപടികളിലേത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

താമരശ്ശേരി താലൂക്കിലെ നെല്ലിപ്പൊയിൽ വില്ലേജ് ഓഫീസിന് സ്മാർട്ട് വില്ലേജ് കെട്ടിട നിർമ്മാണത്തിനായുള്ള നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ സെന്റേജ് ചാർജ്ജ് രേഖപ്പെടുത്തിയ സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡിനെ പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുക്കുകയും

ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രസ്തുത നിർവ്വഹണ ഏജൻസിയിൽനിന്നും ജില്ലാ കളക്ടർക്ക് ലഭ്യമായിട്ടുള്ളതും ആയതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ബി) കെട്ടിടനിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

2024 മാർച്ച് ആദ്യവാരം പ്രസ്തുത കെട്ടിട നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**അങ്കമാലി കേന്ദ്രീകരിച്ച് താലൂക്കാസ്ഥാനം**

369(1581) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിൽ അങ്കമാലി കേന്ദ്രീകരിച്ച് താലൂക്കാസ്ഥാനം വേണമെന്ന് അഭ്യർത്ഥിച്ച് നിയമസഭാംഗം സമർപ്പിച്ച അഭ്യർത്ഥനയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

അങ്കമാലി മണ്ഡലത്തിൽ അങ്കമാലി കേന്ദ്രീകരിച്ച് താലൂക്കാസ്ഥാനം വേണമെന്ന് അഭ്യർത്ഥിച്ച് നിയമസഭാംഗം സമർപ്പിച്ച അഭ്യർത്ഥനയിന്മേൽ

ലാൻഡ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ എറണാകുളം ജില്ലാ കളക്ടർ സ്വീകരിച്ചുവരികയാണ്.

(ബി) അങ്കമാലി സിവിൽ സ്റ്റേഷനിൽ മതിയായ കെട്ടിട സൗകര്യമുള്ളതിനാൽ അങ്കമാലി കേന്ദ്രീകരിച്ച് താലൂക്ക് ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിനെ സംബന്ധിച്ച് പഠിക്കാൻ സർക്കാർ സമിതിയെ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(ബി & സി) സംസ്ഥാനത്തെ താലൂക്കുകളുടെ വ്യാപ്തിയും വിസ്തൃതിയും ജനസംഖ്യയും കണക്കിലെടുക്കുമ്പോൾ താലൂക്കുകൾ തമ്മിൽ വലിയ അന്തരമുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എറണാകുളം ജില്ലയിലെ അങ്കമാലി ഉൾപ്പെടെയുള്ള താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട്

തയ്യാറാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ സർക്കാർ നിയോഗിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ടീം റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള അടിയന്തര തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

അതിനു പുറമെ, സംസ്ഥാനത്തിന്റെ വിവിധ കോണുകളിൽനിന്നും പുതിയ താലൂക്ക്/വില്ലേജ് രൂപീകരണം/വിഭജനം ഉൾപ്പെടെ പുതിയ അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള നിരവധി അപേക്ഷകൾ സർക്കാരിൽ ലഭ്യമായിവരുന്നുണ്ട്. സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി അത്തരം ചെലവുകൾ വഹിക്കാൻ പര്യാപ്തമാകുമ്പോൾ മാത്രമേ ആയവ പരിഗണിക്കാൻ കഴിയുകയുള്ളൂ.

**റവന്യൂ ഭവൻ നിർമ്മാണത്തിന്റെ വിശദാംശങ്ങൾ**

370(1582) **ശ്രീ. ഐ. സി. ബാലകൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കവടിയാറിൽ നിർമ്മിക്കുന്ന റവന്യൂ വകുപ്പിന്റെ ആസ്ഥാന മന്ദിരമായ റവന്യൂ ഭവൻ നിർമ്മാണത്തിനായി എത്ര കോടി

രൂപയുടെ എസ്റ്റിമേറ്റാണ് ഉണ്ടാക്കിയതെന്ന് വിശദമാക്കാമോ; ഇതുസംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രോജക്റ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ & ബി) റവന്യൂ വകുപ്പിന്റെ ആസ്ഥാന മന്ദിരമായ റവന്യൂ ഭവൻ നിർമ്മാണത്തിനായി 25 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ.-ന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഏത് സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ; ടെണ്ടറിലൂടെയാണോ പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (ULCCS)-നെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. പബ്ലിക് വർക്സിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട 28-04-2021-ലെ സ.ഉ(അച്ചടി)നം.67/2021/ധന നമ്പർ സർക്കാർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരവിലെ ഖണ്ഡിക 6-ൽ അനുശാസിക്കും പ്രകാരമുള്ള ബിഡ്ഡിംഗ് പ്രക്രിയയിലൂടെയാണ് പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുള്ളത്.

(ഡി) ഊരാളുങ്കൽ സമർപ്പിച്ച ഡി.പി.ആർ. പരിശോധിക്കുന്ന സമിതിയുടെ കൺവീനറായി ഊരാളുങ്കൽ പ്രതിനിധിയെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

പബ്ലിക് വർക്സിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട 28-04-2021-ലെ സ.ഉ.(അച്ചടി)നം.67/2021-ധന നമ്പർ പ്രകാരമുള്ള സർക്കാർ ഉത്തരവിലെ ഖണ്ഡിക 9.3-ൽ അനുശാസിക്കും പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണ് പ്രസ്തുത പ്രോജക്ടിന്റെ ഡി.പി.ആർ. പരിശോധിക്കേണ്ട സാങ്കേതിക സമിതിയുടെ കൺവീനറായി കരാർ ഏജൻസിയായ യു.എൽ.സി.സി.എസ്.-ന്റെ പ്രതിനിധിയെ നിയമിച്ചിട്ടുള്ളത്. റവന്യൂ ഭവൻ നിർമ്മാണത്തിന് സാങ്കേതിക അനുമതി നൽകുന്നതിനുള്ള സർക്കാർതല ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള 18-01-2024-ലെ സ.ഉ.(സാധാ)നം.247/2024/റവ നമ്പർ സർക്കാർ ഉത്തരവിന്റെയും

28-04-2021-ലെ സ.ഉ.(അച്ചടി)നം.67/2021-ധന നമ്പർ പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെയും പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു+.

**റവന്യൂ ഭവൻ നിർമ്മാണം**

371(1583) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കവടിയാറിൽ നിർമ്മിക്കുന്ന റവന്യൂ ഭവന്റെ നിർമ്മാണ ചുമതല ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് ആൻഡ് കൺസ്ട്രക്ഷൻ കമ്പനിയെ ഏല്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

തിരുവനന്തപുരത്ത് കവടിയാറിൽ നിർമ്മിക്കുന്ന റവന്യൂ ഭവന്റെ നിർമ്മാണ പ്രവൃത്തി നോൺ പി.എം.സി. മാതൃകയിൽ നടപ്പാക്കുന്നതിനായി പബ്ലിക് വർക്സിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട 28-04-2021-ലെ സ.ഉ (അച്ചടി)നം.67/202/ധന നമ്പർ ഉത്തരവിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (ULCCS)-നെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട പ്രോജക്റ്റ് റിപ്പോർട്ട് പഠിക്കാൻ ടെക്നിക്കൽ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 18-01-2024-ലെ സ.ഉ.(സാധാ)നം.247/2024/റവ നമ്പർ ഉത്തരവ് പ്രകാരം റവന്യൂ ഭവൻ നിർമ്മാണത്തിനുള്ള സാങ്കേതിക അനുമതി നൽകുന്നതിനുള്ള സർക്കാർതല ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ടെക്നിക്കൽ കമ്മിറ്റിയിൽ ഊരാളുങ്കൽ പ്രതിനിധിയെ കൺവീനറായി നിയമിച്ചിട്ടുണ്ടോ?

നിയമിച്ചിട്ടുണ്ട്.

(ഡി) എങ്കിൽ ഊരാളുങ്കൽ സമർപ്പിച്ച ഡി.പി.ആർ. പരിശോധിക്കുന്ന സമിതിയുടെ കൺവീനറായി ഊരാളുങ്കൽ പ്രതിനിധിയെ നിയമിച്ചതിന്റെ കാരണം വിശദമാക്കുമോ?

പബ്ലിക് വർക്സിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട 28-04-2021-ലെ സ.ഉ.(അച്ചടി)നം.67/202/ധന നമ്പർ സർക്കാർ ഉത്തരവിലെ ഖണ്ഡിക 9.3-ൽ അനുശാസിക്കും പ്രകാരമാണ് റവന്യൂ ഭവൻ നിർമ്മാണത്തിന് സാങ്കേതിക അനുമതി നൽകുന്നതിനുള്ള സർക്കാർതല ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള 18-01-2024-ലെ സ.ഉ.(സാധാ)നം.247/2024/റവ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ഊരാളുങ്കലിന്റെ പ്രതിനിധിയെ കൺവീനറായി നിയമിക്കുകയുണ്ടായതും.

**ഹോസ്ദുർഗ്ഗ് താലൂക്കിൽപ്പെട്ട മാണിയാട്ട് കേന്ദ്രീകരിച്ച് വില്ലേജ് ഓഫീസ്**

372(1584) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽപ്പെട്ട മാണിയാട്ട് കേന്ദ്രീകരിച്ച് വില്ലേജ് ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അവിടെ വില്ലേജ് ഓഫീസ് എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ പിലിക്കോട്-മാണിയാട്ട് ഗ്രൂപ്പ് വില്ലേജ് വിഭജിക്കാൻ എന്ത് തടസ്സമാണുള്ളതെന്ന് അറിയിക്കാമോ?

(ബി & സി) സംസ്ഥാനത്തിന്റെ വിവിധ കോണുകളിൽനിന്നും പുതിയ താലൂക്ക്/വില്ലേജ് രൂപീകരണം/വിഭജനം ഉൾപ്പെടെ പുതിയ അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റുകൾ രൂപീകരിക്കുന്നതിനുള്ള നിരവധി അപേക്ഷകൾ സർക്കാരിൽ ലഭ്യമായിവരുന്നുണ്ട്. സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തികസ്ഥിതി അത്തരം ചെലവുകൾ വഹിക്കാൻ പര്യാപ്തമാകുമ്പോൾ മാത്രമേ ആയവ പരിഗണിക്കാൻ കഴിയുകയുള്ളൂ.

**വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്ന നടപടികൾക്കെതിരെയുള്ള നിയമനിർമ്മാണം**

373(1585) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന്റെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നടന്നുവരുന്ന വ്യവഹാരത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

തിരുവനന്തപുരം താലൂക്ക് കഴക്കൂട്ടം വില്ലേജ് ബ്ലോക്ക് 11 റീസർവ്വെ 39/4(പഴയ സർവ്വെ 668, 670)-ൽപ്പെട്ട ഭൂമിയുടെ അവകാശ തർക്കവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ സർക്കാർ ഫയൽ ചെയ്ത OP(C)-956/2023 നമ്പർ അപ്പീൽ കേസ് 11-10-2023-ൽ തീർപ്പാക്കി ഉത്തരവായിട്ടുള്ളതാണ്.

(ബി) ശ്രീകാര്യം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത സ്ഥലം സംബന്ധിച്ച് ഹൈക്കോടതിയിൽ നടന്നു വരുന്ന നിയമനടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ശ്രീകാര്യം പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കണ്ടെത്തിയിരുന്ന ആറ്റിപ്ര വില്ലേജ് റീ-സർവ്വെ 350/2-ൽപ്പെട്ട 20 സെന്റ് ഭൂമി പോസ്റ്റൽ വകുപ്പിന് പട്ടയം ലഭിച്ച് പോസ്റ്റൽ വകുപ്പിന്റെ കൈവശത്തിലുണ്ടായിരുന്ന ഭൂമിയാണ്. പ്രസ്തുത പട്ടയം റദ്ദ് ചെയ്ത സർക്കാർ

നടപടിക്കെതിരെ പോസ്റ്റൽ വകുപ്പ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ 1043/2023 നമ്പരായി കേസ് ഫയൽ ചെയ്യുകയും 24-07-2023-ലെ ഇടക്കാല ഉത്തരവ് പ്രകാരം സ്റ്റേ നൽകി തൽസ്ഥിതി തുടരുന്നതുമാണ്.

(സി) കോടതികളെ തെറ്റിദ്ധരിപ്പിച്ച്, വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്ന നടപടികൾക്കെതിരെ നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ?

നിയമനിർമ്മാണം നിലവിൽ പരിഗണനയിലില്ല. എന്നാൽ ഇതുസംബന്ധിച്ച് കോടതി വ്യവഹാരങ്ങളിൽ സർക്കാർ ഭാഗം സംരക്ഷിക്കുന്നതിന് അഡ്വക്കേറ്റ് ജനറൽ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. സ്റ്റേ ഒഴിവാക്കുന്നതിനുവേണ്ട സത്വര നടപടി സ്വീകരിച്ചിട്ടുണ്ട്.

**വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനുള്ള നടപടി**

374(1586) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യവികസന പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) ഇതിൽ ഏതെല്ലാം വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജുകളായി ഇതിനോടകം നവീകരിച്ചുവെന്നും ഇതിനായി ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കുമോ?

(എ-സി) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി കിഴക്കമ്പലം സ്മാർട്ട് വില്ലേജ് ഓഫീസിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുള്ളതും 03-02-2024-ൽ ഉദ്ഘാടനം നിശ്ചയിച്ചിട്ടുള്ളതുമാണ്. കൂടാതെ, പ്ലാൻ സ്കീമിലുൾപ്പെടുത്തി നിർമ്മാണം നടത്തിവരുന്ന കുന്നത്തുനാട് സ്മാർട്ട് വില്ലേജ് ഓഫീസിന്റെ നിർമ്മാണ പ്രവൃത്തികൾ അവസാനഘട്ടത്തിലുമാണ്. പ്രസ്തുത വില്ലേജ് ഓഫീസ്

കെട്ടിടത്തിന്റെയും ഉദ്ഘാടനം 03-02-2024-ൽ നടത്താൻ നിശ്ചയിച്ചിട്ടുള്ളതാണ്.

കിഴക്കമ്പലം സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയ 44 ലക്ഷം രൂപയിൽ നിലവിൽ 22,53,998/- രൂപ പാസ്സാക്കിയിട്ടുള്ളതാണ്. കുന്നത്തുനാട് സ്മാർട്ട് വില്ലേജ് ഓഫീസിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി ചുമതലപ്പെടുത്തിയിട്ടുള്ള പൊതുമരാമത്ത് വകുപ്പിന് 44,00,000/- രൂപ വർക്ക് ഡെപ്പോസിറ്റ് പ്രകാരം കൈമാറിയിട്ടുള്ളതുമാണ്.

**കോതമംഗലം താലൂക്കിൽ പട്ടയനടപടികൾക്കായി ഒരു സ്പെഷ്യൽ ഓഫീസ്**

375(1587) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിൽ പട്ടയം അനുവദിക്കുന്നത് വേഗത്തിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

കോതമംഗലം താലൂക്കിൽ വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്ത് സ്ഥിതി ചെയ്യുന്നതും ബി.ടി.ആർ. പ്രകാരം "തരിശ്", " സർക്കാർ " എന്നിവയിൽ

ഉൾപ്പെടുന്നതും "വനം" എന്ന് ബി.ടി.ആർ.-ന്റെ റിമാർക്സിൽ രേഖപ്പെടുത്തിയിരുന്നതുമായ ഭൂമി കൈവശം വച്ചുവരുന്ന 4411 പേരുടെ അപേക്ഷയിന്മേൽ 04-11-2023-ലെ സ.ഉ.(ആർ.റ്റി)3966/2023/ആർ.ഡി. ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കുന്നതിലേയ്ക്ക് 15-11-2023-ന് എറണാകുളം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ യോഗം ചേർന്ന് ടി വിഷയം വിശദമായി ചർച്ചചെയ്തു.

ആയത് പ്രകാരം കോതമംഗലം താലൂക്കിലെ 6 വില്ലേജുകളിലായി (നേര്യമംഗലം, കുട്ടമ്പുഴ, കീരംപാറ, കടവൂർ, കോട്ടപ്പടി, കുട്ടമംഗലം) ഏകദേശം 1750 ഹെക്ടർ ഭൂമി ഉദ്ദേശം 4411 പേരുടെ കൈവശത്തിലുള്ളതായും ഒരൊറ്റ സർവ്വെ നമ്പറിൽ കിടക്കുന്ന കൈവശഭൂമികളും വനഭൂമിയും തമ്മിൽ വേർതിരിച്ച് സബ്ഡിവിഷൻ തയ്യാറാക്കി, ഓരോ കൈവശങ്ങളും പ്രത്യേകം സർവ്വെ ചെയ്യുന്നതോടുകൂടി 4411 എന്നത് കുറഞ്ഞത് 6000 കൈവശക്കാരെങ്കിലും ഉണ്ടാകുന്നതാണ്. ഇതിന്റെ പ്രാരംഭനടപടിയായ സബ്ഡിവിഷൻ തയ്യാറാക്കുന്ന നടപടികൾക്കായി അടിയന്തരമായി 2

സർവ്വെയർമാരെ സർവ്വെ ജോലികൾക്കായി ജില്ലാ കളക്ടർ വിട്ടുനൽകിയിട്ടുണ്ട്.

ടി സർവ്വെയർമാർ കുട്ടമ്പുഴ വില്ലേജിൽ സർവ്വേ സബ്ഡിവിഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് വില്ലേജുകളിലും സർവ്വേ നടപടികൾ ചെയ്യുന്നതിനായി ജില്ലയിൽ ആവശ്യമായ സർവ്വെയർമാരില്ലെന്നതിനാൽ 8 സർവ്വേയർമാരെയും 10 ടോട്ടൽ സ്റ്റേഷൻ ഉപകരണങ്ങളും കൂടി ഡിജിറ്റൽ സർവ്വേ ടീമിൽനിന്നും വിട്ടുതരുന്നതിനായി സർവ്വെയും ഭൂരേഖയും വകുപ്പ് ഡയറക്ടർക്ക് ജില്ലാ കളക്ടറേറ്റിൽനിന്നും 25-12-2023-ന് കത്ത് നൽകി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പട്ടയനടപടികൾ വേഗത്തിലാക്കുന്നതുമായി ബന്ധപ്പെട്ട് കോതമംഗലം താലൂക്കിൽ ഒരു സ്പെഷ്യൽ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഈ വിഷയം എ 3/228/2023/റവ നമ്പർ ഫയലിൽ സർക്കാരിന്റെ പരിഗണനയിലാണ്.

**കോതമംഗലം റവന്യൂ ടവർ**

376(1588) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നഗരത്തിൽ സ്ഥിതി ചെയ്യുന്ന റവന്യൂ ടവറിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അടിയന്തരമായി ടവറിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശോചനീയാവസ്ഥയിലുള്ള കോതമംഗലം റവന്യൂ ടവറിന്റെ മെയിന്റനൻസ് നടത്താൻ കുറഞ്ഞത് 2 കോടി രൂപയെങ്കിലും വേണ്ടിവരും. അടിയന്തരമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് ബോർഡിന് നിർദ്ദേശം നൽകുന്നതാണ്.

(സി) പൊതുമേഖല-അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ ഓഫീസുകൾ ഇവിടേയ്ക്ക് മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ അധീനതയിലുള്ള കോതമംഗലം റവന്യൂ ടവറിൽ ആകെ 7 നിലകളിലായി 136 ഷോപ്പുകളും

32781 ച.അടി ഓഫീസ് സ്പേയ്സുമുണ്ട്. 2019-ൽ ടി ടവറിൽ പ്രവർത്തിച്ച വന്നിരുന്ന സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറിയിരുന്നു. നിലവിൽ 3, 4, 5 നിലകളിലായി വളരെക്കുറച്ച് കാര്യാലയങ്ങൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ടി ടവറിലെ ഒഴിവുള്ള കടമുറികളുടേയും ഓഫീസ് സ്പേയ്സുകളുടേയും വിവരങ്ങൾ സംബന്ധിച്ച് പ്രധാന പത്രങ്ങളിൽ പരസ്യം നൽകിയിട്ടുള്ളതും LBS ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെ നേരിട്ട് സമീപിച്ച് ഒഴിവ് വിവരം അറിയിച്ചിട്ടുമുണ്ട്.

**മണക്കാട് പ്രദേശത്തുള്ള വീടുകളുടെ ഭൂനികുതി**

377(1589) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിലെ മണക്കാട് പ്രദേശത്തുള്ള അൻപതോളം വീടുകളുടെ ഭൂനികുതി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; ഭൂനികുതി സ്വീകരിക്കുന്നതിന് എന്ത് നടപടി കൈക്കൊള്ളുമെന്ന് വിശദമാക്കാമോ?

ഷൊർണ്ണൂർ നഗരസഭ, ഷൊർണ്ണൂർ 2 വില്ലേജിൽ നെടുങ്ങോട്ടൂർ ദേശത്ത് മണക്കാട് പ്രദേശത്തുള്ളതും മനവക കൈവശത്തിൽ ഉണ്ടായിരുന്നതുമായ

സ്ഥലങ്ങൾ ഫോറസ്റ്റ് (Ecologically Fragile Lands)-ൽ ഉൾപ്പെട്ട് വരുന്നതിനാലാണ് നിലവിലെ കൈവശക്കാർക്ക് ഭൂനികുതി ഒടുക്കാൻ സാധിക്കാത്തത്. ആയത് പരിഹരിക്കാനായി വനം വകുപ്പിൽനിന്ന് NOC ആവശ്യമാണ്. റവന്യൂ, വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തിയിട്ടുള്ളതും വനം വകുപ്പിന്റെ NOC ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

**ഭൂമി തരംമാറ്റുന്നതിന് ലഭിച്ച അപേക്ഷകൾ**

378(1590) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം, പാലക്കാട് റവന്യൂ ഡിവിഷനുകളിൽ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് ഓൺലൈനായും ഓഫ്‌ലൈനായും എത്ര അപേക്ഷകളാണ് നിലവിൽ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

പാലക്കാട് ജില്ലയിൽ, ഒറ്റപ്പാലം റവന്യൂ ഡിവിഷനിൽ ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട് ഓൺലൈനായി 10716 അപേക്ഷകളും ഓഫ് ലൈനായി 6469 അപേക്ഷകളുമാണ് 26-01-2024 വരെ ലഭിച്ചിട്ടുള്ളത്.

പാലക്കാട് റവന്യൂ ഡിവിഷനിൽ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് ഓൺലൈനായി 23619 അപേക്ഷകളും ഓഫ് ലൈനായി 10149 അപേക്ഷകളുമാണ് 26-01-2024 വരെ ലഭിച്ചിട്ടുള്ളത്.

(ബി) ഓഫ്‌ലൈനായി ലഭിച്ച എത്ര അപേക്ഷകളിന്മേലാണ് ഇനി നടപടികൾ സ്വീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ?

ഒറ്റപ്പാലം റവന്യൂ ഡിവിഷനിൽ ഓഫ് ലൈനായി ലഭിച്ച 93 അപേക്ഷകളിന്മേലാണ് ഇനി നടപടികൾ സ്വീകരിക്കാനുള്ളത്. പാലക്കാട് റവന്യൂ ഡിവിഷനിൽ ഓഫ് ലൈനായി ലഭിച്ച അപേക്ഷകളൊന്നുംതന്നെ ഇനി നടപടികൾ സ്വീകരിക്കാൻ ശേഷിക്കുന്നില്ല.

KSREC റിപ്പോർട്ട്, സ്ഥലപരിശോധനാ റിപ്പോർട്ട്, കൃഷി ഓഫീസറുടെ റിപ്പോർട്ട്/LLMC-യുടെ തീരുമാനം എന്നിവ ഉൾപ്പെടെ കൂടുതൽ പരിശോധന

ആവശ്യമായ കേസുകൾ, തരംമാറ്റ ഫീസ് കക്ഷികൾ ഒടുക്കാത്തവ എന്നിവയാണ് തീർപ്പാക്കാനുള്ളത്.

**മണലൂർ മണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമി**

379(1591) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ ആകെ എത്ര റവന്യൂ പുറമ്പോക്ക് ഭൂമിയുണ്ടെന്ന് അറിയിക്കാമോ?

തൃശ്ശൂർ ജില്ലയിൽ മണലൂർ മണ്ഡലത്തിന് കീഴിൽവരുന്ന തൃശ്ശൂർ താലൂക്കിൽ 0.2469 ഹെക്ടർ റവന്യൂ പുറമ്പോക്ക് ഭൂമിയുള്ളതും അതിൽ 0.1357 ഹെക്ടർ ഭൂമിയിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് പണിയുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും ബാക്കി ഭൂമിയിൽ മണലൂർ, എറവ് വില്ലേജ് ഓഫീസുകൾ പ്രവർത്തിച്ചുവരുന്നതുമാണ്. കുന്നംകുളം താലൂക്കിൽ 0.7456 ഹെക്ടർ റവന്യൂ പുറമ്പോക്ക് ഭൂമിയുള്ളതും ടി ഭൂമിയിൽ വിവിധ സർക്കാർ ആഫീസുകൾ പ്രവർത്തിച്ചുവരുന്നതുമാണ്.

(ബി) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി, ഗുരുവായൂർ പോലീസ് സ്റ്റേഷനുകൾ, ഗുരുവായൂർ, കുന്നംകുളം (ചൂണ്ടൽ) ഫയർ റേഞ്ച് സ്റ്റേഷനുകൾ, പാവറട്ടി വില്ലേജ് ഓഫീസ്, വിവിധ പഞ്ചായത്തുകളിലെ ആയുർവേദ, ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങി നിരവധി സർക്കാർ ഓഫീസുകൾക്ക് സ്വന്തമായി ഭൂമിയില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മണലൂർ മണ്ഡലത്തിൽ സ്വന്തമായി ഭൂമിയില്ലാത്ത സർക്കാർ ഓഫീസുകൾക്ക് ഭൂമി ലഭ്യമാക്കുന്നതിനായി മുൻസർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും ഇതുവരെ ആകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്?

ഗുരുവായൂർ പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട അപേക്ഷമാത്രമാണ് ലഭിച്ചിട്ടുള്ളത്.

(ഡി) പ്രസ്തുത അപേക്ഷകളിൽ ഓരോന്നിലും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഗുരുവായൂർ പോലീസ് സ്റ്റേഷനുവേണ്ടി ആളൂർ വില്ലേജ് സർവ്വെ 240/1-ൽ ഉൾപ്പെട്ട പുറമ്പോക്ക് ഭൂമിയിൽനിന്നും 25 സെന്റ് ഭൂമി കൈമാറുന്നതുമായി

ബന്ധപ്പെട്ട അപേക്ഷ ജില്ലാ കളക്ടറേറ്റിൽ നിലവിലുള്ളതും എന്നാൽ ടി ഭൂമിയുമായി ബന്ധപ്പെട്ട WP(C)42459/2018, WP(C)77/2019 നമ്പറുകളിലായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസുകൾ നിലവിലുള്ളതിനാൽ ഭൂമി കൈമാറ്റ നടപടികൾ പൂർത്തിയാക്കുന്നതിന് സാധിച്ചിട്ടില്ലാത്തതുമാണ്.

**വാട്ടർടാങ്ക് നിർമ്മിക്കുന്നതിന് സ്ഥലം അനുവദിച്ച് കിട്ടുന്നതിനുള്ള നടപടികൾ**

380(1592) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുക്കാട് പഞ്ചായത്തിലെ മാട്ടുമലയിൽ, ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വാട്ടർടാങ്ക് നിർമ്മിക്കുന്നതിന് സ്ഥലം അനുവദിച്ച് കിട്ടുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും അടിയന്തരമായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വാട്ടർടാങ്ക് നിർമ്മിക്കുന്നതിനായി വരന്തരപ്പിള്ളി വില്ലേജിൽ സർവ്വെ 848/1, 848/2, 848/3, 848/4 എന്നിവയിൽ ഉൾപ്പെട്ട 0.9065 ഹെക്ടർ സ്ഥലം

കണ്ടെത്തിയിട്ടുള്ളതാണ്. സർക്കാർ പുറമ്പോക്ക് തരിശ് വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത സ്ഥലം സ്വകാര്യ വ്യക്തികളുടെ കൈവശത്തിലായതിനാൽ പ്രസ്തുത ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നത് സംബന്ധിച്ച് കേരള ഭൂസംരക്ഷണ നിയമം 1957 സെക്ഷൻ 12 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭൂമിയുടെ ന്യായവില**

381(1593) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ സർവ്വേ നമ്പർ 168/14, 168/15 എന്നീ പി.ഡബ്ല്യൂ.ഡി. റോഡിന് സമീപത്തുള്ള വസ്തുക്കൾക്ക് ന്യായവില കൂടുതലായി രേഖപ്പെടുത്തിയിരിക്കുന്നത് കാരണം വസ്തുക്കൾ വാങ്ങാനോ വിൽക്കാനോ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടി വസ്തുക്കൾക്ക് മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിൽ ന്യായവില നിശ്ചയിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; സർവ്വേ നമ്പർ 168/14-ന്റെ നിലവിലെ ന്യായവില വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചെറുവയ്ക്കൽ വില്ലേജിലെ സർവ്വേ നമ്പർ 168/14-ന്റെ നിലവിലെ ന്യായവില ആർ ഒന്നിന് 9,90,000/-രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ആറ്റിപ്ര വില്ലേജിൽ സർവ്വേ നമ്പർ 571/6, റോഡ് സൗകര്യമില്ലാത്ത കോസ്റ്റൽ റെഗുലേഷൻ സോൺ-2-ൽപ്പെട്ട വസ്തുവിന് ന്യായവില കൂടുതലായതിനാൽ ജനങ്ങൾക്ക് വസ്തു വിൽക്കുന്നതിനോ വാങ്ങുന്നതിനോ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സാഹചര്യം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത സർവ്വേ നമ്പറിന്റെ നിലവിലെ ന്യായവില വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആറ്റിപ്ര വില്ലേജിലെ സർവ്വേ നമ്പർ 571/6-ന്റെ നിലവിലെ ന്യായവില ആർ ഒന്നിന് 1,58,400/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

**ഇരമല്ലൂർ വില്ലേജിലെ ഉയർന്ന ഫെയർ വാല്യു**

382(1594) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം-ഇരമല്ലൂർ വില്ലേജിലെ വസ്തുവിന്റെ ഉയർന്ന ഫെയർ വാല്യുവുമായി ബന്ധപ്പെട്ട വിഷയം പരിഹരിക്കുന്നതിനുവേണ്ടി സ്വീകരിച്ചു വരുന്ന നടപടികളെക്കുറിച്ച് വിശദമാക്കുമോ;

(ബി) അടിയന്തര പ്രാധാന്യത്തോടെ ഈ വിഷയത്തിൽ പരിഹാരം കാണാനുള്ള നടപടി സ്വീകരിക്കുമോ?

(എ & ബി) കോതമംഗലം താലൂക്കിലെ ഇരമല്ലൂർ വില്ലേജിലെ ന്യായവില പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ന്യായവില പുനർനിർണ്ണയിച്ച് പ്രസിദ്ധപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളതും ആയതിനുള്ള അടിയന്തര നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

**പതിനഞ്ച് വർഷം കാലാവധി കഴിഞ്ഞ റവന്യൂ വകുപ്പിന്റെ വാഹനങ്ങൾ**

383(1595) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ച് വർഷം കാലാവധി കഴിഞ്ഞതിനാൽ റവന്യൂ വകുപ്പിന്റെ എത്ര വാഹനങ്ങളാണ് നിരത്തിൽ ഇറക്കേണ്ടതെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ നിർദ്ദേശിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

സർക്കാർ നിർദ്ദേശപ്രകാരം പതിനഞ്ച് വർഷം കാലാവധി കഴിഞ്ഞ 121 വാഹനങ്ങളാണ് നിരത്തിൽ ഇറക്കേണ്ടതെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ നിർദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത 121 വാഹനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) ആയതിൽ തഹസിൽദാർ, ഭൂരേഖ തഹസിൽദാർ എന്നിവർക്ക് അനുവദിച്ച എത്ര വാഹനങ്ങൾ ഉൾപ്പെടുന്നു; വിശദാംശം അറിയിക്കാമോ?

തഹസിൽദാരുടെ 30 വാഹനങ്ങളും ഭൂരേഖ തഹസിൽദാരുടെ 36 വാഹനങ്ങളും പതിനഞ്ച് വർഷം കാലാവധി കഴിഞ്ഞവയിൽ ഉൾപ്പെടുന്നു. വാഹനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) വാഹനങ്ങൾ ലഭ്യമല്ലാത്തതിനാൽ വില്ലേജുതല പരിശോധന, ഫീൽഡ് പരിശോധന, ഇലക്ഷൻ സംബന്ധിച്ചുള്ള നടപടികൾ അടിയന്തര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തനങ്ങൾ എന്നിവ തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ ജില്ലാ കളക്ടറേറ്റിലും താലൂക്ക് ഓഫീസുകളിലും ലഭ്യമായിട്ടുള്ള വാഹനങ്ങൾ ഉപയോഗിച്ചാണ് വില്ലേജുതല പരിശോധന, ഫീൽഡ് തല പരിശോധന, ഇലക്ഷൻ സംബന്ധിച്ച നടപടികൾ, അടിയന്തര പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നത്.

(ഡി) പ്രസ്തുത വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ അനുവദിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; പുതിയ വാഹനങ്ങൾ ലഭിക്കുന്നതുവരെ വാടകയ്ക്ക് വാഹനം എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നത് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ വരുത്തിയിട്ടുള്ള ഭേദഗതി പ്രകാരം 15 വർഷം പൂർത്തിയായിയെന്ന കാരണത്താൽ ഉപയോഗിക്കാൻ കഴിയാത്ത വാഹനങ്ങൾ നിരാകരണം ചെയ്യുന്നത് സംബന്ധിച്ചും ചുരുങ്ങിയ സ്ഥലങ്ങളിലെങ്കിലും പ്രസ്തുത വാഹനങ്ങളുടെ പുനരുപയോഗം സാധ്യമാക്കുന്നതിന് കേന്ദ്ര ചട്ടങ്ങളിൽ ഇളവ് നേടാനുള്ള

മാർഗ്ഗങ്ങൾ സംബന്ധിച്ചും സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ വിഷയങ്ങളിൽ അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമെ 15 വർഷം പൂർത്തിയായ വാഹനങ്ങൾക്ക് പകരം വാഹനം അനുവദിക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

**പൊതുശ്മശാനം നിർമ്മിക്കുന്നതിന് റവന്യൂ ഭൂമി**

384(1596) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരവധി ഗ്രാമപഞ്ചായത്തുകൾ പൊതുശ്മശാനം നിർമ്മിക്കുന്നതിന് റവന്യൂ ഭൂമി ആവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

പൊതുശ്മശാനം നിർമ്മിക്കുന്നിന് റവന്യൂ ഭൂമി കൈമാറണമെന്ന് ആവശ്യപ്പെട്ടുക്കൊണ്ട് ലഭിച്ച അപേക്ഷകൾ ഇപ്രകാരമാണ്.

| ജില്ല | പഞ്ചായത്ത് |
|---|---|
| തിരുവനന്തപുരം | അഴൂർ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷയിൽ തിരുവനന്തപുരം ജില്ലാ കളക്ടറുടെ 25-09-2023-ലെ ബി8/551843/2023 നമ്പർ നടപടിക്രമപ്രകാരം അഴൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 14-ൽ റീസർവ്വേ നമ്പർ 439/1-ൽ ഉൾപ്പെട്ട സർക്കാർ പുറമ്പോക്ക് ഭൂമിയിൽനിന്നും 50 സെന്റ് ഭൂമിയുടെ |

| | |
|---|---|
| | ഉപയോഗാനുമതി തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിട്ടുള്ളതാണ്. |
| കൊല്ലം | 1) പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത് അപേക്ഷാ വസ്തു തരിശ് ഭൂമിയായതിനാൽ പ്രസ്തുത ആവശ്യത്തിന് അനുയോജ്യമല്ല.<br>2) പന്മന ഗ്രാമപഞ്ചായത്ത് പൊതുശ്മശാനം നിർമ്മിക്കുന്നതിനായി ആവശ്യപ്പെട്ട സ്ഥലത്ത് ചവറ പോലീസ് സ്റ്റേഷന്റെ പഴയ കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നതായും പ്രസ്തുത സ്ഥലം ബി.റ്റി.ആർ.-ൽ സർക്കാർ കേരള മിനറൽസ് ആൻഡ് മെറ്റൽസ് എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളതായും കാണുന്നു. ആയതിനാൽ സ്ഥലം കൈമാറുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല. |
| പത്തനംതിട്ട | 1) വള്ളിക്കാട് ഗ്രാമപഞ്ചായത്ത് പഞ്ചായത്തിന്റെ അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.<br>2) അയിരൂർ ഗ്രാമപഞ്ചായത്ത് പഞ്ചായത്തിന്റെ അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. |
| എറണാകുളം | മഴുവന്നൂർ, മടുക്കുഴ, പുത്തൻ വേലിക്കര ഗ്രാമപഞ്ചായത്തുകളും കൊച്ചി നഗരസഭയും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| തൃശ്ശൂർ | പാവറട്ടി ഗ്രാമപഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പാവറട്ടി വില്ലേജിലെ സർവ്വെ നമ്പർ 1/18-ൽപ്പെട്ട 90 സെന്റ് സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ നാട്ടിക തഹസിൽദാർ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഭൂമിയുടെ പരിസരത്ത് ധാരാളം കുടുംബങ്ങൾ താമസിച്ചുവരുന്നതിനാൽ കണ്ടൽക്കാടുകൾ നീക്കം ചെയ്യുന്നതുവഴി പ്രസ്തുത വീടുകളിൽ വെള്ളം കയറുമെന്നുള്ളതും മലിനീകരണ പ്രശ്നങ്ങളും ചൂണ്ടിക്കാണിച്ച് സ്ഥലവാസികൾ പരാതി ബോധിപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |
| കണ്ണൂർ | ചിറയ്ക്കൽ ഗ്രാമപഞ്ചായത്ത് അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. ആയതു പരിശോധിച്ചുവരുന്നു. |
| കാസർഗോഡ് | കുറ്റിക്കൽ ഗ്രാമപഞ്ചായത്ത്, പള്ളിക്കര ഗ്രാമപഞ്ചായത്ത് എന്നീ ഗ്രാമപഞ്ചായത്തുകളുടെ അപേക്ഷകൾ പരിശോധിച്ചുവരുന്നു. |

| | |
|---|---|
| | അജാനൂർ ഗ്രാമപഞ്ചായത്തിന് ഭൂമി പാട്ടത്തിന് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

(ബി) 1964-ലെ ഭൂ പതിവ് ചട്ടങ്ങൾ സെക്ഷൻ 13-ൽ ശ്മശാനത്തിന് പാട്ടത്തിന് ഭൂമി നൽകുന്നതിന് വ്യവസ്ഥയില്ലാത്തത് കാരണം പല അപേക്ഷകളും നിരസിക്കപ്പെടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ആധുനിക കാലഘട്ടത്തിൽ പൊതുശ്മശാനം നിർമ്മിക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയായതിനാൽ ഈ വിഷയത്തിൽ പ്രത്യേക പരിഗണന നൽകി അപേക്ഷ നൽകിയ പഞ്ചായത്തുകൾക്ക് കാലതാമസം കൂടാതെ റവന്യൂ ഭൂമി നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഭൂമി ലഭ്യമാകാത്ത തദ്ദേശ സ്ഥാപനങ്ങളിൽ പര്യാപ്തമായ സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി ലഭ്യമെങ്കിൽ, ഭൂമിയുടെ ഉടമസ്ഥാവകാശം സർക്കാരിൽതന്നെ നിലനിർത്തിക്കൊണ്ട് പൊതുശ്മശാനം

സ്ഥാപിക്കുന്നതിനാവശ്യമായ വിസ്തൃതിയുള്ള ഭൂമി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നാമമാത്രമായ പാട്ടത്തുക ഈടാക്കിക്കൊണ്ട് പാട്ടത്തിന് നൽകിവരുന്നു.

### ആലപ്പുഴ മണ്ഡലത്തിൽ അനുവദിച്ച സ്മാർട്ട് വില്ലേജുകൾ

385(1597) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ മണ്ഡലത്തിൽ അനുവദിച്ച സ്മാർട്ട് വില്ലേജുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ മണ്ഡലത്തിലെ മണ്ണഞ്ചേരി, കലവൂർ, കോമളപുരം എന്നീ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ സ്മാർട്ടാക്കുന്നതിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതുസമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ്

സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകൾക്കായി സ്ഥലലഭ്യതയ്ക്ക് അനുസരിച്ച് ആധുനിക രീതിയിലുള്ള കെട്ടിടങ്ങളാണ് നിർമ്മിച്ചുവരുന്നത്. ഇവയിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിംഗ് റൂം, റിക്കാർഡ് റൂം, ടോയ്ലറ്റുകൾ എന്നിവയും ഫർണിച്ചർ, സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുന്നു.

ഇതുകൂടാതെ പൊതുജനങ്ങളുടെ സൗകര്യത്തിനായി ഇരിപ്പിട സൗകര്യങ്ങളോടുകൂടിയ സന്ദർശക മുറിയും കുടിവെള്ള സൗകര്യവും ടോയ്ലറ്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ചുവരുന്നത്.

മേൽ പരാമർശിച്ച സംവിധാനങ്ങൾ ഉൾക്കൊള്ളിച്ച ഏകീകൃത ഡിസൈൻ അവലംബിച്ചുകൊണ്ട് 50 ലക്ഷം രൂപയിൽ അധികരിക്കാതെ ഭൂമിയുടെ കിടപ്പും മണ്ണിന്റെ ഘടനയും മറ്റും കണക്കിലെടുത്ത് (site specific) ജില്ലാതലത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പ്രസ്തുത സ്മാർട്ട് വില്ലേജ്

ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം നിർവ്വഹിക്കുന്നതിനുള്ള ഭരണാനുമതിയാണ് സർക്കാർ നൽകിയിട്ടുള്ളത്.

(ബി) പ്രസ്തുത പ്രവൃത്തി ഏത് ഏജൻസി മുഖേനയാണ് നടപ്പാക്കുന്നതെന്ന് അറിയിക്കാമോ?

മണ്ണഞ്ചേരി, കലവൂർ എന്നീ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർവ്വഹണ ഏജൻസിയായി യഥാക്രമം ജില്ലാ നിർമ്മിതി കേന്ദ്രത്തിനെയും കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിനെയും തെരഞ്ഞെടുത്തിട്ടുണ്ട്. കോമളപുരം വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്മാർട്ട് വില്ലേജുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; നിലവിലെ സ്ഥിതിയെ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

1. <u>മണ്ണഞ്ചേരി</u> - പ്ലാൻ സ്കീം 2022-23-ൽ ഭരണാനുമതി നൽകിയ മണ്ണഞ്ചേരി സ്മാർട്ട് വില്ലേജ് കെട്ടിടത്തിന്റെ നിർമ്മാണത്തിനായി ജില്ലാ നിർമ്മിതി കേന്ദ്രം സമർപ്പിച്ചിരുന്ന എഗ്രിമെന്റ് 17-08-2023-ൽ ജില്ലാ കളക്ടർ അംഗീകരിക്കുകയും തുടർന്ന് നിർമ്മാണ പ്രവൃത്തി അടിയന്തരമായി

ആരംഭിക്കാൻ വേണ്ട നിർദ്ദേശം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുള്ളതുമാണ്.

2. കലവൂർ - പ്ലാൻ സ്കീം 2022-23 പ്രകാരം ഭരണാനുമതി നൽകിയ കലവൂർ സ്മാർട്ട് വില്ലേജ് കെട്ടിടത്തിന്റെ നിർമ്മാണത്തിനായി കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം സമർപ്പിച്ചിരുന്ന എഗ്രിമെന്റിൽ ചില കൂട്ടിചേർക്കലുകൾ ആവശ്യമുള്ളതിനാൽ ആയത് ഉൾപ്പെടുത്തിയ പുതുക്കിയ എഗ്രിമെന്റ് നിർവ്വഹണ ഏജൻസിയിൽനിന്നും അടിയന്തരമായി ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചുവരികയാണ്.

3. കോമളപുരം - പ്ലാൻ സ്കീം 2023-24 പ്രകാരം സ്മാർട്ട് വില്ലേജ് കെട്ടിടത്തിനായി ഭരണാനുമതി നൽകിയിട്ടുള്ള കോമളപുരം വില്ലേജ് ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിനായി കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിനെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുക്കുന്ന കാര്യം ജില്ലാ കളക്ടർ പരിശോധിച്ചുവരികയാണ്.

**ക്വാറികളുടെ പ്രവർത്തനം**

386(1598) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നിലവിൽ എത്ര ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ സർക്കാർ അംഗീകൃത ക്വാറികൾ എത്ര; പ്രതിവർഷം പ്രസ്തുത ക്വാറികളിൽനിന്നും ലഭിക്കുന്ന റോ മെറ്റീരിയൽസിന്റെ അളവ് എത്രയെന്നും എന്തൊക്കെ ആവശ്യത്തിനാണ് ഇത് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ?

കേരളത്തിൽ സർക്കാർ അനുമതിയോടുകൂടി പ്രവർത്തിക്കുന്ന ക്വാറികളുടെ എണ്ണം 643 ആണ്. പ്രസ്തുത ക്വാറികളിൽനിന്നും 2022-2023 സാമ്പത്തിക വർഷം 29312873.78 മെട്രിക് ടൺ റോ മെറ്റീരിയൽസ് ഉല്പാദിപ്പിച്ചു. ഈ ധാതുക്കൾ പാലങ്ങൾ, കെട്ടിടങ്ങൾ, റോഡുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്നു.

**ഓഫീസുകളിൽ ഓൺലൈൻ സേവനങ്ങൾക്കും മറ്റുമുള്ള ഐ.റ്റി. അധിഷ്ഠിത സാമഗ്രികളുടെ ലഭ്യത കുറവ്**

387(1599) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ റവന്യൂ ഓഫീസുകളിൽ ജനങ്ങൾക്കുവേണ്ടിയുള്ള വിവിധ ഓൺലൈൻ സേവനങ്ങൾക്കും മറ്റും ആവശ്യമായ ഐ.റ്റി. അനുബന്ധ സാമഗ്രികളായ കമ്പ്യൂട്ടർ, പ്രിന്റർ, ടോണർ, പേപ്പർ, ഇന്റർനെറ്റ് എന്നിവയുടെ ലഭ്യത കുറവുമൂലം സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാകാത്തത് കൊണ്ട് ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാരിന്റെ പ്ലാൻ ഫണ്ട് പൂർണ്ണമായും വിനിയോഗിച്ച് വില്ലേജ് ഓഫീസുകളിൽ ഐ.ടി. അനുബന്ധ സാധനങ്ങൾ വാങ്ങി നൽകിയത് കൂടാതെ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പാക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് പ്രത്യേക അനുമതി നൽകികൊണ്ട് 04-06-2022-ൽ സ.ഉ.(പി)62/2022/ധന നമ്പറായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവിധ റവന്യൂ ഓഫീസുകളിലെ ഐ.റ്റി. ഉപകരണങ്ങളുടെ അഭാവം എം.എൽ.എ.-മാർ തന്നെ പരിഹരിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ആവശ്യമായ സാമഗ്രികൾ സമയബന്ധിതമായി ലഭ്യമാക്കി ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ബാധകമല്ല.

**വട്ടിയൂർക്കാവ് മണ്ഡലത്തിൽ റവന്യൂ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ**

388(1600) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിൽ റവന്യൂ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ, അവയുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പരുകൾ എന്നിവ ലഭ്യമാക്കാമോ?

വട്ടിയൂർക്കാവ് മണ്ഡലത്തിൽ റവന്യൂ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ, അവയുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പരുകൾ എന്നിവ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമാക്കാമോ?

വില്ലേജ് ഓഫീസുകളിൽ ഒരു വില്ലേജ് ഓഫീസർ ഒരു സ്പെഷ്യൽ വില്ലേജ് ഓഫീസർ ഒരു വില്ലേജ് അസിസ്റ്റന്റ്, രണ്ട് വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് എന്നീ അഞ്ച് സ്ഥിരം തസ്തികകളും വട്ടിയൂർക്കാവ്, കുടപ്പനക്കുന്ന് എന്നീ വില്ലേജുകളിൽ ഓരോ റവന്യൂ റിക്കവറി വില്ലേജ് ഓഫീസർമാരുടെ തസ്തികയും അനുവദിച്ചിട്ടുണ്ട്. കുടപ്പനക്കുന്ന് വില്ലേജിലെ റവന്യൂ റിക്കവറി വില്ലേജ് ഓഫീസർ ജോലിക്രമീകരണ വ്യവസ്ഥയിൽ ആർ.ഡി. ഓഫീസിൽ ജോലിചെയ്യുന്നു.

കുടപ്പനക്കുന്ന്, പേരൂർക്കട, വട്ടിയൂർക്കാവ്, ശാസ്തമംഗലം എന്നീ വില്ലേജുകളിൽ ഓരോ പി.റ്റി.എസ്. തസ്തികയും നിലവിലുണ്ട്.

കളക്ടറേറ്റിൽ അനുവദിക്കപ്പെട്ടിട്ടുളള സ്ഥിരം തസ്തികകൾ, എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർവ്വേയും ഭൂരേഖയും വകുപ്പിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ അനുബന്ധമായി ചേർക്കുന്നു+.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പിൽ എക്സിക്യൂട്ടീവ് ഡയറക്ടർ (ഡയറക്ടർ), ഡയറക്ടർ അക്കാഡമിക്സ് (പ്രോഗ്രാം ഓഫീസർ/ഡെപ്യൂട്ടി കളക്ടർ) എന്നിവരുടെ 2 സ്ഥിരം തസ്തികകളാണുള്ളത്. നിലവിൽ ഈ തസ്തികകളിൽ ഒഴിവുകളില്ല.

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ കരാർ/താൽക്കാലിക/ ദിവസവേതന/അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോയെന്നും ഉണ്ടെങ്കിൽ അതുസംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കാമോ?

തിരുമല, കവടിയാർ എന്നീ വില്ലേജുകളിൽ ഓരോ കാഷ്വൽ സ്വീപ്പർ ജോലിചെയ്യുന്നു. കളക്ടറേറ്റിൽ 6 പി.റ്റി.എസ്. തസ്തികയുള്ളതിൽ 5 ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നതും ഒരു തസ്തിക ഒഴിവുള്ളതുമാണ്. തിരുവനന്തപുരം സബ് കളക്ടറുടെ കാര്യാലയത്തിൽ പി.റ്റി.എസ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തസ്തികയിൽ ഒരാൾ സേവനമനുഷ്ഠിക്കുന്നു. റീസർവ്വെ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ കരാർ/താൽക്കാലിക/ദിവസവേതന/ അന്യത്ര സേവന വ്യവസ്ഥയിൽ ആരുംതന്നെ ജോലി ചെയ്യുന്നില്ല. സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം എൽ.എ. (എൻ.എച്ച്.) പി.എം.ജി-യിൽ ദിവസവേതന അടിസ്ഥാനത്തിൽ ഒരു ഡാറ്റ എൻട്രി ഓപ്പറേറ്റർ സേവനമനുഷ്ഠിച്ചുവരുന്നു. സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം എൽ.എ. (ജനറൽ)-ൽ കരാർ തസ്തികയിൽ 2 പേരെ ഡാറ്റ എൻട്രി ജോലികൾക്കായി നിയമിച്ചിട്ടുണ്ട്. സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം എൽ.എ. (എയർപോർട്ട്)-ൽ കരാർ തസ്തികയിൽ ഒരു ജീവനക്കാരനെ ഡാറ്റ എൻട്രി ജോലികൾക്കായി നിയമിച്ചിട്ടുണ്ട്.

സർവ്വെയും ഭൂരേഖയും വകുപ്പിൽ ദക്ഷിണമേഖല സർവ്വെ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ഒരു ദിവസവേതന ഡ്രൈവറും റീസർവ്വെ സൂപ്രണ്ട് കാര്യാലയത്തിൽ 24 കരാർ സർവ്വേയർമാരും 47 കരാർ ഹെൽപ്പർമാരും ഒരു കാഷ്വൽ സ്വീപ്പറും സേവനമനുഷ്ഠിച്ചുവരുന്നു.

ഐ.എൽ.ഡി.എം.-ൽ 7 കരാർ ജീവനക്കാരും 19 ദിവസവേതനക്കാരും (താൽക്കാലികം) സേവനമനുഷ്ഠിച്ചുവരുന്നു.

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽനിന്ന് ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമെന്നും അവ ലഭ്യമാകുന്നതിനുള്ള നിബന്ധനകൾ/ആവശ്യമായ രേഖകൾ എന്തൊക്കെയാണെന്നും സേവനങ്ങൾ ലഭ്യമാകുന്നതിനുള്ള സമയപരിധി എത്രയെന്നും വിശദമാക്കാമോ?

വില്ലേജ് സേവനങ്ങൾ:- ജാതി, വരുമാനം, നോൺ-ക്രീമിലെയർ, റിലേഷൻഷിപ്പ്, ലീഗൽ ഹെയർഷിപ്പ്, കൈവശാവകാശം, നേറ്റിവിറ്റി, ഡൊമിസൈൽ, ഫാമിലി മെമ്പർഷിപ്പ്, റസിഡന്റ്സ് തുടങ്ങിയ ഓൺ ലൈൻ - ഓഫ് ലൈൻ സർട്ടിഫിക്കറ്റുകളും പോക്കുവരവ് അപേക്ഷകൾ, തണ്ടപ്പേർ സർട്ടിഫിക്കറ്റ്, വിവിധ ആവശ്യങ്ങൾക്കുള്ള സാക്ഷ്യപത്രങ്ങൾ, നികുതി ഒടുക്കൽ, കേരള ബിൽഡിംഗ് ടാക്സ്, റവന്യൂ റിക്കവറി, ലൊക്കേഷൻ മാപ്പ്, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, വില്ലേജ് ഓഫീസിലെ അടിസ്ഥാന രേഖകളുടെ പകർപ്പ് എന്നിവ വിവിധങ്ങളായ നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ നൽകുന്നു.

സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം എൽ.എ. (എൻ.എച്ച്.) പി.എം.ജി.-യിൽ പൊന്നുംവില നടപടികളുമായി ബന്ധപ്പെട്ട സേവനങ്ങൾ നൽകിവരുന്നു. സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം എൽ.എ. (ജനറൽ)-ൽ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച ജോലികളാണ് നടക്കുന്നത്. സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം എൽ.എ.(എയർപോർട്ട്)-ൽ ലാൻഡ് അക്വിസിഷൻ സംബന്ധിച്ച കാര്യാലയമായതിനാൽ ഭൂമി ഏറ്റെടുക്കുന്നതിനെത്തുടർന്ന് അവാർഡ് ഇനത്തിൽ ബന്ധപ്പെട്ട കക്ഷികൾക്ക് നഷ്ടപരിഹാര തുക ഈ കാര്യാലയത്തിൽനിന്നും നൽകുന്നു. ആയതിലേയ്ക്കായി ഏറ്റെടുക്കുന്ന ഭൂമിയുടെ ആധാരം, മുൻ ആധാരം, ബാധ്യത/ ബാധ്യത രഹിത സർട്ടിഫിക്കറ്റ്, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ തുടങ്ങിയവ ബന്ധപ്പെട്ട കക്ഷികളിൽനിന്നും ലഭ്യമാക്കുന്നു. സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം അഡീഷണൽ എൽ.എ.-ൽ വിവിധ അർത്ഥനാധികാരികളിൽനിന്നും ലഭിക്കുന്ന അർത്ഥനകൾ പ്രകാരം പൊന്നും വില നിയമമനുസരിച്ചുള്ള സ്ഥലമേറ്റെടുപ്പ് ജോലികൾ നടന്നുവരുന്നു.

<u>കളക്ടറേറ്റിൽനിന്നും ലഭിക്കുന്ന സേവനങ്ങൾ:-</u> നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, അവകാശ സർട്ടിഫിക്കറ്റ് എന്നിവയിന്മേലുള്ള അപ്പീലുകളും സ്പഷ്ടീകരണവും കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്, എക്സൈസ് ഡ്യൂട്ടി ഇളവ് ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, ക്യാരക്ടർ & കോൺടാക്ട് സർട്ടിഫിക്കറ്റ്, വിവിധ സർട്ടിഫിക്കറ്റുകളുടെ മേലൊപ്പ് ചാർത്തൽ സി.എം.ഡി.ആർ.എഫ്; ഫണ്ട് കൈകാര്യം ചെയ്യൽ, മുഖ്യമന്ത്രിയുടെ സൈനിക് വെൽഫെയർ ഫണ്ട് വിതരണം, സി.എം.ഡി.ആർ.എഫ്; താലൂക്കുതല പരിശോധന, ജീവൻ രക്ഷാപഥക് ഗ്യാലന്റി, ധീരത എന്നീ അവാർഡുകൾക്കുള്ള ശിപാർശ, കൊപ്ര സംഭരണം, വനിത ശിശുക്ഷേമം എന്നിവയുമായി ബന്ധപ്പെട്ട് നിയമസഭ സമിതി, ആയുധങ്ങൾക്ക് ലൈസൻസ് നൽകൽ, പുതുക്കൽ, റദ്ദാക്കൽ, പ്രോസിക്യൂഷൻ സാംഗ്ഷൻ, പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ് ബുക്കിംഗ്, മതന്യൂനപക്ഷങ്ങൾക്കുള്ള ഭവന നിർമ്മാണം, ജാതി സർട്ടിഫിക്കറ്റ്, വിദേശ ഇന്ത്യക്കാരുടെ മരണാനന്തര ധനസഹായം, പാട്ടം പുതുക്കൽ, താലൂക്കുകളിലെ ഭൂമി പതിവ് കൈവശ രേഖ

എന്നിവ നൽകൽ, മിച്ചഭൂമി വിതരണം, കയ്യേറ്റം ഒഴിപ്പിക്കൽ, പാറ പൊട്ടിക്കുന്നതിന് എൻ.ഒ.സി. നൽകൽ, പാറ പൊട്ടിക്കുന്നത് സംബന്ധിച്ച് പരാതികൾ കൈകാര്യം ചെയ്യൽ, കേരള തണ്ണീർത്തട സംരക്ഷണ നിയമം, വഴി തർക്കം/അതിർത്തി തർക്കം പരിഹരിക്കൽ, ലാൻഡ് വാല്യൂ സർട്ടിഫിക്കറ്റ്, ലാൻഡ് സർട്ടിഫിക്കറ്റ്, ഫെയർവാല്യൂ അപ്പീൽ, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ, പ്രകൃതിക്ഷോഭം, ജില്ലാതല കണക്ക് ശേഖരിക്കലും ക്രോഡീകരിക്കലും പ്രകൃതിക്ഷോഭം ദുരിതാശ്വാസ റോഡ് പണി, മണൽ ഖനനം സംബന്ധിച്ച പരാതികൾ, ഭവന രഹിതർക്ക് സ്പോൺസർഷിപ്പ് മുഖാന്തരം ഭവന നിർമ്മാണം, സ്പെഷ്യൽ തഹസിൽദാർ എൽ.എ. ജനറൽ ഓഫീസിലെ പൊന്നുംവില ജോലികളുടെ മേൽനോട്ടം, പണ്ടാര വക എൽ.എ. ഓഫീസിലെ ടെക്നോസിറ്റി ലൈഫ് സയൻസ് പാർക്ക് എന്നിവയുമായി ബന്ധപ്പെട്ട ജോലികൾ, വിഴിഞ്ഞം മത്സ്യബന്ധന പുനരധിവാസം, സി.ആർ.ഡി.പി., ട്രിഡ എന്നിവയുമായി ബന്ധപ്പെട്ട ജോലികൾ, കരമന-കളിയിക്കാവിള എന്നിവയുടെ പൊന്നുംവില നടപടി, കിൻഫ്ര പവർ ഗ്രിഡ്, ടെക്നോപാർക്ക്, ഉള്ളൂർ - ആക്കുളം റോഡ്, ജി.ജി.

ഹോസ്പിറ്റൽ അണമുഖം റോഡ്, സുനാമി, വി.പി.സി.എൽ., മ്യൂസിയം-സൂ, വർക്കല പുന്നമൂട് മാർക്കറ്റ്, വർക്കല ബസ്സ്റ്റാന്റ്, ഹോമിയോ കോളേജ്, എന്നീ പൊന്നുംവില നടപടികളുമായി ബന്ധപ്പെട്ട ജോലികൾ, വൈദ്യുതി സംബന്ധമായ കേസുകൾ, മലിനീകരണം സംബന്ധിച്ച കേസുകൾ പരിഹരിക്കൽ, ആശ്രിത നിയമന വെരിഫിക്കേഷൻ, പാസ്പോർട്ട്, എൻ.ഒ.സി., തിരുവനന്തപുരം ജില്ലയിലെ ആരാധനാലയങ്ങളിലെ ഉത്സവമേഖലാ പ്രഖ്യാപനം, തിരുവനന്തപുരം ജില്ലയിൽ പ്രാദേശിക അവധി പ്രഖ്യാപനം, തിരുവനന്തപുരം ജില്ലയിൽ മദ്യനിരോധന പ്രഖ്യാപനം, മൈക്ക് ഓപ്പറേറ്റർമാരുടെ രജിസ്ട്രേഷൻ, തിരുവനന്തപുരം ജില്ലയിലെ സൈനികരുടെയും വിമുക്തഭടന്മാരുടെയും പരാതി സംബന്ധിച്ച നടപടി വിവരം, തിരുവനന്തപുരം ജില്ലയിലെ പ്രമുഖ ആരാധനാലയങ്ങളിലെ ഉത്സവവുമായി ബന്ധപ്പെട്ട മീറ്റിംഗും ഏകോപനവും, തിരുവനന്തപുരം ജില്ലയിലെ ഹെലികോപ്റ്റർ ഉപയോഗിക്കുന്നതിന് അനുമതി നൽകൽ, തിരുവനന്തപുരം ജില്ലയിൽ സെമിത്തേരി നിർമ്മിക്കുന്നതിന് അനുമതി നൽകൽ, പുകവലി നിരോധനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ, എസ്മ

നിയമപ്രകാരം നടപടി സ്വീകരിക്കൽ, അബ്കാരി വിഷയങ്ങളും ജനകീയ കമ്മിറ്റി യോഗങ്ങളും ടാർ കട്ടിംഗ് സംബന്ധിച്ച യോഗങ്ങൾ അനുബന്ധ വിഷയങ്ങൾ, ജില്ലയിലെ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം, ക്രമസമാധാനം, റോഡ് സുരക്ഷാ തീര സംരക്ഷണം, എസ്.പി.സി. മീറ്റിംഗ് എന്നിവ.

## തിരുവനന്തപുരം സബ് കളക്ടറുടെ കാര്യാലയത്തിൽ നൽകിവരുന്ന സേവനങ്ങൾ

മാൻമിസ്സിംഗ് സർട്ടിഫിക്കറ്റ്, ജനന/മരണ സർട്ടിഫിക്കറ്റ് കാലതാമസം മാപ്പാക്കൽ, ഭൂമി തരംമാറ്റം, ലിമിറ്റഡ് ഗാർഡിയൻസ്ഷിപ്പ് സർട്ടിഫിക്കറ്റ്, പവർ ഓഫ് അറ്റോർണി അഡ്ജ്യൂഡിക്കേഷൻ, സീനിയർ സിറ്റിസൺ ക്ഷേമം. മേൽ പരാമർശിച്ച കാര്യാലയങ്ങളിൽനിന്നും അനവധി സേവനങ്ങളാണ് പൊതുജനങ്ങൾക്ക് നൽകിവരുന്നത്. ഇവയിൽ ഒട്ടുമിക്ക സേവനങ്ങൾക്കും ഹാജരാക്കേണ്ട രേഖകളെ സംബന്ധിച്ചും അവയുടെ സമയപരിധിയെ സംബന്ധിച്ചും സർക്കാർ ഉത്തരവുകളോ നിർദ്ദേശങ്ങളോ ഉള്ളതായി കാണുന്നില്ല. വില്ലേജ്/താലൂക്ക്/ആർ.ഡി.ഒ. ഓഫീസുകളിൽനിന്നും നൽകുന്ന ചില സേവനങ്ങൾക്ക് മാത്രമാണ്

സേവനാവകാശ നിയമ പ്രകാരം സമയപരിധി നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത സേവനങ്ങൾ ലഭിക്കുന്നതിന് ഹാജരാക്കേണ്ട രേഖകളുടെ വിവരങ്ങൾ നിലവിൽ കാര്യാലയത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് പ്രസ്തുത കാര്യാലയങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സർവ്വേയും ഭൂരേഖയും വകുപ്പ്

1) ദക്ഷിണമേഖല സർവ്വേ ജോയിന്റ് ഡയറക്ടർ, കളക്ടറേറ്റ്, തിരുവനന്തപുരം: റീസർവ്വെ (ഡിജിറ്റൽ സർവ്വെ ഉൾപ്പെടെ) സംബന്ധമായ ജോലികൾക്ക് മേൽനോട്ടം വഹിക്കുന്നു/രേഖകൾ ഇല്ല/സമയപരിധി നിശ്ചയിച്ചിട്ടില്ല.

2) അസിസ്റ്റന്റ് ഡയറക്ടർ റീസർവ്വേ, അമ്പലമുക്ക്, തിരുവനന്തപുരം: ഈ ഓഫീസിൽ റീസർവ്വേ (ഡിജിറ്റൽ സർവ്വേ ഉൾപ്പെടെ) സംബന്ധമായ സേവനമാണ് നടന്നുവരുന്നത്. അതിന് ആവശ്യമായ രേഖകൾ-വസ്തുവിന്റെ കൈവശം തെളിയിക്കുന്ന രേഖ ടി സർവ്വെയ്ക്ക് സമയപരിധി നിശ്ചയിച്ചിട്ടില്ല.

3) റീസർവ്വേ സൂപ്രണ്ട് ഓഫീസ്, അമ്പലമുക്ക്, പേരൂർക്കട പി.ഒ., തിരുവനന്തപുരം: റീസർവ്വേ (ഡിജിറ്റൽ സർവ്വേ ഉൾപ്പെടെ) സംബന്ധമായ

സേവനമാണ് നടന്നുവരുന്നത്. അതിന് ആവശ്യമായ രേഖകൾ-വസ്തുവിന്റെ കൈവശം തെളിയിക്കുന്ന രേഖ. ടി സർവ്വേയ്ക്ക് സമയപരിധി നിശ്ചയിച്ചിട്ടില്ല.

4) അസിസ്റ്റന്റ് ഡയറക്ടർ, സർവ്വേയും ഭൂരേഖയും (മാപ്പിംഗ്) ഓഫീസ് അമ്പലമുക്ക് തിരുവനന്തപുരം: സർവ്വേ സംബന്ധമായ ജോലികൾ ചെയ്തുവരുന്നു.

5) ജില്ലാ സർവ്വേ സൂപ്രണ്ട് ഓഫീസ്, തിരുവനന്തപുരം: എൽ.ആർ.എം. അപ്പീൽ പരാതികൾ തീർപ്പാക്കൽ. വനാവകാശരേഖ നൽകുന്നതിനുള്ള സർവ്വെ സ്കെച്ച് തയ്യാറാക്കൽ.

സർവ്വേ ഡയറക്ടർ, ജില്ലാ കളക്ടർ എന്നിവരുടെ നിർദ്ദേശപ്രകാരമുള്ള സ്പെഷ്യൽ സർവ്വെ ജോലികൾ ചെയ്യുക.

സർവ്വേ റെക്കോർഡ് വിഭാഗത്തിൽ ലഭ്യമായ റെക്കോർഡുകൾ പൊതുജനങ്ങൾക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ട ഫീസ് ഈടാക്കി പകർപ്പ് നൽകുക തുടങ്ങിയവ.

എൽ.എ. ഫയലുകളുടെ സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്യുന്നു.

ഐ.എൽ.ഡി.എം:- റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് റവന്യൂ സംബന്ധമായ വിഷയങ്ങളിൽ ട്രെയിനിംഗ് നൽകുന്ന സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ്. 2023-24 അക്കാദമിക് വർഷത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് വിഷയത്തിൽ എം.ബി.എ. കോഴ്സ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ റവന്യൂ ഗൈഡ് എല്ലാ വർഷവും പ്രസിദ്ധീകരിക്കുന്നു. റവന്യൂ വകുപ്പിന്റെ പ്രസിദ്ധീകരണമായ റവന്യൂ-ഭൂമിക അച്ചടിച്ച് വിതരണം ചെയ്യുന്നു. ഈ സ്ഥാപനത്തിന്റെ കീഴിൽ റവന്യൂ കാൾ സെന്റർ, റവന്യൂ ഇൻഫർമേഷൻ ബ്യൂറോ, റിവർ മാനേജ്മെന്റ് സെൽ, ദുരന്തനിവാരണം തുടങ്ങിയവയും പ്രവർത്തിക്കുന്നു.

**താലൂക്ക് സർവ്വേയറുടെ സേവനം**

389(1601) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുങ്ങല്ലൂർ താലൂക്ക് പരിധിയിൽ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനും തർക്കപരിഹാരങ്ങൾ നടത്തുന്നതിനും ഒരു സർവ്വേയർ മാത്രമാണുള്ളതെന്ന

വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൂടുതൽ സർവ്വേയർമാരെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കൂടുതൽ സർവ്വേയർമാരെ നിയോഗിക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**മാഹി കനാലിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടി**

390(1602) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാഹി കനാലിനുവേണ്ടി സർക്കാർ ഏറ്റെടുത്ത ഭൂമിയുടെ സർവ്വെ പൂർത്തീകരിക്കാൻ എടച്ചേരി ഗ്രാമപഞ്ചായത്തിലെ വാർഡ് 17-ലെ നിവാസികൾ നൽകിയ നിവേദനത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

വടകര മാഹി കനാൽ വികസനവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കലിൽ റീച്ച് 5-ൽ ഉൾപ്പെടുന്നതാണ് എടച്ചേരി വില്ലേജിൽ എടച്ചേരി ദേശം, തുരുത്തി ദേശം എന്നിവ. ആയതിൽ അവാർഡ് എൻക്വയറി നടത്തി അവാർഡ് തയ്യാറാക്കിവരുന്നു. അവാർഡ് തയ്യാറാക്കി ഉടൻതന്നെ കക്ഷികൾക്ക് അവാർഡ് തുക അനുവദിക്കുന്നതാണ്.

**ഭൂരഹിതരില്ലാത്ത പുനലൂർ പദ്ധതിയുടെ ഭാഗമായ ഡിജിറ്റൽ സർവ്വെ**

391(1603) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത പുനലൂർ പദ്ധതിയുടെ ഭാഗമായി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ വിവിധ യോഗങ്ങളിൽ പുനലൂർ നിയോജകമണ്ഡലത്തിലെ വിവിധ ഭൂമി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഡിജിറ്റൽ സർവ്വേ അടിയന്തരമായി പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും നിലവിൽ ആയതിന്റെ ഭാഗമായി ഡിജിറ്റൽ സർവ്വേ ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 2022 നവംബർ 1-ന് ആരംഭിച്ച ഡിജിറ്റൽ റീസർവ്വേയുടെ ഭാഗമായി പുനലൂർ നിയോജകമണ്ഡലത്തിലെ 13 വില്ലേജുകളിൽ 3 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ ഒന്നാംഘട്ടത്തിലും (ഇടമുളക്കൽ, അഞ്ചൽ, അറയ്ക്കൽ) 3 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ രണ്ടാംഘട്ടത്തിലും (ഇടമൺ, പുനലൂർ, വാളക്കോട്) ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കി വരുന്ന വില്ലേജുകൾക്ക് പ്രാധാന്യം നൽകി ഡിജിറ്റൽ സർവ്വെയുടെ

അടുത്ത ഘട്ടങ്ങളിൽ ഉൾപ്പെടുത്തി റീസർവ്വേ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പുനലൂർ താലൂക്കിൽ ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കിയ വില്ലേജുകൾ ഏതൊക്കെയെന്നും നിലവിൽ ഡിജിറ്റൽ സർവ്വേ നടന്നുകൊണ്ടിരിക്കുന്ന വില്ലേജുകൾ ഏതൊക്കെയെന്നും ആയത് എപ്പോൾ പൂർത്തിയാകുമെന്നും അറിയിക്കാമോ; വിശദമാക്കാമോ;

(സി) ഡിജിറ്റൽ സർവ്വേ അടിയന്തരമായി പൂർത്തിയാക്കണമെന്ന് തീരുമാനിച്ച സാഹചര്യത്തിൽ പുനലൂർ താലൂക്കിലെ ഇനിയും പൂർത്തിയാക്കാനുള്ള വില്ലേജുകളിൽ സർവ്വേ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോയെന്നതും സർവ്വേ എപ്പോൾ പൂർത്തിയാക്കാനാകുമെന്നതും വിശദമാക്കാമോ?

(ബി & സി) പുനലൂർ താലൂക്കിൽ ഉൾപ്പെട്ടുവരുന്ന പുനലൂർ നിയോജകമണ്ഡലത്തിലെ 13 വില്ലേജുകളും ചടയമംഗലം നിയോജകമണ്ഡലത്തിലെ 2 വില്ലേജുകളും ചേർത്ത് ആകെ 15 വില്ലേജുകൾ ഉള്ളതിൽ 3 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വെ ഒന്നാംഘട്ടത്തിലും

(ഇടമുളക്കൽ, അഞ്ചൽ, അറയ്ക്കൽ) 3 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ രണ്ടാംഘട്ടത്തിലും (ഇടമൺ, പുനലൂർ, വാളക്കോട്) ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കി വരുന്ന വില്ലേജുകൾക്ക് പ്രാധാന്യം നൽകി ഡിജിറ്റൽ സർവ്വേയുടെ അടുത്ത ഘട്ടങ്ങളിൽ ഉൾപ്പെടുത്തി എത്രയും പെട്ടന്ന് റീസർവ്വേ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഡിജിറ്റൽ സർവ്വേയ്ക്ക് വില്ലേജുകൾ തെരഞ്ഞെടുക്കുമ്പോൾ റീസർവ്വേ പൂർത്തിയാകാത്ത വില്ലേജുകൾക്ക് മുൻഗണന നൽകുമോ; വ്യക്തമാക്കാമോ?

റീസർവ്വേ പൂർത്തിയാകാത്ത വില്ലേജുകൾക്ക് മുൻഗണന നൽകിയാണ് ഡിജിറ്റൽ സർവ്വേയ്ക്ക് വില്ലേജുകൾ തെരഞ്ഞെടുക്കുന്നത്.

**പൂഞ്ഞാർ മണ്ഡലത്തിലെ വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വേ**

392(1604) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വേ നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

"എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന പ്രഖ്യാപിത ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവ്വേ റിക്കാർഡുകൾ നാലുവർഷംകൊണ്ട് പൂർത്തിയാക്കുന്നതിനുള്ള ബൃഹത് പദ്ധതിക്കാണ് 2022 നവംബർ 1-ന് സർക്കാർ തുടക്കം കുറിച്ചിട്ടുള്ളത്. പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും നാലാം വർഷം 350 വില്ലേജുകളും ഉൾപ്പെടെ ആകെ 8 ഘട്ടങ്ങളിലായാണ് 1550 വില്ലേജുകൾ കണക്കാക്കിയിരിക്കുന്നത്. പൂഞ്ഞാർ മണ്ഡലത്തിലെ മീനച്ചിൽ താലൂക്കിൽ ഉൾപ്പെട്ടുവരുന്ന പൂഞ്ഞാർ നടുഭാഗം വില്ലേജിനെ ഡിജിറ്റൽ റീസർവ്വേയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റ് വില്ലേജുകളെ തുടർന്നുള്ള ഘട്ടങ്ങളിൽ ഉൾപ്പെടുത്തി സർവ്വേ ചെയ്യുന്നതാണ്.

(ബി) ഡിജിറ്റൽ റീസർവ്വേയുടെ രണ്ടാംഘട്ടത്തിൽ പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പൂഞ്ഞാർ മണ്ഡലത്തിലെ മീനച്ചിൽ താലൂക്കിൽ ഉൾപ്പെട്ടുവരുന്ന പൂഞ്ഞാർ നടുഭാഗം വില്ലേജ് ഡിജിറ്റൽ റീസർവ്വേയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ റീസർവ്വേ**

393(1605) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ വില്ലേജുകളിലാണ് റീസർവ്വേ കഴിഞ്ഞതെന്ന് വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ ഷിരിബാഗിലു, മുളിഞ്ച, മൊഗ്രാൽ, ഇച്ചിലംപാടി, പുത്തൂർ, കൊടിബയൽ, മധൂർ, പട്ള, കോയിപ്പാടി, കണ്ണൂർ, കുഡ് ലു, മംഗൽപാടി, ഉദുമ, കോട്ടികുളം, പള്ളിക്കര, കീക്കാൻ, ചിത്താരി, അജാനൂർ, ഹോസ്ദുർഗ്, ചെറുവത്തൂർ, തുരുത്തി, മാണിയാട്ട്, പീലിക്കോട്,

ഉപ്പള, ബല്ല, പുതുക്കൈ എന്നീ 26 വില്ലേജുകളുടെ റീസർവ്വേ ജോലികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

(ബി) ഓരോ വില്ലേജിലും റീസർവ്വേ സംബന്ധിച്ച് ലഭിച്ച പരാതികൾ എത്രയെന്നും അതിൽ എത്ര പരാതികൾ തീർപ്പാക്കിയിട്ടുണ്ടെന്നും ഇനി എത്ര അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ടെന്നും അറിയിക്കാമോ?

റീസർവ്വേ സംബന്ധിച്ച് ലഭിച്ച പരാതികളുടെ വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു+.

(സി) കൂടുതൽ പരാതികൾ തീർപ്പാക്കാൻ ബാക്കിയുള്ള ഓഫീസുകളിൽ അതിലേയ്ക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

റീസർവ്വേ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി റീസർവ്വേ ഹെഡ്ഡിൽനിന്നും എൽ.ആർ.എം. ജോലികൾ നിർവ്വഹിക്കുന്നതിനായി 13 സർവ്വേയർമാരെ 3 താലൂക്കുകളിലായി പരാതികളുടെ എണ്ണത്തിന് അനുസരിച്ച് നിയോഗിച്ചിട്ടുള്ളതും പ്രസ്തുത സർവ്വെയർമാരുടെ സർവ്വേ ജോലികൾ വിശകലനം ചെയ്ത് കൃത്യമായ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുരോഗതി ഉറപ്പ് വരുത്തുന്നതിനായി ഹെഡ് സർവ്വേയർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. കൂടാതെ ജില്ലയിലെ എൽ.ആർ.എം. ജോലികൾ എല്ലാ ആഴ്ചകളിലും സർവ്വേ ഡയറക്ടറുടെ നേതൃത്വത്തിൽ അവലോകനം ചെയ്യുന്നുമുണ്ട്.

**റീസർവ്വേ**

394(1606) <u>ശ്രീ. എം. വിജിൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വില്ലേജുകളിൽ റീസർവ്വേ പൂർത്തിയായിട്ടുണ്ട്?

സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 922 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. റവന്യൂ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും റീസർവ്വേ പ്രവർത്തനങ്ങൾക്ക് വേഗത കൈവരിക്കുന്നതിനുമായി ഡിജിറ്റലായി അളന്ന 89 വില്ലേജുകളും ഡിജിറ്റൽ സർവ്വേ പുരോഗമിക്കുന്ന 27 വില്ലേജുകളും ഒഴികെയുള്ള സംസ്ഥാനത്തെ 1550 വില്ലേജുകളെ ആധുനിക സർവ്വേ

ഉപകരണങ്ങൾ ഉപയോഗിച്ച് 4 വർഷംകൊണ്ട് ഡിജിറ്റലായി അളക്കുകയെന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള 'entebhoomi' പദ്ധതിക്ക് 01-11-2022-ൽ ആരംഭം കുറിച്ചിട്ടുള്ളതാണ്.

(ബി) കണ്ണൂർ ജില്ലയിലെ എത്ര വില്ലേജുകളിൽ റീസർവ്വേ പൂർത്തിയായിട്ടുണ്ട്; ഇപ്പോൾ ഏതൊക്കെ വില്ലേജുകളിലാണ് റീസർവ്വേ നടന്നുകൊണ്ടിരിക്കുന്നത്?

കണ്ണൂർ ജില്ലയിൽ 133 വില്ലേജുകളുള്ളതിൽ 25 വില്ലേജുകൾ പൂർണ്ണമായും 5 വില്ലേജുകൾ ഭാഗികമായും റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

റീസർവ്വെ പ്രവർത്തനങ്ങൾക്ക് വേഗത കൈവരിക്കുന്നതിനായി ആധുനിക സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ച് സംസ്ഥാനത്തെ 1550 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ 4 വർഷംകൊണ്ട് പൂർത്തീകരിക്കുന്നത് ലക്ഷ്യം വച്ചുകൊണ്ടുള്ള 858.42 കോടി രൂപയുടെ ബൃഹത് പദ്ധതി 01-11-2022-ൽ തുടക്കം കുറിച്ചിട്ടുണ്ട്.

ഡിജിറ്റൽ റീസർവ്വേയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി ആറളം, അഴീക്കോട് സൗത്ത്, ചാവശ്ശേരി, എളയാവൂർ, കാണിച്ചാർ, കണ്ണൂർ 1, കണ്ണൂർ 2, കരിക്കോട്ടക്കരി, കോട്ടയം, പള്ളിക്കുന്ന്, പുഴാതി, തലശ്ശേരി, വളപ്പട്ടണം, വിളമന എന്നീ 14 വില്ലേജുകളുടെയും രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 14 വില്ലേജുകളിൽ കീഴല്ലൂർ, കീഴൂർ എന്നീ 2 വില്ലേജുകളുടെയും സർവ്വേ പുരോഗതിയിലാണ്. ബാക്കി വില്ലേജുകളുടെ സർവ്വേ തുടർന്നുള്ള ഘട്ടങ്ങളിൽ പൂർത്തീകരിക്കുന്നതാണ്.

(സി) ഡിജിറ്റൽ സർവ്വേ നടപടികൾ സംബന്ധിച്ച് ഉണ്ടായിട്ടുള്ള വിവിധ പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പൂർണ്ണ ജനപങ്കാളിത്തത്തോടെയാണ് ഡിജിറ്റൽ സർവ്വേ നടത്തുന്നത്. പദ്ധതി സംബന്ധിച്ച വിവരം ജനങ്ങളെ ബോധവത്കരിക്കുന്നതിനും ഡിജിറ്റൽ സർവ്വെയുടെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുന്നതിനും ഭൂമി സംബന്ധമായ ആശങ്കകൾ പരിഹരിക്കുന്നതിനും തെരഞ്ഞെടുത്ത വില്ലേജുകളിലെ എല്ലാ വാർഡുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി സർവ്വേ സഭകൾ സംഘടിപ്പിച്ച് ഡിജിറ്റൽ സർവ്വേ പദ്ധതിയെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് വിശദീകരിച്ച് നൽകുന്നു. കൂടാതെ സർവ്വേ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. കൂടാതെ ഡിജിറ്റൽ സർവ്വേയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് സർവ്വേ സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും "എന്റെ ഭൂമി " എന്ന ഓൺലൈൻ പോർട്ടലും സജ്ജീകരിച്ചിട്ടുള്ളതും സർവ്വേ വിവരം ഭൂവുടമസ്ഥരുടെ മൊബൈൽ ഫോണിൽ SMS ആയി നൽകുന്നതിനുള്ള സംവിധാനവും പദ്ധതിയുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. കൂടാതെ സർവ്വെ നടക്കുന്ന സമയത്തുള്ള പരാതികൾ ഒറിജിനൽ ലാൻഡ് കംപ്ലയിന്റ് (OLC) ആയും 9(2) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചതിനുശേഷമുള്ള പരാതികൾ അപ്പീൽ ലാൻഡ് കംപ്ലയിന്റ് (ALC) ആയും സമർപ്പിക്കാവുന്നതുമാണ്.

**വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ഫോട്ടോ ഉൾപ്പെടുത്തുന്നതിന് നടപടി**

395(1607) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രത്യേക വിവാഹ നിയമം 1954 പ്രകാരം രജിസ്ട്രാർ ഓഫീസുകളിൽ വിവാഹം നടത്തുന്നവർ രജിസ്ട്രേഷനായി നൽകുന്ന അപേക്ഷകളിൽ വധൂവരൻമാരുടെ ഫോട്ടോ പതിപ്പിക്കുന്നുണ്ടെങ്കിലും വധൂവരന്മാർക്ക് മുദ്രപ്പത്രത്തിൽ നൽകുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പിൽ ഫോട്ടോകൾ ഇല്ലാതെ നൽകുന്നതുകൊണ്ട് വിദേശ നയതന്ത്ര ഓഫീസുകളിലും മറ്റും ബുദ്ധിമുട്ടുകൾ നേരിടുന്നതിനാൽ രജിസ്ട്രാർ ഓഫീസിൽനിന്നും നൽകുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പിലും ഫോട്ടോ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

1954-ലെ സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരമുള്ള 1958-ലെ കേരള പ്രത്യേക വിവാഹ ചട്ടങ്ങളിൽ S.R.O.No.262/2018 നമ്പർ ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള നിയമം (ഇ) വകുപ്പിന്റെ 12-04-2018-ലെ സ.ഉ. (അ)നം.4/2018/നിയമം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ചട്ടം 4(ഇ), ചട്ടം

6(ഇ) എന്നിവ കൂട്ടിച്ചേർത്ത് വിവാഹ നോട്ടീസ് ബുക്കിലും വിവാഹ സാക്ഷ്യപത്ര ബുക്കിലും ഫോട്ടോ ഒട്ടിക്കുന്നതിനായി ചട്ടങ്ങൾ നടപ്പാക്കിയിട്ടുണ്ടെങ്കിത്തന്നെയും വിവാഹശേഷം രജിസ്ട്രാർ ഓഫീസിൽനിന്നും നൽകുന്ന വിവാഹ സർട്ടിഫിക്കറ്റിന്റെ പകർപ്പിൽ നിലവിൽ ഫോട്ടോകൾ ഉൾപ്പെടുത്തുന്നില്ല. വിവാഹശേഷം രജിസ്ട്രാർ ഓഫീസിൽനിന്നും നൽകുന്ന വിവാഹ സർട്ടിഫിക്കറ്റിന്റെ പകർപ്പിൽ ഫോട്ടോകൾ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**സംഘങ്ങളുടെ രജിസ്ട്രേഷന് പൊതുവായ നിയമം**

396(1608) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സംഘങ്ങളുടെ രജിസ്ട്രേഷനുവേണ്ടി നിലവിലുള്ള വ്യത്യസ്തമായ വ്യവസ്ഥകളും ഫീസ് ഘടനയുമുള്ള രണ്ട് നിയമങ്ങളായ മലബാർ പ്രദേശത്ത് ബാധകമായ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് 1860 (The Societies Act 1860), തിരുവിതാംകൂർ-കൊച്ചി പ്രദേശത്ത് ബാധകമായ

1955-ലെ തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട് എന്നിവയ്ക്ക് ബദലായി സംസ്ഥാനത്ത് പൊതുവായ നിയമം കൊണ്ടുവരുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ?

ഉണ്ട്. മലബാർ പ്രദേശത്ത് ബാധകമായ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് 1860 (The Societies Act 1860), തിരുവിതാംകൂർ - കൊച്ചി പ്രദേശത്ത് ബാധകമായ 1955-ലെ തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട് എന്നിവയ്ക്ക് ബദലായി സംസ്ഥാനത്ത് ഏകീകൃത സൊസൈറ്റി നിയമം നടപ്പാക്കുന്നതിന് വേണ്ടിയുള്ള കരട് കേരള സംഘ രജിസ്ട്രേഷൻ ബിൽ സർക്കാർ പരിശോധിച്ചുവരുന്നു.

**സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഇനങ്ങളിലെ വരുമാന വർദ്ധനവ്**

397(1609) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവിലയിൽ നടപ്പുവർഷത്തെ ബഡ്ജറ്റിലുണ്ടായ വർദ്ധനവ് എത്രയാണെന്ന് അറിയിക്കുമോ; ന്യായവില വർദ്ധനവിലൂടെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഇനങ്ങളിൽ ഈ വർഷം പ്രതീക്ഷിച്ച ആകെ വരുമാനം എത്രയെന്നും നാളിതുവരെ എത്ര വരുമാനം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഭൂമിയുടെ ന്യായവിലയിൽ നടപ്പുസാമ്പത്തിക വർഷത്തിൽ 20 ശതമാനം (2010-ലെ അടിസ്ഥാന ന്യായവിലയുടെ 264 ശതമാനം) വർദ്ധനവാണുണ്ടായത്. ന്യായവില വർദ്ധിപ്പിച്ചതിലൂടെ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 4536.9708 കോടി രൂപയും രജിസ്ട്രേഷൻ ഫീസിൽ 1335.4799 കോടി രൂപയുമായി ആകെ 5872.4507 കോടി രൂപയുടെ വരുമാനമാണ് നടപ്പുസാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്നത്. 2023 ഏപ്രിൽ 1 മുതൽ 2023 ഡിസംബർ 31 വരെ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ 2726.52 കോടി രൂപയും ഫീസിനത്തിൽ 1005.09 കോടി രൂപയും കൂടി ആകെ 3731.60 കോടിരൂപ പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) മുൻ സാമ്പത്തിക വർഷം പ്രസ്തുത ഇനത്തിൽ പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരുന്ന തുക എത്രയെന്നും 2022 ഏപ്രിൽ 1 മുതൽ ഡിസംബർ 31 വരെ ഈ ഇനത്തിൽ എത്ര പിരിച്ചെടുക്കാൻ സാധിച്ചുവെന്നും വ്യക്തമാക്കുമോ?

മുൻ സാമ്പത്തിക വർഷത്തിൽ 4125.9969 കോടി രൂപയായിരുന്നു ലക്ഷ്യമിട്ടിരുന്നത്. ഈയിനത്തിൽ 2022 ഏപ്രിൽ 1 മുതൽ ഡിസംബർ 31 വരെ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ 2780.09 കോടി രൂപയും ഫീസിനത്തിൽ 1024.71 കോടി രൂപയും കൂടി ആകെ 3804.81 കോടിരൂപ ലഭിച്ചിരുന്നു.

(സി) ഭൂമിയുടെ ന്യായവില 20 ശതമാനം വർദ്ധിപ്പിച്ചിട്ടും സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഇനങ്ങളിൽ ആനുപാതികമായ വരുമാന വർദ്ധനവ് ഉണ്ടാകാത്തതിന് കാരണം വ്യക്തമാക്കുമോ?

രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളുടെ എണ്ണത്തിൽ കുറവ് വരുന്നതിനാലാണ് ആനുപാതികമായി വർദ്ധനവ് പ്രതിഫലിക്കാതിരിക്കുന്നതെന്ന് കാണുന്നു. 2022 ഏപ്രിൽ 01 മുതൽ 2022 ഡിസംബർ 31 വരെ 731133 ആധാരങ്ങൾ രജിസ്റ്റർ ചെയ്തതിലൂടെ 3804.81

കോടി വരുമാനം ലഭ്യമായ സ്ഥാനത്ത്, 2023 ഏപ്രിൽ 01 മുതൽ 2023 ഡിസംബർ 31 വരെ 652137 ആധാരങ്ങൾ രജിസ്റ്റർ ചെയ്തപ്പോൾ (78996 ആധാരങ്ങൾ കുറവ്) 3731.60 കോടിയാണ് ലഭ്യമായത്.

**വിലകുറച്ച് കാണിച്ച് ആധാരം രജിസ്ട്രേഷൻ**

398(1610) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാലങ്ങളിൽ വില കുറച്ചുക്കാണിച്ച് ആധാരം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നതിന്റെ പേരിൽ വ്യക്തികൾക്ക് നോട്ടീസ് അയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; എത്ര കോടി രൂപയാണ് ഈ ഇനത്തിൽ പിരിച്ചെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; ജപ്തി നടപടി നേരിടുന്ന വസ്തുക്കൾക്ക് ഉൾപ്പെടെ ഇപ്രകാരം നോട്ടീസ് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

മുൻകാലങ്ങളിൽ വില കുറച്ചുകാണിച്ച് ആധാരം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നതിന്റെ പേരിൽ വ്യക്തികൾക്ക് നോട്ടീസ് അയച്ചിട്ടുണ്ട്. 01-01-1986 മുതൽ 31-12-2023 വരെയുള്ള കാലയളവിലെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | അയച്ച നോട്ടീസുകളുടെ എണ്ണം | പിരിച്ചെടുക്കാനുള്ള തുക കോടിയിൽ |
|---|---|---|---|
| 1 | തിരുവനന്തപുരം | 51075 | 167.6 |
| 2 | കൊല്ലം | 5656 | 10.3 |
| 3 | പത്തനംതിട്ട | 3099 | 14.8 |
| 4 | ആലപ്പുഴ | 4581 | 14.3 |
| 5 | കോട്ടയം | 5608 | 9.8 |
| 6 | ഇടുക്കി | 13845 | 27.1 |
| 7 | എറണാകുളം | 13365 | 148.4 |
| 8 | തൃശ്ശൂർ | 33452 | 106.4 |
| 9 | പാലക്കാട് | 9619 | 41.9 |
| 10 | മലപ്പുറം | 31873 | 108.4 |
| 11 | കോഴിക്കോട് | 13563 | 50.0 |
| 12 | വയനാട് | 5808 | 20.2 |
| 13 | കണ്ണൂർ | 15160 | 57.7 |
| 14 | കാസർഗോഡ് | 52150 | 13.8 |
| | ആകെ | 258854 | 790.7 |

അണ്ടർവാല്യൂവേഷൻ ഇനത്തിൽ 258854 കേസുകളിൽ നിന്നായി സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസുമടക്കം 790.7 കോടിരൂപ പിരിച്ചെടുക്കാനുണ്ട്. ജപ്തി നടപടികൾ നേരിടുന്ന വസ്തുക്കൾക്ക് ഇപ്രകാരം നോട്ടീസ് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വില കുറച്ച് ആധാരം രജിസ്റ്റർ ചെയ്തുനൽകിയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയാണെന്നിരിക്കെ വർഷങ്ങൾക്കുശേഷം ഇത്തരത്തിൽ നോട്ടീസ് നൽകി പണം പിരിച്ചെടുക്കാൻ ശ്രമിക്കുന്നതിലൂടെ സാധാരണക്കാരായ ജനങ്ങളെ ബുദ്ധിമുട്ടിലാക്കുന്ന ഈ നടപടി പുനഃപരിശോധിക്കാൻ തയ്യാറാകുമോ?

ആധാരത്തിൽ കാണിച്ചിട്ടുള്ള വില യഥാർത്ഥ വിലയേക്കാൾ കുറവാണെന്ന കാരണത്താൽ രജിസ്ട്രേഷൻ നിഷേധിക്കാൻ സാധിക്കില്ല. ആയതിനാൽ വില കുറച്ചുവച്ച് രജിസ്റ്റർ ചെയ്യുന്ന കരണങ്ങൾക്ക് 1959-ലെ കേരള മുദ്രപ്പത്രനിയമം സെക്ഷൻ 45(ബി) പ്രകാരം അണ്ടർ വാല്യൂവേഷൻ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഭൂമി രജിസ്ട്രേഷൻ സുതാര്യവും വേഗത്തിലുമാക്കാൻ നടപടി**

399(1611) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ശശി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സുതാര്യമായും ലളിതമായും നടപ്പാക്കുന്നതിന് വേണ്ടി സ്വീകരിച്ചുവരുന്ന പുതിയ നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

സംസ്ഥാനത്തെ ഭൂമി രജിസ്ട്രേഷൻ നടപടികൾ സുതാര്യവും ലളിതവുമാക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. ആധാര മാതൃകകൾ ലളിതവൽക്കരിച്ചുകൊണ്ട് അവ കമ്പ്യൂട്ടറിലൂടെ തന്നെ തയ്യാറാക്കുന്നതിനുള്ള സൗകര്യം നടപ്പാക്കുന്നതിനാവശ്യമായ വെബ് ക്യാമറ, ബയോമെട്രിക് സ്കാനർ, ഇലക്ട്രോണിക് സിഗ്നേച്ചർ പാഡ് എന്നിവ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും സ്ഥാപിച്ചു. ഈ സംവിധാനം നിലവിൽ വരുന്നതോടുകൂടി ആധാര കക്ഷികളുടെ ഫോട്ടോയും വിരൽപ്പതിപ്പും ഡിജിറ്റൽ രൂപത്തിൽത്തന്നെ ആധാരത്തിലെ

പുറത്തെഴുത്തായി വരുന്നു. ഈ സൗകര്യം നടപ്പാക്കുന്നതിന് മുന്നോടിയായുള്ള പരീക്ഷണ പരിപാടി സംസ്ഥാനത്തെ 14 സബ് രജിസ്ട്രാർ ഓഫീസുകളിലും നടന്നുവരുന്നു.

2. എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപ്പത്രങ്ങൾക്ക് 01-04-2023 മുതൽ ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പാക്കിയിരുന്നു. ഇതിന്റെ പരീക്ഷണ പരിപാടിയും സംസ്ഥാനത്തെ 14 സബ് രജിസ്ട്രാർ ഓഫീസുകളിലും നടന്നുവരുന്നു.

3. ഒരു ജില്ലയിലെ ആധാരം ആ ജില്ലയിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യാൻ കഴിയുന്ന രീതിയിൽ രജിസ്ട്രേഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് "Anywhere Registration" സൗകര്യം നടപ്പാക്കിയിരുന്നു.

4. വിൽക്കുന്നയാളിനോ വാങ്ങുന്നയാളിനോ സ്വയം ആധാരം തയ്യാറാക്കാൻ അനുമതി നൽകിയിരുന്നു. ഇതിനാവശ്യമായ നിയമ ഭേദഗതിയും നടപ്പാക്കിയിരുന്നു.

5. സ്വയം ആധാരം തയ്യാറാക്കൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ആധാരത്തോടൊപ്പം സമർപ്പിക്കേണ്ട ഫയലിംഗ് ഷീറ്റുകളുടെ രൂപം A3 -യിൽനിന്നും A4 -ലേയ്ക്ക് രൂപമാറ്റം നടത്തിയിരുന്നു.

6. ഫയലിംഗ് ഷീറ്റുകൾ കമ്പ്യൂട്ടറിൽ സുഗമമായി പ്രിന്റ് ചെയ്യുന്നതിനായി വരയില്ലാത്ത ഫയലിംഗ് ഷീറ്റുകൾ അച്ചടിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ആധാരങ്ങൾ കമ്പ്യൂട്ടറിൽ തയ്യാറാക്കുന്നതിനും ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനും നിലവിൽ തടസ്സങ്ങളുണ്ടോ; വിശദീകരിക്കുമോ?

ഭൂമി രജിസ്ട്രേഷൻ പൂർണ്ണമായും ഓൺലൈൻ ആക്കിയിട്ടില്ല. എന്നാൽ രജിസ്റ്റർ ചെയ്യേണ്ട സമയവും തീയതിയും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കുതന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടപടികൾ വേഗത്തിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിരുന്നു.

ആധാരങ്ങൾ കമ്പ്യൂട്ടറിലൂടെ തയ്യാറാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി 19 വിവിധ തരം ആധാരമാതൃകകളുടെ അംഗീകാരവുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഒരു ജില്ലയിലെ ആധാരം അതേ ജില്ലയിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യാൻ സാധ്യമാകുന്ന രജിസ്ട്രേഷൻ ചട്ടങ്ങളുടെ ഭേദഗതി പൊതുജനങ്ങൾ എത്രത്തോളം പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഒരു ജില്ലയിലെ ആധാരം അതേ ജില്ലയിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യാൻ കഴിയുന്ന രീതിയിൽ രജിസ്ട്രേഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് "Anywhere Registration" സൗകര്യം നടപ്പാക്കിയിരുന്നു. ഈ സംവിധാനം നിലവിൽ വന്നതിനുശേഷം നാളിതുവരെ 11119 ആധാരങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ആധാരം രജിസ്റ്റർ ചെയ്യുന്നതിനോടൊപ്പം പോക്കുവരവും ചെയ്യാൻ സാധിക്കുന്ന വിധത്തിൽ രജിസ്ട്രേഷൻ വകുപ്പിന്റെ പേൾ സംവിധാനവും റവന്യൂ വകുപ്പിന്റെ റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം

സംവിധാനവും സംയോജിപ്പിക്കുന്ന നടപടികളുടെ പുരോഗതി വിശദീകരിക്കുമോ?

നിലവിൽ ആധാര രജിസ്ട്രേഷൻ നടത്തുന്നതിനോടൊപ്പം പോക്കുവരവും തത്സമയം നടത്തുന്നതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ 'PEARL' സംവിധാനവും റവന്യൂ വകുപ്പിന്റെ 'ReLIS' സംവിധാനവും സംയോജിപ്പിച്ചുകൊണ്ട് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്ന വേളയിൽത്തന്നെ ആധാരങ്ങളുടെ ഡിജിറ്റൽ പകർപ്പ് സഹിതമുള്ള വിവരങ്ങൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടപടികൾ പൂർത്തിയാക്കുന്നതിനുള്ള സൗകര്യം നിലവിൽ പ്രവർത്തന സജ്ജമാണ്.

**രജിസ്ട്രേഷൻ നടപടികളിലെ കൃത്രിമം തടയാൻ നടപടി**

400(1612) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും അടയ്ക്കാതിരിക്കാൻ ക്രമരഹിതമായി വസ്തുക്കൾ വിഭജിക്കുന്ന നടപടി പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും അടയ്ക്കാതിരിക്കാൻ ക്രമരഹിതമായി വസ്തുക്കൾ വിഭജിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ ലോക്കൽ ഓഡിറ്റ് റിപ്പോർട്ടുമായി ബന്ധപ്പെട്ട് എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ക്രമരഹിതമായി വസ്തുക്കൾ വിഭജിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരത്തിൽ എത്ര കേസുകൾ കണ്ടെത്തിയിട്ടുണ്ടെന്നും ഇതിലൂടെ എത്ര രൂപ നഷ്ടമായിട്ടുണ്ടെന്നും വിശദമാക്കാമോ?

ഇത്തരത്തിൽ 15 കേസുകളിലായി 30,09,572/- രൂപയുടെ നഷ്ടം സംഭവിക്കുകയും ആയതിൽനിന്നും 2 കേസുകളുടെ തുകയായ 3,68,107/- രൂപ ബന്ധപ്പെട്ട കക്ഷികളിൽനിന്നും ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇത്തരം വീഴ്ചകൾ ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഇത്തരം വീഴ്ചകൾ ഒഴിവാക്കുന്നതിനായി 1959-ലെ കേരള മുദ്രപത്ര നിയമത്തിലെ വകുപ്പ് 45(ബി) പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇങ്ങനെ കൃത്രിമരേഖകൾ സൃഷ്ടിച്ച് ആധാരം രജിസ്റ്റർ ചെയ്യാൻ സഹായിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കൃത്രിമരേഖകൾ സൃഷ്ടിച്ച് ആധാരം രജിസ്റ്റർ ചെയ്യാൻ ഉദ്യോഗസ്ഥർ സഹായിച്ചതായി ശ്രദ്ധയിൽപ്പെടാത്തതിനാൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

**പേരാമ്പ്രയിലെ പഴയ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം കോടതിക്ക് അനുവദിക്കണമെന്ന ആവശ്യം**

401(1613) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ കൈവശമുള്ള പേരാമ്പ്രയിലെ പഴയ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം താൽക്കാലികമായി പേരാമ്പ്ര

കോടതിക്ക് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പേരാമ്പ്ര ബാർ അസ്സോസിയേഷന്റെ നിവേദനം ലഭിച്ചിരുന്നോ;

(ബി) പ്രസ്തുത നിവേദനം സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിവേദനം പരിഗണിച്ച് കെട്ടിടം താൽക്കാലികമായി കോടതിക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ & ബി) നിവേദനം ലഭിച്ചിരുന്നു. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

402(1614) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 11-12-2018-ൽ നിർമ്മാണം ആരംഭിച്ച കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനം സ്വകാര്യ വ്യക്തികൾ നൽകിയ കേസുകൾമൂലം താൽക്കാലികമായി നിർത്തിവയ്ക്കുകയും കേസുകളിൽ സർക്കാരിന് അനുകൂലമായി വിധി വന്നതിനാൽ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ പാലക്കാട് ജില്ലാ രജിസ്ട്രാർ (ജനറൽ)-ക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. നിർമ്മാണപ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പിന്മാറിയിട്ടുള്ളതിനാൽ റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി പുതിയ കരാർ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന കേസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

സർക്കാരിന് അനുകൂലമായി കേസ് തീർപ്പായിട്ടുണ്ട്.

**മലപ്പുറം ജില്ലയിലെ രജിസ്ട്രാർ ഓഫീസുകൾ**

403(1615) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എത്ര രജിസ്ട്രാർ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇത്തരത്തിൽ പ്രവർത്തിക്കുന്ന സബ് രജിസ്ട്രാർ ഓഫീസുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

മലപ്പുറം ജില്ലയിലെ 27 സബ് രജിസ്ട്രാർ ഓഫീസുകളിൽ 15 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ടി ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വാടക കുടിശ്ശികയുമായി ബന്ധപ്പെട്ട് മലപ്പുറം മണ്ഡലത്തിലെ മോങ്ങം ഉൾപ്പെടെ 9 സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങളുടെ വാടക കരാർ പുതുക്കി നൽകാത്തതിനാൽ ഓഫീസ് പ്രവർത്തനം പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

വാടകക്കരാർ പുതുക്കി നൽകാത്തതിനാൽ മലപ്പുറം ജില്ലയിൽ നാളിതുവരെ ഓഫീസ് പ്രവർത്തനം തകരാറിലായിട്ടില്ല.

(സി) സംസ്ഥാനത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന രജിസ്ട്രാർ ഓഫീസുകളിൽ വാടകയിനത്തിലുള്ള ആകെ കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കാമോ; ആയത് അടിയന്തരമായി കൊടുത്തുതീർത്ത് പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന രജിസ്ട്രാർ ഓഫീസുകളിൽ വാടകയിനത്തിലുള്ള ആകെ കുടിശ്ശിക 5,85,54,431/- രൂപയാണ്. വാടക പുതുക്കുന്നതിന് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് വാടക നിശ്ചയിച്ച് ബഡ്ജറ്റ് വിഹിതത്തിന് വിധേയമായി കുടിശ്ശിക നൽകിവരുന്നു.

**മലയിൻകീഴ് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

404(1616) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് സബ് രജിസ്ട്രാർ ഓഫീസിനായുള്ള കെട്ടിടത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നും പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ;

(ബി) അവശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ & ബി) കെട്ടിടനിർമ്മാണം പൂർത്തിയായി. വാട്ടർ കണക്ഷൻ, സൈറ്റ് പ്രിപ്പറേഷൻ, വൈദ്യുതി കണക്ഷൻ, കോംപാക്ടർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിൽ രജിസ്ട്രേഷൻ വകുപ്പിന് കീഴിലുള്ള കെട്ടിടങ്ങൾ**

405(1617) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ രജിസ്ട്രേഷൻ വകുപ്പിന് കീഴിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകളുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കാസർഗോഡ് ജില്ലയിലെ ഉദുമ സബ് രജിസ്ട്രാർ ഓഫീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ശ്രീ. ഖസിയാരത്ത് അഹമ്മദ് മൗലവി എന്നയാളുടെ ഉടമസ്ഥതയിലുള്ള, ഉദുമ ഗ്രാമപഞ്ചായത്തിലെ നമ്പർ XIX/208,

209 എന്ന കെട്ടിടത്തിലാണ് പ്രസ്തുത ഓഫീസ് പ്രവർത്തിക്കുന്നത്. കെട്ടിടത്തിന്റെ നിലവിലെ പ്രതിമാസ വാടക 2198/- രൂപയാണ്.

(ബി) ജില്ലയിൽ പ്രസ്തുത വകുപ്പിനുകീഴിൽ കെട്ടിടങ്ങളുടെ കാലപ്പഴക്കത്താൽ പ്രയാസം നേരിടുന്ന ഓഫീസുകൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

ഹോസ്ദുർഗ് സബ് രജിസ്ട്രാർ ഓഫീസ്, കാസർഗോഡ് സബ് രജിസ്ട്രാർ ഓഫീസ് എന്നിവ ജില്ലയിൽ കാലപ്പഴക്കത്താൽ പ്രയാസം നേരിടുന്ന ഓഫീസുകളാണ്.

**കുങ്കിച്ചിറ മ്യൂസിയം**

406(1618) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ കുങ്കിച്ചിറ മ്യൂസിയം ഉദ്ഘാടനശേഷം നാളിതുവരെ സന്ദർശിച്ചവരുടെ എണ്ണം വ്യക്തമാക്കാമോ?

വയനാട് കുങ്കിച്ചിറ മ്യൂസിയം ഉദ്ഘാടനം നിർവ്വഹിച്ചശേഷം നാളിതുവരെ 20870 പേർ ഈ മ്യൂസിയത്തിൽ സന്ദർശനം നടത്തിയിട്ടുണ്ട്.

(ബി) സന്ദർശക ഫീസ് ഇനത്തിൽ എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

സന്ദർശക ഫീസ് ഈടാക്കി തുടങ്ങിയിട്ടില്ല. വയനാട് കുങ്കിച്ചിറ മ്യൂസിയം സന്ദർശിക്കുന്നവരിൽ ഫീസ് ഏർപ്പെടുത്തി പ്രവേശനം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വയനാട് മേപ്പാടിയിലുള്ള ഗവൺമെന്റ് പ്രസ്സിൽ ടിക്കറ്റ് ബുക്കുകൾ അച്ചടിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

(സി) കൂടുതൽ സന്ദർശകരെ ആകർഷിക്കാൻ കഴിയുന്ന തരത്തിലുള്ള പദ്ധതികൾ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ?

വയനാട് കുങ്കിച്ചിറ മ്യൂസിയത്തിൽ കൂടുതൽ സന്ദർശകരെ ആകർഷിക്കുന്ന തരത്തിൽ മ്യൂസിയം പരിസരത്തുള്ള ചിറയ്ക്ക് ചുറ്റും കാസ്റ്റ് അയണിൽ തീർത്ത ഗാർഡൻ ബഞ്ചുകൾ സ്ഥാപിക്കുന്നതിനും മ്യൂസിയത്തിന്റെ മുന്നിലും ചിറയുടെ ചുറ്റും പ്രധാന റോഡിലുമായി പൈതൃക മോഡലിൽ തീർത്ത വൈദ്യുതി വിളക്കുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

**മൊയ്തു മൗലവി സ്മാരക മ്യൂസിയം**

407(1619) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ മൊയ്തു മൗലവി സ്മാരക മ്യൂസിയത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കോഴിക്കോട് ജില്ലയിലെ മൊയ്തു മൗലവി സ്മാരക മ്യൂസിയം പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ചുമതലയിലുള്ള സ്ഥാപനമാണ്. മ്യൂസിയം കെട്ടിടം നിർമ്മാണത്തിലെ അപാകതകൾ കാരണം കെട്ടിടം പരിപൂർണ്ണ നിലയിൽ ഉപയോഗപ്പെടുത്താൻ സാധിക്കാത്ത സാഹചര്യമുണ്ടെന്നും തുടക്കകാലത്ത് സർക്കാരിൽനിന്നും ലഭ്യമായ 10 ലക്ഷം രൂപയിൽനിന്നാണ് സെക്യൂരിറ്റിയായ താൽക്കാലിക ജീവനക്കാരനുള്ള വേതനം, വൈദ്യുതി ചാർജ്ജ്, സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് സ്വാതന്ത്ര്യദിനാഘോഷം, റിപ്പബ്ലിക് ദിനാഘോഷം, മൊയ്തു മൗലവി അനുസ്മരണ പരിപാടികളും ശുചീകരണ പ്രവൃത്തികളും നടത്തി

വരുന്നതെന്നും പബ്ലിക്ക് റിലേഷൻസ് വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മൊയ്തു മൗലവി സ്മാരക മ്യൂസിയം പുരാവസ്തു വകുപ്പിന് കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച് ചർച്ചകൾ നടന്നുവരുന്നു.

**ചേറ്റുവ കോട്ടയുടെ നവീകരണം**

408(1620) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേറ്റുവ കോട്ടയുടെ നവീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ ചേറ്റുവ കോട്ടയുടെ സമഗ്ര സംരക്ഷണ പ്രവർത്തനങ്ങൾ 2018-19 സാമ്പത്തിക വർഷം നടത്തിയിരുന്നു. ഇതിന്റെ ഭാഗമായി അതിർത്തികൾ നിർണ്ണയിക്കുകയും കിടങ്ങുകളുടെ പുറംഭാഗം സംരക്ഷിക്കുന്നതിലേയ്ക്കായി ഭിത്തികൾ നിർമ്മിക്കുകയും ചെയ്തു. കോട്ടയിലേയ്ക്ക് കടക്കുന്നതിനായി നടപ്പാലവും സ്ഥാപിക്കുകയുണ്ടായി.

(ബി) ചേറ്റുവ കോട്ട വിനോദസഞ്ചാര കേന്ദ്രമാക്കുന്നതിന് ഏതെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ചേറ്റുവ കോട്ട ഒരു വിനോദസഞ്ചാര കേന്ദ്രമാക്കുന്നതിന് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് വിഭാവനം ചെയ്ത പദ്ധതിയുമായി സഹകരിക്കാൻ പുരാവസ്തു വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പുരാവസ്തു വകുപ്പും ജില്ലാ പഞ്ചായത്തും തമ്മിൽ ഏർപ്പെടേണ്ട കരാറിന്റെ കരട് പുരാവസ്തു വകുപ്പ് ഡയറക്ടറിൽനിന്ന് 29-01-2024-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**ചാലക്കുടി ട്രാംവേ റെയിൽ മ്യൂസിയം**

409(1621) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ട്രാംവേ റെയിൽ മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ജലസേചന വകുപ്പിൽനിന്നും പുരാവസ്തു വകുപ്പിലേയ്ക്ക് കൈമാറിക്കിട്ടിയ ചാലക്കുടിയിലെ ജലസേചന വകുപ്പിന്റെ മെക്കാനിക്കൽ സബ്ഡിവിഷന്റെ പഴയ വർക്ക്ഷോപ്പ് നിർമ്മിതിയിലാണ് ട്രാംവേ മ്യൂസിയം സജ്ജീകരിക്കുന്നത്. ടി കെട്ടിടത്തിന്റെ അറ്റകുറ്റ പ്രവൃത്തികൾ നിലവിൽ നടന്നുവരുന്നു. ആയതു 80% ത്തോളം പൂർത്തിയായി.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

മേൽ സംരക്ഷണ പ്രവൃത്തി 2024 മാർച്ച് മാസത്തോടെ പൂർത്തീകരിച്ച ശേഷം മ്യൂസിയം ഗ്യാലറികളുടെ സജ്ജീകരണം ആരംഭിക്കുന്നതാണ്. 2024 ഡിസംബർ മാസത്തോടെ മ്യൂസിയം സജ്ജീകരണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**തിരുവനന്തപുരം ജില്ലയിലെ സംരക്ഷിത സ്മാരകങ്ങൾ**

410(1622) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ചരിത്രപരവും പൈതൃക പ്രാധാന്യമുള്ളതുമായ എത്ര സംരക്ഷിത സ്മാരകങ്ങളാണ് പുരാവസ്തു വകുപ്പിന്റെ കീഴിലുള്ളതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിലുൾപ്പെട്ട 42 സ്മാരകങ്ങളാണുള്ളത്. ആയതിന്റെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട് +.

(ബി) ഇവയിൽ പാറശ്ശാല മണ്ഡലത്തിന്റെ പരിധിയിലുൾപ്പെടുന്ന സ്മാരകങ്ങളുടെ വിവരം നൽകാമോ?

നെയ്യാറ്റിൻകര പെരുങ്കടവിള വില്ലേജിലുള്ള പാണ്ഡവൻപാറ എന്ന സംരക്ഷിത സ്മാരകം പാറശ്ശാല മണ്ഡലത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണ്.

(സി) പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ പാണ്ഡവൻപാറയുടെ വികസനത്തിനായുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന് ഭരണാനുമതി നൽകാനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാണ്ഡവൻപാറയിലെ ടൂറിസം വികസനം സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. സി. കെ. ഹരീന്ദ്രൻ അവർകളുടെ അദ്ധ്യക്ഷതയിൽ 16-02-2022-നകൂടിയ യോഗത്തിൽ പുരാവസ്തു വകുപ്പിലെയും ടൂറിസം വകുപ്പിലെയും ഉദ്യോഗസ്ഥർ പങ്കെടുത്തിരുന്നു. ഇതുപ്രകാരം സ്മാരകത്തിലേയ്ക്ക് എത്തിച്ചേരുന്നതിനുള്ള വഴിയുടെ സജ്ജീകരണം സന്ദർശകർക്ക് ആവശ്യമായ സൗകര്യമൊരുക്കൽ എന്നിവ ചെയ്യുന്നതിന് വിശദമായി പഠിച്ച് ഒരു രൂപരേഖ തയ്യാറാക്കുന്നതിന് ടൂറിസം വകുപ്പിനെയും പാണ്ഡവൻ പാറയുടെ ഭൂപരമായ പ്രത്യേകതകൾ, രൂപീകരണം, ധാതുഘടന, സന്ദർശക വാഹകശേഷി എന്നിവ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജിയോളജി വകുപ്പിനോട് അഭ്യർത്ഥിക്കുന്നതിനായി പുരാവസ്തു വകുപ്പിനെയും ചുമതലപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് മേൽ വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ ജിയോളജിസ്റ്റിന് വകുപ്പ് 28-02-2022-ന് കത്ത് നൽകിയിരുന്നു. എങ്കിലും നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല. തുടർന്ന് ജിയോളജി വകുപ്പിന് 22-04-2023, 20-09-2023 എന്നീ തീയതികളിൽ

ഓർമ്മക്കുറിപ്പും നൽകിയിട്ടുണ്ട്. ജിയോളജി വകുപ്പിൽ നിന്നുള്ള റിപ്പോർട്ട് ഉടൻ ലഭ്യമാക്കി ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പുരാരേഖകളുടെയും പുരാലിഖിതങ്ങളുടെയും സംരക്ഷണം**

411(1623) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാരേഖകളുടെയും പുരാലിഖിതങ്ങളുടെയും സംരക്ഷണത്തിനും കാസർഗോഡ് ജില്ലയിലെ പ്രധാന ക്ഷേത്രങ്ങളിലെ മ്യൂറൽ പെയിന്റുകൾ, കൊത്തുപണികൾ എന്നിവ സംരക്ഷിക്കാനും വകുപ്പിന്റെ നേതൃത്വത്തിൽ നടപടികളുണ്ടാകുമോ?

പുരാരേഖകൾ സംരക്ഷിക്കുന്നതിനായി ഏതെങ്കിലും സ്ഥാപനം ആവശ്യപ്പെടുന്നപക്ഷം പുരാരേഖ വകുപ്പ് അവ നേരിട്ട് പരിശോധിച്ച് ആവശ്യമായ പ്രാഥമിക സംരക്ഷണം നടത്തി നൽകുകയും അത്തരം സംരക്ഷണം നടത്തുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ കൂടുതൽ ശാസ്ത്രീയമായ സംരക്ഷണം

ആവശ്യമെങ്കിൽ വകുപ്പിന്റെ "കമ്മ്യൂണിറ്റി ആർക്കൈവ്സ്" പദ്ധതിയിലുൾപ്പെടുത്തി സർക്കാർ അനുമതിയോടെ പ്രോജക്ട് മുഖേന പുരാരേഖകളുടെ സംരക്ഷണം നടത്തിവരികയും ചെയ്യുന്നുണ്ട്. കാസർഗോഡ് ജില്ലയിലെ അനന്തപുരം ക്ഷേത്രം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാണ്. ടി ക്ഷേത്രത്തിലെ ചുവർചിത്രങ്ങൾക്ക് സംരക്ഷണം ആവശ്യമാണെന്ന് പരിശോധനയിൽ കാണുന്നപക്ഷം ടി പ്രവൃത്തി വകുപ്പ് നിർവ്വഹിക്കുന്നതാണ്. ജില്ലയിലെ മറ്റ് ക്ഷേത്രങ്ങളിലെ പുരാരേഖകൾ സംരക്ഷിക്കുന്നതിന് അപേക്ഷ ലഭിച്ചാൽ ആയത് പരിശോധിച്ച് സംരക്ഷണ പ്രവൃത്തി ആവശ്യമുള്ളപക്ഷം ആയത് നടത്തുന്നതിന് നടപടി സ്വീകരിക്കാൻ സാധിക്കുന്നതാണ്.

(ബി) തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂർ വീരഭദ്ര ക്ഷേത്രം, ഉദിനൂർ ക്ഷേത്രപാലക ക്ഷേത്രം, നീലേശ്വരം കോവിലകം എന്നിവിടങ്ങളിൽ ഇത്തരത്തിൽ സംരക്ഷണ പരിപാടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂർ വീരഭദ്ര ക്ഷേത്രം, ഉദിനൂർ ക്ഷേത്രപാലക ക്ഷേത്രം, നീലേശ്വരം കോവിലകം എന്നിവിടങ്ങളിൽനിന്നും അപേക്ഷ ലഭിച്ചാൽ ആയത് പരിശോധിച്ച് സംരക്ഷണ പ്രവൃത്തി ആവശ്യമുള്ളപക്ഷം പുരാരേഖകളുടെ സംരക്ഷണത്തിനുള്ള നടപടി സ്വീകരിക്കുന്നതിന് പരിഗണിക്കുന്നതാണ്.

**തിരൂരങ്ങാടിയിലെ ജില്ലാ പൈതൃക മ്യൂസിയം**

412(1624) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ജില്ലാ പൈതൃക മ്യൂസിയത്തിന്റെ നിർമ്മാണം സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത കെട്ടിടം പൈതൃക മ്യൂസിയമായി പ്രഖ്യാപിച്ചത് മുതൽ മ്യൂസിയം നിർമ്മാണവുമായി ബന്ധപ്പെട്ട് അനുവദിച്ച ഫണ്ടുകളും അവയുടെ ഉത്തരവുകളുടെ പകർപ്പുകളും ഈ ഉത്തരവുകൾ പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരവും ലഭ്യമാക്കാമോ?

(എ & ബി) മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം, തിരൂരങ്ങാടി പഴയ താലൂക്ക് ഓഫീസ് പ്രവർത്തിച്ചിരുന്ന ഹജ്ജൂർ കച്ചേരി മന്ദിരത്തിലാണ് സജ്ജീകരിച്ചിരിക്കുന്നത്. ആദ്യഘട്ടത്തിൽ ടി സ്മാരകത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന തിരൂരങ്ങാടി താലൂക്ക് ഓഫീസ് ഒഴിഞ്ഞ് കിട്ടുന്നതിലുള്ള കാലതാമസം, മ്യൂസിയം സജ്ജീകരണ പ്രവർത്തനങ്ങൾ വൈകുന്നതിന് കാരണമായി. മ്യൂസിയം സജ്ജീകരണത്തിന് മുന്നോടിയായി ടി സ്മാരകത്തിന്റെ ഘടനാ സംരക്ഷണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് 54 ലക്ഷം രൂപയുടെ സർക്കാർ ഭരണാനുമതി നൽകുകയുണ്ടായി. ഇതിനെ തുടർന്ന് ഹജ്ജൂർ കച്ചേരി മന്ദിരത്തിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകയും ആയതിലേയ്ക്ക് 53,73,602/- രൂപ (എല്ലാ കിഴിവുകളും ഉൾപ്പെടെ) ചെലവഴിച്ചിട്ടുള്ളതുമാണ്. കെട്ടിടത്തിന്റെ സമഗ്രമായ സംരക്ഷണ പ്രവർത്തനവും പരിസര വികസന പ്രവർത്തനവുമാണ് ഈ തുക വിനിയോഗിച്ച് നിർവ്വഹിച്ചത്. തുടർന്ന് ടി മന്ദിരത്തിൽ മ്യൂസിയം സജ്ജീകരിക്കുന്നതിലേയ്ക്ക് 3,88,88,667/- രൂപയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുകയും ആയതിന് സർക്കാർ ഭരണാനുമതി നൽകുകയും

ചെയ്തു. ഇതനുസരിച്ച് സർക്കാർ നോഡൽ ഏജൻസിയായ ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള മുഖേന മ്യൂസിയം സജ്ജീകരിക്കുകയും ആയത് പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തിട്ടുള്ളതുമാണ്. മ്യൂസിയം സജ്ജീകരണ ഇനത്തിൽ നോഡൽ ഏജൻസിക്ക് 77,77,733/- രൂപ നാളിതുവരെ നൽകിയിട്ടുള്ളതുമാണ്. മലപ്പുറം ജില്ലാ പൈതൃക മ്യൂസിയത്തിന്റെ നാളിതുവരെയുള്ള സജ്ജീകരണ പ്രവർത്തനങ്ങൾക്കായി 1,31,51,335/- രൂപ (ഒരു കോടി മുപ്പത്തിയൊന്ന് ലക്ഷത്തി അൻപത്തിയൊന്നായിരത്തി മുന്നൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ആയത് അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായതും എന്നാൽ നിലവിൽ രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്നതുമായ കെട്ടിടം ഈ പദ്ധതിയുടെ ഭാഗമാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരൂരങ്ങാടി സബ് രജിസ്ട്രാർ കാര്യാലയം നിലവിൽ പ്രവർത്തിച്ചുവരുന്ന നിർമ്മിതിയും പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണെങ്കിലും ടി നിർമ്മിതിയിൽ സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്നതിനാൽ ആയത് മ്യൂസിയം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ടി കെട്ടിടത്തിൽ സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിച്ചുവരുന്നതിനാൽ, ടി കെട്ടിടത്തെ മ്യൂസിയത്തിന്റെ ഭാഗമാക്കി മാറ്റാനുള്ള പദ്ധതികളൊന്നുംത്തന്നെ നിലവിൽ വകുപ്പ് തയ്യാറാക്കിയിട്ടില്ല.

(നക്ഷത്രചിഹ്നമിടാത്ത 1224-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമല്ല.)

**അനുബന്ധം 2**

<u>പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ</u>
<u>14-03-2023-ലെ നക്ഷത്രചിഹ്നമിടാത്ത 5124-ാം നമ്പർ ചോദ്യത്തിന്റെ</u>
<u>തിരുത്തിയ ഉത്തരം</u>

**വി.എച്ച്. എസ്.ഇ. വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ നിയമനങ്ങൾ**

(5124) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വി.എച്ച്.എസ്.ഇ. വിഭാഗത്തിലെ വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ പുതിയ നിയമനങ്ങൾ തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് ഏതാണെന്നും ഈ ഉത്തരവ് വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ സ്ഥാനക്കയറ്റം തടയുന്നതിനുകൂടി ഉദ്ദേശിച്ചാണോ പുറപ്പെടുവിച്ചിരിക്കുന്നതെന്നും അറിയിക്കാമോ;

(ബി) ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, ഹൈസ്കൂൾ വിഭാഗങ്ങൾ ഏകീകരിക്കുമ്പോൾ വി.എച്ച്.എസ്.ഇ.-യിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഓരോ വകുപ്പിലെ ജീവനക്കാരുടെ ക്ഷേമത്തിനും ക്രമീകരണത്തിനും വേണ്ടിയുള്ള സ്പെഷ്യൽ റൂൾ ഒരു വിഭാഗം ജീവനക്കാർക്ക് മാത്രം മരവിപ്പിച്ച് നിർത്താൻ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ സർക്കാരിന്

സാധിക്കുമോ; എങ്കിൽ എത്ര കാലം വരെ ഇതിന് സാധ്യതയുണ്ട്; അറിയിക്കുമോ;

(ഡി) നിലവിലെ വൊക്കേഷണൽ ഇൻസ്ട്രക്ടർമാരെയും വൊക്കേഷണൽ ടീച്ചർമാരെയും വി.എച്ച്.എസ്.ഇ.-യിൽനിന്നും മറ്റ് വകുപ്പിലേയ്ക്ക് മാറ്റുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ ഏത് വകുപ്പിലേയ്ക്ക് ഏത് രീതിയിലാണെന്ന് വിശദാമാക്കമോ;

(ഇ) നിലവിൽ വി.എച്ച്.എസ്.ഇ. വൊക്കേഷണൽ ടീച്ചർ തസ്തികയിലേയ്ക്ക് വി.എച്ച്.എസ്.ഇ.-യിലെ മറ്റൊരു അധ്യാപക വിഭാഗമായ വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്കുണ്ടായിരുന്ന ഇരുപത് ശതമാനം പ്രൊമോഷൻ സാധ്യത പ്രസ്തുത തസ്തിക ഇല്ലാതാവുന്നതോടെ നഷ്ടപ്പെടുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിദ്യാഭ്യാസ വകുപ്പിൽ ഖാദർ കമ്മീഷൻ പുതുതായി ശിപാർശ ചെയ്തിരിക്കുന്ന പഞ്ചായത്ത് എഡ്യൂക്കേഷൻ ഓഫീസർ തസ്തികയുടെ നിശ്ചിത ശതമാനം, വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്കുവേണ്ടി മാറ്റിവയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, (എ) വി.എച്ച്.എസ്.ഇ. പാഠ്യപദ്ധതി പൂർണ്ണമായും ദേശീയ തലത്തിലുള്ള NSQF കരിക്കുലമനുസരിച്ചുള്ള പുതിയ കോഴ്സുകളിലേയ്ക്ക് മാറിയ സാഹചര്യത്തിൽ വി.എച്ച്.എസ്.ഇ.-യിൽ നിലവിലുണ്ടായിരുന്ന കോഴ്സുകൾ പഠിപ്പിച്ചുകൊണ്ടിരുന്ന സ്ഥിര നിയമനം ലഭിച്ചിട്ടുള്ള വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവർ പൂർണ്ണമായോ ഭാഗികമായോ പുതുക്കിയ ജോബ് റോളുകൾ നിഷ്കർഷിക്കുന്ന യോഗ്യതകളുമായി തുല്യത പുലർത്താത്ത സാഹചര്യത്തിലും പുതിയ NSQF കോഴ്സുകൾ പരമാവധി മൂന്ന് വർഷത്തിനുള്ളിൽ പുതുക്കപ്പെടുന്നതോ, നിർജ്ജീവമാക്കപ്പെടുന്നതോ ആയ സാഹചര്യത്തിലും മേൽ തസ്തികകളിലെ സ്ഥാനക്കയറ്റമുൾപ്പെടെയുള്ള എല്ലാത്തരം നിയമനങ്ങളും 14-06-2018-ലെ 155/എസ്.സി.3/2018/പൊ.വി.വ., 19-01-2019-ലെ എസ്.സി.2/287/2018/ പൊ.വി.വ. കത്തുകൾ പ്രകാരം താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്. കൂടാതെ 28-10-2021-ലെ സ.ഉ(കൈ)നം.242/2021/പൊ.വി.വ. ഉത്തരവിലൂടെ

ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ വി.എച്ച്.എസ്.ഇ. വകുപ്പിലെ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളിലേയ്ക്ക് സ്ഥിരനിയമന നടപടികളുമായി മുന്നോട്ട് പോകേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ സ്ഥാനക്കയറ്റം തടയുന്നതിനുവേണ്ടിയല്ല മേൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്.

NSQF തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് അംഗീകരിക്കാൻ സംസ്ഥാന സർക്കാരുകൾ ബാധ്യസ്ഥമാണ്. തൊഴിൽ സാധ്യതകളുടെ അടിസ്ഥാനത്തിൽ, NSQF പാഠ്യപദ്ധതിയിൽ സ്ഥിരമായ ജോബ്റോളുകൾ കേന്ദ്ര സർക്കാർ അനുവദിക്കുന്നില്ല. ഓരോ അക്കാദമിക വർഷവും പുതിയ ജോബ്റോളുകൾ വരുന്നതിനാൽ അതിൽ സ്ഥിര അദ്ധ്യാപക/ഇൻസ്ട്രക്ടർ നിയമനം സാധ്യമല്ലാത്ത സ്ഥിതിയാണ്.

(ബി) ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, ഹൈസ്കൂൾ വിഭാഗങ്ങൾ ഏകീകരിക്കുമ്പോൾ വി.എച്ച്.എസ്.ഇ.-

യിലുണ്ടാകുന്ന മാറ്റങ്ങൾ സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. ഖാദർ കമ്മിറ്റി അന്തിമ റിപ്പോർട്ട് നടപ്പാക്കുമ്പോൾ മാത്രമെ ടി വിഷയത്തിൽ വ്യക്തതയുണ്ടാവുകയുള്ളൂ.

(സി) എക്സിക്യൂട്ടീവ് ഉത്തരവിലൂടെ സ്പെഷ്യൽ റൂളിനെ മറികടക്കാനാകില്ല. എന്നിരുന്നാലും സ്പെഷ്യൽ റൂളുകളുടെ ഭേദഗതി നിരവധി നടപടിക്രമങ്ങളിലൂടെ മാത്രമെ നടപ്പാക്കാനാകൂവെന്നതിനാൽ സർക്കാർ തീരുമാനങ്ങൾ നടപ്പാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാനാണ് എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കുന്നത്. "എ" പിരിവിനുള്ള മറുപടിയിൽ വിവരിച്ച സാഹചര്യങ്ങളാലാണ് ഇത്തരത്തിൽ എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിക്കേണ്ടി വന്നത്. സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുന്നതുവരെ എക്സിക്യൂട്ടീവ് ഉത്തരവുകൾക്ക് സാധ്യതയുണ്ട്.

(ഡി) നിലവിലെ വൊക്കേഷണൽ ഇൻസ്ട്രക്ടർമാരെയും വൊക്കേഷണൽ ടീച്ചർമാരെയും വി.എച്ച്.എസ്.ഇ.-യിൽനിന്നും മറ്റുവകുപ്പിലേയ്ക്ക് മാറ്റുന്നത് ഇപ്പോൾ ആലോചനയിലില്ല.

(ഇ) NSQF തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതും അത് അംഗീകരിക്കാൻ സംസ്ഥാന സർക്കാരുകൾ ബാധ്യസ്ഥവുമാണ്. തൊഴിൽ സാധ്യതകളുടെ അടിസ്ഥാനത്തിൽ, NSQF പാഠ്യപദ്ധതിയിൽ സ്ഥിരമായ ജോബ്റോളുകൾ കേന്ദ്ര സർക്കാർ അനുവദിക്കുന്നില്ല. ഓരോ അക്കാദമിക വർഷവും പുതിയ ജോബ്റോളുകൾ വരുന്നതിനാൽ അതിൽ സ്ഥിര അധ്യാപക നിയമനം സാധ്യമല്ലാത്ത സ്ഥിതിയാണ്. വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിൽ NSQF നിലവിൽ വരുന്നതിന്റെ ഭാഗമായാണ് ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ വി.എച്ച്.എസ്.ഇ. വകുപ്പിലെ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളിലേയ്ക്ക് സ്ഥിരനിയമന നടപടികളുമായി മുന്നോട്ടുപോകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളത്. ഖാദർ കമ്മിറ്റി അന്തിമ റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് സെക്കണ്ടറി, ഹയർ സെക്കണ്ടറി വിഭാഗങ്ങൾ ഏകീകരിച്ച് സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നമുറയ്ക്ക് മാത്രമെ പഞ്ചായത്ത് എഡ്യൂക്കേഷൻ ഓഫീസർ തസ്തികയുടെ നിശ്ചിത ശതമാനം

**വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്കുവേണ്ടി മാറ്റിവയ്ക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ തീരുമാനമാവുകയുള്ളൂ.**